# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2024 ജൂൺ 20, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 194 –നമ്പർ 5

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

2024 ജൂൺ 20, വ്യാഴം


സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ



എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

ഉള്ളടക്കം

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ
(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 1891, 1892, 1913, 1925, 1928 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം

**III അടിയന്തരപ്രമേയം**

സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക
(അവതരണാനുമതി നിഷേധിച്ചു)

**IV ശ്രദ്ധക്ഷണിക്കൽ**

(1) വന്ദേഭാരത് എക്സ്പ്രസ്സിന്റെ സമയക്രമംമൂലമുള്ള യാത്രാക്ലേശം
-ശ്രീ. പി. മമ്മിക്കുട്ടി

(2) സുനാമി നഗറുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി
-ശ്രീ. സി. ആർ. മഹേഷ്

**V സബ്മിഷൻ**

(1) ആലപ്പുഴയിലെ നെൽക്കർഷകർക്കുള്ള കുടിശ്ശിക തീർക്കൽ
-ശ്രീ. രമേശ് ചെന്നിത്തല

(2) കല്ലൂർ വട്ടക്കോട്ട്മല പ്രദേശത്തെ പട്ടയ ഉടമകൾക്ക് R.O.R. ലഭ്യമാക്കൽ
-ശ്രീ. കെ. കെ. രാമചന്ദ്രൻ

(3) കൊച്ചി കായലിലെ എക്കൽ മണ്ണ് നീക്കം ചെയ്യൽ

-ശ്രീ. കെ. ജെ. മാക്സി

(4) കോണോത്തുപുഴ പുനരുജ്ജീവനം

-ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

(5) അത്താണിക്കലിലെ ബിവറേജസ് ഔട്ട്‌ലെറ്റ് മാറ്റിസ്ഥാപിക്കൽ

-ശ്രീ. എ. പി. അനിൽകുമാർ

(6) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലാപ്സായ തുക ബജറ്റിൽ ഉൾപ്പെടുത്തൽ

-ശ്രീ. ടി. വി. ഇബ്രാഹിം

(7) മാവൂർ എൻ.ഐ.റ്റി. - കൊടുവള്ളി റോഡ്

-ശ്രീ. പി. ടി. എ. റഹിം

(8) എൻ. എച്ച്. 66 കൊയിലാണ്ടി റീച്ചിന്റെ പൂർത്തീകരണം

-ശ്രീമതി കാനത്തിൽ ജമീല

(9) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

-ശ്രീ. എച്ച്. സലാം

(10) കാക്കനാട് ഡി.എൽ.എഫ്. ഫ്ലാറ്റ് നിവാസികൾക്ക് കുടിവെള്ളത്തിൽനിന്ന് രോഗബാധ

-ശ്രീമതി ഉമ തോമസ്

**VI റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

**VII ധനകാര്യം**

2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ
ധനാഭ്യർത്ഥന നമ്പർ XLVI -സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

അനുബന്ധം I, II

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

2024 ജൂൺ 20, വ്യാഴം

---

വാല്യം 194} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 5

---

നിയമസഭ 2024 ജൂൺ മാസം 20-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ (*121)

**ജൈവ കാർഷിക മിഷൻ**

1 (*121) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു ചുമതലപ്പെടുത്തിയതുപ്രകാരം
(ശ്രീമതി ശാന്തകുമാരി കെ.):
ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവ കാർഷിക മിഷൻ രൂപീകരിച്ചിട്ടുണ്ടോ;

(ബി) പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണവും കാർഷിക വരുമാന വർദ്ധനവും ഉറപ്പുവരുത്തുന്നതിന് പ്രസ്തുത മിഷൻ എത്രത്തോളം സഹായകമാണ്; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളും പദ്ധതികളുമാണ് വിഭാവന ചെയ്തിരിക്കുന്നതെന്നറിയിക്കാമോ;

(ഡി) ജൈവ കാർഷിക മിഷനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹകരിപ്പിക്കുന്നതിനും കാർഷിക അനുബന്ധ മേഖലകളെ ഏകോപിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) കൃഷി വകുപ്പ് നടപ്പാക്കിവരുന്ന മറ്റ് ജൈവ കാർഷിക വികസന പദ്ധതികൾ പ്രസ്തുത മിഷന് കീഴിൽ കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) ഉണ്ട്.

(ബി) കേരളത്തിലെ കർഷകരിലും പൊതുജനങ്ങളിലും ജൈവ കാർഷിക ഉല്പന്നങ്ങളുടെ ഗുണങ്ങളായ സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ മാർഗ്ഗത്തിലൂടെ ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിനും ജൈവ ഉല്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനുള്ള വിപണി ഇടപെടലുകൾ

നടത്തുന്നതിലൂടെ കാർഷിക വരുമാന വർദ്ധന ഉറപ്പുവരുത്തുന്നതിനുമാണ് 26-10-2023-ലെ സർക്കാർ ഉത്തരവ് (കൈ) നം. 102/2023/കൃഷി പ്രകാരം ജൈവ കാർഷിക മിഷൻ രൂപീകരിച്ചത്.

ജൈവ കാർഷിക മിഷന്റെ ലക്ഷ്യങ്ങൾ:

1. പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് കർഷകന് ലാഭകരമായി കൃഷി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള സുസ്ഥിര ജൈവ കൃഷി വികസന പദ്ധതി നടപ്പിലാക്കുക.

2. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള കൃഷിമുറകൾ നടപ്പിലാക്കുക.

3. സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം ജൈവകൃഷിയിലൂടെ എന്ന ആശയത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.

4. "ഓരോ വർഷവും കുറഞ്ഞത് 10,000 ഹെക്ടർ വീതം സ്ഥലത്ത് കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ജൈവകൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച്

വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി ചെയ്യുക.

5. ജൈവകൃഷിക്കായി തിരഞ്ഞെടുത്ത ഗുണഭോക്താക്കൾ/ഫാമുകൾ കുറഞ്ഞത് 5 വർഷം വരെയെങ്കിലും ജൈവകൃഷി തുടരുമെന്ന് ഉറപ്പാക്കുക.

6. ജൈവകൃഷിക്ക് ആവശ്യമായ ഉല്പാദനോപാധികൾ പ്രാദേശികമായി ഉല്പാദിപ്പിക്കുന്നതിനുള്ള ചെറുകിട സംരംഭങ്ങൾ, കൃഷികൂട്ടം, കാർഷിക കർമ്മസേന, കുടുംബശ്രീ, കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ എന്നിവയുടെ നേതൃത്വത്തിൽ ആരംഭിക്കുക.

7. ജൈവ ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള വിപണന സംവിധാനം ഒരുക്കുകയും ജൈവ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുക.

8. ഉല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള സംവിധാനവും നടപടിക്രമങ്ങളും വികസിപ്പിക്കുക.

9. കേരളത്തിന്റെ തനതായ ജൈവ ഉല്പന്നങ്ങൾക്ക് ലോഗോ ഉണ്ടാക്കുകയും പ്രത്യേക ബ്രാൻഡിൽ വില്പന നടത്തുന്നതിനുള്ള സംവിധാനമൊരുക്കുകയും ചെയ്യുക.

10. ജൈവ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന് ആവശ്യമായ സംഭരണ സംസ്കരണ മൂല്യവർദ്ധിത പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനം ഒരുക്കുക.

11. കർഷക രജിസ്ട്രേഷൻ, ഉല്പാദന വിവരങ്ങൾ, വിപണനം, ഉറവിടം കണ്ടെത്തൽ, ബ്രാൻഡിംഗ്, ഗുണനിലവാര നിയന്ത്രണം, സർട്ടിഫിക്കേഷൻ തുടങ്ങിയവയിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഉപയോഗം കൊണ്ടുവരുന്നതിനും കാര്യക്ഷമമായ വിപണനത്തിനായുള്ള അന്തരീക്ഷം ഉറപ്പാക്കുന്നതിനും കർഷകർക്ക് ന്യായമായ വില തൽസമയം ലഭിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സജ്ജമാക്കുക.

12. ജൈവകൃഷിക്ക് നിഷ്കർഷിച്ചിട്ടുള്ള വിത്ത് ഉൾപ്പെടെയുള്ള ഉല്പാദനോപാധികളുടെ ഗുണനിലവാരം ഉറപ്പാക്കി കർഷകരിലെത്തിക്കുന്നതിനും ജൈവകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന

ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള സംവിധാനം കൊണ്ടുവരുക.

13. എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും ജൈവകൃഷി മിഷന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ കൃഷിക്കൂട്ടങ്ങളെയും FPO-കളെയും യോജിപ്പിച്ചുകൊണ്ട് തയ്യാറാക്കുക. മാതൃകയായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് പ്രത്യേകം അവാർഡുകൾ നൽകുക.

14. ഫാം പ്ലാൻ മാതൃകയിൽ IFS പ്ലോട്ടുകളുടെ വികസനത്തിലൂടെ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക.

15. കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ 10 ശതമാനത്തിൽ കുറയാത്ത സ്ഥലത്ത് ജൈവകൃഷി ആരംഭിക്കുക.

(സി) ജൈവ കാർഷിക മിഷൻ മുന്നോട്ടുവച്ചിരിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വ്യക്തമായ നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകൾക്ക് പ്രാതിനിധ്യമുള്ള ഗവേണിംഗ് കൗൺസിൽ, സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയ്ക്കുപുറമേ ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത്/

മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലുള്ള കോ-ഓർഡിനേഷൻ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ ജൈവകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തന രൂപരേഖ ചർച്ചചെയ്ത് തീരുമാനിക്കുന്നു. വിവിധ തലത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങളുടെ നടത്തിപ്പ്, ഏകോപനം, ജൈവ ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധന, ജൈവ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള വിപണന സംവിധാനങ്ങൾ തയ്യാറാക്കൽ, ജൈവ സർട്ടിഫിക്കേഷൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് വിഭാവന ചെയ്തിട്ടുള്ളത്.

ജൈവകൃഷി പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി കർഷകർ, കൃഷിക്കൂട്ടങ്ങൾ/ജൈവകർഷക സ്വയംസഹായ സംഘങ്ങൾ/ കർഷക ഉല്പാദന സംഘടനകൾ എന്നിവരിലൂടെ മണ്ണിനെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക, കർഷകർക്ക് ജൈവ കാർഷിക മുറകളെ പരിചയപ്പെടുത്തുന്നതിനുള്ള മാതൃകാ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുക, ഓരോ കാർഷിക-പാരിസ്ഥിതിക മേഖലയ്ക്കും അനുയോജ്യമായ ജൈവ കാർഷികമുറകൾ കണ്ടെത്തി

കർഷകർക്ക് ലാഭകരമായ രീതിയിൽ ജൈവകൃഷി ചെയ്യുന്നതിനുള്ള സഹായം ചെയ്യുക, സംസ്ഥാന ബയോകൺട്രോൾ ലബോറട്ടറി തൃശ്ശൂർ, സംസ്ഥാനത്തെ പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ, സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് ആലപ്പുഴ, ബയോ ഫെർട്ടിലൈസർ & ക്വാളിറ്റി കൺട്രോൾ ലാബ് പട്ടാമ്പി, കാർഷിക സർവ്വകലാശാല തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിക്കുക, വിപണന സംവിധാനം മെച്ചപ്പെടുത്തുന്നതിന് ഇക്കോഷോപ്പുകളും ജൈവ സൂപ്പർ മാർക്കറ്റുകളും സ്ഥാപിക്കുക, ജൈവ ഉല്പന്നങ്ങൾക്ക് അനുയോജ്യമായ സർട്ടിഫിക്കേഷൻ സംവിധാനം നേടിയെടുക്കുന്നതിന് കർഷകരെ സഹായിക്കുക, ജൈവ ഉല്പന്നങ്ങൾ വിദേശ വിപണികളിൽ കയറ്റുമതി നടത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുകയും ഏറ്റെടുത്ത് നടത്തുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നടപ്പിലാക്കിവരുന്നത്.

വിവിധ തലത്തിലുള്ള സംഘടനാ സംവിധാനം ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ആവശ്യമായ ധനസ്രോതസ്സ് കണ്ടെത്തി പദ്ധതി നടത്തിപ്പിന് നേതൃത്വം നൽകുകയും ചെയ്യുന്നു. ഓരോ വർഷവും നടത്തേണ്ട പ്രവർത്തനങ്ങളുടെ വാർഷിക പ്രവർത്തന പ്ലാൻ തയ്യാറാക്കുകയും സാങ്കേതിക പ്രോട്ടോക്കോൾ പ്രകാരം മുന്നോട്ടുപോകുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ജൈവകാർഷിക മിഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. ജൈവ ഉല്പന്നങ്ങളുടെ ഗുണങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കുക, കൃഷി വകുപ്പ് നടപ്പിലാക്കുന്ന പോഷകസമൃദ്ധി മിഷനുമായി ഏകോപിപ്പിച്ച് പ്രവർത്തനം നടത്തുക, മൂല്യവർദ്ധിത കാർഷിക മിഷനുമായും കേരള അഗ്രോ ബിസിനസ്സ് കമ്പനിയുമായും ചേർന്ന് പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിവരുന്നു. കേന്ദ്ര സർക്കാർ റീജിയണൽ കൗൺസിലായി അംഗീകരിച്ചിട്ടുള്ള സമേതി മുഖേന പി.ജി.എസ്.

സർട്ടിഫിക്കേഷനും മറ്റ് ഏജൻസികൾ മുഖാന്തരം NPOP സർട്ടിഫിക്കേഷനും നടത്തുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗതിയിലാണ്.

കൂടാതെ ജൈവ കാർഷിക മിഷൻ പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പോഷക സമൃദ്ധി മിഷനുമായി സംയോജിപ്പിച്ചുകൊണ്ട് പോഷക പ്രാധാന്യമുള്ള പച്ചക്കറികൾ, ചെറുധാന്യങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ തുടങ്ങിയവ ജൈവ രീതിയിലൂടെ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

ജൈവ ഉല്പാദനോപാധികളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് (NIPHM), കോഴിക്കോടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് (IISR) എന്നീ സ്ഥാപനങ്ങളുമായി സാങ്കേതികവിദ്യ കൈമാറ്റത്തിനും ആവശ്യമായ ജീവാണുവളങ്ങളുടെ ഇനോകുലം ലഭ്യമാക്കുന്നതിനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ജൈവ ഉല്പാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി സ്റ്റേറ്റ് ബയോ

കൺട്രോൾ ലാബ്, 9 പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ജൈവ വളങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി പട്ടാമ്പിയിൽ സ്ഥാപിച്ചിട്ടുള്ള സ്റ്റേറ്റ് ഓർഗാനിക് മാനുവർ & ബയോഫെർട്ടിലൈസർ ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജൈവവള ഗുണമേന്മ ഉറപ്പാക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജിൽ പുതുതായി ഓർഗാനിക് മാനുവർ ക്വാളിറ്റി കൺട്രോൾ ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രാദേശികാടിസ്ഥാനത്തിൽ ജൈവ ഉല്പാദനോപാധികൾ നിർമ്മിച്ച് കർഷകർക്ക് വിതരണം ചെയ്യുന്ന യൂണിറ്റുകൾക്കുള്ള പരിശീലനവും (ജൈവകൃഷികൂട്ടങ്ങൾ/കർമ്മസേനകൾ/അഗ്രോസർവ്വീസ് സെന്റർ/കൃഷിശ്രീ സെന്റർ/എഫ്.പി.ഒ./എഫ്.പി.സി./എഫ്.ഐ.ജി.) നടന്നുവരുന്നു. കാർഷിക പ്രവർത്തനങ്ങളും ഉല്പാദനോപാധികൾ കൃഷിയിടങ്ങളിൽ കർഷക കൂട്ടായ്മയിലൂടെ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പദ്ധതി ഘടകങ്ങളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. ജൈവ കൃഷിയുമായി ബന്ധപ്പെട്ട

നിലമൊരുക്കൽ, ജലസേചന സൗകര്യമൊരുക്കൽ, വള നിർമ്മാണത്തിനുള്ള അടിസ്ഥാന സൗകര്യം തയ്യാറാക്കൽ എന്നിവയ്ക്ക് MGNREGS-ന്റെ പിന്തുണയും ഉറപ്പാക്കിയിട്ടുണ്ട്.

ആലുവ സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തെ കാർബൺ ന്യൂട്രൽ ഫാമായി പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മറ്റ് 13 ഫാമുകളെക്കൂടി കാർബൺ ന്യൂട്രൽ ആക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കൃഷി വകുപ്പ് വിപണന കേന്ദ്രങ്ങൾ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. വിപണന കേന്ദ്രങ്ങൾ എന്നിവയിലൂടെ ജൈവ ഉല്പന്നങ്ങൾ കർഷകരിൽ എത്തിക്കുന്നതാണ്.

ജൈവ മൂല്യവർദ്ധിത ഉല്പന്നങ്ങൾ കൃഷി വകുപ്പിന്റെ "കേരളഗ്രോ" ബ്രാൻഡിൽ വിപണിയിൽ എത്തിക്കുന്നതാണ്.

സംസ്ഥാനതലത്തിൽ ജൈവകാർഷിക മിഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കൃഷി ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (FIG)-യെ സംസ്ഥാന കോ-ഓർഡിനേറ്ററായും ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി

ഡയറക്ടർ (NWDPRA)-മാരെ നോഡൽ ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. ജൈവ കാർഷികമിഷനുമായി കാർഷിക അനുബന്ധ മേഖലകളെ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനതല ഗവേണിംഗ് കൗൺസിലിൽ വിവിധ വകുപ്പുകളിലെ പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിതലത്തിലുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ എന്നിവയുടെ പ്രസിഡന്റുമാരെയും മുനിസിപ്പൽ ചെയർപേഴ്സൺ അസോസിയേഷൻ, കോർപ്പറേഷൻ മേയേഴ്സ് അസോസിയേഷൻ എന്നിവയുടെ ചെയർമാൻമാരെയും ഗവേണിംഗ് കൗൺസിലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റിയിലും തദ്ദേശസ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, സഹകരണ വകുപ്പ് തുടങ്ങിയവയുടെ ഡയറക്ടർമാർ അംഗങ്ങളാണ്.

ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ചെയർമാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ബ്ലോക്ക് തലത്തിലെ കോ-ഓർഡിനേഷൻ കമ്മിറ്റി ചെയർമാൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും ഗ്രാമപഞ്ചായത്ത് തലത്തിലെ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും അധ്യക്ഷൻമാരാണ്. മിഷന്റെ ഗവേണിംഗ് കൗൺസിൽ യോഗത്തിൽ കാർഷിക അനുബന്ധ മേഖലകളിലെ വകുപ്പ് മേധാവികളുമായി പദ്ധതി നിർവ്വഹണം സംബന്ധിച്ച ചർച്ച നടത്തുകയും സഹകരണം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളെ സംയോജിപ്പിച്ചുകൊണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന മറ്റ് വികസന പദ്ധതികൾ പ്രസ്തുത മിഷനുകീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. ആയതിൽ സംസ്ഥാന പദ്ധതിയായ ജൈവകൃഷിയും ഉത്തമ കൃഷിമുറകളും കേന്ദ്രാവിഷ്കൃത പദ്ധതികളായ ഭാരതീയ പ്രകൃതി കൃഷി പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, ദേശീയ ബയോഗ്യാസ് പദ്ധതി, കാർഷിക യന്ത്രവത്കരണ ഉപപദ്ധതി, സംസ്ഥാന വിള ആരോഗ്യ പദ്ധതി, സംസ്ഥാന ഹോർട്ടികൾച്ചർ

മിഷൻ പദ്ധതികൾ, പച്ചക്കറി വികസന പദ്ധതി, ലാബുകളുടെ നവീകരണം, മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനം തുടങ്ങിയ പദ്ധതികളുടെ ഏകോപനം സാധ്യമാകുന്ന ഘടകങ്ങൾ ജൈവ കാർഷിക മിഷനുകീഴിൽ ഏകോപിപ്പിച്ച് നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങളിൽ ഏതെല്ലാം വകുപ്പുകളുടെ പങ്കാളിത്തമാണ് ഉണ്ടാകുന്നത്; ഈ വകുപ്പുകളുടെ പ്ലാൻ ഫണ്ടിൽനിന്നും ഏകോപനം സാധ്യമാകുമോ; ജൈവ കാർഷിക കൃഷിരീതിയോടൊപ്പം നാച്ചുറൽ ഫാമിംഗ് രീതികൂടി പ്രോത്സാഹിപ്പിക്കുവാൻ നടപടികൾ കൈക്കൊള്ളുമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് ഏറ്റവും പ്രസക്തമായൊരു കാര്യമാണ്. നമ്മുടെ രാജ്യത്ത് നിരവധിയായ രീതികൾ ഈ കാര്യങ്ങളിൽ അവലംബിക്കുന്നുണ്ട്. ജൈവകാർഷിക രീതിയോടൊപ്പം നാച്ചുറൽ ഫാമിംഗും വളരെ പ്രാധാന്യത്തോടെ രാജ്യത്ത് പലയിടങ്ങളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ജൈവകാർഷിക രീതിയോടൊപ്പം നാച്ചുറൽ

ഫാമിംഗ് രീതികൂടി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ഇതിന്റെ ഭാഗമായി കൈക്കൊള്ളുന്നതാണ്. കൃഷി വകുപ്പും കാർഷിക മേഖലയുടെ അനുബന്ധ വകുപ്പുകളായ മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യബന്ധനം എന്നിവയോടൊപ്പം തദ്ദേശസ്വയംഭരണം, സഹകരണം, വ്യവസായം തുടങ്ങിയ വകുപ്പുകളുമായി ഏകോപിപ്പിച്ച് ഈ പരിപാടികൾ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇക്കാര്യങ്ങൾ ആലോചിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുമായി പ്രത്യേക യോഗങ്ങൾ ചേരുന്നതായിരിക്കും. ഈ വകുപ്പുകളുടെ സമാനസ്വഭാവമുള്ള പദ്ധതികളുമായി ഏകോപനം ഉറപ്പാക്കിയായിരിക്കും പദ്ധതി നടപ്പാക്കുന്നത്. ജൈവകാർഷിക രീതിയും നാച്ചുറൽ ഫാമിംഗ് രീതിയും പ്രോത്സാഹിപ്പിക്കേണ്ടത് കേരളീയ ജനതയുടെ ആരോഗ്യ സംരക്ഷണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഇവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ഈ മിഷന്റെ ഭാഗമായി ഉണ്ടാകുകതന്നെ ചെയ്യും.

<u>ശ്രീ. ടി. ഐ. മധുസൂദനൻ:</u> സർ, ജൈവകാർഷിക മിഷനും പോഷക സമൃദ്ധി മിഷനും ഏകോപിപ്പിച്ച് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ടോ?

<u>ശ്രീ. പി. പ്രസാദ്:</u> സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രൂപീകരിച്ച രണ്ട് മിഷനുകളാണ് ജൈവകാർഷിക മിഷനും പോഷക സമൃദ്ധി മിഷനും. ആരോഗ്യ സംരക്ഷണത്തിൽ ഭക്ഷണത്തിന് പ്രഥമമായ സ്ഥാനമുണ്ട്. സുരക്ഷിതമായ ഭക്ഷണം പലപ്പോഴും ലഭ്യമാകാത്ത ഒരവസ്ഥയും നമ്മുടെ മുമ്പിലുണ്ട്. മലയാളികൾ ശരീരത്തിന് ശരിയായ പോഷണം ലഭ്യമാകുന്ന തരത്തിലുള്ള ഭക്ഷണം കഴിക്കുന്നില്ലെന്നാണ് പല പഠനങ്ങളും വ്യക്തമാക്കുന്നത്. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR)-ന്റ ശിപാർശ ഈ സഭയിൽ നേരത്തെ ചർച്ച ചെയ്തിട്ടുണ്ട്. പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ ഉപയോഗം ICMR പറഞ്ഞിരിക്കുന്ന ശിപാർശയ്ക്കൊപ്പം എത്തിക്കാൻ നമുക്ക് കഴിയുന്നില്ലെന്ന യാഥാർത്ഥ്യംകൂടി കണക്കിലെടുത്താണ് ആവശ്യമായ ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് ജനങ്ങളിലേയ്ക്ക് എത്തിക്കുകയെന്നത് പോഷക

സമൃദ്ധി മിഷന്റെ ഭാഗമാക്കിയിരിക്കുന്നത്. ആരോഗ്യകരമായ ജീവിതത്തിന് വിഷരഹിതവും പോഷകസമൃദ്ധവുമായ ആഹാരം അത്യന്താപേക്ഷിതമാണെന്നത് കണ്ടുകൊണ്ട് ഈ രണ്ട് മിഷനുകളുടെയും പ്രവർത്തനം ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതായിരിക്കും.

ശ്രീ. ഒ. ആർ. കേളു: സർ, ജൈവ സർട്ടിഫിക്കറ്റ് നൽകുന്നതിന് സർക്കാർ തലത്തിൽ എന്ത് സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്; ജൈവ ഉല്പന്നങ്ങൾ എന്ന പേരിൽ വിപണിയിൽ പല ഉല്പന്നങ്ങളും ഇറങ്ങുന്നുണ്ട്. അത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് തടയുന്നതിനാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. പി. പ്രസാദ്: സർ, പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം (PGS), നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) എന്നീ രണ്ട് സർട്ടിഫിക്കേഷനുകളാണ് ഇപ്പോൾ നിലവിലുള്ളത്. കൃഷി വകുപ്പ് മുൻകൈയെടുത്ത് രണ്ടുതരം സർട്ടിഫിക്കേഷനും നൽകുന്നതിനുള്ള നടപടികൾ നടപ്പിലാക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള സമേതി-യെ പി.ജി.എസ്. സർട്ടിഫിക്കേഷനുള്ള റീജിയണൽ കൗൺസിലായി

ചുമതലപ്പെടുത്തി ലാക്കോൺ, തണൽ എന്നീ ഏജൻസികളെ സപ്പോർട്ട് ഏജൻസികളായി തിരഞ്ഞെടുത്തുകൊണ്ടാണ് സമേതി സർട്ടിഫിക്കേഷന്റെ പ്രവർത്തനം നടത്തുന്നത്. തികച്ചും സൗജന്യമായിട്ടാണ് പി.ജി.എസ്. സർട്ടിഫിക്കേഷൻ നടപ്പാക്കുന്നത്. ഇതിലൂടെ കർഷകരുടെ ജൈവ ഉല്പന്നങ്ങൾക്ക് നല്ല വില ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതോടൊപ്പം കർഷകന്റെ വരുമാനത്തിലും വർദ്ധന പ്രതിഫലിക്കണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ മുൻകൈയിൽത്തന്നെ നടത്തുന്നത്. ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലുള്ള 1640 ക്ലസ്റ്ററുകളിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ ആദ്യഘട്ടത്തിൽത്തന്നെ നടപ്പിലാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ പി.ജി.എസ്. ഗ്രീൻ സർട്ടിഫിക്കറ്റും പി.ജി.എസ്. ഇന്ത്യാ ഓർഗാനിക് സർട്ടിഫിക്കറ്റുമാണ് കർഷകർക്ക് നൽകുന്നത്. വിദേശ വിപണികളിൽ ജൈവ ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനും വിറ്റഴിക്കുന്നതിനും NPOP സർട്ടിഫിക്കേഷൻ അത്യന്താപേക്ഷിതമാണ്. NPOP സർട്ടിഫിക്കേഷന് ഏജൻസികൾ കൂടുതൽ

ഫീസ് ഈടാക്കുന്നതിനാൽ കർഷകരെ സഹായിക്കാൻ സംസ്ഥാന സർക്കാർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. NPOP സർട്ടിഫിക്കേഷന് ഏക്കറിന്റെ അടിസ്ഥാനത്തിലാണ് തുക തീരുമാനിക്കുന്നത്. ചെറുകിട നാമമാത്ര കർഷകർക്ക് 25000 രൂപ മുതൽ 40000 രൂപവരെ സർട്ടിഫിക്കേഷനുവേണ്ടി ചെലവാകുന്നുണ്ട്. പ്രസ്തുത കർഷകർക്ക് ഈ പണം പൂർണ്ണമായും നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ കർഷക ഗ്രൂപ്പുകളായ കൃഷിക്കൂട്ടങ്ങൾ, ക്ലസ്റ്ററുകൾ തുടങ്ങിയവയ്ക്ക് NPOP സർട്ടിഫിക്കേഷനുവേണ്ടി ചെലവാകുന്ന മുഴുവൻ തുകയും നൽകുന്നതാണ്. വൻകിട കർഷകരെ ഒഴിവാക്കാൻ കഴിയാത്തതിനാൽ, വിദേശ രാജ്യങ്ങളിലേയ്ക്ക് കാർഷികോല്പന്നങ്ങൾ കയറ്റി അയയ്ക്കുന്നവർക്കും സർട്ടിഫിക്കേഷന് ചെലവാകുന്ന തുകയുടെ 75 ശതമാനമോ 50,000 രൂപയോ, പരമാവധി 50000 രൂപവരെയോ നൽകുന്ന തരത്തിലാണ് സഹായം നൽകുന്നത്.

PGS അല്ലെങ്കിൽ NPOP സർട്ടിഫിക്കേഷൻ നേടിയെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും സർട്ടിഫിക്കേഷൻ കൂടാതെ വിപണിയിലെത്തുന്ന

ജൈവ ഉല്പന്നങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. കീടനാശിനി അവക്ഷിപ്ത പരിശോധനാ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നുമുണ്ട്. PGS, NPOP സർട്ടിഫിക്കേഷനുള്ളവ നോക്കി വാങ്ങുന്നതിനുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. സർക്കാർ മുൻകൈയെടുത്ത് അട്ടപ്പാടിയിൽ 748 ഹെക്ടർ സ്ഥലത്താണ് ജൈവ സർട്ടിഫിക്കേഷൻ നൽകിയിട്ടുള്ളത്. ആദിവാസി മേഖലയായ അതിരപ്പിള്ളിയിലും 280 ഹെക്ടർ സ്ഥലത്തിന് സർക്കാർ മുൻകൈയെടുത്ത് ജൈവ സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. APEDA-യുടെ 2022-23-ലെ കണക്കുപ്രകാരം കേരളത്തിൽ 44264 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. ജൈവമല്ലാത്ത ഉല്പന്നങ്ങൾ ജൈവം എന്ന പേരിൽ വിറ്റഴിക്കുന്നതും വില്പന നടത്തുന്നതും നിരുത്സാഹപ്പെടുത്തുന്നതിനും അക്കാര്യങ്ങൾ പരിശോധിക്കുന്നതിനും സംവിധാനമൊരുക്കിയിട്ടുണ്ട്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, വിഷരഹിതമായ ഭക്ഷ്യവസ്തുക്കൾ കഴിക്കണമെന്നതിന്റെയും ജൈവ കാർഷിക സംസ്കാരം വന്നതിന്റെയും ഭാഗമായാണ് വ്യാപകമായി ജൈവകൃഷിക്ക് കേരളത്തിൽ വേരോട്ടമുണ്ടായിട്ടുള്ളത്. നമ്മൾ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ ജൈവവളം എന്ന പേരിൽ വിപണിയിൽ വരുന്ന വളങ്ങൾ പരിശോധിക്കുന്നതിന് എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; അതിന് സർക്കാർ സ്വീകരിച്ച നടപടിയെന്താണ്?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കൃഷി വകുപ്പിന്റെ കീഴിൽ ഒരു ബയോ ഫെർട്ടിലൈസർ ആൻഡ് ഓർഗാനിക് മാനുവർ ക്വാളിറ്റി കൺട്രോൾ ലാബ് പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ജൈവവളത്തിന്റെയുംമറ്റും പരിശോധന നടത്തുന്നതിനുവേണ്ടിയുള്ള ക്രമീകരണം അവിടെ ഏർപ്പാടാക്കിയിട്ടുണ്ട്. അതിനായി വിവിധ ഉദ്യോഗസ്ഥരെ പുനർവിന്യസിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതാണ്. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളായണിയിലെ

കാർഷിക കോളേജിൽ ജൈവവളങ്ങളുടെ പരിശോധനയ്ക്കായി ഒരു റഫറൽ ലാബ് പ്രവർത്തിക്കുന്നുണ്ട്. ജൈവവളങ്ങളുടെ ഗുണമേന്മ തിട്ടപ്പെടുത്തുന്നതിന് കൃത്യവും വേഗത്തിലുള്ളതുമായ വിശകലനത്തിന് സഹായകരമാകുന്ന തരത്തിൽ അത്യാധുനിക ഹൈ എൻഡ് അനലിറ്റിക്കൽ ഉപകരണങ്ങൾ ഈ ലാബിൽ സജ്ജീകരിച്ചിട്ടുണ്ട്. ഗുണമേന്മ ഉറപ്പാക്കുന്നതിനായി ഫെർട്ടിലൈസർ ഇൻസ്പെക്ടർമാരായ കൃഷി ഉദ്യോഗസ്ഥർ വളം വില്പനശാലകളിൽനിന്നും ജൈവവളങ്ങളുടെ സാമ്പിൾ എടുത്ത് പരിശോധനയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നുണ്ട്. ഓർഗാനിക് വളങ്ങളെന്ന പേരിൽ വ്യാജമായി വരുന്നത് ശ്രദ്ധയിൽപ്പെടുന്നിടത്തെല്ലാം കൃത്യമായി ഇടപെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നല്ല ഇടപെടൽ ആവശ്യമായിട്ടുള്ള ഒരു മേഖലയായതിനാൽ ഈ പറയുന്ന സംവിധാനത്തിലൂടെ കാര്യങ്ങൾ പരിശോധിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, മനുഷ്യന്റെ ആരോഗ്യത്തിന് വിഷരഹിത ഭക്ഷണം ഒരു പ്രധാനപ്പെട്ട ഘടകമാണെന്നത് കണക്കിലെടുത്തുകൊണ്ട്

അതിന് സഹായകരമായ വിധത്തിൽ ജൈവകൃഷി വ്യാപനത്തിനായി കൃഷി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. കർഷകരെ സംബന്ധിച്ചിടത്തോളം അവർ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് പ്രയാസം അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ ജൈവ കർഷകർക്ക് മാതൃകയാക്കാൻ സാധിക്കുന്ന തരത്തിൽ സുസ്ഥിര ജൈവ ഫാം നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഫാമിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ജൈവകർഷകർക്ക് മാതൃകയാക്കാൻ സാധിക്കുന്ന വിധത്തിൽ സ്റ്റേറ്റ് സീഡ് ഫാം സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുത്ത് പ്രവർത്തിപ്പിക്കുന്നുണ്ട്. എറണാകുളം ജില്ലയിൽ, ശ്രീ. അൻവർ സാദത്ത് എം.എൽ.എ.-യുടെ നിയോജകമണ്ഡലമായ ആലുവയിലാണ് ഈ ഫാം പ്രവർത്തിക്കുന്നത്. 2012 മുതൽ ജൈവ സാക്ഷ്യപത്രത്തോടുകൂടി പ്രവർത്തിക്കുന്ന ഈ ഫാം സംഭരണത്തിന്റെയോ സംസ്കരണത്തിന്റെയോ ഒരു ഘട്ടത്തിലും രാസവളങ്ങളോ കീടനാശിനികളോ

ഉപയോഗിക്കുന്നില്ല. അവിടെ രക്തശാലി, ജപ്പാൻ വയലറ്റ്, വെള്ളത്തൊണ്ടി, ഞവര, പൊക്കാളി, ചേറ്റാടി എന്നീ പരമ്പരാഗത നെല്ലിനങ്ങൾ കൃഷി ചെയ്യുന്നുണ്ട്. അതിന്റെ വിത്ത് മറ്റ് സ്ഥലങ്ങളിലേയ്ക്ക് നൽകുന്നുമുണ്ട്. അവിടെ ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ജൈവ ഉല്പന്നങ്ങളെല്ലാം "കേരളഗ്രോ" ബ്രാൻഡിൽ വില്പന നടത്തുന്നുണ്ട്. പശുക്കൾ, ആട്, കോഴി, താറാവ്, മത്സ്യം എന്നിവയെല്ലാം പരിപാലിച്ചുവരുന്ന ഒരു സമ്മിശ്ര കൃഷിരീതിയാണ് ആലുവ ഫാമിലുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾ അതെല്ലാം നേരിട്ടുകണ്ട് മനസ്സിലാക്കുന്നത് നല്ലതായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഗ്ലോബൽ വാമിംഗ്/കാലാവസ്ഥാ വ്യതിയാനം കണക്കിലെടുത്തുകൊണ്ട് കൃഷി കാർബൺ ന്യൂട്രലാക്കണമെന്ന് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആലുവയിലെ സ്റ്റേറ്റ് സീഡ് ഫാമിനെ കാർബൺ ന്യൂട്രലാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നിശ്ചയിച്ചത്. 2022 ഡിസംബർ 10-ന് ആദരണീയനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഈ ഫാമിനെ കാർബൺ ന്യൂട്രൽ ഫാമായി പ്രഖ്യാപിക്കുകയുണ്ടായി. ഇന്ത്യയിലെ ആദ്യത്തെ കാർബൺ ന്യൂട്രൽ ഫാമാണിത്. നിയമം,

വ്യവസായം, കയർ വകുപ്പുമന്ത്രിയായ ശ്രീ. പി. രാജീവും ശ്രീ. അൻവർ സാദത്ത് എം.എൽ.എ.യും ആ ചടങ്ങിൽ പങ്കെടുത്തിരുന്നു. ഇതേ രീതിയിൽ സർക്കാർ നിയന്ത്രണത്തിലുള്ള മറ്റ് 13 ഫാമുകളെയുംകൂടി കാർബൺ ന്യൂട്രലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഫാമുകളിലെ 10 ശതമാനം സ്ഥലത്തെങ്കിലും ജൈവ കൃഷി ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ കൃഷിരീതി ലാഭകരമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്ന് ബോധ്യപ്പെടുത്തുന്നതിനാണ് ഗവൺമെന്റിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള ഫാമുകളിലും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു സുസ്ഥിര ജൈവ ഫാമായാണ് ആലുവയിലെ ഫാം പ്രവർത്തിക്കുന്നത്. മറ്റ് ഫാമുകളെക്കൂടി ഇത്തരത്തിൽ സുസ്ഥിര ജൈവകൃഷി ഫാമുകളാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായിരിക്കും.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഒട്ടേറെ കർഷകർ ഇന്ന് കൃഷിക്ക് താൽപ്പര്യം കാണിക്കുന്നുണ്ട്. അവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. ഇതിനുവേണ്ടി

കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചെങ്കിലും അതിന്റെ സ്കീം ഇതുവരെ അംഗീകരിച്ചിട്ടില്ലെന്നാണ് മനസ്സിലാകുന്നത്. 20 ലക്ഷത്തോളം പേരെയാണ് ഇതിലേയ്ക്ക് അംഗങ്ങളായി പ്രതീക്ഷിച്ചതെങ്കിലും 15000 പേരാണ് ഇതുവരെ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഈ സ്കീം അംഗീകരിക്കാത്തതിനാൽ അംശദായം അടയ്ക്കുന്നവർക്ക് പെൻഷൻ ലഭിക്കുമോയെന്നുള്ള ആശങ്കയുമുണ്ട്. ഇത് സമഗ്രമായി നടപ്പിലാക്കാനും പൂർണ്ണതയിൽ എത്തിക്കാനുമുള്ള നടപടി എത്രയും പെട്ടെന്ന് സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ജൈവകൃഷിയുമായി ബന്ധപ്പെട്ട ചോദ്യമല്ലെങ്കിലും കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം പൂർണ്ണതയിൽ എത്തിക്കുന്നതിനും സമഗ്രമാക്കുന്നതിനുമുള്ള നടപടികൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന് സഭയെ അറിയിക്കുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കൃഷിക്കാരുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് പൊതു ബ്രാൻഡ് നെയിമായ "കേരളഗ്രോ" നൽകിയത് അഭിനന്ദനാർഹമാണ്. ഇതിന് പ്രത്യേക ഷോപ്പുകൾ ആരംഭിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിൽ കാർഷിക മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് ഒരു പൊതു ബ്രാൻഡ് നെയിം അത്യാവശ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് "കേരളഗ്രോ" എന്ന പേരിൽ ബ്രാൻഡ് നെയിം നൽകിയത്. സംസ്ഥാനത്തുള്ള 1076 കൃഷിഭവനുകളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കണമെന്ന് നിശ്ചയിച്ചതിൻപ്രകാരം രണ്ടായിരത്തിലധികം ഉല്പന്നങ്ങൾ ഇന്ന് കൃഷിഭവനുകൾ കേന്ദ്രീകരിച്ച് ഉൽപ്പാദിപ്പിക്കുന്നുണ്ട്. വ്യാപകമായി ഈ ഉല്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് ഒരു പൊതു ബ്രാൻഡ് നെയിം വേണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ "കേരളഗ്രോ" എന്നൊരു ബ്രാൻഡ് നെയിം നൽകിയത്. അതിന്റെ പാക്കിംഗിനുവേണ്ടി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും 14 ജില്ലകളിലും അതിന്റെ പരിശീലനം

നൽകുകയും ചെയ്തു. നമ്മുടെ നാട്ടിലെ ഒരു സാധാരണ കർഷകൻ ഉല്പാദിപ്പിക്കുന്ന ഉല്പന്നത്തിനും "കേരളഗ്രോ" നെയിം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ കേരളത്തിലെ 14 ജില്ലകളിലും നടപ്പിലാക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ആദ്യ ഷോപ്പ് ആഗസ്റ്റ് മാസത്തോടുകൂടി പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുവെന്ന കാര്യം കൂടി സഭയെ അറിയിക്കുന്നു.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, പൊന്നാനി കോളിലെ നെൽ കർഷകരിൽനിന്ന് ശേഖരിച്ച നെല്ലിന്റെ വില കിട്ടാത്തതിനാൽ കർഷകർ സമരത്തിലാണ്. കർഷകരുടെ നെല്ലിന്റെ വില അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, നെല്ലിന്റെ വില നൽകുന്നതുമായി ബന്ധപ്പെട്ടുള്ള സബ്മിഷൻ ഇന്നുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി സപ്ലൈകോ നെല്ല് സംഭരിച്ചതുമായി ബന്ധപ്പെട്ട് ലഭ്യമാകാനുള്ള തുകയുടെ കണക്കുകൾ പറഞ്ഞിരുന്നു. കേന്ദ്രത്തിൽനിന്നും ലഭ്യമാകാനുള്ള തുക ഉൾപ്പെടെയുള്ള പ്രശ്നങ്ങൾമൂലമാണ് നെല്ലിന്റെ വില കൊടുത്തുതീർക്കുന്നതിൽ പ്രയാസം

നേരിടുന്നതെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സഭയെ അറിയിക്കുകയുണ്ടായി. എത്രയുംവേഗം അത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം സഭയെ അറിയിച്ചിട്ടുണ്ട്.

ശ്രീമതി യു. പ്രതിഭ: സർ, കേരളത്തിന്റെ നെല്ലറയെന്ന് വിശേഷിപ്പിക്കുന്ന കുട്ടനാട് ജൈവകൃഷിയുമായി ബന്ധപ്പെട്ട് ഏറ്റവും പ്രാധാന്യമുള്ള സ്ഥലമാണ്. അവിടെ ഒന്നും രണ്ടും മൂന്നും തവണ കൃഷി ചെയ്യുന്ന നെൽകർഷകരുടെ പാടശേഖരത്തിലെ കൃഷി പൂർണ്ണമായും ജൈവകൃഷിയാക്കി മാറ്റിയാൽ ഇന്ന് കുട്ടനാട് നേരിടുന്ന ഏറ്റവും വലിയ ജല മലിനീകരണത്തിൽനിന്നും രക്ഷനേടാൻ സാധിക്കും. അത്തരത്തിലുള്ള വിശാലമായ പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, ജൈവകൃഷിയിലേയ്ക്ക് നിർബന്ധപൂർവ്വം കർഷകരെ കൊണ്ടുവരുകയെന്നുള്ളത് പ്രയാസമുള്ള കാര്യമാണ്. കർഷകർക്ക് ജൈവകൃഷി ലാഭകരമാണെന്ന് ബോധ്യപ്പെടുന്ന അവസരത്തിൽ മാത്രമെ അവർ അതിലേയ്ക്ക് മാറുകയുള്ളൂ. ആരോഗ്യത്തെ കണക്കിലെടുത്തുകൊണ്ട് പൊതുസമൂഹം ഈ ഉല്പന്നങ്ങൾ കൂടുതലായി

വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനും തയ്യാറാകുമ്പോൾ അതിന്റെ വിപണിമൂല്യംകൂടി മനസ്സിലാക്കിക്കൊണ്ട് കർഷകർ മാറുകതന്നെ ചെയ്യും. അല്ലാതെ ബലാൽക്കാരേണ നിങ്ങൾ എല്ലാവരും ജൈവ കൃഷിയിലേയ്ക്ക് മാറിയിരിക്കണമെന്ന് പറയുന്നത് നടപ്പിലാക്കാൻ പ്രയാസമുള്ള കാര്യമാണ്. അവിടെയുള്ള കർഷക സമൂഹവുമായി ചർച്ച ചെയ്ത് അതിന്റെ സാധ്യതകൾ പരിശോധിച്ച് അത് നടപ്പിലാക്കുന്ന കാര്യം ആലോചിക്കാവുന്നതേയുള്ളൂ. നമ്മുടെ വെള്ളവും വായുവും അങ്ങേയറ്റം വിഷമയമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ സമൂഹവും സർക്കാരും വളരെ ഗൗരവത്തിൽ ഇക്കാര്യങ്ങൾ ആലോചിക്കുകയും അതിനനുസരിച്ചുള്ള നടപടിയിലേയ്ക്ക് നീങ്ങുകയും ചെയ്യേണ്ടതുണ്ട്. അതിന്റെ ഭാഗമായാണ് ഭാരതീയ പ്രകൃതി കൃഷി പദ്ധതി, നാച്ചുറൽ ഫാമിംഗ്, ഓർഗാനിക് ഫാമിംഗ് എന്നിങ്ങനെ പല പേരുകളിൽ നമ്മുടെ നാട്ടുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഒരുതരത്തിലുള്ള സമ്മർദ്ദവുമില്ലാതെതന്നെ കർഷകർ ഈ രംഗത്തേയ്ക്ക് മാറുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇക്കാര്യം എങ്ങനെയെല്ലാം

കുട്ടനാട്ടിൽ പ്രായോഗികമാക്കാൻ കഴിയുമെന്നുള്ളത് അവിടുത്തെ കർഷക സമൂഹവുമായി ആലോചിച്ച് തീരുമാനിക്കാവുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, വർഷം തോറും 10000 ഹെക്ടറിൽ എന്ന കണക്കിൽ അഞ്ചുവർഷംകൊണ്ട് 50000 ഹെക്ടറിൽ ജൈവകൃഷി വ്യാപിപ്പിക്കുമെന്നാണ് അങ്ങ് മറുപടിയിൽ പറഞ്ഞത്. ഇതിനുള്ള ഇൻപുട്ട്സ് എവിടെനിന്നാണ് ലഭിക്കുന്നത്? ചാണകം, കോഴിക്കാഷ്ഠം എന്നിവയുൾപ്പെടെയുള്ള ഓർഗാനിക് വളങ്ങളും കീടനിയന്ത്രണത്തിനുപയോഗിക്കുന്ന വെളുത്തുള്ളി, കാന്താരി, വേപ്പെണ്ണ എന്നിവയെല്ലാം ലഭിക്കുന്നതിന് വളരെ ബുദ്ധിമുട്ടുണ്ട്. ശ്രീലങ്ക ഓർഗാനിക് നാഷനായി പ്രഖ്യാപിച്ചശേഷം പ്രൊഡക്ടിവിറ്റി 85 ശതമാനം കുറഞ്ഞുവെന്നുള്ള ഉദാഹരണവും നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ജൈവകൃഷി വ്യാപിപ്പിക്കുമ്പോൾ അതിന്റെ ഇൻപുട്ട്സും കീടനിയന്ത്രണത്തിനുള്ള സംവിധാനവും ഏർപ്പെടുത്താൻ പ്രത്യേക പദ്ധതികളുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിൻസെന്റ് വളരെ പ്രസക്തമായ രണ്ടുമൂന്ന് കാര്യങ്ങളാണ് ഇവിടെ ചോദിച്ചത്. ജൈവകൃഷിക്ക് ഇൻപുട്ടുകളായി വേണ്ടിവരുന്ന വളങ്ങൾ, കീടനാശിനികൾ എന്നിവയെല്ലാം സജ്ജമാക്കിക്കൊണ്ടുതന്നെയായിരിക്കും ആ പ്രവർത്തനത്തിൽ ഏർപ്പെടുന്നത്. എവിടെയെല്ലാമാണോ ജൈവകൃഷിയിലേയ്ക്ക് മാറുന്നത് അവിടെയെല്ലാം ഇതിനാവശ്യമായ സംവിധാനം ഉറപ്പാക്കുകതന്നെ ചെയ്യും. അതിനെക്കുറിച്ച് ചിന്തിക്കാതെയല്ല ഈ മിഷന്റെ പ്രവർത്തനങ്ങളിലേയ്ക്ക് നീങ്ങുന്നത്. മറ്റൊരു കാര്യം അദ്ദേഹം പറഞ്ഞത്, പലപ്പോഴും പലരും പലയിടങ്ങളിലും പ്രയോഗിക്കുന്നൊരു കാര്യമാണ്, 'ശ്രീലങ്കയുടെ പാഠം, ശ്രീലങ്കയുടെ പാഠം' എന്നത്. വിദേശ നാണ്യത്തിന്റെ കുറവുവന്നപ്പോൾ അത് പരിഹരിക്കാൻ അവർ കണ്ട കുറുക്കുവഴിയായിരുന്നു ജൈവകൃഷി രീതിയിലേയ്ക്കുള്ള മാറ്റം. അതൊരു അബദ്ധ തീരുമാനമായിരുന്നു. അതിനാവശ്യമായ ഒരു മുന്നൊരുക്കങ്ങളും അവർ നടത്തിയിരുന്നില്ല. ശ്രീലങ്ക സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് പോയത് ജൈവകൃഷിയിലേയ്ക്ക് മാറിയതുകൊണ്ടല്ലെന്ന് പിന്നീട് വന്ന

സംഭവവികാസങ്ങൾ തെളിയിക്കുകയുണ്ടായി. ആ നാടിനാവശ്യമായ സാധനങ്ങൾ പുറമെനിന്ന് ഇറക്കുമതി ചെയ്യാനുള്ള വിദേശ നാണയ ശേഖരമില്ലാത്തതിന്റെ പ്രതിസന്ധി മറികടക്കാൻ താൽക്കാലികമായി അവർ പ്രഖ്യാപിച്ച കാര്യമായിരുന്നു അത്. ഇന്ത്യയിൽത്തന്നെ സിക്കിംപോലുള്ള സംസ്ഥാനങ്ങൾ ഈ രംഗത്ത് നിൽക്കുന്നുണ്ട്. പല സംസ്ഥാനങ്ങളും കൂടുതൽ ഇടങ്ങളിലേയ്ക്ക് മാറുന്നുണ്ട്. അതിന്റെ പേരിൽ തകർച്ചയുണ്ടാകുമെന്ന് പറയുന്നത് ശരിയല്ല. നമ്മുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി ഇതിലേയ്ക്ക് മാറിയാൽ മതി. കാർഷിക സർവ്വകലാശാലയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിൻസെന്റും അംഗമാണ്. അവിടുത്തെ ലാബിൽ 'Safe to eat' പദ്ധതിയുടെ ഭാഗമായി നടന്ന പരിശോധനകളുടെ 2024 ജനുവരി മുതൽ മാർച്ച് 24 വരെ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളുടെ സംക്ഷിപ്തരൂപം 62-ാം റിപ്പോർട്ടായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ 12.21 ശതമാനം പച്ചക്കറികളിലും FSSAI-ഉം CODEX-ഉം നിഷ്കർഷിക്കുന്ന അനുവദനീയമായതിനേക്കാൾ കൂടുതലായി അവശിഷ്ട വിഷാംശം ഉണ്ടെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതെല്ലാം നമ്മുടെ മുമ്പിലുള്ള

അങ്ങേയറ്റം അപകടകരമായ സ്ഥിതിവിശേഷത്തെയാണ് കാണിക്കുന്നത്. ഇതുകൂടി കണക്കിലെടുത്തുകൊണ്ടാവണം നമ്മുടെ ഭക്ഷണത്തിന്റെ കാര്യത്തിൽ ശ്രദ്ധപുലർത്തേണ്ടത്. ജൈവ കൃഷിയിൽ ഏർപ്പെടുന്നതിനാവശ്യമായ എല്ലാ സഹായങ്ങളുമൊരുക്കുന്ന തരത്തിലാണ് ഈ പരിപാടി നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ജൈവ കൃഷി വളരെയധികം പ്രോത്സാഹിപ്പിക്കുന്നുണ്ട്. പക്ഷെ എന്തെല്ലാം ചെയ്താലും പരമാവധി 50 ശതമാനത്തിലധികം ആവശ്യം പൂർത്തീകരിക്കാൻ സാധിക്കില്ല. ഭക്ഷ്യസാധനങ്ങൾ കൂടുതലും വരുന്നത് അന്യസംസ്ഥാനങ്ങളിൽനിന്നാണ്. വലിയ തോതിൽ വിഷമയമായ പച്ചക്കറികളാണ് നമ്മുടെ നാട്ടിൽ എത്തിക്കൊണ്ടിരിക്കുന്നത്. ഇതിന് എന്ത് പരിശോധനയാണ് നടത്തുന്നത്? കൃത്യമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും അത് പൂർണ്ണമായി പരിഹരിക്കപ്പെടുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. നമ്മുടെ അസുഖങ്ങളുടെ ഒരു പ്രധാന കാരണം ഈ വിഷമയമായ ഭക്ഷണം കഴിക്കുന്നതാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. അതിൽ കൃത്യമായ

ഇടപെടലുകൾ നടത്താനും അന്യസംസ്ഥാനത്തുനിന്നും വരുന്ന വിഷമയമായവയെ തിരിച്ചയയ്ക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ഇതിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ പോയി പച്ചക്കറികളും പഴങ്ങളും മറ്റും പരിശോധനയ്ക്കെടുക്കുകയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. വെണ്ടക്കയിൽ അല്ലെങ്കിൽ പടവലങ്ങയിൽ ഇത്ര അളവിൽ വിഷാംശമുണ്ടെന്ന കണക്കുകൾ രേഖപ്പെടുത്തുകയായിരുന്നു മുൻകാലങ്ങളിലെ രീതി. എന്നാൽ ഇപ്പോൾ ഏത് കടയിൽനിന്നെടുത്ത സാമ്പിളിലാണ് വിഷാംശം കണ്ടതെന്ന് കടയുടെ പേരുൾപ്പെടെ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ വരുന്ന റിപ്പോർട്ടിലും ഇങ്ങനെയാണ് വരുന്നത്. ഇങ്ങനെയൊരു അവബോധം ജനങ്ങളിലുണ്ടാകുമ്പോൾ, ജനങ്ങളത് ശ്രദ്ധിക്കുമ്പോൾ ആ കടക്കാർ ഇങ്ങനെയുള്ളവ ഉപയോഗിക്കാതിരിക്കാൻ നിർബന്ധിതരാകുന്നൊരു സാഹചര്യമുണ്ടാകും. നമ്മൾ തമിഴ്നാട്ടിലുൾപ്പെടെ പോയി മാരകമായ കീടനാശിനി ഉപയോഗിച്ച് കാർഷികോല്പന്നങ്ങൾ ഉല്പാദിപ്പിക്കരുതെന്ന് നിർദ്ദേശങ്ങളും ക്യാമ്പയിനും നൽകിയതാണ്. എന്നാൽ പണത്തിനുവേണ്ടി

അതിനെയെല്ലാം മറികടക്കുന്ന രീതികളാണ് അവിടെയുള്ളത്. അവിടെ വാഹനങ്ങൾ പരിശോധിക്കുന്നതിനുൾപ്പെടെ കൃഷി വകുപ്പിന് ചില പരിമിതികളുണ്ട്. പച്ചക്കറിയുടെ കാര്യത്തിലെങ്കിലും സ്വയംപര്യാപ്തതയിലേയ്ക്ക് എത്താൻ കേരളത്തിനാകും. അതിനാവശ്യമായ മണ്ണും മനുഷ്യനും ഇവിടെയുണ്ട്. നമ്മുടെ ജീവിതത്തിന്റെ കാര്യമാണ്. ബാഹ്യസൗന്ദര്യത്തിന് പണം മുടക്കുന്നതിൽ മടിയില്ലാത്ത മലയാളി ആന്തരിക സൗന്ദര്യമെന്ന് വിശേഷിപ്പിക്കാവുന്ന ആരോഗ്യത്തിന്റെ കാര്യത്തിൽ ഗൗരവം കാണിക്കാതിരിക്കുന്നതിനെയാണ് നമ്മൾ പ്രധാനമായും കാണേണ്ടത്. നമുക്കിവിടെയുള്ള മണ്ണിനെയും മനുഷ്യനെയും ഉപയോഗിച്ചുകൊണ്ട് പച്ചക്കറിയുടെ കാര്യത്തിലെങ്കിലും സ്വയംപര്യാപ്തതയിലേയ്ക്കെത്തിയാൽ ഇങ്ങനെ വിഷം കഴിക്കേണ്ട അവസ്ഥയിലേയ്ക്ക് നമ്മൾ എത്തിച്ചേരുകയില്ല. അതിനാവശ്യമായ വലിയ ജനകീയ പദ്ധതിയിലേയ്ക്ക് കേരളം കടക്കേണ്ടതുണ്ടെന്നാണ് ഇപ്പോഴത്തെ യാഥാർത്ഥ്യങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നത്. കൃഷി വകുപ്പ് അതിന് മുൻകൈയെടുക്കാൻ തയ്യാറാണെന്ന കാര്യംകൂടി അറിയിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേന്ദ്ര സർക്കാരിന്റെ 'ഒരു ജില്ല, ഒരു ഉല്പന്നം' പദ്ധതിയിൽ കാസർഗോഡിന്റെ ഉല്പന്നമായി ചക്ക തെരഞ്ഞെടുത്തിരുന്നു. ഇതിനോടനുബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് സർക്കാർ ആവിഷ്കരിച്ചതെന്നും ആ പരിപാടികൾ പ്രാവർത്തികമാക്കാൻ ചെയ്ത കാര്യങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, കേന്ദ്ര ഗവൺമെന്റ് One district, one product എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകളുടെയും കാബ്കോയുടെയും നേതൃത്വത്തിൽ ഈ ഉല്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്നതിനും അതിന് പരമാവധി വിപണി സാധ്യത ഉറപ്പുവരുത്തുന്നതിനും കർഷകർക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, കൃഷിനാശം, വിളനാശം, പ്രകൃതിക്ഷോഭം, രോഗങ്ങൾ, വന്യമൃഗശല്യം എന്നിവയൊക്കെയാണ് കൃഷിക്കാരുടെ പ്രധാനപ്പെട്ട വിഷയങ്ങൾ. ഇതിന് നൽകുന്ന നഷ്ടപരിഹാരം വളരെ

തുച്ഛമാണ്. അത് സമയത്ത് കിട്ടുന്നുമില്ല. ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്നവർക്കുപോലും സമയബന്ധിതമായി നഷ്ടപരിഹാരം കിട്ടുന്നില്ല. നേന്ത്രവാഴകൃഷിയൊക്കെ നഷ്ടപ്പെടുന്ന നിരവധി ആളുകളുണ്ട്. ആയതിനാൽ സമയബന്ധിതമായി നഷ്ടപരിഹാരം വർദ്ധിപ്പിച്ച് നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാലാവസ്ഥയിലെ മാറ്റങ്ങൾ, വന്യമൃഗശല്യത്തിന്റെ ഭാഗമായുണ്ടാകുന്ന കൃഷിനാശങ്ങൾ എന്നിവയെല്ലാം കേരളത്തിന്റെ കാർഷിക മേഖലയിൽ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടത്തിന് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുണ്ട്, എസ്.ഡി.ആർ.എഫ്. സഹായമുണ്ട്. നേരത്തെയുള്ള കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ സഹായങ്ങളെല്ലാം പരമാവധി വേഗത്തിൽ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പൂർണ്ണമായ കൃഷിനാശമുണ്ടാകുമ്പോൾ മാത്രം സഹായം എന്നത് മാറി കാലാവസ്ഥയിലുണ്ടാകുന്ന വ്യത്യാസങ്ങൾ weather stations

വഴി തിട്ടപ്പെടുത്തി അതിനനുസരിച്ച് ഉല്പാദനത്തിൽ കുറവുവരുമെന്ന് കണക്കുകൂട്ടിക്കൊണ്ട് നഷ്ടപരിഹാരം നൽകുന്ന പദ്ധതി ഇതിന്റെ ഭാഗമായി തുടങ്ങിയിട്ടുണ്ട്. അതിൽ കുറച്ച് വിളകൾ മാത്രമേ നേരത്തെ ഉൾപ്പെടുത്തിയിരുന്നുള്ളൂ. 27 വിളകളെ Weather Based Crop Insurance Scheme-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നേരത്തേ ചില ജില്ലകളെ അതിൽനിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ ഇപ്പോൾ 14 ജില്ലകളെയും ഇതിലേയ്ക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ weather സ്റ്റേഷനുകൾ സ്ഥാപിച്ച് കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം, ഉല്പാദനത്തിൽ കുറവുവരുത്തുമെന്ന് കണക്കിലെടുത്തുകൊണ്ടുള്ള നഷ്ടപരിഹാരം/ഇൻഷ്വറൻസ് തുക നൽകുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. പരമാവധി വേഗത്തിൽ അതിനാവശ്യമായ തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

**കാർഷിക വിപണന കമ്പനി രൂപീകരണം**

2(*122) <u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u>
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ:</u>

ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി പ്രത്യേക കമ്പനി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്പനി രൂപീകരണത്തിലൂടെ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും സംസ്കരണത്തിനും കാർഷികോല്പാദനത്തെ അടിസ്ഥാനമാക്കി വിപണി കണ്ടെത്തുന്നതിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കമ്പനി രൂപീകരണത്തിലൂടെ സംസ്ഥാനത്ത് കാർഷികോല്പാദന-സംസ്കരണ- വിപണന രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനമൊരുക്കുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി

(കാബ്കോ) രൂപീകരിച്ചിട്ടുണ്ട്. കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. കർഷകർക്ക് മികച്ച വരുമാനവും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ഉറപ്പാക്കുക.

2. കർഷകർക്ക് ന്യായമായതും വേഗത്തിലുള്ളതുമായ പ്രതിഫലം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് അവരുടെ വരുമാനചക്രത്തിലെ അനിശ്ചിതത്വം നീക്കുന്നതിന് മുൻഗണന നല്കുക.

3. കർഷകർ, കൃഷിക്കൂട്ടങ്ങൾ, കർഷക ഗ്രൂപ്പുകൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, കർഷക സംഘങ്ങൾ, കാർഷിക സഹകരണ സൊസൈറ്റികൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് സഹായിക്കുക.

4. വിപണി അടിസ്ഥാനമാക്കി ഉല്പാദനം മുതൽ സംഭരണം, സംസ്കരണം, മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കൽ, അവയുടെ ദേശീയ/അന്തർദ്ദേശീയ തലത്തിലുള്ള വിപണനം വരെയുള്ള കാര്യങ്ങളിൽ കർഷകരെ പ്രാപ്തരാക്കുക.

5. മൂല്യവർദ്ധനയ്ക്കായി അത്യാധുനിക ഭക്ഷ്യ സംസ്കരണ സാങ്കേതികവിദ്യ ലഭ്യമാക്കി കേരളത്തിന്റെ കാർഷികോല്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ കഴിയുന്ന ആഭ്യന്തര, അന്തർദ്ദേശീയ വിപണികളെ കണ്ടെത്തുക.

6. കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി അഗ്രിപാർക്കുകൾ, അഗ്രി ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കുകയും ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് സഹായിക്കുകയും ചെയ്യുക.

7. നിലവിലെ കാർഷിക മൊത്ത വ്യാപാര വിപണികളെ പരമാവധി നവീകരിക്കുകയും സംസ്കരണ വിപണനത്തിന് സജ്ജീകരിക്കുകയും ചെയ്യുക.

8. കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങൾക്ക് പൊതു ബ്രാൻഡിംഗ് സംവിധാനം ഏർപ്പെടുത്തുക.

9. അന്താരാഷ്ട്ര വിപണിയിൽ കേരളത്തിന്റെ സ്ഥാനം നിലനിർത്തുകയും കെട്ടിപ്പടുക്കുകയും ചെയ്യുക.

(ബി) കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും സംസ്കരണത്തിനും താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്.

1. കർഷകർ, കൃഷിക്കൂട്ടങ്ങൾ, കർഷക ഗ്രൂപ്പുകൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, കർഷക സംഘങ്ങൾ, കാർഷിക സഹകരണ സൊസൈറ്റികൾ എന്നിവർ വഴി നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കി വിപണനം നടത്തുവാൻ കർഷകരെ പ്രാപ്തരാക്കുക.

2. മൂല്യവർദ്ധിത ഉല്പന്നങ്ങൾ പൊതു ബ്രാൻഡിംഗ് സംവിധാനത്തിലൂടെ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം വഴി വിപണനം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

3. മൂല്യവർദ്ധനയും സംസ്കരണവും വഴിയുണ്ടാക്കുന്ന കാർഷികോല്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ കഴിയുന്ന ദേശീയ/അന്തർദ്ദേശീയ തലത്തിലുള്ള വിപണികൾ കണ്ടെത്താൻ ലക്ഷ്യമിടുന്നു.

4. കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി അഗ്രിപാർക്കുകൾ, അഗ്രി ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കും.

5. കാർഷികോല്പാദനത്തെ അടിസ്ഥാനമാക്കി വിപണി കണ്ടെത്തുന്നതിനായി നിലവിലെ കാർഷിക മൊത്ത വ്യാപാര വിപണികളെ പരമാവധി നവീകരിക്കുകയും സംസ്കരണ വിപണനത്തിന് സജ്ജീകരിക്കുകയും ചെയ്യും.

6. കൂടാതെ, മൂല്യവർദ്ധനയ്ക്കായി ചെറുകിട കാർഷിക വാണിജ്യവൽക്കരണം വർദ്ധിപ്പിക്കുകയെന്നതിന്റെ ഭാഗമായി കർഷകർക്കും/കർഷക ഗ്രൂപ്പുകൾക്കും അഗ്രി ബിസിനസ്സിനും ഇടയിൽ സുസ്ഥിര ഉല്പാദന സഖ്യങ്ങൾ (Productive Alliance) രൂപീകരിക്കുന്നതിനുള്ള പദ്ധതി ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുവാൻ പോകുന്ന 'കേര' പദ്ധതിയിൽ വിഭാവന ചെയ്തിട്ടുണ്ട്. കർഷക മൂല്യശൃംഖലയിലെ പൊതുമേഖല, ഉത്പാദകർ/കർഷകർ, കച്ചവടക്കാർ എന്നിവർ തമ്മിലുള്ള

പരസ്പര ബന്ധം ശക്തിപ്പെടുത്താൻ ഉല്പാദന സഖ്യങ്ങൾക്ക് സാധിക്കുന്നു. ഇതിലേയ്ക്കായി ഏകദേശം 899 കോടി രൂപയുടെ പ്രൊവിഷൻ നല്കിയിട്ടുണ്ട്.

(സി) കേരളത്തിലെ കർഷകർ, കർഷകക്കൂട്ടങ്ങൾ, കർഷക കൂട്ടായ്മകൾ, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻസ് എന്നിവർ ഉണ്ടാക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കി അവ സംഭരിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി വിപണനം ചെയ്യുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രാവർത്തികമാക്കും. ഇതിനായി നിലവിലുള്ള കാർഷിക മൊത്ത വ്യാപാര വിപണികൾ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. വ്യവസായ കോൺഫറൻസുകൾ, ട്രേഡ് ഷോകൾ, എക്സ്പോ, ഫീൽഡ് മാർക്കറ്റിംഗ്, ബ്രാൻഡ് ആക്റ്റിവേഷൻ ഇവന്റുകൾ എന്നിവ സുഗമമാക്കുന്നതിന് എട്ടുകോടി രൂപ ചെലവിൽ ആനയറയിലെ കാർഷിക നഗര മൊത്ത വിപണിയിൽ ഒരു എക്സിബിഷൻ സെന്റർ സ്ഥാപിക്കും. സമാനമായ എക്സിബിഷൻ കേന്ദ്രങ്ങൾ മരടിലെയും വേങ്ങേരിയിലെയും കാർഷിക നഗര മൊത്ത വിപണികളിലും സ്ഥാപിക്കും. ഈ സെന്ററുകൾ B2B മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിനും

അതുവഴി അഗ്രി ബിസിനസിന് പുതിയ അവസരങ്ങൾ കണ്ടെത്തുന്നതിനും അവസരമൊരുക്കുന്നു. കൂടാതെ, കാർഷിക സംരംഭകരെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ കാര്യക്ഷമമായി തയാറാക്കാൻ സഹായിക്കുന്നതിന് 'ഡി.പി.ആർ. ക്ലിനിക്' എന്ന നിലയിലും കാബ്കോ പ്രവർത്തിക്കും. കാർഷിക ഉല്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുമായി ബനാന ആൻഡ് ഹണി പാർക്ക്, തൃശ്ശൂർ, വെജിറ്റബിൾ പാർക്ക്, ചേർത്തല, കോക്കനട്ട് പാർക്ക്, കുത്താളി & വേങ്ങേരി, മാംഗോ പാർക്ക്, മുതലമട എന്നീ അഗ്രിപാർക്കുകളും കൂടാതെ അഗ്രിഫെസിലിറ്റേഷൻ സെന്ററുകളും സ്ഥാപിക്കും. മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിൽപ്പന നടത്തുന്നതിനായി ഒരു പൊതു ബ്രാൻഡിംഗ് സംവിധാനം ഏർപ്പെടുത്തി ആഭ്യന്തര, ദേശീയ, അന്തർദ്ദേശീയ വിപണികളെ കണ്ടെത്തുന്നതിന് സഹായിക്കും. അങ്ങനെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, കാർഷികോല്പാദനക്ഷമത ഉയർത്തലിലൂടെയും മൂല്യവർദ്ധിത ഉല്പാദനങ്ങളിലൂടെയും സംസ്ഥാനത്തെ

കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള സർക്കാർ ഇടപെടൽ ശ്രദ്ധേയമാണ്. കേരളത്തിലെ കാർഷിക ഉല്പന്നങ്ങൾക്ക് ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലും വിപണനം ഉറപ്പാക്കുന്നത് സംബന്ധിച്ചും കർഷകർക്ക് മൂല്യവർദ്ധനയ്ക്കുള്ള ഇടപെടലുകൾ സംബന്ധിച്ചും ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇതിന് കൃത്യവും സമയബന്ധിതവുമായ മോണിറ്ററിംഗ് സംവിധാനമുണ്ടോ; ഇനിയും ഇതിന്റെ വിപുലീകരണത്തെക്കുറിച്ചുള്ള എന്തെങ്കിലും ആലോചന സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും വിപുലീകരണത്തിനുതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൂടുതൽ വിപുലീകരിക്കുക, ഏറ്റവും ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുക എന്ന ലക്ഷ്യത്തോടുകൂടിത്തന്നെയാണ് സർക്കാർ നീങ്ങുന്നത്. അത് യാഥാർത്ഥ്യമാക്കുകയും ചെയ്യും.

ശ്രീ. എം. രാജഗോപാലൻ: സർ, കാർഷിക ക്ഷേമത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി രൂപീകരിക്കപ്പെട്ട Value Added Agriculture Mission (VAAM)-ന്റെ പ്രവർത്തനം വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിലെ കർഷകരുടെ ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിലൂടെ മാത്രമേ കർഷകർക്ക് ന്യായമായ വില ലഭ്യമാകുകയുള്ളൂ. കാർഷികോല്പന്നങ്ങൾ അതേപടി വിറ്റഴിക്കുമ്പോൾ ലഭ്യമാകുന്നതിനേക്കാൾ കൂടുതൽ വരുമാനം മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുമ്പോൾ ലഭ്യമാകുമെന്നതിന്റെ അടിസ്ഥാനത്തിലാണ് Value Added Agriculture Mission എന്ന പേരിൽ ഒരു സംവിധാനത്തിന് രൂപം കൊടുത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും വ്യവസായ, കൃഷി വകുപ്പുമന്ത്രിമാർ വൈസ് ചെയർമാൻമാരുമായി VAAM നിലവിൽ വന്നുകഴിഞ്ഞു. അതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള ശ്രമത്തിലാണ് ഇപ്പോൾ സർക്കാർ ഏർപ്പെട്ടിരിക്കുന്നത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കൃഷി വകുപ്പിന് കീഴിലുള്ള ഏതെല്ലാം വിപണികളാണ് കേരള അഗ്രോ ബിസിനസ് കമ്പനി ഏറ്റെടുത്തിട്ടുള്ളത്; ഇവിടെ എന്തൊക്കെ പുതിയ പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. കാർഷിക പ്രാധാന്യമുള്ള ഒരു പ്രദേശമെന്ന നിലയിൽ എന്റെ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ ഒരു ഹെക്ടർ

സ്ഥലം അന്യാധീനപ്പെട്ട് കിടക്കുകയാണ്. അവിടെ കമ്പനിയുടെ സെന്റർ ആരംഭിക്കാൻ സാധിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് ഉന്മേഷം പകരുന്ന തരത്തിൽ തന്നെയാണ് കാബ്കോ എന്ന സംവിധാനത്തെ രൂപപ്പെടുത്തിയെടുത്തത്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ആറ് മൊത്ത വ്യാപാര വിപണികൾ അതിന്റെ ഭാഗമായി കൊണ്ടുവന്നിട്ടുണ്ട്. തിരുവനന്തപുരത്തെ ആനയറ, നെടുമങ്ങാട് എന്നീ കേന്ദ്രങ്ങളും എറണാകുളം, മൂവാറ്റുപുഴ, കോഴിക്കോട്, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിലെ മൊത്ത വ്യാപാര വിപണികളുമാണ് കാബ്കോയുടെ ഭരണ നിയന്ത്രണത്തിൽ കൊണ്ടുവന്നിരിക്കുന്നത്. വിപണികൾ കൂടാതെ കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുമായി ബനാന ഹണി പാർക്ക് - തൃശ്ശൂർ, വെജിറ്റബിൾ പാർക്ക് - ചേർത്തല, കുത്താളിയിലും വേങ്ങരിയിലുമുള്ള കോക്കനട്ട് പാർക്ക്, മുതലമടയിലെ മാംഗോ പാർക്ക് എന്നീ അഗ്രീപാർക്കുകളും കാബ്കോയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. വ്യവസായ കോൺഫറൻസുകൾ, ട്രേഡ് ഷോകൾ, എക്സ്പോ ഇവന്റുകൾ

എന്നിവ സുഗമമായി സംഘടിപ്പിക്കുന്നതും എട്ട് കോടി രൂപ ചെലവിൽ ആനയറയിലെ കാർഷിക നഗര മൊത്ത വ്യാപാര വിപണിയിൽ ഒരു എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്നതുമാണ്. ഈ ആറ് മൊത്ത വ്യാപാര മാർക്കറ്റുകളിലെ നിലവിലെ സ്ഥിതി മനസ്സിലാക്കി, ഈ മാർക്കറ്റുകളിൽനിന്ന് പരമാവധി വരുമാനം ലഭ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. ഈ വിപണികൾ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ തൽസ്ഥിതി ശാസ്ത്രീയമായ രീതിയിൽ അപഗ്രഥിച്ച് അവയെ പരമാവധി ഉപയോഗപ്രദമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്. പ്രധാനപ്പെട്ട ഒരു ട്രേഡ് സെന്ററായും എക്സിബിഷൻ സെന്ററായും ആനയറയിലെ സെന്ററിനെ മാറ്റാൻ സാധിക്കും. ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ചതുപോലെ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലുള്ള സ്ഥലത്ത് കാബ്കോയുമായി ബന്ധപ്പെട്ട ഏത് പ്രവർത്തനങ്ങളാണ് നടത്താൻ സാധിക്കുന്നതെന്നും എങ്ങനെ ആ ഭൂമിയെ ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കുമെന്നുമുള്ള കാര്യം ഈ മാസംതന്നെ പരിശോധിക്കുമെന്നും

അതിന്റെ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഉത്തരവിടുന്നതുമായിരിക്കുമെന്ന് കൂടി അറിയിക്കുന്നു.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, കർഷകരുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ള കാർഷികോല്പന്നങ്ങൾ വിപണനം നടത്തുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള കേരള അഗ്രോ ബിസിനസ് കമ്പനിയുടെ (കാബ്കോ) ഷെയർ ഹോൾഡേഴ്സ് ആരൊക്കെയാണെന്നും ഷെയർ കൊടുത്തുതുടങ്ങിയോയെന്നും അതിനുവേണ്ടിയുള്ള ബിസിനസ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയോയെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കാബ്കോ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി, ഔപചാരികമായ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ബിസിനസ് പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. ബിസിനസ് പ്ലാനിന്റെ കരട് ഡയറക്ടർ ബോർഡ് അംഗീകരിച്ചതിനുശേഷം മാത്രമേ മറ്റ് പ്രവർത്തനങ്ങളിലേയ്ക്ക് നീങ്ങാൻ സാധിക്കുകയുള്ളൂ. കാബ്കോയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും പ്രകാരം 33 ശതമാനം സർക്കാർ ഓഹരികളും ബാക്കി

67 ശതമാനം ഓഹരികളിൽ 24 ശതമാനം കർഷകർക്കും 25 ശതമാനം കർഷക കൂട്ടായ്മകൾക്കും 13 ശതമാനം പൊതുജനങ്ങൾക്കും 5 ശതമാനം ധനകാര്യ സ്ഥാപനങ്ങൾക്കും എന്ന ക്രമത്തിലാണ് ഓഹരികൾ നൽകുന്നത്. ബിസിനസ് പ്ലാൻ ലഭിച്ചതിനുശേഷം ഇതിന്റെ ഭാഗമായ മറ്റ് പ്രവർത്തനങ്ങളിലേയ്ക്കെല്ലാം നീങ്ങുന്നതായിരിക്കും. കമ്പനിയുടെ പ്രവർത്തനത്തിന്റെ ആദ്യഘട്ടത്തിൽത്തന്നെ കാബ്കോയിൽ ഓഹരിയെടുക്കുന്നതിനുള്ള സന്നദ്ധത നബാർഡ് അറിയിച്ചിട്ടുണ്ടെന്ന കാര്യം കൂടി സഭയെ അറിയിക്കുന്നു. കാബ്കോയെ വളരെ ഫലപ്രദമായി പ്രവർത്തനപഥത്തിലേയ്ക്ക് എത്തിക്കാൻ സാധിക്കും. അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ കർഷകരുടെ വരുമാനത്തിൽ വർദ്ധനയുണ്ടാവുകതന്നെ ചെയ്യും.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, തൃശ്ശൂരിലെ കണ്ണാറയിൽ നിർമ്മാണം ആരംഭിച്ച ബനാന ഹണി പാർക്ക് കാബ്കോ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എന്തായെന്ന് വിശദീകരിക്കുന്നതോടൊപ്പം ഓരോ പ്രദേശത്തും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന കർഷകരെയോ

കർഷകക്കൂട്ടായ്മകളെയോ പ്രസ്തുത കമ്പനിയുടെ ഭാഗമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്താണെന്ന് പൊതുജനങ്ങൾക്ക് വിശദമാക്കിക്കൊടുക്കാൻ സാധിക്കുന്ന രൂപത്തിൽ പരസ്യങ്ങൾ നൽകുന്നതുൾപ്പെടെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചതിന്റെ ആദ്യഭാഗം കണ്ണാറയിലെ ബനാന ഹണി പാർക്കിനെക്കുറിച്ചാണ്. തൃശ്ശൂരിലെ കണ്ണാറയിലുള്ള ബനാന ഹണി പാർക്ക് കാബ്കോയുടെ അധികാര പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ 95 ശതമാനവും പൂർത്തിയായിരിക്കുകയാണ്. ഇലക്ട്രിക് വർക്കുകൾ രണ്ട് മാസത്തിനകം പൂർത്തിയാകുന്നതാണ്. പണികൾ പൂർത്തീകരിച്ചതിനുശേഷം കാബ്കോയ്ക്കുവേണ്ടി തയ്യാറാക്കുന്ന ബിസിനസ് മോഡൽ പ്രകാരം പഴവർഗ്ഗങ്ങളിൽനിന്ന്, പ്രധാനമായും ബനാനയിൽനിന്നുള്ള വൈൻ നിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്നാണ് ആലോചിക്കുന്നത്. തേനിന്റെ വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങളും അവിടെനിന്ന് ഉല്പാദിപ്പിച്ച് വിപണനം

ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. വാഴപ്പഴത്തിൽനിന്നും വൈനുണ്ടാക്കുന്ന പദ്ധതിക്കാവശ്യമായ സാങ്കേതികവിദ്യ ഗവേഷണ സ്ഥാപനമായ ട്രിച്ചിയിലെ നാഷണൽ റിസേർച്ച് സെന്റർ ഫോർ ബനാനയുമായി സഹകരിച്ച് ലഭ്യമാക്കുന്നതിനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. കണ്ണാറയിലെ ബനാന ഹണി പാർക്കിനെ ഏറ്റവും നല്ല സ്ഥാപനമാക്കി മാറ്റാൻ കാബ്കോയ്ക്ക് സാധിക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. നേരത്തെ കാബ്കോയുടെ ലക്ഷ്യങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞിരുന്നു. അതുമായി ബന്ധപ്പെട്ട കുറച്ചുഭാഗങ്ങൾ സഭയുടെ മുമ്പാകെ പറയുകയും ചെയ്തു. ബാക്കി ഭാഗങ്ങൾ ടേബിൾ ചെയ്യുകയായിരുന്നു. വിശദാംശങ്ങളിലേയ്ക്ക് വീണ്ടും കടക്കുന്നില്ല. ഇത് കർഷകരിലേയ്ക്കും പൊതുജനങ്ങളിലേയ്ക്കുമെല്ലാം കൃത്യമായി എത്തിക്കേണ്ടതുണ്ട്. നമ്മുടെ സംവിധാനങ്ങളെല്ലാം ഉപയോഗിച്ച് ഇക്കാര്യങ്ങൾ ജനങ്ങളിലേയ്ക്കും കർഷകരിലേയ്ക്കും എത്തിക്കുന്നതിനും കർഷകർക്ക് കാബ്കോയുടെ സേവനം ലഭ്യമാക്കുന്നതിനും കാബ്കോയിലൂടെ കർഷകരുടെ വരുമാന വർദ്ധനയുൾപ്പെടെയുള്ള

കാര്യങ്ങൾ നേടിയെടുക്കുന്നതിനും ഉപകരിക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ അടക്കമുള്ള സംവിധാനങ്ങളും ഉപയോഗിക്കുന്നതായിരിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, കൃഷി ആദായകരമല്ലാത്തതുകൊണ്ടാണ് കർഷകർ കൃഷിയിൽനിന്നും പിൻമാറിക്കൊണ്ടിരിക്കുന്നത്. ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ സാധിക്കാതെ വരുന്നതും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള സാങ്കേതികവിദ്യകളുടെ പരിചയക്കുറവും ഇതിന് കാരണമാകുന്നുണ്ട്. അത് പരിഹരിക്കാൻവേണ്ടി ഇത്തരം ഉല്പന്നങ്ങൾ കൂടുതൽ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യാനും കർഷകർക്ക് ടെക്നോളജിക്കൽ നോളജ് നൽകാനുമുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, ഈ രണ്ട് കാര്യങ്ങളും കാബ്കോയുടെ ഭാഗമായി ചെയ്യുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിദേശ രാജ്യങ്ങളിലടക്കമുള്ള വിപണികൾ ലക്ഷ്യം വച്ച് ഉല്പാദിപ്പിക്കുകയും അവിടങ്ങളിലേയ്ക്ക് എത്തിക്കുകയും ചെയ്യുന്നത് ഒരു

സാധാരണ കർഷകന് പ്രയാസമുള്ള കാര്യമാണ്. അതുപോലെതന്നെ ഒരു കൃഷിഭവനിൽ ലഭ്യമാകുന്ന ഉല്പന്നങ്ങൾകൊണ്ട് ഉല്പാദിപ്പിക്കുന്നവ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റിയയ്ക്കുകയെന്നതും പ്രയാസമുള്ള കാര്യമായിരിക്കും. അതിനാൽ ചില ഏരിയകളിലെ പ്രത്യേക ഇനങ്ങൾ കണ്ടെത്തി അവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിദേശ വിപണികളെ ലക്ഷ്യംവച്ച് ഉല്പാദിപ്പിക്കുന്നതിനാണ് ശ്രമിക്കുന്നത്. കാബ്കോ യാഥാർത്ഥ്യമാകുന്നതോടുകൂടി അതെല്ലാം നടപ്പിലാക്കാൻ സാധിക്കും. അതിനാവശ്യമായ സാങ്കേതികവിദ്യകൾ കൃഷി വകുപ്പ് മുൻകൈയെടുത്ത് നൽകുന്നതായിരിക്കും. ഇതുമായി ബന്ധപ്പെട്ട് ബിസിനസ് ടു ബിസിനസ് മീറ്റുകൾ അത്യന്താപേക്ഷിതമാണ്. കാബ്കോയുടെ ഭാഗമായ ട്രേഡ് സെന്ററുകളും എക്സ്ബിഷൻ സെന്ററുകളുമെല്ലാം ഇത്തരം ഉത്പന്നങ്ങൾ വിൽപ്പന നടത്തുന്നതിനും പ്രദർശിപ്പിക്കുന്നതിനുമൊക്കെ ഉപകരിക്കും. കേരളത്തിന് ഈ മേഖലയിൽ അനന്തമായ സാധ്യതകളുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തലയുടെ നിയോജകമണ്ഡലത്തിൽ തന്നെ ഒരു ബിസിനസ് ടു ബിസിനസ് മീറ്റ് നടത്തിയിരുന്നു. അന്ന് വിൽപ്പന വല്ലതും

നടക്കുമോയെന്ന കാര്യത്തിൽ ഞങ്ങൾക്കിരുവർക്കും സന്ദേഹമുണ്ടായിരുന്നു. പക്ഷേ ഞങ്ങളെ അത്ഭുതപ്പെടുത്തിക്കൊണ്ട് ബിസിനസ് ടു ബിസിനസ് മീറ്റ് വളരെ വിജയകരമായിട്ടാണ് ഹരിപ്പാട് നിയോജകമണ്ഡലത്തിൽ നടന്നത്. ഇതേപോലെതന്നെ കൃഷിയുമായി ബന്ധപ്പെട്ട് സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്ക് ബാങ്കുകളുമായി ചേർന്ന് ലോൺ നൽകുമെന്ന് പറഞ്ഞാൽ മാത്രം പോരാ, അതിന് ആവശ്യമായ പ്രോജക്റ്റുകൾ തയ്യാറാക്കി നൽകേണ്ടതുമുണ്ട്. വയബിളായുള്ള പ്രോജക്റ്റുകൾ തയ്യാറാക്കി നൽകുന്നതിന് കൃഷിവകുപ്പ് ഒരു ഡി.പി.ആർ. ക്ലിനിക്ക് പരീക്ഷണാടിസ്ഥാനത്തിൽ നടത്തി നോക്കിയിരുന്നു. അതിന് നല്ല പിന്തുണയാണ് ലഭിച്ചത്. കാനറാ ബാങ്ക് അടക്കമുള്ള ബാങ്കുകൾ ആ പരിപാടിയിൽ പങ്കാളികളാകുകയും ലോൺ നൽകുന്നതിന് സന്നദ്ധമാകുകയും ചെയ്തിട്ടുണ്ട്. ഇത് മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാനാണ് ആലോചിക്കുന്നത്. കൃഷി പൂർണ്ണമായി നഷ്ടമാണെന്ന് അങ്ങ് പറഞ്ഞതിനോട് യോജിക്കാൻ സാധിക്കില്ല. ഞാനും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബും കൂടി മലപ്പുറത്ത് മനോരമയുടെ ഒരു പരിപാടിയിൽ പങ്കെടുക്കാൻ പോയി. അത് ഉദ്ഘാടനം ചെയ്തത് പശ്ചിമ

ബംഗാൾ ഗവർണറായ ശ്രീ. സി. വി. ആനന്ദബോസ് ആയിരുന്നു. ഞാൻ അദ്ധ്യക്ഷനും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് മുഖ്യ പ്രഭാഷകനുമായിരുന്നു. കണ്ണൂർ ജില്ലയിൽനിന്നുള്ള ഒരാളായിരുന്നു ഏറ്റവും മികച്ച കർഷകനായത്. ഞാൻ അദ്ദേഹത്തിന്റെ വരുമാനം എത്രയാണെന്ന് ചോദിച്ചപ്പോൾ പ്രതിമാസം ആറ് ലക്ഷം രൂപയ്ക്ക് മുകളിലാണെന്നാണ് പറഞ്ഞത്. അപ്പോൾ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഈ വരുമാനത്തിന് ടാക്സില്ലെന്നും പറഞ്ഞു. നമ്മുടെ മുമ്പിൽ ഇത്തരം ധാരാളം ഉദാഹരണങ്ങളുണ്ട്. എല്ലാവരും അങ്ങനെയാണെന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം. ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമുള്ളയിടങ്ങളുണ്ട്. ഒരു പ്രദേശത്ത് ഏതെങ്കിലും ഒരു ഇനം എന്നല്ലാതെ അവർക്ക് ലാഭകരമായി കൊണ്ടുപോകാൻ സാധിക്കുന്ന ഇനങ്ങൾ കൃഷി ചെയ്യുകയെന്ന രീതിയാണ് അനുവർത്തിക്കേണ്ടത്. അതാണ് ഒരു ഫാം പ്ലാൻ എന്നുപറയുന്നത്. ഒരിടത്ത് ചെയ്യുന്നത് കണ്ട് വേറൊരിടത്ത് പകർത്തുകയെന്നതിനപ്പുറമായി ഏത് ഉൽപ്പന്നമാണോ ഏറ്റവും കൂടുതൽ ആളുകൾക്ക് ആവശ്യമുള്ളതെന്നതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിന്റെ

ഉദ്യോഗസ്ഥരെയും കർഷകരെയും സാങ്കേതിക പരിജ്ഞാനമുള്ളവരെയും കൂടി ചേർത്ത് നടത്തുന്ന ആസൂത്രണത്തിന്റെ ഭാഗമായി കണ്ടെത്തി നടപ്പിലാക്കാൻ സാധിക്കും. അങ്ങ് പറഞ്ഞതുപോലെ ഇതിന് ആവശ്യമായ വിപണിയും സാങ്കേതികവിദ്യയും ഉൾപ്പെടെ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. ജി. സ്റ്റീഫൻ: സർ, സംസ്ഥാനത്ത് ഊർജ്ജിത കാർഷിക വിപണന സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു കമ്പനി രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത് കാർഷിക രംഗത്ത് വളരെയേറെ സഹായകരമായ നിലപാടാണ്. ഇത്തരത്തിൽ കാർഷിക രംഗത്ത് ഒരു കമ്പനി രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായംകൂടി അഭ്യർത്ഥിച്ച് അവരെക്കൂടി സംയോജിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; അതുപോലെതന്നെ വ്യവസായ വകുപ്പുമായും ഈ കമ്പനിയുടെ പ്രവർത്തനങ്ങളെ സഹകരിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ ഏത് വകുപ്പുമായും സഹകരിക്കുന്നതിന് പ്രയാസമില്ല. ഞാൻ കഴിഞ്ഞ ചോദ്യത്തിന്റെ മറുപടി പറഞ്ഞപ്പോൾ തന്നെ, പച്ചക്കറിയുമായി ബന്ധപ്പെട്ട വലിയൊരു പദ്ധതി കേരളം മുഴുവൻ നടപ്പാക്കുമ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എല്ലാവിധ പിന്തുണയും ഉണ്ടായിരിക്കുമെന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറയുകയുണ്ടായി. കാർഷിക മേഖലയിലെ ഈ പദ്ധതിയിൽ കുട്ടികളെയുംകൂടി പങ്കാളികളാക്കാമെന്ന് ആദരണീയനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി അഭിപ്രായപ്പെട്ടിട്ടുണ്ട്. വളരെ ചെറിയ പ്രായത്തിൽതന്നെ അത്തരത്തിലൊരു സംസ്കാരം കുട്ടികളിലെത്തിക്കുന്ന തരത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് നടപ്പാക്കാമെന്ന് അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. കാബ്കോയുടെ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. കാബ്കോയുമായി ബന്ധപ്പെടുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണം, വ്യവസായം തുടങ്ങി എല്ലാ വകുപ്പുകളുടെയും സഹായത്തോടെ പ്രാദേശികമായി ആസൂത്രണം ചെയ്യും സാധ്യതകളെ

പരമാവധി പ്രയോജനപ്പെടുത്തിയും നമുക്കത് മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വയനാട് ജില്ലയിലെ കർഷകരുടെ മൂല്യവർദ്ധിത ഉല്പന്നമായ പഴം, പച്ചക്കറി എന്നിവ സംഭരിക്കുന്നതിനുവേണ്ടി സുൽത്താൻ ബത്തേരിയിലെ അമ്മായിപ്പാലം എന്ന സ്ഥലത്ത് 10 ഏക്കർ ഭൂമിയിൽ ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ വലിയൊരു സ്ഥാപനമുണ്ട്. ഇന്ന് അതിന്റെ പ്രവർത്തനം മന്ദഗതിയിലാണ്. അവിടെ കെട്ടിടങ്ങളും വാഹനങ്ങളുമുണ്ട്. അതിന്റെ കമ്മിറ്റിയുടെ ചെയർമാൻ ജില്ലാ കളക്ടർ ആണ്. യാതൊരു പ്രവർത്തനവും അവിടെ നടക്കുന്നില്ല. കർഷകർ കൊണ്ടുവരുന്ന പഴം, പച്ചക്കറികൾ തുടങ്ങിയവ സംഭരിക്കാനോ വിപണനം നടത്താനോ കഴിയുന്നില്ല. ഇപ്പോൾ അവിടത്തെ ഭൂമിയുടെ പകുതിഭാഗം ലീസിന് കൊടുത്തിരിക്കുകയാണ്. ഇക്കാര്യത്തിൽ ഒരന്വേഷണം നടത്താൻ തയ്യാറാകുമോ; പ്രസ്തുത സ്ഥാപനം പ്രവർത്തിപ്പിക്കാനുള്ള സാഹചര്യമുണ്ടാക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, പ്രസ്തുത വിഷയത്തിന്മേൽ തീർച്ചയായും അന്വേഷണം നടത്താം. ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലമായതിനാൽ ഒന്നിച്ചിരുന്ന് അക്കാര്യം പരിശോധിക്കാം. ഈ സഭാ സമ്മേളത്തിനിടയിൽത്തന്നെ ബന്ധപ്പെട്ട ആളുകളുടെ യോഗം വിളിച്ചുചേർത്ത് പ്രസ്തുത വിഷയം ഗൗരവമായി പരിശോധിക്കാം.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, കാർഷികവിളകൾ കേടുകൂടാതെ സൂക്ഷിക്കാൻ കഴിയുന്ന കോൾഡ് സ്റ്റോറേജ് സംവിധാനവും ഫുഡ് പാർക്കും ഓരോ ജില്ലയിലും ഓരോന്നെങ്കിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ഇന്ന് അത്യാവശ്യമായ ഒന്നാണ് കോൾഡ് സ്റ്റോറേജുകളും ഫുഡ് പാർക്കുകളും. കാബ്കോ അതുമായി ബന്ധപ്പെട്ടാണ് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നത്. സാധ്യതകൾ പരിശോധിച്ച് ആവശ്യകതയ്ക്കനുസരിച്ച് ഏതെല്ലാം കേന്ദ്രങ്ങളിലാണ് ആദ്യം വേണ്ടതെന്ന് പരിശോധിച്ച് കോൾഡ് സ്റ്റോറേജുകളും ഫുഡ് പാർക്കുകളും സ്ഥാപിക്കണമെന്നാണ് സർക്കാർ ലക്ഷ്യമിടുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി വിശദീകരിച്ച പുതിയ നിർദ്ദേശങ്ങളെ എല്ലാവരും സ്വാഗതം ചെയ്യുന്നു. കർഷകരെ സംബന്ധിച്ച് പൊതുവിൽ വിശകലനം ചെയ്യുമ്പോൾ പ്രായം കുറഞ്ഞ ആളുകൾ കൃഷിയിലേയ്ക്ക് വരുന്നത് വളരെ കുറവാണെന്ന് കാണാൻ സാധിക്കും. പരമ്പരാഗതമായി കൃഷി ചെയ്യുന്ന, Middle aged ആയിട്ടുള്ള ആളുകൾ, അത് തുടർന്നുപോകുന്നെന്ന് മാത്രമേയുള്ളൂ. പുതുതലമുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്ന രീതിയിൽ കൃഷിയിടങ്ങളെ മാറ്റുന്നതിനുവേണ്ടിയുള്ള നവീന പദ്ധതികൾ ഉണ്ടെങ്കിൽ അത് വിശദമാക്കാമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. കൃഷിക്കാർ എന്നുപറയുമ്പോൾ പ്രായമുള്ള ആളുടെ അല്ലെങ്കിൽ അൻപത് വയസ്സിന് മുകളിൽ പ്രായമുള്ള ഒരാളുടെ ചിത്രമായിരിക്കും നമ്മുടെ മനസ്സിൽ തെളിയുന്നത്. എന്നാൽ ഇന്നതിന് മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. കുറേ ചെറുപ്പക്കാർ ഈ മേഖലയിലേയ്ക്ക് വരുന്നുണ്ട്. എന്നാൽ കൂടുതൽ ചെറുപ്പക്കാരെ ഇതിലേയ്ക്ക്

ആകർഷിക്കണമെങ്കിൽ, കാർഷികമേഖലയിൽനിന്ന് നല്ല രീതിയിലുള്ള വരുമാനം ലഭ്യമാകുമെന്ന് ഉറപ്പാക്കുന്ന സാഹചര്യമുണ്ടാകണം. അത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് ചെറുപ്പക്കാർ ഈ രംഗത്തേയ്ക്ക് കൂടുതലായി കടന്നുവരുന്നതിനും വരുമാനത്തിന് ഏറ്റവും പ്രധാനപ്പെട്ട ഒരിനമായി കാർഷികരംഗത്തെ മാറ്റാനും ഉപകരിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. കേരളത്തിൽ ഇന്ന് കൃഷി ചെയ്തുകൊണ്ടിരിക്കുന്ന ഭൂമിയുടെ കാര്യത്തിലും കൂടുതൽ ഭൂമി കൃഷി ചെയ്യാൻ ലഭ്യമാകുന്ന കാര്യത്തിലുമെല്ലാം സർക്കാർ ഇടപെടൽ നടത്തുന്നുണ്ട്. കൃഷിയുമായി ബന്ധപ്പെട്ട് സംരംഭകരാകാൻ ആഗ്രഹിക്കുന്നവരുടെ കാര്യം നേരത്തെ സൂചിപ്പിക്കുകയുണ്ടായി. ഒരു മൂല്യവർദ്ധിത ഉൽപ്പന്നമുണ്ടാക്കുമ്പോൾ അതിനാവശ്യമായ അടിസ്ഥാന കാർഷികോൽപ്പന്നങ്ങളോടൊപ്പം ഈ പ്രവർത്തനങ്ങളെ ലിങ്ക് ചെയ്തുകൊണ്ടുപോകുന്നതിന് ബാങ്കുകളുടെയും സാങ്കേതിക വിദ്യയുടെയും സഹായം ആവശ്യമാണ്. ഇതെല്ലാം ലഭ്യമാകുന്ന അവസരത്തിൽ മാത്രമേ പുതിയ തലമുറ കൂടുതലായി ഈ രംഗത്തേയ്ക്ക് വരികയുള്ളൂ. ഏറ്റവും

പ്രധാനപ്പെട്ടൊരു വരുമാന സ്രോതസ്സായി അവർ അതിനെ കാണുകയും വേണം. കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) അടക്കമുള്ളവയുടെ പ്രവർത്തനങ്ങളെ ഇപ്പോൾ ഈ രീതിയിലാണ് പ്ലാൻ ചെയ്തിരിക്കുന്നത്. കൃഷി വകുപ്പിന്റെ മറ്റ് പരിപാടികളായ business to business മീറ്റുകളും ഡി.പി.ആർ. ക്ലിനിക് തുടങ്ങിയവയും ഇതുമായി ലിങ്ക് ചെയ്ത് ഞങ്ങളും കൃഷിയിലേയ്ക്കെന്ന പദ്ധതിയുടെ ഭാഗമായി രൂപം കൊണ്ട കൃഷിക്കൂട്ടങ്ങളും ഈ തരത്തിൽ തന്നെയാണ് വന്നിട്ടുള്ളത്. മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് ഒരു പൊതു ബ്രാൻഡ് നെയിം കൊടുത്തതും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗുമായി സഹകരിച്ചുകൊണ്ട് പാക്കിംഗിന് സഹായം ചെയ്തുകൊടുത്തതും എടുത്തുപറയേണ്ടതാണ്. സർക്കാരിന്റെ സഹായത്തോടുകൂടിയാണ് ജൈവ കൃഷിയുമായി ബന്ധപ്പെട്ട സർട്ടിഫിക്കേഷൻ ലഭ്യമാക്കിക്കൊടുക്കുന്നത്. ഇതൊക്കെ അവരുടെ വരുമാനത്തിൽ പ്രതിഫലിക്കുന്ന കാര്യങ്ങളാണ്. അങ്ങനെ വരുമ്പോൾ തീർച്ചയായും കൂടുതൽ ആളുകൾ ഇതിലേയ്ക്കെത്തും. ബഹുമാനപ്പെട്ട അംഗമടക്കം സഭയിലെ എല്ലാ അംഗങ്ങളുടെയും നിയോജകമണ്ഡലങ്ങളിൽ

ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് മുൻകൈയെടുത്താൽ സർക്കാരിന്റെ എല്ലാവിധമായ പിന്തുണയും പിൻബലവുമുണ്ടാകും. നിലവിൽ നിരവധി എം.എൽ.എ.-മാർ അവരവരുടെ നിയോജകമണ്ഡലങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്. നമുക്ക് മാതൃകയാക്കാൻ കഴിയുന്ന തരത്തിൽ ആ പ്രവർത്തനങ്ങളെ കൊണ്ടുപോകാവുന്നതാണ്.

**ഉന്നത വിദ്യാഭ്യാസ ഹബ്ബ്**

3(*123 ) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. മാത്യു ടി. തോമസ്:

ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബ് ആക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ സംസ്ഥാനത്തിന് പുറത്തേക്ക് പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി എല്ലാ വിഭാഗങ്ങളിലും റിസർച്ചിനുൾപ്പെടെ സൗകര്യമുള്ള സ്ഥാപനങ്ങൾ

സ്വകാര്യ മേഖലയിലും ആരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, (എ) കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കുന്നതിന് വിവിധങ്ങളായ നടപടികൾ സ്വീകരിച്ചുവരുന്നു.

1. ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായ കരിക്കുലം ചട്ടക്കൂട് ബിരുദതലത്തിൽ ആവിഷ്കരിച്ചു.

2. വിദ്യാർത്ഥികളുടെ അക്കാദമിക് മൊബിലിറ്റി സാധ്യമാക്കുന്നതിന് സർവ്വകലാശാലാ റെഗുലേഷനുകൾ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു.

3. വിവിധ സർവ്വകലാശാലകളുടെ ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി ആരംഭിച്ചു.

4. സർവ്വകലാശാലകളുടെയും/കോളേജുകളുടെയും റാങ്കിംഗും അക്രഡിറ്റേഷൻ നിലവാരവും ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചു.

5. ഉന്നത വിദ്യാഭ്യാസത്തിന്റെ അന്താരാഷ്ട്രവൽക്കരണത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തി.

6. അന്തർസർവ്വകലാശാല മാറ്റം സുഗമമാക്കുന്നതിന് ക്രെഡിറ്റ് ബാങ്ക് അടക്കമുള്ള സംവിധാനങ്ങൾ സർവ്വകലാശാലകളിൽ നടപ്പാക്കിവരുന്നു.

7. രാജ്യത്തിനകത്തും പുറത്തുംനിന്നുള്ള വിദ്യാർത്ഥികൾക്ക് കേരളത്തിലെ സ്ഥാപനങ്ങളിൽ തുടർപഠനം നടത്താനും ക്രെഡിറ്റ് ട്രാൻസ്ഫർ ചെയ്യാനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

8. വിദേശ അക്കാദമിക പണ്ഡിതന്മാർക്കുള്ള എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പദ്ധതി ആവിഷ്കരിച്ചു.

9. പ്രവാസികളായ മലയാളി അക്കാദമിക് പണ്ഡിതരെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്ന ബ്രെയിൻ ഗെയിൻ പദ്ധതി ആവിഷ്കരിച്ചു.

10. സർവ്വകലാശാലകളിലെ ഗവേഷണ പ്രോത്സാഹനത്തിന് സെന്റർ ഓഫ് എക്സലൻസ് (CoE)-ഉം ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകളും (TRC) ആരംഭിക്കാൻ നടപടി സ്വീകരിച്ചു.

11. ഗവേഷണ വിദ്യാർത്ഥികൾക്ക് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾക്കും വിദേശ സന്ദർശനം നടത്തുന്നതിനും ആവശ്യമായ ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

12. സർവ്വകലാശാലകളുടെ സ്റ്റാർട്ടപ്പ് വികസന കേന്ദ്രങ്ങൾ മുഖേന വിദ്യാർത്ഥികൾക്ക് സംരംഭങ്ങൾ തുടങ്ങാനുള്ള അവസരം നൽകുന്നുണ്ട്.

13. സർവ്വകലാശാലകളിലേയ്ക്ക് വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുന്ന തരത്തിലുള്ള കോഴ്സുകളും അക്കാദമിക പ്രവർത്തനങ്ങളും ആവിഷ്കരിച്ചു.

14. വിദേശ സർവ്വകലാശാലകളുമായുള്ള ധാരണാ പത്രങ്ങൾ ഒപ്പുവയ്ക്കുന്നതിന് നടപടി സ്വീകരിച്ചു.

15. വിദേശ വിദ്യാർത്ഥികൾക്കായുള്ള ഹ്രസ്വകാല കോഴ്സുകൾ ആവിഷ്കരിച്ചു.

16. തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ Industry on Campus (IOC) പദ്ധതി നടപ്പാക്കിവരുന്നു.

17. വിദേശ വിദ്യാർത്ഥികൾക്കായി അന്താരാഷ്ട്ര ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

18. വിവിധ സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലുമായി കിഫ്ബി, സംസ്ഥാന പ്ലാൻ ഫണ്ട്, റൂസ ഫണ്ടുകൾ ഉപയോഗിച്ച് പശ്ചാത്തല സൗകര്യവികസനം നടത്തി.

(ബി) ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾ സംസ്ഥാനത്തിനും രാജ്യത്തിനും പുറത്തേക്ക് പോകുന്നത് ഒരു ആഗോളപ്രതിഭാസമാണ്. ഗവേഷണ സൗകര്യങ്ങളുടെ വർധനയിലൂടെയും ഉന്നതവിദ്യാഭ്യാസത്തിന്റെ സമഗ്രപരിഷ്കരണത്തിലൂടെയും വിദ്യാർത്ഥികളെ

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിന് നിരവധി പരിപാടികളാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്.

1. ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ബിരുദതലത്തിൽ നടപ്പാക്കുകയാണ്.

2. സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻതലമുറ കോഴ്സുകൾ ആരംഭിച്ചു. എല്ലാ സർവ്വകലാശാലാ കാമ്പസുകളിലും നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിച്ചു. ഇതോടെ ബിരുദതലത്തിൽ നൈപുണ്യ വികസനത്തിനും ഗവേഷണ നൈപുണിക്കും പ്രാധാന്യം കൈവരും.

3. എയ്ഡഡ്/അൺഎയ്ഡഡ് മേഖലയിൽ നവീന കോഴ്സുകൾ ഉൾപ്പെടുത്തി പുതിയ കോളേജുകൾ ആരംഭിച്ചു.

4. സർവ്വകലാശാലകളിലും കോളേജുകളിലും പൊതുഅക്കാദമിക് പരീക്ഷാ കലണ്ടർ തയ്യാറാക്കിക്കഴിഞ്ഞു.

5. സർവ്വകലാശാലകളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി കേരളാ റിസോഴ്സ് ഫോർ എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിംഗ് (K-REAP) പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

6. നാലുവർഷ ബിരുദ പദ്ധതി നടപ്പാക്കുന്നതോടുകൂടി ഗവേഷണം ബിരുദതല വിദ്യാഭ്യാസത്തിന്റെ ഭാഗമായിമാറുന്നു.

7. നാല് വർഷ ഓണേഴ്സ് ബിരുദക്കാർക്ക് ഒരു വർഷംകൊണ്ട് പി.ജി., നേരിട്ട് PhD ഗവേഷണം, UGC NET പരീക്ഷ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നു.

8. നൈപുണി കോഴ്സുകൾ, Internship, apprenticeship, project എന്നീ ഘടകങ്ങൾ ബിരുദതല വിദ്യാഭ്യാസത്തിന്റെ അവിഭാജ്യ ഘടകമായി മാറുന്നു.

9. ഏൺ വൈൽ യു ലേൺ, കണക്ട് കരിയർ ടു കാമ്പസ്, ഇൻഡസ്ട്രി ഓൺ കാമ്പസ് എന്നീ പദ്ധതികളിലൂടെ വിദ്യാഭ്യാസവും തൊഴിലും തമ്മിലുള്ള വിടവ് പരിഹരിക്കുന്നതിനും പഠനത്തോടൊപ്പം തൊഴിൽ എന്ന ആശയം വളർത്തുന്നതിനും നടപടി സ്വീകരിച്ചു.

10. സർവ്വകലാശാലകളിലെ ഗവേഷണ പ്രോൽസാഹനത്തിന് സെന്റർ ഓഫ് എക്സലൻസും ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകളും ആരംഭിക്കുന്നു.

11. ഇൻക്യൂബേഷൻ സെന്ററുകൾ, സ്റ്റാർട്ടപ്പ് കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നതിലൂടെ വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

12. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ നടപ്പാക്കിവരുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, ഉന്നതവിദ്യാഭ്യാസത്തിനായി കേരളത്തിലെ വിദ്യാർത്ഥികൾ വ്യാപകമായി അന്യസംസ്ഥാനങ്ങളിലും വിദേശത്തും പോകുന്ന സാഹചര്യത്തെ അതിജീവിക്കാനും കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കി മാറ്റാനുംവേണ്ടി സ്വകാര്യ മേഖലയിലുൾപ്പെടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിന് ഏകജാലക സംവിധാനം ഏർപ്പെടുത്തുമോ; അതോടൊപ്പം അത്തരം സ്ഥാപനങ്ങളിൽ 5 ശതമാനം വരെ സംവരണം ഏർപ്പെടുത്തി പഠനത്തിൽ

മിടുക്കരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പോടുകൂടി പഠനം നടത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, കേരളത്തെ ഇന്റർനാഷണൽ ഹബ്ബാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിനെക്കുറിച്ചാണ് ഇവിടെ വിശദീകരിച്ചത്. കഴിഞ്ഞ നാലു വർഷക്കാലത്തിനിടയിൽ ആറായിരം കോടി രൂപയാണ് കേരളം ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിനിയോഗിച്ചിട്ടുള്ളതെന്ന് കേന്ദ്ര ഗവൺമെന്റിന്റെ ലേറ്റസ്റ്റ് Economic Review പരിശോധിച്ചാൽ കാണാൻ സാധിക്കും. 1500 കോടിയിൽപ്പരം രൂപ വിനിയോഗിച്ചുകൊണ്ടാണ് Kerala Infrastructure Investment Fund Board (KIIFB)-യിലൂടെയും Rashtriya Uchchatar Shiksha Abhiyan (RUSA)-യിലൂടെയും പ്ലാൻ ഫണ്ട് വിഹിതം ഉപയോഗിച്ചും മറ്റും വിവിധ സർവ്വകലാശാലകളിലും കോളേജുകളിലും അടിസ്ഥാന സൗകര്യ വികസനത്തിന് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. Modernized ആയിട്ടുള്ള ലൈബ്രറികളും സ്റ്റേറ്റ് ഓഫ് ദി ആർട്ട് സൗകര്യങ്ങളുള്ള ലാബ് കോംപ്ലക്സുകളുമെല്ലാം ഇതിന്റെ ഭാഗമായിട്ട് സജ്ജീകരിച്ചുവരുന്നുണ്ട്. പുറമെനിന്നുള്ള വിദ്യാർത്ഥികളെക്കൂടി

കേരളത്തിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്ന വിധത്തിലാണ് നടപടികൾ സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച തരത്തിലുള്ള ഏകജാലക പദ്ധതിയുടെ സാധ്യത തീർച്ചയായും പരിശോധിക്കാം. അതുപോലെ ന്യൂ ജനറേഷൻ കോഴ്സുകൾ കൂടുതലായി ലഭിക്കാൻ സാധ്യതയുള്ള വിധത്തിലാണ് നാലുവർഷ UG പ്രോഗ്രാമുകൾ ഡിസൈൻ ചെയ്തിട്ടുള്ളത്. ഇതൊക്കെത്തന്നെ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാട്ടിലെ ഏക സർക്കാർ എഞ്ചിനീയറിംഗ് കോളേജാണ് പുളിങ്കുന്ന് കുസാറ്റ് ക്യാമ്പസ്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ഈ ക്യാമ്പസ് അടച്ചുപൂട്ടൽ ഭീഷണിയിലാണ്. പല കോഴ്സുകളും നിർത്തലാക്കിയിട്ടുണ്ട്. അതുകൊണ്ട് എം.എൽ.എ. ഫണ്ടിനെ ആശ്രയിച്ചുനിൽക്കുന്ന കോളേജായി മാറ്റാതെ കേരള സർക്കാർ ഏറ്റെടുത്തുകൊണ്ട് കൂടുതൽ UG, PG കോഴ്സുകൾ അനുവദിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, ഈ കലാലയത്തിന്റെ അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ച് വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സംബന്ധിച്ച സാധ്യതകൾ പരിശോധിക്കുന്നതാണ്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് വലിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ വളരെ കുറവാണ്. എന്നാൽ ഉന്നത വിദ്യാഭ്യാസത്തിന് വലിയ സാധ്യത നമ്മുടെ മുമ്പിലുണ്ട്. മെഡിക്കൽ, എഞ്ചിനീയറിംഗ്, മാനേജ്മെന്റ് തുടങ്ങി വിവിധ തലങ്ങളിൽ ഇടപെടാൻ കഴിയുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ഒരുപാട് സംരംഭകർ കേരളത്തിലെത്തുന്നുണ്ട്. പക്ഷേ അവരുടെ സംരംഭങ്ങൾ ചുവപ്പുനാടയിൽ കുരുങ്ങിക്കിടക്കുകയാണ്. അത്തരം സ്ഥാപനങ്ങൾ ആരംഭിക്കാൻ കേരളത്തിൽ അനുമതി ലഭിക്കുമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, ഇപ്പോൾ സ്വകാര്യമേഖലയിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് യാതൊരു വിധത്തിലുള്ള തടസ്സങ്ങളുമില്ലെന്നത് സന്തോഷപൂർവ്വം ഞാൻ അറിയിക്കുകയാണ്. നമുക്ക് കൂടുതൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടാകേണ്ടതുണ്ടെന്ന കാഴ്ചപ്പാടോടുകൂടിതന്നെയാണ്

ഗവൺമെന്റ് പ്രവർത്തിക്കുന്നത്. Knowledge translation എന്നുള്ള കാര്യത്തിനാണ് പ്രാധാന്യം നൽകുന്നത്. സൈദ്ധാന്തിക പഠനത്തെ പ്രായോഗിക രംഗത്തേയ്ക്ക് കൊണ്ടുപോകാൻ സാധിക്കുന്ന വിധത്തിൽ പരാവർത്തനം ചെയ്യെടുക്കാൻ കഴിയുന്ന തരത്തിലുള്ള കോഴ്സുകൾക്ക് വലിയ പ്രാധാന്യമാണ് സർക്കാർ നൽകുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലുള്ള കോഴ്സുകൾ കൂടുതലായി കേരളത്തിൽ ആരംഭിക്കുന്നതിന് ഏത് ഏജൻസി തയ്യാറായി വന്നാലും അതിനെ സ്വാഗതം ചെയ്യുന്ന നിലപാടാണ് സർക്കാരിനുള്ളതെന്ന് അറിയിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഇന്നത്തെ എല്ലാ പത്രങ്ങളിലെയും പ്രധാന വാർത്ത ലക്ഷക്കണക്കിന് പഠിതാക്കൾ എഴുതിയ NEET പരീക്ഷ റദ്ദാക്കിയെന്നതാണ്. നമ്മുടെ നാട്ടിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരള സ്റ്റാർട്ടപ്പ് മിഷനുകൾ പ്രോത്സാഹിപ്പിച്ച് വൈറ്റ് കോളർ ജോബിനോടുള്ള ആഭിമുഖ്യം കുറച്ചുകൊണ്ടുവരാനുള്ള പരിശ്രമം നടക്കുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിലുള്ളത്. മന്ത്രി പരാമർശിച്ച സർവ്വകലാശാലയുടെ നേതൃത്വത്തിലുള്ള സ്റ്റാർട്ട്അപ്പ് ഡെവലപ്പ്മെന്റ്

സെന്റേഴ്സിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ടോ; നമ്മുടെ നാട്ടിൽ എത്ര വിദ്യാർത്ഥികൾ ഇത്തരം സംരംഭങ്ങളിൽ ഏർപ്പെടാൻ തയ്യാറായി വന്നിട്ടുണ്ട്? ഈ സംരംഭങ്ങളുടെ പ്രധാനപ്പെട്ട പ്രശ്നം കുട്ടികൾ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ അതിനാവശ്യമായ മൂലധനം അവർക്ക് ലഭിക്കുന്നില്ലെന്നതാണ്. അതിനുവേണ്ടി എന്തെങ്കിലും സംവിധാനം ഒരുക്കാൻ കഴിഞ്ഞിട്ടുണ്ടോ; അത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ innovation incubation startup ecosystem വികസിപ്പിച്ചുകൊണ്ടുവന്ന് സംരംഭകത്വ താൽപ്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. K-Disc, Kerala Knowledge Economy Mission (KKEM), Kerala Startup Mission, Additional Skill Acquisition Programme Kerala (ASAP) ഇങ്ങനെ വിവിധ ഏജൻസികളുടെ സംയോജനത്തോടെ നല്ല നിലയിൽതന്നെ നമുക്കത് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നുണ്ട്. ഈ വർഷത്തെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് അന്തരീക്ഷമുള്ള സംസ്ഥാനത്തിനുള്ള

കേന്ദ്ര ഗവൺമെന്റിന്റെ പുരസ്കാരം കേരള സ്റ്റാർട്ടപ്പ് മിഷന് ലഭിച്ചുവെന്ന കാര്യം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. അതുമാത്രമല്ല ആഗോളതലത്തിൽതന്നെ Globally Innovation Ecosystem റിപ്പോർട്ടിൽ കേരളത്തിലെ സ്റ്റാർട്ടപ്പ് മിഷനെ പരാമർശിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നുണ്ടെന്ന കാര്യംകൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കുട്ടികളുടെ സംരംഭകത്വ പ്രോത്സാഹനത്തിന് Young Innovators Programme ആരംഭിച്ചിട്ടുണ്ട്. നൂതന ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്ന വിദ്യാർത്ഥിക്ക് അഞ്ചുലക്ഷം രൂപ മുതൽ ഇരുപത്തി അഞ്ചുലക്ഷം രൂപ വരെ സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. നൂതനവും കൂടുതൽ socially applicable ആയിട്ടുള്ളതുമായ ആശയമാണെങ്കിൽ കൂടുതൽ തുക നൽകിക്കൊണ്ടുതന്നെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. Mentoring-ഉം guidance-ഉം അവർക്ക് വേണ്ട എല്ലാ institutional സപ്പോർട്ടും ഞാൻ നേരത്തെ സൂചിപ്പിച്ച ഏജൻസികളുടെ സംയോജനത്തിലൂടെ ഉറപ്പാക്കുന്നുണ്ട്. പോളിടെക്നിക് കലാലയങ്ങളിൽ Young Innovators Club-കൾക്ക് രൂപം നൽകിയിട്ടുണ്ട്. 450 Techno Business Incubators connect career to campus പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത്

പ്രവർത്തിക്കുന്നുണ്ട്. അവയുമായി ബന്ധപ്പെട്ട് മികച്ച നിലയിലുള്ള സൂപ്പർവിഷൻ നടന്നുവരുന്നുണ്ട്. ഉടനെതന്നെ ഒരു Industry Academia Government Conclave സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നുമുണ്ട്.

ശ്രീ. കെ. പി. മോഹനൻ: സർ, അങ്ങ് നൽകിയ മറുപടിയിലെ (ബി) പിരിവിന്റെ 9-ാം ഖണ്ഡികയിൽ Industry on Campus (IOC) എന്ന പദ്ധതിയിലൂടെ വിദ്യാഭ്യാസവും തൊഴിലും തമ്മിലുള്ള വിടവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് പറഞ്ഞത്. കഴിഞ്ഞ 11-ാം തീയതി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഒരു ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞത് എല്ലാ കോളേജ് ക്യാമ്പസുകളിലും ഇൻഡസ്ട്രിയൽ പാർക്ക് അനുവദിക്കുമെന്നാണ്. അങ്ങനെയാണെങ്കിൽ എന്റെ നിയോജകമണ്ഡലത്തിലെ കൂത്തുപറമ്പ്, വലിയവെളിച്ചത്തെ IHRD കോളേജിൽ അഞ്ച് ഏക്കർ ഭൂമിയുണ്ട്. അവിടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തോടൊപ്പം കുട്ടികൾക്ക് തൊഴിൽ ചെയ്യാൻ സാധിക്കുന്ന

വിധത്തിൽ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, തീർച്ചയായും. ക്യാമ്പസിന് അഞ്ച് ഏക്കർ ഭൂമി ലഭ്യമാണെങ്കിൽ നിശ്ചിത രീതിയിൽ അപേക്ഷകൾ സമർപ്പിക്കാൻ കോളേജ് അധികാരികളോട് ആവശ്യപ്പെടേണ്ടതുണ്ട്. കൊട്ടാരക്കര IHRD ക്യാമ്പസിൽ സോഹോ (Zoho) എന്ന അതിപ്രശസ്തമായ ഐ.ടി. കമ്പനി അവരുടെ പാർക്ക് ആരംഭിച്ചിട്ടുണ്ട്. ധിഷണാശാലികളായിട്ടുള്ള കുട്ടികൾക്ക് തൊഴിൽ പരിചയവും അതോടൊപ്പം അത്തരം അന്തർദേശീയ പ്രശസ്തിയുള്ള സ്ഥാപനങ്ങളിൽ തൊഴിലും ലഭിക്കുന്നതിനുള്ള സാധ്യത ഇതിന്റെ ഭാഗമായി ഒരുങ്ങുന്നുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലെ IHRD ക്യാമ്പസിൽ ആവശ്യമായ പശ്ചാത്തല സംവിധാനങ്ങൾ ഒരുക്കാൻ സാധിച്ചാൽ തീർച്ചയായും അതൊരു നേട്ടമായിരിക്കും. അതിനുവേണ്ടുന്ന എല്ലാ പിന്തുണയുമുണ്ടാകും.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞത് മൈഗ്രേഷൻ ഒരു ആഗോള പ്രതിഭാസമാണെന്നാണ്. നമ്മുടെ

സംസ്ഥാനത്ത് എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സ് അനുവദിക്കുന്നതിന് സർക്കാരിന് നയപരമായ എന്തെങ്കിലും തടസ്സമുണ്ടോ? 15 മുതൽ 25 വരെ ഏക്കറുള്ള എയ്ഡഡ് കോളേജുകളിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനാൽ ന്യൂ ജനറേഷൻ കോഴ്സുകൾ അനുവദിക്കാൻ സാധിക്കുന്നില്ല. അങ്ങയുടെ മറുപടിയിൽ എപ്പോഴും പറയുന്നത് ന്യൂ ജനറേഷൻ കോഴ്സുകളെ പ്രോത്സാഹിപ്പിക്കുമെന്നാണ്. അങ്ങനെയാണെങ്കിൽ എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ ആരംഭിക്കാനുള്ള നടപടികൾ ഉണ്ടാകുമോ? എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സുകൾ കൊടുക്കാനുള്ള നയപരമായ തീരുമാനം എടുത്തിട്ടില്ലെന്ന് രണ്ടുവർഷംമുമ്പ് സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ പറഞ്ഞിരുന്നു. അതിനൊരു മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, പുതിയ സാഹചര്യങ്ങളിൽ അക്കാര്യം പുന:പരിശോധിക്കാവുന്നതാണ്. നേരത്തെ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത അഫിഡവിറ്റ് പ്രകാരം നിലവിൽ എയ്ഡഡ് കോളേജുകളിൽ

സ്വാശ്രയ കോഴ്സുകൾ അനുവദിക്കില്ലെന്നുള്ള അഭിപ്രായമാണ് നൽകിയിട്ടുള്ളത്. അതിന് നയപരമായിട്ടുള്ള തീരുമാനം സംബന്ധിച്ച പുന:പരിശോധന ആവശ്യമാണ്. മെമ്പർ പറഞ്ഞ വിഷയം തീർച്ചയായും പരിഗണനയിലുണ്ടെന്ന് അറിയിക്കുന്നു. പൂർണ്ണമായ തീരുമാനം എടുത്തിട്ടില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, ഇന്ന് വിദ്യാഭ്യാസ മേഖലയിൽ ഇന്റർനാഷണൽ ലെവൽ സ്ട്രിക്ട് കോമ്പറ്റീഷൻ ആണ് നടക്കുന്നത്. ഉന്നത വിദ്യാഭ്യാസ ഹബ്ബിനെക്കുറിച്ച് സംസാരിക്കുമ്പോൾ കേരളത്തിലെ ഏറ്റവും നന്നായി പെർഫോം ചെയ്യുന്ന ഓട്ടോണമസ് കോളേജുകൾക്കോ യൂണിവേഴ്സിറ്റികൾക്കോ അവരുടേതായ കോഴ്സ് ഡിസൈൻ ചെയ്യാനുള്ള പോളിസി സ്പേയ്സ് ഗവൺമെന്റ് അനുവദിക്കുമോ; അങ്ങനെ ഏറ്റവും പുതിയതും ഇന്റർനാഷണൽ ഡിമാന്റുള്ളതുമായ കോഴ്സ് കരിക്കുലം കൊണ്ടുവരാൻ കഴിയുമോ?

ഡോ. ആർ. ബിന്ദു: സർ, ഇരുപത് ശതമാനത്തോളം സിലബസ് ഡിസൈൻ ചെയ്യുന്നതിനുള്ള scope autonomous കോളേജുകളിൽ മാത്രമല്ല എല്ലാ അധ്യാപകർക്കും നൽകുന്ന നിലപാടാണ് പുതിയ Four Year Under

Graduate Programme (FYUGP)-ന്റെ കരിക്കുലം ഡിസൈനുമായി ബന്ധപ്പെട്ടുള്ളതെന്ന് അറിയിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർക്കുന്നു+

[10.01]

**II തിരുത്തിയ ഉത്തരം**

മി. സ്പീക്കർ: 15-ാം കേരള നിയമസഭയുടെ 10-ാം സമ്മേളനത്തിലെ 02-02-2024-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1891, 1892, 1913, 1925, 1928 എന്നിവയ്ക്ക് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, 15-ാം കേരള നിയമസഭയുടെ 10-ാം സമ്മേളനത്തിലെ 02-02-2024-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1891, 1892, 1913, 1925, 1928 എന്നിവയ്ക്ക്

\+ അനുബന്ധം I ആയി ചേർക്കുന്നു.

നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടികൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. +

(അടിയന്തരപ്രമേയം)

[10.02]

**III അടിയന്തരപ്രമേയം**

സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശിക

മി. സ്പീക്കർ: സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശികയായതുമൂലം ജനങ്ങൾ ദുരിതത്തിലായതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പി. സി. വിഷ്ണുനാഥ്, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇന്നത്തെ അടിയന്തരപ്രമേയത്തിന് നൽകിയ നോട്ടീസിലെ വിഷയം വാസ്തവത്തിൽ അടിയന്തരസ്വഭാവമുള്ളതല്ല. മാത്രമല്ല ഈ വിഷയം കഴിഞ്ഞ

+ അനുബന്ധം II ആയി ചേർക്കുന്നു.

ജനുവരി മാസം 29-ാം തീയതി സഭ ചർച്ച ചെയ്തതുമാണ്. ഇത് വീണ്ടും അവതരിപ്പിക്കുന്നതിൽ എനിക്ക് എതിർപ്പില്ല. സാമൂഹ്യക്ഷേമ പെൻഷന്റെ നാല് ഗഡു കുടിശ്ശിക കഴിഞ്ഞ മൂന്ന് മാസത്തിനിടയിൽ വിതരണം ചെയ്തിട്ടുണ്ട്. ജൂൺ മാസത്തെ ക്ഷേമ പെൻഷൻ നൽകുന്നതിന് ഓർഡർ ഇറങ്ങിയിട്ടുണ്ട്. അടുത്ത ആഴ്ച അതിന്റെ വിതരണം തുടങ്ങും. അതുകൊണ്ട് ഇത് അടിയന്തര സ്വഭാവമുള്ള വിഷയമായി അവതരിപ്പിക്കേണ്ട ആവശ്യമില്ലായിരുന്നു. എങ്കിലും കേരളത്തിൽ ഇത്തരമൊരു വേദിയിൽ പ്രതിപക്ഷം ഏറ്റവും കൂടുതൽ പ്രതിപാദിക്കുന്ന വിഷയമെന്ന നിലയിലും മുതലെടുപ്പ് നടത്താൻ ശ്രമിക്കുന്ന വിഷയമെന്ന നിലയിലും ചില കാര്യങ്ങൾ പറയേണ്ടതുണ്ട്. പ്രമേയാവതാരകൻ പറഞ്ഞതിനുശേഷം മറ്റ് കാര്യങ്ങൾ പറയാം. യു.ഡി.എഫ്. ഭരണകാലത്ത് 18 മാസത്തെ ക്ഷേമ പെൻഷൻ നൽകാനുണ്ടായിരുന്നുവെന്നത് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന കാര്യമാണ്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ അവസാന കാലത്ത് പെൻഷൻകാർക്ക് നേരെയുണ്ടായ അവഗണന കാരണമാണ് 18 മാസത്തെ പെൻഷൻ കുടിശ്ശികയായത്. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ

ഒന്നാമത്തെയും രണ്ടാമത്തെയും സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 96 മാസം കൊണ്ട് ഇതിനകം വിതരണം ചെയ്തത് 109 മാസത്തെ ക്ഷേമ പെൻഷനാണ്. 5 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ടെന്നത് നേരത്തെ പറഞ്ഞ കാര്യമാണ്. ഈ മാസംതന്നെ ഒരു ഗഡുവുംകൂടി നൽകും. ഇക്കാര്യത്തിൽ കൃത്യമായ നിലപാട് സർക്കാരിനുണ്ട്. അടിയന്തരപ്രമേയ നോട്ടീസിൽ പറഞ്ഞ ഒരു വിഷയം ഏപ്രിൽ 24 മുതൽ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക തീർത്ത് സമയബന്ധിതമായി നൽകുമെന്ന സർക്കാരിന്റെ ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ല എന്നാണ്. ഈ വരുന്ന കാലയളവിൽ ചെയ്യാൻ പോകുന്ന കാര്യങ്ങളെപ്പറ്റി കൃത്യമായി ബഡ്ജറ്റിൽ പറഞ്ഞിരുന്നു. അതിലെ 528-ാമത്തെ പാരഗ്രാഫിൽ പറയുന്നത്, "അടുത്ത സാമ്പത്തിക വർഷം കൃത്യമായും സമയബന്ധിതമായും സാമൂഹ്യക്ഷേമ പെൻഷൻ കൊടുത്തുതീർക്കാനുള്ള പ്രത്യേക നടപടികൾ സർക്കാർ സ്വീകരിക്കും" എന്നാണ്. അതിന്റെ നടപടി തുടങ്ങിയിട്ടുണ്ട്. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലായി നാലു ഗഡു വിതരണം ചെയ്തു, ഈ മാസം അടുത്ത ഗഡു കൊടുക്കും. അത് കൃത്യമായി നൽകുന്നതാണ്. സമയബന്ധിതമായി

തന്നെ 5 മാസത്തെ കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നതിന് യാതൊരു സംശയവുമില്ല. ജനങ്ങൾ ഇത് കാണുന്നുണ്ടെന്ന് മുതലക്കണ്ണീരൊഴുക്കുന്ന ആളുകൾ മനസ്സിലാക്കണം. ഒന്നാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് ഇരുപതിനായിരമോ മുപ്പതിനായിരമോ രൂപ പെൻഷൻ വാങ്ങിയവരുടെ ചിത്രങ്ങൾ നിങ്ങൾ ഓർക്കുന്നുണ്ടാകും. ഇത്തരത്തിൽ കാര്യങ്ങൾ ചെയ്യുമ്പോഴും സംസ്ഥാന സർക്കാർ എന്താണ് നേരിടുന്നതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ഒരുവശത്ത് സംസ്ഥാന സർക്കാർ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കുമ്പോൾ മറുവശത്ത് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നിഷേധാത്മക നിലപാടുകൾ കാരണം സംസ്ഥാനത്തിന് അർഹമായ വിഹിതം ലഭിക്കുന്നില്ല. രാഷ്ട്രീയമായി എതിർ ചേരിയിലാണെങ്കിലും ഈ കാര്യത്തിൽ ഭരണ-പ്രതിപക്ഷങ്ങൾ ഒരുമിച്ച് നിൽക്കേണ്ടതാണ്. എന്നാൽ അതിനുവേണ്ടി എന്ത് സമീപനമെടുക്കുന്നുവെന്ന് പ്രതിപക്ഷം ആത്മവിമർശനം നടത്തുന്നത് നല്ലതാണ്. ഈ സർക്കാർ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും വികസന

പ്രവർത്തനങ്ങൾക്കും വലിയ പ്രാധാന്യം കൊടുക്കുമ്പോഴും കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം നിലപാടുകൾ കാരണം ചില പരിമിതികളുണ്ടായിട്ടുണ്ടെന്നത് തുറന്നുപറയുകയാണ്. ഇപ്പോൾ വന്നിരിക്കുന്ന പുതിയ ഗവൺമെന്റും അതേ നിലപാടുകളുമായാണ് മുന്നോട്ടുപോകുന്നതെങ്കിൽ അത് തിരുത്തിക്കാനുള്ള ശ്രമം നമ്മൾ നടത്തണം. 2016-ൽ ഒന്നാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ 33.99 ലക്ഷം ഗുണഭോക്താക്കളാണ് സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതിയിലുൾപ്പെട്ടിരുന്നത്. കഴിഞ്ഞ എട്ട് വർഷംകൊണ്ട് അത് 62 ലക്ഷമായി ഉയർന്നു. 2015-16-ൽ ഒരു മാസം പെൻഷൻ നൽകാൻ വേണ്ടത് 272 കോടി രൂപയായിരുന്നു. നിലവിൽ ഏകദേശം 900 കോടി രൂപയാണ് ഒരു മാസം പെൻഷനായി വിതരണം ചെയ്യുന്നത്. യു.ഡി.എഫ്. സർക്കാർ 5 വർഷംകൊണ്ട് ആകെ നൽകിയ പെൻഷൻ തുക 9311 കോടി രൂപയാണെന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾകൂടി ശ്രദ്ധിക്കുമെന്ന് കരുതുന്നു. ഒന്നാം പിണറായി വിജയൻ സർക്കാർ 5 വർഷംകൊണ്ട് നൽകിയത് 35,154 കോടി രൂപയാണ്.

ഈ സർക്കാർ 2024 മേയ് വരെ 27,278 കോടി രൂപ പെൻഷൻ വിതരണം ചെയ്തു കഴിഞ്ഞു. ഒന്നാം പിണറായി സർക്കാരിനെയും രണ്ടാം പിണറായി സർക്കാരിനെയും യു.ഡി.എഫ്. ഗവൺമെന്റുമായി താരതമ്യം ചെയ്താൽ നിങ്ങൾ 5 വർഷംകൊണ്ട് 35,000/- കോടി രൂപയാണ് നൽകിയതെങ്കിൽ ഞങ്ങൾ 3 വർഷം കൊണ്ട് 27,000/- കോടി രൂപ നൽകിക്കഴിഞ്ഞു. ഇത്തരത്തിൽ മുന്നോട്ട് പോകുകയാണെങ്കിൽ 50,000/- കോടി രൂപയെങ്കിലും പാവപ്പെട്ട പെൻഷൻകാർക്ക് ലഭിക്കും. 18 മാസത്തെ കുടിശ്ശിക തീർത്തതിന്റെ കണക്ക് ഞാൻ പറഞ്ഞു. ആ പ്രസ്താവനയിൽ നിങ്ങൾക്ക് തർക്കമുണ്ടെന്ന് പറയുന്നുണ്ടെങ്കിലും കൃത്യമായ കണക്കുള്ളതാണ്. ഇത്തരമൊരു സമീപനം ഈ സർക്കാർ സ്വീകരിക്കുമ്പോൾ യു.ഡി.എഫ്.-ഉം പ്രതിപക്ഷവും സ്വീകരിച്ച സമീപനം എന്താണെന്ന് പറയേണ്ടതുണ്ട്. 'ഒരുമിച്ച് കേന്ദ്രസർക്കാരിനെതിരെ സമരം ചെയ്താൽ ലോക്സഭാ തിരഞ്ഞെടുപ്പിൽ നഷ്ടമുണ്ടാകുമെന്ന' ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ സ്റ്റേറ്റ്മെന്റ് ഒന്നുകൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. ലോക്സഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞു, നിങ്ങൾക്ക്

ഇത്രയും സീറ്റുകളും കിട്ടി. ഇനിയെങ്കിലും ഒരുമിച്ച് കേരളത്തിനുവേണ്ടി സമരം ചെയ്യാൻ തയ്യാറുണ്ടോ? അദ്ദേഹം പറഞ്ഞ നിലപാട് ശരിയാണ്. ഡൽഹിയിൽ നടന്ന സമരം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ലോക്സഭാ തിരഞ്ഞെടുപ്പിന്റെ സമയത്ത് ബി.ജെ.പി.യുടെ നിലപാടിനോട് ചേർന്നുനിൽക്കുന്ന സമീപനമാണ് കേരളത്തിലെ കോൺഗ്രസും യു.ഡി.എഫും സ്വീകരിച്ചത്. ഇനിയെങ്കിലും നമുക്ക് കേന്ദ്രത്തിൽനിന്ന് ലഭിക്കാനുള്ളത് വാങ്ങിയെടുക്കാൻ വേണ്ടിയുള്ള ശ്രമം നടത്തണം. കൃത്യമായി കാര്യങ്ങൾ ചെയ്യുവാനും പെൻഷൻ നൽകുവാനും ശ്രമിക്കുന്ന സർക്കാരാണ് ഇവിടെയുള്ളത്. 5 മാസത്തെ കുടിശ്ശികയുണ്ട്. അത് ഘട്ടംഘട്ടമായി തീർക്കും. മാസം തോറും കൃത്യമായി പെൻഷൻ നൽകുന്ന പരിപാടി നടക്കുകയാണ്. ഈ മാസത്തെ പെൻഷൻ അടുത്തയാഴ്ച വിതരണം ചെയ്യുന്നതാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കേരളത്തിലെ പാവപ്പെട്ടയാളുകളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ ആറ് മാസം കുടിശ്ശികയായത് അടിയന്തരപ്രാധാന്യമുള്ള ഒരു വിഷയമല്ലെന്നും ചർച്ച ചെയ്യേണ്ടതില്ലെന്നും

പറയുമ്പോൾത്തന്നെ കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽനിന്നും ഈ സർക്കാർ ഒരു പാഠവും പഠിക്കുന്നില്ലെന്നാണ് മനസ്സിലാക്കേണ്ടത്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തെ 18 മാസത്തെ കുടിശ്ശിക എന്ന പഴയ കാലത്തെ നുണ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വീണ്ടും ആവർത്തിച്ചു. അദ്ദേഹം ഒരു രേഖയുമില്ലാതെയാണ് പറഞ്ഞത്. എന്നാൽ അതുസംബന്ധിച്ച രേഖ എന്റെ കൈവശമുണ്ട്. 2016-ൽ ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രി ആയിരുന്നപ്പോൾ പുറത്തിറക്കിയ ധവളപത്രമാണിത് (ഒരു പുസ്തകം ഉയർത്തിക്കാട്ടി). (.......ബഹളം........)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്... അദ്ദേഹം സംസാരിക്കട്ടെ... ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയും.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 2016-ൽ ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ പുറത്തിറക്കിയ ധവളപത്രത്തിൽ 'അടിയന്തരവും ഹ്രസ്വകാലബാധ്യതകളും' എന്നതിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക ആയിരം കോടി രൂപയിൽ താഴെയാണെന്നാണ് പറയുന്നത്. അതായത് മൂന്നുമാസത്തെ

കുടിശ്ശികയാണെന്നാണ്. അങ്ങയുടെ പാർട്ടിയുടെ ധനകാര്യ വകുപ്പുമന്ത്രി പുറത്തിറക്കിയ ധവളപത്രത്തിന് യാതൊരു വിലയുമില്ലെന്നാണോ അങ്ങ് പറയുന്നത്? 18 മാസം കുടിശ്ശികയുണ്ടെങ്കിൽ നിങ്ങളുടെ സർക്കാർ അധികാരത്തിൽവന്നതിനുശേഷം അത് കൊടുത്തുതീർത്തത് ഏത് Head of Account-ലാണെന്നത് സംബന്ധിച്ച രേഖ ഈ സഭയുടെ മേശപ്പുറത്തുവയ്ക്കണമെന്ന് ഞാൻ അങ്ങയോട് ആവശ്യപ്പെട്ടിരുന്നു; അങ്ങ് അതിന് മറുപടി നൽകിയിട്ടില്ല. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഇതേ ആവശ്യമുന്നയിച്ച് ഞാൻ ചോദ്യവും ചോദിച്ചിരുന്നു. ഒരു സഭാസമ്മേളനം കഴിഞ്ഞിട്ടും കഴിഞ്ഞ സഭാസമ്മേളനത്തിൽ ഞാൻ ചോദിച്ചതിന് മറുപടിപോലും നൽകിയിട്ടില്ല. എന്ത് രേഖയാണ് അങ്ങയുടെ കൈവശമുള്ളത്; 'ശങ്കരാടി'യുടെ കൈയിലുള്ള രേഖയാകും അങ്ങയുടെ പക്കലുള്ളത്. കേരളത്തിൽ ആദ്യമായി സാമൂഹ്യ സുരക്ഷാ പെൻഷൻ ആരംഭിച്ചത് മുൻ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമായിരുന്ന ആർ. ശങ്കറിന്റെ കാലത്താണ്. 1960 ജൂൺ 24-ന് അദ്ദേഹം നിയമസഭയിൽ അവതരിപ്പിച്ച ബജറ്റിൽ, 'Old age pension' - According to the Directive

Principles of State Policy as embodied in Article 41 of the Constitution..........” എന്നുപറഞ്ഞുകൊണ്ടാണ് കേരളത്തിൽ ആദ്യമായി 70 വയസ്സായ ആളുകൾക്ക് Old age pension പ്രഖ്യാപിക്കുന്നത്. അദ്ദേഹമാണ് 1963-ൽ വിധവാ പെൻഷനും പ്രഖ്യാപിച്ചത്. ഇത് ഒരു പൗരന്റെ ഭരണഘടനാപരമായ അവകാശമാണ്. എന്നാൽ, പെൻഷൻ അവകാശമല്ലെന്നും കേവലം സഹായമാണെന്നുമാണ് സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ പറയുന്നത്. അതായത്, “Though named as ‘pension’, it is only an assistance. The State Government has the authority to decide when to disburse the pension and at what rate it is to be disbursed” എന്നാണ്. Old age pension എന്നത് പൗരന്റെ ഭരണഘടനാപരമായ അവകാശമാണെന്ന ആർ. ശങ്കറിന്റെ പ്രഖ്യാപനത്തെയാണ് ഇത് പൗരന്റെ അവകാശമല്ലെന്നും സർക്കാരിന്റെ ഔദാര്യമാണെന്നുമുള്ള രീതിയിൽ ഈ സർക്കാർ ഹൈക്കോടതിയെ അറിയിച്ചത്. വൃദ്ധർ, ഭിന്നശേഷിയുള്ളവർ, ദുർബലർ എന്നിവരെ സംരക്ഷിക്കുകയെന്നത് വെൽഫെയർ സ്റ്റേറ്റിന്റെ കടമയാണെന്ന്

ഭരണഘടനയുടെ ആർട്ടിക്കിൾ 41-ൽ പറയുന്നുണ്ട്. ഇതിൽനിന്നും ഈ സർക്കാർ പതിയെ പിന്മാറുകയാണോയെന്ന ആശങ്കയാണ് സഭയുടെ മുമ്പാകെ വയ്ക്കുന്നത്. അധികാരത്തിൽ വരുന്നതിനുവേണ്ടി രണ്ടുകാര്യങ്ങളിലാണ് നിങ്ങൾ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചത്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തെ 18 മാസത്തെ പെൻഷൻ കുടിശ്ശികയുടെ കള്ളക്കണക്കാണ് അതിൽ ഒന്നാമത്തേത്, അത് ഞാൻ ക്ലിയർ ചെയ്തു. രണ്ടാമത്തേത് നിങ്ങൾ അധികാരത്തിലെത്തിയാൽ പെൻഷൻ തുക 2500/- രൂപയാക്കുമെന്നും എല്ലാ മാസവും മുടങ്ങാതെ നൽകുമെന്നും പറഞ്ഞതാണ്, അത് ഇപ്പോൾ 6 മാസമായി കുടിശ്ശികയായിരിക്കുകയാണ്. എന്നുമാത്രമല്ല പെൻഷൻ നൽകാനെന്നുപറഞ്ഞ് പെട്രോളിന്റെയും ഡീസലിന്റെയും വിലയിൽ 2 രൂപ അധിക സെസ് ഏർപ്പെടുത്തി അധികഭാരം ജനങ്ങൾക്കുമേൽ നിങ്ങൾ അടിച്ചേൽപ്പിക്കുകയും ചെയ്തു. കയർ, കശുവണ്ടി, കൈത്തറി എന്നീ മേഖലകളെല്ലാം പ്രതിസന്ധിയിലാണ്. ഈ മേഖലയിലുള്ളവർക്ക് മറ്റ് വരുമാനങ്ങളൊന്നുമില്ല. ആ സാഹചര്യത്തിലാണ് പെൻഷനും കിട്ടാതെ വരുന്നത്. പാവപ്പെട്ടവർക്ക് പെൻഷൻ

കൊടുക്കാനെന്നുപറഞ്ഞ് വെള്ളക്കരം, വൈദ്യുതി ചാർജ്, ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട നികുതികൾ, മദ്യത്തിന് സെസ്സ് എന്നിവയെല്ലാം വർദ്ധിപ്പിച്ചിട്ടും പെൻഷൻ മാത്രം നൽകുന്നില്ല. ഞങ്ങൾ വിശദീകരണക്കുറിപ്പിൽ പറഞ്ഞിട്ടുള്ള ക്ഷേമനിധി പെൻഷന്റെ അവസ്ഥയെന്താണ്? കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻ മുടങ്ങിയിട്ട് 13 മാസമായി. അംശദായം വഴി 46 കോടി രൂപയും സെസ്സ് ഇനത്തിൽ 370 കോടി രൂപയും പിരിച്ചെടുത്തത് സർക്കാരിന്റെ കൈവശമുണ്ടായിട്ടും ഒരു വർഷമായി ക്ഷേമനിധി പെൻഷൻ കുടിശ്ശികയാണ്. ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി പെൻഷൻ, ആഭരണ തൊഴിലാളി ക്ഷേമനിധി പെൻഷൻ, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പെൻഷൻ, തയ്യൽ തൊഴിലാളി ക്ഷേമനിധി പെൻഷൻ, ക്ഷീര കർഷക ക്ഷേമനിധി ബോർഡ് പെൻഷൻ എന്നിവ ഒരു വർഷമായി കുടിശ്ശികയാണ്. കൂടാതെ, കശുവണ്ടി തൊഴിലാളി ക്ഷേമനിധി പെൻഷൻ 6 മാസവും കൈത്തറി തൊഴിലാളി ക്ഷേമനിധി പെൻഷൻ, ബീഡി ചുരുട്ടുതൊഴിലാളി ക്ഷേമനിധി പെൻഷൻ, ഖാദി തൊഴിലാളി ക്ഷേമനിധി

പെൻഷൻ എന്നിവ 5 മാസവും കുടിശ്ശികയാണ്. അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡ് പെൻഷൻ, കയർ തൊഴിലാളി ക്ഷേമനിധി പെൻഷൻ, വ്യാപാരി ക്ഷേമനിധി ബോർഡ് പെൻഷൻ എന്നിവയെല്ലാം കുടിശ്ശികയാണ്. ഇവ സാമൂഹ്യ സുരക്ഷാ പെൻഷൻ പോലെയല്ല, അതിലെ അംഗങ്ങൾ അംശദായം ക്ഷേമനിധി ബോർഡിലേയ്ക്ക് അടയ്ക്കുന്നതാണ്. അവർക്ക് ചികിത്സാ സഹായവും പ്രസവ സഹായവും വിദ്യാഭ്യാസ സഹായവും ലഭിച്ചിട്ട് ഒരു വർഷമായി. ഒരു കോഴ്സിൽ ചേർന്ന് പഠിക്കുന്ന വിദ്യാർത്ഥിക്ക് ഒരു വർഷത്തിനുശേഷം സഹായം ലഭിച്ചിട്ട് എന്തെങ്കിലും കാര്യമുണ്ടോ? ക്ഷേമനിധി ബോർഡിലേയ്ക്ക് അംശദായം അടച്ചിട്ടുപോലും ഇവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഒരാൾക്ക് രണ്ടും മൂന്നും പെൻഷന് അർഹതയുണ്ടായിരുന്നു. ക്ഷേമനിധി പെൻഷൻ പ്രായം 65 വയസ്സായിരുന്നത് 60 ആക്കി ചുരുക്കിയത് ഉമ്മൻ ചാണ്ടി സർക്കാരായിരുന്നു. കശുവണ്ടി തൊഴിലാളിയായ ഒരു സ്ത്രീക്ക് 60 വയസ്സായാൽ വാർദ്ധക്യകാല പെൻഷനും കശുവണ്ടി തൊഴിലാളി ക്ഷേമപെൻഷനും ലഭിക്കുമായിരുന്നു. അവർ വിധവയാണെങ്കിൽ വിധവാ

പെൻഷനും ലഭിക്കുമായിരുന്നു. എന്നാൽ 2019-ൽ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് ഒരു ഉത്തരവിലൂടെ അതെല്ലാം ഒറ്റ പെൻഷനാക്കി മാറ്റി. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായ ഒരാൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ഇപ്പോൾ ലഭിക്കുകയില്ല. ഒരു വർഷമായി അവർക്ക് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷനും ലഭിക്കുന്നില്ല. അതായത് ലഭിച്ചുകൊണ്ടിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഇല്ലാതാകുകയും ക്ഷേമനിധി പെൻഷൻ കുടിശ്ശികയാകുകയും ചെയ്തപ്പോൾ ഫലത്തിൽ രണ്ട് പെൻഷൻ ലഭിച്ചുകൊണ്ടിരുന്നവർക്ക് ഇപ്പോൾ ഒരു പെൻഷൻപോലും ലഭിക്കാത്ത അവസ്ഥയാണ്. നിങ്ങൾ ഈ ലോക്സഭാ തിരഞ്ഞെടുപ്പിൽ എന്തുകൊണ്ട് പരാജയപ്പെട്ടുവെന്നറിയാൻ മൂന്നുദിവസത്തെ സംസ്ഥാന കമ്മിറ്റിയും രണ്ടുദിവസത്തെ സെക്രട്ടേറിയറ്റ് യോഗവുമൊന്നും കൂടേണ്ട, ഒരു നിർമ്മാണ തൊഴിലാളിയെക്കണ്ട് ചോദിച്ചാൽ അവർ കാരണം പറഞ്ഞുതരും. ഇവിടെ അംശദായം അടച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്ക് ക്ഷേമ പെൻഷനുകൾ നൽകാൻ പണമില്ല. എന്നാൽ

നവകേരള സദസ്സ്, കേരളീയം തുടങ്ങിയ പരിപാടികൾ നടത്തുന്നതിന് പണമുണ്ട്. മരുന്നുവാങ്ങാൻ പണമില്ലാത്തയാളുകൾക്ക് എത്രയുംവേഗം പെൻഷൻ കിട്ടേണ്ടതാണ്. അവരോട് കേരളത്തിന് ഐക്യരാഷ്ട്രസഭയുടെ പുരസ്കാരവും ഇന്ത്യാ ടുഡേ അവാർഡും ലഭിച്ചിട്ടുണ്ടെന്ന് പറഞ്ഞിട്ട് കാര്യമില്ല. അതുകൊണ്ട് കുലീനരേ, ഉദാത്തരേ, ശുദ്ധ മർത്ത്യരേ, ഈ പാവപ്പെട്ടവരുടെ പെൻഷൻ കൊടുക്കൂ. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയാണ്, മുമ്പ് എം.പി. ആയിരുന്നു, നാളെ അങ്ങ് എം.എൽ.എ. ആകാതിരിക്കട്ടെയെന്ന് ഞാൻ ആശംസിക്കുന്നില്ല, ആകട്ടെ. ഇനി എങ്ങാനും എം.എൽ.എ. ആയില്ലെങ്കിലും അങ്ങേയ്ക്ക് രണ്ട് പെൻഷൻ ലഭിക്കും. ശ്രീ. കെ. വി. തോമസിന് കോളേജ് പ്രൊഫസറുടെ പെൻഷനും എം.പി. പെൻഷനും എം.എൽ.എ. പെൻഷനുമായി മൂന്ന് പെൻഷൻ ലഭിക്കും. പാവപ്പെട്ട കശുവണ്ടി തൊഴിലാളികളുടെ 1600/- രൂപയുടെ പെൻഷനോടൊപ്പം അവർ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ കൂടി വാങ്ങിയാൽ എന്താണ് കുഴപ്പം? മുമ്പ് ലഭിച്ചുകൊണ്ടിരുന്ന പെൻഷനും അവർക്ക് ഇല്ലാതെയാക്കി. 'ആശ്വാസ കിരണം' പദ്ധതിയിലൂടെ കിടപ്പുരോഗിയെ പരിചരിക്കുന്നവർക്ക് ലഭിച്ചിരുന്ന

600/- രൂപ പെൻഷൻ  ഒരു വർഷമായി കുടിശ്ശികയാണ്. ഉമ്മൻ ചാണ്ടി ആരംഭിച്ച 'ശ്രുതിതരംഗം' പദ്ധതിയിലൂടെ കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തിയശേഷം മെയിന്റനൻസിന് പണം നൽകാത്തതിനാൽ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് സംസാരശേഷി നഷ്ടമാകുകയാണ്. ആ തുക കുഞ്ഞുങ്ങൾക്ക് നൽകണമെന്ന് കൈ കൂപ്പിക്കൊണ്ടുപറയുകയാണ്. ഹീമോഫീലിയ രോഗികളുടെ പെൻഷൻ കുടിശ്ശികയായി വയ്ക്കരുത്.  50 ലക്ഷം  പേർക്ക് പെൻഷൻ കൊടുക്കുന്നുണ്ടെന്ന് അങ്ങ് പറഞ്ഞല്ലോ. വി.എസ്.അച്ച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് 16 ലക്ഷം പേർക്കായിരുന്നു പെൻഷൻ നൽകിയിരുന്നത്. ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽനിന്ന് പോകുമ്പോൾ അത് 34 ലക്ഷം ആക്കി. അതിന്റെ അർത്ഥം ഇരട്ടിയിലധികമാക്കിയെന്നാണ്. ഇപ്പോൾ നിങ്ങൾ ക്ഷേമനിധി പെൻഷൻ  50 ലക്ഷം പേർക്ക് മാത്രമേ കൊടുക്കുന്നുള്ളൂ. അപ്പോൾ 34-ൽ നിന്ന് 50 ആകുന്നതും 16-ൽ നിന്ന് 34 ആകുന്നതും ഏതാണ് വലുതെന്ന് കണക്ക് കൂട്ടി പറയൂ. കണക്ക് അറിയാവുന്നവർ കണ്ടുപിടിക്കട്ടെ. അങ്ങയുടെയും മുഖ്യമന്ത്രിയുടെയും ചിത്രത്തിന്റെ കൂടെ 500 രൂപയുടെ

ഏതാനും നോട്ടുകളുമായി ചിരിക്കുന്ന മൂന്ന് വയോധികരായ അമ്മമാരുടെ ചിത്രം വലിയ ഫ്ലക്സ് ബോർഡുകളിൽ കേരളത്തിൽ മുഴുവൻ നിങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ടായിരുന്നു.

മി. സ്പീക്കർ: പ്ലീസ്, കൺക്ലൂഡ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കേരളത്തിന്റെ തെരുവുകളിലെല്ലാം ഏതാനും വർഷങ്ങൾക്കുമുമ്പ് വലിയ പരസ്യ ബോർഡുകൾ ഉയർത്തിയിരുന്നു. ക്ഷേമ പെൻഷൻ കുടിശ്ശികയുടെ ഒരു ഭാഗം വിതരണം ചെയ്തപ്പോഴാണ് 500-ന്റെ നോട്ടുകളുമായി ഈ മൂന്ന് അമ്മമാരുടെ ചിത്രം നിങ്ങൾ പരസ്യ പലകയിൽ വച്ചത്. ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിൽ സ്റ്റേറ്റിന്റെ ഉത്തരവാദിത്വമാണ് പെൻഷൻ. അത് നികുതി പണത്തിൽനിന്നാണ് നൽകുന്നത്. മുമ്പുള്ള എൽ.ഡി.എഫ്. ഗവൺമെന്റുകളൊന്നും ഏതെങ്കിലും ക്ഷേമ പെൻഷനുകൾ നൽകുന്നത് പ്രചാരണ ബോർഡുകളിൽ പ്രദർശിപ്പിച്ചിരുന്നില്ല. എന്നാൽ നിങ്ങൾ ഈ പാവപ്പെട്ടവരുടെ ദൈന്യതയെ വിറ്റ് വോട്ടാക്കുകയായിരുന്നു. അർഹമായ പെൻഷൻ കൊടുക്കുന്നത് സർക്കാരിന്റെ ഔദാര്യമായി കൊണ്ടാടുകയായിരുന്നു. അന്ന് റോഡരികിൽ

ഉയർന്ന ആ വലിയ ബോർഡുകൾ എവിടെപ്പോയി? അതിൽ ഉണ്ടായിരുന്ന അമ്മമാർ എവിടെപ്പോയി? അവർ ആ പരസ്യ പലകയിൽനിന്നും പുറത്തിറങ്ങി തെരുവിൽ പെൻഷനുവേണ്ടി യാചിക്കുകയാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, കഴിഞ്ഞ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് നല്ല പരാജയമുണ്ടായി. യു.ഡി.എഫ്.-ന് അവർ പ്രതീക്ഷിക്കുന്നതിനപ്പുറമുള്ള വിജയവുമുണ്ടായി. ആ തിരഞ്ഞെടുപ്പിന്റെ സമയത്ത് ഞങ്ങൾ ക്യാമ്പയിനുകളിൽ പറഞ്ഞ കാര്യങ്ങൾ ഗുണമാകുമെന്ന് കരുതി രാഷ്ട്രീയ അടിസ്ഥാനത്തിൽ ഇവിടെ പറയാൻ ശ്രമിച്ചുവെന്നല്ലാതെ എന്തെങ്കിലും ആത്മാർത്ഥത ഈ പ്രമേയം അവതരിപ്പിച്ച പ്രമേയാവതാരകന് ഇല്ലെന്നുള്ളത് അവർക്കുമറിയാം, നമുക്കെല്ലാവർക്കുമറിയാം. (....ബഹളം......) ഈ പ്രമേയത്തിന്റെ ഭാഗമായി അദ്ദേഹം പറഞ്ഞുതുടങ്ങിയത് ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തെ 18 മാസത്തെ കുടിശ്ശികയെ സംബന്ധിച്ച് ആവർത്തിച്ചു പറയുന്നു, അത് പാടില്ല എന്നാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പുറത്തിറക്കിയ ധവളപത്രത്തിലെ

രേഖകളിൽ പറഞ്ഞ കണക്കുകൾ കൃത്യമായിരിക്കും. പക്ഷേ ആ രേഖയേക്കാളുപരി ഈ സഭയിൽ ഏറ്റവും പ്രധാനമായി അവതരിപ്പിക്കേണ്ട ഒരു ആധികാരിക രേഖ അസംബ്ലിയിൽ വന്ന ചോദ്യങ്ങളുടെ മറുപടിയാണെന്ന് ഞാൻ വിശ്വസിക്കുന്നു. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 02-07-2015-ൽ പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പുമന്ത്രിയായിരുന്ന ഡോ. എം. കെ. മുനീർ അന്നത്തെ റാന്നി എം.എൽ.എ. ശ്രീ. രാജു എബ്രഹാമിന് കൊടുത്തിട്ടുള്ള മറുപടിയുണ്ട്. അത് സഭയുടെ ആധികാരിക രേഖയായിട്ടാണ് ഞങ്ങൾ കരുതുന്നത്. അതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഏതെല്ലാം ക്ഷേമപെൻഷനുകളാണ് നൽകുന്നത്; എത്ര കുടിശ്ശികയുണ്ട് തുടങ്ങിയവയെക്കുറിച്ചുള്ള ചോദ്യത്തിന്റെ മറുപടിയിൽ നിലവിൽ ഓരോ പെൻഷനിലും എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. അതിലെ വിശദമായ കാര്യങ്ങൾ ഞാൻ വായിക്കുന്നില്ല. അതിൽ വാർദ്ധക്യകാല പെൻഷൻ - 8 മാസം, വികലാംഗ പെൻഷൻ - 8 മാസം, വിധവ പെൻഷൻ - 8 മാസം, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ - 8 മാസം, കർഷക തൊഴിലാളി പെൻഷൻ

- 10 മാസം എന്നുപറയുന്നുണ്ട്. കുടിശ്ശിക തീർക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന ചോദ്യത്തിന് കുടിശ്ശിക തീർക്കാൻ അടിയന്തര നടപടി സ്വീകരിക്കുന്നുണ്ട് എന്നായിരുന്നു മറുപടി നൽകിയിരിക്കുന്നത്. ഇത് ജൂലൈ മാസം 2015-ലെ മറുപടിയാണ്. അതിനുശേഷം ആ ഗവൺമെന്റ് 10 മാസം കൂടി അധികാരത്തിലുണ്ടായിരുന്നു. ഈ 10 മാസം കൂടി കഴിഞ്ഞ് ആകെ 18 മാസമാകുമ്പോഴും ഒരു കുടിശ്ശികയും തീർത്തില്ല എന്നുമാത്രമല്ല പിന്നീട് അവർ പെൻഷൻ കൊടുത്തതുമില്ല. സഭയിലെ കണക്കുകളിലും രേഖകളിലും ഇതാണ് പറയുന്നത്. ഈ കണക്ക് പ്രകാരം 18 മാസക്കാലം പെൻഷൻ കൊടുത്തിട്ടില്ല.

<u>ഡോ. എം. കെ. മുനീർ</u>: സർ, അത് കഴിഞ്ഞ് ഈ സഭയിൽ ഡോ. കെ. ടി. ജലീൽ നൽകിയ മറുപടിയുണ്ട്. മൂന്ന് മാസത്തെ കുടിശ്ശികയെ ഉണ്ടായിരുന്നുള്ളൂ. അതിനുശേഷം എല്ലാ കുടിശ്ശികയും കൊടുത്തിരുന്നു. ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ എന്ന പുതിയ സിസ്റ്റം കൊണ്ടുവന്നതാണ് അവസാനത്തെ മൂന്ന് മാസം കുടിശ്ശിക വരാനുള്ള കാരണം. ആ സിസ്റ്റം അനുസരിച്ച് എല്ലാ ബാങ്കുകളിലും അക്കൗണ്ടുകൾ തുടങ്ങുകയും പോസ്റ്റൽ

വകുപ്പിനെ പെൻഷൻ വിതരണം ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ പോസ്റ്റൽ വകുപ്പിന് അത് ചെയ്യാൻ സാധിക്കാതെ രണ്ട് മാസം വൈകി. ഞാൻ പറയുന്നതിൽ നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ അന്ന് ഇതൊക്കെ ചെയ്ത ഡോ. കെ. എം. എബ്രഹാം ഇപ്പോൾ നിങ്ങളുടെ കൂടെയാണല്ലോ, അദ്ദേഹത്തിനോടൊന്ന് ചോദിച്ചുനോക്കു. മൂന്ന് മാസത്തെ കുടിശ്ശിക മാത്രമേയുള്ളു. (........ബഹളം..........)

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, യഥാർത്ഥത്തിൽ എൽ. ഡി. എഫ്. ഗവൺമെന്റ് വന്നതിനുശേഷം 20,000-25,000 രൂപ വച്ച് ഓരോരുത്തർക്കും കൊടുത്ത കാര്യം ഇവിടെയിരിക്കുന്നവർക്കും നിങ്ങൾക്കുമറിയാം. അല്ലെങ്കിൽ അതുകഴിഞ്ഞും കൊടുത്തു. എനിക്ക് അറിയാവുന്നതാണ്. ഞാൻ അന്ന് സി.പി.ഐ.(എം.)-ന്റെ കൊല്ലം ജില്ലാ സെക്രട്ടറിയാണ്. ഒരു വീട്ടിൽ ഭാര്യയും ഭർത്താവും കൂടി 78,000 രൂപവരെ കുടിശ്ശിക വാങ്ങിയത് എനിക്കറിയാം. നിങ്ങൾ കുടിശ്ശിക കൊടുത്തു തീർത്തെങ്കിൽ പിന്നെ എങ്ങനെയാണ് ഞങ്ങൾക്കത് കൊടുക്കേണ്ടി വന്നത്? അങ്ങ് കൊടുത്ത മറുപടിവച്ചുതന്നെയാണ് ഈ 18 മാസത്തിന്റെ

കണക്ക് പറയുന്നത്. അത് മാത്രമല്ല, ഈ വിഷയത്തിനപ്പുറം രാഷ്ട്രീയം പറയുക എന്നുള്ളതുകൊണ്ടാണ് പ്രമേയാവതാരകൻ ഇങ്ങനെ പറഞ്ഞതെന്ന് ഞാൻ നേരത്തെ പറഞ്ഞു. രാഷ്ട്രീയം പറയുകയെന്നതാണല്ലോ നമ്മുടെയൊക്കെ ചുമതല. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ തുടങ്ങിയ പെൻഷനുകൾ നേരത്തെയുണ്ട്. ഒരു സാമൂഹ്യക്ഷേമ പെൻഷൻ എന്ന ആശയത്തോടുകൂടി ആദ്യം പെൻഷൻ നടപ്പിലാക്കിയത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. 1980-ലെ ഇ. കെ. നായനാർ ഗവൺമെന്റാണ് കർഷകത്തൊഴിലാളി പെൻഷൻ ആരംഭിച്ചത്. അന്ന് 2.94 ലക്ഷം തൊഴിലാളികൾക്ക് പ്രതിമാസം 45 രൂപ വീതം നൽകുന്ന പെൻഷനായിരുന്നു അത്. പിന്നീട് 1987-ൽ ഇ.കെ. നായനാർ ഗവൺമെന്റ് വന്നപ്പോഴാണ് അത് പരിഷ്ക്കരിച്ചത്. ഈ പെൻഷൻ അവതരിപ്പിക്കുന്ന സമയത്ത് ഇത് പ്രത്യുൽപാദനപരമല്ലെന്ന വിമർശനമുന്നയിച്ചത് അന്നത്തെ കോൺഗ്രസ്സിന്റെ നേതാക്കന്മാരാണ്. കെ. കരുണാകരന്റെയൊക്കെ കാലമാണത്. അതിനുശേഷം പെൻഷനുകൾ സാധാരണഗതിയിൽ നൽകാറുണ്ടായിരുന്നു. 1981 മുതൽ 1987 വരെ അധികാരത്തിൽ ഇരുന്നിട്ടും

കർഷക തൊഴിലാളി പെൻഷൻ കോൺഗ്രസ്സ് സർക്കാർ വർദ്ധിപ്പിച്ചില്ല. അന്ന് അതിൽ അംഗങ്ങളായിരുന്നവർ ഇവിടെയുണ്ടല്ലോ. പിന്നീട് 1995-ൽ പെൻഷൻ വർദ്ധിപ്പിച്ചത് ഇടതുപക്ഷമാണ്. 1995-ൽ രാജ്യത്താകെ NSAP (National Social Assistance Programme)-ടെ ഭാഗമായി വാർദ്ധക്യകാല പെൻഷൻ വരുമ്പോൾ അന്ന് അധികാരത്തിലിരുന്നത് യു.ഡി.എഫ്. സർക്കാർ ആയിരുന്നു. പക്ഷേ, ആ വാർദ്ധക്യകാല പെൻഷൻ കൊടുക്കാൻ തുടങ്ങിയത് 1996-ൽ നിലവിൽ വന്ന എൽ.ഡി.എഫ്. സർക്കാരായിരുന്നു. ഈ കണക്കിന്റെ അടിസ്ഥാനത്തിൽ അതിനുമുമ്പ് അധികാരത്തിലിരുന്ന യു.ഡി.എഫ്. സർക്കാർ അത് ചെയ്തില്ലെന്ന് മനസ്സിലാക്കാം. 2011-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ നാമമാത്രമായി പെൻഷൻ വർദ്ധിപ്പിച്ചു. അത് 80 വയസ്സിന് മുകളിലുള്ള വിഭാഗത്തിന് 1200 രൂപയാക്കി. എന്നാൽ ഈ പ്രഖ്യാപനമല്ലാതെ കൊടുക്കുകയെന്ന ശീലം പൊതുവേയില്ലാത്തതുകൊണ്ട് വലിയ കുടിശ്ശികയായിരുന്നു. ഇതൊക്കെ രേഖകളിലുള്ള കാര്യങ്ങളാണ്. (......ബഹളം....). നേരത്തെ പറഞ്ഞ ശങ്കരാടിയുടെ കൈയിലുള്ള രേഖയല്ല. മുനീർ സാഹിബിന്റെ രേഖയാണ്

വായിച്ചത്. മുനീർ സാഹിബ് പറഞ്ഞ കാര്യമാണ്, അല്ലാതെ ശങ്കരാടിയുടെ കൈയിലുള്ള രേഖ വച്ച് നിങ്ങൾ രാഷ്ട്രീയ പ്രസംഗം നടത്തുന്നതുപോലെയല്ല. ഇവിടെ ഞാൻ നേരത്തെ പറഞ്ഞതുപോലെ, അദ്ദേഹത്തിന്റെ നിയമസഭാ ചോദ്യോത്തരത്തിൽ തന്നെ കൃത്യമായി ഇക്കാര്യങ്ങളുണ്ട്. 2016 ഫെബ്രുവരി 15-ന് ശ്രീ. ബാബു എം. പാലിശ്ശേരിക്ക് കൊടുത്ത മറുപടിയിലും 1397 കോടി രൂപ കുടിശ്ശികയുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. രണ്ട് ഗവൺമെന്റുകൾക്കും വ്യത്യസ്തമായ സമീപനമാണുള്ളത്. ഞങ്ങൾക്ക് 5 മാസത്തെ കുടിശ്ശികയുണ്ടെന്ന് ഞാൻ പറഞ്ഞല്ലോ. ഏപ്രിൽ മാസം മുതൽ എല്ലാ മാസവും പെൻഷൻ നൽകുന്നുണ്ട്, കുടിശ്ശിക കൊടുത്ത് തീർക്കുകയും ചെയ്യും. അതിൽ യാതൊരു സംശയവുമില്ല. എൽ.ഡി.എഫ്. പറഞ്ഞാൽ ജനങ്ങൾക്ക് വിശ്വാസമാണ്. ഞങ്ങൾ പ്രഖ്യാപിച്ചുപോകുകയല്ല. പെൻഷൻ ഒറ്റയടിക്ക് 1000 രൂപയായി ഉയർത്താൻ യു.ഡി.എഫ്. സർക്കാർ ഓർഡർ ഇറക്കിയെങ്കിലും അത് കൊടുത്തില്ല. പിന്നീട് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവൺമെന്റാണ് 2021 ഏപ്രിൽ മുതൽ 1000 രൂപയെന്നത് 1600 രൂപയാക്കി ഉയർത്തിയത്. അതും ഇപ്പോൾ കൊടുത്തുവരികയാണ്.

അതിന്റെ കണക്ക് നേരത്തെ ഞാൻ വായിച്ചതാണ്. അനർഹരായവർ പെൻഷൻ വാങ്ങുന്നുവെന്ന ചില വിമർശനങ്ങൾ സി. & എ.ജി. റിപ്പോർട്ടിൽ വന്നിരുന്നു. അത് കറക്ട് ചെയ്യാനായുള്ള ശ്രമം നടത്തിയിട്ടുണ്ട്. 33.99 ലക്ഷം എന്നുള്ളത് മാറി ഇപ്പോൾ 62 ലക്ഷം പേർ മസ്റ്ററിംഗ് ചെയ്യുന്നുണ്ട്. മസ്റ്ററിംഗ് ചെയ്യുന്നതിനനുസരിച്ച് ആളുകളുടെ എണ്ണം കൂടുകയും കുറയുകയും ചെയ്യുന്നതാണ്. അത് കൃത്യമായി നടന്നുകൊണ്ടിരിക്കുകയാണ്. ക്ഷീര കർഷക ക്ഷേമനിധി പെൻഷൻ കൊടുക്കുന്നില്ല, കുടിശ്ശിക വലിയ തോതിലാണ്, വർഷങ്ങളായി കൊടുക്കുന്നില്ല തുടങ്ങി നിരവധി ക്ഷേമനിധികളെ കുറിച്ച് പ്രമേയാവതാരകൻ ഇവിടെ പറയുകയുണ്ടായി. അങ്ങ് ഇക്കാര്യം പറയാൻ വേണ്ടിയിട്ടാണോ അതോ ലിസ്റ്റ് എടുത്തിട്ടാണോ പറഞ്ഞത്? 16 ക്ഷേമനിധികൾക്ക് ഗവൺമെന്റ് നേരിട്ട് തന്നെയാണ് പെൻഷൻ നൽകുന്നത്. ആ ക്ഷേമനിധികളിൽ ചില ചെറിയ പഠന സഹായങ്ങൾ, മരണാനന്തരമായി കുടുംബങ്ങൾക്ക് കൊടുക്കുന്ന സഹായം, ചികിത്സാ സഹായം എന്നിവ നൽകുന്നുണ്ട്. വളരെ കുറച്ച് ക്ഷേമനിധികൾക്കേയുള്ളൂ ഇങ്ങനെ നേരിട്ട് ധനസഹായം നൽകുന്നത്.

നിർമ്മാണ തൊഴിലാളി ക്ഷേമനിധി അത്തരത്തിലൊരു ക്ഷേമനിധിയായിരുന്നു. ആ ക്ഷേമനിധിയിലെ ഫണ്ട് കളക്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നമാണ് കഴിഞ്ഞ ദിവസം പറഞ്ഞത്. അത് കളക്ട് ചെയ്ത് വളരെ താമസിയാതെ അവിടെയുള്ള പ്രശ്നം പരിഹരിക്കാൻ കഴിയുന്നതാണ്. പക്ഷേ ക്ഷേമനിധി പെൻഷൻ കുടിശ്ശികയെക്കുറിച്ച് കുറെയേറെ കാര്യങ്ങൾ ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞല്ലോ. അദ്ദേഹത്തിന് ഈ വിവരങ്ങൾ എവിടെനിന്നാണ് കിട്ടുന്നതെന്ന് എനിക്കറിയില്ല. വിവിധ ക്ഷേമനിധി ബോർഡുകൾ വഴി ഈ സർക്കാരിന്റെ കാലത്ത് 2764 കോടി 37 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞ വിവിധ പെൻഷനുകളുടെ ഡീറ്റെയിൽസ് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വാങ്ങി അടുത്ത ദിവസം തന്നെ ലഭ്യമാക്കാം. സാമ്പത്തിക ബുദ്ധിമുട്ടുള്ള 16 ക്ഷേമനിധി ബോർഡുകൾക്ക് ഗവൺമെന്റ് നേരിട്ടാണ് പെൻഷൻ കൊടുക്കുന്നത്. നമ്മൾ രണ്ടുപേരും കൊല്ലം ജില്ലയിൽനിന്ന് വരുന്നതിനാൽ കശുവണ്ടി മേഖലയിൽ അങ്ങേയ്ക്കും എനിക്കും താൽപ്പര്യമുണ്ട്. കൊല്ലം ജില്ലയിൽ വലിയ തോതിൽ കശുവണ്ടി തൊഴിലാളികളുള്ളതാണ്. അവിടെ

കശുവണ്ടി ക്ഷേമനിധി ബോർഡുണ്ട്. ആ ബോർഡിലെ കുറച്ച് തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുന്നതിനുള്ള ഫണ്ട് ഇല്ല. അതിന് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടാണ് കഴിഞ്ഞ വർഷം പെൻഷൻ കൊടുത്തു തീർത്തത്. ഇങ്ങനെ ക്ഷേമനിധി പെൻഷനുകളെല്ലാം കൊടുക്കുന്നുണ്ട്. അതിൽ നിർമ്മാണ തൊഴിലാളികളുടെ കാര്യത്തിലാണ് ഇനി നടപടികളെടുക്കാനുള്ളത്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ക്ഷീരമേഖല ഉൾപ്പെടെ എല്ലാ മേഖലകളെയുംകുറിച്ച് അങ്ങ് സൂചിപ്പിച്ചത് പൂർണ്ണമായും ശരിയല്ലെന്നുള്ളതുകൊണ്ട് ഞാൻ പറയുകയാണ്. അങ്ങിവിടെ രണ്ട് പെൻഷനുകളുടെ കാര്യം സൂചിപ്പിച്ചു. ഏത് പെൻഷനാണ് സർക്കാർ കുറച്ചിട്ടുള്ളത്? 2019-ൽ ഡോ. ടി. എം. തോമസ് ഐസക് ഒരു ഓർഡർ പുറപ്പെടുവിച്ചു. ക്ഷേമനിധിയിൽനിന്ന് പെൻഷൻ ലഭിക്കുന്ന ആളുകൾക്ക് അന്നുവരെ ലഭിച്ചുകൊണ്ടിരുന്ന ആ പെൻഷൻ തുടരുന്നതുകൂടാതെ സാമൂഹ്യക്ഷേമ പെൻഷനും ലഭിക്കും. അന്ന് ലഭിച്ചുകൊണ്ടിരുന്ന ആ തുക, അങ്ങയുടെ ഗവൺമെന്റിന്റെ കാലത്ത് 18 മാസക്കാലത്തെ പ്രശ്നമടക്കം കൊടുക്കാതിരുന്ന കാലത്ത് ലഭിക്കേണ്ടിയിരുന്ന

രേഖയിലുണ്ടായിരുന്ന പെൻഷൻ തുടരും. ഉത്തരം ക്ലിയറായി പറയാം. അന്ന് ലഭിച്ചുകൊണ്ടിരുന്നത് 600 രൂപയാണെങ്കിൽ അത് അന്ന് പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന എല്ലാ ആളുകൾക്കും കൊടുക്കും. അതിനുശേഷം ഇങ്ങോട്ട് സാമൂഹ്യക്ഷേമ പെൻഷൻ എന്നുപറയുന്നത് ഇപ്പോൾ 1600 രൂപ, ഇനി വർദ്ധിപ്പിക്കുകയാണെങ്കിൽ അതനുസരിച്ച് അഡീഷണലും കൊടുക്കും. അതിനുശേഷമുള്ളതിനകത്ത് ഈ പെൻഷൻ ആക്കിയിട്ടുണ്ട്.

മി. സ്പീക്കർ: യെസ്....പ്ലീസ്...പ്ലീസ്.....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അദ്ദേഹം സ്റ്റാറ്റ്യൂട്ടറി പെൻഷനെക്കുറിച്ച് വളരെ വിശദമായി ഇവിടെ പറഞ്ഞു. സ്റ്റാറ്റ്യൂട്ടറി പെൻഷനെ സംബന്ധിച്ച് കോടതിയിൽപ്പോയി സർക്കാർ എന്തോ പറഞ്ഞുവെന്നാണ്. സ്റ്റാറ്റ്യൂട്ടറി പെൻഷൻ പൗരന്റെ അവകാശമല്ല. അത് ഭരണഘടനയിൽ ഡയറക്ടീവ് പ്രിൻസിപ്പിൾസിനകത്ത് വരുന്നതാണ്. ആർട്ടിക്കിൾ 41 അനുസരിച്ച് ക്ഷേമപെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാർ നടത്തണമെന്ന ഡയറക്ഷനുണ്ട്. അത് ഡയറക്ടീവ് പ്രിൻസിപ്പിൾസാണ്. അതനുസരിച്ചാണ് സർക്കാരിന്റെ

സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിൽ കൊടുക്കേണ്ടത്. സ്റ്റാറ്റ്യൂട്ടറി പെൻഷൻ എന്നുപറയുമ്പോൾ നിർബന്ധമായി കൊടുക്കേണ്ട ഒരു പെൻഷനല്ല. പക്ഷേ അത് കൃത്യമായി ഈ ഗവൺമെന്റ് കൊടുക്കുകയാണ്. സ്റ്റാറ്റ്യൂട്ടറി പെൻഷനുണ്ടായിരുന്ന ഇന്ത്യയിലെ ജീവനക്കാർക്കുവേണ്ടി ഇപ്പോൾ നിങ്ങൾ കരയുന്നുണ്ടല്ലോ; ഇന്നലെ വലിയ മാർച്ചുണ്ടായിരുന്നല്ലോ? സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഇന്ത്യയിൽ നിർത്തലാക്കിയതാരാണ്? ശ്രീ. മൻമോഹൻസിംഗ് എന്ന നേതാവിനെ നിങ്ങൾ ഓർക്കുമല്ലോ? ആ ഗവൺമെന്റിന്റെ കാലത്താണല്ലോ ഈ സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിർത്തിയത്. കേരളത്തിൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോഴാണല്ലോ ഇവിടത്തെ ജീവനക്കാരെല്ലാംകൂടി രംഗത്തേയ്ക്ക് വരേണ്ടിവന്നത്. ഇന്ത്യയിലാകെ പി.എസ്.സി. വഴി നിയമനം നടത്തുന്നതിൽ 60 ശതമാനത്തിലധികം കേരളത്തിൽ മാത്രമാണെന്ന് കണക്കുകൾ കാണിക്കുകയല്ലേ? സ്റ്റാറ്റ്യൂട്ടറി പെൻഷനും മറ്റെല്ലാ പെൻഷനും നിർത്തിയ ആളുകൾ സ്റ്റാറ്റ്യൂട്ടറി പെൻഷനെക്കുറിച്ച് ഇവിടെ വാചാലമായി പറയുകയാണ്. ഞങ്ങൾ ഈ പെൻഷൻ കൊടുക്കുമെന്ന് കോടതിയിൽ

പറഞ്ഞു. കോടതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നിർബന്ധമായി കൊടുക്കാമെന്ന് പറയുന്നതല്ല. ഗവൺമെന്റ് തീരുമാനിച്ച് ഡയറക്ടീവ് പ്രിൻസിപ്പിൾസ് അനുസരിച്ച് കൊടുക്കുന്നതാണ്. ഇവിടെ ഞങ്ങൾ പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങളൊക്കെ പാലിക്കാൻവേണ്ടിയാണ് പറഞ്ഞത്. ബഹുമാനപ്പെട്ട അംഗം രണ്ട് രൂപയുടെ കാര്യം ഇവിടെ പറഞ്ഞല്ലോ; ഞങ്ങളന്ന് പറഞ്ഞതെന്താണ്? 2023-24 ബജറ്റിലെ 561-ാമത്തെ പാരഗ്രാഫിൽ സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ടിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇങ്ങനെ പോയാൽ ബാധ്യത ഏകദേശം 11000 കോടി രൂപ വരുമെന്നും അതുകൊണ്ട് ഈ കടമ തുടർന്ന് നിർവ്വഹിക്കുന്നതിനായി സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ട് മുഖേന കുറച്ചധികം വിഭവ സമാഹരണം നടത്താനുദ്ദേശിക്കുന്നുവെന്നും പറഞ്ഞിട്ടുണ്ട്. 1000 കോടി രൂപയ്ക്കടുത്താണ് അതിൽ വരിക. 1000 കോടി എന്നുപറഞ്ഞാൽ ഏകദേശം ചെലവ് വരുമ്പോൾ ഒരു മാസത്തെ ചെലവിലധികം വരില്ല. അന്ന് കേരളത്തിൽ എന്തൊരു പുകിലായിരുന്നു. എത്ര രൂപയാണ് ഞങ്ങൾ കളക്ട് ചെയ്തതെന്ന ചോദ്യമുണ്ടായിരുന്നു. അതിന് മറുപടിയും നൽകിയിട്ടുണ്ട്. ആയിരത്തി

ചില്വാനം കോടി രൂപ കളക്ട് ചെയ്തിട്ടുണ്ട്. അതെല്ലാം കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് വന്നിട്ട് അതിൽനിന്ന് കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ സഭയിൽ ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് ഇത്രയും വലിയ ബഹളം ഉണ്ടാക്കിയല്ലോ. പെട്രോളിനും ഡീസലിനും മൂന്ന് രൂപയും മൂന്നര രൂപയും കർണ്ണാടക രണ്ടുദിവസംമുമ്പ് കൂട്ടിയിട്ടുണ്ട്. കേരളത്തിലെ മിക്കവാറും പത്രങ്ങളിലൊന്നും ഈ വാർത്ത വന്നില്ല

(ബഹളം...... )

മി.സ്പീക്കർ: പ്ലീസ്....പ്ലീസ്........

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ കൂട്ടിയ കാര്യമേ പറയുന്നുള്ളൂ. കർണ്ണാടക എന്നുപറയുമ്പോൾ ചാടുന്നതെന്തിനാ? കർണ്ണാടകത്തിലെ കാര്യം പറയുമ്പോൾ ചാടിതുള്ളേണ്ട കാര്യമില്ല. മൂന്നര രൂപയും മൂന്ന് രൂപയും കർണ്ണാടകത്തിൽ മിനിഞ്ഞാന്ന് കൂട്ടിയില്ലേ? കേരളത്തിലെ മലയാള മനോരമ അടക്കമുള്ള പ്രമുഖ പത്രങ്ങളിലൊന്നും അതിന്റെ വാർത്ത കണ്ടില്ലല്ലോ.

ശ്രീ. റോജി എം. ജോൺ: സർ, പെട്രോളിന്റെയും ഡീസലിന്റെയും ഇപ്പോഴത്തെ വില പറയാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ ചർച്ചയുടെ ഭാഗമായി രാഷ്ട്രീയം പറഞ്ഞ് ആർഭാടത്തിലേയ്ക്ക് എത്താൻ വേണ്ടിയാണ് പിന്നീട് നോക്കിയത്. എന്തായിരുന്നു ഇവിടെ നവകേരള സദസ്സിന്റെ സമയത്തുണ്ടായ ചർച്ചകൾ? നമ്മുടെ ഗതാഗതവകുപ്പ് മന്ത്രി ആ വണ്ടി refurbish ചെയ്ത് റൂട്ട് ഓടിക്കുകയാണ്. സാധാരണ ഒരു ടൂറിസ്റ്റ് ബസിന്റെ അല്ലെങ്കിൽ എ.സി. ബസ്സിന്റെ അത്രയും സൗകര്യമില്ലാത്ത ഒരു ബസ്സിനെ സംബന്ധിച്ച് എന്തൊക്കെയായിരുന്നു അന്ന് പറഞ്ഞത്? ആദ്യത്തെ ദിവസം ആ ബസ്സ് കാണാൻ പത്രക്കാർ കയറിയല്ലോ; നിങ്ങൾ സഹകരിക്കേണ്ടെന്ന് തീരുമാനിച്ചതുകൊണ്ട് അത് കാണാൻ കഴിഞ്ഞില്ല. ആ ബസ്സിനകത്ത് ഒരു ബോയിംഗ് വിമാനത്തിനകത്തുള്ള എല്ലാ ആധുനിക സൗകര്യങ്ങളും ഒരുക്കിയെന്നൊക്കെയല്ലേ പറഞ്ഞത്? അത് സാധാരണ റൂട്ട് ബസ്സായി ഓടുന്ന ബസ്സാണ്. ക്ലിഫ് ഹൗസിലെ അറ്റകുറ്റപ്പണിയെക്കുറിച്ച് ആർഭാടം എന്നൊക്കെ ഇവിടെ എപ്പോഴും പറയുന്നുണ്ട്. എന്ത്

ആർഭാടമാണ്? കേരളത്തിൽ ക്യാബിനറ്റ് പദവി എത്രപേർക്കുണ്ട്? അതിൽ പ്രതിപക്ഷനേതാവ്, മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർ തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? സൗകര്യത്തിന്റെ കാര്യത്തിലോ സ്റ്റാഫിന്റെ കാര്യത്തിലോ, വണ്ടിയുടെ കാര്യത്തിലോ നമുക്കിവിടെ വ്യത്യാസമില്ല. എന്നാൽ കർണ്ണാടകത്തിന്റെ കാര്യം പറയുമ്പോൾ വീണ്ടും ബഹളം വയ്ക്കരുത്. കർണ്ണാടകത്തിൽ ഇപ്പോൾ ഒരു ഗവൺമെന്റുണ്ടായിട്ടുണ്ട്. അവിടത്തെ എത്രപേർക്കാണ് ക്യാബിനറ്റ് പദവിയെന്ന് അറിയുമോ? 90 പേർക്കാണ് ക്യാബിനറ്റ് പദവി. അവിടത്തെ പ്രമുഖരായ നേതാക്കന്മാർക്ക് ചികിത്സ ചെയ്യുന്ന ഡോക്ടർമാർക്കുവരെ ക്യാബിനറ്റ് പദവിയാണ്. (....ബഹളം....) അതിനുള്ള സെക്യൂരിറ്റിയും സൗകര്യവും കൊടുക്കുകയാണ്. തൊട്ടപ്പുറത്തെ കാര്യങ്ങളിൽ ഇടപെടുന്നവരാണല്ലോ നിങ്ങൾ? ഇത്തരത്തിൽ ആർഭാടത്തിന്റെ കാര്യങ്ങൾ പറയുന്ന നിങ്ങൾ 90 പേർക്ക് ക്യാബിനറ്റ് പദവി കൊടുത്തല്ലോ? ഈ തിരഞ്ഞെടുപ്പിലെ പരാജയമുൾപ്പെടെയുള്ള കാര്യങ്ങൾ വളരെ വിനയത്തോടുകൂടി ഞങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചു. അത് മനസ്സിലാക്കി അതിനനുസരിച്ച് തിരുത്തുകയാണ്. ഞങ്ങൾ മൂന്ന്

ദിവസം സംസ്ഥാന കമ്മിറ്റി കൂടും. ഞങ്ങളുടെ മറ്റ് മുന്നണി കക്ഷികളൊക്കെ കമ്മിറ്റി കൂടും, നല്ല വിമർശനങ്ങൾ കേൾക്കും. അതതു കാര്യങ്ങൾ ചെയ്യണം, അതെല്ലാം ഞങ്ങൾ കേൾക്കും. ഞങ്ങൾ സംസാരിക്കുന്നത് മോശം; പറയുന്നത് മോശം, മുഖ്യമന്ത്രി അങ്ങനെ പറയുന്നു, ബാക്കിയുള്ളവർ ഇങ്ങനെ പറയുന്നു എന്നൊക്കെ നിങ്ങൾ പറയുന്നു. ഇന്നത്തെ മലയാള മനോരമ പത്രം എന്റെ കയ്യിലുണ്ട്. എങ്ങനെയാണ് നിങ്ങളിതിനെ കാണുന്നതെന്നതിന്റെ ഉദാഹരണമാണ് അതിലുള്ളത്. മലയാള മനോരമ പത്രത്തിലെ 9-ാം പേജിൽ കെ.പി.സി.സി. പ്രസിഡന്റിന്റെ ഒരു സ്റ്റേറ്റ്മെന്റാണ്. ' നേർക്കാഴ്ച ' - "കോൺഗ്രസ് ഓഫീസിൽ ബോംബ് കണ്ടെന്ന് പറയാൻ പിണറായി വിജയന് ആണത്തമുണ്ടോ? അവൻ വെട്ടിക്കൊന്ന ആളെത്രയാണ്? വെടിവച്ചുകൊന്നവരെത്രയാണ്" കേരളത്തിന്റെ കെ.പി.സി.സി. പ്രസിഡന്റിന്റെ ഭാഷയാണ്. ഞാൻ പറഞ്ഞതല്ല, മനോരമ പത്രത്തിൽ വന്ന വാർത്ത ഞാൻ വായിക്കുകയാണ്. കേരളത്തിലെ മുഖ്യമന്ത്രിയെക്കുറിച്ച് 'അവൻ വെട്ടിക്കൊന്ന ആളെത്രയാണ് വെടിവച്ചുകൊന്ന ആളെത്രയാണ് ' എന്ന് ചോദിക്കുന്ന കെ.പി.സി.സി. പ്രസിഡന്റ്. 'കൊല്ലുന്ന രാജാവിന്

തിന്നുന്ന മന്ത്രി' എന്ന രീതിയാണ് നിങ്ങൾക്ക്. നിങ്ങൾ ഇതാണ് കാണുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെയൊക്കെ അദ്ദേഹം അഭിസംബോധന ചെയ്ത രീതി വച്ചുനോക്കുമ്പോൾ ഇതൊക്കെ വലിയ കാര്യമാണെന്ന് ഞാൻ കരുതുന്നില്ല. നിങ്ങളാണല്ലോ സംസ്കാരത്തെപ്പറ്റി പറയുന്നത്. നിങ്ങൾ രാഷ്ട്രീയത്തെക്കുറിച്ച് പറഞ്ഞല്ലോ; രാഷ്ട്രീയം പറയാം. കേരളത്തിലെ പാവപ്പെട്ട ആളുകൾക്ക് പെൻഷൻ കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് കേന്ദ്രം എടുക്കുന്ന നിലപാടുകൾക്കെതിരെ നിൽക്കാൻ നിങ്ങൾക്ക് സാധിക്കുന്നുണ്ടോ? ഇത് സമീപനത്തിന്റെ പ്രശ്നമാണ്. കേരളത്തിൽ പെൻഷൻ കമ്പനിയുണ്ടാക്കി. അതിനെ തകർത്തു. കിഫ്ബിയെ തകർത്തു. ഇതെല്ലാം ചെയ്ത് ശ്വാസംമുട്ടിച്ചുകൊണ്ടിരിക്കുകയാണ്. പണം കടമെടുക്കാൻപോലും അനുവദിക്കാത്ത നിലപാട് കേന്ദ്ര ഗവൺമെന്റ് എടുക്കുമ്പോൾ ആ നിലപാടിനെതിരായി അതിശക്തമായിട്ടുള്ള ഒരു സമീപനം കേരളം സംയുക്തമായെടുക്കണം. തിരഞ്ഞെടുപ്പ് കഴിഞ്ഞു, നിങ്ങൾ പറയാനുള്ളത് പറഞ്ഞു, തിരഞ്ഞെടുപ്പിൽ കൂടുതൽ വോട്ടുകൾ നിങ്ങൾക്ക് കിട്ടി. നിങ്ങൾ

ജയിച്ചു. ആകെ അതിനകത്ത് വിഷമമുണ്ടായിരുന്നത് ശ്രീ. കെ. മുരളീധരന് മാത്രമെയുള്ളൂ. അത് നിങ്ങളുടെ തിരഞ്ഞെടുപ്പ് സോഷ്യൽ എഞ്ചിനീയറിംഗിന്റെയും ഇലക്ടറൽ ടാക്റ്റിക്സിന്റെയുമൊക്കെ ഭാഗമാണ്. അതൊക്കെ നിങ്ങൾ ചർച്ച ചെയ്യുക. എന്തായാലും തിരഞ്ഞെടുപ്പ് കഴിഞ്ഞു. തിരഞ്ഞെടുപ്പ് കഴിഞ്ഞ സാഹചര്യത്തിൽ ഇനി കേരളത്തിന്റെ കാര്യത്തിൽ താൽപ്പര്യത്തോടുകൂടി ഇടപെടണം. കേന്ദ്രത്തിൽ പുതിയ ഗവൺമെന്റ് വന്നു. പുതിയ ഗവൺമെന്റ് എന്നുപറയുമ്പോൾ പഴയ സംവിധാനം തന്നെയാണെങ്കിലും ഒരു കൂട്ടുകക്ഷി ഗവൺമെന്റാണ്. കുറച്ച് എം.പി.-മാർ ഇന്ത്യാ മുന്നണി എന്ന നിലയിൽ ആ മുന്നണിയിലുണ്ട്. അവിടെ കുറച്ച് കാര്യങ്ങളിൽ ഇടപെട്ട് കേരളത്തിന് കിട്ടാനുള്ള പണം വാങ്ങിയെടുക്കാനുള്ള നിലപാട് സ്വീകരിക്കണം. അത് കിട്ടിയില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തിന് അർഹമായിട്ടുള്ള വികസന കാര്യങ്ങളും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും നടത്താൻ കഴിയില്ല. നമ്മൾ ഇവിടെ ചെയ്യുന്നുണ്ട്. ഇവിടെ ഇരിക്കുന്ന ഗവൺമെന്റിനെ വീണ്ടും ശ്വാസംമുട്ടിക്കുന്നതുകൊണ്ട് കാര്യമില്ല. ഇത് മേടിച്ചെടുക്കാനുള്ള ശ്രമം നടത്തണം. എന്തായാലും സാമൂഹ്യക്ഷേമ പെൻഷൻ

സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നിലപാട് വളരെ കൃത്യമാണ്. ഈ മാസത്തെ പെൻഷനുൾപ്പെടെ നിലവിൽ അഞ്ചുമാസത്തെ ക്ഷേമ പെൻഷൻ കുടിശ്ശിക നൽകാനുണ്ടെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നു. കഴിഞ്ഞ ഏപ്രിൽ മുതലുള്ള 8000 രൂപ പെൻഷൻകാർക്ക് കൃത്യമായിത്തന്നെ കൊടുക്കും. ബാക്കി കാര്യങ്ങളെല്ലാം കൃത്യമായി ചെയ്ത് മുന്നോട്ടുപോകാനാണ് സർക്കാർ ആലോചിക്കുന്നത്. എല്ലാ മേഖലയിലും നമുക്ക് മുന്നോട്ടുപോകാൻ കഴിയുമെന്നുതന്നെയാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. കാരണം ഫിസ്കൽ കൺസോളിഡേഷന്റെ കാര്യത്തിൽ കേരളം മെച്ചപ്പെട്ടിട്ടുണ്ടെന്ന കാര്യം ഞാൻ ആവർത്തിക്കുന്നില്ല. എങ്കിലും മലയാള മനോരമ പത്രം പ്രസിദ്ധീകരിച്ച സെന്റർ-സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻഷിപ് എന്ന ലേഖനത്തിൽ How Centre throttled Kerala and how FM Balagopal's response heaped more burden എന്ന് പറഞ്ഞ് സി ആൻഡ് എ.ജി.യുടെ റിപ്പോർട്ട് അടക്കം പ്രസിദ്ധീകരിച്ചിരുന്നു. കഴിഞ്ഞ വർഷം കിട്ടിക്കൊണ്ടിരുന്ന ഗ്രാന്റിനേക്കാൾ 15,000 കോടി രൂപയുടെ വെട്ടിക്കുറവാണ് വരുത്തിയിട്ടുള്ളത്. കേരളം ഫിനാൻഷ്യൽ കാര്യങ്ങളിൽ കുറെ പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് കഴിഞ്ഞ മേയ് 18-ന് മലയാള മനോരമ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. നമ്മുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്, അതെല്ലാം വച്ചുകൊണ്ട്

സർക്കാർ മുന്നോട്ടുപോകും. ഏതായാലും ക്ഷേമ പദ്ധതികളുടെ കാര്യത്തിൽ ഒരാശങ്കയും വേണ്ട. പാവപ്പെട്ട ജനങ്ങളെ ആശങ്ക തീറ്റിച്ച് അതിന്റെ പേരിൽ വോട്ട് നേടാനുള്ള രാഷ്ട്രീയത്തിന്റെ ഭാഗമായുള്ളതാണ് ഈ പ്രമേയം. ക്ഷേമ പെൻഷനുൾപ്പെടെ കൃത്യമായി കൊടുക്കുമെന്നതടക്കം എൽ.ഡി.എഫ്. പറഞ്ഞ കാര്യങ്ങളെല്ലാം നടപ്പാക്കുകതന്നെ ചെയ്യും. അതുകൊണ്ട് ഈ അടിയന്തര പ്രമേയത്തിന് അനുമതി നൽകേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സാധാരണ വളരെ സൗമ്യമായി മറുപടി പറയാറുള്ള ധനകാര്യവകുപ്പുമന്ത്രി ഇന്ന് ഇത്രയും പ്രകോപിതനായി സംസാരിക്കാനുണ്ടായ കാരണമെന്തെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ശ്രീ. പി. സി. വിഷ്ണുനാഥ് നിങ്ങളുടെ ഗവൺമെന്റിനുമുന്നിൽ ചോദിച്ച ചോദ്യത്തിനുള്ള മറുപടി ഉദ്ധരിച്ചുകൊണ്ട്

അദ്ദേഹം നൽകിയ വിവരങ്ങൾ കേട്ട് എന്തിനാണ് അങ്ങ് പ്രകോപിതനാകുന്നത്? അങ്ങ് പറഞ്ഞ ഒന്നാമത്തെ കാര്യം, ഈ വിഷയം ഒരു അടിയന്തര സ്വഭാവവുമുള്ളതല്ലെന്നാണ്. രണ്ട്, പ്രതിപക്ഷം മുതലക്കണ്ണീർ പൊഴിക്കുകയാണ്. മൂന്ന്, ആത്മാർത്ഥതയില്ല എന്നൊക്കെയാണ്. ഞങ്ങളുടെ ആത്മാർത്ഥത അളക്കുന്നതിനുള്ള അളവുകോൽ അങ്ങയുടെ കൈയിലുണ്ടോയെന്ന് ഞങ്ങൾക്കറിയില്ല. പക്ഷെ, വിഷയം ലളിതമല്ല വളരെ സങ്കീർണ്ണമാണ്. 6 മാസത്തെ ക്ഷേമപെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും കുടിശ്ശികയായിരിക്കുകയാണ്. മന്ത്രിയുടെ കണക്കനുസരിച്ച് 62 ലക്ഷം പേർക്കും ഗവൺമെന്റ് ഉത്തരവനുസരിച്ച് 48 ലക്ഷം പേർക്കുമാണ് പെൻഷൻ നൽകാനുള്ളത്. കൂടാതെ ഭിന്നശേഷിക്കാരും വിധവകളും വൃദ്ധരും ഏറ്റവും പാവപ്പെട്ടവരും അഗതികളുമായിട്ടുള്ള 55 ലക്ഷം പേർക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകാനുണ്ട്. ഈ പെൻഷനെ ആശ്രയിച്ച് മരുന്ന് വാങ്ങാൻ കാത്തിരിക്കുന്നവർക്ക് നിങ്ങളുടെ സർക്കാർ ആറ് മാസത്തെ കുടിശ്ശിക വരുത്തിയിരിക്കുന്നു. ഇപ്പോൾ അങ്ങ് വളരെ തന്ത്രപൂർവ്വം പറഞ്ഞു - ഈ മാസംമുതൽ എല്ലാം കൊടുത്തുതുടങ്ങിയെന്ന്.

ഇതുമായി ബന്ധപ്പെട്ട് മുമ്പ് സർക്കാരിന്റെ ഉത്തരവ് ഇറങ്ങിയിരുന്നതെങ്ങനെയാണ്? 2023-ലെ ഉത്തരവിൽ പറയുന്നത് ജൂലൈ മാസത്തെ ക്ഷേമനിധി ബോർഡ് പെൻഷൻ ആനുകൂല്യം അനുവദിക്കുന്നു; ആഗസ്റ്റ് മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നു എന്നൊക്കെയാണ്. ഇപ്പോൾ ആ ഉത്തരവിൽ മാറ്റം വന്നു. ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷന്റെ ഉത്തരവിൽ ഏത് മാസത്തെ പെൻഷനാണെന്ന് വ്യക്തമായി പറയുന്നില്ല. ഇപ്പോൾ പറയുന്നത് മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ പെൻഷൻ കൊടുത്തുവെന്നാണ്. യഥാർത്ഥത്തിൽ കൊടുത്തത് 2023 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ കൊടുക്കാനുള്ള കുടിശ്ശികയായിരുന്നു. ഏതാണ്ട് 6 മാസത്തെ പെൻഷൻ ഇനി ഒരിക്കലും കിട്ടില്ലെന്ന രീതിയിലാണ് ഇതുവരെ ഇറങ്ങാത്ത രീതിയിൽ സർക്കാർ ഉത്തരവ് ഇറക്കിയിരിക്കുന്നത്. ഏത് മാസത്തെ പെൻഷനാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കിക്കൊണ്ടാണ് സാധാരണ പെൻഷൻ ഉത്തരവുകൾ ഇറക്കാറുള്ളത്. കഴിഞ്ഞ രണ്ട് പ്രാവശ്യമായി വളരെ കൗശലത്തോടെ ഏത് മാസത്തെ പെൻഷനാണെന്ന് വ്യക്തമാക്കാതെ ഒരു

മാസത്തെ പെൻഷനെന്ന് പറഞ്ഞാണ് ഉത്തരവിറക്കുന്നത്. ഇങ്ങനെ ചെയ്യുന്നത് ആരെ കബളിപ്പിക്കാനാണ്? ഈ പാവപ്പെട്ട, ഏറ്റവും സാധാരണക്കാരായ മനുഷ്യരെ പറ്റിക്കുന്നതിനാണോ? കുടിശ്ശിക നൽകാതിരിക്കാനുള്ള കൗശലപൂർവ്വമായ നീക്കമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. 6 മാസത്തെ 900 കോടി രൂപയുൾപ്പെടെ 5400 കോടി രൂപ ഈ പാവങ്ങൾക്ക് കിട്ടാനുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 5 മാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കിയാൽ പിന്നെ കുടിശ്ശികയില്ലെന്ന് എങ്ങനെയാണ് പറയുന്നത്? 5 മാസത്തെ കുടിശ്ശികയുണ്ടെന്ന് ഞാൻ വ്യക്തമാക്കിയിട്ടുള്ളതാണ്. ആ കുടിശ്ശിക കൊടുത്തുതീർക്കുമെന്നാണ് പറഞ്ഞത്. 5 മാസത്തെ കുടിശ്ശികയൊന്നുമില്ലെന്ന് പറഞ്ഞാലെ പ്രശ്നമുള്ളൂ. അഞ്ചുമാസത്തെ കുടിശ്ശിക നൽകാനുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, പിന്നെ എന്തിനാണ് ഇങ്ങനെയൊരു സർക്കാർ ഉത്തരവ് ഇറക്കുന്നത്? സർക്കാർ പെൻഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളിറക്കുമ്പോൾ ആ പ്രത്യേക മാസത്തിന്റെ പേര്

വ്യക്തമാക്കിക്കൊണ്ടാണ് ഇറക്കുന്നത്. അതുകൊണ്ടാണ് കഴിഞ്ഞവർഷം ഇറക്കിയ മൂന്ന് തവണത്തെ ഉത്തരവുകൾ ഞാൻ വായിച്ചത്. ഈ പ്രാവശ്യത്തെ ഉത്തരവ് മാറ്റി ഒരു മാസത്തെയെന്നാക്കി. എന്നിട്ട് ഇപ്പോൾ പെൻഷൻ കൃത്യമായി കൊടുക്കുന്നുവെന്ന് വരുത്തിത്തീർക്കാനുള്ള ഒരു നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. അങ്ങ് ചോദിച്ച എന്തിന്റെ അടിസ്ഥാനത്തിലാണ് നിയമസഭയിൽ പറഞ്ഞതെന്ന്. ശ്രീ. പി. സി. വിഷ്ണുനാഥ് സഭയിൽ പറഞ്ഞത് മുഴുവൻ രേഖകളുടെ അടിസ്ഥാനത്തിലാണ്. 18 മാസത്തെ പെൻഷൻ കൊടുക്കാനുണ്ടെന്ന് നിങ്ങൾ പറഞ്ഞു. ഇവിടെ മുൻധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് ഇറക്കിയ ഔദ്യോഗിക ധവള പത്രം വായിച്ചിരുന്നുവല്ലോ, ഈ സഭയുടെ മേശപ്പുറത്തുവച്ച ധവളപത്രം. സാമൂഹ്യ സുരക്ഷാ പെൻഷൻ, അടിയന്തരമായി കൊടുത്തുതീർക്കേണ്ട മൂന്ന് മാസത്തെ ബാധ്യത 806 കോടി രൂപയായിരുന്നു. അതായത് 2014 നവംബർ, ഡിസംബർ, 2015 ജനുവരി എന്നീ മാസങ്ങളിലേതായിരുന്നു ഈ കുടിശ്ശിക. ഇനി മറ്റെന്തെങ്കിലും സംശയമുണ്ടെങ്കിൽ ഡോ. ടി. എം. തോമസ് ഐസക് തന്നെ 2017-ൽ

ശ്രീ. എം. സ്വരാജിന്റെ ചോദ്യത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ചോദ്യം, ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ക്ഷേമ പെൻഷനുകളിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടായിരുന്നുവെന്ന് തരംതിരിച്ച് അറിയിക്കാമോ എന്നായിരുന്നു. ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 2014 നവംബർ മുതൽ 2015 ജനുവരി വരെയുള്ള വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയ പെൻഷനുകൾ കുടിശ്ശികയായി നൽകാനുണ്ടായിരുന്നു. അതിനുള്ള കാരണം പറയുന്നത്, 2015 ഫെബ്രുവരി മുതലുള്ള തുക ഗുണഭോക്താക്കൾക്ക് ഡി.ബി.റ്റി. (Direct Benefit Transfer) സംവിധാനത്തിൽ വിതരണം ചെയ്തുവരികയായിരുന്നുവെന്നാണ്. ഡി.ബി.റ്റി. സംവിധാനത്തിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്താത്തതുമൂലവും തെറ്റായ രേഖപ്പെടുത്തലുകൾ, ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ തുടങ്ങിയ കാരണങ്ങളാൽ വിതരണം ചെയ്ത തുക ലഭിക്കാതെ വന്നതുമൂലവും കുടിശ്ശികയുണ്ടായിട്ടുണ്ട് എന്നാണ്. ഈ സഭയിൽ മുൻ ധനകാര്യ വകുപ്പുമന്ത്രി നൽകിയ ഉത്തരമാണിത്. എന്നിട്ട് ഉമ്മൻ ചാണ്ടി

സർക്കാരിന്റെ കാലത്ത് പതിനെട്ട് മാസത്തെ ക്ഷേമ പെൻഷൻ കുടിശ്ശിക നൽകാനുണ്ടായിരുന്നുവെന്ന് പറഞ്ഞത് എന്തിന്റെ അടിസ്ഥാനത്തിലാണ്? ബഹുമാനപ്പെട്ട ചെയർ അറിയണം. ഈ സഭയിൽ ധനകാര്യ വകുപ്പുമന്ത്രി നൽകിയ രേഖയുടെ അടിസ്ഥാനത്തിലാണ് സംസാരിച്ചത്. പിന്നെ ഞങ്ങളുടെ സർക്കാരിന്റെ കാലത്ത് പെൻഷനുണ്ടായിരുന്നു. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് 16 ലക്ഷം പേർക്ക് പെൻഷനുണ്ടായിരുന്നു. ഓരോ സർക്കാരുകൾ അധികാരത്തിൽ വരുമ്പോൾ പെൻഷൻകാരുടെ എണ്ണത്തിലും പെൻഷൻ തുകയിലും വർദ്ധനയുണ്ടാകാറുണ്ട്. പണ്ട് പെൻഷൻ തുകയായി നൽകിയിരുന്നത് 100 രൂപയായിരുന്നു. ആ കാലത്ത് 100 രൂപയ്ക്ക് വലിയ വിലയുണ്ടായിരുന്നു. 2011-ൽ ഞങ്ങളുടെ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് 16 ലക്ഷം പേർക്കാണ് പെൻഷൻ നൽകിയിരുന്നതെങ്കിൽ ആ സർക്കാർ അധികാരമൊഴിഞ്ഞപ്പോൾ 34 ലക്ഷം പേർക്ക് പെൻഷൻ അനുവദിച്ചു. നിങ്ങളുടെ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പെൻഷൻ തുക വർദ്ധിപ്പിച്ചു. എന്നാൽ ക്ഷേമനിധിയിലേയ്ക്ക് അംശദായം അടച്ചിട്ടുള്ള

ക്ഷേമനിധി പെൻഷനും ഈ പെൻഷനുംകൂടി ഒരുമിച്ച് വാങ്ങാൻ കഴിയില്ലെന്ന് പറഞ്ഞു. അങ്ങ് ഇപ്പോൾ വ്യക്തമാക്കിയത് രണ്ടു പെൻഷനുകളും തുടരുമെന്നാണ്. അങ്ങ് എന്തിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ പറഞ്ഞത്? ഡോ. ടി. എം. തോമസ് ഐസക്കിന്റെ ഉത്തരവ് വായിക്കാം. 'സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും ഇരട്ടിയാക്കിയ സാഹചര്യത്തിൽ പുതിയ അപേക്ഷകനായ ഒരാൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനോ ക്ഷേമനിധി ബോർഡ് പെൻഷനോ ഏതെങ്കിലും ഒന്നിനുമാത്രമെ അർഹതയുണ്ടായിരിക്കുകയുള്ളൂ. രണ്ട്, ഒരാൾക്ക് ഒരു പെൻഷന് മാത്രമെ അർഹതയുള്ളൂവെന്നതിനാൽ ഇത്തരത്തിൽ ബോർഡ് പെൻഷൻ അനുവദിക്കുന്ന അവസരത്തിൽ ഗുണഭോക്താവ് നിലവിൽ വാങ്ങിവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ആ സമയംതന്നെ സസ്പെന്റ് ചെയ്യപ്പെടുന്നതാണ്''. എന്നിട്ട് എന്തിന്റെ അടിസ്ഥാനത്തിലാണ് നിയമസഭയിൽ ഒരു ധനകാര്യവകുപ്പുമന്ത്രി ഇങ്ങനെ സംസാരിക്കുന്നത്? ഗവൺമെന്റ് ഉത്തരവിനെതിരായിട്ടാണ് അങ്ങ് സംസാരിച്ചത്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സമാധാനത്തോടെയും ഞാൻ രൂക്ഷമായും ക്ഷോഭത്തോടെയുമാണ് സംസാരിക്കുന്നതെന്നത് എല്ലാവരും കണ്ടുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള പ്രാക്ടീസ് എന്തെന്നാൽ, അന്നുവരെയുള്ള ആളുകൾക്ക് 600 രൂപയുടെ പെൻഷൻ ലഭിക്കുന്നുണ്ട്. പുതിയ ആളുകൾക്കാണ് ഇത് ബാധകം. വിവിധ വകുപ്പുകളിലെ കൃത്യമായ കണക്കുകൾ ഞാൻ അടുത്ത ദിവസം തരാം. കശുവണ്ടി തൊഴിലാളി ഉൾപ്പെടെ സാധാരണ പെൻഷൻ വാങ്ങുന്ന എല്ലാവരുടെയും അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് പറഞ്ഞത്. അവർക്ക് ആ പെൻഷൻ ലഭിക്കുന്നുണ്ട്. പുതുതായി വരുന്നവർക്ക് 1600 രൂപയുടെ ക്ഷേമപെൻഷൻ മാത്രമേയുള്ളൂ. അതാണിപ്പോൾ നടന്നുവരുന്നത്. അതിന് മുമ്പുള്ള പെൻഷൻ തുക അതുപോലെ തുടരുന്നുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങനെയല്ല. ആ ഉത്തരവിൽ കൃത്യമായി പറയുന്നതുപ്രകാരം ഒരു പെൻഷന് മാത്രമേ അർഹതയുള്ളൂ എന്നതിനാൽ ഇത്തരത്തിൽ ബോർഡ് പെൻഷൻ അനുവദിക്കുന്ന

അവസരത്തിൽ ഗുണഭോക്താവ് നിലവിൽ വാങ്ങിവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ആ സമയംതന്നെ സസ്പെന്റ് ചെയ്യപ്പെടുമെന്ന് ഗവൺമെന്റ് ഉത്തരവിൽ എഴുതി വച്ചിട്ട് അങ്ങ് ഞങ്ങളോട് ചോദിക്കുകയാണ്, 'എന്തിന്റെ അടിസ്ഥാനത്തിലാണ് നിങ്ങളിവിടെ സഭയിൽ പറയുന്നത്' എന്ന്.

കർണ്ണാടകയിൽ പെട്രോൾ വില കൂടി എന്നിവിടെ പറയുകയുണ്ടായി. ബാംഗ്ലൂരിൽ ഇന്നത്തെ പെട്രോൾ വില എത്രയാണെന്ന് അറിയാമോ; 102.86 രൂപ. കേരളത്തിൽ അത് 107.35 രൂപയാണ്. അവിടെ കൂട്ടിയിട്ടും ഇവിടത്തേതിന്റെ അടുത്തെങ്ങും എത്തിയിട്ടില്ല. പെട്രോളിന്റെയും ഡീസലിന്റെയും സെസ് വർദ്ധിപ്പിക്കുന്നത് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകാനാണെന്നാണ് നിങ്ങൾ ബഡ്ജറ്റിലൂടെ ജനങ്ങളോട് പറഞ്ഞത്. ആ പണം കൺസോളിഡേറ്റഡ് ഫണ്ടിൽ വന്നിട്ടുണ്ടല്ലോ; എന്നിട്ടെന്താണ് ഈ പാവങ്ങൾക്ക് ആ പണം നൽകാതിരുന്നത്? നിങ്ങളാണ് ജനങ്ങളെ കബളിപ്പിച്ചത്. സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകാനാണെന്ന് പറഞ്ഞ് പെട്രോളിന്റെയും ഡീസലിന്റെയും സെസ് വർദ്ധിപ്പിച്ച് നികുതി പിരിച്ചിട്ട്

പ്രസ്തുത പെൻഷൻ നൽകാതെ 6 മാസത്തെ കുടിശ്ശിക വരുത്തിയിരിക്കുകയാണ്.

നിങ്ങളിപ്പോൾ മസ്റ്ററിംഗ് നിർബന്ധമാക്കി. ആയിരക്കണക്കിന് കിടപ്പുരോഗികൾ, എഴുന്നേറ്റ് നടക്കാൻ സാധിക്കാത്ത ആളുകൾ, ഭിന്നശേഷിക്കാരായ ആളുകൾ അവർക്ക് മസ്റ്ററിംഗ് നടത്താൻ പറ്റാതായിരിക്കുന്നു. തിരക്കുകൾമൂലം മസ്റ്ററിംഗ് നടത്തുന്നത് മൂന്നോ നാലോ മാസങ്ങൾ വൈകിയാൽ മസ്റ്ററിംഗ് നടത്താത്ത പിരീഡിലെ പെൻഷൻ ഒഴിവാക്കും. എന്നിട്ട് മസ്റ്ററിംഗ് നടത്തിയ അന്നുമുതലുള്ള പെൻഷൻ നൽകും. അവർ ജീവിച്ചിരിക്കുന്നുണ്ടോയെന്ന് അറിയാൻ വേണ്ടിയാണ് മസ്റ്ററിംഗ് നടത്തുന്നതെന്നാണ് പറയുന്നത്. ഫെബ്രുവരിയിൽ നടത്തേണ്ട മസ്റ്ററിംഗ് ആഗസ്റ്റിലാണ് നടത്തുന്നതെങ്കിൽ ആ ആൾ ജീവിച്ചിരിക്കുന്നുണ്ടല്ലോ; ഫെബ്രുവരിയിൽ മരിച്ചയാൾ ആഗസ്റ്റിൽ ജീവിച്ചവരില്ലല്ലോ; എന്നിട്ട് എന്തുചെയ്യും; ഫെബ്രുവരി മുതൽ ജൂലൈ വരെയുള്ള അവരുടെ പെൻഷൻ റദ്ദ് ചെയ്യും. സർക്കാർ ഉത്തരവാണിത്. തളർന്നു കിടക്കുന്ന പാവങ്ങളോടാണ് നിങ്ങളിത് ചെയ്യുന്നത്. അക്ഷയയിലും മറ്റും പോയി മസ്റ്ററിംഗ് നടത്താൻ

പറ്റാത്തതുകൊണ്ടാണ്. തളർന്നുകിടക്കുന്ന പാവങ്ങളോടാണ് നിങ്ങൾ ജീവിച്ചിരിക്കുന്നതായി നേരത്തെ തെളിവ് തന്നില്ല, വൈകിയാണ് ജീവിച്ചിരിക്കുന്നതായി തെളിവ് തന്നത് എന്ന് പറയുന്നത്. ..... (...ബഹളം...) നിങ്ങളിങ്ങനെ ബഹളമുണ്ടാക്കല്ലെ. നമ്മൾ എല്ലാ ദിവസവും ഇത് കാണുന്നതല്ലേ; ഈ പാവങ്ങൾ വന്ന് മരുന്ന് വാങ്ങാൻ കാശില്ല, ജീവിക്കാൻ നിവൃത്തിയില്ല എന്നൊക്കെ പറയുന്നത് നിങ്ങളും കാണുകയല്ലേ ? ആ പാവങ്ങൾക്കുവേണ്ടി ഇവിടെയല്ലാതെ എവിടെപ്പോയി സംസാരിക്കും. (...ബഹളം...) നിങ്ങൾ പെൻഷൻ കമ്പനിയിൽനിന്ന് പിൻമാറിയാൽ....

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... എല്ലാവരും സീറ്റുകളിൽ ഇരിക്കു.

ശ്രീ. വി. ഡി. സതീശൻ: സർ, എന്താണ് നിങ്ങളുടെ പ്രയോറിറ്റിയെന്ന് ഞങ്ങൾ ഈ നിയമസഭയിൽ ചോദിച്ചിട്ടുണ്ട്. ഈ പാവങ്ങൾക്ക് പെൻഷൻ കൊടുക്കുന്നതാണോ നിങ്ങളുടെ പ്രയോറിറ്റി. നിങ്ങളുടെ മുൻഗണനകൾ എന്താണെന്ന് ഞങ്ങൾ ചോദിച്ചപ്പോഴും നിങ്ങൾ ഇതുപോലെ ബഹളമുണ്ടാക്കി. ഇതുപോലെ ഞങ്ങളെ പരിഹസിച്ചു. പത്രവാർത്തകൾ ശരിയാണെങ്കിൽ 14 ജില്ലാ കമ്മിറ്റികളിലും നിങ്ങളുടെ രണ്ട് പാർട്ടിയുടെയും

പ്രവർത്തകർ ചോദിക്കുന്നുണ്ട് ഇതാണോ നിങ്ങളുടെ പ്രയോറിറ്റി എന്ന്. ചോദിക്കുന്നില്ലേ? ഇനി പത്രവാർത്തകൾ ശരിയല്ലെങ്കിൽ, അങ്ങനെയൊരു ചർച്ചയും നിങ്ങളുടെ കമ്മിറ്റിയിൽ ഇല്ലെങ്കിൽ ഞങ്ങൾക്ക് സന്തോഷം. കാരണം, അതൊന്നും നിങ്ങൾ ചർച്ച ചെയ്യുന്നില്ല. നല്ല കാര്യം. പക്ഷേ, നിങ്ങൾ നിങ്ങളുടെ ഹൃദയത്തോട് ചോദിക്കണം, പ്രതിപക്ഷം ഈ നിയമസഭയിൽ നിങ്ങളുടെ മുഖത്തുനോക്കി ചോദിച്ച ചോദ്യങ്ങളാണ് ജില്ലാ കമ്മിറ്റികളിലും സംസ്ഥാന കമ്മിറ്റിയിൽ മുഖ്യമന്ത്രിയെ ഇരുത്തിക്കൊണ്ടും സാധാരണക്കാരായ രാഷ്ട്രീയ പ്രവർത്തകർ നിങ്ങളുടെ മുഖത്തുനോക്കി ചോദിക്കുന്നത്. നിങ്ങളുടെ മുൻഗണന എന്താണെന്നാണ് കേരളം നിങ്ങളോട് ചോദിക്കുന്നത്. ഇപ്പോഴിവിടെ പറഞ്ഞു, ഞങ്ങൾക്ക് ധാർഷ്ട്യമില്ല, അഹങ്കാരമില്ല എന്നൊക്കെ. കെ.പി.സി.സി. പ്രസിഡന്റിന്റെ കാര്യം ഇവിടെ പറഞ്ഞു. നിങ്ങളുടെ ഒരു ഇടതുപക്ഷ സഹയാത്രികനായിരുന്ന അഭിവന്ദ്യനായൊരു ബിഷപ്പിനെയല്ലേ നിങ്ങളുടെ മുഖ്യമന്ത്രി ഇക്കഴിഞ്ഞ ദിവസം 'വിവരദോഷി' എന്ന് വിളിച്ചത്. .....(...ബഹളം...) ബഹുമാനപ്പെട്ട സ്പീക്കർ ആലോചിക്കണം. കേരളത്തിലെ മുഖ്യമന്ത്രി പല കാലത്തായി

ഉപയോഗിച്ച മൂന്നുനാല് വാക്കുകളുണ്ട്. ഞാനത് ക്വാട്ട് ചെയ്യില്ല. കാരണം, ഞാൻ സംസാരിക്കുന്ന ഒരു വാക്കുപോലും ഈ നിയമസഭാ രേഖകളിൽനിന്ന് നീക്കം ചെയ്യപ്പെടരുതെന്ന് എനിക്ക് നിർബന്ധമുണ്ട്. അതുകൊണ്ട് മുഖ്യമന്ത്രിയെപ്പോലും ഞാൻ ക്വാട്ട് ചെയ്യുന്നില്ല. 'വിവരദോഷി' എന്ന് ആ അഭിവന്ദ്യ പിതാവിനെ വിളിച്ചപ്പോൾ പാവം പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് അല്ലാതെ മുഖ്യമന്ത്രിയെ സംരക്ഷിക്കാൻ നിങ്ങളിലാരെയും കണ്ടില്ലല്ലോ. ശ്രീ. പി. എ. മുഹമ്മദ് റിയാസ് വന്നുപറഞ്ഞു, അത് ശരിയാണ്, അങ്ങനെ വിളിച്ചതിൽ തെറ്റില്ല എന്ന്. ആ പാവം മാത്രമേ ഉണ്ടായിരുന്നുള്ളൂ മുഖ്യമന്ത്രിയെ സംരക്ഷിക്കാൻ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോ മറ്റ് മന്ത്രിമാരോ ആരുംതന്നെ, ഒരു എം.എൽ.എ. പോലും അത് ശരിയാണെന്ന് പറഞ്ഞില്ല. ശ്രീ. പി. എ. മുഹമ്മദ് റിയാസെങ്കിലും ഉണ്ടായത് ഭാഗ്യം. അതുകൊണ്ട് വാക്കുകൾ നമ്മൾ ബഹുമാനത്തോടെയും സൂക്ഷിച്ചുമൊക്കെ പറയുന്നതാണ് എല്ലാവർക്കും നല്ലത് എന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം.

ഒരുകാര്യം കൂടി പറഞ്ഞോട്ടെ. On record ആണ്. ഞങ്ങളുടെ കാലത്ത് 600 രൂപയേ ഉണ്ടായിരുന്നുള്ളൂ പെൻഷൻ എന്നുപറഞ്ഞു. 80 വയസ്സിന് മുകളിൽ വാർദ്ധക്യകാല പെൻഷൻ എത്രയെന്നത് സംബന്ധിച്ച് ശ്രീമതി ഒ. എസ്. അംബികയ്ക്ക് 08-06-2021-ൽ കൊടുത്തൊരു മറുപടിയുണ്ട്. 01-04-2012-ൽ 900 രൂപ, 01-04-2013-ൽ 1100 രൂപ, 01-04-2014-ൽ 1200 രൂപ ഇതെല്ലാംകൂടിയാണ് ഡോ. ടി. എം. തോമസ് ഐസക് ഏകീകരിച്ച് 1000 രൂപയാക്കിയത്. ഇത് നിങ്ങൾ തന്ന മറുപടിയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീമതി ഒ. എസ്. അംബികയുടെ കൈയിൽ ആ മറുപടിയുണ്ട്. അന്നൊക്കെ ഇത് കൊടുത്തിരുന്നു. ഇതൊക്കെ ഓരോ വർഷവും കൂട്ടും. **(...ബഹളം...)**

<u>മി. സ്പീക്കർ</u>: അങ്ങ് ദയവായി കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അവർ ശബ്ദമുണ്ടാക്കുമ്പോൾ ഞാൻ കൺക്ലൂഡ് ചെയ്യണമെന്നാണോ. ശ്രീ. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് 400 രൂപയേ കൊടുത്തിരുന്നുള്ളൂ. അന്ന് അത്രയേ പറ്റുമായിരുന്നുള്ളൂ. അന്നത്തെ രൂപയുടെ മൂല്യം അതാണ്. അത് പിന്നീട്

ഞങ്ങളുടെ കാലത്ത് അറുന്നൂറും ആയിരവുമൊക്കെയാക്കി മാറ്റി. നിങ്ങൾ വന്നപ്പോൾ അത് 1200-ഉം പിന്നെ 1600-ഉം ആക്കി. ഇപ്പോൾ നിങ്ങൾ 3 വർഷം മുമ്പ് ഒരു ഉറപ്പ് കൊടുത്തല്ലോ; നിങ്ങൾ ജനങ്ങളോട് വോട്ട് ചോദിച്ചത് ആ ഉറപ്പ് നൽകിയിട്ടാണ്, നിങ്ങൾ വന്നാൽ പെൻഷൻ തുക 2500 രൂപയാക്കും എന്നുപറഞ്ഞു. എന്നിട്ട് ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പറഞ്ഞതുപോലെ, പെൻഷൻ പണം കൈയിൽ കിട്ടിയ ഒരു പാവം മുത്തശ്ശിയുടെ പല്ലില്ലാത്ത മോണ കാട്ടി ചിരിക്കുന്നൊരു ചിത്രം പരസ്യമാക്കിയാണ് നിങ്ങൾ വോട്ട് തേടിയത്. എന്നിട്ട് നിങ്ങളത് 2500 രൂപയാക്കിയോ; നിങ്ങളെക്കൊണ്ട് പറ്റില്ല. 2500 രൂപ പോയിട്ട് ഉള്ളത് നൽകാൻ പറ്റുന്നില്ല. നിങ്ങളുടെ കൈയിൽ പണമില്ല. നിങ്ങൾക്കത് കൊടുക്കാൻ പറ്റില്ല. ആ വിഷയം ഞങ്ങൾ ഇവിടെ പറയും. കൊടുത്തില്ലെങ്കിൽ ഇനിയും പറയും. ഇനിയും ഞങ്ങൾ ഈ വിഷയം കൊണ്ടുവരും. ഞങ്ങളുടെ ജോലിയാണത്. ഇതുപോലെ പുറകിലിരുന്ന് ബഹളം വച്ചാലൊന്നും ഞങ്ങളത് പറയാതിരിക്കില്ല. പാവങ്ങൾക്കും

സാധാരണക്കാർക്കും വേണ്ടി ഞങ്ങൾ സംസാരിക്കും. അത് ഞങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കും.

ഈ സർക്കാരിന്റേത് നിഷേധാത്മകമായ സമീപനമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് മറുപടി പറയാനൊന്നുമില്ല. തരാൻ പറ്റില്ലെന്ന് പറയാൻ പറ്റാത്തതുകൊണ്ട് കുറേ ബഹളമുണ്ടാക്കിയതാണ്. സർക്കാരിന്റെ നിഷേധാത്മകമായ സമീപനവും സാധാരണക്കാരോടുള്ള അവഗണനയും മുൻഗണനകളില്ലായ്മയും ഇവർ ഇപ്പോഴും തുടരുകയാണ്. അതിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, അടിയന്തര പ്രമേയത്തിലും അതുപോലെതന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തിലും ഞങ്ങൾ ഉദ്ദേശിച്ച പോയിന്റ് ജനങ്ങൾക്ക് വളരെ നന്നായി ബോധ്യപ്പെടുന്ന തരത്തിൽ വന്നുകഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ

മറുപടിയിൽനിന്നും അതുപോലെതന്നെ അപ്പുറത്തുള്ള എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളുടെയും ഇപ്പോൾ കാണുന്ന മുഖഭാവത്തിൽനിന്നുമൊക്കെ കാര്യങ്ങൾ അത്ര പന്തിയല്ലെന്നത് വ്യക്തമാണ്. ഇനി എന്തുചെയ്യും എന്നൊരു ചോദ്യമുണ്ട്. അവിടെയാണ് പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, നിങ്ങളുടെ പ്രയോറിറ്റി സംബന്ധിച്ച് വ്യക്തത വരുത്തേണ്ടത്. സാമ്പത്തിക ബുദ്ധിമുട്ടുണ്ട്, പണമില്ല. അത് എല്ലാ രംഗത്തും ഇന്ന് സംസാര വിഷയമാണ്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ:</u> സർ, സാമ്പത്തിക കാര്യങ്ങളെക്കുറിച്ച് നേരത്തെ ചർച്ച ചെയ്യപ്പോൾ പ്രതിപക്ഷനേതാവിനോടും ഞാൻ ഇക്കാര്യം പറയാൻ ശ്രമിച്ചതാണ്. സംസ്ഥാനത്തിന് ലഭ്യമാകേണ്ട പണം പകുതിയിലധികവും കേന്ദ്രഗവൺമെന്റ് വെട്ടിക്കുറച്ചുവെന്ന വസ്തുത നമ്മൾ എല്ലാവരും അംഗീകരിച്ചതാണ്, അങ്ങും മുൻപ് അക്കാര്യം പറഞ്ഞിട്ടുണ്ട്. തിരഞ്ഞെടുപ്പിന്റെ സമയത്ത് ഈ വിഷയത്തിൽ കേന്ദ്രത്തിനെതിരായി എങ്ങനെ യോജിച്ച് പ്രക്ഷോഭം നടത്തുമെന്ന് അങ്ങ് ചോദിച്ചിരുന്നല്ലോ.

ഇപ്പോഴത്തെ പ്രസംഗത്തിനിടയിൽ പ്രസ്തുത വിഷയത്തിൽ കേന്ദ്രഗവൺമെന്റിനോടുള്ള സമീപനം സംബന്ധിച്ചുകൂടി സൂചിപ്പിക്കണം. സംസ്ഥാനത്തിന് അവകാശപ്പെട്ട വിഹിതം തരാതിരിക്കുന്നത് ശരിയാണോ, അതിനെതിരെ ഭരണ-പ്രതിപക്ഷ കക്ഷികൾ സംയുക്തമായി കൈക്കൊള്ളേണ്ട സമീപനം എന്നിവ സംബന്ധിച്ചും അങ്ങ് അഭിപ്രായം പറയണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ വിഷയത്തെ സംബന്ധിച്ച് എന്റെ അഭിപ്രായം വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് സംസ്ഥാനത്തിന് നൽകേണ്ട സഹായത്തിൽ ഏതെങ്കിലും തരത്തിലുള്ള ചിറ്റമ്മ നയം കാണിക്കുന്നുണ്ടെങ്കിൽ ആ വിഷയത്തിൽ സ്വീകരിക്കേണ്ട നിലപാടുകളെ സംബന്ധിച്ച് ഒരുമിച്ച് സംസാരിക്കാം. എന്നാൽ അതിനുമുമ്പ് എനിക്ക് അങ്ങയോട് ഒരു ചോദ്യം തിരിച്ചുചോദിക്കാനുണ്ട്. നമ്മൾ നിർബന്ധമായും ചെയ്യേണ്ട കുറച്ചു കാര്യങ്ങളുണ്ട്, അത് പ്രതിപക്ഷനേതാവ് സൂചിപ്പിച്ചുകഴിഞ്ഞു. സംസ്ഥാനത്തിന്റെ പ്രയോറിറ്റി എന്തായിരിക്കണം; ആ വിഷയം കാര്യമായി ശ്രദ്ധിക്കണ്ടേ; പണത്തിന് കുറവുണ്ടെന്നത് ശരിയാണ്.

അങ്ങനെ കുറവുണ്ടെങ്കിൽത്തന്നെയും നമ്മുടെ കൈയിലുള്ള പണം എന്തിനൊക്കെ ചെലവഴിക്കണമെന്നതിനെ സംബന്ധിച്ച് അങ്ങേയ്ക്ക് മറുപടിയുണ്ടോ; അതിൽ സ്വീകരിക്കേണ്ട പ്രയോറിറ്റി എന്താണ്? ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്തും ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ കാലത്തും ധവളപത്രം ഇറക്കിയിട്ടുണ്ട്, സാമ്പത്തിക പ്രതിസന്ധിയും ഉണ്ടായിട്ടുണ്ട്. ആവശ്യത്തിന് ഫണ്ട് ഇല്ലാതെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ കഴിയാത്ത ധാരാളം അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അന്നൊക്കെ ഭരണകാര്യങ്ങളിൽ ഇക്കണോമിക് മെഷേഴ്സ് കൊണ്ടുവരാറുണ്ടായിരുന്നു. ഞാൻ വളരെ ലളിതമായ ഒരു ചോദ്യം ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കുകയാണ്, ഭരണത്തിൽ വന്നിട്ട് ഇത്രയും കാലമായിട്ടും ഇക്കണോമിക് മെഷേഴ്സ് സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്? ഉദാഹരണമായി ഞങ്ങളുടെ ഭരണകാലത്ത് മന്ത്രിമാർ യാത്രചെയ്തിരുന്നത് ഇക്കണോമിക് ക്ലാസിൽ മാത്രമായിരുന്നു. ആർക്കെങ്കിലും എപ്പോഴെങ്കിലും ബിസിനസ് ക്ലാസിൽ യാത്ര ചെയ്യണമെങ്കിൽ സ്വന്തം പോക്കറ്റിൽനിന്നും പണം

ചെലവഴിക്കണമായിരുന്നു. ഇത്തരത്തിൽ നിരവധി രംഗത്ത് ചെലവ് ചുരുക്കിക്കൊണ്ട് മുൻഗണന പുനഃക്രമീകരിക്കുമായിരുന്നു. അത്തരത്തിലുള്ള നടപടി സ്വീകരിക്കുന്നതിലൂടെ എത്ര പണം ലാഭിക്കാമെന്ന് എപ്പോഴെങ്കിലും അങ്ങ് കണക്കുകൂട്ടിയിട്ടുണ്ടോ? അത്തരത്തിൽ കുറെയേറെ നടപടികൾ കൈക്കൊള്ളാൻ സാധിക്കുമായിരുന്നു. യാതൊരു ആവശ്യവുമില്ലാത്ത ഒട്ടനവധി കാര്യങ്ങൾക്ക് എത്രമാത്രം പണം ചെലവഴിക്കുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ വികസന പ്രവർത്തനങ്ങളും മുടങ്ങുകയാണ്. റോഡ് നിർമ്മാണം മുടങ്ങുന്നു, കുടിവെള്ള പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യാൻ ഫണ്ടില്ലാത്തതിനാൽ ആ മേഖലയിൽ ധാരാളം പ്രശ്നങ്ങളുണ്ടാകുന്നു, ഇത്തരത്തിൽ ജനജീവിതത്തെ വലിയ രീതിയിൽ ബാധിക്കുന്ന ഒട്ടേറെ വിഷയങ്ങളുണ്ട്. പാവപ്പെട്ട ജനങ്ങൾക്ക് ക്ഷേമപെൻഷൻ മുടങ്ങിയതുമൂലം പ്രത്യക്ഷത്തിലുള്ള ബുദ്ധിമുട്ടുകളെ സംബന്ധിച്ച് മാത്രമാണ് ഇന്നിവിടെ സൂചിപ്പിച്ചത്. അതുമാത്രമാണോ, ഇവർ ആശ്രയിക്കുന്ന ആശുപത്രിയിൽ വരുന്ന ചെലവുകൾ എത്രയധികമാണ്. ഇന്ന് രാവിലെ മുതൽ ചാനലുകളിൽ കാണിച്ചുകൊണ്ടിരിക്കുന്നത് വിലക്കയറ്റത്തെക്കുറിച്ചുള്ള വാർത്തകളാണ്,

അതിന് കാരണങ്ങൾ പലതായിരിക്കാം. പച്ചക്കറി സാധനങ്ങൾ, മത്സ്യ-മാംസാദികൾ തുങ്ങിയവയെല്ലാം ക്രമാതീതമായി വില വർദ്ധിക്കുകയാണ്. ഈ വിഷയങ്ങളെല്ലാം സകലമാന ജനങ്ങളെയും വളരെയധികം ബാധിക്കുന്നതാണ്. കൈയിൽ പണമില്ലെങ്കിൽ അവർ എന്തുചെയ്യും? ഈ ദുഷിച്ച കാലത്ത്, പണം കൈവശമില്ലാത്ത കാലത്ത് നിങ്ങൾ തീർച്ചയായും നിങ്ങളുടെ പ്രയോറിറ്റി പുനഃക്രമീകരിക്കുകയും കുറെയേറെ ഇക്കണോമിക് മെഷേഴ്സ് സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട്. അങ്ങനെ ചെയ്യുന്നതിൽ എന്ത് തടസ്സമാണുള്ളത്; ഫണ്ടിലെ വെട്ടിക്കുറവിനെ സംബന്ധിച്ച് സമരം ചെയ്യാൻ അങ്ങോട്ട് പോകുമ്പോൾ നിങ്ങൾ സ്വീകരിച്ച സാമ്പത്തിക നടപടികളെക്കുറിച്ച് കേന്ദ്രഗവൺമെന്റ് ഇങ്ങോട്ടും ചോദിക്കില്ലേ? എന്നാൽ നിങ്ങൾ അക്കാര്യത്തെക്കുറിച്ച് ചിന്തിക്കുന്നതേയില്ല. ഇവിടെ അവതരിപ്പിച്ച അടിയന്തര പ്രമേയ വിഷയവും പ്രതിപക്ഷനേതാവിന്റെ പ്രസംഗവും വളരെ വ്യക്തമായിരുന്നു, എന്നാൽ വ്യക്തമാകാത്തത്  ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി മാത്രമാണെന്നത് നിർഭാഗ്യകരമാണ്. അങ്ങ് ഇവിടെ വായിച്ച കണക്കനുസരിച്ചാണെങ്കിൽ ക്ഷേമപെൻഷനുകളിൽ ഇന്നുള്ള 8

മാസത്തേക്കാൾ കൂടുതൽ, ഒരുവർഷമോ അതിലധികമോ കാലയളവിലെ കുടിശ്ശികയൊന്നും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിട്ടില്ലെന്ന് വ്യക്തമാണല്ലോ. ആ ഭരണത്തിന്റെ അവസാന സമയത്ത് വന്നുചേർന്ന കുടിശ്ശികയെ ഉയർത്തിക്കാട്ടിയാണ് പെൻഷനുകൾ മൊത്തമായും കുടിശ്ശികയാണെന്ന് നിങ്ങൾ പ്രചരിപ്പിച്ചത്. പെൻഷൻ ജനങ്ങൾക്ക് കിട്ടാതെ കുടിശ്ശികയായ സാഹചര്യത്തെക്കുറിച്ച് ഡോ. എം. കെ. മുനീർ ഇവിടെ വിശദീകരിച്ചുകഴിഞ്ഞു, അത് പോസ്റ്റൽ ഡിലേ കൊണ്ടായിരുന്നു. അയച്ച പണം ഡെലിവറി ആകാതെ രണ്ടുമൂന്ന് മാസം കെട്ടിക്കിടന്നു. ഏറ്റവും കൂടിയ രീതിയിൽ പെൻഷനിൽ കാലതാമസം വന്നത് അതുകൊണ്ടായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി എന്താണ്? വന്നുവന്ന് ഒരു കൊല്ലത്തിലധികം, ഒന്നരക്കൊല്ലം എന്നിങ്ങനെ പെൻഷൻ കുടിശ്ശികയുടെ കാലയളവ് വർദ്ധിക്കുകയാണ്, എല്ലാ പെൻഷനുകളുടെയും സ്ഥിതി ഇതുതന്നെയാണ്. ഇത്രയധികം വിലക്കയറ്റം അനുഭവപ്പെടുകയും ഗവൺമെന്റ് ആശുപത്രികളിൽപ്പോലും സൗജന്യ ചികിത്സ നിഷേധിക്കപ്പെടുകയും ചെയ്യുന്ന കാലഘട്ടത്തിൽ അംഗപരിമിതരടക്കമുള്ള അവശ വിഭാഗങ്ങൾ

എന്തുചെയ്യും? ഞാനും സാമൂഹ്യക്ഷേമ വകുപ്പ് കൈകാര്യം ചെയ്ത വ്യക്തിയാണ്. ഹീമോഫീലിയ രോഗികൾക്ക് അവശ്യം വേണ്ട മരുന്ന് ലഭിച്ചില്ലെങ്കിൽ അവർക്ക് ജീവൻ നിലനിർത്താൻ കഴിയില്ല. അങ്ങനെയുള്ളവർക്ക് തുക ലഭ്യമാകാത്ത അവസ്ഥയിൽ എന്ത് ചെയ്യാൻ കഴിയും? നീട്ടിവയ്ക്കാൻ കഴിയാത്ത ഒരു കാര്യത്തെക്കുറിച്ചാണ് ഇന്ന് ഞങ്ങൾ അടിയന്തര പ്രമേയം കൊണ്ടുവന്നത്. പെൻഷൻ വിതരണത്തിൽ സംഭവിക്കുന്ന ഇത്തരത്തിലുള്ള കാലതാമസം ഇന്നത്തെ ചർച്ചയുടെ ഫലമായെങ്കിലും അവസാനിപ്പിക്കണം. നിങ്ങൾ എവിടെ ചർച്ച ചെയ്താലും അവർക്ക് പണത്തിനായി കാത്തുനിൽക്കാൻ സാധിക്കില്ല, അവരുടെ കാര്യത്തിൽ മറ്റൊരു രക്ഷയുമില്ല. പ്രസ്തുത വിഷയത്തിൽ മന്ത്രിക്ക് വ്യക്തമായ മറുപടി നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്ത് പോയി.)

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ യഥാസമയം ലഭിക്കാത്തതുമൂലം കേരളത്തിലെ പാവപ്പെട്ട ഒട്ടനവധി കുടുംബങ്ങൾ ഇന്ന് വലിയ പ്രയാസത്തിലാണ്. ജീവൻ രക്ഷാ മരുന്നുകളടക്കം വാങ്ങാൻ കഴിയാതെയും അവരുടെ വീട്ടിലെ അത്യാവശ്യ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയാതെയും പെൻഷനുവേണ്ടി കാത്തിരിക്കുന്ന സാഹചര്യം ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാവർക്കും ബോധ്യമുള്ളതാണ്. അടിയന്തര പ്രമേയത്തിലൂടെ പ്രസ്തുത വിഷയം ഉന്നയിക്കപ്പെട്ടപ്പോൾ തീർച്ചയായും സഭ നിർത്തിവച്ച് ചർച്ചചെയ്യാനും പാവപ്പെട്ട മനുഷ്യരുടെ വികാരം പൂർണ്ണമായും ഉൾക്കൊള്ളാനും സർക്കാർ തയ്യാറാകേണ്ടതായിരുന്നു. അതിനുപകരം ന്യായങ്ങൾ നിരത്തി ഗവൺമെന്റിനെ സംരക്ഷിക്കാനായി ധനകാര്യ വകുപ്പുമന്ത്രി നടത്തിയ ശ്രമം ഈ പാവപ്പെട്ട മനുഷ്യരോട് കാണിക്കുന്ന വെല്ലുവിളിയാണ്. ഇത്രയേറെ പാവങ്ങൾ വിഷമിക്കുന്ന സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ കൊടുത്തുതീർക്കാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്ത് പോയി.)

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, പെൻഷൻ ലഭ്യമാകാത്ത സാഹചര്യംമൂലം വലിയ രീതിയിലുള്ള പ്രതിസന്ധി സാധാരണക്കാർക്കിടയിലും നിരാലംബർക്കിടയിലും ഇന്ന് ഉണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച വിഷയത്തിൽ സർക്കാരിന്റെ മുൻഗണന ഉണ്ടാകണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. മറ്റ് പല വിഷയങ്ങൾക്കും മുൻഗണന നൽകുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട കാര്യം മാറ്റിവയ്ക്കുകയാണ്. ഏറ്റവും മുൻഗണനാർഹമായ സാമൂഹ്യ പെൻഷനുകൾ നൽകുന്നതിനും അശരണരെ കൈപിടിച്ചുയർത്തുന്നതിനും പ്രാധാന്യം നൽകേണ്ടതുണ്ട്. ആ നിലയിലേയ്ക്ക് സർക്കാർ എത്തുന്നില്ലെന്ന വിഷയമാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. പെൻഷനുകൾ ഏകീകരിച്ചപ്പോൾ ക്ഷേമനിധി പെൻഷൻ ഉൾപ്പെടെയുള്ളവയിൽ ഗവൺമെന്റ് ഇരട്ടത്താപ്പ് കാണിക്കുകയാണ്. അംശദായം അടയ്ക്കുന്നവരുടെ പെൻഷൻപോലും അനന്തമായി നീണ്ടുപോകുന്ന സാഹചര്യമാണുള്ളത്. ഇത്രയും പ്രധാനപ്പെട്ട

വിഷയത്തിന് ഗവൺമെന്റ് മുൻഗണന നൽകുന്നില്ല. നിയമസഭാ തിരഞ്ഞെടുപ്പ് അടുക്കുന്ന സമയത്ത് എല്ലാ പെൻഷനുകളും കൊടുക്കാമെന്നായിരിക്കും നിങ്ങൾ ലക്ഷ്യം വയ്ക്കുന്നത്. എന്നാൽ അത്തരത്തിലുള്ള പരിപാടികൾ ഒന്നുംതന്നെ നടക്കുമെന്ന് നിങ്ങൾ കണക്കുകൂട്ടേണ്ടതില്ല. ഭക്ഷ്യ കിറ്റും ഭരണത്തിന്റെ അവസാന നാളുകളിൽ നൽകിയ പെൻഷനുംകൊണ്ട് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ കഴിഞ്ഞെങ്കിലും മേലിൽ അത്തരമൊരു കാര്യം സംഭവിക്കാൻ പോകുന്നില്ല. നിങ്ങളുടെ ഇരട്ടത്താപ്പ് ജനം തിരിച്ചറിഞ്ഞിരിക്കുന്നുവെന്ന യാഥാർത്ഥ്യം ഇനിയെങ്കിലും മനസ്സിലാക്കണം. എല്ലാ പെൻഷൻ കുടിശ്ശികകളും അടിയന്തരമായി കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കണം. പ്രസ്തുത വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്ത് പോയി.)

ശ്രീമതി കെ. കെ. രമ: സർ, പട്ടിണിപ്പാവങ്ങളായ മനുഷ്യർ മരുന്നുവാങ്ങാൻ കഴിയാതെയും ആശുപത്രികളിൽ ചികിത്സ തേടാൻ കഴിയാതെയും നരക യാതന അനുഭവിക്കുമ്പോൾ, അക്കാര്യം അടിയന്തര പ്രാധാന്യമുള്ള വിഷയമല്ലെന്ന് പറയാൻ ഒരു ഇടതുപക്ഷ സർക്കാരിന് എങ്ങനെയാണ് സാധിക്കുന്നത്? പെൻഷൻ കൃത്യമായി ലഭിക്കാത്തതുകൊണ്ട് സാധാരണ മനുഷ്യർ ഇന്ന് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അക്കൂട്ടത്തിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്നവർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. പെൻഷൻ തുക 25 ശതമാനം കൂടുതലായി കൊടുക്കണമെന്നും അതിൽ മുടക്കം വരുത്തരുതെന്നും ഭിന്നശേഷി ആക്ടിൽ പ്രത്യേകം പറയുന്നുണ്ട്. എന്നാൽ അതുപോലും കൊടുക്കാൻ ഈ ഗവൺമെന്റിന് സാധിക്കുന്നില്ല. അതുപോലെ അവശരായ ആളുകളെ പരിചരിക്കുന്ന വ്യക്തികൾക്ക് ആശ്വാസകിരണം പദ്ധതിയിലൂടെ നൽകുന്ന ചെറിയ തുകപോലും കുടിശ്ശികയായിട്ട് മാസങ്ങളായി. എല്ലാത്തരം പെൻഷൻ കുടിശ്ശികകളും അടിയന്തരമായി വിതരണം ചെയ്യാനുള്ള നടപടി

ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്ത് പോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

**[11.08]**

**IV ശ്രദ്ധക്ഷണിക്കൽ**

(1) <u>വന്ദേഭാരത് എക്സ്പ്രസിന്റെ സമയക്രമംമൂലമുള്ള യാത്രാക്ലേശം</u>

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട റെയിൽവെ ജംഗ്ഷനായ ഷൊർണ്ണൂർ ജംഗ്ഷനോട് കേന്ദ്രഗവൺമെന്റിന്റെ അവഗണന തുടരുകയാണ്. ധാരാളം ദീർഘദൂര ട്രെയിനുകൾ ഈ ജംഗ്ഷനിലൂടെ കടന്നുപോയിരുന്നെങ്കിലും ഏതാനും വർഷങ്ങളായി ബൊക്കാറോ എക്സ്പ്രസ്, ഇൻഡോർ എക്സ്പ്രസ്, കോർബ എക്സ്പ്രസ്, ഹൈദരാബാദ് ശബരി എക്സ്പ്രസ് തുടങ്ങിയ നാലഞ്ച് ട്രെയിനുകൾ ഷൊർണ്ണൂർ ടച്ച് ചെയ്യാതെ ഓടിക്കൊണ്ടിരിക്കുകയാണ്. ഈ സമയത്താണ്

വന്ദേഭാരത് ട്രെയിനിന്റെ വരവുണ്ടായത്. വന്ദേഭാരത് ട്രെയിൻ വന്നത് വളരെ നല്ല കാര്യമാണ്, യാത്രക്കാർക്ക് പ്രയോജനപ്രദവുമാണ്. എന്നാൽ വന്ദേഭാരതിന്റെ വരവോടുകൂടി നിലവിൽ സർവ്വീസ് നടത്തിയിരുന്ന ഒട്ടേറെ ലോക്കൽ ട്രെയിനുകൾ നിർത്തലാക്കിയെന്ന് മാത്രമല്ല, എക്സിക്യൂട്ടീവ് എക്സ്പ്രസിന്റെ സമയത്തിൽപ്പോലും മാറ്റം വരുത്തിയിരിക്കുകയാണ്. ഇതുമൂലം തൃശ്ശൂരിൽനിന്നും വടക്കോട്ടും കിഴക്കുനിന്ന് തൃശ്ശൂരിലേയ്ക്കും യാത്രചെയ്തിരുന്ന ആയിരക്കണക്കിന് സാധാരണക്കാരായ യാത്രക്കാരുടെ യാത്രാപ്രശ്നം കൂടുതൽ സങ്കീർണ്ണമാകുകയാണ്. നേരത്തെ സർവ്വീസ് നടത്തിയിരുന്ന ട്രെയിൻ നമ്പർ 6495 തൃശ്ശൂർ-കോഴിക്കോട് പാസഞ്ചറും കോയമ്പത്തൂരിൽനിന്നും തൃശ്ശൂരിലേയ്ക്ക് വന്നിരുന്ന ട്രെയിനും ഇപ്പോൾ ഷൊർണ്ണൂരിൽ യാത്ര അവസാനിപ്പിക്കുകയാണ്. കോഴിക്കോട്ടേയ്ക്ക് പോയിരുന്ന മറ്റൊരു ലോക്കൽ ട്രെയിനും ഇതിന്റെ ഭാഗമായി നിർത്തലാക്കിയിട്ടുണ്ട്. മാത്രമല്ല, വന്ദേഭാരതിന്റെ വരവോടെ പല ദീർഘദൂര ട്രെയിനുകളുടെയും സ്റ്റോപ്പുകൾക്ക് സ്റ്റേ വരുന്നുണ്ട്. വന്ദേഭാരത് ട്രെയിനിന്റെ വരവ് ഗുണകരമാണെന്ന് പറയുമ്പോൾത്തന്നെ ആയിരക്കണക്കിന്

സാധാരണക്കാരായ യാത്രക്കാരുടെ യാത്രാക്ലേശം വർദ്ധിക്കുന്ന സ്ഥിതിയാണ് ഇപ്പോൾ സംജാതമായിട്ടുള്ളത്. അതുകൊണ്ട് വന്ദേഭാരത് ട്രെയിൻ സമയക്രമം പാലിക്കുന്നതിനും അതോടൊപ്പം ഈ സർവ്വീസിന്റെ ഭാഗമായി ട്രെയിനുകൾ പിടിച്ചിടുന്നത് ഒഴിവാക്കുന്നതിനും നിർത്തലാക്കിയ ലോക്കൽ ട്രെയിനുകൾ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാണ് എന്റെ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രി മുഖേന കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഷൊർണ്ണൂർ എം.എൽ.എ. ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കൽ വളരെ പ്രാധാന്യമുള്ളതാണ്. മലബാർ മേഖലയിലൂൾപ്പെടെ കേരളത്തിലെ ജനങ്ങളുടെ യാത്രാസൗകര്യത്തിനായി ട്രെയിൻ നമ്പർ 20632, 20631 (തിരുവനന്തപുരം - കാസർഗോഡ് - തിരുവനന്തപുരം), ട്രെയിൻ നമ്പർ 20634, 20633 (തിരുവനന്തപുരം - കാസർഗോഡ് - തിരുവനന്തപുരം) എന്നീ

വന്ദേഭാരത് ട്രെയിനുകൾ റെയിൽവേ അനുവദിച്ചിരുന്നു. എന്നാൽ വന്ദേഭാരത് എക്സ്പ്രസ് സർവ്വീസ് ആരംഭിച്ചതിനുശേഷം സാധാരണ യാത്രക്കാർ വലിയ തോതിലുള്ള അസൗകര്യങ്ങൾ നേരിടുന്നതായി വ്യാപക പരാതി ഉയർന്നിട്ടുണ്ട്. ചില ട്രെയിനുകളുടെ സമയക്രമത്തിൽ മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട്. ട്രെയിൻ നം.16610 മാംഗ്ലൂർ-സെൻട്രൽ-കോഴിക്കോട് എക്സ്പ്രസ് കോഴിക്കോട് എത്തിച്ചേരുന്നത് 10.15-ന് പകരം 10.25 ആയും ട്രെയിൻ നം. 16303 ആലപ്പുഴ-കണ്ണൂർ എക്സ്പ്രസ് കണ്ണൂരിലെത്തുന്നത് രാത്രി 12.05-ന് പകരം 12.30 ആയും പുതുക്കിയിട്ടുണ്ട്. ചെന്നൈ ഡിവിഷനിലെ ജോളാർപേട്ട-കാട്പാടി സെക്ഷനിൽ റെയിൽവേ ആസ്തികളുടെ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ മൂന്നുമണിക്കൂർ നിർബന്ധിതമായി ബ്ലോക്കുകൾ സൃഷ്ടിച്ചതിന്റെ ഭാഗമായി ട്രെയിൻ നമ്പർ 17229, 17230 തിരുവനന്തപുരം - സെക്കന്തരാബാദ്, തിരുവനന്തപുരം - ശബരി എക്സ്പ്രസ്സ്-ന്റെ സമയം പുതുക്കുകയും വടക്കാഞ്ചേരിയിൽ അധിക സ്റ്റോപ്പ് അനുവദിച്ചുകൊണ്ട് ഷൊർണ്ണൂർ - ബി ക്യാബിൻ വഴി തിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. സമയക്രമത്തിൽ മാറ്റം വരുത്തിയില്ലെങ്കിലും

വന്ദേഭാരത് ട്രെയിൻ കടന്നുപോകുന്ന സമയങ്ങളിൽ മറ്റ് ട്രെയിനുകൾ സ്റ്റേഷനിൽ നിർത്തിയിടുന്നതായും ഇതിന്റെ ഫലമായി സാധാരണ യാത്രക്കാർ പ്രയാസം അനുഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ റെയിൽവേ യാത്രക്കാരുടെ യാത്രാപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വന്ദേഭാരത് സർവ്വീസുകൾ പര്യാപ്തമല്ലെന്ന അഭിപ്രായം ശരിവയ്ക്കുന്നതാണ് ഇത്തരം അനുഭവങ്ങൾ. വന്ദേഭാരത് എക്സ്പ്രസ് സർവ്വീസ് ആരംഭിച്ചതിനുശേഷം യാത്രക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെയും റെയിൽവേയുടെയും ശ്രദ്ധയിൽകൊണ്ടുവരികയും പ്രശ്നപരിഹാരത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, വന്ദേഭാരത് ട്രെയിനുമായി ബന്ധപ്പെട്ട് കൂടുതൽ യാത്രാ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്. അതിന്റെ ഭാഗമായി നിർത്തൽ ചെയ്ത ലോക്കൽ ട്രെയിനുകൾ കോഴിക്കോട്ടേയ്ക്കും തൃശ്ശൂരിലേയ്ക്കും തൃശ്ശൂരിൽനിന്ന് ഷൊർണ്ണൂരിലേയ്ക്കും പുനഃക്രമീകരിച്ച് പൂർവ്വസ്ഥിതിയിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചാൽ

താൽക്കാലികമായി സാധാരണക്കാരായ യാത്രക്കാരുടെ പ്രശ്നം പരിഹരിക്കാൻ സാധിക്കും. അതിന് മുൻകൈയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇതുമായി ബന്ധപ്പെട്ട് റെയിൽവേയുടെ ബ്രൗൺ ബുക്കിൽ എറണാകുളം - ഷൊർണ്ണൂർ പുതിയ ലൈൻ ആരംഭിക്കുന്നതിന് പ്രൊപ്പോസലുണ്ടായിരുന്നു. അതിന് ബഡ്ജറ്റ് വിഹിതം അനുവദിക്കാമെന്നാണ് റെയിൽവേ അറിയിച്ചിട്ടുള്ളത്. അതുകൂടി വരുമ്പോൾ ആ റൂട്ടിൽ കുറച്ചുകൂടി യാത്രാ സൗകര്യം തടസ്സമില്ലാതെ നടത്താൻ കഴിയും. ആ കാര്യങ്ങളിൽ റെയിൽവേയുടെ ഭാഗത്തുനിന്നും നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

(2) സുനാമി നഗറുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

ശ്രീ. സി. ആർ. മഹേഷ്: സർ, കേരളത്തിലെ സുനാമി നഗറുകളിൽ ജീവിക്കുന്ന ആയിരക്കണക്കിന് പാവപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ നരകതുല്യമായ ജീവിതം ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. മുമ്പും ഇതേ വിഷയം ഞാൻ സഭയിൽ

അവതരിപ്പിച്ചിട്ടുള്ളതാണ്. പാവങ്ങളുടെ കണ്ണുനീരിന് നാളിതുവരെയായിട്ടും കടലാസിന്റെ വിലപോലും കൽപ്പിക്കാത്ത ഈ സർക്കാരിന്റെ കണ്ണുകൾ തുറപ്പിക്കാൻ കഴിയുമെന്ന പ്രതീക്ഷയോടെയാണ് ഈ വിഷയത്തെ ഒരിക്കൽക്കൂടി സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത്. 2004 ഡിസംബർ 24-ന് രാജ്യത്തെ നടുക്കിയ സുനാമി ദുരന്തത്തിലെ ഇരകളാണ് ഇന്ന് സുനാമി നഗറുകളിൽ താമസിക്കുന്നത്. സുനാമി ദുരന്തത്തിലെ ജീവിച്ചിരിക്കുന്ന ഈ രക്തസാക്ഷികൾ ഉറ്റവരെ നഷ്ടപ്പെട്ട് ദുരന്തമുഖത്തുനിന്നും ഉടുതുണി മാത്രമായി ജീവനുംകൊണ്ട് ഓടിപ്പോകേണ്ടിവന്നവരാണ്. അവർക്കുവേണ്ടി വിവിധ സന്നദ്ധ സംഘടനകളും സർക്കാരുംകൂടി കേരളത്തിലാകമാനം 8762 വീടുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. അടിയന്തര ഘട്ടത്തിൽ നിർമ്മിച്ചുനൽകേണ്ടി വന്നതുകൊണ്ട് ചതുപ്പുനിലങ്ങളിൽ ഗുണമേന്മ പരിശോധിക്കാതെയുള്ള സാധനസാമഗ്രികൾ ഉപയോഗിച്ചാണ് വീടുകൾ നിർമ്മിച്ചത്. എന്റെ നിയോജകമണ്ഡലമായ കരുനാഗപ്പള്ളിയിൽ കുലശേഖരപുരം, ക്ലാപ്പന ഗ്രാമപഞ്ചായത്തുകളിലും കരുനാഗപ്പള്ളി നഗരസഭയിലുമായി 1465 വീടുകളും സുനാമി ദുരന്തം നടന്ന പഞ്ചായത്തായ ആലപ്പാട്ടെ വിവിധ വാർഡുകളിലായി

729 വീടുകളും നിർമ്മിച്ചുനൽകിയിട്ടുണ്ട്. രണ്ട് പതിറ്റാണ്ട് കഴിഞ്ഞിട്ടും നാളിതുവരെ ഇതിലൊരു വീടുപോലും നവീകരിക്കാനോ അറ്റകുറ്റപ്പണി നടത്താനോ കഴിഞ്ഞിട്ടില്ല. ഭിത്തികൾ മുഴുവനും വിണ്ടുകീറി മേൽക്കൂര ഇടിഞ്ഞുവീഴുന്നു. സിമെന്റ് പാളികൾ അടർന്നുവീണ് പരിക്കുപറ്റുന്നത് നിത്യസംഭവമാകുന്നു. മിക്ക വീടുകളും പൂർണ്ണമായും വാസയോഗ്യമല്ലാതായി മാറിയിരിക്കുന്നു. മരണഭയം നിമിത്തം മാതാപിതാക്കൾ കുഞ്ഞുങ്ങളെ ബന്ധുവീടുകളിൽ മാറ്റിപ്പാർപ്പിച്ചിരിക്കുകയാണ്. മഴ മാനത്തു കണ്ടാൽ വീടുകളുടെ പരിസരം വെള്ളക്കെട്ടാകുന്നു. സെപ്റ്റിക് ടാങ്കുകൾ നിറഞ്ഞ് കവിഞ്ഞ് മാലിന്യങ്ങൾ പുറത്തേയ്ക്ക് ഒഴുകുന്നതിന്റെ ഫലമായി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നു. ഈ നഗറുകളിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാകട്ടെ ഇത് അവരുടെ ഉത്തരവാദിത്വമല്ലെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറുകയാണ്. ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവിറക്കിയെങ്കിലും ഇതുവരെ ഒന്നും ചെയ്തിട്ടില്ല. ഉത്തരവല്ലാതെ യാതൊരു ഫണ്ടും സർക്കാർ ഇതിനുവേണ്ടി മാറ്റിവച്ചിട്ടുമില്ല. സർക്കാർ അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണം. ശ്രീ. പി. പി.

ചിത്തരഞ്ജൻ എം.എൽ.എ.-യുടെ നേതൃത്വത്തിലുള്ള നിയമസഭാ സമിതി ഈ വീടുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളിയിലും അവിടെയുള്ള വിവിധ നഗറുകളിലും സന്ദർശനം നടത്തുകയും കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ട് ഇപ്പോൾ എവിടെയാണെന്നോ അതിൻപ്രകാരം എന്ത് നടപടിയെടുത്തുവെന്നോ ഒരു അറിവുമില്ല. ഈ വീടുകൾ ഉടൻ പുനർ നിർമ്മിച്ച് നൽകിയില്ലെങ്കിൽ സുനാമിയിൽ രക്തസാക്ഷികളായ ഇവർ ഇരകളാകുന്ന മറ്റൊരു ദുരന്തത്തിനുകൂടി നമ്മുടെ നാട് സാക്ഷ്യം വഹിക്കേണ്ടിവരുമെന്ന് ഈ സഭയിൽ രണ്ടാമതും ഞാൻ മുന്നറിയിപ്പ് നൽകുകയാണ്. ഇതിൽ ഒരാളുടെയെങ്കിലും ജീവൻ നഷ്ടപ്പെട്ടാൽ സർക്കാരായിരിക്കും ഉത്തരവാദി. ഈ വീടുകളിൽ ദുരിതജീവിതം നയിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികളായ പാവങ്ങളുടെ ജീവിത ദുഃഖം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം സി. ആർ. മഹേഷ് ഉന്നയിച്ച പ്രശ്നം വളരെ

ഗൗരവത്തോടുകൂടിയാണ് കാണുന്നത്. പക്ഷെ അദ്ദേഹം പറയുന്ന എല്ലാ വികാരങ്ങളും ഈ സഭയ്ക്കാകെയുണ്ടെങ്കിലും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുള്ള ചില കാര്യങ്ങൾ മാത്രമെ ഗവൺമെന്റിന് ചെയ്യാൻ കഴിയുകയുള്ളൂവെന്ന പ്രയാസം നമ്മുടെ മുന്നിലുണ്ട്. അത് അദ്ദേഹത്തിനും അറിയാവുന്ന കാര്യമാണ്. 2004-ലെ സുനാമി ദുരന്തത്തിൽ വീടും വസ്തുക്കളും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാനായി രൂപം കൊടുത്തതാണ് സുനാമി പുനരധിവാസ പദ്ധതി. അത് ഒരു തുടർപദ്ധതിയല്ല. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി ഗുണഭോക്താക്കൾക്ക് പാർപ്പിടം കൈമാറുന്നതോടുകൂടി ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തിയാകുകയാണ്. എന്നാൽ സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ച പാർപ്പിട സമുച്ചയങ്ങളുടെ ശോച്യാവസ്ഥ സംബന്ധിച്ച പരാതികളും പത്രവാർത്തകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ച നഗറുകളിലെ മാലിന്യനിർമ്മാർജ്ജനം, സ്വിവറേജ് സംസ്കരണം, ചുറ്റുമതിൽ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിനെയും കുടിവെള്ള പ്രശ്നം

ജലവിഭവ വകുപ്പിനെയും ഏൽപ്പിച്ചുകൊണ്ട് 12-02-2019-ൽ സർക്കാർ ഉത്തരവ് (സാധാ) നം.97/2019/DMD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 03-07-2020-ൽ സർക്കാർ ഉത്തരവ് (സാധാ) നം.592/2020/DMD പ്രകാരം സുനാമി വീടുകൾ, ഫ്ലാറ്റുകൾ എന്നിവയുടെ പരിപാലന ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. സുനാമി നഗറുകളുടെ നിർമ്മാണം പൂർത്തിയായി ഗുണഭോക്താവിന് കൈമാറിക്കഴിഞ്ഞാൽ വീടിന്റെ അറ്റകുറ്റപ്പണികൾ ഗുണഭോക്താവുതന്നെ നിർവ്വഹിക്കേണ്ടതാണെന്നും അതിനായി തുക അനുവദിക്കാൻ കഴിയില്ലെന്നും അറ്റകുറ്റപ്പണികൾക്കായി ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുതന്നെ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സുനാമി നഗറുകളുടെ ശോച്യാവസ്ഥ പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും എണ്ണം കൂടുതലുള്ളതുകൊണ്ട് പരാതികൾ പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട അംഗം മുൻപും ഈ പ്രശ്നം സർക്കാരിന്റെ

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. കരുനാഗപ്പള്ളി താലൂക്കിൽ അയണിവേലിക്കുളങ്ങര, കരുനാഗപ്പള്ളി, കുലശേഖരപുരം, ക്ലാപ്പന, ആദിനാട് എന്നീ വില്ലേജുകളിൽ 47 സുനാമി നഗറുകളിലായി 1080 വീടുകൾ അനുവദിച്ചിരുന്നു. സുനാമി പുനരധിവാസ പദ്ധതി പ്രകാരം വീട് വച്ചുനൽകിയ ഭൂമിക്ക് പട്ടയം നൽകണമെന്നത് വളരെ കാലത്തെ ആവശ്യമായിരുന്നു. അല്ലെങ്കിൽ സർക്കാർ കൊടുക്കുന്ന ചില സഹായങ്ങൾ ലഭ്യമാകുന്നില്ല എന്ന പ്രശ്നം ഉയർന്നുവന്നിരുന്നു. ഭൂമിയുടെ അല്ലെങ്കിൽ ഫ്ലാറ്റുകളുടെ ഉടമസ്ഥാവകാശം കൈമാറിയിട്ടില്ലാത്തതുകാരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്താൻ സാധിക്കുന്നില്ല എന്ന വിഷയവും നിലനിന്നിരുന്നു. 2004-ലുണ്ടായ ദുരന്തത്തിന്റെ ഭാഗമായി കരുനാഗപ്പള്ളി താലൂക്കിലെ ഗുണഭോക്താക്കൾക്ക് അനുവദിച്ചുപോന്ന വീടുകളുടെ ഭൂമിക്ക് ദീർഘകാലത്തിനുശേഷം കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് പട്ടയം നൽകുകയും തണ്ടപ്പേർ പിടിച്ച് കരം ഈടാക്കുകയും ചെയ്തത്. ആയതിനാൽ ഭൂമിയുടെയും വീടിന്റെയും സ്വതന്ത്രമായ എല്ലാ അവകാശങ്ങളും ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

സ്വന്തമായി വീടും ഭൂമിയുമുള്ളവർക്ക് സർക്കാരിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങൾക്കും പ്രസ്തുത ഭൂവുടമകൾകൂടി അർഹരായിരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വീടിന്റെ അറ്റകുറ്റപ്പണികൾക്ക് നൽകുന്ന ധനസഹായം അർഹതയുടെ അടിസ്ഥാനത്തിൽ സുനാമി ഫ്ലാറ്റിലെ ഗുണഭോക്താക്കൾക്കും നൽകും. ഇതിന്റെ ഭാഗമായാണ് പട്ടയം അനുവദിച്ചതും തണ്ടപ്പേർ പിടിച്ചുകൊടുത്തതും. എന്നിരുന്നാലും സുനാമി നഗറുകളിലെ ഭവനങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി റവന്യൂ വകുപ്പിൽ പ്രത്യേക ഫണ്ടില്ലാത്തതിനാൽ തദ്ദേശസ്വയംഭരണ വകുപ്പുതന്നെ ഫിഷറീസ് വകുപ്പ് മുഖേനയോ മറ്റേതെങ്കിലും പദ്ധതിയിൽപ്പെടുത്തിയോ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കാൻ ശ്രമിക്കുന്നതാണ്. ഇതിനായി ഈ സമ്മേളന കാലയളവിൽതന്നെ റവന്യൂ, ഫിഷറീസ്, തദ്ദേശസ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുമന്ത്രിമാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം വിളിച്ചുചേർക്കാനും തുടർനടപടികൾ ആലോചിക്കാനും കഴിയുന്ന

വിധത്തിലുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഇതെല്ലാം സാങ്കേതികമായ മറുപടികളാണ്. ഒരു ജീവിത യാഥാർത്ഥ്യമാണ് വളരെ വൈകാരികമായി നേരത്തേയും ഇപ്പോഴും പറഞ്ഞത്. സുനാമി നഗറുകളിലെ വീടുകളുടെ പുനർനിർമ്മാണത്തിന് പ്രത്യേക പദ്ധതിയും പണവും അടിയന്തരമായി അനുവദിക്കാൻ സർക്കാരിന് കഴിയുമോ എന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, നേരത്തെ ബഹുമാനപ്പെട്ട അംഗം പറഞ്ഞ വികാരങ്ങളെല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് ഞാൻ മറുപടി പറഞ്ഞത്. ഇതൊരു തുടർപദ്ധതിയല്ല. മറ്റനേകം പദ്ധതികൾപോലെ ഇതിലും തുടർ സംവിധാനങ്ങൾ ചെയ്യാൻ കഴിയുന്ന സാഹചര്യമില്ലെങ്കിലും അടിയന്തരമായി ഈ നാല് വകുപ്പുകളുമായി കൂടിയാലോചിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി എം.എൽ.എ.-മാരുൾപ്പെടെ നേതൃത്വം നൽകി അതത് പ്രദേശങ്ങളിൽ പുറത്തുനിന്ന് നാം നടത്തുന്ന മറ്റ് സേവനങ്ങൾകൂടി

ഉൾപ്പെടുത്തിക്കൊണ്ട് ഏത് വിധത്തിൽ അത് ചെയ്യാൻ കഴിയുമെന്ന് ഗൗരവമായി പരിശോധിക്കുന്നതാണ്.

[11.23]

**V. സബ്മിഷൻ**

(1) ആലപ്പുഴയിലെ നെൽകർഷകർക്കുള്ള കുടിശ്ശിക തീർക്കൽ

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിലെ നെൽകർഷകർ വലിയ പ്രതിസന്ധിയിലാണ്. നെല്ലുൽപ്പാദനം ഈ വർഷം മാത്രം 50000 ടൺ കുറഞ്ഞിട്ടുണ്ട്. അരിക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. നെൽകൃഷിയുടെ ദിനങ്ങൾ, കൃഷിഭൂമിയുടെ വിസ്തൃതി എന്നിവ കുറഞ്ഞിട്ടും നമ്മുടെ സർക്കാർ അനങ്ങുന്നില്ല. നെൽകർഷകരിൽനിന്നും സർക്കാർ സംവിധാനങ്ങളും ഏജൻസികളും സംഭരിക്കുന്ന നെല്ലിന്റെ വില കൃത്യമായി അവർക്ക് വിതരണം ചെയ്യാത്തതാണ് കർഷകരെ നെൽകൃഷി ഉപേക്ഷിക്കാൻ നിർബന്ധിതരാക്കുന്നത്. ഏതാണ്ട് 480 കോടിയിലധികം രൂപ നെല്ല് സംഭരിച്ചതിന്റെ കുടിശ്ശികയായി സംസ്ഥാനത്തെ കർഷകർക്ക്

സർക്കാരിൽനിന്നും ലഭിക്കാനുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇതിൽ ഏതാണ്ട് 370 കോടി രൂപയും ആലപ്പുഴ ജില്ലയിലെ നെൽകർഷകർക്ക് കുടിശ്ശികയായി വരുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി പറയുമായിരിക്കും 76.16 കോടി രൂപയുടെ കുടിശ്ശിക മാത്രമെ നൽകാനുള്ളൂവെന്ന്. എന്നാൽ പി.ആർ.എസ്. (പാഡി റെസീപ്റ്റ് ഷീറ്റ്) ലോണിലുള്ള 160.93 കോടി രൂപയുടെ ലിസ്റ്റ് കാനറാ ബാങ്കിനും 144.7 കോടി രൂപയുടെ ലിസ്റ്റ് എസ്.ബി.ഐ.-ക്കും നൽകിയിട്ടേയുള്ളൂ, കർഷകരുടെ അക്കൗണ്ടിൽ പണം കിട്ടിയിട്ടില്ല. നൽകാത്ത പണം നൽകിയെന്ന് പറയുന്നത് ക്രൂരതയല്ലേ? Handling charge ആയി 1555 കോടി രൂപ കർഷകരുടെ അക്കൗണ്ടിലെത്തേണ്ടതായിട്ടുണ്ട്. മട വീണ പാടശേഖരങ്ങൾക്കുള്ള സഹായം കിട്ടിയിട്ടില്ല, പമ്പിംഗ് സബ്സിഡി കിട്ടാതെ എത്രയോ വർഷങ്ങളായി കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും കർഷകർ പ്രതിസന്ധി നേരിടുകയാണ്. 20-30 ശതമാനം വരെയുള്ള പാടശേഖരങ്ങളിൽ മാത്രമേ റിംഗ് ബണ്ട് ഉള്ളൂ. അതോടൊപ്പം കൃഷിനാശംമൂലവും കർഷകർ ഏറെ പ്രയാസമനുഭവിക്കുകയാണ്. ഇതിനെയെല്ലാം അതിജീവിച്ചുകൊണ്ടാണ്

കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും പാലക്കാടും തൃശ്ശൂർ കോൾനിലങ്ങളിലുമെല്ലാം കർഷകർ നെൽകൃഷി ചെയ്തുകൊണ്ടിരിക്കുന്നത്. സംഭരിച്ച നെല്ലിന്റെ വില കൃത്യമായി കൊടുക്കാൻ കഴിയാത്തതെന്തുകൊണ്ടാണ്; വില കൊടുക്കുന്നില്ലെന്ന് മാത്രമല്ല പി.ആർ.എസ്. സ്കീമിന്റെ പേരിൽ വീണ്ടും അവരെ പുതിയ കടക്കെണിയിൽപ്പെടുത്തുകയാണ്. ഇതിന്റെ പേരിലാണ് അമ്പലപ്പുഴയിൽ ഒരു കർഷകൻ മരിച്ചത്. നെൽകർഷകർക്ക് സർക്കാരിൽനിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. അതിന് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയല്ല മറുപടി പറയേണ്ടത് എന്നുള്ളതുകൊണ്ട് ഞാനത് വിശദീകരിക്കുന്നില്ല. കേന്ദ്ര സർക്കാർ നെല്ലിന്റെ എം.എസ്.പി. (മിനിമം സപ്പോർട്ട് പ്രൈസ്) വർദ്ധിപ്പിക്കുന്നതനുസരിച്ച് സംസ്ഥാന സർക്കാരും വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. വിളവെടുക്കുന്ന നെല്ലിന്റെ സംഭരണം കൃത്യമായി നടക്കുന്നില്ല. പാലക്കാട് ജില്ലയിൽ ഏറ്റവും അപരിഷ്കൃതമായ നിലയിൽ പാടശേഖരങ്ങളിലും റോഡരികിലുമൊക്കെ വച്ചാണ് കർഷകർ നെല്ല് പാക്ക് ചെയ്യുന്നത്. ഇത് കർഷകരെ സംബന്ധിച്ചിടത്തോളം ഒരു വലിയ തലവേദനയാണ്. നെല്ലിന്റെ

ഈർപ്പത്തിന്റെ പേരിൽ കർഷകർക്ക് അർഹമായ സംഭരണ വില നൽകാതെ മില്ലുകാർ അവരെ ചൂഷണം ചെയ്യുകയാണ്. മില്ലുടമകൾ ചോദിക്കുന്ന കിഴിവ് കൊടുത്തില്ലെങ്കിൽ അവർ നെല്ലെടുക്കാൻ തയ്യാറാകുകയില്ല. സർക്കാർ കൂടി അതിന് ഒത്താശ ചെയ്തുകൊടുക്കുന്നത് ശരിയല്ല. എത്ര കിഴിവ് കൊടുക്കണമെന്ന് നിശ്ചയിക്കുന്നത് മില്ലുടമകളാണ്. ഗത്യന്തരമില്ലാതെ കർഷകർ ഈ നെല്ല് സ്വകാര്യ മില്ലുകൾക്ക് കൊടുക്കേണ്ടിവരുന്ന ദുരവസ്ഥ നമുക്ക് കാണാൻ കഴിയുന്നുണ്ട്. പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് സർക്കാർ സപ്ലൈകോയുടെ സഹായത്തോടെ താൽക്കാലിക സംഭരണ കേന്ദ്രങ്ങൾ സ്ഥാപിച്ചാൽ അത് കർഷകർക്ക് വളരെ പ്രയോജനമുണ്ടാക്കും. സപ്ലൈകോ മാനദണ്ഡങ്ങൾക്ക് വിധേയമായി നെല്ലിന്റെ ഗുണപരിശോധന നടത്തുന്നതിന് സർക്കാർ സംവിധാനങ്ങൾ ഒരുക്കണം. അതാണ് ഏറ്റവും വലിയ പ്രശ്നം. ഉണങ്ങിയ നെല്ലാണെങ്കിൽപ്പോലും 20-30 ശതമാനം കിഴിവ് പാവപ്പെട്ട കർഷകരോട് ആവശ്യപ്പെടുകയാണ്. 2018-ലെ വെള്ളപ്പൊക്ക സമയത്ത് കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ കർഷകർക്കായി സർക്കാർ നിരവധി വാഗ്ദാനങ്ങൾ

നൽകിയിരുന്നു; എന്നാൽ അതൊന്നും പാലിക്കപ്പെട്ടിട്ടില്ലെന്നുള്ളതാണ് സത്യം. ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടാനുള്ളത്, നിലവിൽ നൽകാനുള്ള കുടിശ്ശിക എത്രയും പെട്ടെന്ന് നെൽകർഷകർക്ക് നൽകണമെന്നാണ്. കൂടാതെ സംഭരിക്കുന്ന നെല്ലിന് പരമാവധി മൂന്ന് ദിവസത്തിനുള്ളിൽ പണം ലഭ്യമാക്കാനും സംഭരണത്തിനായി പ്രത്യേക റിവോൾവിംഗ് ഫണ്ട് സംസ്ഥാന ബജറ്റിലുൾപ്പെടുത്താനും State Production Incentive കേന്ദ്ര എം.എസ്.പി.-ക്ക് ആനുപാതികമായി നൽകാനുമുള്ള നടപടി സ്വീകരിക്കണം. ഇതൊക്കെ പൊതുവിതരണ വകുപ്പുമന്ത്രിക്ക് ചെയ്യണമെന്ന് ആഗ്രഹമുണ്ട്. എന്നാൽ അദ്ദേഹം ബജറ്റ് അവതരണവേളയിൽ പ്രതിഷേധിച്ച സംഭവം ഞാൻ ഓർക്കുകയാണ്. ധനകാര്യ വകുപ്പ് പണം നൽകിയാൽ മാത്രമെ ഇത് ചെയ്യാൻ കഴിയുകയുള്ളൂവെന്ന് എനിക്കറിയാം. അതുകൊണ്ട് നെൽകർഷകരെ സംരക്ഷിക്കാൻവേണ്ടി സംഭരിക്കുന്ന നെല്ലിന്റെ പണം അടിയന്തരമായി കൊടുക്കാൻ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തല നിരവധി കാർഷിക പ്രശ്നങ്ങളാണ് ഇവിടെ അവതരിപ്പിച്ചത്. അവയെല്ലാം വളരെ ഗൗരവമേറിയ വിഷയമാണെന്നതിൽ യാതൊരു തർക്കവുമില്ല. കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ടെന്നുള്ളതുകൊണ്ടും പല വിഷയങ്ങളും എന്റെ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ലെന്നുള്ളതുകൊണ്ടും അതിന്റെ ഗൗരവം ഞാൻ കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് ആദ്യംതന്നെ സൂചിപ്പിക്കുകയാണ്.

ഇവിടെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട കാര്യമാണ് പറഞ്ഞത്. ദേശീയതലത്തിൽ നടപ്പാക്കിവരുന്ന വികേന്ദ്രീകരണ ധാന്യസംഭരണ പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്ത് നെല്ല് സംഭരണം നടന്നുവരുന്നത്. രാജ്യത്ത് ഏറ്റവും മാതൃകാപരമായി പദ്ധതി നടപ്പാക്കപ്പെടുന്നത് കേരളത്തിലാണ്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് പൂർണ്ണമായി സംഭരിക്കുന്നതും ഏറ്റവും ഉയർന്ന വില നൽകുന്നതും നമ്മുടെ സംസ്ഥാനത്താണ്. ഈ വർഷവും പരാതികളൊന്നുമില്ലാതെ

സമയബന്ധിതമായി സംഭരണ പ്രക്രിയ പൂർത്തിയാക്കി വരികയാണ്. കേന്ദ്ര സർക്കാർ നൽകേണ്ട താങ്ങുവിലയോടൊപ്പം (MSP) സംസ്ഥാന പ്രോത്സാഹന ബോണസ്സുകൂടി ചേർത്താണ് കർഷകർക്ക് സംഭരണവില നൽകിവരുന്നത്. പദ്ധതി പ്രകാരം സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനംവഴി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിനുശേഷം മാത്രമേ കേന്ദ്ര സർക്കാർ താങ്ങുവിലയുടെ ക്ലെയിം പ്രോസസ്സ് ചെയ്യുകയുള്ളൂ. ഇതിന് 6 മുതൽ 8 മാസംവരെ കാലതാമസം വരും. കർഷകരിൽനിന്ന് നെല്ല് അളന്നെടുത്തതിനുശേഷം വരുന്ന ഈ കാലതാമസം ഒഴിവാക്കാൻവേണ്ടിയാണ് ബാങ്കുകളുടെ സഹായത്തോടെ സപ്ലൈകോ ഗ്യാരന്റി നൽകി പി.ആർ.എസ്. വായ്പ ലഭ്യമാക്കുന്നത്. സർക്കാർ വിഹിതം ലഭിക്കുന്ന മുറയ്ക്ക് ഈ വായ്പകൾ സപ്ലൈകോ തിരിച്ചടവ് വരുത്തുന്ന വിധത്തിലാണ് പി.ആർ.എസ്. വായ്പാ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. സംഭരണ വില ലഭിക്കാത്തതിന്റെ പേരിൽ കർഷകർ ആത്മഹത്യ ചെയ്തിട്ടില്ലെന്നുള്ളത് വസ്തുതയാണ്. 2023-24 സംഭരണ വർഷത്തിൽ സംസ്ഥാനത്ത് 197671 കർഷകരിൽനിന്നായി 557416

മെട്രിക് ടൺ നെല്ല് സംഭരിച്ചു. ഇതിന്റെ വിലയായി നൽകേണ്ട 1578.6 കോടി രൂപയും 1137.31 കോടി രൂപയും നൽകിക്കഴിഞ്ഞു. ഇനി 56767 കർഷകർക്കായി 441.29 കോടി രൂപ നൽകാൻ ബാക്കിയുണ്ട്. ഞാൻ 76 കോടി രൂപയെന്നേ പറയൂവെന്ന് അംഗം പറഞ്ഞത് വസ്തുതയല്ല. അത് ഞാൻ വിവരിക്കാം. ആലപ്പുഴ ജില്ലയിൽ 42348 കർഷകരിൽനിന്നായി സംഭരിച്ച 159793 മെട്രിക് ടൺ നെല്ലിന്റെ വിലയായ 452.54 കോടി രൂപയിൽ 321.74 കോടി രൂപ നൽകിക്കഴിഞ്ഞു. അദ്ദേഹം സൂചിപ്പിച്ച 76 കോടി രൂപയല്ല 130.8 കോടി രൂപയാണ് ഇനി നൽകാനുള്ളത്. പ്രസ്തുത തുക നൽകാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അത് എത്രയുംവേഗം നൽകുന്നതാണെന്ന് സഭയെ അറിയിക്കുന്നു. MSP ആയി ലഭിക്കുന്ന തുകയുടെ അപര്യാപ്തത പരിഹരിക്കുന്നതിനുവേണ്ടിയാണ് സംസ്ഥാനത്ത് പ്രോത്സാഹന ബോണസ് നൽകുന്നത്. MSP-യും സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസ്സും കൈകാര്യ ചെലവും ചേർത്ത് ഒരു കിലോഗ്രാം നെല്ലിന് 28.32 രൂപ ലഭിക്കുന്ന വിധത്തിൽ സംഭരണ വില നിശ്ചയിച്ചതുകൊണ്ടാണ് രാജ്യത്ത് ഏറ്റവും ഉയർന്ന വില കർഷകന്

ലഭ്യമാക്കാൻ കഴിയുന്നത്. ഇവിടെ അദ്ദേഹം സൂചിപ്പിച്ച സംഭരണവുമായി ബന്ധപ്പെട്ട ചില വിഷയങ്ങളുണ്ട്. അതിൽ കിഴിവിന്റെ കാര്യവും ഈർപ്പത്തിന്റെ കാര്യവും നിരവധി തവണ സഭയുടെ ചർച്ചയിൽ വന്നതായതുകൊണ്ടുതന്നെ ഗുണനിലവാര പരിശോധന ശാസ്ത്രീയമായും തർക്കമറ്റ നിലയിലും നടത്തുന്നതിനുള്ള സംവിധാനം ഒരുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് വിദഗ്ദ്ധ സമിതി നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടുണ്ടെന്നുള്ള കാര്യംകൂടി ഞാൻ സൂചിപ്പിക്കുകയാണ്.

(2) <u>കല്ലൂർ വട്ടക്കോട്ട്മല പ്രദേശത്തെ പട്ടയ ഉടമകൾക്ക് ROR ലഭ്യമാക്കൽ</u>

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, പുതുക്കാട് നിയോജകമണ്ഡലത്തിലെ കല്ലൂർ വില്ലേജ് ഓഫീസിൽനിന്നും വട്ടക്കോട്ട്മല പ്രദേശത്തെ റബ്ബർ കർഷകരായ ഇരുനൂറിലധികം കർഷകർക്ക് അടുത്ത കാലത്തായി അവകാശരേഖ നൽകാത്തതുമായി ബന്ധപ്പെട്ട വിഷയമാണ് ഞാൻ സബ്മിഷനായി ഉന്നയിക്കുന്നത്.

മുകുന്ദപുരം താലൂക്കിലെ കല്ലൂർ വില്ലേജിൽ വട്ടക്കോട്ട്മല എന്ന സ്ഥലത്ത് 1961-ൽ ഇരുന്നൂറിലധികം റബ്ബർ കർഷകർക്ക് കൃഷി ചെയ്യുന്നതിനുവേണ്ടി ഭൂമി ലഭ്യമായി. ആ ഭൂമിക്ക് 1971-ൽ പട്ടയം ലഭിച്ചു. പൂർണ്ണമായ ക്രയവിക്രയ സ്വാതന്ത്ര്യത്തോടുകൂടിയ കൈവശരേഖയും ഉൾപ്പെടുത്തിക്കൊണ്ടാണ് അന്ന് പട്ടയം ലഭ്യമായത്. പട്ടയം ലഭിച്ച് അൻപത് വർഷത്തോളം അവിടെയുള്ള കർഷകർ ഭൂമി കൈമാറ്റം ചെയ്യുകയും പോക്കുവരവ് നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ അടുത്ത കാലത്തായി വില്ലേജ് ഓഫീസിൽനിന്നും അവകാശരേഖ നൽകുന്നത് നിർത്തിവച്ചിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെയോ റവന്യൂ വകുപ്പിന്റെയോ ജില്ലാ കളക്ടറുടെയോ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല അത് നിർത്തിവച്ചതെന്നാണ് അറിയാൻ കഴിഞ്ഞത്. കർഷകർ നിരവധി അപേക്ഷകൾ നൽകിയിട്ടും ഈ പ്രശ്നത്തിന് പരിഹാരമുണ്ടായിട്ടില്ല. ഏകദേശം അൻപത് വർഷമായി ഭൂമി വിൽക്കലും കൈമാറ്റവും അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. അവകാശരേഖ കൊടുക്കാതിരിക്കുന്ന

ഗൗരവതരമായ ഈ പ്രശ്നത്തിന് അടിയന്തരമായി പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം എന്റെകൂടി ജില്ലയായ തൃശ്ശൂരിലെ മുകുന്ദപുരം താലൂക്കിലെ കല്ലൂർ വില്ലേജിൽ റബ്ബർ കൃഷിക്കായി നൽകിയിരുന്ന ഭൂമി കൈവശം വച്ചിരുന്നവർക്ക് ROR (Record of Rights) അനുവദിക്കുന്നില്ലെന്നുള്ളത് സംബന്ധിച്ചാണ്. ഇത് റവന്യൂ വകുപ്പ് വളരെ ഗൗരവത്തോടെ കാണുന്ന വിഷയമാണ്. 1960-ലെ ഗവൺമെന്റ് ഭൂമി റബ്ബർ കൃഷിക്കാർക്കായി പതിച്ചുനൽകൽ പ്രത്യേക ചട്ടം 8 പ്രകാരമുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ കേരള ഭൂമി പതിച്ചുനൽകൽ നിയമത്തിലെ 4-ഉം 5-ഉം വകുപ്പിൽ പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് റബ്ബർ കൃഷിക്കായി ലൈസൻസ് അനുവദിച്ചിട്ടുള്ള ഭൂമികൾ പതിച്ചുനൽകുന്നത്. ഗവൺമെന്റ് ഭൂമി റബ്ബർ കൃഷിക്കാർക്കായി പതിച്ചുനൽകൽ പ്രത്യേക ചട്ടപ്രകാരം 25-നും 45-നും മധ്യേ പ്രായമുള്ള കർഷക തൊഴിലാളിക്കോ അഭ്യസ്തവിദ്യനായ തൊഴിൽരഹിതനോ റബ്ബർ

കൃഷി നടത്തുന്നതിനും തൊഴിൽ ചെയ്യുന്നതിനും ലൈസൻസ് അനുവദിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. വ്യക്തിയെന്ന നിലയിലോ കുടുംബമെന്ന നിലയിലോ സ്വന്തമായി ഭൂമിയില്ലാത്ത വ്യക്തികൾക്കോ ഉടമസ്ഥൻ എന്ന നിലയിലോ കുടിയാൻ എന്ന നിലയിലോ രണ്ട് ഏക്കറിന് താഴെ ഭൂമി കൈവശമുള്ള വ്യക്തികൾക്കോ മാത്രമേ ലൈസൻസ് അനുവദിക്കുകയുള്ളൂ. ഈ ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ആദ്യഘട്ടത്തിൽ പത്ത് വർഷത്തേയ്ക്കും പിന്നീട് അത്രയും കാലയളവിലേക്ക് പുതുക്കി നൽകുകയും ചെയ്യാം. ലൈസൻസ് കാലാവധി തീരുന്ന മുറയ്ക്ക് വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി പൊതുലേലത്തിലൂടെയോ പതിവ് മുഖേനയോ ലൈസൻസിക്ക് പതിച്ചുനൽകാവുന്നതാണ്. പതിച്ചുനൽകുന്ന കേസ്സുകളിൽ സ്ഥല വിലയുടെ 25 ശതമാനം പ്രീമിയമായും ബാക്കി ഭൂമിയുടെ വില പത്ത് തവണകളായും ഒടുക്കണം. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച മുകുന്ദപുരം താലൂക്കിലെ വട്ടക്കോട്ട്മല പ്രദേശവാസികൾക്ക് ലൈസൻസ് മുഖേനയാണോ പതിവ് മുഖേനയാണോ ഭൂമി കൈവശം ലഭ്യമായതെന്ന് പരിശോധിക്കാൻ നിർദ്ദേശം നൽകിയിരുന്നു. ലൈസൻസ് മുഖേന ലഭ്യമായതാണെങ്കിൽ ROR

അനുവദിക്കുന്നതിന് നിയമപരമായി ചില തടസ്സങ്ങളുണ്ട്. എന്നാൽ പതിവ് മുഖേനയോ ലേലത്തിലോ ലഭ്യമായതാണെങ്കിൽ ROR അനുവദിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്. 1960-ലെ ഗവൺമെന്റ് ഭൂമി റബ്ബർ കൃഷിക്കാർക്കായി പതിച്ചുനൽകൽ പ്രത്യേക ചട്ടങ്ങൾ പ്രകാരം ലൈസൻസ് ലഭിച്ച സംസ്ഥാനത്തെ മുഴുവൻ കർഷകരും അനുഭവിക്കുന്ന പൊതുപ്രശ്നമായാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. പ്രസ്തുത ചട്ടങ്ങൾ നിലവിൽ വന്നിരുന്ന കാലത്ത് കാർഷികവൃത്തിക്ക് എന്ന പരിമിതമായ ഉദ്ദേശ്യത്തിനാണ് ഇത്തരത്തിൽ ഭൂമി അനുവദിച്ചത്. എന്നാൽ ലഭ്യമായ ലൈസൻസ് പട്ടയമായി പരിവർത്തനം ചെയ്യാവുന്നതാണെന്ന ആനുകൂല്യം പ്രയോജനപ്പെടുത്താതെ ഭൂമി കൈവശം വച്ചിരിക്കുന്നവരാണ് ഏറെയും. സ്വാഭാവികമായും ചട്ട വ്യവസ്ഥകൾ പ്രകാരം ഇനി ഭൂമി പതിച്ച് ലഭിക്കണമെങ്കിൽ ഭൂമിയുടെ വില ഈടാക്കേണ്ട സാഹചര്യമുണ്ട്. ഇത് ഒഴിവാക്കി തലമുറകളായി കൈവശം വച്ചിരിക്കുന്ന ഇത്തരം ഭൂമി പതിച്ചുനൽകുന്നതിന് ചട്ടഭേദഗതി ഉൾപ്പെടെയുള്ള നടപടികൾ

ആവശ്യമാണ്. ഇത് കണ്ടുകൊണ്ട് ചട്ടഭേദഗതി സംബന്ധിച്ച ശിപാർശ മന്ത്രിയുടെ നിർദ്ദേശപ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ ഗൗരവമായി ആലോചിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(3) കൊച്ചി കായലിലെ എക്കൽ മണ്ണ് നീക്കം ചെയ്യൽ

ശ്രീ. കെ. ജെ. മാക്സി: സർ, കൊച്ചി തുറമുഖത്തോട് ചേർന്നുകിടക്കുന്ന കുമ്പളങ്ങി, കണ്ണമാലി, പെരുമ്പടപ്പ്, ഇടക്കൊച്ചി ഉൾപ്പെടെയുള്ള കായലുകളിലെ എക്കൽ കുമ്പാരം മത്സ്യത്തൊഴിലാളികൾക്ക് ഏറെ ബുദ്ധിമുട്ടും ജലഗതാഗതത്തിന് തടസ്സവുമുണ്ടാക്കുന്നുണ്ട്. എക്കൽ നീക്കി ആഴം വർദ്ധിപ്പിക്കണമെന്ന ആവശ്യം വീണ്ടും ശക്തമായിക്കൊണ്ടിരിക്കുകയാണ്. വള്ളങ്ങളും ചെറുവഞ്ചികളും വേലിയിറക്ക സമയത്ത് പുഴയിലെ എക്കൽ കുമ്പാരത്തിൽ കുടുങ്ങുകയും എക്കലിന്റെ ആധിക്യംമൂലം പല സ്ഥലങ്ങളിലും ജലനിരപ്പ് താഴുകയും പുഴ കരപോലെയാകുകയും ചെയ്യുന്നു. കൊച്ചി-കോട്ടപ്പുറം ജലപാത കടന്നുപോകുന്ന ഭാഗത്തും ഇതുതന്നെയാണ് അവസ്ഥ. എക്കലുള്ള

സ്ഥലങ്ങളിൽ വലവീശാൻ കഴിയാത്ത സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളും ബുദ്ധിമുട്ടിലാണ്. പുതഞ്ഞുപോകുമെന്നതിനാൽ പുഴയിലിറങ്ങുന്നതും അപകടമാണ്. അനേകം ചെമ്മീൻ പാടങ്ങളിൽ വെള്ളമെത്തുന്നത് പുഴയിൽനിന്നാണ്. എക്കൽ നിക്ഷേപംമൂലം നീരൊഴുക്ക് കുറയുന്നത് ചെമ്മീൻ കെട്ടുകളെയും ബാധിക്കുന്നുണ്ട്. എക്കൽ അടിഞ്ഞ് പുഴ നികന്നാൽ വെള്ളപ്പൊക്ക സാധ്യത രൂക്ഷമാകും. ഇത്തരം കാര്യങ്ങൾ മുൻനിർത്തിക്കൊണ്ട് കൊച്ചിയിലെയും അനുബന്ധ കായലുകളിലെയും എക്കൽ നീക്കം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സർ, എറണാകുളം ജില്ലയിലെ അനിയന്ത്രിത വാഹനപ്പെരുപ്പംമൂലം റോഡുമാർഗ്ഗമുള്ള ഗതാഗതം ഏറെ ദുഷ്കരമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ചെലവ് കുറഞ്ഞതും വേഗത്തിൽ എത്തിപ്പെടാവുന്നതുമായ ജലഗതാഗത മാർഗ്ഗമാണ് ഏറെ ഉചിതം. അതുകൊണ്ടാണ് വാട്ടർമെട്രോപോലുള്ള ജല ഗതാഗത സംവിധാനങ്ങൾക്ക് പ്രസക്തിയേറുന്നത്. മേൽ വിഷയ പ്രകാരമുള്ള

പ്രവൃത്തികളിൽ ഉൾപ്പെട്ടിരുന്ന വേമ്പനാട്ട് കായൽ, കൊല്ലം-കോട്ടപ്പുറം ദേശീയപാത എൽ.ഡബ്ല്യൂ.-3-യുടെ ഫീഡർ കനാലാണ്. ദേശീയ ദുരന്തനിവാരണ അതോറിറ്റി നടത്തിയ പഠനത്തിൽ കൊച്ചി നഗരത്തിലെ പതിനാറ് ഡിവിഷനുകളിൽ അതീവ വെള്ളപ്പൊക്ക സാധ്യതയുള്ള മേഖലയാണ് വേമ്പനാട്ട് കായൽ കടന്നുപോകുന്ന എറണാകുളം ജില്ലയിലെ ഇടക്കൊച്ചി അക്വർ ബ്രിഡ്ജ് മുതൽ പെരുമ്പടപ്പ് കുമ്പളങ്ങി ബ്രിഡ്ജുവരെയും പെരുമ്പടപ്പ് കുമ്പളങ്ങി ബ്രിഡ്ജുമുതൽ കണ്ണമാലി സൈഡുവരെയുമുള്ള പ്രദേശം. എക്കൽ അടിയുന്നതുമൂലം വേമ്പനാട്ട് കായലിന് ആഴക്കുറവുണ്ടാകുന്നതോടൊപ്പം ടി മേഖലയിൽ മത്സ്യസമ്പത്ത് ഗണ്യമായി കുറഞ്ഞതിനാൽ ഉൾനാടൻ മത്സ്യബന്ധനവും സാധ്യമാകുന്നില്ല. മത്സ്യബന്ധനം പ്രധാന തൊഴിലാക്കിയ സാധാരണ ജനവിഭാഗമാണ് ഇവിടെ അധിവസിക്കുന്നത്. കൊച്ചി തുറമുഖത്തോട് ചേർന്നുകിടക്കുന്ന കൊച്ചി, കുമ്പളങ്ങി, കണ്ണമാലി, പെരുമ്പടപ്പ് ഉൾപ്പെടെയുള്ള കായലുകളിൽ എക്കലും ചെളിയും അടിഞ്ഞുകൂടി വളരെയധികം ആഴംകുറഞ്ഞിരിക്കുകയാണ്. ടി പ്രദേശങ്ങളിലെ എക്കലും ചെളിയും

നീക്കംചെയ്ത് ആഴം വർദ്ധിപ്പിച്ചാൽ ഇവിടേയ്ക്ക് ഭാവിയിൽ ജലഗതാഗതമാർഗ്ഗം സുഗമമാക്കാവുന്നതും മത്സ്യസമ്പത്തിനൊപ്പം അവിടത്തെ സാധാരണ ജനങ്ങളുടെ തൊഴിലവസരങ്ങളും വർദ്ധിപ്പിക്കാൻ കഴിയുന്നതുമാണ്. ഏകദേശം നാനൂറോളം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഇടകൊച്ചി-അരൂർ ബ്രിഡ്ജ്മുതൽ പെരുമ്പടപ്പ് കുമ്പളങ്ങി ബ്രിഡ്ജ്വരെ 236250 ഘനമീറ്ററും ഏകദേശം നൂറ്റമ്പതോളം കുടുംബങ്ങൾ അധിവസിക്കുന്ന പെരുമ്പടപ്പ്, കുമ്പളങ്ങി ബ്രിഡ്ജ്മുതൽ കണ്ണമാലി സൈഡുവരെ ഏകദേശം 112500 ഘനമീറ്ററും എക്കലും ചെളിയും നീക്കം ചെയ്ത് കായലിന് ആഴം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ഇടകൊച്ചി അരൂർ പാലം മുതൽ പെരുമ്പടപ്പ് കുമ്പളങ്ങിവരെ വേമ്പനാട്ട് കായലിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തിക്കായി 950 ലക്ഷം രൂപയുടെയും പെരുമ്പടപ്പ് കുമ്പളങ്ങി പാലം മുതൽ കണ്ണമാലി ഭാഗംവരെ ആഴം വർദ്ധിപ്പിക്കുന്നതിനായി 452 ലക്ഷം രൂപയുടെയും പ്രവൃത്തികൾക്ക് ഡി.പി.ആർ. നൽകിയിട്ടുണ്ട്. ഇത് ഗൗരവപൂർവ്വമായാണ് സർക്കാർ കാണുന്നത്. ഇക്കാര്യങ്ങൾ

പരിഹരിക്കുന്നതിനാവശ്യമായ ഫണ്ടിന്റെ ലഭ്യതയെക്കുറിച്ച് ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## (4) കോണോത്തുപുഴ പുനരുജ്ജീവനം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയടക്കം അഞ്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ കടന്നുപോകുന്നതാണ് കോണോത്തുപുഴ. വെട്ടുവേലിക്കടവ് മുതൽ പുത്തൻകാവുവരെ പതിനേഴ് കിലോമീറ്റർ ദൈർഘ്യമാണ് ഈ പുഴയ്ക്കുള്ളത്. ക്രമാതീതമായി മണ്ണും മാലിന്യങ്ങളും അടിയുന്നതുമൂലം പുഴ പൂർണ്ണമായും നാശത്തിന്റെ വക്കിലാണ്. ഇത് പുനരുജ്ജീവിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചില സ്വകാര്യ വ്യക്തികൾ ഹരിത ട്രൈബ്യൂണലിൽ കേസ് കൊടുത്തതിനെത്തുടർന്ന് കോണോത്തുപുഴ നദിയും ഇടയ്ക്കിടെ ബന്ധിപ്പിക്കുന്ന അരുവികളും വൃത്തിയാക്കി സുഗമമായ ജലപ്രവാഹം ഉറപ്പാക്കുന്നതിന് സ്റ്റേറ്റ് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് 10-08-2020-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി 30-01-2023-ൽ പുഴ നവീകരണത്തിന് പതിനെട്ട് കോടി രൂപയും

അതിനിടയ്ക്കുള്ള പാലം പുനർനിർമ്മിക്കുന്നതിന് എട്ടുകോടി രൂപയുമുൾപ്പെടെ 26 കോടി രൂപയുടെ ഭരണാനുമതി നൽകി. 03-05-2023-ൽ പതിനെട്ട് കോടി രൂപയുടെ നവീകരണ പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകിയെങ്കിലും ഇപ്പോഴും ടെൻഡർ നടപടികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ധനകാര്യ വകുപ്പ് ചില കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി സഹിതം ഫയൽ അയച്ചെങ്കിലും ഇതുവരെ തുടർനടപടിയുണ്ടായില്ല. ഇതിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് പുഴ പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, എറണാകുളം ജില്ലയിലെ പുത്തൻകാവ് മുതൽ വെട്ടുവേലിക്കടവുവരെയുള്ള കോണോത്തു പുഴയുടെ പതിനേഴ് കിലോമീറ്റർ പുനരുജ്ജീവനത്തിനായി രണ്ടുഘട്ടങ്ങളിലായി പ്രവൃത്തി ചെയ്യുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ Phase-1-ൽ 18 കോടി രൂപയും Phase-2-ൽ 8 കോടി രൂപയും ചേർത്ത് ആകെ 26 കോടി രൂപയുടെ ഭരണാനുമതി 30-01-2023-ൽ

സർക്കാർ ഉത്തരവുപ്രകാരം നൽകിയിരുന്നു. എക്കൽ നീക്കം ചെയ്ത് ബണ്ട് രൂപീകരണം, ജിയോടെക്സ്റ്റൈൽ ജോലികൾ, സ്നാനഘട്ടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ജോലികൾ എന്നിവയുൾപ്പെടുന്ന ഒന്നാംഘട്ട പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കാര്യാലയത്തിൽനിന്ന് സാങ്കേതികാനുമതി നൽകുകയും ഭരണാനുമതി ഉത്തരവിലെ വ്യവസ്ഥ പ്രകാരം സാങ്കേതികാനുമതി എസ്റ്റിമേറ്റിന്റെ അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. ആയത് പരിശോധിച്ചശേഷം ചില മാറ്റങ്ങളോടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ നൽകിയിട്ടുണ്ട്. സർക്കാർ ഇക്കാര്യം വളരെ ഗൗരവപൂർവ്വമായാണ് കാണുന്നത്. ഇതിന്റെ അടിസ്ഥാനത്തിലുള്ള തീരുമാനങ്ങൾ സ്വീകരിച്ച് മുന്നോട്ടുപോകും. രണ്ടാംഘട്ട പ്രവൃത്തിയായ കണിയാവള്ളി പാലം പുനർനിർമ്മാണം സംബന്ധിച്ച് രണ്ട് അഡീഷണൽ ബോർഹോൾ ഡീറ്റെയിൽസും ടോപ്പോഗ്രാഫിക് സർവേയുമുൾപ്പെടുന്ന രണ്ടുലക്ഷം

രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ 10-06-2024-ന് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ലഭ്യമായ വിവരങ്ങളുടെയും ഡാറ്റകളുടെയും അടിസ്ഥാനത്തിൽ പാലത്തിന്റെ സൂപ്പർ സ്ട്രക്ചർ ഡിസൈൻ ചെയ്യുന്ന പ്രവൃത്തി ഐ.ഡി.ആർ.ബി. കാര്യാലയത്തിൽ പുരോഗമിച്ചുവരുന്നുണ്ട്. ഇൻവെസ്റ്റിഗേഷൻ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് രൂപകൽപ്പന പൂർത്തീകരിക്കാനും ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്.

### (5) അത്താണിക്കലിലെ ബിവറേജസ് ഔട്ട്‌ലെറ്റ് മാറ്റി സ്ഥാപിക്കൽ

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിൽ അത്താണിക്കൽ പാലാമടത്ത് ആരംഭിച്ച ബിവറേജസ് കോർപ്പറേഷന്റെ പുതിയ ഔട്ട്‌ലെറ്റ് അടച്ചുപൂട്ടണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. 2014-ൽ വണ്ടൂരിലുണ്ടായിരുന്ന ഔട്ട്‌ലെറ്റ് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടിയിരുന്നു. പിന്നീട് ഇപ്പോഴാണ് പുതിയ ഔട്ട്‌ലെറ്റ് വന്നത്. വണ്ടൂർ

ടൗണിൽനിന്ന് ഏഴ് കിലോമീറ്ററിനകത്ത് തീർത്തും ഗ്രാമീണ സ്വഭാവമുള്ള ഒരു പ്രദേശത്താണ് ഈ ഔട്ട്ലെറ്റ് ആരംഭിച്ചത്. ഇന്ന് വളരെയധികം ആളുകൾ ഇവിടെ മദ്യം വാങ്ങാൻ വരുന്നുണ്ട്. ഇവിടെനിന്നും മദ്യം വാങ്ങുന്നവർ വീട്ടിൽക്കൊണ്ടുപോയോ മറ്റുസ്ഥലങ്ങളിൽ കൊണ്ടുപോയോ കഴിക്കാതെ ഇതിന്റെ ചുറ്റുവട്ടത്ത് തുറസ്സായ സ്ഥലവും നല്ല കാറ്റുമുള്ളതുകൊണ്ട് അവിടെവച്ചുതന്നെ കഴിക്കുകയാണ് പതിവ്. അതുകൊണ്ടുതന്നെ ഇതൊരു ഓപ്പൺ ബാറുപോലെ ആയിരിക്കുകയാണ്. ഇത് ആ പ്രദേശത്ത് താമസിക്കുന്നവർക്ക് അസഹനീയമായിരിക്കുകയാണ്. ഈ സ്ഥാപനം തുടങ്ങിയ തൊട്ടടുത്ത ദിവസം മുതൽ അവിടെ സമരം നടക്കുകയാണ്. എന്റെ ഒരു ബുദ്ധിമുട്ടെന്ന് പറയുന്നത്, എന്തുവന്നാലും എം.എൽ.എ.-മാർ അറിയുമെന്നാണല്ലോ ജനങ്ങൾ ധരിച്ചിരിക്കുന്നത്. മാവേലിസ്റ്റോർ വന്നാലും മറ്റ് സ്ഥാപനങ്ങൾ വന്നാലും അറിയുമെന്നാണ് അവർ ചിന്തിക്കുന്നത്. പക്ഷേ ബിവറേജസ് കോർപ്പറേഷൻ വരുന്നത് എം.എൽ.എ. അറിഞ്ഞിട്ടല്ലെന്ന് നമുക്കറിയാം. എം.എൽ.എ. അറിയാതെ എങ്ങനെയാണ് വരുന്നതെന്നാണ് ഒരു വിഭാഗത്തിന്റെ പ്രചാരണം. അവിടത്തെ സാഹചര്യമെന്ന് പറയുന്നത്,

ഇതിന്റെ തൊട്ടടുത്തുള്ള കോളേജിലേക്ക് പോകുന്ന പെൺകുട്ടികളോട് മദ്യപിച്ചിരിക്കുന്നവർ അസഭ്യം പറയുകയാണ്. അതിനപ്പുറത്തുള്ള കാര്യങ്ങൾ സഭയിൽ പറയാൻ സാധിക്കാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. അതുകൊണ്ട് സ്ത്രീകളും കുട്ടികളും സമരരംഗത്താണ്. എക്സൈസ് വകുപ്പ് ഒരു ബിവറേജസ് ഔട്ട്ലെറ്റ് തുടങ്ങുമ്പോൾ ഇത്തരം സ്ഥലങ്ങളൊക്കെ ഒഴിവാക്കേണ്ടതല്ലേ? ടൗണിലാവുമ്പോൾ ആളുകൾ വാഹനങ്ങളിൽ വന്ന് മദ്യം വാങ്ങിക്കൊണ്ടുപോകും. കാരണം അവർക്ക് അവിടെ മദ്യം ഉപയോഗിക്കാനുള്ള സൗകര്യമുണ്ടാകില്ല. ഇത് തുറന്ന സ്ഥലത്തായതിനാൽ ആ പ്രദേശത്തെ മുഴുവൻ ആളുകളുടെയും സമാധാന ജീവിതം തകർക്കുന്ന നിലയിലേയ്ക്കാണ് പോകുന്നത്. അതുകൊണ്ട് ഗവൺമെന്റ് ഈ ഔട്ട്ലെറ്റ് അടച്ചുപൂട്ടുകയോ അതല്ലെങ്കിൽ ആ പ്രദേശത്തുനിന്നും മാറ്റിസ്ഥാപിക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യണം. പൂർണ്ണമായും അടച്ചുപൂട്ടുക എന്നുള്ളതാണ് ഏറ്റവും സന്തോഷകരമായ കാര്യം. അല്ലെങ്കിൽ അവിടെനിന്നും മാറ്റിസ്ഥാപിച്ച് ആ പ്രദേശത്തുള്ള സ്ത്രീകളും കുട്ടികളുമടങ്ങുന്ന

കുടുംബങ്ങൾക്ക് മാന്യമായി യാത്ര ചെയ്യാനും വീട്ടിൽ താമസിക്കാനുമുള്ള അന്തരീക്ഷമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സംസ്ഥാനത്ത് 2016-ന് മുൻപ് പ്രവർത്തിച്ചിരുന്നതും എന്നാൽ തുടർന്ന് നിർത്തൽ ചെയ്തതുമായ 78 FL 1 ഷോപ്പുകൾ വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകിയിരുന്നു. അതിൽ ഉൾപ്പെട്ട FL 1- 10011 നമ്പർ ഷോപ്പാണ് നിലമ്പൂർ താലൂക്കിൽ വണ്ടൂർ വില്ലേജിൽ കാരാട് പോസ്റ്റ് പരിധിയിൽപ്പെട്ട അത്താണിക്കലിൽ 2024 ഫെബ്രുവരി 22-ന് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. അത്താണിക്കലിൽ മറ്റു വ്യവസായ സ്ഥാപനങ്ങളെല്ലാം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് തൊട്ടടുത്ത് വീടുകളോ ജനവാസമോ അധികമായി ഇല്ലാത്ത പ്രദേശത്താണ് ഈ ഔട്ട്ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. പൊതുജനങ്ങൾക്കോ പരിസരവാസികൾക്കോ ബുദ്ധിമുട്ട് സൃഷ്ടിക്കാത്ത വിധത്തിലാണ് ഈ സ്ഥാപനം അവിടെ ആരംഭിച്ചത്. FL 1 ഷോപ്പ് നമ്പർ 10011 പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ കോമ്പൗണ്ടിൽ ആവശ്യത്തിന് പാർക്കിംഗ് സൗകര്യമുള്ളതുകൊണ്ട് റോഡിൽ ട്രാഫിക് തടസ്സവുമുണ്ടാകുന്നില്ല. ജനവാസ

കേന്ദ്രത്തിന് സമീപത്തല്ലാത്തതുകൊണ്ടുതന്നെ പൊതുജനങ്ങൾക്കും ഷോപ്പിന്റെ പ്രവർത്തനം ശല്യമാകാത്ത നിലയിലാണ് അത് അനുവദിച്ചതും ആരംഭിച്ചതും. നിലവിലെ അബ്കാരി നിയമത്തിലെയും വിദേശമദ്യ ചട്ടത്തിലെയും നിബന്ധനകൾ പാലിച്ചുകൊണ്ടാണ് വണ്ടൂർ കെ.എസ്.ബി.സി - എഫ്.എൽ 1 ഷോപ്പ് പ്രവർത്തിച്ചുവരുന്നത്.

## (6) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലാപ്സായ തുക ബജറ്റിൽ ഉൾപ്പെടുത്തൽ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 2023-24 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട അർഹമായ തുക യഥാസമയം ലഭിക്കാതെ അവസാന സമയത്ത് ലഭിച്ചതിനാൽ ചെലവഴിക്കാൻ കഴിയാത്തതായ വിഷയം സഭ ചർച്ച ചെയ്തിട്ടുള്ളതാണെങ്കിലും അവർക്കുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടവും മറ്റ് പ്രയാസങ്ങളും പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏപ്രിൽ, ജൂലൈ, ജനുവരി എന്നീ മാസങ്ങളിൽ മൂന്ന് ഗഡുക്കളായാണ് വികസന ഫണ്ട് നൽകുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. സത്യത്തിൽ കഴിഞ്ഞ വർഷം ജൂലൈയിൽ അനുവദിക്കേണ്ടത് നവംബറിലും ജനുവരിയിൽ അനുവദിക്കേണ്ടത്

മാർച്ച് അവസാനവുമാണ് നൽകിയത്. മാർച്ചിൽ വളരെ വൈകി ഫണ്ട് അനുവദിച്ചതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച് ബില്ല് നൽകിയിട്ടും ട്രഷറിയിൽ സർക്കാർ നിർദ്ദേശപ്രകാരം കടുത്ത നിയന്ത്രണം വന്നതുകൊണ്ട് ഒരു ബില്ലും മാറ്റാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല എക്സ്പെൻഡീച്ചർ 70 ശതമാനം മാത്രമായി ചുരുങ്ങുകയും ചെയ്തുവെന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി കഴിഞ്ഞ നിയമസഭയിൽ പറഞ്ഞിരുന്നു. എന്റെ ചോദ്യത്തിനുൾപ്പെടെ ഉത്തരം നൽകിയത് 71 ശതമാനം മാത്രമാണ് എക്സ്പെൻഡീച്ചറാക്കാൻ കഴിഞ്ഞിട്ടുള്ളതെന്നാണ്. മാത്രമല്ല കഴിഞ്ഞ വർഷം 9 ഗഡുക്കളായി കൊടുക്കേണ്ട മെയിന്റനൻസ് ഗ്രാന്റിന്റെ മൂന്നാം ഗഡുതന്നെ അവസാന സമയത്താണ് കൊടുത്തിട്ടുള്ളത്. മെയിന്റനൻസ് ഗ്രാന്റിനെക്കുറിച്ച് പറയുമ്പോൾ മനസ്സിലാക്കേണ്ടത് ജെ.ജെ.എം. (ജൽ ജീവൻ മിഷൻ)-ന്റെ വർക്ക് നടക്കുന്നിടത്തെല്ലാം തദ്ദേശസ്ഥാപനങ്ങളുടെ റോഡ് ആകെ പൊളിഞ്ഞ് കിടക്കുകയാണെന്നാണ്. റോഡ് നന്നാക്കണമെങ്കിൽ റോഡിന്റെ മെയിന്റനൻസ് ഫണ്ട് കൊടുക്കേണ്ടതുണ്ട്. നോൺ-റോഡ് മെയിന്റനൻസ് വേറെയുമുണ്ട്. ഇത് കൊടുക്കാതിരിക്കുകയും വെട്ടിക്കുറയ്ക്കുകയും ചെയ്യുന്നു. മലപ്പുറം ജില്ലാ

പഞ്ചായത്തിന്റെ അവസ്ഥയെടുത്താൽ 2021-22-ൽ റോഡ് മെയിന്റനൻസിന് 33 കോടി രൂപയാണ് അനുവദിച്ചത്. എന്നാൽ 2022-23-ൽ 16 കോടി രൂപയായി ചുരുങ്ങി. 2023-24 ആയപ്പോഴേക്കും 3 കോടി രൂപ മാത്രമാണ് അനുവദിച്ചത്. 33 കോടി രൂപയിൽനിന്നും മൂന്ന് വർഷംകൊണ്ട് 3 കോടി രൂപയിലേക്ക് ചുരുക്കുന്നു. മലപ്പുറം ജില്ലയിലെ ഒരു ഉദാഹരണം പറയുകയാണ്. എല്ലാ ജില്ലയിലും ഈ അവസ്ഥയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. റോഡുകളൊന്നും നന്നാക്കാൻ കഴിയുന്നില്ല. 2018-ലും 2019-ലും പ്രളയം വന്നു. പ്രളയത്തെ തുടർന്നും പിന്നീട് ജെ.ജെ.എം. മിഷന്റെ വർക്കിനെ തുടർന്നും നാശമായ ഒരു റോഡുപോലും പ്രത്യേകിച്ച് അവരുടെ അസറ്റിലുള്ള റോഡുകൾപോലും നന്നാക്കാൻ കഴിയാത്ത പ്രയാസത്തിലാണ് തദ്ദേശ സ്ഥാപനങ്ങൾ. ബില്ലുകൾ നൽകിയിട്ടും സർക്കാരിന്റെ ഡയറക്ഷൻ പ്രകാരം ട്രഷറിയിൽനിന്നും ഒരു ബില്ലും മാറ്റിക്കൊടുക്കുന്നില്ല. തദ്ദേശസ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുന്നത് ഗ്രാമസഭകളിൽനിന്നാണെന്ന് നമുക്കെല്ലാമറിയാം. അതുപോലെ പഞ്ചായത്തിലെ മുഴുവൻ സംവിധാനങ്ങളും തയ്യാറാക്കിയ പദ്ധതിയുടെ തുക അവരുടെ കാരണംകൊണ്ടല്ല ചെലവഴിക്കാൻ കഴിയാതെ വരുന്നത്. അവർ എല്ലാം പൂർത്തിയാക്കിക്കൊടുത്തിട്ടും ട്രഷറി നിയന്ത്രണത്താൽ ചെലവഴിക്കാൻ കഴിയാത്തതുകാരണം 2024-25 വർഷത്തേക്ക്

വർക്കുകൾ ക്യാരിഓവർ ചെയ്യുക മാത്രമാണ് ചെയ്തത്. ഫണ്ട് ക്യാരിഓവർ ചെയ്ത് അത് സ്പിൽഓവർ ആക്കി മാറ്റിക്കൊണ്ട് അതുമുഴുവൻ 2024-25 സാമ്പത്തിക വർഷത്തിൽ അനുവദിച്ചുകൊടുക്കണമെന്നും അടുത്ത വർഷമെങ്കിലും അവസാന ഗഡു ജനുവരിയിൽത്തന്നെ നൽകാനുള്ള നടപടിയുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ 5552 കോടി രൂപയും സംരക്ഷണ ഫണ്ടിനത്തിൽ 3647 കോടി രൂപയും പൊതുആവശ്യ ഫണ്ടിനത്തിൽ 2244 കോടി രൂപയുമാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്. ഇതിൽ വികസന ഫണ്ട് മൂന്ന് ഗഡുക്കളായി 2023 ഏപ്രിൽ, ജൂലൈ, 2024 മാർച്ച് എന്നീ മാസങ്ങളിലും സംരക്ഷണ ഫണ്ട് മൂന്ന് ഗഡുക്കളായി 2023 മാർച്ച്, നവംബർ, 2024 മാർച്ച് എന്നീ മാസങ്ങളിലും അനുവദിച്ചിട്ടുണ്ട്. പൊതുആവശ്യ ഫണ്ടിന്റെ ആദ്യ 9 ഗഡുക്കൾ അതത് മാസങ്ങളിലും അവസാന മൂന്ന് ഗഡുക്കൾ 2024 മാർച്ച് മാസവും അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 2023-24

വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആകെ പദ്ധതി ചെലവ് 71.46 ശതമാനമാണ്. കേന്ദ്ര നികുതി വിഹിതം, വായ്പാ പരിധി എന്നിവയിലുണ്ടായ ഗണ്യമായ കുറവ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടാക്കിയ പ്രയാസങ്ങൾമൂലം വികസന ഫണ്ടിന്റെയും സംരക്ഷണ ഫണ്ടിന്റെയും അവസാന ഗഡുക്കളും പൊതുആവശ്യ ഫണ്ടിന്റെ അവസാന മൂന്ന് ഗഡുക്കളും 2024 മാർച്ച് മാസത്തിലാണ് അനുവദിക്കാൻ സാധിച്ചിട്ടുള്ളത്. സാമ്പത്തിക വർഷത്തിന്റെ അവസാനം തുക ലഭ്യമായതും ട്രഷറിയിൽ ഏർപ്പെടുത്തേണ്ടിവന്ന സ്വാഭാവിക നിയന്ത്രണങ്ങൾമൂലവും സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ സമർപ്പിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകളെല്ലാം മാറിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 31-03-2024-ലെ കണക്കുകൾ പ്രകാരം മാറി നൽകാൻ സാധിക്കാത്ത 1015 കോടി രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂവിലേയ്ക്ക് മാറ്റിയിരുന്നു. നിലവിൽ 20 ശതമാനം ക്യാരിഓവർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവരുന്നുണ്ട്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തിക വർഷം ട്രഷറി ക്യൂവിലായ തുക അല്ലെങ്കിൽ 20 ശതമാനം ക്യാരിഓവർ ഇതിൽ ഏതാണോ അധികമായത് അത് 2024-25 സാമ്പത്തിക വർഷം ക്യാരിഓവറായി അനുവദിക്കുന്നത് സർക്കാർ പരിശോധിച്ചുവരികയാണ്. 09-04-2024-ലെ സർക്കാർ ഉത്തരവ് പ്രകാരം 2024-25 സാമ്പത്തിക വർഷം വികസനഫണ്ടിന്റെ ആദ്യ ഗഡു ഇനത്തിൽ 1904 കോടി രൂപയും 15-04-2024-ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം സംരക്ഷണ ഫണ്ടിന്റെ ആദ്യ ഗഡുവായി 1377 കോടി രൂപയും തദ്ദേശ സ്ഥാപനങ്ങൾക്ക് ഇതിനോടകം അനുവദിച്ചിട്ടുണ്ട്. വർഷാവസാനം ഏർപ്പെടുത്തേണ്ടിവന്ന നിയന്ത്രണങ്ങൾമൂലം തദ്ദേശ സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ പരിശോധിച്ചുവരുന്നത്.

(7) മാവൂർ എൻ.ഐ.റ്റി. - കൊടുവള്ളി റോഡ്

ശ്രീ. പി. ടി. എ. റഹീം: സർ, കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുകയും കെ.ആർ.എഫ്.ബി. ഏറ്റെടുക്കുകയും ചെയ്ത മാവൂർ എൻ.ഐ.റ്റി.-കൊടുവള്ളി റോഡ് വർഷങ്ങളായി ടാറിംഗ്

നടത്താത്തതിനാൽ തകർന്നുകിടക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ എല്ലാ പൊതുമരാമത്ത് റോഡുകളും പി.ഡബ്ല്യു.ഡി. പാച്ച് വർക്ക് ചെയ്യുകയോ റീ-ടാർ ചെയ്യുകയോ ചെയ്ത് നന്നാക്കിയിട്ടുണ്ട്. പക്ഷേ, ഈ റോഡ് കെ.ആർ.എഫ്.ബി.-യുടെ കൈവശമായതിനാൽ പഴയ അവസ്ഥയിൽത്തന്നെ തുടരുകയാണ്. അലൈൻമെന്റ് പ്രകാരം കല്ലിട്ട് റോഡിന്റെ അതിർത്തി നിർണ്ണയിക്കുകയും അധികമായി ആവശ്യമുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്. പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്ന പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ പ്രസ്തുത റോഡ് പാച്ച് വർക്ക് ചെയ്ത് ഗതാഗത യോഗ്യമാക്കുന്നതിനും നാട്ടുകാരുടെ വലിയ പരിശ്രമത്തിന്റെ ഫലമായി ആവശ്യമായ സ്ഥലത്തിന്റെ 90 ശതമാനം ഭൂമിയും വിട്ടുകിട്ടിയ സാഹചര്യത്തിൽ മുഖ്യ പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് മാവൂർ എൻ.ഐ.ടി-കൊടുവള്ളി റോഡ് വികസിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളത്. ഭൂമി ഏറ്റെടുക്കുന്നതിന് 7 കോടി രൂപ ഉൾപ്പെടെ 52.20 കോടി രൂപയുടെ സാമ്പത്തികാനുമതിയാണ് നൽകിയിട്ടുള്ളത്. നിലവിൽ പ്രവൃത്തിയുടെ ഭൂമിയേറ്റെടുക്കൽ നടപടികൾ നടന്നുവരികയാണ്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും റവന്യൂ അധികൃതരുമായുള്ള സംയുക്ത പരിശോധനയ്ക്കുശേഷം റവന്യൂ സർവേ നടന്നുവരികയുമാണ്. അഡ്വാൻസ് പൊസ്സഷൻ മുഖാന്തരം സ്ഥലം ലഭ്യമാക്കി പ്രവൃത്തി നേരത്തെ ആരംഭിക്കണമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടിരിക്കുന്നത്. ഇക്കാര്യത്തിൽ സാങ്കേതികമായ ചില പ്രശ്നങ്ങളുണ്ട്. മുറിച്ചുമാറ്റേണ്ട മരങ്ങളും പൊളിച്ചുമാറ്റേണ്ട ചുറ്റുമതിലുകളും ഉൾപ്പെടെയുള്ള ചമയങ്ങളുടെ വിലനിർണ്ണയത്തിന് ഇത് തടസ്സമാകാൻ സാധ്യതയുണ്ട്. എങ്കിലും ഇക്കാര്യത്തിൽ റവന്യൂ വകുപ്പിന്റെയും

കിഫ്ബിയുടെയും അഭിപ്രായം പ്രധാനമാണ്. അഡ്വാൻസ് പൊസ്സഷൻ ലഭ്യമാക്കാനുള്ള ബഹുമാനപ്പെട്ട അംഗത്തിന്റെ പരിശ്രമം വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ടുതന്നെ ബന്ധപ്പെട്ടവരുമായി ആലോചിച്ച് ഒരു യോഗം വിളിച്ചുചേർക്കാൻ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്താം.

(8) എൻ.എച്ച്. 66 കൊയിലാണ്ടി റീച്ചിന്റെ പൂർത്തീകരണം

ശ്രീമതി കാനത്തിൽ ജമീല: സർ, നാഷണൽ ഹൈവേ 66-ന്റെ വികസന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ മുന്നേറുകയാണ്. പദ്ധതി പൂർത്തിയാകുന്നതോടെ കേരളം അഭിമാനകരമായ നേട്ടമുണ്ടാക്കുമെന്നുള്ളതിന് തർക്കമൊന്നുമില്ല. എന്നാൽ നാഷണൽ ഹൈവേ അതോറിറ്റിയുടെയും നിർമ്മാണ കമ്പനികളുടെയും ജാഗ്രതക്കുറവുമൂലം ജനങ്ങൾ വലിയ ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കൊയിലാണ്ടി മണ്ഡലത്തിലെ റീച്ചെടുത്ത കരാറുകാർ അദാനി ഗ്രൂപ്പാണ്. അദാനി ഗ്രൂപ്പ് ഉപകരാർ ഏല്പിച്ചിരിക്കുന്നത് ഗുജറാത്തിലെ വാഗാഡ് എന്ന കമ്പനിയെയാണ്. മഴക്കാലത്തിന്റെ മുന്നോടിയായി സ്വീകരിക്കേണ്ട ഒരു മുൻകരുതലും സ്വീകരിക്കാത്തതിന്റെ

ഭാഗമായി താഴ്ന്ന പ്രദേശങ്ങളിലുള്ള കോളനികളടക്കം വെള്ളത്തിൽ മുങ്ങിപ്പോകുന്ന സ്ഥിതിവിശേഷമാണുള്ളത്. വാഹനങ്ങൾക്ക് റോഡിലൂടെ പോകാൻ കഴിയാത്തവിധം കുണ്ടുംകുഴിയുമായിരിക്കുകയാണ്. ഇതെല്ലാം വാഗാഡ് ഗ്രൂപ്പിനോടോ ഹൈവേ അതോറിറ്റിയോടോ പറയുമ്പോൾ യാതൊരു രീതിയിലുമുള്ള കാര്യങ്ങളും ഏറ്റെടുത്ത് ചെയ്യാത്ത സ്ഥിതിയാണുള്ളത്. പ്രാദേശിക ഗവൺമെന്റുകളുമായോ ജനപ്രതിനിധികളുമായുള്ള കൂടിയാലോചനയുടെ ഭാഗമായോ ഒരു കാര്യങ്ങളും അവർ ചെയ്യുന്നില്ല. ദുരിതങ്ങൾ പരിഹരിക്കാൻ നാഷണൽ ഹൈവേ അതോറിറ്റിയോട് ആവശ്യപ്പെടുമ്പോൾ വളരെ നിരുത്തരവാദപരമായ സമീപനമാണ് അവർ സ്വീകരിക്കുന്നത്. അതിനാൽ ഹൈവേയുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ജനങ്ങൾ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ വളരെപ്പെട്ടെന്നുതന്നെ പരിഹരിക്കേണ്ടതുണ്ട്. അവർക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ട് ജനങ്ങളെ ഈ പ്രയാസങ്ങളിൽനിന്നും രക്ഷിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ദേശീയപാത 66-ൽ അഴിയൂർ മുതൽ വെങ്ങളം വരെയുള്ള ഭാഗം ആറുവരിയാക്കുന്ന പ്രവൃത്തി അതിവേഗം പുരോഗമിക്കുകയാണ്. ദേശീയപാത അതോറിറ്റിയുമായി ചേർന്ന് ഈ റീച്ചിലെ പ്രവൃത്തി വേഗത്തിലാക്കാൻ നടത്തിയ ഇടപെടലുകൾ ബഹുമാനപ്പെട്ട അംഗത്തിനും അറിയാവുന്നതാണ്. മൺസൂണുമായി ബന്ധപ്പെട്ട് ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ദേശീയപാത അതോറിറ്റിയോട് നേരത്തെതന്നെ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ദേശീയപാത അതോറിറ്റിയുടെ മേൽനോട്ടത്തിൽ കൺസഷനയർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു യോഗം നടത്തിയിരുന്നു. ആ യോഗത്തിലെ തീരുമാനപ്രകാരം മൺസൂണുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ട്. ദേശീയപാത അതോറിറ്റിയുടെ മേൽനോട്ടത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് അവർ അറിയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച

സാഹചര്യത്തിൽ ഏതൊക്കെ മേഖലകളിൽ ഇനിയും പ്രശ്നങ്ങൾ പരിഹരിക്കാനുണ്ടെന്ന് ചൂണ്ടിക്കാണിച്ചാൽ ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി അവ പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്താം.

(9) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. എച്ച്. സലാം: സർ, 1963-ൽ ആരംഭിച്ച് 1973-ൽ ഗവൺമെന്റ് ഏറ്റെടുത്ത കേരളത്തിലെ നാലാമത്തെ മെഡിക്കൽ കോളേജാണ് ആലപ്പുഴ മെഡിക്കൽ കോളേജ്. ആലപ്പുഴ ജില്ലയിലെയും സമീപ ജില്ലകളിലെയും സാധാരണക്കാർ ഏറെ ആശ്രയിക്കുന്ന ഒരു ആശുപത്രിയാണിത്. അവിടെയുള്ള പ്രതിദിന ശരാശരി ഒ.പി. ഏതാണ്ട് 2600-ന് മുകളിലാണ്. ആലപ്പുഴ ജില്ലയിൽ എറണാകുളം ജില്ലയിലുള്ളതുപോലെയുള്ള സൗകര്യങ്ങൾ ഇല്ലാത്തതിനാലും ഇത് സാധാരണക്കാർ മാത്രം ആശ്രയിക്കുന്ന ഒരു മെഡിക്കൽ കോളേജ് ആയതിനാലും അവിടെയുള്ള ചികിത്സ മെച്ചപ്പെടുത്തുകയെന്ന കാര്യം നമ്മുടെ കൂട്ടുത്തരവാദിത്വമായി വരേണ്ടതാണ്. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് ഈ ആശുപത്രി

വണ്ടാനത്തേയ്ക്ക് പൂർണ്ണമായും മാറ്റി പ്രവർത്തിപ്പിച്ചതിനുശേഷമാണ് ഇതിന് വലിയ വികസനമുണ്ടായത്. ഒന്നും രണ്ടും പിണറായി ഗവൺമെന്റിന്റെ സമയത്ത് കോടിക്കണക്കിന് രൂപ മുടക്കിയിട്ടുള്ള വികസന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. അവിടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. അന്ന് അദ്ദേഹം പ്രഖ്യാപിച്ചതനുസരിച്ച് ഡോക്ടർമാരുടെ 8 പുതിയ തസ്തിക അനുവദിക്കപ്പെട്ടു. കൂടാതെ കോംപ്രിഹെൻസീവ് സ്ട്രോക്ക് യൂണിറ്റ്, ട്രോമാ കെയർ യൂണിറ്റ് എന്നിവയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. പ്രസവ സംബന്ധമായ ചികിത്സയ്ക്കുവേണ്ടി ആധുനിക ഉപകരണമുൾപ്പെടെ സജ്ജമാക്കിയുള്ള Obstetrics and Gynaecology(O&G) ബ്ലോക്ക് ഇപ്പോൾ പൂർത്തീകരിക്കപ്പെട്ടു. ഇങ്ങനെ കോടിക്കണക്കിന് രൂപ മുടക്കി ഗവൺമെന്റ് അവിടെയുള്ള ചികിത്സ മെച്ചപ്പെടുത്താൻ പരിശ്രമിക്കുമ്പോൾ ആ പരിശ്രമത്തിന് വിഘാതമാകുന്ന നിലയിലാണ് ആലപ്പുഴ മെഡിക്കൽ കോളേജിലെ ചില ഡോക്ടർമാർ പ്രവർത്തിക്കുന്നത്. നന്നായി ജോലി ചെയ്യുന്ന ധാരാളം

ഡോക്ടർമാർ അവിടെയുണ്ടെങ്കിലും ഇങ്ങനെയുള്ളവർ വളരെ ചെറിയ ശതമാനമുണ്ട്. അവിടെ ഏകദേശം മുപ്പത്താറോളം കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുകയുണ്ടായി. എല്ലാ മികവുമുള്ള ആശുപത്രിയായി ഇതിനെ മെച്ചപ്പെടുത്താൻ ഗവൺമെന്റ് ശ്രമിക്കുമ്പോഴും അവിടെ ചിലയാളുകളുടെ അനാസ്ഥമൂലമുണ്ടാകുന്ന മരണങ്ങൾ ആശുപത്രിക്ക് നേരെ നിരന്തരം പരാതികൾക്ക് ഇടയാക്കുകയാണ്. കഴിഞ്ഞ ഏപ്രിൽ 28-ന് പുറക്കാട് സ്വദേശിനി ഷിബിന പ്രസവശേഷമുള്ള ഇൻഫെക്ഷനെത്തുടർന്ന് മരണപ്പെട്ട സാഹചര്യമുണ്ടായി. മേയ് 16-ന് പുന്നപ്ര സ്വദേശി ഉമൈബ കോട്ടയത്തുവച്ച് മരിക്കാനിടയായ സംഭവം,ഇവിടെ ചികിത്സയിലിരിക്കെ മരണപ്പെടുന്നതിന് തലേദിവസം കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റുകയായിരുന്നു. ജൂൺ 6-ാം തീയതി സൗമ്യയെന്ന വണ്ടാനം സ്വദേശിയുടെ നവജാത ശിശുവിനെ ഗൈനക്കോളജി വിഭാഗത്തിൽ വച്ചുണ്ടായ ഇൻഫെക്ഷനെത്തുടർന്ന് പീഡിയാട്രിക് വിഭാഗത്തിലേയ്ക്ക് മാറ്റുകയും അവിടെവച്ച് മരണപ്പെടുകയുമുണ്ടായി. സമീപകാലത്ത് വന്നിട്ടുള്ള ഈ മൂന്ന്

പരാതികളിലും വളരെ ഗൗരവതരമായ സാഹചര്യമാണുള്ളത്. ഈ സാഹചര്യം പരിശോധിച്ച് പരിഹരിക്കുന്നതിന് ഗവൺമെന്റ് ഇടപെടുകയും അന്വേഷണം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രഖ്യാപിച്ച അന്വേഷണം സമയബന്ധിതമായി പൂർത്തീകരിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നില്ലെങ്കിൽ ഗവൺമെന്റും നന്നായി പ്രവർത്തിക്കുന്ന ജീവനക്കാരും ഡോക്ടർമാരുമുൾപ്പെടെ ചെയ്യുന്ന എല്ലാ സേവനങ്ങളും അസ്തമിച്ചുപോകും. അതുകൊണ്ട് ഈ കേസുകളിലെ അന്വേഷണം പൂർത്തീകരിക്കുകയും ബഹുമാനപ്പെട്ട മന്ത്രി ആശുപത്രി സന്ദർശിച്ച് ആവശ്യമായ പരിശോധനകൾ നടത്തുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, മെച്ചപ്പെട്ട ചികിത്സ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ആലപ്പുഴ മെഡിക്കൽ

കോളേജിനെ സംബന്ധിച്ചിടത്തോളം ദേശീയപാതയുടെ അടുത്തുള്ളതും തീരദേശമേഖലയിലുള്ളതുമായ മെഡിക്കൽ കോളേജ് എന്നീ സവിശേഷതകൾ കണക്കിലെടുത്ത് 173 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ ഉദ്ഘാടനം കഴിഞ്ഞ വർഷം ബഹുമാന്യനായ മുഖ്യമന്ത്രി നിർവ്വഹിച്ചു. ഈ കെട്ടിടത്തിൽ 9 സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലായി 50 ഐ.സി.യു. കിടക്കകളുൾപ്പെടെ 250 കിടക്കകളോടെയാണ് പ്രോജക്ട് വിഭാവന ചെയ്ത് പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കിയിട്ടുള്ളത്. ഇതുകൂടാതെ 30 കോടി രൂപ മുതൽ മുടക്കി Obstetrics and Gynaecology(O&G) ബ്ലോക്ക് ഉടനെ പ്രവർത്തനസജ്ജമാകുന്ന നിലയിൽ പൂർത്തിയായി വരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കോംപ്രിഹെൻസീവ് സ്ട്രോക്ക് യൂണിറ്റിന് 5 കോടി രൂപയും അതുപോലെ ഓങ്കോളജി ബ്ലോക്കിന്റെ നിർമ്മാണത്തിന് ആദ്യഘട്ടത്തിൽ 3.20 കോടി രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്. 2021 വരെ ആലപ്പുഴ മെഡിക്കൽ കോളേജിലുണ്ടായിരുന്നത് 93 ഓക്സിജൻ ബെഡുകളായിരുന്നുവെങ്കിൽ ഇന്നവിടെ ഓക്സിജൻ പൈപ്പ് ലൈനുകൾ സ്ഥാപിച്ചതിലൂടെ 923 കിടക്കകൾ

ഓക്സിജൻ കിടക്കകളാക്കി മാറ്റുകയുണ്ടായി. ആലപ്പുഴ മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എമർജൻസി മെഡിസിൻ വിഭാഗവും പ്ലാസ്റ്റിക് സർജറി വിഭാഗവും ആരംഭിക്കുന്നതിനും നിയോ നാറ്റോളജി ചികിത്സ നൽകുന്നതിനുമായി എട്ട് അദ്ധ്യാപക തസ്തികകൾ 21-12-2023-ൽ സൃഷ്ടിച്ചതുകൂടാതെ ഈ വർഷം വിവിധ വിഭാഗങ്ങളിലായി 13 പി.ജി. സീറ്റുകൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലെ ശരാശരി പ്രതിദിന ഒ.പി. മൂവായിരവും ഐ.പി. തൊള്ളായിരത്തി അമ്പതുമാണ്. ഇന്നലെ വരെയുള്ള കണക്കെടുക്കുമ്പോൾ ശരാശരി ഒ.പി. 2840 ആണ്. സമീപ വർഷങ്ങളിലെ കണക്ക് പരിശോധിക്കുമ്പോൾ അവിടെയെത്തുന്ന രോഗികളുടെ എണ്ണത്തിൽ വൻ വർദ്ധനയുണ്ടായിട്ടുണ്ടെന്ന് കാണാൻ സാധിക്കും.

ആലപ്പുഴ മെഡിക്കൽ കോളേജിൽ 586 അദ്ധ്യാപകരും 175 ഹൗസ് സർജൻമാരുമുൾപ്പെടെ 1482 പേർ ജോലി ചെയ്തുവരുന്നുണ്ട്. സർക്കാർ ആശുപത്രിയിലെത്തുന്ന ഓരോ വ്യക്തിക്കും ഗുണനിലവാരമുള്ള ചികിത്സ സൗജന്യമായോ മിതമായ നിരക്കിലോ ഉറപ്പാക്കുക എന്നതാണ്

സർക്കാരിന്റെ നയവും ലക്ഷ്യവും. സമീപകാലത്തുണ്ടായ മൂന്ന് വിഷയങ്ങൾ ബഹുമാന്യരായ അംഗങ്ങൾ ഓർമ്മിക്കുന്നുണ്ടാകും. 2022-23-ൽ ഒരു പരാതി ഉന്നയിച്ചതിനെത്തുടർന്ന് മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ചരിത്രത്തിൽ ആദ്യമായി ആറോ ഏഴോ ഡോക്ടർമാരെ ഒന്നിച്ച് സ്ഥലം മാറ്റിക്കൊണ്ട് ചട്ടപ്രകാരം വളരെ ശക്തമായ രീതിയിൽ മുഖം നോക്കാതെയുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിരുന്നു. ആലപ്പുഴ മെഡിക്കൽ കോളേജ് എന്നു മാത്രമല്ല ഏത് സർക്കാർ ആശുപത്രിയാണെങ്കിലും സാധാരണക്കാരായ ആളുകൾ ധാരാളമായി ആശ്രയിക്കുന്ന ആശുപത്രിയായതിനാൽ രോഗത്തിന്റെ നിസഹായതയിലും വേദനയിലും അവിടെയെത്തുന്ന ആളുകൾക്ക് ഗുണനിലവാരമുള്ള ചികിത്സയുണ്ടാകണം. അതിലൊരു പിഴവും ഉണ്ടാകാൻ പാടില്ല. ഏതെങ്കിലുമൊരു പിഴവുണ്ടായാൽ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ആലപ്പുഴ മെഡിക്കൽ കോളേജിന്റെ മുൻകാല ചരിത്രം പരിശോധിച്ചാൽ, 2015-ൽ അവിടെ സ്കാനിംഗ് ടേബിളിൽനിന്നും ഒരു രോഗി താഴെ വീണു മരിച്ച സംഭവവും കാഷ്വാൽറ്റിയിൽ കൊളാപ്സ്ഡ് ആയി മരിച്ച സംഭവവുമൊക്കെ

ഉണ്ടായിട്ടുണ്ടെങ്കിലും നിലവിൽ അത്തരം കേസുകളുടെ കണക്കുകളിൽ കുറവുണ്ട്. മേൽ സൂചിപ്പിച്ച മൂന്ന് വിഷയത്തിലും പ്രത്യേക അന്വേഷണ കമ്മീഷനെ നിയോഗിക്കുകയും അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടുകൾ ഡി.എം.ഇ.-ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിന്മേൽ സർക്കാരിലേയ്ക്ക് സമർപ്പിക്കപ്പെട്ട റിപ്പോർട്ടുകളും അതിന്റെ വസ്തുതകളും കൃത്യമായി ഒന്നുകൂടി ഫാക്ട് ചെക്ക് നടത്തി കാരണങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഡി.എം.ഇ.-യോട് ആരായുകയും കൂടുതൽ വിശദീകരണങ്ങൾക്കായി വീണ്ടും ഒരു റിപ്പോർട്ട് തേടുകയും ചെയ്തിട്ടുണ്ട്. ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതിന്റെ കണ്ടെത്തലുകളിന്മേൽ കൃത്യമായ നടപടികൾ ഉണ്ടാകുമെന്നുള്ളത് തന്നെയാണ് ഈ അവസ്ഥയിൽ ആലപ്പുഴ മെഡിക്കൽ കോളേജിനെ സംബന്ധിച്ച് പറയാനുള്ളത്.

ആലപ്പുഴ മെഡിക്കൽ കോളേജിലെ പരാതികളിൽ കൃത്യമായി ഇടപെടുകയും അന്വേഷണം നടത്തുകയും ചെയ്യുന്നുണ്ട്. പൊതുവെ സർക്കാർ ആശുപത്രികളെ സംബന്ധിച്ചിടത്തോളം ഡി.എം.ഇ.-യുടെ കീഴിൽ സ്ഥിരമായിട്ടുള്ള ഒരു അന്വേഷണ സംവിധാനം ഉണ്ടാക്കുന്നതിന്

തീരുമാനിച്ചിട്ടുണ്ട്. ജനങ്ങൾക്ക് ആശ്രയിക്കുന്നതിനും പരാതി പറയുന്നതിനും പരാതികൾ കൃത്യമായി പരിഹരിക്കുന്നതിനുമുള്ള ഒരു സ്ഥിരം സംവിധാനം ഇതുവരെയും നമ്മുടെ മെഡിക്കൽ വിദ്യാഭ്യാസ ചരിത്രത്തിലോ ഡിപ്പാർട്ട്മെന്റിലോ ഉണ്ടായിരുന്നില്ല. അതുണ്ടാകും. ചില ഡോക്ടർമാർ നോൺ പ്രാക്ടീസിംഗ് അലവൻസ് വാങ്ങിക്കൊണ്ട് സ്വകാര്യ പ്രാക്ടീസ് നടത്തുന്നതായി റിപ്പോർട്ടുണ്ട്. അത് തെറ്റായ കാര്യമാണ്. അവർ ആശുപത്രിയിൽ എത്ര സമയം ഉണ്ടെന്നുള്ളതും സ്വകാര്യ പ്രാക്ടീസ് ചെയ്യുന്നുണ്ടോയെന്നതും സർക്കാർ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട്. ഈ ആശുപത്രിയുടെ പൊതുവായിട്ടുള്ള പ്രവർത്തനങ്ങളും ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തനങ്ങളും പരിശോധിക്കുന്നുണ്ട്. സമർപ്പിതമായി പ്രവർത്തിക്കുന്ന ഭൂരിപക്ഷംപേർക്കും മാനക്കേടുണ്ടാകുന്ന രീതിയിൽ ചിലയാളുകൾ അവിടെ പ്രവർത്തിക്കുന്നുവെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിലും നടപടിയുണ്ടാകും.

അതോടൊപ്പം ഒരു കാര്യംകൂടി പറയുകയാണ്. ആശുപത്രി അധികൃതരുടെ ഭാഗത്തുനിന്നുമുള്ള ഒരു റിപ്പോർട്ടാണിത്. അതായത്, ഒരു

മൃതദേഹം ഏറ്റുവാങ്ങി പോയശേഷം രണ്ടര മണിക്കൂറിനുള്ളിൽ അർദ്ധരാത്രിക്കുശേഷം ഒരു ആൾക്കൂട്ടം അവിടേയ്ക്ക് വന്ന് ബഹളമുണ്ടാക്കുകയാണ്. ഈ ബഹളവും സംഘർഷവും ഉണ്ടായിടത്തെല്ലാം ഒരേ ആളുകൾ (ചില സ്വകാര്യ ആശുപത്രികളുടെ ആളുകൾ) തന്നെ ആയിരുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ അതുസംബന്ധിച്ചും പരിശോധിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(10) <u>കാക്കനാട് ഡി.എൽ.എഫ്.ഫ്ലാറ്റ് നിവാസികൾക്ക്</u>
<u>കുടിവെള്ളത്തിൽ നിന്ന് രോഗബാധ</u>

<u>ശ്രീമതി ഉമ തോമസ്</u>: സർ, കേരളത്തിൽ ഏറ്റവുമധികം ഫ്ലാറ്റ് സമുച്ചയങ്ങളുള്ള പ്രദേശമാണ് തൃക്കാക്കര. സീ പോർട്ട് - എയർപോർട്ട് റോഡിൽ ഒൻപതര ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഡി.എൽ.എഫ്. സതേൺ ഡൗൺ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഫ്ലാറ്റിൽ 15 ബ്ലോക്കുകളിലെ 1268 അപ്പാർട്ടുമെന്റുകളിലായി അയ്യായിരത്തിലധികം പേർ വസിക്കുന്നു. ഈ ഫ്ലാറ്റിലുണ്ടായ കൂട്ട രോഗബാധ അടിയന്തര ഇടപെടലുണ്ടാകേണ്ട ഒരു വിഷയമാണ്. കലശലായ വയറിളക്കവും ഛർദ്ദിയുംമൂലം നിർജ്ജലീകരണം

ഉണ്ടായതിനാൽ പലരും ആശുപത്രികളിൽ ചികിത്സതേടുകയും കുട്ടികളും പ്രായമായവരും രണ്ടുമൂന്ന് ദിവസം ഹോസ്പിറ്റലിൽ അഡ്മിറ്റാകുകയും ചെയ്തുകൊണ്ടിരിക്കുന്ന അവസ്ഥയാണ്. തൃക്കാക്കര മണ്ഡലത്തിൽ ഐ.ടി.ഹബ്ബ് ഉൾപ്പെടെ ഉള്ളതിനാൽ ഇൻഫോപാർക്കിൽ പതിനായിരക്കണക്കിന് ആളുകൾ പുറംനാട്ടിൽ നിന്നുപോലും തൃക്കാക്കരയിൽവന്ന് വസിക്കുകയാണ്. നിലവിൽ ഈ 15 ബ്ലോക്കുകൾക്കുമായി കുടിവെള്ളത്തിനുൾപ്പെടെ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ജലസ്രോതസ്സ് എന്നുപറയുന്നത് വാട്ടർ അതോറിറ്റിയുടെ മൂന്ന് ദിവസത്തിലൊരിക്കൽ മാത്രം പമ്പുചെയ്യുന്ന വാട്ടർ കണക്ഷനും അതേ കോമ്പൗണ്ടിലുള്ള ബോർവെല്ലുകളും കിണറുകളും മഴവെള്ള സംഭരണികളും അംഗീകൃത ടാങ്കർ ലോറിയിലൂടെ കൊണ്ടുവരുന്ന വെള്ളവുമാണ്. മേയ് അവസാനവാരം മുതലാണ് ഇവിടെ താമസിക്കുന്നവർക്ക് രോഗലക്ഷണങ്ങൾ തുടങ്ങിയതായി അറിയാൻ സാധിച്ചത്. വാട്ടർ സാമ്പിൾ ടെസ്റ്റിംഗിലെ റിസൽറ്റിൽ ഇ-കോളി, കോളിഫോം ബാക്റ്റീരിയകളുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. ഇത്രയധികം

ജനം പാർക്കുന്ന പ്രദേശത്ത് അടിയന്തര സാഹചര്യമുണ്ടായാൽ അത് നേരിടുന്നതിന് ഒരു താലൂക്ക് ഹോസ്പിറ്റൽ പോലുമില്ല. ആരോഗ്യ രംഗത്ത് പാശ്ചാത്യലോകത്തെ കിടപിടിക്കുന്ന മുന്നേറ്റമുണ്ടാക്കിയെന്ന് അഭിമാനിക്കുന്ന നമ്മുടെ നാടിന് ഇത് അപമാനമാണ്. മലിനീകരണത്തിന്റെയും വൃത്തിരാഹിത്യത്തിന്റെയും അനന്തരഫലങ്ങളിൽ നിന്നും നാം മുക്തരല്ലെന്നതാണ് കാര്യം. നിലവിൽ ഡി.എൽ.എഫ്.-ൽ നിയമപരമായ ട്രീറ്റ്മെന്റ് പ്ലാന്റും ക്ലോറിനേഷനുൾപ്പെടെ നടത്തുന്ന വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും നിലവിലുണ്ട്. സമീപകാലത്തുണ്ടായ അതിശക്തമായ മഴയിൽ വെള്ളപ്പൊക്കംമൂലം സമീപ പ്രദേശങ്ങൾ മുഴുവനും വെള്ളം കയറി മൂടിപ്പോയി. വൃത്തിഹീനമായ വെള്ളം കയറിയതാകാം രോഗബാധയുടെ മൂലകാരണമെന്ന് കരുതുന്നു. ഫ്ലാറ്റ് സമുച്ചയത്തിലുള്ളവർ ഹെൽത്ത് ഡിപ്പാർട്ടുമെന്റിനെ ഈ വിവരം അറിയിച്ചില്ലെന്നത് തെറ്റാണ്. ഫ്ലാറ്റിലെ പലരും വീട്ടിലുണ്ടാകുന്ന വിഷയങ്ങൾ അന്യോന്യം പങ്കിടുന്നില്ലെന്നത് നമുക്ക് വിശ്വസിക്കാം. എന്നാൽ ഒരു പ്രദേശത്തെ ഒരേ അഡ്രസ്സിൽനിന്നും കൂടുതൽ ആളുകൾ രോഗികളായി ഒരു ആശുപത്രിയിൽ വരുന്നുണ്ടെങ്കിൽ

ഹോസ്പിറ്റൽ അധികൃതർ അത് റിപ്പോർട്ട് ചെയ്യേണ്ടതല്ലേ; ആരോഗ്യ വകുപ്പുമന്ത്രി ഈ വിഷയം അറിഞ്ഞയുടൻ സഗൗരവം ഇടപെട്ടുവെന്നതിൽ വളരെയധികം സന്തോഷമുണ്ട്. എന്നാൽ ഈ ഫ്ലാറ്റിലുള്ളവരെ അഡ്രസ്സ് ചെയ്ത് ഒരു ഗ്രൂപ്പ് മീറ്റ് സംഘടിപ്പിക്കണമെന്ന് ഡി.എം.ഒ.-യോട് നിരവധി പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ഇതുവരെ അങ്ങനെയൊരു കാര്യം ചെയ്തിട്ടില്ല. ഏത് രീതിയിൽ വെള്ളം ഉപയോഗിക്കണമെന്നതെങ്കിലും അവർക്ക് പറഞ്ഞുകൊടുക്കുകയാണെങ്കിൽ വളരെ ഉപകാരമായിരുന്നു. ഇന്നത്തെ പത്ര റിപ്പോർട്ടുകൾ പ്രകാരം 620 പേരാണ് ഇതുവരെ ചികിത്സ തേടിയത്. പലപ്പോഴും വാർത്താ മാധ്യമങ്ങൾ നമ്മുടെ കണ്ണുകൾ തുറപ്പിക്കാറുണ്ട്. ഇന്നലെ മാതൃഭൂമിയിൽ വന്ന എഡിറ്റോറിയലിൽ 'കാക്കനാടിന്റെ താക്കീത്' എന്നുപറയുന്നുണ്ട്. ഈ പ്രശ്നം ഏതെങ്കിലുമൊരു പാർപ്പിട സമുച്ചയത്തിന്റേയോ, കാക്കനാടിന്റെയോ, കൊച്ചിയുടെയോ മാത്രമല്ല, കേരളം നേരിടുന്ന വലിയ വിപത്തിലേയ്ക്കുള്ള ശ്രദ്ധക്ഷണിക്കലായിവേണം ഇതിനെ കരുതാൻ. മണ്ണിലും വെള്ളത്തിലും കലരുന്ന മാലിന്യം മനുഷ്യാരോഗ്യത്തിനും ജീവനുതന്നെയും ഭീഷണിയായി മാറുകയാണ്. വ്യക്തി

ശുചിത്വത്തിന് പേരുകേട്ട മലയാളി ഇന്ന് ജീവിക്കുന്നത് വൃത്തിഹീനമായ പരിസരങ്ങളിലാണെന്നത് ഞെട്ടിക്കുന്ന കാര്യമാണ്. ഇതിൽ പ്രത്യേകം ഒരു ശ്രദ്ധകാണിച്ച് ആരോഗ്യ വകുപ്പുമന്ത്രി അവിടെ നേരിട്ട് സന്ദർശിച്ച് ഇതിനൊരു പരിഹാരം കാണണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വളരെ ഗൗരവതരമായ പൊതുജനാരോഗ്യ വിഷയമാണിത്. എറണാകുളത്തെ ഏറ്റവും വലിയ ഫ്ലാറ്റ് സമുച്ചയങ്ങളിലൊന്നാണ് ഡി.എൽ.എഫ്.-ന്റെ ഈ ഫ്ലാറ്റ് സമുച്ചയം. 15 ടവറുകളാണ് ഇവിടെയുള്ളത്. 1200-ലധികം അപ്പാർട്ടുമെന്റുകൾ ഇവിടെയുണ്ട്. നിലവിൽ 1040 അപ്പാർട്ടുമെന്റുകളിൽ താമസക്കാരുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ തിങ്കളാഴ്ച (17-06-2024) രാവിലെയാണ് ഈ അപ്പാർട്ടുമെന്റിൽ താമസിക്കുന്ന ഒരു വ്യക്തി എന്നെ ഫോണിൽ വിളിച്ച് അവിടെ നൂറുകണക്കിനാളുകൾ രോഗബാധിതരാകുന്നതിനാൽ അടിയന്തര ഇടപെടലുണ്ടാകണമെന്ന് പറഞ്ഞത്. തുടർന്ന് എറണാകുളം ജില്ലയുടെ ചുമതലകൂടി വഹിക്കുന്ന ബഹുമാന്യനായ നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി.

രാജീവുമായി ആലോചിക്കുകയും ഹെൽത്ത് സർവ്വീസസ് അഡീഷണൽ ഡയറക്ടർ ഡോ. നന്ദകുമാറിനെ വിളിക്കുകയും ചെയ്തു. ആരോഗ്യ വകുപ്പിൽ അങ്ങനെയൊരു കാര്യത്തെക്കുറിച്ച് അറിയിപ്പ് ലഭിച്ചിട്ടില്ല. തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ ഭാഗമാണ് ഈ പ്രദേശമെങ്കിലും മുനിസിപ്പാലിറ്റിക്കോ അവിടുത്തെ പ്രാദേശിക ജനപ്രതിനിധികൾക്കോ ഇങ്ങനെയൊരു കാര്യത്തെക്കുറിച്ച് അറിവുണ്ടായിരുന്നില്ല. അന്ന് അവധി ദിവസമായിരുന്നുവെങ്കിലും ഞാനും ബഹുമാന്യനായ മന്ത്രിയും ഇക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്ത് രണ്ട് മണിക്കൂറിനുള്ളിൽതന്നെ മെഡിക്കൽ ടീം അവിടെയെത്തി പരിശോധന നടത്തുകയുണ്ടായി. ജില്ലാ സർവയലൻസ് ഓഫീസർ II, മെഡിക്കൽ ഓഫീസർ, കാക്കനാട്, അർബൻ മെഡിക്കൽ ഓഫീസർ, തൃക്കാക്കര, ടെക്നിക്കൽ അസിസ്റ്റന്റ്, ജില്ലാ എപ്പിഡമോളജിസ്റ്റ് തുടങ്ങിയവരെല്ലാം പരിശോധനയുടെ ഭാഗമായി അവിടെ ഉണ്ടായിരുന്നു. അതോടൊപ്പം മുനിസിപ്പാലിറ്റിയുടെ ഭാഗമായിട്ടുള്ള ആരോഗ്യ പ്രവർത്തകരും മറ്റ് സ്ഥാപനങ്ങളിൽനിന്നുമുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും ആ സംഘത്തിലുണ്ടായിരുന്നു. ഇതിന്റെ

അടിസ്ഥാനത്തിൽ അവിടെ ആക്റ്റീവ് കേസ് സെർച്ച് നടത്താൻ തീരുമാനിക്കുകയും ഇതിനായി തയ്യാറാക്കിയ ഇലക്ട്രോണിക് ഡാറ്റ കളക്ഷൻ ഫോം ഫ്ലാറ്റ് നിവാസികൾക്ക് നൽകുകയും ചെയ്തു. 19-6-2024 വരെ 488 പേർക്ക് അതിസാരം, പനി, ഛർദ്ദി എന്നിവ ബാധിച്ചിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ സംഘം 17-6-2024-ന് ഫ്ലാറ്റ് സമുച്ചയത്തിലെ വിവിധ ജലവിതരണ സ്രോതസ്സുകൾ സന്ദർശിച്ചു. കേരള വാട്ടർ അതോറിറ്റി, ബോർവെൽ, ഓപ്പൺവെൽ, റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ്, ടാങ്കർ ലോറി എന്നിവയാണ് അവിടേയ്ക്കുള്ള ജല സ്രോതസ്സുകൾ. പ്രൈവറ്റ് ഏജൻസികളാണ് ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുന്നത്. ഈ സ്രോതസ്സുകളിലെ വെള്ളം ഏകീകൃത ജലശേഖരണ സംവിധാനത്തിലേയ്ക്ക് എത്തിക്കുകയും ശുചീകരണ പ്രക്രിയയ്ക്ക് വിധേയമാക്കിയശേഷം ഓരോ ടവറുകളുടെയും ഓവർ ഹെഡ് ടാങ്കുകളിലേയ്ക്ക് വിതരണം ചെയ്യുകയുമാണ് ചെയ്യുന്നതെന്ന് മനസ്സിലാക്കി. സംഘം ഓവർ ഹെഡ് ടാങ്കുകൾ പരിശോധിച്ച് അതിൽനിന്നുള്ള ജലം കെമിക്കൽ അനാലിസിസിനായി ശേഖരിച്ച് പരിശോധനാ ലാബുകളിലേയ്ക്ക്

അയയ്ക്കുകയും ചെയ്തിട്ടുണ്ട്. രോഗബാധിതരായ ഫ്ലാറ്റ് നിവാസികളെ ആരോഗ്യ പ്രവർത്തകരുടെ സംഘം സന്ദർശിച്ച് വിവര ശേഖരണം നടത്തിവരുന്നു. അന്നുതന്നെ കുറെയേറെ അപ്പാർട്ടുമെന്റുകൾ സന്ദർശിച്ച് ഒ.ആർ.എസ്-ഉം സിങ്ക് സപ്ലിമെന്റ്സും വിതരണം ചെയ്തിട്ടുണ്ട്. ഫിൽറ്ററേർഡ് ആർ.ഒ. ട്രീറ്റഡ് വെള്ളമാണെങ്കിലും കുടിവെള്ളത്തിനായി തിളപ്പിച്ച വെള്ളം മാത്രമെ ഉപയോഗിക്കാവൂ എന്ന് എല്ലാ നിവാസികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ബോധവൽക്കരണ സന്ദേശങ്ങൾ റെസിഡൻസ് അസോസിയേഷൻ സെക്രട്ടറി മുഖേനയാണ് വിതരണം ചെയ്തിട്ടുള്ളത്. ഫ്ലാറ്റ് നിവാസികൾക്കായി വിവിധ മാധ്യമങ്ങളിലൂടെ ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. 18-6-2024-ൽ മുനിസിപ്പൽ ചെയർപേഴ്സന്റെ അധ്യക്ഷതയിൽ ഫ്ലാറ്റിൽവച്ച് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരും ഫ്ലാറ്റ് അസോസിയേഷൻ മെമ്പർമാരും യോഗം ചേരുകയും സ്ഥിതിവിവരം അവലോകനം ചെയ്യുകയും ചെയ്തു. ബഹുമാന്യയായ അംഗവും അവിടെ ആ ദിവസം സന്ദർശിച്ചതിനുശേഷം ഞങ്ങൾ തമ്മിൽ സംസാരിക്കുകയും ചെയ്തിരുന്നു. ഇതുകൂടാതെ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ

18-6-2024-ൽ ജില്ലാതല റാപ്പിഡ് റെസ്പോൺസ് ടീം യോഗം ചേരുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. വളരെ വിശദമായ കാര്യങ്ങളായതിനാൽ എല്ലാം ഞാനിവിടെ വായിക്കുന്നില്ല. അതിൽ എടുത്തുപറയേണ്ടൊരു കാര്യം, ബോധവൽക്കരണവും സ്വീകരിച്ച നടപടികളും ട്രീറ്റ്മെന്റ് സംബന്ധിച്ച് അസോസിയേഷന് നൽകിയിട്ടുള്ള നിർദ്ദേശങ്ങളും ഇതിലുൾപ്പെടുന്നുണ്ട് എന്നുള്ളതാണ്. 2023-ലെ കേരള പൊതുജനാരോഗ്യ നിയമത്തിൽ അനുശാസിക്കുംപ്രകാരം നേരിട്ടുള്ള പരിശോധനയിൽ ഈ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കുറ്റകരമായ പ്രവർത്തനങ്ങൾ നടന്നതായി ബോധ്യപ്പെട്ടതിനാൽ 18-6-2024-ൽ പ്രാദേശിക പൊതുജനാരോഗ്യ അധികാരിയായ കാക്കനാട് ഫാമിലി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ ഫ്ലാറ്റിന്റെ അസോസിയേഷൻ പ്രസിഡന്റിന് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് പ്രകാരം നിലവിൽ ഫ്ലാറ്റിലെ പകർച്ചവ്യാധി ഭീഷണി ഉയർത്തിക്കൊണ്ട് രോഗലക്ഷണങ്ങൾക്ക് ഇടയാക്കിയ കുടിവെള്ളത്തിന്റെ വിതരണം അടിയന്തരമായി നിർത്തിവയ്ക്കുന്നതിനും അംഗീകൃത സ്ഥാപനങ്ങളിൽനിന്നും

ശാസ്ത്രീയവും ആരോഗ്യകരവുമായ ശുദ്ധജലവിതരണം പകരം സംവിധാനമായി ഉറപ്പാക്കുന്നതിനും അടിയന്തരനടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനാരോഗ്യ നിയമപ്രകാരമുള്ള നോട്ടീസും ഇഷ്യു ചെയ്തിട്ടുണ്ട്. അതുകൂടാതെ എറണാകുളം ജനറൽ ആശുപത്രിയിൽ നിന്നുള്ള ഒരു മെഡിക്കൽ സംഘം അവിടെ ക്യാമ്പ് ചെയ്തുകൊണ്ട് ആളുകളെ പരിശോധിക്കുന്നുമുണ്ട്. രോഗലക്ഷണങ്ങളുള്ളവർ കൃത്യമായി ചികിത്സ തേടണമെന്നുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ വികസിത രാജ്യങ്ങളിലെയും കുടിവെള്ള സുരക്ഷിതത്വത്തിന്റെ മാനദണ്ഡമാണ് കോളിഫോം കൗണ്ട്. കുടിവെള്ളത്തിൽ കോളിഫോം ബാക്ടീരിയ പ്രത്യേകിച്ച് ഇ-കോളി ഇല്ലെങ്കിൽ മാത്രമേ കുടിവെള്ളം സുരക്ഷിതമെന്ന് ഉറപ്പാക്കാൻ കഴിയുകയുള്ളൂ. പലപ്പോഴും സെപ്റ്റിക് മാലിന്യങ്ങൾമൂലം കോളിഫോം തോത് ഉയരുന്നത് മലിനീകരണത്തെയാണ് സൂചിപ്പിക്കുന്നത്. ഇത് രോഗമുണ്ടാക്കുന്ന ബാക്ടീരിയകളോ വൈറസുകളോ ഉണ്ടാകാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. ഇതുവഴി ജലജന്യ രോഗങ്ങളായ ഹെപ്പറ്റൈറ്റിസ് -എ, ഹെപ്പറ്റൈറ്റിസ് -ഇ, ഷിഗെല്ല, കോളറ, ടൈഫോയിഡ്

എന്നിവയുണ്ടാകാൻ സാധ്യതയുണ്ട്. ഫലപ്രദമായ ക്ലോറിനേഷൻ മുഖേന ഈ ബാക്ടീരിയകളെ ഇല്ലാതാക്കാൻ കഴിയും. ഇത് ശാസ്ത്രീയ പൊതുജലവിതരണത്തിന് അത്യന്താപേക്ഷിതമാണ്. പ്രസ്തുത വിഷയത്തിൽ ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾക്കൊപ്പം തദ്ദേശസ്വയംഭരണം, ജലസേചനം, ഭക്ഷ്യ സുരക്ഷ എന്നീ വകുപ്പുകളും ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറും ഈ വിഷയത്തിൽ ഇടപെട്ട് സംയോജിതമായ പ്രവർത്തനങ്ങളാണ് അവിടെ നടത്തുന്നത്. ജനങ്ങളുടെ വലിയ സഹകരണമുണ്ട്. ഈ വിവരം ഫോൺ വിളിച്ചറിയിച്ച വ്യക്തിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഇവിടെ മാത്രമല്ല ഇത് എവിടെയും സംഭവിക്കാം. എസ്.റ്റി.പി., കുടിവെള്ള പൈപ്പ് ലൈനുകൾ എന്നിവ തമ്മിൽ കൂടിക്കലർന്നതുമൂലം ഈ വെള്ളം ശേഖരിക്കുന്ന ഇടങ്ങളിൽ ഇതിനുള്ള സാധ്യതകളുണ്ട്. ബിൽഡർ പലപ്പോഴും എസ്.റ്റി.പി.-കൾ നിർമ്മിച്ചിട്ട് ഹാൻഡ്ഓവർ ചെയ്തുകഴിഞ്ഞാൽ പലയിടത്തും പിന്നീട് കിണറുകൾ കുഴിക്കുന്നതായി കാണുന്നുണ്ട്. ഇത് മലിനജലം ഇതിലേയ്ക്ക് കലരുന്നതിന് ഇടയാക്കും. അതുകൊണ്ട് ഇങ്ങനെയുള്ള എല്ലാ ഫ്ലാറ്റ്

സമുച്ചയങ്ങളിലും ഫ്ലാറ്റുകളിലും പൊതുതാമസ ഇടങ്ങളിലും അതിന് ചുമതലയുള്ളവർ ഒരു സെൽഫ് ഓഡിറ്റിംഗ് നടത്തണമെന്നതുകൂടി ഒരു പ്രധാനപ്പെട്ട കാര്യമായി പറയാൻ ആഗ്രഹിക്കുകയാണ്.

[12.20 p m]

**VI റിപ്പോർട്ട് സമർപ്പണം**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ
പന്ത്രണ്ടാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

[12.21 pm]

**ധനകാര്യം**

2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ

ധനാഭ്യർത്ഥന നമ്പർ XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബജറ്റ് എസ്റ്റിമേറ്റ് 2024-25 | | | | |
|---|---|---|---|---|---|---|
| | | 15-02-2024-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXXVII | വ്യവസായങ്ങൾ | 265,12,78,000 | 387,62,01,000 | 530,25,58,000 | 775,24,02,000 | 1305,49,60,000 |
| XLVI | സാമൂഹ്യ സുരക്ഷിതത്വം ക്ഷേമവും | 4345,88,44,000 | 13,86,94,000 | 8770,02,87,000 | 27,73,89,000 | 8797,76,76,000 |

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: രണ്ട് ധനാഭ്യർത്ഥനകളുടെയും ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. ഇനിപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. അനൂപ് ജേക്കബ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1305,49,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1305,49,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വൻനിക്ഷേപം നടത്താൻ സാധിക്കുന്ന വ്യവസായങ്ങളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിൽ

പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1305,49,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പരമ്പരാഗത വ്യവസായങ്ങൾ തകർച്ചയിലായതായും പരമ്പരാഗത വ്യവസായ തൊഴിലാളികൾ പട്ടിണിയിലായതായും പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1305,49,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആവശ്യമായ സ്ഥലം ഏറ്റെടുത്ത് വ്യവസായ ഇടനാഴി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1305,49,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാസർകോട് ജില്ലയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1305,49,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സൂക്ഷ്മ-ഇടത്തര-ചെറുകിട വ്യവസായ മേഖലകൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1305,49,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വ്യവസായ മേഖലയിൽ കൂടുതൽ

നിക്ഷേപം കൊണ്ടുവരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1305,49,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1305,49,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1305,49,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമേഖലാ സ്ഥാപനങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്താനുള്ള ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1305,49,60,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്
2. ശ്രീ. മോൻസ് ജോസഫ്
3. ഡോ. എം. കെ. മുനീർ
4. ശ്രീ. എൻ. ഷംസുദ്ദീൻ

5. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

6. ശ്രീ. യു. എ. ലത്തീഫ്

7. ശ്രീ. കുറുക്കോളി മൊയ്തീൻ

8. ശ്രീ. മഞ്ഞളാംകുഴി അലി

9. ശ്രീ. എ. കെ. എം. അഷ്റഫ്

10. ശ്രീ. പി. അബ്ദുൽ ഹമീദ്

11. ശ്രീ. പി. ഉബൈദുള്ള

12. ശ്രീമതി ഉമ തോമസ്

13. ശ്രീ. ചാണ്ടി ഉമ്മൻ

14. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

15. ശ്രീമതി കെ. കെ. രമ

**ധനാഭ്യർത്ഥന നമ്പർ XLVI – സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. അനൂപ് ജേക്കബ്: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 87,97,76,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാത്ത സാഹചര്യം

നിലനിൽക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 87,97,76,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമൂഹ്യസുരക്ഷാ മിഷൻ മുൻകാലങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളെ നിർവീര്യമാക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8797,76,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ എല്ലാ സാമൂഹ്യ സുരക്ഷിതത്വ ആനുകൂല്യങ്ങളും കുടിശ്ശികയായിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 87,97,76,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (യഥാസമയം ഫണ്ട് ലഭിക്കാത്തതുമൂലം സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിലുള്ള വിവിധ പദ്ധതികൾ പ്രതിസന്ധിയിലായതായും അതുവഴി ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ</u>: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 87,97,76,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അങ്കണവാടികളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

87,97,76,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 87,97,76,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിക്ക് മതിയായ തുക അനുവദിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 87,97,76,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അഗതി മന്ദിരങ്ങളുടെയും വൃദ്ധസദനങ്ങളുടെയും പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 87,97,76,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഗാർഹിക പീഡന നിരോധന നിയമത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8797,76,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എൻഡോസൾഫാൻ ദുരിത ബാധിതരെയെല്ലാം പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 87,97,76,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമൂഹ്യ ക്ഷേമ പെൻഷനുകൾ യഥാസമയം വിതരണം ചെയ്യാതെ കുടിശ്ശിക വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 87,97,76,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആശ്വാസകിരണംപോലുള്ള പദ്ധതികൾ മുടങ്ങിയതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 87,97,76,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്

(സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നവർക്ക് തൊഴിലാളി ക്ഷേമനിധികളിൽനിന്ന് ലഭിച്ചിരുന്ന പെൻഷൻ നിഷേധിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 87,97,76,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ത്രീകളുടെയും കുട്ടികളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തിനായി കാര്യക്ഷമമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 87,97,76,76,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭിന്നശേഷിക്കാർക്ക് നിയമനങ്ങളിലുള്ള സംവരണം

ഉറപ്പാക്കുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 87,97,76,76,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്
2. ശ്രീ. മോൻസ് ജോസഫ്
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
4. ശ്രീ. പി. അബ്ദുൽ ഹമീദ്
5. ഡോ. എം. കെ. മുനീർ
6. ശ്രീ. യു. എ. ലത്തീഫ്
7. ശ്രീ. കുറുക്കോളി മൊയ്തീൻ

8. ശ്രീ. എൻ. ഷംസുദ്ദീൻ

9. ശ്രീ. മഞ്ഞളാംകുഴി അലി

10. ശ്രീ. എ. കെ. എം. അഷ്റഫ്

11. ശ്രീമതി കെ. കെ. രമ

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒന്നാം പിണറായി സർക്കാരിന്റെ മാതൃകയിൽ രണ്ടാം പിണറായി സർക്കാരും ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ച പ്രകടന പത്രിക ഓരോന്നായി നടപ്പാക്കുകയും ഓരോ വർഷവും അതിന്റെ പുരോഗതി വിലയിരുത്തി നടപ്പാക്കിയതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ കാര്യങ്ങളിൽ ജനങ്ങളുടെ വിശ്വാസമാർജ്ജിച്ച് മുന്നോട്ടുപോകുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ആ കാഴ്ചപ്പാടിന്റെ പ്രതിഫലനമാണ് വ്യവസായ വകുപ്പിലും കാണാനാകുന്നത്. ഞങ്ങളുടെ മണ്ഡലത്തിൽ ഈറ്റ, പനമ്പ്, ഈറ ഉല്പന്നങ്ങളുടെ ഒരു കോമൺ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാൻ വ്യവസായ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിൽ മേഖലയിൽ ഈ ഉല്പന്നങ്ങളുടെ ദൗർലഭ്യംമൂലം തൊഴിലാളികൾ ബുദ്ധിമുട്ടിലാണ്. അവർ ശേഖരിക്കുന്ന ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, വിപണനം എന്നിവ

ഉറപ്പുവരുത്തുക എന്നതാണ് കോമൺ ഫെസിലിറ്റേഷൻ സെന്റർ വഴി അർത്ഥമാക്കുന്നത്. ഉല്പന്നങ്ങളുടെ ശേഖരണം മുതൽ വിപണിയിൽവരെ ഇടപെടാനുള്ള കാഴ്ചപ്പാട് വ്യവസായ വകുപ്പിനുണ്ടായിരിക്കുന്നു. അതുകൊണ്ടാണ് ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ കാര്യത്തിൽ കഴിഞ്ഞതവണ 28-ാം റാങ്കിലുണ്ടായിരുന്ന കേരളം ഇത്തവണ 15-ാം റാങ്ക് കരസ്ഥമാക്കിയിരിക്കുന്നത്. അതോടൊപ്പം കാർഷികാവശിഷ്ടങ്ങളിൽനിന്നും ലെതറുണ്ടാക്കുന്ന സാങ്കേതികവിദ്യ പാപ്പനംകോട് സി.എസ്.ഐ.ആർ. വികസിപ്പിച്ചിട്ടുണ്ട്. കൈത, വാഴത്തട, വയ്ക്കോൽ എന്നിവയിൽനിന്നും ലെതർ ഉണ്ടാക്കാൻ സാധിക്കും. ആ സാങ്കേതികവിദ്യ ഉപയോഗിച്ച് വ്യവസായം ആരംഭിക്കാനുള്ള ശ്രമം കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ഇക്കാര്യത്തിൽ കേരളത്തിന്റെ പൊട്ടൻഷ്യൽ വളരെയേറെയാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങൾ വഴി കേരളത്തിന് കുതിച്ചുയരാൻ കഴിയും. കേരള വെളിച്ചെണ്ണ കേരള ബ്രാൻഡ് ഉല്പന്നങ്ങളുടെ തുടക്കമാണ്. നമുക്ക് എല്ലാവർക്കും അറിയാവുന്നതുപോലെ കൗടില്യന്റെ അർത്ഥശാസ്ത്ര കാലം മുതൽ കേരളത്തിലെ ഉല്പന്നങ്ങളുടെ സാധ്യത

ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഭൗമ സൂചികയിൽ (geographical indication)-ൽ ഇടംനേടി അതിന്റെ പ്രൊട്ടക്ഷൻകൂടി നേടിക്കഴിഞ്ഞാൽ കേരളത്തിലെ ഒട്ടനവധി ഉല്പന്നങ്ങൾക്ക് ലോകവിപണി കീഴടക്കാൻ സാധിക്കും. ആ ദിശയിലേയ്ക്ക് നമ്മൾ മുന്നോട്ടുപോകുകയാണ്. സംരംഭകത്വ മനസ് സൃഷ്ടിക്കുകയെന്നതാണ് വ്യവസായ വകുപ്പിന്റെ ഒന്നാമത്തെ പരിഗണന. ആ നിലയ്ക്കാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. ആദിത്യ 4 വിജയകരമായി വിക്ഷേപിച്ചു. ആ വിജയ ഭ്രമണപഥത്തിൽ കേരളത്തിലെ കെൽട്രോൺ, SIFL (Steel and Industrial Forgings Limited), ട്രാവൻകൂർ കൊച്ചിൻ ലിമിറ്റഡ്, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് എന്നീ 4 പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. അതിനുമുമ്പ് ചന്ദ്രയാൻ 3 മിഷനിൽ 41 ഇലക്ട്രോണിക് മൊഡ്യൂളുകൾ നൽകിയത് കെൽട്രോൺ ആയിരുന്നു.

പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കാനുള്ള പ്രതിജ്ഞാബദ്ധത ഈ സർക്കാരിനുണ്ട്. 2023-24 അധ്യയന വർഷത്തിൽ ഒൻപത് ലക്ഷം കുട്ടികൾക്ക് യൂണിഫോമിനുള്ള 40 ലക്ഷം മീറ്റർ കൈത്തറി

ളുണിയാണ് വ്യവസായ വകുപ്പ് നൽകിയിരിക്കുന്നത്. ഇതിലൂടെ കൈത്തറി തൊഴിൽ മേഖലയിലുണ്ടായിരിക്കുന്ന ഗുണവും വരുമാന വർദ്ധനയും നാം കാണേണ്ടതാണ്. ചുരുക്കിപ്പറഞ്ഞാൽ കേരളം പ്രതീക്ഷയുടെ മുനമ്പ് (Cape of Good Hope) ആയി മാറിയിട്ടുണ്ട്. നിരവധി നിക്ഷേപകർ എത്തുന്നുണ്ട്. എന്റെ തന്നെ അനുഭവം പറയുകയാണെങ്കിൽ ഒരുപക്ഷേ, കേരളത്തിൽ ആദ്യമായി ഒരു നിയോജകമണ്ഡലത്തിൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചത് കാട്ടാക്കടയിലായിരിക്കുമെന്ന് ഞാൻ കരുതുകയാണ്. 362 കോടി രൂപയുടെ എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റാണ് തദവസരത്തിൽ ഒപ്പുവയ്ക്കപ്പെട്ടത്. ഇതൊക്കെയാണെങ്കിലും ഞങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധിയെന്ന് പറയുന്നത് സ്ഥലപരിമിതിയാണ്. ആ സ്ഥലപരിമിതി പരിഹരിക്കാനുള്ള കാലോചിതമായ തീരുമാനം ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നു. പുതിയ ലാൻഡ് അലോട്ട്മെന്റ് റൂൾസിൽ അതാണ് പറയുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഭൂമി ലഭ്യത വലിയൊരു പ്രശ്നമാണ്. 30 ശതമാനം നീർത്തടവും 30 ശതമാനം വനാതിർത്തിയുമുള്ള കേരളത്തിൽ ഭൂമി ലഭ്യത പരിഹരിക്കാൻ ലാൻഡ് അലോട്ട്മെന്റ് റൂൾ വഴി

സാധിക്കുമെന്നാണ് കരുതുന്നത്. ലോജിസ്റ്റിക്ക് പാർക്കുകൾ ആരംഭിക്കുവാൻ ഏഴ് കോടി രൂപയുടെ ഗ്രാന്റ് നൽകാൻ സർക്കാർ തീരുമാനമെടുത്തിരിക്കുകയാണ്. വിഴിഞ്ഞം പോർട്ട് യാഥാർത്ഥ്യമാകുന്ന പശ്ചാത്തലത്തിൽ ഇതിന്റെ പ്രാധാന്യം വളരെ വലുതാണ്. ഈ സർക്കാരിന് സാമ്പത്തിക ഞെരുക്കമുണ്ടെന്ന് മാത്രമല്ല, വരുമാന-വിഭവ പ്രതിസന്ധിയുമുണ്ട്. വിഭവ പ്രതിസന്ധിയുണ്ടെന്ന കാരണത്താൽ ഭാവി തലമുറയ്ക്കുവേണ്ടിയുള്ള ദൗത്യം നിർവ്വഹിക്കാതിരിക്കുന്നത് പാതകമാണെന്ന തിരിച്ചറിവിൽനിന്ന് കാലാനുസൃതമായ പദ്ധതികൾ നടപ്പാക്കുകയെന്ന ലക്ഷ്യമാണ് വ്യവസായ വകുപ്പിനെ നയിക്കുന്നത്. ഭിന്നശേഷി വ്യക്തിത്വങ്ങൾ സവിശേഷ വ്യക്തിത്വങ്ങളാണെന്ന് ആദരണീയനായ കേരള മുഖ്യമന്ത്രി എപ്പോഴും ഓർമ്മിപ്പിക്കാറുണ്ട്. അവരെ സവിശേഷ വ്യക്തികളായി പരിഗണിക്കണമെന്ന കാഴ്ചപ്പാടാണ് സാമൂഹ്യക്ഷേമ വകുപ്പിനേയും നയിക്കുന്നത്. ഞങ്ങളുടെ നാട്ടിലെ ഒരു ഭിന്നശേഷി വിദ്യാർത്ഥിയുടെ മുത്തച്ഛൻ എന്നെ നേരിൽ വന്ന് കണ്ടിട്ട് അദ്ദേഹത്തിന്റെ അരയേക്കർ ഭൂമി സർക്കാരിന് സംഭാവനയായി നൽകാമെന്ന് പറയുകയുണ്ടായി.

സാമൂഹ്യക്ഷേമ മേഖലയിൽ പിണറായി സർക്കാർ സ്വീകരിക്കുന്ന സമീപനങ്ങൾ സാധാരണക്കാർക്ക് ആശ്വാസമാണെന്ന കാഴ്ചപ്പാടാണ് ആ രക്ഷകർത്താവിനെ അത്തരമൊരു തീരുമാനത്തിന് പ്രേരിപ്പിച്ചത്. ഭിന്നശേഷി ഗ്രാമങ്ങൾ, ഭിന്നശേഷി വിദ്യാർത്ഥികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ, ഓട്ടിസം പാർക്കുകൾ തുടങ്ങിയവ ആ മേഖലയിൽ ആരംഭിച്ചിട്ടുണ്ട്. വയോജനങ്ങൾ വർദ്ധിച്ചുവരുന്ന നാടായ കേരളത്തിൽ അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കാലോചിതമായ പദ്ധതികളും പ്രവർത്തനങ്ങളും ഈ സർക്കാർ സ്വീകരിക്കുന്നുണ്ട്. 'തറയിൽ വച്ചാൽ ഉറുമ്പരിക്കും തലയിൽ വച്ചാൽ പേനരിക്കും' എന്ന് കരുതി ഒക്കത്ത് ചേർത്തുവച്ച് വളർത്തി വലുതാക്കിയ മക്കളെല്ലാം അവരുടെ മക്കൾക്കുവേണ്ടി വിദേശത്തേയ്ക്ക് പോകുന്നതിന്റെ ഫലമായി വയോജനങ്ങൾ ഒറ്റപ്പെട്ടുപോകുന്നൊരു നാടാണ് കേരളം. ഏറ്റവും കൂടുതൽ വൃദ്ധസദനങ്ങളുള്ള നാടായതുകൊണ്ടുതന്നെ അവരെ സംരക്ഷിക്കാൻ 'വയോമിത്രം' പദ്ധതി നടപ്പാക്കുകയുണ്ടായി. മാത്രമല്ല, ഇന്ന് വയോജനങ്ങളെ മാത്രമല്ല, ചെറുപ്പക്കാരുടെപോലും ഭാവിയെക്കുറിച്ച് ഓർക്കുമ്പോൾ പേടിസ്വപ്നമായി

മാറിയിട്ടുള്ള അൽഷിമേഴ്സ്, ഡിമെൻഷ്യ തുടങ്ങിയ അസുഖങ്ങൾക്കുള്ള പ്രതിരോധവും ബോധവൽക്കരണവും രോഗബാധിതരായ ആളുകളെ സംരക്ഷിക്കാനുള്ള സമീപനങ്ങളുമാണ് സാമൂഹ്യക്ഷേമ വകുപ്പ് സ്വീകരിച്ചുവരുന്നത്. പിണറായി സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ഇങ്ങനെയൊരു കാഴ്ചപ്പാടുണ്ട്. പുതിയ കാലത്തിന്റെ അനിവാര്യതകളെ ഉൾക്കൊണ്ട് വിഭവ പ്രതിസന്ധികളുടെ പേരിൽ കാലം കഴിക്കുകയല്ല, പകരം ധീരമായ ചുവടുവയ്പുകളോടെ മുന്നോട്ടുപോകുകയെന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ പരാജയഫലം ഏറ്റുവാങ്ങി നിൽക്കുന്നവരാണ് എൽ.ഡി.എഫ്.എന്നത് വസ്തുതയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ പ്രതിപക്ഷത്ത് ഇരിക്കുന്നവർ മഹാവിജയം ആഘോഷിക്കുന്നവരാണ്. ഏത് വിജയത്തിന്റെ പിന്നിലും പഠിക്കാൻ ചില കാര്യങ്ങളുണ്ടാകും. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിലുണ്ടായ വിജയത്തിൽ അഹങ്കരിക്കുകയല്ല എൽ.ഡി.എഫ്. ചെയ്തത്. പകരം, ജനങ്ങളുടെ പ്രശ്നങ്ങൾ ഓരോന്നായി പരിഹരിക്കാനുള്ള ശ്രമങ്ങളാണ് നടത്തിയത്. എന്നാൽ, യു.ഡി.എഫ്.-ന് ഇത് അഭിമാന

നിമിഷമാണെന്നത് ശരിയാണ്, പക്ഷെ, അതിന്റെ പേരിൽ അവർ ഇപ്പോൾ ഉന്മാദാവസ്ഥയിലുമാണ്. ആ ഉന്മാദത്തിന്റെ നീരുറവ പൊട്ടിയതാണ് കെ.പി.സി.സി. പ്രസിഡന്റിന്റെ വാക്കുകളിലൂടെ ഇന്ന് കേരളം കേട്ടത്. എന്തുകൊണ്ടാണ് എൽ.ഡി.എഫ്.-ന് പരാജയമുണ്ടായതെന്നതിനെ സംബന്ധിച്ച് ഉയർന്നുവരുന്ന എല്ലാ അഭിപ്രായങ്ങളും ഞങ്ങൾ സ്വീകരിക്കുന്നു. സ്റ്റുഡിയോ മുറികളിൽ സർവ്വജ്ഞപീഠം കയറിയ ഉത്തരത്തിലെ പല്ലികൾ പറയുന്നത് മുതൽ ആർ.എസ്.എസ്.-ന്റെ മനുസ്മൃതിയിൽ പുതിയ സാധ്യതകൾ കണ്ടെത്തുന്ന പുത്തൻ സംഘവാദികൾ ഉൾപ്പെടെയുള്ളവർ പറയുന്നതെല്ലാം എൽ.ഡി.എഫ്. കേൾക്കുകയാണ്. പറയുന്നതെല്ലാം കേൾക്കുകയും ഉൾക്കൊള്ളേണ്ടതുണ്ടെങ്കിൽ ഉൾക്കൊള്ളുകയും തിരുത്തേണ്ടതുണ്ടെങ്കിൽ തിരുത്തുകയും ഞങ്ങൾക്കെതിരായ ശാപവാക്കുകളെ അതേ അർത്ഥത്തിൽ പ്രതിരോധിക്കുകയും ചെയ്തുകൊണ്ട് മുന്നോട്ടുപോകുകതന്നെ ചെയ്യും. പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് വോട്ടിന്റെയും സീറ്റിന്റെയും കാര്യത്തിൽ കുറവുണ്ടായെന്നത് സംബന്ധിച്ച് രണ്ട് കാരണങ്ങളാണ്

പ്രതിപക്ഷം പറയുന്നത്. ഒന്ന്, അഹങ്കാരവും ഭരണവിരുദ്ധ വികാരവുമാണെന്നാണ്. നിയമസഭ തിരഞ്ഞെടുപ്പും പാർലമെന്റ് തിരഞ്ഞെടുപ്പും രണ്ട് മനോവികാരങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് മനസ്സിലാക്കാൻ പ്രാഥമിക ബോധമുള്ള ഒരു മലയാളി രാഷ്ട്രീയ വിദ്യാർത്ഥിക്ക് സാധിക്കും. കേരളത്തിൽ അഞ്ച് തവണ പാർലമെന്റ് തിരഞ്ഞെടുപ്പും അസംബ്ലി തിരഞ്ഞെടുപ്പും ഒരുമിച്ച് നടന്നിട്ടുണ്ട്. 1957, 1967, 1977, 1991, 1996 എന്നീ വർഷങ്ങളിൽ നടന്ന തിരഞ്ഞെടുപ്പുകളിലെ പാറ്റേൺ പരിശോധിച്ചാൽ അക്കാര്യം മനസ്സിലാക്കാൻ സാധിക്കും. ഇടതുപക്ഷത്തിന്റെ ശക്തി ഈ നാട്ടിലെ ജനത പ്രതീക്ഷിക്കുന്ന അത്ര വലുതല്ലാത്തതുകൊണ്ട് കോൺഗ്രസ്സ് അധികാരത്തിൽ വരട്ടെയെന്ന് ചിന്തിക്കുന്നതാണ് മലയാളിയുടെ ബോധം. അങ്ങനെയാണെങ്കിൽ പ്രതിപക്ഷം പറയുന്ന കണക്ക് ശരിയാണെങ്കിലോ; ഹിമാചൽപ്രദേശ് നിയമസഭ തിരഞ്ഞെടുപ്പിൽ അറുപത്തിയെട്ട് സീറ്റിൽ നാൽപ്പത് സീറ്റ് കോൺഗ്രസ് നേടി. എന്നാൽ പാർലമെന്റ് ഇലക്ഷനിൽ പരാജയപ്പെട്ടു. ഇത് ഭരണ വിരുദ്ധ വികാരമാണോ; തെലങ്കാനയിൽ 2024-ൽ നടന്ന നിയമസഭാ

തിരഞ്ഞെടുപ്പിൽ 119 സീറ്റിൽ 64 സീറ്റുകൾ നേടാനായി. വിജയത്തിൽ മതിമറന്ന് ഇടതുപക്ഷത്തെ ആക്രമിക്കാൻവേണ്ടി ഉന്നയിക്കുന്ന വാദങ്ങൾ തിരിഞ്ഞുകൊത്തുന്നതാണെന്ന് മനസ്സിലാക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എപ്പോഴും ഇടതുപക്ഷത്തെ ഉപദേശിക്കുന്നത് നിങ്ങൾ ഇങ്ങനെ ആകരുതെന്നാണ്. തീവ്ര വലതുപക്ഷത്തേയ്ക്ക് ഇടതുപക്ഷം പോകുന്നുവെന്നതിന്റെ വ്യഥയാണ് അദ്ദേഹത്തിനുള്ളത്. 2024 മേയ് മാസം 29-ാം തീയതി മാതൃഭൂമി പത്രത്തിന്റെ എഡിറ്റോറിയൽ പേജിൽ ശ്രീ. പി. ചിദംബരം എഴുതിയ ഒരു ലേഖനമുണ്ട്. യശശ്ശരീരനായ എം. പി. വീരേന്ദ്ര കുമാറിനെ അനുസ്മരിച്ചുകൊണ്ടുള്ള ടി ലേഖനത്തിൽ അദ്ദേഹം പറയുന്നത് ഇങ്ങനെയാണ്. 'ഇനി ഞാൻ പറയുന്നത് ആത്മവിമർശനപരമാണ്. എന്റെ പാർട്ടി ഉൾപ്പെടെയുള്ള മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾക്ക് നേരെ വിരൽചൂണ്ടിക്കൊണ്ടാണ് സംസാരിക്കുന്നത്. നമ്മൾ സാമ്പത്തിക നയങ്ങളുണ്ടാക്കിയപ്പോൾ പാവപ്പെട്ടവരെ മറന്നു. അവർക്കും 1286 രൂപയുടെ പ്രതിവർഷ കണക്ക് നമ്മൾ എഴുതിച്ചേർത്തു. ജനസംഖ്യയുടെ 20 ശതമാനം പേർക്ക് വികസനത്തിന്റെ വലിയ ഫലമൊന്നും ഇനിയും ലഭിച്ചിട്ടില്ല. അവർ

മറക്കപ്പെട്ടവരാണ്. അവർ ജീവിതം തന്നെ ഭാരമായവരാണ് എന്ന് പറഞ്ഞത് ശ്രീ. പി. ചിദംബരമാണ്. വലതുപക്ഷ രാഷ്ട്രീയത്തിന്റെ പ്രയോക്താവായിരുന്ന ശ്രീ. പി. ചിദംബരം തിരിച്ചറിയുകയാണ്. പാവപ്പെട്ട മനുഷ്യർക്കുവേണ്ടിയാണ് ഇന്ന് അദ്ദേഹം സംസാരിച്ചത്. അവർ മറക്കപ്പെട്ടവരാണെന്നതിന്റെ ഉത്തരമാണ് ശ്രീ. പി. ചിദംബരം നൽകുന്നത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് നേരിടേണ്ടിവന്ന പരാജയത്തെ സംബന്ധിച്ച് ആഴത്തിൽ പഠിക്കുകയും പരിശോധിക്കുകയും വീഴ്ചകൾ ഉൾക്കൊള്ളുകയും ചെയ്യുമെന്ന് പറയുമ്പോൾ പാർലമെന്റ് തിരഞ്ഞെടുപ്പിൽ നേടിയ വിജയത്തിൽ മതിമറന്ന് ഉന്മാദാവസ്ഥയിലെത്തി നിൽക്കുന്ന കോൺഗ്രസ്സിനോട് ഒരുകാര്യം മാത്രമെ പറയാനുള്ളൂ. ഞങ്ങളുടെ ജീവിതം, ഞങ്ങളുടെ ചിന്ത, ഞങ്ങളുടെ രാഷ്ട്രീയം ഒക്കെ ജനങ്ങളുമായി ചേർന്ന് നിൽക്കുന്നതാണ്. അതുകൊണ്ട് ജനങ്ങളിൽനിന്നും ഞങ്ങൾ അകന്നുപോയിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് അകന്നുവെന്ന് പഠിച്ച് പരിശോധിച്ച് തിരുത്തി ഞങ്ങൾ മുന്നോട്ടുവരുന്നതാണ്. ഈ ശൈത്യകാലത്തെ ഞങ്ങൾ അതിജീവിക്കുന്നതോടൊപ്പം വരാൻ പോകുന്നത്

ഇടതുപക്ഷത്തിന്റെ വസന്തകാലമായിരിക്കുമെന്ന് മാത്രം ഓർമ്മിപ്പിച്ച് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ചെയർപേഴ്സൺ ശ്രീ. വി. കെ. പ്രശാന്ത്]

ശ്രീ. ചാണ്ടി ഉമ്മൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. Ease of doing business എന്നത് ഈ സർക്കാരിന്റെ ഏറ്റവും വലിയൊരു വാദമായിരുന്നു. പക്ഷെ, can't run a business എന്നതാണ് യാഥാർത്ഥ്യം. ഉദാഹരണത്തിന്, എന്റെ മണ്ഡലത്തിലെ രണ്ട് സ്ഥാപനങ്ങളായ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന്റെയും പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെയും കാര്യങ്ങൾ മാത്രം പരിശോധിച്ചാൽ മതിയാകും. ഏകദേശം മുന്നൂറോളം ആളുകൾ പ്രിയദർശിനി മില്ലിനെ മാത്രം ആശ്രയിച്ച് ജീവിക്കുകയാണ്. ഇത് കോട്ടൺനൂൽ ഉല്പാദനത്തിനായി തുടങ്ങിയ സ്ഥാപനമാണെങ്കിലും മാർജിൻ കിട്ടാതെ പ്രതിസന്ധിയിലായതോടെ സർക്കാർ സംവിധാനങ്ങളൊന്നും ഇതിനെ സംരക്ഷിക്കാൻ തയ്യാറായില്ല. അതുകൊണ്ടുതന്നെ പോളിസ്റ്റർകോട്ടൺ നിർമ്മാണത്തിലേയ്ക്ക് തിരിയേണ്ടിവരികയും തുടർന്ന്, ടി സ്ഥാപനം

കരകയറുന്ന അവസ്ഥയിലെത്തിയപ്പോൾ ഇലക്ട്രിസിറ്റി ബിൽ വില്ലനായി വരികയും കുടിശ്ശിക അടയ്ക്കാത്തതിന്റെ പേരിൽ വൈദ്യുതി കട്ട് ചെയ്യുമെന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. കറണ്ട് കട്ടുചെയ്താൽ സ്ഥാപനം പൂട്ടിപോകില്ലേ; അതുകൊണ്ട് ഞാൻകൂടി ഇടപെട്ട് കുടിശ്ശികയുടെ ഒരുഭാഗം അടപ്പിക്കുകയും തുടർന്ന് സാവകാശം നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. എന്നിട്ടുപോലും 15 ദിവസം പൂട്ടിയിടേണ്ട സാഹചര്യമുണ്ടായി. അതേസമയം ഇതേ പ്രശ്നം നേരിടുന്ന മറ്റു ചില സ്ഥാപനങ്ങൾ കുടിശ്ശികത്തുക ഇത്രപോലും അടയ്ക്കാതെതന്നെ തുറന്ന് പ്രവർത്തിച്ചുകൊണ്ടിരുന്നു. ഇത് ഇരട്ടനീതിയല്ലേ; രണ്ട് നയമല്ലേ; ചിറ്റമ്മനയം എന്നുതന്നെ ഇതിനെ ഞാൻ പറയും. പുതുപ്പള്ളിയിൽ വികസനമില്ലെന്ന് ചിലർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ പറഞ്ഞവരുടെ മേൽനോട്ടത്തിൽത്തന്നെ പുതുപ്പള്ളിയിലെയും കോട്ടയത്തെയും പ്രധാനപ്പെട്ടൊരു സ്ഥാപനം താൽക്കാലികമാണെങ്കിൽപോലും അടച്ചുപൂട്ടുന്ന കാഴ്ച നാം കാണുകയുണ്ടായി. സംസ്ഥാനത്തിന്റെ തന്നെ മറ്റൊരു പ്രധാനപ്പെട്ട സംരംഭമാണ് ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്. തിരുവല്ല, എറണാകുളം, ധർമ്മടം

എന്നിവിടങ്ങളിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഇതും വലിയ പ്രതിസന്ധി നേരിടുന്ന സ്ഥാപനമാണ്. കെ.എസ്.ഇ.ബി-ക്കുവേണ്ടി ഉന്നതനിലവാരമുള്ള ACSR, LT, HT, UG കേബിളുകൾ ഉല്പാദിപ്പിക്കുന്നതും നൂറുകണക്കിനാളുകൾ ആശ്രയിക്കുന്നതുമായ സ്ഥാപനമാണ് ട്രാക്കോ കേബിൾ കമ്പനി. എന്നാൽ ടി സ്ഥാപനം ഉല്പാദനം പൂർണ്ണമായി നിർത്തിയിരിക്കുകയാണ്. തിരുവല്ലയിലും എറണാകുളത്തുമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് എട്ടുമാസമായി ശമ്പളം ലഭിക്കുന്നില്ല. എന്തൊരു സാഹചര്യമാണിത്. ജീവനക്കാർ നടത്തിയ പട്ടിണി സമരത്തിൽ ഞാനും പങ്കെടുത്തിരുന്നു. അവിടത്തെ സാഹചര്യമെന്താണെന്ന് എനിക്ക് നേരിട്ടറിയാം. ഇതാണോ ease of doing business; ഇതാണോ സർക്കാരിന്റെ മികച്ച വ്യവസായ നയം? കേരളത്തിലെ വിവിധ സ്ഥാപനങ്ങളായ കേരള ഓട്ടോമൊബൈൽസ്, ഓട്ടോകാസ്റ്റ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്, ട്രാക്കോ കേബിൾസ് കമ്പനി ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്‌മെന്റ്

കോർപ്പറേഷൻ ലിമിറ്റഡ് എന്നിവിടങ്ങളിലെല്ലാം ജീവനക്കാരുടെ ശമ്പളം മുടങ്ങിയിരിക്കുകയാണ്. ജീവനക്കാരെ പിരിച്ചുവിടുന്നില്ലെന്ന ന്യായം മാത്രമാണ് പറയുന്നത്. ശമ്പളമില്ലാതെ എത്രനാൾ ഇവർ ജോലി ചെയ്യും. അതുകൊണ്ടുതന്നെ അടിയന്തര പ്രാധാന്യത്തോടുകൂടി സർക്കാർ ഈ വിഷയത്തിൽ ഇടപെടണം. കോട്ടയം അപ്പാരൽസിന്റേയും സിമന്റ്സിന്റെയും പ്രവർത്തനം പ്രതിസന്ധിയിലാണ്. കോട്ടയം റബ്ബർ പാർക്കിന് ഇതുവരെയും ഭൂമി അനുവദിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടൽ ഇക്കാര്യങ്ങളിലും ആവശ്യപ്പെടുകയാണ്. നമ്മുടെ നാട്ടിൽനിന്നും അനേകം ആളുകൾ വിദേശത്തേയ്ക്ക് പോകുന്നുണ്ട്. കോട്ടയത്തുനിന്നും ധാരാളം ആളുകൾ ജീവനോപാധിക്കുവേണ്ടി അന്യനാടുകളിൽ ജോലി ചെയ്യുന്നു. അവർക്ക് ജീവിക്കാനാവശ്യമായ സാഹചര്യം നാട്ടിലില്ലാത്തതുകൊണ്ടുതന്നെ കോട്ടയം ജില്ല കേന്ദ്രീകരിച്ച് ഒരു ഐ.ടി. പാർക്ക് അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നു. ഇതിനാവശ്യമായ സ്ഥലം പുതുപ്പള്ളിയിൽത്തന്നെ ഏറ്റെടുത്ത് നൽകാനും തയ്യാറാണെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. കേൾവിക്കുറവുള്ള കുട്ടികൾക്കുവേണ്ടി 'ശ്രുതി തരംഗം',

ശാരീരികമായും മാനസികമായും വൈകല്യമുള്ള കിടപ്പുരോഗികളുടെ കൂട്ടിരിപ്പുകാർക്കുവേണ്ടിയുള്ള 'ആശ്വാസകിരണം' എന്നീ പദ്ധതികൾ യു.ഡി.എഫ്.സർക്കാർ കൊണ്ടുവന്നതാണ്. ഈ പദ്ധതികളുടെ ഇന്നത്തെ അവസ്ഥയെപ്പറ്റി ബഹുമാനപ്പെട്ട സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ആലോചിക്കുന്നത് നന്നായിരിക്കും.

വ്യവസായ സൗഹൃദ പട്ടികയിൽ 28-ാം സ്ഥാനത്തുനിന്നും കേരളം 11-ാംസ്ഥാനത്തെത്തിയെന്നത് യാഥാർത്ഥ്യമാണ്. പക്ഷെ, ആ യാഥാർത്ഥ്യമെന്താണ്; ഒന്നാംസ്ഥാനത്ത് നിൽക്കുന്ന ഗുജറാത്തിന് 71.14 പോയിന്റാണുള്ളത്. എന്നാൽ കേരളത്തിന്റെ പോയിന്റ് 22.87. അതായത് മറ്റ് സംസ്ഥാനങ്ങൾ പുറകിലേയ്ക്ക് പോയതുകൊണ്ടുമാത്രമാണ് കേരളം ഒന്നാമതെത്തിയത്. അല്ലാതെ നമ്മൾ മുന്നോട്ട് പോയതുകൊണ്ടൊന്നുമല്ല. അക്കാര്യത്തിന്മേലുള്ള യഥാർത്ഥ വസ്തുത നാം മനസ്സിലാക്കേണ്ടതുണ്ട്. സ്റ്റാർട്ടപ് മിഷൻ സംബന്ധിച്ചും മികച്ചൊരു മുന്നേറ്റമുണ്ടാക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. 2026-ൽ പതിനയ്യായിരം സ്റ്റാർട്ടപ്പുകളുണ്ടാകണമെന്നാണ് സംസ്ഥാന സർക്കാരിന്റെ ആഗ്രഹം. എന്നാൽ നിലവിൽ അയ്യായിരം

സ്റ്റാർട്ടപ്പുകൾ മാത്രമേയുള്ളൂ. അടുത്ത രണ്ടുവർഷംകൊണ്ട് ഏത് രീതിയിലുള്ള വർദ്ധനയാണ് ഉണ്ടാകുന്നതെന്ന് കാണേണ്ടിയിരിക്കുന്നു. എല്ലാകാര്യത്തിലും മറ്റ് സംസ്ഥാനങ്ങളെ നോക്കണമെന്നാണ് ഈ സർക്കാർ പറയുന്നത്. കർണ്ണാടകത്തെ നോക്കാൻ പറഞ്ഞു. അങ്ങനെയാണെങ്കിൽ ആദ്യമായി തമിഴ്നാട്ടിലെ കാര്യം പരിശോധിക്കാം. 2030-ഓടെ 1 ട്രില്യൺ ഡോളർ ബിസിനസ് കൊണ്ടുവരാനാണ് തമിഴ്നാട് സർക്കാർ ആഗ്രഹിക്കുന്നത്. അവിടെ 41 SEZ-കൾ സ്ഥാപിച്ചുകഴിഞ്ഞു. ഡി.എം.കെ. സർക്കാർ വന്നതിനുശേഷം 132 ധാരണാപത്രം ഒപ്പുവയ്ക്കുകയും തൊണ്ണൂറ്റി അയ്യായിരം കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരികയും ചെയ്തു. നമ്മുടെ സംസ്ഥാന സർക്കാരും ഏകദേശം അതേ സമയത്തുതന്നെ അധികാരത്തിൽ വന്നതല്ലേ; കേരളത്തിൽ എത്രത്തോളം വികസനം കൊണ്ടുവരാൻ ഈ സർക്കാരിന് സാധിച്ചു; തമിഴ്നാട്ടിൽനിന്നും കേരളത്തിലേയ്ക്ക് ഒന്നരലക്ഷം കോടി രൂപയുടെ ഉല്പന്നം വരുന്നുണ്ട്. ടി ഉല്പന്നങ്ങൾ വിതരണം ചെയ്യുന്ന കമ്പനികൾപോലും കേരളത്തിൽനിന്ന് മാറി തമിഴ്നാട്ടിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഏറ്റവും അവസാനമായി വളരെ പ്രമുഖ

കമ്പനിതന്നെ തമിഴ്നാട്ടിലേയ്ക്ക് മാറിയിരിക്കുകയാണ്. ഇലക്ട്രിസിറ്റി ബിൽ, കയറ്റിറക്കുകൂലി, തൊഴിൽക്കൂലി എന്നിവയാണ് ഇതിന് പ്രധാന കാരണം. ഒരു ലക്ഷം Micro, Small & Medium Enterprises ആരംഭിച്ചിരിക്കുന്നുവെന്നതാണ് കേരള സർക്കാരിന്റെ മറ്റൊരു പ്രധാന അവകാശവാദം. ഇതിന്റെ യാഥാർത്ഥ്യം എന്താണെന്ന് എനിക്കറിയില്ല. പക്ഷെ, ഒരു യാഥാർത്ഥ്യം അറിയാം. ബോംബ് നിർമ്മാണം ഒരു കുടിൽ വ്യവസായമായി മാറ്റാൻ ഈ സർക്കാരിന് സാധിച്ചുവെന്നതാണ് ഏറ്റവും വലിയ നേട്ടം. ബോംബ് പൊട്ടി വയോധികൻ മരിച്ച സംഭവത്തിൽ വെളിപ്പെടുത്തൽ നടത്തിയ പ്രദേശവാസി ശ്രീമതി എം. സീന ഇതേക്കുറിച്ചുള്ള അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടെ ബോംബ് നിർമ്മാണ ഹബ്ബായതുകൊണ്ടാണ് ബോംബ് പൊട്ടിയിരിക്കുന്നതെന്നും അവരുടെ ജീവന് ഭീഷണിയുണ്ടെന്നുമാണ് ശ്രീമതി സീന പറഞ്ഞിരിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ ഭീഷണിയുള്ളവരുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കാൻ സർക്കാർ

തയ്യാറാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടാനുള്ളത്.

ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരാജയത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഒരു കാര്യത്തിൽ, എനിക്ക് നന്ദി രേഖപ്പെടുത്താനുണ്ട്. എൽ.ഡി.എഫ്-ന് ജനങ്ങൾ അംഗീകാരം തരാത്തതുകൊണ്ടാണ് പരാജയപ്പെട്ടതെന്നും ബി.ജെ.പി.ക്ക് എതിരെയുള്ള പോരാട്ടത്തിൽ ഇടതുപക്ഷമില്ലെന്നും അദ്ദേഹം തുറന്ന് സമ്മതിച്ചിരിക്കുകയാണ്, അതിന് പ്രത്യേകമായൊരു നന്ദി ഈ അവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം, കോൺഗ്രസിനാണ് കേരളത്തിൽ നേട്ടം ലഭിച്ചത്.

വാട്ടർ സ്പോർട്ട്സിനെതിരായി ഒരു ലോബി പ്രവർത്തിക്കുകയാണെന്നും അതുകൊണ്ടാണ് അത് പ്രാവർത്തികമാകാത്തതെന്നും പലവിധ പ്രശ്നങ്ങളുമുണ്ടാകുന്നതെന്നും ഇന്നലെ ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ്

പറയുകയുണ്ടായി. ഈ അവസരത്തിൽ മറ്റൊരു കാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വർഷങ്ങൾക്കുമുമ്പ് യു.ഡി.എഫ്. സർക്കാർ സീ പ്ലെയിൻ പദ്ധതി കൊണ്ടുവന്നു. ടി പദ്ധതി നടപ്പിലാക്കിയാൽ മീനുകൾ ചത്തുപോകുമെന്ന പ്രചരണമാണ് അന്നിവിടെ നടത്തിയത്. മീനുകൾ ചത്തുപോകുന്നതുകൊണ്ട് സീ പ്ലെയിൻ പദ്ധതി നടപ്പിലാക്കാൻ പാടില്ലെന്ന് പറഞ്ഞ അതേ ലോബി തന്നെയായിരിക്കും വാട്ടർ സ്പോർട്സിനെതിരെയും പ്രവർത്തിക്കുന്നത്. ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. വി. ശശി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യവസായ മേഖലയെ നവീകരിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും ഗണ്യമായ പുരോഗതി കൈവരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. മൂല്യവർദ്ധിത വളർച്ചയിൽ 28.4 ശതമാനം സംഭാവന ചെയ്തിരിക്കുന്നത് വ്യവസായം ഉൾക്കൊള്ളുന്ന ദ്വിതീയ മേഖലയാണ്. ദ്വിതീയ മേഖലയുടെ ഉപവിഭാഗമായ മാനുഫാക്ചറിംഗിൽ 2022-23-ൽ ഉയർന്ന വളർച്ചാനിരക്ക് കൈവരിക്കാൻ കഴിഞ്ഞു. സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലകളിൽ

നടത്തിയ ശ്രദ്ധേയമായ ഇടപെടലിലൂടെയാണ് ഇത്തരത്തിലുള്ള വളർച്ചാനിരക്കുണ്ടായത്. 'എന്റെ സംരംഭം രാഷ്ട്രത്തിന്റെ അഭിമാനം' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് 2022-23-ൽ ആരംഭിച്ച 'സംരംഭക വർഷം' എന്ന പദ്ധതി വമ്പിച്ച വിജയമാക്കിത്തീർക്കാൻ സർക്കാരിന് കഴിഞ്ഞു. ഇതിനായി 1153 ഇന്റേൺസിനെ നിയോഗിക്കുകയുണ്ടായി. സംരംഭ സഹായ കേന്ദ്രങ്ങൾ, എം.എസ്.എം.ഇ. ക്ലിനിക്കുകൾ, താലൂക്കുതല ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ ആരംഭിക്കാനും ഫലപ്രദമായി പ്രവർത്തിപ്പിക്കാനും ഈ സർക്കാരിന് സാധിച്ചു. ഇത്തരം പ്രവർത്തനങ്ങളിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പ്രത്യേക ശ്രദ്ധ നൽകി കൃത്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. അതുകൊണ്ട് ഒരു വർഷം പൂർത്തിയാകുന്നതിന് മുമ്പുതന്നെ പ്രഖ്യാപിച്ച ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞു. ഒരു വർഷം പൂർത്തിയാകുമ്പോൾ 8421.36 കോടി രൂപയുടെ അത്ഭുതകരമായ നിക്ഷേപത്തോടെ 139840 പുതിയ സംരംഭങ്ങൾ ആരംഭിച്ച് 300051 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞുവെന്നത് വലിയ നേട്ടമായാണ് വിലയിരുത്തേണ്ടത്. ഇത്തരം പദ്ധതികൾ തുടർന്നും മുന്നോട്ട്

കൊണ്ടുപോകണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. സംരംഭങ്ങൾ തുടങ്ങാൻ ചെറുതും വലുതുമായ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ, പ്ലോട്ടുകൾ, ഷെഡ്ഡുകൾ തുടങ്ങിയവ സംസ്ഥാനത്ത് ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥലസൗകര്യങ്ങൾ പഞ്ചായത്ത്-താലൂക്ക്-ബ്ലോക്ക് തലങ്ങളിൽ ആരംഭിക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് ലഭ്യമാക്കിക്കൊടുക്കാനുള്ള പരിപാടിയും ഇതോടൊപ്പം തുടങ്ങേണ്ടതാണെന്ന് സൂചിപ്പിക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ കീഴിൽ 13 ജില്ലകളിലായി 40 സ്ഥലങ്ങളിൽ വെള്ളം, വൈദ്യുതി, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുള്ള 2460.8 ഏക്കർ സ്ഥലം നിലവിലുണ്ട്. ഇതിൽ വിതരണം ചെയ്യാത്ത 336 ഏക്കർ ഭൂമി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ നിലവിലുള്ളതായി റിപ്പോർട്ടുകളുണ്ട്. അതുപോലെ 98 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ 842 യൂണിറ്റുകളിൽ 752 എണ്ണം മാത്രമേ നാമമാത്രമായിട്ടെങ്കിലും പ്രവർത്തിക്കുന്നുള്ളൂ. 97 യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കൂടാതെ SIDCO-യുടെ നിയന്ത്രണത്തിലുള്ള 17 മേജർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ 884 യൂണിറ്റുകൾ പ്രവർത്തനക്ഷമവും 24

യൂണിറ്റുകൾ പൂട്ടിയ നിലയിലുമാണ്. SIDCO-യുടെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലും അടച്ചുപൂട്ടിയ നിരവധി യൂണിറ്റുകളുണ്ട്. ഒഴിഞ്ഞുകിടക്കുന്നതും പൂട്ടിപ്പോയതും പ്രവർത്തിക്കാത്തതുമായ ഷെഡ്ഡുകൾ പുതിയ സംരംഭകർക്ക് നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു.

ഇതിനുപുറമെ വ്യവസായ വകുപ്പിൽ നാലാം വ്യവസായ വിപ്ലവത്തിന്റെ ഭാഗമായി ധാരാളം വികസന പ്രവർത്തനങ്ങൾ പല മേഖലകളിലായി ആരംഭിച്ചിട്ടുണ്ട്. KINFRA, KSIDC എന്നിവയുടെ നേതൃത്വത്തിൽ വിവിധ സെക്ടറുകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഇൻഡസ്ട്രിയൽ പാർക്കുകളും ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകളും നടപ്പിലാക്കുകയും അവയെല്ലാം വലിയ പുരോഗതി ആർജ്ജിച്ചുമുന്നേറുകയുമാണ്. വ്യവസായ വിപ്ലവം നടക്കുന്ന സന്ദർഭത്തിൽ ഇന്ത്യയിൽ കാർഷികവൃത്തി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന ടെക്സ്റ്റൈൽ മേഖലയുടെ ആവശ്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ടെക്സ്റ്റൈൽ മേഖല മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായ രീതിയിലാണ് കേരളത്തിൽ

പ്രവർത്തിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ വ്യവസായ നയരേഖകളിലെ ഫോക്കസ് സെക്ടറായിട്ടാണ് ടെക്സ്റ്റൈൽ മേഖലയെ രേഖപ്പെടുത്തിയിട്ടുള്ളത്. കേരളം 35,000-ൽപ്പരം കോടി രൂപയുടെ വസ്ത്രങ്ങൾ പ്രതിവർഷം ഉപയോഗിക്കുന്നു എന്നാണ് കണക്ക്. ഇതിന്റെ രണ്ട് ശതമാനം വസ്ത്രങ്ങൾപോലും ഇവിടെ ഉൽപ്പാദിപ്പിക്കുന്നില്ല. ഈ വസ്തുത അങ്ങേയ്ക്ക് അറിയാമെന്നാണ് ഞാൻ കരുതുന്നത്. കേന്ദ്ര സർക്കാരിന്റെ 2000-ലെ ടെക്സ്റ്റൈൽ പോളിസി യന്ത്രത്തറികളെ പ്രോത്സാഹിപ്പിക്കുന്ന ഒന്നായിരുന്നു. അക്കാലത്ത് സെക്കൻഡ് ഹാൻഡ് നിലവാരത്തിലുള്ള യന്ത്രതറികൾപോലും അന്യരാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യാൻ അനുവാദം കൊടുത്തിരുന്നു. ആ രീതിയിൽ Water jet loom-കളും Air jet loom-കളുമെല്ലാം ഇറക്കുമതി ചെയ്ത് തമിഴ്നാട്ടിൽ വലിയ തോതിലുള്ള മുന്നേറ്റമുണ്ടാക്കി. വിദേശരാജ്യങ്ങളിൽനിന്നും യന്ത്രത്തറികൾ ഇറക്കുമതി ചെയ്യാൻ അനുമതി നൽകിയതുകൊണ്ട് ആ രീതിയിലുള്ള വിപ്ലവകരമായ മാറ്റം അവിടെ സൃഷ്ടിച്ചെടുത്തു. അതിനുശേഷം സമീപ സംസ്ഥാനങ്ങളിലെ ടെക്സ്റ്റൈൽ മേഖലയിൽ വലിയ മുന്നേറ്റമാണുണ്ടായത്. അവിടെയുണ്ടാക്കിയ ടെക്സ്റ്റൈൽ

ഉൽപ്പന്നങ്ങൾകൊണ്ട് കേരളത്തിലെ ടെക്സ്റ്റൈൽ വിപണി നിറയ്ക്കുന്ന കാഴ്ചയാണ് നമുക്കിന്ന് കാണാൻ സാധിക്കുന്നത്. എന്നാൽ ഇവിടെ ഇപ്പോഴും പരമ്പരാഗത കൈത്തറി വ്യവസായത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. ഈ രീതിക്ക് മാറ്റമുണ്ടാകണം. കൈത്തറി വ്യവസായത്തിന് പ്രസിദ്ധമായ പാരമ്പര്യവും പൈതൃകവും നമുക്കുണ്ട്. നിലവിൽ അന്യംനിന്നുപോകുന്ന അവിദഗ്ധ നെയ്ത്ത് തൊഴിലാളികളും കൈത്തറി ഉൽപ്പന്നങ്ങളുമുണ്ട്. ഇന്ത്യയിലാദ്യമായി കൈത്തറി നെയ്ത്ത് തൊഴിലാളിക്ക് പത്മശ്രീ അവാർഡ് നൽകി രാജ്യം ആദരിച്ച ചരിത്രവും കേരളത്തിന് മാത്രം അവകാശപ്പെടാൻ കഴിയുന്നതാണ്. ആ രീതിയിലുള്ള കൈത്തറി മേഖലയുടെ മഹത്തായ പൈതൃകം സംരക്ഷിച്ചുകൊണ്ടുതന്നെ ടെക്സ്റ്റൈൽ മേഖലയെ എങ്ങനെ ആധുനികവൽക്കരിക്കാൻ കഴിയുമെന്നാണ് നാം നോക്കേണ്ടത്. നിലവിലുള്ള കൈത്തറി മേഖലയെ നമുക്കിന്ന് വേണ്ടവിധം സംരക്ഷിക്കുവാൻ ആകുന്നില്ലെന്ന് മാത്രമല്ല, യന്ത്രവൽക്കരണം നടത്തുന്നുമില്ല. കൈത്തറി മേഖലയെ സംരക്ഷിക്കാൻ റിബേറ്റും കുറഞ്ഞ പലിശ നിരക്കിൽ പ്രവർത്തന

മൂലധനവും അനിവാര്യമാണ്. സർക്കാർ ഗ്യാരണ്ടിയിൽ നബാർഡ് ക്രെഡിറ്റ് തുക മുൻകാലങ്ങളിൽ നൽകിയിരുന്നു. അത്തരത്തിലുള്ള സമീപനം നിലവിലുണ്ടെങ്കിൽ മാത്രമേ കൈത്തറി മേഖലയെ പരിപോഷിപ്പിക്കുവാൻ കഴിയൂ എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ വിഷയങ്ങളെ സംബന്ധിച്ച് സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ ടെക്സ്റ്റൈൽ മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് കേരള വ്യവസായ നയം രൂപീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം കേരള വ്യവസായ നയം 2023-ൽ ആറന്മുള കണ്ണാടി, ബാലരാമപുരം കൈത്തറി, കയർ എന്നീ മേഖലകളെക്കുറിച്ച് കാര്യമായ ഒരു പരാമർശവും നടത്തിയതായി കണ്ടില്ല. ടെക്സ്റ്റൈൽ വ്യവസായത്തെക്കുറിച്ചോ, പരമ്പരാഗത വ്യവസായങ്ങളെ സംബന്ധിച്ചോ പരാമർശം ഉണ്ടായിട്ടില്ല. തീർച്ചയായും അതുമായി ബന്ധപ്പെട്ട് നടത്തുന്ന പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വ്യക്തമായൊരു നയരേഖ രൂപീകരിക്കാൻ കഴിയണമെന്നാണ് എന്റെ അഭിപ്രായം. കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി ഇവിടെ പലപ്പോഴും ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഞാൻ അതിന്റെ

വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ കയർ വ്യവസായം ഗുരുതര പ്രതിസന്ധി നേരിടുന്നുണ്ട്. കയർപിരി മേഖലയിലാണ് അവിടെ ഏറ്റവും കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കയർപിരി തൊഴിലാളിക്ക് ലഭിക്കുന്ന കൂലി 350 രൂപയാണ്. ത്രിഫ്റ്റ് ഫണ്ട് സ്കീം തുക കുറച്ച് 337.50 രൂപ മാത്രമാണ് ഒരാൾക്ക് ലഭിക്കുന്നത്. എട്ടുകൊല്ലമായി ഇതേ തുകയാണ് അവർക്ക് കൂലിയായി ലഭിച്ചുവരുന്നത്. കൂലി കൂട്ടുന്നതിനുള്ള യാതൊരു നടപടിയും സർക്കാർ സ്വീകരിക്കാത്തതുകൊണ്ടുതന്നെ ഈ മേഖലയിൽനിന്നും തൊഴിലാളികൾ കൊഴിഞ്ഞുപോകുന്ന സാഹചര്യമാണുള്ളത്. നിലവിൽ എഗ്രീഡ് വേജസാണ് കയർപിരി തൊഴിലാളികൾക്ക് നൽകുന്നതെന്നതിനാൽ ആയത് പുതുക്കി നിശ്ചയിക്കാൻ ബന്ധപ്പെട്ട വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണം. കയർ സൊസൈറ്റികൾ ഭൂരിഭാഗവും ഇപ്പോൾ അടഞ്ഞുകിടക്കുന്ന സ്ഥിതിയാണുള്ളത്. ചില കയർ ഇൻസ്പെക്ടർമാർക്കുകീഴിൽ ഒരു കയർ സൊസൈറ്റിപോലും പ്രവർത്തിക്കുന്നില്ലെന്ന കാര്യംകൂടി നാം

ഓർക്കേണ്ടതുണ്ട്. ടി വിഷയത്തിൽ എക്സ്പെർട്ട് കമ്മിറ്റി പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അക്കാര്യം പരിശോധിക്കുന്നതിനും കയർ, കൈത്തറി വ്യവസായങ്ങൾ അവഗണിക്കപ്പെടുന്നുവെന്ന ധാരണ ഒഴിവാക്കുന്നതിനുമുള്ള അടിയന്തര നടപടി സർക്കാർ സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട്, ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾ പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന മേഖലയാണ് വ്യവസായരംഗം. അവരുടെ സ്വപ്നങ്ങൾക്ക് ചിറകേകാൻ  കഴിഞ്ഞ എട്ടു വർഷമായി ഈ സർക്കാരിന് സാധിച്ചില്ലെന്ന് മാത്രമല്ല ഒരു പുതിയ സംരംഭംപോലും ആരംഭിക്കാൻ സാധിക്കുകയില്ലെന്ന് ജനങ്ങൾക്ക് ബോധ്യമായിത്തുടങ്ങുകയും ചെയ്തു. സാമ്പത്തിക ഞെരുക്കം, നോക്കുകൂലി, സമരങ്ങൾ, ചുവപ്പുനാട, ഇച്ഛാശക്തിയില്ലായ്മ എന്നിവയാണ് അതിന് കാരണം. ശ്രീ. ചാണ്ടി ഉമ്മൻ

ഇവിടെ സൂചിപ്പിച്ചതുപോലെ 29 പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ നഷ്ടത്തിലാണെന്ന് മാത്രമല്ല, അതിൽ രണ്ടെണ്ണം അടച്ചുപൂട്ടുകയും ചെയ്തു. പതിമൂന്ന് സ്ഥാപനങ്ങളിൽ ശമ്പളം നൽകാൻ സാധിക്കുന്നില്ല, പരമ്പരാഗത വ്യവസായങ്ങൾ തകർന്നു. എന്നുമാത്രമല്ല, സംസ്ഥാനത്ത് സമഗ്രമായൊരു വ്യവസായനയം പോലുമില്ല. കേരളത്തിന് ഒരു സുവർണ്ണ കാലഘട്ടമുണ്ടായിരുന്നുവെന്ന കാര്യം ഈ അവസരത്തിൽ നാം ഓർക്കേണ്ടതുണ്ട്. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് വ്യവസായ മന്ത്രിയുമായിരുന്ന സമയത്ത് ഒട്ടേറെ പദ്ധതികൾ കേരളത്തിൽ ആരംഭിക്കാൻ സാധിച്ചു. ഡിജിറ്റൽ കേരള നടപ്പിലാക്കി. കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സ്റ്റേറ്റാക്കി മാറ്റുകയും അന്നത്തെ പ്രധാനമന്ത്രി പ്രണബ് മുഖർജി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇന്ന് എല്ലാ കുടുംബങ്ങളും ആശ്രയിക്കുന്ന അക്ഷയകേന്ദ്രങ്ങൾ ആരംഭിച്ചു. മാത്രമല്ല, ആ കാലഘട്ടത്തിൽ കേരളത്തിന് ഇന്റർനാഷണൽ അവാർഡ് ലഭിക്കുകയുണ്ടായി. സ്റ്റാർട്ടപ്പ് വില്ലേജുകളും മേക്ക് ഇൻ കേരള പ്രോഗ്രാമും നടപ്പിലാക്കി. ജീവനക്കാർക്ക് സ്പാർക്ക് പദ്ധതിയുൾപ്പെടെ

നടപ്പിലാക്കി. കിൻഫ്രാ പാർക്ക്, ടെക്നോപാർക്ക്, സൈബർ പാർക്ക് എന്നിവ സ്ഥാപിച്ചു. കിൻഫ്ര ഡിഫൻസ് പാർക്ക് ഒറ്റപ്പാലത്ത് പൂർത്തിയാക്കുകയും ടെക്നോപാർക്കിൽ കേരള സ്റ്റേറ്റ് ഡാറ്റാ സെന്റർ ആരംഭിക്കുകയും ചെയ്തു. സർക്കാർ വകുപ്പുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുകയും സർവ്വകലാശാലകളിൽ ഇൻക്യൂബേഷൻ സെന്ററുകൾ ആരംഭിക്കുകയും ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങളിൽ സുതാര്യമായ ഭരണനിർവ്വഹണത്തിനായി E-Tender, E-Procurement, E-Auction, E-Payment എന്നിവ നടപ്പാക്കിയത് കേരളത്തിലാണ്. കേരളം വ്യാവസായികമായി വളരണമെങ്കിൽ യു.ഡി.എഫ്. അധികാരത്തിൽ വരണമെന്ന തോന്നൽ കേരളത്തിലെ ജനങ്ങൾക്കുണ്ടായി. പാർലമെന്റ് തിരഞ്ഞെടുപ്പ് വിജയം മുസ്ലീംലീഗിനെ മത്ത് പിടിപ്പിച്ചിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആക്ഷേപിക്കുകയുണ്ടായി. ഞങ്ങൾ മത്സരിച്ച മലപ്പുറം, പൊന്നാനി മണ്ഡലങ്ങളിൽ ഇലക്ഷൻ കഴിഞ്ഞതിനുശേഷം വോട്ട് എണ്ണുന്നതിനുമുമ്പ് ആഹ്ലാദപ്രകടനങ്ങൾ പാടില്ലെന്നും എതിരാളികളെ പ്രകോപിപ്പിക്കുന്ന

രീതിയിൽ മുദ്രാവാക്യങ്ങൾപോലും വിളിക്കരുതെന്നും ശക്തമായി നിർദ്ദേശിച്ച പ്രസിഡന്റാണ് പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ. തൃശ്ശൂരിലും ആറ്റിങ്ങലിലും അതുപോലെ രാജസ്ഥാനിലെ പല സീറ്റുകളിലും നിങ്ങൾക്ക് ലഭിച്ച വോട്ടുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സഖാവ് ഗോവിന്ദൻ മാഷും ചേർന്ന് മുടിനാരിഴ കീറി ഞങ്ങളെ പഠിപ്പിക്കുന്നത് കേട്ടു. 34 കൊല്ലം നിങ്ങൾ ഭരിച്ച ബംഗാളിൽ അസംബ്ലിയിലും പാർലമെന്റിലും മുഴുവൻ സീറ്റുകളിലും കെട്ടിവച്ച പണം നഷ്ടപ്പെട്ടിട്ട് എഴുന്നേൽക്കാൻപോലും സാധിക്കാതെ അടിതെറ്റി വീണ ആനയെപ്പോലെ കിടക്കുന്നത് കാണുമ്പോൾ അത് അധികാരത്തിന്റെ മത്തുകൊണ്ട് സംഭവിച്ചതാണോയെന്ന് ഞങ്ങൾ നിങ്ങളോട് ചോദിക്കുകയാണ്. ബംഗാളിലും ത്രിപുരയിലും സഖാവ് ജ്യോതിബസു ശക്തി തെളിയിച്ചപ്പോൾ അദ്ദേഹത്തെ പ്രധാനമന്ത്രി സ്ഥാനത്തേയ്ക്ക് ക്ഷണിച്ച കാലമുണ്ടായിരുന്നു. ഇന്ന് സ്വപ്നത്തിൽപ്പോലും അതിന് സാഹചര്യമില്ലാതെ വന്നതെന്തുകൊണ്ടെന്ന് പഠിക്കേണ്ടതല്ലേ?

സഖാവ് ലെനിൻ 1924 ജനുവരി 21-ന് റഷ്യയിലെ ഗോർക്കിയിൽ മരിച്ചു. 'ഇസ്ക്ര' എന്ന പ്രസിദ്ധീകരണത്തിലൂടെയായിരുന്നു അദ്ദേഹം

വിപ്ലവം നയിച്ചിരുന്നത്. കമ്മ്യൂണിസത്തെപ്പറ്റി അദ്ദേഹം ലോകത്തിന് നൽകിയ ഒരു സന്ദേശമുണ്ട്, "Communism stands for justice and truth. It is common labour for the good of all. It is fearless trade blazing in search of the new. It is our dream of happiness and a fine and wonderful life for all." എന്ത് നല്ല സന്ദേശമാണത്. ആ സന്ദേശം ലഭിച്ച് 100 കൊല്ലം കഴിഞ്ഞ്, ഇന്ന് കേരളത്തിലെ കമ്മ്യൂണിസത്തിന്റെ സ്ഥിതി ഒന്ന് പരിശോധിക്കുന്നത് നല്ലതാണ്.

നാല് വോട്ടിനുവേണ്ടി സത്യവും നീതിയും Dictatorship of the proletariat എന്ന കമ്മ്യൂണിസ്റ്റ് ആശയവും വലിച്ചെറിഞ്ഞ് 'കാഫിർ' എന്ന സ്ക്രീൻ ഷോട്ടിലൂടെ വർഗീയ വിദ്വേഷം പ്രചരിപ്പിക്കുന്ന ശ്രീമതി കെ. കെ. ലതികയെപ്പോലെയുള്ള സി.പി.ഐ.(എം) നേതാക്കളുടെ പ്രവർത്തനമാണ് വടകര തിരഞ്ഞെടുപ്പ് പരിശോധിച്ചാൽ കാണുന്നത്. ഫാസിസ്റ്റ്-മാർക്സിസ്റ്റ് കൂട്ടായ്മയായി ഞങ്ങൾ ഇതിനെ കാണുകയാണ്. ശ്രീമതി കാനത്തിൽ ജമീലയോട് ഒരു വാക്ക്, അങ്ങ് സി.പി.ഐ.(എം) പ്രാദേശിക നേതാക്കളോട് എന്തൊക്കെയോ പറഞ്ഞ് മുസ്ലീംലീഗിനെതിരായി സഭയിൽ സംസാരിപ്പിച്ചു.

ഞങ്ങൾ 'ദിക്റ് ' ചൊല്ലിപ്പിച്ച് വോട്ട് ചോദിച്ചുവെന്ന് നിങ്ങൾ പറഞ്ഞു. 'ദിക്റ് ' എന്ന പദത്തിന്റെ അർഥം അധികം ആളുകൾക്ക് അറിയുമോ എന്നറിയില്ല. ഞങ്ങൾ 'ദിക്റ്" ചൊല്ലിച്ചും പേര് കാണിച്ചും വോട്ട് ചോദിച്ചുവെന്നാണ് നിങ്ങൾ പറഞ്ഞത്. ഇവിടെ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്ത് അദ്ദേഹത്തിന് അസംബ്ലിയിലേയ്ക്ക് തിരിച്ചുവരാൻ നടത്തിയ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ൽനിന്നും മത്സരിക്കുന്നതിന് ബഹുമാനപ്പെട്ട പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ മലപ്പുറം ജില്ലയിൽ ഒഴിവുണ്ടായിരുന്ന ലീഗിന്റെ കോട്ടയായ തിരൂരങ്ങാടിയിലേയ്ക്ക് ക്ഷണിച്ചു. അവിടെ അദ്ദേഹത്തിന്റെ സമുദായത്തിന് വോട്ടുകൾ കുറവാണ്; ബഹുഭൂരിപക്ഷവും മുസ്ലീംലീഗിന്റെ പ്രവർത്തകരാണ്. എന്നാൽ അദ്ദേഹത്തിനെതിരെ ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള ഡോ. എൻ. എ. കരീമിനെ മത്സരിപ്പിച്ചപ്പോൾ പേരിന്റെ അടിസ്ഥാനത്തിൽ വോട്ട് ലഭിക്കുമെന്നാണ് നിങ്ങൾ തെറ്റിദ്ധരിച്ചത്. എന്നാൽ ലീഗ് സ്ഥാനാർഥികൾ ജയിച്ചതിനേക്കാളും ഭൂരിപക്ഷത്തിലാണ്

ശ്രീ. എ. കെ. ആന്റണി തിരൂരങ്ങാടിയിൽനിന്ന് അസംബ്ലിയിലേയ്ക്ക് ജയിച്ചത്. അങ്ങനെയുള്ള മുസ്ലീംലീഗിനെ തെറ്റിദ്ധരിക്കരുത്.

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഇത്തവണ 213 യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർമാരുടെ പിന്തുണയോടെ ഒരു കൊടുങ്കാറ്റിനെപ്പോലെയാണ് ഞങ്ങൾ, UDSF (United Democratic Students' Front) അവിടേയ്ക്ക് പോയതും ഭരണം പിടിച്ചെടുത്തതും. വരുംതലമുറ ഞങ്ങളുടെ കൂടെയുണ്ടെന്ന് നിങ്ങൾ ഓർക്കണം. യൂത്ത്ലീഗ് പ്രവർത്തകനായ പി. കെ. മുഹമ്മദ് കാസിം എന്ന സാധാരണക്കാരനായ പ്രവർത്തകന്റെ ഫോണിൽനിന്നുമാണ് 'കാഫിർ' പ്രയോഗമുണ്ടായതെന്നാണ് ഇവർ ആക്ഷേപിക്കുന്നത്. ആ മുഹമ്മദ് കാസിം, താൻ നിരപരാധിയാണെന്നും സത്യം തെളിയിക്കണമെന്നും ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി അന്വേഷണത്തിന് ഉത്തരവിടുകയും മുഹമ്മദ് കാസിം നിരപരാധിയാണെന്ന് പോലീസ് റിപ്പോർട്ട് നൽകുകയും ചെയ്തു. ഉടൻതന്നെ ശ്രീമതി കെ. കെ. ലതിക വാട്ട്സാപ്പ് ലോക്ക് ചെയ്തു. എന്തിനുവേണ്ടിയാണ്? അതുകൊണ്ട്, ശ്രീമതി കാനത്തിൽ ജമീല ലീഗിനായി കൊണ്ടുവന്ന തൊപ്പി

ശ്രീമതി കെ. കെ. ലതികയുടെ തലയിൽ ചാർത്തുന്നതാണ് നല്ലതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ നിങ്ങൾ തോറ്റെങ്കിലും തിരിച്ചുവരുമെന്ന് പറയുന്നു. തോൽക്കാൻ ധാരാളം കാരണങ്ങളുണ്ട്. അതെല്ലാം പഠിക്കുന്നത് നല്ലതാണ്. കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽനിന്ന് വ്യതിചലിച്ച് നിങ്ങൾ തീവ്രവലതുപക്ഷത്തിലെത്തി, നിങ്ങളെ എന്നും സഹായിക്കുന്ന സർക്കാർ ജീവനക്കാരെ നിങ്ങൾ മറന്നു, നേതാക്കൾക്ക് കമ്മ്യൂണിസ്റ്റ് മൂല്യങ്ങൾ ഇല്ലാതായി, സാധാരണക്കാരെയും തൊഴിലാളി വർഗ്ഗത്തെയും ഷോക്കേസിലാക്കി, സമസ്ത മേഖലകളിലും പാർട്ടിവൽക്കരണം നടപ്പാക്കി, വിലക്കയറ്റം, തൊഴിലില്ലായ്മ, കടക്കെണി എന്നിവ വർദ്ധിച്ചു, കൂടാതെ വർഗീയ പ്രചാരണം, ബോംബ് നിർമ്മാണം, മുതലാളിത്ത പ്രേമം, അഹങ്കാരം, ധാർഷ്ട്യം, ധൂർത്ത് ഇവ നിങ്ങളുടെ പ്രവർത്തനങ്ങളിൽ വന്നുകൂടിയപ്പോൾ ജനങ്ങൾ നിങ്ങൾക്ക് നൽകിയ ചാട്ടവാറടിയാണ് ഈ തിരഞ്ഞെടുപ്പ് ഫലമെന്ന് ഓർമ്മിപ്പിക്കുകയാണ്.

നിങ്ങൾ ഇന്ത്യൻ ഭരണ ഘടനയുടെ preamble ഓർക്കുന്നത് നല്ലതാണ്. "WE, THE PEOPLE OF INDIA, having solemnly resolved to constitute India

into a SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC" അതിൽ പറയുന്ന മതേതരത്വത്തിനുവേണ്ടി പ്രതിജ്ഞാബദ്ധമാണ് മുസ്ലീംലീഗ്. ഞങ്ങളുടെ നേരെ വർഗ്ഗീയ ആക്രമണം നടത്താൻ ഒരിക്കലും നിങ്ങൾക്ക് സാധിക്കുകയില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. അവസാനിപ്പിക്കുന്നതിന് മുമ്പ് ഒരു വാക്ക്; എന്റെ മണ്ഡലത്തിലെ എല്ലാ യോഗങ്ങളിലും ആവശ്യപ്പെടുന്നതാണ്. മഞ്ചേരി മുനിസിപ്പാലിറ്റിയിലെ എലമ്പ്രയിൽ ഒരു എൽ.പി. സ്കൂൾ, ഹൈക്കോടതി അനുവദിച്ചെങ്കിലും അത് നൽകുന്നില്ല. പൂല്ലൂരിലെ യു.പി. സ്കൂൾ ഹൈസ്കൂൾ ആക്കുന്നതിനും ആക്കപ്പറമ്പിൽനിന്ന് പട്ടിക്കാട് വരെയുള്ള റോഡ് പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കുന്നില്ല. മേൽപ്പറഞ്ഞ ആവശ്യങ്ങളിന്മേൽ എത്രയുംവേഗം നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ചീഫ് വിപ്പ് <u>(ഡോ. എൻ. ജയരാജ്)</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യവസായ വകുപ്പിന്റെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചാവേളയിൽ മുൻ കാലഘട്ടങ്ങളിൽ

ഇറങ്ങിയ മലയാള സിനിമയിലെ മൂന്ന് ചലച്ചിത്രങ്ങളെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. അതിൽ ഒന്ന്, 1989-ൽ ഇറങ്ങിയ വരവേൽപ്പും രണ്ടാമത്തേത് 1993-ൽ ഇറങ്ങിയ മിഥുനവും മൂന്നാമത്തേത് 2014-ൽ ഇറങ്ങിയ പോളിടെക്നിക്കുമാണ്. ഈ മൂന്ന് ചിത്രങ്ങളിലുമുള്ള ആശയം ഒന്നുതന്നെയാണ്. മിഥുനത്തിൽ മോഹൻലാലിന്റെ കഥാപാത്രമായ സേതുമാധവൻ, അമ്മയുടെ പേരിൽ ദാക്ഷായണി ബിസ്കറ്റ് എന്ന വ്യവസായം ആരംഭിക്കാൻ ശ്രമിച്ച് പരാജയപ്പെട്ട കഥയാണ്. വരവേൽപ്പിന്റെ കഥയും അതുപോലെ തന്നെയാണ്. ആ കാലഘട്ടത്തിൽനിന്നൊക്കെ മാറി കേരളത്തിന്റെ വ്യവസായ അന്തരീക്ഷം സൗഹൃദപരമാകുകയും കേരളത്തിലേയ്ക്ക് വ്യവസായികൾക്ക് കടന്നുവരാനുള്ള സാഹചര്യവുമാണ് ഇന്നുള്ളത്. ആ കഥയുടെ പശ്ചാത്തലവും കാലഘട്ടവും അവസാനിക്കുന്ന കാലഘട്ടത്തിലാണ് യഥാർത്ഥത്തിൽ വ്യവസായ വകുപ്പിനെക്കുറിച്ചുള്ള ചർച്ചയെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളം അത്തരമൊരു പുതിയ മാറ്റത്തിന് വഴിതെളിച്ചത് ഒരു ദിവസം കൊണ്ടല്ല. ഈ ഗവൺമെന്റിന് വ്യക്തമായ കാഴ്ചപ്പാടാണുള്ളത്. പ്രധാനമായും ഈ രംഗത്ത്

വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നിയമപരമായുണ്ടാകുന്ന എല്ലാ തടസ്സങ്ങളെയും മാറ്റിക്കൊണ്ട് അനുകൂല സാഹചര്യമൊരുക്കുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. കാലത്തിന്റെ മാറ്റം തിരിച്ചറിഞ്ഞ് അടിസ്ഥാനപരമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞതിന്റെ മാറ്റമാണ് യഥാർത്ഥത്തിലുണ്ടായത്. അതൊരു കൃത്യമായ കാഴ്ചപ്പാടിന്റെ ഭാഗമായിരുന്നു.

Ease of doing Business-മായി ബന്ധപ്പെട്ട കാര്യങ്ങൾ എനിക്ക് മുമ്പ് സംസാരിച്ച അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന് കൃത്യമായ കണക്കുകളുണ്ട്. നമ്മൾ കാടടച്ച് വെടിവയ്ക്കുന്നതിൽ അർത്ഥമില്ല. കാരണം Ease of doing Business-ന്റെ കാര്യത്തിൽ കേരളം ഇന്ന് ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും മുന്നിലാണ്, അതോടൊപ്പം സ്റ്റാർട്ടപ്പുകളും ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വ്യവസായ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. അക്കാദമിക് മേഖലയും വ്യവസായ മേഖലയും അകന്നുനിന്ന കാലഘട്ടത്തിൽനിന്ന് വ്യവസായ മേഖലയെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്താനുള്ള സംവിധാനമാണത്. യഥാർത്ഥത്തിൽ അതൊരു മാനസിക വളർച്ചയുടെയും മാറ്റത്തിന്റെയുംകൂടെ

പ്രതിഫലനമായി മാറുന്നത് എടുത്തുപറയേണ്ട കാര്യമാണ്. ഇങ്ങനെയുള്ള മാറ്റം ഈ രംഗത്തുണ്ടാകുന്നത് സന്തോഷകരമായ കാര്യമാണ്. സമയക്കുറവുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. വ്യവസായ രംഗത്ത് കേരളം വലിയ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്നാണ് പല കണക്കുകളും റിപ്പോർട്ടുകളും സൂചിപ്പിക്കുന്നത്. ഇതൊന്നും കാണാതെ 'കുരുടൻ ആനയെ കണ്ടതുപോലെ' സംസാരിക്കുന്നതിൽ കാര്യമില്ലെന്നതാണ് യാഥാർത്ഥ്യം. സ്റ്റാർട്ടപ്പിന്റെ മുന്നേറ്റത്തിൽപ്പോലും ഒരു ഇക്കോസിസ്റ്റത്തെ വികസിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകുന്ന കാര്യത്തിൽ വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. അതിന്റെ പിന്നിലുള്ള സംസ്ഥാന സർക്കാരിന്റെ കൃത്യമായ ഇടപെടലിനെയും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ കാഴ്ചപ്പാടിനെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്.

ഇന്നലെ നടന്ന ചർച്ചയിൽ കേരള കോൺഗ്രസുമായി ബന്ധപ്പെട്ട ഒരു പ്രധാന വിഷയം ശ്രീ. മോൻസ് ജോസഫ് സൂചിപ്പിക്കുകയുണ്ടായി. യഥാർത്ഥത്തിൽ കേരളാ കോൺഗ്രസിന് ആരുടെയും സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്ന് പറയാനാഗ്രഹിക്കുകയാണ്. കാരണം അതിന് കൃത്യമായ

കണക്കുകളുണ്ട്; 2019-ൽ യു.ഡി.എഫ്.-ൽ ശ്രീ. തോമസ് ചാഴികാടൻ ഞങ്ങളുടെ പ്രതിനിധിയായി മത്സരിച്ചപ്പോൾ പാലായിൽ അദ്ദേഹത്തിന് ലഭിച്ച ഭൂരിപക്ഷം 34000 ആണ്. 2024-ലെ യു.ഡി.എഫ്.-ന്റെ ഭൂരിപക്ഷം 12000 മാത്രമാണെന്നുള്ള കാര്യം മറന്നുപോകരുത്. 2019-ൽ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ യു.ഡി.എഫ്.-ന് ലഭിച്ച വോട്ട് 26000 ആയിരുന്നത് 2024-ൽ 11000 ആയി കുറഞ്ഞതും 2016-ൽ 44000 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിച്ച നിയോജകമണ്ഡലത്തിൽ കേരള കോൺഗ്രസ് മുന്നണി മാറിയശേഷം കേവലം 4200-ൽപ്പരം വോട്ടുകൾക്ക് ജയിച്ചതും കേരളാ കോൺഗ്രസ്സിന്റെ പ്രസക്തി എവിടെയാണെന്നതിനുള്ള വ്യക്തമായ ഉദാഹരണങ്ങളാണ്. ഇതുമാത്രമല്ല, കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നീ മൂന്ന് ജില്ലാ പഞ്ചായത്തുകൾ യു.ഡി.എഫ്.-ന്റെ കൈവശമായിരുന്നു. കേരള കോൺഗ്രസ് മുന്നണി മാറി അടുത്ത ഇലക്ഷൻ വന്നപ്പോൾ ഈ മൂന്ന് ജില്ലാ പഞ്ചായത്തുകളും എൽ.ഡി.എഫ്.-ന്റെ കൈവശമായി. കോട്ടയം ജില്ലാ പഞ്ചായത്തിലെ 11 ബ്ലോക്ക് പഞ്ചായത്തുകളിൽ 10 എണ്ണം യു.ഡി.എഫ്. ഭരിച്ചിടത്ത് ഇപ്പോൾ അവ ഭരിക്കുന്നത് എൽ.ഡി.എഫ്. ആണ്. കേരള

കോൺഗ്രസിന്റെ പ്രസക്തിയെക്കുറിച്ച് അദ്ദേഹം ചോദിച്ചതിന് മറുപടിയായാണ് ഇക്കാര്യങ്ങൾ ഞാൻ സൂചിപ്പിച്ചത്. ഇവിടെ വളരെ ആവേശകരമായി സംസാരിക്കുമ്പോൾ കോൺഗ്രസിന്റെ ഏറ്റവും പ്രധാനപ്പെട്ട മേഖലയായ തൃശ്ശൂരിൽ 125000 വോട്ടുകൾ കുറഞ്ഞ കാര്യം അദ്ദേഹം വിസ്മരിച്ചതെന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. പഴയകാല കാമുകിമാർ വിവാഹം കഴിഞ്ഞ് മക്കളുമായി വേറെ എവിടെയെങ്കിലും സന്തോഷമായി ജീവിക്കുമ്പോഴും കാമുകന്മാർ അവരെ ഇടയ്ക്ക് ഓർക്കാറുണ്ട്. ഒരുപക്ഷേ, ആ ഒരു മാനസികാവസ്ഥയായിരിക്കും അവർക്ക് ഉള്ളതെന്നാണ് എനിക്ക് തോന്നുന്നത്. പണ്ട് ഞങ്ങളുടെ കൂടെ നിന്നിരുന്നതാണ്. ഇപ്പോൾ ഞങ്ങൾ സുഖമായി ജീവിക്കുന്നു. ഞങ്ങളുടെ ഇപ്പോഴത്തെ സുഖകരമായ അന്തരീക്ഷത്തിൽ ഞങ്ങളുടെ ജീവിതം എങ്ങനെയാണെന്നറിയാനുള്ള ഇടയ്ക്കുള്ള എത്തിനോട്ടം, ആ ഒരു മാനസികാവസ്ഥയുടെ ഭാഗമായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. ഞാൻ അദ്ദേഹത്തോട് ഒരു കാര്യം മാത്രമാണ് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്, ഞങ്ങളുടെ നാട്ടിൽ "വക്ക കെട്ടിയവൻ വേറെ... വലിച്ചവൻ വേറെ...." എന്ന് പറയാറുണ്ട്. കരയ്ക്ക്

ഇരിക്കുന്നവർ അഭിപ്രായം പറയും. ശ്രീ. റോഷി അഗസ്റ്റിനൊപ്പം രണ്ടുപ്രാവശ്യം മത്സരിച്ച് തോറ്റ സ്ഥാനാർത്ഥി കോട്ടയത്ത് സ്ഥാനാർത്ഥിയായിനിന്ന് മത്സരിച്ച് ജയിക്കുമെന്ന് പറയുമ്പോൾ വക്ക കെട്ടിയവനും വലിച്ചവനും വേറെ ആൾക്കാരാണെന്ന കാര്യംകൂടി മറന്നുപോകരുത്. കേരളാ കോൺഗ്രസിന്റെ രാഷ്ട്രീയ പ്രസക്തിക്ക് ചരിത്രം എഴുതാനോ ജ്യോതിഷം പറയാനോ സത്യത്തിൽ ജോസഫ് ഗ്രൂപ്പ് വളർന്നിട്ടില്ലെന്ന് മാത്രമാണ് ഇക്കാര്യത്തിൽ വിനയപൂർവ്വം എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല; രാഷ്ട്രീയം പറഞ്ഞതുകൊണ്ട് മാത്രമാണ് വളരെ പ്രധാനപ്പെട്ട വകുപ്പിന്റെ ചർച്ചയിൽ ഇക്കാര്യങ്ങൾ പറയേണ്ടിവന്നത്.

ഭിന്നശേഷിഗ്രാമവുമായി ബന്ധപ്പെട്ട് കാഞ്ഞിരപ്പള്ളിയിലെ ഒരു സ്ഥാപനത്തിന്റെ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അനുകൂല നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. റവന്യൂ വകുപ്പിന്റെ 50 ഏക്കർ സ്ഥലം കാഞ്ഞിരപ്പള്ളിയിൽ കേവലം 13,000/- രൂപയ്ക്ക് പാട്ടത്തിന്

നൽകിയിരിക്കുകയാണ്. ഒരു വ്യവസായ സംരംഭവുമില്ലാത്ത നിയോജകമണ്ഡലമെന്ന നിലയിൽ പ്രത്യേക പരിഗണന നൽകി അവിടെ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് വ്യവസായ വകുപ്പ് നൽകുന്ന സഹകരണത്തിനും പുതിയ കാഴ്ചപ്പാടിനും പിന്തുണ നൽകിക്കൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ ഗവൺമെന്റിന്റെ പ്രയോറിറ്റി എന്താണെന്ന് ഇന്ന് രാവിലെ നടന്ന അടിയന്തരപ്രമേയ ചർച്ചയിൽ ചോദിക്കുകയുണ്ടായി. സാമൂഹ്യസുരക്ഷാ പെൻഷനടക്കം മുടങ്ങിക്കിടക്കുന്നു. ഗവൺമെന്റ് ഇറക്കിയ പ്രോഗ്രസ്സ് റിപ്പോർട്ടിൽ സാമൂഹ്യസുരക്ഷാ മേഖലയുമായി ബന്ധപ്പെട്ട ആശ്വാസ കിരണം, സ്നേഹപൂർവ്വം എന്നീ പദ്ധതികളെപ്പറ്റിയോ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി മുടങ്ങിയ കുട്ടികളുടെ അവസ്ഥ സംബന്ധിച്ചോ യാതൊരു പരാമർശങ്ങളും കാണുന്നില്ല. പരസഹായത്തോടെ മാത്രം

ജീവിക്കുന്ന നിർധനരായവരെ പരിചരിക്കുന്നവർക്ക് ലഭിക്കുന്ന ഒരു ചെറിയ വരുമാനമാണ് ആശ്വാസ കിരണം പദ്ധതി വഴിയുള്ളത്. അതുപോലും പൂർണ്ണമായി കൊടുത്തുതീർക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ലെന്നത് വളരെ പ്രതിഷേധാർഹമായ കാര്യമാണ്. 2010-ൽ ആരംഭിച്ച ഈ പദ്ധതിയിലേയ്ക്ക് പുതിയ അപേക്ഷകരെ ചേർക്കുന്നില്ല. അനാഥരായ കുട്ടികൾക്ക് പഠനസഹായം നൽകുന്നതിനായി യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കൊണ്ടുവന്ന 'സ്നേഹപൂർവ്വം പദ്ധതി' ഇന്ന് എവിടെയാണ് എത്തിനിൽക്കുന്നത്? കോക്ലിയർ ഇംപ്ലാന്റേഷനിലൂടെ 650 കുട്ടികളെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവന്നുവെങ്കിലും ഇന്ന് അവരുടെ അവസ്ഥയെന്താണ്? ഇതിൽ പലരും ഇംപ്ലാന്റിന്റെ മെയിന്റനൻസ് നടത്താൻ സാധിക്കാത്ത നിർധനരായ ആളുകളാണ്. ഇത്തരത്തിലുള്ള ആളുകളുടെ കാര്യം പരിഗണിക്കാൻ സാധിക്കാത്ത നിങ്ങൾ മറ്റെന്തിനെക്കുറിച്ച് പ്രസംഗിച്ചിട്ടും യാതൊരു അർത്ഥവുമില്ല. ഈ ഗവൺമെന്റ് പരിപൂർണമായും ആ മേഖലയിൽ പരാജയപ്പെട്ടിരിക്കുന്നുവെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. വ്യവസായ മേഖലയിൽ എല്ലാം വളരെ

ശ്രുഭമാണെന്ന് പറഞ്ഞപ്പോൾ, പരമ്പരാഗത മേഖലയിൽ കശുവണ്ടി തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് ശ്രീ. വി. ശശി ഇവിടെ സൂചിപ്പിച്ചു. കൂലി സംബന്ധിച്ച ഒരു വിഷയത്തെക്കുറിച്ചാണ് അദ്ദേഹം സംസാരിച്ചത്. കയർഫെഡിൽനിന്ന് ഉയർന്ന തോതിൽ ചകിരി വാങ്ങുന്നതടക്കമുള്ള എത്രയോ പ്രശ്നങ്ങളാണ് കയർ മേഖലയിൽ നിലനിൽക്കുന്നത്. കശുവണ്ടി മേഖലയിൽ 776-ഓളം ഫാക്ടറികൾ ഇപ്പോഴും അടഞ്ഞുകിടക്കുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. പരമ്പരാഗത മേഖല പൂർണ്ണമായും സ്തംഭനാവസ്ഥയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് കൊണ്ടുവന്ന 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ യാതൊരു അവധാനതയുമില്ലാതെ കൊണ്ടുവന്നതാണ്. ഇതിന്റെ അഞ്ചുംആറും വകുപ്പുകൾ, ജനങ്ങളുടെ ജീവനുതന്നെ ഭീഷണിയാകുന്ന തരത്തിലുള്ള വ്യവസായ സ്ഥാപനങ്ങൾ വിവിധ ജനവാസ മേഖലകളിൽ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതാണ്. റെഡ് കാറ്റഗറി ഒഴികെ വേറെ ഏത് സ്ഥാപനവും ആരംഭിക്കുന്നതിന് യാതൊരു പരിശോധനയുമില്ല.

മൂന്ന് വർഷത്തേയ്ക്ക് യഥേഷ്ടം പ്രവർത്തിക്കാം. ഇതിനുള്ള ഉത്തമ ഉദാഹരണമാണ് ടാർ മിക്സിംഗ് പ്ലാന്റ്. ഇതുപോലുള്ള എത്രയോ പ്ലാന്റുകൾ ഇന്ന് നമ്മുടെ ഗ്രാമീണ മേഖലകളിൽ വരുന്നു. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കോടിക്കണക്കിന് രൂപ നിക്ഷേപിച്ച് സംരംഭകർ വരുമ്പോൾ ഈ സംരംഭംമൂലം ജനജീവിതം ദുസ്സഹമാകുകയും സ്വാഭാവികമായും അവിടെ വലിയ പ്രതിഷേധം ഉയരുകയും ചെയ്യുന്നു. ഒരു ഭാഗത്ത് സംരംഭകർ അവതാളത്തിലാകുകയും മറുഭാഗത്ത് ജനജീവിതം ആശങ്കയിലുമാകുമ്പോൾ സമരമുണ്ടാകുകയുമാണ്. ജനജീവിതം ദുസ്സഹമായി വരുന്ന സാഹചര്യത്തിൽ അക്കാര്യം പരിശോധിക്കുന്നതിനുതകുന്ന രീതിയിലുള്ള ഭേദഗതികൾ ഈ ബില്ലിൽ കൊണ്ടുവരണം. അതിൽ യാതൊരു മടിയും വിചാരിക്കേണ്ടതില്ല. ഇത്തരം കാര്യങ്ങളിൽ സർക്കാർ കൂടുതൽ ശ്രദ്ധയോടെ ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലേയ്ക്കുപോകുന്ന കാര്യം ഇവിടെ പ്രതിപാദിക്കുകയുണ്ടായി; ഏകദേശം 26 സ്ഥാപനങ്ങൾ നഷ്ടത്തിലാണെന്നുള്ളത് യാഥാർത്ഥ്യമാണ്. പൊതുമേഖലാ

സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പളം ഉറപ്പുവരുത്തുന്നതിന് 2022-ൽ ഉത്തരവ് ഇറക്കിയതായി നിങ്ങളുടെ പ്രോഗ്രസ്സ് റിപ്പോർട്ടിൽ കണ്ടു. എന്നാൽ എത്രയോ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പളംപോലും ലഭിക്കുന്നില്ല. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് ഞാനും ശ്രീ. ചാണ്ടി ഉമ്മനും എറണാകുളം ഇരുമ്പനത്തെ ട്രാക്കോ കേബിൾ കമ്പനി നിർത്തലാക്കുന്നതിനെക്കുറിച്ച് ചോദിച്ചപ്പോൾ അങ്ങ് വളരെയധികം വളച്ചൊടിച്ച ഒരു മറുപടിയാണ് നൽകിയത്. ഇരുമ്പനത്തെ ട്രാക്കോ കേബിൾ കമ്പനി തുടർന്നുകൊണ്ടുപോകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ഇല്ലയോ എന്ന കാര്യമാണ് ഞാൻ ചോദിക്കുന്നത്. അവിടെ ആവശ്യമായ അസംസ്കൃത വസ്തുക്കളും യന്ത്രങ്ങളും കൊണ്ടുവന്ന് ഉൽപ്പാദനം നടത്താനുള്ള സാഹചര്യമുണ്ടെന്ന കാര്യം അങ്ങേയ്ക്കും അറിയാമല്ലോ; അങ്ങയുടെ ജില്ലയുംകൂടി ആണല്ലോ. ആ സ്ഥാപനത്തെ തിരുവല്ലയിലോ മറ്റേതെങ്കിലും യൂണിറ്റിലേക്കോ ചേർത്തുകൊണ്ട് ഇരുമ്പനത്തെ യൂണിറ്റ് ഇല്ലാതാക്കാനുള്ള നടപടിയുമായി ഒരു കാരണവശാലും മുന്നോട്ടുപോകാൻ പാടില്ല.

ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിനെക്കുറിച്ചും പ്രോഗ്രസ്സ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. അത് വായിച്ചപ്പോൾ എനിക്ക് വളരെ വിഷമമാണ് തോന്നിയത്. അവിടെ 20 ഏക്കർ സ്ഥലം അക്വാപാർക്കിനായി മാറ്റാൻ പോകുന്നുവെന്നാണ് പ്രതിപാദിച്ചിരിക്കുന്നത്. ഇലക്ട്രോണിക്സ് പാർക്ക് ആമ്പല്ലൂരിൽ കൊണ്ടുവരുമെന്നും ഈ മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുമെന്നും നിങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞിരുന്നതാണ്. എന്നാൽ 21.5 ഏക്കർ ഭൂമി ഏറ്റെടുത്തിരിക്കുന്നത് അക്വാപാർക്കിനാണെന്നാണ് ഇപ്പോൾ അറിയാനിടയായത്. നിങ്ങളെല്ലാവരും ധാരാളം വിദേശയാത്ര നടത്തുന്ന വ്യക്തികളാണല്ലോ; ഓരോ സ്ഥലത്തും ഇക്കോ ഫ്രണ്ട്‌ലിയായുള്ള പദ്ധതികൾ വികസിപ്പിക്കാൻ സാധിക്കുമെന്നതിന് ധാരാളം വിദേശ രാജ്യങ്ങൾ ഉദാഹരണമായുണ്ട്. എത്രയോ വിദേശയാത്രകൾ മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തുന്നുണ്ട്. വ്യവസായ സ്ഥാപനങ്ങളുള്ള പ്രദേശങ്ങൾ വെള്ളക്കെട്ടുള്ള ഏരിയയാണെങ്കിൽ അവിടത്തെ നീർച്ചാലുകളെ സ്വാഭാവികമായി നിലനിർത്തിക്കൊണ്ടും പുരോഗമനപരമായ ആശയങ്ങൾകൊണ്ടും നിങ്ങളുടെ

മാനിഫെസ്റ്റോയിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ കൊണ്ടുവരാൻ സാധിക്കും. അക്വാപാർക്ക് എന്നതിന്റെ ആശയം എന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കും. എന്തായാലും, അവിടെ നിർദിഷ്ടമായ ആശയംതന്നെ കൊണ്ടുവരാൻ സർക്കാർ തയ്യാറാകണമെന്നാണ് ഈ വിഷയം സംബന്ധിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് അനുവദിച്ച സഹായത്തിന് സംരംഭകർ കാത്തിരിക്കാൻ തുടങ്ങിയിട്ട് ഏതാണ്ട് 8 മാസമായി. 14 ജില്ലകളിലായി 60 കോടി രൂപയാണ് ഇനിയും ലഭിക്കാനുള്ളത്. സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന എന്നുള്ള അവകാശവാദങ്ങൾ ഉന്നയിക്കുമ്പോൾ ഇതൊക്കെയാണ് യഥാർത്ഥ ചിത്രം എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. നമ്മുടെ പരമ്പരാഗത വ്യവസായങ്ങളിലടക്കം ഇന്ന് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് അടിയന്തരമായി ഇടപെടണം. സാമൂഹ്യ സുരക്ഷാ മേഖലയിൽ കൃത്യമായി പെൻഷൻ നൽകി പാവപ്പെട്ടവരെ സംരക്ഷിക്കുന്ന നടപടികളിൽ പരിപൂർണ്ണമായി പരാജയപ്പെട്ടിരിക്കുന്ന ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, വ്യവസായ വകുപ്പിന്റെയും സാമൂഹ്യക്ഷേമ വകുപ്പിന്റെയും ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഈ സംസ്ഥാനത്തെ ഒരു വിജ്ഞാന സമ്പദ്ഘടനയിലധിഷ്ഠിതമായ സമൂഹമായി മാറ്റിയെടുക്കുന്നതിനുള്ള നിരന്തരമായ പ്രവർത്തനത്തിന്റെ ഭാഗമായി വ്യവസായ മേഖലയേയും തൊഴിലാളികളേയും സംരക്ഷിക്കുന്നതിനും അതിലൂടെ നമ്മുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും സഹായകരമായ രീതിയിലുള്ള പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളത്. ആധുനിക ഇലക്ട്രോണിക് വ്യവസായങ്ങൾ മാത്രമല്ല കേരളത്തിന്റെ പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി എന്നിവയെയും അതുമായി ബന്ധപ്പെട്ട എല്ലാ മേഖലയെയും പ്രതിപാദിച്ചുകൊണ്ട് അതിനെ പുനരുദ്ധരിക്കാനും പുനഃക്രമീകരിക്കാനും സംരക്ഷിക്കാനും സഹായകരമായ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. സാമൂഹ്യസുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നമ്മുടെ രാജ്യത്തിനുതന്നെ മാതൃകയായ പ്രവർത്തനങ്ങൾ നടത്തിയതിനുള്ള

അംഗീകാരവും ബഹുമതിയും നേടിക്കൊണ്ടാണ് നമ്മുടെ സംസ്ഥാനം മുന്നോട്ടുപോകുന്നത്. അതിൽ ഭിന്നശേഷിക്കാർ, യുവാക്കൾ, വിദ്യാർത്ഥികൾ, കുട്ടികൾ, വൃദ്ധർ, സ്ത്രീകൾ എന്നിവരെല്ലാമുണ്ട്. ഇവരെയെല്ലാം മുന്നിൽ കണ്ടുകൊണ്ട് ഇന്നത്തെ അവസ്ഥയിൽനിന്നും കുറേക്കൂടി മുന്നോട്ടുപോകാൻ സഹായകരമാകുന്ന ധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. ഇക്കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ അതിന്റെ മെറിറ്റിലേയ്ക്ക് പോകാതെ ഇതിനെ എതിർക്കുന്നുവെന്ന ഒറ്റ വാചകമാണ് പ്രതിപക്ഷം പറയുന്നത്. അത് പറഞ്ഞില്ലെങ്കിൽ അവർ പ്രതിപക്ഷം ആകില്ലല്ലോ; അത്തരത്തിലുള്ള നിലപാടുകൾ സ്വീകരിക്കുന്നവർ വസ്തുതാപരമായി വിലയിരുത്തിക്കൊണ്ട് കാര്യങ്ങൾ പറയേണ്ടതാണ്. ഇപ്പോൾ നടന്ന പാർലമെന്റ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചാണ് പ്രതിപക്ഷാംഗങ്ങളെല്ലാം ഇവിടെ സംസാരിക്കുന്നത്. 2019-ൽ പാർലമെന്റ് തിരഞ്ഞെടുപ്പും 2021-ൽ അസംബ്ലി തിരഞ്ഞെടുപ്പും നടന്നിരുന്നു. നിങ്ങൾ അന്ന് അസംബ്ലി തിരഞ്ഞെടുപ്പിൽ ദയനീയമായി പരാജയപ്പെടാൻ കാരണം നിങ്ങളുടെ ധൂർത്തും ധിക്കാരവും പെരുമാറ്റവുംകൊണ്ടായിരുന്നോ?

അക്കാരണങ്ങൾകൊണ്ടാണ് എൽ.ഡി.എഫ്. ഇപ്പോൾ തോറ്റതെന്ന് സമർഥിക്കാനാണല്ലോ നിങ്ങൾ ശ്രമിക്കുന്നത്. നിങ്ങളുടെ അന്നത്തെ പരാജയത്തിന്റെ കാരണം അതാണെന്ന് നിങ്ങൾ അംഗീകരിച്ചതുകൊണ്ടാണോ ഇക്കാര്യങ്ങൾ ഇപ്പോൾ പറയുന്നത്? തിരഞ്ഞെടുപ്പിന്റെ കണക്കുകളും വോട്ടുകളും സീറ്റുകളുടെ കണക്കുകളുമൊക്കെ പറയുമ്പോൾ നമുക്കും കണക്ക് പറയാൻ സാധിക്കും. 2019-ലെ തിരഞ്ഞെടുപ്പിലും 20 സീറ്റിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഒരു സീറ്റ് മാത്രമാണ് ലഭിച്ചത്. യു.ഡി.എഫ്.-ന് അപ്പോൾ 19 സീറ്റ് കിട്ടിയിരുന്നു. എന്നാൽ തിരഞ്ഞെടുപ്പിലെ സീറ്റിന്റെ എണ്ണം പറയുന്ന നിങ്ങൾക്ക് തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ 18 സീറ്റ് മാത്രമാണ് ലഭിച്ചത്. ഒരു സീറ്റ് നിങ്ങൾ ബി.ജെ.പി.-ക്ക് കൊടുത്തു. അക്കാര്യം ഞങ്ങളല്ല പറഞ്ഞത്; അവിടത്തെ വോട്ടിന്റെ കണക്കുവച്ചുകൊണ്ട് പറഞ്ഞതാണ്. ഇടതുപക്ഷമാണ് ജയിച്ചിരുന്നതെങ്കിൽ ഇത്ര സങ്കടമുണ്ടാകില്ലായിരുന്നുവെന്നാണ് ബഹുമാന്യനായ ശ്രീ. കെ. മുരളീധരൻ പറഞ്ഞത്. ഒരിക്കലും ഇടതുപക്ഷം ജയിച്ചുകൂടായെന്നതിന്റെ അടിസ്ഥാനത്തിൽ എൺപത്താറായിരത്തിൽപ്പരം

വരുന്ന വോട്ട് താമരയ്ക്ക് കൊടുത്ത് ഈ കേരളത്തിൽനിന്ന് താമര ചിഹ്നത്തിൽ ഒരു പാർലമെന്റ് മെമ്പറെ അങ്ങോട്ട് അയച്ചതിന്റെ ക്രെഡിറ്റ് യു.ഡി.എഫ്. ഏറ്റെടുക്കണമെന്ന് അർത്ഥം. 11 സീറ്റിൽ ബി.ജെ.പി. ഒന്നാം സ്ഥാനത്താണെന്നാണ് പറയുന്നത്; ഇതിന് ഉത്തരവാദി ആരാണ്? ഞങ്ങളുടെ വോട്ട് കുറച്ച് പോയിട്ടുണ്ടാവാം. ഈ 11 സീറ്റിൽ ഒന്നാം സ്ഥാനത്താണെന്ന് പറയുന്നതിൽ ആവേശം കൊള്ളുകയാണെങ്കിൽ 9 സീറ്റിൽ ബി.ജെ.പി.-ക്ക് കെട്ടിവച്ച കാശ് പോയി എന്നുകൂടി നിങ്ങൾ പറയണം. ഇന്ത്യയിൽ ബി.ജെ.പി.-യും കോൺഗ്രസ്സും തമ്മിൽ മത്സരിച്ച പല പ്രദേശങ്ങളിലും ബി.ജെ.പി.-ക്ക് കെട്ടിവച്ച കാശ് പോയില്ല. കേരളത്തിൽ മാത്രമാണ് കെട്ടിവച്ച കാശ് പോയത്. ഒരു സീറ്റ് അവർ ജയിച്ചതിൽ നമ്മളൊക്കെ തുല്യ പങ്കാളികളാണെന്ന് പറയുമ്പോൾത്തന്നെ കുറഞ്ഞ പങ്കാളിത്തത്തിൽ ഞങ്ങളുടെ വോട്ടും പോയിട്ടുണ്ട്. ഭൂരിപക്ഷം വോട്ട് നിങ്ങളുടേതാണ് പോയത്. 1977-ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഒരു സീറ്റും ഞങ്ങൾക്ക് കിട്ടിയിട്ടില്ല. അഖിലേന്ത്യാ അടിസ്ഥാനത്തിൽ കോൺഗ്രസ്സ് കടപുഴകി, ഇന്ദിരാഗാന്ധിയുൾപ്പെടെ പരാജയപ്പെട്ടു. ആ

തിരഞ്ഞെടുപ്പിലും കേരളത്തിൽ തിരിച്ചാണുണ്ടായത്. ആ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് 17 സീറ്റ് മാത്രമാണ് ലഭിച്ചത്. 2019-ൽ നടന്ന തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിലയിരുത്തൽ നടത്തുമ്പോൾ അസംബ്ലി അടിസ്ഥാനത്തിൽ ഞങ്ങൾക്കുണ്ടായിരുന്ന 16 സീറ്റിലാണ് ചെറിയ ഭൂരിപക്ഷമുണ്ടായത്. ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ യു.ഡി.എഫ്.-ന് 2011-ൽ എത്ര അസംബ്ലി സീറ്റിന്റെ ഭൂരിപക്ഷമാണുണ്ടായിരുന്നത്; അതിന്റെ അടിസ്ഥാനത്തിൽ യു.ഡി.എഫ്.-ന് അവരുടെ നില മെച്ചപ്പെടുത്താൻ സാധിച്ചോ? യു.ഡി.എഫ്.-ന് ഉണ്ടായിരുന്ന സീറ്റിന്റെ അടിസ്ഥാനത്തിൽ യു.ഡി.എഫ്.-ന് സീറ്റ് കുറഞ്ഞിട്ടുണ്ട്. ഞങ്ങൾക്ക് 16 സീറ്റ് ഉണ്ടായിരുന്നത് 18 ആയിട്ടുണ്ട്, 18 പോരാ. പക്ഷേ കണക്കുകളും സീറ്റിന്റെ എണ്ണവും ധിക്കാരത്തിന്റെയും ധൂർത്തിന്റെയുമൊക്കെ പേരും പറഞ്ഞ് ജനങ്ങളൊക്കെ കൈയൊഴിഞ്ഞുവെന്നാണോ? ഞങ്ങൾ ജനങ്ങൾക്കുവേണ്ടി, മനുഷ്യർക്കുവേണ്ടിയാണ് സംസാരിക്കുന്നത്. ഇവിടെ യു.ഡി.എഫ്.-ലെ പലരും സംസാരിച്ചല്ലോ; ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഓരോ സമുദായത്തിന്റെയും

ജാതിയുടെയും മതത്തിന്റെയും പേരിൽ ഇവരൊക്കെത്തന്നെ ജനങ്ങളെ അസ്വസ്ഥരാക്കുകയാണ്. അതുമായി ബന്ധപ്പെട്ട തിരിച്ചടിയാണ് നിങ്ങൾക്കുണ്ടായത്. എത്ര തിരിച്ചടിയുണ്ടായാലും ഞങ്ങൾ മനുഷ്യർക്കുവേണ്ടിയേ സംസാരിക്കുകയുള്ളൂ. ആ മനുഷ്യർക്കുവേണ്ടിയുള്ള പോരാട്ടവുമായി ഞങ്ങൾ മുന്നോട്ടുപോകും. ജാതിയുടെയും മതത്തിന്റെയും സമുദായത്തിന്റെയും പേരിൽ ഞങ്ങൾ നിൽക്കില്ല. മനുഷ്യർക്കുവേണ്ടി സംസാരിക്കാനുള്ള ആളുകൾ ഇവിടെയുണ്ടാകണമെന്ന് അർത്ഥം. അതില്ലാതെപോകുന്നുവെന്ന ദുഃഖകരമായ കാര്യമാണ് പറയാനുള്ളത്.

ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്തുണ്ടായ വിപ്ലവകരമായ മാറ്റത്തെക്കുറിച്ച് ശ്രീ. യു. എ. ലത്തീഫ് പറഞ്ഞു. ഒന്നുമുണ്ടായില്ലെന്ന് പറയുന്നില്ല, മാറ്റങ്ങളൊക്കെ ഉണ്ടായിട്ടുണ്ട്. ഡിജിറ്റൽ ഡിവൈഡും ഡിജിറ്റൽ വിപ്ലവവും നടന്നത് അക്കാലത്താണ്. 24-02-2016-ൽ, ആ ഗവൺമെന്റിന്റെ അവസാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും നടപ്പാക്കാൻ കഴിയാതെ പോയതുമായ പദ്ധതികളെ സംബന്ധിച്ച് ശ്രീ. കെ.കെ. ജയചന്ദ്രൻ ചോദിച്ച ചോദ്യത്തിന് അദ്ദേഹം മറുപടി പറഞ്ഞിട്ടുണ്ട്. ഇവിടെ ഞാൻ എണ്ണം

പറയുന്നില്ല. ഡിജിറ്റൽ വിപ്ലവം നടന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളും സ്കൂളുകളെയും വ്യവസായത്തെയും കലയെയും സംബന്ധിച്ച കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. ഇതൊക്കെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചെങ്കിലും അഞ്ച് വർഷത്തിനുള്ളിൽ നടപ്പാക്കാൻ കഴിയാത്ത ഇരുന്നൂറോളം വരുന്ന നിർദേശങ്ങളാണ് അദ്ദേഹം പറഞ്ഞ മറുപടിയിലുള്ളത്. ഞാൻ അതിന്റെ വിശദാംശത്തിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ കുടിശ്ശിക വരുത്തിയിരിക്കുന്നു, ബില്ല് കൊടുക്കുന്നില്ല എന്നൊക്കെ പരാമർശിച്ചല്ലോ; കേന്ദ്രവും കേരളവും ഒരുമിച്ച് ഭരിച്ചവരല്ലേ നിങ്ങൾ? അന്ന് കരാറുകാർക്ക് ബാക്കി എത്ര രൂപ കൊടുക്കാനുണ്ടായിരുന്നു; കേന്ദ്രത്തിന്റെ ഫണ്ടിന്റെ എന്തെങ്കിലും ലിമിറ്റേഷൻ വന്നോ? ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാട് നമ്മൾ ചർച്ച ചെയ്യുകയല്ലേ? കേരളത്തിന് അർഹതപ്പെട്ട പദ്ധതി വിഹിതമോ ഗ്രാന്റോ മറ്റ് സംവിധാനങ്ങളോ ജി.എസ്.ടി.-യിലെ നഷ്ടപരിഹാരമോ ഒന്നും തരാതെ സാമ്പത്തികമായി ശ്വാസംമുട്ടിച്ചതിന്റെ ഭാഗമായി ചില കുടിശ്ശികകൾ വന്നിട്ടുണ്ട്. ആ കുടിശ്ശികകൾ കൊടുത്തുതീർക്കും. അതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ട്. കേന്ദ്രവും കേരളവും ഒരുകൂട്ടർ ഭരിച്ചിരുന്ന കാലത്ത്

കരാറുകാർക്ക് ബില്ലുകളും കുടിശ്ശികകളും കൊടുക്കാനുണ്ടായിരുന്നില്ലേ; ശമ്പളക്കാർക്ക് കുടിശ്ശിക കൊടുക്കാനുണ്ടായിരുന്നില്ലേ; അക്കാലത്ത് ശമ്പള പരിഷ്കരണം നടപ്പാക്കാൻ നിങ്ങൾക്ക് സാധിച്ചോ? ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും കുടിശ്ശിക സംബന്ധിച്ചും ശമ്പളപരിഷ്കരണത്തെ സംബന്ധിച്ചുമൊക്കെ ഇപ്പോൾ കേഴുന്ന ആളുകൾ, അവരുടെ ഭരണകാലത്ത് നടപ്പാക്കേണ്ട ശമ്പള പരിഷ്കരണംപോലും നടപ്പാക്കിയിട്ടില്ല. എന്നിട്ടാണ് ഇപ്പോൾ ജീവനക്കാരുടെ ഡി.എ. കുടിശ്ശികയാണ്, പെൻഷൻകാർക്ക് കുടിശ്ശിക ബാക്കിയുണ്ട് എന്നൊക്കെ പറയുന്നത്. കുടിശ്ശിക ബാക്കിയുണ്ട്; പക്ഷേ, ഇപ്പോഴും ഇവിടുന്ന് ജയിച്ചുപോയ 18 പേരുണ്ടല്ലോ? ഈ കുടിശ്ശികയുൾപ്പെടെ നമുക്ക് തരുന്നതിനും നേടിയെടുക്കുന്നതിനും വേണ്ടിയുള്ള പരിശ്രമവുമായി ബന്ധപ്പെട്ട് യോജിച്ചുപോകാമെന്നല്ലേ പറയേണ്ടത്? കോൺഗ്രസ്സുമായി നേരിട്ട് മത്സരിക്കുന്ന സ്ഥലത്തും ബി.ജെ.പി.യുമായി മുഖാമുഖം മത്സരിക്കുന്ന മണ്ഡലങ്ങളിലും സംസ്ഥാനങ്ങളിലും എന്താണ് കോൺഗ്രസ്സിന്റെ സ്ഥിതി? അക്കാര്യങ്ങളെല്ലാം വിസ്മരിച്ചുകൊണ്ട് ഇവിടെ വന്ന് പാർലമെന്റ്

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിച്ചും അസംബ്ലി തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട റിസൾട്ടിനെ താരതമ്യം ചെയ്തും ഇടതുപക്ഷ ജനാധിപത്യ മുന്നണി ആകെ തകർന്നുതരിപ്പണമായിരിക്കുന്നതിന് കാരണം മുഖ്യമന്ത്രിയുടെ നിലപാടും ധാർഷ്ട്യവും ധിക്കാരവുമാണെന്ന് പറഞ്ഞ് വസ്തുതകളെ വസ്തുതകളല്ലാതാക്കിത്തീർക്കാനുള്ള നിലപാട് സ്വീകരിക്കരുത്. ശ്രീ. എ. കെ. ആന്റണിയുടെ കാര്യവും സി.പി.ഐ.(എം.)-ന്റെ തകർച്ചയെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചല്ലോ? മഹാനായ ലെനിന്റെ ചില വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ശ്രീ. യു. എ. ലത്തീഫ് ഇവിടെ സംസാരിച്ചല്ലോ? ഈ കേരളത്തിൽ 100 കൊല്ലത്തേയ്ക്ക് ഇടതുപക്ഷക്കാർ അധികാരത്തിൽ വരില്ലെന്ന് ശ്രീ. എ. കെ. ആന്റണിയും അതുപോലെ മലയാള മനോരമയും ഉൾപ്പെടെ പ്രഖ്യാപിച്ചില്ലേ; എന്നാണ് പ്രഖ്യാപിച്ചത്? എന്നാൽ അതിനുശേഷം മൂന്ന് തവണ കേരളത്തിൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നിട്ടുണ്ട്. അങ്ങനെ അധികാരത്തിൽ വന്നത് ജനങ്ങളുടെ വോട്ട് കൊണ്ടുതന്നെയാണ്. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതികളിൽ പരിശോധിക്കേണ്ടത് പരിശോധിക്കുകയും തിരുത്തേണ്ടത് തിരുത്തുകയും

സ്വയം വിമർശനം നടത്തുകയും ചെയ്യും. പക്ഷേ അതൊന്നും നടത്താത്ത, ഒരു ലക്ഷം വോട്ട് നൽകി കേരളത്തിൽനിന്ന് ഒരു ബി.ജെ.പി.-യുടെ പ്രതിനിധിയെ കേന്ദ്രത്തിലേയ്ക്ക് അയച്ച ആളുകൾ ഇടതുപക്ഷത്തെയും കമ്മ്യൂണിസ്റ്റുകാരെയും ആക്ഷേപിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല എന്നുകൂടി ഇവിടെ സൂചിപ്പിക്കുന്നു.

വ്യവസായവുമായി ബന്ധപ്പെട്ട്, ചന്ദ്രയാൻ-3, ആദിത്യ-1 ഉൾപ്പെടെയുള്ളവയ്ക്ക് യന്ത്രോപകരണങ്ങൾ നിർമ്മിക്കുന്ന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളായ SIFL (Steel and Industrial Forgings Ltd)-നെയും കാർഷിക മേഖലയ്ക്കായി ഉൽപ്പാദനം നടത്തുന്ന ദി മെറ്റൽ ഇൻഡസ്ട്രീസിനെയും ഈ കാലഘട്ടത്തിനനുസരിച്ച് അപ്ഡേറ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾകൂടി വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് വ്യവസായ വകുപ്പും സാമൂഹ്യസുരക്ഷാ വകുപ്പും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ആന്റണി ജോൺ:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. കേരളം വ്യവസായത്തിന് പറ്റിയ നാടല്ലെന്ന നിലയിലുള്ള ചില തെറ്റായ കാഴ്ചപ്പാടുകളുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ എട്ടുവർഷക്കാലത്തെ രണ്ട് ഗവൺമെന്റുകളുടെയും കൃത്യമായ ഇടപെടലിലൂടെ രാജ്യത്ത് കൂടുതൽ വ്യവസായ സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ സാധിച്ചിട്ടുണ്ട്. ഇക്കാലയളവിൽ വ്യവസായികളെയും സംരംഭകരെയുമൊക്കെ പൂർണ്ണമായി വിശ്വാസത്തിലെടുത്താണ് സർക്കാർ ഓരോ സമീപനവും സ്വീകരിച്ചിട്ടുള്ളത്. അവർക്ക് സർക്കാർ നിയമപരവും സാമ്പത്തികവും സാങ്കേതികവുമായ പൂർണ്ണ പിന്തുണ നൽകിക്കൊണ്ടാണ് ഈ മുന്നേറ്റങ്ങളെല്ലാം സൃഷ്ടിച്ചെടുത്തിട്ടുള്ളത്. വ്യവസായ വകുപ്പുമന്ത്രി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നടത്തിയ ഇടപെടൽ പരിശോധിക്കുമ്പോൾ അദ്ദേഹം മന്ത്രിയായതിനുശേഷം ഓരോ ജില്ലയിലെയും വ്യവസായികളെയും സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന ആളുകളെയും ആ രംഗത്ത് നിൽക്കുന്ന മറ്റ് വ്യക്തികളെയും ഉദ്യോഗസ്ഥരെയുമടക്കം പങ്കെടുപ്പിച്ചുകൊണ്ട് 'Meet the Minister' എന്ന

പരിപാടി സംഘടിപ്പിക്കുകയുണ്ടായി. വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിച്ച് കടന്നുവരുന്നവരുമായി സംവദിക്കാനും ഈ രംഗത്ത് കാലാനുസൃതമായി വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് ചർച്ചകൾ നടത്താനുമെല്ലാം ആ പരിപാടിയിലൂടെ സാധിച്ചു. അതിന്റെ തുടർച്ചയായിട്ടാണ് ഏഴ് നിയമങ്ങളും 10 ചട്ടങ്ങളും ഭേദഗതി ചെയ്തുകൊണ്ട് 'The Kerala Investment Promotion and Facilitation Act' നടപ്പിലാക്കിയത്. അത് വലിയൊരു മാറ്റമായിരുന്നു. നേരത്തെ സംസാരിച്ച മഞ്ചേശ്വരം മണ്ഡലത്തിലെ പ്രിയപ്പെട്ട അംഗം ഉൾപ്പെടെയുള്ള പല ആളുകളും കേരളത്തിൽ ഇപ്പോൾ വന്നിട്ടുള്ള മാറ്റങ്ങളൊന്നും കാണാതെയാണ് നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ മുമ്പിൽ ചില അനുഭവങ്ങളുണ്ട്. ഞങ്ങളുടെ ജില്ലയിൽനിന്നുള്ള പ്രമുഖ വ്യവസായി, അദ്ദേഹത്തിന്റെ പേര് ഞാൻ പറയുന്നില്ല, അദ്ദേഹം, കേരളം വ്യവസായത്തിന് പറ്റിയ നാടല്ലെന്ന് പറഞ്ഞുകൊണ്ടാണ് ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തേയ്ക്ക് പോയത്. അദ്ദേഹത്തിന് പിന്നീടുണ്ടായ ഒരു അനുഭവം എന്താണ്? ഇലക്ടറൽ ബോണ്ട് നൽകാതെ ഇന്ന് വ്യവസായം

നടത്താൻ കഴിയുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണെന്നുള്ളത് നമുക്കെല്ലാം അഭിമാനത്തോടെ പറയാൻ കഴിയും. ഇവിടെ സംരംഭം തുടങ്ങാൻ ആഗ്രഹിച്ചുവരുന്ന ആളുകൾക്ക് ഓൺലൈനായി അപേക്ഷ കൊടുക്കാൻ കഴിയുന്ന സുതാര്യമായ ക്രമീകരണങ്ങളാണ് വ്യവസായ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്. സംരംഭകരെ വിശ്വാസത്തിൽ എടുത്തുകൊണ്ട് നടത്തിയിട്ടുള്ള ഇടപെടലുകളാണ് ഇത്തരത്തിലുള്ള വലിയ മാറ്റങ്ങളിലേയ്ക്ക് നമ്മെ എത്തിച്ചത്. ഇവിടെ ബഹുമാന്യനായ ചീഫ് വിപ്പ്, യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ഇന്നത്തെ കാലഘട്ടത്തിനനുസരിച്ച് ഈ രംഗത്ത് കൂടുതൽ മുന്നേറണമെങ്കിൽ ഏതെല്ലാം കാര്യങ്ങളിൽ നമ്മൾ ഭേദഗതി വരുത്തണം അല്ലെങ്കിൽ ഇടപെടണമെന്നുള്ളതിന്റെ കൃത്യമായ ഉദാഹരണം ഉൾപ്പെടെയാണ് വ്യക്തമാക്കിയിട്ടുള്ളത്. വ്യവസായ വകുപ്പ് നേട്ടങ്ങളുടെയും ഉയർച്ചയുടെയും കാലത്തുകൂടിയാണ് കടന്നുപോകുന്നത്. കേരളത്തിലേയ്ക്ക് വലിയ കമ്പനികൾ കടന്നുവരികയാണ്. വ്യവസായവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പദ്ധതികൾക്ക് ചരിത്രത്തിലാദ്യമായിട്ടാണ് ദേശീയതലത്തിൽ ഇപ്പോൾ അംഗീകാരം ലഭിച്ചുകൊണ്ടിരിക്കുന്നത്. വ്യവസായ സൗഹൃദ

റാങ്കിംഗിൽ കുതിച്ചുചാട്ടമുണ്ടായത് നമുക്കാർക്കും വിസ്മരിക്കാൻ കഴിയില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽത്തന്നെ മുന്നോട്ടുപോകുകയാണ്. കേരളത്തിന്റെ വ്യവസായ മേഖല കൂടുതൽ ഉണർവോടുകൂടി മുന്നോട്ടുപോകുന്നുവെന്ന് പറയുന്നത് കൃത്യമായ കണക്കുകൾ വച്ചുതന്നെയാണ്. ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം 257839-ഓളം പുതിയ സംരംഭങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഇത്രയേറെ സംരംഭങ്ങൾ ചുരുങ്ങിയ കാലയളവിനുള്ളിൽ വരികയെന്നുള്ളത് ചെറിയ കാര്യമല്ല. ഇതിന്റെ ഭാഗമായി ഏതാണ്ട് 17000-ഓളം കോടി രൂപയുടെ നിക്ഷേപവും ഏതാണ്ട് അഞ്ചേമുക്കാൽ ലക്ഷത്തോളം പുതിയ തൊഴിലവസരങ്ങളും നമ്മുടെ സംസ്ഥാനത്ത് വരികയുണ്ടായി. ഞാൻ ഇപ്പോഴും ഓർക്കുന്നു, 'സംരംഭക വർഷം' പദ്ധതിയുടെ ഭാഗമായി എറണാകുളത്ത് ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ സംരംഭകരുടെ സംഗമം സംഘടിപ്പിച്ചപ്പോൾ അവിടെ തടിച്ചുകൂടിയ ആയിരക്കണക്കിന് സംരംഭകരിൽ ഏതാണ്ട് 50-നും 60 ശതമാനത്തിനുമിടയിലുള്ള ആളുകൾ വനിതാ സംരംഭകരായിരുന്നു

എന്നതാണ്. ആ നിലയിൽ വലിയ പ്രോത്സാഹനമാണ് ഈ രംഗത്ത് ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ വ്യവസായ സൗഹൃദ അന്തരീക്ഷം ആ നിലയിൽ മുന്നോട്ടുപോകുമ്പോൾ മുമ്പൊന്നുമില്ലാത്ത തരത്തിൽ ചെറുതും വലുതുമായ വ്യവസായ സ്ഥാപനങ്ങൾ കൂടുതൽ കരുത്താർജ്ജിക്കുന്നുവെന്നത് ഒരു വസ്തുത തന്നെയാണ്. ഇതിനുപുറമെ ലക്ഷക്കണക്കിന് പുതിയ സംരംഭങ്ങളും പ്രവർത്തനമാരംഭിക്കുകയാണ്. അനേകായിരം കോടി രൂപയുടെ നിക്ഷേപം വന്നു. ഇതൊന്നും സ്വാഭാവികമായി സംഭവിച്ചതല്ല. കഴിഞ്ഞ ഏഴ്-എട്ട് വർഷക്കാലം ഗവൺമെന്റ് നടത്തിയ കൃത്യമായ ഇടപെടലും ദിശാബോധത്തോടെയുള്ള പ്രവർത്തനവുമാണ് ഇത്തരത്തിലുള്ള റിസൾട്ടിലേയ്ക്ക് വ്യവസായ രംഗത്തെ കൊണ്ടെത്തിച്ചത്. ഇതിന്റെ ഭാഗമായി മികച്ച വ്യവസായ അന്തരീക്ഷം രൂപപ്പെടുത്താൻ വിഘാതമായി നിന്ന ചട്ടങ്ങളെല്ലാം കാലാനുസൃതമായി ഭേദഗതി ചെയ്യുകയും നൂതനമായ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തു. ഇതിൽ പലതും മറ്റ് പല സംസ്ഥാനങ്ങളും അത്ഭുതത്തോടുകൂടി വീക്ഷിക്കുകയും അനുകരണീയ മാതൃകയാക്കാൻ

ശ്രമിക്കുകയുമാണ്. അതെല്ലാം നാം പ്രത്യേകം കാണേണ്ടതാണ്. സംരംഭക വികസനത്തിന് തടസ്സമായി ചൂണ്ടിക്കാണിക്കപ്പെട്ട ചട്ടങ്ങളെല്ലാം പ്രായോഗികമായി ഭേദഗതി ചെയ്യാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിച്ചതിലൂടെ സംസ്ഥാനത്ത് ഗുണപരമായ മാറ്റങ്ങളാണുണ്ടായിട്ടുള്ളത്. സംരംഭകർക്ക് തടസ്സമില്ലാതെ പ്രവർത്തിക്കാൻ, ഏകജാലക സംവിധാനമായ 'k-Swift' വഴി താൽക്കാലിക കെട്ടിട നമ്പർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ചട്ടം ഭേദഗതി ചെയ്യുകയുണ്ടായി. 50 കോടി രൂപ വരെ നിക്ഷേപം നടത്തി ആരംഭിക്കുന്ന സംരംഭങ്ങൾക്കാണ് ഇത്തരത്തിൽ കെട്ടിട നമ്പർ അനുവദിക്കുന്നത്. ഇതിനുവേണ്ടി 2020-ലെ 'കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ' ചട്ടത്തിൽ ഭേദഗതി വരുത്തിക്കൊണ്ടാണ് സർക്കാർ ഇടപെടൽ നടത്തിയത്. പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ 'k-Swift' മുഖേന അപേക്ഷ സമർപ്പിക്കുമ്പോൾ കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തുന്ന നമ്പർ താൽക്കാലിക കെട്ടിട നമ്പറായി പരിഗണിക്കുന്ന തരത്തിലാണ് ഈ ഭേദഗതി

കൊണ്ടുവന്നിരിക്കുന്നത്. ഇതോടെ സംസ്ഥാനത്തെ നിക്ഷേപാന്തരീക്ഷം ഒന്നുകൂടി ശക്തിപ്പെടുത്തുന്ന കാര്യത്തിൽ വളരെ കൃത്യതയോടുകൂടി മുന്നേറാൻ നമുക്ക് സാധിച്ചിട്ടുണ്ട്. 'k-Swift' മുഖേന പുതിയ സംരംഭങ്ങൾക്കാവശ്യമായ പ്രവർത്തനാനുമതി ലഭ്യമാകുന്നുണ്ടെങ്കിലും അവയ്ക്ക് വായ്പ നേടുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് കെട്ടിട നമ്പർ ആവശ്യമായിരുന്നു. അത്തരമൊരു സാഹചര്യത്തിലാണ് കൈപ്പറ്റ് സാക്ഷ്യപത്രത്തിലെ നമ്പർ താൽക്കാലിക കെട്ടിട നമ്പറായി പരിഗണിച്ചുകൊണ്ടുള്ള ചട്ട ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പും വ്യവസായ വകുപ്പും വിശദമായ ചർച്ചകൾ നടത്തുകയും അതിൻപ്രകാരം പുതിയ സംരംഭങ്ങൾ ആരംഭിച്ച് മൂന്ന് വർഷത്തിനകം സ്ഥിരമായി കെട്ടിട നമ്പർ നേടിയാൽ മതിയെന്നുള്ള തീരുമാനമെടുക്കുകയും ചെയ്തു. അതുവരെ താൽക്കാലിക കെട്ടിട നമ്പർ ഉപയോഗിച്ചുകൊണ്ട് എല്ലാ ആവശ്യങ്ങളും വിനിയോഗിക്കാൻ കഴിയുന്ന നിലയിൽ കാര്യങ്ങൾ ക്രമപ്പെടുത്തി. ഇത്തരത്തിൽ മികച്ചൊരു വ്യവസായ സൗഹൃദ അന്തരീക്ഷം രൂപപ്പെടുത്താൻ ഈ രംഗത്ത് ഏഴ് നിയമങ്ങളും 10 ചട്ടങ്ങളും ഭേദഗതി

ചെയ്തുകൊണ്ട് 'The Kerala Investment Promotion and Facilitation Act' നടപ്പിലാക്കിയത് ഒരു വലിയ മുന്നേറ്റമാണ്, അത് നമ്മൾ കാണാതിരിക്കരുത്. സമയക്കുറവുള്ളതുകൊണ്ട് മറ്റുകാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. 10 കോടി രൂപ വരെ നിക്ഷേപമുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ മുൻകൂട്ടി അനുമതിയില്ലാതെ ആരംഭിക്കാമെന്ന തരത്തിലുള്ള ചട്ടം രൂപീകരിച്ചു. അതുപോലെ എം.എസ്.എം.ഇ.-കളുടെ നിക്ഷേപ പരിധി 50 ലക്ഷമായി ഉയർത്തുകയും ചെയ്തു. സംരംഭം ആരംഭിച്ച് നിശ്ചിത കാലാവധിക്കുള്ളിൽ നടപടി പൂർത്തിയാക്കിയാൽ മതിയെന്ന വ്യവസ്ഥയോടുകൂടിതന്നെയാണ് അത്തരം ഇടപെടലുണ്ടായത്. അത് ഈ രംഗത്ത് വലിയ കുതിപ്പാണുണ്ടാക്കിയിട്ടുള്ളത്. അങ്ങനെ വളരെ കൃത്യതയോടുകൂടിയാണ് ഓരോ സമയത്തും ഗവൺമെന്റ് ഈ രംഗത്ത് ഇടപെട്ട് മുന്നോട്ടുപോകുന്നത്. കൂടുതൽ ഊർജ്ജവും വേഗതയും പകരുന്ന പദ്ധതികളുമായി വ്യവസായ വകുപ്പും സംസ്ഥാന സർക്കാരും കരുതലോടുകൂടിതന്നെയാണ് മുന്നോട്ടുപോകുന്നത്. അതിന്റെ വളരെ

വ്യക്തമായ മാറ്റം ഈ രംഗത്ത് നമുക്ക് കാണാൻ സാധിക്കുന്നുണ്ടെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, സംസ്ഥാന സർക്കാരിനെ പലവിധത്തിൽ ശ്വാസംമുട്ടിക്കുന്നതിന് മോദി സർക്കാരും കേരളത്തിലെ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും ഒരു കൂട്ടം മാധ്യമങ്ങളും നടത്തുന്ന ഗൂഢ ശ്രമങ്ങളെയെല്ലാം അതിജീവിച്ച്, കേരളത്തിന്റെ സമഗ്ര വികസനത്തിനായുള്ള പദ്ധതികളുമായി മുന്നോട്ടുപോകുന്ന, സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ വ്യവസായങ്ങൾ, സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്നീ ധനാഭ്യർത്ഥനകളെ ഞാൻ സന്തോഷപൂർവ്വം അനുകൂലിക്കുന്നു.

നമ്മുടെ രാഷ്ട്രത്തിന് അതിന്റെ ധാർമ്മിക ദിശാബോധം നഷ്ടപ്പെട്ടിരിക്കുന്നു. രാഷ്ട്രീയ പ്രതിഫലേച്ഛയ്ക്കായി ഏറ്റവും ഹീനമായ കുറ്റകൃത്യങ്ങളും വംശീയഹത്യകളും വംശീയ ശുദ്ധീകരണവും നടത്താനുള്ള ആഹ്വാനങ്ങളെ കൈയടിച്ചും ആർപ്പുവിളിച്ചും പ്രോത്സാഹിപ്പിക്കുന്നു. അതേസമയം സമ്പത്തിന്റെ കേന്ദ്രീകരണം ഏതാനും പേരിലേയ്ക്ക്

ചുരുങ്ങിവരുന്നു. "FINISH THE JOB BUT DO IT KINDLY" ("കനിവോടെ കൊല്ലുക") എന്നത് ശ്രീമതി അരുന്ധതി റോയിയുടെ പുസ്തകത്തിലെ വാചകങ്ങളാണ്. ഇന്ത്യൻ ജനതയെ ഒരു കനിവുമില്ലാതെ വേട്ടയാടുന്ന ബി.ജെ.പി. സർക്കാരിനെതിരെ യോജിച്ച പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്നുള്ളതിലേയ്ക്കാണ് ഈ വരികൾ വിരൽചൂണ്ടുന്നതെന്ന് നമുക്ക് കാണാൻ കഴിയും. ഫാസിസ്റ്റ് വിരുദ്ധ പോരാളിയായി വയനാട് മണ്ഡലത്തിൽ ശ്രീമതി പ്രിയങ്കാ ഗാന്ധി മത്സരിക്കുമെന്നാണ് ഇന്നലെ പ്രതിപക്ഷനേതാവ് സൂചിപ്പിച്ചത്. എന്നാൽ ഈ പോരാട്ടത്തിൽ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ കോൺഗ്രസ് ഏത് പക്ഷത്തായിരുന്നുവെന്ന് പരിശോധിക്കേണ്ടതായിട്ടുണ്ട്. വേട്ടക്കാരനായ മോദി സർക്കാരിന്റെ കൂടെയായിരുന്നു കോൺഗ്രസ് എന്നത് പകൽപോലെ വ്യക്തമായ കാര്യമാണ്. 'തൃശ്ശൂർ ഞാനിങ്ങ് എടുക്കുവാ' എന്നുള്ള ശ്രീ. സുരേഷ് ഗോപിയുടെ സിനിമാ സ്റ്റൈലിലുള്ള ഡയലോഗുകൾ എത്രകാലമായി സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ മുഴങ്ങി നിൽക്കുന്നു. പക്ഷെ എടുക്കാനങ്ങ് പൊങ്ങിയില്ല. പലവട്ടം പരിശ്രമിച്ചിട്ടും പൊക്കാൻ കഴിയാത്ത

തൃശ്ശൂർ പൊക്കാൻ കഴിയാതിരുന്നതിന്റെ പ്രധാനപ്പെട്ട കാരണം ഇടതുപക്ഷത്തിന്റെ കരുത്തുകൊണ്ടാണെന്നത് തർക്കമില്ലാത്ത കാര്യമാണ്. എന്നാൽ കേരളത്തിൽ ബി.ജെ.പി.-ക്ക് ഒരു മാതൃകയുണ്ട്, അത് തൃശ്ശൂർ മാതൃകയാണെന്ന് പറഞ്ഞത് കേന്ദ്ര സഹമന്ത്രിയായ ശ്രീ. ജോർജ്ജ് കുര്യനാണ്. തൃശ്ശൂർ മാതൃകയല്ല, നേമം മാതൃക തൃശ്ശൂരിൽ നടപ്പാക്കിയെന്നുള്ളത് പരിശോധിച്ചാൽ മനസ്സിലാകും. ആ നേമം അക്കൗണ്ട് ഞങ്ങളങ്ങ് പൂട്ടിക്കുമെന്ന് 2021-ൽ സഖാവ് പിണറായി വിജയൻ പറഞ്ഞു. 2021-ൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ നേമത്ത് പൂട്ടിച്ച അക്കൗണ്ട് തൃശ്ശൂരിൽ തുറന്നുകൊടുക്കുന്നതിന് സഹായകരമായ നിലപാടാണ് കോൺഗ്രസ് സ്വീകരിച്ചത്. പക്ഷെ ആ അക്കൗണ്ട് പൂട്ടിച്ചുവെങ്കിലും തൃശ്ശൂരിൽ 'നേമം മാതൃക' വിജയിക്കുന്ന കാഴ്ചയാണ് നാം കണ്ടത്. ഫാസിസ്റ്റ് വിരുദ്ധ പോരാളികളായ നേതാക്കൾതന്നെ ബി.ജെ.പി.-ക്ക് മുമ്പിൽ മുട്ടുമടക്കുന്ന കാഴ്ചയാണ് തൃശ്ശൂരിൽ കണ്ടത്. സ്റ്റണ്ട് സീനുകളിൽ വില്ലൻമാരെ പരാജയപ്പെടുത്താൻ ഡ്യൂപ്പുകളെ ഇറക്കുന്ന സമ്പ്രദായം സിനിമയിൽ നമ്മൾ കാണാറുണ്ട്. അതുപോലെ തൃശ്ശൂരിൽ സ്ഥാനാർത്ഥിയായ നടൻ നാല്

ഡ്യൂപ്പുകളെയാണ് ഇടതുപക്ഷത്തെ പരാജയപ്പെടുത്താനും അതിലൂടെ വിജയിക്കാനുംവേണ്ടി അവിടെ ഇറക്കിയത്. ആ ഡ്യൂപ്പുകൾ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിന്റെ സൽപ്പേരുതന്നെ കളങ്കപ്പെടുത്തുന്ന വിധത്തിലാണ് പ്രവർത്തനങ്ങൾ നടത്തിയതെന്ന രീതിയിലുള്ള പോസ്റ്ററുകളാണ് നിറഞ്ഞിരിക്കുന്നത്. അതിൽ ഈ സഭയിലെ മുൻ എം.എൽ.എ.-യായ ഒരാൾ വടക്കാഞ്ചേരിയിലെ ഫ്ലാറ്റ് പദ്ധതി തകർക്കാൻ സി.ബി.ഐ.-യെ കൊണ്ടുവന്നു. അയാൾ ഇപ്പോഴും ഇക്കരെ കോൺഗ്രസ്സിൽത്തന്നെയാണ്. 'ഇക്കരെയാണെന്റെ താമസം അക്കരെയാണെന്റെ മാനസം' എന്നൊരു പാട്ട് നമ്മൾ കേട്ടിട്ടുണ്ട്. അയാളുടെ താമസം ഇക്കരെയാണെങ്കിലും മനസ്സ് ഇപ്പോഴും അക്കരെയാണ്, മോദിയുടെ ബി.ജെ.പി.-യുടെ കൂടെയാണ്. ബി.ജെ.പി.-യുടെ മനസ്സാണ് ശ്രീ. അനിൽ അക്കര എന്ന മുൻ എം.എൽ.എ.യ്ക്ക് എന്നാണ് കാണാൻ കഴിയുന്നത്. മറ്റൊരു ഡ്യൂപ്പ്, ഡി.സി.സി. പ്രസിഡന്റായ ശ്രീ. ജോസ് വള്ളൂരാണ്. എന്റെ പഴയ മണ്ഡലമായ മണലൂരിലെ അന്തിക്കാട്ടുകാരനായ അദ്ദേഹം എന്റെ സുഹൃത്തുകൂടിയാണ്. ഇനി അടുത്ത ഡ്യൂപ്പ് യു.ഡി.എഫ്.-ന്റെ ചെയർമാനായ

ശ്രീ. എം. പി. വിൻസെന്റാണ്. നാലാമൻ, വളരെയധികം പ്രതാപവാനാണ്, മോശക്കാരനല്ല. കഴിഞ്ഞ തിരഞ്ഞെടുപ്പ് സമയത്ത്, ശ്രീ. കെ. മുരളീധരൻ സ്ഥാനാർത്ഥിയായി വരുന്നതിനുമുമ്പ് തൃശ്ശൂർ മണ്ഡലത്തിലെ ചുമരായ ചുമരുകൾ മുഴുവൻ 'പ്രതാപകാലം ഇതാ വരുന്നു'വെന്ന രീതിയിലുള്ള വലിയ ചുമരെഴുത്തുകളായിരുന്നു. ഈ നാൽവർ സംഘത്തിന്റെ പോസ്റ്ററുകളാണ് അവിടെയുള്ള ചുമരുകളിലെല്ലാം കാണാൻ കഴിയുന്നത്. ഇന്നിപ്പോൾ ഈ നാൽവർ സംഘത്തിനെതിരായുള്ള കോൺഗ്രസുകാരുടെ പോസ്റ്ററുകളാണ് ഡി.സി.സി. ഓഫീസിനുമുമ്പിലും സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിലും നിറഞ്ഞുനിൽക്കുന്നതെന്ന വാർത്ത എല്ലാ പത്രങ്ങളിലുമുണ്ട്. നിലവിലെ എം. പി., ശ്രീ. ടി. എൻ. പ്രതാപൻ തിരഞ്ഞെടുപ്പ് കാലത്ത് വിദേശത്ത് ഫണ്ട് പിരിവിലായിരുന്നു. ഇത് ഞാൻ പറയുന്നതല്ല, അവിടത്തെ പോസ്റ്ററുകളിൽ കാണുന്ന കാര്യമാണ്. ആർ.എസ്.എസ്.-മായി ചേർന്ന് ശ്രീ. കെ. മുരളീധരനെ ഒറ്റുകൊടുത്തുവെന്നുള്ള വളരെ ഗുരുതരമായ ആക്ഷേപമാണ് പോസ്റ്ററുകളിൽ കാണാൻ സാധിക്കുന്നത്. അങ്ങനെ ഒറ്റുകാരൻ യൂദാസിന്റെ പിൻതലമുറക്കാരൻ തന്നെയാണ് ഇദ്ദേഹമെന്ന്

മനസ്സിലാക്കാൻ സാധിക്കും. രണ്ടാംനിര നേതാക്കന്മാർക്കെതിരെ മാത്രമല്ല ഈ നാൽവർ സംഘത്തിനെതിരെയും നടപടി വേണമെന്നാണ് അവിടത്തെ കോൺഗ്രസ് പ്രവർത്തകർ ആവശ്യപ്പെടുന്നത്. അവിടത്തെ പരാജയ കാരണം അന്വേഷിക്കുന്നതിനായി മൂന്നംഗ സംഘത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഒരു മുൻ എം.എൽ.എ.-യുടെ നേതൃത്വത്തിലാണ് അന്വേഷണം നടക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ, ഇരുപതിൽ പതിനെട്ട് സീറ്റിലും ജയം നേടി, എന്നാൽ കോൺഗ്രസ്സിൽ പൊരിഞ്ഞ തല്ലാണ് നടക്കുന്നത്. തൃശ്ശൂർ എടുക്കാൻ എത്ര പരിശ്രമിച്ചിട്ടും ഇടതുപക്ഷത്തിന്റെ കരുത്തുകൊണ്ട് കഴിയാതെ പോയ ശ്രീ. സുരേഷ് ഗോപിക്ക് ചുറ്റും നാൽവർ സംഘം അണിനിരന്നപ്പോൾ ആ തൃശ്ശൂർ എടുക്കാൻ കഴിഞ്ഞുവെന്ന യാഥാർത്ഥ്യമാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. 2019-ൽ ശ്രീ. ടി. എൻ. പ്രതാപന് ലഭിച്ച 86965 വോട്ടുകൾ എവിടെപ്പോയി; അതിനുള്ള ഉത്തരം പറയണ്ടേ? ആ വോട്ടുകളെപ്പറ്റി അന്വേഷിക്കുന്നതിനാണ് കമ്മീഷനെ നിയമിച്ചിരിക്കുന്നത്. 74686 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ശ്രീ. സുരേഷ് ഗോപി വിജയിച്ചത്.

കോൺഗ്രസിന് കുറവുണ്ടായ വോട്ടുകളുടെ ഭൂരിപക്ഷത്തിനാണ് അദ്ദേഹം ജയിച്ചത്. അപ്പോൾ കോൺഗ്രസിന്റെ വോട്ട് പോയെന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്, അത് ലളിതമായ കണക്കാണ്. പത്ത് ശതമാനം വോട്ട് പോയ വഴിതന്നെ കാണാതെ കോൺഗ്രസ് ഇരുട്ടിൽത്തപ്പുകയാണ്. 4.1 ലക്ഷം വോട്ടുകൾ കിട്ടിയ സ്ഥാനത്ത് അത് 3.28 ലക്ഷം വോട്ടുകളായി ചുരുങ്ങിയിരിക്കുകയാണ്. തൃശ്ശൂരിൽ കോൺഗ്രസിന്റെ സഹായത്തോടെ വിജയിച്ച ശ്രീ. സുരേഷ് ഗോപി എം. പി.-യുടെയും അതുപോലെ ബി.ജെ.പി.-യുടെയും അവസ്ഥ വ്യത്യസ്തമല്ല. പത്ത് മന്ത്രിമാരെയും കുറച്ച് ഐ.എ.എസ്. ഉദ്യോഗസ്ഥരെയും കിട്ടിയാൽ തൃശ്ശൂർ അങ്ങ് ശരിപ്പെടുത്തുമെന്ന രീതിയിലാണ് അദ്ദേഹം സ്വപ്നം കണ്ട് പറഞ്ഞിരുന്നത്. പക്ഷെ, ആ സ്ഥിതിവിശേഷം പോയി, സ്വതന്ത്ര പദവി പോലുമില്ലാത്ത ഒരു സഹമന്ത്രി സ്ഥാനംകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. അപ്പോൾ നിരാശയ്ക്കിടയിലും തിന്ന ചോറിനോട് നന്ദി കാണിക്കുന്ന നിലപാട് കാണാൻ സാധിക്കുന്നുണ്ട്. നൂറ്റാണ്ടുകൾ പഴക്കമുള്ള ബാബറി പള്ളി പൊളിച്ചപ്പോൾ കൂർക്കംവലിച്ച് ഉറങ്ങിയിരുന്ന അന്നത്തെ പ്രധാനമന്ത്രി പി. വി. നരസിംഹ റാവുവിന് ഭാരത

രത്നം അവാർഡ് നൽകിക്കൊണ്ടാണ് ശ്രീ. നരേന്ദ്ര മോദി സർക്കാർ മാനിച്ചത്. അതുപോലെ വിജയിക്കാൻ തന്നെ സഹായിച്ച കോൺഗ്രസിനെ പ്രീണിപ്പിക്കാൻ അന്തരിച്ച ഇന്ദിരാഗാന്ധിയെ 'ഭാരത മാതാ'വെന്നും കെ. കരുണാകരനെ 'കേരള പിതാവെ'ന്നും പറയാൻ തയ്യാറായത് യാദൃശ്ചികമല്ല. കേരളം തൂത്തുവാരിയ യു.ഡി.എഫ്.-നും കേരളത്തിൽ അക്കൗണ്ട് തുറന്ന ബി.ജെ.പി.-ക്കും സന്തോഷമല്ല, തമ്മിൽത്തല്ലാണ്. എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പരാജയം എന്തുകൊണ്ടാണെന്ന് കൃത്യമായി പരിശോധിച്ച്, കൂടുതൽ കരുത്തുനേടി മുന്നോട്ടുപോകുമെന്നുള്ളതിൽ മുൻകാല അനുഭവങ്ങളുണ്ട്, ഇത്തവണയും അതുണ്ടാകും.

നാളിതുവരെ കണ്ടിട്ടില്ലാത്ത വികസന പ്രവർത്തനങ്ങളാണ് കഴിഞ്ഞ എട്ടുവർഷമായി കേരളത്തിൽ കാണുന്നത്. കേരളം വ്യവസായത്തിന് പറ്റിയ സ്ഥലമല്ലെന്ന ശക്തമായ പ്രചാരണത്തിനിടയിലും രണ്ടുലക്ഷം പുതിയ സംരംഭങ്ങൾ തുടങ്ങിയതിലൂടെ അഞ്ചുലക്ഷം പേർക്ക് തൊഴിൽ നൽകാൻ സാധിച്ചത് നിസ്സാര കാര്യമല്ല. വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന

പശ്ചാത്തല സൗകര്യമേഖലയിലേയ്ക്കാണ് കേരളം അതിവേഗം മുന്നേറുന്നത്. കേരളത്തിന്റെ സമഗ്ര വികസനത്തിനും സാമൂഹ്യനീതിക്കുംവേണ്ടിയാണ് എൽ.ഡി.എഫ്. സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യൻ സമ്പദ്ഘടനയുടെ നെട്ടംതൂണുകളാണ് പൊതുമേഖല എന്നുപറഞ്ഞത് പ്രഥമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൻ നെഹ്റുവാണ്. എന്നാൽ ബി.ജെ.പി. സർക്കാർ ഈ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കുകയാണ്, അതിന് തുടക്കംകുറിച്ചത് കോൺഗ്രസ്സാണ്. പൊതുമേഖലയെ സംരക്ഷിക്കുകയെന്ന എൽ.ഡി.എഫ്. സർക്കാരിന്റെ നയത്തിന്റെ ഭാഗമായി ബദൽ വികസനം വ്യവസായ വകുപ്പ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാർ വിൽപ്പനയ്ക്കുവെച്ച Hindustan Newsprint Ltd. (HNL) സംസ്ഥാന സർക്കാർ ഏറ്റെടുത്ത് Kerala Paper Products Limited (KPPL) ആയി പുന:രുജ്ജീവിപ്പിച്ചു. അതുപോലെ BHEL-EML (Electrical Machines Ltd)-നെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് KEL-EML എന്ന പേരിൽ പുന:രാരംഭിച്ചത് എൽ.ഡി.എഫ്. സർക്കാരിന്റെ തൊപ്പിയിലെ പൊൻതൂവലാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ Steel

Authority of India Limited (SAIL)-ഉം സംസ്ഥാന പൊതുമേഖലയിലെ Steel Complex Limited (SCL)-ഉം ചേർന്നുള്ള സംയുക്ത സംരംഭം ഛത്തീസ്ഗഡ് കമ്പനിക്ക് കൈമാറാനുള്ള നീക്കം സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടൽവഴി, National Company Law Appellate Tribunal (NCLAT) തടഞ്ഞത് സർക്കാരിന്റെ ഇച്ഛാശക്തിയെയാണ് കാണിക്കുന്നത്. സാമൂഹ്യ സുരക്ഷ, പൗരന്മാരുടെ ക്ഷേമം എന്നിവ എൽ.ഡി.എഫ്. സർക്കാരിന്റെ അടിസ്ഥാന പ്രതിബദ്ധതയാണ്. ഒരു നല്ല ജീവിതം നയിക്കുന്നതിനായി അവശ്യവസ്തുക്കൾ ലഭ്യമല്ലാത്തവർക്കും സാമൂഹ്യ-സാമ്പത്തിക ഉന്നമനത്തിന് സംരക്ഷണവും പ്രോത്സാഹനവും നൽകുന്നതിൽ എൽ.ഡി.എഫ്. സർക്കാർ പ്രധാന പങ്ക് വഹിക്കുന്നു. 62 ലക്ഷം പേർക്ക് പെൻഷൻ നൽകുന്നുണ്ട്. പതിനെട്ട് മാസക്കാലത്തിലേറെ പെൻഷൻ നൽകാതിരുന്ന യു.ഡി.എഫ്., അങ്ങനെ ചെയ്തിട്ടില്ലെന്ന് പറഞ്ഞത് വെറും നുണയാണ്. പെൻഷൻകാരോടുള്ള ക്രൂരതയാണ് അവർ അന്ന് കാണിച്ചത്. 2016-ൽ സഖാവ് പിണറായി വിജയൻ അധികാരമേറ്റ്, തൊട്ടുപിന്നാലെ വന്ന തിരുവോണത്തിന് പതിനയ്യായിരവും മുപ്പതിനായിരവും

നാൽപ്പതിനായിരവുമൊക്കെ ഓരോ കുടുംബത്തിനും കൊടുത്തത് ഏത് കുടിശ്ശികയാണ്; യു.ഡി.എഫ്. ഗവൺമെന്റ് വരുത്തിയ കുടിശ്ശികയല്ലാതെ ആരുടെ കുടിശ്ശികയാണത്? നിങ്ങളുടെ ചുറ്റുവട്ടത്തുള്ള പെൻഷൻകാരോട് ചോദിച്ചാൽ മനസ്സിലാകും. ഭിന്നശേഷിക്കാരായ ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ വകുപ്പ് ഇടപെടുന്നുണ്ട്. ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ വഴി വൈകല്യമുള്ളവരെ ചേർത്തുപിടിക്കുന്നു. കുട്ടികൾ, സ്ത്രീകൾ, ട്രാൻസ്ജെന്റർ, പ്രായമായവർ എന്നിവരെയും സംരക്ഷിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അങ്ങനെ സമസ്തനിലയിലും ജനങ്ങൾക്കുവേണ്ടി ഇടപെട്ടുകൊണ്ടിരിക്കുന്ന ഇടതുപക്ഷ സർക്കാരിനുവേണ്ടി ഈ ധനാഭ്യർത്ഥനകളെ സന്തോഷപൂർവ്വം ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ ഭരണപക്ഷം സംസാരിക്കുന്നത് കേട്ടുകഴിഞ്ഞാൽ അവർക്ക് വലിയ വിജയവും യു.ഡി.എഫ്.-ന് വലിയ പരാജയവും സംഭവിച്ചുവെന്നാണ് തോന്നുക.

ഇന്നത്തെ മാതൃഭൂമി പത്രത്തിൽ, സി.പി.ഐ.(എം.) യോഗത്തിൽ നേതാക്കൾ വിമർശനങ്ങളെ അവഗണിച്ചാൽ തിരിച്ചടി ആവർത്തിക്കും എന്ന് പറഞ്ഞിട്ടുണ്ട്. ഇന്നലത്തെ മലയാള മനോരമ പത്രത്തിൽ, 'സി.പി.ഐ.(എം.) സംസ്ഥാന കമ്മിറ്റിയിൽ മുഖ്യമന്ത്രിക്ക് വിമർശനം, ഭരണ വിരുദ്ധ വികാരമെന്ന് റിപ്പോർട്ട്' എന്ന് പറഞ്ഞിരിക്കുന്നു. കേരളത്തിലെ മൂന്നരക്കോടി ജനങ്ങളിൽ ഈ നിയമസഭയിൽ ഇരിക്കുന്ന ഇടതുപക്ഷ അംഗങ്ങൾ മാത്രമല്ലാതെ നിങ്ങളെ അനുകൂലിക്കുന്ന ആരും സംസ്ഥാനത്തുണ്ടാകില്ലെന്ന് മനസ്സിലാക്കുക. യാക്കോബായ സുറിയാനി സഭയുടെ ഒരു ബിഷപ്പ് ഗീവർഗീസ് മാർ കൂറിലോസ് 'സഖാവ് ബിഷപ്പ്' എന്നാണ് പൊതുവെ അറിയപ്പെടുന്നത്. ഇടതുപക്ഷ അനുഭാവിയാണ്. ഒരു ചുവന്ന ളോഹയിട്ടുകഴിഞ്ഞാൽ ഞാനൊരു മാർക്സിസ്റ്റുകാരനാണെന്ന് പറയുന്ന ആളാണ് അദ്ദേഹം. ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം വന്നതിനുശേഷം അദ്ദേഹം ഫേസ് ബുക്കിൽ കുറിച്ച കുറിപ്പ് ഞാനിവിടെ വായിക്കാം. നിങ്ങൾ മനസ്സിലാക്കാനും നന്നാകാനും വേണ്ടിയാണ്. മാർക്സിസ്റ്റുപാർട്ടി സി.പി.ഐ.(എം) നശിക്കുന്നത് ഞങ്ങൾക്ക് ഇഷ്ടമല്ല. നിങ്ങൾ നന്നായി വരണമെന്ന്

ആഗ്രഹിക്കുന്നവരാണ് ഞങ്ങൾ. അദ്ദേഹത്തിന്റെ പോസ്റ്റ് ഇങ്ങനെയാണ്, 'ജനങ്ങൾ നൽകുന്ന തുടർച്ചയായ ആഘാത ചികിത്സയിൽനിന്നും ഇനിയും പാഠം പഠിക്കുവാൻ തയ്യാറായില്ലെങ്കിൽ കേരളത്തിലെ ഇടതുപക്ഷത്തിന് ബംഗാളിലെയും ത്രിപുരയിലെയും അവസ്ഥ വരും. ലോക്സഭാ തിരഞ്ഞെടുപ്പിൽ കേരളത്തിൽ ഇടതുപക്ഷത്തിനുണ്ടായ തകർച്ചയുടെ പ്രധാന കാരണങ്ങളിൽ ഒന്ന് നിലവിലുള്ള അതിശക്തമായ ഭരണവിരുദ്ധ വികാരമാണ്. സി.പി.ഐ.(എം) എത്ര നിഷേധിക്കുവാൻ ശ്രമിച്ചാലും അതൊരു യാഥാർത്ഥ്യമാണ്. സാമ്പത്തിക നയങ്ങളിലെ പരാജയം, അച്ചടക്കമില്ലായ്മ, ധൂർത്ത്, വളരെ മോശമായ പോലീസ് നയങ്ങൾ, മാധ്യമ വേട്ട, സഹകരണ ബാങ്കുകളിൽ ഉൾപ്പെടെ നടന്ന അഴിമതികൾ, പെൻഷൻ മുടങ്ങിയതടക്കം പാവപ്പെട്ടവരെ അവഗണിച്ചുള്ള നീക്കങ്ങൾ, SFI-യുടെ അക്രമാസക്ത രാഷ്ട്രീയം, വിമർശനങ്ങളോടുള്ള അസഹിഷ്ണുത, മത-സാമുദായിക സംഘടനകളെ അതിരുവിട്ട് പ്രീണിപ്പിക്കുവാനുള്ള ശ്രമങ്ങൾ, വലതുവൽക്കരണ നയങ്ങൾ തുടങ്ങി നിരവധി കാരണങ്ങൾ ഈ തോൽവിക്ക് നിദാനമാണ്. ബി.ജെ.പി.-യെക്കാൾ ഉപരി

കോൺഗ്രസിനെയും ഫാസിസത്തിനെതിരെ ധീരമായി പോരാടിയ ശ്രീ. രാഹുൽ ഗാന്ധിയെയും "ടാർഗറ്റ് " ചെയ്തുകൊണ്ടുള്ള ഇടതുപക്ഷ പ്രചാരണം മതേതര വിശ്വാസികളിൽ സംശയമുണ്ടാക്കി. ഒന്നാം പിണറായി സർക്കാരിനെ അപേക്ഷിച്ച് രണ്ടാം സർക്കാരിന്റെ നിലവാരത്തകർച്ച മറ്റൊരു പ്രധാന കാരണമാണ്. ഭൂരിപക്ഷം മന്ത്രിമാരുടെയും പ്രകടനം ദയനീയമാണ്. ധാർഷ്ട്യവും ധൂർത്തും ഇനിയും തുടർന്നാൽ ഇതിലും വലിയ തിരിച്ചടികളായിരിക്കും ഇടതുപക്ഷത്തെ കാത്തിരിക്കുക. എപ്പോഴും പ്രളയവും മഹാമാരികളും രക്ഷയ്ക്ക് എത്തണമെന്നില്ല. "കിറ്റ് രാഷ്ട്രീയത്തിൽ" ഒന്നിലധികം പ്രാവശ്യം ജനങ്ങൾ വീഴില്ല, പ്രത്യേകിച്ച് കേരളത്തിൽ. തിരുത്തുമെന്ന് നേതൃത്വം പറയുന്നത് സ്വാഗതാർഹമാണ്. പക്ഷേ തൊലിപ്പുറത്തുള്ള തിരുത്തൽ ആവരുത്. രോഗം ആഴത്തിലുള്ളതാണ്, ചികിത്സയും ആഴത്തിൽ തന്നെ ഇറങ്ങണം. ഇടതുപക്ഷം "ഇടത്ത് " തന്നെ നിൽക്കണം. ഇടത്തോട്ട് ഇൻഡിക്കേറ്റർ ഇട്ടിട്ട് വലത്തോട്ട് വണ്ടിയോടിച്ചാൽ അപകടമുണ്ടാകും. ലക്ഷ്യസ്ഥാനത്ത് എത്തുകയുമില്ല.' ഇതിനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിഹസിച്ചത് എങ്ങനെയാണ്;

'പുരോഹിതന്മാരുടെ ഇടയിലും ചിലപ്പോൾ ചില വിവരദോഷികൾ ഉണ്ടാകും' എന്നാണ്. ഞാൻ ദീർഘമായി മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഇന്ന് പുതിയ മന്ത്രിയായി ശ്രീ. ഒ. ആർ. കേളുവിനെ നിങ്ങൾ തീരുമാനിച്ചിരിക്കുകയാണ്. അദ്ദേഹത്തിന് അഭിനന്ദനങ്ങൾ. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമന്ത്രിയായിട്ടാണ് അദ്ദേഹത്തിന് സ്ഥാനം നൽകാൻ പോകുന്നതെന്നാണ് അറിയാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ ഒഴിഞ്ഞ, അദ്ദേഹത്തിന്റെ വകുപ്പിലുണ്ടായിരുന്ന പാർലമെന്ററികാര്യ വകുപ്പ് ശ്രീ. എം. ബി. രാജേഷിനും ദേവസ്വം വകുപ്പ് ശ്രീ. വി. എൻ. വാസവനുമാണ് നൽകുന്നതെന്നാണ് അറിയാൻ കഴിഞ്ഞത്. എല്ലാ വകുപ്പും ശ്രീ. വി. എൻ. വാസവന് നൽകിക്കൊണ്ടിരിക്കുകയാണ്. 'പപ്പയുടെ സ്വന്തം അപ്പൂസ്' എന്ന് പറയുന്നതുപോലെ 'പപ്പയുടെ സ്വന്തം വാസവൻ' എല്ലാ വകുപ്പും കൈകാര്യം ചെയ്യുന്നു. എന്തുമാകട്ടെ. ഞാൻ നമ്മുടെ വിഷയത്തിലേയ്ക്ക് വരാം.

ഇന്ന് വ്യവസായത്തെക്കുറിച്ച് പറയുമ്പോൾ എന്റെ മണ്ഡലമായ പെരുമ്പാവൂരിൽ ഏറ്റവും കൂടുതലുള്ള വ്യവസായമാണ് പ്ലൈവുഡ് വ്യവസായം.

350-ൽ അധികം പ്ലൈവുഡ് കമ്പനികളും 150 പീലിംഗ് യൂണിറ്റും നൂറിലധികം അറക്ക മില്ലുകളുമുണ്ട്. വളരെയധികം പ്രതിസന്ധിയിലാണ് ഇന്നിത് പോകുന്നത്. നമുക്കെല്ലാമറിയാം, സംസ്ഥാനത്ത് ഒരു വ്യവസായം തുടങ്ങണമെങ്കിൽ മൊത്തമുള്ള ഭൂമിയുടെ 35-40 ശതമാനം മാത്രമേ പ്രസ്തുത വ്യവസായവുമായി ബന്ധപ്പെട്ട് ഉപയോഗിക്കാൻ കഴിയുകയുള്ളൂ. ബാക്കിയുള്ള സ്ഥലമൊക്കെ കവറേജ് ഏരിയയാണ്. ഭൂമിക്ക് വലിയ വിലയാണ്. രണ്ടേക്കർ സ്ഥലം വാങ്ങിയാൽ അതിൽ വളരെ പരിമിതമായ സ്ഥലത്ത്, അതായത് 2 കോടി രൂപ മുടക്കിയാൽ 70 ലക്ഷം രൂപയ്ക്കുള്ള സ്ഥലത്ത് മാത്രമേ വ്യവസായം ചെയ്യാൻ സാധിക്കുകയുള്ളൂ. അതിലൊരു മാറ്റം വരേണ്ടത് ആവശ്യമാണ്. മാക്സിമം ഭൂമി യൂട്ടിലൈസ് ചെയ്യുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ പോകണം. അതോടൊപ്പംതന്നെ, പ്ലൈവുഡ് കമ്പനികളിൽനിന്നുമാണ് ഏറ്റവുമധികം ജി.എസ്.ടി. ലഭിക്കുന്നത്. ഏറ്റവുമധികം ഭാരവണ്ടികൾ വരുന്നതും അവിടെയാണ്. പക്ഷേ, അവിടത്തെ റോഡുകളൊക്കെയും മോശമാണ്. വ്യവസായങ്ങൾ കടന്നുവരുന്ന സ്ഥലങ്ങളിലെ റോഡുകൾ നന്നാക്കാനുള്ള നയപരമായ സമീപനം ഈ

സർക്കാർ എടുക്കണം. ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പെരുമ്പാവൂരിൽ 10 സ്ഥലങ്ങളിൽ വലിയ തീപിടിത്തമുണ്ടായി. ഇവിടെയൊന്നും ഫയർ & റെസ്ക്യൂ കൃത്യമായി പ്രവർത്തിച്ചില്ല. നല്ലൊരു ഫയർ സ്റ്റേഷനില്ല എന്നത് ഈ വ്യവസായ മേഖലയ്ക്ക് വലിയ ഭീഷണിയാണ്. വെറുതെവന്ന് വെള്ളം ചീറ്റിച്ചുകൊണ്ടുള്ള പരിപാടികൾ നിർത്തിയിട്ട് വിദേശ രാജ്യങ്ങളിലേതുപോലെ പൗഡർ സ്പ്രേ ചെയ്ത്, തീപിടിത്തം പെട്ടെന്ന് അണയ്ക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

റബ്ബർ തടി ഒരു അഗ്രിക്കൾച്ചർ പ്രോഡക്ടാണ്. റബ്ബർ തടി കയറ്റിവരുന്ന വാഹനങ്ങളെ പിടിച്ച് അമ്പതിനായിരം, എൺപതിനായിരം രൂപയൊക്കെ പിഴ ചുമത്തുന്ന ഉദ്യോഗസ്ഥർ അവിടെയുണ്ട്. ഇതിലൊക്കെ തൊഴിലാളികളെയും വ്യവസായികളെയും സഹായിക്കുന്ന നയപരമായ സമീപനം ഗവൺമെന്റ് എടുക്കണം. പെരുമ്പാവൂരിൽ ഒരു ലക്ഷത്തിലധികം അതിഥിത്തൊഴിലാളികളുണ്ട്. അവരെ സംരക്ഷിക്കാൻവേണ്ടി SOPMA (Sawmill Owners & Plywood Manufacturers Association)-യുമായി

സഹകരിച്ച് അതിഥിത്തൊഴിലാളികൾക്കുവേണ്ടി ഒരു സൗഹൃദ ആശുപത്രി കൊണ്ടുവരുന്നത് ഏറ്റവും നന്നായിരിക്കുമെന്ന് സൂചിപ്പിക്കുകയാണ്. അതോടൊപ്പംതന്നെ, മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഒട്ടേറെ ഭാരവണ്ടികൾ ചരക്കുകളുമായി വരുന്നത് നമ്മുടെ കേരളത്തിലേയ്ക്കാണ്. ഈ വാഹനങ്ങൾ തിരിച്ചുപോകുന്നത് കാലിയായിട്ടാണ്. കാലിയായ വാഹനങ്ങളെല്ലാം പെരുമ്പാവൂരിൽ വന്ന് 350 മുതൽ 500 വരെ ലോഡ് പ്ലൈവുഡുമായാണ് മറ്റ് സ്ഥലങ്ങളിലേയ്ക്ക് പോകുന്നത്. അങ്ങനെ വരുന്ന ലോറി ഡ്രൈവർമാർക്ക് വിശ്രമിക്കാനും മറ്റുമുള്ള സൗകര്യങ്ങളില്ലാത്തത് വലിയൊരു പ്രതിസന്ധിയാണ്. അക്കാര്യത്തിലും ഗവൺമെന്റ് കൂടുതൽ താൽപ്പര്യമെടുക്കണമെന്ന് സൂചിപ്പിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്ത് ഒരു ബിൽഡിംഗ് കോഡില്ല, ഒരു ബിൽഡിംഗ് ആക്റ്റില്ല. നമ്മുടെ ആക്റ്റ് എന്നുപറയുന്നത് സെൻട്രൽ ആക്റ്റാണ്. മറ്റ് സംസ്ഥാനങ്ങളിലൊക്കെ ബിൽഡിംഗ് അക്റ്റ് നിലവിലുണ്ട്. ബിൽഡിംഗ് ആക്റ്റ് നിലവിലുണ്ടെങ്കിൽ ഇവിടത്തെ ഭൂമിയുടെ സൗകര്യങ്ങൾ, ലഭ്യത എന്നിവ അനുസൃതമായ രീതിയിൽത്തന്നെ നമുക്ക് മുന്നോട്ട്

കൊണ്ടുപോകാൻ കഴിയും. 1000 സ്ക്വയർ മീറ്ററിന്റെ ഒരു കെട്ടിടം പണിയുകയാണെങ്കിൽ അതിന് ഒന്നര ലക്ഷം ലിറ്റർ വെള്ളം സംഭരിക്കാൻ കഴിയുന്നൊരു അണ്ടർ ഗ്രൗണ്ട് ടാങ്കും അതോടൊപ്പം 20000 ലിറ്റർ ഓവർ ഹെഡ് വാട്ടർ ടാങ്കും വേണമെന്നാണ് നിബന്ധന. ഇതെല്ലാം വന്നുകഴിയുമ്പോൾ 50 ലക്ഷം രൂപയോളം ഒരു വ്യവസായവുമായി ബന്ധപ്പെട്ട് വെറുതെ മുടക്കേണ്ട അവസ്ഥ വരികയാണ്. ഈ സന്ദർഭത്തിൽ നമുക്കൊരു ബിൽഡിംഗ് കോഡ് സൃഷ്ടിക്കുകയാണെങ്കിൽ ഇത്തരം കാര്യങ്ങളിൽ നമുക്കനുയോജ്യമായ തീരുമാനങ്ങളെടുക്കാൻ സാധിക്കും.

സാമൂഹ്യ സുരക്ഷാ രംഗത്ത് നമുക്ക് ഒട്ടേറെ കാര്യങ്ങളിൽ മുന്നോട്ട് പോകേണ്ടത് ആവശ്യമാണ്. 'ആശ്വാസ കിരണം' പദ്ധതിയെക്കുറിച്ച് ഞാനിവിടെ പറഞ്ഞിട്ടുണ്ട്. ഈ പദ്ധതിയിൽ നിർധനരെ പരിചരിക്കുന്നതിന് പ്രതിദിനം 20 രൂപയാണ് നൽകുന്നത്. 27 മാസമായി അത് നിലച്ചിരിക്കുകയാണ്. 115000 പേർക്കാണ് ഇതുമായി ബന്ധപ്പെട്ട് പണം കൊടുക്കാനുള്ളത്. പാവപ്പെട്ട ആളുകൾക്ക് നൽകേണ്ട തുച്ഛമായ ഈ തുക നൽകാൻ കഴിയണം. പാവപ്പെട്ട ആളുകളെയും അംഗപരിമിതരെയും

ഓട്ടിസം ബാധിച്ച ആളുകളെയും ഹീമോഫീലിയ രോഗികളെയും സഹായിക്കുന്ന നല്ലൊരു നിലപാട് സർക്കാർ സ്വീകരിക്കണം. ദുർബലരായ ആളുകൾക്ക് പെൻഷനല്ല, അവർക്ക് ശമ്പളം നൽകണം. ഒരു എൽ. ഡി. ക്ലാർക്കിന് നൽകുന്ന ശമ്പളമെങ്കിലും കഴിവില്ലാത്ത, ബുദ്ധിമാന്ദ്യം സംഭവിച്ച ആളുകളുടെ കുടുംബങ്ങൾക്ക് നൽകാനുള്ള നയപരമായൊരു മാറ്റം ഈ ഗവൺമെന്റ് കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ചെയർപേഴ്സൺ ശ്രീ. ജി.എസ്.ജയലാൽ]

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ലോകത്തിലെ 800 കോടി ജനസംഖ്യയിൽ 100 കോടി, അതായത് എട്ടിലൊരാൾ ഭിന്നശേഷിയുള്ളവരാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഭിന്നശേഷി എന്നത് ആരോഗ്യ പ്രശ്നമാണെന്നും ചികിത്സയാണ് പരിഹാര മാർഗ്ഗമെന്നുള്ള ധാരണ തിരുത്തി പ്രശ്നം കൈകാര്യം ചെയ്യേണ്ടത് സമൂഹത്തിന്റെ പൊതു ഉത്തരവാദിത്വമാണെന്നുള്ള

തിരിച്ചറിവ് സമൂഹത്തിന് നൽകിയെന്നുള്ളതാണ് ഈ സർക്കാരിന്റെ വലിയൊരു നേട്ടം.

നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ പലതും ഇന്ന് ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്. വ്യവസായം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഇല്ലാതാക്കുന്നതിന് ഫലവത്തായ സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. നാട്ടിൽ വർദ്ധിച്ചുവരുന്ന  സംരംഭങ്ങൾ തന്നെ ഇതിന് ഏറ്റവും വലിയ തെളിവാണ്.

'ഇടതുണ്ടെങ്കിലേ ഇന്ത്യയുള്ളൂ' എന്ന മുദ്രാവാക്യത്തെ ഇവിടെ പലരും പരിഹസിക്കുന്നതായി കേട്ടു. കോൺഗ്രസിന്റെ ഔദാര്യംകൊണ്ടാണ് സി.പി.ഐ.(എം.)-ന് ചിഹ്നം നിലനിർത്താൻ സാധിച്ചതെന്നാണല്ലോ ചിലരുടെ അവകാശവാദം. ഈ വീരവാദം കേട്ടാൽ കോൺഗ്രസ് സ്ഥിരമായി ജയിക്കുന്ന മണ്ഡലമാണ് രാജസ്ഥാനിലെ സിക്കാർ മണ്ഡലമെന്ന് തോന്നും. 2014-ലും 2019-ലും 2 ലക്ഷത്തിൽപ്പരം വോട്ടുകൾക്ക് കോൺഗ്രസ് പരാജയപ്പെട്ട സീറ്റാണ് സിക്കാർ. അവിടെ തിരഞ്ഞെടുക്കപ്പെട്ട ശ്രീ. അമ്രാ റാം കർഷക സമരത്തിൽ വഹിച്ച പങ്കിനെക്കുറിച്ച്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ ഇവിടെ പറയുകയുണ്ടായി. സിക്കാർ പാർലമെന്റ് മണ്ഡലത്തിൽ ഉൾപ്പെടുന്ന ദോഡ് നിയോജക മണ്ഡലത്തിൽനിന്നും 1993 മുതൽ 2008 വരെ തുടർച്ചയായി 4 തവണ സി.പി.ഐ.(എം.) ടിക്കറ്റിൽ കോൺഗ്രസിനോടും ബി.ജെ.പി.-യോടും മത്സരിച്ച് ജയിച്ച നേതാവാണ് ശ്രീ. അമ്രാ റാം. 2023-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഈ മണ്ഡലത്തിൽ സി.പി.ഐ.(എം.) നേടിയത് 72000 വോട്ടാണ്. 85000 വോട്ടുനേടി ബി.ജെ.പി. ജയിച്ചപ്പോൾ കോൺഗ്രസിന് ലഭിച്ചത് വെറും 34000 വോട്ടുകൾ മാത്രമാണ്. സിക്കാർ (Sikar) മണ്ഡലത്തിന് തൊട്ടടുത്ത 'ചുരു' (Churu) ലോക്സഭാ മണ്ഡലത്തിൽ ഇത്തവണ കോൺഗ്രസ് ബി.ജെ.പി.-യെ തോൽപ്പിക്കുന്നത് 72737 വോട്ടുകൾക്കാണ്. ചുരു മണ്ഡലത്തിലെ 'ഭദ്ര' (Bhadra) നിയമസഭാ സീറ്റിൽ 2023-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ സി.പി.ഐ.(എം)-ന് ലഭിച്ചത് 101616 വോട്ടാണ്. ഇവിടെ ബി.ജെ.പി. കഷ്ടിച്ച് ജയിക്കുന്നത് 1132 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ്. അവിടെ കോൺഗ്രസിന് ലഭിച്ചത് 3771 വോട്ടാണ്. അതായത് ചുരു മണ്ഡലത്തിൽ ഇത്തവണ കോൺഗ്രസ് ജയിക്കുന്നത്

സിപി.ഐ.(എം)-ന്റെ വോട്ടുകൊണ്ടാണെന്നത് വ്യക്തമാണ്. സിക്കാർ സീറ്റ് സി.പി.ഐ.(എം)-ന് വിട്ടുകൊടുത്തതുകൊണ്ട് മാത്രമാണ് സി.പി.ഐ.(എം)-ന്റെ പിന്തുണയോടെ ചുരു സീറ്റിൽ കോൺഗ്രസിന് ജയിക്കാൻ സാധിച്ചതെന്നാണ് ചുരുക്കത്തിൽ ഞാൻ പറഞ്ഞത്. മറ്റൊരു കണക്കുകൂടി പറയാം. ഉത്തർപ്രദേശിലെ അലഹബാദ് മണ്ഡലത്തിൽ 2019-ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസിന് ലഭിച്ചത് 31000 (3.59 ശതമാനം) വോട്ടാണ്. കഴിഞ്ഞ തവണ 310000 വോട്ട് ലഭിച്ച സമാജ് വാദി പാർട്ടി ഈ പ്രാവശ്യം ആ സീറ്റ് കോൺഗ്രസിന് വിട്ടുകൊടുത്തു, കോൺഗ്രസ് 58000 വോട്ടിന്റെ ഭൂരിപക്ഷത്തിൽ അവിടെ ജയിച്ചു. സമാജ് വാദി പാർട്ടി അലഹബാദ് സീറ്റ് വിട്ടുകൊടുത്തത് കോൺഗ്രസിന്റെ ചിഹ്നം സംരക്ഷിക്കാനായിരുന്നോ? ബി.ജെ.പി. സർക്കാരിനെ പിടിച്ചുകുലുക്കിയ കർഷക സമരത്തിൽ ഇടതുപക്ഷം വഹിച്ച പങ്ക് എന്തായിരുന്നുവെന്ന് വ്യക്തമല്ലേ; മഹാരാഷ്ട്രയിൽ നടന്ന കർഷകരുടെ ലോങ് മാർച്ചിന് നേതൃത്വം കൊടുത്തത് ഇടതുപക്ഷമായിരുന്നില്ലേ? ദില്ലി പോലീസ് ന്യൂനപക്ഷങ്ങളുടെ സ്ഥാപനങ്ങളും വീടുകളും ബുൾഡോസർ ഉപയോഗിച്ച്

ഇടിച്ചുനിരത്തിയപ്പോൾ  അത് തടയാനും കോടതിയിൽ പോയി അനുകൂല ഉത്തരവ് സമ്പാദിക്കാനും ശ്രീമതി വൃന്ദാ കാരാട്ട് എന്ന സി.പി.ഐ.(എം)-ന്റെ പോളിറ്റ്ബ്യൂറോ അംഗത്തെയല്ലാതെ ഒരു കോൺഗ്രസ് നേതാവിനെയും കണ്ടിട്ടില്ല. 'ബിൽക്കീസ് ബാനു' കേസിലെ പ്രതികളെ വെറുതെ വിട്ടപ്പോൾ ഇരയായ ബിൽക്കീസ് ബാനുവിനുവേണ്ടി നിയമപോരാട്ടം നടത്താൻ മുമ്പിൽനിന്നത് ഇതേ വൃന്ദാ കാരാട്ടും ശ്രീമതി സുഭാഷിണി അലിയും ആയിരുന്നു. അയോധ്യയിൽ പ്രാണപ്രതിഷ്ഠയ്ക്ക് ക്ഷണം ലഭിച്ചപ്പോൾ അത് പ്രധാനമന്ത്രി ചെയ്യേണ്ട പണിയല്ലെന്ന് പറഞ്ഞുകൊണ്ട് ആ ക്ഷണം നിരസിക്കാൻ സി.പി.ഐ.(എം)-ന്റെ ജനറൽ സെക്രട്ടറിക്ക് യാതൊരു ആലോചനയുടെയും ആവശ്യമുണ്ടായിരുന്നില്ല. എന്നാൽ കോൺഗ്രസ് അക്കാര്യത്തിൽ ചെയ്തത് എന്താണ്? ദിവസങ്ങളുടെ കാത്തിരിപ്പിനുശേഷം പോകേണ്ടവർക്ക് പോകാം എന്ന രീതിയിലുള്ള അഴകൊഴമ്പൻ നിലപാടാണ് കോൺഗ്രസ് സ്വീകരിച്ചത്. അഴിമതി തൊട്ടുതീണ്ടിയിട്ടില്ലാത്ത ഭരണമായിരുന്നു കഴിഞ്ഞ പത്ത് വർഷം കാഴ്ചവച്ചത് എന്നായിരുന്നല്ലോ ബി.ജെ.പി.-യുടെ വീരവാദം.  ഇതിനെ പൊളിക്കാൻ കാര്യമായ

ആയുധമില്ലാതെ പ്രതിപക്ഷം നിസ്സഹായരായി നിൽക്കുമ്പോൾ തിരഞ്ഞെടുപ്പിന്റെ തൊട്ടുമുമ്പല്ലേ ഇലക്ടറൽ ബോണ്ട് റദ്ദാക്കിക്കൊണ്ടുള്ള സുപ്രീംകോടതിയുടെ വിധി വന്നത്. സ്വതന്ത്ര ഇന്ത്യ കണ്ടതിൽവച്ച് ഏറ്റവും വലിയ അഴിമതിയാണ് ഇലക്ടറൽ ബോണ്ടെന്ന് തുടക്കത്തിലേ ചൂണ്ടിക്കാണിച്ചുകൊണ്ട് മുമ്പിൽനിന്ന് നിയമപോരാട്ടം നടത്തുന്നതിന് സി.പി.ഐ.(എം) എന്ന പാർട്ടിയല്ലാതെ മറ്റാരെയെങ്കിലും നമ്മൾ കണ്ടിരുന്നോ; യഥാർത്ഥത്തിൽ ഈ തിരഞ്ഞെടുപ്പിന്റെ ശരിയായ ടേണിംഗ് പോയിന്റ് സുപ്രീംകോടതിയുടെ പ്രസ്തുത വിധി ആയിരുന്നില്ലേ? ബോണ്ട് മുഖാന്തരം ഭീമമായ തുക സംഭാവന സ്വീകരിച്ച കോൺഗ്രസ് പാർട്ടിക്ക് ദേശീയതലത്തിൽ ഈ വിഷയം ഉചിതമായ രൂപത്തിൽ ഉപയോഗിക്കാൻ കഴിഞ്ഞില്ല. ഇക്കാര്യങ്ങളൊക്കെയാണ് 'ഇടതുണ്ടെങ്കിലേ ഇന്ത്യയുള്ളൂ' എന്ന മുദ്രാവാക്യത്തിന്റെ പ്രസക്തിയും. തിരഞ്ഞെടുപ്പിൽ കേവലം നാല് സീറ്റ് ലഭിക്കാൻ മാത്രമുള്ളതല്ല രാഷ്ട്രീയം, അതിനുള്ള കളമൊരുക്കുന്നതും പ്രധാനമാണ്. വിതച്ചത് ഇടതുപക്ഷവും കർഷക സംഘടനകളും ആയിരുന്നെങ്കിലും കൊയ്തത് കോൺഗ്രസ് ആണെന്നതാണ് സത്യം.

ശ്രീ. അരവിന്ദ് കെജ്‌രിവാളിന്റെ അറസ്റ്റും രണ്ടാംഘട്ട പോളിംഗിനുശേഷം അദ്ദേഹത്തിന് ജാമ്യം ലഭിച്ചതും ഈ തിരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിച്ച നിർണ്ണായക ഘടകമായിരുന്നുവെന്നതിൽ ആർക്കും തർക്കമുണ്ടാകുമെന്ന് തോന്നുന്നില്ല. ഉത്തർപ്രദേശിലെയും മറ്റ് സംസ്ഥാനങ്ങളിലെയും അദ്ദേഹത്തിന്റെ തിരഞ്ഞെടുപ്പ് പ്രചാരണം 'ഇന്ത്യാ മുന്നണി'ക്ക് കാര്യമായ നേട്ടം ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. പക്ഷേ കോൺഗ്രസും ആം ആദ്മി പാർട്ടിയും സഖ്യത്തിൽ മത്സരിച്ച ഡൽഹിയിൽ പ്രസ്തുത ഘടകം എന്തുകൊണ്ട് തിരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിച്ചില്ല എന്നതിനുള്ള ഉത്തരം വളരെ ലളിതമാണ്. ശ്രീ. അരവിന്ദ് കെജ്‌രിവാളിനെതിരെ കേസെടുക്കണമെന്നും അറസ്റ്റ് ചെയ്യണമെന്നും ആവശ്യപ്പെട്ട് പ്രക്ഷോഭം നടത്തിയത് കോൺഗ്രസ് ആയിരുന്നില്ലേ? AAP-യുമായുള്ള സഖ്യത്തിൽ പ്രതിഷേധിച്ച് ഡൽഹി പി.സി.സി. അദ്ധ്യക്ഷൻ രാജിവച്ച് ബി.ജെ.പി.-യിൽ ചേർന്നു. ഇതേ ആവശ്യമല്ലേ ശ്രീ. രാഹുൽ ഗാന്ധിയും കോൺഗ്രസും കേരളത്തിലും ഉന്നയിച്ചത്. ആ വിഷയത്തിൽ മുഖ്യമന്ത്രി മറുപടി പറഞ്ഞു എന്നതല്ലേ അവർ വലിയ അപരാധമായി കാണുന്നത്? പുതിയ കേന്ദ്ര

മന്ത്രിസഭയിൽ കേരളത്തിൽനിന്നും രണ്ട് മന്ത്രിമാരുണ്ട്. അതിൽ തൃശ്ശൂരിൽ നിന്നുള്ള ശ്രീ. സുരേഷ് ഗോപി ജയിച്ചത് ആരുടെ ചെലവിലാണെന്ന് വോട്ടിംഗ് നില പരിശോധിച്ചാൽ മനസ്സിലാകും. തൃശ്ശൂരിൽ സി.പി.ഐ.(എം) വോട്ടിൽ വലിയ തോതിലുള്ള 'Erosion' ഉണ്ടായി എന്നാണ് പ്രതിപക്ഷനേതാവ് പറഞ്ഞിരിക്കുന്നത്. തൃശ്ശൂർ ഡി.സി.സി. ഓഫീസിൽ ഇപ്പോൾ നടക്കുന്ന കലാപരിപാടികൾ എന്തിന്റെ പേരിലാണെന്ന് അരിയാഹാരം കഴിക്കുന്ന ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. തൃശ്ശൂരിൽ ശ്രീ. സുരേഷ് ഗോപി ജയിച്ചത് ആരുടെ വോട്ടിന്റെ 'Erosion' കൊണ്ടാണെന്നതിൽ തൃശ്ശൂരിലെ കോൺഗ്രസുകാർക്ക് യാതൊരു സംശയവുമില്ല. രണ്ടാമത്തെ കേന്ദ്രമന്ത്രി രാജ്യസഭാംഗമായി തിരഞ്ഞെടുക്കപ്പെടുന്നത് ആരുടെ ചെലവിലായിരിക്കുമെന്ന് ഞാനായിട്ട് പറയുന്നില്ല. അതായത് ബി.ജെ.പി. മന്ത്രിസഭയിൽ കേരളത്തിൽനിന്നും രണ്ട് പ്രതിനിധികളെ ലഭിച്ചതിന്റെ ക്രെഡിറ്റ് കോൺഗ്രസിന് മാത്രം അവകാശപ്പെട്ടതാണ്, അതാണ് വസ്തുത.

അടുത്തതായി മുസ്ലീം ലീഗ് അംഗങ്ങളോട് ഒരു കാര്യം പറയാനുണ്ട്. ശബരിമലയിൽ തിരക്ക് അനുഭവപ്പെട്ടതിന്റെ പേരിൽ സംസ്ഥാന സർക്കാരിനെതിരെ യു.ഡി.എഫ്. എം.പി.-മാർ ഡൽഹിയിൽ ഗാന്ധി പ്രതിമയ്ക്കുമുമ്പിൽ പ്രതിഷേധിക്കുന്ന ഒരു ചിത്രം ഞാൻ കാണുകയുണ്ടായി. ഗ്യാൻവാപി മസ്ജിദ് പ്രശ്നത്തിൽ യു.ഡി.എഫ്. എം.പി.-മാരുടെ പ്രതിഷേധത്തിന്റെ ചിത്രവും ഞാൻ കാണുകയുണ്ടായി. എന്നാൽ ഇതിൽ കോൺഗ്രസിന്റെ ഒരൊറ്റ എം.പി.-യെയും കാണാനില്ലായിരുന്നു. ആ വിഷയത്തിൽ പ്രതിഷേധിക്കാനുണ്ടായിരുന്നത് ലീഗിന്റെ എം.പി.-മാർ മാത്രമാണ്. ഡൽഹിയിലെ കൊടുംതണുപ്പിൽ പ്രതിഷേധിക്കുന്ന ലീഗിന്റെ എം.പി.-മാർക്ക് ഒരു ചൂട് കട്ടൻകാപ്പി വാങ്ങിച്ചുകൊടുക്കുന്നതിനായിപ്പോലും ഒരൊറ്റ കോൺഗ്രസ് എം.പി.-യെയും അവിടെ കണ്ടില്ല. ശബരിമല പ്രക്ഷോഭകാലത്ത് നാരങ്ങാവെള്ളം കൊടുത്തവരാണെന്ന പരിഗണന കൊടുക്കാൻപോലും ഡൽഹിയിൽ കോൺഗ്രസ് എം.പി.-മാർ തയ്യാറായിട്ടില്ല. കേരളത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി സഭയിലോ പുറത്തോ പ്രതിഷേധിക്കുന്നതിനും യു.ഡി.എഫ്. എം.പി.-മാരെ നമ്മൾ

കണ്ടിട്ടില്ല, തുടർന്നും അക്കാര്യങ്ങളിൽ അവരെ കാണുമെന്ന പ്രതീക്ഷയും എനിക്കില്ല. കേരളം നശിച്ച് നാറാണക്കല്ലെടുക്കട്ടെയെന്നും ഭരണവിരുദ്ധ വികാരം ഉണ്ടാക്കി നാല് വോട്ട് കിട്ടുമോയെന്ന് നോക്കുന്നതുമാണ് ഇവരുടെ ലക്ഷ്യം.

പ്രസംഗത്തിനിടയിൽ നേരത്തെ ചിലകാര്യങ്ങൾ ഏതാനും എം.എൽ.എ.-മാർ സൂചിപ്പിക്കുകയുണ്ടായി. മുസ്ലീം പണ്ഡിതന്മാർ സർക്കാരുമായി നേരിട്ട് ആശയവിനിമയം നടത്തുന്നുവെന്നതാണ് വലിയ ഒരു അപരാധമായി ഉയർത്തിക്കാട്ടിയത്. മുമ്പ് അവർക്ക് ഇതിനൊന്നും അനുവാദമുണ്ടായിരുന്നില്ല, വിദ്യാഭ്യാസ വകുപ്പുമന്ത്രി പണ്ഡിതന്മാരെ സ്വീകരിക്കുന്നു, റൂമിലിരുത്തുന്നു. അത്തരത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ അംഗങ്ങൾ ചെയ്യാൻ പാടുണ്ടോയെന്ന ചോദ്യമാണ് ഉയർത്തുന്നത്. ഇതൊരു ഇരുതല മൂർച്ചയുള്ള വാളാണ്. പണ്ഡിതന്മാരോട് നിങ്ങൾക്ക് എന്നാണ് ഈ വിരോധം തോന്നിയത്? പൗരത്വ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പതിനാല് ജില്ലകളിലേയും ആളുകളുടെ യോഗം വിളിച്ചുചേർക്കുകയും പണ്ഡിതന്മാരെക്കൂടി അതിൽ പങ്കാളികളാക്കുകയും

ചെയ്തിരുന്നു. അങ്ങനെ പണ്ഡിതന്മാരെ നേരിട്ട് വിളിക്കാമോ, ഞങ്ങൾ മുഖേനയല്ലാതെ വിളിക്കാൻ പാടുണ്ടോയെന്നാണ് ഏതാനും ആളുകൾ ചിന്തിക്കുന്നത്. കോഴിക്കോട്ടുവച്ച് നടത്തിയ പൗരത്വ സമരത്തിൽ സമസ്ത പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ ഒരു പ്രസംഗം നടത്തിയെന്നതാണ് ഈ വിദ്വേഷത്തിനുള്ള വളരെ പ്രധാനപ്പെട്ട കാരണം. 'ഒരു അപകടാവസ്ഥ വരുമ്പോൾ, എന്തുചെയ്യണമെന്നറിയാതെ പകച്ചുനിൽക്കുമ്പോൾ, അവരെ ചേർത്തുപിടിക്കുകയെന്നതാണ് ഒരു ഭരണാധികാരി ചെയ്യേണ്ട ഉത്തരവാദിത്വം, ആ ഉത്തരവാദിത്വം നിർവ്വഹിച്ച അങ്ങാണ് യഥാർത്ഥത്തിൽ ഭരണാധികാരി' എന്നാണ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ പ്രസംഗിച്ചത്. അന്ന് തുടങ്ങിയതാണ് അവർക്ക് പണ്ഡിതന്മാരോടുള്ള വിദ്വേഷം. അതുകൊണ്ട് വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്, സമസ്തയുടെ പരിപാടികളിൽ ഇപ്പോൾ അധ്യക്ഷനും ഉദ്ഘാടകനും സമസ്തക്കാർ തന്നെയാണ്. മുമ്പ് അവർക്കുള്ള ചുമതല സ്വാഗതം പറയലും നന്ദി രേഖപ്പെടുത്തലും മാത്രമായിരുന്നു. ഇപ്പോൾ ആ രീതികളൊക്കെ മാറിക്കഴിഞ്ഞു. കഴിഞ്ഞ ദിവസം തിരുവനന്തപുരത്ത്

വലിയ ഒരു പരിപാടി നടന്നു. കാന്തപുരം എ. പി. അബൂബക്കർ മുസ്ല്യാരുടെ ആത്മകഥ പ്രകാശനം ചെയ്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പുസ്തകം ഏറ്റുവാങ്ങിയത് ബഹുമാനപ്പെട്ട തിരുവനന്തപുരം എം.പി. ഡോ. ശശി തരൂരുമായിരുന്നു. മഞ്ചേശ്വരം എം.എൽ.എ. ആ ചടങ്ങിൽ ഉണ്ടായിരുന്നതിനാൽ അദ്ദേഹത്തോട് ചോദിച്ചാൽ ബാക്കി കാര്യങ്ങൾ പറഞ്ഞുതരും. പണ്ഡിതന്മാരെ ബഹുമാനിക്കുന്നതും ക്ഷണിച്ചിരുത്തുന്നതും സ്വീകരിക്കുന്നതും വലിയ ഒരു വിഷയമായി അവതരിപ്പിച്ച് വെറുതെ പ്രശ്നമുണ്ടാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. പശ്ചിമ ബംഗാളിലേയ്ക്ക് നോക്കുവെന്ന് നിങ്ങൾ ഇടയ്ക്കിടയ്ക്ക് പറയാറുണ്ട്. മൂന്നോനാലോ പ്രാവശ്യം അവിടെ എം.പി.-യായിരുന്ന ബദറുദ്ദീൻ തയ്യിബ്ജിയെ നിങ്ങൾക്ക് അറിയാമോ; ഇപ്പോൾ അവിടെ മുസ്ലീം ലീഗിന് എം.പി. ഉണ്ടോ? എ. കെ. ഹസനുസമാൻ ഉൾപ്പെടെ നാല് മന്ത്രിമാർ പശ്ചിമ ബംഗാളിലുണ്ടായിരുന്നു. ഇപ്പോൾ അവിടെ ലീഗിന് മന്ത്രിമാരുണ്ടോ? അവിടെ മാത്രമാണോ, തിരുവനന്തപുരം, കൊല്ലം, എറണാകുളം എന്നിവിടങ്ങളിലുമുണ്ടായിരുന്നു, ഇപ്പോൾ ഇവിടെ എവിടെയെങ്കിലും ഉണ്ടോ? ഇന്നലെ ശ്രീ. കെ. ബാബു

(നെന്മാറ) ഇക്കാര്യം ചോദിച്ചപ്പോൾ വലിയ രീതിയിൽ ആക്ഷേപിച്ചുകൊണ്ടാണ് നിങ്ങൾ മറുപടി പറഞ്ഞത്. നമ്മെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ കാലത്തുണ്ടായത് വലിയ മാറ്റങ്ങളാണ്.

വർഗ്ഗീയ പ്രചാരണത്തെക്കുറിച്ച് പറയുകയാണെങ്കിൽ തെരുവംപറമ്പിലെ നിസ്കാരപായയേയും നബീസുവിനെയും എട്ടുംപൊട്ടും തിരിയാത്ത എട്ടുവയസുകാരിയെയും മുൻനിർത്തി ഇലക്ഷൻ പ്രചാരണം നടത്തിയിട്ടുള്ളവരാണ് നിങ്ങൾ. ഇല്ലാക്കഥകൾ പ്രചരിപ്പിക്കുന്ന ധാരാളമാളുകളുണ്ട്, അവർ ഞങ്ങളെ കാര്യങ്ങൾ പഠിപ്പിക്കേണ്ടതില്ല. പഴയ കാലമൊന്നുമല്ല ഇത്. പേരാമ്പ്ര പള്ളിക്ക് ബോംബ് എറിഞ്ഞുവെന്ന് പറഞ്ഞ് വലിയ പ്രശ്നമുണ്ടാക്കി. എല്ലാവരും അങ്ങോട്ടേയ്ക്ക് പോയി. പക്ഷെ പള്ളി കമ്മിറ്റി അതിനെ അനുകൂലിച്ചില്ല, അവർ എതിർത്തതുകൊണ്ട് നിങ്ങളുടെ ശ്രമം പരാജയപ്പെട്ടു. പഴയ കാലം മാറിപ്പോയി എന്ന് നിങ്ങൾ മനസ്സിലാക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. നവകേരള വികസനം യാഥാർത്ഥ്യമാകുന്നത് സാമൂഹ്യനീതിയിൽ ഊന്നിക്കൊണ്ടാകണമെന്ന് തെളിയിച്ച കാലമാണ് കടന്നുപോകുന്നത്. വ്യവസായരംഗത്തും സാമൂഹ്യനീതിയെ ഉയർത്തിപ്പിടിക്കാൻ നമുക്ക് സാധിക്കുന്നുണ്ട്. ചെറുകിട-ഇടത്തര-വൻകിട വ്യത്യാസമില്ലാതെ വ്യവസായരംഗം ഇന്ന് ലോകത്തിന് മുന്നിൽ തല ഉയർത്തി നിൽക്കുന്നുണ്ട്. 'ഒരു വർഷം ഒരു ലക്ഷം സംരംഭം' എന്ന പദ്ധതി മൂന്നുവർഷം പിന്നിടുമ്പോൾ സംരംഭങ്ങളുടെ എണ്ണം രണ്ടരലക്ഷം പിന്നിട്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി അഞ്ചരലക്ഷത്തോളം തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഇവിടെ പ്രധാനമായും മുൻഗണനകളെക്കുറിച്ചാണ് ചർച്ച നടത്തുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ മുൻഗണനകളിലൊന്ന് സംസ്ഥാന ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ പ്രഖ്യാപിച്ച 'അതിദരിദ്രരില്ലാത്ത കേരളം' എന്ന പദ്ധതിയാണ്. ഏകദേശം അറുപതിനായിരത്തിലധികം അതിദരിദ്രരെ കണ്ടെത്തിക്കൊണ്ട്, കേരളത്തിൽനിന്നും അതിദാരിദ്ര്യം തുടച്ചുനീക്കാൻ

നടത്തുന്ന പ്രവർത്തനങ്ങൾ ഈ ഗവൺമെന്റിന്റെ മുൻഗണനയാണ്. 18 മാസത്തെ പെൻഷൻ കുടിശ്ശിക ഉണ്ടായിരുന്നില്ല എന്ന് സ്ഥാപിക്കാനുള്ള പ്രതിപക്ഷത്തിന്റെ ശ്രമം ഞാൻ ഈ സഭയിൽ വന്ന അന്നുമുതൽ കേൾക്കാൻ തുടങ്ങിയതാണ്. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി സ്ഥാനമൊഴിയുമ്പോൾ, ഉണ്ടായിരുന്ന 18 മാസത്തെ പെൻഷൻ കുടിശ്ശിക ഇല്ലെന്ന് പറയാൻവേണ്ടി ഈ മൂന്ന് വർഷത്തിനുള്ളിൽ എത്ര സമയം നിങ്ങൾ വിനിയോഗിച്ചിട്ടുണ്ട്? എൽ.ഡി.എഫ്. സർക്കാരാണ് ഇപ്പോൾ പെൻഷൻ 1600 രൂപയാക്കി ഉയർത്തിയത്. ഇവിടെ നടക്കുന്ന ചർച്ച കാണുമ്പോൾ കേരളം സർവ്വതന്ത്ര സ്വതന്ത്ര പരമാധികാര പ്രദേശമാണെന്നാണ് കണക്കാക്കേണ്ടത്. കേരളം അതിന്റെ വിഭവത്തിൽ പ്രവർത്തിക്കുന്നതോടൊപ്പം ഭരണഘടനാപരമായി ലഭിക്കേണ്ട വിഭവവും സംസ്ഥാനത്തിന് ലഭിക്കണം. കേരളം സാധ്യമായ പരമാവധി വിഭവത്തിനപ്പുറത്ത് സമാഹരിച്ചുകൊണ്ട് നടത്തിയ നിരവധി പ്രവർത്തനങ്ങളുണ്ട്, ഞാൻ ഇപ്പോൾ അവ ഓരോന്നും വിശദീകരിക്കാൻ ശ്രമിക്കുന്നില്ല.

പി.എസ്.സി. വഴിയുള്ള നിയമനങ്ങളുടെ ഒരു ലിസ്റ്റ് അടുത്തകാലത്ത് പുറത്തുവരികയുണ്ടായി. അതിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി 2023 ജൂലൈ മുതൽ ഡിസംബർ വരെയുള്ള ആറ് മാസക്കാലയളവിൽ 32000 നിയമനങ്ങളാണ് നടത്തിയതെന്ന് പറയുന്നു. കേരളത്തിൽ മാത്രമായി പത്തൊമ്പതിനായിരത്തോളം നിയമനങ്ങൾ നടന്നുവെന്നതാണ് വസ്തുത. കഴിഞ്ഞ ആറ് മാസത്തിനിടയിൽ ഇന്ത്യയിലാകമാനം നടന്ന നിയമനങ്ങളിൽ 59 ശതമാനവും കേരളത്തിലാണ്. ഈ നിയമനങ്ങൾ എന്തുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽ നടക്കുന്നില്ല എന്ന പ്രശ്നമല്ല ചർച്ച ചെയ്യുന്നത്. തിരഞ്ഞെടുപ്പിന്റെ തൊട്ടുതലേദിവസം സ്വാഭാവികമായും പി.എസ്.സി. ലിസ്റ്റ് ക്യാൻസലാകുമ്പോൾ അതിന്റെ കദനകഥകൾ വിവരിക്കാൻവേണ്ടി നടത്തുന്ന പരിശ്രമങ്ങളാണ് നമ്മൾ കാണുന്നത്. അതിനുവേണ്ടിയുള്ള മാധ്യമങ്ങളുടെ ഇടപെടലുകൾ കാണുമ്പോൾ യാഥാർത്ഥ്യത്തിന് നേരെ നിങ്ങൾ കണ്ണടയ്ക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകും. ഇത്തരത്തിൽ തൊഴിൽ നൽകാതെ മറ്റ് സംസ്ഥാനങ്ങളും കേന്ദ്ര ഗവൺമെന്റും ചെയ്യുതുപോലെ അപ്രഖ്യാപിത നിയമന നിരോധനം

നിലനിർത്തിയിരുന്നുവെങ്കിൽ 1500 കോടി രൂപ ഈ ഗവൺമെന്റിന് ലാഭിക്കാൻ കഴിയുമായിരുന്നു എന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. 19000-ത്തോളം പേരെ ആറുമാസംകൊണ്ട് നിയമിച്ച്, അത്രകണ്ട് അധികച്ചെലവ് വരുത്താൻ സർക്കാർ മുന്നോട്ടുവരുന്നു എന്നുള്ളതാണ് ഞങ്ങളുടെ മുൻഗണന.

എന്റെ മണ്ഡലത്തിലെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിലവിൽ രണ്ട് പ്രധാനപ്പെട്ട കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ഒന്നര ഏക്കർ സ്ഥലത്ത് 'അമ്മയും കുഞ്ഞും' ബ്ലോക്കിന്റെ പ്രവൃത്തിയും ഒരേക്കർ സ്ഥലത്ത് 'സൂപ്പർ സ്പെഷ്യാലിറ്റി' ബ്ലോക്കിന്റെ പ്രവൃത്തിയും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആ കെട്ടിടനിർമ്മാണം നടത്തുന്നത് കേരളത്തിലെ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ നിലനിർത്തുന്നതിനും സൗകര്യപ്രദമായ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിനുംവേണ്ടിയാണ്. അത് ഞങ്ങളുടെ മുൻഗണന തന്നെയാണ്. ആ മുൻഗണനയെ നിങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ അത് പറയണം. ഞാൻ നേരത്തേ പറഞ്ഞല്ലോ, ഈ മുൻഗണനയ്ക്കുവേണ്ടിയുള്ള

അർഹമായ വിഭവം ലഭിക്കുന്നതിന് ആവശ്യപ്പെടാതെ, അതിനുവേണ്ടിയൊന്നും ചെയ്യാതെ നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമം ഒരു കൂട്ടുകെട്ടായി കേരളത്തിനകത്ത് രൂപപ്പെടുകയാണ്. ആ കൂട്ടുകെട്ടിൽ കേന്ദ്ര ഭരണകക്ഷിയും കേരളത്തിലെ പ്രതിപക്ഷവും ഒരുപറ്റം മാധ്യമങ്ങളുമുണ്ട്. അവർ ഒക്കച്ചങ്ങായിമാരായി സഞ്ചരിക്കുന്നതിനൊരു കാരണമുണ്ട്. ആ കാരണം വയനാട് മത്സരിക്കാൻ വരുന്ന ശ്രീമതി പ്രിയങ്ക വദ്രയുടെ ജീവിത പങ്കാളി റോബർട്ട് വദ്രയുമായി ബന്ധപ്പെട്ടതാണ്. ശ്രീ. റോബർട്ട് വദ്ര ഹരിയാനയിലെ റിയൽ എസ്റ്റേറ്റ് അഴിമതിയിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി ബി.ജെ.പി.-ക്ക് ഇലക്ടറൽ ബോണ്ട് വഴി കൊടുത്തത് 170 കോടി രൂപയാണ്. ഇതിന്റെ ലിസ്റ്റ് തിരഞ്ഞെടുപ്പിനിടയിലാണ് പുറത്തുവന്നത്. ഒന്നുകൂടി അന്വേഷിച്ചപ്പോൾ കേരളത്തിലെ പ്രധാനപ്പെട്ട ഒരു മാധ്യമ ഗ്രൂപ്പും ഈ നിലയിലുള്ള നടപടി സ്വീകരിച്ചതായി നമുക്ക് കാണാൻ കഴിയും. എം.ആർ.എഫ്. ആണ്, ഗ്രൂപ്പ് ഏതാണെന്ന് വിശദീകരിക്കേണ്ടതില്ലല്ലോ; അവരും ബി.ജെ.പി.-ക്ക് കൊടുക്കുകയാണ്. കേന്ദ്ര ഏജൻസികളെയൊന്നും നമുക്ക്

വിശ്വാസമുണ്ടായിട്ടല്ല, പക്ഷേ ഒന്നുമില്ലെങ്കിൽ എന്തിനാണ് കൈക്കൂലി കൊടുക്കുന്നത്? ഇത്തരത്തിൽ ഒക്കച്ചങ്ങായിമാരായി കേരളത്തിന്റെ താല്പര്യം തകർക്കാൻവേണ്ടി ശ്രമിക്കുന്ന യു.ഡി.എഫ്.-നും കേന്ദ്ര ഭരണകക്ഷിയായി കേരളത്തിന്റെ ആവശ്യങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന ബി.ജെ.പി.-ക്കെതിരായും വർഗ്ഗീയതയ്ക്കെതിരായുമുള്ള പോരാട്ടങ്ങൾ ഞങ്ങൾ തുടരുക തന്നെ ചെയ്യും. ജനങ്ങളെ ഞങ്ങൾ ബോധ്യപ്പെടുത്തും. ഡോർ ടു ഡോർ, ഫെയ്സ് ടു ഫെയ്സ് ബോധ്യപ്പെടുത്തലുകൾ തുടരുകതന്നെ ചെയ്യും. ഞങ്ങൾ ബി.ജെ.പി.-യുടെ വർഗ്ഗീയതയ്ക്കെതിരായ, സാമ്രാജ്യത്വ അനുകൂല നയങ്ങൾക്കെതിരായ പോരാട്ടങ്ങളിലാണ് നിൽക്കുന്നത്. ആ പോരാട്ടങ്ങൾ ഞങ്ങൾ തുടരുകതന്നെ ചെയ്യും.

മണ്ഡലത്തിലെ ഏതാനും കാര്യങ്ങൾ കൂടി സൂചിപ്പിക്കാനുണ്ട്. വടക്കാഞ്ചേരി മണ്ഡലത്തിലാണ് എസ്.ഐ.എഫ്.എൽ. (Steel and Industrial Forgings Limited) പ്രവർത്തിക്കുന്നത്. ചന്ദ്രയാൻ ദൗത്യത്തിലുൾപ്പെടെ നിരവധി പദ്ധതികൾക്ക് ഉപകരണങ്ങൾ നിർമ്മിച്ചുകൊടുത്ത ഒരു സ്ഥാപനമാണ് എസ്.ഐ.എഫ്.എൽ. അതിന്റെ മുന്നോട്ടുള്ള

പ്രവർത്തനത്തിനാവശ്യമായ 6 Ton Hammer (6 Ton Open Die Forging hammer) സ്ഥാപിക്കുന്നതിന് ഇത്തവണ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന 8 കോടി രൂപ പൂർണ്ണമായും നൽകണമെന്ന് ഈ ഘട്ടത്തിൽ ആവശ്യപ്പെടുകയാണ്. വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന 'പ്രാരംഭ ഇടപെടൽ കേന്ദ്ര' (ഡിസ്ട്രിക്റ്റ് ഏർലി ഇന്റർവെൻഷൻ സെന്റർ)-ത്തിൽ ഒരു സെൻസറി ഗാർഡൻ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെ കടന്നുപോയിട്ടും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിലും ഈ സർക്കാർ കാണിച്ച ആത്മാർത്ഥതയെ ആർക്കും ചോദ്യം ചെയ്യാൻ കഴിയില്ല. സാധാരണഗതിയിൽ നടത്തുന്ന തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങളല്ല, മറിച്ച് പാലിക്കാനുള്ള വാഗ്ദാനങ്ങൾ പ്രഖ്യാപിക്കുകയും അത്

നടപ്പിലാക്കുകയും ചെയ്ത പാരമ്പര്യമുള്ള മുന്നണിയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി. അതുകൊണ്ടായിരുന്നു 2016-ലെ ഭരണത്തിനുശേഷവും 2021-ൽ തുടർഭരണത്തിനുള്ള അവസരം കേരളത്തിലെ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നൽകിയത്. എന്നാൽ കഴിഞ്ഞ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് യു.ഡി.എഫ്. നടത്തിയ പ്രചണ്ഡ പ്രചാരണ വേളകളിൽ ഒരിക്കൽപ്പോലും കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ ജനങ്ങളോട് ചെയ്തിട്ടുള്ള വാഗ്ദാന ലംഘനത്തെക്കുറിച്ച് സൂചിപ്പിക്കുന്നതായി കണ്ടില്ല. അവരുടെ ആവനാഴിയിലെ അവസാന അസ്ത്രങ്ങളുമെടുത്ത് ഇടതുപക്ഷത്തിനെതിരായി പ്രയോഗിക്കുന്നതായാണ് നമുക്ക് അനുഭവപ്പെട്ടിട്ടുള്ളത്. കള്ളപ്പണം പിടിച്ചെടുത്ത് ഓരോ പൗരന്റേയും അക്കൗണ്ടിലേയ്ക്ക് 15 ലക്ഷം രൂപ വീതം നൽകുമെന്നാണ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ബി.ജെ.പി. പറഞ്ഞത്. എന്നാൽ ഒരു ചില്ലിക്കാശുപോലും നൽകാത്ത ആ നടപടി ചോദ്യം ചെയ്യപ്പെട്ടില്ല. ഓരോ വർഷവും രണ്ട് ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പറഞ്ഞിട്ട് അതിനും അവർക്ക് സാധിച്ചില്ല. യു.പി.എസ്.സി. മുഖേനയുള്ള നിയമനത്തിൽ കേന്ദ്ര

സർക്കാർ പുറകോട്ട് പൊയ്ക്കൊണ്ടിരിക്കുമ്പോൾ എല്ലാ പ്രതിസന്ധികൾക്കിടയിലും പി.എസ്.സി. മുഖേന ഏറ്റവും കൂടുതൽ നിയമനം നടത്തിയിട്ടുള്ള സംസ്ഥാനമാണ് കേരളം. 2016-ൽ നോട്ട് നിരോധനം നടത്തിയത് കള്ളപ്പണം പുറത്തുകൊണ്ടുവരാനാണെന്നാണ് കേന്ദ്ര സർക്കാർ പറഞ്ഞത്. പക്ഷെ പാവപ്പെട്ടവർ വിവാഹ-വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ബാങ്കിൽ നിക്ഷേപിച്ച പണം തിരിച്ചെടുക്കാൻ ചെന്നപ്പോൾ എടുക്കാൻ കഴിയാത്ത അവസ്ഥയാണുണ്ടായത്. എ.റ്റി.എം.-കൾക്ക് മുമ്പിൽ ക്യൂ നിൽക്കുന്ന ആളുകളെ പോലീസ് ലാത്തിച്ചാർജ്ജ് ചെയ്ത് നിയന്ത്രിക്കുന്ന ഒരവസ്ഥ സംജാതമായപ്പോൾ അതിനെതിരെ പ്രതികരിക്കാൻ ബാധ്യസ്ഥരായ യു.ഡി.എഫ്. അപ്പോഴും ഇടതുപക്ഷത്തിനെതിരായി തിരിയാനായിരുന്നു ശ്രമിച്ചതെന്ന ദുഃഖസത്യം നാം മറക്കരുത്. 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങൾ, 2019-ലെ കോവിഡ് മഹാമാരി എന്നിവ സംസ്ഥാനത്തെ സാമ്പത്തിക രംഗത്തെ തകർത്തെറിഞ്ഞു. കൂടാതെ മോദി സർക്കാരിന്റെ പ്രതികാരബുദ്ധിയോടുകൂടിയ പ്രവർത്തനങ്ങളും നമ്മുടെ സാമ്പത്തിക രംഗത്തിന് വലിയ ആഘാതമാണ് ഉണ്ടാക്കിയിട്ടുള്ളത്.

രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ തകർത്തെറിയുന്ന രീതിയിൽ സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട വിഹിതം നൽകുന്നതിനോ മഹാമാരികളുടെ പശ്ചാത്തലത്തിൽ കടമെടുപ്പിന് ഇളവുകൾ അനുവദിക്കുന്നതിനോ കേന്ദ്രം നടപടികൾ സ്വീകരിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെ സുസ്ഥിര വികസനത്തിന് സംസ്ഥാന സർക്കാർ നൽകുന്ന വലിയ സംഭാവനകളെ നാം തിരിച്ചറിയേണ്ടതുണ്ട്.

യു.ഡി.എഫ്. ഭരണത്തിൽ വ്യവസായത്തിന്റെ ശവപ്പറമ്പായി മാറിയ കേരളത്തെ പുനരുദ്ധരിക്കാൻ എൽ.ഡി.എഫ്. അധികാരത്തിൽ വരേണ്ടിവന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. തൊട്ടതെല്ലാം പൊന്നാക്കി മാറ്റിയ വ്യവസായ വകുപ്പുമന്ത്രിയെ ഈ അവസരത്തിൽ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വ്യവസായ രംഗം ഒരു മാന്ദ്യത്തിനുശേഷം വീണ്ടും ഉണർവിന്റെ പാതയിൽ കുതിച്ചുകൊണ്ടിരിക്കുകയാണ്. കോവിഡാനന്തരം ഈ സർക്കാർ 120000-ത്തോളം സംരംഭങ്ങൾക്കാണ് രജിസ്ട്രേഷനും സാമ്പത്തിക സഹായങ്ങളും നൽകിയത്. അതിലൂടെ അഞ്ചര

ലക്ഷത്തോളം ആളുകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യം ഈ പ്രതിസന്ധികൾക്കിടയിലും സംസ്ഥാനത്ത് ഉണ്ടാക്കിയെടുക്കാൻ നമ്മുടെ സർക്കാരിന് സാധിച്ചിട്ടുണ്ട്. വലിയ വ്യവസായ സംരംഭങ്ങൾ നമ്മുടെ സ്വപ്നമാണ്. പക്ഷെ നമ്മുടെ സംസ്ഥാനത്തിന്റെ ഭൂവിസ്തൃതിവച്ച് പരിശോധിച്ചാൽ നമുക്കതിൽ ഉപയോഗപ്പെടുത്താവുന്ന ഭൂമിയുടെ അളവ് വളരെ കുറവാണെന്ന യാഥാർത്ഥ്യത്തെ തിരിച്ചറിഞ്ഞുകൊണ്ട് നമ്മുടെ എച്ച്.ആർ. (ഹ്യൂമൻ റിസോഴ്സ്) സംവിധാനങ്ങളെ പരിപൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ടും നമുക്ക് എത്തിപ്പെടാൻ കഴിയുന്ന മേഖലകളേതെന്ന് തിരിച്ചറിഞ്ഞുകൊണ്ടും ഐ.റ്റി. മേഖലയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുമാണ് വ്യവസായ വകുപ്പ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ആ രംഗത്ത് വലിയ വിപ്ലവങ്ങൾ സൃഷ്ടിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. സൈബർ പാർക്കുകൾ സ്ഥാപിക്കുക മാത്രമല്ല എല്ലാം ഗവൺമെന്റിന് തന്നെ ചെയ്യണമെന്ന് വാശിപിടിക്കാതെ സ്വകാര്യ ഉടമസ്ഥതയിലൂടെ സൈബർ പാർക്കുകൾക്കും വ്യവസായ പാർക്കുകൾക്കും

അനുമതി നൽകിക്കൊണ്ടാണ് ഈ ഗവൺമെന്റ് പുതിയ മാതൃകകൾ സൃഷ്ടിച്ചതെന്ന് നമുക്കറിയാം. എന്റെ നാടായ കോഴിക്കോട് ഐ.റ്റി. വ്യവസായവുമായി ബന്ധപ്പെട്ട് സൈബർ പാർക്കിലുള്ള എല്ലാ മുറികളും പരിപൂർണ്ണമായി ബുക്ക് ചെയ്യപ്പെടുകയും അതിനുശേഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിച്ച സംവിധാനത്തിലും ഇപ്പോൾ ആർക്കും സ്ഥലം ലഭ്യമാകാത്ത ഒരു സാഹചര്യമുണ്ട്. കൂടുതൽ വ്യവസായ സംരംഭകർ ഐ.റ്റി. രംഗത്തേയ്ക്ക് വരാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ള പ്രദേശമെന്ന നിലയ്ക്ക് അതിന് അനുകൂല സാഹചര്യമൊരുക്കുന്നതിൽ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് ഒട്ടനവധി പദ്ധതികളുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. പ്രവാസി മലയാളികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ ലോക കേരള സഭ ഇക്കാര്യത്തിൽ ഒരു പുതിയ ചുവടുവയ്പ്പാണ്. ഏതാണ്ട് 130-ഓളം രാജ്യങ്ങളിലുള്ള മലയാളികളെ കോർത്തിണക്കി ലോക കേരള സഭയിൽ കൊണ്ടുവന്ന് അവരുടെ

അഭിപ്രായങ്ങൾ തുറന്നുപറയാനുള്ള വേദിയൊരുക്കി എന്നുമാത്രമല്ല 130 രാജ്യങ്ങളിലെ മലയാളികൾ തമ്മിൽ പരസ്പരം ബന്ധപ്പെടാനുള്ള സൗകര്യമൊരുക്കുകകൂടിയാണ് അതിലൂടെ ചെയ്തത്. അതോടൊപ്പംതന്നെ നിരവധി ബിസിനസ്സ് ആശയങ്ങൾ പങ്കുവയ്ക്കാനും സാധിച്ചു. അവരിൽ പലരും കേരളത്തിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് തയ്യാറാണെന്ന് അവിടെ പ്രഖ്യാപിക്കുകയുണ്ടായി. നമുക്കറിയാം, വിദേശ രാജ്യത്തേയ്ക്ക് പല ആവശ്യങ്ങൾക്കായി പോകുന്ന രാഷ്ട്രീയ പാർട്ടികളുടെ നേതാക്കന്മാരെ ഇരുകൈയും നീട്ടി സ്വീകരിക്കുന്നവരാണ് വിദേശ മലയാളികൾ. പക്ഷെ ദൗർഭാഗ്യമെന്ന് പറയട്ടെ, അവർ കേരളത്തിൽ വരുമ്പോൾ ഇവിടത്തെ പ്രതിപക്ഷം അവരെ സ്വീകരിക്കാൻ തയ്യാറാകുന്നില്ലെന്ന് മാത്രമല്ല അവരുടെ മാന്യതയെപ്പോലും ചോദ്യം ചെയ്യുന്ന തരത്തിലുള്ള ചില പ്രസ്താവനകളിറക്കുന്നുവെന്നത് ദൗർഭാഗ്യകരമാണ്. പക്ഷെ സന്തോഷകരമായ ഒരു വസ്തുത അവിടെയുമുണ്ട്. വിദേശ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന നിരവധി മലയാളി സംഘടനകൾ, മുസ്ലീം ലീഗിന്റെ

പ്രവാസി സംഘടനയായ KMCC (Kerala Muslim Cultural Centre), കോൺഗ്രസിന്റെ പ്രവാസി സംഘടനകൾ എന്നിവരെല്ലാം എല്ലാ തിട്ടൂരവും ലംഘിച്ചുകൊണ്ട് ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ തയ്യാറായത് വ്യാവസായിക സൗഹൃദ സംസ്ഥാനമായ കേരളത്തിന് ലഭിച്ച വലിയ അംഗീകാരമാണ്. ഉന്നതവിദ്യാഭ്യാസ-മെഡിക്കൽ വിദ്യാഭ്യാസ-ചികിത്സാ രംഗങ്ങളിൽ വലിയ സാധ്യതകളാണ് നമ്മുടെ മുന്നിലുള്ളത്. സ്വകാര്യ സർവ്വകലാശാലകളുൾപ്പെടെ പുതിയ വാതായനങ്ങൾ തുറന്നുകൊടുത്തുകൊണ്ട് നാം മുന്നോട്ട് കുതിക്കുകയാണ്. പരമ്പരാഗത മേഖലയ്ക്ക് കുറച്ചുകൂടി വിഹിതവും പ്രോത്സാഹനവും നൽകണമെന്ന് ഒരഭ്യർത്ഥനയുണ്ട്. ലോകമാകെ നിലനിന്നിരുന്ന മാന്ദ്യത്തിന്റെ കാലത്തിന് വിട നൽകിക്കൊണ്ട് കേരളവും വ്യാവസായിക രംഗത്ത് ഒരു കുതിപ്പിന് തുടക്കം കുറിച്ചിരിക്കുകയാണ്.

ക്ഷേമ പ്രവർത്തനങ്ങളിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയാണ് കേരളം. എന്നിട്ടുപോലും പ്രതിപക്ഷം ഇതിനെതിരായി ഇവിടെ

വാക്കൗട്ട് പ്രഹസനം സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ആരെ സുഖിപ്പിക്കാനാണെന്ന് ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ക്ഷേമ പെൻഷൻ 1600 രൂപ കൊടുക്കാൻ തയ്യാറായതാണോ ഞങ്ങൾ ചെയ്തിട്ടുള്ള തെറ്റ് എന്നത് പ്രതിപക്ഷം ഇവിടെ പറയേണ്ടതാണ്. ഏതാണ്ട് അഞ്ച് മാസത്തെ കുടിശ്ശികയുണ്ടെന്നുള്ള യാഥാർത്ഥ്യം ഉൾക്കൊണ്ടുതന്നെ എത്രയും പെട്ടെന്ന് കൊടുത്തുതീർക്കാൻ ഈ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും തയ്യാറാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. നേരത്തെ പറഞ്ഞിട്ടുള്ള വാക്കുകൾ പാലിച്ചിട്ടുള്ള സർക്കാരായതുകൊണ്ടുതന്നെ ജനങ്ങൾ അത് വിശ്വസിക്കുമെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് ഉറപ്പുണ്ട്. സംസ്ഥാനത്ത് ഒരാളും വിശന്നിരിക്കരുത് എന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനമായിരുന്നു. അതുകൊണ്ടായിരുന്നു 'വിശപ്പ് രഹിത കേരളം' പദ്ധതി വളരെ വ്യാപകമായി പ്രാവർത്തികമാക്കാൻ നമുക്ക് സാധിച്ചത്. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനത്തിനായി സ്കോളർഷിപ്പ് നൽകുന്ന പദ്ധതി ഈ സർക്കാർ നടപ്പിലാക്കിയതാണ്. വിദേശ വിദ്യാഭ്യാസ രംഗത്തേയ്ക്ക്

കൗമാരക്കാർ കുടിയേറുന്ന സാഹചര്യം ഇല്ലാതാക്കാൻവേണ്ടി, അവർ എന്തുകൊണ്ടാണ് വിദേശത്തേയ്ക്ക് കുടിയേറുന്നതെന്നത് സംബന്ധിച്ച് പഠനം നടത്തുകയും നമ്മുടെ സർവ്വകലാശാലകളിൽ വിദ്യാഭ്യാസത്തോടൊപ്പംതന്നെ സാങ്കേതിക അറിവുകൾ പകരാനും വ്യവസായത്തോട് താത്പര്യമുള്ള കുട്ടികളെ വ്യവസായികളായി വാർത്തെടുക്കാനുമുള്ള സംവിധാനം കൊണ്ടുവരുകയും ചെയ്ത് വ്യാവസായിക വിപ്ലവത്തിന് തുടക്കംകുറിച്ച സർക്കാരാണിത്. ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞാൻ പരിപൂർണ്ണമായും പിന്തുണയ്ക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. വ്യവസായ വകുപ്പിനുകീഴിൽ രേഖകൾകൊണ്ട് ഇന്ദ്രജാലം സൃഷ്ടിക്കുക എന്നതിനപ്പുറത്ത് യാഥാർത്ഥ്യബോധത്തോടുകൂടി നടപ്പാക്കുന്ന സംവിധാനങ്ങളെന്താണെന്നത് കൃത്യമായി നമ്മൾ അവലോകനം ചെയ്യേണ്ട കാര്യമാണ്. കേരളത്തിലെ വ്യാവസായിക രംഗം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയെക്കുറിച്ച് വ്യവസായികളോട് നേരിട്ട് സംസാരിച്ചാൽ ബഹുമാന്യനായ മന്ത്രിക്ക് ബോധ്യമാകുമെന്ന്

ഉറപ്പാണ്. ഇവിടെ ഗ്യാലറിയിൽ നമ്മുടെ ഉദ്യോഗസ്ഥരെല്ലാം ഇരിക്കുന്നുണ്ട്. നമ്മുടെ നാട്ടിൻപുറങ്ങളിൽപോലും ഒരു വ്യവസായ സംരംഭം ആരംഭിക്കാനാഗ്രഹിക്കുന്ന ഒരാൾക്ക് അത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത വിധത്തിലുള്ള ലോക്കുകളുണ്ടായിവരുന്നത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നാണെന്നുള്ള യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയേണ്ടതാണ്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഇവിടെ സംസാരിച്ചപ്പോൾ പെരുമ്പാവൂരിലെ ഒരു കഥ പറയുകയുണ്ടായി. എനിക്ക് പെരുമ്പാവൂരിൽ ഒരു സുഹൃത്തുണ്ട്. അദ്ദേഹത്തിന്റെ പ്ലൈവുഡ് സ്ഥാപനം മാസങ്ങളായി അടഞ്ഞുകിടക്കുകയാണ്. ഒരു കടലാസ് തുണ്ടിൽ ഒരാൾ എഴുതിക്കൊടുത്ത പരാതിയുണ്ടെങ്കിൽ കേരളത്തിലെ ഏത് വ്യവസായ സംരംഭവും അടച്ചുപൂട്ടാവുന്ന തരത്തിൽ ദുർബ്ബലമാണ് നമ്മുടെ സംവിധാനങ്ങൾ. അത് മാറ്റാതെയും വ്യാവസായിക രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങളെ നേരിട്ട് അഭിസംബോധന ചെയ്യാതെയും ഓട്ടയടയ്ക്കാൻ ശ്രമിക്കുന്ന എല്ലാ യത്നങ്ങളും പാഴ്വേലയാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മൾ മനസ്സിലാക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം നമ്മുടെ നാട്

മാറണമെന്നുള്ളതാണ്. നമ്മുടെ നാടിനാവശ്യമായ വ്യവസായമുണ്ടാകണം. അതിലൂടെ നാട് വളരണമെന്നത് നമ്മുടെ പൊതുവായ ആവശ്യമാണ്. അതിനുവേണ്ടി നമ്മളെല്ലാവരും മുൻകൈയെടുക്കേണ്ടതുണ്ട്. പക്ഷെ അടിസ്ഥാനപരമായ പ്രശ്നമെന്താണ്? ഇന്നും നോക്കുകൂലിയെന്നത് ഒരു യാഥാർത്ഥ്യമാണ്. നമ്മുടെ മൂക്കിനുതാഴെ നോക്കുകൂലി ചോദിക്കുന്ന ആളുകളെ തടയാൻ സാധിക്കാതെ നമ്മൾ ഉഴലുകയാണ്. ഈ ഘട്ടത്തിൽ വ്യാവസായിക രംഗത്ത് നമുക്കൊരു ബൂമിംഗ് ഉണ്ടാക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അത് യാഥാർത്ഥ്യബോധത്തോടെ നിർവ്വഹിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ തിരഞ്ഞെടുപ്പിലെ മഹാതോൽവിക്കിടയിലും ആ യാഥാർത്ഥ്യബോധം നിങ്ങൾക്കുണ്ടായില്ലെന്ന് നേരത്തെ ഒരു അംഗം ഇവിടെ പ്രസംഗിച്ചപ്പോൾ പറയുകയുണ്ടായി. അദ്ദേഹം വളരെ മനോഹരമായി ന്യായീകരിക്കുന്നത് 'ഇടതുണ്ടെങ്കിലെ ഇന്ത്യയുള്ളു' എന്ന കോമഡി പരസ്യ വാചകത്തെയാണ്. ആ കോമഡി അവിടെ നിൽക്കട്ടെ. ഞാനൊരു യാഥാർത്ഥ്യത്തിലേയ്ക്ക് നിങ്ങളെ ക്ഷണിക്കുകയാണ്. 24-ാം തീയതി തിരഞ്ഞെടുപ്പിന്റെ തലേദിവസം രണ്ട്

പത്രങ്ങളിൽ ഒരു പരസ്യം വരികയുണ്ടായി. രണ്ട് പത്രങ്ങളുടെയും ക്യാച്ച് വേഡ് ഒന്നാണ്. വോട്ടെടുപ്പിന്റെ തലേദിവസം നിശബ്ദ പ്രചാരണം നടത്തുന്നതിന്റെ ഭാഗമായി ഞാനൊരു വീട്ടിൽ പോയപ്പോൾ അവിടെ സുപ്രഭാതം പത്രമാണ് വാങ്ങുന്നത്. ആ പത്രത്തിൽ ഒരു സുന്ദരിയായ മഫ്തയിട്ട മുസ്ലീം കുട്ടിയുടെ ഫോട്ടോയുണ്ട്. 'ഇടത് ഉണ്ടെങ്കിലേ നമ്മുടെ ഇന്ത്യയുള്ളൂ' എന്നാണ് അതിന് താഴെ എഴുതിവച്ചിരിക്കുന്നത്. ഞാൻ ആ പത്രം കണ്ടു. അതുകഴിഞ്ഞ് ഞാൻ പെരിന്തൽമണ്ണ ടൗണിലെ ഒരു കോൺവെന്റിലേയ്ക്കാണ് പോയത്. അവിടെയെത്തിയപ്പോൾ ദീപിക പത്രമാണ് അവിടത്തെ ഡൈനിംഗ് ഹാളിലിരിക്കുന്നത്. അതിലെ ഒന്നാം പേജിൽ ആ മഫ്തയില്ല, ആ പെൺകുട്ടിയില്ല, ആ കലാപവുമില്ല. അവിടെ മണിപ്പൂരിലെ കുരിശുപള്ളികൾ തകർന്നടിഞ്ഞ ചിത്രമാണുള്ളത്. ഇത് നിങ്ങൾ സ്വന്തമായി ചെയ്തതാണോ അതോ നിങ്ങളുടെ പി.ആർ. ഏജൻസി ചെയ്തതാണോ എന്ന് ഞാൻ എന്റെ പ്രിയപ്പെട്ട ഇടതുപക്ഷ നേതാക്കളോട് ചോദിക്കുകയാണ്. അത് നിങ്ങൾ വ്യക്തമാക്കണം. പി.ആർ. ഏജൻസി ചെയ്തതാണെങ്കിൽ നിങ്ങളെ ഞാൻ കുറ്റം പറയില്ല. കാരണം മിക്കവാറും

ബി.ജെ.പി.-ക്കുവേണ്ടി പണിയെടുത്തവർ നേരെ കേരളത്തിൽ വന്നെടുത്ത പണിയായിരിക്കും. ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല. ഞാൻ ചോദിക്കട്ടേ, എന്താണ് ഇതിനർത്ഥം; നിങ്ങൾ എന്താണ് ഈ നാട്ടിലെ മുസ്ലീംങ്ങളെക്കുറിച്ച് വിചാരിക്കുന്നത്? മണിപ്പൂരിൽ കുരിശുപള്ളികൾ തകരുമ്പോൾ ഞങ്ങൾക്ക് സന്തോഷമാണെന്നാണോ; ഉത്തരേന്ത്യയിലെ കലാപത്തിൽ മുസ്ലീം പെൺകുട്ടികൾ പീഡനം ഏറ്റുവാങ്ങേണ്ടിവരുമ്പോൾ ഇവിടത്തെ ക്രിസ്ത്യാനികൾക്ക് സന്തോഷമാണെന്നാണോ നിങ്ങൾ പറഞ്ഞതിന്റെ അർത്ഥം? നിങ്ങൾ മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്നു എന്ന് ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി പ്രസംഗിച്ചപ്പോഴും പറയുകയുണ്ടായി. ഇതിനെക്കാൾ വലിയൊരു കോമഡി ഇനി പറയാനില്ലെന്നാണ് എനിക്ക് എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളോട് പറയാനുള്ളത്. നിങ്ങൾക്ക് വർഗ്ഗീയതയുണ്ടെന്നോ നിങ്ങൾ വർഗ്ഗീയവാദികളാണെന്നോ ഞാൻ ഒരിക്കലും പറയുന്നില്ല. സി.പി.ഐ.(എം.)-നെക്കുറിച്ച് അങ്ങനെയൊരു ആക്ഷേപവും ഉന്നയിക്കാൻ ഞാൻ തയ്യാറല്ല. പക്ഷെ ഓരോ തിരഞ്ഞെടുപ്പിലും ഇത്ര വൃത്തികെട്ട വർഗ്ഗീയത ഉപയോഗിക്കാൻ സി.പി.ഐ.

(എം.)-നോളം നാണംകെട്ട ഒരു പാർട്ടി കേരളത്തിലില്ലെന്ന് പറയേണ്ടി വരും. അതുകൊണ്ടാണ് ഈ തരത്തിലുള്ള പ്രചാരണങ്ങളുമായി നിങ്ങൾ വന്നത്. നിങ്ങൾ നോക്കൂ, വടകരയിൽ നമ്മൾ കണ്ട 'കാഫിർ'; കോഴിക്കോട് നമ്മൾ കണ്ട 'ഇക്ക'; എന്താണ് നിങ്ങളുടെ പരിപാടി? ഞാൻ ശ്രീമതി കെ. കെ. ലതികയുടെ ഫേസ്ബുക്ക് പോസ്റ്റ് നേരിട്ട് കടമെടുത്ത് പറയാം. 'എന്തൊരു വർഗ്ഗീയതയാണടോ ഇത്'. ഈ തിരഞ്ഞെടുപ്പ് കഴിഞ്ഞും നമ്മുടെ നാട് നിൽക്കണ്ടേ ശ്രീ. ലിന്റോ?

ചെയർപേഴ്സൺ: അങ്ങ് ചെയറിനെ നോക്കി സംസാരിക്കണം.

ശ്രീ. നജീബ് കാന്തപുരം: സർ, ശ്രീമതി കെ. കെ. ലതിക പറഞ്ഞ അതേ വാക്ക് ഞാൻ നിങ്ങളോട് തിരിച്ച് ചോദിക്കുകയാണ്. നിങ്ങൾ ഉടായിപ്പ് നടത്തിയതുകൊണ്ടാണ് തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ജനം പുതിയൊരു പരസ്യവാചകം നിങ്ങൾക്ക് നൽകുകയുണ്ടായത്. എന്താണെന്ന് അറിയാമോ? 'ഇടത് ഇല്ലെങ്കിലും ഒരു ചുക്കും' ഇല്ലെന്ന് ജനങ്ങൾ നിങ്ങളെ ബോധ്യപ്പെടുത്തുകയുണ്ടായി. എന്റെ പ്രിയപ്പെട്ടവരെ, വൃത്തികെട്ട വർഗ്ഗീയത നിങ്ങൾ പയറ്റുന്നുവെന്ന സങ്കടകരമായ കാര്യം ഞങ്ങൾ കാണുകയാണ്.

ഞങ്ങൾ ഈ തിരഞ്ഞെടുപ്പിൽ എന്താണ് ചെയ്തത്; ഞങ്ങൾ കൃത്യമായ രാഷ്ട്രീയമാണ് പറഞ്ഞത്. ഇന്ത്യ നിലനിൽക്കണമെങ്കിൽ കോൺഗ്രസ് നിലനിൽക്കണമെന്നാണ് ഞങ്ങൾ പറഞ്ഞത്. പിണറായി സർക്കാരിന്റെ കൊള്ളരുതായ്മകളെക്കുറിച്ചും ഭരണത്തിന്റെ വൈകല്യങ്ങളെക്കുറിച്ചുമാണ് ഞങ്ങൾ പറഞ്ഞത്. ഞങ്ങൾ സ്ഥാനാർത്ഥികളുടെ മതത്തെക്കുറിച്ചല്ല മെറിറ്റിനെക്കുറിച്ചാണ് പറഞ്ഞതെന്ന് നിങ്ങൾ ഓർമ്മിക്കണം. അവർ പാർലമെന്റിൽ എടുക്കുമെന്ന് ഉറപ്പുള്ള നിലപാടുകളെക്കുറിച്ചാണ് ഞങ്ങൾ പറഞ്ഞത്. ഞങ്ങൾ സംസാരിച്ചത് ബി.ജെ.പി.-യുടെ വർഗ്ഗീയതയെക്കുറിച്ചും വിഭജന രാഷ്ട്രീയത്തെക്കുറിച്ചുമാണ്. നിങ്ങൾ സംസാരിച്ചതോ, ശ്രീ. രാഹുൽ ഗാന്ധിയുടെ DNA-യെക്കുറിച്ചാണ്. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഒരു വാക്കുമാത്രം പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഇവിടെ സിക്കാർ മണ്ഡലത്തെക്കുറിച്ച് പറയുകയുണ്ടായി. എനിക്ക് വലിയ സന്തോഷമുണ്ട്. xxx xxx xxx xxx xxx+ ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾക്ക് നാല് സീറ്റ് പാർലമെന്റിലില്ല സുഹൃത്തുക്കളേ. നിങ്ങൾക്ക് ഒരേ ഒരു സീറ്റ് മാത്രമേ പാർലമെന്റിലുള്ളൂ അത് ശ്രീ. കെ. രാധാകൃഷ്ണന്റെ സീറ്റ്

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫ.നം.10674/ഇ.ബി./2024/നി.സെ.) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

മാത്രമാണ്. ബാക്കിയൊന്നുമില്ല. നമുക്ക് പരിശോധിക്കാം. രാജസ്ഥാനിലെ ശ്രീ. അമ്രാം റാം സിക്കാറിൽനിന്നാണ് ജയിച്ചത്. (....ബഹളം....) (....ബഹളം....) സത്യം പറയുമ്പോൾ ബഹളമുണ്ടാക്കേണ്ടി വരും.

ചെയർപേഴ്സൺ: അങ്ങ് പറഞ്ഞവസാനിപ്പിക്കൂ.

ശ്രീ. നജീബ് കാന്തപുരം: സർ, കഴിഞ്ഞ തിരഞ്ഞെടുപ്പിൽ മുപ്പതിനായിരം വോട്ട് മാത്രമാണ് ലഭിച്ചത്. (....ബഹളം....) വർഗ്ഗീയതകൊണ്ട് കളിക്കുമ്പോൾ ഇങ്ങനെയൊക്കെ പൊള്ളും. ..... (ബഹളം) ....

ചെയർപേഴ്സൺ: ബഹളം വച്ചാൽ കേൾക്കാൻ പറ്റില്ല. (....ബഹളം....) അദ്ദേഹം പറയുകയല്ലേ. അദ്ദേഹം സംസാരിച്ച് കഴിഞ്ഞിട്ട് നിങ്ങൾക്ക് പറയാം.

ശ്രീ. നജീബ് കാന്തപുരം: സർ, എനിക്ക് സമയം വേണം. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ രാജസ്ഥാനിലെ സിക്കാറിൽ നിങ്ങൾക്ക് കിട്ടിയത് കേവലം മുപ്പതിനായിരം വോട്ട് മാത്രമാണ്. ആ സിക്കാറിൽ നിങ്ങളെ വിജയിപ്പിച്ചത് ശ്രീ. രാഹുൽ ഗാന്ധിയാണ്....

ശ്രീ. മുരളി പെരുനെല്ലി: സർ, പോയിന്റ് ഓഫ് ഓർഡർ.......

ചെയർപേഴ്സൺ: പരിശോധിക്കാം... പറഞ്ഞ് അവസാനിപ്പിച്ചിട്ട് സമയം തരാം.

ശ്രീ. നജീബ് കാന്തപുരം: നിങ്ങളെ വിജയിപ്പിച്ചത് എത്ര വോട്ടിനാണെന്ന് അറിയാമോ? എഴുപതിനായിരം വോട്ടിന്. കോൺഗ്രസ്സിന് സ്വന്തമായുണ്ടായിരുന്നത് എത്ര വോട്ടാണെന്ന് അറിയാമോ? നാല് ലക്ഷം വോട്ടാണ്. (....ബഹളം....) എന്റെ സമയം അപഹരിച്ചിട്ടുണ്ട്. അതുകൊണ്ട് എനിക്ക് സമയം വേണം. അമ്രാം റാമിനെ ജയിപ്പിച്ചത് കോൺഗ്രസ്സാണ്. (....ബഹളം....)

ശ്രീ. മുരളി പെരുനെല്ലി: സർ,..........(ബഹളം).........

ചെയർപേഴ്സൺ: പോയിന്റ് ഓഫ് ഓർഡർ ആണെങ്കിൽ പരിശോധിക്കാം.

ശ്രീ. നജീബ് കാന്തപുരം: സർ, നമ്മൾ സാധാരണ ചില വീടുകളുടെ മുമ്പിൽ 'ശ്രീമുത്തപ്പൻ ഈ വീടിന്റെ കാവൽ' എന്ന് കാണാറുണ്ട്. സി.പി.ഐ.(എം).-കാരോട് പറയാനുള്ള ഒരേയൊരു കാര്യം, നിങ്ങളുടെ പാർട്ടി ഓഫീസിനുമുമ്പിൽ ഇനി 'ശ്രീ. രാഹുൽ ഗാന്ധി ഈ പാർട്ടിയുടെ

കാവൽ' എന്ന് ഒരു സ്റ്റിക്കർ ഉളക്കണം. അങ്ങനെ എഴുതിവയ്ക്കേണ്ട ഗതികേടിലല്ലേ നിങ്ങൾ. നിങ്ങളുടെ സ്ഥാനാർത്ഥിയെ തമിഴ്നാട് ഡിണ്ടിഗലിൽ ജയിപ്പിച്ചത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗാണ്. ഞങ്ങളുടെ പാർട്ടിക്ക് ഏറ്റവും ശക്തിയുള്ള ഒരു മണ്ഡലമാണ് ഡിണ്ടിഗൽ മണ്ഡലം. ആ മണ്ഡലത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അരിവാൾ ചുറ്റിക നക്ഷത്രത്തിലുള്ള സ്ഥാനാർത്ഥിയെ ഞങ്ങൾ ജയിപ്പിച്ചു. മുസ്ലീം ലീഗിന്റെയും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും അതുപോലെ ഡി.എം.കെ.-യുടെയും ദാനമാണത്. ശ്രീ. ആർ. സച്ചിദാനന്ദം ഡിണ്ടിഗലിൽനിന്നും വിജയിച്ച സ്ഥാനാർത്ഥിയാണ്. ശ്രീ. സു. വെങ്കടേശൻ മധുരയിൽ ജയിച്ച സ്ഥാനാർത്ഥിയാണ്. ഇതൊക്കെ നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ വോട്ടുകൊണ്ടല്ല ജയിച്ചത്. അതൊക്കെ ഞങ്ങളുടെ ദാനമാണെന്ന് നിങ്ങൾ മനസ്സിലാക്കണം. മൂന്ന് സീറ്റ് ഞങ്ങളുടെ ദാനമാണ്. ഒരു സീറ്റ് മാത്രമേ നിങ്ങൾക്ക് അവകാശപ്പെടാനുള്ളുവെന്ന് നിങ്ങൾ മനസ്സിലാക്കണം. **(....ബഹളം....)**

**<u>ചെയർപേഴ്സൺ</u>: അങ്ങ് കൺക്ലൂഡ് ചെയ്യണം.**

ശ്രീ. നജീബ് കാന്തപുരം: സർ, നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയോട് ഒരു ചെറിയ മര്യാദയെങ്കിലും കാണിക്കണം. ഇങ്ങനെയൊക്കെ ചെയ്ത ഒരു മനുഷ്യനെ അധിക്ഷേപിക്കാൻ കഴിയുന്നത് നിങ്ങളുടെ മര്യാദകേടെന്നല്ലാതെ എന്ത് പറയാൻ.

ചെയർപേഴ്സൺ: യെസ് ...യെസ്... അവസാനിപ്പിക്കൂ.

ശ്രീ. നജീബ് കാന്തപുരം: സർ, പ്രിയപ്പെട്ട സി.പി.ഐ.(എം.) കൂട്ടുകാരെ.. xxx xxx xxx xxx+ ..... (മൈക്ക് ഓഫ്).... (....ബഹളം....)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇവിടെ വളരെ തെറ്റായ പരാമർശത്തോടുകൂടിയാണ് ശ്രീ. നജീബ് കാന്തപുരം പ്രസംഗം അവസാനിപ്പിച്ചത്. മുമ്പ് ശ്രീ. എൻ. ഷംസുദ്ദീൻ ഇതേ കാര്യം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുസംബന്ധിച്ച് പരാമർശം നടത്തിയിരുന്നതാണ്. ഇപ്പോൾ 'xxx.....'., എന്നുള്ള അദ്ദേഹത്തിന്റെ അവസാനത്തെ പരാമർശം അതുതന്നെ ആവർത്തിച്ചിരിക്കുകയാണ്. അത് പിൻവലിക്കണം. രണ്ടാമത്തേത്,

+ xxx ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫ.നം.10674/ഇ.ബി./2024/നി.സെ.) സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു എം.എൽ.എ.-യെക്കുറിച്ച് 'XXXX....' എന്ന പരാമർശം നടത്തിയത് അങ്ങേയറ്റം തെറ്റാണ്. അത് അദ്ദേഹം പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: അൺ-പാർലമെന്ററിയായിട്ടുള്ള ഒരു വാചകവും സഭാ രേഖയിലുണ്ടാകില്ല. അത് പരിശോധിച്ച് നടപടി സ്വീകരിക്കും.

ശ്രീ. സി. സി. മുകുന്ദൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ രാജ്യത്ത് ഒരു പുതിയ കേന്ദ്ര ഗവൺമെന്റ് അധികാരത്തിൽ വന്നിരിക്കുന്നു. വലിയ തിരിച്ചടിയാണ് സംഘപരിവാറിനും ബി.ജെ.പി.-ക്കും ഇന്ത്യൻ ജനം നൽകിയത്. നോട്ട് നിരോധനംപോലുള്ള മണ്ടത്തരങ്ങളിലൂടെ ഈ രാജ്യത്തിന്റെ ചെറുകിട-ഇടത്തരം വ്യവസായ മേഖലയെ ആകെ തകർത്ത ബി.ജെ.പി.-യെ ജനം ഇത്തവണ ശിക്ഷിച്ചു. നാനൂറ് സീറ്റെന്ന ലക്ഷ്യം അവർക്ക് നേടാനായില്ല. കേവലം പത്തുവർഷംകൊണ്ട് രാജ്യത്തിന്റെ പൊതുകടം 200 ശതമാനത്തിലധികം വർദ്ധിച്ച ദുർഭരണമായിരുന്നു ബി.ജെ.പി. നടത്തിയത്. അദാനിക്കും അംബാനിക്കുംവേണ്ടി മാത്രം ഭരണം നടത്തിയ ശ്രീ. നരേന്ദ്ര മോദിയെ ജനം

കൈവിട്ടു. സ്വന്തം മണ്ഡലത്തിൽ ശ്രീ. നരേന്ദ്ര മോദിയുടെ ഭൂരിപക്ഷം കുത്തനെ കുറഞ്ഞു. വർഗ്ഗീയത പറഞ്ഞ് രാജ്യത്തെ ജനങ്ങളെ ഭിന്നിപ്പിച്ച് ഭരിക്കാനുള്ള സംഘപരിവാറിന്റെ തന്ത്രം ജനങ്ങൾ പൊളിച്ചുകളഞ്ഞു. മതേതര ഗവൺമെന്റ് ഇന്ത്യയിൽ ഭരണത്തിൽ വരണമെന്ന ആഗ്രഹമാണ് ജനങ്ങൾ പ്രകടിപ്പിച്ചത്. കാര്യങ്ങളുടെ യാഥാർത്ഥ്യം മനസ്സിലാക്കുന്നതിന് പകരം ഇടതുപക്ഷ ജനാധിപത്യമുന്നണിക്കെതിരായ ജനവിധിയെന്ന് പ്രചരിപ്പിക്കാനാണ് കേരളത്തിലെ കോൺഗ്രസ് ശ്രമിക്കുന്നത്. 2026-ലെ തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടി വീണ്ടും എൽ.ഡി.എഫ്. ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വരുമെന്നത് ഉറപ്പാണ്. കാരണം മോദി സർക്കാർ കോർപ്പറേറ്റുകളെ വഴിവിട്ട് സഹായിക്കുമ്പോൾ കേരളത്തിലെ ഇടതുപക്ഷ സർക്കാർ ചെറുകിട വ്യവസായങ്ങളെയടക്കം പ്രോത്സാഹിപ്പിക്കുകയാണ്. സാധാരണക്കാരെ സംരംഭകരാക്കാൻ സഹായിച്ച ഗവൺമെന്റാണിത്. കേരളത്തിൽ ഏകജാലക സംവിധാനംവഴി ഏതാനും നിമിഷങ്ങൾകൊണ്ട് വ്യവസായം ആരംഭിക്കാൻവേണ്ട അനുമതി നേടിയെടുക്കാൻ സാധിക്കും. ഈ രംഗത്തെ കാലഹരണപ്പെട്ട നിയമങ്ങൾ

സർക്കാർ പൊളിച്ചെഴുതി, അനുമതിക്കായി വർഷങ്ങൾ കയറിയിറങ്ങേണ്ട അവസ്ഥ ഇന്ന് കേരളത്തിലില്ല. കേരളത്തിന്റെ വ്യവസായ സൗഹൃദ റാങ്ക് 28-ൽ നിന്നും 15 ആയി മാറിയത് ഈ സർക്കാരിന്റെ കാലഘട്ടത്തിലാണ്. സംരംഭകരുടെ പരാതി പരിഹരിക്കാതെ പൂഴ്ത്തിവയ്ക്കാൻ ഒരു ഉദ്യോഗസ്ഥർക്കും ഇന്ന് കേരളത്തിൽ കഴിയില്ല. അങ്ങനെ ചെയ്താൽ പിഴ ശിക്ഷയുണ്ടാകാവുന്നവിധം നിയമം കർശനമാക്കിയ സർക്കാരാണ് കേരളം ഭരിക്കുന്നത്. ചെറുകിട വാണിജ്യമേഖലയിൽ പ്രത്യേക ശ്രദ്ധ ഈ സർക്കാർ നൽകിവരുന്നുണ്ട്. അതിനായി ഒരു പ്രത്യേക വാണിജ്യ വിഭാഗംതന്നെ രൂപീകരിക്കാൻ സർക്കാർ തയ്യാറായത് അഭിനന്ദനാർഹമാണ്. വിദ്യാർത്ഥികൾക്കും യുവാക്കൾക്കും സാമ്പത്തികമായി സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് പുറമെ വയോജനങ്ങളുടെ സുരക്ഷയുംകൂടി ഉറപ്പുവരുത്തുന്നത് സ്വാഭാവികമാണ്. നമ്മുടെ നാട്ടിൽ ഉറച്ച കുടുംബബന്ധമാണ് പൊതുവെയുള്ളതെങ്കിലും മുതിർന്ന പൗരന്മാരുടെ സംരക്ഷണം ഉറപ്പുവരുത്താൻ നമ്മൾ പ്രത്യേകം ജാഗ്രത കാണിക്കേണ്ടതുണ്ട്. 'വയോമിത്രം' പദ്ധതിക്കായി 27 കോടിയിലധികം രൂപയാണ് ഈ

ബഡ്ജറ്റിൽ വകയിരുത്തിയത്. വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണവും മാനസികോല്ലാസവും ഉറപ്പുവരുത്താനുള്ള പദ്ധതിയാണിത്. വയോജനങ്ങളെ സംരക്ഷിക്കുകയെന്നത് സംസ്കാരസമ്പന്നരായ ജനതയുടെ സ്വഭാവമാണ്. കേരളം അതിനൊരു മാതൃകയാണ്. വൃദ്ധരെ മാത്രമല്ല, സഹായം ആവശ്യമുള്ള എല്ലാവിഭാഗം ജനങ്ങളെയും ഈ സർക്കാർ ചേർത്തുപിടിക്കുന്നുണ്ട്. ഭിന്നശേഷിക്കാരെ സംരക്ഷിക്കാനുള്ള പദ്ധതിയാണ് 'അനുയാത്ര'. അതിനായി 20 കോടി രൂപ മാറ്റിവയ്ക്കുകയും പദ്ധതികൾ ആവിഷ്കരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. കിടപ്പുരോഗികളെ ശുശ്രൂഷിക്കുന്നവർക്ക് പെൻഷൻ നൽകുന്നതിനായുള്ള 'ആശ്വാസകിരണം' പദ്ധതിയും മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളെ സംരക്ഷിക്കുന്നതിനായുള്ള 'സ്നേഹപൂർവ്വം' പദ്ധതിയും ഏറെ മാതൃകാപരമാണ്. നികുതി വരുമാനം വർദ്ധിപ്പിക്കണമെങ്കിൽ ചെറുകിട-വാണിജ്യ രംഗത്തെ ശക്തിപ്പെടുത്തണം. അതിനുവേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. നികുതി വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ വലിയനേട്ടം കൈവരിക്കാൻ ഈ സർക്കാരിന് സാധിച്ചു. ഉന്നതവിദ്യാഭ്യാസ രംഗത്ത്

വിദ്യാർത്ഥികൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിന് വലിയ പ്രോത്സാഹനമാണ് ഈ സർക്കാർ നൽകുന്നത്. മാത്രമല്ല, വിദ്യാഭ്യാസത്തിനോടൊപ്പം തൊഴിൽ പരിശീലനത്തിനും സർക്കാർ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. നാലുവർഷ ബിരുദ സമ്പ്രദായം നിലവിൽ വരുന്നതോടെ വിദ്യാർത്ഥികൾക്ക് പഠനത്തിനോടൊപ്പം അവരുടെ കരിയറും ഉയർത്താനുള്ള സാഹചര്യമുണ്ടാകും. കാമ്പസുകളിൽ വ്യവസായ പാർക്കുകൾ ആരംഭിക്കാനുള്ള പദ്ധതിയും സർക്കാർ മുന്നോട്ടുവയ്ക്കുന്നു. ഈ സാമ്പത്തിക വർഷംതന്നെ 25 കാമ്പസുകളിൽ 25 വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് മന്ത്രിസഭ തീരുമാനിച്ചിരിക്കുകയാണ്. വ്യവസായ മേഖലയിലും വിദ്യാഭ്യാസ രംഗത്തും വലിയ മാറ്റംകൊണ്ടുവരാൻ ഈ നടപടികളിലൂടെ സാധിക്കും. പഠനത്തോടൊപ്പം വരുമാനം ആഗ്രഹിക്കുന്ന ഒരു തലമുറയ്ക്ക് കേരളത്തിൽത്തന്നെ അതിനുള്ള അവസരം ഒരുക്കുകയാണ്. ഇതിലൂടെ രാജ്യത്തിനാകെ മാതൃകയാകാൻ നമ്മുടെ നാടിന് സാധിക്കുന്നു. കേന്ദ്രഗവൺമെന്റ് സാമ്പത്തികമായി കേരളത്തെ ഞെരുക്കുമ്പോൾ കേരള സർക്കാർ ഇത്തരം സേവന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയി

വ്യവസായ രംഗത്ത് മാതൃക സൃഷ്ടിക്കുകയാണ്. നാട്ടിക നിയോജകമണ്ഡലത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് ധാരാളം വിഷയങ്ങൾ സൂചിപ്പിക്കാനുണ്ടെങ്കിലും സമയക്കുറവുള്ളതുകൊണ്ട് പറയാൻ സാധിക്കുന്നില്ല. എങ്കിലും ധനാഭ്യർത്ഥനയിൽ വന്നിട്ടുള്ള എല്ലാകാര്യങ്ങൾക്കും പിന്തുണ നൽകി എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. എച്ച്. സലാം: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കേരളത്തിലെ വ്യവസായ മേഖലയെ കാലത്തിനനുസൃതമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന വളരെ പ്രധാനപ്പെട്ട നിലപാടുകളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. നമ്മുടെ നാടിന്റെ സാമ്പത്തിക മികവിനായി നിശ്ചയമായും നമുക്കിനി ആശ്രയിക്കാൻ കഴിയുന്നത് വ്യവസായ മേഖലയെയാണ്. കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിച്ച് മുന്നോട്ടുവരുന്ന നിലയിൽനിന്ന് കാർഷിക ഉൽപ്പന്നത്തെ അടിസ്ഥാനമാക്കി മൂല്യവർദ്ധിത സംരംഭങ്ങളിലേയ്ക്ക്

കടന്ന് അതുൾപ്പെടെ ഉപയോഗപ്പെടുത്തിയുള്ള വ്യവസായ വികസനം സാധ്യമാക്കുകയെന്നത് കേരളത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കേന്ദ്ര സർക്കാർ നമുക്കെതിരെ നിലപാട് സ്വീകരിക്കുമ്പോഴും അതിന്റെ ഭാഗമായി പ്രയാസങ്ങൾ അനുഭവിക്കുമ്പോഴും നമുക്ക് സ്വന്തംകാലിൽ നിൽക്കാൻ കഴിയുന്ന നിലയിൽ മുന്നോട്ടുപോകണമെങ്കിൽ നിശ്ചയമായും വ്യവസായ പുരോഗതി ആവശ്യമാണ്. ഈ ലക്ഷ്യം മുൻനിർത്തിക്കൊണ്ടാണ് ഇടതുപക്ഷ മുന്നണിയുടെ ഒന്നും രണ്ടും പിണറായി ഗവൺമെന്റുകൾ കൃത്യമായ വ്യവസായ നയം നിശ്ചയിച്ചത്. ലോകത്തിന്റെ ശാസ്ത്ര പുരോഗതിക്കനുസരിച്ച് നമ്മുടെ വ്യവസായ മേഖലയെ ഏതെല്ലാം രീതിയിൽ മെച്ചപ്പെടുത്തിയെടുക്കാൻ കഴിയുമോ അതെല്ലാം ഗൗരവമായി ആലോചിച്ചുകൊണ്ടാണ് നിലപാടുകൾ സ്വീകരിച്ചത്. അതിന്റെ ഭാഗമായുണ്ടായ പുരോഗതി നമുക്കിന്ന് ദർശിക്കാൻ കഴിയുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ടത്. നമ്മുടെ സ്കൂൾ യൂണിഫോം മുതൽ ചാന്ദ്രയാൻ ദൗത്യമെന്ന മികവിന്റെ ഉന്നതിയിലേയ്ക്കുവരെ കേരളത്തിന്റെ വ്യവസായ മേഖല വളർന്നുകഴിഞ്ഞുവെന്നുള്ളത്

നമുക്കെല്ലാവർക്കും അഭിമാനത്തോടുകൂടി പറയാൻ സാധിക്കുന്നതാണ്. പഴമയുടെയും പാരമ്പര്യത്തിന്റെയും ഭാഗമായ കൈത്തറി വ്യവസായത്തിൽ പ്രയാസങ്ങൾ നേരിട്ട ഘട്ടത്തിൽ ആ പ്രതിസന്ധി പരിഹരിക്കുന്നതിന് കൈത്തറി സ്കൂൾ യൂണിഫോം എന്ന പദ്ധതി ആവിഷ്കരിച്ചു. ഇവിടെ പ്രതിപക്ഷം കെൽട്രോണിനെ ആക്ഷേപിച്ച് സംസാരിക്കുകയും ആ സ്ഥാപനത്തെ ഇല്ലായ്മ ചെയ്യാൻ മാധ്യമ സഹായത്തോടുകൂടി ഒരുപാട് ശ്രമങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. പക്ഷെ കേരളത്തിലെ ഗവൺമെന്റ് 395 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി കെൽട്രോണിനെ പുനരുദ്ധരിക്കാൻ ശ്രമിച്ചതിന്റെ ഫലമായിട്ടാണ് അഭിമാനകരമായ ചാന്ദ്രയാൻ ദൗത്യത്തിൽ നമുക്കുമൊരു പങ്കുണ്ടാക്കാൻ സാധിച്ചത്. ഇങ്ങനെ കേരളത്തിന്റെ വ്യവസായ മേഖലയിൽ ഏതെല്ലാം നിലയ്ക്കാണ് നമ്മൾ മുന്നോട്ടുപോകുന്നത്. മറ്റ് പല മേഖലകളിലുമുള്ളതുപോലെ കേന്ദ്രത്തിന്റെ അവഗണന ഇവിടെയും അനുഭവിക്കുന്നുണ്ട്. നമ്മുടെ വ്യവസായ പുരോഗതിക്കായി കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ രണ്ട് നോഡുകളിലായി 1400 ഏക്കർ ഭൂമിയേറ്റെടുത്തു. പക്ഷെ കേന്ദ്ര

ഗവൺമെന്റിൽനിന്നും ലഭിക്കേണ്ട അനുമതി ലഭിക്കുന്നില്ല. കുറേക്കാലത്തിനുശേഷം മലയാള മനോരമ ദിനപത്രം അക്കാര്യം റിപ്പോർട്ട് ചെയ്തതിൽ സന്തോഷമുണ്ട്. കേന്ദ്ര 'ഇടനാഴി'യിൽ കുടുങ്ങി വ്യവസായം എന്നാണ് മനോരമ റിപ്പോർട്ട് ചെയ്തത്. അങ്കമാലിയിലെ ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റി (ഗിഫ്റ്റ് സിറ്റി)യുടെ അനുമതിക്കുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണ്ടും കേന്ദ്രത്തിലേയ്ക്ക് കത്തെഴുതിയിരിക്കുകയാണ്. ഭൂമിയേറ്റെടുക്കാനായി കിഫ്ബി-യിൽനിന്നും 840 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. ഇത്തരം പദ്ധതികളുടെ ഉയർച്ചയെന്നത് അടിസ്ഥാനപരമായിത്തന്നെ കേരളത്തിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയുന്ന വ്യവസായ പുരോഗതിയാണ്. പാലക്കാട് ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ (ഐ.എം.സി.)-ന് കേന്ദ്രം ഇപ്പോഴും അനുമതി നൽകിയിട്ടില്ല. വ്യവസായത്തെക്കുറിച്ച് നേരത്തെ ബഹുമാനപ്പെട്ട പെരിന്തൽമണ്ണ അംഗം സംസാരിക്കുമ്പോൾ ഒരു പ്ലൈവുഡ് ഫാക്ടറിയുടെ അനുമതിയെക്കുറിച്ചാണ് പറഞ്ഞത്. 1400 ഏക്കർ സ്ഥലമേറ്റെടുത്ത പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് തടസ്സമുണ്ടാക്കുന്നുവെന്ന കാര്യത്തെക്കുറിച്ച്

ഒരു വാക്കെങ്കിലും അദ്ദേഹം ഇവിടെ പറയണ്ടേ; വ്യവസായ രംഗത്തെ അടിസ്ഥാന സൗകര്യവികസനം സൃഷ്ടിക്കാൻ കിൻഫ്ര വഴി വളരെ വലിയ സൗകര്യമാണുണ്ടാക്കുന്നത്. 393 യൂണിറ്റുകൾക്കായി 211.34 ഏക്കർ ഭൂമി 534671 Sq.ft. ഇതിനോടകം അലോട്ട് ചെയ്തുകഴിഞ്ഞിരിക്കുന്നു. പടിപടിയായി മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് കേരളത്തിലെ വ്യവസായത്തെ ഉയർത്താൻ ശക്തമായ നിലപാടാണ് വ്യവസായ വകുപ്പ് സ്വീകരിക്കുന്നത്. ടി.സി.എസ്., ടാറ്റാ എലക്സി, വി-ഗാർഡ്, അഗാപേ, ഹൈക്കോൺ, വിൻവിഷ് ടെക്നോളജി, ഷിപ്പിംഗ് കോ. തുടങ്ങി ധാരാളം അന്താരാഷ്ട്ര കമ്പനികൾ കേരളത്തിന്റെ വ്യവസായ മേഖലയിലേയ്ക്ക് കടന്നുവന്നിരിക്കുന്നുവെന്നത് ചെറിയ കാര്യമല്ല. അമ്പലമുകളിൽ 481 ഏക്കറിൽ 1200 കോടി രൂപ മുടക്കിയാണ് പെട്രോ കെമിക്കൽ പാർക്ക് നിർമ്മിക്കുന്നത്. ഇങ്ങനെ നോക്കിയാൽ വ്യവസായത്തിന്റെ വൈവിദ്ധ്യവത്കരണം, കാലത്തിനനുസൃതമായ പദ്ധതികൾ ഇതെല്ലാം രൂപകൽപ്പന ചെയ്യപ്പെടുകയെന്നുള്ളത് ഭാവനാപൂർണ്ണമായി ഒരു വകുപ്പിനെ നയിക്കുന്നതിന്റെ തെളിവാണ്. ഒരു സർക്കാരിന്റെ കാലത്തിനനുയോജ്യമായ

കാഴ്ചപ്പാടാണ്. ഏത് നിലയിൽ നോക്കിയാലും അത് കാണാൻ സാധിക്കും. നമ്മൾ അഭിമുഖീകരിക്കുന്ന തൊഴിലില്ലായ്മ എന്ന വിഷയം സർക്കാർ സർവ്വീസ് കൊണ്ടുമാത്രം നമുക്ക് പരിഹരിക്കാൻ സാധിക്കില്ല. സ്വാഭാവികമായും വ്യവസായ വികസനത്തിലൂടെ പുതിയ ജോലി സാധ്യതകൾ കണ്ടെത്തി നമ്മുടെ യുവജനങ്ങൾക്ക് ജോലി ലഭ്യമാക്കുന്ന നിലയിലേയ്ക്ക് വളർത്തുകയെന്നുള്ളതാണ്. അതിന്റെ ഭാഗമായി ഡിജിറ്റൽ മേഖലയിൽ 20 ലക്ഷം പേർക്ക് ജോലി കൊടുക്കാനുള്ള പദ്ധതി പ്രഖ്യാപിച്ച് 108242 പേർക്ക് ജോലി നൽകി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയ പ്ലാറ്റ്ഫോമിന്റെ പ്രാഥമിക രൂപം തയ്യാറാക്കി. ഇങ്ങനെ പുതിയ ശാസ്ത്ര വളർച്ചയ്ക്കനുസരിച്ച് നമുക്കെങ്ങനെ മുന്നോട്ടുപോകാൻ കഴിയുമെന്ന കാര്യം വ്യവസായ വകുപ്പിന്റെ ഓരോ മേഖലയും പരിശോധിച്ചാൽ മനസ്സിലാകും. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഹബ്ബായി കേരളത്തെ മാറ്റാനുള്ള പരിശ്രമം ഗവൺമെന്റ് നടത്തുകയാണ്. ഡിജിറ്റൽ യൂണിവേഴ്സിറ്റി വികസിപ്പിച്ച കേരളത്തിലെ ആദ്യത്തെ എ.ഐ. ചിപ് (കൈരളി)-ന്റെ പരീക്ഷണങ്ങൾ ഇപ്പോൾ നടന്നുവരുന്നു. നമ്മുടെ

മുന്നിലേയ്ക്ക് ശാസ്ത്രം വളർത്തിക്കൊണ്ടുവന്ന അറിവുകൾ ഏതെല്ലാം രീതിയിൽ ഈ കേരളത്തിന്റെ വളർച്ചയ്ക്ക് ഉപയോഗപ്പെടുമെന്ന കൃത്യമായ കാഴ്ചപ്പാട് വയ്ക്കാൻ നമുക്ക് സാധിക്കുന്നു. സ്റ്റാർട്ടപ്പുമായി ബന്ധപ്പെട്ട് വളരെയേറെ മുന്നോട്ടുപോയിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ 300 സ്റ്റാർട്ടപ്പുകളുണ്ടായിരുന്നത് ഇപ്പോൾ 5300 ആയി. നമ്മുടെ മൂന്ന് ഐ.ടി. പാർക്കുകളിലായി 65200 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2016-നുശേഷം ഐ.ടി. സ്പേസ് 91.69 ലക്ഷം ചതുരശ്ര അടിയായി വർദ്ധിച്ചു. ഫാർമസ്യൂട്ടിക്കൽ വ്യവസായം, കെ.എസ്.ഡി.പി. (Kerala State Drugs and Pharmaceutical Limited) ആലപ്പുഴ ജില്ലയിലാണ് സ്ഥിതിചെയ്യുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് കെ.എസ്.ഡി.പി. പൂട്ടാൻ തീരുമാനിച്ചിരുന്നതാണ്. അന്ന് അവിടെ നിർമ്മിക്കുന്ന മരുന്നുകൾ കേരളത്തിലെ ആരോഗ്യവകുപ്പ് വാങ്ങാൻ തയ്യാറല്ലായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിച്ചതിന്റെ ഫലമായി അവർ നിർമ്മിക്കുന്ന മരുന്ന് ആരോഗ്യവകുപ്പ് വാങ്ങാൻ തീരുമാനിച്ചു. 40 ഇനങ്ങളുണ്ടായിരുന്നത് ഇപ്പോൾ 92 ഇനങ്ങളായി ഉല്പാദനം വർദ്ധിപ്പിക്കാൻ

കെ.എസ്.ഡി.പി.-ക്ക് കഴിഞ്ഞിരിക്കുന്നു. Non-beta lactam മരുന്നുകളുടെ പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ച് ഉല്പാദനം ആരംഭിച്ചു. 231 കോടി രൂപയുടെ കിഫ്ബി ഫണ്ടുപയോഗിച്ച് ഓങ്കോളജി ഫാർമ നിർമ്മിക്കാനാവശ്യമായ പദ്ധതിയാവിഷ്കരിച്ച് പ്രഖ്യാപിക്കുകയും അതിനായി ഫണ്ട് മാറ്റിവയ്ക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. അന്തിമഘട്ടത്തിലാണ്. ഈ സാധ്യത കേരളത്തിലെ വ്യവസായ വളർച്ചയ്ക്ക് ഇനിയും പ്രയോജനപ്പെടുത്താൻ കഴിയും. അഖിലേന്ത്യാ കണക്ക് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ മെഡിസിൻ വില്പന നടക്കുന്ന സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. സ്വാഭാവികമായും ഈ മേഖലയെ ഇനിയും നമുക്ക് മെച്ചപ്പെട്ട നിലയിലെത്തിക്കാൻ കഴിയും. കാർഷിക മൂല്യവർദ്ധിത ഉല്പാദനം നടത്താനായി ശ്രമമുണ്ട്. അഗ്രോ പാർക്ക്, റൈസ് ടെക്നോളജി പാർക്ക്, കാർബൺ ന്യൂട്രൽ കോഫി പാർക്ക്, മെഗാ ഫുഡ് പാർക്ക്, സ്പൈസസ് പാർക്ക്, നാളികേര പാർക്ക് ഇങ്ങനെ വൈവിധ്യപൂർണ്ണമായ നിരയിലേയ്ക്ക് നമ്മുടെ വ്യവസായ മേഖലയെ കൊണ്ടുപോകാൻ കഴിയുന്നു. സംരംഭകത്വ വർഷത്തിന്റെ ഭാഗമായുള്ള കാര്യങ്ങൾ നേരത്തെ ഇവിടെ പറഞ്ഞു,

ആവർത്തിക്കേണ്ടതായിട്ടില്ല. ഒരുലക്ഷം സംരംഭകരെ ലക്ഷ്യം വച്ചത് ഒന്നരലക്ഷം കടന്നിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ മികവോടെ ഉയർന്നുവരുന്നുവെന്നകാര്യം നിശ്ചയമായും നമുക്ക് കാണാൻ കഴിയുന്നു. ഇങ്ങനെയെല്ലാം വ്യത്യസ്തമായ വ്യവസായ മേഖലകൾ നമുക്ക് ഉയർത്തിക്കൊണ്ടുവരാൻ കഴിയുന്നു. അതിനോടൊപ്പം നമുക്ക് ഗൗരവമായി ശ്രദ്ധിക്കേണ്ട മേഖല പരമ്പരാഗത വ്യവസായ മേഖലയാണ്. ആലപ്പുഴയുൾപ്പെടെ കയർ വ്യവസായത്തിന്റെ നാടാണ്. കയർ വ്യവസായ മേഖലയിലുണ്ടാകുന്ന പ്രയാസങ്ങൾ തരണം ചെയ്യാൻ വ്യവസായ വകുപ്പ് ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ട്. അതിന് സാധാരണ കയർ തൊഴിലാളിയുടെ ഉപജീവനവും വരുമാനവുമാണ് മുഖ്യ പരിഗണനയായി വരേണ്ടത്. അത് കേവലം അക്കാദമിക് പഠനമായി മാത്രം പരിമിതപ്പെടാൻ പാടില്ല. ആ മേഖലയിലെ പ്രതിസന്ധിയെല്ലാം സ്വാഭാവികമായും നമുക്കറിയാം. തമിഴ്നാട്ടിൽ കേരളത്തിലുള്ളതിനെക്കാൾ പ്രൊഡക്ഷൻ കോസ്റ്റ് കുറവാണ്. പക്ഷെ കേരളത്തിൽ അങ്ങനെ സാധിക്കുന്നില്ല. അതിലൊരു ഘടകം കേരളത്തിലെ കൂലി വർദ്ധനയാണെന്ന് എതിരാളികൾ

പറയാറുണ്ട്. പക്ഷേ കേരളത്തിലെ പാവപ്പെട്ട തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലിയുണ്ടായത് ഈ നാട്ടുയർത്തിക്കൊണ്ടുവന്ന ശക്തമായ സമരത്തിന്റെയും രാഷ്ട്രീയ സംസ്കാരത്തിന്റെയും ഭാഗമായാണ്. രണ്ടാം കയർ പുനഃസംഘടനയുടെ ഭാഗമായി കുറെയധികം കാര്യങ്ങൾ ചെയ്തു. പരമ്പരാഗത തറി മാറ്റി യന്ത്രവൽകൃത തറി സാധ്യമാക്കി ഉല്പാദനക്ഷമത വർദ്ധിപ്പിച്ചു. ഡിമാൻഡില്ലാത്ത ഉല്പന്നമുണ്ടാക്കുന്നുവെന്നതാണ് ഇപ്പോൾ വരുന്ന ആക്ഷേപം. എന്നാൽ പരമ്പരാഗത വ്യവസായ ഉല്പന്നങ്ങളായ കയർ, കശുവണ്ടി, മത്സ്യം തുടങ്ങിയവയ്ക്ക് വേൾഡ് മാർക്കറ്റിലും ആഭ്യന്തര കമ്പോളത്തിലും ഡിമാൻഡ് കുറഞ്ഞിട്ടില്ല. ഒരു ഉല്പന്നത്തിന് ഡിമാൻഡ് കുറയാതെ ആ വ്യവസായം തകരുകയാണെങ്കിൽ എന്തുകൊണ്ട് ആ തകർച്ചയുണ്ടാകുന്നുവെന്നകാര്യം അതീവ ഗൗരവത്തോടെ പരിശോധിക്കപ്പെടണം. ആ പരിശോധനയിൽ മുഖ്യമായും കണക്കാക്കേണ്ടത് ഈ രംഗത്ത് പണിയെടുക്കുന്ന സാധാരണ തൊഴിലാളികളുടെ ജീവിതമാണ്. അതിനാൽ ഇക്കാര്യം ഗൗരവമായി പരിഗണിക്കാനും ആവശ്യമായ നിലപാട് സ്വീകരിക്കാനും കഴിയണം. കയർ

കോർപ്പറേഷനുകൾപ്പെടെ നേരിട്ട് വിദേശ മാർക്കറ്റ് കണ്ടെത്തുന്ന രീതി വന്നിട്ടുണ്ട്. അങ്ങനെ കമ്പോളം പിടിച്ചുകൊണ്ടുതന്നെ ഈ മേഖലയെ മെച്ചപ്പെടുത്താൻ കഴിയണമെന്നാണ് അഭ്യർത്ഥിക്കുന്നത്. ബഹുമാനപ്പെട്ട പെരിന്തൽമണ്ണ അംഗം, അദ്ദേഹം നിയമസഭയ്ക്കുള്ളിലാണെന്ന ധാരണയില്ലാതെയാണ് സംസാരിച്ചത്. അദ്ദേഹം കെ.പി.സി.സി. പ്രസിഡന്റിന്റെ ക്ലാസ് എവിടെയോപോയി കേട്ടിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ടാണ് നേരത്തെ ഉപമിച്ച മൃഗത്തെക്കുറിച്ച് എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്. കെ.പി.സി.സി. പ്രസിഡന്റ് വായപൊളിച്ചാൽ എപ്പോഴും പറയുന്നത് ആ മൃഗത്തെക്കുറിച്ചാണ്. ബഹുമാനപ്പെട്ട അംഗം എവിടെയോ പോയി അദ്ദേഹത്തിന്റെ ഭാഷയും ആ ക്ലാസ്സും കേട്ടുവന്ന് സംസാരിക്കുകയാണ്. കേരളത്തിലും തമിഴ്നാട്ടിലും ഞങ്ങൾ ജയിച്ചത് മുസ്ലീം ലീഗിന്റെ ഔദാര്യംകൊണ്ടാണെന്നാണ് അവസാനം പറഞ്ഞത്. ഇതൊക്കെ പറയാൻ അപാരമായൊരു തൊലിക്കട്ടിവേണം. നിങ്ങൾക്കവിടെ സീറ്റുണ്ടായിരുന്നില്ലേ; ഇപ്പോഴുണ്ടോ? തമിഴ്നാട്ടിലെ മധുര, കോയമ്പത്തൂർ, കന്യാകുമാരി എന്നീ സ്ഥലങ്ങളിൽ

ഞങ്ങൾ ഒറ്റയ്ക്ക് വിജയിച്ച സീറ്റുകളുണ്ട്. ഇതൊക്കെ പറയാം പക്ഷേ, നിങ്ങൾ ഓരോ തിരഞ്ഞെടുപ്പ് കാലത്തും പറഞ്ഞുപോയ കാര്യങ്ങൾ ഞങ്ങൾക്കറിയാം.

മി. സ്പീക്കർ : പ്ലീസ്... പ്ലീസ്...

ശ്രീ. എച്ച്. സലാം: സർ, ദിക്റും സ്വലാത്തും മാത്രമല്ല പറഞ്ഞത്. പരിശുദ്ധ ഖുറാൻ കൊണ്ടുപോയി സത്യം ചെയ്യിപ്പിക്കുകയും കമ്മ്യൂണിസ്റ്റായാൽ കാഫിറായിപ്പോകുമെന്നും ആഖിറത്തിൽ സ്വർഗ്ഗം കിട്ടില്ലെന്നും പറഞ്ഞു പഠിപ്പിച്ചവരാണ് നിങ്ങൾ.

മി. സ്പീക്കർ : പ്ലീസ്... കൺക്ലൂഡ്...പ്ലീസ്...

ശ്രീ. എച്ച്. സലാം: സർ, ഞങ്ങൾ ഇക്കാര്യങ്ങളൊന്നും മറന്ന് പോയിട്ടില്ല. അതാണിവിടെപ്പറഞ്ഞത്. അതുകൊണ്ട് ആ പഴയകാലമെല്ലാം പോയെന്ന യാഥാർത്ഥ്യബോധം പ്രിയപ്പെട്ട പെരിന്തൽമണ്ണ അംഗം ഒന്ന് ഉൾക്കൊണ്ടുപോകുന്നത് നല്ലതാണെന്നുകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ച് ഞാൻ അവസാനിപ്പിക്കുന്നു.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്നത്തെ വിഷയം വ്യവസായവും കൃഷിയുമാണ്. ഇതിനെ സംബന്ധിച്ച് പത്ത് മിനിട്ടിൽ സംസാരിച്ചാൽ ഒന്നും പറയാൻ സാധിക്കില്ല. ഞാൻ അതുകൊണ്ട് ഒരു കാര്യം മാത്രം സൂചിപ്പിക്കാം. പറയുന്ന കാര്യങ്ങൾ അതിന്റെ സെൻസിൽ ഉൾക്കൊള്ളാൻ പറ്റുമെങ്കിൽ ഞാൻ ചുരുക്കിപ്പറയാം. കേരളത്തിൽ ഇന്ന് ഏറ്റവും കൂടുതൽ മുരടിച്ചുകൊണ്ടിരിക്കുന്നതും ഊർദ്ധശ്വാസം വലിക്കുന്നതുമായ രണ്ട് മേഖലകളാണ് വ്യവസായവും കൃഷിയും. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെ ഉള്ളതുകൊണ്ട് അങ്ങയോട് ലളിതമായ ഒരു കാര്യം പറയാം. അങ്ങ് പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കിന്റെ ഒരു പ്രൊപ്പോസൽ കൊണ്ടുവന്നു. അതിന്റെ ഏറ്റവും വലിയ ലിമിറ്റേഷനെന്ന് പറയുന്നത് 15 ഏക്കറിൽ കൂടുതൽ ഒരു ഇൻഡസ്ട്രിയൽ പാർക്ക് പാടില്ലെന്നുള്ളതാണ്. അതായത് 6 ഹെക്ടർ. ഇവിടെ ഉദ്യോഗസ്ഥരൊക്കെ ധാരാളമായിട്ടുണ്ട്. ഞാൻ ചോദിക്കട്ടെ, ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്ക് 6 ഹെക്ടറിൽ അല്ലെങ്കിൽ 15 ഏക്കറിൽ എന്നുപറഞ്ഞാൽ അത് എത്രയോ

പരിഹാസ്യമായൊരു പ്രൊപ്പോസലാണ്. ഒരു വലിയ ഇൻഡസ്ട്രിയൽ പാർക്കിനെ സംബന്ധിച്ച് ഒരു ഗോഡൗൺ പണിയണമെങ്കിൽപ്പോലും അഞ്ചോ എട്ടോ ഏക്കർ സ്ഥലം ആവശ്യമായിവരും. എന്തുകൊണ്ടാണ് 15 ഏക്കറിൽ നിൽക്കേണ്ടി വരുന്നത്. അതിനപ്പുറത്തേയ്ക്ക് പോയാൽ ഇവിടത്തെ മിച്ചഭൂമിയുടെ പ്രശ്നം വരുമെന്നുള്ളതുകൊണ്ടല്ലേ? ഞാൻ പറയുന്നു, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രത്യയശാസ്ത്ര പിടിവാശികൊണ്ട് കേരളത്തിന്റെ വികസനം കഴിഞ്ഞ ദശാബ്ദങ്ങളായി ശ്വാസംമുട്ടിക്കൊണ്ടിരിക്കുകയാണ്. ഈ നാട്ടിൽ കാർഷിക - വ്യാവസായിക - സാമൂഹ്യ മേഖലകളുൾപ്പെടെ ഏത് മേഖല പരിശോധിച്ചാലും നിങ്ങൾക്കത് മനസ്സിലാകും. ഞങ്ങൾ എന്തെങ്കിലും പറയുമ്പോൾ സ്വാഭാവികമായിട്ടും നിങ്ങൾ വിചാരിക്കും ഞങ്ങൾ നിങ്ങളെ എതിർക്കാൻവേണ്ടി അല്ലെങ്കിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ തകർക്കാൻവേണ്ടി പറയുന്നതാണെന്ന്. ഞാൻ ഇവിടെനിന്ന് വളരെ ആത്മാർത്ഥമായും സത്യസന്ധമായും നിങ്ങളോട് പറയുന്നു, ഞാൻ രാഷ്ട്രീയമായി കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഇല്ലായ്മ ചെയ്യണമെന്ന് ആഗ്രഹിക്കുന്നൊരു രാഷ്ട്രീയ പ്രവർത്തകനല്ല. കമ്മ്യൂണിസ്റ്റ് പാർട്ടി

നിലനിൽക്കണമെന്നാഗ്രഹിച്ച് എനിക്ക് സ്വകാര്യമായി കിട്ടുന്ന അവസരങ്ങളിലെല്ലാം നിങ്ങളുടെ നയവ്യതിയാനങ്ങളുണ്ടാക്കുന്ന പ്രശ്നങ്ങൾ പലപ്പോഴും ഞാൻ സൂചിപ്പിച്ചിട്ടുണ്ട്. കാരണം കമ്മ്യൂണിസ്റ്റ് പാർട്ടി തകർന്നാൽ അത് ബി.ജെ.പി.-ക്ക് നേട്ടമാണ്. ആ സൂചന നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. എന്തുകൊണ്ടാണ് ഈ തിരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ഇതുപോലെ തിരിച്ചടിയുണ്ടായത്. ഞാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെ പഠിച്ചിട്ടുള്ളതുവച്ച് പറയുകയാണ്. കമ്മ്യൂണിസമെന്ന ഭ്രൂണത്തെ ഗർഭപാത്രത്തിൽ ചുമന്ന് കയ്യൂരിലും കരിവെള്ളൂരിലും പുന്നപ്രയിലും വയലാറിലും നിങ്ങൾക്ക് രക്തവും ജീവനും ജലവും നല്കി വളർത്തിയ ഒരു സമൂഹമുണ്ടായിരുന്നു. ആ സമൂഹത്തെ നിങ്ങൾ വിസ്മരിച്ചതാണ്. ഇന്ന് രാവിലെ നമ്മൾ കേട്ടില്ലേ, പെൻഷനെക്കുറിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് പറയുമ്പോൾ അത് അടിയന്തര പ്രാധാന്യമുള്ള വിഷയമല്ലെന്നുപറഞ്ഞത്. തൊഴിലാളികളുടെ കാര്യത്തെക്കുറിച്ച് പറഞ്ഞപ്പോൾ അത് പ്രയോരിറ്റിയുള്ള വിഷയമല്ലെന്നുപറഞ്ഞത്. ഇന്ന് കേരളത്തിലെ സാധാരണ കമ്മ്യൂണിസ്റ്റുകാർ നിങ്ങളുടെ പാർട്ടിയുടെയും നിങ്ങളുടെ നേതാക്കന്മാരുടെയും ഈ ശൈലി

ഉൾക്കൊള്ളാൻ തയ്യാറാകുന്നുണ്ടോ? തിരഞ്ഞെടുപ്പ് കഴിഞ്ഞ് കോടിക്കണക്കിന് രൂപ മുടക്കി മുഖ്യമന്ത്രിയും കുടുംബവും വിദേശയാത്രപോകുന്നത് തെറ്റാണെന്ന അഭിപ്രായം ഞങ്ങൾക്കില്ല. പക്ഷേ, സാധാരണക്കാരനായ ഒരു കമ്മ്യൂണിസ്റ്റുകാരന് അത് എന്തുമാത്രം അംഗീകരിക്കാൻ കഴിയുമെന്ന് ചിന്തിക്കാൻ നിങ്ങളുടെ പാർട്ടിക്ക് കഴിയണം. കാരണം അതിൽനിന്ന് നിങ്ങൾ ഒരുപാട് ദൂരം മാറിപ്പോയതുകൊണ്ടാണ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഈ ഗതിവന്നത്. ഇത് ഞങ്ങൾ പറയുമ്പോൾ നിങ്ങളെ കുറ്റപ്പെടുത്താൻവേണ്ടി പറയുന്നതാണ് എന്നാണ് നിങ്ങൾ ധരിക്കുന്നത്.

ഞാൻ ഉന്നയിച്ച ഒരു വിഷയത്തിൽ, എന്നെ ഏറ്റവും കൂടുതൽ കമ്മ്യൂണിസ്റ്റ് പാർട്ടി വേട്ടയാടിയതും എനിക്കെതിരെ വലിയ Cyberbullying നടത്തിയതുമായ വിഷയമാണ് മാസപ്പടി. ആ വിഷയത്തിൽ ഞാൻ പറഞ്ഞ കാര്യങ്ങളിൽ ഞാനിപ്പോഴും ഉറച്ചുനിൽക്കുകയാണ്. അതിന്റെ നിയമനടപടിയുമായി ...(ബഹളം).... ആ വിഷയം പറയട്ടെ... ഈ ഫ്ലോറിൽ ഉന്നയിക്കപ്പെട്ട ....(ബഹളം)..... കേരളത്തിന്റെ മുഖ്യമന്ത്രി ....(ബഹളം).....

എനിക്ക് മാത്രം ഒന്നും പ്രസംഗിക്കാൻ......(ബഹളം).... ഇതാണ് നിങ്ങളുടെ പ്രശ്നം....

മി. സ്പീക്കർ: ഇത് വ്യവസായത്തെക്കുറിച്ചുള്ള ചർച്ചയാണ്. നിങ്ങൾ സാധാരണ സ്ഥിരമായി ഉന്നയിക്കുന്ന പല്ലവി ഇവിടെ പാടേണ്ട.......(ബഹളം) .... No... No... നിങ്ങൾ സോഷ്യൽ മീഡിയ സെറ്റ് ചെയ്തുകൊണ്ട് സ്ഥിരമായി ഉന്നയിക്കുന്ന വിഷയമല്ലേ ഇത്. നിങ്ങൾ വിഷയത്തിലേയ്ക്ക് വരൂ... ..... (ബഹളം).... സ്ഥിരമായി ഇക്കാര്യം പറയേണ്ട വേദിയല്ലിത്. ...(ബഹളം).... ഡോ. മാത്യു കുഴൽനാടൻ, ... സ്ഥിരമായി ഉന്നയിക്കേണ്ട വേദിയല്ല ഇത്. നിങ്ങൾ എത്ര തവണ ഇക്കാര്യം ഫ്ലോറിലുന്നയിച്ചു, നിങ്ങൾ നിയമം അറിയുന്ന ആളല്ലേ; ഇത് pending before the court ആയതിനാൽ ഇത് കോടതിയിൽ പോയിട്ട് വരട്ടെ. അതിനുശേഷം പറയാം. ...(ബഹളം)... ചാനലിനും അതുപോലെ സോഷ്യൽ മീഡിയയ്ക്കും വേണ്ടി ഇവിടെ പ്രസംഗിക്കാൻ പറ്റില്ല. നിങ്ങൾ വിഷയത്തിലേയ്ക്ക് വരൂ. ...(ബഹളം)...

ഡോ. മാത്യു കുഴൽനാടൻ: സർ, ആ വിഷയത്തെ സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ കേരളത്തിലെ ജനങ്ങളോട് പറഞ്ഞ ഒരു

ഭാഷയുണ്ട്. കേരളത്തിലെ ജനങ്ങളോട് കേരളത്തിന്റെ മുഖ്യമന്ത്രി പറഞ്ഞത്, 'പി. വി. എന്ന് പറഞ്ഞാൽ ആരൊക്കെയാകാം.... ഞാനല്ല അത് എന്നാണ് പറഞ്ഞത്. ഇന്നും അത് വിശ്വസിച്ച് ഏറ്റുപാടുന്ന കമ്മ്യൂണിസ്റ്റ് സഖാക്കളും നേതാക്കളും ഇവിടെയുണ്ട്. ഇന്ന് ഹൈക്കോടതി ശ്രീ. പിണറായി വിജയന് നോട്ടീസ് അയച്ചിട്ടുണ്ട്. ഞാൻ ചോദിക്കുന്ന കാര്യം, അങ്ങ് പറഞ്ഞതിൽ അങ്ങേയ്ക്ക് ഉറച്ചുനിൽക്കാൻ കഴിയുമെന്നുണ്ടെങ്കിൽ, അതിനുള്ള ആർജ്ജവം നിങ്ങൾക്കുണ്ടെങ്കിൽ ഞാനത് അംഗീകരിക്കാം. .....(ബഹളം)...... (ബഹളം) ....

<u>മി. സ്പീക്കർ:</u> കോടതി മുമ്പാകെയുള്ള ഒരു വിഷയം ഇവിടെ പരാമർശിക്കാൻ പാടില്ല. sub judice ആയ ഒരു വിഷയം ഇവിടെ പരാമർശിക്കാൻ പാടില്ല. Sorry..... Sorry.... Sub judice ആയ ഒരു വിഷയം ഇവിടെ പരാമർശിക്കാൻ പാടില്ല. ...(ബഹളം)...മറ്റ് കാര്യങ്ങൾ പറഞ്ഞോളൂ. ഇത് sub judice ആണ്. Rules and Procedures പ്രകാരമേ എനിക്ക് പോകാൻ പറ്റൂ; നിങ്ങൾ പറഞ്ഞല്ലോ കോടതി നോട്ടീസ് അയച്ചെന്ന്...... (ബഹളം).... അത് കോടതി തീരുമാനിക്കട്ടെ. . ....(ബഹളം).... നിങ്ങൾ മറ്റ് കാര്യങ്ങളിലേയ്ക്ക് വരൂ. ...(ബഹളം)....

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പ്രസംഗിക്കേണ്ട വിഷയം ഏതാണെന്ന് ഞാനല്ലേ തീരുമാനിക്കേണ്ടത്. ...(ബഹളം).... എന്താണ് മാസപ്പടി എന്ന് കേൾക്കുമ്പോൾ ഇത്ര പ്രശ്നം?

മി. സ്പീക്കർ: ഇവിടെ കൃത്യമായ Rules and Procedures ഉണ്ട്. കോടതിക്ക് മുമ്പാകെയുള്ള വിഷയം പറയാൻ പാടില്ല. അങ്ങ് പുതിയ ആളായത് കൊണ്ടാണ്. സീനിയേഴ്സിനോട് ചോദിക്കൂ.... ...(ബഹളം).... സീനിയേഴ്സ് ആയ ആൾക്കാരോട് ചോദിക്കൂ നിങ്ങൾ. ...(ബഹളം)...

ഡോ. മാത്യു കുഴൽനാടൻ: സർ, ഇത് മര്യാദകേടാണ്.

മി. സ്പീക്കർ: മര്യാദകേടല്ല. കോടതിക്ക് മുമ്പാകെയുള്ള വിഷയം ഉന്നയിക്കാൻ പാടില്ല. അത് നിങ്ങളുടെ സീനിയേഴ്സായ സാമാജികരോട് ചോദിച്ചുനോക്കൂ... എന്നിട്ട് ഒപ്പീനിയൻ എടുക്കൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പറഞ്ഞത് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞ ഒരു വാചകത്തെക്കുറിച്ചാണ്. അതിനെക്കുറിച്ച് പറയാൻ പാടില്ലേ?

<u>മി. സ്പീക്കർ</u>: കോടതിക്ക് മുമ്പാകെയുള്ള ഒരു വിഷയത്തെക്കുറിച്ച് ഇവിടെ പരാമർശിക്കാൻ പാടില്ല.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, കോടതിയിലെ കാര്യമല്ല പറയുന്നത്.

<u>മി. സ്പീക്കർ</u>: നിങ്ങൾ പറഞ്ഞല്ലോ;

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, അതായത് മുഖ്യമന്ത്രി പറഞ്ഞു. ' പി. വി. എന്നത് ഞാനല്ല' എന്ന്. ശരിയാണ്, അത് കോടതിയിൽ പറഞ്ഞതല്ലല്ലോ... ഞാൻ പറയുന്നത്, ആ വാദം അദ്ദേഹം എടുക്കുമെന്നുണ്ടെങ്കിൽ.... ഞാനൊരു ഭാഷ പറഞ്ഞിരുന്നു, xxxxxxxxxxxxxxxxxxxx+ അത് പറയാൻ വേണ്ടിയാണ് ഈ പാടുപെട്ടത്. ...(ബഹളം)... കാരണം ഞാൻ നിയമസഭയിൽ പറയും അത്. കാരണം ഞങ്ങൾ തമ്മിൽ ഈ വിഷയത്തിലുണ്ടായ തർക്കമെന്ന് പറയുന്നത് xxxxxxxxxxxxxxxxxxxx+

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 10676/ഇ.ബി./2024/നി.സെ. തീയതി 21-06-2024) രേഖയിൽനിന്നും നീക്കം ചെയ്തു.

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 10676/ഇ.ബി./2024/നി.സെ. തീയതി 21-06-2024) രേഖയിൽനിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ: നിങ്ങൾ സ്ഥിരമായി ഉന്നയിക്കേണ്ട വേദിയല്ല ഇത്. No.... No.... ചട്ടവും ക്രമവും പാലിക്കാത്ത ഒരു കാര്യവും സഭാരേഖയിൽ ഉണ്ടാകില്ല. ......(ബഹളം)...

ഡോ. മാത്യു കുഴൽനാടൻ: അതായത് നിങ്ങൾ ഇതുപോലെ മുഖ്യമന്ത്രിയും കുടുംബവും ......(ബഹളം)... ഫണ്ടല്ലേ ഇതുപോലെ താങ്ങിയും സംരക്ഷിച്ചും പ്രലോഭിപ്പിച്ചുമാണ് ഈ പാർട്ടി ഈ ഗതിയിലായത്. ഞാൻ ഈ പറയുന്നത് വസ്തുതാപരമായി തെറ്റാണെങ്കിൽ നിങ്ങൾക്ക് നിഷേധിക്കാം. പക്ഷേ ഞാൻ പറയുന്നത് വസ്തുതകളുടെ അടിസ്ഥാനത്തിലാണ്. xxxxxxxxxxxxxxxxxxxx+ (.......മൈക്ക് ഓഫ്....)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇവിടെ പല അംഗങ്ങളും പശുവിനെ തെങ്ങിൽ കെട്ടുന്നതിനുമുമ്പ് ഓലയെക്കുറിച്ചാണ് പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. വ്യവസായവുമായി ബന്ധപ്പെട്ട കാര്യങ്ങളിലേയ്ക്കൊന്നും കടക്കാതെ എല്ലാ ദിവസവും ചില അജണ്ടകളുമായി വന്ന് അടിസ്ഥാനമില്ലാത്ത കാര്യങ്ങൾ പറഞ്ഞ് മാധ്യമശ്രദ്ധ നേടുന്ന പ്രത്യേക മനോരോഗം ബാധിച്ച ചിലയാളുകൾ നമ്മുടെ

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 10676/ഇ.ബി./2024/നി.സെ. തീയതി 21-06-2024) രേഖയിൽനിന്നും നീക്കം ചെയ്തു.

കൂട്ടത്തിലുണ്ട്. അങ്ങനെയൊക്കെ ചെയ്താൽ മാത്രമെ നേതൃത്വത്തിലേയ്ക്ക് ഉയർന്നുവരാൻ സാധിക്കൂ എന്ന തെറ്റായ ചിന്തയാണ് അവരെ ഭരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ചില അംഗങ്ങൾ വ്യവസായ വകുപ്പിന്റെ പൊതുവായ കാര്യങ്ങളെക്കുറിച്ച് നല്ല രീതിയിൽ പരാമർശിക്കുകയും ആവശ്യങ്ങൾ ഉന്നയിക്കുകയും വിമർശിക്കുകയും ചെയ്തിട്ടുണ്ട്. അതിനോടെല്ലാം വളരെ ക്രിയാത്മകമായിട്ടാണ് സർക്കാർ പ്രതികരിക്കാനുദ്ദേശിക്കുന്നത്. തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽനിന്നും വ്യത്യസ്തമായി കേരളത്തിന്റെ പ്രത്യേകത ഇവിടെ പറയേണ്ടിവരും. അവിടെയെല്ലാം ഇത്രയധികം നിക്ഷേപം വന്നില്ലേ എന്നും ഇവിടെ വന്നിട്ടില്ലെന്നും ബഹുമാന്യനായ ചാണ്ടി ഉമ്മൻ ഉൾപ്പെടെയുള്ള എം.എൽ.എ.-മാർ പറയുകയുണ്ടായി. എന്നാൽ ഇവിടെ നിക്ഷേപം വന്നില്ലെന്ന് സ്ഥാപിക്കുന്ന പ്രതിപക്ഷവും ഇവിടെ വ്യവസായങ്ങളൊന്നും വരില്ലെന്ന് പ്രചരിപ്പിക്കുന്ന ഒരു വിഭാഗം മാധ്യമങ്ങളും കേരളത്തിൽ മാത്രമാണുള്ളതെന്നതാണ് ആ സംസ്ഥാനങ്ങളും കേരളവും തമ്മിലുള്ള വ്യത്യാസം. നമ്മുടെ നാട്ടിൽ നടക്കുന്ന മാറ്റങ്ങൾ വ്യവസായ മേഖലയെ

എങ്ങനെ സ്വാധീനിക്കുന്നു, സംരംഭങ്ങൾ എങ്ങനെ ഉണ്ടാകുന്നു, നമ്മുടെ പരിമിതി, സാധ്യത എന്നിവയൊക്കെ മനസ്സിലാക്കി നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞാൽ നമ്മുടെ നാട്ടിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ലോകം ഹൈടെക് മാനുഫാക്ചറിംഗിലേയ്ക്ക് മാറുന്നതുകൊണ്ട് കേരളത്തിൽ ഈ മേഖലയിൽ ഒരു കുതിച്ചുചാട്ടത്തിനുള്ള വലിയ സാധ്യത നിലനിൽക്കുന്നുണ്ട്. ഹൈടെക് മാനുഫാക്ചറിംഗിന്റെ പ്രധാനപ്പെട്ട സാധ്യത എന്താണെന്നുവച്ചാൽ, എവിടെയാണോ നോളഡ്ജ് ബേസ്ഡ് ആയിട്ടുള്ള ഒരു ഇക്കോ സിസ്റ്റമുള്ളത് അവിടേയ്ക്കാണ് ഇൻഡസ്ട്രി മാറുന്നതും മൂലധനം ഒഴുകുന്നതുമെന്നുള്ളതാണ്. നമ്മൾ ഇവിടെയിരുന്ന് ഇരുകൈയും നീട്ടി വരാൻ പറഞ്ഞാൽ മൂലധനം വരില്ല; വേറെയാളുകൾ പറഞ്ഞാലും വരില്ല. അതിന്റെ ഭാഗമായി പുതിയ ടെക്നോളജികളായ A.I (Artificial Intelligence), Machine Learning, Big Data Analytics, Block chain Technology, Robotics എന്നീ മേഖലകളുണ്ട്. അതിന്റെ മാനവവിഭവശേഷിയുള്ള സംസ്ഥാനങ്ങളിലൊന്ന് കേരളമായതിനാലാണ് IBM പോലുള്ള കമ്പനികൾ

കേരളത്തിൽ വന്നതും ഒരു വർഷത്തിനുള്ളിൽ 2000 ആളുകളെ റിക്രൂട്ട് ചെയ്യുതും. അതുപോലെ നിരവധി കമ്പനികൾ കേരളത്തിലേയ്ക്ക് വരുന്നുണ്ട്. മുൻമന്ത്രിയും എം.എൽ.എ.-യുമായ ശ്രീ. അഹമ്മദ് ദേവർകോവിൽ കോഴിക്കോട് സൈബർ സ്പേസിൽ കുറേക്കൂടി സ്ഥലം വേണമെന്ന് പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഞാനവിടെ സന്ദർശിക്കുമ്പോൾ അവരുടെ ആവശ്യമെന്നുള്ളത് അവിടെയൊരു ആങ്കർ ഇൻഡസ്ട്രി വേണമെന്നായിരുന്നു. അവിടെ വ്യവസായമില്ലെന്ന് പുച്ഛത്തോടെ ചിരിച്ച ആളുകൾ ഇപ്പോൾ അവിടെപ്പോയി നോക്കിയാൽ പൂർണ്ണമായും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളെ കാണാം. അവരെല്ലാവരും കൂടി ഇവിടെവന്ന് വീണ്ടും സ്ഥലം വേണമെന്ന് ആവശ്യപ്പെട്ട കാര്യമാണ് ബഹുമാന്യനായ അംഗവും ഇവിടെ ഉന്നയിച്ചത്. KSIDC-യുടെ നോർത്ത് സോണിനും മലബാറിന്റെ വികസനത്തിനുംവേണ്ടി പ്രത്യേകമായൊരു ഓഫീസ് കോഴിക്കോട് ആരംഭിച്ചു. 2006-ൽ സ്ഥലമേറ്റെടുത്തെങ്കിലും മുന്നോട്ടുപോകാതിരുന്ന രാമനാട്ടുകരയിൽ SDF (Standard Design Factory) ആരംഭിക്കാനും മുഴുവൻ സ്ഥലവും അലോട്ട് ചെയ്യാനും കഴിഞ്ഞു.

കുറ്റ്യാടിയിലെ നാളികേര പാർക്ക് വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം കാര്യങ്ങളൊന്നും റിപ്പോർട്ട് ചെയ്യാതിരുന്നവരുൾപ്പെടെ ഇപ്പോൾ പോസിറ്റീവായിട്ടുള്ള നിരവധി വാർത്തകൾ നൽകിക്കൊണ്ടിരിക്കുന്നു. ഓരോ സ്ഥാപനങ്ങളിലും എത്രമാത്രം മൂലധന നിക്ഷേപം വന്നിട്ടുണ്ടെന്നും ഏതെല്ലാം ഇൻഡസ്ട്രികളാണ് വന്നുകൊണ്ടിരിക്കുന്നതെന്നും പ്രതിപാദിച്ചുകൊണ്ട് നിരവധി വാർത്തകൾ ഈ ഘട്ടത്തിൽ വരികയുണ്ടായി.

dSPACE എന്നത് ലോകോത്തര ജർമ്മൻ കമ്പനിയാണ്. അവർ തിരുവനന്തപുരത്ത് ആയിരത്തിലധികം സീറ്റുകളിലാണ് ഇപ്പോൾ പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. അത്താച്ചി ഗ്രൂപ്പിന്റെ പുതിയ സംരംഭത്തിന്റെ (എൻ.ആർ.ഐ. കമ്പനി) ഉദ്ഘാടന ചടങ്ങിൽ ഞാനും ഇപ്പോൾ ലോക്സഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട പാലക്കാട് എം.എൽ.എ.-യും ശ്രീ. എ. പ്രഭാകരൻ എം.എൽ.എ.-യും പങ്കെടുത്തു. അവർ ഇവിടെ വന്ന് വലിയ രൂപത്തിൽ ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്. വാക്സിൻ കാലഘട്ടത്തിൽ നമ്മളെല്ലാവരും ശ്രദ്ധിച്ചിട്ടുള്ള ഒരു കമ്പനിയാണ് Bharath Bio-tech. അവരെ നമ്മൾ Life Science Park-ൽ കൊണ്ടുവരാനുള്ള ചർച്ച നടത്തിയെങ്കിലും RCC

Nutra Fill എന്ന ഭക്ഷ്യസംസ്കരണത്തിന്റെ പുതിയ സംവിധാനമായി അങ്കമാലിയിലെ KSIDC പാർക്കിൽ പ്രവർത്തനം ആരംഭിക്കുകയാണ്. ഇത് ബാംഗ്ലൂർ കേന്ദ്രമാക്കിയുള്ള ഒരു ലോകോത്തര കമ്പനിയാണ്. ലീവേജ് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഉദ്ഘാടനത്തിന് ഞാനും ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവും ഒന്നിച്ച് പങ്കെടുത്തതാണ്. എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. യു. എ. ലത്തീഫ് പറഞ്ഞത് ഇവിടെ ഒന്നും നടക്കുന്നില്ലെന്നാണ്. ഞങ്ങൾ ഒന്നിച്ച് പങ്കെടുത്ത അവസരത്തിൽ അദ്ദേഹം മുസ്ലീംലീഗിന്റെ സംസ്ഥാന വൈസ് പ്രസിഡന്റായിരുന്നു. നിയമസഭയാകുമ്പോൾ ശ്രീ. യു. എ. ലത്തീഫിന് ഇങ്ങനെയൊക്കെ പറയേണ്ടിവരും. ഇപ്പോൾ നിങ്ങൾ ജയിച്ച് നിൽക്കുന്നതുകൊണ്ട് ഒന്നുകൂടി കടുപ്പിച്ച് പറയണമെന്ന് തോന്നും. പക്ഷേ യാഥാർത്ഥ്യം ഇതല്ല. ലീവേജ് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്നത് വലിയ ഒരു എൻ.ആർ.ഐ. കമ്പനിയാണ്. അവിടെ കേരളത്തിന് മാതൃകയായ സംരംഭം വരുന്നുണ്ടെന്ന് മനസ്സിലാക്കിയതുകൊണ്ട് ചെറിയ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഞാനും ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവും ഒന്നിച്ചാണ് അത്തരം

കാര്യങ്ങളിലെല്ലാം ഇടപെട്ടുകൊണ്ടിരിക്കുന്നത്. ബിസ്കറ്റ് നിർമ്മാണ രംഗത്തെ പ്രധാനപ്പെട്ട കമ്പനിയായ ആസ്കോ (Azcco) ഗ്ലോബലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Avigna Logistics എന്ന കമ്പനി ബഹുമാന്യനായ അങ്കമാലി എം.എൽ.എ.-യുടെ മണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിലും ആലുവയിലെ പഴയ ടെക്സ്റ്റൈൽ മിൽ ഏറ്റെടുത്ത് അവിടെയും ലോജിസ്റ്റിക്സ് പാർക്ക് ആരംഭിക്കുന്നുണ്ട്. റീട്ടെയിൽ രംഗത്ത് ബിൽടെക് എന്ന കമ്പനി പ്രവർത്തിക്കുന്നുണ്ട്. മറ്റൊന്ന് നെസ്റ്റോ ഗ്രൂപ്പാണ്. ഇതുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിൽ പ്രശ്നങ്ങൾ ഉണ്ടായപ്പോൾ നമ്മൾ ഒന്നിച്ചാണല്ലോ ആ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ ശ്രമിച്ചത്. അമേരിക്കൻ കമ്പനിയായ വെൻഷ്വറിന്റെ പ്രവർത്തനം കേരളത്തിൽ വലിയ തോതിൽ വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ജാക്കി ചാൻ സിനിമയുടെ ഹോളോഗ്രാം നിർമ്മാതാക്കളായ ഇറ്റാലിയൻ കമ്പനി ഡിനിമിറ്റ് ടെക്നോളജി ഇപ്പോൾ കേരളത്തിൽ പ്രവർത്തനം ആരംഭിക്കുകയാണ്. അതുപോലെ മുരള്യ ഡയറി പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് അവരുടെ പ്രവർത്തനവും വ്യാപിപ്പിക്കുകയാണ്. എയ്റോസ്പേയ്സിലെ പ്രധാനപ്പെട്ട കമ്പനിയായ

Safran കേരളത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നീറ്റാ ജലാറ്റിൻ കമ്പനിയുടെ പുതിയ എക്സ്പാൻഷന്റെ പ്രവർത്തനം എറണാകുളത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ഡയപർ രംഗത്തെ വളരെ പ്രധാനപ്പെട്ട കമ്പനിയാണ് സ്വരാ ബേബി. റിഫൈനറിയിൽ നിന്നാണ് അതിന്റെ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നത്. പ്രെട്രോ കെമിക്കൽ പാർക്കിൽ അവരുടെ പ്രവർത്തനം ആരംഭിക്കുകയാണ്. ഫ്രഞ്ച് കമ്പനി D&B Global വരികയാണ്. അമേരിക്കയിൽനിന്നുമുള്ള ബാബ്കോ ഗ്ലോബൽ, ഹോം അപ്ലൈയൻസസിന്റെ ലോകോത്തര നിർമ്മാതാക്കളായ വിയറ്റ്നാമിൽ നിന്നുള്ള സ്റ്റീൽ മാനുഫാക്ചറിംഗ് കമ്പനി സോർത്താ അലാനാ ഗ്രൂപ്പിന്റെ മാനുഫാക്ചറിംഗ് യൂണിറ്റ് ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ ആരംഭിക്കുകയാണ്. ഇങ്ങനെ വലിയ തോതിൽ നിക്ഷേപങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഒരു ലക്ഷം സംരംഭങ്ങൾ എന്ന് പറഞ്ഞപ്പോൾ പല രീതിയിലുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇപ്പോൾ 257839 സംരംഭങ്ങളുണ്ട്, അവയെല്ലാം ജിയോടാഗ് ചെയ്ത് മാപ് ചെയ്തിട്ടുണ്ട്. എല്ലാ പഞ്ചായത്തിന്റെയും സംവിധാനം ഉൾപ്പെടെ ജിയോടാഗ് ഉപയോഗിച്ച് മാപ്

ചെയ്യുമ്പോൾ ഏത് സ്ഥാപനമാണെന്ന് നമുക്ക് തന്നെ അറിയാവുന്നതാണ്. അതിന്റെ സർവ്വേ ഞങ്ങൾ എല്ലാ സ്ഥലത്തുനിന്നും എടുത്തു. ആ സർവ്വേയിൽ 15 ശതമാനം സ്ഥാപനങ്ങൾ അടച്ചുപൂട്ടലിന്റെ വക്കിലാണ്. ആദ്യവർഷം 30 ശതമാനം എം.എസ്.എം.ഇ.-കളാണ് ഇന്ത്യയിൽ ആകെ അടച്ചുപൂട്ടാറുള്ളത്. അതാണ് മോർട്ടാലിറ്റി റേറ്റ്. അതിൽ നാനൂറിലധികം സ്ഥാപനങ്ങളെ ഈ സർവ്വേയുടെ ഭാഗമായി നമുക്ക് പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞു. അതോടൊപ്പം കെ.എസ്.ഐ.ഡി.സി. മുഖേന പത്ത് കോടി രൂപയും അൻപത് കോടി രൂപയും ഇടയിൽ മുതൽ മുടക്കുള്ള 2209 കോടി രൂപയുടെ 98 സ്ഥാപനങ്ങളും പ്രൊഡക്ഷനിലേയ്ക്ക് വരികയാണ്. 50 കോടി രൂപയ്ക്ക് മുകളിൽ മുതൽ മുടക്കുള്ള 35 സ്ഥാപനങ്ങളും (7388 കോടി 9 ലക്ഷം) എത്തിയതിലൂടെ 9598 കോടി രൂപയുടെ നിക്ഷേപം കേരളത്തിൽ വന്നു. സംരംഭക സംഗമത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ക്ഷണിച്ചതാണ്, അദ്ദേഹം വന്നില്ല. അവരുടെ അഭിപ്രായങ്ങൾ നമുക്ക് കേൾക്കാം. ശ്രീ. നജീബ് കാന്തപുരം സാധാരണ പ്രായത്തേക്കാൾ പക്വതയോടെ നിയമസഭയിൽ ഇടപെടുന്ന ഒരാളാണ്. സംരംഭകരെ നിങ്ങൾ

കേൾക്കുവെന്ന് അദ്ദേഹം പറഞ്ഞു. ഞങ്ങൾ എല്ലാ ജില്ലയിലും പോയി സംരംഭകരുടെ പ്രശ്നങ്ങൾ കേട്ടു. ഇതുകൂടാതെ സെക്ടർ-വൈസായി ഞാൻ അവരുടെ പ്രശ്നങ്ങൾ കേട്ടു. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് ചട്ടങ്ങൾ മാറ്റാനാവശ്യമായ നിലപാടുകൾ സ്വീകരിച്ചത്. ഇതിലൂടെ രണ്ട് അഭിപ്രായങ്ങൾ നമുക്ക് കേൾക്കാൻ സാധിച്ചു. ബഹുമാന്യനായ അനൂപ് ജേക്കബ് പറഞ്ഞത് ആ നിയമം മാറ്റണമെന്നാണ്. ഇപ്പോൾ ചെറിയ പ്രശ്നം ഉണ്ടായാൽ പഞ്ചായത്തുകൾക്കൊന്നും അധികാരമില്ല. അത് യഥേഷ്ടം തുടങ്ങുകയാണ്. ബഹുമാന്യനായ നജീബ് കാന്തപുരം പറഞ്ഞത്, നിയമം ഉണ്ടെങ്കിലും പരാതി വരുമ്പോൾതന്നെ നിർത്തിവയ്ക്കണമെന്നാണ്. രണ്ടും രണ്ട് അഭിപ്രായങ്ങളാണ്. നമുക്ക് ഇപ്പോൾ 50 കോടി രൂപ വരെയുള്ള നിക്ഷേപമാണെങ്കിൽ കെ-സ്വിഫ്റ്റിന്റെ അക്നോളഡ്ജ്മെന്റ് നമ്പർ ഉപയോഗിച്ച് പ്രവർത്തനമാരംഭിക്കാൻ സാധിക്കുന്നതാണ്. മൂന്നുവർഷം കഴിഞ്ഞാൽ ആറ് മാസത്തിനുള്ളിൽ അംഗീകാരം നേടിയാൽ മതി. അതിനിടയിൽ ഒരു പ്രശ്നം ഉണ്ടായിട്ടുള്ളത് പഞ്ചായത്തിന്റെ നമ്പർ ലഭിക്കാത്തതുകൊണ്ട് കണക്ഷൻ ലഭിക്കുന്നില്ലെന്നുള്ളതാണ്. അങ്ങനെയുള്ള

ഒരു വാർത്ത അടുത്ത ഇടയ്ക്ക് വന്നിരുന്നു. ഈ പരാതികളെല്ലാം കേട്ടശേഷം ഞങ്ങൾ ഒരു തീരുമാനം എടുത്തിരുന്നു. അക്നോളഡ്ജ്മെന്റ് നമ്പർ ഇലക്ട്രിസിറ്റി/മറ്റ് കണക്ഷനുകൾ എന്നിവയ്ക്കുള്ള താൽക്കാലിക ബിൽഡിംഗ് നമ്പറായി പരിഗണിക്കാൻ ചട്ടം ഭേദഗതി ചെയ്ത് നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. 50 കോടി രൂപയ്ക്ക് മുകളിലാണെങ്കിലോ എം.എസ്.എം.ഇ.-ക്ക് അപ്പുറത്ത് വരുന്ന ഇൻഡസ്ട്രിയാണെങ്കിലോ എല്ലാ രേഖകളോടുംകൂടി അപേക്ഷ നൽകിയാൽ ഏഴ് ദിവസത്തിനുള്ളിൽ കോംപോസിറ്റ് ലൈസൻസ് നൽകുന്നതായിരിക്കും. നമുക്ക് ഒന്നിച്ച് വേണമെങ്കിൽ കേരളത്തിലെ സംരംഭകരെ കേൾക്കാം. ഈ എട്ട് വർഷം കൊണ്ട് ഒരു മാറ്റവും ഉണ്ടായിട്ടില്ലെന്ന് അവർ പറയട്ടെ. നിങ്ങളുടെ കാലത്തും ഞങ്ങളുടെ കാലത്തും കമ്പനികൾ വന്നിട്ടുണ്ട്. ഇപ്പോൾ ഇത്രയും വലിയ കമ്പനികൾ വരുന്നുണ്ട്. പല സ്ഥലങ്ങളിലും നമ്മൾ സംസാരിക്കുമ്പോൾ അവർ ചോദിക്കുന്നത്, ഇത്തരം സംരംഭങ്ങൾ ഇവിടെ വന്നിട്ടുണ്ടോയെന്നാണ്. കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട്, ഗുജറാത്ത് അതുപോലെ ഇവിടെ വന്നോ എന്നാണ് ചോദിക്കുന്നത്. ഗുജറാത്തിന്റെ കാര്യം നിങ്ങൾ ഇപ്പോൾ

ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ; ഗുജറാത്തിൽ ഒരു തൊഴിൽ സൃഷ്ടിക്കുന്നതിനുവേണ്ടി 3.68 കോടി രൂപയാണ് നൽകിയിരിക്കുന്നതെന്ന് ആദ്യത്തെ മന്ത്രിസഭ രൂപീകരിച്ചപ്പോൾത്തന്നെ ഒരു മന്ത്രി പറഞ്ഞില്ലേ; സെമി കണ്ടക്ടർ മേഖലയിൽ കൊടുത്തിട്ടുള്ള ഇൻസെന്റീവ് കണക്കാക്കിക്കൊണ്ട് 3 കോടി രൂപയിലധികം ഒരു തൊഴിലിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ഇൻസെന്റീവ് കൊടുത്തിരിക്കുകയാണെന്ന് പറഞ്ഞത് കർണ്ണാടകയിൽനിന്നുള്ള മുൻ കേന്ദ്ര മന്ത്രിസഭാംഗമാണ്. നമുക്ക് അർഹമായ സഹായം കേന്ദ്രത്തിൽനിന്നും ലഭിക്കുന്നില്ല. വായ്പയെടുക്കാൻപോലും നമ്മളെ അനുവദിക്കുന്നില്ല. നമുക്ക് പ്രത്യേകം സ്കീമുകളുമില്ല. അപ്പോഴാണ് ഗുജറാത്തിൽ ഒരു എംപ്ലോയ്മെന്റ് ജനറേഷന് 3.68 കോടി രൂപ നൽകിയെന്ന് മൂന്നാം മോദി മന്ത്രിസഭയിലെ അംഗമായിരുന്ന ശ്രീ. കുമാരസ്വാമി പറഞ്ഞത്. സമ്മർദ്ദം വന്നപ്പോൾ ഞാൻ അങ്ങനെയല്ല ഉദ്ദേശിച്ചത് എന്നെല്ലാം അദ്ദേഹം പറഞ്ഞെങ്കിലും അത് പബ്ലിക് ഡൊമെയ്നിൽ ലഭ്യമാണ്. ഇതിനിടയിൽനിന്നാണ് നമ്മൾ ഇത്രയും കാര്യങ്ങൾ ചെയ്യുന്നത്. കേരളത്തിൽനിന്നും 1000 ഏക്കർ ഭൂമി നൽകാൻ പറഞ്ഞാൽ അത് സാധ്യമാക്കാൻ നമുക്ക് കഴിയില്ല.

എവിടെനിന്നാണ് നമുക്ക് ഇത് നൽകാൻ സാധിക്കുന്നത്; 100 ഏക്കർ ഭൂമി നമുക്ക് ഏറ്റെടുക്കണമെങ്കിൽ 500 ആളുകളോടെങ്കിലും സംസാരിക്കേണ്ടിവരും. തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഗുജറാത്ത് എന്നിവിടങ്ങളിലെല്ലാം 1000 ഏക്കർ എടുക്കാൻ രണ്ട് ആളുകളോട് സംസാരിച്ചാൽ മതിയാകും. ഇവിടെ ലാൻഡിന്റെ വാല്യൂ വളരെ ഉയർന്നതാണ്. ഇത് നമുക്കുള്ള പരിമിതിയാണ്. അതുകൊണ്ടാണ് പുതിയ വ്യവസായ നയത്തിൽ 22 സെക്ടറുകൾ ഉപയോഗിച്ചത്. ഹൈലി സ്കില്‍ഡായിട്ടുള്ള ഹ്യൂമൻ റിസോഴ്സാണ് നമ്മുടെ ശക്തി. അതിനനുസൃതമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് വേണ്ടത്. അതാണ് ഞാൻ നേരത്തെ പറഞ്ഞത്, ഒരു ഹൈടെക് മാനുഫാക്ചറിംഗിൽ നമുക്ക് വലിയ മുന്നേറ്റത്തിന് സാധ്യത ഇപ്പോൾ വന്നിട്ടുണ്ടെന്ന്. ആ സാധ്യത ഉപയോഗപ്പെടുത്താനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഭൂമിയുടെ ലഭ്യതയെ സംബന്ധിച്ച് പറയുകയുണ്ടായി. അപ്പോൾ ഒരു പ്രശ്നം വന്നു. ബഹുമാന്യനായ തൃപ്പൂണിത്തുറ അംഗം ഉൾപ്പെടെ ഞങ്ങൾ ഈ വിഷയം ചർച്ച ചെയ്തിട്ടുള്ളതാണ്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ ഭൂമി ഇപ്പോൾ

ഒഴിഞ്ഞു കിടക്കുന്നുണ്ട്. ചിലർ സംരംഭം ആരംഭിച്ചെങ്കിലും പരാജയപ്പെട്ടു, അത് കൈമാറാൻ സാധിക്കുന്നില്ല. ഇതെല്ലാം എത്രയോ ദശകങ്ങളായി ചർച്ച ചെയ്യുന്ന കാര്യങ്ങളാണ്. ഇപ്പോൾ അതിൽ മാറ്റം വന്നു. ഒരാളുടെ ഓണർഷിപ്പ് മാറണമെങ്കിൽ 25,000 രൂപ അടച്ചാൽ മതി. നേരത്തെ ആക്ടിവിറ്റി മാറ്റാൻപോലും വർഷങ്ങൾ എടുക്കുമായിരുന്നു. അത് അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. ഒരു ഫുഡ് പ്രോസസ്സിംഗിൽനിന്ന് സീ ഫുഡ് പ്രോസസ്സിംഗിലേയ്ക്ക് ആക്ടിവിറ്റി മാറാൻ മൂന്നു-നാല് വർഷം എടുക്കുന്നുണ്ട്. ലോകമാകെ അറിയപ്പെടുന്ന ഒരു സംരംഭകന് കേരളത്തിൽ ഫുഡ് പ്രോസസ്സിംഗിൽനിന്ന് സീ ഫുഡ് പ്രോസസ്സിംഗിലേയ്ക്ക് മാറാൻ മൂന്ന് വർഷത്തോളം എടുത്തു. ആ കാലതാമസമൊക്കെ ഇപ്പോൾ നമ്മൾ മാറ്റിയിട്ടുണ്ട്. ആക്ടിവിറ്റി മാറ്റാൻ 10,000 രൂപ മാത്രം ഇപ്പോൾ അടച്ചാൽ മതി. ഒരാൾ മരണപ്പെട്ടാൽ മക്കൾക്ക് കൈമാറാൻതന്നെ ബുദ്ധിമുട്ടുണ്ടായിരുന്നു. അതും മാറ്റി പുതിയ പോളിസി വന്നു. അതിന്റെ ഭാഗമായി ഇപ്പോൾ നമ്മുടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ നല്ല മാറ്റം വരികയാണ്. അതുപോലെതന്നെയാണ് കിൻഫ്രയും KSIDC (Kerala State

Industrial Development Corporation)-യും. കിൻഫ്ര നിങ്ങളുടെ കാലത്ത് നല്ല മുന്നേറ്റമുണ്ടാക്കാൻ ശ്രമിച്ചു. ഞങ്ങളുടെ കാലത്തും നല്ലരീതിയിൽത്തന്നെ മുന്നോട്ടുപോകുകയാണ്. അവിടെ കുറച്ച് പുതിയ സംരംഭകർ വരുമ്പോൾ, പുതിയ നിയമമനുസരിച്ച് ലാൻഡ് ഏറ്റെടുക്കുമ്പോൾ അതിന്റെ വില മാർക്കറ്റ് വാല്യുവിന്റെ രണ്ട്-രണ്ടര ഇരട്ടി വരും. അതുകൂടാതെ ഡെവലപ്മെന്റ് കോസ്റ്റ് വർദ്ധിപ്പിച്ചശേഷമാണ് നമ്മൾ ഇൻവെസ്റ്റർക്ക് കൊടുക്കുന്നത്. ഒരു ഇൻവെസ്റ്റർക്ക് ഇനിഷ്യലായി ഇത്രയും തുക ഇൻവെസ്റ്റ് ചെയ്തുകൊണ്ട് വയബിളായി പോകാൻ സാധിക്കില്ല. അതിനാൽ നമ്മൾ കോവിഡ് കാലത്ത് തുടങ്ങിയതുപോലെ പൊതുവായി ഇപ്പോൾ നടപ്പാക്കാൻ തീരുമാനിച്ചു; ആ ഉത്തരവ് ഇറങ്ങാൻ പോകുകയാണ്. കിൻഫ്രയിൽ ഇപ്പോൾ 50 കോടി രൂപ മുതൽ മുടക്കുന്നവർക്ക് നേരത്തേ നമ്മൾ കോവിഡ് കാലത്ത് നടപ്പിലാക്കിയതുപോലെ 20 ശതമാനം ആദ്യമടയ്ക്കുകയും ബാക്കി 5 വർഷംകൊണ്ട് തുല്യ ഇൻസ്റ്റാൾമെന്റുകളായി അടയ്ക്കുകയും ചെയ്താൽ മതി. പലിശകൂടി കൊടുക്കേണ്ടിവരും. 50 കോടി രൂപയ്ക്കും 100 കോടി രൂപയ്ക്കും മദ്ധ്യേ മുതൽ മുടക്കുകയാണെങ്കിൽ നിക്ഷേപിക്കുന്നവർക്ക് രണ്ടുവർഷം

മൊറട്ടോറിയം കൂടി കൊടുക്കും. ആദ്യം 20 ശതമാനം അടയ്ക്കുക, രണ്ടുവർഷം മൊറട്ടോറിയം. പിന്നെ അഞ്ചുവർഷത്തിനുള്ളിൽ തുല്യ ഇൻസ്റ്റാൾമെന്റുകളായി അടച്ചാൽ മതി. അപ്പോൾ ഇവരും വളർന്നുകൊണ്ടിരിക്കും. ആദ്യം മുതൽ മുടക്കുന്നതിന് മാത്രമേ ബുദ്ധിമുട്ടുണ്ടാകുകയുള്ളൂ. വളർച്ചയ്ക്കൊപ്പം പലിശ സഹിതം അത് നൽകാനും കഴിയുന്നു. 100 കോടി രൂപയ്ക്ക് മുകളിലാണ് നിക്ഷേപമെങ്കിൽ/ ലാർജ് ഇൻവെസ്റ്റ്മെന്റാണെങ്കിൽ ആദ്യം 10 ശതമാനം അടച്ചാൽ മതി. മൊറട്ടോറിയവും ലഭിക്കും. അതുകഴിഞ്ഞ് 9 തുല്യ ഗഡുക്കളായി അടച്ചാൽ മതി. അതോടൊപ്പം പലിശകൂടി ടെലസ്കോപ്പിക്കായി എടുക്കും. കിൻഫ്രയുടെ പോളിസി മാറുകയാണ്. പിന്നീട് മറ്റൊരു പ്രശ്നം ഉണ്ടായിരുന്നു. കിൻഫ്രയിലോ കെ.എസ്.ഐ.ഡി.സി. പാർക്കിലോ ഒരാൾ തുടങ്ങിയ സംരംഭം നഷ്ടത്തിലായാൽപ്പോലും എക്സിറ്റ് ഇല്ലാത്ത സാഹചര്യമാണുണ്ടായിരുന്നത്. കയറിയാൽ പിന്നെ ഇറങ്ങാൻ പറ്റില്ല. ഇപ്പോൾ നമ്മൾ എക്സിറ്റ് കൊണ്ടുവരികയാണ്. പ്രൊഡക്ഷൻ തുടങ്ങിയിട്ട് 5 വർഷം വരെയാണെങ്കിൽ അതിന്റെ എക്സിറ്റിന് ഈ ലീസ് പേയ്മെന്റിന്റെ 50

ശതമാനം നൽകിയാൽ മതി. അതിനുശേഷം ഓരോ ഘട്ടത്തിലും കുറച്ചുകൊണ്ടുവന്ന് അവർക്ക് ആർക്കെങ്കിലും എക്സിറ്റ് ചെയ്യണമെങ്കിൽ അതിനാവശ്യമായ സൗകര്യവും ഈ പോളിസിയുടെ ഭാഗമായി ഒരുക്കുന്നുണ്ട്. കെ.എസ്.ഐ.ഡി.സി., കിൻഫ്രാ പാർക്കുകളിലും സംരംഭക സമൂഹം ആവശ്യപ്പെട്ടിട്ടുള്ള ആ കാര്യം നമുക്ക് നടപ്പിലാക്കാൻ കഴിയും. 5 വർഷം വരെ 50 ശതമാനവും 5 വർഷത്തിനും 7 വർഷത്തിനുമിടയിൽ ലീസ് തുകയുടെ ഡിഫറൻസിന്റെ 20 ശതമാനവും ഏഴ് വർഷം കഴിഞ്ഞാൽ 10 ശതമാനവും മാത്രം അടച്ചാൽ മതി. സംരംഭകരെ കേട്ടിട്ടാണ് കിൻഫ്രയിലും ഈ മാറ്റങ്ങൾ കൊണ്ടുവരുന്നത്. പിന്നെ വലിയൊരു മാറ്റം വേണ്ടത് ലാൻഡ് സംബന്ധിച്ചാണ്. ഇപ്പോൾ ലാൻഡ് ലഭ്യമല്ല. ലാൻഡിന് വില കൂടുന്നു. അതുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പ് 2021-ൽ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി)നിയമം പാസ്സാക്കി. അതിനെ അടിസ്ഥാനപ്പെടുത്തി ഇപ്പോൾ ചട്ടം പുറപ്പെടുവിച്ചിട്ടുണ്ട്. ആ ചട്ടത്തിൽ ലാൻഡ് പൂളിംഗുണ്ട്. ഒരു പ്രദേശത്തെ ലാൻഡ് പൂൾ ചെയ്യാനുദ്ദേശിക്കുന്നെങ്കിൽ ഇന്നയിന്ന ലാൻഡുകൾ പൂളാക്കിയെടുക്കാനുദ്ദേശിക്കുന്നുവെന്ന് കാണിച്ച് നോട്ടിഫൈ

ചെയ്യും. നോട്ടിഫൈ ചെയ്തുകഴിഞ്ഞാൽ അതിനെ സംബന്ധിച്ച് ഭൂ ഉടമകൾക്ക് അഭിപ്രായം രേഖപ്പെടുത്താം. ആ അഭിപ്രായം നിശ്ചിത ദിവസത്തിനകം അംഗീകരിക്കുന്നോ ഇല്ലയോ എന്ന് നോക്കി, 75 ശതമാനം ആളുകളും അംഗീകരിക്കുകയാണെങ്കിൽ ആ ലാൻഡ് പൂൾ ചെയ്യുകയും ഒരു ഭാഗം വ്യവസായത്തിനുവേണ്ടി വിൽക്കുകയും ചെയ്യും. ആ വിൽപ്പനയിൽനിന്നും ലഭിക്കുന്ന പണമുപയോഗിച്ച് മറുഭാഗം ഡെവലപ് ചെയ്യും. ഡെവലപ് ചെയ്യുന്ന ലാൻഡ് ഉടമസ്ഥർക്ക് തിരിച്ചുകൊടുക്കും. ഇതാണ് ലാൻഡ് പൂളിംഗ്. ലാൻഡ് പൂളിംഗിന്റെ ചട്ടം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നിയമം നേരത്തേ ഇവിടെ പാസ്സാക്കിയിട്ടുള്ളതാണ്. അങ്ങനെ വരുമ്പോൾ പലയിടങ്ങളിലും പല ഭൂ ഉടമസ്ഥർക്കും ഇത്തരം താൽപ്പര്യങ്ങളുണ്ടാകും. നഗരാസൂത്രണ സംവിധാനത്തിന് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവർക്കാണ് അധികാരമുള്ളത്. അത് GCDA (Greater Cochin Development Authority)-യ്ക്കും ട്രിഡയ്ക്കും തിരുവനന്തപുരം കോർപ്പറേഷനും കോഴിക്കോട് കോർപ്പറേഷനും ചെയ്യാം. വിലകൊടുക്കാതെ ലാൻഡ് വാങ്ങും.

അതിന്റെ ഡെവലപ്മെന്റ് കഴിഞ്ഞ് തിരിച്ചുകൊടുക്കുമ്പോൾ നേരത്തേ ഉണ്ടായിരുന്നതിന്റെ നിരവധി മടങ്ങ് മൂല്യം വർദ്ധിക്കും. കിട്ടുന്ന ലാൻഡിന്റെ അളവ് കുറഞ്ഞാലും അതിന്റെ മൂല്യം വല്ലാതെ വർദ്ധിക്കും. ഇത് പലയിടങ്ങളിലും വിജയകരമായി നടപ്പിലാക്കിയിട്ടുള്ളതാണ്. അത് കേരളത്തിലും നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതുവഴി നമുക്ക് ഈ മാറ്റങ്ങളുണ്ടാക്കാൻ കഴിയും.

ശ്രീ. പി. ഉബൈദുള്ള: സർ, പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വ്യാവസായികാവശ്യത്തിനുവേണ്ടി ഭൂമി വാങ്ങിയിട്ടുണ്ട്. എന്നാൽ ആ ഭൂമി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി പ്രയോജനപ്പെടുത്താൻ ഇതുവരെ സാധിച്ചിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് വ്യവസായ വകുപ്പിൽ കൃത്യമായ എന്തെങ്കിലും വിവരമുണ്ടോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങിയ ഭൂമിയിൽ അനുയോജ്യമായ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും സംവിധാനമുണ്ടാക്കാൻ സാധിക്കുമോ?

ശ്രീ. അൻവർ സാദത്ത്: സർ, ബാംബൂ കോർപ്പറേഷനെക്കുറിച്ചുകൂടി പറയാമോ?

ശ്രീ. പി. രാജീവ്: സർ, അതിനെക്കുറിച്ച് പറയുന്നതാണ്. ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ള സൂചിപ്പിച്ചത് പ്രധാനപ്പെട്ട കാര്യമാണ്. വ്യാവസായിക ആവശ്യങ്ങൾക്കുവേണ്ടി പഞ്ചായത്തുകളുടെയും ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഉൾപ്പെടെയുള്ള വിവിധ സൊസൈറ്റികളുടെയും ഖാദി ബോർഡിന്റെയുമൊക്കെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി, വ്യവസായ ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുന്ന റവന്യൂ ലാൻഡ് തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുന്നതിനുള്ള മാപ്പിംഗ് നമ്മൾ നടത്തിയിട്ടുണ്ട്. അതിൽ അങ്ങ് പറഞ്ഞത് ശരിയാണ്. പഞ്ചായത്തുകൾക്കും ഈ പ്രശ്നമുണ്ട്. അതുകൊണ്ട് ഒരു പുതിയ സ്കീം ഗവൺമെന്റ് ഈ ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ കൈവശമുള്ള വ്യവസായാവശ്യത്തിനുള്ള ഭൂമി ഒരു ധാരണയുടെ അടിസ്ഥാനത്തിൽ അവരുടെ ഉടമസ്ഥതയിൽ നിലനിർത്തിക്കൊണ്ടുതന്നെ വ്യവസായ പാർക്കായി വികസിപ്പിക്കുന്നതിന് മൂന്നുകോടി രൂപവരെ വ്യവസായ വകുപ്പ് നൽകുമെന്നുള്ള കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഉടമസ്ഥാവകാശം പഞ്ചായത്തിനാണ്.

പരമാവധി മൂന്നുകോടി രൂപ വരെ എന്ന പരിധി നിശ്ചയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് നേരത്തെ ഉത്തരവിറങ്ങിയിട്ടുണ്ട്. അതിന്റെ മാനദണ്ഡങ്ങൾ എൽ.എസ്.ജി.ഡി.-യുടെ അംഗീകാരത്തോടുകൂടി നടപ്പിലാക്കാൻ കഴിയും. മറ്റൊന്ന് സഹകരണ പാർക്കുകളാണ്. സഹകരണ ബാങ്കുകളുടെ കൈവശമുള്ള ഭൂമി, ചിലപ്പോൾ അഞ്ച് ഏക്കറാകാം, അതിന് കോർപ്പറേഷനിൽ ലിമിറ്റ് കുറച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഏഴ് ഏക്കർ, കോർപ്പറേഷനിൽ അഞ്ച് ഏക്കർ വരെയാണെങ്കിൽ അവിടെ സഹകരണ പാർക്കും രണ്ടേക്കർ സ്ഥലമാണുള്ളതെങ്കിൽ എസ്.ഡി.എഫ്.-കളും ആരംഭിക്കാം. അതിന് ഒന്നരകോടി രൂപവരെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനുവേണ്ടി വ്യവസായ വകുപ്പ് ഇൻസെന്റീവ് നൽകും. സഹകരണ ബാങ്കുകൾക്ക് വായ്പ നൽകുക അല്ലെങ്കിൽ നിക്ഷേപം സ്വീകരിക്കുക എന്ന ബാങ്കിംഗ് പ്രവർത്തനത്തിന് അപ്പുറത്ത് തൊഴിൽ അവസരം സൃഷ്ടിക്കാൻ ഇത് സഹായകരമായിരിക്കും. സഹകരണ വകുപ്പുമന്ത്രിയുമായി ഇതുസംബന്ധിച്ച് സംസാരിക്കുകയും രണ്ടുമൂന്ന് യോഗങ്ങൾ ചേർന്ന് ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്. പൈലറ്റ് പ്രോജക്ട്

തുടങ്ങുന്നതിന് സഹകരണവകുപ്പ് മുൻകൈയെടുത്തിട്ടുണ്ട്. എല്ലാ ജില്ലകളിലും നിരവധി സഹകരണ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ ഇതുവഴി കഴിയും.

ഡോ. എം. കെ. മുനീർ : സർ, കട്ടിപ്പാറയിൽ അങ്ങ് രണ്ടുതവണ മീറ്റിംഗ് നടത്തിയതാണ്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുവേണ്ടി ലാൻഡ് എടുക്കുകയും റോഡ് നിർമ്മിക്കുകയും ചെയ്തു. ഇനി പ്ലോട്ട് വിഭജിച്ചുകൊടുക്കേണ്ട ആവശ്യമേയുള്ളൂ. ഇതുവരെയായിട്ടും അത് നടപ്പാക്കിയിട്ടില്ല. ഒരു മീറ്റിംഗ് ചേർന്ന് അതിനുള്ള കാര്യങ്ങൾ ചെയ്താൽ അവിടെ കുറച്ച് ഇൻഡസ്ട്രികൾ വരുമായിരുന്നു.

ശ്രീ. പി. രാജീവ്: സർ, അങ്ങ് സൂചിപ്പിച്ച വിഷയം പ്രത്യേകമായി എടുക്കാം. ലാൻഡ് അലോട്ട്മെന്റ് പോളിസി വന്നതുകൊണ്ട് എല്ലാ ലാൻഡും വേഗത്തിൽ നൽകാൻ സാധിക്കും. പുഴയ്ക്കലിൽ ഭൂമി എത്രയോകാലമായി വെറുതേ കിടക്കുന്നതാണ്. ഇപ്പോൾ അത് ഡെവലപ് ചെയ്ത് കൊടുക്കാൻ കഴിഞ്ഞു. പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്ക് പ്രായോഗികമാണോയെന്ന് ചില ബഹുമാന്യരായ അംഗങ്ങൾ ചോദിച്ചിരുന്നു. കേരളത്തിന്റെ ചരിത്രത്തിൽ

അഭിമാനകരമായി പറയാം, 22 പാർക്കുകൾക്ക് 8 മാസം കൊണ്ട് അനുമതി നൽകാൻ കഴിഞ്ഞു. 5 പാർക്കുകൾക്ക് രണ്ട് മാസത്തിനുള്ളിൽ അനുമതി നൽകും. 27 സ്വകാര്യ പാർക്കുകൾ, ഇക്കാര്യത്തിൽ എനിക്ക് അഭിനന്ദനം നൽകാനുള്ളത് ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടനാണ്. അദ്ദേഹം പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. 'ഇതിന് തടസ്സമെന്താണെന്നുവച്ചാൽ നിങ്ങളുടെ കമ്മ്യൂണിസ്റ്റ് പ്രത്യയ ശാസ്ത്രത്തിന്റെ പിടിവാശിമൂലം പതിനഞ്ച് ഏക്കറിൽ കൂടുതൽ എക്സംപ്ഷൻ കൊടുക്കാത്തതാണ് കേരളത്തിന്റെ വ്യവസായത്തെ തകർത്തത് എന്നാണ് അദ്ദേഹം പറഞ്ഞത്. മുൻകാലങ്ങളിൽ നടത്തിയിട്ടുള്ള പത്രസമ്മേളനങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചാൽ അങ്ങേയ്ക്ക് കാര്യങ്ങൾ വ്യക്തമാകും. എക്സംപ്ഷൻ കൊടുക്കുന്നത് സംബന്ധിച്ച് കേരളത്തിലെ സംരംഭകരും ബഹുമാന്യരായ പ്രതിപക്ഷനേതാക്കൾ ഉൾപ്പെടെ ആവശ്യപ്പെട്ടിരുന്നതാണ്. എന്നാൽ എക്സംപ്ഷൻ കൊടുക്കുന്നതിനുള്ള ക്ലോസ് വളരെ സങ്കീർണ്ണമായതിനാൽ അത് പരിഹരിക്കാൻ സാധിക്കാത്തതുമൂലം അഞ്ചോ ആറോ വർഷങ്ങൾക്കുശേഷം

സംരംഭങ്ങൾക്കായുള്ള അപേക്ഷകൾ പലതും നിരസിക്കുകയാണ് ചെയ്യിരുന്നത്. ഇത് കുറച്ചുകൂടി ലഘൂകരിക്കണം. അതിനുവേണ്ടിയാണ് സംരംഭകരുടെയെല്ലാം അഭിപ്രായ പ്രകാരം മന്ത്രിസഭതന്നെ ഒരു മന്ത്രിസഭാ സമിതിക്ക് രൂപം കൊടുത്തത്. ആരോഗ്യ വകുപ്പിലാണ് ഒരു മെഡിക്കൽ സംവിധാനം വരുന്നതെങ്കിൽ അതിന്റെ സമിതിയിൽ റവന്യൂ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമുണ്ടാകും. വ്യവസായ വകുപ്പിലാണ് വരുന്നതെങ്കിൽ റവന്യൂ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമുണ്ടാകും. മറ്റേതെങ്കിലും വകുപ്പിലാണെങ്കിൽ പ്രസ്തുത വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരുമുണ്ടാകും. അതിന് ഒരു ജനറൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതാണ് കേരളത്തിലെ അഴിമതിയുടെ ഏറ്റവും പ്രധാനപ്പെട്ട രേഖയെന്നുപറഞ്ഞ് ഏതോ സിനിമയിൽ കാണിക്കുന്നതുപോലെ, രേഖ എടുത്തുകാണിച്ച ആൾതന്നെ ഇപ്പോൾ ഇത് പറയുന്നതിൽ ഏറെ സന്തോഷമുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. എടുക്കുന്ന കടലാസ് എന്തിനാണെന്നുള്ളത് വായിച്ചുനോക്കി ബോധ്യപ്പെട്ടിട്ടുവേണം പറയാൻ

എന്നാണ് എനിക്ക് ഇവിടെ പറയാനുള്ളത്. ഇപ്പോൾ ഒരു കമ്മിറ്റി നിലവിൽ വന്നിട്ടുണ്ട്. 15 ഏക്കറിൽ കൂടുതലുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കാണെങ്കിലും ഈ കമ്മിറ്റിയുടെ മുമ്പാകെ വന്ന് അത് പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കും. അതാണ് ജനറലായുള്ള ഉത്തരവിലുള്ളത്.

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കിനെക്കുറിച്ച് നേരത്തെ സഭയിൽ പറഞ്ഞിട്ടുള്ളതിനാൽ വിശദീകരിച്ച് സമയം കളയുന്നില്ല. ഉന്നത വിദ്യാഭ്യാസ വകുപ്പ് അതിന്റെ NOC മാനദണ്ഡങ്ങൾ തയ്യാറാക്കി നൽകിയാൽ ഉടൻതന്നെ അപേക്ഷ ക്ഷണിക്കാൻ തുടങ്ങും. ഈ മാസംതന്നെ അത് ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വർഷം മിനിമം 25 ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കാൻ സാധിക്കും. എൺപതോളം ആളുകൾ ഇപ്പോൾതന്നെ EOI വ്യവസായ വകുപ്പിന് നൽകിയിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ അനുസരിച്ച് മുന്നോട്ടുപോകണം.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സൊക്കെ വളരെ ഉയർന്നിട്ടുണ്ട്. എന്റെ സുഹൃത്ത് ബഹുമാന്യനായ പുതുപ്പള്ളി അംഗം ഇവിടെ പറഞ്ഞ കണക്ക് മാറിപ്പോയിട്ടുണ്ട്. അദ്ദേഹം ഇപ്പോൾ സഭയിലില്ല. ഈസ് ഓഫ് ഡൂയിംഗ്

ബിസിനസ്സിൽ റാങ്ക് കൂടി, പക്ഷെ പോയിന്റ് കുറഞ്ഞുവെന്നാണ് അദ്ദേഹം പറഞ്ഞത്. എന്തെങ്കിലും കാരണം കണ്ടെത്തണമല്ലോ? 22.8 പോയിന്റ് മാത്രമേയുള്ളൂവെന്നാണ് അദ്ദേഹം പറഞ്ഞത്. അത് 2015-ലെ കണക്കാണ്. ഇപ്പോഴത്തെ പോയിന്റ് 91.04 ആണ്. അദ്ദേഹം അത് തിരുത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിനെക്കുറിച്ച് ഇവിടെ പറഞ്ഞു. സഹകരണ സ്പിന്നിംഗ് മേഖല പ്രതിസന്ധി നേരിടുന്നുണ്ട്. 3.58 കോടി രൂപ ഇവർക്ക് നൽകിയിട്ടുണ്ടെങ്കിൽപ്പോലും ഈ മേഖല പൊതുവെ നേരിടുന്ന പ്രതിസന്ധി മറികടക്കാൻ കഴിയുന്നില്ല. കോട്ടൺ വില കൂടുകയും നൂലിന്റെ വില കുറയുകയും ചെയ്യുന്നതിന്റെ ഭാഗമായി മിക്കവാറും എല്ലാ കമ്പനികളും അടച്ചുപൂട്ടലിന്റെ വക്കിലാണ്. 'Textile industry crisis looms large as demand hits a low' എന്നാണ് 'ദ് ഹിന്ദു' റിപ്പോർട്ട് ചെയ്തിരിക്കുന്നത്. തിരുപ്പൂരിൽ നിരവധി തുണി മില്ലുകൾ അടച്ചുപൂട്ടിയിരിക്കുകയാണ്. കോട്ടൺ വാങ്ങി നൂലാക്കി മാറ്റുന്നതിന്, ഒരു കിലോ നൂൽ ഉൽപ്പാദിപ്പിക്കുമ്പോൾ 35 രൂപ നഷ്ടം വരും. എത്ര കൂടുതൽ ഉൽപ്പാദിപ്പിക്കുന്നോ അത്രയും കൂടുതൽ

നഷ്ടം വരുമെന്നതാണ് ഇപ്പോഴത്തെ പ്രശ്നം. ഞങ്ങൾ കുറേ ശ്രമിച്ചെങ്കിലും പരിമിതികളുണ്ട്. ഉമ്മൻ ചാണ്ടി സാർ ജീവിച്ചിരുന്ന കാലത്ത് പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന് പ്രത്യേക സഹായം വേണമെന്ന് അദ്ദേഹംകൂടി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പ്രത്യേകമായുള്ള സഹായം അന്ന് ആ സ്ഥാപനത്തിന് നൽകിയത്. എന്നാൽ ഈ പ്രതിസന്ധി എളുപ്പത്തിൽ പരിഹരിക്കാൻ സാധിക്കുന്നതല്ല. അതുകൊണ്ട് ദീർഘകാലത്തെ ആവശ്യമായ കോട്ടൺ ബോർഡ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആ ബോർഡിന് 70 കോടി രൂപ വായ്പയെടുക്കാനുള്ള ഗ്യാരന്റിയുണ്ട്. വിലക്കുറവുള്ള സീസണിൽ ഗുണമേന്മയുള്ള കോട്ടൺ സംഭരിച്ച് മില്ലുകൾക്ക് നൽകാനുള്ള സംവിധാനത്തെക്കുറിച്ചാണ് കോട്ടൺ ബോർഡ് രൂപീകരിക്കുന്നതിലൂടെ ഉദ്ദേശിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇലക്ട്രിക്കൽ സെക്ടറിലാണ് കുറച്ച് പരിമിതികളുള്ളത്. ടെൽക്, ട്രാകോ, കെൽ എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾ നേരത്തെയുള്ള ടെൻഡർ റേറ്റിൽ സാധനങ്ങൾ നൽകണമെന്ന് വന്നതാണ്

ആ പ്രതിസന്ധിയുടെ കാരണം. ബഹുമാന്യനായ അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ഇക്കാര്യങ്ങളിലൊക്കെ എല്ലായ്പോഴും ഇടപെടുന്നയാളാണ്. കോവിഡ് കാലത്ത് അസംസ്കൃത വസ്തുക്കളുടെ വില വലിയ തോതിൽ കൂടിയതിനാൽ ഒരു ട്രാൻസ്ഫോമർ ഉണ്ടാക്കി നൽകിയാൽ നഷ്ടം കൂടുന്ന സാഹചര്യമുണ്ടായി. ഇത് ഇലക്ട്രിക്കൽ മേഖലയിൽ പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക പരിമിതികൾ കാരണം പ്രയോറിറ്റി നിശ്ചയിക്കുമ്പോൾ, നേരത്തെ നിശ്ചയിച്ചതിനേക്കാൾ കൂടുതൽ സഹായം കൊടുക്കാൻ സാധിക്കുകയില്ല. ഇതുസംബന്ധിച്ച് ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു., എസ്.ടി.യു., എ.ഐ.ടി.യു.സി. തുടങ്ങിയ ട്രേഡ് യൂണിയൻ നേതാക്കളുമായി സർക്കാർ ചർച്ച നടത്തിയിരുന്നു. റിവോൾവിംഗ് ഫണ്ട് നൽകാനാണ് സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നത്. KMML, KSIDC, KSFE, KFC എന്നീ സ്ഥാപനങ്ങളുടെ കുറച്ച് ഷെയർ അങ്ങോട്ട് മാറ്റുകയാണ്.

മി. സ്പീക്കർ: സമയം അധീകരിച്ചുപോകുകയാണ്. ഇപ്പോൾത്തന്നെ 36 മിനിട്ടായി. അതുകൊണ്ട് മറ്റ് അംഗങ്ങൾക്ക് വഴങ്ങേണ്ടതില്ല.

ശ്രീ. പി. രാജീവ്: സർ, ഇത് വളരെ പ്രധാനപ്പെട്ട ധനാഭ്യർത്ഥനയാണ്. ഇത്തരത്തിൽ റിവോൾവിംഗ് ഫണ്ടുണ്ടാക്കി വർക്കിംഗ് ക്യാപ്പിറ്റലിനുവേണ്ടി നൽകും. എന്നാൽ അങ്ങനെ കൊടുക്കുന്നത് Bankable ആയിരിക്കണം. ഈ ബജറ്റിൽ ആദ്യമായി സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് ക്ലിയർ ചെയ്യുന്നതിനുവേണ്ടി പ്രത്യേക അലോക്കേഷൻ അനുവദിച്ചു. റിവോൾവിംഗ് ഫണ്ടിൽനിന്നും ഒരു ഭാഗം സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് ക്ലിയർ ചെയ്യാൻ നൽകും. അതിന്റെ അടിസ്ഥാനത്തിൽ ബാങ്കിന് സർക്കാർ പണം നൽകും. ബാങ്ക് പി.എസ്.യു.-വിന് പണം കൊടുക്കും, എസ്ക്രൊ അക്കൗണ്ടുണ്ടാക്കും. ഓർഡർ വരുന്നതിനനുസരിച്ച് പണം തിരിച്ചുവരുമ്പോൾ എസ്ക്രൊ അക്കൗണ്ടിലേയ്ക്ക് വരും. ഈ പണം തിരിച്ച് റിവോൾവിംഗ് ഫണ്ടിലേയ്ക്കും വരും. അപ്പോൾ അത് അടുത്ത പി.എസ്.യു.-വിന് കൊടുക്കാൻ സാധിക്കും. അങ്ങനെ റിവോൾവിംഗ് ഫണ്ട് വഴി പി.എസ്.യു.-വിന്റെ പ്രശ്നം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്.

കയർ രംഗത്തെ പ്രശ്നങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. അത് വളരെ ഗൗരവമുള്ളതാണ്. കയർ ഉൽപ്പാദനം കഴിഞ്ഞ അഞ്ച് വർഷം 77218

ടണ്ണായിരുന്നു. ഇപ്പോൾ രണ്ടരവർഷംകൊണ്ട് 43319 ടൺ കയർ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. എങ്കിലും പുതിയ ചില പദ്ധതികൾ ആവിഷ്കരിക്കണമെന്നുതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഇപ്പോൾ നൽകുന്ന മാനേജീരിയൽ സബ്സിഡിയുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അതുപോലെ നിലനിർത്തിക്കൊണ്ടുതന്നെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 50 കയർ സഹകരണ സംഘങ്ങളെ പ്രത്യേകം തിരഞ്ഞെടുത്ത് ആ സ്ഥാപനങ്ങളെ ലാഭകരമായ സംഘങ്ങളാക്കി മാറ്റാൻ പ്രവർത്തന മൂലധനമായി പരമാവധി പത്ത് ലക്ഷം രൂപ നൽകുന്ന പദ്ധതി അംഗീകരിച്ചിട്ടുണ്ട്. സംഘങ്ങളുടെ മറ്റൊരു പ്രശ്നം വൈദ്യുതി കുടിശ്ശികയാണ്. അതിനുവേണ്ടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാൻ സർക്കാർ സഹായിക്കും. എ.എസ്.എം. (Automatic Spinning Machine) ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് വൈദ്യുതി ചാർജ്ജിന്റെ 50 ശതമാനം, ഒരു വർഷം പരമാവധി അൻപതിനായിരം രൂപ വരെ സർക്കാർ സബ്സിഡിയായി നൽകും. ഈ യൂണിറ്റുകളിലെ തൊഴിലാളികൾക്ക് മൂന്ന് ലക്ഷം രൂപവരെ അപകട ഇൻഷ്വറൻസും ഒരു

ലക്ഷം രൂപവരെ ആശുപത്രി ചെലവും നൽകുന്ന പദ്ധതി നടപ്പിലാക്കും. ഇതുകൂടാതെ ബീമായോജന പദ്ധതിയിൽ 25000 തൊഴിലാളികളെ അംഗമാക്കാൻ, തൊഴിലാളികളുടെ വിഹിതത്തിന്റെ ഭാഗമായി അഞ്ച് ലക്ഷം രൂപ നൽകുന്നതിനും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. 50 ഡി.എഫ്. യൂണിറ്റുകൾക്കും എ.എസ്.എം. യൂണിറ്റുകൾക്കും വർഷത്തിൽ ആകെ വൈദ്യുതി ചാർജ്ജിന്റെ 50 ശതമാനം അല്ലെങ്കിൽ പരമാവധി ഒരു ലക്ഷം രൂപ സബ്സിഡി നൽകുന്നുണ്ട്. ഇത് കയർ മേഖലയിൽ കുറച്ച് ആശ്വാസം നൽകുമെന്നാണ് കരുതുന്നത്. കൈത്തറി മേഖലയിലും സമാനമായുള്ള കോട്ടൺ ബോർഡ്, ക്ലസ്റ്ററുകളുടെ പ്രവർത്തനം എന്നിവ ചെയ്യുന്നുണ്ട്. സമയ പരിമിതിമൂലം എല്ലാം വിശദമായി പറയുന്നില്ല.

മൂലധനം ആകർഷിക്കുന്നതിനുവേണ്ടി ജനുവരി മാസത്തിൽ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുമെന്ന കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്. അതിന് മുന്നോടിയായി ലോജിസ്റ്റിക് പോളിസി, ഇ.എസ്.ടി. പോളിസി, ഗ്രഫീൻ പോളിസി, എക്സ്പോർട്ട് പോളിസി ഇത്തരത്തിലുള്ള പ്രധാനപ്പെട്ട പോളിസികൾ ജൂൺ, ജൂലൈ മാസങ്ങളിൽ

അംഗീകരിക്കും. അതിന്റെ തുടർച്ചയിൽ 22 സെക്ടറുകളിലായി 12 റൗണ്ട് ടേബിൾ കോൺഫറൻസ് സംഘടിപ്പിക്കും. രാജ്യത്തെ ആദ്യത്തെ Generative AI-യുടെ ഇന്റർനാഷണൽ കോൺക്ലേവ് ജൂലൈ 11, 12 തീയതികളിൽ ഐ.ബി.എം.-മായി ചേർന്ന് കൊച്ചിയിൽ വച്ച് നടക്കുമെന്ന കാര്യംകൂടി അറിയിക്കുകയാണ്. വ്യവസായ രംഗത്ത് നല്ല മാറ്റമുണ്ടാക്കുന്നതിനായി നമുക്ക് ഒന്നിച്ച് മുന്നേറാൻ സാധിക്കും. മറ്റ് എം.എൽ.എ.-മാർ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് ഓരോന്നിനുമായി മറുപടി പറയുന്നില്ല. അവയെല്ലാം പോസിറ്റീവായി പരിഗണിക്കുന്നതാണ്.

ഉമ്മൻ ചാണ്ടിയുടെ ഭരണ കാലമാണ് ഏറ്റവും നല്ലതെന്ന് ബഹുമാന്യനായ യു. എ. ലത്തീഫ്, എം.എൽ.എ. പറയുകയുണ്ടായി. തിരുരങ്ങാടിയിൽ കൊണ്ടുപോയി മത്സരിപ്പിച്ചുവെന്ന് പറഞ്ഞ ബഹുമാന്യനായ ശ്രീ. എ. കെ. ആന്റണി, യു.ഡി.എഫ്. കേരളം ഭരിക്കുമ്പോൾ കേന്ദ്ര മന്ത്രിയായിരുന്ന അദ്ദേഹം നടത്തിയ പ്രസംഗത്തിലെ രണ്ട് വാചകം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 'കേരളത്തിൽ പുതിയ കേന്ദ്ര സ്ഥാപനങ്ങൾ തുടങ്ങാൻ ധൈര്യമില്ലെന്ന് ശ്രീ. എ. കെ. ആന്റണി.

എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേന്ദ്ര വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് കലവറയില്ലാതെ പിന്തുണ ലഭിച്ചിരുന്നുവെന്നും എന്നാൽ കഴിഞ്ഞ ഒന്നരവർഷമായി കേരളത്തിന്റെ അന്തരീക്ഷം ഇതിന് അനുകൂലമല്ലെന്നും ശ്രീ. എ. കെ. ആന്റണി പറഞ്ഞു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെയും വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെയും തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ഷിബു ബേബിജോണിനെയും ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിനെയും വേദിയിലിരുത്തിയാണ് യു.ഡി.എഫ്.-നെതിരെ ശ്രീ. എ. കെ. ആന്റണിയുടെ കടുത്ത വിമർശനം.' അങ്ങ് വലിയ മഹത്തരമാണെന്ന് പറഞ്ഞ കാലത്തെക്കുറിച്ച് നിങ്ങളുടെ നേതാവുതന്നെ വിശദീകരിച്ച കാര്യമാണിത്. സമയക്കുറവുമൂലം ഞാൻ ലെനിന്റെ ഉദ്ധരണിയിലേയ്ക്കൊന്നും പോകുന്നില്ല. ഇപ്പോൾ തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-ന് പരാജയമുണ്ടായെന്നാണല്ലോ നിങ്ങളെല്ലാം പറയുന്നത്. ശ്രീ. നജീബ് കാന്തപുരത്തിനോട് എനിക്ക് പ്രത്യേക നന്ദിയുണ്ട്. അദ്ദേഹം ഇല്ലായിരുന്നെങ്കിൽ നമുക്ക് തമിഴ്നാട്ടിൽനിന്ന് ഒരു എം.പി.-യെ ലഭിക്കില്ലായിരുന്നു. അത്രയും വലിയ പാർട്ടിയാണല്ലോ തമിഴ്നാട്ടിലെ

അങ്ങയുടെ പാർട്ടി. അവിടെ നിങ്ങൾ കാണേണ്ടത്, കോയമ്പത്തൂരിൽ ഞങ്ങൾ ഇപ്പോൾ ജയിച്ച സീറ്റിൽ ബി.ജെ.പി.-യുടെ പ്രസിഡന്റാണ് മത്സരിക്കുന്നതെന്നും ഞങ്ങൾ ആ സീറ്റിൽ മത്സരിക്കണമെന്നും ഡി.എം.കെ. പറഞ്ഞു. അതനുസരിച്ച് ഞങ്ങൾ അവിടെ മുന്നണിയെ നയിക്കുകയും അഞ്ച് ലക്ഷത്തിൽപ്പരം വോട്ടുകൾനേടി വിജയിക്കുകയും ചെയ്തു. സി.എസ്.ഡി.എസ്. - ലോക്നീതി സർവേ 'ദി ഹിന്ദു' ദിനപത്രം പ്രസിദ്ധീകരിച്ചല്ലോ; കേരളത്തിലെ 70 ശതമാനം ആളുകളും മോദി അധികാരത്തിൽ വരരുതെന്ന നിലപാടിൽ വോട്ടുചെയ്തവരാണ്. ആ വോട്ടിന്റെ ആനുകൂല്യം നിങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. കുറച്ച് പ്രശ്നങ്ങളുണ്ടാകുമെന്ന് ഞങ്ങൾക്ക് അറിയാം. 'ഇന്ത്യ' മുന്നണിയുടെ ഭാഗമായി ഞങ്ങൾ നിൽക്കാൻ തീരുമാനിക്കുമ്പോഴും അതിന്റെ സംവിധാനത്തിലേക്ക് എത്തുമ്പോഴും കേരളത്തിൽ ഞങ്ങൾക്ക് കുറച്ച് സങ്കീർണ്ണമായി ഈ പ്രശ്നത്തെ അഭിസംബോധന ചെയ്യേണ്ടിവരുമെന്നറിയാം. ഇവിടെ എന്ത് എന്നല്ല ഞങ്ങൾ നോക്കിയത്, രാജ്യത്താകെ വരുന്ന ഈ സംവിധാനത്തിനൊപ്പം എങ്ങനെ നിൽക്കാമെന്നാണ്. പിന്നെ ഒരു അന്തരീക്ഷം വന്നല്ലോ? നിങ്ങൾ

പഠനങ്ങൾ നോക്കിക്കോളൂ. 38 നിയോജകമണ്ഡലങ്ങളിലാണ് ബി.ജെ.പി. പരാജയപ്പെട്ടത്. അവയെല്ലാം കർഷക സമരങ്ങളുടെ ശക്തികേന്ദ്രങ്ങളാണ്. ആരാണ് ഈ സമരം നടത്തിയത്? ഞങ്ങൾ മാത്രമാണ് ഇതെല്ലാം ചെയ്തതെന്ന് ഞങ്ങൾ ഒരിടത്തും പറയുന്നില്ല. രാഷ്ട്രീയത്തേയും പോരാട്ടത്തേയും അതിന്റെ ദിശയേയും നിർണ്ണയിക്കുന്നതിൽ ഇന്ത്യയിൽ ഇടതുപക്ഷത്തിന് ഒരു പങ്കുമില്ലെന്ന് നിങ്ങളുടെ നേതൃത്വം പറയുമോ; ഇല്ലല്ലോ? ഇവിടെ സൂചിപ്പിച്ചതുപോലെ ഗുജറാത്ത് പ്രശ്നം, ബിൽക്കിസ് ബാനു കേസ്, ഡൽഹി സംഭവങ്ങൾ, ഇലക്ടറൽ ബോണ്ട് പ്രശ്നം കോടതിയിൽ കൊണ്ടുവന്നത് തുടങ്ങിയവയിലെല്ലാം ഇടതുപക്ഷം വഹിച്ച പങ്ക് എന്താണ്? എപ്പോഴും ഇന്ത്യയ്ക്കകത്ത് ഈ സംവിധാനത്തിൽ നിൽക്കുകയാണ് ചെയ്തത്. ഇപ്പോൾ കേരളത്തിൽ നിങ്ങൾ 18 സീറ്റിൽ വിജയിച്ചു. ഞങ്ങൾ കഴിഞ്ഞ തവണയും ഇത്തവണയും ഒരു സീറ്റിൽ ജയിച്ചു. കഴിഞ്ഞ തവണ ഞങ്ങൾ ഒരു സീറ്റിൽ മാത്രം ജയിച്ചപ്പോൾ ആ സീറ്റിൽ 2014-ൽ ഞങ്ങൾക്ക് കിട്ടിയതിനേക്കാൾ കുറഞ്ഞ വോട്ടാണ് നിങ്ങൾക്ക് കിട്ടിയത്. അത് മനസ്സിലാക്കണം. ജയപരാജയങ്ങളെക്കുറിച്ച് കണക്കുകൾ സൂചിപ്പിച്ചൊന്നും

ഞാൻ പറയുന്നില്ല. ഇപ്പോൾ ഭേദപ്പെട്ട വോട്ടുനേടി  ഞങ്ങൾ ഒരു സീറ്റിൽ ജയിച്ചു.  നിങ്ങൾക്ക് 18 സീറ്റുകളും ലഭിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ തിരഞ്ഞെടുപ്പിലേക്ക് പോകുമ്പോൾ നിങ്ങൾക്ക് ഒരു സീറ്റല്ല, രണ്ട് സീറ്റുണ്ടായിരുന്നു. ഞങ്ങളുടെ കൂടെനിന്ന് ജയിച്ച ശ്രീ. തോമസ് ചാഴികാടൻ നിങ്ങളുടെ സ്ഥാനാർത്ഥിയായിരുന്നു. അത് ഓർക്കണം. അങ്ങനെ നിങ്ങൾക്ക് രണ്ട് സീറ്റുകളാണുണ്ടായിരുന്നത്. പക്ഷെ രണ്ട് സീറ്റിൽ ഒന്ന് മാത്രമേ ഇപ്പോൾ ലഭിച്ചുള്ളൂ, അൻപത് ശതമാനം നേരെ കുറഞ്ഞുപോയി. ആ സത്യമാണ് പറയേണ്ടത്.

ശ്രീ. പി. രാജീവ്: സർ, അങ്ങയുടെ ഗണിതശാസ്ത്രം അങ്ങയുടേത് മാത്രമായി നിൽക്കട്ടെ. അതത് കാലത്ത്  ജനങ്ങൾ എങ്ങനെ വോട്ടുകൾ രേഖപ്പെടുത്തിയെന്നത് അടിസ്ഥാനമാക്കിയാണ് ജയപരാജയങ്ങൾ നിശ്ചയിക്കുന്നത്. പക്ഷെ നിങ്ങളും ഞങ്ങളും കാണേണ്ടതും മനസ്സിലാക്കേണ്ടതുമായ ചില കാര്യങ്ങളുണ്ട്. കോൺഗ്രസ്സും ബി.ജെ.പി.-യും നേരിട്ട് മത്സരിച്ച സ്ഥലങ്ങളുടെ സ്ഥിതി പരിശോധിക്കണം. യു.പി.-യിലെ

പ്രധാനപ്പെട്ട പാർട്ടി എസ്.പി.(സമാജ്‌വാദി പാർട്ടി)-യാണ്. കോൺഗ്രസ്സും ആ മുന്നണിയുടെ ഭാഗമായി. രാജസ്ഥാനിലെ സിക്കാറിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ ലോക്‌സഭാ തിരഞ്ഞെടുപ്പിനുമുമ്പ് നടന്ന നിയമസഭാ സമ്മേളനത്തിൽ ഞാൻ ഒരു കാര്യം പറഞ്ഞിരുന്നു. സഭാ രേഖകൾ പരിശോധിച്ചാൽ നിങ്ങൾക്ക് അത് മനസ്സിലാകും. രാജസ്ഥാനിൽ നിങ്ങൾ എല്ലാവരുമായി ചേർന്നുനിൽക്കാൻ തീരുമാനിച്ചിരുന്നെങ്കിൽ അവിടെ ബി.ജെ.പി. അധികാരത്തിൽ വരില്ലായിരുന്നു. പക്ഷെ അതിന് മുമ്പുനടന്ന തിരഞ്ഞെടുപ്പുകളുടെ വിജയത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ ഒറ്റയ്ക്ക് നിൽക്കാൻ തീരുമാനിച്ചു. ഞങ്ങൾ ചെറിയ പാർട്ടിയായിരിക്കാം. പക്ഷെ കുറേ നിയോജകമണ്ഡലങ്ങളിൽ ഞങ്ങൾക്കും വോട്ടുണ്ടായിരുന്നു. ആ വോട്ടുകൂടി ഉണ്ടായിരുന്നെങ്കിൽ നിങ്ങൾ ജയിക്കുമായിരുന്നെന്ന് നിങ്ങൾ പരാജയപ്പെട്ട നിയോജകമണ്ഡലങ്ങളിലെ വോട്ടിംഗ് നില പരിശോധിച്ചാൽ മനസ്സിലാകും. ചിലയിടങ്ങളിൽ ഞങ്ങളും ജയിക്കുമായിരുന്നു. (...ബഹളം....).

<u>മി. സ്പീക്കർ</u>: പ്ലീസ്....പ്ലീസ്..... പ്രസംഗം തടസ്സപ്പെടുത്തരുത്.

<u>ശ്രീ. പി. രാജീവ്:</u> സർ, രാജസ്ഥാനിൽ കഴിഞ്ഞ തവണ കോൺഗ്രസിന് ഒരു സീറ്റും ലഭിച്ചിരുന്നില്ല. ഇപ്പോൾ സിക്കാറിന്റെ കാര്യം നിങ്ങൾ പറയുന്നുണ്ടല്ലോ; അന്ന് ലോക്സഭാ തിരഞ്ഞെടുപ്പിൽ ഒറ്റ സീറ്റുപോലും നിങ്ങൾക്ക് നേടാനായില്ല. ഞാൻ ഉള്ളതുപറയുമ്പോൾ നിങ്ങൾ അസ്വസ്ഥരാകേണ്ട കാര്യമില്ല. നിങ്ങൾക്ക് വേണമെങ്കിൽ അഭിപ്രായം പറയാം. ഇപ്പോൾ മുന്നണി സംവിധാനം വന്നു. കഴിഞ്ഞ ഉത്തർപ്രദേശ് നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഏഴ് ഘട്ടങ്ങളിൽ അഞ്ച് ഘട്ടത്തിലും ശ്രീ. രാഹുൽ ഗാന്ധി ഒരു പ്രചരണത്തിനുപോലും എത്തിയില്ല. ഇക്കാര്യം ഗൂഗിളിൽ സെർച്ച് ചെയ്തുനോക്കിയാൽ മനസ്സിലാകും. അദ്ദേഹത്തെക്കുറിച്ച് പറയുമ്പോൾ നിങ്ങൾ മറ്റ് അഭിപ്രായങ്ങൾ പറയുന്നതെന്തിനാണ്? ഞാൻ ഉത്തർപ്രദേശിനെക്കുറിച്ച് പറഞ്ഞപ്പോൾ നിങ്ങൾ അത് അംഗീകരിച്ചതിൽ സന്തോഷമുണ്ട്. ശ്രീ. രാഹുൽ ഗാന്ധി കേരളത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, തെലങ്കാന-കർണ്ണാടക സംസ്ഥാനങ്ങളിലെ സ്ഥിതിയെന്താണ്? അക്കാര്യം ഉൽകണ്ഠയോടുകൂടി കാണേണ്ടതുണ്ട്. തെലങ്കാനയിൽ ബി.ജെ.പി.-ക്ക് പതിനഞ്ച് ശതമാനത്തിൽനിന്ന് മുപ്പത്തഞ്ച്

ശതമാനത്തിലേക്ക് വോട്ട് വർദ്ധനയുണ്ടായിരിക്കുകയാണ്. സീറ്റ് ഇരട്ടിയായി. നിങ്ങളുടെ പാർട്ടി ഭരിക്കുന്ന സംസ്ഥാനത്തിന്റെ കാര്യമാണ് ഞാൻ സൂചിപ്പിക്കുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിൽ തെലങ്കാനയിൽ ബി.ആർ.എസ്.-9 സീറ്റുകളിലും ബി.ജെ.പി.-4 സീറ്റുകളിലും കോൺഗ്രസ്സ്-3 സീറ്റുകളിലും ശ്രീ. അസദുദ്ദീൻ ഒവൈസി ഒരു സീറ്റിലും വിജയിച്ചു. 4 സീറ്റുണ്ടായിരുന്ന ബി.ജെ.പി. ഇത്തവണ അത് 8 സീറ്റാക്കി വർദ്ധിപ്പിച്ചു. 3 സീറ്റുണ്ടായിരുന്ന കോൺഗ്രസിനും 8 സീറ്റ് ലഭിച്ചു. എന്നാൽ 9 സീറ്റുണ്ടായിരുന്ന ബി.ആർ.എസ്. പൂജ്യമായി. കോൺഗ്രസ് ജയിക്കാതിരിക്കാൻ അവരുടെ വോട്ട് ബി.ജെ.പി.-ക്ക് ട്രാൻസ്ഫർ ചെയ്തു. ഇതാണ് അവിടെ സംഭവിച്ചതെന്നുമാത്രം മനസ്സിലാക്കിയാൽ മതി.

ശ്രീ. പി. രാജീവ്: സർ, അങ്ങ് കാര്യങ്ങൾ വിശദമായി പഠിക്കാൻ ശ്രമിക്കുന്ന ആളാണെന്ന് എനിക്ക് അറിയാം. ബി.ആർ.എസ്. ദുർബലമാണെന്ന് ഞാൻ മുമ്പ് സഭയിൽ പറഞ്ഞിട്ടുണ്ട്. രേഖകൾ പരിശോധിച്ചാൽ അക്കാര്യം മനസ്സിലാകും. ബി.ആർ.എസ്. ദുർബലമായ

സ്ഥലങ്ങളിൽ കൂടുതൽ വോട്ട് നേടുന്നതിനായി നിങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കണമായിരുന്നു. നിങ്ങൾ അങ്ങനെ ചെയ്തില്ലെന്ന് ഞാൻ സൂചിപ്പിച്ചിരുന്നു. ബി.ജെ.പി.-ക്ക് അവിടെ 35 ശതമാനത്തിന്റെ വോട്ട് വർദ്ധനയുണ്ടായെന്നത് ആശങ്കപ്പെടേണ്ട കാര്യമാണ്.

ലീഗിന്റെ ദയാവായ്പോടുകൂടി ഞങ്ങൾ ജയിച്ച സംസ്ഥാനമാണ് തമിഴ്നാട് എന്നാണ് നേരത്തെ ഇവിടെ ബഹുമാനപ്പെട്ട ഒരംഗം സൂചിപ്പിച്ചത്. ലീഗ് ഇല്ലായിരുന്നെങ്കിൽ ഞങ്ങൾ ആകെ പ്രശ്നത്തിലാകുമായിരുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. ഡി.എം.കെ.-യെപ്പോലും ജയിപ്പിച്ചത് ശ്രീ. നജീബ് കാന്തപുരമാണെന്ന് അദ്ദേഹം പറഞ്ഞാലും ഞാൻ അത്ഭുതപ്പെടില്ല. തമിഴ്നാട്ടിൽ ബി.ജെ.പി.-ക്ക് 3.1 ശതമാനം വോട്ടുണ്ടായിരുന്നത് 11.24 ശതമാനത്തിലേയ്ക്കെത്തി. ദക്ഷിണേന്ത്യയിൽ നമ്മൾ പ്രതീക്ഷിച്ചതുപോലൊരു മാറ്റം വോട്ടർമാരിൽ പ്രതിഫലിച്ചിട്ടില്ല. ബി.ജെ.പി.-ക്ക് ഇങ്ങനെ നിൽക്കാൻ കഴിഞ്ഞതിന്റെ കാരണം ദക്ഷിണേന്ത്യ കൂടിയാണ്. ദക്ഷിണേന്ത്യയുടെ പൊതുവായ രാഷ്ട്രീയത്തിലേയ്ക്കും പൊതുവായ സംസ്കാരത്തിലേയ്ക്കും ഹിന്ദുത്വത്തിന്

കയറാൻ കഴിയുന്നു. കുറേക്കൂടി ശക്തമായ ദ്രാവിഡീയൻ രാഷ്ട്രീയവും സംസ്കാരവുമുള്ള തമിഴ്നാട്ടിൽപ്പോലും വോട്ടിംഗ് നില അവർ വർദ്ധിപ്പിക്കുന്നു. ഇത് മനസ്സിലാക്കിക്കൊണ്ട് നമ്മൾ എങ്ങനെ ഇടപെടണമെന്ന് ചിന്തിക്കണം. അത് ഇപ്പോഴത്തെ വിജയത്തിനകത്ത് ഒതുങ്ങിനിൽക്കുന്ന കാര്യമല്ല. തൃശ്ശൂരിന്റെ കാര്യമെടുത്താൽ, നിങ്ങൾക്ക് 86884 വോട്ട് കുറഞ്ഞു. ബി.ജെ.പി. ഏകദേശം അതേ എണ്ണം വോട്ടിന് അവിടെ ജയിച്ചു. 16196 വോട്ട് ഞങ്ങൾക്കും ലഭിച്ചു. അതുസംബന്ധിച്ച കണക്കുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമെല്ലാം ഇവിടെ ഉന്നയിച്ചതാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. നിങ്ങളുടെ വോട്ടുകളിലും നല്ലരീതിയിലുള്ള ചോർച്ചയുണ്ടായിട്ടുണ്ട്. ഞങ്ങളുടെ വോട്ടുകളിലും ചോർച്ചയുണ്ടായിട്ടുണ്ട്. ഞങ്ങൾ അത് പരിശോധിക്കും. ഞങ്ങൾക്ക് ഒരു തിരിച്ചടി കിട്ടിയാൽ ഞങ്ങൾ നേരെ ജനങ്ങളിലേക്ക് പോയി അവരിൽനിന്ന് കേൾക്കും, പാഠം മനസ്സിലാക്കും, ഉൾക്കൊള്ളും, തിരുത്തേണ്ടത് തിരുത്തും, കൂടുതൽ ഊർജ്ജസ്വലരായി തിരികെവരും. എന്നാൽ നിങ്ങൾ അങ്ങനെയല്ല, 1977-ൽ ലോക്സഭയിൽ ഞങ്ങളുടെ നില പൂജ്യമായിരുന്നു, നിയമസഭയിൽ

പതിനേഴും. 1980 ആയപ്പോൾ മുന്നണികളുടെ അലൈൻമെന്റ് മാറി. ഞങ്ങൾ തിരിച്ചുവന്നു. 2004-ലെ ലോക്സഭാ തിരഞ്ഞെടുപ്പിനെക്കുറിച്ച് ആലോചിച്ചുനോക്കൂ. കേരളത്തിന്റെ ചരിത്രത്തിൽ കോൺഗ്രസ്സിന്റെ ചിഹ്നത്തിൽ ഒരാളുപോലും പാർലമെന്റിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടാതിരുന്ന വർഷമാണത്. ഇ. അഹമ്മദ് സാഹിബ് മാത്രമാണ് ആകെ യു.ഡി.എഫ്.-ൽ വിജയിച്ചത്. 2006-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ നിങ്ങൾക്ക് തിരിച്ചുവരാൻ കഴിഞ്ഞില്ല. 2004-ൽ ലോക്സഭാ തിരഞ്ഞെടുപ്പ് നടന്നപ്പോൾ കോൺഗ്രസ്സാണ് ഇവിടെ അധികാരത്തിലുണ്ടായിരുന്നത്. 2006-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഞങ്ങൾ അധികാരത്തിൽ വന്നു. അതിനുശേഷം 2019-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് കനത്ത തിരിച്ചടിയുണ്ടായി. അപ്പോൾ ഞങ്ങൾ ജനങ്ങളിലേക്കെത്തി കാര്യങ്ങൾ മനസ്സിലാക്കി. ലോക്സഭാ തെരഞ്ഞെടുപ്പ് ദേശീയ രാഷ്ട്രീയമാണ്. എന്നാൽ തിരുത്തേണ്ട ഭാഗങ്ങളുണ്ടെങ്കിൽ ഞങ്ങൾ സ്വാഭാവികമായും തിരുത്തും. ഞങ്ങൾ തെറ്റുകൾ പറ്റാത്ത ആളുകളാണെന്ന് കരുതുന്നില്ല. ഗർഭസ്ഥ ശിശുവിനും ശവശരീരത്തിനും മാത്രമാണ് തെറ്റ് പറ്റാതെയുള്ളതെന്ന്

കരുതുന്നവരാണ് ഞങ്ങൾ. കുറവുകളുണ്ടെങ്കിൽ തിരുത്തും. ഞങ്ങൾ ജനങ്ങളിലേയ്ക്ക് പോയി ഊർജ്ജം സംഭരിച്ചു. കേരളത്തിന്റെ ചരിത്രത്തിൽ പുതിയ അനുഭവം നൽകിക്കൊണ്ട് എൽ.ഡി.എഫ്. 2021-ൽ വീണ്ടും അധികാരത്തിൽ വന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും നിയമസഭയിലേയ്ക്കും തിരഞ്ഞെടുപ്പുകൾ വരാൻ പോകുകയാണ്. ഞങ്ങൾ കാര്യങ്ങൾ ഉൾക്കൊണ്ട് മുന്നോട്ടുപോകും. ഞങ്ങൾ ഉയർത്തിപ്പിടിച്ച ഒരു രാഷ്ട്രീയമുണ്ട്. ആ രാഷ്ട്രീയത്തിന്റെ തെളിമയെന്താണ്? ബഹുമാന്യനായ ലീഗിന്റെ സംസ്ഥാന പ്രസിഡന്റിന്റെ ഒരു പേജ് അഭിമുഖം ചന്ദ്രിക ദിനപ്പത്രത്തിലുണ്ട്. 'സി.പി.ഐ.(എം) കേരളത്തിൽ നടത്തുന്ന മുസ്ലീം വിരുദ്ധ പ്രചാരണങ്ങളാണ് ഈ അവസ്ഥയുണ്ടാക്കിയത്' എന്നാണ് അദ്ദേഹം അതിൽ പറഞ്ഞിരിക്കുന്നത്. 'മുസ്ലീം പ്രീണനം അതിരുവിട്ടു, അതാണ് ഇടതുപക്ഷത്തിന് ഈ സ്ഥിതിയുണ്ടാക്കിയത്' എന്നാണ് ശ്രീ. വെള്ളാപ്പള്ളി നടേശൻ പറഞ്ഞത്. ബി.ജെ.പി.-യുടെ പ്രസിഡന്റ് പറഞ്ഞത്, 'മുസ്ലീം പ്രീണനം സി.പി.ഐ.(എം) നടത്തുന്നു. അവരുടെ ബേസ് ഹിന്ദു വിഭാഗങ്ങളാണ്, അതുകൊണ്ട് ഹിന്ദു വിഭാഗം ഒറ്റപ്പെടുന്നു' എന്നാണ്. ഈ

പ്രസ്താവനകളെ ഞങ്ങൾ കാണുന്നത് ഞങ്ങൾ ഉയർത്തിപ്പിടിച്ച ശരിയായ വർഗ്ഗീയ വിരുദ്ധ നിലപാടിനുള്ള അംഗീകാരമായിത്തന്നെയാണ്. ഞങ്ങൾക്ക് പ്രീണനമില്ല, ഞങ്ങൾക്ക് ഒരു നിലപാടുണ്ട്. ഗാസയിൽ ഞങ്ങൾക്ക് നിലപാടുണ്ട്. ഏത് പ്രശ്നങ്ങൾക്കും നിലപാടുണ്ട്. ആ നിലപാട് വോട്ടിന്റെ അടിസ്ഥാനത്തിലല്ല, ചിലപ്പോൾ ഞങ്ങളുടെ നിലപാട് അതുപോലെ ജനങ്ങളിലേയ്ക്ക് വേണ്ടത്ര എത്തിയിട്ടുണ്ടാവില്ല, കുറവുകളുണ്ടാകും. പക്ഷേ ഞങ്ങളുടെ നിലപാട് പൊളിറ്റിക്കൽ പൊസിഷനാണ്. അതുകൊണ്ട് ഇപ്പോഴുള്ളതിൽ നിങ്ങൾ നന്നായി അഹങ്കരിച്ചോളൂ, ഒരു തെറ്റുമില്ല. നിങ്ങൾക്ക് മാധ്യമങ്ങളുടെ പരിലാളനയുണ്ട്. ഞങ്ങളുടെ പഞ്ചായത്ത് മെമ്പറുടെ അകന്ന ബന്ധു വിമാനത്താവളത്തിൽവച്ച് സ്വർണ്ണം കടത്തുമ്പോൾ പിടിക്കപ്പെട്ടാൽ ഇപ്പോഴും ന്യൂസ്അവറിൽ ആ ചർച്ച തീർന്നിട്ടുണ്ടാവില്ല. അതിൽ നേരിട്ട് ബന്ധമുണ്ടെന്ന് ഞാൻ പറയുന്നേയില്ല, ബന്ധമുണ്ടാകില്ലെങ്കിലും പ്രതീതി അങ്ങനെയാകും വരിക. അങ്ങയോട് കെ.പി.സി.സി. പ്രസിഡന്റ് നടത്തിയ പരാമർശം എന്താണ്? ഞങ്ങൾ എപ്പോഴും ബഹുമാന്യനായ പ്രതിപക്ഷനേതാവ് എന്നേ പറയുകയുള്ളൂ.

ഞങ്ങളിലാരെങ്കിലുമായിരുന്നു അങ്ങനെ പരാമർശം നടത്തിയിരുന്നതെങ്കിൽ എന്താകുമായിരുന്നു ചർച്ച. നിങ്ങൾക്ക് മാധ്യമ പരിലാളനയുണ്ട്, പ്രത്യേകമായ സംരക്ഷണമുണ്ട്. ഞങ്ങൾ പറയുന്ന കാര്യങ്ങൾ ജനങ്ങളിലേയ്ക്ക് വേണ്ടത്ര എത്താതെ പോകുന്നുണ്ടോയെന്ന് ഞങ്ങൾ പരിശോധിക്കും. അതിനാവശ്യമായ മാറ്റങ്ങൾ വരുത്തണമെങ്കിൽ വരുത്തും. പ്രചാരണ രീതിയിൽ മാറ്റം വരുത്തണമെങ്കിൽ അതും വരുത്തും. കേരളത്തിൽ ബി.ജെ.പി.-ക്കെതിരെ, ബി.ജെ.പി. വളരാതിരിക്കാൻ, വർഗ്ഗീയതയുടെ, ഹിന്ദുത്വശക്തികളുടെ രാഷ്ട്രീയം കേരളത്തിൽ വരാതിരിക്കാൻ ആവശ്യമായ നിലപാടുകളെല്ലാം ഞങ്ങൾ സ്വീകരിക്കുമെന്നാണ് പ്രധാനമായും സൂചിപ്പിക്കാനുള്ളത്. മറ്റു കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. വ്യവസായ മേഖലയിൽ നല്ല മാറ്റമുണ്ടാക്കി നാടിനെ മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് കഴിയണം.

കേന്ദ്രസർക്കാരിന്റെ സമീപനത്തെക്കുറിച്ച് നേരത്തെ പറഞ്ഞല്ലോ, കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതി - ഗിഫ്റ്റ് സിറ്റി എന്ന പേര് ഉപയോഗിക്കാൻ പാടില്ല, എന്നാൽ ഗുജറാത്ത് ഉപയോഗിച്ചു. നമ്മൾ

ഇപ്പോൾ അത് ഗ്ലോബൽ സിറ്റിയെന്നാക്കി. കേന്ദ്രവും സംസ്ഥാനവും 50:50 ശതമാനമുള്ള സംവിധാനം ഒരു വർഷമായി അംഗീകാരമില്ലാതെ യൂണിയൻ ഗവൺമെന്റിന്റെ മുന്നിലിരിക്കുകയാണ്. അതുകൊണ്ട് യു.ഡി.എഫ്.-ന്റെ എം.പി.-മാർ പഴയ സമീപനം മാറ്റി കേരളത്തിനുവേണ്ടി ശബ്ദിക്കാൻ തയ്യാറാകണം. ഇത്തരം പദ്ധതികൾക്ക് അംഗീകാരം ലഭിക്കാൻ എല്ലാവരും ഒന്നിച്ച് നിൽക്കണം. ഗ്ലോബൽ സിറ്റിക്ക് അംഗീകാരം ലഭിക്കാനും അതുപോലെ മറ്റ് പദ്ധതികളിൽ നമുക്കാവശ്യമായ ഇൻസെന്റീവ് ലഭിക്കുന്നതിനും നമുക്ക് ഒന്നിച്ച് നിൽക്കാം. അതോടൊപ്പം കേരളത്തിന്റെ വ്യവസായ മേഖലയിലെ നേട്ടങ്ങൾ ഷോകേസ് ചെയ്തുകൊണ്ട് കൂടുതൽ ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരാൻ ഓരോരുത്തരും ഓരോ എം.എൽ.എ.-മാരും ഓരോ രാഷ്ട്രീയ പാർട്ടിയും നാടിന്റെ താൽപ്പര്യം മുൻനിർത്തണം. മറ്റു സംസ്ഥാനങ്ങളിലെല്ലാം സങ്കുചിതമായ രാഷ്ട്രീയ താൽപ്പര്യങ്ങൾക്കപ്പുറത്ത് നാടിന്റെ താൽപ്പര്യം മുൻനിർത്തിക്കൊണ്ടാണ് നിലപാട് സ്വീകരിച്ചിട്ടുള്ളത്. അതിനായി നമുക്ക് ഒന്നിച്ച് പോകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സാമൂഹ്യനീതിയും സമഭാവനയും പുലരുന്ന വികസിത നവകേരളം എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി സമൂഹത്തിൽ പാർശ്വവൽകൃത വിഭാഗങ്ങളായിട്ടുള്ള വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ വ്യക്തികൾ തുടങ്ങി ജീവിതത്തിൽ ഒട്ടേറെ സങ്കടങ്ങളും നിവൃത്തികേടുകളും ഏറ്റുവാങ്ങുന്ന മനുഷ്യരെ ചേർത്തുപിടിച്ചുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ഇന്ന് ഈ വികസിത മുതലാളിത്തത്തിന്റെ യുഗത്തിൽ 'ഉപയോഗിക്കു, വലിച്ചെറിയൂ' (Use and Throw) എന്ന് ആഹ്വാനം ചെയ്യുന്ന ഡിസ്പോസബിൾ സംസ്കാരത്തിന്റെ കാലത്ത് മനുഷ്യരെയും ആ നിലയിൽ ഉപയോഗിച്ച് വലിച്ചെറിയപ്പെടുകയാണ്. വയോജനങ്ങളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് ഒട്ടേറെ വൈവിധ്യപൂർണ്ണമായ പദ്ധതികളാണ് സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിവരുന്നത്. സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള സംരക്ഷണ ഹോമുകളിൽ മികച്ച പരിപാലനമാണ് വയോജനങ്ങൾക്ക് നൽകുന്നത്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള സംരക്ഷണ കേന്ദ്രങ്ങൾക്ക്

കൃത്യമായ ഗ്രാന്റ് നൽകിവരുന്നുണ്ട്. അതുപോലെ വയോജനങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ 2007-ലെ Maintenance and Welfare of Parents and Senior Citizens Act (MWPSC Act) അനുസരിച്ച് അതിന്റെ എല്ലാ പ്രൊവിഷൻസും നടപ്പാക്കാൻ കഴിയുന്ന വിധത്തിൽ 27 റവന്യൂ ഡിവിഷനുകളിലും മെയിന്റനൻസ് ട്രിബ്യൂണലുകൾ പ്രവർത്തിക്കുന്നുണ്ട്. അവയ്ക്കുവേണ്ട എല്ലാ ഇൻസ്റ്റിറ്റ്യൂഷണൽ സപ്പോർട്ടും സാമൂഹ്യനീതി വകുപ്പാണ് നൽകുന്നത്. അതിക്രമങ്ങൾ നേരിടുമ്പോൾ പരാതിപ്പെടാൻ മാത്രമല്ല, മക്കളും പേരക്കുട്ടികളും ജീവനാംശം കൊടുക്കുന്നതിൽ വിമുഖത കാട്ടുന്ന സന്ദർഭത്തിൽപ്പോലും മെയിന്റനൻസ് ട്രിബ്യൂണലുകൾ ശ്ലാഘനീയമായ ഇടപെടലുകളാണ് നടത്തിവരുന്നത്. 'എൽഡർ ലൈൻ' പദ്ധതി ആവിഷ്കരിച്ചുകൊണ്ട് രാവിലെ എട്ടുമണി മുതൽ രാത്രി എട്ടുമണിവരെ സജീവമായി പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈനിലൂടെ വയോജനങ്ങളുടെ ആവലാതികൾ കേൾക്കുകയും പരിഹാരമുണ്ടാക്കുകയും ചെയ്യുന്നുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും ശാരീരികമായും ബുദ്ധിമുട്ടുകൾ

അനുഭവിക്കുന്ന, ആരും നോക്കാനില്ലാതെ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങൾക്ക് പ്രതിസന്ധി ഘട്ടങ്ങളിൽ സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട് സുരക്ഷ ഒരുക്കുന്നതിനുവേണ്ടി 'വയോരക്ഷ' എന്ന പദ്ധതി നല്ല നിലയിൽ നടപ്പാക്കുന്നുണ്ട്. അടിയന്തര വൈദ്യസഹായം, ഭക്ഷണം, വസ്ത്രം, പുനരധിവാസം, കെയർഗിവർമാരുടെ സേവനം ഇതെല്ലാം ഇതിന്റെ ഭാഗമായി നൽകാൻ കഴിയുന്നു. 'സായംപ്രഭ ഹോമുകൾ' എന്ന പേരിൽ പകൽ പരിപാലന കേന്ദ്രങ്ങൾ/പകൽ വീടുകൾ എല്ലാ ആധുനിക സൗകര്യങ്ങളോടുംകൂടി അപ്ഗ്രേഡ് ചെയ്ത് നടപ്പാക്കിവരുന്നുണ്ട്. വയോജനങ്ങൾക്ക് പോഷകാഹാരം നൽകുന്ന 'വയോപോഷണം' പദ്ധതിയും നടപ്പാക്കുന്നുണ്ട്. എല്ലാനഗരസഭകളിലും തിരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളിലും 'വയോമിത്രം' പദ്ധതിയിലൂടെ മെഡിക്കൽ അസിസ്റ്റൻസ്-ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം, മരുന്നുകൾ, പാലിയേറ്റീവ് കെയർ സർവീസ്, മെഡിക്കൽ ക്യാമ്പുകൾ, വിനോദയാത്രകൾ എന്നിവയെല്ലാം വയോജനങ്ങൾക്കുവേണ്ടി തയ്യാറാക്കുന്നുണ്ട്. വൃദ്ധജനങ്ങൾക്കായുള്ള ഹോമുകളിലെ

അന്തേവാസികൾക്ക് ആയുർവേദ രീതിയിലുള്ള ചികിത്സ ലഭ്യമാക്കുന്ന 'വയോ അമൃതം' പദ്ധതിയും വയോജന ഹോമുകളെ ആധുനിക രീതിയിൽ പരിഷ്കരിച്ചുകൊണ്ട് 'സെക്കന്റ് ഇന്നിംഗ്സ് ഹോം' പദ്ധതിയും ബി.പി.എൽ. വിഭാഗത്തിലുള്ള വയോജനങ്ങൾ പ്രമേഹ രോഗബാധിതരായാൽ അവർക്ക് ഗ്ലൂക്കോമീറ്റർ നൽകുന്ന 'വയോമധുരം' പദ്ധതിയും കൃത്രിമ ദന്തനിര വച്ചുകൊടുക്കുന്ന 'മന്ദഹാസം' പദ്ധതിയും നടപ്പാക്കുന്നുണ്ട്. ഡിമെൻഷ്യ, അൽഷിമേഴ്സ് തുടങ്ങി മറവി രോഗങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് മേധാക്ഷയം, സ്മൃതിനാശം എന്നൊക്കെ വിശേഷിപ്പിക്കുന്ന അവസ്ഥ നേരിട്ടാൽ മെമ്മറി ക്ലിനിക്കുകൾവഴി മെമ്മറി സ്കാനിംഗ് നടത്തി മരുന്നുകളും മറ്റ് മെഡിക്കൽ സഹായവുമെല്ലാം ഉറപ്പാക്കുന്ന 'ഓർമ്മത്തോണി' എന്ന പദ്ധതി ഈ വർഷം നടപ്പാക്കുന്ന പുതിയ പദ്ധതിയാണ്. വയോജനങ്ങൾ നേരിടുന്ന പ്രയാസങ്ങളെ സംബന്ധിച്ചുള്ള സമഗ്രമായ അറിവ് ലഭ്യമാക്കുന്നതിന് വയോജന സർവേ ഈ വർഷം നടപ്പാക്കുകയാണ്. മെയിന്റനൻസ് ട്രിബ്യൂണലുകൾ 27 റവന്യൂ ഡിവിഷനുകളിലുണ്ടെങ്കിൽപോലും വയോജനങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന

സാഹചര്യത്തിൽ വയോജന കമ്മീഷൻ രൂപീകരണവുമായി ബന്ധപ്പെട്ട നിയമനിർമ്മാണത്തിന്റെ ഘട്ടങ്ങളിലൂടെ മുന്നോട്ട് പോകുകയാണ്. വയോജനങ്ങളുടെ ജീവിത പരിചയവും അനുഭവസമ്പത്തും സമൂഹത്തിനുവേണ്ടി പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്ന വയോജനങ്ങളുടെ വിവരങ്ങളടങ്ങുന്ന വയോജന വെബ് പോർട്ടൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ സാമ്പത്തികമായി ശേഷിയുണ്ടെങ്കിലും വാർദ്ധക്യത്തിൽ ഉപേക്ഷിക്കപ്പെടുകയും ഒറ്റപ്പെട്ടുപോകുകയും ചെയ്യുന്ന വയോജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ 'പെയ്ഡ് ഓൾഡ് ഏജ് ഹോമുകൾ' ആരംഭിക്കുകയാണ്. കെയർഗിവർമാർ - ഹോം നഴ്സുകളാണ് മിക്കവാറും വീടുകളിൽ വയോജനങ്ങളെ പരിപാലിക്കുന്നത് എന്നുള്ളതിനാൽ കെയർഗിവർമാരുടെ സേവനം സംബന്ധിച്ച സമഗ്ര നിയമനിർമ്മാണം നടന്നുവരികയാണ്. വയോജന നയം സമഗ്രമായി പരിഷ്കരിക്കാനും ഈ രംഗത്ത് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ രൂപീകരിക്കാനും നടപടി സ്വീകരിച്ചുവരികയാണ്. ഭിന്നശേഷി മേഖലയെ സംബന്ധിച്ചിടത്തോളം കേരളത്തെ ഒരു മാതൃകാ ഭിന്നശേഷി

സൗഹാർദ്ദ സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യം മുൻനിർത്തി ഈ വിഭാഗങ്ങളുടെ സമ്പൂർണ്ണ പുനരധിവാസവും ശാക്തീകരണവും ലക്ഷ്യംവച്ചുകൊണ്ട് ഒട്ടനവധി പദ്ധതികൾ നടപ്പാക്കിവരുന്നു. അതിൽ പ്രധാനപ്പെട്ട ഒന്നാണ് 'ബാരിയർ ഫ്രീ കേരള' പദ്ധതി. നമ്മുടെ പൊതുഇടങ്ങൾ, കലാലയങ്ങൾ, വിദ്യാലയങ്ങൾ, ഓഫീസുകൾ, കളക്ടറേറ്റുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കാര്യാലയങ്ങൾ ബാരിയർ ഫ്രീ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 'മൊബിലിറ്റി മിഷൻ കേരള' പദ്ധതിയുടെ ഭാഗമായി സെറിബ്രൽ പാൾസി ഉൾപ്പെടെ ബുദ്ധിപരവും ശാരീരികവുമായ പരിമിതിയുള്ള കുട്ടികൾക്ക് കറക്ടീവ് സർജറിയും മെഡിക്കൽ പരിചരണവും രക്ഷിതാക്കൾക്ക് പരിശീലനവും സഹായ ഉപകരണങ്ങൾ ഉൾപ്പെടെ നൽകുന്ന പദ്ധതിയും മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. Community Disability Management and Rehabilitation Programme (CDMRP) ഉത്തര കേരളത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ്. കോഴിക്കോട് സർവകലാശാലയുടെ സൈക്കോളജി വിഭാഗമാണ് അതിനുവേണ്ടുന്ന പിന്തുണ നൽകുന്നത്. കേരള

സാമൂഹ്യ സുരക്ഷാ മിഷൻ, State Initiative on Disabilities (SID) എന്നീ ഏജൻസികളും ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. 'അനുയാത്ര പദ്ധതി' ഇതിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതിയാണ്. ഭ്രൂണാവസ്ഥയിലിരിക്കുമ്പോൾത്തന്നെ വ്യതിയാനങ്ങൾ ഡിറ്റെക്ട് ചെയ്തുകൊണ്ട് ഇടപെടാൻ സാധ്യതയുള്ള Early Detection and Early Intervention Centre-കൾ അഞ്ച് സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ തലത്തിലും ഇത്തരം intervention centre-കൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ Mobile intervention unit-കളും പ്രവർത്തിക്കുന്നുണ്ട്. നവജാത ശിശുക്കളുടെ കേൾവി പരിശോധനയ്ക്കുള്ള BERA (Brainstem Evoked Response Audiometry) test അടക്കം SID-യുടെ ആഭിമുഖ്യത്തിൽ നടത്തുന്നുണ്ട്. ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങളെ സമൂഹവുമായി ബന്ധപ്പെടുത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾക്കും അവരുടെ ഭിന്നശേഷിത്വം പരിഹരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതിനുമായി സ്പെഷ്യൽ അങ്കണവാടികൾ KSSM (Kerala Social Security Mission)-ന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഓട്ടിസം സെന്ററുകൾ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ,

കോഴിക്കോട്, മഞ്ചേരി എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളിലും IMHANS (Institute of Mental Health and Neurosciences)-ലും ആരംഭിച്ചിട്ടുണ്ട്. ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ഈ സെന്ററുകളിൽ ലഭ്യമാണ്. കാർഷിക സർവകലാശാലയുടെ സഹായത്തോടുകൂടി ഹോർട്ടികൾച്ചറൽ തെറാപ്പി പദ്ധതി ആരംഭിച്ചിട്ടുണ്ട്. Model child rehabilitation centre-കൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും ടി സെന്ററുകൾ ഉണ്ടാകണമെന്നാണ് ഉദ്ദേശിക്കുന്നത്. Parent Empowerment Programme (രക്ഷിതാക്കൾക്കുള്ള പരിശീലനം) എന്ന പദ്ധതിയുമുണ്ട്. ഭിന്നശേഷിക്കാരായിട്ടുള്ള കുട്ടികളുടെ കലാപരവും സർഗ്ഗാത്മകവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിന് ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് പദ്ധതി നടപ്പാക്കുന്നുണ്ട്. കേരള സംസ്ഥാന ഭിന്നശേഷി കോർപ്പറേഷനിലൂടെയും ധാരാളം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. Hi-Tech limb, Electronic wheel chair, മോട്ടോറൈസ്ഡ്

ടൈ സ്കൂട്ടറുകൾ എന്നിവ നൽകുന്ന പദ്ധതിയാണ് 'ശുഭയാത്ര' പദ്ധതി. Voice enhance smartphone വിതരണം ചെയ്യുന്ന 'കാഴ്ച' പദ്ധതിയും Hearing aid-കൾ നൽകുന്ന പദ്ധതികളുമുണ്ട്. 'മെറി ഹോം' ഭവന വായ്പ പദ്ധതി ഭിന്നശേഷിക്കാർക്ക് വീട് വയ്ക്കുന്നതിന് വായ്പ അനുവദിക്കുന്ന പദ്ധതിയാണ്. തീവ്ര ഭിന്നശേഷിക്കാരായ കുട്ടികൾക്ക് 20,000/- രൂപ ഫിക്സഡ് ഡെപ്പോസിറ്റ് നൽകുന്ന പദ്ധതിയാണ് 'ഹസ്തദാനം' പദ്ധതി. ഈ പദ്ധതികളെല്ലാം നല്ല നിലയിലാണ് ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ നിർവഹിക്കുന്നത്. കേരളത്തിൽ ഭിന്നശേഷിക്കാരുടെ സവിശേഷ സ്വയം സഹായ സംഘങ്ങളുടെ നെറ്റ്വർക്ക് രൂപീകരിക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ വർഷം അത് നടപ്പിലാക്കും. കുടുംബശ്രീ മാതൃകയിലുള്ള അയൽക്കൂട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് ഭിന്നശേഷിക്കാർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. സ്വയംതൊഴിൽ സൗകര്യങ്ങൾ അതായത് വരുമാനദായകമായ സംരംഭങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള എല്ലാ സഹായങ്ങളും ചെയ്യാൻ കഴിയുന്ന വിധത്തിലാണ് സ്വയം സഹായ

സംഘങ്ങളുടെ നെറ്റ്‌വർക്ക് രൂപീകരിക്കുന്നത്. NISH (National Institute of Speech and Hearing)-ഉം, NIPMR (National Institute of Physical Medicine and Rehabilitation)-ഉം സാമൂഹ്യ നീതി വകുപ്പിന് കീഴിൽ centre of excellence-ആയി വളരുന്ന രണ്ട് സ്ഥാപനങ്ങളാണ്. നിരവധി പദ്ധതികളാണ് അവർ നടപ്പാക്കുന്നത്. NIPMR-ൽ Physiotherapy, Aquatic therapy, Neuro physiotherapy, Ortho physiotherapy, Occupational therapy എന്നിങ്ങനെ എല്ലാവിധ തെറാപ്പി സൗകര്യങ്ങളും ലഭ്യമാണ്. Sensory garden, Sensory park, Virtual rehabilitation unit, Ergo lab, Sensory integration, Child psychiatry, Prosthetics and Orthotics സേവനങ്ങളും behavioural psychotherapy തുടങ്ങിയ സൗകര്യങ്ങളും NIPMR-ൽ ലഭ്യമാണ്. ഇവിടെ ബഹുമാനപ്പെട്ട വടക്കാഞ്ചേരി എം.എൽ.എ. ആവശ്യപ്പെട്ട Sensory park, NIPMR-ന്റെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കാവുന്നതാണെന്ന് അറിയിക്കുകയാണ്. അക്കാദമിക് പ്രോഗ്രാമുകളെന്ന നിലയിൽ Bachelor of Occupational Therapy, Diploma in Education - Special Education (D.Ed.Spl.Ed) തുടങ്ങിയ കോഴ്സുകൾ അവിടെയുണ്ട്. Cerebral Palsy, Autism,

Intellectual Disability എന്നിവയ്ക്ക് വെവ്വേറെ സ്പെഷ്യൽ സ്കൂളുകളുണ്ട്. Regional Autism Rehabilitation Centre-ഉം Cerebral Palsy Rehabilitation and Research Centre-ഉം Spinal cord injury rehabilitation unit-ഉം അവിടെ പ്രവർത്തിക്കുന്നുണ്ട്. വിവിധ വാഹനങ്ങളിൽ തെറാപ്പി സൗകര്യങ്ങൾ സജ്ജീകരിച്ച് വാതിൽപ്പടി സേവനം നൽകുന്ന Rehab Express, Rehab on Wheels എന്നിവ പ്രവർത്തിക്കുന്നുണ്ട്. Simulation super market-ഉം കുട്ടികളുടെ കലാവാസനകൾ പ്രോത്സാഹിപ്പിക്കുന്ന Artability center-ഉം അവിടെ പ്രവർത്തിക്കുന്നുണ്ട്. ഇന്ന് NIPMR രാജ്യമെമ്പാടും ശ്രദ്ധയാകർഷിക്കുന്ന ഒരു centre of excellence ആയിട്ടാണ് വളർന്നുകൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽവന്ന ആദ്യ വർഷം 8 കോടി രൂപയും അടുത്ത വർഷം 10 കോടി രൂപയും തൊട്ടടുത്ത വർഷം 12 കോടി രൂപയുമാണ് ആ സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. NISH-ന്റെ പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. Audiological service, Paediatric oral rehabilitation unit, Adult oral rehabilitation unit, Cochlear implant unit, Speech - language assessment തുടങ്ങി Communication disorders-മായി

ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും കൈകാര്യം ചെയ്യാൻ കഴിയുന്ന മികവിന്റെ കേന്ദ്രമായിട്ടാണ് അത് വളരുന്നത്. സോഷ്യൽ ജസ്റ്റിസ് ഡയറക്ടറേറ്റ് മുഖാന്തരം നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 'സ്നേഹയാനം' എന്ന പദ്ധതി ഭിന്നശേഷിക്കാരുടെ അമ്മമാർക്ക് സൗജന്യമായി ഇലക്ട്രിക് ഓട്ടോറിക്ഷകൾ നൽകുന്ന പദ്ധതിയാണ്. അതുപോലെ സർക്കാർ എസ്റ്റാബ്ലിഷ്മെന്റുകളിൽ ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് 4 ശതമാനം സംവരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് 1263 തസ്തികകൾ അനുയോജ്യമായി കണ്ടെത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രൊമോഷനിലും സംവരണം ഉറപ്പുവരുത്തുന്നതിന് ഉത്തരവും മാർഗ്ഗനിർദ്ദേശവും പുറപ്പെടുവിച്ചുകഴിഞ്ഞിട്ടുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി കൊല്ലം ജില്ലയിൽ 'പ്രിയ ഹോം' എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 'പ്രതീക്ഷാഭവൻ' മാതൃകാ സ്ഥാപനമായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കലാ-കായിക മേഖലകളിൽ അഭിരുചിയും പ്രാവീണ്യവുമുള്ള ഭിന്നശേഷിക്കാരുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് 'ശ്രേഷ്ഠം' എന്ന

പുതിയ പദ്ധതിയും നടപ്പാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി പരിശീലനത്തിനാവശ്യമായ തുക അവർക്ക് ലഭിക്കുന്നതാണ്. ഭൗതിക വെല്ലുവിളികൾ നേരിടുന്നവർക്കായി തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ ഒരു ഭിന്നശേഷി സൗഹൃദ പാർക്ക് സജ്ജമാക്കിയിട്ടുണ്ട്. 18 വയസ്സ് കഴിഞ്ഞ വ്യക്തികളുടെ നൈപുണ്യ വികസനത്തിനുവേണ്ടി 'പ്രചോദനം' പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും രണ്ട് വീതം തൊഴിൽ പരിശീലന കേന്ദ്രങ്ങൾക്ക് ഇതിന്റെ ഭാഗമായി ധനസഹായം ലഭ്യമാകും. അതുപോലെ ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിന് സംയോജിത പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരായ വ്യക്തികൾക്കാവശ്യമായ എല്ലാ സേവനങ്ങളും പിന്തുണയും ലഭ്യമാകുന്ന വിധത്തിലാണ് സംയോജിത പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, മലപ്പുറം ജില്ലയിലെ കുറുമ്പത്തൂർ എന്നീ മൂന്ന് സ്ഥലങ്ങളിലാണ് ആവശ്യമായിട്ടുള്ള ഭൂമി സാമൂഹ്യനീതി വകുപ്പിന് ലഭ്യമായിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഡോ. എൻ. ജയരാജ് രാവിലെ സഭയിൽ ചൂണ്ടിക്കാണിച്ച കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ

മണിമലയിൽ 2.8 ഏക്കർ റവന്യൂ പുറമ്പോക്ക് ഭൂമി അനുയോജ്യമായി കണ്ടെത്തിയിട്ടുണ്ടെങ്കിലും സാമൂഹ്യനീതി വകുപ്പിന് ഭൂമി കൈമാറ്റം ചെയ്ത് കിട്ടിയിട്ടില്ല. അതിനുള്ള അപേക്ഷ നിശ്ചിത പ്രൊഫോർമയിൽ റവന്യൂ വകുപ്പിന് നൽകിയിരിക്കുകയാണ്. എൻഡോസൾഫാൻ ദുരിതബാധിതരുടെ ആവശ്യം പരിഗണിച്ച് 'സഹജീവനം സ്നേഹഗ്രാമം' എന്ന പുനരധിവാസ ഗ്രാമത്തിന്റെ ആദ്യഘട്ട പ്രവർത്തനം പൂർണ്ണമായും സജ്ജമാക്കാൻ സാധിച്ചിട്ടുണ്ട്. Clinical Psychology, Consulting and Hydrotherapy സേവനങ്ങളാണ് ഈ സ്ഥാപനത്തിൽനിന്നും ആദ്യ ഘട്ടത്തിൽ ലഭ്യമാക്കുന്നത്. ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന 'വിദ്യാ കിരണം' പദ്ധതി മുഖാന്തരം 2,25,50,375/- രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയിട്ടുണ്ട്. 15021 ഗുണഭോക്താക്കൾക്ക് ആകെ 7,55,53,525/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും യൂണിഫോമും വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന 'വിദ്യാജ്യോതി' പദ്ധതി മുഖാന്തരം 598 ഗുണഭോക്താക്കൾക്ക് 11,05,842/- രൂപ ലഭ്യമാക്കിയിട്ടുണ്ട്. 1118

ഗുണഭോക്താക്കൾക്ക് 24,30,527/- രൂപ ചെലവഴിച്ചിട്ടുണ്ട്. 'വിജയാമൃതം' എന്ന പദ്ധതി മുഖാന്തരം ഉന്നത വിജയം നേടുന്ന ഭിന്നശേഷി കുട്ടികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ നിരവധി സഹായ പദ്ധതികളുണ്ട്. എല്ലാത്തിന്റെയും വിശദാംശങ്ങൾ ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. അട്ടപ്പാടി ബ്ലോക്കിൽ മാനസികരോഗമുള്ളവർക്കുവേണ്ടി 'പുനർജനി പദ്ധതി' മുഖാന്തരം സഹായം നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളെ സഹായിക്കുന്ന എൻ.എസ്.എസ്. യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്ന 'സഹചാരി' പദ്ധതിക്കും തുക നീക്കിവയ്ക്കേണ്ടതുണ്ട്. മാനസികരോഗ വിമുക്തരായ ഇതരസംസ്ഥാനക്കാരെ സ്വന്തം സംസ്ഥാനത്തേയ്ക്ക് എത്തിക്കുന്ന 'പ്രത്യാശ പദ്ധതി'യും നടപ്പിലാക്കി വരുന്നുണ്ട്. ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി 'മാതൃജ്യോതി പദ്ധതി' പ്രകാരം ധനസഹായം നൽകുന്നുണ്ട്. 73 ഗുണഭോക്താക്കൾക്ക് പ്രസ്തുത ധനസഹായം അനുവദിച്ചിട്ടുണ്ട്. നേരത്തെ ഇവിടെ ഉന്നയിക്കപ്പെട്ട 'ആശ്വാസ കിരണം' പദ്ധതിയുമായി ബന്ധപ്പെട്ട

വിഷയം ഇവിടെ മറുപടി പറയേണ്ടതുണ്ടെന്ന് കരുതുന്നു. തീവ്രഭിന്നശേഷി വിഭാഗക്കാരും ശയ്യാവലംബികളുമായ ആളുകളെ പരിചരിക്കുന്നതിനുവേണ്ടി 600/- രൂപ പ്രതിമാസം നൽകുന്ന പദ്ധതിയാണ് 'ആശ്വാസ കിരണം'. പദ്ധതി ആരംഭിക്കുമ്പോൾ തീവ്രഭിന്നശേഷിയുള്ളവർ മാത്രമേ അതിലുണ്ടായിരുന്നുള്ളൂ. പിന്നീട് വയോജനങ്ങൾക്കുകൂടി ആരംഭിച്ചപ്പോൾ അസാമാന്യമായ രീതിയിൽ അപേക്ഷകൾ പെരുകിവരുന്നൊരു സാഹചര്യമാണുണ്ടായിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ കാലത്ത് 'ആശ്വാസകിരണം' പദ്ധതിയിലൂടെ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ (36 മാസം) 32 മാസത്തെ ആനുകൂല്യം അർഹരായ ഗുണഭോക്താക്കൾക്ക് കൃത്യമായി വിതരണം ചെയ്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുകയാണ്. ഈ ഇനത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 80 കോടി രൂപയാണ് വിതരണം ചെയ്തിട്ടുള്ളത്. ഇതുതന്നെയാണ് 'സ്നേഹപൂർവ്വം' പദ്ധതിയുടെ കാര്യത്തിലും പറയാനുള്ളത്. അനാഥരായ വിദ്യാർത്ഥികളുടെ പഠനസഹായത്തിനുള്ള പദ്ധതിയാണ് 'സ്നേഹപൂർവ്വം' പദ്ധതി. മൂന്ന് അധ്യയന വർഷങ്ങളിലെ പദ്ധതി തുക ഗുണഭോക്താക്കൾക്ക് കൃത്യമായി

വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ ആകെ നൽകിയിട്ടുള്ളത് 73 കോടി രൂപയാണ്.

ട്രാൻസ്ജൻഡർ വിഭാഗത്തിനുവേണ്ടി 'മഴവില്ല്' എന്ന സമഗ്ര പദ്ധതി നടപ്പാക്കുന്നുണ്ട്.

മി. സ്പീക്കർ: മാഡം, time exeed ആയി. 20 മിനിട്ടായി.

ഡോ. ആർ. ബിന്ദു: സർ, സമൂഹത്തിൽനിന്നും അന്യവൽക്കരിക്കപ്പെട്ടുപോകുന്ന ഈ വിഭാഗത്തെ പഠനത്തിലൂടെയും തൊഴിലിലൂടെയും ശാക്തീകരിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ് 'മഴവില്ല്' പദ്ധതി. വിദൂര വിദ്യാഭ്യാസത്തിലൂടെ ഡിഗ്രി, പി.ജി. എന്നീ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 24,000/- രൂപ വരെ ഒരു വർഷം ധനസഹായമായി അനുവദിക്കുന്ന 'വർണം' പദ്ധതി ഇതിന്റെ ഭാഗമാണ്. ഈ വ്യക്തികൾക്ക് മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനത്തിന് സാമ്പത്തിക സഹായം അനുവദിക്കുന്ന 'യത്നം' പദ്ധതി നടപ്പാക്കുന്നുണ്ട്. ട്രാൻസ്ജൻഡർ വ്യക്തികൾക്ക് തൊഴിൽ പരിശീലനം നൽകി സ്വയം പ്രാപ്തരാക്കി ജീവിക്കുന്നതിന് സന്ദർഭമൊരുക്കുകയെന്ന

ലക്ഷ്യത്തോടുകൂടി 'സാകല്യം' പദ്ധതിയും അടിയന്തരഘട്ടങ്ങളിൽ സഹായം നൽകുന്നതിനായി 'കരുതൽ' പദ്ധതിയും നടപ്പാക്കുന്നുണ്ട്. പാതിവഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടി വരുന്ന ട്രാൻസ്ജൻഡർ വ്യക്തികളുടെ തുടർവിദ്യാഭ്യാസം സാധ്യമാക്കുന്നതിന് സാക്ഷരതാ മിഷൻ മുഖാന്തരം 'സമന്വയ' പദ്ധതി നടപ്പാക്കുന്നുണ്ട്. ട്രാൻസ്ജൻഡർ വ്യക്തികളുടെ മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് ആത്മഹത്യാപ്രവണത, വിഷാദം, അമിത ഉത്കണ്ഠ എന്നിവ പരിഹരിക്കുന്നതിനായി പിയർ കൗൺസിലർമാരെ നിശ്ചയിച്ച് പിയർ സപ്പോർട്ട് ഗ്രൂപ്പ് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ വ്യക്തികളുടെ കലാഭിരുചി പ്രോത്സാഹിപ്പിക്കുന്നതിന് 'വർണ്ണപ്പകിട്ട്' എന്ന പേരിൽ ട്രാൻസ്ജൻഡർ കലോൽസവം നല്ല നിലയിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. ട്രാൻസ്ജൻഡർ വ്യക്തികളുടെ സാമൂഹ്യ പുനരധിവാസത്തിനും പുരോഗതിക്കുമുതകുന്ന വിധത്തിൽ ബോധവൽക്കരണ പരിപാടിയും നിയമവിദഗ്ദർ, ഡോക്ടർമാർ, ജൻഡർ വിഷയ വിദഗ്ദർ, ട്രാൻസ്ജൻഡർ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് റിസോഴ്സ് പൂളും രൂപീകരിച്ചിട്ടുണ്ട്. വനിതാ വികസന

കോർപ്പറേഷൻ മുഖാന്തരം 3 ലക്ഷം രൂപ വരെ സ്വയം തൊഴിൽ വായ്പാ പദ്ധതി ലഭ്യമാക്കുന്നുണ്ട്. സമൂഹത്തിൽനിന്നും കുടുംബങ്ങളിൽനിന്നും ഈ വ്യക്തികൾ നേരിടുന്ന അതിക്രമങ്ങൾ, അപകടങ്ങൾ, ലിംഗമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട പരാതികൾ ഇവയെല്ലാം തീർപ്പാക്കുന്നതിന് Crisis intervention centres ഉണ്ട്. ട്രാൻസ്ജൻഡർ വിദ്യാർഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നതിലേക്ക് 24 ഗുണഭോക്താക്കൾക്കായി 6 ലക്ഷം രൂപയും തുടർവിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി 5 ലക്ഷത്തിൽപ്പരം രൂപയും നൽകിയിട്ടുണ്ട്. ട്രാൻസ്ജൻഡർ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് അതുപോലെ ഡിഗ്രി, ഡിപ്ലോമാ തലത്തിൽ ധനസഹായം നൽകുന്ന 'സഫലം' പദ്ധതി എന്നിവയും നടപ്പാക്കുന്നുണ്ട്. ട്രാൻസ്ജൻഡർ ദമ്പതികൾക്കായുള്ള മിശ്രവിവാഹിത ധനസഹായ പദ്ധതി 6 ഗുണഭോക്താക്കൾക്കായി നൽകിയിട്ടുണ്ട്. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം സമ്പൂർണമായ നിലയിൽ നൽകുന്നുണ്ട്. 229 ഗുണഭോക്താക്കൾക്കായി 1,24,96,256/- രൂപ നൽകിയിട്ടുണ്ട്. ഈ

സർക്കാർ അധികാരത്തിൽ വന്നശേഷം 674 ഗുണഭോക്താക്കൾക്കായി 4,66,87,347/- രൂപ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കായി നൽകിയിട്ടുണ്ട്.

പുതുതായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന പദ്ധതികളിൽ, കലാപരമായി മികവ് പുലർത്തുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ പരിപാടികൾ അവതരിപ്പിച്ചുകൊണ്ട് ഉപജീവനമാർഗ്ഗം കണ്ടെത്താൻ സഹായകരമായ വിധത്തിൽ ഒരു കലാസംഘം രൂപീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് വിദേശരാജ്യങ്ങളിൽ പോയി പഠിക്കുന്നതിനുവേണ്ടി 'Overseas Scholarship' പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ വർഷം അവയെല്ലാം നടപ്പാക്കും. ബോഡി ബിൽഡിംഗ് ചാമ്പ്യൻഷിപ്പുകളിൽ നിരവധി ട്രാൻസ്ജെൻഡർ വ്യക്തികൾ പരിശീലനം നേടുകയും പങ്കെടുക്കുകയും ചെയ്യുന്നുണ്ട്. അവർക്കും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. Probation and after care മേഖലയിലും സാമൂഹ്യനീതി വകുപ്പ് ഇടപെടുന്നുണ്ട്. അവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം, സ്വയം തൊഴിൽ പദ്ധതികൾ, തൊഴിൽ പരിശീലന പദ്ധതികൾ, കുറ്റകൃത്യങ്ങളെ പ്രതിരോധിക്കുന്നതിനുള്ള സ്ഥാപനേതര സംവിധാനത്തിന്

നൽകുന്ന സാമ്പത്തിക സഹായം എന്നിവയ്ക്കായുള്ള 'നേർവഴി' പദ്ധതിയിലൂടെ 49,36,440/- രൂപ ചെലവഴിച്ചിട്ടുണ്ട്. തടവുകാരുടെ ആശ്രിതർക്കുള്ള സ്വയം തൊഴിൽ ധനസഹായം, അതിക്രമത്തിനിരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം, കൂടാതെ മുൻതടവുകാർ, പ്രൊബേഷനർമാർ, തടവുകാരുടെ ആശ്രിതർ, അതിക്രമത്തിനിരയായവർ എന്നിവർക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന ഒട്ടനവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

ഈ സാമ്പത്തിക വർഷം പുതുതായി ആരംഭിക്കുന്ന പദ്ധതികളെക്കുറിച്ച് ചുരുക്കം വാക്കുകളിൽ സംസാരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. തലസ്ഥാന നഗരത്തിൽ എത്തിച്ചേരുന്ന ഭിന്നശേഷി വ്യക്തികളടക്കം സാമൂഹ്യനീതിവകുപ്പിന്റെ സേവനത്തിലുൾപ്പെടുന്ന വ്യത്യസ്ത വിഭാഗങ്ങൾക്കായി ബാരിയർ ഫ്രീ, ഹ്രസ്വകാല താമസസൗകര്യം, ഹെൽപ്ഡസ്ക്, റിസോഴ്സ് സെന്ററുകൾ എന്നിവയെയും സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് സഹായകരമായ

'സാമൂഹ്യനീതി ഭവൻ' തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. Paid retirement homes ആരംഭിക്കുന്ന പദ്ധതി ഈ വർഷം നടപ്പാക്കും. സാമൂഹ്യനീതി വകുപ്പ് മുഖാന്തരം നടപ്പാക്കുന്ന പദ്ധതികളുടെ സോഷ്യൽ ഓഡിറ്റും ഈ വർഷം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ സർവ്വതലസ്പർശിയായ വിധത്തിൽത്തന്നെയാണ് സാമൂഹ്യനീതിവകുപ്പ് പ്രാന്തവൽക്യത വിഭാഗങ്ങളുടെ സമ്പൂർണ പുനരധിവാസവും ശാക്തീകരണവും ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികൾ നടപ്പാക്കുന്നത്. അതിനാവശ്യമായ പണം സമയബന്ധിതമായി ലഭ്യമാക്കുകയെന്നുള്ളത് സുപ്രധാന കാര്യമായി സർക്കാർ കാണുന്നുണ്ട്. അതുകൊണ്ട് ധനാഭ്യർത്ഥനകൾക്കാവശ്യമായ പിന്തുണ സഭയിൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ലീഗിന്റെ സുഹൃത്തുക്കൾ ഘോരഘോരം പ്രസംഗിച്ചു. എന്നാൽ ഞങ്ങൾ ഇവിടെയുള്ളതുകൊണ്ടാണ് നിങ്ങൾക്കിങ്ങനെ ഘോരഘോരം പ്രസംഗിക്കാൻ സാധിക്കുന്നതെന്ന കാര്യം മറക്കരുത്. ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ പറഞ്ഞത് ആനുഷംഗികമായിട്ടാണെങ്കിലും

സുപ്രധാനമായ കാര്യമാണ്. കമ്മ്യൂണിസ്റ്റുകാരില്ലെങ്കിൽ ബി.ജെ.പി. വളരും എന്ന് അദ്ദേഹം അറിയാതെ പറഞ്ഞത് സത്യമാണ്. വർഗ്ഗീയവാദികളുടെ കൊലക്കത്തി കഴുത്തിനുപിറകിൽ തിളങ്ങുന്നുണ്ടെന്നറിഞ്ഞുകൊണ്ടുതന്നെ അതിനെതിരെ ഞങ്ങളെടുക്കുന്ന വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ കാരണമാണ് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് എന്ന പേരുവച്ച് നിങ്ങൾക്ക് ഇവിടെയിരിക്കാൻ സാധിക്കുന്നതെന്ന കാര്യം മറക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. പണ്ട് ജി. എം. ബനാത്ത് വാല, ഇബ്രാഹിം സുലൈമാൻ സേട്ട് എന്നിവരെപ്പോലെയുള്ള നേതാക്കൾ പെട്ടിയുംപിടിച്ച് കേരളത്തിലാണല്ലോ വന്നത്. കേരളത്തിനപ്പുറത്തേക്ക് മുസ്ലീംലീഗ് എപ്പോഴാണ് വളർന്നിട്ടുള്ളതെന്ന് ആലോചിക്കുന്നത് നല്ലതാണെന്നു പറഞ്ഞുകൊണ്ടും ഈ ധനാഭ്യർത്ഥനയ്ക്കുള്ള പിന്തുണ അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

## ധനാഭ്യർത്ഥന നമ്പർ XXXVII

## വ്യവസായങ്ങൾ

മി. സ്പീക്കർ: സർവ്വശ്രീ അനൂപ് ജേക്കബ്, മോൻസ് ജോസഫ്, എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, യു. എ. ലത്തീഫ്, കുറുക്കോളി

മൊയ്തീൻ, മഞ്ഞളാംകുഴി അലി, എ. കെ. എം. അഷ്റഫ്, പി. അബ്ദുൽ ഹമീദ്, പി. ഉബൈദുള്ള, ചാണ്ടി ഉമ്മൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, ഡോ. എം. കെ. മുനീർ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ XXXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയ്ക്ക്, പോളിംഗിന് ബെൽ മുഴങ്ങിക്കഴിഞ്ഞാൽ ചെയറിൽനിന്നും നിർദ്ദേശം വരുന്നതാണ്. അതിനുശേഷം 'സ്റ്റാർട്ട് പോളിംഗ്'' എന്ന് ചെയർ അറിയിക്കുമ്പോൾ മാത്രമെ ബഹുമാനപ്പെട്ട അംഗങ്ങൾ വോട്ട് രേഖപ്പെടുത്താൻ പാടുള്ളൂ. വോട്ടിംഗ് ആരംഭിക്കുമ്പോൾ സാമാജികർക്ക് വോട്ടിംഗിനുള്ള സ്ക്രീൻ ലഭിക്കും. അത് ലഭിക്കാത്തവർക്ക് കമ്പ്യൂട്ടറിലെ വോട്ടിംഗ് ബട്ടൺ പ്രസ്സ് ചെയ്താൽ വോട്ടിംഗിനുള്ള സ്ക്രീൻ ലഭിക്കും.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

**അനുകൂലിക്കുന്നവർ:**

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ

5. ശ്രീ. ആന്റണി ജോൺ

6. ശ്രീ. ആന്റണി രാജു

7. ശ്രീ. എം. എസ്. അരുൺ കുമാർ

8. ശ്രീമതി സി. കെ. ആശ

9. ശ്രീ. കെ. ബാബു (നെന്മാറ)

10. ശ്രീ. കെ. എൻ. ബാലഗോപാൽ

11. ഡോ. ആർ. ബിന്ദു

12. ശ്രീ. ഇ. ചന്ദ്രശേഖരൻ

13. ശ്രീമതി ജെ. ചിഞ്ചുറാണി

14. ശ്രീ. പി. പി. ചിത്തരഞ്ജൻ

15. ശ്രീമതി ദെലീമ

16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ

19. ശ്രീമതി കാനത്തിൽ ജമീല

20. ശ്രീ. ജി. എസ്. ജയലാൽ

21. ഡോ. എൻ. ജയരാജ്

22. ശ്രീ. കെ. യു. ജനീഷ് കുമാർ

23. ശ്രീ. ജോബ് മൈക്കിൾ

24. ശ്രീ. വി. ജോയി

25. ശ്രീ. കെ. കൃഷ്ണൻകുട്ടി

26. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

27. ശ്രീ. ലിന്റോ ജോസഫ്

28. ശ്രീ. ടി. ഐ. മധുസൂദനൻ

29. ശ്രീ. എം. എം. മണി

30. ശ്രീ. മാത്യു ടി. തോമസ്

31. ശ്രീ. കെ. ജെ. മാക്സി

32. ശ്രീ. കെ. പി. മോഹനൻ

33. ശ്രീ. സി. സി. മുകുന്ദൻ

34. ശ്രീ. ഡി. കെ. മുരളി

35. ശ്രീ. എം. നൗഷാദ്

36. ശ്രീ. പ്രമോദ് നാരായൺ

37. ശ്രീ. പി. പ്രസാദ്

38. ശ്രീ. വി. കെ. പ്രശാന്ത്

39. ശ്രീ. കെ. ഡി. പ്രസേനൻ

40. ശ്രീമതി യു. പ്രതിഭ

41. ശ്രീ. കെ. പ്രേംകുമാർ

42. ശ്രീ. പി. ടി. എ. റഹീം

43. ശ്രീ. എ. രാജ

44. ശ്രീ. എം. രാജഗോപാലൻ

45. ശ്രീ. കെ. രാജൻ

46. ശ്രീ. പി. രാജീവ്

47. ശ്രീ. കെ. കെ. രാമചന്ദ്രൻ

48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

49. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

50. ശ്രീ. റോഷി അഗസ്റ്റിൻ

51. ശ്രീ. കെ. എം. സച്ചിൻദേവ്

52. ശ്രീ. എച്ച്. സലാം

53. ശ്രീമതി ശാന്തകുമാരി കെ.

54. ശ്രീ. എ. കെ. ശശീന്ദ്രൻ

55. ശ്രീ. ഐ. ബി. സതീഷ്

56. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

57. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

58. ശ്രീ. വാഴൂർ സോമൻ

59. ശ്രീ. ജി. സ്റ്റീഫൻ

60. ശ്രീ. കെ. വി. സുമേഷ്

61. ശ്രീ. പി. പി. സുമോദ്

62. ശ്രീ. പി. എസ്. സുപാൽ

63. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

64. ശ്രീ. തോമസ് കെ. തോമസ്

65. ശ്രീ. വി. എൻ. വാസവൻ

66. ശ്രീ. ഇ. കെ. വിജയൻ

67. ശ്രീ. എം. വിജിൻ

68. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

**പ്രതികൂലിക്കുന്നവർ:**

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. എ. പി. അനിൽ കുമാർ

4. ശ്രീ. അനൂപ് ജേക്കബ്

5. ശ്രീ. അൻവർ സാദത്ത്

6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

8. ശ്രീ. ചാണ്ടി ഉമ്മൻ

9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

10. ശ്രീ. ടി. വി. ഇബ്രാഹിം

11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

12. ശ്രീ. യു. എ. ലത്തീഫ്

13. ശ്രീ. സി. ആർ. മഹേഷ്

14. ഡോ. മാത്യു കുഴൽനാടൻ

15. ശ്രീ. കുറുക്കോളി മൊയ്തീൻ

16. ശ്രീ. മോൻസ് ജോസഫ്

17. ഡോ. എം. കെ. മുനീർ

18. ശ്രീ. നജീബ് കാന്തപുരം

19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

21. ശ്രീമതി  കെ. കെ. രമ

22. ശ്രീ. റോജി എം. ജോൺ

23. ശ്രീ. സജീവ് ജോസഫ്

24. ശ്രീ. എൻ. ഷംസുദ്ദീൻ

25. ശ്രീ. വി. ഡി. സതീശൻ

26. ശ്രീ. സണ്ണി ജോസഫ്

27. ശ്രീ. പി. ഉബൈദുള്ള

28. ശ്രീമതി ഉമ തോമസ്

29. ശ്രീ. എം. വിൻസെന്റ്

30. ശ്രീ. ടി. ജെ. വിനോദ്

31. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 68 |
| പ്രതികൂലിക്കുന്നവർ | - | 31 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI
## സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

മി. സ്പീക്കർ: സർവ്വശ്രീ അനൂപ് ജേക്കബ്, മോൻസ് ജോസഫ്, എൻ. എ. നെല്ലിക്കുന്ന്, പി. അബ്ദുൽ ഹമീദ്, ചാണ്ടി ഉമ്മൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, എൻ. ഷംസുദ്ദീൻ, മഞ്ഞളാംകുഴി അലി, എ. കെ. എം. അഷ്റഫ്, പി. ഉബൈദുള്ള, ഡോ. എം.

കെ. മുനീർ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ XLVI -ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

**അനുകൂലിക്കുന്നവർ:**

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. ആന്റണി രാജു
7. ശ്രീ. എം. എസ്. അരുൺ കുമാർ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു (നെന്മാറ)
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീമതി ജെ. ചിഞ്ചുറാണി

14. ശ്രീ. പി. പി. ചിത്തരഞ്ജൻ

15. ശ്രീമതി ദെലീമ

16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ

19. ശ്രീമതി കാനത്തിൽ ജമീല

20. ശ്രീ. ജി. എസ്. ജയലാൽ

21. ഡോ. എൻ. ജയരാജ്

22. ശ്രീ. കെ. യു. ജനീഷ് കുമാർ

23. ശ്രീ. ജോബ് മൈക്കിൾ

24. ശ്രീ. വി. ജോയി

25. ശ്രീ. കെ. കൃഷ്ണൻകുട്ടി

26. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

27. ശ്രീ. ലിന്റോ ജോസഫ്

28. ശ്രീ. ടി. ഐ. മധുസൂദനൻ

29. ശ്രീ. എം. എം. മണി

30. ശ്രീ. മാത്യു ടി. തോമസ്

31. ശ്രീ. കെ. ജെ. മാക്സി

32. ശ്രീ. കെ. പി. മോഹനൻ

33. ശ്രീ. സി. സി. മുകുന്ദൻ

34. ശ്രീ. ഡി. കെ. മുരളി

35. ശ്രീ. എം. നൗഷാദ്

36. ശ്രീ. പ്രമോദ് നാരായൺ

37. ശ്രീ. പി. പ്രസാദ്

38. ശ്രീ. വി. കെ. പ്രശാന്ത്

39. ശ്രീ. കെ. ഡി. പ്രസേനൻ

40. ശ്രീമതി യു. പ്രതിഭ

41. ശ്രീ. കെ. പ്രേംകുമാർ

42. ശ്രീ. പി. ടി. എ. റഹീം

43. ശ്രീ. എ. രാജ

44. ശ്രീ. എം. രാജഗോപാലൻ

45. ശ്രീ. കെ. രാജൻ

46. ശ്രീ. പി. രാജീവ്

47. ശ്രീ. കെ. കെ. രാമചന്ദ്രൻ

48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

49. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

50. ശ്രീ. റോഷി അഗസ്റ്റിൻ

51. ശ്രീ. കെ. എം. സച്ചിൻദേവ്

52. ശ്രീ. എച്ച്. സലാം

53. ശ്രീമതി ശാന്തകുമാരി കെ.

54. ശ്രീ. എ. കെ. ശശീന്ദ്രൻ

55. ശ്രീ. ഐ. ബി. സതീഷ്

56. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

57. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

58. ശ്രീ. വാഴൂർ സോമൻ

59. ശ്രീ. ജി. സ്റ്റീഫൻ

60. ശ്രീ. കെ. വി. സുമേഷ്

61. ശ്രീ. പി. പി. സുമോദ്

62. ശ്രീ. പി. എസ്. സുപാൽ

63. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

64. ശ്രീ. തോമസ് കെ. തോമസ്

65. ശ്രീ. വി. എൻ. വാസവൻ

66. ശ്രീ. ഇ. കെ. വിജയൻ

67. ശ്രീ. എം. വിജിൻ

68. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

**പ്രതികൂലിക്കുന്നവർ:**

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. എ. പി. അനിൽ കുമാർ
4. ശ്രീ. അനൂപ് ജേക്കബ്
5. ശ്രീ. അൻവർ സാദത്ത്
6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. ചാണ്ടി ഉമ്മൻ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
12. ശ്രീ. യു. എ. ലത്തീഫ്

13. ശ്രീ. സി. ആർ. മഹേഷ്

14. ഡോ. മാത്യു കുഴൽനാടൻ

15. ശ്രീ. കുറുക്കോളി മൊയ്തീൻ

16. ശ്രീ. മോൻസ് ജോസഫ്

17. ഡോ. എം. കെ. മുനീർ

18. ശ്രീ. നജീബ് കാന്തപുരം

19. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

20. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

21. ശ്രീമതി കെ. കെ. രമ

22. ശ്രീ. റോജി എം. ജോൺ

23. ശ്രീ. സജീവ് ജോസഫ്

24. ശ്രീ. എൻ. ഷംസുദ്ദീൻ

25. ശ്രീ. വി. ഡി. സതീശൻ

26. ശ്രീ. സണ്ണി ജോസഫ്

27. ശ്രീ. പി. ഉബൈദുള്ള

28. ശ്രീമതി ഉമ തോമസ്

29. ശ്രീ. എം. വിൻസെന്റ്

30. ശ്രീ. ടി. ജെ. വിനോദ്

31. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 68 |
| പ്രതികൂലിക്കുന്നവർ | - | 31 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല. |

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും 2024 ജൂൺ 21 വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂൺ മാസം 21-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.23-ന് പിരിഞ്ഞു.)

*********

**അനുബന്ധം –I**

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കൃഷി നാശം സംബന്ധിച്ച പഠനം

4(*124) **ശ്രീ. ടി. ജെ. വിനോദ്:**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):**
**ശ്രീ. ചാണ്ടി ഉമ്മൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

**(എ) വരൾച്ച കാരണം കർഷകർക്ക് അഞ്ഞൂറ് കോടി രൂപയുടെ കൃഷി നാശം സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ?**

വരൾച്ചക്കെടുതി മനസ്സിലാക്കാൻ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടുപ്രകാരം 257.12 കോടി രൂപയുടെ പ്രത്യക്ഷ നഷ്ടവും 118.69 കോടി രൂപയുടെ പരോക്ഷ നഷ്ടവും സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

**(ബി) എങ്കിൽ കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?**

വരൾച്ചക്കെടുതിമൂലമുള്ള നാശനഷ്ടം നേരിട്ട് വിലയിരുത്തുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട കൃഷി ഓഫീസർ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ്, ബ്ലോക്ക് തല കൃഷി വിജ്ഞാന കേന്ദ്രത്തിലെ കാർഷിക സർവകലാശാല പ്രതിനിധി എന്നിവരുൾപ്പെടുന്ന വിദഗ്ധ സംഘം രൂപീകരിച്ചു. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും വരൾച്ച ബാധിത കൃഷിയിടങ്ങൾ 2024 മെയ് 6, 7, 8 തീയതികളിൽ വിദഗ്ധ സംഘങ്ങൾ സന്ദർശിച്ച് കാർഷിക വിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തു. കൂടാതെ വരൾച്ചാക്കെടുതി രൂക്ഷമായിട്ടുള്ള ഇടുക്കി ജില്ലയിലെ പ്രദേശങ്ങൾ 16-05-2024-ന് കൃഷി വകുപ്പുമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും നേരിട്ട് സന്ദർശിച്ച് നഷ്ടം വിലയിരുത്തുകയും ചെയ്തു.

നഷ്ടം സംഭവിച്ച കർഷകർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) ചെറുകിട നാമമാത്ര കർഷകർക്കും ഇതര കർഷകർക്കും 2 ഹെക്ടർ വരെയുള്ള കൃഷിനാശത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ

നിന്നുള്ള ആനുകൂല്യവും സംസ്ഥാന വിഹിതവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇതിനായി ഉഷ്ണതരംഗം വിഭാഗത്തിലുൾപ്പെടുത്തി കൃഷിനാശത്തിനുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനായി പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് എയിംസ് പോർട്ടലിൽ 07-06-2024 വരെ സംവിധാനമൊരുക്കുകയും കൃഷിനാശം സംഭവിച്ച കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള തീയതി 30-06-2024 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതുസംബന്ധിച്ച നിർദേശങ്ങൾ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ മുഖേനയും കർഷകർക്ക് നൽകിയിട്ടുണ്ട്.

കൂടാതെ പ്രത്യേക ക്യാമ്പയിൻ മുഖേന കർഷകർക്ക് ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിലും സ്വീകരിച്ചിട്ടുണ്ട്.

2) നിശ്ചിത പ്രീമിയമൊടുക്കി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ചമൂലമുണ്ടായ കൃഷിനാശത്തിന്

മാനദണ്ഡ പ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

3) കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്ത ടേം ഷീറ്റുകൾ പ്രകാരം കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള തുക നടത്തിപ്പ് ഏജൻസിയായ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

4) വരൾച്ചമൂലം കൃഷിനാശം സംഭവിച്ച സ്ഥലങ്ങളിൽ പുനർകൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനും ജലസേചന അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും സംയോജിത വളപ്രയോഗവും കീടനിയന്ത്രണവും നടപ്പാക്കുന്നതിനും മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്കുമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ വരൾച്ചമൂലമുണ്ടായ നാശനഷ്ടം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും ആവശ്യമായ പിന്തുണ ഉറപ്പാക്കാനും കാർഷിക

ഉൽപാദന കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ഉന്നത സമിതി ഉടൻതന്നെ കേന്ദ്ര കാർഷിക വാണിജ്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതാണ്.

(സി) കൃഷിനാശം സംബന്ധിച്ച് നടത്തിയ പഠനത്തിന്റെ വിശദാംശം നൽകാമോ?

വരൾച്ചമൂലമുണ്ടായ കൃഷിനാശം വിലയിരുത്തുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട കൃഷി ഓഫീസർ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ്, ബ്ലോക്ക് തല കൃഷി വിജ്ഞാന കേന്ദ്രത്തിലെ കാർഷിക സർവകലാശാല പ്രതിനിധി എന്നിവരുൾപ്പെടുന്ന വിദഗ്ധ സംഘം രൂപീകരിക്കുകയും സംസ്ഥാനത്തെ മുഴുവൻ ജില്ലയിലെയും വരൾച്ച ബാധിത കൃഷിയിടങ്ങൾ ബ്ലോക്കടിസ്ഥാനത്തിൽ സന്ദർശിക്കുകയും കാർഷിക വിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തു. അതിൻപ്രകാരം സംസ്ഥാനത്തുടനീളം 46587 ഹെക്ടറിൽ കൃഷിനാശം സംഭവിച്ചതായും 257.12 കോടി രൂപയുടെ പ്രത്യക്ഷ നഷ്ടമുണ്ടായതായും കണക്കാക്കിയിട്ടുണ്ട്. പരോക്ഷമായി 118.69 കോടി രൂപയുടെ നഷ്ടവും

കണക്കാക്കിയിട്ടുണ്ട്. 56947 കർഷകരെ വരൾച്ച ബാധിച്ചു. പ്രധാന കാർഷിക ജില്ലകളായ ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ ഉൾപ്പെടെ എല്ലാ ജില്ലകളിലും അതിരൂക്ഷമായ വരൾച്ചയും ഉഷ്ണതരംഗവുംമൂലം പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, പഴവർഗങ്ങൾ, പയറുവർഗങ്ങൾ മുതലായവയും ഏലം, കുരുമുളക്, കാപ്പി, കൊക്കോ, അടയ്ക്ക, തെങ്ങ് ഉൾപ്പെടെയുള്ള നാണ്യ തോട്ടവിളകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു. ജലസേചന സ്രോതസ്സുകളെല്ലാം വറ്റി വരളുകയും വിളവെടുക്കാറായ ഫലവർഗങ്ങൾ ഉണങ്ങി ശുഷ്കിച്ച് വില്പനയോഗ്യമല്ലാതാകുകയും ചെയ്തു.

**മെമ്മറി കാർഡ് കാണാതായ സംഭവം**

5(*125) <u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. റോജി എം. ജോൺ</u>:
<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മേയറും കെ.എസ്.ആർ.ടി.സി. ഡ്രൈവറും തമ്മിൽ തർക്കമുണ്ടായ സംഭവത്തിനുശേഷം ബസിലെ സി.സി.ടി.വി.

ദൃശ്യങ്ങളടങ്ങിയ മെമ്മറി കാർഡ് കാണാതായി എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസിലെ തെളിവായ മെമ്മറി കാർഡ് കാണാതായത് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) തിരുവനന്തപുരം മേയറും കെ.എസ്.ആർ.ടി.സി. ഡ്രൈവറും തമ്മിൽ തർക്കമുണ്ടായതായി പരാതിയുയർന്ന സംഭവത്തിന് ശേഷം ബസ്സിലെ CCTV ദൃശ്യങ്ങളടങ്ങിയ മെമ്മറി കാർഡ് കാണാതായി എന്ന ആരോപണം പരിശോധിക്കുകയും വകുപ്പുതല നടപടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് കെ.എസ്.ആർ.ടി.സി.-യിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മെമ്മറി കാർഡ് നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് 01-05-2024-ന് തമ്പാനൂർ പോലീസ് സ്റ്റേഷനിൽ FIR No.416/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഈ സംഭവത്തിൽ കുറ്റക്കാരെ കണ്ടെത്തി തുടർനടപടി സ്വീകരിക്കുമോ?

അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

**കൃഷിയിടാസൂത്രണാധിഷ്ഠിത വികസന പദ്ധതി**

6 (*126) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. എം. മണി:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോൽപാദനത്തിൽ ഗണ്യമായ വർധനയുണ്ടാക്കുന്നതിനും അതുവഴി കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ?

ഉണ്ട്.

(ബി) വിളയധിഷ്ഠിത സമീപനത്തിൽനിന്നും പ്രസ്തുത പദ്ധതി വ്യത്യാസപ്പെട്ടിരിക്കുന്നത് എങ്ങനെയെന്ന് വിശദമാക്കാമോ?

കാർഷികോൽപാദനത്തിൽ ഗണ്യമായ വർധനയുണ്ടാക്കുന്നതിനും അതുവഴി കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ്

കൃഷിയിടാധിഷ്ഠിത ആസൂത്രണ വികസന പദ്ധതിക്ക് രൂപം നൽകിയത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വർക്കിങ് ഗ്രൂപ്പുകളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ 2022-23-ൽ ആരംഭിച്ച കൃഷിയിടാധിഷ്ഠിത ആസൂത്രണ വികസന സമീപനം 2024-25-ലും നടപ്പാക്കുന്നുണ്ട്. വിളയധിഷ്ഠിത സമീപനത്തിൽനിന്ന് മാറി കൃഷിയിടാധിഷ്ഠിത ആസൂത്രണത്തിലൂടെ സംയോജിത ബഹുവിള കൃഷി സമ്പ്രദായത്തിലേക്കുള്ള മാറ്റം സാധ്യമാക്കുക എന്നതാണ് ഈ സമീപനത്തിന്റെ പ്രധാന ലക്ഷ്യം. കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായ രീതിയിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ ഉൽപാദന സമ്പദ്ഘടനയിൽ ഗണ്യമായ സംഭാവന നൽകുന്നതിനും ലക്ഷ്യമിടുന്നു. ഈ സമീപനത്തിൽ ഉൾപ്പെടുത്തേണ്ട ഘടകങ്ങളെ ശാസ്ത്രീയമായി തിരഞ്ഞെടുക്കുന്നതിലും കാർഷിക ആവാസവ്യവസ്ഥായൂണിറ്റധിഷ്ഠിത കാർഷിക പരിപാലന മാർഗങ്ങൾ സ്വീകരിക്കുന്നതിനും ഊന്നൽ നൽകുന്നതാണ്. വീടും മറ്റ് കെട്ടിടങ്ങളും ഒഴികെ കുറഞ്ഞത് പത്ത് സെന്റും പരമാവധി ഇരുന്നൂറ് സെന്റും

വിസ്തൃതിയുള്ള കൃഷിയിട യൂണിറ്റുകളായിരിക്കും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുക. സംയോജിത കൃഷി സമ്പ്രദായ മാതൃകകളും നെല്ല്, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, പഴവർഗങ്ങൾ, പച്ചക്കറികൾ എന്നീ വിളകൾ അടിസ്ഥാനമാക്കിയുള്ള വിള സമ്പ്രദായങ്ങളിലുമായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുക. അനുയോജ്യമായ രീതിയിലുള്ള വിളകളുടെ മിശ്രണവും കന്നുകാലി, മത്സ്യബന്ധനം മറ്റു കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ സംയോജിപ്പിച്ചുകൊണ്ടും കൃഷി ഓഫീസർ ബ്ലോക്കുതല കൃഷി വിജ്ഞാനകേന്ദ്രങ്ങളുമായി ചേർന്ന് തയ്യാറാക്കുന്ന ഫാം പ്ലാൻ, ഓരോ തുണ്ടു ഭൂമിയിൽനിന്നും പരമാവധി വരുമാനം ലഭിക്കുന്ന തരത്തിലായിരിക്കും തയ്യാറാക്കപ്പെടുന്നത്.

(സി) പ്രസ്തുത പദ്ധതി ഉൽപാദന, വരുമാന വർദ്ധനയ്ക്ക് എത്രത്തോളം സഹായകരമാണ്; വിശദാംശം നൽകുമോ?

കർഷകരുടെ എല്ലാ വിഭവങ്ങളും സംയോജിപ്പിച്ച് മികച്ച ആസൂത്രണത്തിലൂടെ കാർഷിക പാരിസ്ഥിതിക യൂണിറ്റിന്റെ അടിസ്ഥാനത്തിൽ സാധ്യമായ വിവിധ വിളകൾ കൃഷിചെയ്തും വിടവുകൾ

നികത്തിയും സംരംഭങ്ങൾ നടപ്പാക്കിയും ഉയർന്ന വരുമാനം ഉറപ്പാക്കുന്ന സമീപനമാണ് കൃഷിയിടാധിഷ്ഠിത ആസൂത്രണം. വിള അധിഷ്ഠിത ആസൂത്രണത്തിൽനിന്നും വിഭിന്നമായി കർഷകന്റെ കൃഷിയിടം ആസൂത്രണത്തിന്റെ പ്രധാന ഘടകമായി കണക്കിലെടുക്കുന്നു. അതിനാൽ കർഷകന്/കർഷക കൂട്ടായ്മക്ക് തന്റെ കൃഷിയിടത്തിൽ സാധ്യമായ എല്ലാ ഉൽപാദന പ്രക്രിയയും ശാസ്ത്രീയമായി ചെയ്യാൻ സാധിക്കുന്നു. അതുവഴി ലാഭം വർധിപ്പിക്കാനും സാധിക്കും. ഇതിനായി കൃഷി ഓഫീസർമാരും വിവിധ കാർഷിക വിദഗ്ധരും സഹായിക്കുന്നതായിരിക്കും. മറ്റ് പദ്ധതികളിൽനിന്നും കർഷകന്റെ നിർണ്ണായകമായ ആവശ്യങ്ങൾ നേരിട്ട് നിറവേറ്റാൻ പറ്റാത്ത പക്ഷം ഈ പദ്ധതി വഴി അത്തരം സേവനങ്ങൾ വിവിധ ഏജൻസികൾ മുഖാന്തരം കർഷകന് ലഭ്യമാക്കുന്നു. ഒരു കൃഷിയിടത്തിന്റെ മൊത്തം വിളയിടാധിഷ്ഠിത കാർഷിക പ്രവർത്തനങ്ങളുടെ ഒരു മുൻകൂർ രേഖ എന്നാണ് 'ഫാം പ്ലാൻ' എന്നതുകൊണ്ട് നിർവചിച്ചിരിക്കുന്നത്. ഒരു ഉത്തമ ഫാം പ്ലാനിൽ കൃഷിയിടത്തിലെ എല്ലാ വിഭവങ്ങളെയും സാധ്യതകളെയും ഉപയോഗപ്പെടുത്തിക്കൊണ്ടും പരിമിതികളെ ഉൾക്കൊണ്ടുകൊണ്ടും

ഉൽപാദന വർധനയിലൂടെ പരമാവധി ലാഭം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ശാസ്ത്രീയമായ ഉൽപാദന വിപണന പ്ലാൻ തയ്യാറാക്കുകയും സംയോജിത കൃഷിരീതി നടപ്പാക്കുകയും ചെയ്യുന്നതിലൂടെ ഫാം പ്ലാൻ പദ്ധതിയിലൂടെ കർഷകരുടെ വരുമാന വർധന സാധ്യമാകുന്നു.

(ഡി) പദ്ധതി നിർവഹണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവകലാശാലകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണം ഉപയോഗപ്പെടുത്തുന്നുണ്ടോ; പ്രസ്തുത സമീപനത്തിൽ കാർഷിക അനുബന്ധ മേഖലകളുടെ പിന്തുണ ഉറപ്പുവരുത്തുന്നുണ്ടോ; വിശദമാക്കുമോ?

പദ്ധതി നിർവഹണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവകലാശാലകൾ, കാർഷിക അനുബന്ധ മേഖലകൾ എന്നിവയുടെ പിന്തുണ ഉറപ്പുവരുത്തുന്നുണ്ട്. കൃഷിവകുപ്പ് പുറപ്പെടുവിക്കുന്ന മാർഗനിർദേശമനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ചാണ് ഗുണഭോക്താക്കളെ/കൃഷിയിടങ്ങളെ തിരഞ്ഞെടുക്കുന്നത്. കൃഷിയിട യൂണിറ്റുകൾ കണ്ടെത്തുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപന പദ്ധതികളും

സംസ്ഥാന പദ്ധതികളുമായി സംയോജിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തി കൃഷിയിടത്തിന്റെ സമഗ്ര വികസനം കൊണ്ടുവരുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് കർശനമായ മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ സ്വീകരിക്കുന്നുമുണ്ട്.

കൃഷിയിടാസൂത്രണാധിഷ്ഠിത വികസന പദ്ധതി പ്രകാരം പുതിയ കൃഷിയിടങ്ങൾ തയ്യാറാക്കുന്നതിനായി ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന കേന്ദ്രങ്ങളിലൂടെ കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞരുടെ സാങ്കേതിക സഹായം സ്വീകരിക്കുന്നുണ്ട്. കേരള കാർഷിക സർവകലാശാല അംഗീകരിച്ച് പ്രസിദ്ധീകരിച്ചതും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതുമായ ഉൽപാദന പ്രോട്ടോക്കോൾ അടിസ്ഥാനമാക്കിയാണ് കൃഷിയിടാധിഷ്ഠിത ആസൂത്രണ വികസന രേഖകൾ തയ്യാറാക്കുന്നത്. ഈ സമീപനത്തിൽ കാർഷിക അനുബന്ധമേഖലകളായ മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നിവയുൾപ്പെടും. വികസിപ്പിച്ചെടുത്ത കൃഷിയിടാധിഷ്ഠിത ആസൂത്രണ വികസനരേഖ കാർഷിക പ്രവർത്തനങ്ങളിൽ

ഏർപ്പെട്ടിരിക്കുന്ന വിവിധ വകുപ്പുകളുമായി പങ്കിടുന്നുണ്ട്. കൂടാതെ മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം തയ്യാറാക്കുന്നതിന് വ്യവസായ വകുപ്പിന്റെ സഹായവും വായ്പ വിപണി സൗകര്യം, വികസനത്തിനായി സഹകരണ വകുപ്പിന്റെ പങ്കാളിത്തവും ഉപയോഗപ്പെടുത്തുന്നുണ്ട്.

**പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ വിദ്യാർഥിയുടെ മരണം**

7(*127) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ്ുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ വിദ്യാർഥി പരസ്യ വിചാരണയ്ക്ക് വിധേയമായി കൊല്ലപ്പെട്ട സംഭവത്തിൽ സർവകലാശാലാ അധികൃതർക്ക് വീഴ്ച സംഭവിച്ചോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

പൂക്കോട് വെറ്ററിനറി കോളേജ് ഹോസ്റ്റലിൽ വിദ്യാർഥി മരണപ്പെട്ട സംഭവത്തിൽ സർവകലാശാല അധികൃതർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന്

അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി സർവകലാശാല ചാൻസലർ കൂടിയായ ബഹുമാനപ്പെട്ട ഗവർണർ, എൻക്വയറി കമ്മീഷനായി ജസ്റ്റിസ് എ. ഹരിപ്രസാദ്-നെ നിയമിച്ചിട്ടുണ്ട്. ആദ്യ സിറ്റിങ് മുതൽ മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് നിർദേശം നൽകിയിട്ടുള്ളത്. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി വിസിറ്റിങ് ഫാക്കൽറ്റി കോംപ്ലക്സ് ഗസ്റ്റ് ഹൗസിൽ കമ്മീഷന്റെ ഓഫീസ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നേരിട്ടും ഓൺലൈനായും കമ്മീഷൻ സിറ്റിങ് നടത്തിവരുന്നു.

(ബി) കോളേജിൽ ഗുണ്ടാ സംഘങ്ങളായി പ്രവർത്തിക്കുന്ന വിദ്യാർഥി സംഘടനാ നേതാക്കൾക്ക് ചില അധികൃതർ പിന്തുണ നൽകുന്നതായി പറയപ്പെടുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

കോളേജിൽ ഗുണ്ടാ സംഘങ്ങളായി പ്രവർത്തിക്കുന്ന വിദ്യാർഥി സംഘടന◌ാ നേതാക്കൾക്ക് ചില അധികൃതർ പിന്തുണ നൽകുന്ന◌ുവെന്ന ആക്ഷേപം തെളിയിക്കുന്ന വസ്തുതകളൊന്നും കോളേജിന്റെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല.

(സി) ഇക്കാര്യത്തിൽ സർവകലാശാല ഡീനിനും ട്യൂട്ടർക്കും വീഴ്ച സംഭവിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഈ വിഷയത്തിൽ വെറ്ററിനറി സർവകലാശാല ഡീനിനെയും അസിസ്റ്റന്റ് വാർഡനെയും സർവകലാശാലയുടെ 05-03-2024-ലെ നടപടിക്രമം പ്രകാരം സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടി ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ?

പ്രസ്തുത സംഭവത്തിൽ മൃഗസംരക്ഷണ വകുപ്പിൽനിന്നും അന്വേഷണം നടത്തിയിട്ടില്ല. എന്നാൽ സർവകലാശാല തലത്തിൽ 06-03-2024-ന് ഒരു അന്വേഷണ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി അന്വേഷണം പൂർത്തിയാക്കി സമർപ്പിച്ച റിപ്പോർട്ടിൽ സർവകലാശാലയുടെ സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ പ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## നെല്ലിന്റെ താങ്ങുവില വർധിപ്പിക്കാൻ നടപടി

8(*128) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ലുൽപാദനം വർധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഗുണമേന്മയുള്ളതും അത്യുൽപാദന ശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനുവേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും മറ്റ് ഉൽപാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെയും ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കാനും നെൽകൃഷിയിൽനിന്നും പരമാവധി ഉൽപാദനം ഉറപ്പാക്കാനും നെൽകർഷകരെ സഹായിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് കൃഷിവകുപ്പ് കൈക്കൊണ്ടുവരുന്നത്.

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉൽപാദനവും വർധിപ്പിക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് 2024-25 സാമ്പത്തിക വർഷത്തിലും നടപ്പാക്കിവരുന്നു. സംസ്ഥാനത്ത് നെല്ലുൽപാദനം വർധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.[1]

(ബി) ഈ സർക്കാർ നെല്ലിന്റെ താങ്ങുവില വർധിപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വർധന എത്ര രൂപയാണെന്നും എന്ന് മുതലാണെന്നും വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്രം അനുവദിച്ച നെല്ലിന്റെ താങ്ങുവില 2020-21, 2021-22, 2022-23 വർഷങ്ങളിൽ 18.68 രൂപ, 19.40 രൂപ, 20.40 രൂപ എന്നീ ക്രമത്തിലാണ്.

1 നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021-22 സീസണിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച താങ്ങുവില 19.40 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ് 8.60 രൂപയും ചേർത്ത് ഒരു കിലോ നെല്ലിന് 28 രൂപ/kg ക്രമത്തിലാണ് സംഭരണം നടത്തിയിരുന്നത്. 2022-23 നെല്ല് സംഭരണ സീസൺ മുതൽ നെല്ലിന്റെ വില 28.20 രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

(സി) നെല്ലിന്റെ താങ്ങുവിലയുടെ സംസ്ഥാന വിഹിതം കുറച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

നെല്ലിന് അർഹമായ താങ്ങുവില നൽകേണ്ടത് കേന്ദ്രമാണ്. അർഹമായ താങ്ങുവില കേന്ദ്രത്തിൽനിന്നും ലഭിക്കാത്ത സാഹചര്യത്തിലാണ് സംസ്ഥാനം പ്രോത്സാഹന ബോണസ് നൽകുന്നത്.

**ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കായി ഭവന പുനരുദ്ധാരണ പദ്ധതി**

9(*129) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ദെലീമ:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കായി ഭവന പുനരുദ്ധാരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

നടപ്പാക്കിയിട്ടുണ്ട്. ഇതുവരെ 2240 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

ഭവന പുനരുദ്ധാരണ പദ്ധതിയിലെ ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം

1. അപേക്ഷക ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവയോ വിവാഹബന്ധം വേർപെടുത്തിയവരോ ഉപേക്ഷിക്കപ്പെട്ടവരോ ആയിരിക്കണം.
2. വീട്, സ്ഥലം എന്നിവ അപേക്ഷകയുടെയോ പങ്കാളിയുടെയോ പേരിലുള്ളവയായിരിക്കണം.
3. അപേക്ഷകയുടെ വീടിന്റെ പരമാവധി വിസ്തീർണ്ണം 1200 ച. അടിയിൽ അധികരിക്ക്ാൻ പാടില്ല.

4. വീട് റിപ്പയർ ചെയ്യേണ്ടതുണ്ടെന്നത് സംബന്ധിച്ച് വില്ലേജ് ഓഫീസറുടെയോ/ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന എഞ്ചിനീയറിങ് വിഭാഗത്തിൽ നിന്നോ സാക്ഷ്യപത്രം ലഭ്യമാക്കണം.

5. ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതിയിലോ മറ്റ് വകുപ്പുകളുടെ ഭവന പദ്ധതി/പുനരുദ്ധാരണ പദ്ധതികളിൽ കഴിഞ്ഞ 8 വർഷത്തിനകം ധനസഹായം കൈപ്പറ്റാത്തവരാകണം. സർക്കാരിൽനിന്നും ഇതുവരെ യാതൊരുവിധ ഭവനനിർമാണ/പുനരുദ്ധാരണ സഹായം ലഭിച്ചിട്ടില്ലാത്തവർക്ക് കാലാവധി ബാധകമല്ല. വീട് റിപ്പയറിങ്ങിനുള്ള പദ്ധതിക്കായി അപേക്ഷന്റെ പേര്, വിലാസം, പഞ്ചായത്ത്, താലൂക്ക്, ജില്ല, വീടിന്റെ വിസ്തീർണ്ണം, ആകെ സ്ഥലം, സർവെ നമ്പർ, കെട്ടിട നമ്പർ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടയാളാണെന്ന സർട്ടിഫിക്കറ്റ് തുടങ്ങിയവ രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷാ ഫാറം, ഡയറക്ടേറ്റ് വെബ്സൈറ്റ് മുഖേന പ്രസിദ്ധീകരിക്കും.

6. വീട് റിപ്പയർ ചെയ്യാനുള്ള അപേക്ഷയോടൊപ്പം റിപ്പയർ ചെയ്യേണ്ടതിന്റെ ആവശ്യകത, വീടിന്റെ വിസ്തീർണ്ണം 1200 സ്ക്വ.ഫീറ്റിൽ

കുറവാണ് എന്നിവ സാക്ഷ്യപ്പെടുത്തുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കണം.

(ബി) ന്യൂനപക്ഷ മത വിഭാഗത്തിലെ വിധവകൾ, വിവാഹമോചിതരായ സ്ത്രീകൾ എന്നിവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

നിലവിലുണ്ട്. ന്യൂനപക്ഷ വിഭാഗത്തിലെ വിധവകൾ/വിവാഹമോചിതർ/ഉപേക്ഷിക്കപ്പെട്ട വിഭാഗങ്ങളിലെ സ്ത്രീകൾ എന്നിവർക്കായി സംസ്ഥാന ധനകാര്യ വികസന കോർപ്പറേഷന്റെ സഹായത്തോടെ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ലോൺ തുകയുടെ 20 ശതമാനം അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപ വരെയോ സബ്സിഡി അനുവദിക്കുന്ന പദ്ധതിക്ക് 2024-25 വർഷം ബജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എല്ലാ സ്രോതസ്സുകളിൽനിന്നുമുള്ള വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത 60 വയസ്സിന് താഴെയുള്ള വിധവകൾ, വിവാഹമോചിതർ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവരെ സഹായത്തിനായി പരിഗണിക്കുന്നതാണ്. യോഗ്യരായ അപേക്ഷകരെ

വകുപ്പ് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിലേക്ക് ശിപാർശ ചെയ്യുകയും കോർപ്പറേഷൻ വായ്പ നൽകുകയും ചെയ്യും. 18 വയസ്സിൽ താഴെയുള്ള കുട്ടികളുള്ളവർക്കും ഗ്രാമവികസന വകുപ്പിന്റെ തീവ്ര ദാരിദ്ര്യ സർവെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളിൽപ്പെട്ടവർക്കും മുൻഗണന നൽകും.

**ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി പുതിയ സ്കോളർഷിപ്പ് പദ്ധതി**

10(*130) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുവേണ്ടി സംസ്ഥാന സർക്കാർ പുതിയ സ്കോളർഷിപ്പ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആരംഭിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി മാർഗദീപം എന്ന

പുതിയൊരു സ്കോളർഷിപ്പ് പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം ബജറ്റിൽ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്കോളർഷിപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉന്നത പഠന കേന്ദ്രങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർഥികൾക്കായി പ്രത്യേകമായ സ്കോളർഷിപ്പ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഐ.ഐ.ടി., ഐ.ഐ.എം. ഐ.ഐ.എസ്.ടി., ഐ.എം.എസ്.സി. എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുകീഴിൽ ബിരുദാനന്തര ബിരുദം, പിഎച്ച്.ഡി. കോഴ്സുകൾക്ക് പഠിക്കുന്ന യോഗ്യരായ ന്യൂനപക്ഷ വിദ്യാർഥികൾക്ക് 50,000/- രൂപ നൽകുന്ന സ്കോളർഷിപ്പ് പദ്ധതി 2023-24 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിവരുന്നു.

**ക്ഷീര കർഷകർക്ക് പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി**

11(*131) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ആന്റണി ജോൺ:

ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകരെയും അവരുടെ കുടുംബാംഗങ്ങളെയും അവരുടെ ഉടമസ്ഥതയിലുള്ള കന്നുകാലികളെയും ഉൾപ്പെടുത്തി പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് 2023-24 കാലഘട്ടത്തിൽ ക്ഷീരകർഷകരെയും അവരുടെ കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിവരുന്നു. ടി പദ്ധതിയിൽ ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾക്ക് ഇൻഷ്വറൻസ് പ്രീമിയം തുകയിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ കന്നുകാലികളെ ഉൾപ്പെടുത്തിയിട്ടില്ല.

എന്നാൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് 60 ശതമാനം കേന്ദ്ര സർക്കാർ ധനസഹായവും 40 ശതമാനം സംസ്ഥാന സർക്കാർ ധനസഹായത്തോടെയും എൻ.എൽ.എം.

കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയും 2017-18 സാമ്പത്തിക വർഷം മുതൽ 100 ശതമാനം സംസ്ഥാന സർക്കാർ ധനസഹായത്തോടെ ഗോസമൃദ്ധി സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കിവരുന്നു.

അത്യുൽപാദന ശേഷിയുള്ള കന്നുകാലികളുടെ ആകസ്മിക മരണം, ഉൽപാദനക്ഷമതയിലും പ്രത്യുൽപാദനക്ഷമതയിലുമുണ്ടാകുന്ന നഷ്ടം എന്നിവ കർഷകർക്ക് കനത്ത ആഘാതമാണ് സൃഷ്ടിക്കുന്നത്. ചർമ്മ മുഴ, കുളമ്പുരോഗം, മറ്റ് പകർച്ചവ്യാധികൾമൂലമുണ്ടാകുന്ന നഷ്ടം എന്നിവ കാരണം കർഷകർ മൃഗസംരക്ഷണ മേഖലയിൽനിന്നും കൊഴിഞ്ഞുപോകുന്നത് തടയുന്നതിന്റെ ഭാഗമായും ഇത്തരം പ്രതിസന്ധികളിൽനിന്നും സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖലയെ സഹായിക്കുന്നതിനുമായി മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി.

കൂടാതെ ഉരുവിന്റെ ഉടമയായ കർഷകന് അപകട മരണത്തിനും പൂർണ്ണമോ ഭാഗികമോ ആയ അംഗവൈകല്യത്തിനും 5 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും മൃഗസംരക്ഷണ വകുപ്പ് നൽകിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ?

ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി ക്ഷീരമേഖലയിലെ കർഷകർക്ക് ആരോഗ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നു. 80 വയസ്സ് വരെയുള്ള ക്ഷീരകർഷകർക്ക് യാതൊരു ആരോഗ്യ പരിശോധനകളും കൂടാതെ പങ്കാളികളാകാവുന്ന പദ്ധതിയിൽ ആരോഗ്യ സുരക്ഷ (1 ലക്ഷം രൂപ, നിലവിലുള്ള അസുഖങ്ങൾക്ക് 50,000/- രൂപ), അപകട സുരക്ഷ (7 ലക്ഷം രൂപ) എന്നിവയുടെ പരിരക്ഷയും 60 വയസ്സിൽ വരെയുള്ളവർക്ക് ആരോഗ്യസുരക്ഷ, അപകടസുരക്ഷ എന്നിവയോടൊപ്പം ലൈഫ് ഇൻഷ്വറൻസിന്റെ (1 ലക്ഷം രൂപ) പരിരക്ഷയും ലഭിക്കുന്നു.

കടുത്ത സാമ്പത്തിക നഷ്ടംമൂലം പ്രതിസന്ധി ഘട്ടങ്ങളിൽ ഒരു കാർഷിക കുടുംബത്തിന്റെ അതിജീവനത്തിലേക്കും സാമ്പത്തിക ഭദ്രതയിലേക്കുമുള്ള ഒരു മികച്ച കൈത്താങ്ങ് നൽകുക എന്നതാണ് കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയുടെ ലക്ഷ്യം. ക്ഷീര കർഷകരുടെ വരുമാന മാർഗമായ ഉരു ആകസ്മികമായി മരണപ്പെട്ടാലോ ഉൽപാദന പ്രത്യുൽപാദന ക്ഷമത നഷ്ടമോ സംഭവിച്ചാലോ അവരുടെ ദൈനംദിന സാമ്പത്തിക ഭദ്രത

താറുമാറാകാൻ കാരണമാകും. ആയതിന് ഒരു വലിയ പരിഹാരം എന്ന നിലയിലാണ് ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ മൃഗസംരക്ഷണ വകുപ്പ് കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്. ജീവനോപാധി ഇല്ലാതാകുമ്പോൾ കർഷക കുടുംബങ്ങൾക്ക് നേരിടേണ്ടിവരുന്ന നഷ്ടവും അനിശ്ചിതത്വവും നികത്തി അവർക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കി മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് സർക്കാരും വകുപ്പും കർഷകർക്ക് ഒരു കൈത്താങ്ങായി നിലനിൽക്കുക എന്നതാണ് ഈ പദ്ധതിയുടെ പരമപ്രധാനമായ ലക്ഷ്യം.

(സി) ക്ഷീര കർഷകർക്കും കുടുംബങ്ങൾക്കും പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്രത്തോളം ലഭ്യമായിട്ടുണ്ടെന്നും ഇതിലൂടെ ക്ഷീര മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്നും വിശദമാക്കാമോ?

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് മുഖാന്തരം നടപ്പാക്കി വരുന്ന പദ്ധതിയിൽ 2023-24 വർഷം 1725/-രൂപ സബ്സിഡിയോടുകൂടി 18089 ക്ഷേമനിധി അംഗങ്ങളായ കർഷകർ എൻറോൾ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് ക്ലെയിം ഇനത്തിൽ ഇതുവരെ 852 കർഷകർക്ക് 2,89,73,461/-

രൂപ ക്ലെയിം ലഭ്യമായിട്ടുണ്ട്. 2024-25 ബജറ്റിൽ ക്ഷീരസാന്ത്വനം പദ്ധതിക്കായി വകയിരുത്തിയ 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. പകലന്തിയോളം ക്ഷീരവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ചികിത്സാച്ചെലവുകൾക്ക് കൈത്താങ്ങാകുന്നതിനും കർഷകർക്ക് സാമൂഹ്യവും സാമ്പത്തികവുമായ സുരക്ഷിതത്വം നൽകുന്നതിനും പദ്ധതി പ്രയോജനം ചെയ്യുന്നു. ഇതിലൂടെ സഹകരണ മേഖല ശക്തിപ്പെടുത്താനും കൂടുതൽ ആളുകളെ ക്ഷീരമേഖലയിലേക്ക് ആകർഷിക്കുന്നതിനും സാധിക്കുന്നതാണ്.

2016-17 സാമ്പത്തിക വർഷം മുതൽ രണ്ടര ലക്ഷത്തോളം പ്രജനനയോഗ്യമായ കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുകയും ഏഴായിരത്തോളം ക്ലെയിമുകൾ തീർപ്പാക്കി കർഷകർക്ക് ധനസഹായം നൽകുന്നതിനും കന്നുകാലി ഇൻഷ്വറൻസ് പദ്ധതികൊണ്ട് സാധിച്ചിട്ടുണ്ട്. കൂടാതെ 2020-21 പദ്ധതിയിലുൾപ്പെട്ട കർഷകൻ മരണമടഞ്ഞതിന് 5 ലക്ഷം രൂപ ധനസഹായം നൽകുന്നതിനും സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിമൂലം സാധിച്ചു.

## ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

12(*132) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറിയുടെ വില അനിയന്ത്രിതമായി വർധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ ഹോർട്ടികോർപ്പ് നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ?

കഴിഞ്ഞ വർഷം ഇതേ സമയത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ വിപണിയിൽ പച്ചക്കറിയുടെ വില വർധന ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ വിപണിയിൽ അമിതമായ വിലവർധന ഉണ്ടാകാതിരിക്കാൻ ഹോർട്ടികോർപ്പ് 78 സ്വന്തം സ്റ്റാളുകൾ വഴിയും 192 ലൈസൻസി സ്റ്റാളുകൾ വഴിയും 24 മൊബൈൽ യൂണിറ്റുകൾ മുഖേനയും പൊതു വിപണിയെക്കാൾ വില കുറച്ച് ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇവിടെ ഉൽപാദിപ്പിക്കുന്ന പച്ചക്കറിക്ക് പകരം ഹോർട്ടികോർപ്പ് അയൽ സംസ്ഥാനങ്ങളിൽനിന്നും പച്ചക്കറി സംഭരണം നടത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സവാള, ഉരുളകിഴങ്ങ്, തക്കാളി എന്നിവയും കേരളത്തിൽ വേണ്ടത്ര ഉൽപാദിപ്പിക്കപ്പെടാത്തതും ഇതര സംസ്ഥാനങ്ങളിൽ ലഭ്യമാകുന്നതുമായ അമര, കത്തിരി, പച്ചമുളക്, മുരിങ്ങയ്ക്ക, മല്ലിയില, കറിവേപ്പില, പേയൻകായ് തുടങ്ങിയ 20-ൽ അധികം പച്ചക്കറികളും മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽനിന്നും നേരിട്ടും തമിഴ്നാട്ടിലെ കാർഷിക വ്യാപാര വിപണികളിലെ ലേലം വഴിയും സംഭരിക്കുന്നുണ്ട്. സംഭരണം കൂടുതൽ സുതാര്യമാക്കുന്നതിനായി തമിഴ്നാട് കാർഷിക വ്യാപാര വകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ എഫ്.പി.ഒ മുഖേന പച്ചക്കറി കർഷകരിൽനിന്നും നേരിട്ട് കരാർ ഒപ്പുവച്ച് സംഭരണം നടത്തുന്നുണ്ട്.

(സി) ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഹോർട്ടികോർപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുള്ള ശിപാർശ നൽകുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള റിപ്പോർട്ട് സമർപ്പിക്കുകയും അതിലെ നിർദേശങ്ങളനുസരിച്ച് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

1. 2011-16 കാലയളവിൽ അധിക ജീവനക്കാർമൂലമുണ്ടാകുന്ന അധികചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി 2020-21-ലെ 596 താൽക്കാലിക ജീവനക്കാരിൽനിന്നും 2023-24-ൽ താൽക്കാലിക ജീവനക്കാരുടെ എണ്ണം 435 ആയി ക്രമപ്പെടുത്തിട്ടുണ്ട്.

2. കർഷകരിൽ നിന്ന് സംഭരിക്കുന്ന പച്ചക്കറികൾക്ക് പരമാവധി വേഗത്തിൽ തുക വിതരണം ചെയ്തുവരുന്നു. 2024 മാർച്ച് വരെയുള്ള സംഭരണ വില വിതരണം ചെയ്തുകഴിഞ്ഞു.

3. 2012-13 മുതൽ മുടങ്ങിക്കിടന്നിരുന്ന ഓഡിറ്റ് കണക്കുകൾ 2020-21 വരെയുള്ളത് അന്തിമമാക്കിയിട്ടുണ്ട്.

4. ഹോർട്ടികോർപ്പിന്റെ സാമ്പത്തിക നഷ്ടം 2020-21-ൽ 7,59,36,264/- രൂപയായിരുന്നത് 2023-24-ൽ 1,47,46,510/- ആയി കുറയ്ക്കാൻ സാധിച്ചു.

5. ഹോർട്ടികോർപ്പിന്റെ സർവീസ് റൂളും സ്റ്റാഫ് പാറ്റേണും തയ്യാറാക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു.

6. അക്കൗണ്ടിങ് സുതാര്യമാക്കുന്നതിനായി ടാലി സോഫ്റ്റ്‌വെയർ സ്ഥാപിച്ച് ജില്ലകളിൽനിന്നുള്ള കണക്കുകൾ ഹെഡ് ഓഫീസിലേക്ക് കേന്ദ്രീകരിച്ച് തൽസമയം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു.

7. കൃഷി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർമാരെ ജില്ലാ മാനേജറായി നിയമിച്ചതുവഴിയുണ്ടായ അധിക ചെലവ് ഒഴിവാക്കുന്നതിനായി അതത് ജില്ലയിലെ അസിസ്റ്റന്റ് ഡയറക്ടർമാർക്ക് (മാർക്കറ്റിങ്) ഹോർട്ടികോർപ്പിന്റെ ജില്ലാ മാനേജരുടെ അധിക ചുമതല നൽകിയിട്ടുണ്ട്.

8. ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ഓൺലൈൻ മോണിറ്ററിങ് സിസ്റ്റം നടപ്പാക്കണമെന്ന നിർദേശത്തിനനുസരിച്ച് ഹോർട്ടികോർപ്പിൽ ഒരു മാനേജ്മെന്റ്

ഇൻഫർമേഷൻ സിസ്റ്റം (MIS) സ്റ്റാർട്ട് അപ്പ് മിഷനുമായി സഹകരിച്ച് നടപ്പാക്കിവരുന്നു.

**നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കാൻ നടപടി**

13(*133) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അധ്യയന വർഷം മുതൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഈ സർക്കാർ അധികാരമേറ്റെടുത്ത ഉടൻതന്നെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി മൂന്ന് കമ്മീഷനുകളെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മീഷനുകളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ വിവിധ പരിഷ്കരണ നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിൽ നടപ്പാക്കുന്ന പ്രധാന പരിഷ്കാരങ്ങൾ താഴെ വിശദീകരിക്കുന്നു:

- ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രാപ്യതയും തുല്യതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ വിദ്യാർഥി പ്രവേശന നിരക്ക് വർധിപ്പിക്കുന്നതിനും ഭിന്നശേഷി വിദ്യാർഥികളുടെയും എസ്.സി/എസ്.ടി വിഭാഗക്കാരുടെയും പ്രവേശന നിരക്ക് വർധിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- വിദ്യാർഥികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി വിദ്യാർഥി അവകാശ പത്രിക പ്രസിദ്ധീകരിക്കാനും അത് സർവകലാശാല നിയമത്തിന്റെ ഭാഗമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- സർവകലാശാല നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- അന്തർ സർവകലാശാല മാറ്റം സുഗമമാക്കുന്നതിന് ക്രെഡിറ്റ് ബാങ്ക് അടക്കമുള്ള സംവിധാനങ്ങൾ സർവകലാശാലകളിൽ നടപ്പാക്കിവരുന്നു.
- രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള വിദ്യാർഥികൾക്ക് കേരളത്തിലെ സ്ഥാപനങ്ങളിൽ തുടർപഠനം നടത്താനും ക്രെഡിറ്റ് ട്രാൻസ്ഫർ നടത്താനുമുള്ള നടപടിക്രമങ്ങൾ നിലവിൽവന്നിട്ടുണ്ട്.

- ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർവകലാശാലകൾ, കോളേജുകൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ അക്കാദമിക്, ഭരണകാര്യങ്ങൾ ഒരു കുടക്കീഴിലാക്കുന്നതിനായി "കേരള റിസോഴ്സ് ഫോർ എജ്യുക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിങ്" അഥവാ 'കെ-റീപ്' എന്ന സമഗ്ര സോഫ്റ്റ്‌വെയർ വികസിപ്പിച്ചുവരുന്നു.
- സംസ്ഥാനത്തെ ശാസ്ത്ര, സാമൂഹ്യ, മാനവിക വിഷയങ്ങളിലെ ഗവേഷണ പുരോഗതിക്കായി ഏഴോളം പുതിയ ഗവേഷണ സ്ഥാപനങ്ങൾ സെന്റർ ഓഫ് എക്സലൻസ് എന്ന നിലയിൽ സംസ്ഥാനത്ത് ഈ വർഷം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
- ഗവേഷണ വിദ്യാർഥികൾക്ക് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾക്കായി വിദേശ സന്ദർശനം നടത്തുന്നതിനും ആവശ്യമായ ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

- സർവകലാശാല ക്യാമ്പസുകളോട് ചേർന്ന് സ്വതന്ത്ര സ്ഥാപനങ്ങളായി ഇന്റർ യൂണിവേഴ്സിറ്റി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.
- സംസ്ഥാനത്ത് പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ, കോൺസ്റ്റിറ്റുവന്റ് കോളേജുകൾ എന്നിവ നടപ്പാക്കുന്നതിനുള്ള നിർദേശങ്ങൾ പരിഗണനയിലാണ്.
- സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ അന്താരാഷ്ട്ര ഹോസ്റ്റലുകളടക്കം ആയിരത്തിയഞ്ഞൂറിൽപ്പരം ഹോസ്റ്റൽ മുറികൾ നിർമ്മിക്കുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.
- സംസ്ഥാനത്തെ സർവകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് ലാബുകൾ വികസിപ്പിക്കുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.
- ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോട് ചേർന്ന് ഗവേഷണ പാർക്കുകൾ ആരംഭിക്കുന്നതിനും ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിനൊപ്പവും ഓരോ സ്റ്റാർട്ടപ്പ് പാർക്ക് ആരംഭിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു.

- സംസ്ഥാനത്തെ ബിരുദ, ബിരുദാനന്തര ബിരുദ കരിക്കുലം സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- 2024-25 അധ്യയന വർഷം മുതൽ സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ (FYUGP) പൂർണ്ണമായും നടപ്പാക്കും.
- സാങ്കേതിക വിദ്യാഭ്യാസരംഗത്തെ കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി എഞ്ചിനീയറിങ് കോളേജിലെ കരിക്കുലം പരിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2 സെമസ്റ്ററുകൾ നീളുന്ന ഇന്റേൺഷിപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. പോളിടെക്നിക്കുകളിൽ കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി ഒരു സെമസ്റ്റർ ഇന്റേൺഷിപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പോളിടെക്നിക്കുകളിൽ Industry on Campus (IOC)-കൾ നടപ്പാക്കിവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി എന്തെല്ലാം മുന്നൊരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും ഈ അധ്യയന വർഷം മുതൽ മൂന്നുവർഷം കഴിയുമ്പോൾ ബിരുദം നേടി എക്സിറ്റ് ചെയ്യാനും താൽപര്യമുള്ളവർക്ക് നാലാം വർഷം തുടർന്ന് ക്യാപ്സ്റ്റോൺ പ്രോജക്ടുള്ള ഓണേഴ്സ് ബിരുദം നേടാനും റിസർച്ച് താൽപര്യമുള്ളവർക്ക് 'ഓണേഴ്സ് വിത്ത് റിസർച്ച്' ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ള ബിരുദ പ്രോഗ്രാമുകൾ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആരംഭിക്കുന്ന നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ മോഡൽ കരിക്കുലം, അതിനായി രൂപീകരിച്ച കരിക്കുലം കമ്മിറ്റിയുടെ നേതൃത്വത്തിൽ തയ്യാറാക്കി സർവകലാശാലകൾക്ക് കൈമാറുകയും ഇതിന്റെയടിസ്ഥാനത്തിൽ സർവകലാശാലകൾ കരിക്കുലം രൂപീകരിക്കുകയും ചെയ്തു. അത് സുഗമമായി നടപ്പിൽ വരുത്താനാവശ്യമായ മോഡൽ റെഗുലേഷനുകൾ ഉന്നതവിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി സർവകലാശാലകൾക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ റെഗുലേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ സർവകലാശാല പഠന ബോർഡുകൾ പുതിയ കരിക്കുലം ആവശ്യപ്പെടുന്ന രീതിയിലുള്ള കോഴ്സുകൾ വികസിപ്പിച്ചിട്ടുണ്ട്. നാല് വർഷ

ബിരുദ പ്രോഗ്രാമുകളെപ്പറ്റി വിശദമായ പരിശീലന പരിപാടികൾ ഇതിനോടകം നടത്തിയിട്ടുണ്ട്. വിവിധ ഘട്ടങ്ങളിൽ അധ്യാപക പ്രതിനിധികൾ, അനധ്യാപക പ്രതിനിധികൾ, വിദ്യാർഥികൾ, സർവകലാശാലകളുടെ ഭരണനേതൃത്വത്തിലുള്ളവർ എന്നിവരുടെ യോഗങ്ങൾ ചേർന്ന് വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ എല്ലാ സർവകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് പ്രതിനിധികൾക്കും കോളേജുകളിലെ നാലുവർഷ ബിരുദ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജുകളിലെ അധ്യാപകർക്ക് ബന്ധപ്പെട്ട സർവകലാശാലകൾ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, +2 വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുംവേണ്ടി ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. FYUGP-യുടെ ആദ്യ വർഷത്തിലേക്കായി ഒരു ഏകീകൃത അക്കാദമിക് കലണ്ടർ തയാറാക്കിയിട്ടുമുണ്ട്. നാലുവർഷ ബിരുദ കോഴ്സിന്റെയും പരീക്ഷകളുടെയും പരാതി രഹിതമായ നടത്തിപ്പിന്

സർവകലാശാല രജിസ്ട്രാർമാർ ഉൾപ്പെട്ട ഒരു പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) പുതുതലമുറയുടെ വിദേശരാജ്യങ്ങളിലേക്കുള്ള കുടിയേറ്റം കുറയ്ക്കുന്നതിനും വിദ്യാർഥികൾക്ക് നൂതനാശയങ്ങൾ വികസിപ്പിക്കുന്നതിന് സഹായകമാകുന്നതിനും തൊഴിൽ സാധ്യത വർധിപ്പിക്കുന്നതിനും പുതിയ പാഠ്യപദ്ധതി എത്രത്തോളം ഉതകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവുംവിധം വിവിധ വിഷയങ്ങളുടെ കോംബിനേഷൻ തിരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകല്പന ചെയ്യാനും കഴിയുന്ന തരത്തിലാണ് കരിക്കുലം കമ്മിറ്റി നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. ക്രെഡിറ്റിനെ വ്യക്തമായി

നിർവചിച്ചുകൊണ്ടാണ് നാലുവർഷ ബിരുദ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ ക്രെഡിറ്റുകൾക്ക് ലോകത്തെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനവുമായിട്ടും ക്രെഡിറ്റ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർനാഷണൽ കംപാറ്റിബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും. നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസത്തിലേക്ക് നൈപുണ്യത്തെ സമന്വയിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല വ്യവസായ സംബന്ധിയായ കോഴ്സുകൾ പഠിക്കുന്നതിനുള്ള അവസരമൊരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ പഠിക്കുന്ന തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ മൈനർ പാത്ത് വേയുടെ ഭാഗമാക്കാനും സാധിക്കും. ഉദാഹരണത്തിന്, ഫിസിക്സിനോടൊപ്പം ഡാറ്റാ അനലിറ്റിക്സ്, കൊമേഴ്സിനോടൊപ്പം ഫിനാൻഷ്യൽ ടെക്നോളജി, കമ്പ്യൂട്ടർ സയൻസിനോടൊപ്പം ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇംഗ്ലീഷിനോടൊപ്പം

ഡിജിറ്റൽ മീഡിയ തുടങ്ങി നിരവധി തൊഴിലധിഷ്ഠിത മൈനർ കോഴ്സുകൾ തിരഞ്ഞെടുക്കാവുന്നതാണ്. പഠിക്കുന്ന കോളേജിൽ അത്തരം കോഴ്സുകൾ ലഭ്യമല്ലെങ്കിൽ മറ്റ് അംഗീകൃത സ്ഥാപനങ്ങളുടെ നൈപുണ്യ വികസന കേന്ദ്രങ്ങളിൽനിന്ന് നേരിട്ടോ ഓൺലൈനായോ വിദ്യാർഥിക്ക് വൊക്കേഷണൽ കോഴ്സുകൾ തിരഞ്ഞെടുത്ത് പഠിക്കാം. ഇതോടൊപ്പം Skill Gap പരിഹരിക്കുന്നതിന് ASAP-ന്റെ നേതൃത്വത്തിൽ സ്കിൽ കോഴ്സുകൾ നൽകുന്നതിന് സംവിധാനമൊരുക്കി. K-DISC-ന്റെ DWMS പോർട്ടൽ വഴി വിദ്യാർഥികൾക്ക് തൊഴിൽ നേടാൻ അവസരമൊരുക്കുന്നു. ഇന്റേൺഷിപ്പ് സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ വിദ്യാർഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും ലഭ്യമാകും.

(ഡി) വിദ്യാർഥികളുടെ അഭിരുചികൾക്കനുസൃതമായി വ്യത്യസ്ത വിഷയങ്ങൾ തിരഞ്ഞെടുത്ത് പഠിക്കുന്നതിനുള്ള അവസരം പുതിയ പാഠ്യപദ്ധതിയിലുണ്ടോ?

ഉണ്ട്. മൂന്നുവർഷ ബിരുദമാണെങ്കിലും നാലുവർഷ ഓണേഴ്സ്/ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദമാണെങ്കിലും ഈ ബിരുദങ്ങൾ

ഓരോന്നും സ്വന്തം താൽപര്യമനുസരിച്ച് രൂപകല്പന ചെയ്യാൻ പറ്റുന്ന തരത്തിലുള്ള വഴക്കം (ഫ്ലെക്സിബിലിറ്റി) പുതിയ കരിക്കുലം മുന്നോട്ടുവയ്ക്കുന്നുണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാം മുന്നോട്ടുവയ്ക്കുന്ന കരിക്കുലം പ്രകാരം താൽപര്യമുള്ള മൈനർ വിഷയങ്ങൾ തിരഞ്ഞെടുക്കാൻ ഓരോ വിദ്യാർഥിക്കും സാധിക്കും. ഈ തിരഞ്ഞെടുപ്പിനനുസരിച്ച് വിദ്യാർഥികളുടെ ഡിഗ്രിയുടെ ഘടനയിലും മാറ്റങ്ങളുണ്ടാവും. ഒരേ വിഷയത്തിൽ മേജർ ചെയ്യുന്ന വിദ്യാർഥികൾക്ക് വ്യത്യസ്തമായ മൈനർ പാത്ത് വേകൾ സ്വീകരിക്കാൻ കഴിയും. ഇത്തരത്തിൽ മേജർ/മൈനർ വിഷയങ്ങൾ തീരുമാനിച്ചതിനുശേഷം ഡിഗ്രി പഠനത്തിനായി വിവിധ പാത്ത് വേകൾ തിരഞ്ഞെടുക്കാൻ വിദ്യാർഥികൾക്ക് അവസരമുണ്ട്. ഇത്തരത്തിൽ വിദ്യാർഥികൾക്ക് തിരഞ്ഞെടുക്കാൻ കഴിയുന്ന വിവിധ പാത്ത് വേകൾ പ്രോഗ്രാമിന്റെ തുടക്കത്തിൽ തന്നെ സർവകലാശാലകൾ പ്രസിദ്ധീകരിക്കും. മേജർ വിത്ത് മൈനർ, സിംഗിൾ മേജർ, ഡബിൾ മേജർ, മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ, ഇന്റർ ഡിസിപ്ലിനറി മേജർ എന്നിങ്ങനെ വിവിധ പാത്ത് വേകൾ വിദ്യാർഥികൾക്ക് സ്വീകരിക്കാം. ഇത്തരത്തിൽ വിവിധ

പാത്ത് വേകളിൽകൂടി ബിരുദ പഠനം നടത്തുന്ന വിദ്യാർഥികൾക്ക് അവരുടെ താൽപര്യപ്രകാരമുള്ള മൈനർ വിഷയങ്ങൾ പാത്ത് വേയുടെ ഭാഗമാക്കാൻ കഴിയും. അതായത് പുതിയ രീതിയിൽ ഒരേ ക്ലാസിൽ പലതരത്തിലുള്ള ബിരുദങ്ങൾക്ക് പഠിക്കുന്ന വിദ്യാർഥികളുണ്ടാകും. ഓരോരുത്തരുടെയും അഭിരുചികളും അഭീഷ്ടങ്ങളുമായിരിക്കും അതിന് അടിസ്ഥാനം. ഓരോ പാത്ത് വേകൾക്കകത്തും തനിക്കുവേണ്ട ബിരുദ ഘടന രൂപകല്പന ചെയ്യാവുന്ന സ്വാതന്ത്ര്യം വിദ്യാർഥികൾക്ക് ലഭിക്കുന്നു.

(ഇ) പാഠ്യപദ്ധതി പരിഷ്കരിക്കുന്നതോടൊപ്പം ക്യാമ്പസുകൾ വിദ്യാർഥി സൗഹൃദ നൈപുണ്യ വികസന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ നൈപുണ്യ വിടവ് നികത്തുന്നതിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹ്രസ്വകാല വ്യവസായ സംബന്ധിയായ കോഴ്സുകൾ ആരംഭിക്കുന്നതിനും എല്ലാ തലങ്ങളിലെയും ഉന്നത വിദ്യാഭ്യാസത്തിലേക്ക് നൈപുണ്യത്തെ സമന്വയിപ്പിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി എല്ലാ ഉന്നത

വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യ വികസന കോഴ്സുകളും കരിയർ പ്ലാനിങ്ങും നടത്തുന്നതിനായി Centre for Skill Development Courses and Career Planning (CSDCCP) എന്നൊരു കേന്ദ്രം സ്വയം പര്യാപ്ത രീതിയിൽ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഈ കേന്ദ്രങ്ങൾ വാഗ്ദാനം ചെയ്യുന്ന കോഴ്സുകൾ നിർദ്ദിഷ്ട പ്രാദേശിക/വ്യവസായ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം സാധാരണ വിദ്യാർഥികൾക്കും പൂർവ്വ വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ വിവിധ തലത്തിലുള്ള നൈപുണ്യ വികസനത്തിനും (skilling, upskilling, reskilling) പ്രത്യേക തൊഴിൽ പരിശീലനത്തിനും സഹായകരമാവുകയും ഇതുവഴി സംസ്ഥാനത്തെ മൊത്തത്തിലുള്ള ഉന്നത വിദ്യാഭ്യാസ പരിതസ്ഥിതിക്കും വിദഗ്ധ പ്രൊഫഷണലുകളുടെ വികസനത്തിനും സഹായകമാവുകയും ചെയ്യും. അക്കാദമിക് സൂക്ഷ്മതയ്ക്കൊപ്പം നൈപുണ്യ വികസനം ഉറപ്പാക്കുന്നതിന് FYUG പ്രോഗ്രാമുകളുടെ മൈനർ കോഴ്സുകൾക്ക് പകരമായി ഈ ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സുകളിലൂടെ

നേടിയ ക്രെഡിറ്റുകൾ ഉപയോഗിക്കാൻ വിദ്യാർഥികൾക്ക് അവസരം ലഭിക്കുന്നതാണ്.

**കേര കർഷകർ നേരിടുന്ന പ്രതിസന്ധി**

14(*134) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ഡോ. മാത്യൂ കുഴൽനാടൻ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര വിലയിടിവ് കാരണം കേര കർഷകർ പ്രതിസന്ധിയിൽപ്പെട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

(എ&ബി) കർഷക താൽപര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോൽപന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്താനും നാളികേരത്തിനുണ്ടാകുന്ന വിലയിടിവ് തടയാനും സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ്. നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കാനും സംസ്ഥാനത്തെ

നാളികേര ഉൽപാദനം പ്രോത്സാഹിപ്പിക്കാനുമായാണ് സംസ്ഥാന സർക്കാർ 14-01-2022-ലെ സ.ഉ.(കൈ)നം.3/2022/കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചത്. നാളികേര സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡ് നേരിട്ടും കേരഫെഡ് വിവിധ സഹകരണ സംഘങ്ങൾ/എഫ്.പി.ഒ.കൾ/മറ്റ് ഏജൻസികൾ മുഖേനയും വെജിറ്റബിൾ&ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ) മുഖേനയും കേരള നാളികേര വികസന കോർപ്പറേഷൻ മുഖേനയും പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നു. നിലവിൽ 136 സംഭരണ കേന്ദ്രങ്ങൾ വഴി പച്ചത്തേങ്ങ സംഭരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷത്തിൽ 30-05-2024 വരെ കേരഫെഡ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയുമായി കർഷകരിൽനിന്നും 735 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പച്ചത്തേങ്ങയുടെ സംഭരണവില 32 രൂപയായിരുന്നത് 2023 ഏപ്രിൽ ഒന്നു മുതൽ 34 രൂപയായി ഉയർത്തിയിട്ടുണ്ട്. തേങ്ങയുടെ ഉൽപാദന ചെലവും ഉൽപാദനവും കണക്കാക്കിയാണ്

സംഭരണവില/തറവില നിശ്ചയിക്കുന്നത്. കേന്ദ്ര സർക്കാർ 2023 സീസണിലെ തേങ്ങയുടെ താങ്ങുവില 30.132 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 3.868 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽനിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

ഒരു വർഷം ഒരു തെങ്ങിൽനിന്നും സംഭരിക്കാവുന്ന തേങ്ങയുടെ പരമാവധി എണ്ണം 50-ൽ നിന്നും 70 ആയി പുനർനിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഉൽപാദനക്ഷമത 70-ലധികമുള്ള മേഖലകൾ കണ്ടെത്തുന്നതിന് കാർഷിക ഗവേഷണ സ്ഥാപനങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി വിദഗ്ധ സമിതി രൂപീകരിക്കുന്നതിന് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുമുണ്ട്.

പ്രൈസ് സപ്പോർട്ട് സ്കീം (പി.എസ്.എസ്)-2024 പദ്ധതി പ്രകാരം പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി നാഫെഡിന് കൈമാറുവാൻ വി.എഫ്.പി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാർക്കറ്റ്ഫെഡ്,

സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നീ ഏജൻസികളെയും ഇക്കാര്യത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 286 മെട്രിക് ടൺ പച്ചത്തേങ്ങ വി.എഫ്.പി.സി.കെ. സംഭരിച്ചിട്ടുണ്ട്.

നാഫെഡ് മുഖേനയുള്ള മില്ലിംഗ്/ഉണ്ടകൊപ്ര സംഭരണ പദ്ധതിയും സംസ്ഥാനം ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. കേരളത്തിലെ കർഷകർ പച്ചത്തേങ്ങ കൊപ്രയാക്കി നൽകുന്നതിനേക്കാൾ പച്ചത്തേങ്ങതന്നെ വിപണിയിലെത്തിക്കാനാണ് താൽപര്യം കാട്ടുന്നത്. അതിനാൽ കർഷകരുടെ പക്കൽനിന്ന് പച്ചത്തേങ്ങ സംഭരിച്ച് ഏജൻസികൾ മുഖേന കൊപ്രയാക്കി നാഫെഡിന് നൽകുന്നതിന് സംസ്ഥാനം പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.

(സി) നാളികേര സംഭരണത്തിനായി കൂടുതൽ സംഭരണ കേന്ദ്രങ്ങൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാനതല ഏജൻസിയായി കേരഫെഡിനെയാണ് നിയമിച്ചിട്ടുള്ളത്. കൂടാതെ പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി നാഫെഡിന് കൈമാറാനുള്ള ഏജൻസിയായി

വി.എഫ്.പി.സി.കെ, മാർക്കറ്റ്ഫെഡ്, സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ എന്നിവരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നാളികേര സംഭരണത്തിനായി കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആവശ്യമെങ്കിൽ നിയമസഭാ സാമാജികരുമായി ആലോചിച്ച് നടപടി കൈക്കൊള്ളാൻ ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

### കെ.എസ്.ആർ.ടി.സി.-യുടെ ആസ്തി

15(*135) <u>ശ്രീ. ടി. പി .രാമകൃഷ്ണൻ</u>:
<u>ശ്രീമതി യു. പ്രതിഭ</u>:
<u>ഡോ. സുജിത് വിജയൻപിള്ള</u>:
<u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും കെട്ടിടങ്ങളിലുമാണോ ബസ്സ് സ്റ്റേഷനുകളും ഓഫീസുകളും അനുബന്ധ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള വസ്തുക്കളിലും സർക്കാർ പട്ടയം അനുവദിച്ചുതന്ന സ്ഥലങ്ങളിലും പാട്ടത്തിന് അനുവദിച്ചുതന്ന സ്ഥലങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൊതുജനങ്ങളും സൗജന്യമായി അനുവദിച്ച സ്ഥലങ്ങളിലുമാണ് കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകളും ഓഫീസുകളും അനുബന്ധ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്.

(ബി) ഇത്തരത്തിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ വാടകയ്ക്കോ പാട്ടക്കരാർ വ്യവസ്ഥയിലോ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ താഴെപ്പറയുന്ന ഡിപ്പോകൾ കെ.എസ്.ആർ.ടി.സി.-ക്ക് പാട്ടത്തിന് ലഭിച്ച ഭൂമിയിൽ പ്രവർത്തിക്കുന്നു.

1. ആനയറ

2. പമ്പ

3. എരുമേലി

4. പാവങ്ങാട്

5. സുൽത്താൻ ബത്തേരി

6. കാഞ്ഞങ്ങാട്

(സി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ ആസ്തി എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിൽ 2017-18 വരെയുള്ള വാർഷിക കണക്കുകൾ മാത്രമേ C&AG ഓഡിറ്റ് പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളു. ആയത് പ്രകാരം ഫിക്സഡ് അസറ്റ് കണക്കാക്കിയിട്ടുള്ളത് 1319.38 കോടി രൂപയാണ്.

(ഡി) പല ബസ്സ് സ്റ്റാൻഡുകളിലെയും കെട്ടിടങ്ങൾ കാലപ്പഴക്കം ചെന്നവയും കാലഹരണപ്പെട്ട മാതൃകയിലുള്ളവയും ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഇ) ഓരോ പ്രദേശത്തിന്റെയും പൗരാണികതയും ഗതാഗത-ടൂറിസം സാധ്യതകളും കണക്കിലെടുത്ത് കെട്ടിടങ്ങളും അനുബന്ധ സ്ഥാപനങ്ങളും പുനരുദ്ധരിക്കുന്നതിനോ പുനർനിർമ്മിക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

ടൂറിസം സാധ്യതകളെ മുൻനിർത്തി കിഫ്ബി ധനസഹായത്താൽ ആലപ്പുഴ മൊബിലിറ്റി ഹബ്ബ് വികസിപ്പിക്കുന്നതിനായുള്ള തുടർ നടപടികളും

ഗുരുവായൂർ പിൽഗ്രിമേജ് സെന്ററിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഗുരുവായൂർ ഡിപ്പോയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി എം.എൽ.എ. ഫണ്ടുപയോഗിച്ച് പി.ഡബ്ല്യു.ഡി. മുഖാന്തരം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം ഓരോ പ്രദേശത്തിന്റെയും പൗരാണികതയും ഗതാഗത-ടൂറിസം സാധ്യതകളും കണക്കിലെടുത്ത് കെട്ടിടങ്ങളും അനുബന്ധ സ്ഥാപനങ്ങളും പുനരുദ്ധരിക്കുന്നതിനോ പുനർനിർമ്മിക്കുന്നതിനോ കഴിയാത്ത സാഹചര്യമായതിനാൽ എം.എൽ.എ./എം.പി. തുടങ്ങിയവരുടെ ഫണ്ടും പ്ലാൻ ഫണ്ടും ലഭ്യമാകുന്നമുറയ്ക്ക് ഇത്തരത്തിലുള്ള പ്രവൃത്തികൾ നിർവഹിക്കുന്നതാണ്.

**ഭിന്നശേഷിക്കാരായ വിദ്യാർഥികളുടെ ശാക്തീകരണം**

16(*136) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. ആൻസലൻ:

<u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) കലാ-കായിക മേഖലകളിൽ കഴിവ് തെളിയിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

(a) കലാ-കായിക മേഖലകളിൽ കഴിവ് തെളിയിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന 'ശ്രേഷ്ഠം' പദ്ധതി നടപ്പാക്കിവരുന്നു. അന്താരാഷ്ട്ര ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് ഭിന്നശേഷിക്കാർക്കായി കലാ-കായിക മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

(b) നിഷ്-ൽ എല്ലാ വർഷവും ഇൻക്ലൂസീവ് കായിക ദിനം സംഘടിപ്പിച്ച് വിജയികൾക്ക് പ്രോത്സാഹന സമ്മാനം നൽകിവരുന്നു. എല്ലാ വർഷവും ഇതിൽ ഏകദേശം 400 ഓളം ഭിന്നശേഷിക്കാരായ കുട്ടികൾ പങ്കെടുക്കാറുണ്ട്. കൂടാതെ ഭിന്നശേഷി ദേശീയതല മത്സരങ്ങളിൽ ഗോൾഡ്, സിൽവർ,

ബ്രോൺസ് ലഭിച്ച കുട്ടികൾക്ക് നിഷ്-ന്റെ വാർഷികാഘോഷത്തിൽ ക്യാഷ് പ്രൈസ് നൽകിവരുന്നുണ്ട്.

(c) കേരള സാമൂഹ്യ സുരക്ഷാ മിഷനും (KSSM) കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലും (KDISC) സംയുക്തമായി നടപ്പാക്കുന്ന Talent Search for Youth with Disabilities എന്ന പദ്ധതി നടപ്പാക്കിവരുന്നു. കലാ-സാഹിത്യ മേഖലകളിൽ കഴിവും പ്രാഗല്ഭ്യവും തെളിയിച്ചിട്ടുള്ള ഭിന്നശേഷിക്കാരെ അവർക്ക് അനുകൂലമായ സാഹചര്യങ്ങളും വിവിധ സഹായ സംവിധാനങ്ങളും ലഭ്യമാക്കി അവരുടെ കഴിവുകളെ പരിപോഷിപ്പിക്കുക എന്നതാണ് ഈ പരിപാടിയുടെ ഉദ്ദേശ്യം.

സാമൂഹ്യനീതി വകുപ്പ്, സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്, നിപ്മർ, നിഷ് എന്നീ സ്ഥാപനങ്ങൾ ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദമായി അനുബന്ധം 1, 2, 3, 4 എന്നിങ്ങനെ ഉള്ളടക്കം ചെയ്യുന്നു.+

(ബി) ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് വിദ്യാജ്യോതി, വിദൂര വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ധനസഹായം, ഭിന്നശേഷി വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്, വിജയാമൃതം എന്നീ പദ്ധതികളും കലാ-കായിക മേഖലയുമായി ബന്ധപ്പെട്ട് ശ്രേഷ്ഠം പദ്ധതിയും ഭിന്നശേഷിക്കാരായ വിദ്യാർഥികളെ പഠനത്തിനും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്ന NSS/NCC/SPC യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിനായി സഹചാരി പദ്ധതിയും നടപ്പാക്കുന്നു. (ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു)+

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖാന്തരം അനുയാത്ര എന്ന പേരിൽ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. (ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു)+

നിപ്മർ മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ (Em-Voc), ഭിന്നശേഷിക്കാർക്ക് സ്പോർട്സ് ആൻഡ് ഗെയിം ആക്റ്റിവിറ്റി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സോൺ എന്നിവ നടപ്പാക്കിവരുന്നു. (വിശദാംശങ്ങൾ അനുബന്ധം-3 ആയി ഉള്ളടക്കം ചെയ്യുന്നു)+

നിഷ് മുഖേന ശ്രവണപരിമിതർക്കായുള്ള ബിരുദ കോഴ്സുകൾ നടത്തിവരുന്നു. കൂടാതെ കേൾവി-സംസാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കുള്ള സേവനങ്ങളും കുട്ടികളിലെ നാഡീവ്യൂഹ വളർച്ചയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കുള്ള സേവനവും നാഡീവികാസപരമായ തകരാറുകൾ, ജനിതക തകരാറുകൾ, പഠന പരിമിതികൾ തുടങ്ങിയ പ്രശ്നങ്ങളുള്ള കുട്ടികൾക്കുള്ള പരിശീലനങ്ങളും Early intervention programme-കളും കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ പ്രവർത്തനക്ഷമത വിലയിരുത്താനുള്ള ശ്രുതിതരംഗം പദ്ധതിയും ആക്സസബിൾ ബുക്ക് ക്രിയേഷൻ പദ്ധതിയും സ്ട്രക്ച്ചേർഡ് ആൻഡ് ടൈംലി എംപവർമെന്റ് ഓഫ് പേരന്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി, ഇന്നൊവേഷൻ ബൈ യൂത്ത് വിത്ത് ഡിസെബിലിറ്റീസ്, സഫൽ സെൻസറിയം, ഏകീകൃത ആംഗ്യഭാഷാ അക്ഷരമാല വികസനം, ഓൺലൈൻ ഡിസെബിലിറ്റി അവയർനെസ് സെമിനാർ (NIDAS)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവയും നടപ്പാക്കുന്നു. (ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-4 ആയി ഉള്ളടക്കം ചെയ്യുന്നു)+

(സി) ഇതിനായി ഹോർട്ടികൾച്ചറൽ തെറാപ്പി പ്രയോജനപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നിപ്മർ മുഖേന 18 വയസ്സിന് മുകളിലുള്ള ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ പദ്ധതിയുടെ ഭാഗമായി ഹോർട്ടികൾച്ചർ ട്രെയിനിങ് നൽകിവരുന്നുണ്ട്.

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ നടത്തുന്നതിന്റെ ഭാഗമായി ഒരു സമഗ്ര പദ്ധതി കേരള കാർഷിക സർവകലാശാലയുടെ സഹകരണത്തോടെ 2018 മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ-സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നടപ്പാക്കിവരുന്നു. വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് വിഭാഗം വഴിയാണ് ഹോർട്ടികൾച്ചർ തെറാപ്പിയും അനുബന്ധ പ്രവർത്തനങ്ങളും നടത്തിവരുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭിന്നശേഷിക്കാരായ കുട്ടികൾക്കും യുവാക്കൾക്കും തെറാപ്പി നൽകുകയും അവരെ ശാക്തീകരിച്ച് സ്വന്തമായി തൊഴിൽ ചെയ്യുന്നതിനുള്ള ആത്മവിശ്വാസം അവരിൽ ഉണ്ടാക്കിയെടുക്കുകയും ചെയ്യുകയെന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജിൽ ഒരു ഭിന്നശേഷി സൗഹൃദ മാതൃകാ ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡനും സജ്ജമാക്കിയിട്ടുണ്ട്. പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി 2023-24 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലും ഈ പദ്ധതി നടപ്പാക്കുകയുണ്ടായി. ഒന്നാം ഘട്ട പരിശീലന പരിപാടികൾ ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ വിപുലീകരണത്തിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ 'ഹോർട്ടികൾച്ചർ തെറാപ്പി ഫെസിലിറ്റേറ്റർ'-മാരെ സജ്ജമാക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിനായി എല്ലാ ജില്ലകളിലും ഹോർട്ടികൾച്ചർ തെറാപ്പി സംബന്ധിച്ച പരിശീലനങ്ങൾ നൽകുന്നതിനും ഹോർട്ടികൾച്ചർ തെറാപ്പി ഗാർഡൻ തയ്യാറാക്കുന്നതിനുള്ള സഹായങ്ങൾ നൽകുന്നതിനുമായി 'ഹോർട്ടികൾച്ചർ തെറാപ്പി ഫെസിലിറ്റേറ്റർ' എന്ന

രീതിയിൽ ഒരു എക്സ്പെർട്ട് ടീം പദ്ധതിയുടെ ഭാഗമായി രൂപീകരിക്കുകയും ഒരു ജില്ലയിൽനിന്നും ഈ മേഖലയിൽ താൽപര്യമുള്ള 5 പേരെ തിരഞ്ഞെടുത്ത് അവർക്കാവശ്യമായ പരിശീലനം കാർഷിക സർവകലാശാല വഴി നൽകി ഇവരെ ഹോർട്ടികൾച്ചർ തെറാപ്പി ഫെസിലിറ്റേറ്റർമാരായി സജ്ജമാക്കുക എന്നതാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഓരോ ജില്ലയിൽനിന്നും തിരഞ്ഞെടുക്കുന്ന ഫെസിലിറ്റേറ്റർമാർ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അതത് ജില്ലകളിൽ ഫെസിലിറ്റേറ്റ് ചെയ്യുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ പടന്നകാട് കാർഷിക കോളേജിലും വെള്ളായണി കാർഷിക കോളേജിലുമായി അഡോളസെന്റ് വിത്ത് ഡിസെബിലിറ്റീസിൽ 55 ഫെസിലിറ്റേഴ്സിനും മറ്റ് വിഭാഗത്തിലായി 386 പേർക്കും പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ട്.

### ഡ്രൈവിങ് ടെസ്റ്റ് പരിഷ്കരണം

17(*137) **ശ്രീ. പി. അബ്ദുൽ ഹമീദ്:**
**ശ്രീ. എൻ. ഷംസുദ്ദീൻ:**

<u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) ഒരു ആർ.ടി.ഒ.-യിൽ ഒരു ദിവസം നടത്തേണ്ട ഡ്രൈവിങ് ലൈസൻസ് ടെസ്റ്റുകളുടെ എണ്ണം അൻപതായി നിജപ്പെടുത്തിയിട്ടുണ്ടോ?

ഇല്ല. ഒരു എം.വി.ഐ. മാത്രമുള്ള ഓഫീസിൽ നാല്പതും (40) രണ്ട് എം.വി.ഐ.-മാരുള്ള ഓഫീസിൽ എൺപതും (40x2=80) ടെസ്റ്റുകൾ നടത്താവുന്നതാണ്. കൂടാതെ കൂടുതൽ അപേക്ഷകൾ തീർപ്പാക്കാനുള്ള ഓഫീസുകളിൽ RTO Enforcement-ൽ നിന്നും ഉദ്യോഗസ്ഥരെ വിന്യസിച്ച് അധികമുള്ള അപേക്ഷകൾ തീർപ്പാക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

(ബി) ഡ്രൈവിങ് ടെസ്റ്റിൽ എന്തെല്ലാം പരിഷ്കരണങ്ങളാണ് വരുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗുണനിലവാരമുള്ള ഡ്രൈവിങ് ഉറപ്പുവരുത്തുന്നതിനായി 23-05-2024-ലെ സ.ഉ.(സാധാ)നം.181/2024/ട്രാൻസ് പ്രകാരം ഡ്രൈവിങ്

ടെസ്റ്റ് പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പരിഷ്കരണത്തിന് ഡ്രൈവിങ് സ്കൂൾ ഉടമകളുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഡ്രൈവിങ് ലൈസൻസ് ടെസ്റ്റ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി 15-05-2024-ൽ ഡ്രൈവിങ് സ്കൂൾ സംഘടനാ പ്രതിനിധികളുമായി സർക്കാർ നടത്തിയ ചർച്ചയിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 23-05-2024-ൽ സ.ഉ.(സാധാ)നം.181/2024/ട്രാൻസ് പ്രകാരം ഡ്രൈവിങ് ടെസ്റ്റ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചത്.

(ഡി) പതിനഞ്ച് വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളിൽ ഡ്രൈവിങ് പരിശീലനം പാടില്ലെന്ന് നിർദേശിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

അത്തരമൊരു നിർദേശം നിലവിൽ നൽകിയിട്ടില്ല.

### നാലുവർഷ ബിരുദ കോഴ്സുകളുടെ കരിക്കുലം

18(*138) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u>
<u>ശ്രീ കടകംപള്ളി സുരേന്ദ്രൻ:</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u>
<u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

2024-25 അക്കാദമിക വർഷം മുതൽ കേരള, എം.ജി., കോഴിക്കോട്, ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, കണ്ണൂർ, കുസാറ്റ്, ശ്രീനാരായണ ഓപ്പൺ സർവകലാശാലകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നു. ഇതിനാവശ്യമായ കരിക്കുലം ചട്ടക്കൂട്, നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ റെഗുലേഷൻ, പുതിയ സിലബസ് എന്നിവ രൂപീകരിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലന പരിപാടികൾ (Master Trainers Workshops), കോളേജ് അധ്യാപകർക്ക് ജില്ലാതല ഓറിയന്റേഷൻ പരിപാടികൾ, പ്ലസ് ടു വിദ്യാർഥികൾക്കും

പൊതുജനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. ഇതിനുപുറമേ ഫൗണ്ടേഷൻ കോഴ്സുകൾക്കാവശ്യമായിട്ടുള്ള പുസ്തകങ്ങൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രസിദ്ധീകരിച്ചു.

(ബി) നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം അനുസരിച്ച് ഒരാൾക്ക് ഒന്നിലധികം ബിരുദ കോഴ്സുകൾ ഒരേസമയം പഠിക്കുന്നതിനും ബിരുദങ്ങൾ നേടുന്നതിനും അവസരമുണ്ടാകുമോ?

നിലവിലെ യു.ജി.സി റെഗുലേഷൻ പ്രകാരം വിദ്യാർഥികൾക്ക് രണ്ട് ബിരുദങ്ങൾ ഒരേ സമയം പൂർത്തീകരിക്കാൻ അവസരമുണ്ട്. ഇതുപ്രകാരം രണ്ട ബിരുദങ്ങൾ ഒരേ സമയം റെഗുലർ ആയോ ഒരു ബിരുദം റെഗുലർ ആയും ഒരു ബിരുദം ഓൺലൈൻ/ഡിസ്റ്റൻസ് രീതിയിലോ പഠിക്കാൻ സാധിക്കും.

(സി) നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് വിദേശങ്ങളിൽ കൂടുതൽ സ്വീകാര്യത ലഭിക്കുമെന്ന് കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലവും ക്രെഡിറ്റുകളും നിർവചിച്ചിരിക്കുന്നത് ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക്

അനുസൃതമായിട്ടാണ്. വിദേശ സർവകലാശാലകൾ പൊതുവേ പിന്തുടരുന്ന 4 വർഷ ബിരുദ പ്രോഗ്രാമുകൾക്ക് അനുയോജ്യമായിട്ടുള്ള കരിക്കുലം ചട്ടക്കൂടാണ് സംസ്ഥാനത്തെ സർവകലാശാലകളിലും/കോളേജുകളിലും ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഇത് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ പൊതു സ്വീകാര്യത വർധിപ്പിക്കുമെന്ന് കരുതുന്നു.

**ക്ഷീര കർഷകർക്ക് പ്രത്യേക പദ്ധതി**

19(*139) ശ്രീമതി ദെലീമ:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്ക് അർഹമായ സേവനങ്ങളും സഹായങ്ങളും അതിവേഗത്തിലും സുതാര്യതയോടെയും ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; ഇതിനായി പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ക്ഷീര കർഷകർക്ക് അർഹമായ സേവനങ്ങളും സഹായങ്ങളും അതിവേഗത്തിലും സുതാര്യതയോടെയും ലഭ്യമാക്കുന്നതിന്റെ ഭാഗമായി "ക്ഷീരശ്രീ പോർട്ടൽ" എന്ന ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ക്ഷീര വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത പദ്ധതികളിലും മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് ക്ഷീരശ്രീ പോർട്ടൽ മുഖേന ആയതിനാൽ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായി പദ്ധതികൾ നടപ്പാക്കാൻ സാധിക്കുന്നു.

ക്ഷീര മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീര കർഷകർക്ക് സാമൂഹ്യ സാമ്പത്തിക ഉന്നമനം ഉറപ്പാക്കുന്നതിനും പെൻഷൻ നൽകുന്നതിനും വേണ്ടി സ്ഥാപിക്കപ്പെട്ട ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽനിന്നും അനുവദിച്ചുവരുന്ന ധനസഹായ അപേക്ഷകളെല്ലാംതന്നെ "ക്ഷീരജാലകം" സോഫ്റ്റ്‌വെയറിലൂടെ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. ക്ഷേമനിധി അംഗങ്ങളായിട്ടുള്ളവർക്ക് വ്യക്തിഗത ലോഗിനും ഇതിനായി അനുവദിച്ചിട്ടുണ്ട്. അപേക്ഷകർക്ക് സ്വന്തം നിലയിലോ, ക്ഷീരവികസന യൂണിറ്റ് ഓഫീസുകൾ, ജില്ലാ നോഡൽ ഓഫീസുകൾ എന്നിവ മുഖേനയോ,

ക്ഷീരസംഘങ്ങൾ മുഖേനയോ, അക്ഷയകേന്ദ്രങ്ങൾ മുഖേനയോ അവരുടെ ലോഗിനിൽനിന്നും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. കൂടാതെ ക്ഷീരജാലകം പ്രൊമോട്ടർമാരുടെ സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്. ഓരോ ക്ഷേമനിധി അംഗവും സമർപ്പിക്കുന്ന അപേക്ഷകളുടെ തൽസ്ഥിതി അറിയുന്നതിനും ന്യൂനതകളുണ്ടെങ്കിൽ ആയത് മനസ്സിലാക്കുന്നതിനും സോഫ്റ്റ്‌വെയറിൽ സാധിക്കും. കൂടാതെ ധനസഹായ തുകകളെല്ലാംതന്നെ അപേക്ഷയോടൊപ്പം കർഷകർ സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്കാണ് അനുവദിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ ക്ഷീര കർഷകർക്ക് ലഭ്യമാവുന്ന സഹായങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

സുതാര്യമായി വ്യക്തിഗത ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും ഓരോ പദ്ധതിക്കും നിശ്ചയിച്ചിട്ടുള്ള ധനസഹായം അനുവദിക്കുന്നതിനും സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും ക്ഷീരശ്രീ പോർട്ടൽ സഹായകരമാണ്. തീറ്റപ്പുൽകൃഷി വികസനം, ഡയറി യൂണിറ്റുകൾ സ്ഥാപിക്കൽ, കാലിത്തൊഴുത്ത് നിർമ്മാണം, കറവയന്ത്രം, റബ്ബർ മാറ്റ്

തുടങ്ങി ക്ഷീരകർഷകർക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുക എന്നീ പദ്ധതികൾക്കെല്ലാം ക്ഷീരശ്രീ പോർട്ടൽ മുഖാന്തരം അപേക്ഷിക്കാവുന്നതാണ്.

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് വിവാഹ ധനസഹായം, 10, +2, ബിരുദം, പ്രൊഫഷണൽ തലം എന്നിവയിൽ വിജയിച്ച ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കായി വിദ്യാഭ്യാസ ധനസഹായം, ക്ഷേമനിധി അംഗം മരണപ്പെടുമ്പോൾ മരണാനന്തര ധനസഹായം, ക്ഷേമനിധി അംഗങ്ങൾക്കായി ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി, മികച്ച ക്ഷീരകർഷക അവാർഡുകൾ (സംസ്ഥാനതലം, ജില്ലാതലം) എന്നിവ ക്ഷീരജാലകം സോഫ്റ്റ്‌വെയറിലൂടെ നടപ്പാക്കിവരുന്നു.

(സി) ക്ഷീര മേഖലയ്ക്ക് പുത്തൻ ഉണർവ്വും പ്രതീക്ഷയും നൽകുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ക്ഷീര മേഖലയ്ക്ക് പുത്തൻ ഉണർവ്വും പ്രതീക്ഷയും നൽകുന്നതിന് "ക്ഷീരശ്രീ പോർട്ടൽ", "ക്ഷീരജാലകം" പദ്ധതികൾ ഏറെ സഹായകരമാണ്. ക്ഷീര കർഷകർക്ക് അർഹമായ സേവനങ്ങളും സഹായങ്ങളും ബാഹ്യയിടപെടലുകളില്ലാതെ സമയബന്ധിതമായും കാര്യക്ഷമതയോടുംകൂടി സുതാര്യമായി ഏറ്റവും അർഹതപ്പെട്ടവർക്ക് നൽകുന്നതിന് ടി പദ്ധതികൾ ഉപകരിക്കുന്നു.

**എ.ഐ. ക്യാമറകൾ വഴി കണ്ടെത്തുന്ന ഗതാഗത നിയമ ലംഘനങ്ങൾ**

20(*140) ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) എ.ഐ. ക്യാമറകൾ വഴി കണ്ടെത്തുന്ന ഗതാഗത നിയമ ലംഘനങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായ പരാതി പരിശോധിച്ചിട്ടുണ്ടോ?

ഈ വിഷയം WPC No. 19992/2023 പ്രകാരം ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ കോടതി തീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) എ.ഐ. ക്യാമറകൾ സ്ഥാപിച്ചിട്ടും ഗതാഗത നിയമലംഘനങ്ങളും അതേത്തുടർന്നുണ്ടാകുന്ന അപകട മരണങ്ങളും വർധിച്ചുവരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുനിരത്തുകളിൽ ഗതാഗത നിയമലംഘനങ്ങൾ കുറഞ്ഞിട്ടുണ്ട്. എങ്കിലും ക്യാമറ സ്ഥാപിച്ചതോടുകൂടി മുമ്പ് കണ്ടെത്തിയതിനെക്കാൾ കൂടുതൽ നിയമ ലംഘനങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പരിശോധിച്ചതിൽനിന്നും എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിനുമുമ്പുള്ള കാലയളവായ 2022 ജൂൺ മുതൽ 2022 ഡിസംബർ വരെയുള്ള റോഡ് അപകടങ്ങളിലൂടെയുള്ള മരണനിരക്ക് 2385 ആണ്. എ.ഐ. ക്യാമറ സ്ഥാപിച്ചതിനുശേഷം 2023 വർഷത്തിൽ ഇതേ കാലയളവിൽ റോഡ് അപകടങ്ങളിലൂടെയുള്ള മരണനിരക്ക് 2082 ആയി കുറഞ്ഞിട്ടുണ്ട്.

(സി) ഗതാഗത നിയമലംഘനങ്ങളെത്തുടർന്നുണ്ടാകുന്ന അപകട മരണങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാന/ദേശീയപാതകളിൽ പട്രോളിങ് ശക്തിപ്പെടുത്തുക എന്നതാണ് സുപ്രീംകോടതി നിയോഗിച്ച ജസ്റ്റിസ് രാധാകൃഷ്ണൻ അധ്യക്ഷനായ സുപ്രീംകോടതി കമ്മിറ്റി ഓൺ റോഡ് സേഫ്റ്റിയുടെ സുപ്രധാന നിർദേശം.

AI ക്യാമറകൾ സ്ഥാപിച്ചശേഷം ഓവർ സ്പീഡ് അടക്കമുള്ള ട്രാഫിക് നിയമലംഘനങ്ങൾ കൂടുതലായി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. മദ്യപിച്ച് വാഹനമോടിക്കൽ, അമിതവേഗം, റെഡ് ലൈറ്റ് ജമ്പിങ്, ഹെൽമെറ്റ്-സീറ്റ്ബെൽറ്റ് നിയമ ലംഘനങ്ങൾ, ലൈൻ ട്രാഫിക് ക്രമലംഘനം എന്നിവയുമായി ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തി കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ടിപ്പർ ലോറികളുടെ അമിത വേഗം തടയുകയും സ്പീഡ് ഗവർണർ അഴിച്ചിട്ട് ഓടിക്കുന്നതിനെതിരെ കർശന പരിശോധനകൾ നടത്തി നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. മോട്ടോർ

വാഹന നിയമലംഘനങ്ങൾ നടത്തുന്നവരുടെ ഡ്രൈവിങ് ലൈസൻസ് താൽക്കാലികമായോ സ്ഥിരമായോ റദ്ദ് ചെയ്യുക, അപ്രകാരമുള്ള കുറ്റകൃത്യം ചെയ്യുന്നവരുടെ മാനസിക പരിവർത്തനത്തിനായി അവരെ ആതുര സേവന കേന്ദ്രങ്ങളിൽ നിർബന്ധിത ജോലിക്ക് നിയോഗിക്കുക തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. വാഹനാപകടങ്ങളിലൂടെ മരണം ഉണ്ടാക്കുന്നവരുടെ ഡ്രൈവിങ് ലൈസൻസ് സസ്പെൻഡ് ചെയ്തശേഷം IDTR-ൽ അഞ്ചു ദിവസത്തെ നിർബന്ധിത ട്രെയിനിങ് നൽകിയതിനുശേഷം മാത്രം ലൈസൻസ് പുന:സ്ഥാപിച്ച് നൽകുന്നതിനുള്ള നടപടികളും ആരംഭിച്ചുവരുന്നു. ഹസാർഡസ് വെഹിക്കിൾ ഡ്രൈവിങ് ലൈസൻസ് നൽകുന്നതിൽ കർശന പരിശോധനകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഡ്രൈവിങ് ടെസ്റ്റിന് നിയമാനുസൃതമുള്ള കർശന മാർഗനിർദേശങ്ങൾ നടപ്പാക്കി കുറ്റമറ്റ നിലയിലുള്ള ലൈസൻസ് നൽകി മികച്ച ഡ്രൈവർമാരെ സൃഷ്ടിക്കാൻ നടപടികളാരംഭിച്ചു.

ചെറിയ പ്രായത്തിൽതന്നെ കുട്ടികളിൽ ട്രാഫിക് നിയമങ്ങളുടെ അവബോധം സൃഷ്ടിക്കാൻ പര്യാപ്തമാകുംവിധത്തിൽ നഴ്സറി ക്ലാസ്

കുട്ടികൾക്ക് മുതൽ കാർട്ടൂൺ ഫിലിമുകൾ, മുതിർന്നവർക്കുള്ള ഷോർട്ട് ഫിലിമുകൾ എന്നിവയും നടപ്പാക്കുന്നുണ്ട്.

സേഫ് കേരള പദ്ധതിയുടെ പൂർണ്ണമായ പ്രവർത്തനങ്ങളിലൂടെ ഗതാഗത നിയമലംഘനങ്ങൾ തടയുന്നതിനും അതുമൂലമുണ്ടാകുന്ന അപകട മരണങ്ങൾ കുറയ്ക്കുന്നതിനും സഹായകമായിട്ടുണ്ട്.

**പാലുൽപാദനത്തിൽ സ്വയംപര്യാപ്തത**

21(*141) ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുൽപാദനത്തിൽ സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പാലുൽപാദനത്തിൽ സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തെ കാലിസമ്പത്ത് വർധിക്കുകയും ഗുണനിലവാരമുള്ള പാലിന്റെ ഉൽപാദനം കൂട്ടുന്നതിനും സാധിച്ചു. അന്യസംസ്ഥാനത്തുനിന്നും കേരളത്തിലേക്ക് കൊണ്ടുവരുന്ന പാലിന്റെ അളവ് ഗണ്യമായി കുറഞ്ഞു. കൂടാതെ പശുപരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വരുമാനം മെച്ചപ്പെടുത്താനും അതുവഴി അവരുടെ സാമൂഹ്യ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താനും കഴിഞ്ഞിട്ടുണ്ട്.

മിൽമയുടെ പ്രതിദിന പാൽ സംഭരണം 2013-14 കാലയളവിൽ ശരാശരി 6.42 ലക്ഷം ലിറ്ററായിരുന്നു. 2023-24 ആയപ്പോഴേക്കും 12.56 ലക്ഷം ലിറ്ററായി വർധിച്ചിട്ടുണ്ട്. ഇത് മിൽമയുടെ പാൽ സംഭരണത്തിലെ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിലേക്കുള്ള ഒരു ചുവടുവയ്പ്പാണ്. അതുപോലെ 2013-14-ൽ 11.86 ലക്ഷം ലിറ്ററായിരുന്ന മിൽമയുടെ ശരാശരി ദൈനംദിന വില്പന 2023-24 ആയപ്പോഴേക്കും 16.26 ലക്ഷം ലിറ്ററായി വർധിക്കുകയാണുണ്ടായത്. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ മിൽമയുടെ

വിറ്റുവരവിൽ ഏതാണ്ട് 97 ശതമാനം വർധനയാണുണ്ടായത്. 2013-14-ൽ 2187 കോടി രൂപയായിരുന്ന മിൽമയുടെ വാർഷിക വിറ്റുവരവ് 2023-24 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം 4311 കോടി രൂപയായി ഉയർന്നിട്ടുണ്ട്.

കേരളത്തിലെ സങ്കരയിനം പശുക്കളുടെ പ്രതിദിന ശരാശരി പാലുൽപാദനം 10.22 കിലോഗ്രാമിൽ നിന്ന് 10.77 കിലോഗ്രാമായി ഉയർത്താൻ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ പ്രവർത്തനംമൂലം സാധിച്ചിട്ടുണ്ട്. സങ്കരയിനം പശുക്കളുടെ പാലുൽപാദന ക്ഷമതയിൽ കേരളത്തിന് ഇന്ന് രാജ്യത്തെതന്നെ മൂന്നാം സ്ഥാനം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) പാലുൽപാദനത്തിലെ വർധനയ്ക്കനുസരിച്ച് മൂല്യവർധിത ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പാലുൽപാദനത്തിലെ വർധനയ്ക്കനുസരിച്ച് മൂല്യവർധിത ഉൽപന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനാവശ്യമായ ധനസഹായം

ലഭ്യമാക്കുന്നതിനായി Assistance to Joint Liability Group for Manufacturing and Marketing of Value Added Products & Bio inputs എന്ന ഘടക പദ്ധതി വകുപ്പിന്റെ വാർഷിക പദ്ധതിയായ റൂറൽ ഡയറി എക്സ്റ്റൻഷൻ ആൻഡ് അഡ്വൈസറി സർവീസസിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ഉപഭോക്താക്കൾക്കാവശ്യമുള്ള രീതിയിലുള്ള വിവിധ തരത്തിലുള്ള പാൽ വിപണിയിലെത്തിക്കുന്നതോടൊപ്പംതന്നെ ഗുണമേന്മയുള്ള അസംഖ്യം ഉൽപന്നങ്ങളും മിൽമ വിപണിയിലെത്തിക്കുന്നുണ്ട്. കർഷകരിൽനിന്നും സംഭരിക്കുന്ന പാലിൽനിന്നും നിർമ്മിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദനത്തിലും വിപണനത്തിലും മിൽമ പ്രത്യേകം ശ്രദ്ധ പുലർത്തുന്നു. മറ്റ് ബ്രാൻഡുകളുമായി കിടപിടിക്കുന്ന വിപണിയിലെ മാറ്റങ്ങൾക്കും ഉപഭോക്താക്കളുടെ മാറുന്ന അഭിരുചിക്കുമനുസൃതമായി ഒട്ടനവധി പുതിയ ഉൽപന്നങ്ങൾ "റീ-പൊസിഷനിങ് മിൽമ" എന്ന ദീർഘകാല പദ്ധതിയുടെ ഭാഗമായി ഇക്കഴിഞ്ഞ സാമ്പത്തിക വർഷവും മിൽമ വിപണിയിലെത്തിച്ചിട്ടുണ്ട്.

മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും അടിസ്ഥാന സൗകര്യങ്ങളും മിൽമയുടെ എല്ലാ മേഖലാ യൂണിയനുകളിലും ഉണ്ടാക്കിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയനിൽ പാൽ സംഭരണം വില്പനയെക്കാൾ കൂടുതലായതുകൊണ്ട് പാൽപ്പൊടി, ലോങ് ലൈഫ് മിൽക്ക്, കണ്ടൻസ്ഡ് മിൽക്ക്, ഡയറി വൈറ്റ്നർ തുടങ്ങിയവ ഉൽപാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ബ്രാൻഡിങ്, പി.ആർ. ആക്ടിവിറ്റീസ്, ഔട്ട്ഡോർ, സ്റ്റോർ ഡിസൈനിങ് തുടങ്ങിയ മേഖലകളിലെല്ലാം പുതിയ ഏജൻസികളെ നിയമിച്ച് വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

(സി) അധിക പാൽ സംഭരണം കണക്കിലെടുത്ത് പാൽപ്പൊടി നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

കേരളത്തിലെ അധിക പാൽ സംഭരണം കണക്കിലെടുത്ത് മലപ്പുറം ജില്ലയിലെ മൂർക്കനാട് എന്ന സ്ഥലത്ത് മലബാർ മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിയന്റെ നേതൃത്വത്തിൽ പാൽപ്പൊടി ഫാക്ടറിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇതിനായി മേഖല യൂണിയന്റെ ഫണ്ട്

കൂടാതെ ക്ഷീരവികസന വകുപ്പിന്റെ ധനസഹായമായ 15 കോടി രൂപയും RIDF-ൽ നിന്നും 32.72 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തിനുള്ളിൽ ഉൽപാദിപ്പിക്കുന്ന അധികം പാൽ പൊടിയാക്കി മാറ്റുന്നതിനായി മലപ്പുറം ജില്ലയിലെ മൂർക്കനാട് പ്രതിദിനം 10 മെട്രിക് ടൺ ഉൽപാദനശേഷിയുള്ള ഒരു പാൽപ്പൊടി നിർമ്മാണശാല സ്ഥാപിക്കുന്നതിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അതിന്റെ അന്തിമ ഘട്ടത്തിൽ എത്തിനിൽക്കുന്നു. 131 കോടി രൂപ ആകെ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി 2024 ആഗസ്റ്റ് മാസം മുതൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ച് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ഡി) സമീകൃത കാലിത്തീറ്റയുടെ ഉൽപാദനം വർധിപ്പിച്ച് പാലുൽപാദനം വർധിപ്പിക്കുന്നതിനായി എന്തെല്ലാം സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സമീകൃത കാലിത്തീറ്റയുടെ ഉൽപാദനം വർധിപ്പിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം Assistance for DCS for the Utilization of Non-Conventional Feed Resources (NCFR) എന്ന പദ്ധതി സംസ്ഥാനത്തെ മൂന്ന് ക്ഷീരസംഘങ്ങൾക്ക് അനുവദിച്ചിരുന്നു. ഇതുകൂടാതെ, സഹകരണ മേഖല സ്ഥാപനമായ മിൽമ, പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് എന്നീ ഏജൻസികൾക്ക് എല്ലാ സാമ്പത്തിക വർഷവും സമീകൃത കാലിത്തീറ്റ ഉൽപാദിപ്പിക്കുന്നതിനായി ബജറ്റ് വിഹിതം അനുവദിച്ചുനൽകുന്നുണ്ട്.

സമീകൃത കാലിത്തീറ്റയുടെ ഉൽപാദനം വർധിപ്പിച്ച് പാലുൽപാദനം വർധിപ്പിക്കുന്നതിനായി പ്രതിദിനം 320 മെട്രിക് ടൺ വീതം ഉൽപാദന ശേഷിയുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികൾ പട്ടണക്കാട്ടും മലമ്പുഴയിലുമായി മിൽമയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. പാലുൽപാദനം വർധിപ്പിക്കാനുതകും വിധത്തിലുള്ള തവിട്, പിണ്ണാക്ക്, ധാന്യങ്ങൾ തുടങ്ങിയ മേൽത്തരം അസംസ്കൃത വസ്തുക്കളാണ് കാലിത്തീറ്റ നിർമ്മാണത്തിന് ഉപയോഗിക്കുന്നത്.

ക്ഷീരകർഷകർക്ക് മിതമായ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനുവേണ്ടി കേരളാ ഫീഡ്സിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുങ്കരയിൽ പ്രതിദിനം 650 മെട്രിക് ടൺ ഉൽപാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ പ്രതിദിനം 300 മെട്രിക് ടൺ ഉൽപാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും കോഴിക്കോട് ജില്ലയിലെ തിരുവങ്ങൂരിൽ 300 മെട്രിക് ടൺ ഉൽപാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും ഇടുക്കി ജില്ലയിലെ തൊടുപുഴയ്ക്കടുത്ത് അരിക്കുഴയിൽ 500 മെട്രിക് ടൺ ഉൽപാദനശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിലെ കേരളാ ഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉൽപാദനശേഷി 1750 മെട്രിക് ടൺ ആണ്. കേരളത്തിലെ ക്ഷീരകർഷകർക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ന്യായമായ വിലയ്ക്ക് യഥേഷ്ടം നൽകാൻ കേരളാ ഫീഡ്സിന് സാധിക്കും.

**പോഷക സമൃദ്ധി മിഷൻ**

22(*142) <u>ശ്രീ. എ. സി. മൊയ്തീൻ:</u>
<u>ശ്രീമതി ഒ. എസ്. അംബിക:</u>

ശ്രീ. പി. പി. ചിത്തരഞ്ജൻ:

ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വയംപര്യാപ്ത ആരോഗ്യഭക്ഷണത്തിനായി പോഷക സമൃദ്ധി മിഷൻ രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിന് 13-09-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം.885/2023/കൃഷി പ്രകാരം "പോഷക സമൃദ്ധി മിഷൻ" രൂപീകരിച്ചിട്ടുണ്ട്.

കേരള ജനതയുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന രീതിയിൽ കേരളത്തിലെ കാർഷിക മേഖലയെ സമയബന്ധിതമായി കൂടുതൽ ഫലപ്രദവും ചലനാത്മകവുമാക്കുന്നതിനും ഉൽപാദനം, വിപണനം, മൂല്യവർധന, പൊതുജനാരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുമാണ് പോഷക സമൃദ്ധി മിഷന് രൂപം നൽകിയിട്ടുള്ളത്.

പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനും മിഷനിൽ ഉൾപ്പെട്ട വിളകളുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും മിഷൻ സഹായകരമാകുന്നതാണ്. പോഷക സമൃദ്ധമായ ഭക്ഷണ പദാർഥങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ എന്നീ വിളകൾക്ക് മിഷനിലൂടെ പ്രോത്സാഹനം നൽകുന്നു. പോഷക പ്രാധാന്യമുള്ള ഭക്ഷണത്തിന്റെ ലഭ്യത ആവശ്യാനുസരണം ഉറപ്പാക്കുന്നതിനായി മേല്പറഞ്ഞ വിഭാഗത്തിൽപ്പെട്ട വിവിധ വിളകൾ, വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളുടെ (അഗ്രോ ഇക്കോളജിക്കൽ സോൺ) അടിസ്ഥാനത്തിൽ സമയബന്ധിതമായി ഉൽപാദിപ്പിക്കുന്നതാണ്. ഇതിനായി മേല്പറഞ്ഞ വിളകളുടെ വികസനത്തിനായി കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും നടപ്പാക്കിവരുന്ന വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികൾ ഫലപ്രദമായ രീതിയിൽ സംയോജിപ്പിക്കുന്നതാണ്.

**"പോഷക സമൃദ്ധി മിഷൻ"-ന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.**

**ലക്ഷ്യങ്ങൾ**

1. പച്ചക്കറി/ പയറുവർഗ്ഗങ്ങൾ/ ചെറുധാന്യങ്ങൾ/ പഴവർഗ്ഗങ്ങൾ എന്നിവയുടെ ആവശ്യ അളവിലുള്ള ഉപയോഗത്തിലൂടെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക.
2. പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക.
3. പോഷക പ്രാധാന്യമുള്ള ചെറുധാന്യങ്ങൾ ഉൾപ്പെടെയുള്ള വിളകളുടെ ഉൽപാദനവും ഉപയോഗവും വ്യാപകമാക്കുക.
4. പയറുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെയെല്ലാം ഉൽപാദനം ആരോഗ്യ സൂചികയ്ക്കനുസൃതമായി വർധിപ്പിക്കുക.
5. ക്ലബ് കൃഷിയും ക്ലബ് അടിസ്ഥാനമാക്കിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക.
6. ഉത്തമ കൃഷിരീതികളിലൂടെയും സുരക്ഷിതവും ഗുണമേന്മയുള്ളതുമായ ഉൽപന്നങ്ങൾ ലഭ്യമാക്കുക.
7. ഉൽപാദനം, വിപണനം, മൂല്യവർധന എന്നീ മേഖലകളിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് കർഷകരുടെ വരുമാനം വർധിപ്പിക്കുക.

8. പോഷക ഭക്ഷണങ്ങൾക്ക് പ്രാമുഖ്യം നൽകി ജീവിതശൈലീ രോഗങ്ങളിൽനിന്നും വിമുക്തി നേടാൻ ജനങ്ങളെ പ്രേരിപ്പിക്കുക.

(ബി) പ്രസ്തുത മിഷൻ ലക്ഷ്യം നേടുന്നതിന്റെ ഭാഗമായി നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഇതിലൂടെ ചെറുധാന്യങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ഉൽപാദനം ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ?

ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിലിന്റെ (ICMR) വിദഗ്ധ സമിതിയുടെ ശിപാർശ പ്രകാരം ഒരു വ്യക്തി ഒരു ദിവസം 400 ഗ്രാം പച്ചക്കറികൾ ആഹാരത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ മൂന്നിൽ രണ്ട് വിഭാഗം ജനങ്ങളുടെയും ഉപഭോഗം ശിപാർശ ചെയ്തിട്ടുള്ള അളവിനേക്കാൾ വളരെ കുറവാണ്. ആയതിനാൽ പോഷക പ്രാധാന്യമുള്ള പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ നമ്മുടെ ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. കൂടാതെ പ്രസ്തുത വിളകളുടെ കൃഷി വ്യാപനം, ഉൽപാദനം, വിപണനം, മൂല്യവർധന എന്നീ

മേഖലകൾ സമഗ്രമായി സംയോജിപ്പിച്ച് കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും മിഷനിലൂടെ ലക്ഷ്യമിടുന്നു.

പോഷകസമൃദ്ധി മിഷന്റെ ലക്ഷ്യങ്ങൾ നേടുന്നതിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ക്യാമ്പയിൻ മാതൃകയിലുള്ള വിപുലമായ ബോധവൽക്കരണ പരിപാടികൾ.
2. ആരോഗ്യരംഗത്തെ വിദഗ്ധരുമായും ന്യൂട്രീഷൻ വിദഗ്ധരുമായും ചേർന്ന് പോഷകാഹാരത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
3. പച്ചക്കറി/ പഴവർഗ്ഗങ്ങൾ/ ചെറുധാന്യങ്ങൾ/ കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ പോഷക പ്രാധാന്യമുള്ള വിളകളുടെ കൃഷി വ്യാപനം.
4. കൃഷിക്കൂട്ടങ്ങൾ ഉൾപ്പടെയുള്ള കർഷക കൂട്ടായ്മകളെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള കൃഷി വ്യാപനം.
5. പരമ്പരാഗത ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കൽ.
6. പോഷകത്തോട്ട നിർമ്മാണം.

7. കൂൺ കൃഷി പ്രോത്സാഹിപ്പിക്കൽ.

8. കാർഷിക പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കിയുള്ള കാർഷിക ഉൽപന്നങ്ങളുടെ ലഭ്യത ഉറപ്പാക്കി ദേശീയതലത്തിലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ പോഷകതളികയുടെ (ഫുഡ് പ്ലേറ്റ്) രൂപകല്പനയും പ്രചാരണവും.

9. മിഷനിൽ ഉൾപ്പെട്ട വിളകളുടെ മൂല്യവർധന, വിപണനം.

10. വിവിധ കേന്ദ്രസംസ്ഥാന പദ്ധതികളുടെ സംയോജനം.

പ്രസ്തുത പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ 75 ലക്ഷം കുടുംബങ്ങളെ പോഷകസമൃദ്ധി മിഷന്റെ ഭാഗമാക്കും.

(സി) സംസ്ഥാനത്തുള്ള എല്ലാ കുടുംബങ്ങളെയും പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ജീവിതശൈലീരോഗങ്ങൾ വർധിച്ചുവരുന്ന പശ്ചാത്തലത്തിൽ പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങൾ എത്രത്തോളം പ്രസക്തമാണെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പോഷക സമൃദ്ധി മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ വർഷത്തിലും 25 ലക്ഷം വീതം ആകെ 75 ലക്ഷം കുടുംബങ്ങളെ ക്യാമ്പയിൻ

മാതൃകയിലുള്ള പ്രവർത്തനങ്ങൾ നടത്തി മിഷന്റെ ഭാഗമാക്കുന്നു. തുടർന്ന് ഘട്ടംഘട്ടമായി സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളെയും പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കേരളീയരുടെ മാറി വരുന്ന ഭക്ഷണശീലംമൂലം യുവതലമുറയിൽ ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ മുതലായ രോഗങ്ങൾ സർവസാധാരണമായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ജീവിതശൈലീരോഗങ്ങൾ വർധിച്ചുവരുന്ന ഈ പശ്ചാത്തലത്തിൽ പോഷക സമൃദ്ധി മിഷന് വളരെയേറെ പ്രാധാന്യമുണ്ട്. പോഷക സമൃദ്ധി മിഷനിൽ ഊന്നൽ നൽകിക്കൊണ്ട് പൊതുജനങ്ങൾക്കിടയിൽ പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ജീവിതശൈലീ രോഗങ്ങളെ അകറ്റി നിർത്തുന്നതിന് സ്വീകരിക്കേണ്ട മാർഗങ്ങളെ സംബന്ധിച്ചും അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

**റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി**

23(*143) **ശ്രീ. ചാണ്ടി ഉമ്മൻ:**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:**

ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കൃഷി വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ബി) പ്രതികൂല കാലാവസ്ഥമൂലം റബ്ബർ കൃഷിയിൽ ഇടിവ് നേരിടുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

റബ്ബർ ബോർഡിന്റെ കണക്കുപ്രകാരം റബ്ബറിന്റെ വിള വിസ്തൃതി കാര്യമായി കുറയുന്നില്ല. ടി കണക്കുപ്രകാരം 2019-20-ൽ 551030 ഹെക്ടറിലും 2020-21-ൽ 550650 ഹെക്ടറിലും 2021-22-ൽ 550000 ഹെക്ടറിലും 2022-23-ൽ 549780 ഹെക്ടറിലും റബ്ബർ കൃഷിയുണ്ട്.

(സി) ഈ പ്രത്യേക സാഹചര്യത്തിൽ റബ്ബറിന്റെ താങ്ങുവില 250 രൂപയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

2024-25 വർഷ ബജറ്റിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിൽ (ആർ.പി.ഐ.എസ്) റബ്ബറിന്റെ താങ്ങുവില 180 രൂപയായി വർധിപ്പിച്ചിട്ടുണ്ട്.

ഈ തുക 250/- രൂപയായി ഉയർത്തുന്നതിന് കേന്ദ്ര സഹായംകൂടി ആവശ്യപ്പെട്ടുകൊണ്ട് പലതവണ കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും കേന്ദ്ര മന്ത്രിയെ നേരിൽ കണ്ട് കേരളത്തിന്റെ ആവശ്യം അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.

(ഡി) റബ്ബർ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഭാവിയിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പാക്കിവരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം 2023-24-ൽ 180 കോടി രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്. 2024 മാർച്ച് 31 വരെ 2054 കോടി രൂപ ആകെ ഈ ഇനത്തിൽ കർഷകർക്കായി നൽകിയിട്ടുണ്ട്. ദേശീയ തലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് നിർമ്മാണ പ്രവൃത്തികളിൽ റബ്ബർ വുഡിന്റേയും റബ്ബർ അനുബന്ധ ഉൽപന്നങ്ങളുടേയും

ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാധ്യമാകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്വാഭാവിക റബ്ബർ ഉൽപന്നങ്ങളുടെ മൂല്യവർധന ലക്ഷ്യമാക്കി സിയാൽ മോഡലിൽ ഒരു കമ്പനി കേരള റബ്ബർ ലിമിറ്റഡ് എന്ന പേരിൽ കോട്ടയം ജില്ലയിലെ വെള്ളൂർ കേന്ദ്രമായി ആരംഭിച്ചിട്ടുണ്ട്. 2024 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, കിലോഗ്രാമിന് 170/- രൂപ എന്നത് 180/- രൂപയായി വർധിപ്പിച്ചിട്ടുണ്ട്.

**ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ്**

24(*144) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡ് നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

പ്രസ്തുത തിരിച്ചറിയൽ കാർഡ് വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കുള്ള ഏകീകൃത തിരിച്ചറിയൽ കാർഡ് (UDID) നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയാണ് നടപ്പാക്കുന്നത്. UDID കാർഡ് ലഭ്യമാക്കുന്നതിനായി ഭിന്നശേഷിക്കാരായ വ്യക്തികൾ www.swavlambancard.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കണം.

ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ UDID നൽകാൻ പരിഗണിക്കുകയുള്ളൂ. ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാമെഡിക്കൽ ഓഫീസറോ DMO ചുമതലപ്പെടുത്തുന്നവരോ പരിശോധിച്ച് മെഡിക്കൽ റെക്കമെന്റേഷൻ നൽകുന്നതിനനുസരിച്ചാണ് ഭിന്നശേഷി മെഡിക്കൽ സർട്ടിഫിക്കറ്റും ഏകീകൃത തിരിച്ചറിയൽ കാർഡും ജനറേറ്റ് ചെയ്യുന്നത്.

ഭിന്നശേഷി സർട്ടിഫിക്കറ്റ് ഇല്ലാത്ത അപേക്ഷകരെ DMO രൂപീകരിക്കുന്ന Disability Assessment Medical Board പരിശോധിച്ച് വിലയിരുത്തിയശേഷം ആയതിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി സർട്ടിഫിക്കറ്റും UDID-യും നൽകുകയാണ് ചെയ്യുന്നത്.

ഭിന്നശേഷിക്കാർക്ക് വേഗത്തിൽ UDID ലഭ്യമാക്കുന്നതിനായി പ്രത്യേക രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിച്ചുവരുന്നു. അതോടൊപ്പം കേരള സാമൂഹ്യ സുരക്ഷാമിഷൻ 2023-24 സാമ്പത്തിക വർഷം 121 വികേന്ദ്രീകൃത ക്യാമ്പുകൾ സംഘടിപ്പിച്ചിരുന്നു. കൂടാതെ എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും നിശ്ചിത ദിവസങ്ങളിൽ ഭിന്നശേഷി അസസ്മെന്റ് ബോർഡ് കൂടുന്നുമുണ്ട്.

സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം പരിഹരിക്കുന്നതിനായി പ്രൈവറ്റ് ഡോക്ടർമാരുടെ പാനൽ തയാറാക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ അസസ്മെന്റ് കഴിഞ്ഞ ഭിന്നശേഷിക്കാർക്ക് ഓൺലൈൻ മുഖേന യു.ഡി.ഐ.ഡി. കാർഡ്

നൽകുന്നതിന് സംസ്ഥാനത്തെ നൂറിലധികം വരുന്ന വയോമിത്രം മെഡിക്കൽ ഓഫീസർമാരുടെ സേവനവും ഉപയോഗിച്ചുവരുന്നു.

ഭിന്നശേഷി സർട്ടിഫിക്കറ്റുള്ളവർക്ക് അവരുടെ അപേക്ഷയും ഭിന്നശേഷി സർട്ടിഫിക്കറ്റും ബന്ധപ്പെട്ട ജില്ലാമെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് മെഡിക്കൽ റെക്കമെന്റേഷൻ നൽകുന്നതിനെത്തുടർന്ന് അവരുടെ യു.ഡി.ഐ.ഡി. ജനറേറ്റ് ചെയ്തുനൽകുന്നു. ഈ വിഭാഗത്തിൽ 4534 അപേക്ഷകൾ മാത്രമേ സംസ്ഥാനത്ത് തീർപ്പ് കല്പിക്കാനായി അവശേഷിക്കുന്നുള്ളൂ.

ആരോഗ്യ വകുപ്പിലെ ഡി.എം.ഒ. തലത്തിൽ നടത്തിയ പരിശോധനയിൽ വിവിധ തിരുത്തലുകളാൽ കാർഡ് നൽകാൻ കഴിയാതെ ഒരു ലക്ഷത്തിൽപ്പരം അപേക്ഷകരുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ അവയ്ക്ക് പരിഹാരം കാണുന്നതിനുള്ള അദാലത്തുകൾ നടത്തിവരുന്നു. 2023-24 സാമ്പത്തിക വർഷം 240 അദാലത്തുകൾ നടത്തുകയുണ്ടായി. ഈ പ്രവർത്തനങ്ങളുടെ ഫലമായി

29-4-2024 വരെ 503333 ഭിന്നശേഷിക്കാർ UDID കാർഡിനുവേണ്ടി അപേക്ഷിച്ചിട്ടുണ്ട്. 335614 ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡുകൾ (UDID) ലഭ്യമാക്കിയിട്ടുണ്ട്. രാജ്യത്ത് കൂടുതൽ കാർഡ് നൽകിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ 9-ാം സ്ഥാനം കേരള സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

നിലവിൽ കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള www.swavlambancard.gov.in വെബ്സൈറ്റ് പ്രവർത്തനം മെയ് 2024 മുതൽ പുനഃക്രമീകരണം നടത്തുന്നതിനാൽ കാർഡ് നൽകുന്ന പ്രവർത്തനങ്ങളിൽ തടസം നേരിട്ടുകൊണ്ടിരിക്കുന്നു. ഈ ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിനെ യഥാസമയം അറിയിച്ച് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഏകീകൃത തിരിച്ചറിയൽ കാർഡും മെഡിക്കൽ സർട്ടിഫിക്കറ്റും ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; ഇതിനായി പ്രത്യേക ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

40 ശതമാനത്തിലധികം വൈകല്യമുള്ള ഒരു വ്യക്തിക്ക് എന്തെങ്കിലും സൗകര്യങ്ങളോ ആനുകൂല്യങ്ങളോ ഇളവുകളോ ലഭിക്കുന്നതിനാവശ്യമായ

അടിസ്ഥാന രേഖയാണ് ഭിന്നശേഷി സർട്ടിഫിക്കറ്റ്/തിരിച്ചറിയൽ കാർഡ്. സംസ്ഥാന തലത്തിലോ ജില്ലാ തലത്തിലോ രൂപീകരിക്കപ്പെട്ട അതത് മെഡിക്കൽ ബോർഡുകളാണ് ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സർട്ടിഫൈയിങ് അതോറിറ്റി. ജില്ലയിലെ ഒരു ചീഫ് മെഡിക്കൽ ഓഫീസർ/സബ് ഡിവിഷണൽ മെഡിക്കൽ ഓഫീസറും നിർദിഷ്ട മേഖലയിലെ മറ്റൊരു വിദഗ്ധനും അടങ്ങുന്നതാണ് ബോർഡ്. ഭിന്നശേഷിക്കാരുടെ അവകാശ നിയമം, 2016 പ്രകാരം പരാമർശിച്ചിട്ടുള്ള 21 തരം വിഭാഗങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്.

സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും UDID കാർഡ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2022 ഏപ്രിൽ മാസത്തിൽ പ്രത്യേക രജിസ്ട്രേഷൻ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ഒന്നര ലക്ഷത്തോളം പേരെ പുതുതായി രജിസ്റ്റർ ചെയ്യിക്കുകയും ചെയ്തിട്ടുണ്ട്. UDID രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തന്മുദ്ര എന്ന പേരിൽ വെബ്സൈറ്റ് ആരംഭിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള

NSS വോളന്റിയർമാരുടെ സേവനം പ്രയോജനപ്പെടുത്തി സമ്പൂർണ്ണ രജിസ്ട്രേഷൻ ക്യാമ്പയിന് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്.

**മൃഗസംരക്ഷണ മേഖലയിൽ പുതുസംരംഭകർക്കായി പ്രത്യേക പദ്ധതി**

25*(145) **ശ്രീ. പി. മമ്മിക്കുട്ടി:**
**ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:**
**ശ്രീ. വി. ജോയി:**
**ശ്രീ. എ. രാജ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിൽ പുതുസംരംഭകരെ ആകർഷിക്കുന്നതിനും അവർക്ക് സാങ്കേതിക സഹായങ്ങളുൾപ്പെടെ നൽകുന്നതിനുമായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ പുതുസംരംഭകർക്കായി എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത്; ഇതിനായി മറ്റ് വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

2024-25 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിനായി 'സംരംഭകത്വ വികസന സെൽ', 'സമഗ്ര ഫാം എയ്ഡ് പാക്കേജ്' എന്നീ പദ്ധതികൾക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സംരംഭകത്വ വികസന സെൽ പദ്ധതിക്കായി മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, വെറ്ററിനറി സർവകലാശാല, സ്റ്റാർട്ടപ്പ് മിഷൻ എന്നിവരുമായി സഹകരിച്ച് സംരംഭകർക്ക് വേണ്ട പരിശീലനങ്ങൾ നൽകാനും നവസംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന് പദ്ധതി മാർഗരേഖകൾ തയ്യാറാക്കാനും പുതുസംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക സഹായങ്ങൾ നൽകാനും ലക്ഷ്യമിടുന്നു. സമഗ്ര ഫാം എയിഡ് പാക്കേജ് പദ്ധതിക്ക് കീഴിൽ ആരോഗ്യ പരിരക്ഷ, തീറ്റപ്പുൽകൃഷിക്ക് സഹായം, കാലിത്തീറ്റയ്ക്ക് ധനസഹായം, ഫാം ആധുനികവൽക്കരണം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള 45 ഇടത്തരം ഡയറി ഫാമുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും.

ദേശീയ കന്നുകാലി മിഷൻ പദ്ധതിയുടെ ഭാഗമായി കോഴി വളർത്തൽ, ആട് വളർത്തൽ, പന്നി വളർത്തൽ, തീറ്റപ്പുൽ കൃഷി എന്നീ മേഖലകളിൽ വിവിധ സംരംഭകത്വ വികസന പദ്ധതികൾ കെ.എൽ.ഡി. ബോർഡ് വഴി നടപ്പാക്കിവരുന്നു. ഈ പദ്ധതികളിൽ അംഗമാകുന്ന സംരംഭകർക്ക് പദ്ധതി പൂർത്തിയാകുന്നമുറയ്ക്ക് പദ്ധതി വിഹിതത്തിന്റെ (capital subsidy) 50 ശതമാനം വരെ സബ്സിഡി ലഭിക്കുന്നതാണ്. കെ.എൽ.ഡി. ബോർഡും മൃഗസംരക്ഷണ വകുപ്പും ചേർന്ന് സംയുക്തമായാണ് പുതുസംരംഭകരെ തിരഞ്ഞെടുക്കുന്നത്.

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികളിൽ സംരംഭകത്വശീലം വളർത്താനും വിജയകരമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അത് നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകുന്നതിനും അതിൽ വരുമാനം കണ്ടെത്തുന്നതിനും വേണ്ടി സംരംഭകത്വ ഡയറക്ടേറ്റും അതിനുകീഴിൽ ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററും പ്രവർത്തിക്കുന്നുണ്ട്. ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററിന്റെ വിവിധ

പ്രവർത്തനങ്ങളിലൂടെ പുതുസംരംഭകർക്കായി ഐഡിയേഷൻ പ്രോഗ്രാമുകൾ നടത്തുന്നു. നൂതന ആശയങ്ങൾ ലഭിക്കുന്നതിനും അത് മാർക്കറ്റിങ് തലത്തിൽ എത്തിക്കുന്നതിനും വേണ്ട ഇൻക്യുബേഷൻ സൗകര്യങ്ങളും ബിസിനസ് ഇൻക്യുബേഷൻ സെന്റർ ഒരുക്കുന്നു. സർവകലാശാല, മറ്റ് വിവിധ സാങ്കേതിക സ്ഥാപനങ്ങൾ, മറ്റ് സമാന സർക്കാർ സർക്കാരിതര വകുപ്പുകൾ, സംഘടനകൾ, ഏജൻസികൾ എന്നിവരെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ട് നവീന ആശയങ്ങൾക്ക് എല്ലാവിധ സാങ്കേതിക ശാസ്ത്രീയ സഹായവും നൽകുന്നുണ്ട്. കൂടാതെ സർക്കാരിന്റെ യംഗ് ഇന്നൊവേഷൻ പ്രോഗ്രാമിന് കീഴിൽ ഐ.ഇ.ഡി.സി (IEDC-Institutional Entrepreneurship Development Cell) സെന്ററുകൾ ഓരോ കോളേജുകളിലും യൂണിവേഴ്സിറ്റി തലത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലൂടെ മൃഗസംരക്ഷണ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

സംരംഭകത്വ വികസന സെൽ എന്ന പദ്ധതി നടപ്പാകുന്നതോടെ കൂടുതൽ സംരംഭകർ മൃഗസംരക്ഷണ മേഖലയിലേക്ക് കടന്നുവരാനും അവരെ

ഈ മേഖലയിൽ നിലനിർത്തുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തുനൽകാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സമഗ്ര ഫാം എയ്ഡ് പാക്കേജ് പദ്ധതി നടപ്പാക്കുകവഴി തുടക്കമെന്ന നിലയിൽ സംസ്ഥാനത്തുള്ള 45 ഇടത്തരം ഡയറി ഫാമുകൾക്കാവശ്യമായിട്ടുള്ള സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ ലഭ്യമാകും.

ദേശീയ കന്നുകാലി മിഷൻ പദ്ധതിയുടെ ഭാഗമായി നടത്തുന്ന വിവിധ സംരംഭകത്വ വികസന പദ്ധതിയിലൂടെ രോഗമുക്തമായതും മികച്ച ഉൽപാദന ശേഷിയുള്ളതുമായ കോഴി, ആട്, പന്നി എന്നിവയെ കൂടുതലായി ഉൽപാദിപ്പിക്കാൻ സാധിക്കുന്നതാണ്.

എന്റർപ്രണർഷിപ്പ് സെന്ററുകളിലൂടെ പുതുസംരംഭകർക്കും കർഷകർക്കും തൊഴിലില്ലാത്തവർ, തൊഴിലന്വേഷകർ എന്ന നിലയിൽ നിന്ന് മാറി തൊഴിൽ ദാതാക്കളാകാനുള്ള അവസരം ലഭിക്കുന്നു. കൂടാതെ ഫാർമേഴ്സ് പ്രൊഡ്യൂസിങ് ഓർഗനൈസേഷൻസ് (Farmers Producing Organizations) രൂപീകരിച്ച് അവയ്ക്ക് എല്ലാ സാങ്കേതിക സഹായങ്ങളും നൽകി ഉൽപന്ന

നിർമ്മാണത്തിൽ ചെറുകിട മുതൽ വൻകിട വ്യവസായ യൂണിറ്റുകൾ ആക്കി മാറ്റുന്നതുവരെയുള്ള സാങ്കേതിക സഹായവും പിന്തുണയും നൽകാൻ കഴിയും.

കേരളത്തിൽ പാൽ, മുട്ട, മാംസാധിഷ്ഠിത മൂല്യവർധിത ഉൽപന്നങ്ങൾക്കുള്ള വിപണി സാധ്യതകൂടി മനസ്സിലാക്കി പുതിയ ആശയങ്ങൾ കൊണ്ടുവന്ന് ഭക്ഷ്യ സുരക്ഷ, പോഷക സുരക്ഷ, കൂടുതൽ തൊഴിലവസരങ്ങൾ തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കും.

**ക്ഷീരകർഷകർക്കുണ്ടായ നാശനഷ്ടം**

26(*146) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടുത്ത വരൾച്ച കാരണം ക്ഷീരകർഷകർക്കുണ്ടായ നാശനഷ്ടത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ കടുത്ത വരൾച്ച കാരണം ക്ഷീരകർഷകർക്കുണ്ടായ നാശനഷ്ടത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ബ്ലോക്ക് തലത്തിലുള്ള ക്ഷീരവികസന യൂണിറ്റ് മുഖാന്തരം ക്ഷീരസംഘങ്ങളുമായി ബന്ധപ്പെട്ടും മൃഗാശുപത്രികൾ വഴിയും വിവരശേഖരണം നടത്തി ഓരോ ജില്ലയിലുമുണ്ടായ നഷ്ടം പ്രത്യേകമായി കണക്കാക്കിയിട്ടുണ്ട്. കടുത്ത വരൾച്ചമൂലം ജലദൗർലഭ്യം നേരിട്ട സാഹചര്യത്തിൽ തീറ്റപ്പുല്ലിന്റെ ലഭ്യതയും പാലുൽപാദനവും ഗണ്യമായി കുറയുകയും പല കർഷകരും പശുക്കളെ വിൽക്കുന്ന സാഹചര്യമുണ്ടാകുകയും ചെയ്തു. പഠനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടേയും നിർദേശങ്ങൾക്കനുസൃതമായി മൃഗസംരക്ഷണ മേഖലയ്ക്കുള്ള മാർഗനിർദേശങ്ങൾ (Heat Action Plan) തയ്യാറാക്കി കർഷകർക്കും പൊതുജനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ ഉഷ്ണതാപനം ഉണ്ടാകുന്ന പ്രദേശങ്ങളിലെ കർഷകർക്ക് അന്തരീക്ഷ താപനില നിശ്ചിത പരിധിക്ക് മുകളിൽ ഉയരുന്ന ഘട്ടങ്ങളിൽ SMS വഴിയുള്ള മുന്നറിയിപ്പ് സന്ദേശം ഭാവിയിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം മൃഗസംരക്ഷണ വകുപ്പ്

ഒരുക്കിയിട്ടുണ്ട്. ഇതിനായി സംസ്ഥാനത്തെ 5 ലക്ഷത്തിൽപ്പരം കർഷക ഭവനങ്ങളുടെ ലൊക്കേഷൻ മാപ്പ് ചെയ്തിട്ടുണ്ട്.

(ബി) സൂര്യാഘാതത്താൽ കറവപ്പശുക്കൾ നഷ്ടപ്പെട്ടതിന്റെ വിവരം കർഷകരിൽനിന്നും ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സൂര്യാഘാതത്താൽ കറവപ്പശുക്കൾ നഷ്ടപ്പെട്ടതിന്റെ വിവരം കർഷകരിൽനിന്നും ശേഖരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വളർത്തുമൃഗങ്ങൾ, കോഴികൾ എന്നിവയുൾപ്പെടെ 742 മൃഗങ്ങൾക്ക് ജീവഹാനി സംഭവിക്കുകയും 1,98,24,800/- രൂപ നഷ്ടം സംഭവിച്ചതായും കണക്കാക്കുന്നു. ഇതിൽ കറവപ്പശുക്കളും/എരുമകളും 496 എണ്ണം, ആട് 22 എണ്ണം, കിടാരികൾ 56 എണ്ണം, കോഴിവർഗ്ഗം 168 എണ്ണം എന്നിങ്ങനെ ഉൾപ്പെടുന്നു.

(സി) ജീവിതോപാധിയായ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നത് ദുരന്തനിവാരണ മാനദണ്ഡങ്ങൾ പ്രകാരം ദുരന്തനിവാരണ

വകുപ്പിൽനിന്നാണ്. മരണപ്പെടുന്ന കറവപ്പശുക്കൾക്ക് 37,500/- രൂപ നഷ്ടപരിഹാരം ലഭ്യമാകും. ടി മാനദണ്ഡങ്ങൾ പ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കാനാവശ്യമായ എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

**കാർഷികോൽപന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡ്**

27(*147) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏകീകൃത ബ്രാൻഡിൽ കാർഷികോൽപന്നങ്ങൾ നേരിട്ടും ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയും പൊതുജനങ്ങളിൽ എത്തിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ?

ഉണ്ട്. കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ ഉൽപാദിപ്പിക്കുന്ന നടീൽ വസ്തുക്കൾക്കും കർഷകർ/കർഷക ഉൽപാദക സംഘടനകൾ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾക്കും ഗുണമേന്മ ഉറപ്പുവരുത്തി ഒരു ഏകീകൃത ബ്രാൻഡ് നൽകുന്നതിനും ആയത്

പൊതുവിപണിവഴിയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയും പൊതുജനങ്ങളിൽ എത്തിക്കുന്നതിനും ലക്ഷ്യമിട്ട് 2022-23 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് 'Keralagro' എന്ന പേരിൽ ഒരു ട്രേഡ് മാർക് തയ്യാറാക്കി ഉൽപന്നങ്ങൾക്ക് 'കേരളാഗ്രോ' ബ്രാൻഡ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രാദേശിക അടിസ്ഥാനത്തിൽ കർഷകർ/കൃഷിക്കൂട്ടങ്ങൾ/കർഷകകൂട്ടായ്മകൾ ഉൽപാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഉൽപന്നങ്ങളുടേയും രാജ്യവ്യാപകമായി വിപണി കണ്ടെത്തി, കൂടുതൽ ഉപഭോക്താക്കളിലേക്ക് കേരളത്തിലെ ഉൽപന്നങ്ങൾ എത്തിക്കുന്നതിനും അതുവഴി കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

(ബി) ഏതൊരു കർഷകനും തന്റെ ഉൽപന്നങ്ങൾ ഏകീകൃത ബ്രാൻഡിൽ വില്പന നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്തെ കർഷകർ, കർഷകസംരംഭകർ, കൃഷിക്കൂട്ടങ്ങൾ, FPO-കൾ, FPC-കൾ, മറ്റ് കർഷകകൂട്ടായ്മകൾ എന്നിവരുടെ ഉൽപന്നങ്ങൾ/മൂല്യവർധിത ഉൽപന്നങ്ങൾ, കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി ഉൽപന്നങ്ങളുടെ ഗുണമേന്മ ഉറപ്പാക്കി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി 'Keralagro' ബ്രാൻഡ് അനുവദിച്ചുനൽകുന്നു. കർഷകരുടെ ഉൽപന്നങ്ങൾ ഓൺലൈൻ മുഖാന്തരവും 'Keralagro' ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ സൂപ്പർ മാർക്കറ്റുകൾ, ഇക്കോ ഷോപ്പുകൾ എന്നിവ വഴിയും പൊതുവിപണി വഴിയും വിപണനം നടത്തുന്നതിന് 'Keralagro' ബ്രാൻഡിംഗ് സംവിധാനം വഴി സാധിക്കും.

(സി) കാർഷിക സർവകലാശാല, കേരഫെഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ ഏകീകൃത ബ്രാൻഡിൽ ലഭ്യമാക്കുന്നതിന് സംവിധാനമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കൃഷി വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിലെയും സർക്കാർ നിയന്ത്രണമുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെയും

കാർഷിക/ഭക്ഷ്യഉൽപന്നങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി 'Keralagro' ബ്രാൻഡ് അനുവദിച്ച് നൽകുന്നുണ്ട്.

**കൃഷി നാശത്തിന് നഷ്ടപരിഹാരം**

28(*148) ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കനത്ത ചൂടിലും വരൾച്ചയിലും കർഷകർക്ക് കൃഷി നാശം സംഭവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കൃഷി നാശംമൂലം കർഷകർക്കുണ്ടായ നഷ്ടം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. വരൾച്ചമൂലമുണ്ടായ കൃഷിനാശം വിലയിരുത്തുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട കൃഷി ഓഫീസർ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ്, ബ്ലോക്ക് തല കൃഷി വിജ്ഞാന

കേന്ദ്രത്തിലെ കാർഷിക സർവകലാശാല പ്രതിനിധി എന്നിവരുൾപ്പെടുന്ന വിദഗ്ധ സംഘം രൂപീകരിക്കുകയും സംസ്ഥാനത്തെ മുഴുവൻ ജില്ലയിലെയും വരൾച്ച ബാധിത കൃഷിയിടങ്ങൾ 2024 മെയ് 6, 7, 8 തീയതികളിൽ ബ്ലോക്കടിസ്ഥാനത്തിൽ സന്ദർശിക്കുകയും കാർഷിക വിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തു. കൂടാതെ വരൾച്ചക്കെടുതി രൂക്ഷമായിട്ടുള്ള ഇടുക്കി ജില്ലയിലെ പ്രദേശങ്ങൾ 16-05-2024-ന് കൃഷി വകുപ്പുമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും നേരിട്ട് സന്ദർശിച്ച് നഷ്ടം വിലയിരുത്തുകയും ചെയ്തു. വിദഗ്ധ സമിതിയുടെ പഠന റിപ്പോർട്ടുപ്രകാരം സംസ്ഥാനത്തുടനീളം 46587 ഹെക്ടറിൽ കൃഷിനാശം സംഭവിച്ചതായും 257.12 കോടി രൂപയുടെ നേരിട്ടുള്ള നഷ്ടമുണ്ടായതായും കണക്കാക്കിയിട്ടുണ്ട്. പരോക്ഷമായി 118.69 കോടി രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്. 56947 കർഷകരെ വരൾച്ച ബാധിച്ചു.

പ്രധാന കാർഷിക ജില്ലകളായ ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ ഉൾപ്പെടെ എല്ലാ ജില്ലയിലും അതിരൂക്ഷമായ വരൾച്ചയും ഉഷ്ണതരംഗവുംമൂലം പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, പഴവർഗങ്ങൾ,

പയറുവർഗങ്ങൾ മുതലായവയും ഏലം, കുരുമുളക്, കാപ്പി, കൊക്കോ, അടയ്ക്ക, തെങ്ങ് ഉൾപ്പെടെയുള്ള നാണ്യ തോട്ടവിളകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു.

ജലസേചന സ്രോതസ്സുകളെല്ലാം വറ്റി വരളുകയും വിളവെടുക്കാറായ ഫലവർഗങ്ങൾ ഉണങ്ങി ശുഷ്കിച്ച് വില്പനയോഗ്യമല്ലാതാകുകയും ചെയ്തു.

പ്രധാന വിളകളിൽ നെല്ല് 6369 ഹെക്ടർ, വാഴ 2884 ഹെക്ടർ, കുരുമുളക് 3182 ഹെക്ടർ, തെങ്ങ് 521 ഹെക്ടർ, ഏലം 30536 ഹെക്ടർ, അടയ്ക്ക 1577 ഹെക്ടർ, കാപ്പി 261 ഹെക്ടർ, ജാതി 303 ഹെക്ടർ, കൊക്കോ 61 ഹെക്ടർ, റബ്ബർ 336 ഹെക്ടർ, പച്ചക്കറി വിളകൾ 603 ഹെക്ടർ, പഴവർഗങ്ങൾ 100 ഹെക്ടർ എന്നിവയ്ക്ക് നേരിട്ടും പരോക്ഷമായും നാശനഷ്ടം സംഭവിച്ചു. ഇടുക്കി മേഖലയിൽ ഏലത്തിന് വ്യാപകമായ നാശനഷ്ടം സംഭവിച്ചു. 15731 ഹെക്ടറിലെ ഏലം കൃഷി പൂർണ്ണമായും നശിച്ചു.

(സി) എങ്കിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കൃഷിനാശം സംഭവിച്ച കർഷകർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) കൃഷിവകുപ്പ് നടപ്പാക്കുന്ന പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗനിയന്ത്രണങ്ങൾക്കുമുള്ള അടിയന്തര പരിപാടി പദ്ധതിയിൽ ഉഷ്ണതരംഗംമൂലമുണ്ടായ കൃഷി നാശത്തിന് ചെറുകിട നാമമാത്ര കർഷകർക്കും ഇതര കർഷകർക്ക് 2 ഹെക്ടർ വരെയുള്ള കൃഷിനാശത്തിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള ആനുകൂല്യവും സംസ്ഥാന വിഹിതവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതിനായി ഉഷ്ണതരംഗം വിഭാഗത്തിലുൾപ്പെടുത്തി കൃഷിനാശത്തിനുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനായി പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് എയിംസ് പോർട്ടലിൽ 07-06-2024 വരെ സംവിധാനമൊരുക്കുകയും കൃഷിനാശം സംഭവിച്ച കർഷകർക്ക് എയിംസ്

പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള തീയതി 30-06-2024 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതുസംബന്ധിച്ച നിർദേശങ്ങൾ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ മുഖേനയും കർഷകർക്ക് നൽകിയിട്ടുണ്ട്.

പ്രത്യേക ക്യാമ്പയിൻ മുഖേന കർഷകർ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

2) നിശ്ചിത പ്രീമിയം ഒടുക്കി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ചമൂലമുണ്ടായ കൃഷിനാശത്തിന് മാനദണ്ഡ പ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 3314 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3) കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ്

പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്ത ടേം ഷീറ്റുകൾ പ്രകാരം കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള തുക നടത്തിപ്പ് ഏജൻസിയായ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

4) വരൾച്ചമൂലം കൃഷിനാശം സംഭവിച്ച സ്ഥലങ്ങളിൽ പുനർകൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനും ജലസേചന അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും സംയോജിത വളപ്രയോഗവും കീടനിയന്ത്രണവും നടപ്പാക്കുന്നതിനും മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി ഒരു പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. ഇതിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ചെയ്യാൻ കഴിയുന്ന വരൾച്ച പ്രതിരോധ മാർഗങ്ങൾ, ഭൂഗർഭ ജലവിതാനം ഉയർത്തുന്ന പ്രവൃത്തികൾ, മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ (കോണ്ടൂർ ബണ്ട്, തടയണ, തട്ടുതിരിക്കൽ മുതലായവ), സൂക്ഷ്മ ചെറുകിട ജലസേചന പ്രവൃത്തികൾ, ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, കിണർ റീചാർജിങ് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ വരൾച്ചമൂലമുണ്ടായ നാശനഷ്ടം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും ആവശ്യമായ പിന്തുണ ഉറപ്പാക്കാനും കാർഷിക ഉൽപാദന കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ഉന്നത സമിതി ഉടൻതന്നെ കേന്ദ്ര കാർഷിക വാണിജ്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതുമാണ്.

**പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

29(*149) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന പച്ചക്കറികളിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മാരക വിഷാംശങ്ങൾ അടങ്ങിയിട്ടുള്ളതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി ലാബിൽ നടപ്പാക്കിവരുന്ന "സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഘടകം മുഖേന

കേരളത്തിലെ പൊതു വിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണി എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗങ്ങളിൽ സാമ്പിളുകൾ ശേഖരിച്ച് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധന 2013 സാമ്പത്തിക വർഷം മുതൽ നടത്തിവരുന്നു.

2023 വർഷം മുതൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് ശേഖരിച്ച് നൽകുന്ന പഴം-പച്ചക്കറി സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട വിഷാംശം തിട്ടപ്പെടുത്തി തൊട്ടടുത്ത മാസം ഒന്നാം തീയതി www.kerala.gov.in, www.prral.kau.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചുവരുന്നു. സേഫ് ടു ഈറ്റ് പദ്ധതിയുടെ 62-ാമത് റിപ്പോർട്ട് പ്രകാരം കൊല്ലം, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിലെ 19 ബ്ലോക്കിൽനിന്നും 7 മുനിസിപ്പാലിറ്റികളിൽനിന്നും ശേഖരിച്ച 192 സാമ്പിളുകളിൽ 27 എണ്ണത്തിൽ (14.06 ശതമാനം) കീടനാശിനി സാന്നിധ്യം അനുവദനീയമായ അളവിനേക്കാൾ കൂടുതലുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ നിരോധിത കീടനാശിനിയായ മോണോക്രോട്ടോഫോസിന്റെ സാന്നിധ്യം കാപ്സിക്കം, പടവലം എന്നിവയുടെ ഒരു സാമ്പിളിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ ഗാർഹിക പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് "സമഗ്ര പച്ചക്കറി വികസന പദ്ധതി" ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പദ്ധതിയിൻകീഴിൽ ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി ഗാർഹിക പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചുവരുന്നുണ്ട്.

എല്ലാ കുടുംബങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുക, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക, തൊഴിലവസരങ്ങൾ വർധിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കിയ ജനകീയ ക്യാമ്പയിനായ 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയിലുൾപ്പെടുത്തിയാണ് നിലവിൽ ഈ പദ്ധതി നടപ്പാക്കിവരുന്നത്. ആയതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ കൃഷിക്കൂട്ടങ്ങൾ ഉൽപാദന-സേവന-മൂല്യവർധന-വിപണന മേഖലകൾ കേന്ദ്രീകരിച്ച് രൂപീകരിച്ച് പച്ചക്കറി ഉൽപാദനത്തിൽ പങ്കാളികളാകുന്നുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ സുരക്ഷിത പച്ചക്കറികൾ നമ്മുടെ വീട്ടുവളപ്പുകളിൽ നിന്നുതന്നെ ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സങ്കരയിനം പച്ചക്കറി വിത്തുകളുടെ വിവിധ ഇനങ്ങളടങ്ങിയ 100/- രൂപ വിലവരുന്ന 1 ലക്ഷം വിത്ത് പായ്ക്കറ്റുകളും 3 രൂപ വിലവരുന്ന 50 ലക്ഷം സങ്കരയിനം പച്ചക്കറി തൈകളും വിതരണം ചെയ്തുവരുന്നു. കൂടാതെ വിവിധ ഇനം പച്ചക്കറി വിത്തുകളുടെ 10/- രൂപ വിലയുള്ള 25 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.5 രൂപ വിലയുള്ള 40 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് പൂർണ്ണമായും സൗജന്യമായി വിതരണം നടത്തിവരുന്നു. വിവിധ മാധ്യമങ്ങൾ മുഖേന 5/- രൂപ വിലയുള്ള 3 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും വിതരണം ചെയ്യുന്നു. കൂടാതെ അത്യുൽപാദനശേഷിയുള്ള ഹൈബ്രിഡ് ഇനം പച്ചക്കറി വിത്തുകൾ കർഷകരിലെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ V.F.P.C.K വഴി 5 ഇനം പച്ചക്കറികളുടെ ഹൈബ്രിഡ് വിത്തുകൾ കാർഷിക സർവകലാശാലയുടെ സാങ്കേതിക സഹായത്തോടെ വിതരണത്തിനായി സജ്ജമായിവരുന്നു.

പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടുകൂടി മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (എം.ഐ.ഡി.എച്ച്) വാർഷിക പദ്ധതിയിലുൾപ്പെടുത്തി സങ്കരയിനം പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറൊന്നിന് 20,000/-രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്.

ദീർഘകാല പച്ചക്കറി വിളകളുടെ പ്രോത്സാഹനത്തിനായി ദീർഘകാല വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയ ഇനങ്ങളുടെ 15/- രൂപ വിലവരുന്ന 1 ലക്ഷം തൈകൾ സൗജന്യമായി കർഷകർക്ക് വിതരണം നടത്തിവരുന്നുണ്ട്. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കാനുദ്ദേശിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

നഗര പ്രദേശങ്ങളിൽ സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവരെ ലക്ഷ്യമിട്ട് ചെടിച്ചട്ടികളിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു. ഒരു കർഷകന് 25 പച്ചക്കറി തൈകൾ, മൺചട്ടി/ HDPE ചട്ടികളിൽ ആക്കിയ ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡി നിരക്കിൽ ആകെ 8000 യൂണിറ്റുകൾ വിതരണം ചെയ്യുന്നുണ്ട് (ഒരു

യൂണിറ്റിന്റെ വില 5000 രൂപ). കൂടാതെ പോഷക സമൃദ്ധി മിഷന്റെ ഭാഗമായി 2024-25 സാമ്പത്തിക വർഷം മുതൽ പോഷകത്തോട്ടം നിർമ്മിക്കുന്നതിന് ധനസഹായം നൽകി സുരക്ഷിത പച്ചക്കറി വീട്ടിൽ നിന്നുതന്നെ ലഭ്യമാക്കുന്നതിന് വിഭാവന ചെയ്തിട്ടുണ്ട്.

(സി) പോഷക പ്രാധാന്യമുള്ള ഭക്ഷണത്തിന്റെ ആവശ്യകത ജനങ്ങളിൽ എത്തിക്കുന്നതിനും വീടുകളിൽ പോഷകത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത ഉറപ്പാക്കുന്നതിനും ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിനുമായി 13-09-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 885/2023/കൃഷി പ്രകാരം "പോഷക സമൃദ്ധി മിഷൻ" രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

കേരള ജനതയുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന രീതിയിൽ കേരളത്തിലെ കാർഷിക മേഖല സമയബന്ധിതമായി കൂടുതൽ ഫലപ്രദവും

ചലനാത്മകവുമാക്കുന്നതിനും ഉൽപാദനം, വിപണനം, മൂല്യവർധന, പൊതുജനാരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനുമുദ്ദേശിച്ചാണ് പോഷക സമൃദ്ധി മിഷന് രൂപം നൽകിയിട്ടുള്ളത്.

പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണത്തിന്റെ ആവശ്യകത പൊതുജനങ്ങളിൽ എത്തിക്കുന്നതിനായി ഡോക്ടർമാർ, ന്യൂട്രീഷ്യൻ വിദഗ്ധർ തുടങ്ങിയവരെ ഉൾപ്പെടുത്തി ബോധവൽക്കരണ ക്ലാസുകൾ ആസൂത്രണം ചെയ്യുവാനും ജനപങ്കാളിത്തത്തോടെ ക്യാമ്പയിൻ മാതൃകയിൽ വിപുലമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കാനും നടപടികൾ കൈക്കൊണ്ടുകഴിഞ്ഞു. ഓരോ സ്ഥലത്തെയും പോഷക പ്രാധാന്യമുള്ള കാർഷിക ഉൽപന്നങ്ങളുടെ ലഭ്യതയനുസരിച്ച് ഫുഡ് പ്ലേറ്റ് തയ്യാറാക്കി ജനങ്ങളിൽ എത്തിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പോഷക സമൃദ്ധമായ ഭക്ഷണ പദാർഥങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി പച്ചക്കറികൾ, പഴവർഗങ്ങൾ, ചെറുധാന്യങ്ങൾ, പയർവർഗങ്ങൾ എന്നീ വിളകളുടെ ഉൽപാദനം വർധിപ്പിക്കാനുള്ള പദ്ധതികൾ മിഷനിലൂടെ

സാധ്യമാകും. ഇതിനായി മേല്പറഞ്ഞ വിളകളുടെ വികസനത്തിനായി കൃഷിവകുപ്പും അനുബന്ധ സ്ഥാപനങ്ങളും നടപ്പാക്കിവരുന്ന വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികൾ ഫലപ്രദമായ രീതിയിൽ സംയോജിപ്പിക്കുന്നതാണ്.

പോഷക സമൃദ്ധി മിഷനിലുൾപ്പെടുത്തി വീട്ടുവളപ്പുകളിൽ 1 ലക്ഷം പോഷകത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സങ്കരയിനം പച്ചക്കറി തൈകളും ദീർഘകാല പച്ചക്കറി തൈകളും മറ്റ് ഉൽപാദനോപാധികളും സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നു. കൂടാതെ പോഷകത്തോട്ടം നിർമ്മിക്കുന്നതിനുള്ള മാതൃക, കൃഷി ചെയ്യുന്നതിനുവേണ്ട മാർഗനിർദേശങ്ങൾ തുടങ്ങിയവയും നൽകുന്നുണ്ട്. ഇതിലൂടെ സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പുകളിൽനിന്നുതന്നെ ലഭ്യമാക്കുന്നതിനും ജീവിതശൈലി രോഗങ്ങളെ അകറ്റി നിർത്തുന്നതിനും സഹായിക്കുന്നു.

(ഡി) കാർഷിക മേഖലയിൽ കൃത്യതാകൃഷി ഉൾപ്പെടെയുള്ള നൂതന കൃഷി രീതികൾ വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി എന്ന ഘടകം നടപ്പാക്കിവരുന്നു. സസ്യ വളർച്ചയ്ക്കാവശ്യമായ ജലം, പോഷകമൂല്യങ്ങൾ എന്നിവ കൃത്യസമയത്ത് കൃത്യമായ അളവിൽ കൃത്യമായ രീതിയിൽ സസ്യങ്ങൾക്ക് നൽകുന്ന കൃഷി സമ്പ്രദായമാണ് തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി. കൃഷിക്കാവശ്യമായ അനുബന്ധ ഘടകങ്ങൾ കൃത്യമായ അളവിൽ ഉപയോഗിച്ച് പച്ചക്കറി ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും പരമ്പരാഗത കൃഷി രീതികളെ പ്രോത്സാഹിപ്പിക്കുന്നതിനും ഇതുവഴി സാധ്യമാകുന്നു. തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി നടപ്പാക്കുന്നതിനായി ഒരു ഹെക്ടറിന് 1 ലക്ഷം രൂപ ധനസഹായം നൽകിവരുന്നു.

രാഷ്ട്രീയ കൃഷി വികാസ് യോജന 2022-23 പദ്ധതിയിലുൾപ്പെടുത്തി 2023-24 വർഷം വാഴയുടെയും പച്ചക്കറിയുടെയും കൃത്യത കൃഷി 100.29 ഹെക്ടർ സ്ഥലത്ത് നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ സുരക്ഷിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

നാച്വറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ചർ, ട്യൂബുലാർ തണൽ വല, പോളി ഹൗസ് കൃഷി എന്നിവയ്ക്ക് സഹായങ്ങൾ നൽകിവരുന്നു. 2023-24 വർഷം 0.81 ഹെക്ടറിൽ ട്യൂബുലാർ ഗ്രീൻഹൗസും 4.38 ഹെക്ടറിൽ ട്യൂബുലാർ തണൽവല സ്ഥാപിച്ചതിനും 2.73 ഹെക്ടറിലെ പോളിഹൗസ് കൃഷിക്കും സഹായം നൽകിയിട്ടുണ്ട്. കൃത്യതാ കൃഷി കൂടുതൽ കൃഷിയിടങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്. നൂതന കൃഷി രീതികളായ ഹൈഡ്രോപോണിക്സ്, അക്വാപോണിക്സ്, പോളിഹൗസ് എന്നീ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കാനായി ആവശ്യമായ പിന്തുണ സർക്കാർ തലത്തിൽ ചെയ്തുവരുന്നു. യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കാൻ ഇത്തരം കൃഷി രീതികൾ സഹായകരമാകുമെന്നതിനാലും ഈ കൃഷി അനുവർത്തിക്കുന്ന കർഷകന് വരുമാന വർധന ഉണ്ടാകുമെന്നതിനാലും നൂതന കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ പ്രാധാന്യം നൽകിവരുന്നുണ്ട്.

**ആർ.ടി ഓഫീസുകൾ അഴിമതിമുക്തമാക്കാൻ നടപടി**

30(*150) <u>ശ്രീ. കെ. പി. എ. മജീദ്:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം:</u>

<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u>
<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രൈവിങ് സ്കൂൾ മാഫിയ സംഘങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കണ്ടെത്തിയിട്ടില്ല.

(ബി) ഉണ്ടെങ്കിൽ ഇത്തരം മാഫിയ സംഘങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

(സി) ആർ.ടി ഓഫീസുകൾ അഴിമതിമുക്തമാക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഡ്രൈവിങ് ലൈസൻസ് സംബന്ധിച്ചുള്ള അപേക്ഷകളിൽ ഡ്രൈവിങ് ടെസ്റ്റ് ഒഴികെയുള്ള എല്ലാ ടെസ്റ്റുകളും ഫെയ്സ്‌ലെസ് മുഖേനയാണ് നടത്തുന്നത്. ആയതിനാൽ ലൈസൻസ് പുതുക്കൽ, തിരുത്തലുകൾ വരുത്തുന്നത്, മേൽവിലാസ മാറ്റം എന്നിവയ്ക്ക് അപേക്ഷകർ ഓഫീസിൽ

വരേണ്ടതില്ല. മാത്രമല്ല അപേക്ഷകൾ മുൻഗണനാക്രമം അനുസരിച്ച് മാത്രമേ തീർപ്പാക്കാൻ സാധിക്കുകയുള്ളൂ. പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈൻ മുഖേനയാണ് നടത്തുന്നത്. ഉടമസ്ഥാവകാശം മാറുന്നതിനുള്ള അപേക്ഷകൾ, ആധാർ അധിഷ്ഠിതമായി ഓൺലൈൻ വഴി സമർപ്പിക്കുകയാണെങ്കിൽ പിന്നീട് രേഖകൾ ഓഫീസിൽ ഹാജരാക്കേണ്ടതില്ല. എല്ലാത്തരം പെർമിറ്റ് അപേക്ഷകളും പൂർണ്ണമായും ഫെയ്സ്‌ലെസാണ്. പെർമിറ്റ് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് അപേക്ഷകർക്കുതന്നെ പ്രിന്റ് എടുക്കാവുന്നതാണ്. വകുപ്പിലെ അഴിമതി തടയുന്നതിനായി ട്രാൻസ്പോർട്ട് കമ്മീഷണറുടെ സംസ്ഥാനതല സ്ക്വാഡ് രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ക്വാഡ് ഗതാഗത വകുപ്പിന്റെ ഓഫീസുകളിൽ പരിശോധന നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**കാർഷിക മേഖലയിലേക്ക് വനിതകളെ ആകർഷിക്കാൻ പദ്ധതി**

1(1630) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലയിലേക്ക് വനിതകളെ ആകർഷിക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കൃഷിവകുപ്പ് നടപ്പാക്കുന്ന എല്ലാ കാർഷിക വികസന പദ്ധതികളിലും ചെറുകിട നാമമാത്ര കർഷക വിഭാഗത്തിൽപ്പെടുന്ന എല്ലാ കർഷകർക്കും (സ്ത്രീ പുരുഷ ഭേദമന്യേ) അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

കേരളത്തിലെ വനിതകളിൽ കൃഷിഭൂമി സ്വന്തമായുള്ളതോ പാട്ട വ്യവസ്ഥയിൽ കൃഷി ചെയ്യുന്നതോ ആയ ഏതൊരാൾക്കും കാർഷിക വികസന പദ്ധതികളുടെ സാമ്പത്തിക-സാങ്കേതിക സഹായത്തിനായി അപേക്ഷകൾ നൽകാം.

വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ സൗജന്യമായി പച്ചക്കറി വിത്തുകളും തൈകളും നൽകുന്ന പദ്ധതിയിൽ കൂടുതൽ മുൻഗണന സ്ത്രീകൾക്ക് നൽകുന്നുണ്ട്. മഹാത്മാഗാന്ധി

തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ കൃഷിയിടങ്ങൾ ഒരുക്കിയെടുത്ത് കൃഷി ചെയ്യുന്നതിനും വനിതകൾക്ക് മുൻഗണന ലഭിക്കുന്നുണ്ട്. കുടുംബശ്രീ മിഷൻവഴി തരിശ്ശായി കിടക്കുന്ന സ്ഥലങ്ങൾ കൃഷിയോഗ്യമാക്കി കൃഷിയിറക്കുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും കൂടുതൽ അവസരങ്ങൾ ലഭ്യമാണ്. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി വാർഡ് തലത്തിൽ ഉൽപാദന-സേവന മേഖലയിലും തൽപരരായ വനിതാ കർഷകർക്ക് കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്. പച്ചക്കറി കൃഷി, പുഷ്പകൃഷി, കൂൺ കൃഷി, ഔഷധ സസ്യ കൃഷി, ഭക്ഷ്യ സംസ്കരണം മുതലായ മേഖലകളിൽ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന വനിതാ കർഷകർക്ക് ബാങ്കുകളിൽ പ്രോജക്ടുകൾ സമർപ്പിക്കേണ്ട ആവശ്യം വന്നാൽ അവരെ സഹായിക്കാനായി ഡി.പി.ആർ. ക്ലിനിക്കുകൾ കൃഷി വകുപ്പ് വഴി സംഘടിപ്പിച്ചുവരുന്നു. ഫാം പ്ലാൻ അധിഷ്ഠിത ഉൽപാദന പരിപാടിയിൽ വരുന്ന അപേക്ഷകളിൽ വനിതാ കർഷകർക്ക് മുൻഗണന നൽകാൻ നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ നവീന കൃഷി രീതികളായ പോളിഹൗസ്, അക്വാപോണിക്സ്, ഹൈഡ്രോപോണിക്സ് എന്നീ

കൃഷി രീതികളിൽ വനിതകളെ പ്രാപ്തരാക്കുവാനും മൂല്യവർധിത മേഖലയിൽ കൂടുതൽ വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കാനും ഉദ്ദേശിക്കുന്നു.

തരിശ്ശായി കിടക്കുന്ന സ്ഥലങ്ങളിൽ ആ പ്രദേശത്തിന് യോജിച്ച വിളകൾ കൃഷി ചെയ്യുന്നതിനുവേണ്ട സഹായങ്ങൾ ഹരിത കേരളം മിഷൻ വഴിയും നൽകിവരുന്നു. ഇതുകൂടാതെ ജനകീയാസൂത്രണ പദ്ധതികളിൽ വനിതാ ഘടക പദ്ധതികൾക്കായി പ്രത്യേകം ഫണ്ട് മാറ്റി വയ്ക്കുന്നുമുണ്ട്.

**ഭൗമസൂചിക പദവി ലഭിച്ച സംസ്ഥാനത്തെ കാർഷികോൽപന്നങ്ങൾ**

2(1631) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൗമസൂചിക പദവി ലഭിച്ച സംസ്ഥാനത്തെ കാർഷികോൽപന്നങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉൽപന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരളത്തിലെ കാർഷിക ഇനങ്ങളിൽ ഭൗമ സൂചിക പദവി ലഭിച്ച ഉൽപന്നങ്ങൾ ചുവടെ ചേർക്കുന്നു.

1. കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി

2. കൈപ്പാട് അരി

3. പൊക്കാളി അരി

4. തിരൂർ വെറ്റില

5. അട്ടപ്പാടി ആട്ടുകൊമ്പ് അമര (അട്ടപ്പാടി ഡോളിച്ചോസ് ബീൻ)

6. വാഴക്കുളം പൈനാപ്പിൾ

7. ചെങ്ങാലിക്കോടൻ നേന്ത്രൻ

8. എടയൂർ മുളക്

9. വയനാട് റോബസ്റ്റ കാപ്പി

10. ആലപ്പുഴ ഏലക്ക

11. വയനാട് ഗന്ധകശാല അരി

12. അട്ടപ്പാടി തുവര (അട്ടപ്പാടി റെഡ് ഗ്രാം)

13. കുറ്റ്യാട്ടൂർ മാങ്ങ

14. മറയൂർ ശർക്കര

15. മലബാർ റോബസ്റ്റ കാപ്പി

16. നിലമ്പൂർ തേക്ക്

17. മധ്യതിരുവിതാംകൂർ ശർക്കര

18. ഞവര അരി

19. പാലക്കാടൻ മട്ട അരി

20. മലബാർ അറബിക്ക കാപ്പി

21. ഓണാട്ടുകര എള്ള്

22. കാന്തല്ലൂർ-വട്ടവട വെളുത്തുള്ളി

23. വയനാട് ജീരകശാല അരി

24. മലബാർ കുരുമുളക്

പ്രസ്തുത ഉൽപന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

കൃഷി വകുപ്പ് രൂപീകരിച്ചിട്ടുള്ള വിവിധ ജില്ലകളിലെ ഇക്കോഷോപ്പുകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ (FPO), റീട്ടെയിൽ ഔട്ട്ലെറ്റ്സ്, അതത് പ്രദേശങ്ങളിലെ കർഷക കൂട്ടായ്മകൾ, ആഴ്ച ചന്തകൾ എന്നിവ മുഖേന ഈ ഉൽപന്നങ്ങളുടെ വിപണി പ്രോത്സാഹിപ്പിക്കുന്നുണ്ട്. കൂടാതെ ഇതിൽ പല ഉൽപന്നങ്ങളും 'കേരളഗ്രോ' ബ്രാൻഡിൽ ഉൾപ്പെടുത്തി വിപണനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന് ഉദാഹരണങ്ങളായി ചൂണ്ടിക്കാട്ടാവുന്ന ചില മാതൃകകൾ ചുവടെ ചേർക്കുന്നു.

1. കൈപ്പാട് അരി

കണ്ണൂർ ജില്ലയിലെ എഴോം പഞ്ചായത്തിലെ കൈപ്പാട് നിലങ്ങളിൽ ഉൽപാദിപ്പിക്കുന്ന കൈപ്പാട് അരിയുടെ വികസനത്തിനായി കൈപ്പാട് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി (കാഡ്സ്) രൂപീകരിച്ചു. കൃഷി വകുപ്പിന്റെയും കേരള കാർഷിക സർവകലാശാലയുടെയും എസ്.എഫ്.എ.സി.-യുടെയും മേൽനോട്ടത്തിൽ അരി ബ്രാൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. അട്ടപ്പാടി ആട്ടുകൊമ്പ് അമര

കൃഷി വകുപ്പിന്റെ കീഴിൽ ATFAM ഫാർമർ പ്രൊഡ്യൂസർ കമ്പനി ഇതിന്റെ വിപണനത്തിൽ ഏർപ്പെടുന്നു.

3. വയനാട് ഗന്ധകശാല അരി

കേരളത്തിന്റെ തനതായ നെല്ലിനങ്ങളിൽ സുഗന്ധത്തിനും ഔഷധഗുണത്തിനും പേരുകേട്ട ഗന്ധകശാല അരിയുടെ ഭൗമ സൂചിക പദവി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കേരള കാർഷിക സർവകലാശാലയും വയനാട് ജില്ലാ സുഗന്ധ നെല്ലുൽപാദക കർഷക സമിതിയും സംയുക്തമായാണ് നേതൃത്വം നൽകിയത്.

4. കുറ്റ്യാട്ടൂർ മാമ്പഴം

2016-ൽ കമ്പനി ആക്ട് പ്രകാരം കുറ്റ്യാട്ടൂരടക്കം കണ്ണൂർ ജില്ലയിലെ 21 പഞ്ചായത്തുകളെ ഉൾപ്പെടുത്തി മാംഗോ പ്രൊഡ്യൂസേഴ്സ് കമ്പനി രൂപീകരിക്കുകയുണ്ടായി. നബാർഡിന്റെയും കൃഷി വകുപ്പിന്റെയും കേരള കാർഷിക സർവകലാശാലയുടെയും കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെയും സഹായത്തോടെയാണ് കമ്പനിയുടെ പ്രവർത്തനം.

കമ്പനിയുടെ നേതൃത്വത്തിൽ സ്ക്വാഷ്, ജാം, അച്ചാർ, മസാല മാങ്ങ, ഉപ്പുമാങ്ങ, മാങ്ങ കച്ച് എന്നിവ നിർമ്മിച്ച് വിപണിയിലെത്തിക്കുന്നുണ്ട്.

5. മറയൂർ ശർക്കര

മറയൂരിലെ അഞ്ചുനാട് കരിമ്പ് ഉൽപാദക വിപണന സംഘം, മഹാഡ്, മാപ്കോ തുടങ്ങിയ കർഷക കൂട്ടായ്മകൾ മറയൂർ ശർക്കരയുടെ വിപണനത്തിനായി പ്രവർത്തിച്ചുവരുന്നു.

6. തിരൂർ വെറ്റില

തിരൂർ വെറ്റിലയ്ക്ക് വിപണി കണ്ടെത്തുന്നതിന് 2013-ൽ സൊസൈറ്റി ആക്റ്റ് പ്രകാരം കർഷകർ സംഘടിച്ച് തിരൂർ വെറ്റില ഉൽപാദക സംഘം രൂപീകരിച്ചു. SFAC Kerala-യുടെ (Small Farmers Agro Business Consortium) കീഴിൽ Tirur Betel vine farmer producer company എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്തു.

7. കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി

കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി കർഷക ക്ഷേമ വികസന സമിതി പൊട്ടുവെള്ളരിയുടെ വിപണനത്തിനായി പ്രവർത്തിച്ചുവരുന്നു.

8. എടയൂർ മുളക്

കൃഷി വകുപ്പിന്റെ എടയൂർ കൃഷിഭവന്റെ നേതൃത്വത്തിൽ കർഷകർ എടയൂർ ചില്ലി ഗ്രോവേഴ്സ് അസോസിയേഷൻ എന്ന കൂട്ടായ്മ രൂപീകരിച്ചു. SFAC Kerala-യുടെ (Small Farmers Agro Business Consortium) കീഴിൽ സുലഭ വെജിറ്റബിൾസ് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ കീഴിലാണ് ഇപ്പോൾ കർഷക കൂട്ടായ്മ പ്രവർത്തിച്ചുവരുന്നത്.

9. ഞവര അരി

കേരളത്തിൽ പരമ്പരാഗതമായ രീതിയിൽ കൃഷി ചെയ്യുന്ന ഗുണങ്ങളാൽ സമ്പന്നമായ ഞവര അരിയുടെ വിപണനത്തിനായി കർഷക കൂട്ടായ്മയായ റൈസ് ഫാർമേഴ്സ് സൊസൈറ്റി പ്രവർത്തിച്ചുവരുന്നു.

10. വയനാട് ജീരകശാല അരി

കേരള കാർഷിക സർവകലാശാല, വയനാട് ജില്ലാ സുഗന്ധ നെല്ലുൽപാദക കർഷക സമിതി എന്നിവ സംയുക്തമായി പ്രവർത്തിച്ചുവരുന്നു.

11. വാഴക്കുളം പൈനാപ്പിൾ

കർഷകരുടെ കൂട്ടായ്മയായ നടുക്കര അഗ്രോ പ്രോസ്സസിങ് കമ്പനി വാഴക്കുളം അഗ്രോ ആൻഡ് ഫുഡ് പ്രോസ്സസിങ് കമ്പനിയുമായി ചേർന്ന് ജൈവ് എന്ന പേരിൽ ഉൽപന്നങ്ങൾ ഇറക്കുകയുണ്ടായി.

12. ചെങ്ങാലിക്കോടൻ നേന്ത്രൻ

ചെങ്ങാലിക്കോടൻ ഗ്രോവെർസ് അസോസിയേഷൻ വിപണനത്തിനായി പ്രവർത്തിച്ചുവരുന്നു.

13. ഓണാട്ടുകര എള്ള്

കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഓണാട്ടുകര വികസന ഏജൻസി എന്ന എഫ്.പി.ഒ. ഇതിന്റെ വിപണനത്തിനായി പ്രവർത്തിച്ചുവരുന്നു. 2023-24 വർഷത്തിൽ വിള വൈവിധ്യവൽക്കരണം പദ്ധതിയിൽ ഉൾപ്പെടുത്തി ഈ എള്ള് കൃഷിയും വിപണനവും വ്യാപിപ്പിക്കുന്നതിന് കൃഷിവകുപ്പ് നടപടികൾ സ്വീകരിക്കുകയുണ്ടായി.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയിൽ ഉൾപ്പെടുത്തി ഭൗമ സൂചിക പദവി ലഭിച്ച കാന്തല്ലൂർ വെളുത്തുള്ളി, തിരൂർ വെറ്റില എന്നിവയുടെ ഉൽപാദനത്തിനായി കർഷകർക്ക് ധനസഹായം നൽകിവരുന്നു.

വി.എഫ്.പി.സി.കെ.-യുടെ തൃശ്ശൂർ ജില്ലയിലെ മുണ്ടത്തിക്കോട്, പാണഞ്ചേരി, എളനാട് എന്നീ സ്വാശ്രയ കർഷക സമിതികൾ മുഖേന ചെങ്ങാലിക്കോടൻ നേന്ത്രൻ വിപണനം നടത്തിവരുന്നു. എറണാകുളം ജില്ലയിൽ കുവപ്പടി, തിരുവാണിയൂർ, മഴുവന്നൂർ, കീരംപാറ, നെടുങ്ങപ്ര, എടയ്ക്കാട്ടുവയൽ എന്നീ സ്വാശ്രയ കർഷക സമിതികളിൽ വാഴക്കുളം

പൈനാപ്പിൾ വിപണനം ചെയ്തുവരുന്നു. വാഴക്കുളം പൈനാപ്പിളിന്റെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി കേരള കാർഷിക സർവകലാശാലയുമായി ചേർന്ന് സ്റ്റാറ്റിക് ട്രയൽ പൂർത്തീകരിക്കുകയും കയറ്റുമതിക്കുള്ള പ്രോട്ടോകോൾ വികസിപ്പിച്ച് കയറ്റുമതി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. കൂടാതെ, വി.എഫ്.പി.സി.കെ.-യുടെ എക്സിബിഷനുകൾ, ബയർ സെല്ലർ മീറ്റുകൾ എന്നിവയിലും പങ്കാളിത്തം ഉറപ്പുവരുത്തി മേൽ ഉൽപന്നങ്ങളുടെ വിപണന സാധ്യതകൾ വിപുലീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ഭൗമസൂചിക പദവി ലഭിച്ച സംസ്ഥാനത്തെ കാർഷികോൽപന്നങ്ങൾക്കായി രജിസ്റ്റർ ചെയ്ത സൊസൈറ്റികൾക്ക് എക്സിബിഷനുകളിൽ പങ്കെടുക്കുന്നതിനും APEDA-യുമായി ബന്ധം സ്ഥാപിക്കുന്നതിനും കേരള കാർഷിക സർവകലാശാല ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് (ഐ.പി.ആർ.) സെൽ മുഖേന സൗകര്യമൊരുക്കിവരുന്നു. കേരള കാർഷിക സർവകലാശാല പങ്കെടുക്കുന്ന പ്രദർശനങ്ങളിൽ ഭൗമസൂചിക പദവി ലഭിച്ച ഉൽപന്നങ്ങളെ

പരിചയപ്പെടുത്താൻ വേദി ഒരുക്കാറുണ്ട്. പ്രസ്തുത സൊസൈറ്റികൾക്ക് Authorised User Registration ലഭ്യമാക്കുന്നതിനും കേരള കാർഷിക സർവകലാശാല നേതൃത്വം നൽകിയിരുന്നു.

**കൃഷി നാശം നേരിട്ട കർഷകർക്ക് പ്രത്യേക പാക്കേജ്**

3(1632) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന കനത്ത ചൂടിലും വരൾച്ചയിലും അതിതീവ്ര മഴയിലും കൃഷി നാശമുണ്ടാകുന്ന സാഹചര്യത്തിൽ സ്വീകരിച്ചിട്ടുള്ള പരിഹാര നടപടികൾ വിശദമാക്കാമോ?

കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന കനത്ത ചൂടിലും വരൾച്ചയിലും അതിതീവ്ര മഴയിലും കൃഷി നാശമുണ്ടാകുന്ന സാഹചര്യത്തിൽ കർഷകർക്ക് കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികളിൽ നഷ്ടപരിഹാരം നൽകുന്നുണ്ട്.

വരൾച്ച മൂലമുണ്ടായ കൃഷിനാശം വിലയിരുത്തുന്നതിനായി ബ്ലോക്ക്തലത്തിൽ വിദഗ്ധ സമിതി രൂപീകരിക്കുകയും സ്ഥല സന്ദർശനം നടത്തി നഷ്ടം തിട്ടപ്പെടുത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അതിതീവ്ര മഴയുണ്ടായ സാഹചര്യത്തിൽ ജില്ലകളിൽ കൺട്രോൾ റൂമുകൾ തുറക്കുകയും കൃഷി നാശത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് കർഷകർക്കാവശ്യമായ നിർദേശങ്ങൾ കൃഷി ഭവനുകൾ മുഖേനയും ദൃശ്യ ശ്രവ്യ, സാമൂഹ്യ മാധ്യമങ്ങൾ മുഖേനയും അറിയിപ്പ് നൽകിയിട്ടുണ്ട്. നഷ്ടപരിഹാരത്തിനായി ലഭിക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ പ്രകൃതിക്ഷോഭം പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകുന്നതിനായി 750 ലക്ഷം രൂപയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 3314 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ആയത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന സർക്കാർ പ്രീമിയം സബ്സിഡി നൽകുന്നതും കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതുമായ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ

സംയുക്തമായി നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നുണ്ട്.

(ബി) പ്രസ്തുത സാഹചര്യംമൂലം സംസ്ഥാനത്തെ കൃഷി പ്രദേശത്തെ മണ്ണിന്റെ ഗുണമേന്മ നഷ്ടപ്പെടുന്നുണ്ടോ: വ്യക്തമാക്കാമോ?

വരൾച്ച പോലെയുള്ള കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം മണ്ണിലെ സൂക്ഷ്മ ജീവികളെ ബാധിക്കുമെന്നതിനാൽ മണ്ണിന്റെ ഗുണമേന്മയെയും ആയത് ബാധിക്കുന്നതാണ്. ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിനായി കാർഷിക സർവകലാശാലയ്ക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) കാലാവസ്ഥ വ്യതിയാനംമൂലം പ്രതിസന്ധി നേരിടുന്ന കർഷകർക്ക് വകുപ്പ് നൽകുന്ന അനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പ്രകൃതിക്ഷോഭംമൂലം വിളനാശമുണ്ടാകുന്ന സാഹചര്യത്തിൽ പ്രകൃതിദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി പദ്ധതി മുഖേന വിള നാശത്തിന് നഷ്ടപരിഹാരമായി സംസ്ഥാന വിഹിതവും സംസ്ഥാന ദുരന്ത

പ്രതികരണ നിധിയിൽനിന്നുള്ള വിഹിതവും നൽകുന്നുണ്ട്. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി ഉണ്ടാകുന്ന നഷ്ടത്തിനും മടകളുടെ പുനർ നിർമ്മാണത്തിനുമുള്ള നഷ്ടപരിഹാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും (SDRF) ലഭ്യമാക്കുന്നതാണ്.

കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മുഖേന ഇൻഷ്വർ ചെയ്ത വിളകൾക്ക് നാശനഷ്ടം സംഭവിക്കുമ്പോൾ പദ്ധതി മാനദണ്ഡങ്ങൾക്കും നിരക്കുകൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നുണ്ട്.

ഈ പദ്ധതികൾ കൃഷി വകുപ്പിന്റെ AIMS പോർട്ടൽ മുഖേനയാണ് നടപ്പാക്കിവരുന്നത്. യഥാസമയം കർഷകർക്ക് നഷ്ടപരിഹാരത്തിനായി അപേക്ഷിക്കുന്നതിനും പരിശോധനകൾക്കും അംഗീകാരത്തിനും ശേഷം തുക അതത് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിക്കുന്നതിനുമുള്ള സംവിധാനം നിലവിൽ AIMS പോർട്ടൽ മുഖേന നടപ്പാക്കിവരുന്നു.

വിള ഇൻഷ്വറൻസ് പദ്ധതി AIMS പോർട്ടലിൽ ഉൾപ്പെടുത്തിയതിലൂടെ കർഷകർക്ക് പദ്ധതിയിൽ അംഗമാകുന്നതിനും പോളിസി വിതരണം, നഷ്ടപരിഹാരം നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് Centralised DBT സംവിധാനത്തിലൂടെ നൽകുന്നത് എന്നിവ യഥാസമയം നടപ്പാക്കി അതുവഴി കാലതാമസം ഒഴിവാക്കി ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിന് സാധ്യമാകുന്നു. കൂടാതെ കേന്ദ്രസർക്കാരുമായി സംയോജിച്ച് കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി വിജ്ഞാപനം ചെയ്തിട്ടുള്ള അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നടപ്പാക്കുന്നുണ്ട്.

(ഡി) ഇത്തരത്തിൽ കൃഷി നാശം നേരിട്ട കർഷകർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമോ; വിശദമാക്കുമോ?

വരൾച്ചയിൽ കൃഷിനാശം നേരിട്ട കർഷകരെ സഹായിക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**പച്ചക്കറിയുടെ വില വർധന**

4(1633) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറിയുടെ വില അനിയന്ത്രിതമായി വർധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കഴിഞ്ഞ വർഷം ഇതേ സമയത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ വിപണിയിൽ അമിതമായ വിലവർധന ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ കാലവർഷംമൂലവും ഇതര

സംസ്ഥാനങ്ങളിലെ കാലാവസ്ഥ അനുസരിച്ചും സീസണിൽ ഉണ്ടാകുന്ന വിലവ്യത്യാസമാണ് വിപണിയിൽ നിലവിലുള്ളത്.

(ബി) എങ്കിൽ വില വർധന നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

വിപണിയിൽ അമിതമായ വിലവർധന ഉണ്ടാകാതിരിക്കാൻ ഹോർട്ടികോർപ്പിന്റെ 78 സ്വന്തം സ്റ്റാളുകൾ, 192 ലൈസൻസി സ്റ്റാളുകൾ, 24 മൊബൈൽ യൂണിറ്റുകൾ, വി.എഫ്.പി.സി.കെ.-യുടെ 3 തളിർ-ഗ്രീൻ ഔട്ട്ലെറ്റുകൾ, 47 സസ്യ ഔട്ട്ലെറ്റുകൾ, 2 തളിർ സൂപ്പർമാർക്കറ്റുകൾ വഴിയും നിലവിൽ കൃഷി വകുപ്പ് വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള വിവിധ മാർക്കറ്റുകൾ, ഇക്കോഷോപ്പുകൾ, 'എ' ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ വഴിയും അതത് പ്രദേശങ്ങളിൽ കർഷകർ ഉൽപാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകരിൽനിന്ന് നേരിട്ട് സംഭരിക്കുന്നതിനും മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

(സി) പച്ചക്കറി ലഭ്യത ഉറപ്പുവരുത്തി വില നിയന്ത്രിക്കാനും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനും സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ?

പച്ചക്കറി ലഭ്യത ഉറപ്പുവരുത്തി വില നിയന്ത്രിക്കുന്നതിനും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് "പച്ചക്കറി വികസന പദ്ധതി" ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പച്ചക്കറി വികസന പദ്ധതി ഘടകങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കാർഷിക രംഗത്ത് വനിതകൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്നത് സംബന്ധിച്ച്**

5(1634) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കാർഷിക രംഗത്ത് വനിതകൾക്ക് മികച്ച തൊഴിലും വരുമാന വർധനയും ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കൃഷിവകുപ്പ് നടപ്പാക്കുന്ന എല്ലാ കാർഷിക വികസന പദ്ധതികളിലും ചെറുകിട നാമമാത്ര കർഷക വിഭാഗത്തിൽപ്പെടുന്ന എല്ലാ കർഷകർക്കും (സ്ത്രീ പുരുഷ ഭേദമന്യേ) അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. കേരളത്തിലെ വനിതകളിൽ കൃഷിഭൂമി സ്വന്തമായുള്ളതോ പാട്ട വ്യവസ്ഥയിൽ കൃഷി ചെയ്യുന്നതോ ആയ ഏതൊരാൾക്കും കാർഷിക വികസന പദ്ധതികളുടെ സാമ്പത്തിക-സാങ്കേതിക സഹായത്തിനായി അപേക്ഷകൾ നൽകാം.

വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ സൗജന്യമായി പച്ചക്കറി വിത്തുകളും തൈകളും നൽകുന്ന പദ്ധതിയിൽ കൂടുതൽ മുൻഗണന സ്ത്രീകൾക്ക് നൽകുന്നുണ്ട്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ കൃഷിയിടങ്ങൾ ഒരുക്കിയെടുത്ത് കൃഷി ചെയ്യുന്നതിനും വനിതകൾക്ക് മുൻഗണന ലഭിക്കുന്നുണ്ട്. കുടുംബശ്രീ മിഷൻ വഴി തരിശ്ശായി കിടക്കുന്ന സ്ഥലങ്ങൾ കൃഷിയോഗ്യമാക്കി കൃഷിയിറക്കുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും കൂടുതൽ അവസരങ്ങൾ ലഭ്യമാണ്. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി വാർഡ് തലത്തിൽ ഉൽപാദന-സേവന മേഖലയിലും തൽപരരായ

വനിതാ കർഷകർക്ക് കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്. പച്ചക്കറി കൃഷി, പുഷ്പകൃഷി, കൂൺ കൃഷി, ഔഷധ സസ്യ കൃഷി, ഭക്ഷ്യ സംസ്കരണം മുതലായ മേഖലകളിൽ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന വനിതാ കർഷകർക്ക് ബാങ്കുകളിൽ പ്രോജക്ടുകൾ സമർപ്പിക്കേണ്ട ആവശ്യം വന്നാൽ അവരെ സഹായിക്കാനായി ഡി.പി.ആർ. ക്ലിനിക്കുകൾ കൃഷി വകുപ്പുവഴി സംഘടിപ്പിച്ചുവരുന്നു. ഫാം പ്ലാൻ അധിഷ്ഠിത ഉൽപാദന പരിപാടിയിൽ വരുന്ന അപേക്ഷകളിൽ വനിതാ കർഷകർക്ക് മുൻഗണന നൽകാൻ നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ നവീന കൃഷി രീതികളായ പോളിഹൗസ്, അക്വാപോണിക്സ്, ഹൈഡ്രോപോണിക്സ് എന്നീ കൃഷി രീതികളിൽ വനിതകളെ പ്രാപ്തരാക്കുവാനും മൂല്യവർധിത മേഖലയിൽ കൂടുതൽ വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കാനും ഉദ്ദേശിക്കുന്നു.

തരിശ്ശായി കിടക്കുന്ന സ്ഥലങ്ങളിൽ ആ പ്രദേശത്തിന് യോജിച്ച വിളകൾ കൃഷി ചെയ്യുന്നതിനുവേണ്ട സഹായങ്ങൾ ഹരിത കേരളം മിഷൻ വഴിയും നൽകിവരുന്നു. ഇതുകൂടാതെ ജനകീയാസൂത്രണ പദ്ധതികളിൽ വനിതാ ഘടക പദ്ധതികൾക്കായി പ്രത്യേകം ഫണ്ട് മാറ്റി വയ്ക്കുന്നുമുണ്ട്.

## കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതി

6(1635) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി പദ്ധതിയിൽ ഉൾപ്പെട്ട കൃഷിക്കാർക്ക് വൈദ്യുതി ബിൽ സമയബന്ധിതമായി അടച്ചില്ല എന്ന കാരണം പറഞ്ഞ് ഡിസ്കണക്ഷൻ മുന്നറിയിപ്പ് കൊടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് ഈ പ്രശ്നത്തിന് ഉചിതമായ പരിഹാരം കാണാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. കാർഷിക ആവശ്യത്തിനുള്ള പമ്പുസെറ്റുകളുടെ വൈദ്യുതി കുടിശ്ശിക, പി.എം. കുസും പദ്ധതി നടത്തിപ്പ് എന്നിവയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വൈദ്യുതി, കൃഷി വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ 24-01-2024-ന് യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ

വൈദ്യുതി കുടിശ്ശികയുടെ പ്രശ്നം ഒരു കാരണവശാലും കർഷകരെ ബാധിക്കാൻ പാടില്ലെന്നും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാൻ പാടില്ലെന്നും കുടിശ്ശിക എത്രയുണ്ട് എന്നതുസംബന്ധിച്ച കൃത്യമായ ധാരണയിലെത്തി ധനകാര്യ വകുപ്പുമായി ആലോചിച്ച് കുടിശ്ശിക നിവാരണം ചെയ്യുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കണമെന്നും തീരുമാനിച്ചിരുന്നു.

**കാലാവസ്ഥാ വ്യതിയാനംമൂലം കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ**

7(1636) **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനംമൂലം സംസ്ഥാനത്തെ കാർഷികമേഖല നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉണ്ട്. 2024 ഫെബ്രുവരി മുതൽ മേയ് മാസം വരെയുണ്ടായ കടുത്ത വരൾച്ചയും തുടർന്നുണ്ടായ അതിതീവ്ര മഴയും കാരണം വ്യാപകമായ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. വരൾച്ചമൂലം സംസ്ഥാനത്തുടനീളം 46587 ഹെക്ടറിൽ കൃഷിനാശം സംഭവിച്ചതായും 375.81 കോടി രൂപയുടെ

നഷ്ടമുണ്ടായതായും 56947 കർഷകരെ ഇത് ബാധിച്ചതായും കണക്കാക്കിയിട്ടുണ്ട്. പ്രധാന കാർഷിക ജില്ലകളായ ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ ഉൾപ്പെടെയുള്ള എല്ലാ ജില്ലകളിലും അതിരൂക്ഷമായ വരൾച്ചയും ഉഷ്ണതരംഗവുംമൂലം പ്രധാന ഭക്ഷ്യവിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, പഴവർഗങ്ങൾ, പയറുവർഗങ്ങൾ മുതലായവയും ഏലം, കുരുമുളക്, കാപ്പി, കൊക്കോ, അടക്ക, നാളികേരം ഉൾപ്പെടെയുള്ള നാണ്യ, തോട്ടവിളകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു. ജലസേചന സ്രോതസ്സുകളെല്ലാം വറ്റിവരളുകയും വിളവെടുക്കാറായ ഫലവർഗങ്ങൾ വില്പനയോഗ്യമല്ലാതാകുകയും ചെയ്തു. അതിതീവ്ര മഴമൂലം സംസ്ഥാനത്ത് 3145 ഹെക്ടറിൽ കൃഷിനാശമുണ്ടായതായും 155.91 കോടി രൂപയുടെ നഷ്ടമുണ്ടായതായും 50273 കർഷരെ ഇത് ബാധിച്ചതായും കണക്കാക്കിയിട്ടുണ്ട്. കൂടാതെ കാലാവസ്ഥാ വ്യതിയാനംമൂലം രോഗ-കീടങ്ങളുടെ ആക്രമണവും വർധിച്ചുവരുന്നു.

(ബി) ഇവ നേരിടുന്നതിനായി എന്തെല്ലാം പരിഹാരമാർഗങ്ങളാണ് നടപ്പ്ാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാർഷിക മേഖലയിലുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി കൃഷി വകുപ്പിനുകീഴിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. പ്രകൃതിക്ഷോഭം, വന്യജീവി ആക്രമണം എന്നിവമൂലം വിളകൾക്കുണ്ടാകുന്ന പൂർണ്ണനാശത്തിന് ഇതിലൂടെ നഷ്ടപരിഹാരം നൽകുന്നു. നെൽകൃഷിക്ക് കീടരോഗബാധമൂലമുണ്ടാകുന്ന നാശങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിങ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ, വ്യക്തിഗത അടിസ്ഥാനത്തിലോ പദ്ധതിയിൽ ചേരാവുന്നതാണ്.

2. പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടി

കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന വിഹിതവും കേന്ദ്ര സർക്കാരിൽനിന്നുള്ള വിഹിതവും സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) മുഖേന നഷ്ടപരിഹാരമായി നൽകുന്നു. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വീണ്ടും വിളവിറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. രോഗ-കീടങ്ങളുടെ ആക്രമണംമൂലമുള്ള നഷ്ടത്തിനും കർഷകരുടെ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി ഉണ്ടാകുന്ന നഷ്ടത്തിനും മടകളുടെ പുനർനിർമ്മാണത്തിനുമുള്ള നഷ്ടപരിഹാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും (SDRF) ലഭ്യമാക്കുന്നതാണ്.

3. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി - Restructured Weather Based Crop Insurance Scheme (RWBCIS)

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി (AICIL) മുഖേന നടപ്പാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ വിളയെ ബാധിക്കുന്ന വിജ്ഞാപനം ചെയ്ത പ്രതികൂല സാഹചര്യങ്ങൾക്കെതിരെയാണ് പരിരക്ഷ നൽകുന്നത്. കേരളത്തിലെ 14 ജില്ലകളിലും ഈ പദ്ധതി വിജ്ഞാപനം ചെയ്ത് നടപ്പാക്കിവരുന്നു. ഇതിനായി ജില്ലകളിൽ കാലാവസ്ഥ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

4. കാലാവസ്ഥാ വ്യതിയാനംമൂലം കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ലഭ്യമാക്കുന്നതിന് 'KERA' പദ്ധതിയിൽ വിശദമായ പഠനം ലക്ഷ്യമിട്ടിട്ടുണ്ട്.

**സ്വന്തമല്ലാത്ത ഭൂമിയിൽ കൃഷിചെയ്യുന്ന കർഷകർക്കുള്ള ആനുകൂല്യങ്ങൾ**

8(1637) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്തതിനാൽ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷിചെയ്യുന്ന കർഷകരുടെ കണക്കും ഇത്തരത്തിൽ കൃഷിചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വിവരശേഖരണത്തിന്റെ നോഡൽ ഏജൻസിയായ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് 2015-16 വർഷം അടിസ്ഥാനമാക്കി നടത്തിയ പത്താമത് കാർഷിക സെൻസസിന്റെ റിപ്പോർട്ട് പ്രകാരം ലഭ്യമായ കൃഷി ഭൂമി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | സ്വന്തമായി ഭൂമിയില്ലാത്തതിനാൽ മറ്റുള്ളവരുടെ ഭൂമിയിൽ പാട്ട വ്യവസ്ഥയിലും അല്ലാതെയും കൃഷി ചെയ്യുന്നതിന്റെ വിവരങ്ങൾ | |
|---|---|---|
| | കൈവശാനുഭവ ഭൂമികളുടെ (ഹോൾഡിങ്ങുകളുടെ) എണ്ണം | വിസ്തൃതി (ഹെക്ടറിൽ) |
| തിരുവനന്തപുരം | 1070 | 19.5 |
| കൊല്ലം | 1229 | 20.9 |
| പത്തനംതിട്ട | 539 | 92.3 |
| ആലപ്പുഴ | 1699 | 434.6 |
| കോട്ടയം | 1096 | 379.2 |
| ഇടുക്കി | 15744 | 13013.8 |
| എറണാകുളം | 1981 | 472.5 |

| | | |
|---|---|---|
| തൃശ്ശൂർ | 164 | 39.2 |
| പാലക്കാട് | 1170 | 292.5 |
| മലപ്പുറം | 447 | 153 |
| കോഴിക്കോട് | 377 | 109.8 |
| വയനാട് | 8029 | 1374.9 |
| കണ്ണൂർ | 408 | 150.7 |
| കാസർഗോഡ് | 195 | 48 |
| **ആകെ** | **34148** | **16600.9** |

(ബി) ഇത്തരത്തിൽ കൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ ആനുകൂല്യങ്ങളാണ് നിലവിൽ കൃഷി വകുപ്പ് നൽകിവരുന്നതെന്നും എന്തൊക്കെ ആനുകൂല്യങ്ങൾ പുതുതായി നൽകാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം വിത്ത് തൈകളുടെ വിതരണം കൂടാതെ പച്ചക്കറി കൃഷി ചെയ്യുന്നതിന് 20000-25000 രൂപവരെ സഹായം നൽകിവരുന്നു. കൃത്യത കൃഷിക്കായി ഹെക്ടറിന് ഒരുലക്ഷം രൂപയാണ് മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് സഹായം. നെൽ കർഷകർക്കായി സുസ്ഥിര നെൽകൃഷി വികസന പദ്ധതി മുഖാന്തരം ഹെക്ടറിന് 5500 രൂപയാണ് സഹായം. കൂടാതെ ഉൽപാദനോപാധികളായ

നെൽവിത്ത്, വളം, കുമ്മായം എന്നിവയ്ക്ക് സബ്സിഡി നൽകുന്നു. NFSM പദ്ധതി പ്രകാരം പ്രദർശന തോട്ടങ്ങൾക്കും ആനുകൂല്യം നൽകുന്നുണ്ട്. തരിശുനില നെൽകൃഷിക്കായി 40000 രൂപ ധനസഹായം നൽകുന്നുണ്ട്. ഏകവർഷ ഫലവർഗ വിളകളായ വാഴ, പൈനാപ്പിൾ എന്നിവയ്ക്കും വെറ്റില, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയുടെ വിള വിസ്തൃതി വർധിപ്പിക്കുന്നതിനും പുഷ്പകൃഷി നടത്തുന്നതിനും സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തരം മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. ഫാം പ്ലാൻ പദ്ധതി പ്രകാരം കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് കൃഷി ചെയ്യുന്ന ഉൽപാദന മേഖലയിലെ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർ/വ്യക്തിഗത കർഷകർ എന്നിവർക്ക് മാതൃക സംയോജിത കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കാൻ (ഐ.എഫ്.എസ്. പ്ലോട്ട്) 25000 രൂപ സഹായം, ഇതോടൊപ്പം Non IFS മാതൃക തോട്ടങ്ങൾ സ്ഥാപിക്കാനുള്ള സഹായവും മൂല്യവർധിത/സേവനമേഖല കൃഷിക്കൂട്ടങ്ങൾക്ക് വെഞ്ചർ ക്യാപിറ്റൽ ഫണ്ടും നൽകിവരുന്നു.

**പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ നടപടികൾ**

9(1638) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ ആവശ്യകതയുടെ എത്രശതമാനം പച്ചക്കറിയാണ് സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നതെന്നും എത്ര ശതമാനം പച്ചക്കറി ഇതരസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നുവെന്നും അറിയിക്കാമോ; ഏതൊക്കെ ഇതരസംസ്ഥാനങ്ങളിൽനിന്നും എത്രശതമാനം വീതം എന്നും തരം തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവെ കണക്കുകൾ പ്രകാരം പ്രതിവർഷം 20.3 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നതെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ പ്രതിവർഷ പച്ചക്കറി ഉൽപാദനം 17.21 ലക്ഷം മെട്രിക് ടൺ ആണ്. കേരളത്തിലെ കർഷകർ പ്രധാനമായും ഓണം, വിഷു മുതലായ ഉത്സവ സീസണുകളെ ലക്ഷ്യമിട്ടാണ് പച്ചക്കറി ഉൽപാദനം നടത്തിവരുന്നത്. ആഭ്യന്തര വിപണിയിൽ പച്ചക്കറിയുടെ ലഭ്യത കുറയുന്നതിനനുസരിച്ച് ഇതര

സംസ്ഥാനങ്ങളിൽനിന്നും പച്ചക്കറി സംസ്ഥാനത്തെ വിപണികളിൽ സ്വകാര്യ വ്യാപാരികൾ മുഖേന എത്തുന്നു.

(ബി) പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ നടപ്പാക്കിവരുന്ന നൂതന പദ്ധതികൾ ഏതെല്ലാമാണെന്നും ആയത് എപ്പോൾ മുതൽ നടപ്പിൽവരുത്താൻ കഴിയുമെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് "ഞങ്ങളും കൃഷിയിലേക്ക്" എന്ന ക്യാമ്പയിനിന്റെ ഭാഗമായി "പച്ചക്കറി വികസന പദ്ധതി" ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിലൂടെ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉൽപാദിപ്പിക്കാൻവേണ്ട ബോധവൽക്കരണവും ഉൽപാദനോപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര പച്ചക്കറി വികസന പദ്ധതി മുഖേന വിവിധ പദ്ധതി ഘടകങ്ങൾ നടപ്പാക്കിവരുന്നു.

പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ വിത്തുമുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. പ്രസ്തുത പദ്ധതി വിജയകരമായി നടപ്പാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉൽപാദനവും വർധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

പച്ചക്കറി വികസന പദ്ധതി ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ സുരക്ഷിത പച്ചക്കറികൾ നമ്മുടെ വീട്ടുവളപ്പുകളിൽനിന്നുതന്നെ ഉൽപാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സങ്കരയിനം പച്ചക്കറി വിത്തുകളുടെ വിവിധ ഇനങ്ങളടങ്ങിയ 100 രൂപ വിലവരുന്ന 1 ലക്ഷം വിത്ത് പായ്ക്കറ്റുകളും 3 രൂപ വിലവരുന്ന 50 ലക്ഷം സങ്കരയിനം പച്ചക്കറി തൈകളും വിതരണം ചെയ്തുവരുന്നു. കൂടാതെ വിവിധ ഇനം പച്ചക്കറി വിത്തുകളുടെ 10 രൂപ വിലയുള്ള 25 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.5 രൂപ വിലയുള്ള 40 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് പൂർണ്ണമായും സൗജന്യമായി വിതരണം നടത്തിവരുന്നു. വിവിധ മാധ്യമങ്ങൾ

മുഖേന 5 രൂപ വിലയുള്ള 3 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും വിതരണം ചെയ്യുന്നു.

ദീർഘകാല പച്ചക്കറി വിളകളുടെ പ്രോത്സാഹനത്തിനായി ദീർഘകാല വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയ ഇനങ്ങളുടെ 15 രൂപ വിലവരുന്ന 1 ലക്ഷം തൈകൾ സൗജന്യമായി കർഷകർക്ക് വിതരണം നടത്തിവരുന്നുണ്ട്. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പാക്കുന്നത്.

നഗരപ്രദേശങ്ങളിൽ സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവരെ ലക്ഷ്യമിട്ട് ചെടിച്ചട്ടികളിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു. ഒരു കർഷകന് 25 പച്ചക്കറി തൈകൾ, മൺചട്ടി/HDPE ചട്ടികളിൽ ആക്കിയ ഒരു യൂണിറ്റിന് 75% സബ്സിഡി നിരക്കിൽ, ആകെ 8000 യൂണിറ്റുകൾ വിതരണം ചെയ്യുന്നുണ്ട് (ഒരു യൂണിറ്റിന്റെ വില 5000 രൂപ). കൂടാതെ പോഷക സമൃദ്ധി മിഷന്റെ ഭാഗമായി 2024-25 സാമ്പത്തിക വർഷം മുതൽ പോഷകത്തോട്ടം നിർമ്മിക്കുന്നതിന്

ധനസഹായം നൽകി സുരക്ഷിത പച്ചക്കറി വീട്ടിൽനിന്നുതന്നെ ലഭ്യമാക്കുന്നതിന് വിഭാവന ചെയ്തിട്ടുണ്ട്.

**പോഷകത്തോട്ടം നിർമ്മിക്കുന്നതിന് പ്രോത്സാഹനം**

പോഷക സമൃദ്ധി മിഷനിൽ ഉൾപ്പെടുത്തി വീട്ടുവളപ്പുകളിൽ 1 ലക്ഷം പോഷകത്തോട്ടം നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി സങ്കരയിനം പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ, മറ്റ് ഉൽപാദനോപാധികൾ എന്നിവ 500 രൂപ സബ്സിഡിയിൽ കർഷകന് നൽകുന്നു. കൂടാതെ പോഷകത്തോട്ടം നിർമ്മിക്കുന്നതിനുള്ള മാതൃക, കൃഷി ചെയ്യുന്നതിനുവേണ്ട മാർഗനിർദേശങ്ങൾ തുടങ്ങിയവയും നൽകുന്നുണ്ട്. ഇതിലൂടെ സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പുകളിൽനിന്നുതന്നെ ലഭ്യമാക്കുന്നതിനും ജീവിതശൈലി രോഗങ്ങളെ അകറ്റി നിർത്തുന്നതിനും സഹായിക്കുന്നു. കൂടാതെ പോഷക പ്രാധാന്യമുള്ള ഭക്ഷണത്തിന്റെ ആവശ്യകതയെ സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടികളും കാർഷിക പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നതിനും മിഷന്റെ ഭാഗമായി ലക്ഷ്യമിടുന്നു.

**തുറസ്സായ സ്ഥലത്തെ കൃത്യത കൃഷി**

2024-25 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി എന്ന ഘടകം നടപ്പാക്കിവരുന്നു. പ്രസ്തുത ഘടകത്തിലൂടെ കൃഷിക്കാവശ്യമായ അനുബന്ധ ഘടകങ്ങൾ കൃത്യമായ അളവിൽ ഉപയോഗിച്ച് പച്ചക്കറി ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും പരമ്പരാഗതമായ കൃഷി രീതികളെ പ്രോത്സാഹിപ്പിക്കുന്നതിനും സാധ്യമാകുന്നു. തുറസ്സായ സ്ഥലത്തെ കൃത്യത കൃഷി നടപ്പാക്കുന്നതിനായി ഒരു ഹെക്ടറിന് 1 ലക്ഷം രൂപ ധനസഹായം നൽകിവരുന്നു.

സസ്യ വളർച്ചയ്ക്കാവശ്യമായ ജലം, പോഷകമൂല്യങ്ങൾ എന്നിവ കൃത്യമായ സമയത്ത് കൃത്യമായ അളവിൽ കൃത്യമായ രീതിയിൽ സസ്യങ്ങൾക്ക് നൽകുന്ന കൃഷി സമ്പ്രദായമാണ് തുറസ്സായ സ്ഥലത്തെ കൃത്യത കൃഷി. ജലസേചനത്തിനായി ഡ്രിപ്പും ജലസേചനത്തിനോടൊപ്പം തന്നെ രാസവളങ്ങളും നൽകുന്ന ഫെർട്ടിഗേഷൻ സംവിധാനവും ഉപയോഗിക്കുന്ന ഈ കൃഷി രീതി പോളിഹൗസുകളിലും തുറസ്സായ

സ്ഥലത്തും നടത്താവുന്നതാണ്. പ്രസ്തുത പദ്ധതി ഘടകത്തിലൂടെ കൃഷിക്കാവശ്യമായ അനുബന്ധ ഘടകങ്ങൾ കൃത്യമായ അളവിൽ ഉപയോഗിച്ച് പച്ചക്കറി ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും പരമ്പരാഗതമായ കൃഷി രീതികളെ പ്രോത്സാഹിപ്പിക്കുന്നതിനും സാധ്യമാകുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 203 ഹെക്ടർ സ്ഥലത്ത് തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി നടപ്പാക്കുന്നതിന് പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി**

സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിക്ക് ധനസഹായം നൽകിവരുന്നു.

**വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി**

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി 10 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി

1-1.25 ലക്ഷം രൂപവരെ ധനസഹായം നൽകിക്കൊണ്ടുള്ള പദ്ധതി ഘടകമാണിത്. ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടർ ഒന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപവരെ ധനസഹായം നൽകുന്നു.

ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടർ ഒന്നിന് 30,000/- രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടർ ഒന്നിന് 10,000/- രൂപ അധിക ധനസഹായം നൽകുന്നതിന് വിഭാവന ചെയ്തിട്ടുണ്ട്. കർഷകർക്ക് കൃഷി സംബന്ധമായി പരിശീലന പരിപാടികളും ടി പദ്ധതി ഘടകത്തിലൂടെ നൽകിവരുന്നുണ്ട്.

**പച്ചക്കറി കൃഷിക്ക് അടിസ്ഥാന സൗകര്യ വികസനം**

**മഴമറയിലെ പച്ചക്കറി കൃഷി**

വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ

സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉൽപാദനം വർധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്ററുള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 30,000 സ്ക്വയർ മീറ്ററിൽ മഴമറ കൃഷി നടപ്പാക്കുന്നതിന് ലക്ഷ്യമിട്ട് പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

രാഷ്ട്രീയ കൃഷി വികാസ് യോജന 2022-23 പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 വർഷം വാഴയുടെയും പച്ചക്കറിയുടെയും കൃത്യതാ കൃഷി 100.29 ഹെക്ടർ സ്ഥലത്ത് നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ സുരക്ഷിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നാച്ചുറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ചർ, ട്യൂബുലാർ ടണൽവല, പോളിഹൗസ് കൃഷി എന്നിവയ്ക്ക് സഹായങ്ങൾ നൽകിവരുന്നു. 2023-24 വർഷം 0.81 ഹെക്ടറിൽ ട്യൂബുലാർ ഗ്രീൻ ഹൗസും 4.38 ഹെക്ടറിൽ ട്യൂബുലാർ ടണൽവല സ്ഥാപിച്ചതിനും 2.73 ഹെക്ടറിലെ പോളിഹൗസ് കൃഷിക്കും

സഹായം നൽകിയിട്ടുണ്ട്. കൃത്യതാ കൃഷി കൂടുതൽ കൃഷിയിടങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

നൂതന കൃഷി രീതികളായ ഹൈഡ്രോപോണിക്സ്, പോളി ഹൗസ് കൃഷി എന്നിവ പ്രോത്സാഹിപ്പിക്കാനായി ആവശ്യമായ പിന്തുണ സർക്കാർ തലത്തിൽ ചെയ്തുവരുന്നു. യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കാൻ ഇത്തരം കൃഷി രീതികൾ സഹായകരമാകും എന്നതിനാലും ഈ കൃഷി അനുവർത്തിക്കുന്ന കർഷകന് വരുമാന വർധന ഉണ്ടാകുമെന്നതിനാലും നൂതന കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ പ്രാധാന്യം നൽകിവരുന്നു.

**കാർഷിക സ്വയംപര്യാപ്ത സംസ്ഥാനം**

10(1639) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷികമായി സ്വയംപര്യാപ്തമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് ഭക്ഷ്യോൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനും ആയതിലൂടെ കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി വിവിധ പദ്ധതികൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പാക്കിവരുന്നു.

കാർഷിക വിളകളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനും ആയതിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി 2022-23 സാമ്പത്തിക വർഷം മുതൽ നടപ്പാക്കുന്ന പുതിയ പദ്ധതികളാണ് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സുസ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത

കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേകപൂർണ്ണവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിലുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. കൃഷി വകുപ്പിനോടൊപ്പം കേരള കാർഷിക സർവകലാശാല, കേരള സാങ്കേതിക സർവകലാശാല എന്നീ സ്ഥാപനങ്ങളും പദ്ധതിക്കുവേണ്ട സാങ്കേതിക പിന്തുണ നൽകുന്നു. കേരളത്തിന്റെ പൊതുസമൂഹത്തിൽ കൃഷിയുടെ പ്രാധാന്യം അറിയിക്കാനും കൃഷി ചെയ്യാൻ താൽപര്യമുള്ള മുഴുവൻ ജനവിഭാഗത്തേയും കൃഷിയിലേക്ക് കൊണ്ടുവരാനും ഉദ്ദേശിച്ച് ആരംഭിച്ച 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയും തുടർന്ന് ഉൽപാദന സേവന വിപണന മൂല്യവർധിത മേഖലയിലുണ്ടായ കൃഷിക്കൂട്ടങ്ങളും കാർഷികമേഖലയിൽ ചലനങ്ങളുണ്ടാക്കിയിട്ടുണ്ട്. കർഷകർ/കൃഷിക്കൂട്ടങ്ങൾ ചേർന്ന് രൂപീകരിച്ച കർഷക ഉൽപാദന സംഘടനകൾ കർഷകരുടെ വരുമാന വർധനയ്ക്കും നവീന വിപണി ഇടപെടലുകൾക്കും പിന്തുണ നൽകുന്നുണ്ട്.

വിള വിസ്തൃതി വർധനയും വികസനവും ലക്ഷ്യമിട്ട് നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗങ്ങൾ, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകിവരുന്നു. തെങ്ങിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗങ്ങളും കീടരോഗ നിയന്ത്രണ മാർഗങ്ങളും നടപ്പാക്കുന്ന 'കേരരക്ഷാവാരം' പദ്ധതി നിലവിൽ നടപ്പാക്കിവരുന്നു. ബഹുവിള കൃഷി, ഇടവിള കൃഷി, വിള പരിക്രമം (crop rotation) എന്നിവയിലൂടെ വിള വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുകയും അതുവഴി ഉൽപാദനക്ഷമത വർധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 'വിള വൈവിധ്യവൽക്കരണം, വിള തീവ്രത അവതരണം' എന്ന പദ്ധതി നടപ്പിലാക്കുന്നു.

കാർഷിക രംഗത്തെ തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക യന്ത്രവൽക്കരണ മേഖലയിൽ അഗ്രോ സർവീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ, കാർഷിക മേഖലയിൽ ഏകജാലക സംവിധാനങ്ങളായ കൃഷിശ്രീ സെന്ററുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്കാവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നൽകുക, തൊഴിലാളി കുറവുമൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉൽപാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ SMAM പദ്ധതിയിലൂടെ കർഷകർക്കും ഗ്രൂപ്പുകൾക്കും ആവശ്യമായ യന്ത്രങ്ങൾ ലഭ്യമാക്കുന്നു.

നഷ്ട സാധ്യത ലഘൂകരിക്കാൻവേണ്ടി പുനരാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗ നിയന്ത്രണത്തിനുമുള്ള അടിയന്തര പരിപാടി, വന്യമൃഗ ശല്യം ചെറുത്ത് നിൽക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ സഹായത്തോടുകൂടി നടപ്പാക്കുന്ന പ്രത്യേക പ്രോജക്ട് എന്നിവ നടപ്പാക്കുന്നുണ്ട്.

നിലവിലെ സാഹചര്യത്തിന്റെ സാങ്കേതികവിദ്യാധിഷ്ഠിത സ്വഭാവം കണക്കിലെടുത്തുകൊണ്ട് നൂതന സാങ്കേതികവിദ്യയുടെ മേഖലയിലേക്ക്

കേന്ദ്രീകൃത സാമ്പത്തിക സഹായവും ആവശ്യമാണ്. ഇതിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനം, AIMS പോർട്ടൽ, കൃഷി ഹബ് തുടങ്ങിയ വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾ നടപ്പാക്കിവരുന്നു.

കാർബൺ തുലിത സംരംഭങ്ങൾ, കാര്യക്ഷമമായ ജല ഉപയോഗം, കൃത്യതാ കൃഷി, പുനരുപയോഗ ഊർജസ്രോതസ്സുകളുടെ ഉപയോഗം, വനവൽക്കരണ സംരംഭങ്ങൾ, ജൈവ-പ്രകൃതി സൗഹൃദ സംരംഭങ്ങൾ, മണ്ണിന്റെ ആരോഗ്യം പുനഃസ്ഥാപിക്കൽ എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റ് പ്രധാന മേഖലകൾ. ഇതോടൊപ്പം ജൈവകൃഷി വികസനം, കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി, വിപണി വികസനം, കാർഷികോൽപന്നങ്ങളുടെ മൂല്യവർധനയ്ക്കായുള്ള പദ്ധതി, പഴം പച്ചക്കറികളുടെ വില സ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി, നെല്ല് സംഭരണം, പച്ചത്തേങ്ങ സംഭരണം, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് എന്നിവ നടപ്പാക്കിവരുന്നു. കാർഷിക മേഖലയിലെ പ്രധാന പ്രശ്നങ്ങളായ കാലാവസ്ഥാ വ്യതിയാനം, കൃഷിയിൽ വന്യമൃഗ ശല്യം, കാർഷിക

ഉൽപന്നങ്ങളുടെ വിലയിടിവ് , കാർഷിക തൊഴിലാളി ക്ഷാമം എന്നിവ മേൽ പറഞ്ഞ പദ്ധതികളിലൂടെ അഭിസംബോധന ചെയ്യുന്നു. കാർഷിക മേഖലയിലെ ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപ്പാക്കാനുദ്ദേശിക്കുന്ന 'കേര പദ്ധതിക്ക്' തത്വത്തിൽ അനുമതി ലഭ്യമായിക്കഴിഞ്ഞു. പദ്ധതി പ്രവർത്തനപഥത്തിൽ വരുന്നതോടെ കാർഷികമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം മൂല്യവർധന മേഖലയിലും കാര്യക്ഷമമായ ഇടപെടലുകൾ സാധ്യമാകും.

(സി) കർഷകർക്ക് അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ ജില്ലാ-സംസ്ഥാന തലങ്ങളിൽ പ്രത്യേക സമിതികൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ കർഷകർക്ക് അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും കാർഷിക വികസന സമിതികൾ നടത്തുന്നുണ്ട്. കർഷകരുടെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രതിമാസ MTA യോഗങ്ങൾ ATMA വഴി സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ കാർഷിക സർവകലാശാലയിലെ വിദഗ്ധരുമായി സംവദിക്കുന്നതിനും

കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമായി മുഖാമുഖം (ഇന്റർഫേസ്) പരിപാടികളും എല്ലാ വർഷവും സംഘടിപ്പിക്കുന്നുണ്ട്. കർഷകരും കൃഷി വകുപ്പുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങൾ ഭരണകർത്താക്കൾ നേരിട്ടുകണ്ട് മനസ്സിലാക്കുന്നതിനും ആയതിനുള്ള പരിഹാരം ഫീൽഡ് തലത്തിൽതന്നെ കാണുന്നതിനുമായി രൂപീകരിച്ച പദ്ധതിയായ കൃഷി ദർശൻ പരിപാടിയിലൂടെയും കർഷകർക്ക് അവരുടെ പ്രശ്നങ്ങൾ നേരിട്ട് അറിയിക്കാനും പരിഹാരം തേടാനും സാധിക്കുന്നു.

**പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത**

11(1640) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം

നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ഇതിനായി പ്രത്യേക ഘടകപദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പച്ചക്കറി കൃഷി വികസനത്തിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് "ഞങ്ങളും കൃഷിയിലേക്ക്" എന്ന ക്യാമ്പയിന്റെ ഭാഗമായി "സമഗ്ര പച്ചക്കറി വികസന പദ്ധതി" ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതരസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉൽപാദിപ്പിക്കാൻവേണ്ട ബോധവൽക്കരണവും ഉൽപാദനോപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 'സമഗ്ര പച്ചക്കറി വികസന പദ്ധതി' മുഖേന വിവിധ പദ്ധതി ഘടകങ്ങൾ നടപ്പാക്കിവരുന്നു. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ വിത്തുമുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. പ്രസ്തുത പദ്ധതി വിജയകരമായി നടപ്പാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉൽപാദനവും വർധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം
- പോഷകത്തോട്ടം നിർമ്മിക്കുന്നതിന് പ്രോത്സാഹനം
- തുറസ്സായ സ്ഥലത്തെ കൃത്യത കൃഷി
- സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി
- വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി
- പച്ചക്കറി കൃഷിക്ക് അടിസ്ഥാന സൗകര്യ വികസനം-മഴമറയിലെ പച്ചക്കറി കൃഷി

(ബി) പ്രസ്തുത പദ്ധതിയുടെ ഫലമായി സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും പച്ചക്കറി ഉൽപാദനം വർധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത പദ്ധതി വിജയകരമായി നടപ്പാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉൽപാദനവും വർധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ 1.14 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി

ചെയ്യുകയും 17.10 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപാദിപ്പിക്കുകയും ചെയ്യുന്നതിന് സാധ്യമായി. 2023-24 സാമ്പത്തിക വർഷത്തിൽ 1.15 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉൽപാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

(സി) ഈ വർഷത്തെ കടുത്ത ചൂടും അതിതീവ്ര മഴയും പച്ചക്കറി കൃഷിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഈ വർഷത്തെ കടുത്ത ചൂടും അതിതീവ്ര മഴയും പച്ചക്കറി കൃഷിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഏകദേശം 603 ഹെക്ടർ സ്ഥലത്തെ പച്ചക്കറിവിളകൾക്ക് നാശനഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്.

**ബജറ്റിൽ കൃഷി വകുപ്പിന് അനുവദിച്ച തുക**

12(1641) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ കൃഷി വകുപ്പിനും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സോയിൽ സർവെ, സോയിൽ കൺസർവേഷൻ, കാർഷിക സർവകലാശാല, വെയർഹൗസിംഗ്

കോർപ്പറേഷൻ എന്നിവയ്ക്കും എത്ര രൂപയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ?

1. കൃഷി വകുപ്പ്

2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ കൃഷി വകുപ്പിന് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **ശീർഷകം** | **വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ)** |
|---|---|---|
| 1. | പ്ലാൻ | 80621.00 |
| 2. | നോൺ പ്ലാൻ | 120111.27 |
| **ആകെ** | | **200732.27** |

2. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് 3916 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

3. കേരള കാർഷിക സർവകലാശാല

2023-24 സാമ്പത്തിക വർഷത്തേക്ക് സർവകലാശാലയ്ക്ക് ലഭ്യമായ പദ്ധതി വിഹിതം 75 കോടി രൂപയാണ്.

4. കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

2023-24 സാമ്പത്തിക വർഷം വെയർഹൗസിംഗ് കോർപ്പറേഷന് 110 ലക്ഷം രൂപ വകയിരുത്തി.

(ബി) അതിൽ എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; ഏതൊക്കെ പദ്ധതികൾക്കാണ് ചെലവഴിച്ചത്; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ?

1. കൃഷി വകുപ്പ്

കൃഷി വകുപ്പിന്റെ 2023-24 സാമ്പത്തിക വർഷം പദ്ധതി ഇനത്തിൽ ബജറ്റിൽ ആകെ അനുവദിച്ച തുക 80621.00 ലക്ഷം രൂപയും ആകെ ഭരണാനുമതി നൽകിയത് 54733.267 ലക്ഷം രൂപയും ചെലവഴിച്ചത് 51043.591 ലക്ഷം രൂപയുമാണ്.

വാർഷിക പദ്ധതി ആയതിനാൽ എല്ലാ പദ്ധതികളും പൂർത്തീകരിച്ചു. പദ്ധതി ഇനത്തിലുള്ള ചെലവുകളുടെ പട്ടിക അനുബന്ധം-1 ആയി ചേർക്കുന്നു.+

2. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

2023-24 സാമ്പത്തിക വർഷം ബജറ്റിൽ വകുപ്പിന് അനുവദിച്ചുകിട്ടിയ 2934.25 ലക്ഷം രൂപയിൽ 2252.07477 ലക്ഷം രൂപ വിനിയോഗിച്ചു. വിവിധ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. അധിക ധനാനുമതിയായി ലഭിച്ച പശ്ചിമഘട്ടത്തിന്റെ സംയോജിത വികാസം-പരിസ്ഥിതി സംരക്ഷണവും ജൈവവൈവിധ്യങ്ങളുടെ പുനസ്ഥാപനവും പ്രകൃതി വിഭവങ്ങളുടെ പരിപാലനവും എന്ന (2551-01-104-99) ശീർഷകത്തിലെ 0.564 ലക്ഷം രൂപയും ചെലവഴിച്ചു. 2024-25 സാമ്പത്തിക വർഷം ടി പദ്ധതി പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

3. കേരള കാർഷിക സർവകലാശാല

2023-24 സാമ്പത്തിക വർഷത്തേക്ക് സർവകലാശാലയ്ക്ക് ലഭ്യമായ പദ്ധതി വിഹിതം 75 കോടി രൂപയാണ്. ഭരണാനുമതി ലഭ്യമായ പദ്ധതി പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ സർവകലാശാലയ്ക്ക് അനുവദിച്ചിട്ടുണ്ട്. 2023-24 വർഷത്തെ ചെലവ് 10 കോടി രൂപയാണ്. 2023-24 സാമ്പത്തിക വർഷത്തെ ചെലവ് ഘടകങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.+

4. കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

1. 110 ലക്ഷം രൂപയിൽ 58.30 ലക്ഷം രൂപ അനുവദിച്ചു.
2. ടി അനുവദിച്ച തുക 58.3 ലക്ഷം രൂപയും ചെലവഴിച്ചു.
3. കോർപ്പറേഷനിലെ ഗോഡൗൺ നിർമ്മാണത്തിനും സി.സി.ടി.വി. സ്ഥാപിക്കുന്നതിനുമായി 53 ലക്ഷം രൂപ, 5.3 ലക്ഷം രൂപ യഥാക്രമം ചെലവഴിച്ചു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

4. ഗോഡൗൺ നിർമ്മാണം പുരോഗതിയിലാണ്. സി.സി.ടി.വി. സ്ഥാപിക്കൽ പദ്ധതി പൂർത്തീകരിച്ചു.

**ഗുരുവായൂർ മണ്ഡലത്തിൽ പുതിയ കാർഷിക പദ്ധതി**

13(1642) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ ക്ഷേത്രത്തിലേക്കുള്ള കദളിപ്പഴം, പൂക്കൾ, തുളസി എന്നിവയുടെ ആവശ്യകത കണക്കിലെടുത്ത് ഗുരുവായൂർ നഗരസഭയിലും ഗുരുവായൂർ മണ്ഡലത്തിലെ സമീപ പഞ്ചായത്തുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ചേർന്ന് കൃഷി വകുപ്പ് പുതിയ പദ്ധതികൾ നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

കദളീവനം, പുഷ്പ നഗരം എന്നീ പദ്ധതികൾ ഗുരുവായൂർ നഗരസഭയുടെ ജനകീയാസൂത്രണം പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ, പൂക്കോട്, തൈക്കാട് കൃഷി ഭവൻ പരിധിയിൽ വരുന്ന വിവിധ വാർഡുകളിലായി ഈ വർഷം നടപ്പാക്കിവരുന്നു.

| പദ്ധതി | വർഷം | കൃഷി ഭവൻ | വാർഡ് |
|---|---|---|---|

| | | | |
|---|---|---|---|
| പുഷ്പനഗരം പദ്ധതി 3,00,000 | 2024-25 | പൂക്കോട് | 33, 40, 1, 42, 43, 30, 39 |
| | | ഗുരുവായൂർ | 14, 13 |
| | | തൈക്കാട് | 8, 9 |
| കദളിവനം പദ്ധതി തുക 2,12,850 | 2023-24 | പൂക്കോട് | 33, 35, 43, 1, 2, 5 |
| | | ഗുരുവായൂർ | 23, 22, 12 |
| | | തൈക്കാട് | 24, 7, 9, 8, 6, 10, 20 |

**ഗുരുവായൂർ മണ്ഡലത്തിൽ കൂൺ ഗ്രാമം പദ്ധതി**

14(1643) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂൺ ഗ്രാമം പദ്ധതിക്കുവേണ്ടി തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് തിരഞ്ഞെടുക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പാക്കുന്ന കൂൺ ഗ്രാമം പദ്ധതിക്കായി തൃശ്ശൂർ ജില്ലയിൽ ഒല്ലൂർ, മതിലകം കാർഷിക ബ്ലോക്കുകളിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളെയാണ് ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ളത്.

(ബി) ഗുരുവായൂർ മണ്ഡലത്തിലെ പഞ്ചായത്തുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അടുത്ത ഘട്ട പ്രവർത്തനങ്ങൾ നടപ്പ◌ാക്കുമ്പോൾ പരിഗണിക്കുന്നതാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പദ്ധതി**

15(1644) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന◌ുശേഷം പൂഞ്ഞാർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പ◌ാക്കിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾക്കായി ആകെ എത്ര തുക ചെലവാക്കിയിട്ടുണ്ട്; അവയുടെ പുരോഗതി അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂഞ്ഞാർ മണ്ഡലത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിൽ 2 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

1. മൈലത്തടി വാട്ടർഷെഡ് പദ്ധതി (RIDF XXII) 132.41 ലക്ഷം രൂപ ചെലവഴിച്ചു.

2. ചെറുമല പാലയ്ക്കാത്തടം വാട്ടർഷെഡ് പദ്ധതി (RIDF XXV) 145.88 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തുന്നതിനായി പുതിയതായി എത്ര അപേക്ഷകൾ മണ്ഡലത്തിൽനിന്ന് ലഭിച്ചിട്ടുണ്ടെന്നും അതിന്റെ നിലവിലെ സ്ഥിതി എന്തെന്നും അറിയിക്കാമോ?

ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പൂഞ്ഞാർ മണ്ഡലത്തിൽനിന്നും പുതിയ അപേക്ഷകൾ ലഭിച്ചിട്ടില്ല.

**കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതിന് നടപടി**

16(1645) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എത്ര കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളായി ഉയർത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനുകീഴിൽ നടപ്പാക്കിവരുന്ന 'Strengthening of Agricultural Extension' പദ്ധതിയിലെ സ്മാർട്ട് കൃഷി ഭവൻ ഘടകത്തിലുൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽനിന്നും 3 കൃഷി ഭവനുകളെ തിരഞ്ഞെടുത്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ തിരഞ്ഞെടുത്ത കരകുളം (നെടുമങ്ങാട് ബ്ലോക്ക്) മംഗലപുരം (കഴക്കൂട്ടം ബ്ലോക്ക്) കൃഷി ഭവനുകളെ സ്മാർട്ട് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. 2023-24 സാമ്പത്തിക വർഷത്തിൽ തിരഞ്ഞെടുത്ത ആര്യനാട് കൃഷി ഭവന്റെ (കാട്ടാക്കട ബ്ലോക്ക്) സ്മാർട്ട് കൃഷി ഭവൻ പ്രവർത്തനങ്ങൾ ആരംഭ ഘട്ടത്തിലാണ്. കൂടാതെ NABARD RIDF

പദ്ധതിയിൽ ഉൾപ്പെടുത്തി നഗരൂർ കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവനാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) വർക്കല മണ്ഡലത്തിലെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഓരോ വർഷത്തെയും വാർഷിക ബജറ്റ് അനുസരിച്ച് ഘട്ടംഘട്ടമായി സംസ്ഥാനത്തെ കൃഷി ഭവനുകളെ സ്മാർട്ട് കൃഷിഭവനുകളായി മാറ്റുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. വരും വർഷങ്ങളിൽ വാർഷിക പദ്ധതികളുടെ ഭാഗമായി ഫണ്ട് ലഭ്യതയ്ക്കനുസൃതമായി വർക്കല മണ്ഡലത്തിലെ കൃഷിഭവനുകളെയും സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ ഭാഗമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ഡ്രിപ് ഇറിഗേഷൻ പദ്ധതി പ്രകാരമുള്ള സബ്സിഡി**

17(1646) <u>ശ്രീ. ചാണ്ടി ഉമ്മൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രിപ് ഇറിഗേഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വ്യക്തമാക്കാമോ; പദ്ധതിക്കായി ലഭിച്ചുവരുന്ന സബ്സിഡിയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജന പെർ ഡ്രോപ് മോർ ക്രോപ് (RKVY-PDMC) പദ്ധതി പ്രകാരം 2023-24 സാമ്പത്തിക വർഷം 420.69 ഹെക്ടർ പ്രദേശത്ത് സൂക്ഷ്മ ജലസേചന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയിൻകീഴിൽ 306 ഗുണഭോക്താക്കൾ ഡ്രിപ്പ് ഇറിഗേഷൻ സംവിധാനവും 248 ഗുണഭോക്താക്കൾ സ്പ്രിംഗ്ലർ (Sprinkler) ഇറിഗേഷൻ സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി 128.48 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കൃഷിയിടങ്ങളിൽ ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ലർ (Sprinkler) ഇറിഗേഷൻ എന്നിവ സ്ഥാപിക്കുന്നതിന് കർഷകർക്ക് സബ്സിഡി നൽകിവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി പദ്ധതി മാർഗരേഖ പ്രകാരമുള്ള അനുവദനീയ തുകയുടെ 55% വരെ ചെറുകിട നാമമാത്ര കർഷകർക്കും 45% വരെ മറ്റുള്ള കർഷകർക്കും സബ്സിഡി നൽകിവരുന്നു. ഒരു ഗുണഭോക്താവിന്

പരമാവധി അഞ്ച് ഹെക്ടർ വരെയുള്ള കൃഷിക്ക് പദ്ധതി മാർഗരേഖയ്ക്കനുസൃതമായി സബ്സിഡി നൽകിവരുന്നു.

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്വകാര്യ ഏജൻസികളെ ആശ്രയിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. പദ്ധതി നടത്തിപ്പിനായി കേന്ദ്രസർക്കാരിന്റെ മാർഗരേഖയിലെ നിബന്ധനകൾക്ക് വിധേയമായി ചീഫ് സെക്രട്ടറി അധ്യക്ഷനായ RKVY State Level Sanctioning Committee (SLSC) അംഗീകാരം നൽകി എംപാനൽ ചെയ്ത Original System Equipment Manufactures (OSM)-ന്റെ അംഗീകൃത ഡീലർമാരാണ് കൃഷിയിടങ്ങളിൽ ഡ്രിപ്പ് ഇറിഗേഷൻ സ്ഥാപിച്ചുനൽകുന്നത്.

(സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിൽ വീഴ്ച വന്നിട്ടുണ്ടോയെന്നും അതുകാരണം സബ്സിഡി മുടങ്ങിയിട്ടുണ്ടോയെന്നും അറിയിക്കാമോ; ഇതിലേക്ക് നയിച്ച സാഹചര്യം വ്യക്തമാക്കാമോ; സബ്സിഡി വീണ്ടും നേടിയെടുക്കാൻ ചെയ്ത ശ്രമങ്ങൾ വിശദമാക്കുമോ?

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിൽ വീഴ്ച സംഭവിച്ചിട്ടില്ല.

**തഴക്കര ജില്ലാ കൃഷിതോട്ടം**

18(1647) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തഴക്കരയിൽ സ്ഥിതി ചെയ്യുന്നതും ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിലുള്ളതുമായ ജില്ലാ കൃഷിത്തോട്ടത്തിൽ അനുവദിച്ചതും നടപ്പാക്കിയതും നടപ്പാലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദ വിവരം പദ്ധതി തുക ഉൾപ്പെടെ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

(എ&ബി) കൃഷി വകുപ്പിന്റെ അധീനതയിലുള്ള സ്പെഷ്യൽ ഫാമായ മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

1. നാളികേര വികസന പദ്ധതി പ്രകാരം ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ഉൽപാദനം.

2. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും പദ്ധതി പ്രകാരം ഗുണമേന്മയുള്ള കുരുമുളക്, വിവിധയിനം ഫലവൃക്ഷങ്ങൾ, പച്ചക്കറികൾ എന്നിവയുടെ നടീൽ വസ്തുക്കളുടെ ഉൽപാദനം.

3. ഫലവൃക്ഷങ്ങളുടെയും ഔഷധ സസ്യങ്ങളുടെയും പുഷ്പകൃഷിയുടെയും വികസനത്തിനായുള്ള പദ്ധതി.

4. പച്ചക്കറി വികസന പദ്ധതി.

5. ആർ.ഐ.ഡി.എഫ്. പദ്ധതികൾ.

ജില്ലാ ഫാമിന്റെ സമഗ്ര അടിസ്ഥാന സൗകര്യ വികസനത്തിനായി കെ.എൽ.ഡി.സി. മുഖേന നടപ്പാക്കുന്ന നബാർഡ്-ആർ.ഐ.ഡി.എഫ്. പദ്ധതികൾ പുരോഗമിച്ചുവരുന്നു.

പ്രധാന പദ്ധതികളുടെ പദ്ധതി തുകയുൾപ്പെടെയുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**യുവ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

19(1648) <u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തരിശുഭൂമി എത്രയെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ച് അവയുടെ വിവരം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **പേര്** | **പഞ്ചായത്ത്/ മുനിസിപ്പാലിറ്റി** | **തരിശുഭൂമി (Ha)** |
|---|---|---|
| മാവേലിക്കര | പഞ്ചായത്ത് | 124 |
| | മുനിസിപ്പാലിറ്റി | 61 |
| ചാരുംമൂട് ബ്ലോക്ക് | പഞ്ചായത്ത് | 891 |
| | **ആകെ** | **1076** |

(ബി) സംസ്ഥാനത്ത് യുവ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം പദ്ധതികളും ആനുകൂല്യങ്ങളുമാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

കാർഷിക രംഗത്തേക്ക് യുവകർഷകരെ ആകർഷിക്കാൻ നൂതന കൃഷിരീതികൾ, യന്ത്രവൽക്കരണം, വിപണനത്തിനുള്ള ആധുനിക സൗകര്യങ്ങൾ, മികച്ച വരുമാനം എന്നിവ അത്യന്താപേക്ഷിതമായ ഘടകങ്ങളാണ്. ഇവയെ അടിസ്ഥാനമാക്കിയുള്ള പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പാക്കിവരുന്നത്.

ഹൈടെക് കൃഷി രീതികളായ പോളിഹൗസ് പച്ചക്കറി കൃഷി, തുറസ്സായ ഇടങ്ങളിൽ കൃത്യത കൃഷി, മഴമറ കൃഷി, നെൽകൃഷിയിൽ ഡ്രോണുകൾ ഉപയോഗിച്ചുള്ള സൂക്ഷ്മ മൂലകങ്ങളുടെ പത്രപോഷണം, സംയോജിത കൃഷിരീതി എന്നിവയ്ക്ക് കൃഷി വകുപ്പ് നടപ്പാക്കുന്ന പ്രധാന പദ്ധതികളായ നെൽകൃഷി വികസനം, പച്ചക്കറി വികസനം, കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപാദന പരിപാടികൾ എന്നിവയിലൂടെ സഹായം നൽകിവരുന്നു. ശരാശരി വിളവ് വർധിപ്പിക്കുന്നതിന് കൃത്യമായ അളവിൽ ഉൽപാദനോപാധികൾ ഉപയോഗിക്കുന്ന ഒരു സമീപനമാണ് കൃത്യത കൃഷി അല്ലെങ്കിൽ പ്രിസിഷൻ ഫാമിംഗ്. ഈ കൃഷി രീതിയിലൂടെ ഉൽപാദനം കൂട്ടുന്നതിനോടൊപ്പം ഉൽപാദന ചെലവുകൾ കുറയുകയും ചെയ്യും. നാളികേര

വികസന പദ്ധതിയിലൂടെ നാളികേര കർഷകർക്ക് മികച്ച തെങ്ങിൻതൈകൾ, തെങ്ങുകയറ്റ യന്ത്രങ്ങൾ, സൂക്ഷ്മമൂലകങ്ങൾ, ജലസേചന യൂണിറ്റുകൾ, പമ്പ്സെറ്റുകൾ മുതലായവ കേരഗ്രാമം പദ്ധതിയിലും അല്ലാതെയും നൽകിവരുന്നുണ്ട്.

യുവ സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി അവരുടെ ആശയങ്ങൾ പ്രോജക്ടുകളായി മാറ്റുന്നതിനും വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഡി.പി.ആർ. ക്ലിനിക്കുകൾ 'കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ' എന്ന പദ്ധതിയിലൂടെ നടപ്പാക്കുന്നുണ്ട്. കൂടാതെ സംരംഭകർക്ക് അവരുടെ ഉൽപന്നങ്ങൾ വിൽക്കുന്നതിനും മറ്റ് സംരംഭകരിൽനിന്നും ഉൽപന്നങ്ങൾ വാങ്ങുന്നതിനും വേദി ഒരുക്കുന്നതിനായി 'ബിസിനസ്-ടു-ബിസിനസ്' മീറ്റുകളും കൃഷി വകുപ്പ് നടത്തിവരുന്നു.

സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (SFAC) മുഖേന ഇടത്തരം, സൂക്ഷ്മ, ചെറുകിട, കാർഷിക സംസ്കരണ/മൂല്യവർധന യൂണിറ്റുകൾ, വ്യക്തിഗത/എസ്.എച്ച്.ജി.

അടിസ്ഥാനമാക്കിയുള്ള മൂല്യവർധന യൂണിറ്റുകൾ തുടങ്ങിയവയ്ക്കുള്ള പദ്ധതി അധിഷ്ഠിത സഹായം SFAC മുഖേന നൽകുന്നു. മൂല്യവർധിത ഉൽപന്ന നിർമ്മാണ സംരംഭങ്ങൾക്ക് താഴെപ്പറയുന്ന പ്രകാരം എസ്.എഫ്.എ.സി. മുഖേന സബ്സിഡി നൽകിവരുന്നു.

| ക്രമ നം. | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1. | സൂക്ഷ്മതല സംരംഭം | 25 ലക്ഷം രൂപ വരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2. | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3. | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ | 30% പരമാവധി 50 ലക്ഷം |

വിളവെടുപ്പിനുശേഷമുള്ള പരിപാലന അടിസ്ഥാന സൗകര്യങ്ങൾ, കമ്മ്യൂണിറ്റി ഫാമിങ് ആസ്തികൾ എന്നിവയുമായി ബന്ധപ്പെട്ട ലാഭകരമായ പദ്ധതികളിൽ നിക്ഷേപിക്കുന്നതിന് പ്രോത്സാഹനത്തിലൂടെയും സാമ്പത്തിക പിന്തുണയിലൂടെയും ഇടക്കാല-ദീർഘകാല ഫിനാൻസിങ് സൗകര്യം സമാഹരിക്കുന്നതിനുവേണ്ടി കൃഷി വകുപ്പ് മുഖാന്തരം നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്.

ഇതിന്റെ ഭാഗമായി ഫാം-ഗേറ്റ് & അഗ്രഗേഷൻ പോയിന്റുകളിൽ (പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, കർഷക ഉൽപാദക സംഘടനകൾ, കാർഷിക സംരംഭകർ, സ്റ്റാർട്ടപ്പുകൾ മുതലായവർക്ക്) കാർഷിക ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നു.

കാർഷിക രംഗത്തെ ഒരു പ്രധാന പ്രശ്നം കാർഷിക രംഗത്തെ തൊഴിലാളിക്ഷാമമാണ്. ഈ പ്രശ്നം കാരണം യുവകർഷകർക്ക് കൃഷിയിൽനിന്ന് വിട്ടുനിൽക്കാനുള്ള പ്രവണതയുണ്ട്. കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് 'ഫാം യന്ത്രവൽക്കരണത്തിന് സഹായം'. കാർഷിക മേഖലയിൽ ആവശ്യമായ ഉൽപാദനോപാധികളായ ജൈവ വളങ്ങൾ, പച്ചക്കറി തൈകൾ എന്നിവയുടെ ഉൽപാദനം, വിതരണം, കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക, തെങ്ങുകയറ്റം, മരുന്നുതളി, നടീൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷികമേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ

നിരക്കിൽ കർഷകർക്ക് നൽകുക, തൊഴിലാളി കുറവുമൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉൽപാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവ ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ബ്ലോക്ക് തലത്തിൽ സ്ഥാപിച്ചിട്ടുള്ള കൃഷിശ്രീ സെന്ററുകളിലൂടെയും അഗ്രോ സർവീസ് സെന്ററുകളിലൂടെയും കാർഷിക കർമ്മസേനകളിലൂടെയുമാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. കൂടാതെ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതിയായ SMAM വഴി സബ്സിഡി നിരക്കിൽ കർഷകർക്ക് കാർഷിക യന്ത്രോപകരണങ്ങളും നൽകുന്നുണ്ട്.

**ആറ്റിങ്ങൽ മണ്ഡലത്തിൽ പഴം, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ ഉൽപാദന വർധനയ്ക്കായുള്ള പദ്ധതി**

20(1649) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഴവർഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ ഉൽപാദന വർധന ലക്ഷ്യമാക്കി നടത്തിവരുന്ന വകുപ്പുതല പദ്ധതി ആറ്റിങ്ങൽ

മണ്ഡലത്തിൽ എത്ര ഗുണഭോക്താക്കൾക്കായി നടപ്പാക്കിയിട്ടുണ്ടെന്ന് കൃഷിഭവൻ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

പഴവർഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ ഉൽപാദന വർദ്ധന ലക്ഷ്യമാക്കി നടത്തിവരുന്ന വകുപ്പുതല പദ്ധതിയിൽ ആറ്റിങ്ങൽ മണ്ഡലത്തിലെ ഉപഭോക്താക്കളുടെ എണ്ണം കൃഷി ഭവൻ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| **കൃഷി ഭവൻ** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|
| മണമ്പൂർ | 829 |
| ചെറുന്നിയൂർ | 898 |
| ഒറ്റൂർ | 1042 |
| കരവാരം | 296 |
| കിളിമാനൂർ | 341 |
| നഗരൂർ | 352 |
| പഴയകുന്നുമ്മേൽ | 544 |
| പുളിമാത്ത് | 326 |
| ആറ്റിങ്ങൽ | 1524 |
| വക്കം | 257 |
| **ആകെ** | **6409** |

## കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ പ്രോജക്ട്

21(1650) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

KERA (കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ പ്രോജക്ട്) പദ്ധതിയെപ്പറ്റി വിശദീകരിക്കാമോ?

കേരളത്തിലെ കാർഷിക മേഖലയുടെ പരിവർത്തനത്തിന് ലക്ഷ്യമിട്ട് ലോകബാങ്ക് സഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ പദ്ധതി (KERA). ശാസ്ത്രീയവും കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കുന്നതുമായ കൃഷിരീതികൾ അവലംബിക്കുന്നതിനും കാർഷിക സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനും കാർഷിക മേഖലയിലെ വിതരണ ശൃംഖലകളെ ശക്തിപ്പെടുത്തുന്നതിനും കാർഷിക വിപണികളുടെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും കൃഷിയിലും അനുബന്ധ മേഖലയിലും നിക്ഷേപം നടത്തി പ്രാദേശിക സമ്പദ്

വ്യവസ്ഥയെ ഊർജിതപ്പെടുത്തുകയാണ് ഈ പദ്ധതി മുഖേന പ്രധാനമായും ലക്ഷ്യമിടുന്നത്. കൃഷി വകുപ്പ് നേതൃത്വം നൽകുന്ന ടി പദ്ധതി നടപ്പാക്കാനായി ലോക ബാങ്കിന്റെ Investment Project Financing (IPF) പോളിസി രീതിയാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നത്. അഞ്ചുവർഷത്തെ പദ്ധതി കാലയളവിൽ മൊത്തം പദ്ധതി ചെലവ് 285 ദശലക്ഷം ഡോളറാണ്. ആയതിൽ 200 ദശലക്ഷം ഡോളർ (1655.85 കോടി രൂപ) ലോകബാങ്ക് വിഹിതവും 85 ദശലക്ഷം ഡോളർ (709.65 കോടി രൂപ) സംസ്ഥാന വിഹിതവുമാണ്. പദ്ധതിക്ക് 11-01-2024-ലെ GO(Ms)No. 09/2024/കൃഷി നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

ഘടകം 1 : കൃഷിയിലെ കാലാവസ്ഥാപ്രതിരോധവും ലഘൂകരണവും

കൃഷിഭവനുകൾ മുഖാന്തരം അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളിൽ (AEU) കാലാവസ്ഥാമാറ്റ പ്രതിരോധ സ്മാർട്ട്കൃഷി (Climate Smart Agriculture-CSA) സ്വീകരിക്കുന്നതിന് പിന്തുണ നൽകുക.

കർഷകർക്ക് മെച്ചപ്പെട്ട കാലാവസ്ഥാ പ്രതിരോധ സേവനങ്ങൾ എത്തിക്കുന്നതിന് വിജ്ഞാന വ്യാപന, ഉപദേശക സേവനദാതാക്കളുടെ ശേഷി വർധിപ്പിക്കൽ.

അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് (AEU) തലത്തിൽ കാർഷിക കാലാവസ്ഥാ സംവിധാനത്തിന്റെ ഉപയോഗക്ഷമത വർധിപ്പിക്കുന്നതിനാവശ്യമായ നിരീക്ഷണ സംവിധാനങ്ങൾക്ക് വേണ്ടുന്ന ഘടകങ്ങൾക്കുള്ള സഹായം.

മെച്ചപ്പെട്ട ജല ഉപയോഗക്ഷമതയ്ക്കും കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുമായി ലോ കാർബൺ നെൽകൃഷി സ്വീകരിക്കുക.

ഘടകം 2: പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി മൂല്യവർധനയ്ക്കായി ചെറുകിട കാർഷിക വാണിജ്യവൽക്കരണം വർധിപ്പിക്കുക.

കർഷകർക്കും/കർഷക ഗ്രൂപ്പുകൾക്കും അഗ്രി ബിസിനസിനുമിടയിൽ സുസ്ഥിര ഉൽപാദന സഖ്യങ്ങളുടെ (Productive Alliances) രൂപീകരണം.

സംസ്ഥാനത്ത് തിരഞ്ഞെടുത്ത തോട്ടവിളകളുടെ (റബർ, ഏലം, കാപ്പി) പുനരുജ്ജീവനം.

നയപരമായ പരിഷ്കാരങ്ങൾ, കൃഷിക്കുള്ള ഭൂമി ലഭ്യത വർധിപ്പിക്കൽ എന്നിവയിലൂടെ ഉൽപാദനക്ഷമത മെച്ചപ്പെടുത്തൽ.

ഘടകം 3: FPO, FPC, അഗ്രി ബിസിനസ്, അഗ്രി സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ കാർഷിക മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവയുടെ ശാക്തീകരണം.

- കേരളത്തിലെ FPO, FPC, കാർഷിക ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമതയും വളർച്ചയും വർധിപ്പിക്കുക.
- അഗ്രി സ്റ്റാർട്ടപ്പുകളുടെ ടെക്നോളജി ഇൻക്യുബേഷനുവേണ്ടിയിട്ടുള്ള കൈത്താങ്ങ്.

അഗ്രിപാർക്കുകൾക്കുള്ള സഹായം.

## പി.എം. കിസാൻ പദ്ധതി

22(1651) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പി.എം. കിസാൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള മുഴുവൻ ഗുണഭോക്താക്കളുടേയും പേരും മേൽവിലാസവും കൃഷിഭവൻ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പി.എം. കിസാൻ സമ്മാൻ പദ്ധതി നൂറുശതമാനവും കേന്ദ്ര ഗവൺമെന്റ് ഫണ്ട് വിനിയോഗിച്ച് നടത്തുന്ന പദ്ധതിയാണ്. പദ്ധതിയുടെ മുഴുവൻ പ്രവർത്തനങ്ങളും പി.എം. കിസാൻ (www.pmkisan.gov.in) എന്ന ഓൺലൈൻ പോർട്ടൽ വഴിയാണ് നടത്തുന്നത്. ഈ പോർട്ടൽ മുഴുവൻ നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരും ഈ പദ്ധതിക്കായി നിയോഗിച്ചിട്ടുള്ള സെൻട്രൽ പി.എം.യു.-വും ആണ്.

കേരളത്തിൽ ഈ പോർട്ടലിൽ ഓൺലൈനായി രജിസ്റ്റർ ചെയ്ത പി.എം. കിസാൻ ഗുണഭോക്താക്കളായിട്ടുള്ളവരുടെ എണ്ണം 37,65,937 ആണ്. കേന്ദ്രഗവൺമെന്റ് വർക്ക് ഫ്ലോ പ്രകാരം സംസ്ഥാനതലം, ജില്ലാതലം,

ബ്ലോക്ക് സബ് ഡിസ്ട്രിക്ട് തലങ്ങളിൽ മാത്രമാണ് ഈ പോർട്ടലിന്റെ പ്രവർത്തനങ്ങൾ നിജപ്പെടുത്തിയിട്ടുള്ളത്. പൊതുജനത്തിന് പി.എം. കിസാൻ പോർട്ടലിന്റെ ഹോം പേജിൽ Beneficiary list എന്ന മെനുവിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമാണ്. പൂർണ്ണമായ വിവരങ്ങൾ സെൻട്രൽ ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി മാത്രമേ സെൻട്രൽ പി.എം.യു.-വിൽനിന്നും ലഭിക്കുകയുള്ളൂ.

**സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി**

23(1652) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയെപ്പറ്റി വിശദമാക്കാമോ; 2024-2025 വർഷത്തിൽ എത്ര തുകയാണ് പ്രസ്തുത പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

1995 മുതൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി കേരളത്തിൽ നടപ്പാക്കിവരുന്നു. 22-03-2017-ലെ സ.ഉ.(എം.എസ്) നം.37/2017/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നഷ്ടപരിഹാര

തോത് വർധിപ്പിച്ചുകൊണ്ട് പുനരാവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം/ഭൂമികുലുക്കം, കടലാക്രമണം, വന്യജീവി ആക്രമണം, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത്. കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ കൃഷി ചെയ്യുന്ന വിളകളെക്കൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിങ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ വ്യക്തിഗത അടിസ്ഥാനത്തിലോ പദ്ധതിയിൽ ചേരാവുന്നതാണ്. പദ്ധതി പൂർണ്ണമായും

ഓൺലൈനായി എയിംസ് പോർട്ടൽ മുഖേനയാണ് നടപ്പാക്കുന്നത്. ഈ സാമ്പത്തിക വർഷത്തിൽ 3314 ലക്ഷം രൂപയാണ് വിള ഇൻഷ്വറൻസ് പദ്ധതി മുഖേന നഷ്ടപരിഹാരം നൽകുന്നതിനായി അനുവദിച്ചിട്ടുള്ളത്.

(ബി) എത്ര ഇനം കാർഷിക വിളകൾക്കാണ് പ്രസ്തുത പദ്ധതി പരിരക്ഷ നൽകുന്നതെന്ന് വിശദീകരിക്കാമോ?

തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർവർഗങ്ങൾ, കിഴങ്ങുവർഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നീ 27 വിളകളെയാണ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**ഞങ്ങളും കൃഷിയിലേക്ക് പദ്ധതി**

24(1653) <u>ശ്രീ. എം. എം. മണി:</u><br>
<u>ശ്രീ. കെ. ആൻസലൻ:</u><br>
<u>ശ്രീ. കെ. ബാബു (നെന്മാറ):</u>

ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഇതിലൂടെ സംസ്ഥാനത്തിന്റെ കാർഷിക, ഭക്ഷ്യ രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ലക്ഷ്യമിട്ടിരുന്നത്; വിശദാംശം നൽകുമോ?

ഞങ്ങളും കൃഷിയിലേക്ക് എന്ന ജനകീയ ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. എല്ലാ കേരളീയരിലും കാർഷിക സംസ്കാരം ഉണർത്തുക, ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉൽപാദനത്തിൽ പങ്കാളിയാകുക, സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുക, ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തുക, കാർഷിക മേഖലയിലെ മൂല്യവർധന പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർധിപ്പിക്കുക, സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക, മണ്ണിനെ സമ്പുഷ്ടമാക്കുക, പ്രകൃതിയെ/പരിസ്ഥിതിയെ സംരക്ഷിക്കുക, കാർഷികമേഖലയെ ഇതര ഭക്ഷ്യമേഖലകളുമായി കോർത്തിണക്കുക, കാർഷിക കൂട്ടായ്മയിലൂടെ 3 ലക്ഷം

തൊഴിലവസരങ്ങൾ 2026-ഓടുകൂടി സൃഷ്ടിക്കുക, തനതായ കാർഷിക വിഭവങ്ങളെ സംരക്ഷിക്കുക എന്നീ മാറ്റങ്ങൾ വരുത്താനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. മേൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സംസ്ഥാനത്തെ കാർഷിക സ്വയം പര്യാപ്തതയിലേക്ക് നയിക്കുകയെന്ന ലക്ഷ്യത്തോടെ 'കൃഷിക്കൂട്ടങ്ങൾ' (ഒരു പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സന്നദ്ധവും സജ്ജവുമായ വ്യക്തികളുടെ കൂട്ടായ്മയാണ് കൃഷിക്കൂട്ടം) ഉൽപാദന-സേവന-മൂല്യവർധന-വിപണന മേഖലകൾ കേന്ദ്രീകരിച്ച് രൂപീകരിക്കുകയും പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കാർഷികോൽപാദന, വിപണന, മൂല്യവർധിത മേഖലകളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; പദ്ധതിയുടെ ഭാഗമായി കൃഷിക്കൂട്ടങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; പദ്ധതി നടപ്പാക്കിയതിലൂടെ പുതിയതായി തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

പ്രസ്തുത ക്യാമ്പയിന്റെ ഭാഗമായി കാർഷികോൽപാദന, സേവന/ വിപണന/മൂല്യവർധിത മേഖലകളിലായി കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 23569 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് അവയ്ക്ക് AIMS രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ ഈ കൃഷിക്കൂട്ടങ്ങളിൽ 1000 മൂല്യവർധിത കൃഷിക്കൂട്ടങ്ങൾക്കും 200 സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങൾക്കും പ്രത്യേക സഹായം നൽകിയിട്ടുണ്ട്. കൃഷിക്കൂട്ടങ്ങളെ ചേർത്ത് കർഷക ഉൽപാദന സംഘടനകളും രൂപീകൃതമായിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിലൂടെ 2026-ഓടുകൂടി 3 ലക്ഷം തൊഴിലവസരങ്ങളാണ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 1 ലക്ഷം തൊഴിലവസരങ്ങൾ മേഖലയിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

**ഓണം വിപണി ലക്ഷ്യമാക്കിയുള്ള പദ്ധതികൾ**

25(1654) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണം വിപണി ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഓണം വിപണി ലക്ഷ്യമിട്ടും ഉത്സവ സീസണിൽ സുരക്ഷിത പച്ചക്കറി ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി കൃഷി വകുപ്പ് ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കിവരുന്ന പദ്ധതിയാണ് "പച്ചക്കറി വികസന പദ്ധതി", ഇതിലൂടെ ഓണക്കാലത്ത് സുരക്ഷിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കാൻ സാധ്യമാകുന്നു. കർഷകർ, വിദ്യാർഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീകൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കൃഷിക്കൂട്ടങ്ങൾ തുടങ്ങി പൊതുസമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഓണം വിപണി ലക്ഷ്യമിട്ട് നടപ്പാക്കുന്ന പച്ചക്കറി വികസന പദ്ധതി ഘടകങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച യുവജന സംരംഭക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

പരിശോധിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**കേരളകൃഷി ഹബ് പദ്ധതി**

26(1655) ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ കർഷകർക്കാവശ്യമായ സഹായങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി കേരളകൃഷി ഹബ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി മുഖേന ലക്ഷ്യമിടുന്നത് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാർഷിക പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കി ഓരോ കാലാവസ്ഥയിലെയും കാർഷിക ആവാസ വ്യവസ്ഥയെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തുന്നതിന് ഒരൊറ്റ പ്ലാറ്റ്ഫോമിൽ കേരളത്തിലെ കാർഷിക സംബന്ധിയായ എല്ലാ വിവരങ്ങളും ഏകീകരിക്കുക, വ്യക്തിഗത കാർഷിക

സവിശേഷതകളും രീതികളും നിർണ്ണയിക്കാൻ നിർമ്മിതബുദ്ധി സങ്കേതങ്ങൾ, ഉപഗ്രഹ ഡാറ്റ എന്നിവയിലൂടെ കൃഷിയിട അതിരുകൾ തിരിച്ചറിയുക, കർഷകർക്ക് കാലാവസ്ഥാ വ്യതിയാനത്തിന്റെ അപകടസാധ്യത മുൻകൂട്ടി തിരിച്ചറിയുന്നതിനും കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി കാർഷിക കാലാവസ്ഥാ മേഖല ആസൂത്രണവും; ജല ലഭ്യത അടിസ്ഥാനമാക്കി പ്രാദേശികമായി ശരിയായ വിള കണ്ടെത്തുകയും വിളയുടെ നടീൽ രീതികൾ, സീസണിലെ വിള ഉപദേശങ്ങൾ, ആരോഗ്യപരിപാലനം, വിളവ് കണക്കാക്കൽ തുടങ്ങിയ വിവരങ്ങൾ നൽകുക, കർഷകർക്ക് സുഗമമായ വിതരണ ശൃംഖലയും മികച്ച സേവനവും ഉറപ്പാക്കുന്നതിന് മാർക്കറ്റ് യാർഡ് ലിങ്കേജ് ആസൂത്രണം ചെയ്യുക, സർക്കാർ ആനുകൂല്യങ്ങളും പദ്ധതികളും ഫലപ്രദമായി നടപ്പാക്കുന്നതിന് കർഷകരുടെയും കൃഷിസ്ഥലങ്ങളുടെയും കൃഷിയെയും സംബന്ധിച്ച തത്സമയ വിവരങ്ങൾ ഒരുക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്ന രീതിയിൽ മൂന്ന് ഘട്ടങ്ങളായിട്ടാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രവർത്തനങ്ങൾ താഴെ നൽകുന്നു.

1. ഏകീകൃത കാർഷിക വിവര സങ്കേതം
2. ജിയോപോർട്ടലും മൊബൈൽ ആപ്ലിക്കേഷനും, നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കി കൃഷിയിടങ്ങളുടെ അതിര് നിർണ്ണയം
3. കാലാവസ്ഥാധിഷ്ഠിത വിള ആസൂത്രണം
4. കാർബൺ ന്യൂട്രൽ, കാർബൺ ക്രെഡിറ്റും നിർണ്ണയിക്കുന്നതിനുള്ള വിവരശേഖരണം
5. കർഷക, ഉദ്യോഗസ്ഥ ഡാഷ് ബോർഡുകൾ
6. ഏകീകൃത കർഷക വിവരം
7. കാർഷികോപദേശ സേവനങ്ങൾ
8. വിദൂര നിരീക്ഷണം (റിമോട്ട് സെൻസിങ്) ഉപയോഗിച്ചുള്ള വിള വർഗ്ഗീകരണവും വിസ്തൃതി കണക്കാക്കലും

9. വിള ആരോഗ്യ നിരീക്ഷണം

10. വിള ഉൽപാദനം കണക്കാക്കലും ഉൽപാദന കൂട്ടങ്ങളുടെ കൈകാര്യം ചെയ്യലും

11. മണ്ണിന്റെ ഈർപ്പാധിഷ്ഠിത ജലസേചനം

12. വിദൂര നിരീക്ഷണം (റിമോട്ട് സെൻസിങ്) ഉപയോഗിച്ചുള്ള വിളവെടുപ്പ് നിർണ്ണയം

13. കാലാവസ്ഥാ കെടുതികൾ സംബന്ധിച്ച് മുന്നറിയിപ്പ്

14. വിള പരിരക്ഷ

15. കേന്ദ്രീകൃത ധനവിതരണ സംവിധാനം

16. കൃഷിയിട യന്ത്രവൽക്കരണം

17. കർഷകർക്കുള്ള സഹായ സേവനം (ഹെൽപ് ഡെസ്ക്)

18. ഇലക്ട്രോണിക് വിപണന സംവിധാനങ്ങളുമായുള്ള സംയോജനം

19. ജലസേചന സമയം അറിയുന്നതിനുള്ള ജലവിഭവ വിവരങ്ങൾ (ജല ലഭ്യത, ജല വിതരണം തുടങ്ങിയവ)

20.കൃഷി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ സേവനങ്ങളും പ്രവർത്തനങ്ങളും

**കുന്നത്തുനാട് മണ്ഡലത്തിൽ ഹരിത കേരളം പദ്ധതി**

27(1656) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ കാർഷിക പരിസ്ഥിതി പുനഃസ്ഥാപന മേഖലയിൽ നടപ്പാക്കിയ പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**പച്ചത്തുരുത്ത് പദ്ധതി**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി തദ്ദേശീയമായ വൃക്ഷങ്ങളും സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക വന മാതൃകകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കുക എന്നതാണ്

പച്ചത്തുരുത്ത് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ പദ്ധതി മുഖ്യമായും നടപ്പാക്കുന്നത്. കുന്നത്തുനാട് മണ്ഡലത്തിൽ ഹരിതകേരളം മിഷന്റെ ഭാഗമായി 3 പച്ചത്തുരുത്തുകളാണ് നിലവിലുള്ളത്.

(ബി) പരിസ്ഥിതി സൗഹൃദ നെൽകൃഷി, ജൈവ കൃഷി പ്രോത്സാഹനം എന്നിവയ്ക്കായി മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

പരിസ്ഥിതി സൗഹൃദ നെൽകൃഷിക്കായി ചെലവഴിച്ച തുക-

4,92,77,893 /- രൂപ.

ജൈവ കൃഷി പ്രോത്സാഹനത്തിനായി ചെലവഴിച്ച തുക -

24,85,700/-രൂപ.

പരിസ്ഥിതി സൗഹൃദ നെൽകൃഷിക്കായും ജൈവ കൃഷി പ്രോത്സാഹനത്തിനായും ചെലവഴിച്ച തുകയുടെ ഘടകങ്ങൾ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് മണ്ഡലത്തിലെ കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

**ഹരിതസമൃദ്ധി വാർഡ്**

പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഓരോ വീട്ടിലും ലഭ്യമായ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുക എന്നതാണ് ഈ ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ കൃഷിഭവനുകളുടെ പരിധിയിലുള്ള ചുരുങ്ങിയത് ഒരു വാർഡിലെങ്കിലും മുഴുവൻ വീടുകളിലും അനുയോജ്യമായ രീതിയിൽ പച്ചക്കറിതൈകൾ നട്ടുവളർത്തുക എന്നതാണ് ഈ ക്യാമ്പയിൻകൊണ്ട് ഉദ്ദേശിക്കുന്നത്. കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട്, പുത്തൻകുരിശ്, കുന്നത്തുനാട്, പൂത്തൃക്ക, തിരുവാണിയൂർ, വാഴക്കുളം എന്നീ ഗ്രാമപഞ്ചായത്തുകളിൽനിന്നും 6 വാർഡുകൾ നടപ്പുസാമ്പത്തിക വർഷം ഹരിതസമൃദ്ധി വാർഡ് ക്യാമ്പയിനുവേണ്ടി നിലവിൽ തിരഞ്ഞെടുത്തിട്ടുണ്ട്.

**ഒറ്റപ്പാലം മണ്ഡലത്തിൽ ഹരിത കേരളം പദ്ധതി**

28(1657) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഒറ്റപ്പാലം മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഒറ്റപ്പാലം മണ്ഡലത്തിൽ കാർഷിക പരിസ്ഥിതി പുനഃസ്ഥാപന മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

**പച്ചത്തുരുത്ത്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി തദ്ദേശീയമായ വൃക്ഷങ്ങളും സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക വനമാതൃകകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കുക എന്നതാണ് പച്ചത്തുരുത്ത് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ പദ്ധതി മുഖ്യമായും നടപ്പാക്കുന്നത്.

ഒറ്റപ്പാലം മണ്ഡലത്തിൽ ഹരിതകേരളം മിഷന്റെ ഭാഗമായി 9 പച്ചത്തുരുത്തുകളാണ് നിലവിലുള്ളത്.

**നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ**

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച ക്യാമ്പയിനാണ് നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ. ഈ ക്യാമ്പയിൻ നടപ്പാക്കുന്നതിനായി ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് തിരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ, ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഒറ്റപ്പാലം മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ശ്രീകൃഷ്ണപുരം ബ്ലോക്കിൽ നെൽകൃഷി വികസനം, പച്ചക്കറി വികസന പദ്ധതി (പാടശേഖര സമിതിക്ക് ഓപ്പറേഷണൽ സപ്പോർട്ട്, കര നെൽകൃഷി വ്യാപനം, തരിശുഭൂമി നെൽ കൃഷി വ്യാപനം, തരിശുഭൂമി പച്ചക്കറി കൃഷി വ്യാപനം, സ്കൂൾ/ഇൻസ്റ്റിറ്റ്യൂട്ട് പച്ചക്കറി കൃഷി വ്യാപനം, ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ, ഓർഗാനിക്

കൃഷിക്ക് സഹായം, കമ്പോസ്റ്റ് കുഴികൾ), ലീഡ്സ്-ആത്മ പദ്ധതികൾ, സുഗന്ധ വ്യഞ്ജന കൃഷി വ്യാപനം, ജൈവ കൃഷി വികസനം, മണ്ണ് ആരോഗ്യ പരിപാലന പദ്ധതി, വിള ആരോഗ്യ പരിപാലന പദ്ധതി തുടങ്ങിയവയാണ് നടപ്പാക്കിയത്.

(ബി) നടപ്പുസാമ്പത്തിക വർഷം ഒറ്റപ്പാലം മണ്ഡലത്തിൽ കൃഷി വകുപ്പ് വിവിധ പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയെന്നും 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിന്റെ പരിധിയിൽ ശ്രീകൃഷ്ണപുരം, ഷൊർണ്ണൂർ മണ്ണാർക്കാട് ബ്ലോക്കുകളിലെ കൃഷി ഭവനുകളാണ് വരുന്നത്. നടപ്പുസാമ്പത്തിക വർഷം ശ്രീകൃഷ്ണപുരം ബ്ലോക്കിൽ പച്ചക്കറി വികസന പദ്ധതിക്കായി 3,16,325/- രൂപയും SHM പദ്ധതിയിൽ 12,48,000/- രൂപയും സാമ്പത്തിക ലക്ഷ്യമായി അനുവദിച്ചിട്ടുണ്ട്. ഷൊർണ്ണൂർ ബ്ലോക്കിൽ SHM പദ്ധതിയിൽ 4,73,800/- രൂപ ടാർജറ്റായി അനുവദിച്ചിട്ടുണ്ട്. മണ്ണാർക്കാട് ബ്ലോക്കിൽ പച്ചക്കറി വികസന പദ്ധതിക്കായി 41,075/- രൂപയും SHM

പദ്ധതിയിൽ 93,200/- രൂപയും സാമ്പത്തിക ലക്ഷ്യമായി അനുവദിച്ചിട്ടുണ്ട്. ഒറ്റപ്പാലം മണ്ഡല പരിധിയിൽ വരുന്ന ശ്രീകൃഷ്ണപുരം ബ്ലോക്കിലെ കൃഷി ഭവനുകളിലായി 2021-22 മുതൽ 176.02086 ലക്ഷം രൂപയും ഷൊർണ്ണൂർ ബ്ലോക്കിലെ കൃഷി ഭവനുകളിലായി 231.37153 ലക്ഷം രൂപയും മണ്ണാർക്കാട് ബ്ലോക്കിലെ കൃഷി ഭവനുകളിലായി 29.86087 ലക്ഷം രൂപയും വിവിധ പദ്ധതികളിലായി ചെലവഴിച്ചിട്ടുണ്ട്.

കൃഷി വകുപ്പ് ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നുള്ളതിന്റെ വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.+

**മാള ചക്ക ഫാക്ടറി നവീകരണം**

29(1658) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ സംസ്ഥാന ബജറ്റിൽ അനുമതി ലഭിച്ച മാള ചക്ക ഫാക്ടറി നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി എത്ര തുകയുടെ അനുമതിയാണ് ലഭിച്ചതെന്നും ആയത് വിനിയോഗിച്ച് എന്തൊക്കെ പ്രവർത്തനങ്ങളാണ് ഫാക്ടറിയിൽ നടപ്പാക്കുന്നതെന്നും അറിയിക്കാമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണെന്നും കാലതാമസം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

(എ-സി) 2023-24 വർഷം ഇക്കാര്യത്തിനായി സംസ്ഥാന ബജറ്റിൽ വക കൊള്ളിച്ച തുകയ്ക്കുള്ള ഭരണാനുമതി സാങ്കേതിക കാരണങ്ങളാൽ നൽകാൻ സാധ്യമായിട്ടില്ല. എന്നാൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ തനത് ഫണ്ടിൽനിന്നും പതിനാല് ലക്ഷം രൂപ ചെലവഴിച്ച് ഫാക്ടറി പ്രവർത്തനക്ഷമമാക്കാൻ ട്രയൽ റൺ നടത്തിയിട്ടുണ്ട്.

**കടാശ്വാസ തുക വിതരണം**

30(1659) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവുപ്രകാരം കടാശ്വാസ തുക വിതരണം ചെയ്യുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ഓരോ സാമ്പത്തികവർഷവും എത്ര കോടി രൂപ അനുവദിച്ചു എന്നറിയിക്കാമോ; ഇതിൽ എത്ര രൂപ കടാശ്വാസമായി വിതരണം ചെയ്തു; വിശദാംശം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**മുൻ വർഷത്തെ ബജറ്റിൽ നീക്കിവച്ച തുകയുടെ വിശദാംശം**

31(1660) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സാമ്പത്തിക വർഷത്തെ ബജറ്റിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ നീക്കിവച്ച തുക എത്രയാണ്; എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

1. കൃഷി വകുപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പാക്കുന്ന പ്രധാന പ്രവൃത്തികളാണ് 'കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി, ആർ.ഐ.ഡി.എഫ്. പദ്ധതിയിലൂടെ അടിസ്ഥാന സൗകര്യ വികസനം' എന്നിവ. കുട്ടനാട് മേഖലയിൽ നിലവിലുള്ള പരമ്പരാഗത പെട്ടി-പറ സമ്പ്രദായം മാറ്റി പകരം ഊർജക്ഷമതയുള്ള വെർട്ടിക്കൽ ആക്സിൽ ഫ്ലോ പമ്പ്/സബ്മേഴ്സിബിൾ പമ്പ്സെറ്റുകൾ സ്ഥാപിക്കൽ, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ, മോട്ടോർതറ സ്ഥാപിക്കൽ എന്നിവ പ്രസ്തുത പദ്ധതികളിലൂടെ നടപ്പാക്കുന്നു.

മുൻ സാമ്പത്തിക വർഷത്തെ ബജറ്റിൽ കൃഷി വകുപ്പിനുകീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ നീക്കിവച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | 2023-24 | | |
|---|---|---|---|---|
| | | ബജറ്റിൽ വകയിരുത്തിയ തുക (ലക്ഷത്തിൽ) | പദ്ധതി നടത്തിപ്പിനായി അനുവദിച്ച തുക | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
| 1. | കുട്ടനാട് മേഖലയിലെ കാർഷിക | 1700.00 | 1104.96856 | 1001.62956 |

| | | | | |
|---|---|---|---|---|
| | വികസനത്തിനുള്ള പദ്ധതി | | | |
| 2. | ആർ.ഐ.ഡി.എഫ്. പദ്ധതിയിലൂടെ അടിസ്ഥാനസൗകര്യ വികസനം | 1000.00 | 3526.47608 | 3402.08795 |
| | **ആകെ** | **2700.00** | **4631.44464** | **4403.71751** |

**2. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്**

2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് പദ്ധതിയിനത്തിൽ 3916 ലക്ഷം രൂപ വകയിരുത്തിയിരുന്നു. വകുപ്പിന് അനുവദിച്ചുകിട്ടിയ 3916 ലക്ഷം രൂപയിൽ 2252.07477 ലക്ഷം രൂപ വിനിയോഗിച്ച് വിവിധ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. അധിക ധനാനുമതിയായി ലഭിച്ച പശ്ചിമഘട്ടത്തിന്റെ സംയോജിത വികസനം – പരിസ്ഥിതി സംരക്ഷണവും ജൈവവൈവിധ്യങ്ങളുടെ പുനസ്ഥാപനവും പ്രകൃതി വിഭവങ്ങളുടെ പരിപാലനവും എന്ന (2551-01-104-99) ശീർഷകത്തിലെ 0.564 ലക്ഷം രൂപയും ചെലവഴിച്ചു.

| ക്രമ. നം. | പദ്ധതിയുടെ പേരും ശീർഷകവും | ബജറ്റ് വിഹിതം (ലക്ഷം രൂപ) | 2023-24-ൽ ചെലവഴിച്ച തുക (ലക്ഷം രൂപ) |
|---|---|---|---|
| 1. | നീർത്തട അടിസ്ഥാനത്തിൽ മണ്ണ് ജല സംരക്ഷണം (RIDF) (2402-00-102-86 പദ്ധതി) | 2000 | 1303.77 |
| 2. | ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണം (2402-00-102-88 പദ്ധതി) | 65 | 47.28 |
| 3. | മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ (2402-00-102-87 പദ്ധതി) | 400 | 184.25 |
| 4. | ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം (2402-00-102-78 പദ്ധതി) | 200 | 93.541 |
| 5. | സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനം (2402-00-102-77 പദ്ധതി) | 400 | 97.16 |
| 6. | നബാർഡിന്റെ നിഡ (NIDA) സാമ്പത്തിക സഹായത്തിൽ തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ സമഗ്ര നീർത്തട വികസന പദ്ധതി (2402-00-102-76 പദ്ധതി) | 300 | 166.431 |
| 7. | പശ്ചിമഘട്ടത്തിന്റെ സംയോജിത വികസനം (2551-01-104-99 പദ്ധതി) | 0.57 | 0.564 |

**പച്ചക്കറി, പഴം, നെല്ല് എന്നിവയുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത**

32(1661) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021-വരെ പച്ചക്കറി, പഴം, നെല്ല് എന്നിവയുടെ ഉൽപാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്നതിനായി കൃഷി വകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഇതിന്റെ ഭാഗമായി എത്ര ഉൽപാദന വർധനയുണ്ടായിട്ടുണ്ടെന്നും വിശദാംശം സഹിതം വ്യക്തമാക്കാമോ?

കാർഷിക ഉൽപാദനം വർധിപ്പിക്കാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനും സംസ്ഥാനത്തെ കാർഷികരംഗം സ്വയംപര്യാപ്തമാക്കുന്നതിനുവേണ്ടിയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളിൽ ഭൂരിപക്ഷവും ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനുവേണ്ടി ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. 2016 മുതൽ 2021-വരെയുള്ള കാലയളവിലുണ്ടായ വലിയ കാലാവസ്ഥാ ദുരന്തങ്ങളും കോവിഡ് 19 മഹാമാരിയുംമൂലം സാമ്പത്തിക സ്ഥിതിക്കും

കേരളത്തിലെ കാർഷിക, അനുബന്ധ മേഖലകളുടെ വികസനത്തിനും വലിയ ഭീഷണിയാണ് ഉണ്ടായത്.

രണ്ട് പ്രളയങ്ങൾ തകർത്ത കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിലേയ്ക്കായി സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ നിരവധി പദ്ധതികൾ നടപ്പാക്കി. കൃഷിനാശം സംഭവിച്ച കർഷകർക്ക് നശിച്ചുപോയ വിളയുടെ വിസ്തീർണ്ണമനുസരിച്ച് നഷ്ടപരിഹാരത്തുകയും ഇൻഷ്വർ ചെയ്ത വിളകൾക്ക് ഇൻഷ്വറൻസ് തുകയും നൽകി. 'പുനർജ്ജനി' എന്ന പേരിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പാക്കേജിന്റെ ഭാഗമായി സൗജന്യ നെൽവിത്ത് വിതരണം, പച്ചക്കറി കൃഷി പുനരുദ്ധാരണം, 'ഓപ്പറേഷൻ ഡബിൾ കോൾ', സബ്സിഡിയോടുകൂടി ദീർഘകാല സുഗന്ധ വിളകളുടെ നടീൽ വസ്തുക്കൾ വാങ്ങൽ, മണ്ണ് പരിപോഷണത്തിന്റെ ഭാഗമായി കുമ്മായംപോലുള്ള വസ്തുക്കൾ ചേർക്കുന്നതിനുള്ള സബ്സിഡി, ജലസേചനത്തിന് പമ്പുസെറ്റുകൾ വാങ്ങുന്നതിനുള്ള സബ്സിഡി, പാടശേഖരങ്ങൾ/കർഷക ഗ്രൂപ്പുകൾ എന്നിവയുടെ പെട്ടി, പറ മറ്റുയന്ത്ര സാമഗ്രികൾ നന്നാക്കുന്നതിനുള്ള സഹായം, പുഷ്പ കൃഷി വികസനത്തിനുള്ള

സഹായം, എലി നശീകരണ ക്യാമ്പുകൾ നടത്തുന്നതിനുള്ള സഹായം എന്നീ പദ്ധതികളും ആ കാലഘട്ടത്തിൽ നടപ്പാക്കി.

പ്രകൃതി ദുരന്തങ്ങൾമൂലം നാശനഷ്ടം നേരിട്ട ആസ്തികൾ, ഭാവിയിൽ ഉണ്ടാകാനിടയുള്ള ദുരന്തങ്ങളെ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യയിലൂന്നി സമയബന്ധിതമായി പുനർനിർമ്മിക്കുന്നതിന് 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ' എന്ന പദ്ധതിക്ക് തുടക്കമിട്ടു. കൃഷി വകുപ്പ് നേരിട്ടും കേരള കാർഷിക സർവകലാശാല, മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, വി.എഫ്.പി.സി.കെ., കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.) എന്നീ സ്ഥാപനങ്ങൾ നടത്തുന്ന പദ്ധതികളും ഇതിലുൾപ്പെടുന്നു.

കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ടനുഭവിച്ച കർഷകർക്ക് ഒരു കൈത്താങ്ങായാണ് സംസ്ഥാന സർക്കാർ 'സുഭിക്ഷ കേരളം' പദ്ധതി 2020-21, 2021-22 വർഷങ്ങളിൽ നടപ്പാക്കിയത്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സഹകരണം, ജലസേചനം

തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കിയത്.

പച്ചക്കറി, പഴം കൃഷിയിൽ സ്വയംപര്യാപ്തത ലക്ഷ്യമാക്കിയും കാർഷിക സംസ്കാരം നിലനിർത്തുന്നതിനും ആരംഭിച്ച 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ക്യാമ്പയിനും തുടർന്ന് രൂപീകരിച്ച കൃഷിക്കൂട്ടങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതി ആസൂത്രണം ചെയ്യുകയും ഉൽപാദന, സേവന, വിപണന മേഖലയിൽ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. ഈ കൂട്ടായ്മയിലൂടെ രൂപീകരിക്കപ്പെട്ട കർഷക ഉൽപാദന സംഘടനകൾ ഉൽപാദന വർധനയിൽ നിർണ്ണായകമായ പങ്ക് വഹിച്ചുവരുന്നു.

കാർഷിക മേഖലയിൽ തരിശുനില കൃഷി, പച്ചക്കറി കൃഷിയിൽ മഴ മറകളുടെ പ്രോത്സാഹനം, സംയോജിത കൃഷി സംവിധാനങ്ങളുടെ പ്രോത്സാഹനം, ഒരുകോടി ഫല വൃക്ഷതൈകൾ നട്ടുവളർത്തൽ, വായ്പാ സൗകര്യം ലഭ്യമാക്കൽ എന്നിവ 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പാക്കി. 2021-22 സാമ്പത്തിക വർഷത്തിൽ 'സുഭിക്ഷ കേരളം'

പദ്ധതിയുടെ ഘടകങ്ങൾ മറ്റ് പദ്ധതികളായ നെൽകൃഷി വികസനം, പച്ചക്കറി വികസനം, പയർ-കിഴങ്ങുവർഗങ്ങളുടെ വികസനം, പഴവർഗങ്ങളുടെ വികസനം എന്നിവയിൽ ഉൾപ്പെടുത്തി നടപ്പാക്കി.

മേൽ പറഞ്ഞവ കൂടാതെ, സംസ്ഥാനാവിഷ്കൃത പദ്ധതികളായ നെൽകൃഷി വികസനം, പച്ചക്കറി വികസനം, പഴവർഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ, തദ്ദേശസ്വയംഭരണ വകുപ്പുമായി ഒത്തുചേർന്ന് നടപ്പാക്കുന്ന ജനകീയാസൂത്രണ പദ്ധതികൾ എന്നിവയിലൂടെയും പച്ചക്കറി, പഴം, നെല്ല് എന്നിവയുടെ ഉൽപാദന വർധനയ്ക്കായി സംസ്ഥാനത്ത് നടപ്പാക്കി.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ച 'അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട്' പ്രകാരം 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ഉൽപാദനം, ഉൽപാദനക്ഷമത പരിശോധിച്ചതിൽ കുറവ് രേഖപ്പെടുത്തിയിട്ടില്ല. 2016 മുതൽ 2021-വരെയുള്ള കാലയളവിൽ നെല്ല്, പച്ചക്കറി, പഴങ്ങൾ എന്നിവയുടെ ഉൽപാദനം കൂടിയിട്ടുണ്ട്.

ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (ഉൽപാദനം ലക്ഷം ടണ്ണിൽ).

| ക്രമ നമ്പർ | വിള | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|---|
| 1. | നെല്ല് | 4.36 | 5.21 | 5.78 | 5.87 | 6.34 |
| 2. | പഴങ്ങൾ (മാങ്ങ, പൈനാപ്പിൾ, വാഴപ്പഴം) | 9.75 | 11.38 | 5.22 | 11.25 | 11.32 |
| 3. | പച്ചക്കറി | 7.25 | 10.01 | 12.12 | 14.93 | 15.70 |

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പച്ചക്കറി, പഴം, നെല്ല് എന്നിവയുടെ ഉൽപാദനത്തിൽ വർധനയുണ്ടാകാൻ പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കാർഷിക മേഖലയിൽ സർക്കാരിന്റെ പ്രധാന ലക്ഷ്യം കൃഷിയുടെ ഉൽപാദനം, ഉൽപാദനക്ഷമത വർധിപ്പിക്കുക എന്നതാണ്. നെല്ലിന്റെ ഉൽപാദനക്ഷമത ഹെക്ടറിൽ 4.5 ടണ്ണായും നാളികേരത്തിന്റെ ശരാശരി ഉൽപാദനം ഒരു തെങ്ങിൽനിന്നും 80 തേങ്ങ/വർഷമായും ഇതുപോലെ ഓരോ വിളകളുടെയും ഉൽപാദനക്ഷമതയുടെ ടാർജറ്റുകൾ നിശ്ചയിക്കുകയും

വിത്ത്, വളം, വെള്ളം, കാർഷികവൃത്തി എന്നിവയിലെ ശാസ്ത്രീയ ഇടപെടലുകളിലൂടെ കൈവരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രധാന വിളകളായ നെല്ല്, പച്ചക്കറി, പഴവർഗങ്ങൾ, എന്നിവയുടെ വികസനം ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**a. നെല്ല്**

സുസ്ഥിര നെൽകൃഷി വികസനം ലക്ഷ്യമിട്ട് ഉൽപാദനോപാധികൾക്കുള്ള സഹായം, കൂട്ടുകൃഷി പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, നെൽവയൽ ഉടമകൾക്ക് റോയൽറ്റി, പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ എന്നിവയിലൂടെ സംസ്ഥാനത്ത് നെൽകൃഷി വികസനം ലക്ഷ്യമിടുന്നു. ഉൽപാദനക്ഷമത നിലവിലെ 3.09 ടൺ/ഹെക്ടറിൽനിന്നും 4.5 ടൺ/ഹെക്ടർ ലക്ഷ്യമിടുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം തൊട്ട് പത്ര പോഷണം വഴി നെൽ

കൃഷിയിൽ നാനോ പോഷകങ്ങൾ പ്രയോഗിക്കുന്നതിനുള്ള പദ്ധതി ഘടകവും നടപ്പാക്കുന്നുണ്ട്.

**b. പച്ചക്കറി വികസനം**

ഉൽപാദനം, ഉൽപാദനക്ഷമത വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അത്യുൽപാദനശേഷിയുള്ള സങ്കരയിനം വിത്തുകിറ്റുകളുടെ വിതരണം, ഓണക്കാലത്തും തുടർന്നും സുരക്ഷിത പച്ചക്കറി വീട്ടുവളപ്പിൽനിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചുള്ള 'ഓണത്തിന് ഒരുമുറം പച്ചക്കറി', തുറസ്സായ പ്രദേശങ്ങളിൽ കൃത്യതാ കൃഷി, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, ഇടുക്കി, വയനാട് ജില്ലകൾ കേന്ദ്രീകരിച്ചുള്ള ശീതകാല പച്ചക്കറി കൃഷി, പ്രോജക്ടടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി, തുടർച്ചയായുള്ള പച്ചക്കറി കൃഷി സുഗമമാക്കുന്നതിന് മഴമറ എന്നീ ഘടകങ്ങൾ പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നു. ഇതുമൂലം പച്ചക്കറി കൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറും (Gross Cropped Area), ഉൽപാദനക്ഷമത 15 ടൺ/ഹെക്ടറിൽനിന്നും 30 ടൺ/ഹെക്ടറാക്കാനും ലക്ഷ്യമിടുന്നു.

**c. പഴവർഗ വിളകൾക്കുള്ള പ്രോത്സാഹനം**

പഴവർഗ-പുഷ്പ-ഔഷധ സസ്യ കൃഷി വികസന പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് "ഫലവൃക്ഷ തൈകളുടെ വിതരണം". തദ്ദേശീയവും വിദേശീയവുമായ ഫലവർഗ ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുകയും അതുവഴി സംസ്ഥാനത്ത് ഫലവർഗ കൃഷിയുടെ വിസ്തൃതി വ്യാപനത്തിനുവേണ്ടിയും പദ്ധതി നടപ്പാക്കുന്നു. വിഷരഹിത ഫലവർഗങ്ങൾ കേരളത്തിലെ വീട്ടുവളപ്പുകളിൽതന്നെ ഉൽപാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യാൻ പദ്ധതി ലക്ഷ്യമിടുന്നു. കാർഷിക വികസന കർഷക ക്ഷേമവകുപ്പും മറ്റ് ഏജൻസി/വകുപ്പുകളായ ഡിപ്പാർട്ട്മെന്റൽ ഫാംസ്, കാർഷിക സർവകലാശാല, വി.എഫ്.പി.സി.കെ., കെ.എസ്.എ.എം.എം., കുടുംബശ്രീ, ആറളം ഫാമിങ് കോർപ്പറേഷൻ എന്നിവ മുഖേന തയ്യാറാക്കുന്ന ഫലവൃക്ഷ തൈകളാണ് പദ്ധതിയിലൂടെ വിതരണം ചെയ്യുന്നത്. പദ്ധതി പ്രകാരം നടീൽ വസ്തുക്കളായ, ഗ്രാഫ്റ്റ്/ലെയർ/ടിഷ്യൂകൾച്ചർ വാഴ, ഫലവൃക്ഷത്തൈകൾ തുടങ്ങിയവയാണ് വിതരണം നടത്തുന്നത്.

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, എം.ഐ.ഡി.എച്ച്. മുഖേന നടപ്പാക്കി വരുന്ന ഫലവർഗ വിളകളുടെ വികസന പദ്ധതിക്കായി കേന്ദ്ര വിഹിതം പരിമിതമായതിനാലും കൂടുതൽ കർഷകരെ ഫലവർഗ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായും കൃഷി ചെയ്യുന്നതിന് അധിക ധനസഹായം നൽകിവരുന്നു.

കേരളത്തിന്റെ സംസ്ഥാന ഫലമായ ചക്കയുടെ സംഭരണത്തിനും വിപണനത്തിനും ചക്കയിൽനിന്നുള്ള വിവിധ ഉൽപന്നങ്ങളുടെ നിർമ്മാണത്തിനുമായി വി.എഫ്.പി.സി.കെ. മുഖേന ചക്കയുടെ സംഭരണവും വ്യാപാരവും സംസ്കരണം എന്ന ഘടകം പഴവർഗ-പുഷ്പ-ഔഷധ സസ്യ കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾക്കായുള്ള പ്രോജനി പഴത്തോട്ടം, പ്രജനനം, വിസ്തൃതി വികസനം, ജലസേചന സഹായം, ഹാർഡനിങ് യൂണിറ്റുകൾ, വീട്ടുവളപ്പിലും വാണിജ്യാടിസ്ഥാനത്തിലുള്ള പഴവർഗ കൃഷി പ്രോത്സാഹനം എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

(സി) ഇതിന്റെ ഭാഗമായി ഉൽപാദനത്തിലുണ്ടായ വ്യത്യാസത്തിന്റെ കണക്ക് ജില്ല, വർഷം എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

സാമ്പത്തിക സ്ഥിതി വിവരക്കണക്കുപ്രകാരം പച്ചക്കറി, പഴം, അരി എന്നിവയുടെ ഉൽപാദനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുണ്ടായ വ്യത്യാസത്തിന്റെ ജില്ല, വർഷം എന്നിവ തിരിച്ച കണക്ക് അനുബന്ധമായി ചേർക്കുന്നു.+

**മഴക്കാല പച്ചക്കറി കൃഷി**

33(1662) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴക്കാല പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കാർഷിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വികസന കർഷക ക്ഷേമ വകുപ്പ് “പച്ചക്കറി വികസന പദ്ധതി” ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഒരു മുഖ്യഘടകമാണ് മഴമറയിലെ പച്ചക്കറി കൃഷി. മഴക്കാലത്ത് വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും സഹായകമാകുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. മഴമറയിലെ കൃഷിയിലൂടെ സുരക്ഷിത പച്ചക്കറികൾ വീട്ടിൽ തന്നെ ഉൽപാദിപ്പിക്കുന്നതിന് സാധ്യമാകുന്നു.

(ബി) 2023-24 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ എത്ര മഴ മറകളാണ് മഴക്കാല പച്ചക്കറി കൃഷിക്കുവേണ്ടി അനുവദിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം ബ്ലോക്ക് തിരിച്ച് ലഭ്യമാക്കാമോ?

2023-24 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ മഴക്കാല പച്ചക്കറി കൃഷിക്കുവേണ്ടി സ്ഥാപിച്ച മഴമറകളുടെ എണ്ണം ബ്ലോക്ക് തിരിച്ച് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബ്ലോക്കിന്റെ പേര് | സ്ഥാപിച്ച മഴമറ (എണ്ണം) |
|---|---|---|
| 1. | ബാലുശ്ശേരി | 2 |
| 2. | കാക്കൂർ | 2 |
| 3. | കൊടുവള്ളി | 9 |
| 4. | കൊയിലാണ്ടി | 8 |
| 5. | കോഴിക്കോട് | 4 |
| 6. | കുന്ദമംഗലം | 5 |
| 7. | കുന്നമ്മൽ | 1 |
| 8. | പേരാമ്പ്ര | 1 |
| 9. | തിക്കോടി | 6 |
| 10. | തോടന്നൂർ | 1 |
| 11. | തൂണേരി | 1 |
| 12. | വടകര | 5 |
| **ആകെ** | | **45** |

**തൃശ്ശൂർ ജില്ലയിൽ നെൽകർഷകർക്കുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ**

34(1663) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്രാവശ്യത്തെ കടുത്ത വരൾച്ചയിൽ തൃശ്ശൂർ ജില്ലയിലെ നെൽകർഷകർക്കുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ കൃഷി നാശം സംഭവിച്ച നെൽകർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) ജില്ലയിൽ എത്ര നെൽകർഷകർക്ക് എത്ര രൂപയുടെ നഷ്ടപരിഹാരം നൽകിയെന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലയിൽ വരൾച്ചമൂലം കൃഷി നാശം സംഭവിച്ചയിനത്തിൽ നഷ്ടപരിഹാരം ലഭിക്കാൻ ഇനിയും നെൽകർഷകർ ബാക്കിയുണ്ടോ; വിശദാംശം അറിയിക്കാമോ?

(എ-ഡി) ഇപ്രാവശ്യത്തെ കടുത്ത വരൾച്ചയിൽ 12657 കർഷകർക്കായി 10188.27 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. വരൾച്ചയും ഉഷ്ണതരംഗവുംമൂലം കൃഷിനാശം സംഭവിച്ച നെൽകർഷകർക്ക് SDRF വിഹിതവും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യവും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഉഷ്ണതരംഗംമൂലം കൃഷിനാശം നേരിട്ട കർഷകർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയം 30-06-2024 വരെ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. ഇൻഷ്വറൻസ് പരിരക്ഷ മാനദണ്ഡപ്രകാരം ലഭ്യമാക്കുന്നതുമാണ്. കൂടാതെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ നെൽകർഷകർക്ക് ജില്ലയിൽ വരൾച്ചയുണ്ടായിട്ടുള്ള കാര്യം പരിഗണിച്ച് കർഷകരിൽനിന്നും നിലവിലും അപേക്ഷ സ്വീകരിച്ചുവരുന്നു. നഷ്ടപരിഹാരത്തിന് അപേക്ഷിക്കുന്ന കൃഷി വകുപ്പിന്റെ പോർട്ടലായ 'എയിംസ് പോർട്ടലിലെ' റിപ്പോർട്ട് പ്രകാരം നെൽകൃഷിക്കുണ്ടായ നാശത്തിന് 01-02-2024 മുതൽ 15-06-2024 വരെ വിള ഇൻഷ്വറൻസ് നഷ്ടപരിഹാരത്തിനായി 4177 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിന് 38.83166 ലക്ഷം രൂപ അംഗീകരിച്ച് ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രകൃതിക്ഷോഭം പദ്ധതിയിൽ നഷ്ടപരിഹാരത്തിനായി 2496 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അത് പ്രകാരം 11.875 ലക്ഷം രൂപ

അംഗീകരിക്കുകയും ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**നെൽ കർഷകരുടെ ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് നടപടികൾ**

35(1664) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ലിന്റെ സംഭരണ വില ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

2023-24 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് വില അവരുടെ അക്കൗണ്ടുകളിൽ നൽകുന്നതിന് എസ്.ബി.ഐ, കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പി.ആർ.എസ്. വായ്പാപദ്ധതി പ്രകാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

2023-24 സീസണിൽ ഇതുവരെ സംസ്ഥാനത്ത് 196140 കർഷകരിൽനിന്ന് 5.56 LMT നെല്ല് സംഭരിച്ചിട്ടുണ്ട്. ആയതിന്റെ സംഭരണ വില 1568.53 കോടി രൂപയാണ്. നിലവിൽ എസ്.ബി.ഐ., കാനറ ബാങ്കുകളിലൂടെ PRS വായ്പ മുഖേനയാണ് കർഷകരുടെ സംഭരണ വില നൽകിവരുന്നത്. ഇതിലേയ്ക്കായി 1,69,260 കർഷകർക്ക് നൽകുന്നതിനായി 1352.37 കോടി രൂപയുടെ ലിസ്റ്റ് ടി ബാങ്കുകളിലേക്കായി സപ്ലൈകോ നൽകിയിട്ടുണ്ട്. ആയതിൽ 1,31,877 കർഷകർക്ക് നെല്ലിന്റെ വിലയായി 1054.03 കോടി രൂപ മേൽ പറഞ്ഞ ബാങ്കുകളിലൂടെ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കി കർഷകർക്ക് അടിയന്തരമായി പണം നൽകുന്നതിനുള്ള സത്വര നടപടികൾ സപ്ലൈകോ സ്വീകരിച്ചുവരുന്നു.

(ബി) നെൽകർഷകർക്ക് ലഭിക്കേണ്ട വിവിധ സബ്സിഡികൾ യഥാസമയം നൽകുന്നതിന് സത്വര നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

2024-25 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള നെൽകൃഷി വികസന പദ്ധതിക്കായി അനുവദിച്ചിട്ടുള്ള

9360 ലക്ഷം രൂപ വിനിയോഗിക്കുന്നതിനും നെൽകർഷകർക്ക് നൽകേണ്ട വിവിധ സബ്സിഡികൾ യഥാസമയം നൽകുന്നതിനും കൃഷിഭവൻ തലത്തിൽ ആവശ്യമായ നിർദേശങ്ങൾ നൽകി നടപടികൾ സ്വീകരിച്ചുവരുന്നു. 9360 ലക്ഷം രൂപയുടെ ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**കൃഷിഭവൻ നൽകുന്ന ഗുണമേന്മയുള്ള നെൽവിത്തുകൾ**

36(1665) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൂണിൽ ആരംഭിച്ച വിരിപ്പ് കൃഷിക്കായി സംസ്ഥാനത്തെ കൃഷിഭവൻ മുഖേന നൽകുന്ന ഗുണമേന്മയുള്ള നെൽവിത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ജൂണിൽ ആരംഭിച്ച വിരിപ്പ് കൃഷിക്കായി കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി, കേരള കാർഷിക സർവകലാശാല, നാഷണൽ സീഡ് കോർപ്പറേഷൻ, കൃഷി വകുപ്പിന്റെ ഫാമുകൾ എന്നിവിടങ്ങളിൽനിന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കൃഷി ഭവൻ മുഖേന ഉമ, ജ്യോതി, മട്ട ത്രിവേണി, മനുരത്ന, ശ്രേയസ്, പ്രത്യാശ, വർഷ, രക്തശാലി എന്നിങ്ങനെയുള്ള ഗുണമേന്മയുള്ള നെൽവിത്തുകളാണ് നൽകുന്നത്.

**നെല്ല് സംഭരണത്തിലെ ക്രമക്കേടുകൾ**

37(1666) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെല്ല് സംഭരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് കൃഷി ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എന്തൊക്കെയാണ് പ്രധാന കണ്ടെത്തലുകൾ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

നെല്ല് സംഭരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് കൃഷി ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് സർക്കാരിൽ 13-06-2024-ൽ ലഭ്യമായിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

**കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ വില ലഭ്യമാക്കുന്നതിന് നടപടി**

38(1667) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാടശേഖരങ്ങളിൽനിന്നും സംഭരിക്കുന്ന നെല്ലിന്റെ വില ലഭ്യമാക്കുന്നതിനായുള്ള പി.ആർ.എസ്. സംവിധാനം മുഖേന പല ബാങ്കുകളും യഥാസമയം പണം കർഷകർക്ക് നൽകാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നെല്ല് സംഭരണത്തിൽ കൂടുതൽ പി.ആർ.എസ്. അപേക്ഷകരുള്ള ചില ബാങ്ക് ബ്രാഞ്ചുകളിൽ ഇത്തരത്തിലുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അവസരത്തിൽ ബാങ്കുകളുടെ മേഖല ഓഫീസുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ പരിഹരിച്ചുപോരുന്നു.

(ബി) തൃശ്ശൂർ ജില്ലയിൽ എസ്.ബി.ഐ. ശാഖകളിൽനിന്നും പി.ആർ.എസ്. സ്വീകരിച്ച് പണം അനുവദിക്കുന്നതിൽ വീഴ്ച വരുത്തുന്നത് പരിഹരിക്കാനാവശ്യമായ ഇടപെടലുകൾ നടത്തുമോ?

തൃശ്ശൂർ ജില്ലയിൽ 28-04-2024 വരെ പേമെന്റ് ഓർഡർ ജനറേറ്റ് ചെയ്തിട്ടുള്ള കർഷകരുടെ ലിസ്റ്റാണ് എസ്.ബി.ഐ.-ലേക്ക് നൽകിയിട്ടുള്ളത്. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കർഷകർക്ക് അടിയന്തരമായി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എസ്.ബി.ഐ.-യുടെ മേഖല ഓഫീസുകളിലേക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.

(സി) പി.ആർ.എസ്. പ്രകാരം ലഭിക്കുന്ന വായ്പ കർഷകരുടെ വ്യക്തിഗത സിബിൽ സ്കോറിനെ ബാധിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പി.ആർ.എസ്. വായ്പാ പദ്ധതിയിൽ ബന്ധപ്പെട്ട ബാങ്കുകളുമായുള്ള കരാറിൽ സപ്ലൈകോയാണ് ഗ്യാരന്റർ (Guarantor). കർഷകർക്ക് പി.ആർ.എസ്. വായ്പവഴി നൽകുന്ന നെല്ലിന്റെ സംഭരണ തുകയുടെ മുതലും പലിശയും തിരിച്ചടയ്ക്കുന്നത് സപ്ലൈകോയാണ്. ആയതിൽ കർഷകന് ബാധ്യത വരുന്നില്ല. അതുകൊണ്ടുതന്നെ ആയത് കർഷകന്റെ സിബിൽ സ്കോറിനെ ബാധിക്കുന്നില്ല. മുൻ വർഷങ്ങളിലും സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് സമയബന്ധിതമായി നൽകുന്നതിന് പി.ആർ.എസ്. വായ്പ

പദ്ധതി സപ്ലൈകോ നടപ്പാക്കിയിട്ടുണ്ട്. അന്നും വായ്പയുടെ മുതലും പലിശയും സപ്ലൈകോ കൃത്യമായി തിരിച്ചടവ് നടത്തിയിട്ടുണ്ട്.

**നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് പണം നൽകുന്നതിനായി നടപടികൾ**

39(1668) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് സമയബന്ധിതമായി പണം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2023-24 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് വില നൽകുന്നതിന് എസ്.ബി.ഐ, കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പി.ആർ.എസ്. വായ്പാപദ്ധതി പ്രകാരം കർഷകന്റെ അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

2023-24 സീസണിൽ സംസ്ഥാനത്ത് 196140 കർഷകരിൽനിന്ന് 5.56 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ആയതിന്റെ സംഭരണ വില

1568.53 കോടി രൂപയാണ്. നിലവിൽ എസ്.ബി.ഐ., കാനറ ബാങ്കുകളിലൂടെ PRS വായ്പ മുഖേനയാണ് കർഷകരുടെ സംഭരണ വില നൽകിവരുന്നത്. ഇതിലേക്കായി 169260 കർഷകരുടെ 1352.37 കോടി രൂപയുടെ ലിസ്റ്റ് ടി ബാങ്കുകളിലേക്കായി സപ്ലൈകോ നൽകിയിട്ടുണ്ട്. ആയതിൽ 131877 കർഷകർക്ക് നെല്ലിന്റെ വിലയായി 1054.03 കോടി രൂപ മേൽ പറഞ്ഞ ബാങ്കുകളിലൂടെ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കിവരുന്ന കർഷകർക്ക് അടിയന്തരമായി പണം നൽകുന്നതിനുള്ള സത്വര നടപടികൾ സപ്ലൈകോ സ്വീകരിച്ചുവരികയാണ്.

(ബി) പി.ആർ.എസ്. (പാഡി റെസീപ്റ്റ് ഷീറ്റ്) വായ്പാ പദ്ധതി പ്രകാരം എസ്.ബി.ഐ. അക്കൗണ്ടുള്ള കൃഷിക്കാർക്ക് ഇപ്പോൾ സംഭരിച്ച നെല്ലിന്റെ തുക ലഭിക്കുന്നില്ല എന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

29-04-2024-വരെ പേമെന്റ് ഓർഡർ ജനറേറ്റ് ചെയ്തിട്ടുള്ള കർഷകരുടെ ലിസ്റ്റാണ് എസ്.ബി.ഐ.-ലേക്ക് നൽകിയിട്ടുള്ളത്. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കർഷകർക്ക് അടിയന്തരമായി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കാൻ എസ്.ബി.ഐ.-യുടെ മേഖല ഓഫീസുകളിലേക്ക് സപ്ലൈകോ അറിയിപ്പ് നൽകിയിട്ടുണ്ട്.

**നെല്ല് സംഭരണ കുടിശ്ശിക**

40(1669) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരിച്ച വകയിൽ എന്ന് മുതൽക്കുള്ള പണമാണ് കർഷകർക്ക് വിതരണം ചെയ്യാതെ കുടിശ്ശികയായുള്ളത്; ആകെ എത്ര രൂപയാണ് ഇപ്രകാരം സംസ്ഥാനത്തെ കർഷകർക്കെല്ലാംകൂടി കുടിശ്ശികയായി നൽകാനുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശികയിൽ എസ്.ബി.ഐ.-യ്ക്ക് 29-04-2024 മുതലും കാനറ ബാങ്കിന് 06-05-2024 മുതൽ ജനറേറ്റ് ചെയ്ത പേമെന്റ് ഓർഡറുകൾക്കുള്ള തുകയാണ് ഇനി നൽകാനുള്ളത്. 40633 കർഷകർക്ക് 312.83 കോടി രൂപ നൽകാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) കുടിശ്ശിക വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

കർഷകർക്ക് അടിയന്തരമായി പണം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. നെല്ല് സംഭരണത്തിന് കേന്ദ്ര സർക്കാർ നൽകുന്ന അടിസ്ഥാന താങ്ങുവില (MSP) നെല്ല് സംഭരണം നടക്കുന്ന സമയത്തുതന്നെ ലഭ്യമാകാത്ത സാഹചര്യമുള്ളതുകൊണ്ടാണ് കർഷകർക്ക് നെല്ലിന്റെ സംഭരണ വില നൽകുന്നതിനുവേണ്ടി പി.ആർ.എസ്. വായ്പാപദ്ധതി മുഖാന്തരം തുക നൽകുന്നത്. നിലവിൽ നെല്ല് സംഭരണം നടന്നതിനുശേഷം ടി നെല്ല് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ വഴി അരിയാക്കി ആയത് സർക്കാരിന്റെ പൊതുവിതരണ സംവിധാനത്തിലൂടെ AAY, PHH എന്നീ മുൻഗണന വിഭാഗത്തിന് വിതരണം ചെയ്ത് ആയതിന്റെ കണക്കുകൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുമ്പോൾ മാത്രമാണ് MSP ഇനത്തിൽപ്പെട്ട തുക ലഭ്യമാകുന്നത്. സാധാരണഗതിയിൽ നെല്ല് സംഭരണസമയം മുതൽ കേന്ദ്ര സർക്കാരിൽനിന്നും ആയതിന്റെ തുക മേൽപ്രസ്താവിച്ച രീതിയിൽ

സപ്ലൈകോയ്ക്ക് ലഭ്യമാകുമ്പോഴേക്കും 6 മുതൽ 8 മാസം വരെ സമയമെടുക്കാറുണ്ട്. ഈ കാലതാമസം ഒഴിവാക്കി സംഭരിച്ച നെല്ലിന്റെ വില എത്രയും വേഗത്തിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനാണ് പി.ആർ.എസ്. (Paddy Receipt Sheet) വായ്പാപദ്ധതി മുഖേന സംഭരണ വില നൽകുന്നത്. കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിനായി ബാങ്കുകളുമായി സപ്ലൈകോ കരാറിലേർപ്പെടുന്നു. തുടർന്ന് കരാറിലേർപ്പെട്ടിരിക്കുന്ന ബാങ്കുകൾ മുഖാന്തരം പി.ആർ.എസ്. വായ്പയായി സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അക്കൗണ്ടിലേക്ക് നൽകുന്നു.

(സി) നെല്ല് സംഭരിച്ച വകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര രൂപ വീതമാണ് സപ്ലൈകോയ്ക്ക് നൽകാനുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

നെല്ല് സംഭരിച്ച വകയിൽ 2017-18 മുതൽ 2024-25-വരെ സമർപ്പിച്ചിട്ടുള്ള ക്ലെയിമുകളിൽ 1079.5 കോടി രൂപ കേന്ദ്ര സർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്. തടഞ്ഞുവച്ച തുകയുടെ വിശദ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാന പ്രോത്സാഹന ബോണസിനത്തിൽ 674.63 കോടി, സി.എം.ആർ. അരിയുടെ വിലയിനത്തിൽ 79.93 കോടി, കേന്ദ്ര അനുപാതത്തിൽ (68% CMR) സംസ്ഥാന സർക്കാർ (64.5% CMR) ഇളവുവരുത്തിയതുമൂലം (Out Turn Ratio difference) സപ്ലൈകോയ്ക്ക് നൽകാനുള്ള 350.33 കോടി (2021-22 സീസൺവരെ നൽകാനുള്ള 286.96 കോടി രൂപ + 2022-23 സീസണിൽ നൽകാനുള്ള 63.37 കോടി) ഉൾപ്പെടെ 1104.89 കോടി രൂപ സപ്ലൈകോയ്ക്ക് നൽകാനുണ്ട്.

**നെൽകർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ**

41(1670) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽ കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതിയിലൂടെ ഗുണമേന്മയുള്ളതും അത്യുൽപാദന ശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ

അവലംബിക്കുന്നതിനുവേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും മറ്റ് ഉൽപാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കാനും നെൽകൃഷിയിൽനിന്നും പരമാവധി ഉൽപാദനം ഉറപ്പാക്കാനും നെൽകർഷകരെ സഹായിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് കൈക്കൊണ്ടുവരുന്നത്. സംസ്ഥാനത്തെ നെൽ കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ യഥാസമയം കർഷകർക്ക് നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

2024-25 സാമ്പത്തികവർഷം നെൽകൃഷിവികസന പദ്ധതിക്കായി ഭരണാനുമതി നൽകിയ 9360 ലക്ഷം രൂപ വിനിയോഗിക്കുന്നതിനും കർഷകർക്ക് സമയബന്ധിതമായി തുക ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## നെല്ലുൽപാദകർക്ക് ബോണസ്

42(1671) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയാനന്തരമുണ്ടായ റെക്കോർഡ് നെല്ലുൽപാദനം നിലനിർത്തുന്നതിന് സാധിച്ചിട്ടുണ്ടോ?

പ്രളയാനന്തരം നെൽവയലുകളിൽ പോഷക സമ്പുഷ്ടമായ എക്കൽ അടിയുകയും തുടർന്നുള്ള കൃഷിയിൽ നെല്ലുൽപാദനം വർധിക്കുകയും ചെയ്തത് ഒരു താൽക്കാലിക പ്രതിഭാസമായിരുന്നു.

(ബി) നെല്ല് ഉൽപാദിപ്പിക്കുന്ന കർഷകർക്ക് ഉൽപാദന ബോണസായി എത്ര കോടി രൂപ മുൻ വർഷങ്ങളിൽ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നെല്ല് ഉൽപാദിപ്പിക്കുന്ന കർഷകർക്ക് ഉൽപാദന ബോണസ് (Paddy Production Incentive) ആയി മുൻവർഷങ്ങളിൽ കൊടുത്ത തുക വിവരവും നെൽകർഷകർക്ക് നെൽവിത്തിന്റെ സംഭരണത്തിനായി സംസ്ഥാന

പ്രോത്സാഹന ബോണസ് (SIB) ഇനത്തിൽ സപ്ലൈകോ വഴി നൽകിവരുന്ന തുക വിവരവും അനുബന്ധമായി ചേർക്കുന്നു.+

**നെൽകർഷകരുടെ കുടിശ്ശിക നൽകാൻ നടപടി**

43(1672) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കുട്ടനാട്, അപ്പർകുട്ടനാട് മേഖലകളിലെ നെൽകർഷകരിൽനിന്നും നെല്ല് സംഭരിച്ച ഇനത്തിൽ എത്ര രൂപയാണ് കൃഷിവകുപ്പിൽനിന്നും കർഷകർക്ക് നൽകാനുള്ളതെന്നും എത്ര കർഷകർക്ക് എത്ര രൂപയുടെ കുടിശ്ശികയാണ് നൽകേണ്ടതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

ആലപ്പുഴ ജില്ലയിലെ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ നെൽ കർഷകരിൽനിന്നും സപ്ലൈകോ നെല്ല് സംഭരിച്ച ഇനത്തിൽ 7993 കർഷകർക്കായി 68.97 കോടി രൂപ നൽകാനുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) നെൽകർഷകർക്ക് അവർ നൽകിയ നെല്ലിന്റെ വില നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന സപ്ലൈകോ സർക്കാരിൽനിന്ന് തുക ലഭിക്കുന്നതുവരെ കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിനായി ബാങ്കുകളുമായി കരാറിലേർപ്പെടുന്നു. തുടർന്ന് കരാറിലേർപ്പെട്ടിരിക്കുന്ന ബാങ്കുകൾ മുഖാന്തരം പി.ആർ.എസ്. വായ്പയായി സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അക്കൗണ്ടിലേക്ക് നൽകുന്നു.

2023-24 സീസണിൽ പരമാവധി വേഗത്തിൽ സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിന് എസ്.ബി.ഐ., കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പി.ആർ.എസ്. വായ്പാപദ്ധതി പ്രകാരം കർഷകന്റെ അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. 2023-24 സീസണിൽ സംസ്ഥാനത്ത് 196140 കർഷകരിൽനിന്ന് 5.56 ലക്ഷം മെട്രിക് ടൺ നെല്ല്

സംഭരിച്ചിട്ടുണ്ട്. ആയതിന്റെ സംഭരണ വില 1568.53 കോടി രൂപയാണ്. നിലവിൽ എസ്.ബി.ഐ., കാനറ ബാങ്കുകളിലൂടെ PRS വായ്പ മുഖേനയാണ് കർഷകരുടെ സംഭരണ വില നൽകിവരുന്നത്. ഇതിലേക്കായി 169260 കർഷകരുടെ 1352.37 കോടി രൂപയുടെ ലിസ്റ്റ് ടി ബാങ്കുകളിലേക്കായി സപ്ലൈകോ നൽകിയിട്ടുണ്ട്. ആയതിൽ 131877 കർഷകർക്ക് നെല്ലിന്റെ വിലയായി 1054.03 കോടി രൂപ മേൽ പറഞ്ഞ ബാങ്കുകളിലൂടെ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കിവരുന്ന കർഷകർക്ക് അടിയന്തരമായി പണം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുകയാണ്.

**ആലത്തൂർ മണ്ഡലത്തിൽ തരിശ്ശായി കിടക്കുന്ന നെൽപാടങ്ങൾ**

44(1673) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ നിലവിൽ എത്ര ഹെക്ടർ നെൽപ്പാടങ്ങൾ തരിശായി കിടക്കുന്നുവെന്നും പ്രസ്തുത പാടങ്ങളിൽകൂടി കൃഷി ചെയ്യാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

ആലത്തൂർ മണ്ഡലത്തിൽ 89.47 ഹെക്ടർ നെൽപ്പാടങ്ങൾ തരിശായി കിടക്കുന്നു. തരിശ് ഭൂമി നെൽകൃഷി പ്രോത്സാഹനം പദ്ധതി നടപ്പാക്കിവരുന്നു. തരിശ് ഭൂമി കൃഷി യോഗ്യമാക്കാൻ ജനകീയാസൂത്രണ പദ്ധതികൾ മുഖേനയും കൃഷി വകുപ്പ് പദ്ധതികൾ മുഖേനയും സഹായം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ തരിശ്ശായി കിടക്കുന്ന നെൽപ്പാടങ്ങൾ കൂടുതലായി കൃഷി ചെയ്യുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതി മുഖാന്തരം നടപടികൾ എടുക്കുന്നതിന് കൃഷി ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ആവശ്യത്തിലേക്ക് 2021 മുതൽ എത്ര തുക അനുവദിച്ചുവെന്നും എത്ര തുക വിനിയോഗിച്ചുവെന്നും വിശദമാക്കുമോ?

2021 മുതൽ 2023-24 വരെ 4,23,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം 80,000/- രൂപ തരിശ് ഭൂമി നെൽകൃഷി പ്രോത്സാഹനം പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്.

**തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി**

45(1674) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകരെ സഹായിക്കാൻ നാളികേര വികസന പദ്ധതി നടപ്പാക്കിവരുന്നു. കേരഗ്രാമം, കേരരക്ഷാ വാരം, നാളികേര വികസന കൗൺസിൽ മുഖേനയുള്ള തെങ്ങിൻ തൈകളുടെ വിതരണം, വിത്ത് തേങ്ങാ സംഭരണം എന്നിവയാണ് പ്രധാന ഘടകങ്ങൾ. ഇതുകൂടാതെ പച്ച തേങ്ങാ സംഭരണവും നടത്തിവരുന്നു.

തെങ്ങ് കൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതിയായ കേരഗ്രാമം പദ്ധതി മൂന്ന് വർഷം കർഷകർക്കാവശ്യമായ പിന്തുണ നൽകുന്ന പദ്ധതിയാണ്. 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ്

കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പാക്കുന്നു. ഇതിനുപുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർധിത ഉൽപന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

കേരള കാർഷിക സർവകലാശാല (കെ.എ.യു.), നാളികേര വികസന ബോർഡ് (സി.ഡി.ബി.), കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം

(സി.പി.സി.ആർ.ഐ.), കൃഷി വകുപ്പ് ഫാമുകൾ എന്നിവിടങ്ങളിലെ തെങ്ങിൻ തൈ ഉൽപാദന കേന്ദ്രങ്ങളിൽ ഉൽപാദിപ്പിക്കുന്ന ഗുണമേന്മയുള്ള നെടിയയിനം, കുറിയയിനം, സങ്കരയിനം തെങ്ങിൻ തൈകൾ 50 ശതമാനം വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്.

എല്ലാ വർഷവും ജൂൺ-ജൂലൈ മാസങ്ങളിൽ ആചരിക്കുന്ന കേര രക്ഷാ വാരം പരിപാടിയിൽ തെങ്ങുകളുടെ തടം തുറക്കൽ, കുമ്മായ പ്രയോഗം, സംയോജിത പോഷക പരിപാലനം, സംയോജിത കീടരോഗ പരിപാലനം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. തെങ്ങിൻ തോട്ടങ്ങളുടെ പുനരുദ്ധാരണം, കേരരക്ഷാ വാരം, കേരഗ്രാമങ്ങൾ, തെങ്ങിൻ തൈ ഉൽപാദനവും വിതരണവും വിത്ത് തേങ്ങാ സംഭരണം തുടങ്ങിയവയ്ക്കായി 65 രൂപ കോടി നടപ്പുസാമ്പത്തിക വർഷം വകയിരുത്തി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കൂടാതെ നാളികേര വികസന ബോർഡ് വഴി മാതൃക കൃഷി തോട്ടം സ്ഥാപിക്കൽ (Laying out of Demonstration plots (LoDP), ജൈവ വള

നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ, തെങ്ങിൻപുരയിടങ്ങളിലെ പുനർനടീലും പുനരുദ്ധാരണവും (Replanting & Rejuvenation), ഇൻഷ്വറൻസ് എന്നിവയും നടപ്പാക്കിവരുന്നു.

നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കാനും നാളികേരത്തിന് ന്യായവില ഉറപ്പാക്കുന്നതിനുമായി പച്ചത്തേങ്ങ സംഭരണവും നടത്തിവരുന്നു.

(ബി) തെങ്ങ് കൃഷി പ്രോത്സാഹനവുമായി ബന്ധപ്പെട്ട് കർഷകർക്ക് സബ്സിഡി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്.

'കേരഗ്രാമം ഒന്നാം വർഷം' (100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമം)- താഴെ പറയും പ്രകാരം 25.67 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ലഭ്യമാക്കുന്നു.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 19,200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം

രൂപ. ഇതിൽ താഴെ പറയുന്ന സംയോജിത പരിചരണ മുറകൾ പ്രാദേശിക ആവശ്യാനുസരണം പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്.

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ്

(c) ഇടവിള കൃഷി-6,000/- രൂപ ഹെക്ടറിന്

(d) സംയോജിത വള പ്രയോഗം

കുമ്മായം - 9 രൂപ/തെങ്ങ്

രാസവളം/ജീവാണുവളങ്ങൾ - 20 രൂപ/തെങ്ങ്

മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

ജൈവവളം-25 രൂപ/തെങ്ങ്

(e) സംയോജിത സസ്യസംരക്ഷണം

സസ്യസംരക്ഷണം - 10 രൂപ/തെങ്ങ്

കീടനാശിനി പ്രയോഗം (ആവശ്യാനുസരണം), ജൈവ ീക നിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന്-75 രൂപ/തെങ്ങ്

(f) രോഗം ബാധിച്ചതും ഉൽപാദനശേഷി നശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന്-1000/- രൂപ/തെങ്ങ്

(g) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന്-60 രൂപ/തെങ്ങ്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2,000/- രൂപ നിരക്കിൽ വിതരണം.

4. ജൈവ വള ഉൽപാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ.

6. മൂല്യവർധിത ഉൽപന്നങ്ങൾ, മിനി കയർനിർമ്മാണ/സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 7,000/- രൂപ.

8. താൽപര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം.

**കേരഗ്രാമം രണ്ടാം വർഷം:**

രണ്ടാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് മേല്പറഞ്ഞ സംയോജിത വള പ്രയോഗം, സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8.00 ലക്ഷം രൂപ സഹായം നൽകുന്നു.

**കേരഗ്രാമം മൂന്നാം വർഷം:**

മൂന്നാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് സംയോജിത വള പ്രയോഗത്തിനായി 4.00 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് സഹായം നൽകുന്നു.

**കേര രക്ഷാ വാരം പദ്ധതി:**

എ) പച്ചില വളവിത്ത് (പയർ, ഡൈഞ്ച, ചണമ്പ്) സബ്സിഡി നിരക്കിൽ നൽകുന്നു (Rs 6.25/തെങ്ങ്).

ബി) മണ്ട വൃത്തിയാക്കലും മരുന്ന് തളി - തെങ്ങ് ഒന്നിന് 75 രൂപ (50 രൂപ തെങ്ങിൽ കയറാനും 25 രൂപ മരുന്ന് തളിക്കും നൽകുന്നു).

**നാളികേര വികസന കൗൺസിൽ:** ഘടകത്തിൽ 50% സബ്സിഡി നിരക്കിൽ തെങ്ങിൻ തൈ വിതരണം (നെടിയ ഇനവും കുറിയ ഇനവും-50 രൂപ സബ്സിഡി നൽകുന്നു; സങ്കരയിനം 125 രൂപ സബ്സിഡി നൽകുന്നു).

**നാളികേര വികസന ബോർഡ് പദ്ധതികൾ**

1. എ) മാതൃക കൃഷി തോട്ടം സ്ഥാപിക്കൽ (Laying out of Demonstration plots (LoDP)-35,000/- രൂപ/ഹെ രണ്ടു വാർഷിക ഗഡുക്കളായി പ്രതിവർഷം 17,500/- രൂപ വീതം നൽകുന്നു.

ബി) ജൈവ വള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ (വലിപ്പം 15ft x 5ft x 2ft)- 7,500/- രൂപ.

2. തെങ്ങിൻപുരയിടങ്ങളിലെ പുനർനടീലും പുനരുദ്ധാരണവും (Replanting & Rejuvenation).

എ) കേടുവന്ന തെങ്ങ് മുറിച്ചുമാറ്റൽ-32,000/- രൂപ/ഹെ.

ബി) പുനർനടീൽ-പുതിയ തൈ നടുന്നത്-4,000/- രൂപ/ഹെ.

സി) പുനരുദ്ധാരണം-മറ്റ് തെങ്ങുകൾക്ക് പരിരക്ഷ-17,500/- രൂപ രണ്ട് വാർഷിക ഗഡുക്കളായി പ്രതിവർഷം 8,750/- രൂപ വീതം.

3. തെങ്ങിന് ഇൻഷ്വറൻസ് (Coconut Palm Insurance): 4-15 വർഷം പ്രായമുള്ള തെങ്ങുകൾ ഇൻഷ്വർ ചെയ്യാൻ ഒരു തെങ്ങിന് 2.25 രൂപ പ്രീമിയം അടയ്ക്കുമ്പോൾ നഷ്ടപരിഹാര തുകയായി 900/- രൂപ ലഭിക്കുന്നു.

16-60 വർഷം പ്രായമുള്ള തെങ്ങുകൾ ഇൻഷ്വർ ചെയ്യാൻ ഒരു തെങ്ങിന് 3.50 രൂപ പ്രീമിയം അടയ്ക്കുമ്പോൾ, നഷ്ടപരിഹാര തുകയായി 1,750/- രൂപ ലഭിക്കുന്നു.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം തെങ്ങ് ഒന്നിന് നഷ്ടപരിഹാരമായി 2,000/- രൂപ നൽകുന്നു. കൂടാതെ, സംസ്ഥാനത്ത്

പ്രകൃതി ക്ഷോഭംമൂലമുണ്ടാകുന്ന വിളനാശത്തിന് കായ്ഫലമുള്ള തെങ്ങ് ഒന്നിന് 700 രൂപയും കായ്ഫലം ഇല്ലാത്തതിന് 350 രൂപയും ഒരു വർഷം വരെ പ്രായമായതിന് 128 രൂപയും നൽകുന്നു.

**അരൂർ മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി**

46(1675) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ ഏതെല്ലാം കൃഷി ഭവനുകളെ തിരഞ്ഞെടുത്തിട്ടുണ്ട്?

ഈ സർക്കാരിന്റെ കാലത്ത് അരൂർ മണ്ഡലത്തിലെ പാണാവള്ളി, അരൂക്കുറ്റി എന്നീ കൃഷി ഭവനുകളിലൂടെ കേരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിലെ കൃഷി ഭവനുകൾവഴി നടപ്പാക്കിയ വിവിധ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിലെ പാണാവള്ളി, അരൂക്കുറ്റി കൃഷിഭവനുകൾ വഴി നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങൾ, ചെലവായ തുക എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) കേരഗ്രാമം പദ്ധതിയിൽ ഉപഭോക്താക്കളെ എങ്ങനെയാണ് തിരഞ്ഞെടുക്കുന്നതെന്നും ആനുകൂല്യങ്ങൾ നൽകുന്നതിന്റെ മാനദണ്ഡവും വിശദമാക്കുമോ?

കേരഗ്രാമം പ്രദേശത്തെ തെങ്ങുകൃഷിയുള്ള കർഷകരെ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ കേരസമിതി രൂപീകരിക്കുകയും കൃഷി ഉദ്യോഗസ്ഥരുടെ ഫീൽഡുതല പരിശോധനയ്ക്കുശേഷം ഏതൊക്കെ ഘടകങ്ങളാണ് നടപ്പാക്കുന്നതെന്ന് നിശ്ചയിക്കുകയും ചെയ്യുന്നു. ഓരോ പദ്ധതി ഘടകത്തിനും കർഷകരിൽനിന്നും ലഭിക്കുന്ന അപേക്ഷ ഫീൽഡുതലത്തിൽ പരിശോധിച്ച് തിട്ടപ്പെടുത്തി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**കേര പദ്ധതി**

47(1676) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേര പദ്ധതി പ്രകാരം എന്തെല്ലാം പരിപാടികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

കേരളത്തിലെ കാർഷിക മേഖലയുടെ പരിവർത്തനത്തിന് ലക്ഷ്യമിട്ട് ലോകബാങ്ക് സഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ പദ്ധതി (KERA).

ശാസ്ത്രീയവും കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കുന്നതുമായ കൃഷിരീതികൾ അവലംബിക്കുന്നതിനും കാർഷിക സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനും കാർഷികമേഖലയിലെ വിതരണ ശൃംഖലകളെ ശക്തിപ്പെടുത്തുന്നതിനും കാർഷിക വിപണികളുടെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും കൃഷിയിലും അനുബന്ധ മേഖലയിലും

നിക്ഷേപം നടത്തി പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ഊർജിതപ്പെടുത്തുകയാണ് ഈ പദ്ധതി മുഖേന പ്രധാനമായും ലക്ഷ്യമിടുന്നത്. കൃഷി വകുപ്പ് നേതൃത്വം നൽകുന്ന ടി പദ്ധതി നടപ്പാക്കാനായി ലോക ബാങ്കിന്റെ Investment Project Financing (IPF) പോളിസി രീതിയാണ് അവലംബിക്കാനുദ്ദേശിക്കുന്നത്.

അഞ്ചുവർഷത്തെ പദ്ധതി കാലയളവിൽ മൊത്തം പദ്ധതി ചെലവ് 285 ദശലക്ഷം ഡോളറാണ്. ആയതിൽ 200 ദശലക്ഷം ഡോളർ (1655.85 കോടി രൂപ) ലോകബാങ്ക് വിഹിതവും 85 ദശലക്ഷം ഡോളർ (709.65 കോടി രൂപ) സംസ്ഥാന വിഹിതവുമാണ്. പദ്ധതിക്ക് 11-01-2024-ലെ G.O.(Ms)No. 09/2024/കൃഷി നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

**ഘടകം 1: കൃഷിയിലെ കാലാവസ്ഥാ പ്രതിരോധവും ലഘൂകരണവും**

കൃഷിഭവനുകൾ മുഖാന്തരം അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളിൽ (AEU) കാലാവസ്ഥാമാറ്റ പ്രതിരോധ സ്മാർട്ട് കൃഷി (Climate Smart Agriculture-CSA) സ്വീകരിക്കുന്നതിന് പിന്തുണ നൽകുക.

കർഷകർക്ക് മെച്ചപ്പെട്ട കാലാവസ്ഥാ പ്രതിരോധ സേവനങ്ങൾ എത്തിക്കുന്നതിന് വിജ്ഞാന വ്യാപന, ഉപദേശക സേവന ദാതാക്കളുടെ ശേഷി വർധിപ്പിക്കൽ.

അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് (AEU) തലത്തിൽ കാർഷിക കാലാവസ്ഥാ സംവിധാനത്തിന്റെ ഉപയോഗക്ഷമത വർധിപ്പിക്കുന്നതിനാവശ്യമായ നിരീക്ഷണ സംവിധാനങ്ങൾക്ക് വേണ്ടുന്ന ഘടകങ്ങൾക്കുള്ള സഹായം.

മെച്ചപ്പെട്ട ജല ഉപയോഗക്ഷമതയ്ക്കും കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുമായി ലോ കാർബൺ നെൽകൃഷി സ്വീകരിക്കുക.

**ഘടകം 2: പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി മൂല്യ വർധനയ്ക്കായി ചെറുകിട കാർഷിക വാണിജ്യവൽക്കരണം വർധിപ്പിക്കുക.**

കർഷകർക്കും/കർഷക ഗ്രൂപ്പുകൾക്കും അഗ്രിബിസിനസ്സിനുമിടയിൽ സുസ്ഥിര ഉൽപാദന സഖ്യങ്ങളുടെ (Productive Alliances) രൂപീകരണം.

സംസ്ഥാനത്ത് തിരഞ്ഞെടുത്ത തോട്ടവിളകളുടെ (റബർ, ഏലം, കാപ്പി) പുനരുജ്ജീവനം.

നയപരമായ പരിഷ്കാരങ്ങൾ, കൃഷിക്കുള്ള ഭൂമി ലഭ്യത വർധിപ്പിക്കൽ എന്നിവയിലൂടെ ഉൽപാദനക്ഷമത മെച്ചപ്പെടുത്തൽ.

**ഘടകം 3: FPO, FPC, അഗ്രി ബിസിനസ്സ്, അഗ്രി സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ കാർഷിക മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവയുടെ ശാക്തീകരണം.**

കേരളത്തിലെ FPO, FPC, കാർഷിക ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമതയും വളർച്ചയും വർധിപ്പിക്കുക.

അഗ്രി സ്റ്റാർട്ടപ്പുകളുടെ ടെക്നോളജി ഇൻക്യുബേഷനുവേണ്ടിയിട്ടുള്ള കൈത്താങ്ങ്. അഗ്രിപാർക്കുകൾക്കുള്ള സഹായം.

(ബി) പ്രസ്തുത പദ്ധതി പ്രകാരം പാലാ മണ്ഡലത്തിൽ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കേര പദ്ധതി രൂപീകരണ ഘട്ടത്തിലാണ്. പദ്ധതിക്ക് മണ്ഡലാടിസ്ഥാനത്തിൽ പരിപാടികൾ നാളിതുവരെ ആസൂത്രണം ചെയ്തിട്ടില്ല.

**നാളികേര സംഭരണം ശക്തിപ്പെടുത്താൻ നടപടി**

48(1677) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നാളികേര വിലയിടിവ് തടയാൻ പ്രഖ്യാപിച്ച സംഭരണ പദ്ധതി നടത്തിപ്പിലെ അപര്യാപ്തതമൂലം കർഷകർക്ക് ഗുണഫലം ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കർഷക താൽപര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോൽപന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്താനും നാളികേരത്തിനുണ്ടാകുന്ന വിലയിടിവ് തടയാനും സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ്. നാളികേര

കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കാനും സംസ്ഥാനത്തെ നാളികേര ഉൽപാദനം പ്രോത്സാഹിപ്പിക്കാനുമായി സംസ്ഥാന സർക്കാർ 14-01-2022-ലെ സ.ഉ. (കൈ) നം. 3/2022/കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം ആരംഭിച്ചു. കേരഫെഡ് മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 34 രൂപ സംഭരണ വില നൽകി സംഭരിക്കുന്നുണ്ട്. സംഭരണ വില 32 രൂപയായിരുന്നത് 2023 ഏപ്രിൽ മുതൽക്കാണ് 34 രൂപയായി സർക്കാർ പുതുക്കി നിശ്ചയിച്ചത്. തേങ്ങയുടെ ഉൽപാദനചെലവും ഉൽപാദനവും കണക്കാക്കിയാണ് സംഭരണ വില/തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2024 സീസണിലെ തേങ്ങയുടെ താങ്ങുവില 30.132 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 03.868 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽനിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

സംഭരണ കേന്ദ്രങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ആവശ്യകതയനുസരിച്ച് സംഭരണകേന്ദ്രങ്ങളുടെ എണ്ണം സർക്കാർ

വർധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ 112 പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾക്ക് അനുമതി നൽകിയതിൽ 40 കേന്ദ്രങ്ങളിലൂടെയാണ് നടപ്പുസാമ്പത്തിക വർഷം പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നത്. അതിൽ കേരഫെഡ് 3 സംഭരണ കേന്ദ്രങ്ങളിലൂടെ നേരിട്ടും 18 സ്ഥലങ്ങളിൽ സൊസൈറ്റികൾ മുഖേനയും 9 സംഭരണ കേന്ദ്രങ്ങളിൽ KSCDC മുഖേനയുമാണ് പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നത്. കേരഫെഡ് നടപ്പുസാമ്പത്തിക വർഷം (2024-25) 30-05-2024-വരെ 736 MT പച്ചത്തേങ്ങ 1800 കർഷകരിൽനിന്നും സംഭരിച്ചിട്ടുണ്ട്. സർക്കാരിന്റെ ഈ ഇടപെടൽമൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. കൂടാതെ നാഫെഡ് വഴി കൊപ്ര സംഭരിക്കുന്നതിന്റെ ഭാഗമായി സംഭരണ ഏജൻസിയായി VFPCK-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കർഷകരിൽനിന്ന് പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി മാറ്റി നാഫെഡിന് കൈമാറുന്നുണ്ട്.

04-03-2022-ലെ സ.ഉ. (കൈ) 16/2022/കൃഷി പ്രകാരം ഒരു തെങ്ങിൽനിന്ന് പരമാവധി 50 തേങ്ങ സംഭരിക്കാമെന്ന നിബന്ധനയാണ്

നിലവിലുണ്ടായിരുന്നത്. എന്നാൽ കർഷകരുടെ അഭ്യർഥന മാനിച്ച് രജിസ്റ്റർ ചെയ്ത കർഷകരിൽനിന്നും 07-11-2022 മുതൽ ഒരു വർഷത്തിൽ തെങ്ങൊന്നിന് പരമാവധി 70 നാളികേരം എന്ന കണക്കിൽ ആറ് തവണകളായോ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം 5 തവണകളായോ പച്ചത്തേങ്ങ സംഭരിക്കാനുള്ള പുതുക്കിയ നിർദേശം നൽകിയിട്ടുണ്ട്.

(സി) നാളികേരത്തിന്റെ താങ്ങുവില ഉയർത്തുന്നതിനും കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

കേരഫെഡ് മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 34 രൂപ സംഭരണ വില നൽകി സംഭരിക്കുന്നുണ്ട്. സംഭരണ വില 32 രൂപയായിരുന്നത് 2023 ഏപ്രിൽ മുതൽക്കാണ് 34 രൂപയായി സർക്കാർ നിശ്ചയിച്ചത്. തേങ്ങയുടെ ഉൽപാദനചെലവും ഉൽപാദനവും കണക്കാക്കിയാണ് സംഭരണ വില/തറവില നിശ്ചയിക്കുന്നത്. കേന്ദ്രസർക്കാർ 2024 സീസണിലെ തേങ്ങയുടെ താങ്ങുവില 30.132 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 03.868 രൂപ അധികം

നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽനിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

സംഭരണ കേന്ദ്രങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ആവശ്യകതയനുസരിച്ച് സംഭരണകേന്ദ്രങ്ങളുടെ എണ്ണം സർക്കാർ വർധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാനതല ഏജൻസിയായി നിയമിച്ചിട്ടുള്ളത് കേരഫെഡിനെയാണ്. നിലവിലെ മാർഗനിർദേശ പ്രകാരം ഓരോ ജില്ലയിലും പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നതിന് അടിസ്ഥാന സൗകര്യവും താൽപര്യവുമുള്ള സഹകരണ സ്ഥാപനങ്ങൾ, നാളികേര ഉൽപാദക സംഘങ്ങൾ, മറ്റ് ഏജൻസികൾ, FPO-കൾ എന്നിവയിൽനിന്നും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ വകുപ്പ് ഭരണ രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവർ ഉൾപ്പെട്ട സമിതി തിരഞ്ഞെടുത്ത് ശിപാർശ ചെയ്യുന്നമുറയ്ക്ക് കൃഷി ഡയറക്ടർ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുകയും തുടർന്ന് പ്രസ്തുത ഏജൻസികൾ കേരഫെഡുമായി ധാരണ പത്രം

ഒപ്പുവച്ചശേഷം പച്ചത്തേങ്ങ സംഭരണത്തിൽ ഏർപ്പെടുകയുമാണ് ചെയ്തുവരുന്നത്. ഇപ്രകാരം ജില്ലാതല സമിതി ശിപാർശ ചെയ്യുന്ന ഏത് ഏജൻസിക്കും കൃഷി ഡയറക്ടറുടെ അനുമതി ലഭിക്കുന്നമുറയ്ക്ക് നാളികേര സംഭരണത്തിൽ പങ്കാളിയാകാവുന്നതാണ്.

കൂടാതെ നിയമസഭാ സാമാജികരുമായി കൂടിയാലോചിച്ച് ആവശ്യമനുസരിച്ച് സംഭരണ കേന്ദ്രങ്ങൾ വർധിപ്പിക്കാൻ ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുള്ളതാണ്.

(ഡി) കൃഷി ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന തെങ്ങിൻ തൈകൾ കർഷകർ വാങ്ങിയാൽ മാത്രമേ അവരിൽനിന്ന് നാളികേരം സംഭരിക്കേണ്ടതുള്ളൂ എന്ന നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഇല്ല.

(ഇ) നാളികേരം നൽകിയതിലൂടെ കർഷകർക്ക് ലഭിക്കാനുള്ള തുക നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ?

പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാനതല ഏജൻസിയായി നിശ്ചയിച്ചിരിക്കുന്നത് കേരഫെഡിനെയാണ്. കേരഫെഡ് നേരിട്ടും കേരഫെഡ് സൊസൈറ്റികൾ മുഖേനയും കേരഫെഡ് KSCDC മുഖേനയും പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നു. കേരഫെഡ് പച്ചത്തേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് 2024 ഫെബ്രുവരി വരെയുള്ള തുക നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 100.00 ലക്ഷം രൂപ റിവോൾവിങ്ങ് ഫണ്ടായും 2022-23 വർഷം 200.00 ലക്ഷം രൂപയും 2023-24 വർഷം 300.00 ലക്ഷം രൂപയും കേരഫെഡിന് പച്ചത്തേങ്ങ സംഭരണത്തിനായി നൽകിയിട്ടുണ്ട്. 2024-2025 സാമ്പത്തിക വർഷത്തിലേക്കായി പച്ചത്തേങ്ങ സംഭരണത്തിനായി വി.എഫ്.പി.സി.കെ.-ക്ക് 10 കോടി രൂപ അനുവദിച്ചിട്ടുമുണ്ട്.

**ഉണ്ട കൊപ്ര സംഭരണം**

49(1678) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ട കൊപ്ര സംഭരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സംഭരണത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളായ 27-03-2024-ലെ സ.ഉ. (കൈ)നം.29/2024/AGRI, 21-05-2024-ലെ സ.ഉ. (കൈ)നം. 32/2024/AGRI എന്നിവയുടെ അടിസ്ഥാനത്തിൽ മാർക്കറ്റ്ഫെഡും VFPCK-യും കൊപ്ര സംഭരണം നടത്തിവരുന്നു. കൂടാതെ 03-06-2024-ന് സംസ്ഥാനതല ഏജൻസികൾ, ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ, രജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സൊസൈറ്റീസ്, സ്റ്റേറ്റ് ഹെഡ്-നാഫെഡ് എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു അവലോകന യോഗം കൃഷി ഡയറക്ടർ തലത്തിൽ നടത്തി മില്ലിങ് കൊപ്രയുടെയും ഉണ്ടക്കൊപ്രയുടെയും സംഭരണം ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകുകയും സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് ഉണ്ടകൊപ്ര സംഭരണത്തിന് പി.എസ്.എസ്. സ്കീം (പ്രൈസ് സപ്പോർട്ട് സ്കീം) 2024 മാർഗനിർദേശങ്ങളനുസരിച്ച് വി.എഫ്.പി.സി.കെ.-യുടെ 69 സംഭരണ കേന്ദ്രങ്ങൾ സജ്ജമാണ്. മാർക്കറ്റ്ഫെഡിനുകീഴിൽ 2 സൊസൈറ്റികൾ കൊപ്ര സംഭരണത്തിന് തയ്യാറായി വന്നിട്ടുണ്ട്. പി.എസ്.എസ്. (പ്രൈസ് സപ്പോർട്ട് സ്കീം) കൊപ്ര പദ്ധതി പ്രകാരം 2024 സീസണിൽ ഉണ്ടക്കൊപ്രയ്ക്ക് ഉണ്ടായിരിക്കേണ്ട ഫെയർ ആവറേജ് ക്വാളിറ്റി (FAQ) മാനദണ്ഡങ്ങൾ/ഗ്രേഡ് സ്പെസിഫിക്കേഷൻ അനുബന്ധമായി ചേർക്കുന്നു.+ ഉണ്ടകൊപ്ര ക്വിന്റലിന് 12,000/- രൂപ നിരക്കിലാണ് സംഭരിക്കേണ്ടത്.

(ബി) സംഭരണത്തിന് ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

നാഫെഡ് മുഖാന്തരം കൊപ്ര സംഭരണം ഫലപ്രദമായി നടപ്പാക്കുന്നതിന് സംസ്ഥാനതല ഏജൻസികളായി ചുമതലപ്പെടുത്തിയിരിക്കുന്നത് മാർക്കറ്റ്ഫെഡിനെയും വെജിറ്റബിൾ & ഫ്രൂട്ട്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രൊമോഷൻ കൗൺസിലിനെയും കേന്ദ്ര വെയർ ഹൗസിങ് കോർപ്പറേഷനെയുമാണ്.

(സി) കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ എത്ര സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ മണിയൂർ എന്ന ഒരു സംഭരണകേന്ദ്രം VFPCK ആരംഭിച്ചിട്ടുണ്ട്.

**കേരകർഷകർക്കുള്ള ആനുകൂല്യങ്ങൾ**

50(1679) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരകർഷകർക്കായി കേന്ദ്രനാളികേര വികസന ബോർഡ് സംസ്ഥാനത്തിന് അനുവദിക്കുന്ന തുക കൃത്യമായി വിനിയോഗിക്കുന്നതിന് കഴിയുന്നുണ്ടോ; വിശദമാക്കുമോ;

(ബി) 2017-18 മുതൽ 2021-22-വരെയുള്ള കാലയളവിൽ ഈയിനത്തിൽ കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് പ്രഖ്യാപിച്ചിരുന്ന തുകയും ലഭിച്ച തുകയും എപ്രകാരമായിരുന്നുവെന്ന് അറിയിക്കുമോ; അനുവദിച്ച തുക

ചെലവഴിക്കാനാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണസഹിതം വ്യക്തമാക്കുമോ?

(എ&ബി) 2018-19, 2019-20-ലെ പ്രളയം, തുടർന്ന് വന്ന കോവിഡ് (COVID) എന്നിവ കാരണം 2018-19 വർഷത്തിൽ നാളികേര വികസന ബോർഡ് അനുവദിച്ചുതന്ന തുക മുഴുവനും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. CDB-യുടെ പദ്ധതികൾക്ക് അനുവദിച്ച തുകയ്ക്ക് രണ്ടുവർഷം മാത്രമേ വിനിയോഗത്തിനുള്ള സമയമായി അനുവാദമുള്ളൂ.

എന്നാൽ പുനരുദ്ധാരണ പുനർനടീൽ പദ്ധതി 2022-23 പ്രകാരം ലഭിച്ച 201.375 ലക്ഷം രൂപയിൽ 148.97638 ലക്ഷം രൂപ നിലവിൽ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിന് 2 വർഷ കാലാവധിയുണ്ട്. ബാക്കി തുക ചെലവഴിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. PFMS അക്കൗണ്ട് വഴിയാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിവരുന്നത്.

2017-18 മുതൽ 2021-22-വരെ പ്രഖ്യാപിച്ച തുകയും ലഭിച്ച തുകയും വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) സംസ്ഥാനത്തെ കേരകർഷകരെ സഹായിക്കുന്നതിനായി സർക്കാർ നടത്തിവരുന്ന പദ്ധതികൾ ഫലപ്രദമാകുന്നുണ്ടോയെന്ന് അറിയിക്കുമോ; ഈ രംഗത്ത് കൂടുതൽ ഉൽപാദനം നടത്താനും നല്ല വില ലഭിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ഫലപ്രദമാകുന്നുണ്ട്.

ജൂലൈ 2022-ൽ പ്രസിദ്ധീകരിച്ച കേരഗ്രാമത്തിന്റെ പഠന റിപ്പോർട്ടിൽ സംസ്ഥാന കാർഷിക വില നിർണയ ബോർഡ് (SAPB) കേരഗ്രാമത്തിന്റെ വിലയിരുത്തൽ നടത്തിയിട്ടുണ്ട്. സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് നടത്തിയ പഠനത്തിൽ കേരഗ്രാമത്തിന്റെ ഉൽപാദനക്ഷമത 10739 നാളികേരം/ഹെക്ടർ ആയിരുന്നു.

സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ 2021-22 വർഷത്തെ കണക്കുപ്രകാരം നാളികേരത്തിന്റെ ഉൽപാദനക്ഷമത 7231 നാളികേരം/ഹെക്ടർ ആണ്. 2020-21 വർഷത്തെ (6228 നാളികേരം/ഹെക്ടർ) ഉൽപാദനക്ഷമതയേക്കാൾ കൂടിയിട്ടുണ്ട്.

നാളികേര മേഖലയിലെ ഉൽപാദനം വർധിപ്പിക്കുന്നതിന് നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

i) കേരഗ്രാമം പദ്ധതിയിൽ സമഗ്രമായി തെങ്ങ് കൃഷിയെ പരിപാലിക്കുന്നതിൽ ഊന്നൽ നൽകുന്നു. 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പാക്കുന്നു. ഇതിനുപുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർധിത

ഉൽപന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

ii) സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028-വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ സംസ്ഥാന സർക്കാർ നാളികേര വികസന കൗൺസിൽ രൂപീകരിച്ചു. സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രായാധിക്യമുള്ളതും രോഗം ബാധിച്ചതും ഉൽപാദനക്ഷമത നശിച്ചതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുൽപാദനശേഷിയുള്ള തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുക, നിലവിലുള്ളവ ശാസ്ത്രീയമായി പരിപാലിച്ച് നാളികേര ഉൽപാദനം വർധിപ്പിക്കുക, നാളികേരത്തിന്റെ മൂല്യവർധനയും വിപണനവും ശക്തിപെടുത്തുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, വിത്തുതേങ്ങകൾ

ലഭിക്കുന്നതിനായി തെങ്ങിൻ തോപ്പുകൾ വികസിപ്പിക്കുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

കേരള കാർഷിക സർവകലാശാല (കെ.എ.യു.), നാളികേര വികസന ബോർഡ് (സി.ഡി.ബി.), കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ.), കൃഷി വകുപ്പ് ഫാമുകൾ എന്നിവരുടെ തെങ്ങിൻ തൈ ഉൽപാദന കേന്ദ്രങ്ങളിൽ ഉൽപാദിപ്പിച്ച തെങ്ങിൻതൈകൾ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻതൈകൾ വീതമെങ്കിലും പുതുതായി ഓരോ വർഷവും തൈയുടെ വിലയിൽ 50 ശതമാനം സബ്സിഡി നൽകി വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്.

iii) കേര രക്ഷാവാരം: സംസ്ഥാനത്ത് ഒന്നടങ്കം നടപ്പാക്കിയ കേര രക്ഷാവാരം പദ്ധതിയിൽ തെങ്ങിന്റെ വിളവ് കൂട്ടുന്നതിന്റെ ഭാഗമായി മണ്ണിന്റെ വളക്കൂർ വർധിപ്പിക്കാൻ പച്ചിലവളവിത്ത് (പയർ, ഡൈഞ്ച, ചണമ്പ്) Rs. 6.25/തെങ്ങ് എന്ന സബ്സിഡി നിരക്കിൽ നൽകുന്നു. തെങ്ങിൻചുവട്ടിൽ ഇടുന്ന പച്ചിലവള വിത്തുകൾ മുളച്ച് പുഷ്പിക്കുമ്പോൾ മണ്ണിലേക്ക് ഇളക്കി ചേർക്കുന്നു. കൂടാതെ തെങ്ങിനെ ബാധിക്കുന്ന പ്രധാന

കീടങ്ങളായ കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി എന്നിവയുടെ നിയന്ത്രണത്തിന്റെ ഭാഗമായി തെങ്ങിന്റെ മണ്ടവൃത്തിയാക്കി മരുന്ന് തളി നടത്തുന്നതിന് തെങ്ങ് ഒന്നിന് 75/- രൂപ നിരക്കിൽ സബ്സിഡി നൽകുന്നുണ്ട്.

കൂടാതെ നാളികേര വികസന ബോർഡ് വഴിയുള്ള കേന്ദ്ര പദ്ധതികളിലെ ഘടകങ്ങളായ മാതൃക കൃഷി തോട്ടം സ്ഥാപിക്കൽ (Laying out of Demonstration plots (LoDP), ജൈവ വള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ, തെങ്ങിൻ പുരയിടങ്ങളിലെ പുനർനടീലും പുനരുദ്ധാരണവും (Replanting & Rejuvenation) എന്നിവയും നടപ്പാക്കിവരുന്നു.

നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കാനും നാളികേരത്തിന് ന്യായവില ഉറപ്പുവരുത്താനും സംസ്ഥാനത്തെ നാളികേര ഉൽപാദനം പ്രോത്സാഹിപ്പിക്കാനുമായി സംസ്ഥാന സർക്കാർ 14-01-2022-ലെ സ.ഉ.(കൈ) നം.3/2022/കൃഷി ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചു. കേരഫെഡ് മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 34 രൂപ സംഭരണ വില നൽകി സംഭരിക്കുന്നുണ്ട്. സംഭരണ വില

32 രൂപയായിരുന്നത് 2023 ഏപ്രിൽ മുതൽക്കാണ് 34 രൂപയായി സർക്കാർ നിശ്ചയിച്ചത്. തേങ്ങയുടെ ഉൽപാദനചെലവും ഉൽപാദനവും കണക്കാക്കിയാണ് സംഭരണ വില/തറവില നിശ്ചയിക്കുന്നത്.

കേന്ദ്രസർക്കാർ 2024 സീസണിലെ തേങ്ങയുടെ താങ്ങുവില 30.132 രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള താങ്ങുവിലയേക്കാൾ 03.868 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽനിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.

സംഭരണകേന്ദ്രങ്ങളുടെ കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ആവശ്യകതയനുസരിച്ച് സംഭരണകേന്ദ്രങ്ങളുടെ എണ്ണം സർക്കാർ വർധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ 112 പച്ചത്തേങ്ങ സംഭരണ കേന്ദ്രങ്ങൾക്ക് അനുമതി നൽകിയതിൽ 40 കേന്ദ്രങ്ങളിലൂടെയാണ് നടപ്പുസാമ്പത്തിക വർഷം പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നത്. അതിൽ കേരഫെഡ് 3 സംഭരണ കേന്ദ്രങ്ങളിലൂടെ നേരിട്ടും 18 സ്ഥലങ്ങളിൽ സൊസൈറ്റികൾ മുഖേനയും 9 സംഭരണ കേന്ദ്രങ്ങളിൽ KSCDC

മുഖേനയുമാണ് പച്ചത്തേങ്ങ സംഭരണം നടത്തിവരുന്നത്. നടപ്പുസാമ്പത്തിക വർഷം (2024-25) 30-05-2024 വരെ 486.90972 MT പച്ചത്തേങ്ങ 1073 കർഷകരിൽനിന്നും സംഭരിച്ചിട്ടുണ്ട്. സർക്കാരിന്റെ ഈ ഇടപെടൽമൂലം മാർക്കറ്റിൽ പച്ചത്തേങ്ങയുടെ വില ഉയരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.

07-11-2022 മുതൽ ഒരു വർഷത്തിൽ തെങ്ങൊന്നിന് പരമാവധി 70 നാളികേരം എന്ന കണക്കിൽ ആറ് തവണകളായോ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം 5 തവണകളായോ പച്ചത്തേങ്ങ സംഭരിക്കാനുള്ള പുതുക്കിയ നിർദേശം നൽകിയിട്ടുണ്ട്.

**വിത്ത് തേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള തുക**

51(1680) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടിയിൽ വിത്ത് തേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള തുകയിൽ എത്ര ശതമാനം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ?

കുറ്റ്യാടിയിൽ വിത്ത് തേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള തുകയിൽ 24.48 ശതമാനം വിതരണം ചെയ്തിട്ടുണ്ട്.

(ബി) വിത്ത് തേങ്ങ സംഭരിച്ചതിൽ കർഷകർക്ക് നൽകാനുള്ള തുക എന്നത്തേക്ക് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ?

2024-25 വാർഷിക പദ്ധതി പ്രകാരം "നാളികേര വികസന പദ്ധതി" യിൽ "നാളികേര വികസന കൗൺസിലിന്റെ ഭാഗമായി തെങ്ങിൻ തൈ വിതരണവും വിത്തുതേങ്ങാ സംഭരണവും തെങ്ങിൻ തൈ ഉൽപാദനവും" എന്ന ഘടകത്തിൽ അനുവദിച്ച തുകയിൽനിന്നും വിത്ത് തേങ്ങാ സംഭരിച്ച ഇനത്തിൽ കർഷകർക്ക് നൽകാനുള്ള തുക പൂർണ്ണമായി അനുവദിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**നാളികേര സംഭരണ കേന്ദ്രങ്ങൾ**

52(1681) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ മേൽനോട്ടത്തിലുള്ള എത്ര നാളികേര സംഭരണ കേന്ദ്രങ്ങളുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ വെങ്കിടങ്ങ് ഫാർമേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി, പാവറട്ടി കാർഷിക കർമസേന എന്നീ രണ്ട് നാളികേര സംഭരണ കേന്ദ്രങ്ങൾ മുഖേന കേരഫെഡ് പച്ചത്തേങ്ങ സംഭരണം നടത്തുന്നു.

(ബി) സഹകരണ സംഘങ്ങളുടെ സഹകരണത്തോടെ പഞ്ചായത്ത് തലത്തിൽ നാളികേര സംഭരണ കേന്ദ്രങ്ങൾ തുടങ്ങാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പച്ചത്തേങ്ങ സംഭരണത്തിന്റെ സംസ്ഥാനതല ഏജൻസിയായി നിയമിച്ചിട്ടുള്ളത് കേരഫെഡിനെയാണ്. നിലവിലെ മാർഗനിർദേശപ്രകാരം ഓരോ ജില്ലയിലും പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നതിന് അടിസ്ഥാന സൗകര്യവും താൽപര്യവുമുള്ള സഹകരണ സ്ഥാപനങ്ങൾ, നാളികേര ഉൽപാദക സംഘങ്ങൾ, മറ്റ് ഏജൻസികൾ, FPO-കൾ

എന്നിവയിൽനിന്നും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ വകുപ്പ് ഭരണ രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവർ ഉൾപ്പെട്ട സമിതി തിരഞ്ഞെടുത്ത് ശിപാർശ ചെയ്യുന്നമുറയ്ക്ക് കൃഷി ഡയറക്ടർ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുകയും തുടർന്ന് പ്രസ്തുത ഏജൻസികൾ കേരഫെഡുമായി ധാരണ പത്രം ഒപ്പുവച്ചശേഷം പച്ചത്തേങ്ങ സംഭരണത്തിൽ ഏർപ്പെടുകയുമാണ് ചെയ്തുവരുന്നത്. ഇപ്രകാരം ജില്ലാതല സമിതി ശിപാർശ ചെയ്യുന്ന ഏത് സഹകരണ സംഘത്തിനും കൃഷി ഡയറക്ടറുടെ അനുമതി ലഭിക്കുന്നമുറയ്ക്ക് നാളികേര സംഭരണത്തിൽ പങ്കാളിയാകാവുന്നതാണ് .

**കേരഫെഡിന്റെ നടുവണ്ണൂർ മന്ദങ്കാവ് കോംപ്ലക്സിലെ നാളികേര സംഭരണം**

53(1682) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിന്റെ നടുവണ്ണൂർ മന്ദങ്കാവ് കോംപ്ലക്സിൽ ജോലി ചെയ്തിരുന്ന ട്രേഡ് യൂണിയൻ പ്രതിനിധികളായ തൊഴിലാളികൾ വിരമിച്ച ഒഴിവിലേക്ക് പകരം ട്രേഡ് യൂണിയൻ പ്രതിനിധികളെ നിയമിക്കാത്തതിന്റെ

കാരണം വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകളിൽ ട്രേഡ് യൂണിയൻ പ്രതിനിധികളെ അടിയന്തരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരഫെഡിന്റെ നടുവണ്ണൂർ പ്ലാന്റിൽ ചുമട്ടുതൊഴിലാളികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും വർക്കർമാരെ നേരിട്ടുമാണ് നിയമിക്കുന്നത്. യൂണിയൻ പ്രതിനിധികൾക്കായി കേരഫെഡിൽ ഒഴിവുകൾ നീക്കിവച്ചിട്ടില്ല.

(ബി) മന്ദങ്കാവ് കോംപ്ലക്സിൽ തദ്ദേശീയരായ എത്ര നാളികേര കർഷകരിൽനിന്നും നാളികേരം സംഭരിക്കുന്നുണ്ട്; എത്ര അളവ് നാളികേരമാണ് ഈ ഇനത്തിൽ കഴിഞ്ഞ വർഷം സംഭരിച്ചത്; ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള എത്ര വൻകിട കച്ചവടക്കാരിൽനിന്നും നാളികേരം സംഭരിക്കുന്നുണ്ട്; എത്ര അളവ് നാളികേരമാണ് ഇവരിൽനിന്നും കഴിഞ്ഞ വർഷം സംഭരിച്ചത്; വിശദാംശം വ്യക്തമാക്കുമോ?

മന്ദങ്കാവ് കോംപ്ലക്സിൽ തദ്ദേശീയരായ 278-ഓളം നാളികേര കർഷകരിൽനിന്നും നാളികേരം സംഭരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 2023-24

കാലഘട്ടത്തിൽ ആകെ 245952.5 kg നാളികേരമാണ് സംഭരിച്ചത്. ഇതര സംസ്ഥാനങ്ങളിൽനിന്നും നാളികേരം സംഭരിച്ചിട്ടില്ല.

(സി) മന്ദങ്കാവ് കോംപ്ലക്സിൽ കമ്പ്യൂട്ടർ വാങ്ങിയതുൾപ്പെടെയുള്ള പർച്ചേസുകളിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുമോ; ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ നടത്തിയ പർച്ചേസുകളുടെ വിശദാംശം വ്യക്തമാക്കുമോ?

മന്ദങ്കാവ് കോംപ്ലക്സിൽ കമ്പ്യൂട്ടർ വാങ്ങിയതുൾപ്പെടെയുള്ള പർച്ചേസുകളിൽ ക്രമക്കേടുകൾ നടന്നിട്ടില്ല. പർച്ചേസുകൾ ഇന്റേണൽ ഓഡിറ്റിന് വിധേയമാക്കാറുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 2021 മുതൽ നാളിതുവരെയായി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് 2 പ്രിന്ററുകളും ഒരു സി.സി.ടി.വി.-യും വാങ്ങിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വാങ്ങിയ ഇനവും വാങ്ങിയ തീയതിയും തുകയും.

Printer Cannon 6060B – 24-3-2022 - 1,17,000/-

Printer Epson 3250 – 19-7-2022 -  15250/-

CCTV Hik vision - 21-12-2023 - 95000/-

**റബ്ബർ വിലസ്ഥിരത ഉറപ്പാക്കുന്നതിന് നടപടി**

54(1683) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലത്തകർച്ചയെത്തുടർന്ന് തോട്ടങ്ങളിലെ റബ്ബർ വെട്ടിമാറ്റി കർഷകർ മറ്റ് കൃഷിയിലേക്ക് തിരിയുന്നതിന്റെ ഭാഗമായി വെട്ടിമാറ്റിയ തോട്ടങ്ങളുടെ കണക്ക് കൈവശമുണ്ടോ; എങ്കിൽ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലം ഇത്തരത്തിൽ നാളിതുവരെ മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

റബ്ബറിന്റെ വിലയിൽ ഇടിവുണ്ടായതുമൂലവും കൂടുതൽ ലാഭകരമായ മറ്റ് വിളകൾ സംസ്ഥാനത്ത് കൃഷിക്ക് ലഭ്യമായതുമൂലവും നിരവധി തോട്ടങ്ങളിലെ റബ്ബർ വെട്ടിമാറ്റി മറ്റ് വിളകൾ വച്ചുപിടിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വെട്ടിമാറ്റിയ തോട്ടങ്ങളുടെ കണക്ക് സംബന്ധിച്ച വിവരം കൃഷി വകുപ്പിൽ ലഭ്യമല്ല. കർഷകർ റബ്ബർ വെട്ടിമാറ്റി മറ്റ് വിളകൾ

വച്ചുപിടിപ്പിക്കുന്ന പ്രവണത റബ്ബർ ബോർഡ് വളരെ ഗൗരവമായി വീക്ഷിച്ച് ആയത് സംബന്ധിച്ച സർവെ നടത്തിവരുന്നു.

(ബി) റബ്ബർ വില സ്ഥിരത ഉറപ്പാക്കുന്നതിനും കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പാക്കിവരുന്നു. കേരള സർക്കാരും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു. 2024 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 170 രൂപ എന്നത് 180 രൂപയായി

വർധിപ്പിച്ചിട്ടുണ്ട്. നിലവിൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൽപ്പെടുത്തി 2054 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

സംസ്ഥാനം നടപ്പാക്കുന്ന റബ്ബർ വില സ്ഥിരത ഫണ്ട് 180 രൂപയിൽനിന്നും 250 രൂപയായി ഉയർത്തുന്നതിന് കേന്ദ്ര സഹായം കൂടി ആവശ്യപ്പെട്ടുകൊണ്ട് പലതവണകളായി കേന്ദ്രസർക്കാരിന് കത്ത് നൽകുകയും ബന്ധപ്പെട്ട കേന്ദ്രമന്ത്രിയെ നേരിൽ കണ്ടും കേരളത്തിന്റെ ആവശ്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**റബ്ബർ വിലസ്ഥിരതാ ഫണ്ട്**

55(1684) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള കാലയളവിൽ സംസ്ഥാന ബജറ്റുകളിൽ റബ്ബർ വിലസ്ഥിരതാ ഫണ്ട് നൽകുന്നതിനായി എത്ര കോടി രൂപ വകയിരുത്തിയെന്നും അതിൽ ഓരോ വർഷവും എത്ര തുക വീതം വിതരണം ചെയ്തുവെന്നും വർഷം തിരിച്ച് വിവരം നൽകുമോ?

റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' സംസ്ഥാന സർക്കാർ 2015 മുതൽ നടപ്പാക്കിവരികയാണ്. ഈ ഇനത്തിൽ ഓരോ സാമ്പത്തിക വർഷവും ബജറ്റിൽ വകയിരുത്തിയ തുകയുടെയും പ്രസ്തുത വർഷങ്ങളിൽ ചെലവഴിക്കപ്പെട്ട തുകയുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**കർഷക ക്ഷേമനിധി ബോർഡ് രൂപീകരണം**

56(1685) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ സാമ്പത്തിക സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് കേരള കർഷക ക്ഷേമനിധി ബോർഡ് സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

കേരള സർക്കാർ 2020 ഒക്ടോബർ മാസം കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തു. തൃശ്ശൂർ ആസ്ഥാനമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ബോർഡിന്റെ ഹെഡ് ഓഫീസും തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖല ഓഫീസുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബോർഡിന്റെ ഭരണ നിർവഹണം നടത്തുന്നത് 24 അംഗങ്ങളുള്ള ഡയറക്ടർ ബോർഡ് ആണ്. കേരള കർഷക ക്ഷേമനിധി ആക്റ്റ് 2019 പ്രകാരവും കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്.

(ബി) ഇരുപത് ലക്ഷം കർഷകരെ അംഗങ്ങളാക്കുക എന്ന ഉദ്ദേശ്യത്തോടെ രൂപീകരിച്ച ബോർഡിൽ നിലവിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ട്?

ക്ഷേമനിധി ബോർഡിൽ 18407 കർഷകർ അപേക്ഷിച്ചതിൽ നാളിതുവരെ 15104 കർഷകർ രജിസ്ട്രേഷൻ നടപടികൾ പൂർത്ത ീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവർ രജിസ്ട്രേഷന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

(സി) ബോർഡിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ധനവകുപ്പ് ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; അവ

മറികടക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

കേരള കർഷക ക്ഷേമനിധി പദ്ധതിയുടെ കരട് ധനവകുപ്പിന്റെ പരിശോധനയിലാണ്.

**കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ നടപടി**

57(1686) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയുടെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും കൃഷിയിലും അനുബന്ധ മേഖലയിലും പ്രവർത്തിക്കുന്നവരുടെ വരുമാനം ഉയർത്തുന്നതിനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുംവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കാർഷിക വിളകളുടെ ഉൽപാദനം വർധിപ്പിക്കുക, ഉൽപാദനക്ഷമത വർധിപ്പിക്കുക എന്നിവ സർക്കാരിന്റെ മുഖ്യ ലക്ഷ്യങ്ങളാണ്. കാർഷിക വിളകളുടെ ഉൽപാദനക്ഷമത വിലയിരുത്തി വിത്ത്, വളം, വെള്ളം, മണ്ണ്

എന്നിവയുടെ ഫലപ്രദമായ ഉപയോഗത്തിലും കാർഷികവൃത്തി മെച്ചപ്പെടുത്തുന്നതിനുമുള്ള ശാസ്ത്രീയ ഇടപെടലുകളിലൂടെ കാർഷികോൽപാദനം, കാർഷികക്ഷമത എന്നിവ വർധിപ്പിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപാദനം വർധിപ്പിക്കുന്നതിനും സാങ്കേതികവിദ്യാ വ്യാപനത്തിനും വില ഉറപ്പാക്കുന്നതിനും നഷ്ടം ലഘൂകരിക്കുന്നതിനുമായി കൃഷിവകുപ്പിനുകീഴിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

1. കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം
2. നെല്ല് വികസനം
3. പച്ചക്കറി വികസനം
4. നാളികേര വികസനം
5. സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം
6. പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം

7. വിള വൈവിധ്യകരണം വിള തീവ്രത അവതരണം

8. മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനവും ഉൽപാദനക്ഷമത മെച്ചപ്പെടുത്തലും

9. വിള ആരോഗ്യ പരിപാലനം

10. ജൈവകൃഷിയും നല്ല കാർഷിക രീതികളും

11. ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും

12. വകുപ്പുതല ലബോറട്ടറികളുടെ നവീകരണം

13. ഓഫീസ് ഓട്ടോമേഷനും ഐ.ടി. ഇൻഫ്രാസ്ട്രക്ചറും

14. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ

15. കാർഷിക വിവരവും വിനിമയവും

16. മാനവശേഷി വികസനം

17. കാർഷിക യന്ത്രവൽക്കരണത്തിനുള്ള പിന്തുണ

18. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി

19.പ്രകൃതിദുരന്തങ്ങളും കീടങ്ങളും രോഗങ്ങളും നേരിടുന്നതിനുള്ള ആകസ്മിക പരിപാടി

20.കുട്ടനാട്ടിലെ കാർഷിക മേഖലയുടെ വികസനം

21.കുട്ടനാട്ടിലെ കാർഷിക മേഖലയുടെ വികസനം (RIDF)

22.കാർഷിക ഉൽപന്നങ്ങളുടെ വിപണനത്തിനുള്ള പിന്തുണ

23.വിളവെടുപ്പിനുശേഷമുള്ള പരിപാലനവും മൂല്യവർധനയും

24.വി.എഫ്.പി.സി.കെ. മുഖേന പച്ച തേങ്ങ സംഭരണം

25.കേരള സ്റ്റേറ്റ് വെയർഹൗസിങ് കോർപ്പറേഷന്റെ സഹായം

26.RIDF-ന് കീഴിൽ അടിസ്ഥാന സൗകര്യ വികസന ഫണ്ട്

27.കർഷക ക്ഷേമനിധി ബോർഡ്

28.സമുദ്ര നിരപ്പിന് താഴെയുള്ള കൃഷിക്കുള്ള അന്താരാഷ്ട്ര ഗവേഷണ പരിശീലന കേന്ദ്രം

29.കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർധിത ശൃംഖല നവീകരണ പദ്ധതി (കേര) (ഇ.എ.പി.)

(ബി) ഇതിനായി എത്ര തുകയാണ് കഴിഞ്ഞ അഞ്ച് വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്നത്; ഇതിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷം കൃഷി വകുപ്പിന് പദ്ധതി ഇനത്തിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (രൂപ ലക്ഷത്തിൽ).

| ക്രമ നം. | സാമ്പത്തിക വർഷം | വകയിരുത്തിയ തുക | പുതുക്കിയ ബജറ്റ് വിഹിതം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1. | 2019-20 | 103192.00 | 106765.258 | 106765.258 | 45294.825 |
| 2. | 2020-21 | 75764.00 | 112243.26 | 112243.26 | 101240.47 |
| 3. | 2021-22 | 77592.00 | 101574.608 | 94196.16504 | 91485.83 |
| 4. | 2022-23 | 80696.00 | 94135.68713 | 78039.40062 | 72336.34989 |
| 5. | 2023-24 | 80696.00 | 94135.68 | 54733.267 | 50938.18695 |

2019-20 സാമ്പത്തിക വർഷത്തിൽ കോവിഡ് മഹാമാരിമൂലം ബില്ലുകൾ മാറാൻ സാധിക്കാതെ വന്നതിനാൽ ആയവ ക്യൂ ബില്ലായി അടുത്ത വർഷം മാറേണ്ട സാഹചര്യമുണ്ടായി.

(സി) ഇതിൽ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷം കൃഷി വകുപ്പിന് പദ്ധതി ഇനത്തിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (രൂപ ലക്ഷത്തിൽ).

| ക്രമ നം. | സാമ്പത്തിക വർഷം | വകയിരുത്തിയ തുക | പുതുക്കിയ ബജറ്റ് വിഹിതം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1. | 2019-20 | 103192.00 | 106765.258 | 106765.258 | 45294.825 |
| 2. | 2020-21 | 75764.00 | 112243.26 | 112243.26 | 101240.47 |
| 3. | 2021-22 | 77592.00 | 101574.608 | 94196.16504 | 91485.83 |
| 4. | 2022-23 | 80696.00 | 94135.68713 | 78039.40062 | 72336.34989 |
| 5. | 2023-24 | 80696.00 | 94135.68 | 54733.267 | 50938.18695 |

2019-20 സാമ്പത്തിക വർഷത്തിൽ കോവിഡ് മഹാമാരിമൂലം ബില്ലുകൾ മാറാൻ സാധിക്കാതെ വന്നതിനാൽ ആയവ ക്യൂ ബില്ലായി അടുത്ത വർഷം മാറേണ്ട സാഹചര്യമുണ്ടായി.

**കർഷക ക്ഷേമനിധി**

58(1687) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കർഷക ക്ഷേമനിധിയിലേക്ക് ഗ്രാന്റായി എത്ര തുക നൽകിയിട്ടുണ്ടെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ക്ഷേമനിധിയുടെ ഭരണച്ചെലവിനത്തിൽ നാളിതുവരെ ആകെ എത്ര തുക ചെലവിട്ടുവെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

(എ&ബി) 2020-21 സാമ്പത്തിക വർഷത്തിൽ രൂപീകരിക്കപ്പെട്ട കേരള കർഷക ക്ഷേമനിധി ബോർഡിന് നാളിതുവരെ സർക്കാരിൽനിന്നും 2401-00-109-76 (P) "കർഷക ക്ഷേമനിധി ബോർഡ്" എന്ന ശീർഷകത്തിൻകീഴിൽ അനുവദിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

2020-21 - 1 കോടി രൂപ

2021-22 - 1.10 കോടി രൂപ

2022-23 - 1 കോടി രൂപ

2023-24 - 1 കോടി രൂപ

മേൽ പറഞ്ഞ തുകകൾ പൂർണ്ണമായും ബോർഡിന്റെ ഭരണച്ചെലവിനായി ചെലവഴിച്ചിട്ടുണ്ട്.

(സി) നാളിതുവരെ എത്ര രൂപ അംശദായമായി ലഭിച്ചുവെന്നും ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടോയെന്നും അംശദായ തുകയിൽനിന്നും സർക്കാർ ഗ്രാന്റിൽനിന്നും ഭരണച്ചെലവിനായി വിനിയോഗിച്ച തുകയുടെ വിവരവും ഇനം തിരിച്ച് വ്യക്തമാക്കുമോ?

നാളിതുവരെ 2,75,40,334/- രൂപ അംശദായമായി ലഭിച്ചിട്ടുണ്ട്. കേരള കർഷക ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. അംഗത്വ രജിസ്ട്രേഷൻ ഓൺലൈനായി ആരംഭിച്ചിട്ടുള്ളത് 2021 ഡിസംബർ ഒന്നാം തീയതി മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ ആനുകൂല്യം നൽകാറായിട്ടില്ല. അംശദായ തുകയിൽനിന്നും ഭരണച്ചെലവിനായി തുകയൊന്നും വിനിയോഗിച്ചിട്ടില്ല.

## കർഷക പെൻഷൻ അനുവദിക്കാൻ നടപടി

59(1688) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2020 മുതൽ കർഷക പെൻഷൻ ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) അർഹരായ മുഴുവൻ കർഷകർക്കും പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) 14-08-2020-ലെ സ.ഉ.(കൈ) നം.63/2020/കൃഷി, 27-01-2021-ലെ സ.ഉ.(കൈ) നം.8/2021/കൃഷി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം രണ്ടുതവണയായി ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ ആകെ 13466 (10269 + 3197) പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്.

തുടർന്ന് കർഷക പെൻഷനുവേണ്ടി കൃഷി ഭവനുകളിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് ഉറപ്പ് വരുത്തിയതിനുശേഷം കാർഷിക

വികസന സമിതിയുടെ അംഗീകാരത്തോടുകൂടി 2021 ഒക്ടോബർ മാസം കൃഷി ഡയറക്ടർ സമർപ്പിച്ച ശിപാർശയിലുൾപ്പെട്ട പുതിയ ഗുണഭോക്താക്കളിൽനിന്നും (6765 എണ്ണം) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ സ്കീമുകൾ പ്രകാരം പെൻഷൻ ലഭിക്കാൻ അർഹരായവരെ ഒഴിവാക്കി പുതുക്കിയ ലിസ്റ്റ് ലഭ്യമാക്കാൻ സർക്കാർ നിർദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2023 മെയ് മാസം ലഭ്യമായ കർഷക പെൻഷന് അർഹരായ പുതിയ ഗുണഭോക്താക്കളുടെ (6201 എണ്ണം) പുതുക്കിയ ലിസ്റ്റ് നിലവിൽ സർക്കാരിന്റെ പരിശോധനയിലാണ്.

**കർഷക ക്ഷേമനിധി ബോർഡിലേക്കുള്ള സർക്കാർ വിഹിതം**

60(1689) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷക ക്ഷേമനിധി ബോർഡിലേക്ക് കർഷകർ അടയ്ക്കുന്ന പ്രതിമാസ അംശദായം എത്ര രൂപയാണ്; ഇതിന് തത്തുല്യമായ തുക സർക്കാർ വിഹിതമായി നൽകുന്നുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ

വന്നശേഷം നാളിതുവരെ എത്ര തുക വിഹിതമായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് 100 രൂപ വീതം നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്. അംഗങ്ങൾക്ക് സ്വന്തം ഇഷ്ടപ്രകാരം പ്രതിമാസ വിഹിതം ഉയർന്ന നിരക്കിൽ അടയ്ക്കാവുന്നതാണ്. ഉയർന്ന നിരക്കിന് പരിധി നിശ്ചയിച്ചിട്ടില്ല. അംഗങ്ങളുടെ അംശദായത്തിന് തത്തുല്യമായ തുക, പരമാവധി 250 രൂപ വരെ, സർക്കാർ വിഹിതമായി നൽകുന്നതാണ്.

**കർഷക പെൻഷൻ**

61(1690) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക പെൻഷൻകാർക്ക് ലഭിക്കുന്ന തുക എത്രയാണെന്ന് അറിയിക്കുമോ?

1600 രൂപ

(ബി) കർഷക പെൻഷന് അപേക്ഷിക്കുമ്പോൾ സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; ഇതിനായി അപേക്ഷ നൽകേണ്ടത് ഏത് ഓഫീസിലാണെന്ന് വ്യക്തമാക്കാമോ; കർഷക പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കർഷക പെൻഷന് അപേക്ഷിക്കുമ്പോൾ സമർപ്പിക്കേണ്ട രേഖകൾ അപേക്ഷാ ഫോറം, ആധാറിന്റെ കോപ്പി, പാസ്സ്ബുക്കിന്റെ കോപ്പി, റേഷൻ കാർഡിന്റെ കോപ്പി, 10 സെന്റിൽ കുറയാത്ത വസ്തുവിന്റെ കരം അടച്ച റെസീപ്റ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയാണ്. കൃഷി ഭവനിലാണ് അപേക്ഷ നൽകേണ്ടത്.

**കർഷക പെൻഷൻ അനുവദിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ**

1. 60 വയസ്സ് പൂർത്തിയാക്കിയ 10 സെന്റിൽ കൃഷി ചെയ്യുന്ന/ ചെയ്തുവരുന്നതും പരമാവധി 2 ഹെക്ടർ സ്ഥലം വരെ കൃഷിഭൂമിയുള്ളവരുമായ കൃഷി മുഖ്യ ഉപജീവനമാർഗമാക്കിയ കർഷകന് ഈ പദ്ധതിയിൽ അംഗമാകാൻ അർഹതയുണ്ടായിരിക്കും.

2. തിരഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപ ആയിരിക്കും.

3. കർഷകന്റെ വാർഷിക വരുമാനം കണക്കാക്കുമ്പോൾ കർഷകന്റെ/കർഷകയുടെ വാർഷിക വരുമാനവും അവരുടെ ജീവിത പങ്കാളിയുടെ വാർഷിക വരുമാനവും പരിഗണിക്കേണ്ടതും ആയത് ഒന്നരലക്ഷം രൂപയിൽ താഴെയായിരിക്കേണ്ടതുമാണ്.

4. സർവീസിൽനിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റ് വിഭാഗങ്ങൾ എന്നിവർക്ക് കർഷക പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്കും ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നവർക്കും കർഷക പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

5. കഴിഞ്ഞ പത്ത് കൊല്ലമായി കൃഷി ചെയ്ത് ജീവിച്ചുവരുന്നവർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്.

6. വർഷങ്ങളായി വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവർക്ക് കുറഞ്ഞത് 10 വർഷമെങ്കിലും കാർഷിക മേഖലയിൽ ജോലി ചെയ്താൽ മറ്റ് നിബന്ധനകൾക്ക് വിധേയമായി കർഷക പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

7. കർഷക പെൻഷന് അപേക്ഷിക്കുന്ന വ്യക്തിയുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട കൃഷി ഓഫീസർ സർട്ടിഫൈ ചെയ്യേണ്ടതും ഓരോ മാസത്തെയും കാർഷിക വികസന സമിതിയിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതും അംഗീകാരം ലഭിക്കുന്ന മാസം മുതൽ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകാവുന്നതുമാണ്.

8. ഒരു കുടുംബത്തിൽ ഭാര്യക്കോ ഭർത്താവിനോ (ഒരാൾക്ക്) മാത്രമേ കർഷക പെൻഷന് അർഹതയുള്ളൂ. പെൻഷൻ ലഭിക്കുന്ന ആൾ മരണമടഞ്ഞാൽ മറ്റ് വരുമാനങ്ങളില്ലാത്തപക്ഷം ജീവിത പങ്കാളിക്ക് പെൻഷൻ നൽകാവുന്നതാണ്.

9. 21-01-2017 മുതൽ പുതുതായി കർഷക പെൻഷന് അർഹരാകുന്നവർക്ക് സാമൂഹ്യ സുരക്ഷ പെൻഷന് അർഹതയുണ്ടായിരിക്കില്ല.

10.പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാൻ സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണ്.

11.85 വയസ്സിന് മുകളിലുള്ള കർഷകൻ, മാനസികമോ ശാരീരികമോ ആയ 80 ശതമാനത്തിന് മുകളിൽ വൈകല്യമുള്ളവർ, സ്ഥിരമായി കിടപ്പിലുള്ള രോഗികൾ എന്നിവർക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ബോധ്യപ്പെടുന്ന പക്ഷം ആധാർ കാർഡ് നിർബന്ധമാക്കേണ്ടതില്ല.

(സി) അപേക്ഷ സമർപ്പിച്ച കർഷകൻ പെൻഷന് അർഹനാണെങ്കിൽ പ്രസ്തുത വിവരം അപേക്ഷകനെ എങ്ങനെയാണ് അറിയിക്കുന്നത്; വിശദാംശം നൽകാമോ?

കർഷക പെൻഷനുവേണ്ടി കൃഷി ഭവനുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഉറപ്പ് വരുത്തിയതിനുശേഷം കാർഷിക വികസന സമിതിയുടെ അംഗീകാരത്തോടുകൂടി അർഹരായ അപേക്ഷകരുടെ ലിസ്റ്റ് സർക്കാർ അംഗീകാരം ലഭ്യമാക്കിയശേഷം കൃഷിഭവൻ മുഖേന അപേക്ഷകനെ അറിയിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ കർഷകർക്കുള്ള നഷ്ടപരിഹാരം

62(1691) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മഴക്കെടുതിയിൽ കാസർഗോഡ് ജില്ലയിലുണ്ടായ കൃഷിനാശം എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

2024 വർഷത്തെ മഴക്കെടുതിയിൽ (14-06-2024 വരെ) കാസർഗോഡ് ജില്ലയിൽ ആകെ 638.92 ഹെക്ടർ കൃഷിനാശം ഉണ്ടായിട്ടുണ്ട്. 515.97 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു.+

(ബി) ഈ വർഷത്തെ മഴക്കെടുതിയിൽ പ്രസ്തുത ജില്ലയിലെ എത്ര കർഷകർക്കാണ് കൃഷിനാശം സംഭവിച്ചതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

2024 വർഷത്തെ മഴക്കെടുതിയിൽ (14-06-2024 വരെ) കാസർഗോഡ് ജില്ലയിൽ ആകെ 5048 കർഷകർക്ക് കൃഷിനാശം നേരിട്ടു. മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ എത്ര തുക വീതമാണ് നൽകിയതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ നഷ്ടപരിഹാരം എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കുമോ?

നഷ്ടപരിഹാരം നൽകിയിട്ടില്ല. 112 അപേക്ഷകളിന്മേൽ 5,43,780/- രൂപയുടെ ക്ലെയിമുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കഴിഞ്ഞ വർഷത്തെ മഴക്കെടുതിയിൽ ജില്ലയിലുണ്ടായ കൃഷിനാശം എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

2023 വർഷത്തെ മഴക്കെടുതിയിൽ കാസർഗോഡ് ജില്ലയിൽ ആകെ 509.68 ഹെക്ടർ കൃഷി നാശമുണ്ടായിട്ടുണ്ട്. 1153.39 ലക്ഷം രൂപയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നാശനഷ്ടമുണ്ടായതായി കണക്കാക്കുന്നു. ജില്ലയിൽ ആകെ 8715 കർഷകർക്ക് കൃഷിനാശം നേരിട്ടു. മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-III ആയി ചേർത്തിരിക്കുന്നു.+

(ഇ) കഴിഞ്ഞ വർഷത്തെ മഴക്കെടുതിയിൽ കൃഷിനാശം സംഭവിച്ച, പ്രസ്തുത ജില്ലയിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉണ്ട്. മണ്ഡലം തിരിച്ചുള്ള കണക്ക് അനുബന്ധം-IV ആയി ചേർത്തിരിക്കുന്നു.+

### കുട്ടനാട്ടിലെ കാർഷികമേഖലയുടെ സമഗ്ര പുരോഗതി

63(1692) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ഈ സർക്കാർ കുട്ടനാട്ടിലെ കാർഷിക മേഖലയുടെ സമഗ്ര പുരോഗതിക്കായി നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ?

കുട്ടനാട് കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും കൃഷി വകുപ്പുമന്ത്രി വൈസ് ചെയർമാനായും ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ അംഗങ്ങളായും കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ കാർഷിക മേഖലയുടെ സമഗ്ര പുരോഗതിക്കായി കൃഷി വകുപ്പിലെ കാർഷിക എഞ്ചിനീയറിങ് വിഭാഗം വഴി നടപ്പാക്കുന്നതിലേക്കായി താഴെ പറയുന്ന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

കൃഷി വകുപ്പ് വാർഷിക പദ്ധതി 2023-24 സ്കീമിൽ ഉൾപ്പെടുത്തി 'Infrastructural development works of various padasekharams in lower Kuttanad region flood protection works of Kanamkary Kadampamkari padasekharam' എന്ന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായി 150 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാരിൽനിന്നും കൃഷി വകുപ്പിന്റെ

കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് ലഭ്യമായിട്ടുണ്ട്. പ്രവൃത്തി ഇപ്പോൾ 85 ശതമാനം ഭൗതിക പുരോഗതി കൈവരിച്ചിട്ടുണ്ട്.

കൃഷി വകുപ്പ് വാർഷിക പദ്ധതി 2023-24 സ്കീമിൽ ഉൾപ്പെടുത്തി കുട്ടനാട് മേഖലയിലെ കാർഷിക വികസനം - ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ വിവിധ പാടശേഖരങ്ങളിൽ പെട്ടി-പറ മാറ്റി എനർജി എഫിഷ്യന്റ് പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 1200 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്.

നബാർഡ് ധനസഹായത്തോടെ RIDF-ൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന പദ്ധതികൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.+

പത്തനംതിട്ട ജില്ലയിലെ കുട്ടനാട് കാർഷിക മേഖലയിലെ ഊർജക്ഷമത കുറഞ്ഞ പെട്ടിയും പറയും സംവിധാനം മാറ്റി ആധുനിക പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി. ഇതുവരെ 24 പമ്പുകൾ ഇത്തരത്തിൽ മാറ്റി വച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

RIDF XXX-ൽ പമ്പ് ആധുനികവൽക്കരണത്തിനുള്ള പ്രോജക്ട് നൽകിയിട്ടുണ്ട്. 49 പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിർദേശം നൽകിയിട്ടുണ്ട്. കൂടാതെ നടപ്പുസാമ്പത്തിക വർഷത്തിൽ സംസ്ഥാന വാർഷിക പദ്ധതി പ്രകാരം 20 പമ്പുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കുട്ടനാട് പ്രദേശമായ ആലപ്പുഴ ജില്ലയിലെ കാർഷികമേഖലയുടെ സമഗ്ര പുരോഗതിക്കായി നടപ്പാക്കിയ പദ്ധതികൾ അനുബന്ധം-III ആയി ചേർത്തിരിക്കുന്നു.+

കോട്ടയം ജില്ലയിലെ അപ്പർ കുട്ടനാട്ടിലെ കാർഷിക മേഖലയിലെ സമഗ്ര പുരോഗതിക്കായി നെൽകർഷകർക്ക് സുസ്ഥിര നെൽകൃഷി വികസനം, കുട്ടനാട് പാക്കേജ്, ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. മുതലായ പദ്ധതികൾ നടപ്പാക്കിവരുന്നു. കൂടാതെ കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നു. നെല്ല് സംഭരണത്തിനുള്ള കേന്ദ്ര സർക്കാർ നിശ്ചയിച്ച താങ്ങുവില (MSP) ഒരു കിലോ നെല്ലിന് 19.40 രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ് 8.60 രൂപയും ഉൾപ്പെടെ 28 രൂപ/kg

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആയിരുന്നു. 2022-23 നെല്ല് സംഭരണ സീസൺ മുതൽ നെല്ലിന്റെ വില 28.20 രൂപ ആക്കി ഉയർത്തിയിട്ടുണ്ട്. നിലവിൽ ടി നിരക്ക് തുടരുന്നു.

(ബി) അതിതീവ്ര മഴയും കനത്ത ചൂടും വരൾച്ചയും നേരിട്ട കുട്ടനാട്ടിലെ കർഷകരെ സഹായിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന കനത്ത ചൂടിലും വരൾച്ചയിലും അതിതീവ്ര മഴയിലും കൃഷി നാശമുണ്ടാകുന്ന സാഹചര്യത്തിൽ കർഷകർക്ക് കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികളിൽ നഷ്ടപരിഹാരം നൽകുന്നുണ്ട്.

1. ചെറുകിട നാമമാത്ര കർഷകർക്കും ഇതര കർഷകർക്കും 2 ഹെക്ടർ വരെയുള്ള കൃഷി നാശത്തിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ആനുകൂല്യവും സംസ്ഥാന വിഹിതവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി

പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾ പൊട്ടി കൃഷിയിടം ഒലിച്ചുപോയി ഉണ്ടാകുന്ന നഷ്ടത്തിനും മടകളുടെ പുനർ നിർമ്മാണത്തിനുമുള്ള നഷ്ടപരിഹാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും (SDRF) ലഭ്യമാക്കുന്നതാണ്.

2. നിശ്ചിത പ്രീമിയം ഒടുക്കി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ച മൂലമുണ്ടായ കൃഷി നാശത്തിന് മാനദണ്ഡ പ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

3. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്ത ടേം

ഷീറ്റുകൾ പ്രകാരം കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള തുക നടത്തിപ്പ് ഏജൻസിയായ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

4. വരൾച്ചമൂലം കൃഷി നാശം സംഭവിച്ച സ്ഥലങ്ങളിൽ പുനർ കൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനും ജലസേചന അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും സംയോജിത വള പ്രയോഗവും കീട നിയന്ത്രണവും നടപ്പാക്കുന്നതിനും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഒരു സമഗ്ര പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ വരൾച്ചമൂലമുണ്ടായ നാശനഷ്ടം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും ആവശ്യമായ പിന്തുണ ഉറപ്പാക്കാനും കാർഷിക ഉൽപാദന കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ഉന്നത സമിതി ഉടൻ തന്നെ കേന്ദ്ര കാർഷിക വാണിജ്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതുമാണ്.

അതിതീവ്ര മഴയുണ്ടായ സാഹചര്യത്തിൽ ജില്ലകളിൽ കൺട്രോൾ റൂമുകൾ തുറക്കുകയും കൃഷി നാശത്തിന് അപേക്ഷ സമർപ്പിക്കുന്നതിന്

കർഷകർക്കാവശ്യമായ നിർദേശങ്ങൾ കൃഷി ഭവനുകൾ മുഖേനയും ദൃശ്യ ശ്രാവ്യ, സാമൂഹ്യ മാധ്യമങ്ങൾ മുഖേനയും അറിയിപ്പ് നൽകിയിട്ടുണ്ട്. നഷ്ടപരിഹാരത്തിനായി ലഭിക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കാർഷികമേഖലയുടെ സമഗ്രപുരോഗതിക്കായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കുട്ടനാട് മേഖലയിൽ കൃഷി ചെയ്യുന്നതിനായി നടത്തിവരുന്ന പ്രധാന പ്രക്രിയ പാടങ്ങളിലെ വെള്ളം നീക്കം ചെയ്യൽ (de-watering) എന്നതാണ്. 'കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനായുള്ള പദ്ധതി' എന്നതിൽ ഉൾപ്പെടുത്തി മുൻ സാമ്പത്തിക വർഷങ്ങളിൽ നടപ്പാക്കിയതുപോലെ 2024-25 സാമ്പത്തിക വർഷത്തിലും കുട്ടനാട് മേഖലയിൽ നിലവിലുള്ള പരമ്പരാഗത പെട്ടി-പറ സമ്പ്രദായം മാറ്റി പകരം ഊർജക്ഷമതയുള്ള വെർട്ടിക്കൽ ആക്സിൽ ഫ്ലോ പമ്പ്/സബ്മെഴ്സിബിൾ പമ്പ് സെറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ കുട്ടനാട് മേഖലയിലെ

പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യ വികസനവും പ്രസ്തുത പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. ടി പദ്ധതിക്കായി ഈ സാമ്പത്തിക വർഷത്തിൽ 3600 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിട്ടുണ്ട്.

കുട്ടനാട് പ്രദേശമായ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകൾക്ക് 2024-2025-ലെ നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽ കർഷകർക്കായി അനുവദിച്ചിട്ടുള്ള ഘടകങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.+

**വിളനാശം**

64(1693) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലുള്ള സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ കർഷകർക്ക് വിളനാശംമൂലം എത്ര രൂപയുടെ നഷ്ടമുണ്ടായെന്ന് അറിയിക്കാമോ; നഷ്ടപരിഹാരം ആവശ്യപ്പെട്ട് ആകെ ലഭിച്ച അപേക്ഷകൾ എത്രയാണ്;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എത്ര പേർക്ക് സഹായം അനുവദിച്ചു; നാളിതുവരെ എത്ര രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

കർഷകർ സമർപ്പിച്ച അപേക്ഷ പ്രകാരം പരിശോധന നടത്തിയതിൽ 20-05-2021 മുതൽ 31-12-2023 വരെ 66.11 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. 01-01-2024 മുതൽ 31-05-2024 വരെയുള്ള കാലയളവിൽ 257.12 രൂപയുടെ കൃഷി നാശം സംഭവിച്ചിട്ടുണ്ട്.

എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടത്തിന് ടി കാലയളവിൽ 1,48,413 അപേക്ഷകളാണ് ലഭിച്ചത്. ആയതിൽ 1,14,195 അപേക്ഷകൾക്കാണ് നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളത്. ഈ കാലയളവിൽ കുടിശ്ശിക ഉൾപ്പെടെ 109.12 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഈ കാലയളവിൽ ആകെ 43,150 അപേക്ഷകൾ ലഭിച്ചു. അതിൽ 36,713 അപേക്ഷകൾ പരിശോധന പൂർത്തിയാക്കി അംഗീകരിക്കുകയും നഷ്ടപരിഹാരമായി കുടിശ്ശികയുൾപ്പെടെ 94.31 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുമുണ്ട്.

സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽനിന്നും പ്രസ്തുത കാലയളവിൽ 9.397791 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

കേന്ദ്ര സംസ്ഥാന സംയുക്ത പദ്ധതിയായ കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ PMFBY, RWBCIS എന്നിവയുടെ സംസ്ഥാന വിഹിതം 144.3323054 കോടി രൂപ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതി മുഖേന 131888 കർഷകർക്കായി 177.7798 കോടി രൂപ ഇൻഷ്വറൻസ് കമ്പനി മുഖേന വിതരണം ചെയ്തിട്ടുണ്ട്.

**കാർഷിക വിളകൾക്കുള്ള പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായ പദ്ധതി**

65(1694) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക വിളകൾക്കുള്ള പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായ പദ്ധതി പ്രകാരം അരുവിക്കര മണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷം വിതരണം ചെയ്ത തുകയുടെ കണക്കുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ വിളകളുടെ ഇനം തിരിച്ച് അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ഏലം കർഷകരെ സഹായിക്കാൻ നടപടി

66(1695) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച ദുരിതബാധിതരായ കർഷകരെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

വരൾച്ച കെടുതിമൂലമുള്ള നാശനഷ്ടം നേരിട്ട് വിലയിരുത്തുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട കൃഷി ഓഫീസർ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ്, ബ്ലോക്ക് തല കൃഷി വിജ്ഞാന കേന്ദ്രത്തിലെ കാർഷിക സർവകലാശാല പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന വിദഗ്ധ സംഘം രൂപീകരിച്ചു. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും വരൾച്ച ബാധിത കൃഷിയിടങ്ങൾ 2024 മെയ് 6, 7, 8 തീയതികളിൽ വിദഗ്ധ സംഘങ്ങൾ സന്ദർശിച്ച് കാർഷിക വിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തു. കൂടാതെ വരൾച്ചക്കെടുതി രൂക്ഷമായിട്ടുള്ള ഇടുക്കി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ജില്ലയിലെ പ്രദേശങ്ങൾ 16-05-2024-ന് കൃഷി വകുപ്പ് മന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും നേരിട്ട് സന്ദർശിച്ച് നഷ്ടം വിലയിരുത്തുകയും ചെയ്തു.

നഷ്ടം സംഭവിച്ച കർഷകർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ചെറുകിട നാമമാത്ര കർഷകർക്കും ഇതര കർഷകർക്കും 2 ഹെക്ടർ വരെയുള്ള കൃഷി നാശത്തിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള ആനുകൂല്യവും സംസ്ഥാന വിഹിതവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇതിനായി ഉഷ്ണതരംഗം വിഭാഗത്തിൽ ഉൾപ്പെടുത്തി കൃഷിനാശത്തിനുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനായി പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് എയിംസ് പോർട്ടലിൽ 07-06-2024 വരെ സംവിധാനം ഒരുക്കുകയും കൃഷി നാശം സംഭവിച്ച കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള തീയതി 30-06-2024 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതു സംബന്ധിച്ച നിർദേശങ്ങൾ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ മുഖേനയും കർഷകർക്ക് നൽകിയിട്ടുണ്ട്.

കൂടാതെ പ്രത്യേക ക്യാമ്പയിൻ മുഖേന കർഷകർക്ക് ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിലും സ്വീകരിച്ചിട്ടുണ്ട്.

2. നിശ്ചിത പ്രീമിയം ഒടുക്കി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ച മൂലമുണ്ടായ കൃഷി നാശത്തിന് മാനദണ്ഡ പ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

3. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്ത ടേം ഷീറ്റുകൾ പ്രകാരം കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള തുക നടത്തിപ്പ് ഏജൻസിയായ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

4. വരൾച്ചമൂലം കൃഷി നാശം സംഭവിച്ച സ്ഥലങ്ങളിൽ പുനർ കൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനും ജലസേചന അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും സംയോജിത വള പ്രയോഗവും കീട നിയന്ത്രണവും നടപ്പാക്കുന്നതിനും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും ഒരു സമഗ്ര പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ വരൾച്ചമൂലമുണ്ടായ നാശനഷ്ടം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും ആവശ്യമായ പിന്തുണ ഉറപ്പാക്കാനും കാർഷിക ഉൽപാദന കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ഉന്നത സമിതി ഉടൻ തന്നെ കേന്ദ്ര കാർഷിക വാണിജ്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതുമാണ്.

(ബി) വരൾച്ച ദുരിതബാധിതരായ ഇടുക്കി ജില്ലയിലെ ഏലം കർഷകരെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഒരുവർഷത്തേക്ക് ഹെക്ടറിന് 1500 രൂപയും മൂന്ന് വർഷത്തേക്ക് 3750 രൂപയും ഒടുക്കി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ

കർഷകർക്ക് വരൾച്ച മൂലമുണ്ടായ കൃഷിനാശത്തിന് ഹെക്ടർ ഒന്നിന് 60,000/- രൂപ എന്ന നിരക്കിൽ നഷ്ടപരിഹാരം നൽകുന്നുണ്ട്.

ചെറുകിട നാമമാത്ര കർഷകർക്കും ഇതര കർഷകർക്കും 2 ഹെക്ടർ വരെയുള്ള കൃഷി നാശത്തിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള ആനുകൂല്യം 22,500/- രൂപയും സംസ്ഥാന വിഹിതമായി 2,500/- രൂപയും നൽകുന്നുണ്ട്.

ഇതിനായി ഉഷ്ണതരംഗം വിഭാഗത്തിൽ ഉൾപ്പെടുത്തി കൃഷിനാശത്തിനുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനായി പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് എയിംസ് പോർട്ടലിൽ 07-06-2024 വരെ സംവിധാനം ഒരുക്കുകയും കൃഷിനാശം സംഭവിച്ച കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള തീയതി 30-06-2024 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതുസംബന്ധിച്ച നിർദേശങ്ങൾ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ മുഖേനയും കർഷകർക്ക് നൽകിയിട്ടുണ്ട്.

കൂടാതെ പ്രത്യേക ക്യാമ്പയിൻ മുഖേന കർഷകർക്ക് ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിലും സ്വീകരിച്ചിട്ടുണ്ട്.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് ജനുവരി മുതൽ മെയ് വരെ കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനത്തിന് 20,000/- രൂപ വരെ ആനുകൂല്യം ലഭിക്കുന്നതാണ്.

വരൾച്ചയും ഉഷ്ണതരംഗവുംമൂലം കൃഷിനാശം സംഭവിച്ച കൃഷിയിടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെ മിറ്റിഗേഷൻ ഫണ്ടിൽ ഉൾപ്പെടുത്തി 10 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

പുന:കൃഷിക്കായി നടീൽ വസ്തുക്കളുടെ വിതരണം, ജലസേചന അടിസ്ഥാന സൗകര്യ വികസനം, സംയോജിത വള പ്രയോഗവും കീട

നിയന്ത്രണവും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി പ്രത്യേക പദ്ധതി തയാറാക്കിവരുന്നു.

ഇതിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ (മഴക്കുഴി, തടയണ കിണർ റീചാർജിങ്, കോണ്ടൂർ ബണ്ട് മുതലായവ), വരൾച്ച പ്രതിരോധ മാർഗങ്ങൾ, സൂക്ഷ്മ ജലസേചന പ്രവർത്തനങ്ങൾ, ഭൂവികസന പ്രവർത്തനങ്ങൾ മുതലായവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ ജനകീയാസൂത്രണ പദ്ധതി മാർഗരേഖയിൽ ഏലം ഉൾപ്പെടുത്തുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

(സി) കാർഡമം രജിസ്ട്രേഷൻ നടത്തുന്നതിന് സമയപരിധി ദീർഘിപ്പിച്ച് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കാർഡമം രജിസ്ട്രേഷനുള്ള സമയ പരിധി റവന്യൂ വകുപ്പിന്റെ ശിപാർശ പ്രകാരം സമയാസമയങ്ങളിൽ ദീർഘിപ്പിച്ചുനൽകുന്നുണ്ട്. സ്വന്തമായി ഭൂമിയുള്ള ഏതൊരു ഏലം കർഷകനും ഏലം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്

അപേക്ഷിക്കാം. സ്പൈസസ് ബോർഡിന്റെ അഭ്യർഥന പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിനുള്ള കാലാവധി 3 തവണ ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്.

(ഡി) വരൾച്ച ദുരിതബാധിതരായ ഇടുക്കി ജില്ലയിലെ ഏലം കർഷകരെ സഹായിക്കാൻ കേന്ദ്ര സർക്കാരിൽനിന്നും തുക അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

അനുവദിച്ചിട്ടില്ല.

(ഇ) വരുംകാലങ്ങളിൽ വരൾച്ചമൂലം കൃഷിനാശം ഉണ്ടാകാതിരിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വരൾച്ചയും ഉഷ്ണതരംഗവുംമൂലം കൃഷിനാശം സംഭവിച്ച കൃഷിയിടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ വകുപ്പിന്റെ മിറ്റിഗേഷൻ ഫണ്ടിൽ ഉൾപ്പെടുത്തി 10 കോടി രൂപയുടെ പദ്ധതി തയാറാക്കിയിട്ടുണ്ട്.

പുന:കൃഷിക്കായി നടീൽ വസ്തുക്കളുടെ വിതരണം, ജലസേചന അടിസ്ഥാന സൗകര്യ വികസനം, സംയോജിത വള പ്രയോഗവും കീട

നിയന്ത്രണവും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി പ്രത്യേക പദ്ധതി തയ്യാറാക്കിവരുന്നു.

ഇതിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ (മഴക്കുഴി, തടയണ കിണർ റീചാർജിങ്, കോണ്ടൂർ ബണ്ട് മുതലായവ), വരൾച്ച പ്രതിരോധ മാർഗങ്ങൾ, സൂക്ഷ്മ ജലസേചന പ്രവർത്തനങ്ങൾ, ഭൂവികസന പ്രവർത്തനങ്ങൾ മുതലായവയും ഉൾപ്പെട്ടിരിക്കുന്നു.

**വരൾച്ചയിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം**

67(1696) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഠിനമായ വരൾച്ചമൂലം സംസ്ഥാനത്ത് ഈ വർഷമുണ്ടായ കൃഷിനാശം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

2024 ഫെബ്രുവരി-മേയ് മാസങ്ങളിലുണ്ടായ കടുത്ത വരൾച്ചമൂലം കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപകമായ കൃഷി നാശം സംഭവിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം 46587 ഹെക്ടറിൽ കൃഷിനാശം സംഭവിച്ചതായും 257.12

കോടി രൂപയുടെ നേരിട്ടുള്ള നഷ്ടവും 118.69 കോടി രൂപയുടെ പരോക്ഷ നഷ്ടവുമുണ്ടായതായി വരൾച്ചമൂലമുള്ള കൃഷിനാശം വിലയിരുത്തിയ വിദഗ്ധ സംഘം റിപ്പോർട്ട് നൽകിയിട്ടുണ്ട്. ബ്ലോക്ക് തല വിദഗ്ധ സമിതിയുടെ റിപ്പോർട്ട് പ്രകാരം പ്രധാന കാർഷിക ജില്ലകളായ ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ ഉൾപ്പെടെ എല്ലാ ജില്ലകളിലും അതിരൂക്ഷമായ വരൾച്ചയും ഉഷ്ണതരംഗവുംമൂലം പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, പഴവർഗങ്ങൾ, പയറുവർഗങ്ങൾ മുതലായവയും ഏലം, കുരുമുളക്, കാപ്പി, കൊക്കോ, അടയ്ക്ക, തെങ്ങ് ഉൾപ്പെടെയുള്ള നാണ്യ തോട്ടവിളകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു. ജലസേചന സ്രോതസ്സുകളെല്ലാം വറ്റി വരളുകയും വിളവെടുക്കാറായ ഫലവർഗങ്ങൾ ഉണങ്ങി ശുഷ്കിച്ച് വില്പനയോഗ്യമല്ലാതാകുകയും ചെയ്തു. പ്രധാന വിളകളിൽ നെല്ല് 6369 ഹെക്ടർ, വാഴ 2884 ഹെക്ടർ, കുരുമുളക് 3182 ഹെക്ടർ, തെങ്ങ് 521 ഹെക്ടർ, ഏലം 30536 ഹെക്ടർ എന്നിവയ്ക്ക് നേരിട്ടും പരോക്ഷമായും നാശനഷ്ടം സംഭവിച്ചു. ഇടുക്കി മേഖലയിൽ ഏലത്തിന് വ്യാപകമായ നാശനഷ്ടം

സംഭവിച്ചു. 15731 ഹെക്ടറിലെ ഏലം കൃഷി പൂർണ്ണമായും നശിച്ചുപോയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വിളനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കൃഷി നാശം സംഭവിച്ച കർഷകർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. പ്രകൃതിക്ഷോഭം പദ്ധതി പ്രകാരമുള്ള ആനുകൂല്യം

പ്രകൃതിക്ഷോഭം പദ്ധതിയിൽ ഉഷ്ണതരംഗം മൂലമുണ്ടായ കൃഷി നാശത്തിന് ചെറുകിട നാമമാത്ര കർഷകർക്കും വൻകിട കർഷകർക്ക് 2 ഹെക്ടർ വരെയുള്ള കൃഷി നാശത്തിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള ആനുകൂല്യവും സംസ്ഥാന വിഹിതവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതിനായി ഉഷ്ണതരംഗം വിഭാഗത്തിൽ ഉൾപ്പെടുത്തി കൃഷിനാശത്തിനുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനായി പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് എയിംസ് പോർട്ടലിൽ 07-06-2024 വരെ സംവിധാനം ഒരുക്കുകയും കൃഷി നാശം സംഭവിച്ച കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള തീയതി 30-06-2024 വരെ ദീർഘിപ്പിക്കുകയും ചെയ്തു. കർഷകർ എയിംസ് പോർട്ടലിൽ അപേക്ഷ സമർപ്പിച്ചുവരുന്നു.

ഇതുസംബന്ധിച്ച നിർദേശങ്ങൾ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ മുഖേനയും കർഷകർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.

പ്രത്യേക ക്യാമ്പയിൻ മുഖേന കർഷകർ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

2. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം

നിശ്ചിത പ്രീമിയം ഒടുക്കി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ചമൂലമുണ്ടായ കൃഷി നാശത്തിന് മാനദണ്ഡ

പ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 3314 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതി

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്ത Term ഷീറ്റുകൾ പ്രകാരം കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള തുക നടത്തിപ്പ് ഏജൻസിയായ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ വരൾച്ചമൂലമുണ്ടായ നാശനഷ്ടം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും ആവശ്യമായ പിന്തുണ ഉറപ്പാക്കാനും കാർഷിക ഉൽപാദന കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ഉന്നത സമിതി ഉടൻ

തന്നെ കേന്ദ്ര കൃഷി വാണിജ്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതാണ്.

**വരൾച്ചയെ തുടർന്നുള്ള കൃഷിനാശം**

68(1697) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ കാലത്ത് സംസ്ഥാനത്തുണ്ടായ കൃഷിനാശം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. 2024 ഫെബ്രുവരി-മേയ് മാസങ്ങളിലുണ്ടായ കടുത്ത വരൾച്ചമൂലം കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപകമായ കൃഷി നാശം സംഭവിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം 23021 ഹെക്ടറിൽ നേരിട്ട് കൃഷിനാശം സംഭവിച്ചതായും 257.12 കോടി രൂപയുടെ നഷ്ടമുണ്ടായതായും കണക്കാക്കുന്നു. പരോക്ഷമായി 23569 ഹെക്ടറിൽ 118.69 കോടി രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്. 56947 കർഷകരെ വരൾച്ച ബാധിച്ചു. പ്രധാന കാർഷിക ജില്ലകളായ ഇടുക്കി,

വയനാട്, പാലക്കാട്, തൃശ്ശൂർ ഉൾപ്പെടെ എല്ലാ ജില്ലകളിലും അതിരൂക്ഷമായ വരൾച്ചയും ഉഷ്ണതരംഗവുംമൂലം പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, പഴവർഗങ്ങൾ, പയറുവർഗങ്ങൾ മുതലായവയും ഏലം, കുരുമുളക്, കാപ്പി, കൊക്കോ, അടയ്ക്ക, തെങ്ങ് ഉൾപ്പെടെയുള്ള നാണ്യ തോട്ടവിളകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു. പ്രധാന വിളകളിൽ നെല്ല് 1854 ഹെക്ടർ, വാഴ 2091 ഹെക്ടർ, കുരുമുളക് 1251 ഹെക്ടർ, തെങ്ങ് 160 ഹെക്ടർ, ഏലം 16229 ഹെക്ടർ എന്നിവയ്ക്ക് നേരിട്ടുള്ള നാശനഷ്ടം സംഭവിച്ചു. ഇടുക്കി മേഖലയിൽ ഏലത്തിന് വ്യാപകമായ നാശനഷ്ടം സംഭവിച്ചു. 15731 ഹെക്ടറിലെ ഏലം കൃഷി പൂർണ്ണമായും നശിച്ചുപോയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(ബി&സി) ഉണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നിശ്ചിത പ്രീമിയം ഒടുക്കി പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ചമൂലമുണ്ടായ കൃഷി നാശത്തിന് മാനദണ്ഡപ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരത്തിനായി എയിംസ് പോർട്ടൽ മുഖേന അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2024 ഫെബ്രുവരി മുതൽ മേയ് മാസം വരെ വരൾച്ചമൂലം കൃഷിനാശം നേരിട്ട കർഷകർക്ക് ആനുകൂല്യം ലഭിക്കുന്നതിനായി എയിംസ് പോർട്ടലിൽ ഉഷ്ണതരംഗം എന്ന വിഭാഗത്തിൽ പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് 07-06-2024 വരെയും നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കുന്നതിന് 30-06-2024 വരെയും സമയ പരിധി അനുവദിച്ച നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വരൾച്ചമൂലമുണ്ടായ നാശനഷ്ടം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും ആവശ്യമായ പിന്തുണ ഉറപ്പാക്കാനും കാർഷികോൽപാദന കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ഉന്നത സമിതി

ഉടൻ തന്നെ കേന്ദ്ര കാർഷിക വാണിജ്യ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതാണ്.

(ഡി) വിവിധ ബാങ്കുകളിൽനിന്നും ലോൺ എടുത്ത കർഷകരെ സഹായിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ?

കാർഷിക വായ്പ തിരിച്ചടയ്ക്കാനാവാതെ പ്രയാസമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി, വായ്പയുടെ മേൽ ഇളവ് പ്രഖ്യാപിക്കുന്ന വിഷയം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**വരൾച്ചയെ തുടർന്ന് കാർഷികരംഗത്തുണ്ടായ നഷ്ടം**

69(1698) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനത്ത ചൂടിലും വരൾച്ചയിലും കാർഷിക രംഗത്തുണ്ടായ നഷ്ടം എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. 2024 ഫെബ്രുവരി-മേയ് മാസങ്ങളിലുണ്ടായ കടുത്ത വരൾച്ചമൂലം കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപകമായ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം 46587 ഹെക്ടറിൽ നേരിട്ട് കൃഷിനാശം സംഭവിച്ചതായും 257.12 കോടി രൂപയുടെ പ്രത്യക്ഷ നഷ്ടവും 118.69 കോടി രൂപയുടെ പരോക്ഷ നഷ്ടവും ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. 56947 കർഷകരെ വരൾച്ച ബാധിച്ചു. പ്രധാന കാർഷിക ജില്ലകളായ ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ ഉൾപ്പെടെ എല്ലാ ജില്ലകളിലും അതിരൂക്ഷമായ വരൾച്ചയും ഉഷ്ണതരംഗവുംമൂലം പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, പഴവർഗങ്ങൾ, പയറുവർഗങ്ങൾ മുതലായവയും ഏലം, കുരുമുളക്, കാപ്പി, കൊക്കോ, അടയ്ക്ക, തെങ്ങ് ഉൾപ്പെടെയുള്ള നാണ്യ തോട്ടവിളകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു.

പ്രധാന വിളകളിൽ നെല്ല് 6369 ഹെക്ടർ, വാഴ 2884 ഹെക്ടർ, കുരുമുളക് 3182 ഹെക്ടർ, തെങ്ങ് 521 ഹെക്ടർ, ഏലം 30536 ഹെക്ടർ എന്നിവയ്ക്ക് പ്രത്യക്ഷവും പരോക്ഷവുമായ നാശനഷ്ടം സംഭവിച്ചു. ഇടുക്കി മേഖലയിൽ ഏലത്തിന് വ്യാപകമായ നാശനഷ്ടം സംഭവിച്ചു.

(ബി) വരൾച്ചയെക്കുറിച്ച് പഠിക്കുന്നതിനായി കൃഷി വകുപ്പ് വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നോ; എങ്കിൽ സമിതിയുടെ നിഗമനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

വരൾച്ച കെടുതിമൂലമുള്ള നാശനഷ്ടം നേരിട്ട് വിലയിരുത്തുന്നതിനായി കാർഷിക ബ്ലോക്കടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട കൃഷി ഓഫീസർ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ്, ബ്ലോക്ക് തല കൃഷി വിജ്ഞാന കേന്ദ്രത്തിലെ കാർഷിക സർവകലാശാല പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന വിദഗ്ധ സംഘം രൂപീകരിച്ചു. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും വരൾച്ച ബാധിത കൃഷിയിടങ്ങൾ 2024 മേയ് 6, 7, 8 തീയതികളിൽ വിദഗ്ധ സംഘങ്ങൾ സന്ദർശിച്ച് കാർഷിക വിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തു. 56947 കർഷകരെ വരൾച്ച ബാധിച്ചു. പ്രധാന വിളകളിൽ നെല്ല് 6369 ഹെക്ടർ, വാഴ 2884 ഹെക്ടർ, കുരുമുളക് 3182 ഹെക്ടർ, തെങ്ങ് 521 ഹെക്ടർ, ഏലം 30536 ഹെക്ടർ എന്നിവയ്ക്ക് പ്രത്യക്ഷവും പരോക്ഷവുമായ നാശനഷ്ടം സംഭവിച്ചു. ഇടുക്കി മേഖലയിൽ ഏലത്തിന് വ്യാപകമായ നാശനഷ്ടം സംഭവിച്ചു. 15731

ഹെക്ടറിലെ ഏലം കൃഷി പൂർണ്ണമായും നശിച്ചുപോയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സമിതിയുടെ നിഗമനങ്ങൾ പ്രകാരം കേന്ദ്രസർക്കാരിന്റെ സഹായം തേടിയിട്ടുണ്ടോ?

കേരളത്തിൽ കഴിഞ്ഞ മാസങ്ങളിലുണ്ടായ രൂക്ഷമായ വരൾച്ചയെത്തുടർന്ന് ഉണ്ടായ കാർഷിക നഷ്ടം ചൂണ്ടിക്കാട്ടി കേന്ദ്ര സർക്കാരിൽനിന്നും സാമ്പത്തിക സഹായം ആവശ്യപ്പെടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വരൾച്ചമൂലമുണ്ടായ നാശനഷ്ടം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും ആവശ്യമായ പിന്തുണ ഉറപ്പാക്കാനും കാർഷിക ഉൽപാദന കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ഉന്നത സമിതി ഉടൻതന്നെ കേന്ദ്ര കാർഷിക വാണിജ്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതുമാണ്.

(ഡി) കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

കൃഷിനാശം സംഭവിച്ച കർഷകർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ചെറുകിട നാമമാത്ര കർഷകർക്കും ഇതര കർഷകർക്കും 2 ഹെക്ടർ വരെയുള്ള കൃഷി നാശത്തിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള ആനുകൂല്യവും സംസ്ഥാന വിഹിതവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇതിനായി ഉഷ്ണതരംഗം വിഭാഗത്തിൽ ഉൾപ്പെടുത്തി കൃഷിനാശത്തിനുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനായി പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് എയിംസ് പോർട്ടലിൽ 07-06-2024 വരെ സംവിധാനം ഒരുക്കുകയും കൃഷി നാശം സംഭവിച്ച കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള തീയതി 30-06-2024 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾവഴിയും സോഷ്യൽ മീഡിയ മുഖേനയും കർഷകർക്ക് നൽകിയിട്ടുണ്ട്.

കൂടാതെ പ്രത്യേക ക്യാമ്പയിൻ മുഖേന കർഷകർക്ക് ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിലും സ്വീകരിച്ചിട്ടുണ്ട്.

2. നിശ്ചിത പ്രീമിയം ഒടുക്കി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ചമൂലമുണ്ടായ കൃഷി നാശത്തിന് മാനദണ്ഡ പ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

3. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചേർന്ന് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്ത ടേം ഷീറ്റുകൾ പ്രകാരം കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള തുക നടത്തിപ്പ് ഏജൻസിയായ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കാർഷിക വായ്പ തിരിച്ചടയ്ക്കാനാവാതെ പ്രയാസമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി, വായ്പയുടെ മേൽ ഇളവ്

പ്രഖ്യാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കാലവർഷത്തിൽ കൃഷിനാശം നേരിട്ട കർഷകർക്ക് നഷ്ടപരിഹാരം**

70(1699) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തികവർഷത്തെ കാലവർഷത്തിൽ കൃഷിനാശമുണ്ടായ വകയിൽ കർഷകർക്ക് നൽകിയ നഷ്ടപരിഹാരത്തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത കാലയളവിൽ കൃഷിനാശംമൂലം നഷ്ടങ്ങളുണ്ടായ കർഷകർക്ക് ഇനിയും നഷ്ടപരിഹാരം ലഭിക്കാനുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) എങ്കിൽ എന്തുകൊണ്ടാണ് നഷ്ടപരിഹാരം നൽകാത്തതെന്ന് വിശദമാക്കുമോ;

(ഡി) ഇനിയും നഷ്ടപരിഹാരം ലഭിക്കാത്ത കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) 2023-24 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ നടപ്പുസാമ്പത്തിക വർഷത്തിൽ പ്രകൃതിക്ഷോഭം പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള 750 ലക്ഷം രൂപയും വിള ഇൻഷ്വറൻസ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള 3314 ലക്ഷം രൂപയും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൃഷി നാശം സംഭവിച്ചതിന് നഷ്ടപരിഹാരം**

71(1700) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ കൊടിഞ്ഞി തിരുത്തി, മോര്യകാപ്പ് പാടശേഖരങ്ങളിലെ നെൽകൃഷി വെള്ളം ലഭ്യമല്ലാത്തതിനാൽ നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 2023-24 വർഷത്തിൽ തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ കൊടിഞ്ഞി തിരുത്തി, മോര്യാകാപ്പ് പാടശേഖരങ്ങളിലെ 50 ഹെക്ടറോളം പുഞ്ച നെൽകൃഷി വെള്ളം ലഭ്യമല്ലാത്തതിനാൽ പൂർണ്ണമായും നശിക്കുകയും ഏകദേശം അത്രതന്നെ പ്രദേശത്തെ നെൽ കൃഷിയുടെ ഉൽപാദനം 50 ശതമാനത്തോളം കുറയുകയും ചെയ്തിരുന്നു.

(ബി) ഇപ്രകാരം കൃഷി നാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം ഈ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എയിംസ് പോർട്ടൽ വഴി സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ പ്രദേശങ്ങളിൽ വരുംവർഷങ്ങളിൽ കൃഷിക്കാവശ്യമായ വെള്ളം ലഭിക്കാതെ കൃഷിനാശം സംഭവിക്കാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ കൊടിഞ്ഞി തിരുത്തി, മോര്യാകാപ്പ് പാടശേഖരങ്ങളുടെ മധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന

'മോര്യാകാപ്പ്' എന്ന 6 ഏക്കറോളം വരുന്ന ചെറുജലാശയം ആഴവും വീതിയും കൂട്ടി പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുകയാണ് ഇതിനുള്ള ശാശ്വത പരിഹാരം.

2024 മാർച്ചിൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന ജലസേചന, കൃഷി, റവന്യൂ, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗ തീരുമാന പ്രകാരം മോര്യാകാപ്പ് നവീകരണത്തിന് എല്ലാ വകുപ്പുകളേയും സംയോജിപ്പിച്ച് പദ്ധതി തയാറാക്കാൻ ജില്ലാകളക്ടർ നിർദേശിച്ചു. മോര്യാകാപ്പ് നവീകരണത്തിനുവേണ്ടി എത്ര ഫണ്ട് ചെലവുവരും എന്നതിനെക്കുറിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാൻ കേരള കാർഷിക സർവകലാശാലയെ ചുമതലപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കെ.സി.എ.ഇ.ടി. കാർഷിക കോളേജിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ. സജീന എസ്.-ന്റെ നേതൃത്വത്തിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും 16-05-2024-ന് മോര്യാകാപ്പ് സന്ദർശിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയാറാക്കി സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഈ പാടശേഖരങ്ങളിലേക്ക് വെള്ളം എത്തുന്ന പ്രധാനപ്പെട്ട തോടായ കാളം തിരുത്തി-മുക്കം തോടിൽനിന്നും മണ്ണും ചെളിയും നീക്കി മാറ്റുന്ന പ്രവൃത്തി തിരൂരങ്ങാടി നഗരസഭ, നന്നമ്പ്ര ഗ്രാമപഞ്ചായത്ത് എന്നിവർ പൂർത്തീകരിച്ചിട്ടുണ്ട്.

**വരൾച്ച കാരണം കാർഷിക മേഖലയിലുണ്ടായ നഷ്ടം**

72(1701) ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ കടുത്ത വരൾച്ചമൂലം കാർഷിക മേഖലയിലുണ്ടായ നഷ്ടം വിശകലനം ചെയ്തിട്ടുണ്ടോ?

ഉണ്ട്. 2024 ഫെബ്രുവരി-മേയ് മാസങ്ങളിലുണ്ടായ കടുത്ത വരൾച്ചമൂലം കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപകമായ കൃഷി നാശം സംഭവിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം 23021 ഹെക്ടറിൽ പ്രത്യക്ഷമായി കൃഷിനാശം സംഭവിച്ചതായും 257.12 കോടി രൂപയുടെ നഷ്ടമുണ്ടായതായും കണക്കാക്കുന്നു.

പരോക്ഷമായി 23569 ഹെക്ടറിൽ ഉൽപാദന നഷ്ടമുണ്ടാവുകയും 118.69 കോടി രൂപയുടെ നഷ്ടവും കണക്കാക്കുന്നു. ബ്ലോക്ക് തല വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രധാന കാർഷിക ജില്ലകളായ ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ ഉൾപ്പെടെ എല്ലാ ജില്ലകളിലും അതിരൂക്ഷമായ വരൾച്ചയും ഉഷ്ണതരംഗവുംമൂലം പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, പഴവർഗങ്ങൾ, പയറുവർഗങ്ങൾ മുതലായവയും ഏലം, കുരുമുളക്, കാപ്പി, കൊക്കോ, അടയ്ക്ക, തെങ്ങ് ഉൾപ്പെടെയുള്ള നാണ്യ തോട്ടവിളകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു. ജലസേചന സ്രോതസ്സുകളെല്ലാം വറ്റി വരളുകയും വിളവെടുക്കാറായ ഫലവർഗങ്ങൾ ഉണങ്ങി ശുഷ്കിച്ച് വില്പനയോഗ്യമല്ലാതാകുകയും ചെയ്തു.

പ്രധാന വിളകളിൽ നെല്ല് 1854 ഹെക്ടർ, വാഴ 2091 ഹെക്ടർ, കുരുമുളക് 1251 ഹെക്ടർ, തെങ്ങ് 160 ഹെക്ടർ, ഏലം 16229 ഹെക്ടർ, കമുക് 1577 ഹെക്ടർ, കാപ്പി 261 ഹെക്ടർ, ജാതി 303 ഹെക്ടർ, കൊക്കോ 61 ഹെക്ടർ എന്നിവയ്ക്ക് നാശനഷ്ടം സംഭവിച്ചു. ഇടുക്കി മേഖലയിൽ ഏലത്തിന് വ്യാപകമായ

നാശനഷ്ടം സംഭവിച്ചു. 15731 ഹെക്ടറിലെ ഏലം കൃഷി പൂർണ്ണമായും നശിച്ചുപോയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇക്കാര്യം വിലയിരുത്തുന്നതിനായി പ്രത്യേക സംഘത്തെ നിയോഗിച്ചിരുന്നുവോ; ഓരോ മേഖലയിലുമുണ്ടായ നാശനഷ്ടത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

നിയോഗിച്ചിരുന്നു. വരൾച്ച കെടുതി നേരിട്ട് പരിശോധിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട കൃഷി ഓഫീസർ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ്, ബ്ലോക്ക് തല കൃഷി വിജ്ഞാന കേന്ദ്രത്തിലെ കാർഷിക സർവകലാശാല പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന വിദഗ്ധ സംഘം രൂപീകരിക്കുകയും സംസ്ഥാനത്തെ മുഴുവൻ ജില്ലയിലെയും വരൾച്ച ബാധിത കൃഷിയിടങ്ങൾ മേയ് 6, 7, 8 തീയതികളിൽ സന്ദർശിച്ച് കാർഷിക വിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തു. അതുപ്രകാരം ആകെ 46587 ഹെക്ടർ സ്ഥലത്തെ കൃഷി വരൾച്ചമൂലം നശിക്കുകയും 56947 കർഷകരെ ഈ നഷ്ടം പ്രത്യക്ഷമായും പരോക്ഷമായും ബാധിച്ചതായും കണക്കാക്കിയിട്ടുണ്ട്. ആകെ 375.81 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി

കണക്കാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) കാർഷിക വായ്പ തിരിച്ചടയ്ക്കാനാകാതെ പ്രയാസമനുഭവിക്കുന്നവരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കാർഷിക വായ്പ തിരിച്ചടയ്ക്കാനാവാതെ പ്രയാസമനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി, വായ്പയുടെ മേൽ ഇളവ് പ്രഖ്യാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകാൻ പദ്ധതി**

73(1702) **ശ്രീ. പി. മമ്മിക്കുട്ടി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനംമൂലം വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ കണക്കിലെടുത്ത് കൃഷിക്കാർക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പരിധിയില്ലാതെ നഷ്ടപരിഹാരം നൽകാനുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കാലാവസ്ഥാ വ്യതിയാനംമൂലം വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കൃഷി വകുപ്പ് മുഖേന നൽകുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം

നിശ്ചിത പ്രീമിയം ഒടുക്കി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് കൃഷിനാശത്തിന് മാനദണ്ഡ പ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 3314 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. പ്രകൃതിക്ഷോഭം പദ്ധതി പ്രകാരമുള്ള ആനുകൂല്യം

കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തര പരിപാടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിന്റെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുള്ള

വിഹിതവും സംസ്ഥാന വിഹിതവും നഷ്ടപരിഹാരമായി നൽകുന്നുണ്ട്. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വിള വീണ്ടും ഇറക്കുന്നതിനായി പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തര പരിപാടി പദ്ധതി പ്രകാരം നെൽവിത്ത് സൗജന്യമായി നൽകുന്നതിനുള്ള ക്രമീകരണം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി ഉണ്ടാകുന്ന നഷ്ടത്തിനും മടകളുടെ പുനർ നിർമ്മാണത്തിനുമുള്ള നഷ്ടപരിഹാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും ലഭ്യമാക്കിവരുന്നു.

3. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതി

കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്ത Term ഷീറ്റുകൾ പ്രകാരം കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാലാവസ്ഥ വ്യതിയാനത്തിന് ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള തുക നടത്തിപ്പ് ഏജൻസിയായ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നുണ്ട്.

(ബി) കർഷകരുടെ വരുമാനം ഉറപ്പാക്കാൻ ലക്ഷ്യമിട്ട് കാർഷിക ഉൽപന്ന വിപണനത്തിനായി പുതിയ ഓൺലൈൻ പ്ലാറ്റ്ഫോം തയാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കർഷകരുടെ വരുമാനം ഉറപ്പാക്കാൻ ലക്ഷ്യമിട്ട് കാർഷിക ഉൽപന്ന വിപണനത്തിനായി പുതിയ ഓൺലൈൻ പ്ലാറ്റ്ഫോം നിലവിൽ കേരള കൃഷി ഹബ്ബ് എന്ന പദ്ധതിയുടെ ഘടകമായി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ കാർഷിക ഉൽപന്നങ്ങളുടെ വിപണനം, വിപണി സൂചന (Market Intelligence) എന്നിവ ഉൾപ്പെടുത്തി ഓരോ വിളയുടെ കമ്പോള വില വ്യതിയാനങ്ങൾ പഠിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൃഷി

ചെയ്യുന്ന രീതിയിൽ ആണ് ക്രമീകരിച്ചിട്ടുള്ളത്. ഇതിലൂടെ കർഷകർക്ക് മികച്ച വിലയും വിളവും ഉറപ്പാക്കാൻ സാധിക്കും.

**പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടം, ബനാന നഴ്സറി എന്നിവിടങ്ങളിൽ ഫാം ടൂറിസം പദ്ധതി**

74(1703) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ജില്ലാ കൃഷിത്തോട്ടം, ബനാന നഴ്സറി എന്നിവിടങ്ങളിൽ എന്തെല്ലാം ഉൽപന്നങ്ങൾ കൃഷി ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ?

പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ തെങ്ങ്, കവുങ്ങ്, കുരുമുളക്, കൊക്കോ, ഫലവർഗവിളകളായ മാവ്, പ്ലാവ്, സപ്പോട്ട, റമ്പൂട്ടാൻ, പുലാസാൻ, പേര മുതലായവയും വാർഷിക വിളകളായ വാഴ, പച്ചക്കറി, കിഴങ്ങ് വിളകൾ കൂടാതെ വിവിധയിനം വിളകളുടെ പ്രോജനി ഓർച്ചാർഡുകൾ എന്നിവയും നട്ട് പരിപാലിച്ചുവരുന്നു. പെരിങ്ങമ്മല ബനാന നഴ്സറിയിൽ തെങ്ങ്, വാഴ, കമുങ്ങ്, ഫലവൃക്ഷങ്ങൾ പച്ചക്കറി, കിഴങ്ങ് വർഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ,

കശുമാവ് എന്നീ വിളകൾ കൃഷി ചെയ്തുവരുന്നു. കൂടാതെ പശു, ആട്, അലങ്കാര കോഴികൾ എന്നിവയും നിലവിലുണ്ട്.

(ബി) പ്രസ്തുത ഫാമുകളിൽ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിപണനം ചെയ്യാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിൽ ഒരുക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

പെരിങ്ങമ്മല ജില്ലാ ഫാമിൽനിന്നും നേരിട്ടും കൃഷിഭവനുകൾവഴി വിവിധ പദ്ധതികളിലൂടെയും കൃഷി വകുപ്പിന്റെ കീഴിൽ ആനയറ വേൾഡ് മാർക്കറ്റ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന സെയിൽസ് കൗണ്ടർ മുഖേനയുമാണ് പ്രധാനമായും ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നത്. പെരിങ്ങമ്മല ബനാന നഴ്സറി ഫാമിൽനിന്നും നേരിട്ടും കാർഷിക മേളകൾ വഴിയും വിപണനം ചെയ്യുന്നുണ്ട്. കൂടുതൽ അളവിലുള്ള കുരുമുളക്, കശുവണ്ടി ഉൽപന്നങ്ങൾ ലേലം ചെയ്തുവിൽക്കുന്നു. വിവിധ കാർഷിക പദ്ധതികളിലായി കൃഷി ഭവനുകൾ മുഖേനയും നടീൽ വസ്തുക്കൾ വിപണനം ചെയ്യുന്നു.

(സി) കാർഷികോൽപന്നങ്ങൾക്കുപരിയായി മറ്റെന്തെല്ലാം ഉൽപന്നങ്ങൾ ഇവിടെ ഉൽപാദിപ്പിക്കുന്നുണ്ട്; വിശദമാക്കാമോ?

പെരിങ്ങമ്മല ജില്ലാ ഫാമിൽ നടീൽ വസ്തുക്കളായ ഗ്രാഫ്റ്റുകൾ (മാവ്, പ്ലാവ്, റമ്പൂട്ടാൻ, സപ്പോട്ട, കുടംപുളി, കശുമാവ്, ജാതി) ലെയറുകൾ (പേര, ജാംബ, നാരകം) തെങ്ങിൻതൈകൾ, കമുകിൻ തൈ, മറ്റുവിളകളുടെ തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവയ്ക്ക് പുറമെ തേൻ, വെളിച്ചെണ്ണ, മഞ്ഞൾപ്പൊടി, ഉണക്കകുരുമുളക്, കുടംപുളി, പഞ്ഞിത്തലയിണ, സ്ക്വാഷുകൾ (ഫാഷൻഫ്രൂട്ട്, പേരയ്ക്ക, മാങ്ങ, വാഴപ്പിണ്ടി, കശുമാങ്ങ) ജൈവവളങ്ങളായ മണ്ണിര കമ്പോസ്റ്റ്, ആട്ടിൻകാഷ്ഠം, ചാണകപ്പൊടി, ഫിഷ് അമിനോ ആസിഡ്, ഹരിത കഷായം തുടങ്ങിയ ഉൽപന്നങ്ങളും ഉൽപാദിപ്പിച്ച് വിപണനം നടത്തുന്നുണ്ട്.

പെരിങ്ങമ്മല ബനാന നഴ്സറിയിൽ വിവിധയിനം ഫലവൃക്ഷത്തൈകൾ, തെങ്ങിൻ തൈകൾ, കമുകിൻ തൈകൾ, വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ, പച്ചക്കറി തൈകൾ, പച്ചക്കറി വിത്തുകൾ, അലങ്കാര സസ്യങ്ങളുടെ തൈകൾ എന്നിവ ഉൽപാദിപ്പിക്കുന്നു.

(ഡി) പ്രസ്തുത ഫാമുകളിൽ സ്ഥിരം, താൽക്കാലിക വിഭാഗങ്ങളിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നത് അറിയിക്കാമോ?

പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ സ്ഥിരം തൊഴിലാളികൾ 79-ഉം കാഷ്വൽ തൊഴിലാളികൾ 76 പേരുമാണ് നിലവിലുള്ളത്. പെരിങ്ങമ്മല ബനാന നഴ്സറിയിൽ 53 സ്ഥിരം തൊഴിലാളികളും 44 കാഷ്വൽ തൊഴിലാളികളും ജോലി ചെയ്തുവരുന്നു.

(ഇ) ജില്ലാ കൃഷിത്തോട്ടം, ബനാന നഴ്സറി എന്നിവിടങ്ങളിൽ ടൂറിസം വകുപ്പുമായി സഹകരിച്ചുകൊണ്ട് ഫാം ടൂറിസം പദ്ധതി നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

ടൂറിസം വകുപ്പുമായി സഹകരിച്ചുകൊണ്ട് ഫാം ടൂറിസം പദ്ധതി നടപ്പാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി ഫാം**

75(1704) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിനുകീഴിലുള്ള സംസ്ഥാന പച്ചക്കറി ഫാമുകളിൽ ഉൽപാദനം

വർധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ ആകെ 64 ഫാമുകളുണ്ട്. ഇതിൽ 33 സംസ്ഥാന വിത്തുൽപാദന കേന്ദ്രങ്ങളിലും 9 ജില്ലാ ഫാമുകളിലും 14 സ്പെഷ്യൽ ഫാമുകളിലും 8 തെങ്ങിൻ നഴ്സറികളിലും വിത്തുൽപാദനം ലക്ഷ്യമിട്ട് പച്ചക്കറി കൃഷി ചെയ്തുവരുന്നു. എന്നാൽ സ്പെഷ്യൽ ഫാമുകളിൽ ഉൾപ്പെടുന്ന വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി ഫാമിലും നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിലും വിവിധയിനം പച്ചക്കറി വിളകൾക്ക് കൂടുതൽ പ്രാധാന്യം നൽകി കൃഷി ചെയ്തുവരുന്നുണ്ട്. നെല്ലിയാമ്പതി ഫാമിൽ പച്ചക്കറി വിളകളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനായി 9 പോളി ഹൗസുകളിലുള്ള കൃഷിക്ക് പുറമെ ഓപ്പൺ പ്രിസിഷൻ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കൃഷി രീതിയിലും പരമ്പരാഗത കൃഷി രീതിയിലും ശീതകാല വിളകൾ ഉൾപ്പെടെയുള്ള വിവിധയിനം പച്ചക്കറി വിളകൾ കൃഷി ചെയ്തുവരുന്നു.

(ബി) ടൂറിസം വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന പച്ചക്കറി ഫാമുകളിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഫാം ടൂറിസവുമായി ബന്ധപ്പെട്ട് നെല്ലിയാമ്പതി ഓറഞ്ച് & വെജിറ്റബിൾ ഫാമിൽ ബ്യൂട്ടിഫിക്കേഷൻ പ്രവർത്തനങ്ങളായ ടീ ഹട്ട്, സഞ്ചാരികൾക്ക് ഇരിക്കാനുള്ള ഇരിപ്പിടങ്ങൾ, പുൽത്തകിടികൾ, പൂന്തോട്ടങ്ങൾ, വിവിധ വിളകളുടെ പ്രദർശന തോട്ടങ്ങൾ എന്നിവ നിർമ്മിച്ച് പരിപാലിച്ചുവരുന്നു. കൂടാതെ വിവിധ ഫാം ഉൽപന്നങ്ങളുടെ മൂല്യവർധിത യൂണിറ്റും വില്പനശാലയും പ്രവർത്തിച്ചുവരുന്നു.

ഫാം ടൂറിസവുമായി ബന്ധപ്പെട്ട് വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി ഫാമിൽ പൂന്തോട്ടങ്ങൾ, സംയോജിത കൃഷി പ്രകാരം കന്നുകാലി വളർത്തൽ, വിവിധയിനം കോഴികൾ, മത്സ്യം, തേനീച്ച, വിവിധ വിളകളുടെ പ്രദർശന തോട്ടങ്ങൾ എന്നിവ പരിപാലിച്ചുവരുന്നു. ഫാം സന്ദർശിക്കുന്ന കർഷക ഗ്രൂപ്പുകൾ, വിദ്യാർത്ഥികൾ എന്നിവർക്ക് പരിശീലനം നൽകുന്നതിനായി

പരിശീലന കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിവിധ ഫാം ഉൽപന്നങ്ങളുടെ വില്പനശാലയും പ്രവർത്തിച്ചുവരുന്നു.

(സി) വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി ഫാമിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ വികസന പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി ഫാമിൽ 2021-22 വർഷം മുതൽ നടപ്പാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തികൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | റെസിഡൻഷ്യൽ ട്രെയിനിങ് സെന്റർ നിർമ്മാണം | 113.5 |
| 2 | മഴ മറകളിൽ കണിക ജലസേചനം | 12.5 |
| 3 | സുഗന്ധ വിളകളുടെ വ്യാപനം 6 ഹെക്ടർ | 14 |
| 4 | ചെക്ക് ഡാമിന്റെ പുനർനിർമ്മാണവും സ്പ്രിംഗ്ലർ സ്ഥാപിക്കലും | 100 |
| 5 | കുരുമുളകിന്റെ റാപിഡ് മൾട്ടിപ്ലിക്കേഷൻ തുടങ്ങുന്നതിനുള്ള മഴമറ നിർമ്മാണം | 11.5 |

(ഡി) ടൂറിസം വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറിത്തോട്ടത്തിൽ നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഫാം ടൂറിസവുമായി ബന്ധപ്പെട്ട് വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി ഫാമിൽ പൂന്തോട്ടങ്ങൾ, സംയോജിത കൃഷി പ്രകാരം കന്നുകാലി വളർത്തൽ, വിവിധയിനം കോഴികൾ, മത്സ്യം, തേനീച്ച എന്നിവ പരിപാലിച്ചുവരുന്നു. ഫാം സന്ദർശിക്കുന്ന കർഷക ഗ്രൂപ്പുകൾ, വിദ്യാർഥികൾ എന്നിവർക്ക് പരിശീലനം നൽകുന്നതിനായി പരിശീലന കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിവിധ ഫാം ഉൽപന്നങ്ങളുടെ വില്പനശാലയും പ്രവർത്തിച്ചുവരുന്നു.

(ഇ) വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി തോട്ടത്തിൽ ടൂറിസ്റ്റുകളിൽനിന്നും പ്രവേശന ഫീസായി എത്ര രൂപയാണ് വാങ്ങുന്നതെന്നും 2021 ജൂൺ മാസം മുതൽ ഓരോ മാസത്തെയും വരുമാനം എത്രയാണെന്നും വിശദമാക്കാമോ?

വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി ഫാമിൽ നിലവിൽ പ്രവേശന ഫീസ് ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ തന്നെ ഈയിനത്തിൽ വരുമാനം ലഭിച്ചിട്ടില്ല.

**സംസ്ഥാനത്തെ ഫാം ടൂറിസം**

76(1705) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഫാം ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വിശദാംശം സഹിതം അറിയിക്കുമോ; പദ്ധതി നടത്തിപ്പ് ടൂറിസം വകുപ്പുമായി സഹകരിച്ചാണോയെന്ന് അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ ഏതെങ്കിലും കൃഷി ഫാമുകൾ ഫാം ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് അനുയോജ്യമാണോ എന്നറിയിക്കാമോ;

ഇതിനുള്ള പദ്ധതി നിർദേശങ്ങൾ നിലവിലുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ അറിയിക്കാമോ?

ടൂറിസം വകുപ്പുമായി ചേർന്നുകൊണ്ട് കൃഷി വകുപ്പ് ഫാം ടൂറിസം പദ്ധതി നടപ്പാക്കിയിട്ടില്ല. കൃഷി വകുപ്പിന്റെ ഫാമുകളിൽ ഫാം ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

(സി) മലപ്പുറം ജില്ലയിലെ മുണ്ടേരി വിത്തുകൃഷി തോട്ടത്തിലെ ഫാം ഡേയോടനുബന്ധിച്ച് നടത്തിയ 'നിറവ്' എന്ന പേരിലുള്ള കാർഷിക പ്രദർശനം വിജയകരമായിരുന്നോയെന്നും പരിപാടിയിൽ പൊതുജന പങ്കാളിത്തം എത്രയുണ്ടായിരുന്നുവെന്നും വ്യക്തമാക്കാമോ?

ഫാം ഡേയോടനുബന്ധിച്ച് 2024 ഫെബ്രുവരി 24, 25, 26 തീയതികളിൽ 'നിറവ്" എന്ന പേരിൽ ആദ്യമായി നടത്തിയ കാർഷിക പ്രദർശന മേള വിജയകരമായിരുന്നു. പ്രസ്തുത മേളയിൽ പതിനായിരത്തിലധികം ആളുകൾ പങ്കെടുത്തു. പ്രസ്തുത ദിവസങ്ങളിൽ മാത്രം ഫാമിന്റെ വിറ്റുവരവായി 4.77 ലക്ഷം രൂപ സർക്കാരിലേക്ക് ഒടുക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ഡി) മുണ്ടേരി വിത്തുകൃഷി തോട്ടം കേന്ദ്രീകരിച്ച് ഒരു ഫാം ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുവേണ്ട വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഈ വിഷയത്തിലെ വിദഗ്ധരും അടങ്ങുന്ന സമിതിയെ നിയോഗിക്കുമോ; വിശദമാക്കാമോ?

പരിശോധിക്കുന്നതാണ്.

**തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് പദ്ധതി**

77(1706) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശുഭൂമി കൃഷി യോഗ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി നടപ്പാക്കുന്ന പുതിയ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നുണ്ട്. കോവിഡ് മഹാമാരിയുടെ

ആഘാതത്തിൽ ബുദ്ധിമുട്ടനുഭവിച്ച കർഷകർക്ക് ഒരു കൈത്താങ്ങായും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി 2020-21 സാമ്പത്തിക വർഷത്തിലും 2021-22 സാമ്പത്തിക വർഷത്തിലും നടപ്പാക്കിയത്. 'തരിശുനിലകൃഷി' ഈ പദ്ധതിയുടെ ഒരു പ്രധാന ഘടകമായിരുന്നു. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നെല്ല്, പച്ചക്കറി, കിഴങ്ങ് വർഗങ്ങൾ, പയർ വർഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളുടെ തരിശുനില കൃഷിക്ക് പ്രോത്സാഹനം നൽകി. 2024-25 സാമ്പത്തിക വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലും 'വിള വൈവിധ്യവൽക്കരണം, വിള തീവ്രത അവതരണം' എന്ന പദ്ധതിയിലും തരിശ് ഭൂമിയിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നു.

നെൽകൃഷി വികസന പദ്ധതിയിൽ തരിശുനിലങ്ങളിലെ നെൽകൃഷിയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നെൽകൃഷി വിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശുനില നെൽകൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു. നിലവിൽ തരിശ് നെൽകൃഷിക്കായി 35,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി

ഹെക്ടറൊന്നിന് 40,000/- രൂപ നൽകുന്നു. ഇതിനായി 2024-25 സാമ്പത്തിക വർഷത്തിൽ 280 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

തരിശുനിലങ്ങളിലും തെങ്ങിൻ തോട്ടങ്ങളിലെ ഇടപ്രദേശവും ഉപയോഗപ്പെടുത്തി വിള പരിക്രമം, ബഹുവിള കൃഷി, ഇടവിള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി വിള വൈവിധ്യവൽക്കരണം, വിള തീവ്രത അവതരണം' എന്ന പദ്ധതിയിലൂടെ ചെറുധാന്യങ്ങൾ, പയറുവർഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ കൃഷിക്ക് പ്രോത്സാഹനം നൽകുന്നു.

(ബി) അരുവിക്കര മണ്ഡലത്തിൽ കണക്കാക്കപ്പെട്ടിട്ടുള്ള തരിശ് ഭൂമിയുടെ വിസ്തൃതി എത്രയാണെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

അരുവിക്കര മണ്ഡലത്തിൽ പഞ്ചായത്ത് തിരിച്ച് കണക്കാക്കപ്പെട്ടിട്ടുള്ള തരിശ് ഭൂമിയുടെ വിസ്തൃതി ചുവടെ പട്ടികയിൽ ചേർക്കുന്നു.

| നമ്പർ | കൃഷി ഭവൻ | തരിശുഭൂമി |
|---|---|---|
| 1 | അരുവിക്കര | 7 ha |
| 2 | വിതുര | 10 ha |
| 3 | വെള്ളനാട് | 10 ha |
| 4 | ഉഴമലക്കൽ | 8 ha |
| 5 | കുറ്റിച്ചൽ | 5 ha |

| | | |
|---|---|---|
| 6 | ആര്യനാട് | 8 ha |
| 7 | പൂവച്ചൽ | 10 ha |
| 8 | തൊളിക്കോട് | 10 ha |

**പാടശേഖരങ്ങളുടെ സമീപമുള്ള വീടുകളിൽ വെള്ളം കയറുന്ന സ്ഥിതി**

78(1707) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് മേഖലയിൽ രണ്ടാം കൃഷി ഇറക്കാത്ത പാടശേഖരങ്ങളിൽ മഴക്കാലത്ത് പമ്പിങ് നടത്താത്തതുമൂലം ഇവയുടെ സമീപമുള്ള വീടുകളിൽ വെള്ളം കയറുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപ്പർ കുട്ടനാട്, കുട്ടനാട് മേഖലകളിലെ പാടശേഖരങ്ങളിൽ കൃഷി നടക്കാത്ത സമയത്തും വൈദ്യുതി നൽകി പമ്പിങ് നടത്താൻ കെ.എസ്.ഇ.ബി.-യുമായി ചേർന്ന് ഒരു പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

കുട്ടനാട്ടിലെ പാടശേഖരങ്ങളിലെ വെള്ളക്കെട്ട് നിയന്ത്രിത പമ്പിങ്ങിലൂടെ ക്രമീകരിക്കുക എന്നുള്ള പദ്ധതി കൃഷി വകുപ്പിന് നേരിട്ട് നടപടിയെടുക്കാൻ കഴിയുന്ന വിഷയങ്ങളുടെ പരിധിയിൽ വരുന്നവയല്ല. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ വിഷയം പരിഹരിക്കാൻ ദുരന്ത നിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

**വിള ഇൻഷ്വറൻസ് പദ്ധതി**

79(1708) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വിള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; ഈ പദ്ധതി പ്രകാരം ഏതെല്ലാം വിളകൾക്കാണ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ?

1995 മുതൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി കേരളത്തിൽ നടപ്പാക്കിവരുന്നു. 22-03-2017-ലെ സ.ഉ.(എം.എസ്.)നം.37/2017/കൃഷി ഉത്തരവുപ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നഷ്ടപരിഹാര

തോത് വർധിപ്പിച്ചുകൊണ്ട് പുനരാവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർവർഗങ്ങൾ, കിഴങ്ങുവർഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുതിരവാലി) പദ്ധതി മുഖേന ഇൻഷ്വറൻസ് പരിരക്ഷയും പ്രകൃതിക്ഷോഭംമൂലം സംഭവിക്കുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരവും നൽകിവരുന്നു. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം/ഭൂകമ്പം, വന്യജീവി ആക്രമണം, ചുഴലിക്കാറ്റ്, കടലാക്രമണം, കൊടുംകാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത്. കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീടരോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലും നിബന്ധനകൾക്കും വിധേയമായി പ്രീമിയം തുക അടച്ച് കർഷകർക്ക് പദ്ധതിയിൽ

ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ കൃഷി ചെയ്യുന്ന വിളകളെക്കൂടി ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിങ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ വ്യക്തിഗത അടിസ്ഥാനത്തിലോ പദ്ധതിയിൽ ചേരാവുന്നതാണ്. പദ്ധതി പൂർണ്ണമായും ഓൺലൈനായി എയിംസ് പോർട്ടൽ മുഖേനയാണ് നടപ്പാക്കുന്നത്.

(ബി) കാലാവസ്ഥയെ അടിസ്ഥാനപ്പെടുത്തിയുള്ള ഇൻഷ്വറൻസ് പദ്ധതിയാണോ സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, കൊടുംകാറ്റ്, ചുഴലിക്കാറ്റ്, ഇടിമിന്നൽ തുടങ്ങിയ കാലാവസ്ഥ വ്യതിയാനങ്ങൾക്കും കാട്ടുതീ, കടലാക്രമണം, വന്യജീവി ആക്രമണം എന്നിവമൂലവും വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുമാണ് സംസ്ഥാന

വിള ഇൻഷ്വറൻസ് പദ്ധതി മുഖേന സംരക്ഷണം ലഭിക്കുന്നത്. ഇതുകൂടാതെ കേന്ദ്രവും സംസ്ഥാനവും സംയുക്തമായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം വിള ഇൻഷ്വറൻസ് പരിരക്ഷ പ്രകാരം എത്ര കർഷകർക്കാണ് ആനുകൂല്യം ലഭ്യമാക്കിയത്?

2023-24 സാമ്പത്തിക വർഷത്തിൽ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 7206 കർഷകർക്കാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളത്.

(ഡി) ഈ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുമോ; വിശദമാക്കാമോ?

ഇൻഷ്വറൻസ് പദ്ധതിയിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി പദ്ധതി ഓൺലൈനായി www.aims.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേനയാണ് നടപ്പാക്കുന്നത്. പ്രകൃതിക്ഷോഭംമൂലം നാശനഷ്ടമുണ്ടായാൽ 15 ദിവസത്തിനകം കർഷകൻ ഓൺലൈനായി അപേക്ഷ

സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷയുടെ സ്ഥല പരിശോധന നടത്തി അർഹമായ ആനുകൂല്യം തിട്ടപ്പെടുത്തി അതത് ഉദ്യോഗസ്ഥ തലത്തിൽ അംഗീകരിക്കുകയും centralised direct benefit transfer ആയി തുക നേരിട്ട് കർഷകന്റെ അക്കൗണ്ടിൽ വിതരണം ചെയ്യുകയും ചെയ്യുന്നു.

**കീടനാശിനികളിലും വളങ്ങളിലും ഹാനികരമായ രാസവസ്തുക്കളുടെ സാന്നിധ്യം**

80(1709) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഉപയോഗിക്കുന്ന കീടനാശിനികളിലും വളങ്ങളിലും ഹാനികരമായ രാസവസ്തുക്കളുടെ സാന്നിധ്യം കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) ഇവയുടെ ഉപയോഗം പരിമിതപ്പെടുത്തുന്നതിനും വിഷരഹിതമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

The Insecticides Act, 1968 and Rules, 1971 പ്രകാരം കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ള അനുവദനീയമായ അളവിൽ സജീവ ഘടകം (Active Ingredient) അടങ്ങിയ കീടനാശിനികൾ ഉൽപാദിപ്പിക്കുന്നതിനും വില്പനയ്ക്കും മാത്രമാണ് സംസ്ഥാനത്ത് അനുമതി നൽകിയിട്ടുള്ളത്. ജൈവകീടനാശിനികളിൽ ഹാനികരമായ വസ്തുക്കൾ കൂട്ടി ഉൽപാദനം/വിപണനം നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സംവിധാനം നിലവിലുണ്ട്. Enforcement& Compliance of Statutory Regulations on Agricultural Inputs എന്ന സ്കീമിൽ 2212 രാസകീടനാശിനികളും 57 ജൈവകീടനാശിനികളും 2023-24 സാമ്പത്തിക വർഷം പരിശോധന നടത്തിയിട്ടുണ്ട്. അവയിൽ ഒന്നുംതന്നെ നിലവാരമില്ലാത്തവയായി കണ്ടെത്തിയിട്ടില്ല.

The Fertilizer (Inorganic, Organic or Mixed) (Control) Order, 1985 പ്രകാരം അനുവദനീയമായ വളങ്ങൾ ഉൽപാദിപ്പിക്കുന്നതിനും, വില്പനയ്ക്കും മാത്രമാണ് സംസ്ഥാനത്ത് അനുമതി നൽകിയിട്ടുള്ളത്. കാഡ്മിയം, കോപ്പർ, ക്രോമിയം, ലെഡ്, നിക്കൽ, സിങ്ക് എന്നീ ഘനലോഹങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനം പട്ടാമ്പിയിലെ ബയോഫെർട്ടിലൈസർ ആൻഡ് ഓർഗാനിക് മാന്വർ ക്വാളിറ്റി കൺട്രോൾ ലാബിൽ നിലിവിലുണ്ട്. 2023-24 സാമ്പത്തിക വർഷം 53 ജൈവജീവാണു വളങ്ങൾ പരിശോധിച്ചതിൽ ഒന്നുംതന്നെ ഹാനികരമായ വസ്തുക്കളുടെ സാന്നിധ്യം കണ്ടെത്തിയിട്ടില്ല.

**കോഴിക്കോട് വിമാനത്താവളം വഴി കാർഷിക ഉല്പന്ന കയറ്റുമതി സാധ്യതകൾ**

81(1710) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പഴം-പച്ചക്കറി ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്ന കോഴിക്കോട് വിമാനത്താവളത്തിന്റെ സാധ്യതകൾ

പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ കാർഷിക മേഖലയുടെ ഉത്തേജനത്തിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സ്വീകരിച്ചിട്ടുണ്ട്.

(ബി) കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിനോടനുബന്ധിച്ച് സെന്റർ ഫോർ പെരിഷബിൾ കാർഗോ സ്ഥാപിക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ?

കൃഷി വകുപ്പിനുവേണ്ടി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള NABARD-RIDF Tranche XXVII-ൽ ഉൾപ്പെടുത്തി കാർഷിക കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽ സെന്റർ ഫോർ പെരിഷബിൾ കാർഗോ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ, പ്രസ്തുത പദ്ധതി നടത്തിപ്പിൽനിന്നും നിർവഹണ ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് (കെ.എസ്.ഐ.ഇ.) പിൻമാറി.

(സി) പഴം പച്ചക്കറി കയറ്റുമതിക്കാവശ്യമായ സർട്ടിഫിക്കറ്റ് ഓഫ് കൺഫോർമിറ്റി ലഭിക്കാൻ അവശിഷ്ട വിഷാംശ പരിശോധന ലാബ് വിമാനത്താവള പരിസരത്തോ കാലിക്കറ്റ് സർവകലാശാലയോട് ചേർന്നോ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യത്തിൽ കേരള കാർഷിക സർവകലാശാല ഒരു പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഡി) വിമാനത്താവളത്തിലെ കാർഷിക ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്ന ശൃംഖലയിൽ ഉൾപ്പെടുന്ന ഉൽപാദകർ, കയറ്റുമതിക്കാർ, അനുബന്ധ തൊഴിലിൽ ഏർപ്പെടുന്നവർ എന്നിവരെ ഉൾപ്പെടുത്തി ഒരു എക്സ്പോർട്ടേഴ്സ് മീറ്റ് നടത്തി കയറ്റുമതി സാധ്യത വിപുലപ്പെടുത്തി കാർഷിക മേഖലയ്ക്ക് മുന്നേറ്റം നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ?

കാർഷിക കയറ്റുമതി ശൃംഖലയിൽ ഉൾപ്പെടുന്ന ഉൽപാദകർ, കയറ്റുമതിക്കാർ തുടങ്ങിയവരെ ഉൾപ്പെടുത്തി വി.എഫ്.പി.സി.കെ. കോഴിക്കോട് ജില്ലയിൽ എക്സ്പോർട്ടേഴ്സ് മീറ്റ് സംഘടിപ്പിച്ചിരുന്നു.

## ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളുടെ വിവരങ്ങൾ

82(1711) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിന്റെ നിയന്ത്രണത്തിൽ നേരിട്ട് നടത്തുന്ന സ്റ്റാളുകൾ തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ഹോർട്ടികോർപ്പ് നേരിട്ട് നടത്തുന്ന സ്റ്റാളുകളുടെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1. പബ്ലിക് ലൈബ്രറിക്ക് സമീപം, പാളയം.
2. കേരള കൌമുദി ഓഫീസിന് സമീപം, പേട്ട.
3. ഹെഡ് ഓഫീസ്, പൂജപ്പുര.
4. പുത്തരിക്കണ്ടം മൈതാനം
5. രാജീവ് നഗർ, മേലാറന്നൂർ, എൻ.ജി.ഒ. ക്വാർട്ടേഴ്സ്.
6. കളക്ടേറ്റ്, കുടപ്പനക്കുന്ന് സിവിൽസ്റ്റേഷൻ

7. കെൽട്രോൺ, ആൽത്തറ, വെള്ളയമ്പലം,

8. വികാസ് ഭവൻ, ഡയറക്ടേറ്റ് ഓഫീസ്, പി.എം.ജി.

9. കേദാരം ഷോപ്പിങ് കോംപ്ലക്സ്, കേശവദാസപുരം.

10. അമ്പലമുക്ക്, ഗേൾസ് ഹൈസ്കൂൾ.

11. പോങ്ങുമൂട് ജംഗ്ഷൻ

12. കെ.എസ്.ആർ.ടി.സി. ഷോപ്പ് ഓൺ വീൽ, കിഴക്കേക്കോട്ട

13. കോക്കനട്ട് ക◌ൗണ്ടർ, ഗണപതിക്ഷേത്രം, പഴവങ്ങാടി.

14. സപ്ലൈകോ, ശ്രീകാര്യം.

15. ഹൈപ്പർ സ്റ്റാൾ, സപ്ലൈകോ, വഴുതക്കാട്.

(ബി) ജില്ലയിൽ ഹോർട്ടികോർപ്പിന്റെ ലൈസൻസി സ്റ്റാളുകൾ എതെല്ലാം സ്ഥലത്താണെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ ഹോർട്ടികോർപ്പിന്റെ ലൈസൻസി സ്റ്റാളുകളുടെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

1. അമ്പലമുക്ക്

2. അമ്പലനഗർ, അമ്പലംകുന്ന്

3. പാങ്ങപ്പാറ

4. അരയല്ലൂർ, വലിയ വിള

5. എ.എസ്. സൂപ്പർ മാർക്കറ്റ്, തോപ്പുമുക്ക്, വട്ടിയൂർക്കാവ്

6. ആറ്റിങ്ങൽ, ടി.ബി. ആറ്റിങ്ങൽ

7. ഡി.പി.ഐ

8. ഏണിക്കര, കരകുളം

9. ഈശ്വരവിലാസം, വഴുതക്കാട്

10. ഇക്കോഷോപ്പ്, വട്ടിയൂർക്കാവ് കെ.ബി, വട്ടിയൂർക്കാവ്

11. ഗോൾഫ് ലിങ്ക്സ്, കവടിയാർ

12. ഐ.എം.ജി. ഓഫീസ്, പി.എം.ജി. ജംഗ്ഷൻ

13. ഇന്ദിരാ നഗർ, പേരൂർക്കട

14. അയിന്തിപ്പാലം, വർക്കല

15. ജഗതി ലൈസൻസി, ജഗതി

16. ജവഹർ നഗർ, കവടിയാർ

17. കൈതമുക്ക്

18. കല്ലറ

19. കല്ലയം ലൈസൻസി, കല്ലയം

20. കാഞ്ഞിരംപാറ

21. കണ്ണമ്മൂല

22. കണ്ണേറ്റുമുക്ക്

23. കരവാരം, കടുവാപ്പള്ളി

24. കൊഞ്ചിറവിള

25. കൊട്ടിയൂർക്കോണം, ജഗതി

26. കുളത്തിൻകര, കണ്ണമ്മൂല

27. കുമാരപുരം

28. കുറവൻകോണം

29. ലോ കോളേജ് ജംഗ്ഷൻ

30. ലെനിൻ നഗർ, നന്ദാവനം

31. മരക്കട റോഡ്, മരുതൻകുഴി

32. മാർ ഇവാനിയോസ്, നാലാഞ്ചിറ

33. മരുതൻകുഴി, ചിറ്റാറ്റിൻകര

34. മരുതൻകുഴി, പെട്രോൾപമ്പിന് എതിർവശം

35. മുറിഞ്ഞപാലം

36. നഗരൂർ ഇക്കോഷോപ്പ്

37. നന്തൻകോട് ജംഗ്ഷൻ

38. നെടുങ്കണ്ട, വർക്കല

39. നെട്ടയം

40. ഞെക്കാട്, വർക്കല

41. പരുത്തിപ്പാറ

42. വൈദ്യുതി ഭവൻ, പട്ടം

43. പാറ്റൂർ റോഡ്, വഞ്ചിയൂർ

44. പഴയചന്ത, കല്ലറ

45. പൊന്നൂസ് പാങ്ങോട് ലൈസൻസീസ്

46. പൂജപ്പുര

47. ശാസ്തമംഗലം

48. സെക്രട്ടേറിയറ്റ്

49. സ്വാതി നഗർ, കിഴക്കേക്കോട്ട

50. തളിയൽ, ഇന്ദിര ഗാന്ധി സ്റ്റാച്യൂ, കരമന

51. തൈക്കാട് നോർക്ക

52. വഴയില ഹരിത ലൈസൻസി, വഴയില

53. വെമ്പായം ലൈസൻസി, വെമ്പായം

54. വെങ്ങാനൂർ മുട്ടക്കാട് ലൈസൻസി

55. വിജയമോഹിനി മിൽ, തിരുമല

56. വിളഭാഗം, വർക്കല

57. കുളത്തൂർ ലൈസൻസി

58. വിഴിഞ്ഞം, മുക്കോല

59. ടി.ടി.സി. കവടിയാർ

60. മാനവ നഗർ, പേട്ട

61. കുടപ്പനക്കുന്ന് ലൈസൻസി

62. കരകുളം ലൈസൻസി

63. ഭരതന്നൂർ ലൈസൻസി, കല്ലാർ

64. കൊച്ചുവേളി ലൈസൻസി

65. മുല്ലശ്ശേരി സ്റ്റാൾ, കരകുളം

(സി) ഹോർട്ടികോർപ്പിന്റെ സ്റ്റാളുകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കർഷകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിന് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, എന്നിവിടങ്ങളിൽ ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ ഗ്രാമശ്രീ സൂപ്പർ സ്റ്റോറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 28 ഗ്രാമശ്രീ സ്റ്റോറുകളും ആരംഭിച്ചുകഴിഞ്ഞു. ഇവയുടെ പ്രവർത്തന വിപുലീകരണത്തിനുള്ള നടപടികൾ കൈക്കൊണ്ടുകഴിഞ്ഞു.

**പച്ചക്കറി വിലയിനത്തിൽ ഹോർട്ടികോർപ്പ് കർഷകർക്ക് നൽകാനുള്ള കുടിശിക**

83(1712) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പച്ചക്കറിയുടെ വിലയിനത്തിൽ സംസ്ഥാനത്തെ കർഷകർക്ക് ഹോർട്ടികോർപ്പ് തുക നൽകാനുണ്ടോ; എങ്കിൽ നൽകാനുള്ള കുടിശ്ശികയുടെ വിശദാംശം വ്യക്തമാക്കുമോ; കുടിശിക പൂർണ്ണമായും എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉണ്ട്. 2024 മാർച്ച് മാസം വരെ കർഷകരിൽനിന്നും സംഭരിച്ച പച്ചക്കറിയുടെ തുക ഹോർട്ടികോർപ്പ് നൽകിക്കഴിഞ്ഞു. 2024 ഏപ്രിൽ മാസത്തെ തുകയായി Rs. 58,07,242/- രൂപയും മേയ് മാസത്തെ തുകയായി Rs. 37,51,784/- രൂപയും ചേർത്ത് ആകെ Rs. 95,59,026/- രൂപയാണ് കർഷകർക്ക് നിലവിൽ നൽകാനുള്ളത്. ഏപ്രിൽ, മേയ് മാസങ്ങളിലെ കർഷകർക്ക് നൽകാനുള്ള തുകയുടെ ബില്ലുകളുടെ പരിശോധന നടന്നുവരുന്നു. അത് പൂർത്തിയായാൽ ഉടനടി തുക വിതരണം ചെയ്യുന്നതാണ്.

**നാദാപുരം മണ്ഡലത്തിൽ കെ.എൽ.ഡി.സി. നടപ്പാക്കിവരുന്ന പ്രവൃത്തികൾ**

84(1713) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. XXVI എന്നീ പദ്ധതികൾ പ്രകാരം കെ.എൽ.ഡി.സി. നടപ്പാക്കിവരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശവും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

(എ&ബി) നാദാപുരം മണ്ഡലത്തിൽ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. XXVI എന്നിവയിലുൾപ്പെടുത്തി കെ.എൽ.ഡി.സി. മുഖേന പദ്ധതികളൊന്നും നടപ്പാക്കുന്നില്ല.

**സ്മാർട്ട് കൃഷിഭവനുകൾ**

85(1714) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വയനാട് ജില്ലയിലെ തൊണ്ടർനാട്, പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം, കോട്ടയം ജില്ലയിലെ നീണ്ടൂർ, എറണാകുളം ജില്ലയിലെ കോട്ടുവള്ളി, തൃശ്ശൂർ ജില്ലയിലെ അയ്യന്തോൾ, പാലക്കാട് ജില്ലയിലെ പട്ടാമ്പി,

കോഴിക്കോട് ജില്ലയിലെ പനങ്ങാട്, കണ്ണൂർ ജില്ലയിലെ ചെറുതാഴം എന്നീ 8 കൃഷിഭവനുകളെയാണ് ഇതിനകം സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റിയിട്ടുള്ളത്.

(ബി) ചങ്ങനാശ്ശേരി മണ്ഡലത്തിലെ മാടപ്പള്ളി കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇല്ല.

(സി) പ്രസ്തുത കൃഷിഭവൻ സ്മാർട്ട് കൃഷിഭവനാക്കുന്നതിന് കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

നിലവിൽ ഇതുസംബന്ധിച്ച് ശിപാർശ ചെയ്തിട്ടില്ല.

**കുണ്ടറ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവനുകൾ**

86(1715) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന സ്മാർട്ട് കൃഷിഭവനുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിലെ കൃഷിഭവനുകൾ സ്മാർട്ട് കൃഷിഭവനാക്കി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത സ്മാർട്ട് കൃഷി ഭവനുകളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

E-Governance-ലൂടെയും സാങ്കേതികവിദ്യ സംയോജിപ്പിച്ചും കൃഷിഭവനുകളെ നവീകരിക്കുകയും കൃഷിഭവൻ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുകയും കൃത്യസമയത്ത് സേവനങ്ങൾ കർഷക സമൂഹത്തിന് ലഭ്യമാക്കുകയും ചെയ്യുകവഴി കൃഷി ഓഫീസർ അടക്കമുള്ള ഉദ്യോഗസ്ഥർക്ക് ഫീൽഡ് സന്ദർശനത്തിന് കൂടുതൽ സമയം ലഭിക്കുകയും അങ്ങനെ കർഷകർക്ക് പരമാവധി സേവനം നൽകുക തുടങ്ങിയവയാണ് സ്മാർട്ട് കൃഷിഭവൻ വഴി ഉദ്ദേശിക്കുന്നത്.

(സി) നെടുമ്പനയിൽ നിർമ്മാണം ആരംഭിച്ചിട്ടുള്ള സ്മാർട്ട് കൃഷിഭവന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

നബാർഡ് RIDF പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമ്പന കൃഷിഭവന്റെ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ കൃഷിഭവൻ

നിർമ്മാണത്തിനായി അനുവദിച്ച ഭൂമി സംബന്ധിച്ച തർക്കം ഉയർന്നതിനാൽ നിർമ്മാണം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. തർക്കം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോഴിക്കോട് നഗരത്തിലെ കൃഷി ഭവൻ വിഭജനം**

87(1716) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ നിലവിലെ കൃഷിഭവൻ കോഴിക്കോട് നോർത്ത്, കോഴിക്കോട് സൗത്ത് എന്നിങ്ങനെ രണ്ടായി വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ബി) പ്രസ്തുത കൃഷി ഭവനിൽ ആവശ്യത്തിന് ജീവനക്കാരെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കോഴിക്കോട് കൃഷിഭവനിൽ ജോലി ഭാരം കണക്കിലെടുത്ത് സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 6/2023/കൃഷി തീയതി 20-06-2023 പ്രകാരം

ബേപ്പൂർ കൃഷിഭവനിൽനിന്നും ഒരു കൃഷി അസിസ്റ്റന്റ് തസ്തിക മാറ്റി പുനഃക്രമീകരിച്ചിട്ടുണ്ട്. നിലവിൽ 3 കൃഷി അസിസ്റ്റന്റുമാരുടെ സ്ഥിരം തസ്തിക കോഴിക്കോട് കൃഷിഭവനിലുണ്ട്.

(സി) കോഴിക്കോട് കൃഷി ഭവനിൽ തണ്ണീർത്തട നിയമ പ്രകാരമുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഓൺലൈൻ മുഖേനയും ഓഫ്‌ലൈൻ മുഖേനയും ലഭിച്ചിരുന്ന അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിനുവേണ്ടി കൃഷി ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്. ആയത് സമയബന്ധിതമായി തീർപ്പാക്കാൻ നടപടി കൃഷിഭവനിൽ സ്വീകരിച്ചുവരുന്നു. കോഴിക്കോട് കൃഷി ഭവനിൽ 2018 മുതൽ ആകെ 2646 ഓഫ്‌ലൈൻ അപേക്ഷകളുള്ളതിൽ നൂറിൽ താഴെ അപേക്ഷകൾ മാത്രമേ ഇനി അവശേഷിക്കുന്നുള്ളൂ. അതിൽ ഏതാനും അപേക്ഷകളിൽ കെ.എസ്.ആർ.ഇ.സി. (KSREC) റിപ്പോർട്ടുകൾ ലഭിക്കാനുമുണ്ട്. റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ ഓൺലൈൻ ReLIS സോഫ്റ്റ്‌വെയർ മുഖേന 1286 അപേക്ഷകളുള്ളതിൽ 1021 എണ്ണം പ്രോസ്സസ്

ചെയ്യുകയും ഇനി 265 എണ്ണം അവശേഷിക്കുകയും ചെയ്യുന്നുണ്ട്. ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്നുള്ളതിനുള്ള സർട്ടിഫിക്കറ്റുകൾക്കായി ആഴ്ചയിൽ 150 ഓളം അപേക്ഷകൾ എത്തുന്നത് മൂലം പെൻഡിങ് അപേക്ഷകൾ തീർപ്പാക്കുന്നതിന്റെ വേഗത കുറയുന്നുണ്ടെങ്കിലും നിലവിൽ അവശേഷിക്കുന്ന അപേക്ഷകൾ എത്രയും വേഗം പ്രോസ്സസ് ചെയ്യുന്നതിനായി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**കൃഷി ഭവനുകൾ സ്മാർട്ടാക്കി മാറ്റുന്നതുകൊണ്ടുള്ള മെച്ചങ്ങൾ**

(1717) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിഭവനുകളെ സ്മാർട്ടാക്കി മാറ്റുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉണ്ട്

(ബി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

സ്മാർട്ട് കൃഷിഭവൻ പദ്ധതി വാർഷിക ബജറ്റ് അനുസരിച്ച് ഘട്ടം ഘട്ടമായാണ് നടപ്പാക്കിവരുന്നത്. സ്മാർട്ട് കൃഷിഭവനാക്കി മാറ്റുന്നതിനുവേണ്ടി പരിഗണിക്കുന്ന കൃഷിഭവനുകളുടെ ലിസ്റ്റിൽ മലപ്പുറം ജില്ലയിലെ ഏറനാട് മണ്ഡലത്തിലെ ഊർങ്ങാട്ടിരി കൃഷിഭവൻ ഉൾപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) ഇത്തരത്തിൽ കൃഷിഭവനുകൾ സ്മാർട്ടാക്കുക എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്നും സ്മാർട്ടാക്കി മാറ്റുന്നതുകൊണ്ടുള്ള മെച്ചങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ?

E-governance സാങ്കേതികവിദ്യ സംയോജിപ്പിക്കുകയും കൃഷിഭവനുകളെ നവീകരിക്കുകയും കൃഷിഭവൻ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുകയും കൃത്യസമയത്ത് സേവനങ്ങൾ കർഷക സമൂഹത്തിന് ലഭ്യമാക്കുകയും ചെയ്യുക തുടങ്ങിയവയാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

ഇപ്രകാരം കൃഷി ഓഫീസർ അടക്കമുള്ള ഉദ്യോഗസ്ഥർക്ക് ഫീൽഡ് സന്ദർശനത്തിന് കൂടുതൽ സമയം ചെലവഴിക്കാൻ സാധിക്കും എന്നതും ഈ പദ്ധതിയുടെ നേട്ടങ്ങളിൽ ഉൾപ്പെടുന്നു.

**ചാത്തന്നൂർ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവൻ പദ്ധതി**

89(1718) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ നഗരസഭയിലെ കൃഷിഭവന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

കൊല്ലം പരവൂർ കൃഷിഭവനിൽ സ്മാർട്ട് കൃഷി ഭവനാക്കി മാറ്റുന്നതിന് ഫണ്ട് PWD-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പരവൂർ കൃഷിഭവൻ സ്മാർട്ടാക്കുന്നതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം കൃഷി വകുപ്പിൽനിന്നും 25 ലക്ഷം രൂപയും ബഹുമാനപ്പെട്ട ചാത്തന്നൂർ

എം.എൽ.എ. ശ്രീ. ജി. എസ്. ജയലാൽ അവർകളുടെ ആസ്തി വികസന ഫണ്ടിൽനിന്നും 80 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. കൃഷി വകുപ്പിൽനിന്നും അനുവദിച്ച 25 ലക്ഷം രൂപയിൽ 4,70,000/- രൂപ പ്ലാന്റ് ഹെൽത്ത് ക്ലിനിക് തുടങ്ങുന്നതിനുവേണ്ടി 2022-23 സാമ്പത്തിക വർഷംതന്നെ വിനിയോഗിച്ചു. ബാക്കി തുകയായ 20,30,000/- രൂപ ചാത്തന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പി.ഡബ്ല്യു.ഡി. സ്പെഷ്യൽ ബിൽഡിങ് വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. മൂന്ന് നിലകളിലായി പണികഴിപ്പിക്കുന്ന പുതിയ കൃഷിഭവൻ കെട്ടിടത്തിന്റെ മൂന്നാം നിലയുടെ പില്ലർ, കോൺക്രീറ്റ് ജോലികൾ പുരോഗമിക്കുന്നു. 2024-25 സാമ്പത്തിക വർഷത്തിൽതന്നെ പദ്ധതി പൂർത്തീകരിക്കാമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കൃഷിഭവൻ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സ്മാർട്ട് കൃഷിഭവന് ആവശ്യമായ സൗകര്യങ്ങൾ വേഗത്തിൽ സജ്ജമാക്കുന്നതിനും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി

വിലയിരുത്തി അടിയന്തരമായ തുടർനടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിൽതന്നെ പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ അവലോകനം നടത്തി പ്രവർത്തന പുരോഗതി വിലയിരുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ചാത്തന്നൂർ മണ്ഡലത്തിലെ ഏഴ് കൃഷിഭവനുകൾ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി തുക അനുവദിക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ നിലവിലുള്ള എ.എഫ്.1/172/2022/കൃഷി (ഫാംസ്) നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ ഏഴ് കൃഷിഭവനുകൾ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനായി പ്രസ്തുത നമ്പർ ഫയൽ പ്രകാരം 2024-25 വർഷത്തിൽ തുക ലഭിക്കുന്നതിനായുള്ള സാധ്യതകൾ പരിശോധിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ

ആയതിന്റെ വിശദാംശം അറിയിക്കാമോ; പ്രസ്തുത തുക ഉടൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(സി&ഡി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഏഴ് കൃഷിഭവനുകൾ സ്മാർട്ടാക്കുന്നതിനുള്ള തുക 2024-25 സാമ്പത്തിക വർഷത്തിൽ കണ്ടെത്താനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ കൃഷി ഡയറക്ടർക്ക് 06-04-2024-ലെ കത്തിലൂടെ സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

**മണനൂർ കൃഷിഭവൻ നിർമ്മാണം**

90(1719) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ മണനൂർ കൃഷിഭവൻ നിർമ്മാണത്തിന് ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിച്ച് ടെൻഡർ നടപടികൾ പൂർത്തിയായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിൽ തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നും തന്നെയില്ല.

**ആലത്തൂർ കൃഷി ഭവനെ സ്മാർട്ട് കൃഷിഭവനാക്കുന്നതിനുള്ള നടപടി**

91(1720) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ കൃഷിഭവനെ സ്മാർട്ട് കൃഷി ഭവനാക്കുന്നതിനായി എന്തെല്ലാം പ്രാരംഭ നടപടികളാണ് ഇതുവരെ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; എത്ര തുകയാണ് സ്മാർട്ട് കൃഷിഭവന് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ ആലത്തൂർ കൃഷിഭവനെ Tranche-29 RIDF പദ്ധതി പ്രകാരം സ്മാർട്ട് കൃഷിഭവനാക്കുന്നതിന് തിരഞ്ഞെടുത്തിരുന്നെങ്കിലും ടി പദ്ധതിക്ക് നബാർഡിന്റെ അംഗീകാരം ലഭ്യമായില്ല.

(ബി) കൃഷിഭവൻ സ്മാർട്ടാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കിക്കൊണ്ട് ഇ-ഗവേർണൻസിന്റെയും സാങ്കേതികവിദ്യയുടെയും ഫലപ്രദമായ വിനിയോഗത്തിലൂടെ കൃഷിഭവനുകളുടെ പ്രവർത്തനം നവീകരിച്ച് കർഷക സമൂഹത്തിന് മെച്ചപ്പെട്ട സേവനങ്ങൾ കാലതാമസമില്ലാതെ ലഭ്യമാക്കുക എന്നതാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

**കായംകുളം മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ**

92(1721) ശ്രീമതി യു പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാരിന്റെ കാലയളവിൽ കായംകുളം മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ ഏതൊക്കെയെന്നും ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

i) കായംകുളം മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയ പ്രവൃത്തികളെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ii) കേരള കാർഷിക സർവകലാശാല 2018-2019 സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ഓണാട്ടുകര എള്ളിന് ഭൗമസൂചികാപദവി നേടിയെടുക്കുന്നതിനായി 2.5 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതി പൂർത്തീകരിക്കുകയും ഓണാട്ടുകര എള്ളിന് 2022-ൽ ഭൗമസൂചികാപദവി നേടിയെടുക്കാൻ കഴിയുകയും ചെയ്തു. കൃഷി വകുപ്പിന്റെ 'ഓണാട്ടുകര എള്ള് കൃഷി വ്യാപനം' പദ്ധതിയുടെ ഭാഗമായി കേരള കാർഷിക സർവകലാശാല ഒ.ആർ.എ.ആർ.എസ്., കായംകുളം എന്ന സ്ഥാപനത്തിലൂടെ ഭൗമസൂചിക പദവി ലഭിച്ച എള്ളിനങ്ങളായ കായംകുളം-1, തിലക്, തിലതാര, തിലറാണി എന്നീ ഇനങ്ങളുടെ കൃഷി വ്യാപനത്തിനായുള്ള വിത്ത് വിതരണം, ശാസ്ത്രീയ കൃഷി പരിശീലനം, ഗുണനിലവാര നിർണ്ണയം എന്നിവ ഓണാട്ടുകര മേഖലയിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നടത്തിവരുന്നു. കായംകുളം മണ്ഡലവും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**വടക്കാഞ്ചേരി മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പ്രവൃത്തികൾ**

93(1722) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് ചെലവായ തുക, അവയുടെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXVII പദ്ധതിയിലുൾപ്പെടുത്തി കൃഷി വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന വടക്കാഞ്ചേരി സ്മാർട്ട് കൃഷിഭവൻ നിർമ്മാണ പ്രവൃത്തി നിർവഹിച്ചുവരുന്നു. കൃഷിഭവന്റെ ഫൗണ്ടേഷൻ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവരെ പദ്ധതിക്കായി 12.495 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXIX പദ്ധതിയിലുൾപ്പെടുത്തി വടക്കാഞ്ചേരി മണ്ഡലത്തിൽ 5 സ്ഥലത്ത് പുതിയ സബ്‌മെഴ്സിബിൾ പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും 2 സ്ഥലത്ത് പമ്പ് ഹൗസുകൾ നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ പമ്പ് ഹൗസ് നിർമ്മാണത്തിനുള്ള ഇ-ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

വടക്കാഞ്ചേരി മണ്ഡലത്തിൽ RIDF-22-ൽ ഉൾപ്പെടുത്തി KLDC ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കി.

1. കോൾനില വികസന പദ്ധതി-I ചെലവഴിച്ചത്: 88.89 ലക്ഷം രൂപ.
2. കോൾനില വികസന പദ്ധതി-II ചെലവഴിച്ചത്: 77.092 ലക്ഷം രൂപ.

(ബി) ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത മണ്ഡലത്തിൽനിന്നും 2023-24-ൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലുൾപ്പെടുന്ന മങ്കര-എങ്കക്കാട് പാടശേഖരങ്ങളിൽ നടപ്പാക്കാവുന്ന 171.8 ലക്ഷം രൂപയുടെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും വരവൂർ പഞ്ചായത്തിലെ നെടുംമ്പ്രയൂർ തെക്കുംഭാഗം പാടശേഖരങ്ങളിൽ നടപ്പാക്കാവുന്ന 165 ലക്ഷം രൂപയുടെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ആർ.ഐ.ഡി.എഫ്.-ൽ പരിഗണിക്കുന്നതിനായി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പ്രൊപ്പോസൽ ലഭ്യമാക്കി പരിശോധിക്കുന്നതാണ്.

**ഹരിതം ഹരിപ്പാട് പദ്ധതി**

94(1723) <u>ശ്രീ രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ നടപ്പാക്കുന്ന ഹരിതം ഹരിപ്പാട് പദ്ധതിയുടെ നിർവഹണ പുരോഗതി അറിയിക്കാമോ?

ഹരിതം ഹരിപ്പാട് പദ്ധതിയിലുൾപ്പെടുത്തി ഹരിപ്പാട് മുനിസിപ്പാലിറ്റി, ചെറുതന പഞ്ചായത്ത് എന്നിവിടങ്ങളിലെ വിവിധ പാടശേഖരങ്ങളിലെ

പ്രവൃത്തികൾ പൂർത്തീകരിച്ചു. പള്ളിപ്പാട്, കരുവാറ്റ പഞ്ചായത്തുകളിലെ പാടശേഖരങ്ങളിലെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഇതിന്റെ ഭാഗമായി എന്തെല്ലാം ഭൗതികനേട്ടങ്ങളും സൗകര്യങ്ങളുമാണ് കൈവരിക്കാൻ സാധിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

ഹരിപ്പാട് മുനിസിപ്പാലിറ്റി, ചെറുതന പഞ്ചായത്ത് എന്നിവിടങ്ങളിലെ പാടശേഖരങ്ങളിലെ ലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കൈവരിച്ച ഭൗതിക നേട്ടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തോടിന്റെ ആഴംകൂട്ടൽ | 17423 m |
| പാർശ്വഭിത്തി നിർമ്മാണം | 1697.25 m |
| എഞ്ചിൻ ഷെഡ് | 18 No. |
| റാമ്പ് | 25 No. |
| കാട് വെട്ടിത്തെളിക്കൽ | 75000 $m^2$ |
| 25 HP Motor with Petti Para | 8 Nos. |
| 15 HP വെർട്ടിക്കൽ പമ്പ് | 1 No. |
| 25 HP മോട്ടോർ | 2 Nos. |

| | |
|---|---|
| പമ്പ് സെറ്റ് | 1 No. |

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായുള്ള പ്രോജക്ട് രൂപീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

ഇല്ല. പരിശോധിക്കുന്നതാണ്.

**പയ്യന്നൂർ മണ്ഡലത്തിലെ നല്ല മണ്ണ് പദ്ധതി**

95(1724) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ-പെരളം ഗ്രാമ പഞ്ചായത്തിൽ തരിശ് രഹിത പാടശേഖരം എന്ന ലക്ഷ്യം യാഥാർഥ്യമാക്കാൻ നല്ല മണ്ണ് എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി നബാർഡിൽ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഈ സാമ്പത്തിക വർഷം നബാർഡിൽനിന്ന് ധനസഹായം ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

(എ-സി) 2023-24 വർഷം NABARD RIDF tranche XXX-ൽ പരിഗണിക്കുന്നതിന് 'നല്ല മണ്ണ്' എന്ന പേരിൽ പ്രോജക്ട് തയ്യാറാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിച്ചുവെങ്കിലും മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്ന കാരണത്താൽ നിരസിക്കപ്പെട്ടു. കൃഷി വകുപ്പ് മുഖാന്തരം നബാർഡിൽനിന്ന് ധനസഹായം ലഭ്യമാക്കുന്നതിനായി ഈ സാമ്പത്തിക വർഷം പദ്ധതി സമർപ്പിച്ചിട്ടില്ല.

**ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കോൾ, നോൺ കോൾ മേഖലയിലെ വികസനം**

96(1725) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിലെ കോൾ, നോൺ കോൾ മേഖലയിൽ കാർഷിക വികസനവുമായി ബന്ധപ്പെട്ട് കൃഷിവകുപ്പ് ഏതൊക്കെ

പ്രൊപ്പോസലുകളാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ആയതിന്റെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ കോൾ, നോൺ കോൾ മേഖലയിൽ കാർഷിക വികസനവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികളുടെയും തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലുകളുടെയും നിലവിലെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

**വിദ്യാലയങ്ങളിലെ കൃഷി**

97(1726) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ ഏതെല്ലാം വിദ്യാലയങ്ങളിൽ സ്കൂൾതല കൃഷിയിടങ്ങളുണ്ടെന്നും കൃഷിഭവനുമായി ചേർന്ന് ഇവ ഓരോന്നിലും കഴിഞ്ഞവർഷം നടത്തിയ കൃഷിയുടെ വിശദാംശങ്ങളും നൽകാമോ?

2023–24 സാമ്പത്തിക വർഷം സ്കൂൾതല പച്ചക്കറിത്തോട്ടം താഴെപ്പറയുന്ന സ്കൂളുകളിലാണ് നടപ്പാക്കിയിട്ടുള്ളത്. അതിൽ വെണ്ട, പയർ,

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വഴുതന, മഞ്ഞൾ, മുളക് എന്നീ പച്ചക്കറി ഇനങ്ങളാണ് സ്കൂളുകളിലെ പച്ചക്കറിത്തോട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പി.ടി.എ. ഫണ്ടുപയോഗിച്ചാണ് പച്ചക്കറിത്തോട്ടം സ്കൂളുകാർ നടത്തിവന്നത്.

സ്കൂളുകളുടെ പേര്

എൽ.പി. ആൻഡ് യു.പി.എം. മതിലകം പഞ്ചായത്ത്

സെന്റ് ആന്റണീസ് ജി.എച്ച്.എസ്.എസ്. എടത്തിരുത്തി

എ.എ.ഐ. എൽ.പി.എസ്. ചൂലൂർ, എടത്തിരുത്തി

ഈസ്റ്റ് യു.പി. സ്കൂൾ പെരിഞ്ഞനം

എസ്.എൻ. സ്മാരക സ്കൂൾ പെരിഞ്ഞനം

പനങ്ങാട് ഹയർ സെക്കൻഡറി സ്കൂൾ എസ്.എൻ. പുരം

(ബി) പ്രസ്തുത മണ്ഡലത്തിൽ വിദ്യാലയങ്ങളിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തുന്ന തളിർ പദ്ധതിയുമായി സംയോജിപ്പിച്ച് 2024-25 അക്കാദമിക വർഷത്തിൽ കൃഷിഭവനം അനുബന്ധ

കൃഷി സ്ഥാപനങ്ങളും എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2024-25 തളിർ പദ്ധതിയുടെ ഭാഗമായി കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലുംകൂടി സ്കൂൾതല പച്ചക്കറി കൃഷിത്തോട്ടം നിർമ്മിക്കുന്നതിന് 81 സ്കൂളുകളാണ് തിരഞ്ഞെടുത്തിട്ടുള്ളത്. അതിൽ ആദ്യം ചെണ്ടുമല്ലി കൃഷിയും കരനെൽകൃഷിയുമാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള ഫണ്ട് ത്രിതല പഞ്ചായത്ത് ഫണ്ടും സ്കൂളിലെ പി.ടി.എ. ഫണ്ടും ഉപയോഗിച്ചാണ് നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നത്. അതിനുശേഷം പച്ചക്കറി തൈകൾ കൃഷി ചെയ്യുന്നു. വെജിറ്റബിൾ ഡവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായിട്ട് സൗജന്യമായി വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതുകൂടാതെ ചേന, കാച്ചിൽ, ചേമ്പ്, മഞ്ഞൾ, ഇഞ്ചി അടങ്ങിയ ഒരു കിറ്റും ഓരോ സ്കൂളിനും കൊടുക്കാനായി തീരുമാനിച്ചിട്ടുണ്ട്.

**പൈനാപ്പിൾ കൃഷി**

98(1727) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൈനാപ്പിൾ കൃഷി ചെയ്യുന്ന ജില്ലകൾ ഏതൊക്കെയാണെന്നും പൈനാപ്പിൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി എത്ര ഹെക്ടറാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പൈനാപ്പിൾ കൃഷിയുടെ വിസ്തൃതി സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | വിസ്തൃതി (ഹെ.) |
|---|---|---|
| 1 | തിരുവനന്തപുരം | 90.14 |
| 2 | കൊല്ലം | 128 |
| 3 | പത്തനംതിട്ട | 155 |
| 4 | ആലപ്പുഴ | 14.52 |
| 5 | കോട്ടയം | 1826 |
| 6 | ഇടുക്കി | 574 |
| 7 | എറണാകുളം | 5903 |
| 8 | തൃശ്ശൂർ | 51.5 |
| 9 | പാലക്കാട് | 140 |
| 10 | മലപ്പുറം | 30 |
| 11 | കോഴിക്കോട് | 266 |
| 12 | വയനാട് | 31 |
| 13 | കണ്ണൂർ | 23 |
| 14 | കാസർഗോഡ് | 78 |

(ബി) പ്രസ്തുത ജില്ലകളിൽ പൈനാപ്പിൾ കൃഷി ചെയ്യുന്ന കർഷകരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

പൈനാപ്പിൾ കൃഷി ചെയ്യുന്ന കർഷകരുടെ എണ്ണം സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | കർഷകർ (എണ്ണം) |
|---|---|---|
| 1 | തിരുവനന്തപുരം | 138 |
| 2 | കൊല്ലം | 97 |
| 3 | പത്തനംതിട്ട | 106 |
| 4 | ആലപ്പുഴ | 11 |
| 5 | കോട്ടയം | 792 |
| 6 | ഇടുക്കി | 583 |
| 7 | എറണാകുളം | 3698 |
| 8 | തൃശ്ശൂർ | 67 |
| 9 | പാലക്കാട് | 192 |
| 10 | മലപ്പുറം | 20 |
| 11 | കോഴിക്കോട് | 40 |
| 12 | വയനാട് | 130 |
| 13 | കണ്ണൂർ | 11 |
| 14 | കാസർഗോഡ് | 11 |

(സി) ഈ ജില്ലകളിലെ പൈനാപ്പിൾ ഉൽപാദനത്തിന്റെ അളവും ഒരു ഹെക്ടർ ഭൂമിയിൽനിന്നുള്ള ശരാശരി പൈനാപ്പിൾ ഉൽപാദനത്തിന്റെ അളവും എത്രയാണെന്ന് വ്യക്തമാക്കാമോ?

പൈനാപ്പിൾ കൃഷിയുടെ ഉല്പാദനത്തിന്റെ അളവും ഒരു ഹെക്ടർ ഭൂമിയിൽ നിന്നുള്ള ശരാശരി ഉല്പാദനത്തിന്റെ അളവും സംബന്ധിച്ച ജില്ലതിരിച്ചുള്ള ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ഉൽപാദനം (മെട്രിക് ടൺ) | ഉൽപാദനക്ഷമത (കി.ഗ്രാം/ഹെ.) |
|---|---|---|---|
| 1 | തിരുവനന്തപുരം | 950.22 | 10.5 |
| 2 | കൊല്ലം | 1800 | 14 |
| 3 | പത്തനംതിട്ട | 2790 | 18 |
| 4 | ആലപ്പുഴ | 74 | 5.1 |
| 5 | കോട്ടയം | 54780 | 30 |
| 6 | ഇടുക്കി | 22169 | 38.621 |
| 7 | എറണാകുളം | 147575 | 25 |
| 8 | തൃശ്ശൂർ | 711.4 | 13.8 |
| 9 | പാലക്കാട് | 854 | 6.1 |
| 10 | മലപ്പുറം | 300 | 10 |
| 11 | കോഴിക്കോട് | 13275 | 25 |
| 12 | വയനാട് | 296.4 | 9.561 |
| 13 | കണ്ണൂർ | 316 | 13.73 |
| 14 | കാസർഗോഡ് | 1560 | 20 |

(ഡി) പൈനാപ്പിൾ കൃഷിയും വ്യാപാരവും വഴി ശരാശരി എത്ര രൂപയുടെ വരുമാനം ലഭിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

പൈനാപ്പിൾ കൃഷിയും വ്യാപാരവും വഴി പ്രതിവർഷം ശരാശരി 742 കോടി രൂപയുടെ വരുമാനം ലഭിക്കുന്നതായി കണക്കാക്കുന്നു.

(ഇ) ഇവിടെ ഉല്പാദിപ്പിച്ച് മറ്റ് സംസ്ഥാനങ്ങളിൽ വിപണനം ചെയ്യുന്നതും വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതുമായ പൈനാപ്പിളിന്റെ അളവും മൂല്യവും എത്രയാണെന്ന് തരംതിരിച്ച് അറിയിക്കാമോ?

V.F.P.C.K. വിദേശ രാജ്യങ്ങളിലേക്ക് 2023-24 സാമ്പത്തിക വർഷം കയറ്റുമതി ചെയ്തത് 2814 മെട്രിക് ടൺ ഉൽപന്നമാണ്. 2.22 മില്യൺ യു.എസ്. ഡോളറിന്റെ കയറ്റുമതിയാണ് നടന്നത്. പൈനാപ്പിൾ മേഖലയിലെ സ്വകാര്യ കർഷകരുടെ കയറ്റുമതി സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

(എഫ്) വിഴിഞ്ഞം തുറമുഖം വഴി പൈനാപ്പിൾ കയറ്റുമതി ചെയ്യാനുള്ള സാധ്യത സംസ്ഥാന സർക്കാരും വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡും പരിഗണിക്കുന്നുണ്ടോ; വിശദമാക്കുമോ?

പരിശോധിക്കുന്നതാണ്.

(ജി) നിർദിഷ്ട അങ്കമാലി-ശബരി റെയിൽ പാത വികസിപ്പിച്ച് വിഴിഞ്ഞത്തേക്കും സംസ്ഥാന തലസ്ഥാനത്തേക്കും സമാന്തര റെയിൽവേ നിർമ്മിക്കണമെന്നും അതിനായി സർവെ നടത്തണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടും റെയിൽവേ ബോർഡിനോടും നിലവിൽ ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പിന്റെ പരിഗണനയിലില്ല.

**കാട്ടാക്കട മണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ വകുപ്പ് വഴി നടന്ന പ്രവൃത്തികൾ**

99(1728) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിൽ 2016 മെയ് മുതൽ 2024 വരെ മണ്ണ് പര്യവേക്ഷണ വകുപ്പുവഴി നടന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇനി നടക്കാനുള്ള പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

2016 മെയ് മുതൽ 2024 വരെ കാട്ടാക്കട നിയോജകമണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നബാർഡ് ആർ.ഐ.ഡി.എഫ്. XXII-ൽ ഉൾപ്പെടുത്തി മീനംപള്ളിതോട് നീർത്തട പദ്ധതി, സൂക്ഷ്മ നീർത്തട വികസന പദ്ധതിയുടെ ഭാഗമായി ജലസമൃദ്ധിയിൽ ഉൾപ്പെടുത്തി കുളത്തുമ്മൽതോട് ഒന്നാംഘട്ടം, രണ്ടാംഘട്ടം (ചെമ്പനാകോട് നീർത്തട പദ്ധതി), കരിങ്ങൽ നീർത്തട പദ്ധതി എന്നിവയും പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുജ്ജീവന പദ്ധതിയിൽ ഉൾപ്പെടുത്തി കിള്ളികുറുന്തോട്ടംതോട് പുനരുദ്ധാരണം, ആട്ടറത്തലക്കൽ കോട്ടറക്കൽ തോട് നീർത്തട പദ്ധതി എന്നിവയും നടപ്പാക്കിയിട്ടുണ്ട്. 2018 ഫെബ്രുവരിയിൽ പ്രവൃത്തികൾ ആരംഭിച്ച മീനംപള്ളിതോട് നീർത്തട പദ്ധതി 59.77703 ലക്ഷം രൂപ ചെലവഴിച്ച് 2023 സെപ്റ്റംബർ മാസത്തിലും

2019 നവംബർ മാസത്തിൽ ആരംഭിച്ച കിള്ളികുറുന്തോട്ടം തോട് പുനരുദ്ധാരണം 1.80831 ലക്ഷം രൂപ ചെലവഴിച്ച് 2020 ഫെബ്രുവരി മാസത്തിലും 2019 ഡിസംബർ മാസത്തിൽ പ്രവൃത്തികൾ ആരംഭിച്ച കുളത്തുമ്മൽതോട് ഒന്നാംഘട്ടം 71.89955 ലക്ഷം രൂപ ചെലവഴിച്ച് 2022 മാർച്ച് മാസത്തിലും 2022 ജൂൺ മാസത്തിൽ ആരംഭിച്ച കുളത്തുമ്മൽതോട് രണ്ടാംഘട്ടം 40.11539 ലക്ഷം രൂപ ചെലവഴിച്ച് 2023 മാർച്ച് മാസത്തിലും 2022 ഡിസംബർ മാസത്തിൽ ആരംഭിച്ച കരിങ്ങൽ നീർത്തട പദ്ധതി 28.13781 ലക്ഷം രൂപ ചെലവഴിച്ച് 2024 മാർച്ച് മാസത്തിലും പൂർത്തീകരിച്ചിട്ടുണ്ട്. 2023 ഒക്ടോബർ മാസം ആരംഭിച്ച ആട്ടറത്തലക്കൽ കോട്ടറക്കൽ തോടിന്റെ വശങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 16.83216 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ പരമ്പരാഗത ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ പള്ളിച്ചൽ തോടിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള 25 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിയുടെ ഭരണാനുമതിക്കുള്ള ശിപാർശ പരിശോധനയിലാണ്.

**കുന്നത്തുനാട് മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതി**

100(1729) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾക്ക് ചെലവായ തുക, അവയുടെ പുരോഗതി എന്നിവ വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. XXVII പദ്ധതിയിലുൾപ്പെടുത്തി പുതുക്ക ബ്ലോക്കിലെ കുന്നത്തുനാട് കൃഷിഭവൻ നിർമ്മാണത്തിനായി 213.70 ലക്ഷം രൂപയുടെ ഭരണാനുമതി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് നൽകിയിട്ടുണ്ട്. കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ കൃഷിഭവന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ആർ.ഐ.ഡി.എഫ്. XXIX-ൽ ഉൾപ്പെടുത്തി കുന്നത്തുനാട് മണ്ഡലത്തിലെ മഴവന്നൂർ പഞ്ചായത്തിൽ 115 ലക്ഷം രൂപ അടങ്കൽ തുക

വരുന്ന ബ്ലാന്തേവർ പദ്ധതിക്ക് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ സാങ്കേതികാനുമതിക്കുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന ആർ.ഐ.ഡി.എഫ്.-XXVI-ൽ ഉൾപ്പെടുത്തി മഴുവന്നൂർ പഞ്ചായത്തിലെ ചിറക്കൽ ചിറയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 88.824 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പുതുതായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പുതുതായി അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

**നാദാപുരം മണ്ഡലത്തിലെ വളയം നീലാണ്ട് ചിറ പുനരുദ്ധാരണം**

101(1730) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി  സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിൽ വളയം ഗ്രാമപഞ്ചായത്തിലെ നീലാണ്ട് ചിറ പുനരുദ്ധരിക്കാൻ നൽകിയ നിവേദനം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നീലാണ്ട് ചിറ പുനരുദ്ധരിക്കൽ പദ്ധതി കെ.എൽ.ഡി.സി. വടകര മുഖാന്തരം നടപ്പാക്കുന്നതിന് ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് RIDF XXIX സ്കീമിൽ ഉൾപ്പെടുത്തി നബാർഡിൽ സമർപ്പിച്ചിരുന്നെങ്കിലും അനുമതി ലഭ്യമായിട്ടില്ല.

**പൂഞ്ഞാർ മണ്ഡലത്തിൽ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

102(1731) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ലാൻഡ് സ്ലൈഡ് സ്റ്റെബിലൈസേഷൻ പദ്ധതിയിൽ കുഴിമ്പള്ളി ഇളംപ്ലാശ്ശേരി ഒന്നാം ഘട്ടം, രണ്ടാംഘട്ടം എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

കുഴിമ്പള്ളി ഇളംപ്ലാശ്ശേരി ഒന്നാം ഘട്ടം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. കുഴിമ്പള്ളി ഇളംപ്ലാശ്ശേരി രണ്ടാം ഘട്ടത്തിലെ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്.

**സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റി**

103(1732) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ രൂപീകരിച്ച സ്റ്റേറ്റ് ലെവൽ അഡ്വൈസറി

കമ്മിറ്റിയിലെ അംഗങ്ങളുടെയും അവരുടെ വിദ്യാഭ്യാസം അടക്കമുള്ള മറ്റ് യോഗ്യതകളുടെയും വിശദാംശങ്ങൾ നൽകാമോ?

അക്കാദമിക് പ്രോഗ്രാമുകൾ/ബിരുദങ്ങൾ എന്നിവയുടെ അംഗീകാരം/ തുല്യത എന്നിവയിലെ പരാതികൾ പരിഹരിക്കുന്നതിന് 17-12-2018-ലെ സ.ഉ.(കൈ)നം. 303/2018/HEDN നമ്പർ ഉത്തരവുപ്രകാരം സ്റ്റേറ്റ് ലെവൽ അക്കാദമിക് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ചെയർമാനായി കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാനെയും മെമ്പർമാരായി കേരളത്തിലെ സർവകലാശാലകളിലെ വൈസ് ചാൻസലർമാരെയും കേരള ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയെയും (കൺവീനർ) ആണ് നിയോഗിച്ചിട്ടുള്ളത്.

(ബി) ബി.എസ്‌സി. ബയോകെമിസ്ട്രിയും ബി.എഡും യോഗ്യതയുള്ള ഉദ്യോഗാർഥികളെ എച്ച്.എസ്.എ. നാച്ചുറൽ സയൻസ് ആയി നിയമിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് 16-07-2019-ൽ ഹയർ എഡ്യൂക്കേഷൻ കൗൺസിലിൽ വച്ച് നടന്ന നിർവാഹക സമിതിയോഗ തീരുമാനത്തിന്റെ പകർപ്പ് നൽകാമോ?

16-07-2019-ൽ ഹയർ എഡ്യൂക്കേഷൻ കൗൺസിലിൽ വച്ച് നടന്ന നിർവാഹക സമിതിയോഗ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധം-1-ആയി ചേർത്തിരിക്കുന്നു.+

(സി) മേൽ വിഷയവുമായി ബന്ധപ്പെട്ട് ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ രൂപീകരിച്ച സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റിയുടെ 21-01-2020-ൽ നടന്ന യോഗ തീരുമാനത്തിന്റെ പകർപ്പ് നൽകാമോ?

സ്റ്റേറ്റ് ലെവൽ അക്കാദമിക്ക് കമ്മിറ്റിയുടെ 21-01-2020-ലെ യോഗ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധം 2-ആയി ചേർത്തിരിക്കുന്നു.+

**ഉന്നതവിദ്യാഭ്യാസത്തിനായി വിദേശത്ത് പോകുന്നവരുടെ എണ്ണം**

104(1733) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) സംസ്ഥാനത്തുനിന്നും ഉന്നതവിദ്യാഭ്യാസത്തിനായി വിദേശത്ത് പോകുന്നവരുടെ എണ്ണം വർധിച്ചുവരുന്നതായി കരുതുന്നുണ്ടോയെന്നറിയിക്കാമോ;

(ബി) കഴിഞ്ഞ 10 വർഷക്കാലയളവിൽ (2013 മുതൽ 2023 വരെ) സംസ്ഥാനത്ത് എത്ര ശതമാനം വിദ്യാർഥികൾ ഉന്നതവിദ്യാഭ്യാസത്തിനായി ഇതര സംസ്ഥാനങ്ങളെയും ഇതര രാജ്യങ്ങളെയും ആശ്രയിച്ചുവെന്നതിന്റെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ?

(എ&ബി) ഉന്നതവിദ്യാഭ്യാസത്തിനായി ഇതര സംസ്ഥാനങ്ങളെയും ഇതര രാജ്യങ്ങളെയും ആശ്രയിക്കുന്ന വിദ്യാർഥികളുടെ 2013 മുതലുള്ള വിവരം നിലവിൽ ലഭ്യമല്ല. എന്നിരുന്നാലും, വിദേശത്ത് പോകുന്ന വിദ്യാർഥികൾക്കായി നോർക്ക റൂട്ട്സിൽ 2020 മുതൽ തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇതിലൂടെ 8052 വിദ്യാർഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിദ്യാർഥികളുടെ വർഷം തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | രജിസ്റ്റർ ചെയ്തവർ |
|---|---|---|
| 1 | 2021 | 2022 |
| 2 | 2022 | 3526 |
| 3 | 2023 | 2504 |

മൂന്ന് വർഷമാണ് തിരിച്ചറിയൽ കാർഡിന്റെ കാലാവധി എന്നിരിക്കെ 2021-ൽ രജിസ്റ്റർ ചെയ്ത 2022 പേരിൽ 580 പേർ മാത്രമാണ് രജിസ്ട്രേഷൻ കാർഡ് പുതുക്കിയിട്ടുള്ളത്.

**യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക**

105(1734) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക നൽകുന്നതിനായി കേന്ദ്രസർക്കാരിൽനിന്നും പണം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; കുടിശ്ശിക നൽകുന്നതിന് തുക ലഭിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

യു.ജി.സി.-യുടെ 7th ശമ്പള പരിഷ്കരണ പ്രകാരമുള്ള കുടിശ്ശിക വിതരണം ചെയ്യുന്നതിനായി കേന്ദ്ര വിഹിതം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല. കേന്ദ്ര ധനസഹായം ലഭിക്കുന്നതിന് 21-03-2022-ലെ സി3/212/2017 ഉ.വി.വ. ഭാഗം (2) പ്രകാരം 750,93,36,588/- രൂപയുടെ ശിപാർശ നിശ്ചിത സമയ പരിധിക്കുള്ളിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ കേന്ദ്ര സർക്കാർ 27-07-2022-ലെ F1-1/2018-U II നമ്പർ കത്തുപ്രകാരം 50% പ്രതിപൂരണത്തിനുള്ള കേന്ദ്ര വിഹിത പദ്ധതി 01-04-2023 മുതൽ നിർത്തലാക്കിയതായി മറ്റ് 22 സംസ്ഥാനങ്ങളെ അറിയിച്ചതോടൊപ്പം കേരള സർക്കാരിനെയും അറിയിച്ചു. സമ്പൂർണമായ പ്രൊപ്പോസലുകൾ സമർപ്പിക്കാത്തതോ തെറ്റായ പ്രൊപ്പോസലുകൾ സമർപ്പിച്ചതോ ആയ സംസ്ഥാനങ്ങളുടെ പ്രൊപ്പോസലുകളെ കേന്ദ്ര സർക്കാർ നിരസിച്ചതായാണ് കത്തിൽ പരാമർശിച്ചിട്ടുള്ളത്. കേരള സർക്കാർ ഇതിൽ പെടും എന്ന പരാമർശം വാസ്തവ വിരുദ്ധമാണ്. കേരള സർക്കാർ സമയ പരിധിക്കുള്ളിൽ കൃത്യമായ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

**പദ്ധതി ഇനത്തിൽ നീക്കിവച്ച തുക**

106(1735) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ നീക്കിവച്ചിട്ടുള്ള തുക എത്രയാണ്; എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

കഴിഞ്ഞ സാമ്പത്തിക വർഷത്തെ (2023-2024) സംസ്ഥാന ബജറ്റിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതിയിനത്തിൽ നീക്കിവച്ച തുക സംബന്ധിച്ചും അവയുടെ വിനിയോഗം സംബന്ധിച്ചുമുള്ള ഫണ്ടിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**കിനാനൂർ-കരിന്തളം കോളേജ് കെട്ടിട നിർമ്മാണം**

107(1736) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) കിനാനൂർ-കരിന്തളം സർക്കാർ കോളേജിൽ കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഏതൊക്കെ ഏജൻസികളിൽ നിന്നുള്ള ഫണ്ടുകളാണ് വകയിരുത്തിയതെന്നും ഇവ ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ&ബി) കിനാനൂർ-കരിന്തളം സർക്കാർ കോളേജിൽ പദ്ധതി വിഹിതത്തിൽനിന്ന് അക്കാദമിക് കെട്ടിട നിർമ്മാണം നടത്തുന്നതിനായി 682 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ ടെൻഡർ നടപടികൾ പൊതുമരാമത്ത് വകുപ്പ് നടത്തിവരികയുമാണ്. കൂടാതെ 2021-22 സാമ്പത്തിക വർഷം ബജറ്റിൽ ഉൾപ്പെടുത്തി കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി 594 ലക്ഷം രൂപയുടെ ഭണാനുമതി നൽകുകയും ആയതിന്റെ സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പിൽ പുരോഗമിക്കുകയുമാണ്. കൂടാതെ കോളേജിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിനായി

കോളേജിനെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തുകയും പദ്ധതി നിർവഹണ ഏജൻസിയായി KITCO-യെ ചുമതലപ്പെടുത്തുകയും ചെയ്തു. ടോപ്പോഗ്രാഫിക്കൽ സർവെയും സോയിൽ സർവെയും പൂർത്തീകരിച്ച് DPR തയ്യാറാക്കുന്ന നടപടികൾ KITCO സ്വീകരിച്ചുവരികയാണ്.

**നാലുവർഷ ബിരുദ കോഴ്സുകൾ**

108(1737) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവകലാശാലകളിലും കോളേജുകളിലും നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിന്റെ ഭാഗമായി നിലവിലെ ബിരുദ പഠന മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്നും ഏതെല്ലാം കോഴ്സുകളാണ് ആരംഭിക്കുന്നതെന്നും വിശദാംശം നൽകുമോ?

ഉണ്ട്. നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ആവശ്യത്തിലേക്കായി ടി കോഴ്സുകളുടെ കരിക്കുലം ചട്ടക്കൂട്, നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ റെഗുലേഷൻ, പുതിയ സിലബസ് എന്നിവ രൂപീകരിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലന പരിപാടികൾ (Master Trainers Workshops), കോളേജ് അധ്യാപകർക്ക് ജില്ലാതല ഓറിയന്റേഷൻ പരിപാടികൾ, പ്ലസ് ടു വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. ഇതിനുപുറമേ, ഫൗണ്ടേഷൻ കോഴ്സുകൾക്കാവശ്യമായിട്ടുള്ള പുസ്തകങ്ങൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രസിദ്ധീകരിച്ചു.

വിദ്യാർഥികളുടെ നൈപുണ്യ വികസനവും തൊഴിൽ പരിശീലനവും താൽപര്യമുള്ള വിഷയങ്ങൾ തിരഞ്ഞെടുക്കാനുള്ള സൗകര്യവും ഗവേഷണാഭിരുചി വർധിപ്പിക്കുന്നതടക്കമുള്ള ലക്ഷ്യത്തോടെയാണ് നാല് വർഷ ബിരുദ പാഠ്യപദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. അഭിരുചികൾക്കനുസൃതമായി മൈനർ വിഷയങ്ങളും

സ്പെഷ്യലൈസേഷനുകളും multidisciplinary കോഴ്സുകളും value-added കോഴ്സുകളും skill development കോഴ്സുകളും പഠിക്കാനുള്ള സൗകര്യം, അഡ്മിഷൻ എടുക്കുന്നതിനുമുമ്പ് അഭിരുചിക്കനുസരിച്ച് കോഴ്സുകൾ സെലക്ട് ചെയ്ത് പഠിക്കാനുള്ള സൗകര്യം, കോളേജ്/സർവകലാശാല മാറ്റത്തിനുള്ള സൗകര്യം, തൊഴിൽ, ഗവേഷണ അഭിരുചികൾക്കനുസൃതമായി ബിരുദപഠനം വഴിതിരിക്കാനുതകുന്ന pathway സൗകര്യം എന്നിവ പുതിയ പാഠ്യപദ്ധതിയുടെ ഭാഗമായി ബിരുദപഠന മേഖലയിൽ വരുന്ന ചില മാറ്റങ്ങളാണ്.

കേരള സർവകലാശാലയിൽ നാലുവർഷ പാഠ്യപദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന കോഴ്സുകളുടെ വിവരങ്ങൾ അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു.+

മഹാത്മാഗാന്ധി സർവകലാശാലയിൽ വിവിധ പഠന വകുപ്പുകളിലെ ഫിസിക്സ്, കെമിസ്ട്രി, ബയോസയൻസ്, എൻവയോൺമെന്റൽ സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഡവലപ്മെന്റൽ സ്റ്റഡീസ്, ഗാന്ധിയൻ സ്റ്റഡീസ്, ഹിസ്റ്ററി, ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് എന്നീ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിഷയങ്ങളിലാണ് ഓണേഴ്സ് പ്രോഗ്രാമുകൾ ആരംഭിക്കുന്നത്. കാലിക്കറ്റ് സർവകലാശാലയിൽ നിലവിലുള്ള മൂന്ന് വർഷ ബിരുദ പ്രോഗ്രാമുകളെല്ലാം 2024-25 അക്കാദമിക വർഷം മുതൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളായി മാറുന്നുണ്ട്. കണ്ണൂർ സർവകലാശാലയിൽ നടത്താൻ തീരുമാനിച്ചിട്ടുള്ള നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ വിവരങ്ങൾ അനുബന്ധം 2-ആയി ചേർത്തിരിക്കുന്നു.+

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ ആകെ 14 മേജർ പ്രോഗ്രാമുകളും 16 മൈനർ പ്രോഗ്രാമുകളുമാണ് 2024-25 അക്കാദമിക വർഷം ആരംഭിക്കുന്നത്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സോഷ്യൽ വർക്ക്, മോഹിനിയാട്ടം, ഭരതനാട്യം, മ്യൂസിക്, ഫിലോസഫി, ഹിസ്റ്ററി, സംസ്കൃതം ന്യായം, സംസ്കൃതം സാഹിത്യം, സംസ്കൃതം വ്യാകരണം, സംസ്കൃതം ജനറൽ, സംസ്കൃതം വേദാന്തം എന്നീ വിഭാഗങ്ങളിൽ മേജർ ആയും അവ കൂടാതെ ഉറുദു, അറബിക് എന്നിവയിൽ മൈനർ ആയും നാല് വർഷ ബിരുദ പ്രോഗ്രാമുകളാണ് നടത്തുന്നത്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകൾ 5 വർഷ ഇന്റഗ്രേറ്റഡ് കോഴ്സുകളുടെ ഭാഗമായി വരുന്നവയാണ്. പ്രസ്തുത പ്രോഗ്രാമുകളുടെ വിവരങ്ങൾ അനുബന്ധം 2-ആയി ചേർത്തിരിക്കുന്നു.+

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിലെ പഠനസ്കൂളുകളിൽ 2 (രണ്ട്) നാലുവർഷ ബിരുദ പ്രോഗ്രാമുകളാണ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ നാരായണഗുരു ഓപ്പൺ സർവകലാശാലയിൽ B.A English (Hons.), B.A Malayalam (Hons.), B.A Sociology (Hons.), B.A History (Hons.), BBA (Hons.), B.Com (Hons.) എന്നീ പ്രോഗ്രാമുകളാണ് നാലുവർഷ ഘടനയിലേക്ക് മാറ്റിയിട്ടുള്ളവ.

(ബി) പ്രസ്തുത ബിരുദ കോഴ്സുകൾ നടപ്പാക്കുന്നതിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; ആയത് വിദ്യാർഥികൾക്ക് എത്ര മാത്രം ഗുണകരമാകുമെന്ന് വ്യക്തമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പുതിയ കാലത്തെ അക്കാദമിക് - കരിയർ താൽപര്യങ്ങൾക്കനുസരിച്ച് കോഴ്സുകൾ സ്വയം ചിട്ടപ്പെടുത്താൻ വിദ്യാർഥികൾക്ക് അവസരമൊരുക്കുന്ന നാല് വർഷ ബിരുദ കോഴ്സ് രാജ്യാന്തര തലത്തിലെ വിഖ്യാത സർവകലാശാലകളുടെ നിലവാരത്തിലേക്ക് കേരളത്തിലെ ബിരുദ പഠനത്തെ ഉയർത്തുന്നതിനും യുക്തിബോധം, ശാസ്ത്രചിന്ത തുടങ്ങിയ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ വിഷയങ്ങൾ സമഗ്രമായ രീതിയിൽ മനസ്സിലാക്കാൻ കഴിയുന്നതിനും അറിവുകൾ സ്വീകരിക്കുന്നതിനപ്പുറം വിദ്യാർഥികളെ അറിവ് ഉൽപാദിപ്പിക്കുന്നവരാക്കി മാറ്റുന്നതിനുംകൂടി ലക്ഷ്യമിട്ടിട്ടുള്ളതാണ്.

വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളുമനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവുംവിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തിരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകല്പന ചെയ്യാനും കഴിയുന്ന

തരത്തിലാണ് കരിക്കുലം കമ്മിറ്റി നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. ക്രെഡിറ്റിനെ വ്യക്തമായി നിർവചിച്ചുകൊണ്ടാണ് നാലുവർഷ ബിരുദ കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ ക്രെഡിറ്റുകൾക്ക് ലോകത്തെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനവുമായിട്ടും ക്രെഡിറ്റ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർനാഷണൽ കംപാറ്റിബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും. നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസത്തിലേക്ക് നൈപുണ്യത്തെ സമന്വയിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല വ്യവസായ സംബന്ധിയായ കോഴ്സുകൾ പഠിക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. ഇത്തരത്തിൽ പഠിക്കുന്ന തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ മൈനർ പാത്ത്‌വേയുടെ ഭാഗമാക്കാനും സാധിക്കും. ഉദാഹരണത്തിന്, ഫിസിക്സിനോടൊപ്പം ഡാറ്റാ അനലിറ്റിക്സ്,

കൊമേഴ്സിനോടൊപ്പം ഫിനാൻഷ്യൽ ടെക്നോളജി, കമ്പ്യൂട്ടർ സയൻസിനോടൊപ്പം ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇംഗ്ലീഷിനോടൊപ്പം ഡിജിറ്റൽ മീഡിയ തുടങ്ങി നിരവധി തൊഴിലധിഷ്ഠിത മൈനർ കോഴ്സുകൾ തിരഞ്ഞെടുക്കാവുന്നതാണ്. പഠിക്കുന്ന കോളേജിൽ അത്തരം കോഴ്സുകൾ ലഭ്യമല്ലെങ്കിൽ മറ്റ് അംഗീകൃത സ്ഥാപനങ്ങളുടെ നൈപുണ്യ വികസന കേന്ദ്രങ്ങളിൽനിന്ന് നേരിട്ടോ ഓൺലൈനായോ വിദ്യാർഥിക്ക് വൊക്കേഷണൽ കോഴ്സുകൾ തിരഞ്ഞെടുത്ത് പഠിക്കാം. ഇതോടൊപ്പം Skill Gap പരിഹരിക്കുന്നതിന് ASAP-ന്റെ നേതൃത്വത്തിൽ സ്കിൽ കോഴ്സുകൾ നൽകുന്നതിന് സംവിധാനം ഒരുക്കി. K-DISC-ന്റെ DWMS പോർട്ടൽ വഴി വിദ്യാർഥികൾക്ക് തൊഴിൽ നേടാൻ അവസരമൊരുക്കുന്നു. ഇന്റേൺഷിപ്പ് സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ വിദ്യാർഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും ലഭ്യമാകും.

മൂന്ന് വർഷ ബിരുദമാണെങ്കിലും നാലുവർഷ ഓണേഴ്സ്/ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദമാണെങ്കിലും ഈ ബിരുദങ്ങൾ ഓരോന്നും സ്വന്തം താൽപര്യമനുസരിച്ച് രൂപകല്പന ചെയ്യാൻ പറ്റുന്ന തരത്തിലുള്ള വഴക്കം

(ഫ്ലെക്സിബിലിറ്റി) പുതിയ കരിക്കുലം മുന്നോട്ടുവയ്ക്കുന്നുണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാം മുന്നോട്ടുവയ്ക്കുന്ന കരിക്കുലം പ്രകാരം താൽപര്യമുള്ള മൈനർ വിഷയങ്ങൾ തിരഞ്ഞെടുക്കാൻ ഓരോ വിദ്യാർഥിക്കും സാധിക്കും. ഈ തിരഞ്ഞെടുപ്പിനനുസരിച്ച് വിദ്യാർഥികളുടെ ഡിഗ്രിയുടെ ഘടനയിലും മാറ്റങ്ങളുണ്ടാവും. ഒരേ വിഷയത്തിൽ മേജർ ചെയ്യുന്ന വിദ്യാർഥികൾക്ക് വ്യത്യസ്തമായ മൈനർ പാത്ത്‌വേകൾ സ്വീകരിക്കാൻ കഴിയും. ഇത്തരത്തിൽ മേജർ/മൈനർ വിഷയങ്ങൾ തീരുമാനിച്ചതിനുശേഷം ഡിഗ്രി പഠനത്തിനായി വിവിധ പാത്ത്‌വേകൾ തിരഞ്ഞെടുക്കാൻ വിദ്യാർഥികൾക്ക് അവസരമുണ്ട്. ഇത്തരത്തിൽ വിദ്യാർഥികൾക്ക് തിരഞ്ഞെടുക്കാൻ കഴിയുന്ന വിവിധ പാത്ത്‌വേകൾ പ്രോഗ്രാമിന്റെ തുടക്കത്തിൽതന്നെ സർവകലാശാലകൾ പ്രസിദ്ധീകരിക്കും. മേജർ വിത്ത് മൈനർ, സിംഗിൾ മേജർ, ഡബിൾ മേജർ, മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ, ഇന്റർ ഡിസിപ്ലിനറി മേജർ എന്നിങ്ങനെ വിവിധ പാത്ത്‌വേകൾ വിദ്യാർഥികൾക്ക് സ്വീകരിക്കാം. ഇത്തരത്തിൽ വിവിധ പാത്ത്‌വേകളിൽക്കൂടി ബിരുദ പഠനം നടത്തുന്ന വിദ്യാർഥികൾക്ക് അവരുടെ താൽപര്യപ്രകാരമുള്ള മൈനർ

വിഷയങ്ങൾ പാത്ത്‌വേയുടെ ഭാഗമാക്കാൻ കഴിയും. അതായത് പുതിയ രീതിയിൽ ഒരേ ക്ലാസ്സിൽ പലതരത്തിലുള്ള ബിരുദങ്ങൾക്ക് പഠിക്കുന്ന വിദ്യാർഥികൾ ഉണ്ടാകും. ഓരോരുത്തരുടെയും അഭിരുചികളും അഭീഷ്ടങ്ങളുമായിരിക്കും അതിന് അടിസ്ഥാനം. ഓരോ പാത്ത്‌വേകൾക്കകത്തും തനിക്കുവേണ്ട ബിരുദ ഘടന രൂപകല്പന ചെയ്യാവുന്ന സ്വാതന്ത്ര്യം വിദ്യാർഥികൾക്ക് ലഭിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ വകുപ്പ് നൽകുന്ന ഇ-ഗ്രാന്റ്സ്**

109(1738) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 വർഷം മുതൽ ആർട്സ് & സയൻസ് കോളേജുകളിൽ എത്ര വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി ഇ-ഗ്രാന്റ്സ് മുഖേന സാമ്പത്തിക സഹായം നൽകുന്നുണ്ടെന്ന് വിശദമാക്കാമോ?

2022-23 വർഷം മുതൽ നാളിതുവരെ ആകെ 72418 പട്ടികജാതി വിദ്യാർഥികൾക്ക് ഇ-ഗ്രാന്റ്സ് സഹായം നൽകിയിട്ടുണ്ട്. പട്ടികവർഗ

വികസന വകുപ്പ് 2018-2019 മുതൽ 2022-23 വരെയുണ്ടായിരുന്ന 4828 വിദ്യാർഥികളുടെ കുടിശ്ശിക SNA-PFMS ഇന്റഗ്രേഷൻ വഴി 2023-24 സാമ്പത്തിക വർഷം അനുവദിച്ചു. 2023-24 സാമ്പത്തിക വർഷത്തെ ഇ-ഗ്രാന്റ്സ് വിതരണത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഇ-ഗ്രാന്റ്സ് ലഭിക്കാൻവേണ്ടി വിദ്യാർഥികൾ കോളേജിൽ സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ഇ-ഗ്രാന്റ്സ് ലഭിക്കുന്നതിനുവേണ്ടി വിദ്യാർഥികൾ കോളേജിൽ സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

* അക്ഷയ സെന്ററിൽനിന്ന് ഇ-ഗ്രാന്റ്സ് 3.0 എന്ന സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്ത് ലഭിക്കുന്ന ഫോട്ടോ പതിപ്പിച്ച അപേക്ഷാ ഫോറം (2024-25)-(വകുപ്പ് മേധാവി ശിപാർശ ചെയ്തത്)

* എസ്.എസ്.എൽ.സി മുതലുള്ള സർട്ടിഫിക്കറ്റുകളുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.

* ഒറിജിനൽ വരുമാന, ജാതി സർട്ടിഫിക്കറ്റുകൾ (എസ്.സി എസ്.ടി വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല. എന്നാൽ, വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം.)

* ആധാർ, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകൾ വിദ്യാർഥിയുടെ പേരിലുള്ള സേവിങ്സ് ബാങ്ക് അക്കൗണ്ട് ആയിരിക്കണം. ഇ-ഗ്രാന്റ്സ് പ്രൊഫൈലിൽ രേഖപ്പെടുത്തുന്ന ഫോൺ നമ്പരും ബാങ്ക് അക്കൗണ്ടും ആധാറുമായി ലിങ്ക് ചെയ്തിരിക്കണം.

* പഠന കാലയളവിൽ കോഴ്സ് ബ്രേക്ക് ഉണ്ടായിട്ടുണ്ടെങ്കിൽ കാരണം സൂചിപ്പിച്ചുള്ള ജില്ലാ പട്ടിക ജാതി/പട്ടികവർഗ വികസന ഓഫീസർക്കുള്ള അപേക്ഷ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയത്. (കോഴ്സ് ബ്രേക്കിനുള്ള കാരണം ഓൺലൈൻ അപേക്ഷയിലും രേഖപ്പെടുത്തണം.)

* ലക്ഷദ്വീപ് വിദ്യാർഥികൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിച്ചശേഷം അതിന്റെ പ്രിന്റൗട്ട് ഹാജരാക്കണം.

* ഹോസ്റ്റലിൽ താമസിക്കുന്നവർ ഹോസ്റ്റൽ ഇൻമേറ്റ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുകയും അപേക്ഷയോടൊപ്പം ഹാജരാക്കുകയും വേണം.

SC/ST/OEC/OBC(H),(OBC, General PG വിദ്യാർഥികൾക്ക്)

* പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ അപേക്ഷിച്ചതും എന്നാൽ ഒഴിവില്ലാത്തതിനാൽ മറ്റ് ഹോസ്റ്റലുകളിൽ പ്രവേശനം നേടിയതുമായ വിദ്യാർഥികൾ പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽനിന്നുള്ള Non-inmate Certificate നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

* അലോട്ട്മെന്റ് മെമ്മോ അപ്‌ലോഡ് ചെയ്യണം. സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നേടുന്നവർ പ്രസ്തുത വിവരം സൂചിപ്പിച്ച് വകുപ്പ് മേധാവിയിൽനിന്നുള്ള സാക്ഷ്യപത്രമാണ് അപ്‌ലോഡ് ചെയ്യേണ്ടത്. മെമ്മോ/സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കണം.

* ഫിഷർമെൻ സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർഥികൾ മറ്റ് ആനുകൂല്യങ്ങൾ കൈപ്പറ്റുന്നില്ലെന്ന സാക്ഷ്യപത്രം വകുപ്പ് മേധാവിയിൽനിന്നും ഹാജരാക്കണം.

* അപേക്ഷ ഓഫ്‌ലൈനായി രജിസ്റ്റർ ചെയ്യുന്നതോടൊപ്പം മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതുണ്ട്.

അപേക്ഷയും അപ്‌ലോഡ് ചെയ്ത രേഖകളും ചേർത്ത് കോളേജ് ഓഫീസിൽ ഹാജരാക്കണം.

(സി) 2023-24 സാമ്പത്തിക വർഷം ഇ-ഗ്രാന്റ്സ് മുഖേന വിദ്യാർഥികൾക്ക് എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; ഇനി എത്രപേർക്ക് തുക ലഭിക്കാനുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?

2023-24 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് ആകെ 289.79 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 2022-23 വർഷം ആകെ 139042 വിദ്യാർഥികൾ അപേക്ഷിച്ചതിൽ 137670 പട്ടികജാതി വിദ്യാർഥികളുടെ അപേക്ഷകൾ അംഗീകരിച്ച് തുക വിതരണം നടത്തി. 2023-24 വർഷം ആകെ 135550 വിദ്യാർഥികൾ അപേക്ഷിച്ചതിൽ 133569 വിദ്യാർഥികളുടെ അപേക്ഷകൾ അംഗീകരിച്ച് തുക വിതരണം നടത്തിവരുന്നു. ഇനി 203.706 കോടി രൂപ കുടിശ്ശികയുണ്ട്. പട്ടികവർഗ വികസന വകുപ്പുവഴി 2018-2019 മുതൽ 2022-23 വരെയുള്ള 38478 ക്ലെയിമുകളും 486 സ്ഥാപനങ്ങൾക്കും പൂർണ്ണമായും തുക വിതരണം ചെയ്തിട്ടുണ്ട്. 14.59 കോടി രൂപ കുടിശ്ശികയുണ്ട്.

ഈ കുടിശ്ശിക ഈ സാമ്പത്തിക വർഷം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇ-ഗ്രാന്റ്സ് മുഖേന വിദ്യാർത്ഥികൾക്ക് കൃത്യമായി പണം ലഭിക്കുന്നില്ലെന്നത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ആയതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഇതുസംബന്ധിച്ച് നിരവധി പരാതികൾ ലഭിക്കുന്നുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ 2023-2024 അധ്യയന വർഷത്തിൽ ഇക്കാര്യത്തിൽ 14 പരാതികൾ ലഭിച്ചിട്ടുണ്ട്. 2021-2022 അധ്യയന വർഷം മുതൽ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം (SNA-PFMS) സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകുവാൻ പാടുള്ളൂവെന്ന് കേന്ദ്രസർക്കാർ നിബന്ധന ഏർപ്പെടുത്തി. എന്നാൽ ഇതുസംബന്ധിച്ച് സാങ്കേതിക സഹായം നൽകാൻ കേന്ദ്രസർക്കാർ വരുത്തിയ കാലതാമസം കാരണം സ്കോളർഷിപ്പ് കുടിശ്ശിക വരാനിടയായി. സാങ്കേതിക സഹായം ലഭ്യമായ ഉടൻതന്നെ കുടിശ്ശിക

അടക്കമുള്ള തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുകയും കുടിശ്ശിക തുക അനുവദിച്ചുവരികയും ചെയ്യുന്നു.

2021-2022 വർഷം മുതലുള്ള പട്ടികവർഗ വിദ്യാർഥികളുടെ കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകാൻ സാധിച്ചിരുന്നില്ല. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ 75% കേന്ദ്രവിഹിതം ലഭിക്കാതിരുന്നിട്ടും കേന്ദ്രവിഹിതം ഉൾപ്പെടെയുള്ള കുടിശ്ശിക തുക സംസ്ഥാനത്തിന്റെ ബജറ്റ് വിഹിതത്തിൽനിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുകയും അപ്രകാരം പ്രസ്തുത തുക അനുവദിച്ചുവരികയും ചെയ്തുവരുന്നു.

(ഇ) ഇ-ഗ്രാന്റ് സംബന്ധിച്ചുള്ള പരാതികൾ തീർപ്പാക്കാനും നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കാനും സെക്രട്ടേറിയറ്റിൽനിന്നും അഡീഷണൽ സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ?

ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ഉന്നത വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം**

110(1739) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിനും അക്കാദമിക ഉന്നമനത്തിനുമായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഉന്നത നിലവാരത്തിലേക്കുയർത്തി നാടിന്റെ പുരോഗതി ത്വരിത ഗതിയിലാക്കുന്നതിനായി പല പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. പുതുതലമുറയെ വൈജ്ഞാനിക മേഖലയിൽ കുതിച്ച് ചാട്ടം ഉണ്ടാക്കുന്നതിനായി കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം ന്യൂജനറേഷൻ കോഴ്സുകളും അനുവദിച്ചിട്ടുണ്ട്. കോളേജുകളെ യൂണിവേഴ്സിറ്റികളുമായും ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളുമായും ബന്ധിപ്പിക്കുന്ന ലീഡ് പോലുള്ള പദ്ധതികളും നടപ്പാക്കിവരുന്നു.

ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരത്തിലുള്ള പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സർക്കാർ കോളേജുകൾ, ട്രെയിനിങ് കോളേജുകൾ, ഹോസ്റ്റൽ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനവും കോളേജുകളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറി, ലൈബ്രറി എന്നിവയും നിർമ്മിച്ചുനൽകിയിട്ടുണ്ട്. സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ക്ലാസുകൾ ക്രമീകരിക്കുന്നതിനായി എല്ലാ ക്ലാസുകളും സ്മാർട്ട് ക്ലാസ് റൂം ആക്കുന്നതിനുള്ള പദ്ധതി, ലൈബ്രറി ഡിജിറ്റലൈസേഷൻ, ഓൺലൈൻ ക്ലാസുകൾ ക്രമീകരിക്കുന്നതിനുള്ള പദ്ധതി, ഗ്രീൻ ക്യാമ്പസ് തുടങ്ങിയ ക്രമീകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക മികവിനും റിസർച്ചിനും പ്രോത്സാഹനം നൽകുന്നതിനായി PLEASE, വിദ്യാർഥികളുടെ മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജീവനി, പഠനത്തോടൊപ്പം തൊഴിൽ (Earn While You Learn) എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിൽ ഗ്രീൻ ക്യാമ്പസ്, സ്റ്റുഡന്റ് ഫോർ സൊസൈറ്റി, ജീവനി പഠനത്തോടൊപ്പം തൊഴിൽ എന്നീ പദ്ധതികൾ വൈജ്ഞാനിക മികവിനോടൊപ്പം നാടിന്റെ പുരോഗതിക്കുകൂടി ഫലപ്രദമാകുന്ന തരത്തിൽ

്രൂപപ്പെടുത്തിയ പദ്ധതികളാണ്. ഗ്രീൻ ക്യാമ്പസ് പദ്ധതിയിലൂടെ കാർബൺ എമിഷൻ കുറയ്ക്കാനും ഇലക്ട്രിസിറ്റിക്കായി സോളാർ എനർജി ഉപയോഗപ്പെടുത്താനും കഴിയുന്നതാണ്. വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കുന്ന പ്രവർത്തനങ്ങളാണ് ജീവനി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പഠനത്തോടൊപ്പം വിവിധ തൊഴിൽ മേഖലകളെ പരിചയപ്പെടുന്നതിനും പുതിയ തൊഴിൽ മേഖലകളെ കണ്ടെത്തുന്നതിനും പഠനത്തോടൊപ്പം തൊഴിൽ പദ്ധതിയിലൂടെ കഴിയുന്നതാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഉന്നമനത്തിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖാന്തരം നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു.+

(ബി) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി നാക് (എൻ.എ.എ.സി.) അക്രഡിറ്റേഷൻ ലഭിച്ച സർവകലാശാലകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ വരുത്തുന്ന പരിഷ്കാരങ്ങളെ ഉൾകൊള്ളുന്ന വിധത്തിൽ കോളേജ് അധ്യാപകർക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന വിധത്തിലുള്ള ട്രെയിനിങ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് പരിഗണനയിലുണ്ടോ?

ഗുണനിലവാരമേറിയ ഉന്നത വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനായി വകുപ്പിനുകീഴിലുള്ള അധ്യാപകർക്ക് പ്രത്യേക സിലബസ് നിർമ്മിച്ച് തിരുവനന്തപുരത്തുള്ള IISER, IIM കോഴിക്കോട് എന്നിവിടങ്ങളിൽവച്ച് റെസിഡൻഷ്യൽ ട്രെയിനിങ് നൽകുന്നുണ്ട്.

2024-25 അക്കാദമിക വർഷം മുതൽ കേരള, എം.ജി., കോഴിക്കോട്, ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, കണ്ണൂർ, കുസാറ്റ്, ശ്രീനാരായണ ഓപ്പൺ സർവകലാശാലകളിൽ ആരംഭിക്കുന്ന FYUGP-യ്ക്ക് ആവശ്യമായ കരിക്കുലം ചട്ടക്കൂട്, FYUGP റെഗുലേഷൻ, പുതിയ സിലബസ് എന്നിവ രൂപീകരിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലന പരിപാടികൾ, കോളേജ് അധ്യാപകർക്ക് ജില്ലാതല ഓറിയന്റേഷൻ

പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. കൂടാതെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഫാക്കൽറ്റി ഡവലപ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ സർവകലാശാലകളിലേയും കോളേജുകളിലേയും അധ്യാപകർക്ക് പരിശീലന പരിപാടി പതിവായി സംഘടിപ്പിച്ചുവരുന്നു.

(ഡി) വടക്കാഞ്ചേരി മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കിലയെ ഒരു എജ്യൂക്കേഷണൽ ഹബ്ബാക്കി മാറ്റുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

കില ഹെഡ്ക്വാർട്ടേഴ്സിൽ 2024-25 അധ്യയന വർഷം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനോടുകൂടി പുതിയ അൺ എയ്ഡഡ് കോളേജ് സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

1. Four Year UG Programme in Rural Development and Governance

2. Four Year UG Programme in Gender and Development Studies എന്നീ കോഴ്സുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതോടനുബന്ധിച്ചുള്ള ഭൗതിക സാഹചര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി കിലയുടെ ക്യാമ്പസ് വിപുലീകരിക്കുന്നതിനായി കില ക്യാമ്പസിനോടും മെയിൻ റോഡിനോടും

ചേർന്നുകിടക്കുന്ന കിളുന്നൂർ വില്ലേജിൽ 3.6532 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന്റെ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

ആധുനിക കാലത്തെ നഗരസാധ്യതകളെക്കുറിച്ച് പഠിച്ച് സംസ്ഥാനത്തിന്റെ ഭാവി സുസ്ഥിര നഗരവൽക്കരണത്തിലൂടെ സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി നഗരനയ കമ്മിഷൻ രൂപീകരിക്കുകയും അതിന്റെ തുടർനടപടിയായി കിലയിൽ കില സെന്റർ ഫോർ അർബൻ ഗവേണൻസ് പുതുതായി നിലവിൽ വന്നിട്ടുണ്ട്.  കാലാവസ്ഥാ വ്യതിയാനവും ദുരന്തനിവാരണവും സ്ഥലപര ആസൂത്രണവുമായി ബന്ധപ്പെട്ട് സാങ്കേതിക സഹായം നൽകുന്നതിന്റെ ഭാഗമായി കിലയിൽ പുതിയതായി ലോക്കൽ ഗവൺമെന്റ് സെന്റർ ഓൺ എൺവയോൺമെന്റ് ക്ലൈമറ്റ് ചേഞ്ച് ആൻഡ് ബയോ ഡൈവേഴ്സിറ്റിയും ഇതിനോടനുബന്ധമായി ജിയോ സ്പേഷ്യൽ ലാബും സ്ഥാപിതമായിട്ടുണ്ട്.

പുതുതായി നിരവധി വിഷയമേഖലകളിൽ പ്രത്യേക കേന്ദ്രങ്ങളും കില ആരംഭിച്ചിട്ടുണ്ട്. കില സെന്റർ ഫോർ സബ് ആൾട്ടേഷൻ സ്റ്റഡീസ്, ചൈൽഡ് റിസോഴ്സ് സെന്റർ, സെന്റർ ഫോർ സസ്റ്റെയിനബിൾ

ഡവലപ്മെന്റ് ഗോൾസ് ആൻഡ് ലോക്കൽ ഗവേണൻസ്, ജെൻഡർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ് തുടങ്ങിയവ കില ഹെഡ് ക്വാർട്ടേഴ്സിലെ വിവിധ വിഷയ കേന്ദ്രങ്ങളാണ്. ജനകീയാസൂത്രണവും പ്രാദേശികഭരണവും സംബന്ധിച്ച കേരളത്തിന്റെ അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്ന ഇ.എം.എസ്. സ്മാരക അധികാര വികേന്ദ്രീകൃത തദ്ദേശഭരണ മ്യൂസിയവും കിലയിൽ സ്ഥാപിച്ചിട്ടുണ്ട്. കില ഹെഡ് ക്വാർട്ടേഴ്സിൽ വിപുലമായ നൂതന സൗകര്യങ്ങളോടുകൂടിയ ലൈബ്രറിയും ഇതൊടൊപ്പം ഗാന്ധി ആർട്ട് ഗ്യാലറിയും ഒരുക്കിയിട്ടുണ്ട്. ജേർണൽ ഓഫ് ലോക്കൽ ഗവേണൻസും നിരവധി പുസ്തകങ്ങളും കില പ്രസിദ്ധീകരിച്ചുവരുന്നു. അധികാര വികേന്ദ്രീകരണവും പ്രാദേശികഭരണവും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശകം എന്ന പേരിൽ ഒരു ഓൺലൈൻ ചാനലും ആരംഭിച്ചിട്ടുണ്ട്. ഭിന്നശേഷി സൗഹൃദമായ ക്യാമ്പസ് രൂപപ്പെടുത്തിയതിനൊപ്പം ആംഗ്യഭാഷയിലൂടെയുള്ള ഓൺലൈൻ പരിശീലനങ്ങളും കോഴ്സുകളും കിലയുടെ നൂതനമായ സംരംഭമാണ്. ഇവ കൂടാതെ കില നിരവധി യൂണിവേഴ്സിറ്റികളുമായും കോളേജുകളുമായും വിവിധ വിഷയങ്ങളിലെ

സഹകരണവുമായി ബന്ധപ്പെട്ട് ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുള്ളതാണ്. കൂടാതെ ഗ്രാമവികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, പ്രാദേശിക ആസൂത്രണം, ജൻഡർ, കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യം, ദുരന്തനിവാരണം, പരിസ്ഥിതി തുടങ്ങിയവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ, പഠനങ്ങൾ, കോഴ്സുകൾ എന്നിവയും കിലയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

**കോളേജുകൾക്കുള്ള എൻ.എ.എ.കെ.-ന്റെ അംഗീകാരം**

111(1740) <u>ഡോ. കെ. ടി. ജലീൽ</u>:
<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>:
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>:
<u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏതൊക്കെ കോളേജുകൾക്ക് നാഷണൽ അസ്സസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

സംസ്ഥാനത്തെ സർവകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള നാഷണൽ അസ്സസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം ലഭിച്ച കോളേജുകളുടെ ലിസ്റ്റ് അനുബന്ധം 1-ആയി ചേർക്കുന്നു.+

(ബി) എ++, എ+, എ എന്നീ വിഭാഗങ്ങളിലായി നിലവിൽ അംഗീകാരമുള്ള സർക്കാർ എയ്ഡഡ്, അൺ എയ്ഡഡ്, ഓട്ടോണമസ് കോളേജുകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ സർവകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള നാഷണൽ അസ്സസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ അംഗീകാരം ലഭിച്ച കോളേജുകളുടെ ലിസ്റ്റ് അനുബന്ധം 1-ആയി ചേർക്കുന്നു.+

(സി) കോളേജുകളിൽ ഇത്തരം അംഗീകാര പരിശോധനകളിൽ ഗ്രേഡുകളുടെ മുന്നേറ്റമുണ്ടാക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് അസ്സസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്ററുമായി (SAAC)

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ നടത്തുന്നുണ്ട്. ദേശീയതല അക്രെഡിറ്റേഷൻ മാനദണ്ഡങ്ങൾക്ക് ഉപരിയായി സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് അസ്സസ്മെന്റ് അക്രെഡിറ്റേഷൻ സംവിധാനം രൂപപ്പെടുത്തിയിട്ടുള്ളത്. ഇത് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ദേശീയ അന്തർദേശീയ അക്രെഡിറ്റേഷനാവശ്യമായ തയ്യാറെടുപ്പുകൾക്ക് സജ്ജമാക്കും. ഇതുപോലെതന്നെ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് (എൻ.ഐ.ആർ.എഫ്) മാതൃകയിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ റാങ്കിങ്ങിനായി കെ.ഐ.ആർ.എഫ്. സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്. സ്റ്റേറ്റ് ലെവൽ ക്വാളിറ്റി അഷ്വറൻസ് സെൽ (SLQAC) രൂപീകരിച്ച് സ്ഥാപനതല IQAC-കളെ ഏകോപിപ്പിച്ച് NAAC അക്രെഡിറ്റേഷനുവേണ്ട പരിശീലനം നൽകിവരുന്നു.

**കണ്ണൂർ ഗവൺമെന്റ് വനിതാ കോളേജിലെ പ്രവൃത്തികൾ**

112(1741) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് വനിതാ കോളേജിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ടുപയോഗിച്ച് നടപ്പാക്കിവരുന്ന പ്രവൃത്തികൾ ഉണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കണ്ണൂർ സർക്കാർ വനിതാ കോളേജിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ടുപയോഗിച്ച് നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

i) കോളേജ് ഓഡിറ്റോറിയം നിർമ്മാണം.

ii) ഓപ്പൺ സ്റ്റേജ് നവീകരണവും ഓവുചാൽ നിർമ്മാണവും.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഓഡിറ്റോറിയം നിർമ്മാണത്തിന്റെ പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. ഓപ്പൺ സ്റ്റേജ് നവീകരണവും ഓവുചാൽ നിർമ്മാണവും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പ്രസ്തുത പ്രവൃത്തികളിൽ എന്തൊക്കെയാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഓഡിറ്റോറിയത്തിനകത്തെ ശബ്ദ സംവിധാനവും റോഡ് ടാറിങ്ങും പ്രസ്തുത പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.

(ഡി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലം മണ്ഡലത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ**

113(1742) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിങ് കോളേജിൽ നടപ്പാക്കിയ വിവിധ

പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+ കൂടാതെ, അസാപ് മുഖാന്തരം വിവിധ നൈപുണ്യ പരിശീലന കോഴ്സുകളും നടപ്പാക്കിയിട്ടുണ്ട്.

(ബി) പുതുതായി ഏതൊക്കെ പദ്ധതികളാണ് പ്രസ്തുത മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അസാപ് മുഖേന മറ്റ് ചില നൈപുണ്യ വികസന കോഴ്സുകൾകൂടി ആരംഭിക്കാൻ ഉദ്ദേശമുണ്ട്.

**സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണം**

114(1743) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പരിഷ്കരണങ്ങൾ വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരം ഏറ്റെടുത്ത ഉടൻതന്നെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി മൂന്ന് കമ്മിഷനുകളെ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിയോഗിക്കുകയും അവരുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ വിവിധ പരിഷ്കരണ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. നിലവിൽ നടപ്പാക്കുന്ന പരിഷ്കാരങ്ങളിൽ ചിലത് താഴെ വിശദീകരിക്കുന്നു:

- ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രാപ്യതയും തുല്യതയും ഉറപ്പ്ുവരുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ വിദ്യാർഥി പ്രവേശന നിരക്ക് വർധിപ്പിക്കുന്നതിനും ഭിന്നശേഷി വിദ്യാർഥികളുടെയും എസ്.സി/എസ്.ടി വിഭാഗക്കാരുടെയും പ്രവേശന നിരക്ക് വർധിപ്പിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- വിദ്യാർഥികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി വിദ്യാർഥി അവകാശ പത്രിക പ്രസിദ്ധീകരിക്കാനും അത് സർവകലാശാല നിയമത്തിന്റെ ഭാഗമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- സർവകലാശാല നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- അന്തർ സർവകലാശാല മാറ്റം സുഗമമാക്കുന്നതിന് ക്രെഡിറ്റ് ബാങ്ക് അടക്കമുള്ള സംവിധാനങ്ങൾ സർവകലാശാലകളിൽ നടപ്പാക്കിവരുന്നു.
- രാജ്യത്തിനകത്തും പുറത്തുനിന്നുമുള്ള വിദ്യാർഥികൾക്ക് കേരളത്തിലെ സ്ഥാപനങ്ങളിൽ തുടർ പഠനം നടത്താനും ക്രെഡിറ്റ് ട്രാൻസ്ഫർ നടത്താനുമുള്ള നടപടിക്രമങ്ങൾ നിലവിൽ വന്നിട്ടുണ്ട്.
- ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർവകലാശാലകൾ, കോളേജുകൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ അക്കാദമിക് ഭരണകാര്യങ്ങൾ ഒരു കുടക്കീഴിലാക്കുന്നതിനായി കേരള റിസോഴ്സ് ഫോർ എജ്യൂക്കേഷൻ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിങ് അഥവാ കെ-റീപ് എന്ന സമഗ്ര സോഫ്റ്റ്‌വെയർ വികസിപ്പിച്ചുവരുന്നു.
- സംസ്ഥാനത്തെ ശാസ്ത്ര, സാമൂഹ്യ, മാനവിക വിഷയങ്ങളിലെ ഗവേഷണ പുരോഗതിക്കായി ഏഴോളം പുതിയ ഗവേഷണ

സ്ഥാപനങ്ങൾ സെന്റർ ഓഫ് എക്സലൻസ് എന്ന നിലയിൽ സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

- ഗവേഷണ വിദ്യാർഥികൾക്ക് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾക്ക് വിദേശ സന്ദർശനം നടത്തുന്നതിനും ആവശ്യമായ ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.
- സർവകലാശാല ക്യാമ്പസുകളോട് ചേർന്ന് സ്വതന്ത്ര സ്ഥാപനങ്ങളായി ഇന്റർ യൂണിവേഴ്സിറ്റി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
- സംസ്ഥാനത്ത് പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ, കോൺസ്റ്റിറ്റുവന്റ് കോളേജുകൾ എന്നിവ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

- സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ അന്താരാഷ്ട്ര ഹോസ്റ്റലുകൾ അടക്കം ആയിരത്തി അഞ്ഞൂറിൽപരം ഹോസ്റ്റൽ മുറികൾ നിർമ്മിക്കുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.
- സംസ്ഥാനത്തെ സർവകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് ലാബുകൾ വികസിപ്പിക്കുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോട് ചേർന്ന് ഗവേഷണ പാർക്കുകൾ ആരംഭിക്കുന്നതിനും ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിനൊപ്പം ഓരോ സ്റ്റാർട്ടപ്പ് പാർക്കുകൾ ആരംഭിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു.
- സംസ്ഥാനത്തെ ബിരുദ, ബിരുദാനന്തര ബിരുദ കരിക്കുലം സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- ഈ അധ്യയന വർഷം മുതൽ സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നു.

(ബി) കോളേജുകളിൽ നാലുവർഷ ഡിഗ്രി പഠനത്തിന്റെ ആരംഭം കുറിക്കുന്നതുമായി ബന്ധപ്പെട്ട് കരിക്കുലം പരിഷ്കരണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

2024-25 അക്കാദമിക വർഷം മുതൽ കേരള, എം.ജി., കാലിക്കറ്റ്, ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, കണ്ണൂർ, കുസാറ്റ്, ശ്രീനാരായണ ഓപ്പൺ സർവകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നു. ഇതിനാവശ്യമായ കരിക്കുലം ചട്ടക്കൂട്, നാലുവർഷ ബിരുദ പ്രോഗ്രാം റെഗുലേഷൻ, പുതിയ സിലബസ് എന്നിവ രൂപീകരിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലന പരിപാടികൾ (Master Trainers Workshops), കോളേജ് അധ്യാപകർക്ക് ജില്ലാതല ഓറിയന്റേഷൻ പരിപാടികൾ, പ്ലസ് ടു വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. ഇതിനുപുറമേ, ഫൗണ്ടേഷൻ കോഴ്സുകൾക്കാവശ്യമായിട്ടുള്ള പുസ്തകങ്ങൾ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ പ്രസിദ്ധീകരിച്ചു.

(സി) നാലുവർഷ ഡിഗ്രി പഠനത്തിന്റെ തുടർച്ചയായി പി.ജി. കോഴ്സുകളുടെ ഘടനയും സിലബസും പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി പി.ജി. പ്രോഗ്രാമുകളുടെ ഘടനയും സിലബസും പരിഷ്കരിക്കുന്നത് സംബന്ധിച്ച് യു.ജി.സി മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾക്കും വിദേശ സർവകലാശാലകൾക്കും അനുമതി നൽകുന്ന കാര്യത്തിൽ നയപരമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

**കുറവിലങ്ങാട് സയൻസ് സിറ്റി**

115(1744) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കുറവിലങ്ങാട് സയൻസ് സിറ്റിയുടെ അവസാനഘട്ട നിർമ്മാണത്തിനുവേണ്ടി 2022-23 സംസ്ഥാന ബജറ്റിൽ കടുത്തുരുത്തി മണ്ഡലത്തിന്റെ പ്രൊപ്പോസൽ എന്ന നിലയിൽ ഒരു കോടി രൂപ വകയിരുത്തിയിരുന്ന പ്രസ്തുത പ്രൊപ്പോസലിന്മേൽ തുടർ നിർമ്മാണങ്ങൾക്കായി 5 കോടി രൂപ വരെയുള്ള വികസന പദ്ധതി നടപ്പാക്കാനുള്ള ബജറ്റ് അനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് സയൻസ് സിറ്റിയുടെ അവസാനഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്താവുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ കത്ത് 17-02-2024-ൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടർ കടുത്തുരുത്തി എം.എൽ.എ. ശ്രീ. മോൻസ് ജോസഫിന് നൽകിയിട്ടുണ്ട്. ടി കത്തിന് മറുപടി ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിർമ്മാണം പുരോഗമിക്കുന്ന സയൻസ് സിറ്റിയുടെ ഒന്നാം ഘട്ടമായി സയൻസ് സെന്ററും അനുബന്ധ സൗകര്യങ്ങളും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാനുള്ള പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയിലെ കാലതാമസം പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കാമോ?

2014-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച കോട്ടയം സയൻസ് സിറ്റിയുടെ പൂർത്തീകരണത്തിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ബന്ധപ്പെട്ടവരുമായി പലതവണ യോഗങ്ങൾ കൂടുകയും ശക്തമായ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി സയൻസ് സിറ്റിയുടെ ഒന്നാം ഘട്ടമായി സയൻസ് സെന്ററും അനുബന്ധ സൗകര്യങ്ങളും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(ഡി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സയൻസ് & ടെക്നോളജി മ്യൂസിയം അധികൃതർ തയ്യാറാക്കിയിരിക്കുന്ന റിവൈസ്ഡ് ആക്ഷൻ പ്ലാനിന്റെ വിശദാംശം വ്യക്തമാക്കാമോ?

സയൻസ് സിറ്റിയുടെ ആദ്യ ഘട്ടമായി ശാസ്ത്രകേന്ദ്രവും വാനനിരീക്ഷണ സംവിധാനവും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ക്യാമ്പസിനുള്ളിൽ ടി ശാസ്ത്രകേന്ദ്രത്തിലേക്കുള്ള റോഡുകളുടെ നിർമ്മാണവും ജലവൈദ്യുത വിതരണ സംവിധാനങ്ങളും അടിയന്തരമായി പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. സയൻസ് സിറ്റി രണ്ടാം ഘട്ടത്തിൽ പ്ലാനറ്റേറിയം ഉൾക്കൊള്ളുന്ന സ്പേസ് തിയേറ്ററും മോഷൻ സിമുലേറ്ററും സംഗീത ജലധാരയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഇ) കേരള സയൻസ് സിറ്റിയുടെ പൂർത്തീകരണത്തിന് ഈ വർഷം എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആയതിന് സംസ്ഥാന സർക്കാർ നാളിതുവരെ ചെലവാക്കിയ തുക എത്രയാണെന്ന് അറിയിക്കാമോ; കേന്ദ്ര സർക്കാർ ഉറപ്പുനൽകിയിരുന്ന 50 കോടി രൂപ

അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കേന്ദ്ര സർക്കാരിൽനിന്നും എത്ര കോടി രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിൽ കോട്ടയം സയൻസ് സിറ്റിക്കായി 7.805 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സയൻസ് സിറ്റി സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ നാളിതുവരെ ഏകദേശം 52.41 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കോട്ടയം സയൻസ് സിറ്റി പദ്ധതിക്കായി കേന്ദ്ര സർക്കാർ 50 കോടി രൂപ ഉറപ്പുനൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടെ 14.5 കോടി രൂപ മുതൽ മുടക്കിൽ സയൻസ് സെന്റർ സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. ഇതിലേക്കുള്ള സംസ്ഥാന സർക്കാർ വിഹിതമായ 7.25 കോടി രൂപ നൽകുകയും കേന്ദ്രവിഹിതമായി 7.25 കോടി രൂപ കൂടി ഇതിലേക്ക് വകയിരുത്തി കേന്ദ്ര സർക്കാർ സ്ഥാപനമായ 'നാഷണൽ കൗൺസിൽ ഫോർ സയൻസ് മ്യൂസിയം" സയൻസ് സെന്ററിന്റെ നിർമ്മാണം നിർവഹിച്ച് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്.

(എഫ്) കേരളാ സയൻസ് സിറ്റി യാഥാർത്ഥ്യമാകുന്നതോടെ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഉണ്ടാകുന്ന നേട്ടങ്ങൾ വിശദമാക്കാമോ?

സന്ദർശകരിൽ ശാസ്ത്ര അവബോധവും ശാസ്ത്ര അഭിരുചിയും വളർത്തിയെടുക്കുന്ന അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനമായാണ് സയൻസ് സിറ്റിയെ വിഭാവന ചെയ്തിരിക്കുന്നത്. വിനോദത്തിലൂടെ വിജ്ഞാനമാർജിക്കാൻ ഉതകുന്ന തരത്തിലുള്ള ശാസ്ത്ര പ്രദർശനികൾ, പ്ലാനറ്റേറിയം, വാനനിരീക്ഷണ സംവിധാനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്ന സയൻസ് സിറ്റി പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനകരമായിരിക്കും. കൂടാതെ ഇത്തരം സ്ഥാപനങ്ങൾ വിനോദസഞ്ചാരമേഖലയിലും പ്രധാന പങ്ക് വഹിക്കുന്നു.

**കരുനാഗപ്പള്ളി തഴവ ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം**

116(1745) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ തഴവ ഗവൺമെന്റ് കോളേജിന് കിഫ്ബി വഴി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചത് എന്നാണെന്നും ഭരണാനുമതി നൽകിയ തുക എത്രയാണെന്നും വ്യക്തമാക്കാമോ?

13-11-2017-ലെ സർക്കാർ ഉത്തരവുപ്രകാരം കരുനാഗപ്പള്ളി കോളേജിനെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയും 18-06-2020-ലെ സർക്കാർ ഉത്തരവുപ്രകാരം Rs.13,82,60,153/- രൂപയുടെ ഭരണാനുമതിയും ലഭിച്ചു. എന്നാൽ ഗൃഹ മാനദണ്ഡപ്രകാരമുള്ള മാറ്റങ്ങൾ വരുത്തി പുതുക്കിയ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് കിഫ്ബി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവഹണ ഏജൻസി സമർപ്പിച്ച പുതുക്കിയ പദ്ധതി രൂപരേഖ പരിശോധിച്ച് 17,30,13,477/- രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി 17-04-2024-ലെ ഉത്തരവുപ്രകാരം കിഫ്ബി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് സാങ്കേതികാനുമതി ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) കാലതാമസം വരുത്താതെ എത്രയും വേഗം സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; കാലതാമസം കൂടാതെ നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി-ഡി) പദ്ധതി നിർവഹണ ഏജൻസിയുടെ സാങ്കേതികാനുമതി കമ്മിറ്റിയാണ് ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകേണ്ടത്. 14-06-2024-ലെ സർക്കാർ ഉത്തരവുപ്രകാരം പുതിയ സാങ്കേതികാനുമതി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സാങ്കേതികാനുമതി കമ്മിറ്റിയുടെ യോഗം ചേർന്ന് അനുമതി ലഭ്യമായശേഷം ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ഏകദേശം 2024 സെപ്റ്റംബർ മാസത്തോടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന് പദ്ധതി നിർവഹണ ഏജൻസിയായ KITCO അറിയിച്ചിട്ടുണ്ട്.

**അസിസ്റ്റന്റ് പ്രൊഫസർ/ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലെ നിയമനം**

117(1746) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യു.ജി.സി. മാനദണ്ഡം പാലിച്ചല്ല സംസ്ഥാനത്ത് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലും അസോസിയേറ്റ് പ്രൊഫസർ തസ്തികയിലും നിയമനം നടക്കുന്നതെന്ന് അക്കൗണ്ടന്റ് ജനറൽ റിപ്പോർട്ട് ചെയ്തിരുന്നോ; ഇക്കാര്യത്തിൽ എ.ജി. റിപ്പോർട്ടിൽ എന്താണ് ചൂണ്ടിക്കാണിച്ചതെന്നും അതിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

യു.ജി.സി മാനദണ്ഡം പാലിച്ചല്ല സംസ്ഥാനത്ത് അസിസ്സന്റ് പ്രൊഫസർ തസ്തികയിൽ നിയമനം നടക്കുന്നതെന്ന് പരാമർശിക്കുന്ന അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. എന്നാൽ അസോസിയേറ്റ് പ്രൊഫസർ പ്ലേസ്മെന്റുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറൽ സ്പഷ്ടീകരണം തേടിയിരുന്നു. ആയതിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറലിന് മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. മറുപടി അനുബന്ധമായി ഉൾപ്പെടുത്തുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**നാലുവർഷ ബിരുദകോഴ്സുകൾ**

118(1747) ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പാക്കുമ്പോൾ അധ്യാപകർക്കുണ്ടാകുന്ന ജോലിഭാരം ക്രമീകരിക്കുന്നതിന് വരുത്താനുദ്ദേശിക്കുന്ന നടപടികളെന്തെല്ലാമാണെന്ന് അറിയിക്കുമോ?

നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കുമ്പോൾ നിലവിലുള്ള അധ്യാപകരുടെ മുഴുവൻ ജോലിഭാരവും സംരക്ഷിച്ചുകൊണ്ടുള്ള നാലുവർഷ കരിക്കുലമാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. നാലുവർഷ ഡിഗ്രി പ്രോഗ്രാമിൽ മൂന്നുവർഷത്തെ പഠനം പൂർത്തിയാക്കി ബിരുദം സമ്പാദിക്കുന്നതിന് നിലവിലെ അധ്യാപകരുടെ എണ്ണം പര്യാപ്തമാണ്. നാലാം വർഷം (7,8 സെമസ്റ്ററുകൾ) പ്രധാനമായും പ്രോജക്ട് വർക്ക്, ഇന്റേൺഷിപ്പ്, ഇന്റർ ഡിസിപ്ലിനറി കോഴ്സുകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി വികസിപ്പിച്ചിട്ടുള്ളതാണ്. ഓൺലൈൻ കോഴ്സ് വഴിയും ക്രെഡിറ്റ്

ആർജിക്കാനുള്ള സ്വാതന്ത്ര്യം വിദ്യാർഥികൾക്കുണ്ട്. ഇവയിൽനിന്നെല്ലാം ചേർത്ത് 44 ക്രെഡിറ്റുകളാണ് നാലാം വർഷം വിദ്യാർഥികൾ ആർജിക്കേണ്ടത്. ഇതിൽ 12 ക്രെഡിറ്റുകൾ മാത്രമാണ് വിദ്യാർഥികൾ അതത് വിഷയങ്ങളിൽ സമ്പാദിക്കേണ്ടത്.

(ബി) പ്രിൻസിപ്പൽമാരുടെയും കോ-ഓർഡിനേറ്റർമാരുടെയും ജോലിഭാരം ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം പരിശോധിച്ചിട്ടുണ്ടോ?

നിലവിലെ വർക്ക്ലോഡ് പാറ്റേണിൽ മാറ്റം വരാത്ത രീതിയിലാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ സിലബസ് തയ്യാറാക്കിയിട്ടുള്ളത്.

(സി) നാലുവർഷ കോഴ്സുകൾക്ക് ഇന്റേൺഷിപ്പ് ഏർപ്പെടുത്താനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

നാലുവർഷ കോഴ്സുകൾക്ക് ഇന്റേൺഷിപ്പ് ഏർപ്പെടുത്താനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ചുവടെപ്പറയുന്നു:

- താൽപര്യമുള്ള മുഴുവൻ വിദ്യാർഥികൾക്കും ഒരു സെമസ്റ്റർ പൂർണ്ണമായും ഇന്റേൺഷിപ്പ്/പ്രോജക്ട് ചെയ്യാനുള്ള അവസരം ഉണ്ടാകും.
- മുഴുവൻ വിദ്യാർഥികൾക്കും 120 മണിക്കൂറിന്റെ (2 ക്രെഡിറ്റ്) നിർബന്ധിത വൊക്കേഷണൽ/തൊഴിൽ പരിശീലനത്തിന്റെ ഭാഗമായുള്ള ഇന്റേൺഷിപ്പ്.
- നാലുവർഷ ബിരുദ പ്രോഗ്രാം തിരഞ്ഞെടുക്കുന്ന എല്ലാ വിദ്യാർഥികളും സ്ഥാപനങ്ങളിലോ വ്യവസായശാലകളിലോ ഫാക്കൽറ്റികളോടൊപ്പമോ ഗവേഷകരോടൊപ്പമോ 120 മണിക്കൂർ ഇന്റേൺഷിപ്പ് പൂർത്തിയാക്കണം. 2 ക്രെഡിറ്റുകളാണ് ഇന്റേൺഷിപ്പിന് നൽകുന്നത്. പുറത്ത് പ്രോജക്ട് ലഭിച്ചില്ലെങ്കിൽ അധ്യാപകർക്കൊപ്പം ക്യാമ്പസിൽത്തന്നെ അത് പൂർത്തിയാക്കാം. സമ്മർ വെക്കേഷൻ കാലത്താണ് ഈ കോഴ്സ് ചെയ്യേണ്ടത്.

## വൈപ്പിൻകരയിലെ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ സ്ഥലമെടുപ്പ് നടപടികൾ

119(1748) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13-11-2017-ലെ സ.ഉ.(സാധാ)നം. 285/2017/ഉ.വി.വ. പ്രകാരം ഭരണാനുമതി ലഭിച്ച, തീരദേശ മണ്ഡലമായ വൈപ്പിൻകരയിലെ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ സ്ഥലമെടുപ്പിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി കിഫ്ബി അംഗീകാരം ലഭ്യമാക്കുന്നതിനായി 19-06-2019-ലെ സർക്കാർ ഉത്തരവ് നം.173/2019/ഉ.വി.വ. പ്രകാരം നിർവഹണ ഏജൻസിയായി നിയമിക്കപ്പെട്ടിരുന്ന കിറ്റ്കോ സ്വീകരിച്ചിരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

വൈപ്പിൻ കോളേജിന്റെ നിർമ്മാണ പ്രവർത്തനത്തിനായുള്ള സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായിട്ടില്ല. സ്ഥലം ഏറ്റെടുത്ത് നിർവഹണ ഏജൻസിയായ

കിറ്റ്കോസ്റ്റ് കൈമാറിയാൽ മാത്രമേ കിറ്റ്കോസ്റ്റ് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) എം.എൽ.എ.-യുടെ ആവശ്യപ്രകാരം 07-07-2023-ൽ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗ തീരുമാനപ്രകാരം എറണാകുളം ജില്ലാ കളക്ടർ, അനുയോജ്യമാണെന്ന റിപ്പോർട്ട് സമർപ്പിച്ച സ്ഥലം വർഷങ്ങൾക്കുമുമ്പ് നിർദേശിക്കപ്പെട്ടിട്ടും പ്രസ്തുത സ്ഥലം ഏറ്റെടുക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതിന് കാരണം വിശദമാക്കാമോ?

യു.ജി.സി. മാനദണ്ഡങ്ങളനുസരിച്ച് ഒരു കോളേജിന് ചുരുങ്ങിയത് 5 ഏക്കർ ഭൂമിയെങ്കിലും ഉണ്ടെങ്കിൽ മാത്രമേ യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ പ്രാപ്തമാകുകയുള്ളൂ. വൈപ്പിൻ പോലെ ജനസാന്ദ്രത കൂടിയതും ദ്വീപ് പ്രദേശമായതിനാൽ തീരദേശ പരിപാലന മേഖലയിൽ ഉൾപ്പെട്ടിരുന്നതും കെട്ടിട നിർമ്മാണം നടത്തുന്നതിന് ഉപയോഗപ്രദമായ ഭൂമി കണ്ടെത്തുന്നത് വളരെ ശ്രമകരമായതുമായ പ്രദേശത്ത് 5 ഏക്കർ വരുന്ന ഭൂമി ഏറ്റെടുക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. ഒരുമിച്ച് 5 ഏക്കർ കണ്ടെത്തുന്നതിനുള്ള

പ്രായോഗിക ബുദ്ധിമുട്ടുകാരണമാണ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വൈകാനിടയായത്. പ്രസ്തുത കോളേജിന്റെ വികസനത്തോടനുബന്ധിച്ച് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(സി) പ്രസ്തുത കോളേജിന്റെ സ്ഥലമെടുപ്പിനും അടിസ്ഥാന സൗകര്യവികസനത്തിനും അനുവദിച്ച തുക സമയബന്ധിതമായി വിനിയോഗിക്കാത്തതിനാൽ തുക നഷ്ടപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഇതിന് ഉത്തരവാദി ആരെന്നും പ്രസ്തുത തുക നഷ്ടമാകാൻ കാരണമായവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും വ്യക്തമാക്കാമോ?

വൈപ്പിൻ കോളേജ് നിർമ്മാണത്തിന് കിഫ്ബി ഫണ്ടിൽനിന്നും 10.95 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ തുക നഷ്ടപ്പെടുന്ന സാഹചര്യമില്ല.

**മൊകേരി കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണം**

120(1749) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മൊകേരി കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിനായി കണ്ടെത്തിയ നിർദിഷ്ട സ്ഥലത്ത് ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിച്ചിരുന്നു. എന്നാൽ സ്ഥലത്തിന്റെ സ്ഥിരത ഉറപ്പുവരുത്തി റോഡ് പ്രവേശനത്തിനനുസൃതമായി പദ്ധതി പുനക്രമീകരിക്കുന്നതിന്റെ ഭാഗമായി കിഫ്ബിയുടെ നിർദേശപ്രകാരം നിലവിൽ പദ്ധതി നിർത്തിവച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ പ്രോജക്ട് സമയബന്ധിതമായി സമർപ്പിച്ച് പ്രവൃത്തി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ലേഡീസ് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(ബി&സി) കിഫ്ബിയുടെ അംഗീകാരത്തോടെ പുതുക്കിയ പ്രൊപ്പോസൽ പ്രകാരം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ കിറ്റ്കോ സ്വീകരിച്ചുവരുന്നു.

**മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ നിർമ്മാണ പ്രവൃത്തി**

121(1750) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ ഏതെല്ലാം നിർമ്മാണ പ്രവൃത്തികളാണ് നടന്നുവരുന്നത്; ഏതെല്ലാം പ്രവൃത്തികളാണ് അവശേഷിക്കുന്നത്; ഓരോ പ്രവൃത്തിക്കും വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) കിഫ്ബി വഴി നടപ്പാക്കുന്നതും വകുപ്പിന്റെ പ്ലാൻ ഫണ്ട് വഴി നടപ്പാക്കുന്നതും മറ്റ് പദ്ധതികൾ വഴി നടപ്പാക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് ഇനം തിരിച്ച് അറിയിക്കുമോ; അവയിൽ ഇനി

അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) സൈക്കോളജി & കമ്പ്യൂട്ടർ ലാബ് നിർമ്മിക്കുന്നതിനായി 15,72,000/- രൂപ അനുവദിച്ചുനൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന പ്രവൃത്തികളുടെയും അനുവദിച്ച തുകയുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

a. കോളേജിന്റെ സംരക്ഷണ മതിൽ നിർമ്മാണത്തിനായി 99,35,541/- രൂപയുടെ ഭരണാനുമതി നൽകുകയും ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയുമുണ്ടായി. ടെൻഡർ അക്സെപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പ്രവൃത്തി കരാറുകാരനെ ഏൽപ്പിച്ച് നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതാണ്.

b. കോളേജിന് പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മാണം നടത്തുന്നതിനായി കിഫ്ബി ഫണ്ട് മുഖേന 8.66 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാങ്കേതിക അനുമതി

ലഭ്യമാക്കുന്നതിനായി പദ്ധതി നിർവഹണ ഏജൻസിയായ KSITIL കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമായശേഷം ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

c. കോളേജ് ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ-

സി.ഡി.സി. ഫണ്ടുപയോഗിച്ച് നടത്തുന്ന കോളേജ് ഗ്രൗണ്ടിന്റെ ഭരണാനുമതി പ്രകാരം അഞ്ച് ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. ടി വർക്കിന്റെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കാവുന്നതാണ്.

**മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരക കോളേജിലെ ബി.കോം സീറ്റ് വർധിപ്പിക്കൽ**

122(1751) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരക സർക്കാർ കോളേജിൽ ബി.കോം കോഴ്സിന് എത്ര സീറ്റുകളിലേക്കാണ് പ്രവേശനം നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

2024-25 അധ്യയന വർഷം മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരക സർക്കാർ കോളേജിൽ ബി.കോം പ്രോഗ്രാമിന് 44 സീറ്റുകളിലേക്കാണ് അഡ്മിഷൻ നടത്തുന്നത്.

(ബി) പ്രസ്തുത കോളേജിൽ ബി.കോം കോഴ്സിനായി ഈ വർഷം എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത കോളേജിൽ ബി.കോം പ്രോഗ്രാമിനായി ഈ വർഷം 1254 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.

(സി) പ്രസ്തുത കോളേജിൽ സർവകലാശാല അനുവദിച്ചിരിക്കുന്ന ബി.കോം സീറ്റുകളുടെ എണ്ണം വ്യക്തമാക്കുമോ?

പ്രസ്തുത കോളേജിൽ ബി.കോം പ്രോഗ്രാമിന് 40 സീറ്റുകളാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) ഡിഗ്രി കോഴ്സുകൾക്ക് മതിയായ സീറ്റുകളില്ലാത്ത പ്രദേശമെന്ന പരിഗണന നൽകി, ഈ വർഷം പ്രസ്തുത കോളേജിലെ ബി.കോം സീറ്റുകളുടെ എണ്ണം എഴുപത് ആക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

കോളേജിൽനിന്നും 4 സീറ്റുകളുടെ വർധനയ്ക്ക് (2024-25 അധ്യയന വർഷത്തേക്ക്) അപേക്ഷ ലഭിച്ചതുപ്രകാരം അത് അനുവദിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത കോളേജിൽ പുതിയ ബി.കോം ബാച്ച് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

പുതിയ ബി.കോം. ബാച്ച് ആരംഭിക്കുന്നതിന് കണ്ണൂർ സർവകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള അപേക്ഷ കോളേജ് പ്രിൻസിപ്പാളിൽനിന്നും സർവകലാശാലയിൽ ലഭിക്കുന്നമുറയ്ക്ക് ഉചിതമായ തുടർനടപടി സ്വീകരിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

**നിലമ്പൂർ സർക്കാർ കോളേജ് കെട്ടിടത്തിന്റെ വാടകത്തുക**

123(1752) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് ഏത് വർഷമാണ് പ്രവർത്തനം ആരംഭിച്ചതെന്നും പ്രസ്തുത സ്ഥാപനം എത്ര വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കുമോ?

നിലമ്പൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന് 2017-18 വർഷത്തിൽ പ്രവർത്തനാനുമതി ലഭിക്കുകയും 2018-19 വർഷത്തിൽ അധ്യയനം ആരംഭിക്കുകയുമുണ്ടായി. 6 വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത കോളേജിന്റെ പ്രവർത്തനം അമരമ്പലം പഞ്ചായത്തിലെ പൂക്കോട്ടുംപാടത്ത് നിന്നും നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ വാടക കെട്ടിടത്തിലേക്ക് മാറ്റിയ വർഷവും മാസവും തീയതിയും അറിയിക്കുമോ; പ്രസ്തുത വാടക കെട്ടിട സമുച്ചയത്തിന് പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ച വാടക എത്രയാണെന്നും കെട്ടിടത്തിന്റെ ഉടമയ്ക്ക് വാടകയിനത്തിൽ എത്ര തുകയാണ് നൽകിയതെന്നും വ്യക്തമാക്കുമോ?

19-06-2023-ന് നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ വാടക കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റി. പൊതുമരാമത്ത് വകുപ്പ് വാടക നിശ്ചയിച്ച് നൽകിയിട്ടില്ല.

(സി) കെട്ടിട ഉടമയ്ക്ക് വാടകയിനത്തിൽ നാളിതുവരെ തുകയൊന്നും ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ നിലവിൽ ഏത് കാര്യാലയത്തിലാണ് കൈകാര്യം ചെയ്യുന്നതെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ?

വാടക നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വാടക നിശ്ചയിച്ചുനൽകുന്നതിനുള്ള ഫയൽ നിലവിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ തിരുവനന്തപുരം കാര്യാലയത്തിലാണുള്ളത്. കോളേജിലെ ഫയൽ നമ്പർ A2/638/2023/GASCNLMR.

(ഡി) വാടകയിനത്തിലെ തുക നൽകുന്നതിനായി ശേഷിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും പ്രസ്തുത തുക എന്നത്തേക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച് റെന്റ് സർട്ടിഫിക്കറ്റ് നൽകുന്നതിനായി അഡീഷണൽ അഡ്മിസിബിൾ ഏരിയയ്ക്ക് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതായിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ കോളേജിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദമായ പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് സർക്കാർ പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

**തൊഴിൽ അധിഷ്ഠിത ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി**

124(1753) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മെമ്മോറിയൽ ഗവണ്മെന്റ് കോളേജിൽ പുതിയ കാലത്തിനനുസരിച്ചുള്ള തൊഴിൽ അധിഷ്ഠിത ബിരുദ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽനിന്നും തൊഴിൽ അധിഷ്ഠിത ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനായുള്ള അപേക്ഷ കാലിക്കറ്റ് സർവകലാശാല വഴി ലഭിക്കുന്നമുറയ്ക്ക് കോഴ്സുകൾ ആരംഭിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്. കൂടാതെ നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ ഭാഗമായി തൊഴിലധിഷ്ഠിത കോഴ്സുകൾ വിദ്യാർഥികൾക്ക് തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ട്.

**മലപ്പുറം സർക്കാർ വനിതാ കോളേജിന്റെ കെട്ടിട നിർമ്മാണം**

125(1754) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സർക്കാർ വനിതാ ആർട്സ് & സയൻസ് കോളേജിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 13.85 കോടി രൂപ അനുവദിച്ച് ധനാനുമതി ലഭിച്ചെങ്കിലും കഴിഞ്ഞ രണ്ട് വർഷമായിട്ടും തുടർനടപടികളൊന്നും

ഉണ്ടായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സാങ്കേതികാനുമതിക്കുള്ള നടപടികളും ടെൻഡർ നടപടികളും പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സാങ്കേതിക തടസ്സങ്ങൾ എത്രയും വേഗം പരിഹരിച്ച് കിഫ്ബി ഫണ്ടുപയോഗിച്ച് വനിതാ കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(എ-സി) മലപ്പുറം സർക്കാർ വനിതാ കോളേജിന്റെ കിഫ്ബി പദ്ധതിയിലുൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും കരാറുകാരനെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവഹണ ഏജൻസിയുടെ സാങ്കേതിക കമ്മിറ്റിയുടെ അനുമതിയോടെ മാത്രമേ കരാറുകാരന് നിർമ്മാണ അനുമതി നൽകാൻ സാധിക്കുകയുള്ളൂ. 14-06-2024-ലെ സർക്കാർ ഉത്തരവുപ്രകാരം പുതിയ സാങ്കേതിക കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സാങ്കേതിക

കമ്മിറ്റിയുടെ യോഗം ചേർന്ന് അനുമതി ലഭ്യമായ ശേഷം കരാറുകാരന് നിർമ്മാണ അനുമതി നൽകുന്നതും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതുമാണ്.

**അമ്പലപ്പുഴ സർക്കാർ കോളേജിന്റെ അടിസ്ഥാനസൗകര്യ വികസനം**

126(1755) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴയിലെ സർക്കാർ കോളേജ് എന്നാണ് പ്രവർത്തനമാരംഭിച്ചതെന്നും ഏതെല്ലാം കോഴ്സുകളിലായി എത്രപേർ പ്രസ്തുത കോളേജിൽ പഠിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

2010 സെപ്റ്റംബർ 12-ന് ആരംഭിച്ച അമ്പലപ്പുഴ സർക്കാർ ആർട്സ് ആന്ഡ് സയൻസ് കോളേജിൽ 3 ബിരുദകോഴ്സുകളും (BA ഇക്കണോമിക്സ്, B.Com, BSc ഗണിത ശാസ്ത്രം) 3 ബിരുദാനന്തര ബിരുദ കോഴ്സുകളും (MA ഇക്കണോമിക്സ്, MA ഇംഗ്ലീഷ്, M.Com) ഉണ്ട്. ഈ കോഴ്സുകളിലായി 392 കുട്ടികൾ പഠിക്കുന്നുണ്ട്.

(ബി) യു.ജി.സി. റെഗുലേഷൻ അനുസരിച്ച് പ്രസ്തുത കോളേജിന് പെർമനന്റ് അഫിലിയേഷൻ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) കോളേജുകൾക്ക് പെർമനെന്റ് അഫിലിയേഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; അതനുസരിച്ച് പ്രസ്തുത കോളേജിന് പെർമനെന്റ് അഫിലിയേഷൻ ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(ബി&സി) അമ്പലപ്പുഴ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന് കേരളാ യൂണിവേഴ്സിറ്റിയിൽനിന്ന് നിലവിൽ താൽകാലിക അഫിലിയേഷനാണ് ലഭിച്ചിട്ടുള്ളത്. കോളേജ് സ്ഥിതിചെയ്യുന്ന വസ്തുവിന്റെ കൈവശാവകാശം കോളേജ് വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചാൽ മാത്രമേ പെർമനെന്റ് അഫിലിയേഷൻ സാധ്യമാകുകയുള്ളൂ. അതിനുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടേറ്റുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. പെർമനെന്റ് അഫിലിയേഷനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) പ്രസ്തുത കോളേജിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് RUSA ഫണ്ട് ലഭിക്കുന്നതിനായി 4 കോടി 50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. KIIFB പദ്ധതി പ്രകാരം അക്കാദമിക് ബ്ലോക്ക്, പെൺകുട്ടികൾക്ക് ഹോസ്റ്റൽ, കിച്ചൺ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സാമ്പത്തികാനുമതി ലഭിക്കുന്നതിനായി KSITIL മുഖാന്തരം KIIFB-ക്കും സമർപ്പിച്ചിട്ടുണ്ട്. CDC ഫണ്ട് വഴി നാല് ലക്ഷത്തി എഴുപതിനായിരം രൂപ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത കോളേജ് സ്ഥിതി ചെയ്യുന്ന ഭൂമി ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടുണ്ടോ; പ്രസ്തുത ഭൂമികൈമാറ്റത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

നിലവിൽ ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിട്ടില്ല. ഭൂമി കോളേജിനായി വിട്ടുനൽകുന്നതിനുള്ള നിരാക്ഷേപ പത്രം ലഭിക്കുന്നതിനായി

പഞ്ചായത്ത് വകുപ്പ് ഡയറക്ടർക്ക് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷ നൽകിയിട്ടുണ്ട്. കൂടാതെ കോളേജിൽനിന്നും അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത് മുഖേനയും പഞ്ചായത്ത് ഡയറക്ടേറ്റിൽ അപേക്ഷ നൽകിയിട്ടുണ്ട്.

**മൊകേരി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സ്**

127(1756) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി ഗവൺമെന്റ് കോളേജിൽ ഏതൊക്കെ പുതിയ കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

മൊകേരി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി കോളേജ് അഫിലിയേറ്റ് ചെയ്തിട്ടുള്ള കാലിക്കറ്റ് സർവകലാശാലയുടെ സ്റ്റാറ്റ്യൂട്ട് അനുശാസിക്കുന്ന രീതിയിലുള്ള അപേക്ഷ നിലവിൽ സർവകലാശാലയിൽ ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത കോളേജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കുമോ; വ്യക്തമാക്കാമോ?

കാലിക്കറ്റ് സർവകലാശാലാ സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പത്തിരിപാല സർക്കാർ ആർട്സ് & സയൻസ് കോളേജിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം**

128(1757) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല സർക്കാർ ആർട്സ് & സയൻസ് കോളേജിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) പത്തിരിപ്പാല സർക്കാർ കോളേജിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിനായി 3.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കേണ്ട ഭൂമി തയ്യാറാക്കുന്നതിന്റെ ഭാഗമായി കെട്ടിട നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന ഭാഗത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് വനം വകുപ്പിന്റെ അനുമതിയോടെ മരങ്ങളുടെ വില നിശ്ചയിച്ച് ലേലം നടത്തി ആയത് മുറിച്ചുമാറ്റുകയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്ഥലം സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഡോ.ബി.ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിലെ നിർമ്മാണ പ്രവൃത്തികൾ**

129(1758) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിലെ ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിന് കിഫ്ബി മുഖേന അനുവദിച്ച 10 കോടിയുടെ നിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്, വിശദമാക്കാമോ;

(ബി) പ്രവൃത്തി പൂർത്തീകരിച്ച ഹോസ്റ്റൽ കെട്ടിടം കോളേജിന് കൈമാറാത്തത് കാരണം വിദൂര സ്ഥലങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഹോസ്റ്റൽ കോളേജിന് കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

(എ&ബി) ബാലുശ്ശേരി ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിന് കിഫ്ബി മുഖേന അനുവദിച്ച ഫണ്ട് ഉപയോഗപ്പെടുത്തിയുള്ള അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം 90 ശതമാനവും ഹോസ്റ്റൽ കെട്ടിടത്തിന്റേയും ക്യാന്റീനിന്റെയും നിർമ്മാണം 98 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ ഉൾപ്പെട്ട ഹോസ്റ്റലിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിച്ച് ഈ അധ്യയന വർഷം തന്നെ

വിദ്യാർഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്നതിനുള്ള നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്.

**കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിലെ ഗ്രൗണ്ട് നിർമ്മാണം**

130(1759) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ള കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിൽ സിന്തറ്റിക്ക് ട്രാക്ക് ഉൾപ്പെടെയുള്ള ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാതിരിക്കാനുള്ള കാരണം അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിലെ സിന്തറ്റിക്ക് ട്രാക്ക് ഉൾപ്പെടെയുള്ള ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തികൾ നിലവിൽ ആരംഭിച്ചിട്ടില്ല. കായിക യുവജന ക്ഷേമ വകുപ്പ് മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. ടി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും Memorandum of Understanding ലഭ്യമായിട്ടുണ്ട്. ആയത് ഒപ്പുവയ്ക്കുന്നത് ഉൾപ്പെടെയുള്ള അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**സർക്കാർ, സ്വാശ്രയ കോളേജുകളിൽ കോഴ്സുകളിലെ ഒഴിവുകൾ**

131(1760) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, സ്വാശ്രയ കോളേജുകളിൽ മുൻ വർഷം വിവിധ കോഴ്സുകളിലായി എത്ര വീതം സീറ്റുകളാണ് ഒഴിവുണ്ടായിരുന്നതെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം കോഴ്സുകളിൽ എത്ര സീറ്റുവീതം ഒഴിവുണ്ടായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിവരം

ലഭ്യമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഐ.എച്ച്.ആർ.ഡി.-യുടെ കോളേജുകളിൽ കഴിഞ്ഞ വർഷം എത്രുവീതം സീറ്റുകളാണ് ഒഴിവുണ്ടായിരുന്നതെന്ന് അറിയിക്കാമോ?

ഐ.എച്ച്.ആർ.ഡി.-യുടെ കോളേജുകളിൽ കഴിഞ്ഞവർഷം ഒഴിഞ്ഞുകിടന്ന സീറ്റുകളുടെ വിശദാംശം അനുബന്ധമായി ആയി ചേർക്കുന്നു.+

(ഡി) സംസ്ഥാനത്തെ വിവിധ സർക്കാർ, സ്വാശ്രയ കോളേജുകളിലുള്ള അതേ കോഴ്സുകൾക്ക് ഇതരസംസ്ഥാനത്തിലേക്ക് വിദ്യാർഥികൾ പോകാനിടയാകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉന്നതവിദ്യാഭ്യാസരംഗത്ത് സ്റ്റുഡന്റ് മൊബിലിറ്റിയിൽ ദൃശ്യമായ മാറ്റങ്ങൾ പഠിക്കുവാൻ ഉന്നതവിദ്യാഭ്യാസ കൗൺസിൽ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ (വൈസ് ചാൻസലർ, കണ്ണൂർ യൂണിവേഴ്സിറ്റി) അധ്യക്ഷനായ ഒരു സമിതി "Committee on Student Mobility and Expectations” രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഇ) സമയബന്ധിതമായും നിബന്ധനകൾ ലഘൂകരിച്ചും അഡ്മിഷൻ നടത്തിയാൽ പ്രസ്തുത സീറ്റൊഴിവുകൾ നികത്തുന്നതിനും സംസ്ഥാനത്തെ വിദ്യാർഥികൾക്ക് ഇവിടെതന്നെ കൂടുതൽ അവസരം ഒരുക്കുന്നതിനും സാധിക്കുമോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

അഡ്മിഷൻ പ്രക്രിയ സർവകലാശാലാ തലത്തിൽ ഏകജാലകത്തിലൂടെയാണ് നടന്നുവരുന്നത്. ഇതിന്റെ സുഗമവും സമയബന്ധിതവുമായ നടത്തിപ്പിന് ഒരു ഏകീകൃത കലണ്ടർ തയ്യാറാക്കി എല്ലാ സർവകലാശാലകളും നടപ്പാക്കിവരുന്നുണ്ട്. 2024-25 അധ്യയന വർഷത്തെ ബിരുദ ക്ലാസുകൾ എല്ലാ സർവകലാശാലകളും ജൂലൈ 1-ന് ആരംഭിക്കുന്നതിന് തയ്യാറായിട്ടുണ്ട്.

132(1761) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവീസ് അക്കാദമിയുടെ കാഞ്ഞങ്ങാട് സെന്ററിൽ നിലവിൽ ഏതൊക്കെ ബാച്ചുകളാണ് ഉള്ളതെന്നും പ്രസ്തുത ബാച്ചുകളിൽ എത്രപേർ വീതം പരിശീലനം നേടുന്നുണ്ടെന്നും വ്യക്തമാക്കാമോ?

സിവിൽ സർവീസ് പരിശീലനത്തിന് മുന്നോടിയായി 8 മുതൽ 10-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ടാലന്റ് ഡവലപ്മെന്റ് കോഴ്സും (TDC) പ്ലസ് വൺ, പ്ലസ് ടു വിദ്യാർഥികൾക്കായി സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സുമാണ് (CSFC) സിവിൽ സർവീസ് അക്കാഡമി കാഞ്ഞങ്ങാട് സബ് സെന്ററിൽ നടത്തിവരുന്നത്. കഴിഞ്ഞ രണ്ട് വർഷം TDC, CSFC ബാച്ചുകളിൽ അഡ്മിഷൻ നേടിയ കുട്ടികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

<u>2022-2023- ബാച്ച്</u>

TDC - 63 Students

CSFC – 37 Students

2023- (ഏപ്രിൽ -മേയ് വെക്കേഷൻ ബാച്ച്)

TDC - 35 Students

CSFC – 24 Students

2023-2024 ബാച്ച്

TDC - 47 Students

CSFC – 37 Students

2024 -(ഏപ്രിൽ - മേയ് വെക്കേഷൻ ബാച്ച്)

TDC -30 Students

CSFC – 28 Students

(ബി) കാസർഗോഡ് ജില്ലയിൽ സർക്കാർ, സ്വകാര്യ മേഖലയിൽ സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങൾ പരിമിതമായെയുള്ളൂവെന്നത് കണക്കിലെടുത്ത് ഡിഗ്രി കഴിഞ്ഞവർക്കും ഡിഗ്രി വിദ്യാർഥികൾക്കും പ്രിലിമിനറി കം മെയിൻ ബാച്ചുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പരിമിതമായ എണ്ണം കുട്ടികൾ മാത്രമേ TDC, CSFC ബാച്ചുകളിൽ നിലവിൽ പഠിക്കുന്നുള്ളൂ. പരിമിതമായ എണ്ണം കുട്ടികളെ ഉൾപ്പെടുത്തി പി.സി.എം. ബാച്ചുകൾ ഓഫ്‌ലൈനായി തുടങ്ങുന്നത് പ്രായോഗികമല്ല എന്നുള്ളതിനാലും സെന്ററുകളുടെ പ്രവർത്തന ചെലവും അധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും ഉൾപ്പെടെയുള്ള ചെലവുകളും വിദ്യാർഥികളിൽനിന്ന് ഫീസിനത്തിൽ ലഭിക്കുന്ന തുകയിൽനിന്നാണ് കണ്ടെത്തുന്നത് എന്നതും കണക്കിലെടുത്ത് പ്രിലിംസ് കം മെയിൻസ് കോഴ്സ് ഓൺലൈനായി നടത്താവുന്നതാണ്.

(സി) പ്രസ്തുത സെന്ററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് അക്കാദമി കേന്ദ്രത്തിൽ നിലവിൽ ടാലന്റ് ഡവലപ്മെന്റ് കോഴ്സ് (TDC), സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ് (CSFC) എന്നീ കോഴ്സുകൾ മാത്രമാണ് നടത്തുന്നത്. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സൗജന്യമായി നൽകിയ സ്ഥലത്ത് ക്ലാസുകൾ നടത്തുന്നതിന് നിലവിൽ മതിയായ സൗകര്യമുണ്ട്. കുട്ടികളുടെ

എണ്ണത്തിൽ ഗണ്യമായ വർധനയുണ്ടാവുകയാണെങ്കിൽ പുതിയ കെട്ടിടം പണിയുന്നതിന് ഭൂമി ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**സുവോളജി പഠന വിദ്യാർഥികളുടെ ഉപരിപഠനം**

133(1762) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ യൂണിവേഴ്സിറ്റികളിൽ നിലവിൽ സുവോളജി പഠനത്തിനായി എന്തെല്ലാം കോഴ്സുകളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

കേരള സർവകലാശാലയുടെ കീഴിലുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബി.എസ്‌സി. (ഹോണേഴ്സ്), ബി.എസ്‌സി. ബിരുദം, എം.എസ്‌സി., പി.എച്ച്ഡി. കോഴ്സുകൾ സുവോളജി വിഷയത്തിൽ ലഭ്യമാണ്. കൂടാതെ സുവോളജി പഠന വകുപ്പിൽ നിലവിൽ എം.എസ്‌സി. സുവോളജി (പ്യുവർ & അപ്ലൈഡ്), പി.എച്ച്ഡി. ഇൻ സുവോളജി എന്നീ കോഴ്സുകളാണുള്ളത്. മഹാത്മാഗാന്ധി സർവകലാശാലയുടെ

അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 2024-25 അധ്യയന വർഷം മുതൽ BSc (Honours) Zoology, BSc (Honours) Zoology and Industrial Microbiology എന്നീ പ്രോഗ്രാമുകൾ നടത്താൻ തീരുമാനിച്ചിരിക്കുന്നു. കൂടാതെ സുവോളജി വിഷയത്തിൽ പി.എച്ച്ഡി. പ്രോഗ്രാമുകൾക്ക് രജിസ്ട്രേഷൻ നൽകിവരുന്നുണ്ട്.

കാലിക്കറ്റ് സർവകലാശാലയിൽ നിലവിൽ സുവോളജി പഠനത്തിനായി ബി.എസ്സി. സുവോളജി, എം.എസ്സി. സുവോളജി, എം.എസ്സി. അപ്ലൈഡ് സുവോളജി, ഇന്റഗ്രേറ്റഡ് എം.എസ്സി. ബയോസയൻസ്, ഇന്റഗ്രേറ്റഡ് എം.എസ്സി. ബയോളജി, എം.എസ്സി. ബയോളജി എന്നീ കോഴ്സുകളാണ് നിലവിലുള്ളത്.

കണ്ണൂർ സർവകലാശാലയിൽ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബി.എസ്സി. (ഹോണേഴ്സ്), ബി.എസ്സി. ബിരുദം, എം.എസ്സി. കോഴ്സുകളും സർവകലാശാലാ പഠന വകുപ്പിൽ എം.എസ്സി. അപ്ലൈഡ് സുവോളജി കോഴ്സും നിലവിലുണ്ട്.

(ബി) സുവോളജി പഠന വിദ്യാർഥികളുടെ കുറവ് കണക്കിലെടുത്ത് പ്രസ്തുത കോഴ്സിന്റെ ഉപരിപഠനത്തിനും ജോലി സാധ്യതയ്ക്കുംവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; പ്രസ്തുത കോഴ്സ് കഴിഞ്ഞവർക്കുള്ള തൊഴിൽ സാധ്യതകൾ വ്യക്തമാക്കാമോ?

സർവകലാശാലകളിൽ സുവോളജി വിദ്യാർഥികളുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോഴ്സ് കഴിഞ്ഞവർക്ക് രാജ്യത്തും വിദേശത്തുമായി ഗവേഷണ, അധ്യാപന, വ്യാവസായിക, ഫാർമസ്യൂട്ടിക്കൽ, പരിസ്ഥിതി, ജൈവസാങ്കേതിക, കാർഷിക, സമുദ്രോൽപന്ന മേഖലകളിൽ നിരവധി തൊഴിൽ സാധ്യതകളുണ്ട്.

**നാലുവർഷ ബിരുദ കോഴ്സുകൾ**

134(1763) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിന് അടിസ്ഥാനമായി പ്രസ്താവിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പാക്കുന്നത്, വിദ്യാർഥികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുക, ഗവേഷണ താൽപര്യമുള്ള വിദ്യാർഥികൾക്ക് അതിനുള്ള അവസരമുണ്ടാക്കുക എന്നീ ആശയങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ടാണ്. സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും ഈ അധ്യയന വർഷം മുതൽ മൂന്നുവർഷം കഴിയുമ്പോൾ ബിരുദം നേടി എക്സിറ്റ് ചെയ്യാനും താൽപര്യമുള്ളവർക്ക് നാലാം വർഷം തുടർന്ന് ക്യാപ്സ്റ്റോൺ പ്രോജക്ടുള്ള ഹോണേഴ്സ് ബിരുദം നേടാനും റിസർച്ച് താൽപര്യമുള്ളവർക്ക് ഹോണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ള ബിരുദ പ്രോഗ്രാമുകളാണ് നിലവിൽവരുന്നത്. നിലവിലുള്ള മൂന്ന് വർഷ ബിരുദ പ്രോഗ്രാമുകളിൽനിന്നും വ്യത്യസ്തമായി വിദ്യാർഥി കേന്ദ്രീകൃതമായാണ് നാല് വർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പാക്കുന്നത്.

വിദ്യാർഥികളുടെ അഭിരുചിക്കനുസരിച്ച് വിഷയങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരം നൽകുന്നുണ്ട്. കൂടാതെ, നിലവിലുള്ള മൂന്ന് വർഷ ബിരുദ പ്രോഗ്രാമിൽനിന്നും വ്യത്യസ്തമായി നൈപുണ്യവികസനത്തിന് ഊന്നൽ നൽകിയും വിദ്യാർഥികളുടെ തൊഴിൽ സാധ്യതകൾ പരിഗണിച്ചുമാണ് വ്യത്യസ്തമായ കോഴ്സുകൾ രൂപകല്പന ചെയ്തിട്ടുള്ളത്. മൂന്നുവർഷ ബിരുദം, നാല് വർഷ ഓണേഴ്സ് ബിരുദം, നാല് വർഷ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം എന്നിവ സാധ്യമാക്കുംവിധത്തിലാണ് നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ റെഗുലേഷൻ രൂപീകരിച്ചിട്ടുള്ളത്. നാല് വർഷ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദത്തിനുശേഷം നേരിട്ട് പി.എച്ച്ഡി.-ക്ക് പ്രവേശനം നേടുന്നതിനുള്ള അവസരവും വിദ്യാർഥികൾക്ക് ലഭ്യമാണ്. ഓൺലൈൻ കോഴ്സുകൾ വഴിയും ക്രെഡിറ്റുകൾ സമാഹരിച്ച് അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റിലേക്ക് കൈമാറാവുന്നതാണ്.

(ബി) എങ്കിൽ നാലുവർഷ പ്രോഗ്രാമുകളെ സംബന്ധിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

2024-25 അക്കാദമിക വർഷം മുതൽ കേരള, എം.ജി., കോഴിക്കോട്, ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, കണ്ണൂർ, കുസാറ്റ്, ശ്രീനാരായണ ഓപ്പൺ സർവകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നു. ഇതിനാവശ്യമായ കരിക്കുലം ചട്ടക്കൂട്, നാലുവർഷ ബിരുദ പ്രോഗ്രാമുകൾ റെഗുലേഷൻ, പുതിയ സിലബസ് എന്നിവ രൂപീകരിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലന പരിപാടികൾ (Master Trainers Workshops), കോളേജ് അധ്യാപകർക്ക് ജില്ലാതല ഓറിയന്റേഷൻ പരിപാടികൾ, പ്ലസ് ടു വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. ഇതിനുപുറമേ, ഫൗണ്ടേഷൻ കോഴ്സുകൾക്കാവശ്യമായിട്ടുള്ള പുസ്തകങ്ങൾ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ പ്രസിദ്ധീകരിച്ചു. ഇതുസംബന്ധിച്ച് പത്ര മാധ്യമങ്ങളിൽ ലേഖനങ്ങൾ, സാമൂഹ്യ മാധ്യമങ്ങളിൽ വീഡിയോകൾ, പോസ്റ്ററുകൾ, ദൃശ്യമാധ്യമങ്ങളിൽ ഇന്റർവ്യൂകൾ എന്നിങ്ങനെ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

(സി) നാലുവർഷ ബിരുദ കോഴ്സുകൾക്ക് ചേരുന്ന വിദ്യാർഥികൾക്ക് ഇടയ്ക്കുവച്ച് പഠനം നിർത്തുന്നതിനും പിന്നീട് അതേ കോഴ്സിനോ മറ്റ് കോഴ്സുകൾക്കോ ചേരുന്നതിനും വ്യവസ്ഥയുണ്ടോ?

പഠനത്തിനിടയ്ക്ക് ഇടവേളയെടുക്കാനും കോളേജോ സർവകലാശാലയോ മാറാനുള്ള സ്വാതന്ത്ര്യം വിദ്യാർഥികൾക്ക് നൽകുന്നു. ഇവയെല്ലാം K-REAP (Kerala Resource for Education Administration and Planning) എന്ന സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ ഏകീകരിക്കുന്നതാണ്. അഡ്മിഷൻ എടുത്ത് 7 വർഷത്തിനുള്ളിൽ ബിരുദം പൂർത്തീകരിച്ചാൽ മതിയാകും. പഠനത്തിനിടക്ക് ആവശ്യമെങ്കിൽ ഇടവേള എടുത്ത് പിന്നീട് തിരിച്ചുവന്നും ബിരുദം പൂർത്തീകരിക്കാൻ സാധിക്കും. അത്തരം ഘട്ടങ്ങളിൽ വിദ്യാർഥികളെ ഉൾക്കൊള്ളുന്നതിന് അധിക സീറ്റ് സൂപ്പർ ന്യൂമററിയായി സൃഷ്ടിക്കാവുന്നതാണ്. വിദ്യാർഥികൾ ആർജിക്കുന്ന ക്രെഡിറ്റുകൾ അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സ് (ABC)-ൽ നിക്ഷേപിക്കാവുന്നതാണ്. ഇടവേള എടുത്തതിനുശേഷം മറ്റ് കോളേജുകളിലും പഠനം തുടരാൻ ഇത് സഹായകരമാകും.

(ഡി) ഒരേ സമയം ഒരു വിദ്യാർഥിക്ക് ഒന്നിലധികം ബിരുദ കോഴ്സുകളിൽ ചേരുന്നതിന് സൗകര്യമുണ്ടോ; വിശദാംശം നൽകുമോ?

ഡിഗ്രി പഠനത്തിനായി വിവിധ പാത്ത്‌വേകൾ തിരഞ്ഞെടുക്കാൻ വിദ്യാർഥികൾക്ക് അവസരമുണ്ട്. ഇത്തരത്തിൽ വിദ്യാർഥികൾക്ക് തിരഞ്ഞെടുക്കാൻ കഴിയുന്ന വിവിധ പാത്ത്‌വേകൾ പ്രോഗ്രാമിന്റെ തുടക്കത്തിൽതന്നെ സർവകലാശാലകൾ പ്രസിദ്ധീകരിക്കും. മേജർ വിത്ത് മൈനർ, സിംഗിൾ മേജർ, ഡബിൾ മേജർ, മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ, ഇന്റർ ഡിസിപ്ലിനറി മേജർ എന്നിങ്ങനെ വിവിധ പാത്ത്‌വേകൾ വിദ്യാർഥികൾക്ക് സ്വീകരിക്കാം. ഇത്തരത്തിൽ വിവിധ പാത്ത്‌വേകളിൽകൂടി ബിരുദ പഠനം നടത്തുന്ന വിദ്യാർഥികൾക്ക് അവരുടെ താൽപര്യപ്രകാരമുള്ള മൈനർ വിഷയങ്ങൾ പാത്ത്‌വേയുടെ ഭാഗമാക്കാൻ കഴിയും. നിലവിലെ യു.ജി.സി റെഗുലേഷൻ പ്രകാരം വിദ്യാർഥികൾക്ക് രണ്ട് ബിരുദങ്ങൾ ഒരേ സമയം പൂർത്തീകരിക്കാൻ അവസരമുണ്ട്. ഇതുപ്രകാരം രണ്ട് ബിരുദങ്ങൾ ഒരേ സമയം റെഗുലർ ആയോ ഒരു ബിരുദം റെഗുലർ

ആയും ഒരു ബിരുദം ഓൺലൈൻ/ഡിസ്റ്റൻസ് രീതിയിലോ പഠിക്കാൻ സാധിക്കും.

**ബിരുദ കോഴ്സുകളുടെ ഏകീകൃത അക്കാദമിക കലണ്ടർ**

135(1764) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നാലുവർഷ ബിരുദ കോഴ്സുകളുടെ ഏകീകൃത അക്കാദമിക കലണ്ടർ ഏത് അധ്യയന വർഷം മുതലാണ് പൂർണ്ണതോതിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ആദ്യവർഷം മുതൽ തന്നെ ഏകീകൃത അക്കാദമിക് കലണ്ടർ നടപ്പാക്കാനുദ്ദേശിച്ച് 2024-25 അക്കാദമിക വർഷത്തേക്കുള്ള മോഡൽ ഏകീകൃത അക്കാദമിക് കലണ്ടർ സർവകലാശാലകൾക്ക് ലഭ്യമാക്കുകയും കലണ്ടറിൽ നിർദേശിച്ചിരിക്കുന്ന സമയപരിധിക്കകത്തുനിന്ന് ഓരോ സർവകലാശാലയും തങ്ങളുടെ അക്കാദമിക് കലണ്ടർ തയ്യാറാക്കേണ്ടതാണെന്ന് 06-06-2024-ലെ സ.ഉ.

(സാധാ)നം.640/2024/HEDN ഉത്തരവുപ്രകാരം നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**സിദ്ധാർത്ഥന്റെ മരണം**

136(1765) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട് വെറ്ററിനറി കോളേജിൽ വിദ്യാർഥിയായിരുന്ന സിദ്ധാർത്ഥന്റെ മരണത്തിലേക്ക് നയിച്ച സംഭവങ്ങളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; ആയതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ, കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പൂക്കോട് വെറ്ററിനറി കോളേജിൽ വിദ്യാർഥിയായിരുന്ന സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട വിഷയം മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ടതായതിനാൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് യാതൊരു

അന്വേഷണവും നടത്തിയിട്ടില്ല. എന്നാൽ സർവകലാശാല തലത്തിൽ 06-03-2024-ന് ഒരു അന്വേഷണ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി അന്വേഷണം പൂർത്തിയാക്കി സർവകലാശാലയുടെ സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ പ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംഭവുമായി ബന്ധപ്പെട്ട് ആന്റി റാഗിങ് സെൽ അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പൂക്കോട് വെറ്ററിനറി കോളേജിലെ വിദ്യാർഥി, സിദ്ധാർത്ഥൻ ജെ. എസ്. റാഗിങിനെ തുടർന്ന് തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട സംഭവത്തിൽ കോളേജ്തലത്തിൽ ആന്റി റാഗിങ് സ്ക്വാഡ് അന്വേഷണം നടത്തി 01-03-2024-ൽ ഇടക്കാല റിപ്പോർട്ടും 22-03-2024-ൽ അന്തിമ റിപ്പോർട്ടും ആന്റി റാഗിങ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ആയത് യഥാക്രമം 01-03-2024, 22-05-2024 തീയതികളിൽ നടന്ന ആന്റി റാഗിങ് മീറ്റിങ്ങുകളിൽ അംഗീകരിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും

ചെയ്തിട്ടുണ്ട്. കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുള്ള വിദ്യാർഥികൾക്കെതിരെ യു.ജി.സി-യുടെ ആന്റി റാഗിങ് റെഗുലേഷൻസ് 2009-പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ഈ വിഷയത്തിൽ കോളേജ് അധികൃതർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി സർവകലാശാല തലത്തിൽ അന്വേഷണം നടക്കുന്നുണ്ട്.

പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായിചേർക്കുന്നു.+

**വിദ്യാഭ്യാസ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ**

137(1766) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തും ഇതരസംസ്ഥാനങ്ങളിലും ഉപരിപഠനത്തിനായി സേവനം തേടിയെത്തുന്ന വിദ്യാർഥികളെ ചൂഷണം ചെയ്യുന്നതും നിലവാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് അയയ്ക്കുന്നതുമുൾപ്പെടെ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിദ്യാഭ്യാസ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കെതിരെ പരാതികൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം കൺസൾട്ടൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും ലൈസൻസും ഏകീകൃത സേവനനിരക്കും ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) വിദ്യാഭ്യാസ കൺസൾട്ടൻസികൾ വിദ്യാർഥികളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനായി സംസ്ഥാനത്തെ വിദ്യാഭ്യാസ കൺസൾട്ടൻസികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും പ്രത്യേക നിയമനിർമ്മാണം നടത്തുന്നതിനും കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് അധ്യക്ഷനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ 3 അംഗ വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**കോൺസ്റ്റിറ്റുവന്റ് കോളേജുകളായി ഉയർത്തുന്നതിന് നടപടി**

138(1767) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത നിലവാരം പുലർത്തുന്നതും നൂറ് വർഷം പിന്നിട്ടതുമായ കോളേജുകളെ കോൺസ്റ്റിറ്റുവന്റ് കോളേജുകളായി ഉയർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ആദ്യ ഘട്ടത്തിൽ ഏതെല്ലാം കോളേജുകളെയാണ് കോൺസ്റ്റിറ്റുവന്റ് കോളേജുകളായി ഉയർത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കോളേജുകൾക്ക് കോൺസ്റ്റിറ്റുവന്റ് പദവി നൽകുന്നതിലൂടെ വിദ്യാഭ്യാസ നിലവാരത്തിലും ഭൗതിക സാഹചര്യങ്ങൾ വർധിപ്പിക്കുന്നതിലും എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്ത് കോൺസ്റ്റിറ്റുവന്റ് കോളേജുകൾ ആരംഭിക്കാൻ 'ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മിഷൻ' ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കോൺസ്റ്റിറ്റുവന്റ് കോളേജുകൾ ആരംഭിക്കാനാവശ്യമായ നിർദേശങ്ങളും നടപടിക്രമങ്ങളും സമർപ്പിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ പരിഷ്കരണ നിർവഹണ സെൽ

(KSHERIC)-നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ KSHERIC തയ്യാറാക്കി നൽകിയ നിർദേശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

**ചാത്തന്നൂർ മണ്ഡലത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

139(1768) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് സർക്കാരിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങളുണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിൽ സർക്കാരിന്റെ ഉടമസ്ഥതയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും പ്രവർത്തിക്കുന്നില്ല. എന്നാൽ, എയ്ഡഡ് മേഖലയിൽ S.N. കോളേജ്, ചാത്തന്നൂർ, ശ്രീനാരായണ പോളിടെക്നിക് കോളേജ്, കൊട്ടിയം എന്നീ 2 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന എത്ര അംഗീകൃത സ്ഥാപനങ്ങളുണ്ടെന്നും അവ

ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിൽ സ്വകാര്യ മേഖലയിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന 4 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ആർ. ശങ്കർ കോളേജ് ഓഫ് ആർട്സ് & സയൻസ്, ചാത്തന്നൂർ, കൊല്ലം.
2. MES ആർട്സ് & സയൻസ് കോളേജ്, ചാത്തന്നൂർ, കൊല്ലം.
3. MES ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി & മാനേജ്മെന്റ് ചാത്തന്നൂർ, കൊല്ലം.
4. UKF കോളേജ് ഓഫ് എഞ്ചിനീയറിങ് & ടെക്നോളജി, മീനമ്പലം, പാരിപ്പള്ളി, കൊല്ലം.

**ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടി**

140(1769) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിന്റെ

ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് അനുവദിച്ച ഫണ്ടുകളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ശ്രീകൃഷ്ണപുരം എഞ്ചിനീയറിങ് കോളേജിന് വിവിധ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കോളേജിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ തുക വകുപ്പിൽനിന്ന് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പുതിയ പ്രൊപ്പോസലുകൾ ലഭിക്കുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ചെയ്യേണ്ട പ്രവൃത്തിയുടെ പ്രാധാന്യം പ്രകാരം ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിന്റെ പ്രൊപ്പോസലുകൾ പരിഗണിക്കാവുന്നതാണ്.

## കുത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് വാഹനം ലഭ്യമാക്കുന്നതിനുള്ള നടപടി

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

141(1770) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രാക്ലേശം അനുഭവിക്കുന്ന കൂത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് ബസ് വാങ്ങുന്നതിന് 2023-24 വർഷത്തെ എം.എൽ.എ. ആസ്തിവികസന പദ്ധതി പ്രകാരം 30 ലക്ഷം രൂപ അനുവദിക്കുകയും 30-12-2023-ന് ധനകാര്യ വകുപ്പിൽനിന്നും ഭരണാനുമതി ലഭ്യമാവുകയും ചെയ്തെങ്കിലും ബസ് വാങ്ങാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കുമോ;

(ബി) ടെൻഡർ ഇല്ലാതെ വാഹനം വാങ്ങാവുന്ന ജെം-പോർട്ടലിൽ നിന്നും പ്രമുഖ കമ്പനികളെല്ലാം പിന്മാറിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(സി) ഐഷർ കമ്പനിയുടെ വില കണക്കാക്കിയാണ് നേരത്തെ തുക വകയിരുത്തിയതെങ്കിലും ജെം-പോർട്ടലിൽ നിന്നും പ്രസ്തുത കമ്പനി പിന്മാറിയതോടെ പദ്ധതി നിർവഹണം അനിശ്ചിതത്വത്തിലാണെന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി യാഥാർഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

(എ-സി) ഉണ്ട്. കൂത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് ബസ് വാങ്ങുന്നതിന് 04-09-2023-ലെ ജി.ഒ(ആർ.ടി)നം.6348/2023/ഫിൻ നമ്പർ ഉത്തരവുപ്രകാരം പ്രത്യേക അനുമതി അനുവദിക്കുകയും കണ്ണൂർ ജില്ലാ കളക്ടറുടെ 30-12-2023-ലെ ഉത്തരവുപ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവഹണത്തിൽ സംഭവിച്ച സാങ്കേതികതടസ്സം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മലപ്പുറം ജില്ലയിൽ ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടി**

142(1771) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജ് നിലവിലില്ലാത്ത മലപ്പുറം ജില്ലയിൽ ഒരു പുതിയ ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജ് തിരൂരങ്ങാടി എടരിക്കോട് പഞ്ചായത്തിലെ ഗവൺമെന്റ് വനിത പോളിടെക്നിക്

കോളേജിന്റെ ശേഷിക്കുന്ന ഭൂമിയിലോ തെന്നല ഗ്രാമപഞ്ചായത്തിലെ കോഴിച്ചെന ദേശീയപാതയുടെ വശത്തുള്ള പി.ഡബ്ല്യു.ഡി.-യുടെ കൈവശമുള്ള ഭൂമിയിലോ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പുതിയ സർക്കാർ എഞ്ചിനീയറിങ് കോളേജ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം എത്രയാണെന്നും മേല്പറഞ്ഞ രണ്ട് പ്രദേശങ്ങളിലും പുതിയ എഞ്ചിനീയറിങ് കോളേജ് സ്ഥാപിക്കാനാവശ്യമായ സ്ഥലം ലഭ്യമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ പുതിയ ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജ് സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോയെന്നും ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

(എ-സി) സംസ്ഥാനത്ത് പുതിയ ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജ് സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണയിൽ ഇല്ല.

**ബി.ടെക് കോഴ്സുകളുടെ കരിക്കുലം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ**

143(1772) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.ടെക് കോഴ്സുകളുടെ കരിക്കുലം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) വിദ്യാർഥികളിൽ തൊഴിൽ നൈപുണ്യം വർധിപ്പിക്കുന്നതിനും ഗവേഷണാഭിമുഖ്യം വളർത്തുന്നതിനും പുതിയ കരിക്കുലം വിഭാവന ചെയ്യുന്നുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നതെന്നുള്ള വിശദാംശം നൽകുമോ?

അതിനൂതനവും വിദ്യാർഥി കേന്ദ്രീകൃതവുമായ പരിഷ്കരിച്ച ബി.ടെക്. പാഠ്യപദ്ധതിക്ക് എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാല തുടക്കമിടുകയാണ്. വ്യവസായ സഹകരണം, പ്രോജക്ട്

അടിസ്ഥാനമാക്കിയുള്ള പഠനം, സാമൂഹ്യ പ്രസക്തിയുള്ള പ്രോജക്ടുകൾ എന്നിവയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ബഹുമുഖ തൊഴിലുകൾക്കായി സജ്ജരാകുന്ന പുതുതലമുറ എഞ്ചിനീയർമാരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ പരിഷ്കരിച്ച പാഠ്യപദ്ധതി ഡിജിറ്റൽ ടൂളുകൾ, സംരംഭകത്വ വൈദഗ്ധ്യം, അന്താരാഷ്ട്ര മത്സരക്ഷമത എന്നിവയിൽ കൂടുതൽ ശ്രദ്ധ കൊടുക്കുന്നു. പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ചില പ്രധാന മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.

- തൊഴിലന്വേഷകർ എന്നതിലുപരി വിദ്യാർഥികളെ വ്യവസായസജ്ജരും തൊഴിൽ ദാതാക്കളുമാക്കാനായി വ്യവസായ മേഖലയുമായി കൈകോർക്കുന്നതിനും സിലബസ് രൂപീകരണത്തിൽ അക്കാദമിക-വ്യവസായ പങ്കാളിത്തം ഉറപ്പാക്കുന്നതിനും പുതിയ കരിക്കുലം വിഭാവന ചെയ്യുന്നു.
- നാസ്കോം (നാഷണൽ അസോസിയേഷൻ ഓഫ് സോഫ്റ്റ്‌വെയർ ആൻഡ് സർവീസ് കമ്പനീസ്), കെ-ഡിസ്ക് (കേരള ഡെവലപ്മെന്റ്

ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ) കെ.എസ്.യു.എം. (കേരള സ്റ്റാർട്ടപ്പ് മിഷൻ) തുടങ്ങിയ സർക്കാർ, സർക്കാരിതര സംരംഭങ്ങളുടെ സഹായത്തോടെ പ്രോജക്ട് അധിഷ്ഠിത പഠനം നടപ്പാക്കുന്നു.

- നവീന സാങ്കേതികവിദ്യകളിൽ അവബോധം ഉറപ്പാക്കാൻ എല്ലാ പഠന ശാഖകളിലും എ.ഐ.(ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ഡാറ്റാ സയൻസും ഉൾക്കൊള്ളിച്ചിരിക്കുന്നു.
- ഏഴ് അല്ലെങ്കിൽ എട്ട് സെമെസ്റ്ററുകളിൽ നാല് മാസം മുതൽ ആറ് മാസം വരെ വിദ്യാർഥികൾക്ക് തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് ചെയ്യാം.
- പാഠ്യ വിഷയങ്ങൾ പഠിക്കാതെതന്നെ അക്കാദമിക് ക്രെഡിറ്റുകൾ നേടുന്നതിന് പുതിയ പാഠ്യപദ്ധതിയിൽ "ചലഞ്ച് കോഴ്സുകൾ" ഉൾപ്പെടുത്തിയിട്ടുണ്ട്.

- കേരള സ്റ്റാർട്ടപ്പ് മിഷന്റെ പിന്തുണയോടെ സംരംഭകത്വം, ബൗദ്ധിക സ്വത്തവകാശം എന്നിവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനുതകുന്ന കോഴ്സുകൾ ഉൾകൊള്ളിച്ചിട്ടുണ്ട്.
- സംരംഭകത്വം മൈനർ വിഷയമായി പഠിക്കുന്നതിനും വിദ്യാർഥികൾക്ക് അവരുടെ താൽപര്യങ്ങൾക്കും ലക്ഷ്യങ്ങൾക്കും അനുസൃതമായ കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനും അവസരമുണ്ട്.

(സി) പ്രാദേശിക വികസനത്തിനായുള്ള വിവിധ പ്രോജക്ടുകളിൽ എഞ്ചിനീയറിങ് വിദ്യാർഥികളെ പങ്കെടുപ്പിക്കുന്നതിനും അതിലൂടെ വിദ്യാർഥികളിൽ സാമൂഹ്യബോധവും തൊഴിൽ ആഭിമുഖ്യവും വളർത്തുന്നതിനും ഉതകുന്ന പദ്ധതികൾ ആരംഭിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

2024-25 അക്കാദമിക വർഷം പരിഷ്കരിച്ച ബി.ടെക് പാഠ്യപദ്ധതിയിൽ സാമൂഹിക പ്രസക്തിയുള്ള മിനി പ്രോജക്ട് എന്ന നിർബന്ധിത കോഴ്സ് ഉൾപ്പെടുത്തിയിട്ടുണ്ട്. കെ-ഡിസ്ക് തുടങ്ങിയ സർക്കാർ സഹകരണ സ്ഥാപനങ്ങളോടുകൂടി ചേർന്ന് കേരളത്തിലെ വിവിധ

ജനവിഭാഗങ്ങൾക്കുതകുന്ന പ്രോജക്ടുകൾ കണ്ടെത്തുകയും അത് കേരളത്തിലെ എഞ്ചിനീയറിങ് വിദ്യാർത്ഥികളിലൂടെ നടപ്പാക്കുന്നതിനും ലക്ഷ്യമിടുന്നു.

## എഞ്ചിനീയറിങ് പഠനരംഗത്തെ പോരായ്മകൾ

144(1773) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിങ് പഠനരംഗത്തെ പോരായ്മകൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഭൂരിപക്ഷം എഞ്ചിനീയറിങ് കോളേജുകളിൽനിന്നും ബി.ടെക് പൂർത്തീകരിച്ച വിദ്യാർത്ഥികൾ പ്ലേസ്മെന്റ് കിട്ടാതെ തൊഴിൽരഹിതരായി തുടരുന്ന സാഹചര്യം വർധിച്ചുവരുന്നതിന്റെ കാരണങ്ങൾ പഠനവിധേയമാക്കാൻ നടപടി സ്വീകരിക്കുമോ?

എഞ്ചിനീയറിങ് പഠനരംഗത്തെ പോരായ്മകളും പ്ലേസ്മെന്റ് സംബന്ധിച്ച വിഷയങ്ങളെക്കുറിച്ചും പഠനം നടത്തുന്നത് ഹയർ എഡ്യൂക്കേഷൻ കൗൺസിലാണ്. നിലവിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് പരിഹാര മാർഗങ്ങൾ നിർദേശിക്കാൻ ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ സർക്കാർ എഞ്ചിനീയറിങ് കോളേജുകളിൽ നിന്നുമായി രൂപീകരിച്ച കമ്മിറ്റിയുടെ വിശകലനങ്ങൾ നടന്നുവരുന്നു. കരിക്കുലത്തിന്റെ ഭാഗമായിത്തന്നെ വൻകിട വ്യവസായ സ്ഥാപനങ്ങളിൽ ബി.ടെക്, എം.ടെക് വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പ് സൗകര്യങ്ങൾ എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാല ഒരുക്കിയിട്ടുണ്ട്. കൂടാതെ പ്ലേസ്മെന്റ് സെല്ലും ആവിഷ്കരിച്ചിട്ടുണ്ട്.

(സി) എഞ്ചിനീയറിംഗ് പഠന നിലവാരമുയർത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല അക്കാദമിക ഉന്നമനത്തിനായി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട്, 2024-25 അക്കാദമിക വർഷം ബി.ടെക് പാഠ്യപദ്ധതിയും സിലബസും

പരിഷ്കരണം നടത്തിയിട്ടുണ്ട്. സർവകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം സാങ്കേതിക സർവകലാശാലയിൽ 7 സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എഞ്ചിനീയറിങ് കോളേജുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിന് കാലാനുസൃതമായി നവീന കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. കാലാനുസൃതമായി കരിക്കുലം, സിലബസ് എന്നിവ പരിഷ്കരിക്കാൻ ഇൻഡസ്ട്രിയിൽനിന്നുള്ള വിദഗ്ധരുടെ പങ്കാളിത്തോടെ ഇൻഡസ്ട്രിയൽ ഇലക്റ്റീവ്സ്, മൈനർ തുടങ്ങിയ നൂതന ആശയങ്ങൾ പരിഷ്കരിച്ച കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ സംരംഭകത്വം പാഠ്യവിഷയ പദ്ധതിയിൽതന്നെ ഉൾപ്പെടുത്തുന്നതിനായി അഫിലിയേറ്റഡ് കോളേജുകൾ കേന്ദ്രീകരിച്ചുള്ള Centre of Excellence സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർവകലാശാല centralized placement drive എല്ലാ വർഷവും നടത്തുന്നുണ്ട്. കാലാനുസൃതമായി സാങ്കേതിക വിദ്യാഭ്യാസമേഖലയിലെ Teaching and learning methods പരിഷ്കരിക്കുന്നതിനായി Human Resources Development Centre സർവകലാശാലയിൽ ആരംഭിച്ചിട്ടുണ്ട്. നൂതന തൊഴിൽ നൈപുണ്യ

സാധ്യതകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള Bachelor of Vocational Studies പ്രോഗ്രാം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ എഞ്ചിനീയറിങ് കോളേജുകളിൽ ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്ററും കണ്ണൂർ സർക്കാർ എഞ്ചിനീയറിങ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ് എനർജി & എൻവയോൺമെന്റും പ്രവർത്തിച്ചുതുടങ്ങിയിട്ടുണ്ട്.

**മുക്കം ഗവൺമെന്റ് പോളിടെക്നിക്**

145(1774) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ ഭരണാനുമതി നൽകിയ മുക്കം ഗവൺമെന്റ് പോളിടെക്നിക് ആരംഭിക്കുന്നതിന് നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പോളിടെക്നിക് തുടങ്ങുന്നതിന് ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) മുക്കം പോളിടെക്നിക്കിനുവേണ്ടി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ കണ്ടെത്തിയ സ്ഥലം വനം വകുപ്പിന്റേതാണ്. പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച അപേക്ഷ വനം വകുപ്പിന്റെ തിരുവനന്തപുരം Special Afforestation & Nodal Officer-റുടെ പരിഗണനയിലാണ്. തുടർന്ന് റവന്യൂ വകുപ്പിൽനിന്നും പോളിടെക്നിക് കോളേജിനായി സ്ഥലം ലഭ്യമാക്കുകയും ചെയ്യുന്നമുറയ്ക്ക് കോളേജ് നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

**തിരുവനന്തപുരത്ത് ടെക്സ്റ്റൈൽ ടെക്നോളജി ബി.ടെക് കോഴ്സ്**

146(1775) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പോളിടെക്നിക്കുകളിലാണ് ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ കോഴ്സുള്ളതെന്നും ഓരോ കോളേജിലും

പ്രസ്തുത കോഴ്സിന് എത്ര സീറ്റുകൾ വീതമാണുള്ളതെന്നും വ്യക്തമാക്കുമോ?

| | ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ | സീറ്റുകൾ |
|---|---|---|
| 1 | സെൻട്രൽ പോളിടെക്നിക് കോളേജ്, വട്ടിയൂർക്കാവ് | 60 |
| 2 | സർക്കാർ പോളിടെക്നിക് കോളേജ്, കൊരട്ടി | 60 |
| 3 | സർക്കാർ പോളിടെക്നിക് കോളേജ്, കണ്ണൂർ | 60 |

(ബി) സംസ്ഥാനത്തെ ഏതെങ്കിലും കോളേജിൽ ടെക്സ്റ്റൈൽ ടെക്നോളജി ബി.ടെക് കോഴ്സുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ്/സ്വാശ്രയ എഞ്ചിനീയറിങ് കോളേജുകളിൽ ബി.ടെക് വിഭാഗത്തിൽ ടെക്സ്റ്റൈൽ ടെക്നോളജി കോഴ്സ് നിലവിലില്ല.

(സി) തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക്കിലെ സൗകര്യങ്ങൾകൂടി പ്രയോജനപ്പെടുത്തി സമീപത്തുള്ള ഏതെങ്കിലും

എഞ്ചിനീയറിങ് കോളേജിൽ ടെക്സ്റ്റൈൽ ടെക്നോളജി ബി.ടെക് കോഴ്സ് ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

തിരുവനന്തപുരം ബാർട്ടൻഹിൽ സർക്കാർ എഞ്ചിനീയറിങ് കോളേജും വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജും സംയുക്തമായി ചേർന്ന് ബി.ടെക് വിഭാഗത്തിൽ ടെക്സ്റ്റൈൽ ടെക്നോളജി ഡിഗ്രി കോഴ്സ് ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്ഥാപന മേധാവികൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

**പാലാ സർക്കാർ പോളിടെക്നിക് കോളേജിലെ ആശ്രിത നിയമനം**

147(1776) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ സർക്കാർ പോളിടെക്നിക് കോളേജിൽ ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട അബി കെ. അലിയാരുടെ ഭാര്യ ശ്രീമതി. ജാസ്മോൾ എ. എം., ആശ്രിത നിയമനത്തിനായി

സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ?

പാലാ സർക്കാർ പോളിടെക്നിക് കോളേജിൽ ട്രേഡ് ഇൻസ്ട്രക്ടർ ആയിരിക്കെ മരണപ്പെട്ട അബി. കെ. അലിയാരുടെ ഭാര്യ ശ്രീമതി ജാസ്മോൾ എ. എം. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരിശോധിക്കുകയും എറണാകുളം ജില്ലാ കളക്ടറുടെയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്ലർക്ക് തസ്തികയിൽ നിലവിൽ ഒഴിവ് റിപ്പോർട്ട് ചെയ്ത ഏതെങ്കിലും ജില്ലയിലോ/അഥവാ ഭാവിയിലുണ്ടാകുന്ന ഒഴിവിൽ വാലിഡ് അപേക്ഷ തീയതിയുടെ സീനിയോറിറ്റി ക്രമത്തിൽ സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ടിയാൾക്ക് നിയമനം നൽകുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വ്യക്തിക്ക് ഇതുവരെ നിയമനം നൽകിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് ടിയാന് നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആശ്രിത നിയമനത്തിനായി ശ്രീമതി ജാസ്മോൾ എ. എം. ഓപ്റ്റ് ചെയ്തത് എറണാകുളം ജില്ലയാണ്. എറണാകുളം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ഒഴിവില്ലാത്തപക്ഷം മറ്റ് ജില്ലകളിൽ നിയമനത്തിന് താൽപര്യം അറിയിച്ചുകൊണ്ടുള്ള സമ്മതപത്രം ടിയാൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ എറണാകുളം ജില്ലയിലുൾപ്പെടെ മറ്റ് ജില്ലകളിൽ ക്ലർക്ക് തസ്തികയുടെ ഒഴിവുകൾ നിലവിലില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിത ആയതിനാൽ 24-05-1999-ലെ സ.ഉ.(അച്ചടി)12/99/ഉ.ഭ.പ.വ. നം. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി വകുപ്പിൽ അടുത്തുണ്ടാകുന്ന ഒഴിവിൽ ടിയാൾക്ക് ക്ലർക്ക് തസ്തികയിൽ, അപേക്ഷയുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകാൻ കഴിയുന്നതാണ്.

**സാങ്കേതിക കലാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി**

148(1777) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക കലാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (i) അത്യാധുനിക ക്ലാസ് മുറികൾ നിർമ്മിക്കുക (ii) ഹോസ്റ്റൽ സൗകര്യങ്ങൾ വർധിപ്പിക്കുക (iii) ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ വാങ്ങുക (iv) ക്യാമ്പസ് നെറ്റ്‌വർക്ക് സ്ഥാപിക്കുക (v) ഫിറ്റ്നസ് സെന്റർ (vi) അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തുക (vii) ഐ.സി.റ്റി. പദ്ധതി, ഇ-ജേർണലുകൾ, ഡിജിറ്റൽ/ഇ-ലൈബ്രറികൾ തുടങ്ങിയ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. വകുപ്പിനുകീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭൂരിഭാഗം

കോഴ്സുകളും NBA അക്രഡിറ്റേഷൻ നേടിയിട്ടുള്ളതാണ്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താനായി എഞ്ചിനീയറിങ് കോളേജുകളിലെയും പോളിടെക്നിക് കോളേജുകളിലെയും മുഴുവൻ കോഴ്സുകൾക്കും NBA അക്രഡിറ്റേഷൻ നേടാനാവശ്യമായ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. NIRF റാങ്കിങ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. വകുപ്പിനുകീഴിലെ 46 സ്ഥാപനങ്ങളിലായി 629 സ്മാർട്ട് ക്ലാസ് മുറികൾ ഒരുക്കുന്നതിനായി ASAP-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Multipurpose Virtual Classroom Grid സംവിധാനം ഒരുക്കുന്നതിനുള്ള നടപടികളും വകുപ്പുതലത്തിൽ സ്വീകരിച്ചുവരികയാണ്.

(ബി) 2023-24 വർഷത്തിൽ സാങ്കേതിക വിദ്യാഭ്യാസവകുപ്പിൽ രൂപീകരിച്ച സ്റ്റേറ്റ് പ്ലേസ്‌മെന്റ് സെല്ലിന്റെ പ്രവർത്തനം വ്യക്തമാക്കാമോ?

കോളേജുകളിലെ പ്ലേസ്മെന്റ് ഏകോപിപ്പിക്കുന്നതിനായി ഒരു സ്റ്റേറ്റ് ലെവൽ പ്ലേസ്‌മെന്റ് സെൽ രൂപീകരിക്കുകയും സ്റ്റേറ്റ് ലെവൽ പ്ലേസ്മെന്റ് കോ-ഓർഡിനേറ്ററായി വേണുഗോപാലൻ കെ, ലക്ചറർ, ഗവൺമെന്റ്

പോളിടെക്‌നിക് കോളേജ് പാലക്കാട്-നെ ചുമതലപ്പെടുത്തുകയും ചെയ്തു. കേരളത്തിലുള്ള മുഴുവൻ ഗവൺമെന്റ്/ഗവൺമെന്റ് എയ്ഡഡ് കോളേജുകളെയും നാല് റീജിയണുകളാക്കി തിരിക്കുകയും ഓരോ റീജിയന്റെയും കോ-ഓർഡിനേഷനുവേണ്ടി റീജിയണൽ കോ-ഓർഡിനേറ്റർമാരെ നിയമിക്കുകയും ചെയ്തു.

എല്ലാ പോളിടെക്‌നിക് കോളേജുകൾക്കും പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ടി റീജിയനുകളിലെ വിവിധ കോളേജുകൾക്ക് ഡ്രൈവ് നടത്താൻ അവസരം നൽകുന്നുണ്ട്. ഇതുമൂലം കോളേജുകൾക്ക് കൂടുതൽ അവസരങ്ങൾ നൽകാനും സ്റ്റുഡന്റ്സിന് സ്റ്റേറ്റ് ലെവൽ കോമ്പറ്റീഷനിലൂടെ പ്ലേസ്മെന്റ് നേടിയെടുക്കാനും സാഹചര്യമൊരുക്കി. സ്റ്റേറ്റ് പ്ലേസ്മെന്റ് സെല്ലിനുകീഴിൽ 2023-24 വർഷത്തെ ഫൈനൽ ഇയർ സ്റ്റുഡന്റ്സിനുവേണ്ടി 16 സ്റ്റേറ്റ് ലെവൽ പ്ലേസ്മെന്റ് ഡ്രൈവുകൾ സംഘടിപ്പിച്ചു.

(സി) സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽനിന്നും 2023-24 വർഷത്തിൽ എത്ര വിദ്യാർഥികൾക്ക് പ്ലേസ്മെന്റ് ലഭിച്ചുവെന്ന് ജില്ല, കോളേജ് എന്നിവ തിരിച്ച് വിശദമാക്കാമോ?

പോളിടെക്നിക് കോളേജുകളിൽ 2023-24 വർഷം വിദ്യാർഥികൾക്ക് ലഭിച്ച പ്ലേസ്മെന്റിന്റെ ജില്ല തിരിച്ച കണക്ക് അനുബന്ധമായി ചേർക്കുന്നു.+

**കൊടുങ്ങല്ലൂരിൽ പുതിയ പോളിടെക്നിക്**

149(1778) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ ടി.എച്ച്.എസ്. കോമ്പൗണ്ടിൽ പുതിയ പോളിടെക്നിക് അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**പോളിടെക്നിക്കുകൾ**

150(1779) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

01-06-1991 മുതൽ 31-05-2024 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ്/സ്വകാര്യ മേഖലകളിൽ അനുവദിച്ച

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പോളിടെക്നിക്കുകളുടെയും ഗവൺമെന്റ് പോളിടെക്നിക്കുകളിൽ പുതുതായി അനുവദിച്ച വിവിധ കോഴ്സുകൾ/പ്രോഗ്രാമുകൾ/ബ്രാഞ്ചുകൾ എന്നിവയുടെയും വിശദാംശങ്ങൾ, അനുവദിച്ച വർഷം, മാസം എന്നിങ്ങനെ തരംതിരിച്ച് ജില്ല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ സർക്കാർ മേഖലയിൽ 46-ഉം എയ്ഡഡ് മേഖലയിൽ 6-ഉം സർക്കാർ കോസ്റ്റ് ഷെയറിംഗ് മേഖലയിൽ 12-ഉം സ്വകാര്യ സ്വാശ്രയ മേഖലയിൽ 41-ഉം ഉൾപ്പെടെ ആകെ 105 സ്ഥാപനങ്ങളിൽ പോളിടെക്നിക് ഡിപ്ലോമ കോഴ്സുകൾ നടത്തിവരുന്നുണ്ട്. സർക്കാർ എയ്ഡഡ് പോളിടെക്നിക് കോളേജുകൾ എല്ലാം തന്നെ 1991-ന് മുമ്പ് പ്രവർത്തനം ആരംഭിച്ചവയാണ്. 1991 മുതൽ ആരംഭിച്ച സർക്കാർ പോളിടെക്നിക് കോളേജുകളുടെ വിവരം അനുബന്ധം I-ൽ ഉള്ളടക്കം ചെയ്യുന്നു.+ 1991 മുതൽ ആരംഭിച്ച സർക്കാർ കോസ്റ്റ് ഷെയറിംഗ് സ്ഥാപനങ്ങളുടെ വിവരം അനുബന്ധം II-ൽ ഉള്ളടക്കം ചെയ്യുന്നു.+ സംസ്ഥാനത്ത് സ്വകാര്യ സ്വാശ്രയ മേഖലയിൽ പോളിടെക്നിക് കോളേജുകൾ ആരംഭിച്ചത് 1994 മുതലാണ്. സ്വാശ്രയ മേഖലയിലുള്ള 41

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോളേജുകളുടെ പേരുവിവരം അനുബന്ധം III+ആയി ചേർക്കുന്നു. അവയിൽ 25 കോളേജുകൾ ആരംഭിച്ച വർഷം ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2021-22 അക്കാദമിക വർഷം മുതൽ സർക്കാർ പോളിടെക്നിക് കോളേജുകളിൽ പുതിയതായി ആരംഭിച്ച പോളിടെക്നിക് ഡിപ്ലോമ കോഴ്സുകളുടെ വിവരം അനുബന്ധം IV-ൽ ഉള്ളടക്കം ചെയ്യുന്നു.+

**മഞ്ചേശ്വരം താലൂക്കിൽ പോളിടെക്നിക്**

151(1780) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ പുതിയ പോളിടെക്നിക് ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) പ്രസ്തുത പോളിടെക്നിക് ഈ വർഷം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇപ്പോൾ പരിഗണനയിലില്ല.

## മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്

152(1781) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിലേക്ക് കുടിവെള്ളവും വൈദ്യുതിയും ലഭിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

മഞ്ചേരി സർക്കാർ പോളിടെക്നിക് കോളേജിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി മഞ്ചേരി ടെക്നിക്കൽ ഹൈസ്കൂളിലെ ക്വാർട്ടേഴ്സ് വളപ്പിലെ കിണർ പോളിടെക്നിക് കോളേജിലെ ആവശ്യത്തിനായി വിട്ടുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത കോളേജിൽ വൈദ്യുതി ലഭ്യമാക്കുന്നതിനായി ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിന് 7,14,921/- (ഏഴ് ലക്ഷത്തി പതിനാലായിരത്തി തൊള്ളായിരത്തി ഇരുപത്തിയൊന്ന്) രൂപയുടെ ഭരണാനുമതി തുക സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ പൂൾഡ് പി.ഡി. ഫണ്ടിൽനിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചുവരുന്നു.

**കോട്ടക്കൽ വനിതാ ഗവൺമെന്റ് പോളിടെക്നിക് കോളേജ്**

153(1782) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട എടരിക്കോട് പഞ്ചായത്തിലെ ഗവൺമെന്റ് വനിതാ പോളിടെക്നിക് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണങ്ങൾ സഹിതം വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടും പ്രവൃത്തി നടക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത പ്രവൃത്തിയിൽ ഇനി എന്തെങ്കിലും നടപടികൾ പൂർത്തീകരിക്കാനുണ്ടോയെന്ന് വിശദമാക്കാമോ?

(എ&ബി) കോട്ടക്കൽ ഗവൺമെന്റ് വനിതാ പോളിടെക്നിക് കോളേജിൽ മൂന്ന് നിലകളിലുള്ള ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിലേക്കായി അഗ്നിസുരക്ഷാ സംവിധാനം, റാമ്പ് എന്നിവ ഉൾപ്പെടുത്തി 3,19,00,000/- രൂപയുടെ ഭരണാനുമതി

4202-02-104-99 എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ടെൻഡർ നടപടികൾ പൂർത്തിയാകാതെ വരികയും ഭരണാനുമതി കാലയളവിനുള്ളിൽ പൊതുമരാമത്ത് വകുപ്പിന് പണി ആരംഭിക്കാൻ സാധിക്കാതെയും വന്നതിനാൽ പ്രസ്തുത ഭരണാനുമതി കാലഹരണപ്പെട്ടതിനെതുടർന്ന് പുതുക്കിയ ഭരണാനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചതിൻപ്രകാരം 3,19,00,000/- രൂപയുടെ പുതുക്കിയ ഭരണാനുമതി കെൽ എന്ന സ്ഥാപനത്തിനെ ഏൽപ്പിച്ചുകൊണ്ട് ഉത്തരവായി. ടി ഭരണാനുമതിയിലെ ശീർഷകത്തിൽനിന്നും പോളിടെക്നിക്കുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ മറ്റ് ഏജൻസികൾ മുഖാന്തരം നടപ്പാക്കുന്നതിനായുള്ള ശീർഷകമായ 2202-02-104-89-Polytechnics Infrastructure Works assigned to other agencies എന്നാക്കി വീണ്ടും ഭരണാനുമതി ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിൽ പുതിയ ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ കെട്ടിട സമുച്ചയം പണിയുന്നതിലേക്കായി M/s. KEL-ൽ നിന്നും ലഭിച്ച

പ്രൊപ്പോസൽ പ്രകാരം ഇലക്ട്രോണിക്സ് ബ്ലോക്കിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തിക്കായി 3,19,00,000/- രൂപയുടെ എസ്റ്റിമേറ്റും (കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി), രണ്ടാം ഘട്ടത്തിനായി 2,60,00,000/- ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് (includes construction the building, Water supply, sump, sanitary works, Rainwater Harvesting) ആണ് സർക്കാരിൽ സമർപ്പിച്ചിരുന്നത്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പ്രോജക്റ്റിന്റെ ഒന്നാം ഘട്ടം, രണ്ടാം ഘട്ടം എന്നിവയുടെ നിർമ്മാണ പ്രവൃത്തി നടത്തുന്നതിനുള്ള പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ന്യൂനത പരിഹരിച്ച് ലഭ്യമാക്കുന്നതിനും മുഴുവൻ പ്രോജക്ടും ഏറ്റെടുക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസികളിൽനിന്ന് മത്സര ഓഫറുകൾ നേടുന്നതിന് നടപടി ആരംഭിക്കാനും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രൊപ്പോസലിൽ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ M/s.KEL-നോട് നിർദേശിക്കുന്നതിനോടൊപ്പം സർക്കാർ

അംഗീകൃത ഏജൻസികളായ കിറ്റ്കോ, പി.ഡബ്ല്യു.ഡി. എന്നിവയോടും നിർദേശിച്ചിരുന്നു. എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി പുതുക്കി നൽകാൻ കഴിയുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

കിറ്റ്കോ, പി.ഡബ്ല്യു.ഡി., കെൽ എന്നീ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന എസ്റ്റിമേറ്റ് പരിശോധിച്ച് പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നമുറയ്ക്ക് പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

**കുറ്റിപ്പുറത്ത് പോളിടെക്നിക് കോളേജ്**

154(1783) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് പോളിടെക്നിക് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് നൽകിയ പ്രൊപ്പോസലിന്മേൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കുറ്റിപ്പുറത്ത് പുതിയ പോളിടെക്നിക് കോളേജ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ എ.ഐ.സി.ടി.ഇ.-ലേക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കുറ്റിപ്പുറം സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ കോമ്പൗണ്ടിൽ പുതിയ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാർ മുമ്പാകെ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു. പ്രസ്തുത പ്രൊപ്പോസൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

**പെൻഷൻ അനുവദിക്കുന്നതിന് നടപടി**

155(1784) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ടി.കെ.എം. എഞ്ചിനീയറിങ് കോളേജിൽ അധ്യാപകനായി ജോലി ചെയ്തിരുന്ന സെയിദ് അബൂബക്കർ പൂക്കോയ തങ്ങൾക്ക് പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ

ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടേറ്റിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് സർക്കാരിലേക്ക് അയച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം ടി.കെ.എം. എഞ്ചിനീയറിങ് കോളേജിൽ അധ്യാപകനായി ജോലി ചെയ്തിരുന്ന സെയിദ് അബൂബക്കർ പൂക്കോയ തങ്ങൾ ശൂന്യവേതനാവധിക്കുശേഷം തിരികെ ജോലിയിൽ പ്രവേശിക്കാത്ത സാഹചര്യത്തിൽ 01-03-1979 പ്രാബല്യത്തിൽ 12-01-1987-ലെ ചെയർമാൻ ഗവേർണിങ് ബോഡിയുടെ E2-4240/84 നമ്പർ നടപടിക്രമം പ്രകാരം സേവനത്തിൽനിന്നും നീക്കം ചെയ്തു. ടിയാന്റെ സേവന കാലാവധി 11-09-1968 മുതൽ 01-03-1979 വരെ ആയതിനാലും സേവന കാലാവധി കഴിഞ്ഞ് 43 വർഷം ആയതിനാലും ടി കാലയളവിലെ രേഖകൾ പലതും വീണ്ടെടുക്കാൻ പറ്റാത്ത വിധം നഷ്ടപ്പെട്ടതിനാലും

നിരന്തരം ശ്രമിച്ചിട്ടും ടിയാനെ സേവനത്തിൽനിന്നും നീക്കം ചെയ്യാനുണ്ടായ സാഹചര്യത്തെക്കുറിച്ചോ ടിയാനെതിരായുള്ള അച്ചടക്ക നടപടികളെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ലഭ്യമല്ലെന്നും കൂടാതെ ടിയാനെ സർവീസിൽനിന്നും നീക്കം ചെയ്തതിനാൽ പെൻഷൻ നടപടികൾ ആരംഭിച്ചിട്ടില്ലെന്നും പ്രിൻസിപ്പാൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടേറ്റിലെ ഫയലിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

സെയിദ് അബൂബക്കർ പൂക്കോയ തങ്ങൾക്കെതിരായ റവന്യൂ റിക്കവറി ഒഴിവാക്കണമെന്ന നിവേദനത്തിൽ ടിയാൻ തിരൂർ താലൂക്ക് ഓഫീസ് മുഖേന അടവാക്കിയിട്ടുള്ള 14,000/- രൂപ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പേരിലുള്ള ട്രഷറി ബാങ്ക് അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോട് സർക്കാർ നിർദേശിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

156(1785) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിൽ ചോർച്ച തടയാനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതായി 01-03-2024-ന് നിർവഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് അറിയിച്ചതിനെത്തുടർന്ന് മ്യൂസിയം സാങ്കേതിക സമിതി 07-03-2024-ന് സ്ഥലം സന്ദർശിക്കുകയും അവരുടെ പരിശോധനയിൽ ചോർച്ച വീണ്ടും വ്യക്തമായി കണ്ടതിനാൽ പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് സ്ഥിരീകരിക്കുകയും ചെയ്തു. ചോർച്ച പരിഹരിക്കുന്നതിനായുള്ള സാങ്കേതികവിദ്യകൾ സംബന്ധിച്ച് അഭിപ്രായം അറിയിക്കാൻ സാങ്കേതിക സമിതിയോട്

ആവശ്യപ്പെട്ടിട്ടുണ്ട്. ചോർച്ചയുടെ നിലവിലെ സ്ഥിതി ചീഫ് ടെക്നിക്കൽ എക്സാമിനറെയും അറിയിച്ചിട്ടുണ്ട്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നേരിട്ടുള്ള പരിശോധനയ്ക്കുശേഷം ലഭ്യമാകുന്ന നിർദേശംകൂടി കണക്കിലെടുത്ത് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത ചോർച്ച പരിഹരിച്ച് പ്ലാനറ്റേറിയം എന്നത്തേക്ക് പൊതുജനങ്ങൾക്ക് തുറന്നുനൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ചോർച്ച പരിഹരിച്ച്, പ്ലാനറ്റേറിയം സീറ്റിംഗ് സ്ട്രക്ചർ, സെർവ്വർ റൂം, എയർ കണ്ടീഷനിംഗ്, കാർപറ്റ്, സീറ്റ് എന്നിവ പൂർത്തിയാക്കിയശേഷം പ്രൊജക്ഷൻ സിസ്റ്റം ഘടിപ്പിച്ച് പ്ലാനറ്റേറിയം പ്രവർത്തന സജ്ജമാക്കിയാവും പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്നത്. ഇതിനുള്ള അനുബന്ധ പ്രവൃത്തികൾ സമാന്തരമായി നടപ്പാക്കുന്നുണ്ട്.

**കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലമെടുപ്പ് നടപടികൾ**

157(1786) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ 09-11-2023-ലെ ജെ2/62/2023 നമ്പർ കത്തിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) സ്ട്രക്ചർ ആൻഡ് അഗ്രികൾച്ചറൽ വാല്യൂ എന്നാൽ എന്താണ്; ഇതുകൂടി പ്രസ്തുത സ്ഥലത്തിന്റെ വിലനിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്ട്രക്ചർ ആൻഡ് അഗ്രികൾച്ചറൽ വാല്യൂ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഇതുസംബന്ധിച്ച് ഈ സാമ്പത്തിക വർഷം പ്രസ്തുത സ്ഥലം ഏറ്റെടുക്കലിന് വേണ്ടിവരുന്ന തുകകൂടി കണക്കാക്കി ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഇ) പ്രസ്തുത സ്ഥലം ഏറ്റെടുക്കലിന് ആവശ്യമായ ഫണ്ട് അർത്ഥനാധികാരി റവന്യൂ വകുപ്പിന് കൈമാറാനുള്ള കാലതാമസത്തിന് കാരണം എന്താണെന്നും കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

(ബി-ഇ) സ്ട്രക്ചർ ആൻഡ് അഗ്രികൾച്ചറൽ വാല്യൂ എന്നാൽ ഏറ്റെടുക്കുന്ന സ്ഥലത്ത് ഏതെങ്കിലും കെട്ടിടങ്ങളോ മരങ്ങളോ കൃഷികളോ ഉണ്ടെങ്കിൽ ആയതിന്റെ വില കൂടി ഉൾപ്പെട്ടതാണ്. സ്ട്രക്ചർ ആൻഡ് അഗ്രികൾച്ചറൽ വാല്യൂ കൂടി ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി ബന്ധപ്പെട്ട ശീർഷകം, പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക, ടി ശീർഷകത്തിൽ അവശേഷിക്കുന്ന തുക എന്നിവ ഉൾപ്പെടുത്തി പ്രൊപ്പോസൽ ലഭ്യമാക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**കെ.ജി.റ്റി.ഇ.-യിൽ ഡി.സി.എ. കോഴ്സ്**

158(1787) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.റ്റി.ഇ. കൊമേഴ്സ് പരീക്ഷയിൽ പുതിയ വിഷയമായി ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ.) ഉൾപ്പെടുത്തണമെന്ന അപേക്ഷയിൽ (10740/എച്ച്.ഇഡിഎൻ./2023/എം (എച്ച്.ഇഡിഎൻ.& എസ്.ജെ) തീയതി 09-11-2023) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ച് (SITTTR)-ന് 03-01-202-ലെ C4/48343/23/DTE നമ്പർ കത്ത് പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നിർദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിങ് & റിസർച്ച്, കളമശ്ശേരി എസ്.ഐ.റ്റി.റ്റി.റ്റി.ആർ. എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി സാങ്കേതിക

വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 03-01-2024-ലെ C4/48343/23/DTE നമ്പർ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത വിഷയത്തിൽ എസ്.ഐ.റ്റി.റ്റി.റ്റി.ആർ. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇല്ല.

(ഡി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് കുറഞ്ഞ ചെലവിൽ ഡി.സി.എ. സർട്ടിഫിക്കറ്റ് ലഭിക്കാൻ സാഹചര്യമൊരുക്കുന്നവിധം കെ.ജി.റ്റി.ഇ. പരീക്ഷയിൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സുകൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

+

സർക്കാർ പോളിടെക്നിക് കോളേജുകളിൽ കൊമേഴ്സ്യൽ പ്രാക്ടീസ് പ്രോഗ്രാം, സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് സെക്രട്ടേറിയൽ പ്രാക്ടീസ് പ്രോഗ്രാം എന്നീ കോഴ്സുകൾ നടത്തുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ ഫീസ് ഇളവോടുകൂടിയും വിദ്യാഭ്യാസ ധനസഹായത്തോടുകൂടിയുമാണ് വിദ്യാർത്ഥികൾ പഠിച്ചുവരുന്നത്. സർക്കാർ നിയന്ത്രണത്തിലുള്ള എൽ.ബി.എസ്., റ്റൂഡോണിക്സ്, സി-ഡാക്, കെൽട്രോൺ, IHRD തുടങ്ങിയ നിരവധി സ്ഥാപനങ്ങളിൽ സർക്കാർ അംഗീകൃത DCA കോഴ്സ് കുറഞ്ഞ ചിലവിൽ നടത്തിവരുന്നു. കെ.ജി.ടി.ഇ. (കൊമേഴ്സ്) പരീക്ഷകളിൽ പുതിയ വിഷയമായി ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (DCA) സർട്ടിഫിക്കറ്റ് കോഴ്സുകൂടി ഉൾപ്പെടുത്തുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) പ്രസ്തുത വിഷയത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇല്ല.

## നാലുവർഷ ബിരുദ കോഴ്സുകൾ

159(1788) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

2024-25 അക്കാദമിക വർഷം മുതൽ കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, കണ്ണൂർ, കുസാറ്റ്, ശ്രീനാരായണ ഓപ്പൺ സർവകലാശാല എന്നീ സർവകലാശാലകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) യു.ജി.സി. മാനദണ്ഡങ്ങൾ പലതും ഒഴിവാക്കിയതും ഏകീകൃത സ്വഭാവമില്ലാത്തതും പ്രസ്തുത കോഴ്സുകളുടെ പഠന രീതിയെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

യു.ജി.സി. മുന്നോട്ടുവച്ചിട്ടുള്ള Curriculum & Credit Framework for Undergraduate Programmes (December 2022)-നെ പിൻതുടർന്നാണ് സംസ്ഥാനത്ത് നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ ഘടന ചിട്ടപ്പെടുത്തിയിട്ടുള്ളത്. യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള എല്ലാ അക്കാദമിക മാർഗനിർദേശങ്ങളും പാലിച്ചിട്ടുണ്ട്.

(സി) നാലുവർഷ ബിരുദ കോഴ്സുകളുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കുമ്പോൾ നിലവിലുള്ള അധ്യാപകരുടെയും ജീവനക്കാരുടെയും മുഴുവൻ ജോലിഭാരം സംരക്ഷിക്കുന്ന രീതിയിലാണ് നാലുവർഷ കരിക്കുലം ചട്ടക്കൂട് ചിട്ടപ്പെടുത്തിയിട്ടുള്ളത്. നാലാം വർഷം അധികമായി വരുന്നത് പ്രധാനമായും റിസർച്ച് പ്രോജക്റ്റ്, ഇന്റേൺഷിപ്പ്, വൊക്കേഷണൽ/സ്കിൽ കോഴ്സുകൾ എന്നിവയാണ്. ഇത് നിലവിലുള്ള വർക്ക്‌ലോഡും പശ്ചാത്തല സൗകര്യവും പ്രയോജനപ്പെടുത്തി നടപ്പാക്കാവുന്നതാണ്. നാലുവർഷ ബിരുദം നടപ്പാക്കുന്ന സമയത്ത്

സർവകലാശാലകളിൽനിന്നും അഫിലിയേറ്റഡ് കോളേജുകളിൽനിന്നും ഉയർന്നുവരുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും സർവകലാശാലകളിലെ അക്കാദമിക് പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ അംഗീകരിച്ച് ഏകീകൃത അക്കാദമിക് കലണ്ടറിനനുസൃതമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സംസ്ഥാന തലത്തിൽ ഒരു മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**സർവകലാശാല നിയമനങ്ങളിലെ ക്രമക്കേടുകൾ**

160(1789) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ സർവകലാശാല വൈസ് ചാൻസലറായി ഡോ. ഗോപിനാഥ് രവീന്ദ്രന് നിയമനം നൽകിയതുൾപ്പെടെ ഉന്നത വിദ്യാഭ്യാസ

വകുപ്പിനുകീഴിലെ വിവിധ സർവകലാശാലകളിലെ നിയമനങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിവിധ കോടതികളിലെ നിയമ നടപടികൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

മഹാത്മാഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട്സിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനവുമായി (WPC 1861/2020) ബന്ധപ്പെട്ട് കോടതി ഇടപെടലുണ്ടാവുകയും ആയതിൽ കോടതി വിധിന്യായം സർവകലാശാല പാലിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ ഹർജിയിൽ അഡ്വക്കേറ്റ് ഫീസിനത്തിൽ താഴെപ്പറയുന്ന തുക സർവകലാശാല ചെലവാക്കിയിട്ടുണ്ട് :

1. അഡ്വ. അശോക് എം. ചെറിയാൻ – 5,250/- രൂപ

2. അഡ്വ. സുരിൻ ജോർജ് ഐപ്പ് - 4,700/- രൂപ

3. അഡ്വ. സാക്ഷി കക്കാർ – 50,000/- രൂപ

കാലിക്കറ്റ് സർവകലാശാലയിലെ വൈസ് ചാൻസലറായ ഡോ. എം. കെ. ജയരാജിന്റെ നിയമനവുമായി ബന്ധപ്പെട്ട് വിവിധ

വ്യവഹാരങ്ങളോടനുബന്ധിച്ച് ടിയാന് വരുന്ന ചെലവുകൾ വഹിക്കുന്നതിനും ആയത് ബില്ലുകൾ സമർപ്പിക്കുന്നമുറയ്ക്ക് റീ-ഇമ്പേഴ്സ് ചെയ്തുനൽകുന്നതിനും സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനമാവുകയും (vide Item No. 2024.403 on 16-03-2024) പ്രസ്തുത സിൻഡിക്കേറ്റ് യോഗ തീരുമാനം 06-04-2024-ലെ സർവകലാശാല ഉത്തരവ് നം. 6041/2024/Admn പ്രകാരം സർവകലാശാലയിൽ നടപ്പിൽവരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം വക്കീൽ ഫീസിനത്തിൽ നാളിതുവരെ ₹4,25,000/- (നാല് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

കണ്ണൂർ സർവകലാശാല വൈസ് ചാൻസലറായി ഡോ. ഗോപിനാഥ് രവീന്ദ്രന് നിയമനം നൽകിയതുൾപ്പെടെ പ്രസ്തുത കാലയളവിൽ സർവകലാശാലയിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട് വിവിധ കോടതികളിലെ നിയമ നടപടികൾക്കായി സർവകലാശാല ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം 1+ആയി ചേർത്തിരിക്കുന്നു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ഡോ. കെ എൻ. മധുസൂദനനെ വൈസ് ചാൻസലറായി നിയമിച്ചതുമായി ബന്ധപ്പെട്ടുള്ള നിയമ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾക്കായി നാളിതുവരെ 77,500/- രൂപ സർവകലാശാല ചെലവഴിച്ചിട്ടുണ്ട്. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലാ വൈസ് ചാൻസലറായിരുന്ന ഡോ. അനിൽകുമാർ വി., ചാൻസലർക്കെതിരെ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 33824/2022, 35030/2022 നമ്പർ റിട്ട് പെറ്റീഷനുകളിൽ കേസ് വാദിച്ച അഡ്വ. രഘുരാജിന് വക്കീൽ ഫീ ഇനത്തിൽ ഒരു ലക്ഷം രൂപ നൽകിയിട്ടുണ്ട്. ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ വൈസ് ചാൻസലറുടെ നിയമനവുമായി ബന്ധപ്പെട്ട് കോടതി നടപടികൾക്കായി 53,000/- രൂപ നൽകിയിട്ടുണ്ട്.

കണ്ണൂർ സർവകലാശാല വൈസ് ചാൻസലറായി ഡോ. ഗോപിനാഥ് രവീന്ദ്രന് നിയമനം നൽകിയതുൾപ്പെടെ ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലെ വിവിധ സർവകലാശാലകളിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട് സുപ്രീംകോടതി മുമ്പാകെ നിയമനടപടികൾക്കായി നാളിതുവരെ അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽനിന്ന് സീനിയർ അഭിഭാഷകർക്ക് ഫീസിനത്തിൽ അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2[+]ആയി ചേർത്തിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ സർവകലാശാലകൾ**

161(1790) ശ്രീ. വി. ജോയി:
ശ്രീ. എച്ച്. സലാം:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ സർവകലാശാലകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) ഉപരിപഠനാർത്ഥം വിദേശത്തേക്ക് പോകുന്ന വിദ്യാർഥികളെ ആകർഷിക്കുന്നതിന് ഇത്തരം സർവകലാശാലകൾ ഉപകാരപ്പെടുമോ; വിശദാംശം വ്യക്തമാക്കാമോ;

(സി) സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്നത് വിദേശ രാജ്യങ്ങളിൽനിന്നും കൂടുതൽ വിദ്യാർഥികളെ ആകർഷിക്കുന്നതിന് സഹായിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) ഉപരിപഠനാർത്ഥം വിദേശത്തേക്ക് പോകുന്ന വിദ്യാർഥികളെയും വിദേശ രാജ്യങ്ങളിൽനിന്നുമുള്ള വിദ്യാർഥികളെയും ആകർഷിക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ സജ്ജമാക്കിയിട്ടുണ്ട്. ഇത്തരം സർവകലാശാലകളും സഹായകരമാകുമെന്ന് കരുതുന്നു.

**കോളേജുകളിലെ റാഗിങ് തടയാൻ നടപടി**

162(1791) ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ ക്രൂരമായ റാഗിങിന് വിധേയമായി വിദ്യാർഥികൾ ജീവനൊടുക്കിയ സംഭവങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) കോളേജുകളിൽ റാഗിങിനായി ഇടിമുറികൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കോളേജുകളിൽ റാഗിങ് തടയാനും ഇടിമുറികൾ ഇല്ലാതാക്കാനും അതിക്രമങ്ങൾ തടയാനും കാര്യക്ഷമമായ ഇടപെടൽ നടത്തുമോ; വിശദമാക്കാമോ?

(എ-സി) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിങ്, മറ്റ് അതിക്രമങ്ങൾ തുടങ്ങിയവ തടയുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ എല്ലാ സ്ഥാപനങ്ങളിലും നടത്തുന്നുണ്ട്. ഇത്തരം പ്രവർത്തികൾ ഇല്ലാതാക്കുന്നതിലേക്കായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റാഗിങ് തടയുന്നതുമായി ബന്ധപ്പെട്ട് യു.ജി.സി. നിർദേശപ്രകാരമുള്ള ആന്റി റാഗിങ് കമ്മിറ്റി, ആന്റി റാഗിങ് സ്ക്വാഡ്, ആന്റി റാഗിങ് മോണിറ്ററിങ് സെൽ എന്നിവ സർവകലാശാലകളിൽ രൂപീകരിച്ചിട്ടുണ്ട്. എല്ലാ കോളേജ് ക്യാമ്പസുകളുടെയും വിവിധ ഭാഗങ്ങളിലായി റാഗിങ് നിരോധിച്ചുകൊണ്ടുള്ള അറിയിപ്പും റാഗിങ് നടത്തുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷാ നടപടികളെക്കുറിച്ചുള്ള അറിയിപ്പും പ്രദർശിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, റാഗിങിന് വിധേയമാകുകയോ റാഗിങ് നടന്നതായി ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ വിദ്യാർഥികൾക്ക് പരാതി അറിയിക്കുന്നതിനുള്ള ഉദ്യോഗസ്ഥന്റെ

വിശദാംശങ്ങളും ഫോൺ നമ്പരും കോളേജുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. പരാതി നൽകുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താതെതന്നെ അജ്ഞാത പരാതികൾ രജിസ്റ്റർ ചെയ്യാനും അവസരം ഒരുക്കിയിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന പരാതികളിൽ അടിയന്തരമായി തന്നെ നടപടികൾ സ്വീകരിക്കുന്നുണ്ട്. കോളേജുകളിൽ ആന്റി റാഗിങ് കമ്മിറ്റികളും റാഗിങ് തടയുന്നതിനുള്ള സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. പല കോളേജുകളിലും റാഗിങ് വിരുദ്ധ പ്രവർത്തനങ്ങൾക്ക് എൻ.എസ്.എസ്.-ന്റെ സജീവമായ പങ്കാളിത്തമുണ്ട്. കൂടാതെ, കോളേജുകളിൽ പ്രവേശനം നേടുന്ന അവസരത്തിൽ എല്ലാ വിദ്യാർത്ഥികളെയുംകൊണ്ട് റാഗിങ് വിരുദ്ധ പ്രതിജ്ഞയെടുപ്പിക്കുകയും വിദ്യാർത്ഥികളെയും രക്ഷിതാക്കളെയുംകൊണ്ട് ആന്റി റാഗിങ് അണ്ടർടേക്കിങ്ങിൽ ഒപ്പ് വയ്പിക്കുകയും ചെയ്യുന്നുണ്ട്. കോളേജുകളിൽ റാഗിങ് വിരുദ്ധ ദിനം സംഘടിപ്പിക്കുകയും റാഗിങ്ങിനെതിരായ ബോധവൽക്കരണ സന്ദേശം നൽകുകയും പുതിയ വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ/ഇൻഡക്ഷൻ പോഗ്രാമുകളും നടത്തുന്നുണ്ട്.

എഞ്ചിനീയറിങ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും ആന്റി റാഗിങ് സെൽ, Students Grievance Redressal Cell, SC/ST സെല്ലുകൾ മുതലായവ AICTE-യുടെ നിർദേശപ്രകാരം രൂപീകരിച്ചിട്ടുണ്ട്. വിദ്യാർഥികൾക്ക് നിർഭയമായി പരാതി ബോധിപ്പിക്കാനുള്ള സൗകര്യം സ്ഥാപനങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്.

**നാലുവർഷ ബിരുദ കോഴ്സുകൾ**

163(1792) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സർവകലാശാലകളിലാണ് നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനായി തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ?

2024-25 അക്കാദമിക വർഷം മുതൽ കേരള, എം.ജി., കാലിക്കറ്റ്, ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, കണ്ണൂർ, കുസാറ്റ്,

ശ്രീനാരായണ ഓപ്പൺ സർവകലാശാലകളിൽ നാലുവർഷ ബിരുദ കോഴ്സ് ആരംഭിക്കുന്നുണ്ട്.

(ബി) നിലവിലെ ഓട്ടോണമസ് കോളേജുകളിൽ നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഓട്ടോണമസ് കോളേജുകളിൽ നാല് വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിന് അക്കാദമിക തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നാലുവർഷ ബിരുദ കോഴ്സുകൾ**

164(1793) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-2025 അക്കാദമിക വർഷത്തോടെ സംസ്ഥാനത്ത് നാലുവർഷ ബിരുദ കോഴ്സുകൾ യൂണിവേഴ്സിറ്റികളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

2024-25 അക്കാദമിക വർഷം മുതൽ കേരള, എം.ജി., കോഴിക്കോട്, ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, കണ്ണൂർ, കുസാറ്റ്, ശ്രീനാരായണ ഓപ്പൺ സർവകലാശാലകളിൽ നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഇതുവഴി ഉന്നതവിദ്യാഭ്യാസ രംഗത്ത് എന്തൊക്കെ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ പരിഷ്കരണ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ചുവടുവയ്പാണ് നാലുവർഷ ബിരുദ പ്രോഗ്രാം. ഉന്നത വിദ്യാഭ്യാസത്തിൽ വിദ്യാർഥികൾക്ക് സ്വതന്ത്രമായി മുന്നേറാനുള്ള അവസരമാണ് ഇത് മുന്നോട്ടുവയ്ക്കുന്നത്. ഓരോ പ്രോഗ്രാമിലൂടെയും കോഴ്സുകളിലൂടെയും വിദ്യാർഥികൾ ആർജ്ജിക്കേണ്ട ജ്ഞാനം, നൈപുണി, അഭിരുചി (knowledge, skill, aptitude) എന്നിവ ഉറപ്പുവരുത്തുക എന്നതിനാണ് പ്രാധാന്യം. വിദ്യാർഥികളുടെ പശ്ചാത്തലവും അഭിരുചിയും കണക്കിലെടുത്ത് ആവശ്യമായ പഠനരീതികൾ അവലംബിക്കാൻ

അധ്യാപകർക്കും വിദ്യാർഥികൾക്കും സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നു. ക്ലാസ് മുറിക്കും ലാബിനും പുറമേ, ഫീൽഡ് വിസിറ്റ്, ഇൻഡസ്ട്രിയൽ വിസിറ്റ്, അഭിമുഖങ്ങൾ, ഗ്രൂപ്പ് ഡിസ്കഷനുകൾ, അവതരണങ്ങൾ, ഡോക്യുമെന്റേഷൻ, വീഡിയോ പ്രസന്റേഷൻ, സെമിനാറുകൾ, ചർച്ചകൾ തുടങ്ങിയ പ്രായോഗിക പരിശീലനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. ശാസ്ത്ര വിഷയങ്ങൾക്ക് മാത്രമല്ല എല്ലാ വിഷയങ്ങൾക്കും പ്രാക്ടിക്കലും നൽകിയിട്ടുണ്ട്. അതത് വിഷയങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പ്രാക്ടിക്കൽ നൽകാൻ അധ്യാപകർക്ക് സ്വാതന്ത്ര്യം നൽകുന്നു. അതുകൊണ്ടുതന്നെ, കേവലം ഘടനാപരമോ സാങ്കേതികമോ ആയ മാറ്റം എന്നതിനപ്പുറത്തേക്ക് ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമൂല പരിഷ്കരണത്തിനായുള്ള സുപ്രധാന ചുവടുവയ്പായാണ് ഇതിനെ കാണേണ്ടത്. പൂർണ്ണമായും വിദ്യാർഥി കേന്ദ്രീകൃതമായ, വിദ്യാർഥികളുടെ താൽപര്യങ്ങൾക്കും അഭിരുചികൾക്കും പ്രാധാന്യം നൽകിയും തങ്ങൾക്ക് താൽപര്യമുള്ള മേഖലകളിൽ കരിയർ കണ്ടെത്താനും വിദ്യാർഥികളെ മികച്ച സാമൂഹിക ജീവികളാക്കി വാർത്തെടുക്കുന്നതിനും ഉതകുന്ന

തരത്തിലുമാണ് നാലുവർഷ ബിരുദ പ്രോഗ്രാം തയ്യാറാക്കിയിരിക്കുന്നത്. നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലവും ക്രെഡിറ്റുകളും നിർവചിച്ചിരിക്കുന്നത് ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ്. വിദേശ സർവകലാശാലകൾ പൊതുവേ പിൻതുടരുന്ന 4 വർഷ ബിരുദ പ്രോഗ്രാമുകൾക്ക് അനുയോജ്യമായിട്ടുള്ള കരിക്കുലം ചട്ടക്കൂടാണ് സംസ്ഥാനത്തെ സർവകലാശാലകളിലും/കോളേജുകളിലും ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഇത് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ പൊതു സ്വീകാര്യത വർധിപ്പിക്കുമെന്ന് കരുതുന്നു. കൂടാതെ, സർവകലാശാല ക്യാമ്പസുകളിൽ ബിരുദപഠനം ആരംഭിക്കുന്നത് ഓണേഴ്സ് വിത്ത് റിസർച്ച് കോഴ്സുകളുടെ മൂല്യം വർധിക്കുന്നതിന് സഹായകമാകുമെന്ന് കരുതുന്നു.

**നാലുവർഷ ബിരുദ കോഴ്സ്**

165(1794) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ പുതുതായി ആരംഭിക്കുന്ന ഫോർ ഇയർ അണ്ടർ ഗ്രാജ്വേറ്റ് പ്രോഗ്രാംസ്, മൂന്നോ നാലോ കോഴ്സുകൾ മാത്രമുള്ള ചെറിയ കോളേജുകളിലെ വിദ്യാർഥികളുടെ വിവിധ വിഷയങ്ങൾ തെരഞ്ഞെടുക്കാനുള്ള അവകാശത്തെ ബാധിക്കുമോ; എങ്കിൽ വിദ്യാർഥികളുടെ അവകാശം സംരക്ഷിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നാല് വർഷ ബിരുദ പ്രോഗ്രാം നടപ്പാക്കുന്നതോടുകൂടി വിദ്യാർഥികൾക്ക് കോഴ്സുകൾ തെരഞ്ഞെടുക്കാനുള്ള വർധിച്ച സ്വാതന്ത്ര്യമാണ് കൈവരുന്നത്. തന്റെ മാതൃഡിപ്പാർട്ട്മെന്റ് കോഴ്സുകൾക്ക് പുറമെ കോളേജിലെ മറ്റ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന കോഴ്സുകൾ, മറ്റ് സർവകലാശാല/കോളേജുകളിലെ കോഴ്സുകൾ, ഓൺലൈൻ കോഴ്സുകൾ എന്നിവ തെരഞ്ഞെടുക്കാനുള്ള അവസരം (ഫ്ലെക്സിബിലിറ്റി) പുതിയ FYUGP കരിക്കുലം പ്രദാനം ചെയ്യുന്നു.

(ബി) മറ്റ് പല വിഷയങ്ങളിലും ബിരുദത്തിന് അനുവദിച്ചിട്ടുള്ള സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ സോഷ്യോളജി പോലുള്ള

വിഷയങ്ങൾ പഠിക്കുവാനുള്ള സൗകര്യങ്ങൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ പ്രമുഖ സർവകലാശാലകളിലും തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിലും സോഷ്യോളജി പി.എച്ച്.ഡി. പഠനവും പി.ജി. പഠനവും നിലവിലുണ്ട്.

(സി) കണ്ണൂർ സർവകലാശാലയുടെ കീഴിലുള്ള ഒരു കോളേജിൽ പോലും സോഷ്യോളജിയിൽ ബിരുദമില്ലാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; കണ്ണൂർ സർവകലാശാലയിൽ സോഷ്യോളജി ബോർഡ് ഓഫ് സ്റ്റഡീസ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എപ്പോഴാണ് നിലവിൽ വന്നതെന്നും പ്രസ്തുത ബോർഡ്, പുതുക്കിയ മാതൃകയിൽ എത്ര പേപ്പറിന്റെ സിലബസ് തയ്യാറാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കോളേജ് പ്രിൻസിപ്പൽമാരിൽനിന്നും സോഷ്യോളജി പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള സർവകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള അപേക്ഷ ലഭിക്കുന്നമുറയ്ക്ക് ഈ വിഷയത്തിൽ സർവകലാശാലയ്ക്ക് തുടർനടപടി

സ്വീകരിക്കാൻ കഴിയുന്നതാണ്. ലഭിക്കുന്ന അപേക്ഷയുടെ യോഗ്യത പരിശോധിച്ച് കോളേജുകളിൽ പരിശോധന നടത്തി സൗകര്യങ്ങൾ വിലയിരുത്തിയശേഷം യോഗ്യമായവ സിൻഡിക്കേറ്റ് അനുമതിയോടുകൂടി സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നതാണ്.

കണ്ണൂർ സർവകലാശാലയിൽ സോഷ്യോളജിക്ക് കംബൈൻഡ് ബോർഡ് ഓഫ് സ്റ്റഡീസ് നിലവിലുണ്ട്. 20-10-2000-ന് കണ്ണൂർ സർവകലാശാലയിൽ ആദ്യമായി ബോർഡ് ഓഫ് സ്റ്റഡീസ് നിലവിൽ വന്നതുമുതൽ സോഷ്യോളജിക്ക് കംബൈൻഡ് ബോർഡ് ഓഫ് സ്റ്റഡീസ് ഉണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി സർവകലാശാല പഠന ബോർഡുകളുടെ നേതൃത്വത്തിൽ പുതുക്കിക്കൊണ്ടിരിക്കുന്ന ബി.എ. സോഷ്യോളജി ഉൾപ്പെടെയുള്ള ബിരുദ പ്രോഗ്രാമുകളുടെ സിലബസുകൾ സൂക്ഷ്മ പരിശോധനയ്ക്കും അംഗീകാരത്തിനുമായി സർവകലാശാലയുടെ പരിഗണനയിലാണ്.

(ഡി) ഉത്തര മലബാറിലെ കോളേജുകളിൽ കോഴ്സുകളുടെ എണ്ണക്കുറവിനും വൈവിധ്യക്കുറവിനും കാരണമെന്താണെന്ന്

വ്യക്തമാക്കാമോ; അതിലേക്കായി സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഹാരനടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

സർവകലാശാലകളോട് അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ പുതിയ കോഴ്സുകൾ/അഡീഷണൽ ബാച്ചുകൾ എന്നിവ ആരംഭിക്കുന്നതിനായി സർവകലാശാല സ്റ്റാറ്റ്യൂട്ട് അനുശാസിക്കുന്ന വ്യവസ്ഥകൾ പ്രകാരം അപേക്ഷകൾ ലഭിച്ചാൽ മാത്രമേ ഉചിതമായ നടപടികൾ സ്വീകരിക്കാൻ കഴിയൂ. അപേക്ഷകൾ ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) നിലവിലുള്ള സോഷ്യോളജി കോളേജ് അധ്യാപക ലിസ്റ്റിൽനിന്ന് എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ (സോഷ്യോളജി) (കാറ്റഗറി നമ്പർ 300/2019) തസ്തികയുടെ നിലവിലെ റാങ്ക് പട്ടികയിൽനിന്നും നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

(എഫ്) നാലുവർഷ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം പൂർത്തിയാക്കുന്ന വിദ്യാർഥിക്ക് പി.ജി. പഠിക്കാതെ നേരിട്ട് ഗവേഷണ

ബിരുദം ചെയ്യാനുള്ള സൗകര്യം പുതിയ പദ്ധതി വിഭാവന ചെയ്യുന്നുണ്ടോ; എങ്കിൽ പല കോളേജുകളിലും പ്രത്യേകിച്ച് കണ്ണൂർ സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ മതിയായ സെന്ററുകൾ ലഭ്യമല്ലാത്തതിനാൽ വിദ്യാർഥികൾക്ക് പ്രസ്തുത പദ്ധതിയുടെ സൗകര്യം ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റിസർച്ച് സെന്ററുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ നാലാം വർഷത്തെ optional പാത്ത് വേ ഓണേഴ്സ് വിത്ത് റിസർച്ച് യു.ജി.സി മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ നാല് വർഷ ബിരുദം പൂർത്തിയാക്കുന്നവർക്ക് നേരിട്ട് നിബന്ധനകൾക്ക് വിധേയമായി പിഎച്ച്.ഡി.-ക്ക് ചേരാവുന്നതാണ്. യു.ജി.സി. റെഗുലേഷന് അനുസൃതമായി സർവകലാശാലകൾക്ക് കോളേജുകളിലെ ഡിപ്പാർട്ട്മെന്റുകളെ ഗവേഷണ കേന്ദ്രങ്ങളായി അംഗീകരിക്കാവുന്നതാണ്.

**കേരള സർവകലാശാലയിലെ അസോസിയേറ്റ് പ്രൊഫസർ നിയമനം**

166(1795) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. എസ്. നസീബിന് യു.ജി.സി. ചട്ടങ്ങൾ മറികടന്ന് അസോസിയേറ്റ് പ്രൊഫസറായി പ്രൊമോഷൻ നൽകാൻ ഐ.ക്യു.എ.സി.(ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ) ശിപാർശ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഡോ. എസ്. നസീബ്, സംസ്കൃത സർവകലാശാലയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവ് യു.ജി.സി. ചട്ടങ്ങൾ അനുസരിച്ച് ഭരണാനുമതിക്ക് വിധേയമായി സി.എ.എസ്. പ്രൊമോഷന് പരിഗണിക്കാമെന്ന് ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (IQAC) ശിപാർശ ചെയ്തിട്ടുണ്ട്. ഹൈക്കോടതിയുടെ 12-04-2024-ലെ WP (C) No. 15526/2024 ഹർജിയിലെ വിധിന്യായം പ്രകാരം ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ റിപ്പോർട്ട് പരിഗണിച്ച് തീരുമാനമെടുക്കാൻ സർവകലാശാലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രൊമോഷൻ നൽകുന്നതിന് പ്രസ്തുത വ്യക്തി സംസ്കൃത സർവകലാശാലയിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവുകൂടി കണക്കിലെടുക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ?

സി.എ.എസ്. പ്രൊമോഷനുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല. എന്നാൽ സംസ്കൃത സർവകലാശാലയിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന 10-06-1997 മുതൽ 30-11-1998 വരെയുള്ള കാലയളവ് കണക്കിലെടുക്കാൻ ഡോ. എസ്. നസീബ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവ് യു.ജി.സി. ചട്ടപ്രകാരം പരിഗണനാർഹമാണോ?

പ്രസ്തുത കാലയളവ് കണക്കിലെടുക്കാവുന്നതാണോ എന്ന വിഷയം സിൻഡിക്കേറ്റിന്റെ ഉപസമിതിയുടെ പരിഗണനയിലാണ്.

(ഡി) പ്രസ്തുത കരാർ നിയമന കാലയളവ് പ്രസ്തുത വ്യക്തിക്ക് അസിസ്റ്റന്റ് പ്രൊഫസറുടെ ഹയർ ഗ്രേഡ് അനുവദിച്ചപ്പോൾ കണക്കിലെടുത്തിരുന്നോ; വ്യക്തമാക്കാമോ?

കണക്കിലെടുത്തിരുന്നില്ല.

**കേരള സർവകലാശാല**

167(1796) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാലയിൽ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിമൂലം പി.എഫ്. ലോൺ, പെൻഷൻ ആനുകൂല്യങ്ങളായ കമ്മ്യൂട്ടേഷൻ, പി.എഫ്., ഡി.സി.ആർ.ജി. എന്നിവ ജീവനക്കാർക്ക് വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നത് ഒഴിവാക്കുന്നതിന് സർവകലാശാല എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

കേരള സർവകലാശാലയിൽ അധ്യാപകർക്കും ജീവനക്കാർക്കും പി.എഫ്. ലോൺ കാലതാമസം കൂടാതെതന്നെ നൽകിവരികയാണ്. കൂടാതെ സർവീസിൽനിന്ന് വിരമിക്കുന്ന അധ്യാപകർക്കും ജീവനക്കാർക്കും ലഭ്യമാക്കേണ്ട പെൻഷൻ ആനുകൂല്യങ്ങൾ, പെൻഷൻ കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. തുടങ്ങിയവയും പി.എഫ്. ക്ലോസ് ചെയ്ത് നൽകുന്നതും

നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കാലതാമസമില്ലാതെതന്നെ നൽകിവരികയാണ്.

(ബി) കേരള സർവകലാശാലയിൽ വിവിധ പഠന വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ തുടക്കത്തിൽ കരാർ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് താൽക്കാലിക നിയമനം നേടിയ അധ്യാപകർ ഇപ്പോഴും അനധികൃതമായി തുടർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള സർവകലാശാല പഠനവകുപ്പുകളിൽ ആവശ്യകതയ്ക്കനുസരിച്ച് 11 മാസ കരാർ വ്യവസ്ഥയിൽ അധ്യാപകർ ജോലി ചെയ്യുന്നുണ്ട്.

(സി) കരാർ വ്യവസ്ഥയിൽ വിവിധ പഠന വകുപ്പുകളിൽ ഇപ്പോൾ ജോലി തുടർന്നുവരുന്ന താൽക്കാലിക അധ്യാപകരുടെ പേരുവിവരങ്ങൾ, ആദ്യമായി സർവകലാശാലയിൽ താൽക്കാലിക നിയമനത്തിലൂടെ ജോലിയിൽ പ്രവേശിച്ച തീയതി, നിലവിലെ കരാർ വ്യവസ്ഥ അവസാനിക്കുന്ന തീയതി, പ്രതിമാസ ശമ്പളം, ഈയിനത്തിൽ

സർവകലാശാലയ്ക്ക് മൊത്തത്തിൽ പ്രതിവർഷം ചെലവാകുന്ന തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) കേരള സർവകലാശാലയിൽ 2019-ന് ശേഷം വിവിധ പഠന വകുപ്പുകളിൽ റെഗുലർ വ്യവസ്ഥയിൽ സ്ഥിര നിയമനം നേടി ഇപ്പോൾ തുടർന്നുവരുന്ന റെഗുലർ അധ്യാപകരുടെ പേരുവിവരങ്ങൾ, ജോലിയിൽ പ്രവേശിച്ച തീയതി എന്നീ വിവരങ്ങൾ പഠനവകുപ്പുകൾ തിരിച്ച് വിശദമാക്കാമോ?

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) കേരള സർവകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്ത് ജീവനക്കാരുടെ പി.എഫ്. ലോൺ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ മുതലായവ യഥാസമയം വിതരണം ചെയ്യുന്നതിലേക്കായി അത്യാവശ്യമല്ലാത്ത താൽക്കാലിക, കരാർ നിയമനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് കർശന സാമ്പത്തിക അച്ചടക്കം പാലിക്കാൻ സർവകലാശാലയ്ക്ക് നിർദേശം നൽകുമോ; വ്യക്തമാക്കുമോ?

കേരള സർവകലാശാല പഠനവകുപ്പുകളിൽ ആവശ്യകതയ്ക്കനുസരിച്ച് 11 മാസ കരാർ വ്യവസ്ഥയിൽ അധ്യാപക തസ്തികയിൽ കരാർ നിയമനങ്ങൾ നടത്തുന്നു.

**കേരള സർവകലാശാലയിൽ ഗവേഷണം നടത്തുന്ന വിദ്യാർഥികൾ**

168(1797) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാലയിൽ ഗവേഷണം നടത്തുന്ന വിദ്യാർഥികൾക്ക് പരമാവധി അഞ്ചുവർഷം കഴിഞ്ഞിട്ടും ഹോസ്റ്റൽ സൗകര്യം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരള സർവകലാശാലയിൽ ഗവേഷക വിദ്യാർഥികൾക്ക് നിലവിൽ 5 വർഷമാണ് ഹോസ്റ്റൽ സൗകര്യം അനുവദിച്ചിട്ടുള്ളത്. നിലവിൽ സിൻഡിക്കേറ്റ് തീരുമാനപ്രകാരം 5 വർഷം പൂർത്തിയാക്കി പ്രീ-സബ്മിഷൻ സെമിനാർ കഴിഞ്ഞ വിദ്യാർഥികൾക്ക് ഫൈനൽ സബ്മിഷൻ സമർപ്പിക്കാനായി ആറ് മാസം വരെ നീട്ടിനൽകിയിട്ടുണ്ട്.

(ബി) അത്തരത്തിൽ അഞ്ചുവർഷം കഴിഞ്ഞിട്ടും എത്ര വിദ്യാർഥികൾ ഇപ്പോൾ ഹോസ്റ്റലിൽ താമസിക്കുന്നുണ്ട്?

18 വിദ്യാർഥികൾ.

(സി) അഞ്ചുവർഷം കഴിഞ്ഞ ഗവേഷകരെ ഗവേഷണം പൂർത്തിയായില്ലെങ്കിലും ഹോസ്റ്റൽ മുറി ഒഴിപ്പിച്ച് പുതുതായി ഗവേഷണം ചെയ്യാൻ വന്നിട്ടുള്ള വിദ്യാർഥികൾക്ക് താമസിക്കാൻ സൗകര്യം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ 5 വർഷം പൂർത്തിയാക്കിയിട്ടും ഹോസ്റ്റൽ മുറി ഒഴിയാത്ത വിദ്യാർഥികളെ ഉടൻ തന്നെ ഒഴിപ്പിക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഹോസ്റ്റൽ വാർഡന് സർവകലാശാല നിർദേശം നൽകിയിട്ടുണ്ട്.

**കേരള സർവകലാശാലയിലെ സാമ്പത്തിക പ്രതിസന്ധി**

169(1798) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാലയിൽ സാമ്പത്തിക പ്രതിസന്ധിമൂലം പി.എഫ്. ലോൺ, പെൻഷൻ ആനുകൂല്യങ്ങളായ കമ്മ്യൂട്ടേഷൻ, പി.എഫ്., ഡി.സി.ആർ.ജി. എന്നീ തുകകൾ ജീവനക്കാർക്ക് വിതരണം ചെയ്യുന്നതിന് കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കേരള സർവകലാശാലയിൽ അധ്യാപകർക്കും ജീവനക്കാർക്കും പി.എഫ്. ലോൺ കാലതാമസം കൂടാതെതന്നെ നൽകിവരികയാണ്. കൂടാതെ സർവീസിൽനിന്ന് വിരമിക്കുന്ന അധ്യാപകർക്കും ജീവനക്കാർക്കും ലഭ്യമാക്കേണ്ട പെൻഷൻ ആനുകൂല്യങ്ങൾ, പെൻഷൻ കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. തുടങ്ങിയവയും, പി.എഫ്. ക്ലോസ് ചെയ്ത് നൽകുന്നതും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കാലതാമസമില്ലാതെതന്നെ നൽകിവരികയാണ്.

(ബി) 2020 മുതൽ കേരള സർവകലാശാലയിൽ നിലവിലുണ്ടായിരുന്ന എം.ഫിൽ. കോഴ്സ് നിർത്തലാക്കിയിട്ടും അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ ഫാക്കൽറ്റികളുടെ

കീഴിലുള്ള ഗവേഷക വിദ്യാർഥികളുടെ എണ്ണത്തിൽ കുറവുവരുത്തി യഥാക്രമം 4, 8, 10 എന്ന് നിജപ്പെടുത്തി അധ്യാപകരുടെ സ്ഥിരം നിയമനങ്ങൾ പൂർത്തീകരിച്ചിട്ടും വിവിധ പഠനവകുപ്പുകളിൽ കരാർ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് താൽക്കാലിക നിയമനം നേടിയ അധ്യാപകർ ഇപ്പോഴും തുടർന്നുവരുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള സർവകലാശാല പഠനവകുപ്പുകളിൽ ആവശ്യകതയ്ക്കനുസരിച്ച് 11 മാസ കരാർ വ്യവസ്ഥയിൽ അധ്യാപകർ ജോലി ചെയ്യുന്നുണ്ട്.

(സി) കരാർ വ്യവസ്ഥയിൽ വിവിധ പഠനവകുപ്പുകളിൽ ഇപ്പോൾ ജോലി ചെയ്തുവരുന്നവരുടെ ജോലിയിൽ പ്രവേശിച്ച തീയതി, നിലവിലെ കരാർ വ്യവസ്ഥ അവസാനിക്കുന്ന തീയതി, പ്രതിമാസ ശമ്പളം, ഈയിനത്തിൽ സർവകലാശാലയ്ക്ക് പ്രതിവർഷം ചെലവാകുന്ന തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കേരള സർവകലാശാലയിൽ 2019-നുശേഷം വിവിധ പഠനവകുപ്പുകളിൽ റെഗുലർ വ്യവസ്ഥയിൽ സ്ഥിരനിയമനം നേടിയ

അധ്യാപകരുടെ പേരുവിവരങ്ങൾ, ജോലിയിൽ പ്രവേശിച്ച തീയതി എന്നീ വിവരങ്ങൾ പഠനവകുപ്പുകൾ തിരിച്ച് വിശദമാക്കാമോ?

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) മേൽ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ പഠനവകുപ്പുകളിൽ കരാർ വ്യവസ്ഥയിൽ അനധികൃതമായി തുടർന്നുവരുന്ന താൽക്കാലിക അധ്യാപകരുടെ സേവനം അവസാനിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ കർശന നിർദേശം നൽകുമോ?

കേരള സർവകലാശാല പഠനവകുപ്പുകളിൽ ആവശ്യകതയ്ക്കനുസരിച്ച് 11 മാസ കരാർ വ്യവസ്ഥയിൽ അധ്യാപക തസ്തികയിൽ കരാർ നിയമനങ്ങൾ നടത്തുന്നു.

**സർവകലാശാലകൾക്ക് കീഴിൽ ഒഴിവുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകൾ**

170(1799) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകൾക്കകീഴിൽ നിലവിൽ ഒഴിവുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകളുടെ വിശദാംശങ്ങൾ നൽകാമോ?

കേരള സർവകലാശാലയുടെ കീഴിലുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ ഒഴിവുകൾ സർവകലാശാല തിട്ടപ്പെടുത്തിവരുന്നു.

മഹാത്മാഗാന്ധി സർവകലാശാലയിലെ നിലവിലെ ഓഫീസ് അറ്റൻഡന്റ് (ലോവർ ഗ്രേഡ്) തസ്തികയിലുള്ള മുഴുവൻ ഒഴിവുകളും (60) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാലയിൽ നിലവിൽ ഒഴിവുകളുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകൾ ചുവടെപ്പറയുന്നവയാണ്:

1. ബസ് ക്ലീനർ (2 ഒഴിവ്)
2. ഗേറ്റ് കീപ്പർ (1 ഒഴിവ്)
3. ഫിൽറ്റർ പ്ലാന്റ് ക്ലീനർ (3 ഒഴിവ്)
4. ഓഫീസ് അറ്റൻഡന്റ്/വാച്ച്മാൻ (24 ഒഴിവ്)
5. സ്പെസിമൻ കളക്ടർ (1 ഒഴിവ്)
6. അനിമൽ റൂം അസിസ്റ്റന്റ് (1 ഒഴിവ്)
7. ഫീൽഡ് കം അനിമൽ റൂം അറ്റൻഡർ (1 ഒഴിവ്)

കണ്ണൂർ സർവകലാശാലയിൽ ഓഫീസ് അറ്റൻഡന്റ്/വാച്ച്മാൻ വിഭാഗത്തിൽ 23 ഒഴിവുകൾ നിലവിലുണ്ട്.

കുസാറ്റിൽ ഒഴിവുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകൾ ചുവടെ ചേർക്കുന്നു :

1. സ്വീപ്പർ കം ക്ലീനർ – 43
2. ഓഫീസ് അറ്റൻഡന്റ് - 3
3. ലാസ്കർ – 1
4. ബോട്ട്മാൻ – 1

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ നിലവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 15 ഒഴിവുകളുണ്ട്.

നുവാൽസിൽ സർവകലാശാലകൾക്ക് കീഴിലുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകൾ എന്ന പേരിൽ തസ്തികകൾ പുനർനാമകരണം ചെയ്തിട്ടില്ല. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകൾ അനുവദിക്കപ്പെട്ടിട്ടില്ല. എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാലയിൽ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സർവകലാശാല ആസ്ഥാനത്ത് 8-ഉം സർവകലാശാല ക്യാമ്പസിൽ 5-ഉം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

01-01-2006-ലെ GO(Ms)No.1/2006/Hedn നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനം ഔട്ട് സോഴ്സിങ് മുഖേനയാണ് നടത്തുന്നത്.

(ബി) നിലവിലെ മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള സർവകലാശാലയുടെ കീഴിലുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സർവകലാശാല സ്വീകരിച്ചുവരുന്നു.

എം.ജി. സർവകലാശാലയിലെ നിലവിലെ ഓഫീസ് അറ്റൻഡന്റ് (ലോവർ ഗ്രേഡ്) തസ്തികയിലുള്ള മുഴുവൻ ഒഴിവുകളും (60) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാലയിൽ നിലവിലെ ഓഫീസ് അറ്റൻഡന്റ്/വാച്ച്മാൻ തസ്തികയിലെ 20 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ ബാക്കിയുള്ള 4 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സർവകലാശാല സ്വീകരിച്ചുവരുന്നു.

കണ്ണൂർ സർവകലാശാലയിലെ ഓഫീസ് അറ്റൻഡന്റ്/വാച്ച്മാൻ വിഭാഗത്തിലെ 22 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ അനുവദിച്ചതിനെത്തുടർന്ന് 04-05-2024 ഉച്ചയ്ക്കുമുമ്പ് പ്രാബല്യത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിൽവന്ന ഒരൊഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സർവകലാശാല സ്വീകരിച്ചുവരുന്നു.

കുസാറ്റിൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ലാസ്റ്റ് ഗ്രേഡ് തസ്തികകളായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾ, അവയിലേയ്ക്ക് നിയമിക്കപ്പെടുന്നതിനുവേണ്ട യോഗ്യതകൾ, നിയമനരീതി, ശമ്പള സ്കെയിൽ എന്നിവയും ആയവ നിശ്ചയിച്ചുകൊണ്ട് 06-11-2020-ൽ പുറപ്പെടുവിച്ച സ.ഉ.(അച്ചടി)നം.37/2020/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവും തമ്മിൽ അന്തരം നിലനിൽക്കുന്നതിനാൽ ആയവ ടി സർക്കാർ ഉത്തരവിലേതുപോലെ ക്രമീകരിക്കുന്നതിനും ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിലേക്കുമായി വിഷയം സർവകലാശാല ഭരണസമിതിയായ സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 13 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ഒഴിവ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നടത്തുന്നതിന് മാറ്റിവച്ചിട്ടുണ്ട്. കൂടാതെ സർവകലാശാലയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകളുടെ എണ്ണം പുനഃനിശ്ചയിച്ചിട്ടുള്ളതിനാൽ മുമ്പ് പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ സംബന്ധിച്ച് പി.എസ്.സി.-യിൽനിന്നും അന്തിമ തീരുമാനമാകുന്നമുറയ്ക്ക് ബാക്കിയുള്ള ഒരൊഴിവ് റിപ്പോർട്ട് ചെയ്യുന്നതാണ്.

നുവാൽസിൽ ഒഴിവുള്ള സ്വീപ്പർ കം ക്ലീനർ തസ്തികയുടെ ഒരു ഒഴിവ് നേരത്തെ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ലാസ്റ്റ് ഗ്രേഡ് എന്ന നാമധേയത്തിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാലയിൽ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സർവകലാശാല ആസ്ഥാനത്ത് 8-ഉം സർവകലാശാല ക്യാമ്പസിൽ 5-ഉം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 01-01-2006-ലെ GO(Ms)No.1/2006/Hedn നമ്പർ

ഉത്തരവ് പ്രകാരം, പ്രസ്തുത തസ്തികകളിലേക്കുള്ള നിയമനം ഔട്ട് സോഴ്സിങ് മുഖേനയാണ് നടത്തുന്നത്.

(സി) കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം ലഭിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുമോ?

സർവകലാശാലകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകൾ ഉൾപ്പെടെയുള്ള എല്ലാ തസ്തികകളിലെയും നിലവിലുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ടി തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുമുള്ള സത്വര നടപടി സ്വീകരിക്കാൻ സർവകലാശാലകൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

**സർവകലാശാലകളുടെ പ്രവർത്തനം**

171(1800) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സർവകലാശാലകളിൽ അധ്യാപക ഒഴിവ് നിലവിലുണ്ട്; ഏതെല്ലാം വിഷയങ്ങൾക്കാണ് നിലവിൽ ഒഴിവുകളുള്ളതെന്ന് തരംതിരിച്ച് വിവരം ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) അധ്യാപക നിയമനത്തിന് സർക്കാർ ഉദാര സമീപനം സ്വീകരിച്ചിട്ടുണ്ടോ; ആയത് അധിക സാമ്പത്തിക ബാധ്യത സർവകലാശാലകൾക്ക് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

അധ്യാപന നിയമനം നടത്തുന്നതിന് നിയമാനുസൃതമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. സർവകലാശാലകൾക്ക് പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് നൽകുകയും ചെയ്യുന്നു.

(സി) സംസ്ഥാനത്തെ ലോ കോളേജുകളിൽ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി പുതുതായി എൽ.എൽ.എം. കോഴ്സുകളും ഡിപ്ലോമ കോഴ്സുകളും ഗവേഷണങ്ങളും നടത്തുന്നതിനുവേണ്ടി അവസരം ഒരുക്കുമോ; ഇതിനായി എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ ലോ കോളേജുകളിൽ പുതുതായി കോഴ്സുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ പുതുതായി ലോ കോളേജുകൾ ആരംഭിക്കുന്നതിനും പുതുതായി കോഴ്സുകൾ ആരംഭിക്കുന്നതിനുമായി ലഭിക്കുന്ന അപേക്ഷകളിൻമേൽ നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി നടപടി കൈക്കൊള്ളുന്നതാണ്.

(ഡി) സംസ്ഥാനത്തെ ഏതെല്ലാം ലോ കോളേജുകളിലാണ് എൽ.എൽ.എം. കോഴ്സുകൾ നിലവിലുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ 4 സർക്കാർ നിയമ കോളേജുകളിലും എൽ.എൽ.എം. കോഴ്സ് നിലവിലുണ്ട്. കൂടാതെ സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ ചുവടെ ചേർക്കുന്ന ലോ കോളേജുകളിലും ബന്ധപ്പെട്ട സർവകലാശാലകൾ എൽ.എൽ.എം. കോഴ്സുകൾ അംഗീകരിച്ചിട്ടുണ്ട്.

1. കേരള ലോ അക്കാദമി, ലോ കോളേജ്, പേരൂർക്കട, തിരുവനന്തപുരം.

2. മാർ ഗ്രിഗോറിയോസ് കോളേജ് ഓഫ് ലോ, നാലാഞ്ചിറ, തിരുവനന്തപുരം.

3. സി.എസ്.ഐ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ സ്റ്റഡീസ്, ചെറുവാരക്കോണം, തിരുവനന്തപുരം.

4. എൻ.എസ്.എസ്. ലോ കോളേജ്, കൊട്ടിയം, കൊല്ലം.

5. ശ്രീനാരായണ ഗുരു കോളേജ് ഓഫ് ലീഗൽ സ്റ്റഡീസ്, കൊല്ലം.

6. സി.എസ്.ഐ. കോളേജ് ഫോർ ലീഗൽ സ്റ്റഡീസ്, ഏറ്റുമാനൂർ, കോട്ടയം.

7. ഭാരത് മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ആലുവ, എറണാകുളം.

8. ശ്രീനാരായണ ലോ കോളേജ്, പൂത്തോട്ട, എറണാകുളം.

9. അൽ അസർ ലോ കോളേജ്, തൊടുപുഴ, ഇടുക്കി.

10. ഭവൻസ് എൻ.എ. പൽക്കിവാല അക്കാദമി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് & റിസർച്ച്, രാമനാട്ടുകര. കോഴിക്കോട്.

11. മർക്കസ് ലോ കോളേജ്, കോഴിക്കോട്.

12. നെഹ്റു അക്കാദമി ഓഫ് ലോ, പാലക്കാട്.

(ഇ) സംസ്ഥാനത്ത് നിയമ സർവകലാശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**അബ്ദുൾകലാം സാങ്കേതിക സർവകലാശാലയിലെ നിർമ്മാണ പ്രവൃത്തികൾ**

172(1801) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളപ്പിൽശാലയിലെ അബ്ദുൾകലാം സാങ്കേതിക സർവകലാശാലയ്ക്കുവേണ്ടി ഭൂമി വാങ്ങുന്നതിന് ആകെ ചെലവായ തുകയെത്രയെന്ന് വ്യക്തമാക്കാമോ?

എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാലയുടെ ക്യാമ്പസ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിളപ്പിൽശാലയിൽ 50 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് ആകെ 184,51,42,781/- രൂപ ചെലവാക്കിയിട്ടുണ്ട്. ഇതിൽ ഗ്രാന്റ് ഇൻ എയ്ഡ് തുക ആയി 5.60 കോടി രൂപ ഉൾപ്പെട്ടിട്ടുണ്ട്. ബാക്കി തുക സർവകലാശാലയുടെ തനത് ഫണ്ടിൽനിന്നുമാണ് ചെലവാക്കിയിട്ടുള്ളത്. കൂടാതെ ട്രസ്റ്റ് (TrEST) റിസർച്ച് പാർക്കിനായി

കിഫ്ബി അനുവദിച്ച 190,60,58,975/- രൂപ ചെലവഴിച്ച് 47.43 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

(ബി) ചുറ്റുമതിൽ നിർമ്മാണത്തിനായി അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ചുറ്റുമതിൽ നിർമ്മാണത്തിനായി 2022-2023 സാമ്പത്തിക വർഷം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിനായി ആദ്യ ഘട്ടത്തിൽ 2,33,18,950/- രൂപ പൊതുമരാമത്ത് വകുപ്പിന് 18-03-2023-ൽ നൽകുകയും നിർമ്മാണ പദ്ധതിയുടെ 60% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണത്തിനായി 2,50,00,000/- രൂപ 25-03-2024-ൽ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ ടെൻഡർ നടപടികൾ ടി വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(സി) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിനായി അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിനായി 07-02-2024-ലെ ജി.ഒ(ആർ.റ്റി)നം.181/2024/ഉവിവ ഉത്തരവ് പ്രകാരം സർവകലാശാലയുടെ തനത് ഫണ്ടിൽനിന്നും 42 കോടി രൂപയുടെ (rough cost estimate) ഭരണാനുമതി നൽകിയിട്ടുണ്ട്. 04-03-2024-ൽ സർവകലാശാല ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണോദ്ഘാടനം നടന്നു. സൈറ്റ് ക്ലിയറൻസ് ജോലികളും നിർമ്മാണത്തിനായുള്ള മറ്റ് പ്രവൃത്തികളും നടന്നുവരുന്നു. 2025 ആഗസ്റ്റ് മാസത്തോടെ നിർമ്മാണം പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല**

173(1802) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ വൈസ് ചാൻസലർ രാജിവച്ചതിനെ തുടർന്ന് യു.ജി.സി. ചട്ടപ്രകാരവും യൂണിവേഴ്സിറ്റി നിയമപ്രകാരവും വി.സി.യോടൊപ്പം കോ-ടെർമിനസായി നിശ്ചയിച്ചിട്ടുള്ള

പ്രൊ-വൈസ് ചാൻസലർ ഇപ്പോഴും പദവിയിൽ തുടരുന്നുണ്ടോ; തുടരുന്നുവെങ്കിൽ തുടരാൻ അനുവദിക്കുന്നതിന്റെ നിയമ സാധുത എന്താണെന്നറിയിക്കാമോ?

ഉണ്ട്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ആദ്യ വൈസ് ചാൻസലറായി 4 വർഷത്തേക്ക് സർക്കാർ നിയമിച്ച വൈസ് ചാൻസലർ തന്റെ കാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പ് തൽസ്ഥാനം രാജിവച്ചു. എങ്കിലും നാല് വർഷത്തേക്ക് സർക്കാരിനാൽ നിയമിതനായ ആദ്യ പ്രോ വൈസ് ചാൻസലറുടെ കാലാവധി അവസാനിക്കാത്തതിനാൽ തൽസ്ഥാനത്ത് തുടരുന്നു.

കേരള ഹൈക്കോടതിയുടെ അബ്ദുൽ റഹ്മാൻ Vs. കേരള സ്റ്റേറ്റ് [2018(A) KHC 536] വിധി പ്രകാരം കാലാവധി കഴിയും മുമ്പ് വൈസ് ചാൻസലർ രാജിവച്ചാൽ പ്രോ വൈസ് ചാൻസലർ തന്റെ ഔദ്യോഗിക കാലാവധിക്കുമുമ്പ് സ്ഥാനം ഒഴിയേണ്ടതില്ലെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഇതേ തീരുമാനം 2019 (4) KHC 812 (Prof. (Dr.) Raveendran P. T. Vs. Kannur

University & others എന്ന വിധിന്യായത്തിലും ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(ബി) ആയതിന് സമാനമായി വി.സി.യുടെ നിയമനം അസാധുവാക്കിയ കാലടി സംസ്കൃത സർവകലാശാലയിലെ പ്രോ വൈസ് ചാൻസലർ പദവിയിൽ തുടരുന്നുണ്ടോയെന്നറിയിക്കാമോ?

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല സിൻഡിക്കേറ്റിന്റെ തീരുമാനപ്രകാരം പ്രോ വൈസ് ചാൻസലറായിരുന്ന ഡോ. കെ. മുത്തുലക്ഷ്മിക്ക് 25-03-2024 പ്രാബല്യത്തിൽ പ്രസ്തുത പദവിയിൽനിന്നും വിടുതൽ ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു.

**ഡോ. സിസാ തോമസിനെതിരെയുള്ള അച്ചടക്ക നടപടി**

174(1803) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവകലാശാലയിലെ വി.സി. ആയിരുന്ന ഡോ. സിസാ തോമസ് എന്നാണ് സർവീസിൽനിന്നും വിരമിച്ചതെന്ന് വ്യക്തമാക്കുമോ?

31-03-2023-ലാണ് സാങ്കേതിക സർവകലാശാല വി.സി ആയിരുന്ന ഡോ. സിസാ തോമസ് സർവീസിൽനിന്നും വിരമിച്ചത്.

(ബി) ഡോ. സിസാ തോമസിനെതിരെ സർക്കാർ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും പ്രസ്തുത നടപടി തുടരുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത അച്ചടക്ക നടപടി ഹൈക്കോടതി ഡിവിഷൻ ബഞ്ച് റദ്ദാക്കിയിരുന്നോയെന്നും അതിനെതിരെ സർക്കാർ സുപ്രീംകോടതിയിൽ അപ്പീൽ നൽകിയിരുന്നോയെന്നും വ്യക്തമാക്കുമോ?

(ബി&സി) സർക്കാർ അനുമതി കൂടാതെ സാങ്കേതിക സർവകലാശാല വൈസ് ചാൻസലറുടെ അധിക ചാർജ് ഏറ്റെടുത്തതിനാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ജോയിന്റ് ഡയറക്ടർ (ഇസിഎസ്) ആയി ജോലി നോക്കിയിരുന്ന ഡോ. സിസാ തോമസിനെതിരെ സർക്കാർ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അച്ചടക്ക നടപടി ഹൈക്കോടതി ഡിവിഷൻ ബഞ്ച് 30-03-2023-ലെ OA.435/23 എന്ന ഉത്തരവിലൂടെ റദ്ദാക്കിയിരുന്നു. അതിനെതിരെ സർക്കാർ സുപ്രീംകോടതിയിൽ SLP Diary

No.5101/2024 ആയി ഫയൽ ചെയ്യുകയും ആയതിന്റെ അപ്പീൽ തീർപ്പാക്കി 05-03-2024-ൽ ഉത്തരവായിട്ടുള്ളതുമാണ്. സുപ്രീം കോടതിയിൽ അപ്പീൽ തീർപ്പാക്കി 05-03-2024-ൽ ഉത്തരവായെങ്കിലും ആയതിന് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദേശം നൽകിയിട്ടുണ്ട്.

(ഡി) ഡോ. സിസാ തോമസിന് പെൻഷൻ അനുവദിച്ചിട്ടുണ്ടോ; അനുവദിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഡോ. സിസാ തോമസിനെതിരെയുള്ള അച്ചടക്ക നടപടി പൂർത്തിയായിട്ടില്ലാത്തതിനാലും പെൻഷൻ അപേക്ഷയിൻമേൽ 04-05-2019-ലെ സ.ഉ. (അച്ചടി) നം. 55/2019/ധന., 04-07-2022-ലെ സ.ഉ. (അച്ചടി) നം.82/2022/ധന. എന്നീ ഉത്തരവുകൾ പ്രകാരം പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. ആയത് പ്രകാരം പ്രൊവിഷണൽ പെൻഷൻ അനുവദിച്ചിട്ടുണ്ട്. സുപ്രീംകോടതിയിൽ 05-03-2024-ലെ Diary No.5101/2024 ആയി ഫയൽ ചെയ്ത SLP ഉത്തരവിനെതിരെ റിവ്യൂ

പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദേശം നൽകിയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത റിവ്യൂ പെറ്റീഷനിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മുഴുവൻ പെൻഷൻ ആനുകൂല്യങ്ങളും അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**വിവിധ കോടതികളിലായുള്ള സർവകലാശാലകളുടെ കേസുകൾ**

175(1804) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ സർവകലാശാലയും വിവിധ കോടതികളിലായുള്ള കേസ് നടത്തിപ്പിനായി ചുമതലപ്പെടുത്തിയ അഭിഭാഷകർക്ക് 2015 വർഷം മുതൽ ഫീസ്, യാത്രാബത്ത എന്നീ ഇനത്തിൽ എത്ര രൂപ വീതമാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ യൂണിവേഴ്സിറ്റി സ്റ്റാൻഡിംഗ് കൗൺസിൽമാരായി നിയമിച്ചിരുന്നത് ആരെയൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) സർവകലാശാലകളുടെ സുപ്രീംകോടതിയിലുള്ള കേസുകൾ വാദിക്കുന്നതിന് ചുമതലപ്പെടുത്തിയത് ആരെയാണെന്ന് അറിയിക്കാമോ; ആയതിന് കോടതി ചെലവ്, വക്കീൽ ഫീസ് എന്നീ വകയിൽ ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ചാൻസലറുടെ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് വൈസ്ചാൻസലർമാർ കോടതിയിൽ ഫയൽ ചെയ്ത കേസുകൾക്ക് സർവകലാശാല ഫണ്ടിൽനിന്നും വക്കീൽ ഫീസ്, കോടതി ചെലവ് എന്നിവ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ആർക്കാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഇ) ചാൻസലറെ എതിർകക്ഷിയാക്കി ഫയൽ ചെയ്ത ഹർജികൾക്കുള്ള കോടതി ചെലവ് സർവകലാശാല നൽകുന്നതിനുള്ള കാരണം അറിയിക്കാമോ?

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**സർവകലാശാലകളിലെ അധ്യാപക നിയമനങ്ങൾ**

176(1805) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-01-1985 മുതൽ 31-05-2024 വരെയുള്ള കാലയളവിൽ കേരള സർവകലാശാല, കാലിക്കറ്റ് സർവകലാശാല എന്നിവിടങ്ങളിൽ നടന്ന വിവിധ അധ്യാപക തസ്തികകളിലേക്കുള്ള സ്ഥിരനിയമനത്തിന് അവലംബിച്ച സംവരണ റൊട്ടേഷൻ ചാർട്ടിന്റെ പകർപ്പുകൾ തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

വിവിധ അധ്യാപക തസ്തികകളിലേക്കുള്ള സ്ഥിരനിയമനത്തിന് അവലംബിച്ച സംവരണ റൊട്ടേഷൻ ചാർട്ടിന്റെ പകർപ്പുകൾ കേരള സർവകലാശാല, കാലിക്കറ്റ് സർവകലാശാല ലഭ്യമാക്കിയത് യഥാക്രമം അനുബന്ധം ഒന്ന്, രണ്ട് ആയി ചേർത്തിരിക്കുന്നു.+

(ബി) മേൽ കാലയളവിലുള്ള ഏതെങ്കിലും സംവരണ റൊട്ടേഷൻ ചാർട്ടിന്റെ പകർപ്പുകൾ ലഭ്യമല്ലെങ്കിൽ അത്തരം തസ്തികകളുടെ വിശദാംശങ്ങളും അവ ലഭ്യമല്ലാത്തതിന്റെ കാരണങ്ങളും വ്യക്തമാക്കാമോ?

ബാധകമല്ല.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## 2022-23, 2023-24 അധ്യയന വർഷങ്ങളിലെ സർവകലാശാലാ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

177(1806) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാല പഠനവകുപ്പുകളിലും സർവകലാശാലകൾ നേരിട്ട് നടത്തുന്ന സെന്ററുകളിലും വിവിധ കോഴ്സുകളിലും 2022-23, 2023-24 അധ്യയന വർഷങ്ങളിൽ പഠനം നടത്തിയ വിദ്യാർഥികളുടെ എണ്ണം കോഴ്സ്, പഠനവകുപ്പ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പഠനവകുപ്പുകളിലും സെന്ററുകളിലും വിവിധ പ്രോഗ്രാമുകളിലും 2022-23, 2023-24 അധ്യയന വർഷങ്ങളിൽ കോഴ്സുകൾക്ക് സ്ഥിരമായി ലഭ്യമായ സീറ്റുകളുടെ എണ്ണം, കോഴ്സ്, പഠനവകുപ്പ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പഠനവകുപ്പുകളിലും സെന്ററുകളിലും നിലവിലുള്ള സ്ഥിരം അധ്യാപകരുടെയും താൽക്കാലിക അധ്യാപകരുടെയും എണ്ണം, വിഷയം, പഠനവകുപ്പ്, തസ്തിക എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്തെ സർവകലാശാലകളിൽ നിലവിലുള്ള സ്ഥിരം അനധ്യാപക ജീവനക്കാരുടെയും താൽക്കാലിക അനധ്യാപക ജീവനക്കാരുടെയും എണ്ണം, സർവകലാശാല, തസ്തിക എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനം**

178(1807) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ നിയമിക്കപ്പെടുന്ന വൈസ് ചാൻസലർമാരുടെ വേതനവും മറ്റ് സേവന വ്യവസ്ഥകളും

നിശ്ചയിക്കാനുള്ള അധികാരം ആരിൽ നിക്ഷിപ്തമാണെന്ന് വ്യക്തമാക്കാമോ?

കേരള സർവകലാശാല ആക്ട്, 1974, ചാപ്റ്റർ III സെക്ഷൻ 10 (7) പ്രകാരം വൈസ് ചാൻസലർമാരുടെ വേതനവും മറ്റ് സേവന വ്യവസ്ഥകളും നിർണ്ണയിക്കാനുള്ള അധികാരം ചാൻസലറിൽ നിക്ഷിപ്തമായിരിക്കുന്നു.

മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997 ചാപ്റ്റർ 2 ക്ലോസ് 3.1 പ്രകാരം വൈസ് ചാൻസലറുടെ ശമ്പളവും അലവൻസുകളും തീരുമാനിക്കുന്നത് സർക്കാരാണ്. മഹാത്മാഗാന്ധി സർവകലാശാലയിലെ വൈസ് ചാൻസലറുടെ സേവന വ്യവസ്ഥകൾ നിശ്ചയിച്ചിരിക്കുന്നത് മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997 ചാപ്റ്റർ 2-2 മുതൽ 15 വരെയുള്ള ക്ലോസുകൾ പ്രകാരവും മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം 3 വകുപ്പ് 10 പ്രകാരവുമാണ്.

കാലിക്കറ്റ് സർവകലാശാലയിൽ നിയമിക്കപ്പെടുന്ന വൈസ് ചാൻസലർമാരുടെ വേതനവും മറ്റ് സേവന വ്യവസ്ഥകളും നിശ്ചയിക്കാനുള്ള അധികാരം ചാൻസലറിൽ നിക്ഷിപ്തമാണ്.

KANNUR UNIVERSITY ACT, 1996, Chapter III, Section 10 (II) പ്രകാരം വൈസ് ചാൻസലർമാരുടെ വേതനവും മറ്റ് സേവന വ്യവസ്ഥകളും നിശ്ചയിക്കാനുള്ള അധികാരം ചാൻസലറിൽ നിക്ഷിപ്തമാണ്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ (കുസാറ്റ്) നിയമിക്കപ്പെടുന്ന വൈസ് ചാൻസലർമാരുടെ വേതനവും മറ്റ് സേവന വ്യവസ്ഥകളും നിശ്ചയിക്കാനുള്ള അധികാരം ചാൻസലറിൽ നിക്ഷിപ്തമാണ്.

കാലടി സംസ്കൃത സർവകലാശാലയിൽ, സർവകലാശാല സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥ പ്രകാരം വൈസ് ചാൻസലറുടെ വേതനവും അലവൻസുകളും നിശ്ചയിക്കുന്നത് സർക്കാരാണ്. വൈസ് ചാൻസലറുടെ സേവന വ്യവസ്ഥകൾ സർവകലാശാല സ്റ്റാറ്റ്യൂട്ട്, ആക്ട് പ്രകാരമാണ്.

നുവാൽസിൽ നിയമിക്കപ്പെടുന്ന വൈസ് ചാൻസലർമാരുടെ വേതനവും മറ്റ് സേവന വ്യവസ്ഥകളും നിശ്ചയിക്കാനുള്ള അധികാരം ചാൻസലറിൽ നിക്ഷിപ്തമാണ്.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ, 2013-ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ആക്ട് സെക്ഷൻ 29(6) പ്രകാരം

വൈസ് ചാൻസലറുടെ വേതനവും വിശേഷാദായവും മറ്റ് സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുണ്ടായിരിക്കുമെന്നതിനാൽ യു.ജി.സി. മാർഗനിർദേശങ്ങൾക്ക് അനുസൃതമായി വൈസ് ചാൻസലറുടെ വേതനവും വിശേഷാദായവും മറ്റ് സേവന വ്യവസ്ഥകളും നിശ്ചയിക്കുന്നതിനുള്ള അധികാരം സർവകലാശാലയിൽ നിക്ഷിപ്തമാണ്.

APJAKTU സ്റ്റാറ്റ്യൂട്ട് അധ്യായം 2 പ്രകാരം യു.ജി.സി. അല്ലെങ്കിൽ AICTE സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന റെഗുലേഷനുകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിക്കുന്ന അലവൻസുകൾക്കും വൈസ് ചാൻസലർക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിലെ ആദ്യ വൈസ് ചാൻസലറുടെ വേതനവും മറ്റ് സേവന വ്യവസ്ഥകളും ചാൻസലർ കൂടിയായ ഗവർണറുടെ ഓഫീസിൽ നിന്നാണ് അംഗീകരിച്ച് നൽകിയിട്ടുള്ളത്.

(ബി) വൈസ് ചാൻസലർമാരുടെ നിയമനവുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾക്ക് വേണ്ടിവരുന്ന ചെലവുകൾ സർവകലാശാല

ഫണ്ടിൽനിന്നും അനുവദിച്ച് നൽകാൻ ഏതെങ്കിലും സർവകലാശാല സിൻഡിക്കേറ്റ് തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത ഇനത്തിൽ നാളിതുവരെ അനുവദിച്ച തുകയെത്രയെന്ന് വിശദമാക്കാമോ?

കേരള ഹൈക്കോടതിയിൽ കേരള സർവകലാശാല കക്ഷിയാകുന്ന കേസുകളുടെ നടത്തിപ്പിലേക്കായി സ്റ്റാൻഡിങ് കൗൺസിലിനെ സിൻഡിക്കേറ്റ് നിയമിക്കുന്നു. നിലവിലെ സ്റ്റാൻഡിങ് കൗൺസിലിനെ 30-08-2016-ലെ U.O.No.Ad.AII/2/10950/16 നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം നിയമിച്ചു. സ്റ്റാൻഡിങ് കൗൺസിലിന് 23-08-2014-ലെ U.O.No.Ad.AII.2/14 നമ്പർ സർവകലാശാല ഉത്തരവ് പ്രകാരമാണ് ഫീസ് നൽകുന്നത്. വിഷയാടിസ്ഥാനത്തിൽ പ്രത്യേകം ഫീസ് നൽകുന്നില്ല.

വൈസ് ചാൻസലറുടെ നിയമനവുമായി ബന്ധപ്പെട്ട് പ്രൊഫ. (ഡോ.) വി. പി. മഹാദേവൻ പിള്ള കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.34996/2022-നമ്പർ കേസിൽ കേരള സർവകലാശാല കക്ഷിയാണ്. പ്രസ്തുത ഇനത്തിൽ നാളിതുവരെ സ്റ്റാൻഡിങ് കൗൺസിൽ

ബിൽ സമർപ്പിക്കുകയോ കേരള സർവകലാശാല ടിയാന് ഫീസ് നൽകുകയോ ചെയ്തിട്ടില്ല.

എം.ജി. സർവകലാശാലയിൽ വൈസ് ചാൻസലറുടെ നിയമനവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിലും ഹൈക്കോടതിയിലും നിലവിലുള്ളതും ഉണ്ടായേക്കാവുന്നതുമായ കേസുകളിൽ സർവകലാശാല നിയമിക്കുന്ന കൗൺസിലിന് പ്രതിഫലം നൽകുന്നതുസംബന്ധിച്ച തീരുമാനം 23-12-2022-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം (സിൻഡിക്കേറ്റ് മിനിറ്റ്സ് ഇനം നമ്പർ. 177/22.09/166521/AD A4-1/2022/AD A4 പ്രകാരം) കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത ഇനത്തിൽ നാളിതുവരെ 1 ലക്ഷം രൂപ (വക്കീൽ ഫീസായി) നൽകിയിട്ടുമുണ്ട്.

കാലിക്കറ്റ് സർവകലാശാലയിലെ വൈസ് ചാൻസലറായ ഡോ. എം. കെ. ജയരാജിന്റെ നിയമനവുമായി ബന്ധപ്പെട്ട വിവിധ വ്യവഹാരങ്ങളോടനുബന്ധിച്ച് ടിയാന് വരുന്ന ചെലവുകൾ വഹിക്കുന്നതിനും ആയത് ബില്ലുകൾ സമർപ്പിക്കുന്നമുറയ്ക്ക് റീ-ഇമ്പേഴ്സ് ചെയ്തുനൽകുന്നതിനും സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനമാവുകയും (vide Item

No. 2024.403 on 16-03-2024) പ്രസ്തുത സിൻഡിക്കേറ്റ് യോഗതീരുമാനം 06-04-2024-ലെ സർവകലാശാല ഉത്തരവ് നം. 6041/2024/Admn പ്രകാരം സർവകലാശാലയിൽ നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം വക്കീൽ ഫീസ് ഇനത്തിൽ നാളിതുവരെ ₹4,25,000/- (നാല് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

കണ്ണൂർ സർവകലാശാലയിൽ 20-12-2022-ലെ 2022.692 നമ്പർ സിൻഡിക്കേറ്റ് തീരുമാനപ്രകാരം WP(C)No.33826/2022, WP(C)No.3508/2022 എന്നീ കേസുകൾക്കായി അഡ്വ. കൃഷ്ണകുമാറിന് 4,00,000/- രൂപയും, 30-01-2023-ലെ 2023.034, 30-05-2023-ലെ 2023.238, 12-12-2023-ലെ 2023.610 എന്നീ സിൻഡിക്കേറ്റ് തീരുമാനങ്ങൾ പ്രകാരം SLP(c)No.4347/2022 നമ്പർ കേസിൽ അഡ്വ. ശൈലേഷ് മടിയൽ, അഡ്വ. ബസവ പ്രഭു എസ്. പാട്ടീൽ എന്നിവർക്ക് യഥാക്രമം 2,98,000/- രൂപയും 24,50,000/- രൂപയും സർവകലാശാല അനുവദിച്ചിട്ടുണ്ട്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ സിൻഡിക്കേറ്റിന്റെ 31-12-2022-ലെ Item No. 706.38-ലെ തീരുമാനപ്രകാരം വൈസ് ചാൻസലർ

ഡോ. കെ. എൻ മധുസൂദനന്റെ നിയമനവുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള കോടതി വ്യവഹാരത്തിന്റെ ചെലവുകൾ സർവകലാശാല ഫണ്ടിൽനിന്ന് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ നാളിതുവരെ ₹77500/- (എഴുപത്തി ഏഴായിരത്തി അഞ്ഞൂറ് രൂപ) അനുവദിച്ചിട്ടുണ്ട്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല വൈസ് ചാൻസലർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലെ കേസുകളിൽ സർവകലാശാല കക്ഷിയായി വരുന്ന സാഹചര്യത്തിൽ സർവകലാശാല സ്റ്റാൻഡിങ് കൗൺസിൽ ഹാജരാകുന്നുണ്ട്. ഈ കേസുകളുടെ വിധി വന്നതിനുശേഷം സ്റ്റാൻഡിങ് കൗൺസിലിന് ബാധകമായ നിയമന വ്യവസ്ഥ പ്രകാരമുള്ള ഫീസ് സംബന്ധിച്ച നിലവിലെ ഉത്തരവിലെ ഫീസിനാണ് അർഹത. ഇക്കാര്യത്തിന് സിൻഡിക്കേറ്റ് പ്രത്യേക തുക പാസാക്കിയിട്ടില്ല. കേസ് അവസാനിച്ചശേഷം സ്റ്റാൻഡിങ് കൗൺസിലിന്റെ ഇക്കാര്യത്തിനുള്ള ബില്ല് പ്രോസസ് ചെയ്തിട്ടില്ല.

മലയാള സർവകലാശാലാ വൈസ് ചാൻസലറുടെ നിയമനവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി മുമ്പാകെ മുൻ വൈസ് ചാൻസലർ

ഡോ. അനിൽകുമാർ വി. 33824/2022, 35030/2022 എന്നീ റിട്ട് പെറ്റീഷനുകളിൽ ഹാജരായി കേസ് വാദിച്ചതിന് അഡ്വ. എൻ. രഘുരാജിന് ഫീസിനത്തിൽ ഒരു ലക്ഷം രൂപ സർവകലാശാല ഫണ്ടിൽനിന്നും നൽകാൻ 01-12-2022-ന് നടന്ന നിർവാഹക സമിതിയുടെ അൻപത്തിയേഴാമത് യോഗത്തിൽ ഇനം നമ്പർ 2022-12 ആയി തീരുമാനമെടുത്തിട്ടുണ്ട്. മേൽ കേസുകളിൽ 1,00,000/- രൂപ അഡ്വ. എൻ. രഘുരാജിന് അനുവദിച്ചുനൽകിയിട്ടുണ്ട്.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാലയിൽ വൈസ് ചാൻസലർമാരുടെ നിയമനവുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾക്ക് വേണ്ടിവരുന്ന ചെലവുകൾ സർവകലാശാല ഫണ്ടിൽനിന്നും അനുവദിച്ച് നൽകാൻ സർവകലാശാല സിൻഡിക്കേറ്റ് പ്രത്യേകമായി തീരുമാനമെടുത്തിട്ടില്ല.

ശ്രീനാരാണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് തീരുമാനമില്ല. ഈ ഇനത്തിൽ ചുവടെ പറയും പ്രകാരം ആകെ 53,000/- രൂപ നൽകിയിട്ടുണ്ട് :

1. WP(C) 22010 of 2020 (5,000/- രൂപ)

2. WP(C) 27176 of 2020 (19,000/- രൂപ)

3. WP(C) 35802 of 2022 (19,000/- രൂപ)

(സി) വൈസ് ചാൻസലർമാരുടെ നിയമനവുമായോ മറ്റോ ബന്ധപ്പെട്ട് വേണ്ടിവരുന്ന പ്രസ്തുത ചെലവുകൾ സർവകലാശാല ഫണ്ടിൽനിന്നും അനുവദിച്ചുനൽകാൻ സർവകലാശാല സിൻഡിക്കേറ്റുകൾക്ക് അധികാരമുണ്ടോയെന്ന് വ്യക്തമാക്കാമോ?

സർവകലാശാലകളുടെ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകളനുസരിച്ച് സർവകലാശാലകളുടെ ഫണ്ട് വിനിയോഗത്തിലും നിയന്ത്രണത്തിലും നിർവഹണത്തിലും അതത് സർവകലാശാലാ സിൻഡിക്കേറ്റിന് അധികാരമുണ്ട്.

(ഡി) കേരള, കണ്ണൂർ, കാലിക്കറ്റ് എന്നീ സർവകലാശാലകളിൽ 01-07-2020 മുതൽ വൈസ് ചാൻസലർമാരായി ചുമതല വഹിച്ചവരുടെ വേതനവും മറ്റ് സേവന വ്യവസ്ഥകളും നിശ്ചയിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

കേരള സർവകലാശാലയിൽ വൈസ് ചാൻസലറായി ചുമതല വഹിച്ച ഡോ. വി. പി. മഹാദേവൻ പിള്ളയുടെ വേതനവും മറ്റ് സേവനവ്യവസ്ഥകളും നിശ്ചയിച്ച് പുറപ്പെടുവിച്ച 20-03-2020-ലെ സർവകലാശാലാ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1+ആയി ചേർത്തിരിക്കുന്നു.

കാലിക്കറ്റ് സർവകലാശാലയിൽ 13-07-2020 മുതൽ വൈസ് ചാൻസലറായി ചുമതല വഹിക്കുന്ന ഡോ. എം. കെ. ജയരാജിന്റെ വേതനവും മറ്റ് സേവന വ്യവസ്ഥകളും നിശ്ചയിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് അനുബന്ധം 2+ആയി ചേർത്തിരിക്കുന്നു.

കണ്ണൂർ സർവകലാശാല വൈസ് ചാൻസലറായി 24-11-2017 മുതൽ ചുമതല നിർവഹിച്ചിരുന്ന ഡോ. ഗോപിനാഥ് രവീന്ദ്രന്റെ വേതനവും മറ്റ് സേവന വ്യവസ്ഥകളും നിശ്ചയിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം 3+ആയി ചേർത്തിരിക്കുന്നു.

ഡോ. ബിജോയ് നന്ദൻ (സീനിയർ പ്രൊഫസർ – CUSAT) 01-12-2023 മുതൽ 31-05-2024 വരെയും ഡോ. കെ. കെ. സാജു (പ്രൊഫസർ - CUSAT)

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

01-06-2024 മുതലും കണ്ണൂർ സർവകലാശാല വൈസ് ചാൻസലറുടെ അധിക ചുമതലയിൽ നിയമിക്കപ്പെട്ടതിനാൽ ഇവർക്ക് കണ്ണൂർ സർവകലാശാലയിൽനിന്നും വേതനം അനുവദിക്കുകയോ അതിലേയ്ക്കുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല.

**കാലിക്കറ്റ് സർവകലാശാലയിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് സീറ്റ് വർധന**

179(1808) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലിക്കറ്റ് സർവകലാശാലയിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് എത്ര ശതമാനം വീതമാണ് സീറ്റ് വർധന അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്വാശ്രയ മേഖലയിലെ പ്രോഗ്രാമുകളിൽ 2023-24 അധ്യയന വർഷത്തിൽ അനുവദനീയ സീറ്റുകളിൽ മുഴുവനായോ അതിനുമുകളിലോ പ്രവേശനം നടത്തിയ പ്രോഗ്രാമുകൾക്ക് കോളേജിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരമാവധി സീറ്റ് പരിധിക്ക് വിധേയമായി 2024-25 അധ്യയന വർഷത്തിൽ താൽക്കാലിക സീറ്റ് വർധന അനുവദിച്ചിട്ടുണ്ട്.

അല്ലാത്ത പക്ഷം ഓരോ പ്രോഗ്രാമിനും അനുവദനീയ സീറ്റുകളുടെ 20% വരെ മാത്രം, പരമാവധി സീറ്റ് പരിധിക്ക് വിധേയമായി താൽക്കാലിക സീറ്റ് വർധന അനുവദിച്ചിട്ടുണ്ട്. ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) പടിപടിയായി വർധിപ്പിക്കേണ്ടതിന്റെ ഭാഗമായി 2024-25 അധ്യയന വർഷത്തിൽ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലെ ഗവൺമെന്റ്/എയ്ഡഡ് ബിരുദ, ബിരുദാനന്തര-ബിരുദ സയൻസ് പ്രോഗ്രാമുകൾക്ക് നിലവിലെ ഇൻടേക്കിന്റെ 20% സീറ്റും മറ്റ് പ്രോഗ്രാമുകൾക്ക് നിലവിലെ ഇൻടേക്കിന്റെ 30% താൽക്കാലിക വർധനയും അനുവദിച്ചിട്ടുണ്ട്.

**കാലിക്കറ്റ് സർവകലാശാലയിലെ അധ്യാപക നിയമനങ്ങൾ**

180(1809) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-01-1985 മുതൽ 31-05-2024 വരെയുള്ള കാലയളവിൽ കാലിക്കറ്റ് സർവകലാശാലയിലെ വിവിധ അധ്യാപക തസ്തികകളിലേക്ക് നടന്ന സ്ഥിരനിയമനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിന്റെ പകർപ്പുകൾ തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) മേൽ കാലയളവിലെ പ്രസ്തുത എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിന്റെ ഏതെങ്കിലും പകർപ്പുകൾ ലഭ്യമല്ലെങ്കിൽ, ഏതെല്ലാം തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിന്റെ പകർപ്പുകളാണ് ലഭ്യമല്ലാത്തതെന്ന് തസ്തിക തിരിച്ചുള്ള വിവരവും അവ ലഭ്യമല്ലാത്തതിന്റെ കാരണങ്ങളും വിശദാംശങ്ങളും പ്രത്യേകമായി വ്യക്തമാക്കാമോ?

(എ&ബി) കാലിക്കറ്റ് സർവകലാശാലയിൽ അധ്യാപക തസ്തികകളിലേക്കുള്ള സ്ഥിര നിയമനത്തിനായി KS&SSR അടിസ്ഥാനമാക്കിയുള്ള റൊട്ടേഷൻ ചാർട്ടാണ് അവലംബിക്കാറുള്ളത്.

സംവരണ വിശദാംശങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന റൊട്ടേഷൻ രജിസ്റ്ററിന്റെ ബാധകമായ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

**കാലിക്കറ്റ് സർവകലാശാലയുടെ ടീച്ചർ എഡ്യൂക്കേഷൻ സെന്റർ**

181(1810) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയുടെ ടീച്ചർ എഡ്യുക്കേഷൻ സെന്ററിന് കെട്ടിടം പണിയുന്നതിനായി പാട്ടത്തിന് അനുവദിച്ച ചാലക്കുടി താലൂക്കിലെ പേരാമ്പ്ര വില്ലേജിലെ സർവെ നം. 83-ൽപ്പെട്ട 0.4148 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്ക് പേരാമ്പ്ര വില്ലേജ് സർവെ നം. 83-ൽപ്പെട്ടതും ബി.ടി.ആർ. പ്രകാരം തരിശ് പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയതുമായ 0.4148 ഹെക്ടർ ഭൂമി കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചർ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എഡ്യൂക്കേഷൻ സെന്ററിന് കെട്ടിടം പണിയുന്ന ആവശ്യത്തിലേക്കായി 2% നിരക്കിൽ ഓരോ മൂന്നുവർഷംതോറും പാട്ടം പുതുക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ നിബന്ധനകൾക്ക് വിധേയമായി 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിച്ച് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിർദിഷ്ട ഭൂമിയുടെ പാട്ടക്കരാർ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സർവകലാശാല സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത സ്ഥലത്ത് എൻ.സി.ടി.ഇ. നിഷ്കർഷിക്കുന്ന സൗകര്യങ്ങൾ പ്രകാരമുള്ള കെട്ടിടം പണിയുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

സർവകലാശാലാ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**എൻട്രൻസ് പരീക്ഷാ പരിശീലനം നൽകൽ**

182(1811) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ എൻട്രൻസ് പരീക്ഷ എഴുതുന്ന ഉദ്യോഗാർഥികൾക്ക് മണ്ഡലത്തിലെ തനത് വിദ്യാഭ്യാസ പദ്ധതിയായ അക്ഷര കൈരളിയുടെ ഉപവിഭാഗമായ സുമേധയുമായി കൂടിച്ചേർന്ന് നീറ്റ്/കീം പരീക്ഷാ പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

(ബി) പ്ലസ് ടു വിദ്യാലയങ്ങളുമായി കൂടിച്ചേർന്നുകൊണ്ട് വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും നീറ്റ് പ്രവേശന പരിശീലന ബോധവൽക്കരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഹയർസെക്കൻഡറി വിഭാഗത്തിന്റെ ഭാഗമായ കരിയർ ഗൈഡൻസ് അഡോളസെന്റ് കൗൺസലിങ് സെല്ലിന്റെ നേതൃത്വത്തിൽ 1680-ഓളം സ്കൂളുകളിൽ കരിയർ ഗൈഡൻസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കരിയർ ഗൈഡൻസ് യൂണിറ്റുകളുടെ ചാർജ് പരിശീലനം ലഭിച്ച അധ്യാപകർക്കാണ്. ഈ

അധ്യാപകർ കുട്ടികൾക്ക് നീറ്റ് ഉൾപ്പെടെയുള്ള പ്രവേശന പരീക്ഷകളുമായി ബന്ധപ്പെട്ട് ഓറിയന്റേഷൻ ക്ലാസുകൾ നൽകിവരുന്നുണ്ട്.

**തിരൂരങ്ങാടി അസാപ് സ്കിൽ പാർക്ക്**

183(1812) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ വെന്നിയൂരിൽ അസാപ് സ്കിൽ പാർക്കിന്റെ പൈലറ്റ് പ്രോജക്ടായി ഉദ്ഘാടനം ചെയ്ത പദ്ധതി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണങ്ങൾ സഹിതം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് വെന്നിയൂരിൽ തീരുമാനിച്ച സ്ഥലത്ത് അസൗകര്യങ്ങളുള്ളതിനാൽ ആവശ്യമായ സ്ഥലം ലഭ്യമായിട്ടുള്ള കോട്ടക്കൽ ഗവൺമെന്റ് വനിതാ പോളിടെക്നിക്ക് കോളേജിലേക്ക് മാറ്റി

പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) അസാപ് സ്കിൽ പാർക്ക് കോട്ടക്കൽ ഗവൺമെന്റ് വനിതാ പോളിടെക്നിക്ക് കോളേജിൽ നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ഹയർ സെക്കൻഡറി-കോളേജ് വിദ്യാർഥികൾക്ക് നൈപുണ്യ വികസന പരിശീലനം നൽകി തൊഴിൽ സജ്ജരാക്കാൻ 2012-ലാണ് പൊതു-ഉന്നത വിദ്യാഭ്യാസ വകുപ്പുകളുടെ സംയുക്ത പദ്ധതിയായി അസാപ് ആരംഭിക്കുന്നത്. 2014-ൽ ടി പദ്ധതിക്ക് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായം ലഭിക്കുകയുണ്ടായി. എ.ഡി.ബി.-യുമായുള്ള വായ്പാകരാർ പ്രകാരം തൊഴിൽ പരിശീലന കേന്ദ്രങ്ങളായ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കേണ്ടതാണ്. 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണത്തിന് അനുമതി ഉണ്ടായിരുന്നു.

മലപ്പുറം തിരൂരങ്ങാടി മണ്ഡലത്തിൽ വെന്നിയൂർ ഗവൺമെന്റ് യു.പി. സ്കൂളിന്റെ സ്ഥലമാണ് ഒരു കമ്മ്യൂണിറ്റി സ്കിൽ പാർക്കിനുവേണ്ടി ആദ്യം കണ്ടെത്തിയത്. അവിടെ പ്രവൃത്തി ഉദ്ഘാടനം നടത്തുകയും ചെയ്തു. എന്നാൽ പ്രാദേശിക എതിർപ്പുകൾ കാരണം കോൺട്രാക്ടർക്ക് പ്രവൃത്തി തുടരാൻ സാധിച്ചില്ല. ഒട്ടനവധി ചർച്ചകൾ നടത്തിയെങ്കിലും വിജയിച്ചില്ല. പിന്നീട് പുതുപ്പറമ്പ് ഗവൺമെന്റ് വനിതാ പോളിടെക്നിക് കോളേജിന്റെ സ്ഥലം നിർദേശിക്കപ്പെട്ടെങ്കിലും അതും സാധ്യമായില്ല.

പദ്ധതി വായ്പാകരാർ പ്രകാരം സമയബന്ധിതമായി തീർക്കേണ്ടതിനാൽ, സ്കിൽ പാർക്കുകൾ നിർമ്മിക്കാനുള്ള ഭൂമി അസാപിന് വിട്ടുകിട്ടിയ മുൻഗണനാക്രമത്തിൽ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുകയായിരുന്നു. സംസ്ഥാനത്ത് ആകെ അനുവദിക്കപ്പെട്ട 16 പാർക്കുകളിൽ 2 പാർക്കുകൾ, മലപ്പുറം ജില്ലയിലെ പാണ്ടിക്കാട്ടും തവനൂരിലും നിർമ്മാണം പൂർത്തിയാക്കി.

നിലവിൽ 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. പുതിയ കമ്മ്യൂണിറ്റി സ്കിൽ

പാർക്കുകൾ എ.ഡി.ബി. പ്രോജക്ടിന്റെ കീഴിൽ പിന്നീട് തുടങ്ങാൻ അനുമതിയില്ലാത്തതിനാൽ തിരൂരങ്ങാടി മണ്ഡലത്തിലെ സ്കിൽ പാർക്ക് നിർമ്മാണം സാധ്യമായില്ല.

**പുതിയ വിജ്ഞാന സമൂഹത്തെ വാർത്തെടുക്കുന്നതിനും**

**നൂതന പഠന വകുപ്പുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ**

184(1813) <u>ശ്രീ. ആന്റണി രാജു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വിജ്ഞാന സമൂഹത്തെ വാർത്തെടുക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് അക്കാദമിക തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

പുതിയ വിജ്ഞാന സമൂഹത്തെ വാർത്തെടുക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് അക്കാദമിക തലത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ:

1. <u>നാല് വർഷ ബിരുദ പ്രോഗ്രാം (FYUGP)</u>: 2024-25 അക്കാദമിക വർഷം മുതൽ കേരള, എം.ജി., കോഴിക്കോട്, ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, കണ്ണൂർ, കുസാറ്റ്, ശ്രീനാരായണ ഓപ്പൺ സർവകലാശാലകളിൽ നാല് വർഷ ബിരുദ പ്രോഗ്രാം ആരംഭിക്കുന്നു. ഇതിനാവശ്യമായ കരിക്കുലം ചട്ടക്കൂട്, നാല് വർഷ ബിരുദ പ്രോഗ്രാം റെഗുലേഷൻ, പുതിയ സിലബസ് എന്നിവ രൂപീകരിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലന പരിപാടികൾ (Master Trainers Workshops), കോളേജ് അധ്യാപകർക്ക് ജില്ലാതല ഓറിയന്റേഷൻ പരിപാടികൾ, പ്ലസ് ടു വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. ഇതിനുപുറമേ, ഫൗണ്ടേഷൻ കോഴ്സുകൾക്കാവശ്യമായിട്ടുള്ള പുസ്തകങ്ങൾ കൗൺസിൽ പ്രസിദ്ധീകരിച്ചു.

2. നൈപുണി കോഴ്സുകൾ (skill courses) Internship, apprenticeship/ project എന്നിവ ബിരുദതല വിദ്യാഭ്യാസത്തിന്റെ അവിഭാജ്യ ഘടകമായി

മാറുന്ന തരത്തിൽ ആവിഷ്കരിച്ചു.

3. സർവകലാശാലകളിലെ ഗവേഷണ പ്രോത്സാഹനത്തിന് സെന്റർ ഓഫ് എക്സലൻസ് (CoE)-ഉം ട്രാൻസിലേഷണൽ റിസർച്ച് സെന്റർ (TRC)-ഉം ആരംഭിച്ചു.

4. ഗവേഷണ പ്രോത്സാഹനത്തിന് മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് (PDF)-കൾ നൽകിവരുന്നു.

(ബി) വിദ്യാഭ്യാസ വിവര ശേഖരണത്തിനായി പുതിയ സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

സർവകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി K-REAP എന്ന പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. K-REAP-ന്റെ ഭാഗമായി വിദ്യാർഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെയുള്ള മുഴുവൻ വിദ്യാർഥി പഠന പ്രക്രിയകളും ഈ സംവിധാനത്തിലൂടെ ചിട്ടപ്പെടുത്താൻ കഴിയും.

അക്കാദമിക്/എക്സാമിനേഷൻ/അഡ്മിനിസ്ട്രേഷൻ ഉൾപ്പെടുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ഇആർപി (ERP) അടിസ്ഥാനമാക്കിയുള്ള ഒരു സമ്പൂർണ്ണ യൂണിവേഴ്സിറ്റി റിസോഴ്സ് പ്ലാനിങ് സിസ്റ്റം (URP) വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പുതുതലമുറ കോഴ്സുകളും നൂതന പഠന വകുപ്പുകളും ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതുതായി 900-ത്തോളം ബിരുദ പ്രോഗ്രാമുകളും 200-ലേറെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളും അനുവദിക്കപ്പെട്ടു. ഇവയിലൂടെ 30,000-ലധികം വിദ്യാർഥികൾക്ക് പഠന സൗകര്യം കൂടുതലായുണ്ടായി. പുതുതലമുറ കോഴ്സുകളോടെ അനേകം പുതിയ സ്വാശ്രയ കോളേജുകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ, നാലുവർഷ ബിരുദ കോഴ്സുകളുടെ കരിക്കുലം ഘടനയ്ക്കുള്ളിൽ പുതിയ വിഷയങ്ങൾ ഉൾപ്പെടുത്തി സിലബസ് നവീകരിക്കുന്നതിന് സാഹചര്യമുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിലെ അസാപ് കേരളയുടെ പ്രവർത്തനങ്ങൾ**

185(1814) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിൽ അസാപ് കേരള നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ?

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഭാഗമായി കേരള നോളഡ്ജ് ഇക്കോണമി മിഷനുമായി ചേർന്ന് ആറ് ബാച്ചുകളിലായി 144 വിദ്യാർഥികൾക്ക് വർക്ക് റെഡിനെസ്സ് പ്രോഗ്രാം നടത്തി. ഇരാറ്റുപേട്ട ഗ്രാമ പഞ്ചായത്തിൽ 24 പേരും പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ 18 പേരും സെന്റ് ജോസഫ് കോളേജ് ഓഫ് എഞ്ചിനീയറിങ് ആൻഡ് ടെക്നോളജിയിൽ 102 പേരും പങ്കെടുത്തു.

**സാമൂഹ്യക്ഷേമ പദ്ധതികൾ**

186(1815) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്കായി 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ; ഓരോ പദ്ധതിയിലും നിലവിൽ എത്ര ഗുണഭോക്താക്കൾക്ക് എത്ര രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**പദ്ധതി ഇനത്തിൽ നീക്കിവച്ച തുക**

187(1816) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതിയിനത്തിൽ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നീക്കിവച്ചിട്ടുള്ള തുക എത്രയാണ്; എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ഇൻസുലിൻ പമ്പ് വാങ്ങുന്നതിന് ധനസഹായം**

188(1817) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈപ്പ്-1 പ്രമേഹബാധിതരായ കുട്ടികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന നൽകിവരുന്ന സഹായങ്ങൾ വിശദമാക്കാമോ?

ടൈപ്പ്-1 പ്രമേഹബാധിതരായ കുട്ടികൾക്ക് പരിചരണം ഉറപ്പാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തരം നടപ്പാക്കുന്ന പദ്ധതിയാണ് മിഠായി. ഈ പദ്ധതിയിൽ കുട്ടികൾക്ക് നൽകുന്നത് വേദനയില്ലാത്തതും എളുപ്പം ഉപയോഗിക്കാൻ പറ്റുന്നതുമായ ആധുനിക പെൻ ഇൻസുലിനാണ്. ടൈപ്പ്-1 പ്രമേഹരോഗം ബാധിച്ചവർക്ക് ഇൻസുലിൻ പെൻ, പെൻ നീഡിൽ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, ലാൻസറ്റ്, കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് സെൻസർ, ഇൻസുലിൻ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പമ്പ് തുടങ്ങിയവ ഉപയോഗിച്ചുള്ള ആധുനിക ചികിത്സയും ആരോഗ്യ ചികിത്സ, ഭക്ഷണകാര്യ ഉപദേശങ്ങളും പരിരക്ഷയും നൽകിവരുന്നു. കുട്ടികൾക്ക് കൗൺസലിങും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷ സംവിധാനങ്ങളും ഉൾപ്പെടെ ആറ് ഘട്ടങ്ങൾ ഉൾപ്പെട്ട ഒരു ബൃഹത്തായ പദ്ധതിയാണിത്.

(ബി) പ്രസ്തുത കുട്ടികൾക്ക് ഇൻസുലിൻ പമ്പ് വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകിവരുന്നുണ്ടോ; ഇല്ലെങ്കിൽ ഇൻസുലിൻ പമ്പ് വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുമോ?

മിഠായി പദ്ധതിയിലൂടെ സൗജന്യ ചികിത്സയാണ് നൽകിവരുന്നത്. അർഹരായ ഗുണഭോക്താക്കൾക്ക് സൗജന്യമായിട്ടാണ് ഇൻസുലിൻ പമ്പ് നൽകിവരുന്നത്.

(സി) 'മിഠായി പദ്ധതി' സംബന്ധിച്ച വിശദാംശം നൽകാമോ?

സാമൂഹ്യ നീതി വകുപ്പ്, കേരള സാമൂഹ്യ സുരക്ഷ മിഷൻ വഴി ടൈപ്പ്-1 പ്രമേഹരോഗം ബാധിച്ച 18 വയസ്സ് വരെയുള്ള കുട്ടികൾക്കും കൗമാരക്കാർക്കും പരിചരണം നൽകുന്നതിന് ആരംഭിച്ച സമഗ്ര

സാമൂഹ്യാധിഷ്ഠിത പദ്ധതിയാണ് മിഠായി. മിഠായി പദ്ധതിയിൽ കുട്ടികൾക്ക് നൽകുന്നത് വേദനയില്ലാത്തതും എളുപ്പം ഉപയോഗിക്കാൻ പറ്റുന്നതുമായ ആധുനിക പെൻ ഇൻസുലിനാണ്. പദ്ധതി ആരംഭിച്ച 2017 മുതൽ നാളിതുവരെ 1730-ൽ അധികം കുട്ടികൾക്ക് ഈ പദ്ധതി കൈത്താങ്ങായിട്ടുണ്ട്. ടൈപ്പ്-1 പ്രമേഹരോഗം ബാധിച്ചവർക്ക് ഇൻസുലിൻ പെൻ, പെൻ നീഡിൽ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, ലാൻസറ്റ്, കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് സെൻസർ, ഇൻസുലിൻ പമ്പ് തുടങ്ങിയവ ഉപയോഗിച്ചുള്ള ആധുനിക ചികിത്സയും, ആരോഗ്യ ചികിത്സ, ഭക്ഷണകാര്യ ഉപദേശങ്ങളും പരിരക്ഷയും നൽകിവരുന്നു. കുട്ടികൾക്ക് കൗൺസലിങ്ങും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യ സുരക്ഷ സംവിധാനങ്ങളും ഉൾപ്പെടെ ആറ് ഘട്ടങ്ങൾ ഉൾപ്പെട്ട ഒരു ബൃഹത്തായ പദ്ധതിയാണിത്. പ്രത്യേക സോഫ്റ്റ്‌വെയർ (www.mittayi.org) വഴിയാണ് രജിസ്ട്രേഷനും തുടർനടപടികളും സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പദ്ധതിയുടെ സേവനം നൽകിവരുന്നു. നടപ്പുസാമ്പത്തിക വർഷം പദ്ധതി

പ്രവർത്തനങ്ങൾക്കായി 3.8 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഇടുക്കി ജില്ലയിലെ ടൈപ്പ്-1 പ്രമേഹരോഗ ബാധിതരായ കുട്ടികളുടെ എണ്ണം മണ്ഡലം തിരിച്ച് നൽകാമോ?

ഇടുക്കി ജില്ലയിൽ 116 കുട്ടികൾ മിഠായി പദ്ധതി ഗുണഭോക്താക്കളാണ്. മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

**അഗതികളായ സ്ത്രീകളുടെ സംരക്ഷണം**

189(1818) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തികമായി കഷ്ടതയനുഭവിക്കുന്നവരും സംരക്ഷണത്തിന് ആരുമില്ലാത്തവരുമായ സ്ത്രീകളെ പാർപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം അംഗീകൃത സ്ഥാപനങ്ങളാണുള്ളത്; ആയവ ഏതെല്ലാം സ്ഥലങ്ങളിലാണെന്ന് വിശദമാക്കാമോ?

സാമ്പത്തികമായി കഷ്ടതയനുഭവിക്കുന്നവരും സംരക്ഷണത്തിന് ആരുമില്ലാത്തവരുമായ സ്ത്രീകളെ പാർപ്പിക്കുന്നതിന് തിരുവനന്തപുരം

ജില്ലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള 5 സ്ഥാപനങ്ങളുടെയും NGO നടത്തുന്ന സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+

**സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പദ്ധതി**

190(1819) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലുണ്ടാകുന്ന വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

കുട്ടികളിലുണ്ടാകുന്ന വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി പരിഹരിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖാന്തരം സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

(ബി) പ്രസ്തുത മേഖലയിൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖാന്തരം പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടോയെന്നും പ്രതിരോധ കുത്തിവയ്പുകൾ നൽകുന്നുണ്ടോയെന്നുമുള്ള വിശദാംശം നൽകാമോ?

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന പ്രതിരോധ കുത്തിവയ്പുകൾ നൽകുന്ന പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കുന്നില്ല. പ്രതിരോധ കുത്തിവയ്പുകൾ ആരോഗ്യ വകുപ്പ് മുഖേനയാണ് നടപ്പാക്കിവരുന്നത്.

**ആശ്വാസകിരണം പദ്ധതി**

191(1820) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതി നിലവിലുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം വിതരണം ചെയ്തുവരുന്ന ധനസഹായം എത്ര രൂപയാണെന്ന് അറിയിക്കാമോ?

ആശ്വാസകിരണം പദ്ധതി പ്രകാരം പ്രതിമാസം 600 രൂപ വീതം ധനസഹായം നൽകിവരുന്നു.

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏത് വർഷം വരെയുള്ള തുകയാണ് നിലവിൽ നൽകിയിട്ടുള്ളത്;

(ഡി) കുടിശ്ശികയുള്ള തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) പ്രസ്തുത പദ്ധതി പ്രകാരം 2023-2024 സാമ്പത്തിക വർഷം ലൈഫ് സർട്ടിഫിക്കറ്റ്, പുതുക്കിയ വ്യക്തിവിവരങ്ങൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ 01-08-2023 വരെ ലഭ്യമാക്കിയ വിവിധ ജില്ലകളിലെ 19229 ഗുണഭോക്താക്കൾക്ക് 13 മാസത്തെ ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ട് വഴി അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആലപ്പുഴയിൽ സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

192(1821) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്ക് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ സംസ്ഥാനത്തൊട്ടാകെയാണ് നടപ്പാക്കിവരുന്നത്, നിയോജകമണ്ഡലം തിരിച്ച് പദ്ധതികൾ നടപ്പാക്കിവരുന്നില്ല.

സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന സമൂഹത്തിലെ പാർശ്വവൽകൃത ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമുള്ള വിവിധ പദ്ധതികൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ജില്ലാ തലത്തിലാണ് തുക വിനിയോഗിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ആലപ്പുഴ നിയോജകമണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന സംസ്ഥാനത്തൊട്ടാകെ 25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ആലപ്പുഴ നിയോജകമണ്ഡലത്തിൽ ആര്യാട് പഞ്ചായത്തിലെ ഫാമിലി ഹെൽത്ത് സെന്ററിൽ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിനുകീഴിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്നും അവയ്ക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ടോയെന്നും വ്യക്തമാക്കുമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിനുകീഴിൽ ജില്ലാ പ്രൊബേഷൻ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമില്ല, കോടതി ബിൽഡിങിൽ വാടകരഹിതമായ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഒ.സി.ബി. ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന സ്വന്തമായി കെട്ടിടമുള്ള സ്ഥാപനങ്ങൾ:

1. കരുണാലയ ഹോസ്പൈസ് ഓൾഡ് ഏജ് ഹോം, ആലപ്പുഴ

2. സ്നേഹാഭവൻ, പി. എച്ച്. ഹോം, വിസിറ്റേഷൻ കോൺവെന്റ്, കലവൂർ.

3. മരിയൻ ദിവ്യ, കരുണാലയം, പി. എച്ച്. ഹോം, പൊന്നാട്.

**വി-കെയർ പദ്ധതി**

193(1822) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുതരമായ രോഗം ബാധിച്ച് ചികിത്സയിലായവർക്കുവേണ്ടി നടപ്പാക്കിയ വി-കെയർ പദ്ധതി പ്രകാരം തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

വി-കെയർ പദ്ധതി പ്രകാരം 37 അപേക്ഷകളാണ് തീർപ്പാക്കാനുള്ളത്.

**ആശ്വാസകിരണം പദ്ധതി കുടിശ്ശിക**

194(1823) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് നൽകുന്ന ആശ്വാസ കിരണം പദ്ധതി പ്രകാരമുള്ള ധനസഹായ വിതരണം മുടങ്ങിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര മാസക്കാലത്തെ കുടിശ്ശികയാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) ആശ്വാസകിരണം പദ്ധതി പ്രകാരം 2023-2024 സാമ്പത്തിക വർഷം ലൈഫ് സർട്ടിഫിക്കറ്റ്, പുതുക്കിയ വ്യക്തിവിവരങ്ങൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ 01-08-2023 വരെ ലഭ്യമാക്കിയ വിവിധ ജില്ലകളിലെ 19229 ഗുണഭോക്താക്കൾക്ക് 13 മാസത്തെ ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ട് വഴി അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതിയിൽനിന്ന് ധനസഹായം ലഭിക്കുന്നവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതിയിൽനിന്ന് ധനസഹായം ലഭിക്കുന്നവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ആശ്വാസകിരണം പദ്ധതിയിൽനിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നത് സംസ്ഥാനത്ത് നിർത്തിവച്ചിട്ടുണ്ടോ?

ഇല്ല.

**ആശ്വാസകിരണം പദ്ധതി**

195(1824) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയിൽ ഏത് തീയതി വരെ അപേക്ഷ നൽകിയവർക്കാണ് നിലവിൽ ധനസഹായം നൽകിവരുന്നത്;

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര മാസത്തെ ധനസഹായം കുടിശ്ശികയുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) ആശ്വാസകിരണം പദ്ധതിയിൽ 2018 മാർച്ച് 31 വരെ അപേക്ഷ നൽകിയവർക്കാണ് ധനസഹായം നൽകിവരുന്നത്. പ്രസ്തുത പദ്ധതി പ്രകാരം 2023-2024 സാമ്പത്തിക വർഷം ലൈഫ് സർട്ടിഫിക്കറ്റ്, പുതുക്കിയ വ്യക്തിവിവരങ്ങൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ

01-08-2023 വരെ ലഭ്യമാക്കിയ വിവിധ ജില്ലകളിലെ 19229 ഗുണഭോക്താക്കാൾക്ക് 13 മാസത്തെ ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ട് വഴി അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാട്ടാക്കട നിയോജകമണ്ഡലത്തിൽ ഭിന്നശേഷി ഗ്രാമം പദ്ധതി**

196(1825) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ ഭിന്നശേഷി ഗ്രാമം പദ്ധതി ആരംഭിക്കുന്നതിനുള്ള ഭൂമി സാമൂഹ്യനീതി വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ തടസ്സമെന്താണ്; കൈമാറിയിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇല്ല. കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ പാറച്ചൽ വാർഡിൽ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നം.9-ൽ റീസർവെ നമ്പർ 401/5-ൽ ഉൾപ്പെട്ട 20.20 ആർ ഭൂമിയിൽ ഭിന്നശേഷി പുനരധിവാസ കേന്ദ്രം പ്രവർത്തന സജ്ജമാകുന്നമുറയ്ക്ക് പ്രസ്തുത ഭൂമിയുടെ മുൻ ഉടമസ്ഥന്റെ

ചെറുമകനും ഭിന്നശേഷിക്കാരനുമായ ശ്രീ. അഭിഷേക് ബി. എൻ. -നെക്കൂടി പുനരധിവാസ കേന്ദ്രത്തിൽ അന്തേവാസിയാക്കണമെന്ന നിബന്ധന സാമൂഹ്യനീതി വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന് ഭൂമി കൈമാറി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രൊപ്പോസൽ നിലവിൽ നിയമ വകുപ്പ് പരിശോധിച്ചുവരുന്നുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രോജക്ടിനായി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് 50 സെന്റ് ഭൂമികൂടി വാങ്ങുന്നതിന് അനുമതി ലഭ്യമായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തായെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രോജക്ട് ഈ വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഈ പ്രോജക്ടിനായി ബഹുമാനപ്പെട്ട കാട്ടാക്കട എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്ന് 55 ലക്ഷം രൂപ അനുവദിക്കുകയും തുക ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഗ്രാമപഞ്ചായത്ത് നൽകിയിട്ടുമുണ്ട്. നിർദിഷ്ട ഭൂമിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യപ്പെട്ട പ്രകാരം ആയത് ലഭ്യമാക്കുന്നതിന് കാട്ടാക്കട താലൂക്ക് തഹസിൽദാർക്ക് തദ്ദേശസ്വയംഭരണ വകുപ്പ് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിച്ചാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണെന്നും ആയത് 2024-25 സാമ്പത്തിക വർഷം സ്പിൽ ഓവർ പദ്ധതിക്കായി ഉൾപ്പെടുത്തുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്.

**കെ.എസ്.എസ്.എം. വഴി നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി**

197(1826) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എസ്.എം. വഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് 2023-24-ൽ ബജറ്റിൽ വകയിരുത്തിയ തുകയുടെയും കെ.എസ്.എസ്.എം.-ന് അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരള സാമൂഹ്യ സുരക്ഷാമിഷൻവഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് 2023-24-ൽ ബജറ്റിൽ വകയിരുത്തിയ തുകയുടെയും കെ.എസ്.എസ്.എം.-നും സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസിനും അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധം-1+ആയി ചുവടെ ചേർക്കുന്നു.

(ബി) 2023-24-ൽ കെ.എസ്.എസ്.എം.-ന് അനുവദിച്ച തുകയിൽ പൂർണ്ണമായും തുക ചെലവഴിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും അതിനുള്ള കാരണവും വിശദമാക്കുമോ?

2023-24-ൽ കെ.എസ്.എസ്.എം.-നും സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസിനും അനുവദിച്ച തുകയിൽ പൂർണ്ണമായും തുക

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെലവഴിക്കാത്ത പദ്ധതികളുടെ വിശദാംശവും അതിനുള്ള കാരണവും അനുബന്ധം-II+ആയി ചുവടെ ചേർക്കുന്നു.

**അങ്കണവാടി ജീവനക്കാരുടെ പെൻഷൻ വർധിപ്പിക്കാൻ നടപടി**

198(1827) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടി ജീവനക്കാരുടെ പെൻഷൻ വർധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അങ്കണവാടി ജീവനക്കാരുടെ പെൻഷൻ അവസാനമായി വർധിപ്പിച്ചതെന്നാണെന്നും എത്ര രൂപയാണ് വർധിപ്പിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

(എ&ബി) അങ്കണവാടി വർക്കർ/ഹെൽപ്പറായി 10 വർഷമോ അതിൽ കൂടുതലോ ജോലി ചെയ്തവരും 62 വയസ്സ് തികയുന്ന ദിവസം സർവീസിലുള്ളവർക്കും ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ മുടക്കം വരുത്താത്തവർക്കുമാണ് പ്രതിമാസ ക്ഷേമനിധി പെൻഷൻ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിവരുന്നത്. അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ പ്രതിമാസ ക്ഷേമനിധി വിഹിതം, വർഷംതോറും ലഭിക്കുന്ന സർക്കാർ വിഹിതം എന്നിവ ഉപയോഗിച്ചാണ് പ്രതിമാസ ക്ഷേമനിധി പെൻഷനും മറ്റനുബന്ധ ആനുകൂല്യങ്ങളും ക്ഷേമനിധി ബോർഡിന്റെ 10% ഭരണ ചെലവുകളും വഹിച്ചുവരുന്നത്. എന്നാൽ ഓരോ വർഷവും വിരമിക്കുന്ന പ്രവർത്തകരുടെ എണ്ണം വർധിക്കുകയും വിഹിതം അടയ്ക്കുന്നവരുടെ എണ്ണം സ്ഥിരമായി നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഓരോ വർഷവും വർധിച്ചുവരുന്ന ചെലവ് ബോർഡിന് കൂടുതൽ സാമ്പത്തിക ഞെരുക്കമുണ്ടാക്കുന്നു. ഈ സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 1,80,00,000/- രൂപ (ഒരു കോടി എൺപത് ലക്ഷം രൂപ മാത്രം) ബോർഡിന് അനുവദിച്ചുനൽകിയിട്ടുണ്ട്. 01-04-2021 മുതൽ അങ്കണവാടി വർക്കർക്ക് 2,500/- രൂപ നിരക്കിലും അങ്കണവാടി ഹെൽപ്പർക്ക് 1,500/- രൂപ നിരക്കിലും പ്രതിമാസ പെൻഷൻ നൽകിവരുന്നു.

(സി) അങ്കണവാടി ജീവനക്കാരുടെ പെൻഷനോടൊപ്പം ഏതെങ്കിലും തരത്തിലുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; നടപ്പാക്കിയിട്ടില്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

അങ്കണവാടി ജീവനക്കാരുടെ പെൻഷനോടൊപ്പം മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പാക്കിയിട്ടില്ല. അങ്കണവാടി ജീവനക്കാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**അങ്കണവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

199(1828) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അങ്കണവാടി ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ കുടിശ്ശികയായ സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലുള്ള കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ?

2023 ഏപ്രിൽ മാസത്തിനുമുമ്പ് വിരമിച്ച മുഴുവൻ ജീവനക്കാർക്കും പെൻഷൻ നൽകിവരുന്നു. 2023-ൽ വിരമിച്ച പെൻഷൻകാർക്കും ഇതിനകം

ഒരു മാസത്തെ പെൻഷൻ നൽകിക്കഴിഞ്ഞു. ശേഷിക്കുന്ന പെൻഷനും മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളും അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) അങ്കണവാടി ജീവനക്കാരുടെ വേതനവിതരണത്തിന് തടസ്സം നേരിടുന്നുണ്ടോ; ഇത് കുടിശ്ശികയായിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) അങ്കണവാടി ജീവനക്കാരുടെ കുടിശ്ശികയായ വേതനവും പെൻഷൻ ആനുകൂല്യങ്ങളും എന്നത്തേക്ക് പൂർണ്ണമായി വിതരണം നടത്താനാകുമെന്ന് അറിയിക്കുമോ; ഇവരുടെ ആനുകൂല്യങ്ങൾ എത്രയുംവേഗം കൊടുത്തുതീർക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

(ബി&സി) അങ്കണവാടി ജീവനക്കാരുടെ വേതന വിതരണത്തിന് തടസ്സം നേരിടുന്നില്ല; കുടിശ്ശികയുമില്ല.

അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ പ്രതിമാസ ക്ഷേമനിധി വിഹിതം, വർഷംതോറും ലഭിക്കുന്ന സർക്കാർ വിഹിതം എന്നിവ ഉപയോഗിച്ചാണ് പ്രതിമാസ പെൻഷനും മറ്റാനുകൂല്യങ്ങളും ഓരോ വർഷവും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും ബോർഡിന്റെ 10%

ഭരണ ചെലവുകളും വഹിച്ചുവരുന്നത്. 2024 ഏപ്രിൽ 30-ന് വിരമിച്ച ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ ക്ഷേമനിധി ബോർഡിൽ ലഭ്യമായിട്ടില്ല. ഓരോ സാമ്പത്തിക വർഷവും ഏകദേശം രണ്ടായിരത്തോളം അങ്കണവാടി പ്രവർത്തകർ ഏപ്രിൽ 30-ന് 62 വയസ്സ് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിരമിക്കുന്നുണ്ട്. വിരമിക്കുന്ന അങ്കണവാടി പ്രവർത്തകരിൽനിന്നും പെൻഷൻ അപേക്ഷകൾ അതത് ശിശുവികസന പദ്ധതി ഓഫീസർമാർ ശേഖരിച്ച് ഐ.സി.ഡി.എസ്. പ്രോജക്ട് തലത്തിൽ പരിശോധന പൂർത്തിയാക്കി മെയ് 15-ന് മുമ്പായി ജില്ലാ വനിതാശിശുവികസന ഓഫീസർമാർക്ക് സമർപ്പിക്കുകയും ജില്ലാതല പരിശോധന പൂർത്തിയാക്കിയ അപേക്ഷകൾ ജൂൺ 15-ന് മുമ്പായി അങ്കണവാടി ക്ഷേമനിധി ബോർഡിൽ ലഭ്യമാക്കുകയും ചെയ്യുന്നു. ഇപ്രകാരം ലഭ്യമാക്കുന്ന അപേക്ഷകളുടെ പ്രോസ്സസിങ് 2 മാസത്തിനുള്ളിൽ ക്ഷേമനിധി ബോർഡ് കാര്യാലയത്തിൽ പൂർത്തീകരിക്കുന്നുണ്ട്. എന്നാൽ ഓരോ വർഷവും വിരമിക്കുന്ന പ്രവർത്തകരുടെ എണ്ണം വർധിക്കുകയും വിഹിതം അടയ്ക്കുന്നവരുടെ എണ്ണം സ്ഥിരമായി നിൽക്കുകയും ചെയ്യുന്ന

സാഹചര്യത്തിൽ ഓരോ വർഷവും വർധിച്ചുവരുന്ന ചെലവ് ബോർഡിന് ഏറെ സാമ്പത്തിക ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. സർക്കാർ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ക്ഷേമനിധി ബോർഡിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് സർക്കാർ വിഹിതം അനുവദിച്ചുവരുന്നുണ്ട്. ഈ സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 1,80,00,000/-രൂപ (ഒരു കോടി എൺപത് ലക്ഷം രൂപ മാത്രം) ബോർഡിന് അനുവദിച്ചുനൽകിയിട്ടുണ്ട്.

**ഭിന്നശേഷിക്കാർക്ക് നൽകുന്ന യു.ഡി.ഐ.ഡി. കാർഡിന്റെ പ്രയോജനങ്ങൾ**

200(1829) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഭിന്നശേഷിക്കാർ ഉണ്ടെന്നുള്ള വിവരം ലഭ്യമാണോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

2015-ലെ ഭിന്നശേഷി സെൻസസ് പ്രകാരം 7,93,937 ഭിന്നശേഷിക്കാരാണ് സംസ്ഥാനത്ത് നിലവിലുള്ളത്.

(ബി) ഭിന്നശേഷിക്കാർക്ക് നൽകുന്ന യു.ഡി.ഐ.ഡി. കാർഡിന്റെ പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിന് യു.ഡി.ഐ.ഡി. കാർഡ് അല്ലെങ്കിൽ യു.ഡി.ഐ.ഡി. എൻറോൾമെന്റ് നമ്പരും അംഗീകൃത ഭിന്നശേഷി സർട്ടിഫിക്കറ്റും ആവശ്യമാണ്. ഭിന്നശേഷിക്കാർക്ക് 2016-ലെ ഭിന്നശേഷി അവകാശ നിയമപ്രകാരമുള്ളതടക്കമുള്ള വിവിധ അവകാശങ്ങളും ആനുകൂല്യങ്ങളും അനുവദിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ഏകീകൃത തിരിച്ചറിയൽ കാർഡ് (Unique Disability Card-UDID) ആധികാരിക രേഖയായി അംഗീകരിച്ച് സംസ്ഥാന സർക്കാർ ബി3/5/2023/സാ.നീ.വ. പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അർഹരായ എല്ലാ ഭിന്നശേഷിക്കാർക്കും യു.ഡി.ഐ.ഡി. കാർഡ് നൽകാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

അർഹരായ എല്ലാ ഭിന്നശേഷിക്കാർക്കും UDID കാർഡ് നൽകുന്നതിലേക്കായി ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതിവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 11-10-2023-ന് ചേർന്ന യോഗത്തിൽ സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാർക്കും UDID കാർഡ് നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള നാഷണൽ സർവീസ് സ്കീം (NSS)-ലെ വോളന്റിയർമാരുടെ സേവനം പ്രയോജനപ്പെടുത്തി UDID രജിസ്ട്രേഷൻ campaign നടത്തുന്നതിനായി കേരള സാമൂഹ്യസുരക്ഷാ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഭിന്നശേഷി സർട്ടിഫിക്കറ്റില്ലാത്ത അപേക്ഷകരെ DMO രൂപീകരിക്കുന്ന Disability Assessment Medical Board പരിശോധിച്ച് വിലയിരുത്തിയശേഷം ആയതിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി സർട്ടിഫിക്കറ്റും UDID-യും നൽകുകയാണ് ചെയ്യുന്നത്. ഭിന്നശേഷിക്കാർക്ക് വേഗത്തിൽ UDID ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2023-24 സാമ്പത്തിക വർഷം 121 വികേന്ദ്രീകൃത ക്യാമ്പുകൾ സംഘടിപ്പിച്ചു. കൂടാതെ

എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും നിശ്ചിത ദിവസങ്ങളിൽ ഭിന്നശേഷി അസസ്സ്മെന്റ് ബോർഡ് കൂടുന്നുമുണ്ട്.

ഭിന്നശേഷി സർട്ടിഫിക്കറ്റുള്ളവർക്ക് അവരുടെ അപേക്ഷയും ഭിന്നശേഷി സർട്ടിഫിക്കറ്റും ബന്ധപ്പെട്ട ജില്ലാമെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് മെഡിക്കൽ റെക്കമെന്റേഷൻ നൽകുകയും ഇതിനെ തുടർന്ന് അവരുടെ യു.ഡി.ഐ.ഡി. ജനറേറ്റ് ചെയ്തുനൽകുകയും ചെയ്യുന്നു. ഈ വിഭാഗത്തിൽ 4534 അപേക്ഷകൾ മാത്രമേ സംസ്ഥാനത്ത് തീർപ്പ് കൽപ്പിക്കാൻ അവശേഷിക്കുന്നുള്ളൂ. പ്രസ്തുത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി തന്മുദ്ര എന്ന വെബ്സൈറ്റ് വികസിപ്പിക്കുകയും എൻ.എസ്.എസ്. വോളന്റിയർമാരുടെയും അങ്കണവാടി പ്രവർത്തകരുടെയും സഹകരണത്തിൽ UDID സമ്പൂർണ രജിസ്ട്രേഷൻ ക്യാമ്പയിന് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്.

സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം പരിഹരിക്കുന്നതിനായി പ്രൈവറ്റ് ഡോക്ടർമാരുടെ പാനൽ തയ്യാറാക്കുന്നതിന് ആരോഗ്യ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ അസസ്മെന്റ് കഴിഞ്ഞ

ഭിന്നശേഷിക്കാർക്ക് ഓൺലൈൻ മുഖേന യു.ഡി.ഐ.ഡി. കാർഡ് നൽകുന്നതിന് സംസ്ഥാനത്തെ നൂറിലധികം വരുന്ന വയോമിത്രം മെഡിക്കൽ ഓഫിസർമാരുടെ സേവനം ഉപയോഗിച്ചുവരുന്നു.

ഡി.എം.ഒ. തല പരിശോധനയിൽ വിവിധ അപാകതകളാൽ കാർഡ് നൽകാൻ കഴിയാതെ 1 ലക്ഷത്തിൽപ്പരം അപേക്ഷകരുണ്ട്. ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്/നിയമസഭ നിയോജക മണ്ഡലാടിസ്ഥാനത്തിൽ അവയ്ക്ക് പരിഹാരം കാണുന്നതിനുള്ള അദാലത്തുകൾ നടത്തിവരുന്നു. 2023-24 സാമ്പത്തിക വർഷം 240 അദാലത്തുകൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 29-04-2024 വരെ UDID കാർഡിനുവേണ്ടി 5,03,333 അപേക്ഷ ലഭിച്ചു. ഇവരിൽ 3,35,614 ഭിന്നശേഷിക്കാർക്ക് ഏകീകൃത തിരിച്ചറിയൽ കാർഡുകൾ (UDID) നൽകുകയുണ്ടായി. രാജ്യത്ത് കൂടുതൽ കാർഡ് നൽകിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ 9-ാം സ്ഥാനം കേരളത്തിന് ലഭിച്ചിട്ടുണ്ട്.

നിലവിൽ കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള www.swavlambancard.gov.in വെബ്സൈറ്റ് പ്രവർത്തനം മെയ് 2024 മുതൽ

പുനഃക്രമീകരണം നടത്തുന്നതിനാൽ കാർഡ് നൽകുന്ന പ്രവർത്തനങ്ങളിൽ തടസ്സം നിലവിൽ നേരിട്ടുകൊണ്ടിരിക്കുന്നു. ഈ ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിനെ യഥാസമയം അറിയിച്ച് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വാമനപുരം മണ്ഡലത്തിൽ നിലവിൽ എത്ര ഭിന്നശേഷിക്കാരുണ്ടെന്നും അതിൽ എത്ര പേർ പ്രസ്തുത കാർഡിനായി അപേക്ഷിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് അവ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

2015-ലെ ഭിന്നശേഷി സെൻസസ് പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ 5654 ഭിന്നശേഷിക്കാരാണുള്ളത്.

കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള www.swavlambancard.gov.in വെബ്സൈറ്റ് പ്രവർത്തനം മെയ് 2024 മുതൽ പുനഃക്രമീകരണം നടത്തിയതിനാൽ UDID കാർഡിന് അപേക്ഷിച്ചിട്ടുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്ക് മാത്രമേ നിലവിൽ ലഭിക്കുന്നുള്ളൂ.

**സർക്കാർ നിയമനങ്ങളിലെ ഭിന്നശേഷി സംവരണം**

201(1830) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് നാല് ശതമാനം സംവരണം അനുവദിച്ചുകൊണ്ടുള്ള 31-10-2019-ലെ സ.ഉ. നം.12/2019/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിയമനങ്ങൾ നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ?

4% ഭിന്നശേഷി സംവരണം നിലവിൽ ഔട്ട് ഓഫ് ടേൺ ആയി പബ്ലിക് സർവീസ് കമ്മീഷൻ നടപ്പാക്കിവരുന്നുണ്ട്.

(ബി) പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങളിൽ ഭിന്നശേഷി വിഭാഗങ്ങൾക്ക് നാല് ശതമാനം സംവരണം അനുവദിക്കുന്നതിനും ആയതിനനുസൃതമായി കെ.എസ്.&എസ്.എസ്.ആർ-ൽ ഭേദഗതി വരുത്തുന്നതിനും സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

31-10-2019-ലെ സ.ഉ. 12/2019/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭിന്നശേഷി സംവരണത്തിന് നിശ്ചയിച്ച ടേണുകൾ KS&SSR

പ്രകാരമുള്ള സാമുദായിക സംവരണ ചട്ടങ്ങൾക്ക് വിരുദ്ധമായതിനാലും പ്രസ്തുത ചട്ടങ്ങളിൽ ഉചിതമായ ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാലും പബ്ലിക് സർവീസ് കമ്മീഷൻ 3% ഭിന്നശേഷി സംവരണം നടപ്പാക്കിയ രീതിയിൽ ഔട്ട് ഓഫ് ടേൺ ആയാണ് 4% ഭിന്നശേഷി സംവരണം നിലവിൽ നടപ്പാക്കിവരുന്നത്. ഭിന്നശേഷി വിഭാഗങ്ങൾക്ക് ഹൊറിസോണ്ടലായി സംവരണം നടപ്പാക്കുന്നതിനുള്ള പൊതുനിർദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ചും പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം KS&SSR-ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നത് സംബന്ധിച്ചുമുള്ള വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഒരു സമുദായത്തിന്റെയും സംവരണ ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്താതെ നാല് ശതമാനം ഭിന്നശേഷി സംവരണം ഉറപ്പാക്കാൻ നാളിതുവരെ സർക്കാർ സ്വീകരിച്ച തുടർനടപടികൾ രേഖകളുടെ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ;

(ഡി) ആയത് പരിഹരിക്കുന്നതിന് നാളിതുവരെ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; സംവരണ സമുദായങ്ങളുടെ നഷ്ടം നികത്തുന്നതിനുതകുന്ന തരത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോ?

(സി&ഡി) പബ്ലിക് സർവീസ് കമ്മീഷൻ 3% ഭിന്നശേഷി സംവരണം നടപ്പാക്കിയ രീതിയിൽ ഔട്ട് ഓഫ് ടേൺ ആയാണ് 4% ഭിന്നശേഷി സംവരണം നിലവിൽ നടപ്പാക്കിവരുന്നത്.

സാമുദായിക സംവരണം KS&SSR അനുശാസിക്കുംപ്രകാരം പാലിക്കപ്പെടുന്നുണ്ട്. എന്നാൽ ഭിന്നശേഷി സംവരണം ഔട്ട് ഓഫ് ടേണായാണ് നടപ്പാക്കിവരുന്നത്. ആയത് ഈ വിഷയം സംബന്ധിച്ചുള്ള സുപ്രീംകോടതി വിധിക്ക് വിധേയമായി ഹൊറിസോണ്ടലായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 18-01-2024-ന് ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെയും നിയമവകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും തയ്യാറാക്കിയ പൊതുനിർദേശം സംബന്ധിച്ച കരട് 25-01-2024-ൽ

പി.എസ്.സി.-യുടെ അഭിപ്രായം തേടുന്നതിനായി അയച്ചിരിക്കുകയാണ്. പി.എസ്.സി.-യുടെ അഭിപ്രായത്തിന്റെകൂടി അടിസ്ഥാനത്തിൽ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. പബ്ലിക് സർവീസ് കമ്മീഷനിൽനിന്നും മറുപടി ലഭ്യമാവുന്നമുറയ്ക്ക് പകർപ്പ് ലഭ്യമാക്കാവുന്നതാണ്.

(ഇ) നിയമനങ്ങളിലെ ഭിന്നശേഷി സംവരണം ഹൊറിസോണ്ടൽ രീതിയിലാണ് നടപ്പാക്കേണ്ടതെന്ന ഇന്ദ്രാ സാഹ്നി V/s യൂണിയൻ ഓഫ് ഇൻഡ്യ കേസിലെ സുപ്രീംകോടതി വിധിക്കനുസൃതമായാണോ സംസ്ഥാനത്തെ നിയമനങ്ങളിൽ സംവരണം അനുവദിക്കുന്നതെന്ന് വിശദമാക്കാമോ?

സുപ്രീംകോടതി വിധിക്കനുസൃതമായി ഭിന്നശേഷിസംവരണം ഹൊറിസോണ്ടൽ രീതിയിൽ നടപ്പാക്കുന്നതിനാവശ്യമായ പൊതുനിർദേശം പുറപ്പെടുവിക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്.

(എഫ്) ഔട്ട് ഓഫ് ടേൺ ആയി ഭിന്നശേഷിസംവരണം നടപ്പാക്കുന്നത് സംവരണ സമുദായങ്ങൾക്കും പൊതുവിഭാഗത്തിനും

ഒരേപോലെ നഷ്ടം സംഭവിക്കുന്നതിനും ഭിന്നശേഷി വിഭാഗങ്ങൾക്കുൾപ്പെടെ ആകെ സംവരണം 50 ശതമാനത്തിൽ കവിയുന്ന സാഹചര്യം ഉടലെടുക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ഭിന്നശേഷിസംവരണം ഹൊറിസോണ്ടൽ രീതിയിൽ നടപ്പാക്കുന്നതിനാവശ്യമായ പൊതുനിർദേശം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**ഭിന്നശേഷിക്കാർക്കായുള്ള ദുരിതാശ്വാസ നിധിയിൽ അപേക്ഷിക്കാനുള്ള വരുമാന പരിധി**

202(1831) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭിന്നശേഷിക്കാർക്കായുള്ള ദുരിതാശ്വാസ നിധി പദ്ധതിയിൽ കുടുംബ വാർഷിക വരുമാനം എത്ര രൂപയിൽ താഴെയുള്ളവർക്കാണ് (ഗ്രാമങ്ങളിൽ/നഗര പ്രദേശങ്ങളിൽ) ധനസഹായത്തിന് അപേക്ഷിക്കാൻ കഴിയുക എന്ന് വ്യക്തമാക്കാമോ?

ഭിന്നശേഷിക്കാർക്ക് ചികിൽസയ്ക്കായി ധനസഹായം നൽകുന്ന ദുരിതാശ്വാസനിധി പദ്ധതിപ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന്

അപേക്ഷകന്റെ കുടുംബ വാർഷികവരുമാനം ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപയും നഗരപ്രദേശങ്ങളിൽ 22,375/- രൂപയുമായാണ് നിശ്ചയിച്ചിരിക്കുന്നത്.

**ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കാൻ പദ്ധതി**

203(1832) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പുതിയ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി സാമൂഹ്യനീതിവകുപ്പും വകുപ്പിനുകീഴിലുള്ള മറ്റ് സ്ഥാപനങ്ങളും മുഖാന്തരം നിരവധിയായ വികസന ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. ഈ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഭിന്നശേഷിക്കാരായ സൂപ്പർ ന്യൂമററി ജീവനക്കാരുടെ റഗുലറൈസേഷൻ**

204(1833) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16-08-1999 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജോലി ചെയ്തിരുന്ന ഭിന്നശേഷി ജീവനക്കാരിൽനിന്നും 2013-ൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർനിയമിച്ചത് എത്രപേരെയാണ്; അവരെ ഏതെല്ലാം വകുപ്പുകളിലേക്കാണ് വിന്യസിച്ചതെന്ന് വകുപ്പ്, ജീവനക്കാരുടെ എണ്ണം എന്നിവ തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ; ഇപ്രകാരം നിയമിച്ച എത്രപേരാണ് നിലവിൽ ജോലിയിൽ തുടരുന്നതെന്ന് വകുപ്പുകൾ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

18-05-2013-ലെ ജി.ഒ(പി) 40/2013/സാ.ക്ഷേ.വ നമ്പർ ഉത്തരവ് പ്രകാരം 16-08-1999 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം കെ.എസ്.&എസ്.എസ്.ആർ. ഭാഗം

II, ചട്ടം 9(എ) (I) പ്രകാരം താൽക്കാലികമായി നിയമിക്കപ്പെടുകയും 179 ദിവസം സേവനം പൂർത്തിയാക്കുകയും ചെയ്ത ഭിന്നശേഷിക്കാർക്ക് നിയമനം നൽകുന്നതിനായി, പ്രസ്തുത ജീവനക്കാർ സർവീസിൽനിന്നും പിരിഞ്ഞ് പോകുമ്പോൾ തസ്തികകൾ ഇല്ലാതാവും എന്ന വ്യവസ്ഥയിൽ 2677 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയും അതിൽ ഏകദേശം 2185 തസ്തികകളിൽ നിയമനം നടക്കുകയും ചെയ്തിട്ടുണ്ട്.

വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡ്, കോർപ്പറേഷൻ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സർവകലാശാലകൾ, കേരള പബ്ലിക് സർവീസ് കമ്മീഷൻ തുടങ്ങി വിവിധ സ്ഥാപനങ്ങളിൽ ഇത്തരത്തിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഭിന്നശേഷിക്കാർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്. ഏതെല്ലാം വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ, എത്ര പേരെ വിന്യസിച്ചു എന്നത് സംബന്ധിച്ച വിവരവും നിലവിൽ എത്ര പേർ ജോലിയിൽ തുടരുന്നു എന്ന വിവരവും ശേഖരിച്ചുവരുന്നു.

(ബി) 2013-ൽ പുനർനിയമനം നൽകി പത്ത് വർഷമായെങ്കിലും പ്രസ്തുത ജീവനക്കാരെ ഇതുവരെ റെഗുലറൈസ് ചെയ്യാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ; മറ്റ് സർക്കാർ ജീവനക്കാർക്കുള്ള പ്രൊമോഷനോ ഗ്രേഡോ ഇവർക്ക് അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഇവരെ റെഗുലറൈസ് ചെയ്യുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

18-05-2013-ലെ ജി.ഒ(പി) 40/2013/സാ.ക്ഷേ.വ നമ്പർ ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിലാണ് പ്രസ്തുത ജീവനക്കാരെ നിയമിച്ചിരിക്കുന്നതെന്നതിനാൽ സ്ഥിരം ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ഇവർക്ക് നൽകുന്നതിന് സാധിക്കുകയില്ല. എന്നിരുന്നാലും അവധി, യാത്രാബത്ത, ദിന ബത്ത, വാർഷിക ഇൻക്രിമെന്റ്, മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്, പങ്കാളിത്ത പെൻഷൻ എന്നിവ സ്ഥിരം ജീവനക്കാർക്കുള്ളതുപോലെ ഇവർക്കും ബാധകമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം, നിരീക്ഷണകാലം പൂർത്തിയാക്കൽ, സീനിയോറിറ്റി എന്നിവ സൂപ്പർ ന്യൂമററി ജീവനക്കാർക്ക് അനുവദനീയമല്ല. പ്രസ്തുത സൂപ്പർ ന്യൂമററി തസ്തികകൾ അതത് വകുപ്പിന്റെ/സ്ഥാപനത്തിന്റെ

cadre strength-ൽ ഉൾപ്പെടുത്തിയെങ്കിൽ മാത്രമേ സ്ഥിരം സർക്കാർ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ഇവർക്കും നൽകാൻ സാധിക്കുകയുള്ളൂ. സ്ഥിരം ജീവനക്കാർക്കുള്ളതുപോലെ റെഗുലറൈസേഷനും പ്രൊമോഷനും നിലവിലുള്ള ചട്ടപ്രകാരം ഇവർക്ക് അനുവദനീയമല്ല.

(സി) പ്രസ്തുത ജീവനക്കാരുടെ സർവീസ് ആനുകൂല്യങ്ങളും റെഗുലറൈസേഷനും അനുവദിച്ച് കിട്ടുന്നതിനുവേണ്ടിയുള്ള സാമൂഹ്യനീതി (ബി) വകുപ്പിന്റെ ബി1-25-2021-എസ്.ജെ.ഡി. നമ്പർ ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

18-05-2013-ലെ ജി.ഒ(പി) 40/2013/സാ.ക്ഷേ.വ നമ്പർ ഉത്തരവ് പ്രകാരം വകുപ്പുകളിൽ/വകുപ്പുകൾക്ക് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് എത്രപേർക്ക് നിയമനം നൽകി, നിലവിൽ എത്രപേർ സേവനത്തിൽ തുടരുന്നു, എത്രപേർ റെഗുലർ സർവീസിലിരിക്കെ വിടുതൽവാങ്ങി സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായി തുടങ്ങിയ വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ

ലഭ്യമാക്കാൻ ബി1/250/2021/എസ്.ജെ.ഡി. നമ്പർ ഫയലിൽ എല്ലാ വകുപ്പുകളോടും ആവശ്യപ്പെട്ടിരുന്നെങ്കിലും ആരോഗ്യ കുടുംബക്ഷേമം, റവന്യൂ, ആഭ്യന്തരം, വ്യവസായം, ഗതാഗതം, എക്സൈസ് തുടങ്ങിയ വകുപ്പുകൾ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് വിഷയം പരിശോധിക്കുന്നതാണ്.

(ഡി) പതിനാലാം കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ട്രാൻസ്ജെൻഡറുകളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2019-21)യുടെ പത്താമത് റിപ്പോർട്ടിൽ (തീയതി 02-07-2019) സൂപ്പർ ന്യൂമററിയായി പുനർനിയമനം നൽകിയ ഭിന്നശേഷി ജീവനക്കാർക്ക് എല്ലാ സർവീസ് ആനുകൂല്യങ്ങളും അനുവദിക്കണമെന്ന ശിപാർശകളുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണ്; ഇതുസംബന്ധിച്ച് ഏതെല്ലാം വകുപ്പുകളിലേക്ക് നിർദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശിപാർശയുണ്ട്. പ്രസ്തുത ശിപാർശ സംബന്ധിച്ച് നിയമസഭാ സമിതിക്ക് മറുപടി നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി +ചേർത്തിരിക്കുന്നു.

(ഇ) പ്രസ്തുത ജീവനക്കാർ പത്ത് വർഷമായി ഉന്നയിക്കുന്ന സർവീസ് ആനുകൂല്യങ്ങൾക്കും റെഗുലറൈസേഷനുമായുള്ള ന്യായമായ ആവശ്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരായ ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകാമെന്ന് സ്പഷ്ടീകരണം വരുത്തി 03-02-2016-ലെ ജി.ഒ (പി) 01/2016 നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അവധി, യാത്രാബത്ത, ദിന ബത്ത, വാർഷിക ഇൻക്രിമെന്റ്, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, പങ്കാളിത്തപെൻഷൻ എന്നിവ സ്ഥിരം ജീവനക്കാർക്കുള്ളതുപോലെ ഇവർക്കും നൽകുന്നുണ്ട്. എന്നാൽ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം, നിരീക്ഷണകാലം പൂർത്തിയാക്കൽ, സീനിയോറിറ്റി എന്നിവ സൂപ്പർ ന്യൂമററി ജീവനക്കാർക്ക് നിലവിലുള്ള ചട്ടപ്രകാരം അനുവദനീയമല്ല. സർവീസ് റെഗുലറൈസേഷൻ അടക്കം

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത ജീവനക്കാർ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ B1/250/2021-എസ്.ജെ.ഡി. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നുണ്ട്.

**സഹജീവനം സഹായ കേന്ദ്രങ്ങളുടെ പ്രവർത്തനം**

205(1834) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനായി സാമൂഹ്യനീതി വകുപ്പ് മുഖേന ബാരിയർ ഫ്രീ കേരള പദ്ധതി 2015-16 മുതൽ നടപ്പാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കുമായി 50 കോടിയിലധികം രൂപ അനുവദിച്ചിട്ടുള്ളതും നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ

നടന്നുവരുന്നതും ഇപ്പോഴും തുടർപദ്ധതിയായി നടപ്പാക്കിവരുന്നതുമാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടായിരത്തിലധികം പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി മാറ്റിയിട്ടുണ്ട്.

പുതുതായി നിർമ്മിക്കുന്ന പൊതുകെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമായി നിർമ്മിക്കുന്നതിനാവശ്യമായ തരത്തിലുള്ള വ്യവസ്ഥകൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭിന്നശേഷി അവകാശനിയമം അനുശാസിക്കുന്ന സമയകാലയളവ് പൂർത്തിയായതിനാലും വകുപ്പിന്റെ മാത്രം ഫണ്ട് വിനിയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ മുഴുവൻ സംവിധാനങ്ങളും ഭിന്നശേഷി സൗഹൃദമാക്കി മാറ്റാൻ സാധിക്കാത്തതിനാലും ഇതിലേക്കുള്ള നടപടി എല്ലാ സർക്കാർ വകുപ്പുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വകാര്യ പൊതുമേഖല സംവിധാനങ്ങളും സ്വീകരിക്കേണ്ടതിനാലും സംസ്ഥാനത്തെ മുഴുവൻ പൊതുസംവിധാനങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് വകുപ്പുകൾ നടപ്പാക്കേണ്ടതുണ്ട്.

സാമൂഹ്യനീതി വകുപ്പിന്റെ പ്രവേശനക്ഷമതാ പ്രവർത്തനങ്ങൾക്ക് സാങ്കേതിക പിന്തുണയും ഗൈഡൻസും നൽകുന്നതിനായും പ്രവേശനക്ഷമതാ മാനദണ്ഡങ്ങൾ സംബന്ധിച്ച പരിശീലനങ്ങൾ നൽകുന്നതിനുമായി തിരുവനന്തപുരം CET ആസ്ഥാനമായി ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ രൂപീകരിച്ചിട്ടുള്ളതും 2020-21 വർഷം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും ബാരിയർഫ്രീ കൺസൾട്ടൻസി സെൽ & ട്രെയിനിങ് പദ്ധതി എന്ന പേരിൽ തുടർപദ്ധതിയായി നടപ്പാക്കിവരുന്നതുമാണ്. കേന്ദ്ര സർക്കാർ പദ്ധതിയായ ആക്സസബിൾ ഇന്ത്യ ക്യാമ്പയിൻ പദ്ധതിയിൽ ഉൾപ്പെടുത്തി തലസ്ഥാന ജില്ലയിലെ 13 പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികളും പൂർത്തിയായിട്ടുണ്ട്.

(ബി) ഭിന്നശേഷിക്കാർക്കായി ആരംഭിച്ച സഹജീവനം സഹായ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ് മഹാമാരിയുടെ കാലത്ത് വീടുകളിൽ ഒതുങ്ങിപ്പോയ ഭിന്നശേഷിക്കാർക്കും അവരുടെ കുടുംബത്തിനും മാനസിക പിന്തുണ ഉറപ്പുവരുത്തുന്നതിനായാണ് സഹജീവനം ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ

നടപ്പാക്കിയത്. സ്പെഷ്യൽ സ്കൂൾ, ബഡ്സ് സ്കൂൾ, എസ്.എസ്.കെ. എന്നിവരുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കിയിരുന്നത്. പദ്ധതി നടന്നിരുന്ന കാലയളവിൽ ഓൺലൈനായി നിരന്തരം പദ്ധതി വിലയിരുത്തിയിരുന്നു.

(സി) ഭിന്നശേഷിക്കാർക്ക് മാനസിക പിന്തുണ ഉറപ്പാക്കുന്നതിനായി സഹജീവനം സഹായ കേന്ദ്രങ്ങളിലൂടെ ലഭ്യമാക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

രക്ഷിതാക്കൾക്കും ഭിന്നശേഷിക്കാർക്കും ഫോൺ വഴി കൗൺസലിങ്, കുട്ടികൾക്ക് വീടുകളിൽ നൽകേണ്ടുന്ന പരിശീലന പരിപാടികൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകൽ, മരുന്ന്, ഡയപ്പറുകൾ മുതലായവ എത്തിച്ചുനൽകൽ, ഓൺലൈൻ ക്ലാസ്സുകൾ നൽകൽ, കോവിഡ് പ്രതിരോധ കുത്തിവയ്പുകൾ നൽകുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കൽ മുതലായ സേവനങ്ങൾ ഇതിന്റെ ഭാഗമായി നൽകിയിരുന്നു.

(ഡി) ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിച്ച് അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

വിശദമാക്കാമോ?

ഭിന്നശേഷിക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഭിന്നശേഷി അവകാശ നിയമം 2016 പ്രകാരം അനുവദിച്ചിട്ടുള്ള 4% തൊഴിൽ സംവരണം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. അതനുസരിച്ച് സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങളിലും ഭിന്നശേഷിക്കാർക്ക് 4% സംവരണം അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായി സാമൂഹ്യനീതി വകുപ്പ് 1263 തസ്തികകൾ വിവിധ സർക്കാർ വകുപ്പുകളിലായി കണ്ടെത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്ക് സ്ഥാനക്കയറ്റത്തിന് സംവരണവും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ഭിന്നശേഷിക്കാരുടെ ജീവിതനിലവാരം ഉയർത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള സാമൂഹ്യനീതി ഡയറക്ടേറ്റും മറ്റ് സ്ഥാപനങ്ങളും മുഖേന ആവിഷ്കരിച്ച്

നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**വൃദ്ധസദനം നിർമ്മിക്കുന്നതിനുള്ള നടപടികൾ**

206(1835) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കടുത്തുരുത്തി മണ്ഡലത്തിൽ മുളക്കുളം ഗ്രാമപഞ്ചായത്തിലെ കാരിക്കോട് കരയിൽ പഞ്ചായത്ത് വിട്ടുനൽകിയ സ്ഥലത്ത് കോട്ടയം ജില്ലാ വൃദ്ധസദനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുകയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

2023-24-ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ (ഭരണാനുമതി ഇല്ലാത്ത മരാമത്തു പണികൾ) 37-ാമത്തെ ഇനമായി സാമൂഹ്യനീതി വകുപ്പ് മുഖേന കോട്ടയം ജില്ലാ വൃദ്ധസദനം മുളക്കുളം കാരിക്കോട് നിർമ്മാണം രണ്ടാം ഘട്ട പദ്ധതിക്കായി തുക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകയിരുത്തിട്ടുണ്ട്. ആകെ അടങ്കൽ തുകയായ 300 ലക്ഷം രൂപയിൽ 60 ലക്ഷം രൂപയാണ് പ്രസ്തുത സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനം കൂടുതൽ വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി രണ്ടാംഘട്ട നിർമ്മാണ സാധ്യതകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ടും പ്ലാനും ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ മുഖേന ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്ലാൻ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പുമായി ചർച്ച നടത്തുകയും പ്ലാനിന്റെ പ്രായോഗികത പരിശോധിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ മുന്നോടിയായി സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ നടത്തുന്നതിലേക്കായി 3,90,000/- രൂപ അനുവദിച്ചിരുന്നു. സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്.

(ബി) പ്രസ്തുത സ്ഥാപനം കൂടുതൽ വയോജന സൗഹൃദമാക്കുന്നതിന് രണ്ടാംഘട്ട നിർമ്മാണ സാധ്യതകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ടും

പ്ലാനും പൊതുമരാമത്ത് വകുപ്പുമായി ചർച്ച നടത്തുകയും പ്ലാനിന്റെ പ്രായോഗികത പരിശോധിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ മുഖേന അക്സസ് ഓഡിറ്റ് നടത്തി വിശദമായ റിപ്പോർട്ടും പ്ലാനും തയ്യാറാക്കിയിരുന്നു. സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കിട്ടിയതിനുശേഷം മാത്രമേ ഫൗണ്ടേഷൻ ഡീറ്റെയിൽസ് അനുസരിച്ചുള്ള ഭേദഗതികൾ പ്ലാനിൽ വരുത്തുന്നതിന് സാധിക്കുകയുള്ളൂവെന്ന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയിൽ എന്തെല്ലാം ഇനങ്ങളാണ് ഉൾപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കിക്കൊണ്ടുള്ള കത്ത് സാമൂഹ്യനീതി വകുപ്പ് പൊതുമരാമത്ത് വകുപ്പിന് നൽകേണ്ടതായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ മുഖേന തയ്യാറാക്കിയ പ്ലാൻ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തികരിക്കുന്ന മുറയ്ക്ക് അക്സസ് ഓഡിറ്റ് പ്രകാരം തയ്യാറാക്കിയ പ്ലാനിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാവുന്നതുമാണ്.

(ഡി) ഇതുസംബന്ധിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിന് സ്ഥലം എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ ഇരുവകുപ്പുകളിലെയും ഉദ്യോഗസ്ഥരെ സംയുക്തമായി പങ്കെടുപ്പിച്ചുകൊണ്ട് യോഗം വിളിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അധ്യക്ഷതയിൽ സാമൂഹ്യനീതി വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ബാരിയർ

ഫ്രീ കൺസൾട്ടൻസി സെൽ എന്നിവരുമായി മീറ്റിങ് നടത്തുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

(ഇ) കോട്ടയം ജില്ലാ വൃദ്ധസദനം കടുത്തുരുത്തിയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലെന്ന് വിശദമാക്കാമോ?

നിലവിൽ കോട്ടയം ജില്ലയിലെ തിരുവഞ്ചൂരിലാണ് വകുപ്പിന് കീഴിലുള്ള വൃദ്ധസദനം പ്രവർത്തിച്ചുവരുന്നത്. മുളക്കുളത്തെ സ്ഥാപനം അടിയന്തരമായി പ്രവർത്തനമാരംഭിക്കുന്നതിന്റെ ഭാഗമായി കെട്ടിടത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുഴൽകിണർ നിർമ്മാണം. പമ്പിങ് സ്കീം, ഇലക്ട്രിക് കണക്ഷൻ, പെയിന്റിങ്, ക്ലീനിങ് വർക്കുകൾ, ചുറ്റുമതിൽ, വാട്ടർ ടാങ്ക്, മറ്റ് അറ്റകുറ്റപ്പണികൾ എന്നീ വർക്കുകൾ ഉൾപ്പെടുന്നു. പ്രസ്തുത വർക്കുകൾക്കായി ആകെ 7,60,903/-രൂപ 2023-24 സാമ്പത്തിക വർഷത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ 2235-02-001-96 (പി) ശീർഷകത്തിൽനിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്ന വിഷയം പരിഗണനയിലാണ്.

**മട്ടന്നൂർ മോഡേൺ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം**

207(1836) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മോഡേൺ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ പണി കഴിപ്പിച്ച പഴശ്ശി സ്മാരക ബഡ്സ് സ്കൂൾ എന്ന സ്ഥാപനം മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ (എം.സി.ആർ.സി.) ആയി ഉയർത്തി പ്രവർത്തനം നടത്തിവരുന്നു. നിലവിൽ, പ്രസ്തുത ബഡ്സ് സ്കൂളിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാർ മാത്രമാണ് പ്രസ്തുത എം.സി.ആർ.സി.-യിലും സേവനം അനുഷ്ഠിച്ചുവരുന്നത്.

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ-സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസിന്റെ അനുയാത്ര പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ കെട്ടിടനിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ചുവരുന്നു. സെന്റർ പ്രവർത്തന സജ്ജമാക്കുന്നതിന് അനിവാര്യമായ ഉപകരണങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കിയിട്ടുണ്ട്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അപ്രകാരം കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററിന്റെ കെട്ടിടനിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ചുവരുന്നു. സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുള്ള ഉപകരണങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ പഴശ്ശി സ്മാരക ബഡ്സ് സ്കൂളിൽ ജോലി ചെയ്യുന്നവരുടെ സേവനമാണ് സ്ഥാപനത്തിൽ ലഭ്യമാക്കിയിട്ടുള്ളത്. സ്ഥാപനത്തിലേക്കുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സെന്റർ

വിപുലീകരിച്ച് പ്രവർത്തിക്കുന്നതിനാവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ഗതാഗത വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികൾക്കായി നീക്കിവച്ചിട്ടുള്ള തുക**

208(1837) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്ത ിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഗതാഗത വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ നീക്കിവച്ചിട്ടുള്ള തുക എത്രയാണ്; എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാന മോട്ടോർ വാഹന വകുപ്പ്: വിശദാംശം അനുബന്ധ ം I ആയി +ചേർക്കുന്നു.

കെ.എസ്.ആർ.ടി.സി.: 2023-24 സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട അഞ്ച് പദ്ധതികൾക്കായി ആകെ 131 കോടി രൂപയാണ് പദ്ധതി വിഹിതമായി ബജറ്റിൽ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകയിരുത്തിയിരുന്നത്. ടി തുകയിൽ സർക്കാർ 68.29 കോടി രൂപയാണ് കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ചുനൽകിയത്. വിശദാംശങ്ങൾ അനുബന്ധമായി II ആയി +ചേർക്കുന്നു. ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതി വിഹിതയിനത്തിലെ തുകയായ 53 ലക്ഷം രൂപ 30-03-2024-ൽ സർക്കാർ ഖജനാവിലേക്ക് വരവ് ചെയ്തിട്ടുണ്ട്.

സംസ്ഥാന ജലഗതാഗത വകുപ്പ്: വകുപ്പിന്റെ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി ഇനത്തിൽ ആകെ വകയിരുത്തി ലഭിച്ച തുക 29,79,00,000/- രൂപയും ആയതിൽ 15,53,06,971/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഇനത്തിൽ ഉള്ള നാലു ശീർഷകത്തിൽ നീക്കി വച്ച തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി III+ ആയിചേർക്കുന്നു.

ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിങ്: 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ ശ്രീചിത്ര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിങിന് പ്ലാൻ ഫണ്ടിനത്തിൽ 9 കോടിയുടെ ബജറ്റ്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഹിതമാണനുവദിച്ചത്. 2023-24 വർഷം കോളേജിന്റെ PSTSB അക്കൗണ്ടിൽ 77,97,789/- രൂപ മാത്രം റിസംഷൻ തുകയായി 21-06-2023-ലെ GO(Rt) 251/2023/trans നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലഭിച്ചു. കൂടാതെ ഇ - മൊബിലിറ്റി പ്രൊമോഷൻ ഫണ്ട് സ്കീമിൽ 5055-00-800-74-00-00-00-P-V എന്ന അക്കൗണ്ട് ശീർഷകത്തിൽ 95 ലക്ഷം രൂപ PSTSB അക്കൗണ്ടിൽ 28-03-2024-ൽ ലഭിച്ചു. 2023-24 സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി IV+ ആയി ചേർക്കുന്നു.

കെ.ടി.ഡി.എഫ്.സി.: ഹെഡ് ഓഫ് അക്കൗണ്ട് നിലവിലില്ലാത്തതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ ഗതാഗത വകുപ്പിന്റെ കീഴിലുള്ള കെ.ടി.ഡി.എഫ്.സി.-ക്ക് പദ്ധതി ഇനത്തിൽ തുക നീക്കിവച്ചിട്ടില്ല.

**വാഹനങ്ങൾക്ക് തീ പിടിക്കുന്ന സംഭവങ്ങൾ**

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

209(1838) <u>ഡോ. സുജിത് വിജയൻപിള്ള:</u> താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾക്ക് തീ പിടിക്കുന്ന സംഭവങ്ങൾ കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. യാത്രാവേളയിലും നിർത്തിയിടുമ്പോഴും വാഹനങ്ങൾ അഗ്നിക്കിരയാകുന്ന സാഹചര്യം സർക്കാർ ഗൗരവത്തോടെ പരിശോധിക്കുകയും ഇത്തരം അപകടം ഉണ്ടാകാനിടയാക്കുന്ന യഥാർഥ കാരണങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ റോഡ് സുരക്ഷാ കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി റിപ്പോർട്ട് ലഭ്യമാക്കി അതിലെ നിർദേശങ്ങൾ പരിശോധിച്ച് വാഹന ഉപയോക്താക്കളുടെയും ജനങ്ങളുടെയും സുരക്ഷിതത്വത്തിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**എ.ഐ. ക്യാമറകൾ**

210(1839) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത നിയമലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.ഐ. ക്യാമറകൾ നാളിതുവരെയായി എത്ര നിയമ ലംഘനങ്ങൾ കണ്ടെത്തിയെന്നും അവയിൽ പിഴ ഈടാക്കുന്നതിനായി നോട്ടീസ് നൽകിയവ എത്രയാണെന്നും മാസാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം 12-06-2024 വരെ 6641000 നിയമ ലംഘനങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മേല്പറഞ്ഞ നിയമ ലംഘനങ്ങളിൽ 6472914 എണ്ണം ഇ-ചെലാൻ ആക്കിയിട്ടുണ്ട്. കെൽട്രോണും മോട്ടോർ വാഹന വകുപ്പും തമ്മിലുള്ള ധാരണാപത്രം പ്രകാരം ഒരു വർഷം 25 ലക്ഷം നോട്ടീസുകളാണ് അയയ്ക്കേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ 2023 ജൂൺ 5-ന് പദ്ധതി പ്രവർത്തനം ആരംഭിച്ചതിനുശേഷം 25 ലക്ഷം നോട്ടീസുകൾ അയച്ചിട്ടുണ്ട്. ബാക്കിയുള്ള നിയമലംഘനങ്ങൾക്ക് വാഹന ഉടമകൾ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ

നമ്പറിലേക്ക് എസ്.എം.എസ്. മുഖേന അറിയിപ്പ് നൽകിയിട്ടുണ്ട്. 2024 ജൂൺ 1-നുശേഷമുള്ള നിയമ ലംഘനങ്ങൾക്ക് തപാൽ മുഖേന 69959 നോട്ടീസുകൾ അയച്ചിട്ടുണ്ട്. മാസാടിസ്ഥാനത്തിൽ തപാൽ മുഖേന അയച്ച നോട്ടീസുകളുടെ എണ്ണം അനുബന്ധം 1 +ആയി ചേർക്കുന്നു.

(ബി) എ.ഐ. ക്യാമറകൾ കണ്ടെത്തിയ നിയമലംഘനങ്ങൾക്കുള്ള പിഴ ഈടാക്കലിനായി നാളിതുവരെ എത്ര തുകയുടെ നോട്ടീസാണ് നൽകിയിട്ടുള്ളതെന്നും പ്രസ്തുത ഇനത്തിൽ എത്ര തുക ലഭിച്ചുവെന്നും മാസാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

1,71,42,85,200/- രൂപയുടെ നോട്ടീസുകളാണ് തപാൽ മുഖേന പിഴ ഈടാക്കാനായി നിയമ ലംഘകർക്ക് അയച്ചുനൽകിയിട്ടുള്ളത്. ഇതുൾപ്പെടെ 4,28,40,50,500/- രൂപയുടെ ഇ-ചെലാനുകൾ പദ്ധതിയുടെ ഭാഗമായി ജനറേറ്റ് ചെയ്തിട്ടുണ്ട്. ഇവയിൽ നിന്നും 76,70,15,000/- രൂപ പിഴയായി സർക്കാർ ഖജനാവിലേക്ക് ലഭിച്ചിട്ടുണ്ട്. മാസാടിസ്ഥാനത്തിൽ ലഭിച്ച തുകയെ സംബന്ധിച്ച വിവരം അനുബന്ധം 2 +ആയി ചേർക്കുന്നു.

**റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികൾ**

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

211(1840) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക അനുവദിച്ചുവെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ&ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് പ്രവൃത്തികൾ ഒന്നും നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല.

**വാഹനങ്ങൾക്ക് തീപിടിച്ചുണ്ടാകുന്ന അപകടങ്ങൾ**

212(1841) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെയുള്ള കണക്ക് പ്രകാരം ഓടിക്കൊണ്ടിരുന്ന വാഹനങ്ങൾക്ക് തീപിടിച്ച് എത്രപേർ മരണപ്പെട്ടിട്ടുണ്ട്;

എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നതിന്റെ കാരണം എന്താണെന്ന് പഠനം നടത്തിയിട്ടുണ്ടോ; എന്തൊക്കെ മുൻകരുതൽ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

യാത്രാവേളയിലും നിർത്തിയിടുമ്പോഴും വാഹനങ്ങൾ അഗ്നിക്കിരയാകുന്ന അപകടം ഉണ്ടാകുന്നതിനിടയാക്കുന്ന യഥാർത്ഥ കാരണങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ റോഡ് സുരക്ഷാ കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ജനങ്ങളുടെയും വാഹന ഉപയോക്താക്കളുടെയും സുരക്ഷിതത്വത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഹൈവേകളിൽ അനുവദനീയമായ വേഗപരിധി കുറയ്ക്കുന്നതിനുള്ള നടപടികൾ**

213(1842) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹൈവേകളിൽ സൗകര്യങ്ങൾ വർധിക്കുകയും റോഡുകളുടെ നവീകരണം നടക്കുകയും ചെയ്ത സാഹചര്യത്തിൽ അനുവദനീയമായ വേഗപരിധി കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

ടിപ്പറുകൾ ഉൾപ്പെടെയുള്ള ചരക്ക് വാഹനങ്ങൾ ഹൈവേകളിലും മറ്റ് നിരത്തുകളിലും അമിത വേഗതയിൽ സഞ്ചരിച്ച് അപകടം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ അത്തരം വാഹനങ്ങളുടെ വേഗപരിധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റോഡ് സുരക്ഷാ ഫണ്ട്**

214(1843) <u>ശ്രീ. റോജി എം. ജോൺ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ ഫണ്ട് എന്തൊക്കെ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നത്; പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

റോഡ് സുരക്ഷാ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം -1+ ആയി ചേർത്തിരിക്കുന്നു.

(ബി) നിലവിലെ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ പ്രസ്തുത ഫണ്ടിൽനിന്ന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്നും ഓരോ ഇനത്തിലും ചെലവഴിച്ച തുക എത്രയാണെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത ഫണ്ടിൽനിന്ന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്നും ഓരോ ഇനത്തിലും ചെലവഴിച്ച തുക എത്രയാണെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാൻ നടപടി**

215(1844) <u>ശ്രീ. തോമസ് കെ. തോമസ്:</u>
<u>ശ്രീ. കെ. പി. മോഹനൻ:</u>

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ടിക്കറ്റ്/ടിക്കറ്റിതര വരുമാന വർധനയിലൂടെ കെ.എസ്.ആർ.ടി.സി.-യെ ലാഭവും നഷ്ടവുമില്ലാതെ സന്തുലിതാവസ്ഥയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടിക്കറ്റ് വരുമാനം വർധിപ്പിക്കുന്നതിനായി വരുമാനം കുറവുള്ള റൂട്ടുകളും സർവീസുകളും പുനഃക്രമീകരിക്കുകയും ഡെഡ് കിലോമീറ്റർ പരമാവധി ഒഴിവാക്കിയും ജീവനക്കാരുടെ ഡ്യൂട്ടി പാറ്റേൺ ക്രമീകരിച്ചും പരമാവധി വരുമാനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി. ബസ്സുകൾ:

മികച്ച ഇന്ധനക്ഷമതയുള്ളതും ചെലവ് കുറഞ്ഞതും നാല് സിലിണ്ടർ എഞ്ചിനോടുകൂടിയതും താരതമ്യേന വിലകുറഞ്ഞതുമായ എ.സി. ബസ്സുകൾ ലഭ്യമാക്കി ആകർഷകമായ നിരക്കിൽ സ്റ്റോപ്പുകൾ കുറഞ്ഞതും എന്നാൽ

ആധുനിക സൗകര്യങ്ങൾ നൽകിയും പ്രീമിയം സൂപ്പർ ഫാസ്റ്റ് എന്ന ക്ലാസ് സർവീസുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പൈലറ്റ് പദ്ധതി വിജയകരമായി നടന്നുവരുന്നു.

2. ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് പാസഞ്ചർ (LS SFP):

ദീർഘദൂര സർവീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കോൺവോയ് ആയി സർവീസ് നടത്തുന്നത് ഒഴിവാക്കുന്നതിനും യാത്രക്കാരുടെ സൗകര്യാർത്ഥവും നിലവിൽ തിരുവനന്തപുരത്തുനിന്നും തൃശ്ശൂരിലേക്കോ അതിനപ്പുറമോ സർവീസ് നടത്തുന്ന എല്ലാ സൂപ്പർ ഫാസ്റ്റ് ബസ്സുകളെയും സൂപ്പർഫാസ്റ്റ് ലിമിറ്റഡ് സ്റ്റോപ്പ് സർവീസുകളാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിലേക്കായി പ്രത്യേക ഡെസ്റ്റിനേഷൻ ബോർഡുകളിൽ കളർ കോഡുകൾ പ്രദർശിപ്പിക്കുന്നതാണ്. ഇപ്രകാരം കൂടുതൽ യാത്രക്കാരെ ആകർഷിച്ച് വരുമാന വർധന ലക്ഷ്യമിടുന്നു.

3. മിനി ഫീഡർ ഓർഡിനറി സർവീസ്:

യാത്രക്കാർ കുറവുള്ളതും എന്നാൽ സാമൂഹിക പ്രതിബദ്ധതയുള്ളതുമായ റൂട്ടുകളിലും ഗ്രാമീണ റൂട്ടുകളിലും താരതമ്യേന ചെലവ് കുറച്ച് നഷ്ടം

ഒഴിവാക്കാനായി വലിയ ഡീസൽ ബസ്സുകൾ ഒഴിവാക്കി പകരം മിനി ബസ്സുകൾ (7 to 8 meter) ഓപ്പറേറ്റ് ചെയ്യുന്നതാണ്. പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതും ഇതിന്റെ പൈലറ്റ് പദ്ധതി വിജയകരമായി നടന്നുവരികയുമാണ്.

4. <u>നോൺ എ.സി. ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ:</u>

വലിപ്പം കുറഞ്ഞ പുതിയ നാല് സിലിണ്ടർ 40 സീറ്റർ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ നിലവിൽ യാത്രക്കാർ കുറവുള്ളതും എന്നാൽ ഡിമാൻഡുള്ളതുമായ ഒറ്റപ്പെട്ട റൂട്ടുകളിലും ഹ്രസ്വദൂര റൂട്ടുകളിലും ഓടുന്ന വലിയ 6 സിലിണ്ടർ ഡീസൽ ബസ്സുകൾക്ക് പകരം നൽകി ചെലവ് ചുരുക്കി നഷ്ടം കുറയ്ക്കുന്നതിനാണ് പദ്ധതി. ഏതാണ്ട് കാലപ്പഴക്കം ചെന്ന 200 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ മാറ്റി ഇത്തരത്തിൽ ചെലവ് കുറച്ച് ഓപ്പറേറ്റ് ചെയ്യുന്നതിന് പദ്ധതി വിഭാവന ചെയ്യുന്നു. ഇതിന്റെ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

5. <u>റൂട്ട് പുനഃക്രമീകരണം:</u>

കോർപ്പറേഷനിൽ ഡീസലിന്റെയും സ്പെയർപാർട്സിന്റെയും ചെലവുതുകപോലും ലഭ്യമാകാത്ത റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച് പുനഃക്രമീകരിച്ച് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ സ്റ്റേ സർവീസുകളാക്കി മാറ്റുകയോ യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് ചെലവ് ചുരുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്. എന്നാൽ ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുമ്പോൾ സ്റ്റുഡന്റ്സ് കൺസഷൻ, ഒറ്റപ്പെട്ട മറ്റ് യാത്രാസൗകര്യമില്ലാത്ത റൂട്ടുകൾ, തിരദേശമേഖലകൾ, ആദിവാസി മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയുള്ള ട്രിപ്പുകൾ തുടരുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ദീർഘദൂര ബസ്സുകളിലെ ട്രിപ്പിൽ യാത്രക്കാരില്ലാത്ത ഭാഗം ഒഴിവാക്കാനായി അവയെ യാത്രക്കാർ ലഭ്യമാകുന്ന ഏറ്റവും സമീപമുള്ള പ്രധാന യൂണിറ്റ് വരെയോ സ്ഥലംവരെയോ ആയി ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യാനും ഒറ്റപ്പെട്ട ഭാഗങ്ങളിൽ യാത്രാവശ്യത്തിനായി ടി സ്ഥലങ്ങളിൽ

മാത്രം ബദൽ ട്രിപ്പുകൾ പ്രാദേശികമായി ക്രമീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6. ഇലക്ട്രിക് ബസ്സുകളുടെ പുനഃക്രമീകരണം:

പരിമിതമായ യാത്രക്കാരോടെ നഷ്ടത്തിൽ ഓടിയിരുന്ന ഇലക്ട്രിക് ബസ്സുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിന് കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും പൊതുവെ യാത്രക്കാർ കുറവുള്ള സിറ്റിയിലേക്ക് വരുന്ന വലിയ ഡീസൽ ബസ്സുകൾ മാറ്റി ഇലക്ട്രിക് ബസ്സുകൾ നൽകിയും ചെലവ് കുറച്ച് വരുമാനം കൂട്ടുന്നതിനും ജനോപകാരപ്രദമായ സർവീസാക്കി മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്. പൂർണ്ണമായും പരിസ്ഥിതി മലിനീകരണം ഒഴിവാക്കിയും ചെലവ് കുറഞ്ഞ പൊതുഗതാഗത സംവിധാനം ഒരുക്കുന്നതിനും ഈ ബസ്സുകളിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞിട്ടുണ്ട്. പ്രധാന റൂട്ടുകളിലെ ട്രിപ്പുകൾ പുനഃക്രമീകരിച്ചതിലൂടെ പ്രതിദിന യാത്രക്കാരുടെ എണ്ണത്തിലും വരുമാനത്തിലും വർധനയുണ്ടാവുകയും ചെയ്തിട്ടുണ്ട്.

7. ഗ്രാമവണ്ടി:

ഉൾപ്രദേശങ്ങളിലേക്ക് സർവീസുകൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവീസ് ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് - കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവീസിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് തനത് ഫണ്ട്/സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി 22-03-2022-ലെ സ.ഉ.(സാധാ) നം. 704/2022/LSGD ഉത്തരവ് പ്രകാരം പദ്ധതി നടത്തിപ്പിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പദ്ധതിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് കോർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പോൺസർ ചെയ്യാവുന്നതുമാണ്. 2024 മേയ് വരെ 23 ഗ്രാമവണ്ടി സർവീസുകൾ ആരംഭിച്ച് കെ.എസ്.ആർ.ടി.സി.-യുടെ ഡീസൽ ചെലവ് ഒഴിവാക്കാൻ കഴിഞ്ഞു.

8. <u>സമുദ്ര:</u>

മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേക്കും തിരിച്ചും യാത്ര ചെയ്യുന്ന ദരിദ്രരായ വനിതാ തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലേയും രാത്രിയിലും പല സ്ഥലങ്ങളിൽനിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാകൂലി ഭാരമാകുന്നു എന്നുമാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ അവ ലഭ്യമാകാത്ത സ്ഥിതിയുമുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി ഓപ്പറേറ്റ് ചെയ്യുന്നു. ഇത്തരത്തിൽ ചെലവ് കുറച്ച് യാത്രാ സൗകര്യം ലഭ്യമാക്കാൻ കഴിയുന്നുണ്ട്.

9. <u>ക്യാഷ്ലെസ്സ് ട്രാൻസാക്ഷൻ:</u>

ക്യാഷ്ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഓൺലൈൻ റിസർവേഷൻ സംവിധാനം കൂടുതൽ കാര്യക്ഷമമായി ഏതാണ്ട്

മുഴവൻ സൂപ്പർ ക്ലാസ് ബസ്സുകളിലും ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ഡിജിറ്റൽ റിസർവേഷൻ ടിക്കറ്റുകൾ വഴിയുള്ള വരുമാനം ഉയർത്താൻ കഴിഞ്ഞിരുന്നു. തിരുവനന്തപുരം സിറ്റി സർവീസുകളിൽ സ്മാർട്ട് ട്രാവൽ കാർഡ് സംവിധാനം പരീക്ഷണാർത്ഥം ഏർപ്പെടുത്തിയതുവഴി കൂടുതൽ യാത്രക്കാരേയും ഡിജിറ്റൽ ട്രാൻസാക്ഷൻ സംവിധാനത്തിലേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. ടി സംവിധാനം എല്ലാ സർവീസുകൾക്കുമായി വ്യാപിപ്പിക്കുന്നത് പരിഗണനയിലാണ്.

10. <u>വിദ്യാർത്ഥി കൺസഷൻ</u>:

യാത്രാ കൺസഷന് ഡിപ്പോകളിലുണ്ടാകുന്ന തിക്കുംതിരക്കും പരാതികളും ഒഴിവാക്കുന്നതിനും സുതാര്യമായി വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും സൗകര്യാർത്ഥം വിദ്യാർത്ഥി കൺസഷൻ 2024 അധ്യയനവർഷം മുതൽ ഓൺലൈനാക്കിയിട്ടുണ്ട്.

11. <u>മെക്കാനിക്കൽ വിഭാഗം</u>:

2024-2025 ബജറ്റിൽ പ്രഖ്യാപിച്ച 92 കോടി രൂപ ഫണ്ടുപയോഗിച്ച് കാലപ്പഴക്കം ചെന്ന ബസ്സുകൾക്കുപകരം 220 എണ്ണം Fully Built Non AC

Diesel BS-VI മാനദണ്ഡപ്രകാരമുള്ള ബസ്സുകൾ വാങ്ങുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് Super Fast AC Premium ബസ്സുകളിൽ Push Back Seat, Air Condition സംവിധാനമുള്ള ബസ്സുകളും ഗ്രാമ പ്രദേശങ്ങളിലും ഉൾനാടൻ സ്ഥലങ്ങളിലും വീതി കുറഞ്ഞ റോഡുകളിലും സർവീസ് നടത്തുന്നതിന് 28-34 സീറ്റുകളുള്ള ചെറിയ ബസ്സുകൾ നിരത്തിലിറക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു. സ്ക്രാപ്പ് ചെയ്ത ബസ്സുകളും ടയർ, മറ്റ് സ്ക്രാപ്പ് ഇനങ്ങൾ എന്നിവ സമയബന്ധിതമായി കേന്ദ്ര സർക്കാർ സ്ഥാപനമായ Metal Scrap Trading Corporation (MSTC) മുഖേന ഓൺലൈനായി ലേലം ചെയ്തുവിൽക്കുന്നു.

റീജിയണൽ സെൻട്രൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഷിഫ്റ്റ് സമ്പ്രദായം ഫലപ്രദമായി നടപ്പാക്കി എഞ്ചിൻ ഗിയർ ബോക്സ് അടക്കമുള്ള യൂണിറ്റുകളുടെ പ്രൊഡക്ഷൻ വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം പാപ്പനംകോട് സെൻട്രൽ വർക്സിൽ എഞ്ചിൻ

റീകണ്ടീഷനിങ് ഷോപ്പ് എയർ കണ്ടിഷൻ ചെയ്ത് ആധുനിക ഉപകരണങ്ങൾ ഉൾപ്പെടുത്തി സജ്ജീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എഞ്ചിൻ പ്രൊഡക്ഷൻ പ്രതിമാസം 18 എന്നത് ശരാശരി 36 ആയി ഉയർത്താൻ സാധിച്ചിട്ടുണ്ട്. ഇപ്രകാരം വർക്ക്ഷോപ്പ് നവീകരണ നടപടികൾ പുരോഗമിച്ചുവരുന്നു.

സെൻട്രൽ/ റീജിയണൽ വർക്ക്ഷോപ്പുകളുടെ പ്രൊഡക്ഷൻ വർധിപ്പിച്ച് ഓഫ്റോഡ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

റിപ്പയർ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ 2024 ജനുവരി മാസത്തിൽ KSRTC-യുടെ ശരാശരി പ്രതിദിന ഓഫ്റോഡ് ബസ്സുകളുടെ എണ്ണം 900 മുതൽ 1000 വരെ ആയിരുന്നു. എന്നാൽ ജില്ലാ വർക്ക്ഷോപ്പുകൾ നിർത്തലാക്കി ബസ്സുകളുടെ പരിപാലനം യൂണിറ്റുകളിലുള്ള ഗാരേജിലേക്ക് പുനഃസ്ഥാപിച്ചതുവഴി പ്രതിദിന ശരാശരി ഓഫ്റോഡ് ബസ്സുകളുടെ എണ്ണം 600 മുതൽ 700 ബസ്സുകൾ എന്ന നിലയിൽ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. പ്രതിദിന ശരാശരി ഓഫ്റോഡ് ബസ്സുകളുടെ

എണ്ണം 500-ൽ താഴെ എത്തിക്കുന്നതിനാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

12. <u>എസ്റ്റേറ്റ് വിഭാഗം:</u>

നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിൽ ഹരിപ്പാട് ബസ് സ്റ്റേഷൻ വാണിജ്യ സമുച്ചയത്തിൽ കാനറാ ബാങ്കിന് സ്ഥലം അനുവദിച്ചുനൽകുകയും ആയതിൽനിന്നും പ്രതിമാസം ലൈസൻസ് ഫീ ലഭിച്ചുവരുന്നു. നിലമ്പൂർ യൂണിറ്റ് വാണിജ്യ സമുച്ചയം ഒറ്റ യൂണിറ്റായി പരിഗണിച്ച് ടെൻഡർ നടത്തി 30 വർഷത്തേക്ക് നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിങ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെ ബസ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ, Public Information System, ഷോപ്പ് ഓൺ വീൽസ്, ബസ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. ടിക്കറ്റിതര വരുമാനം വർധിപ്പിക്കാൻ കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പാക്കി. കൂടുതൽ ഡിപ്പോകളിലേക്ക് പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിനും ഡോർ

ഡെലിവറി & പിക്കപ്പ് തുടങ്ങാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇടനിലക്കാരില്ലാതെ കെ.എസ്.ആർ.ടി.സി. നേരിട്ട് Low Floor ഉൾപ്പെടെയുള്ള ബസ്സുകളിൽ പരസ്യം പതിച്ചുവരുന്നു. Kerala Irrigation Infrastructure Development Corporation-നുമായി ചേർന്ന് Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വില്പന ആരംഭിക്കുകയും എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ബസ്സുകളിലും വ്യാപിപ്പിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് ഡിപ്പോകളിൽ നല്ല നിലവാരമുള്ള പാനീയങ്ങളും ഭക്ഷണ പദാർഥങ്ങളും മറ്റ് അത്യാവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി റെസ്റ്റോറന്റ് കം സൂപ്പർമാർക്കറ്റ്, സ്നാക്സ് ബോക്സ് എന്നിവ സ്ഥാപിക്കാനുള്ള നടപടികളും ബസ്സിലെ സീറ്റ് കവറിലും ഹാൻഡ് റയിലിലും പരസ്യം പതിക്കുന്നതിന് ടെൻഡർ ക്ഷണിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചുവരുന്നു. അത്യാവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി Restaurant cum Supermarket തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് ബസ്സുകളിൽ നിലവാരമുള്ള നല്ല ലഘുഭക്ഷണവും

പാനീയങ്ങളും ലഭ്യമാക്കുന്ന ഉദ്ദേശ്യത്തോടുകൂടി Snacks Box സ്ഥാപിക്കാനുള്ള നടപടികളും ബസ്സിലെ Back side of Head rest-ലും Hand rail-ലും പരസ്യം പതിക്കുന്നതിനും ടെൻഡർ ക്ഷണിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചുവരുന്നു.

13. ബഡ്ജറ്റ് ടൂറിസം:

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പാക്കിവരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നത്.

പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ബജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരുന്നത്.

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നത്. 2021 നവംബറിൽ പ്രവർത്തനം ആരംഭിച്ച് 3 വർഷം പിന്നിടുമ്പോൾ 6.36 ലക്ഷത്തിലധികം വിനോദ സഞ്ചാരികളാണ് ബജറ്റ് ടൂറിസത്തിന്റെ വിനോദ സഞ്ചാരയാത്രാ സർവീസുകൾ ഉപയോഗപ്പെടുത്തിയത്.

14. സാമ്പത്തികം:

കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻവേണ്ടി ഈ സർക്കാർ വായ്പ വിഹിതയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 1434.81 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 2065.57 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 496.90 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും വാഹന വ്യൂഹങ്ങളുടെ നവീകരണം, വയബിലിറ്റി ഗ്യാപ്

ഫണ്ടിങ്, അടിസ്ഥാന സൗകര്യ വികസനവും വർക്ക്ഷോപ്പുകളുടെ നവീകരണവും ജീവനക്കാർക്കും ഓഫീസർമാർക്കും പരിശീലനം തുടങ്ങി വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22 സാമ്പത്തിക വർഷത്തിൽ 87.21 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 85.14 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 68.29 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 4.91 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി വിഹിതമായി ലഭ്യമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ, ഇലക്ട്രിക് ഉൾപ്പെടെ വിവിധ ശ്രേണികളിൽപ്പെട്ട ബസുകൾ നിരത്തിലിറക്കുകവഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

ഇതിനുപുറമെ പ്രതിദിന വരുമാനത്തിൽനിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സർക്കാർ മുൻകൈയെടുത്ത് സഹകരണ വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നു. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽനിന്ന്

ലഭ്യമാക്കിയ തുക പലിശ ഉൾപ്പെടെ സർക്കാർതന്നെ മടക്കി നൽകുകയും ചെയ്യുന്നുണ്ട്.

ഇതോടൊപ്പം കിഫ്ബിയിൽനിന്നുള്ള ധനസഹായം, പദ്ധതി വിഹിതത്തിൽ ബസ്സുകൾ വാങ്ങുന്നതിനായി വകയിരുത്തിയ തുക, സ്മാർട്ട് സിറ്റി പദ്ധതി എന്നിവ ഉപയോഗപ്പെടുത്തി ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവീസ് വിപുലീകരിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണംചെയ്ത് നടപ്പാക്കിവരുന്നു.

15. <u>ടിക്കറ്റിതര വരുമാനം:</u>

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗയോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്, പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദ

സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്, ല്യൂബ്രിക്കേറ്റിങ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ/ ലോജിസ്റ്റിക്സ് പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ മെച്ചപ്പെട്ട ഡ്രൈവിങ് പരിശീലനം ലഭ്യമാക്കുന്നതിനായി ആരംഭിച്ച ഡ്രൈവിങ് സ്കൂൾ പദ്ധതി എന്നിവ ഉൾപ്പെടെ നിരവധി നൂതന പദ്ധതികൾ കോർപ്പറേഷന്റെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻവേണ്ടി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്.

(ബി) സുശീൽഖന്ന റിപ്പോർട്ട് നടപ്പാക്കിയതിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

മൾട്ടിപ്പിൾ ഡ്യൂട്ടി അവസാനിപ്പിച്ച് നിയമപ്രകാരമുള്ള ഡ്യൂട്ടി സമ്പ്രദായം നടപ്പാക്കുക, നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് പരമാവധി സർവീസുകൾ ഓപ്പറേറ്റ് ചെയ്യുക, പ്രതിമാസ വരുമാനം വർധിപ്പിക്കുക, പുതിയ റൂട്ടുകളും ട്രിപ്പുകളും ആരംഭിച്ച് യാത്രാക്ലേശം പരിഹരിക്കുക, മൾട്ടിപ്പിൾ ഡ്യൂട്ടി ചെയ്യുന്ന ജീവനക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കുക, അപകടങ്ങൾ ഒഴിവാക്കുക, ജീവനക്കാരുടെ പ്രൊഡക്ടിവിറ്റി വർധിപ്പിക്കുക, നിലവിലെ ഡ്യൂട്ടി സമ്പ്രദായത്തിലെ കോൺവോയ്, ഡെഡ് ട്രിപ്പുകൾ കുറയ്ക്കുക, പുതിയ റൂട്ടുകൾ ആരംഭിക്കുക, ചെലവ് കുറച്ച് വരുമാനം വർധിപ്പിക്കുക എന്നിവയായിരുന്നു ഡ്യൂട്ടി സമ്പ്രദായം പുനഃക്രമീകരിക്കുന്നതിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത ഡ്യൂട്ടി സമ്പ്രദായം നടപ്പാക്കിയതിലൂടെ ആഴ്ചയിൽ 48 മണിക്കൂറും അത്യാവശ്യ ഘട്ടങ്ങളിൽ പരമാവധി 54 മണിക്കൂറും മാത്രം ജീവനക്കാരെ ജോലിക്കായി നിയോഗിക്കാനും ചെലവ് കുറച്ച് പ്രൊഡക്ടിവിറ്റി വർധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ തൊഴിലാളി സംഘടനകളുടെ കടുത്ത എതിർപ്പും നിസ്സഹകരണവും കാരണം പ്രസ്തുത റിപ്പോർട്ട്

പ്രകാരമുള്ള നിർദേശങ്ങൾ പൂർണ്ണ അർഥത്തിൽ നടപ്പാക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ വീണ്ടും സംഘടനകളുമായി ചർച്ച ചെയ്ത് തൊഴിലാളികളെ വിശ്വാസത്തിലെടുത്ത് പ്രസ്തുത സമ്പ്രദായം നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

റിപ്പയർ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മെക്കാനിക്കൽ ജീവനക്കാർക്ക് കാര്യക്ഷമത വർധിപ്പിക്കുന്നതിന് വാഹന നിർമ്മാതാക്കൾ മുഖാന്തരം ട്രെയിനിങ് നൽകിവരുന്നു.

കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി പരിഷ്കരണം സംബന്ധിച്ച ഉത്തരവ് നടപ്പിൽവരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ അധ്വാനഭാരം കുറച്ച് തദ്വാര ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ ജനസൗഹൃദമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ടിക്കറ്റിതര വരുമാന വർധനവിനും ജനസൗഹൃദമാക്കുന്നതിന്റെയും ഭാഗമായി ബജറ്റ് ടൂറിസം സെല്ലിന്റെ നേതൃത്വത്തിൽ വിവിധതരം ടൂറിസം പദ്ധതികൾ, കൊറിയർ/ലോജിസ്റ്റിക്സ് സംവിധാനവും കെ.എസ്.ആർ.ടി.സി.-യിൽ നടപ്പാക്കിവരുന്നു. ഇതുകൂടാതെ യാത്രക്കാരുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി സ്മാർട്ട് ട്രാവൽ കാർഡ് പദ്ധതി, ഗൂഗിൾ ട്രാൻസിറ്റ്, സിറ്റി സർക്കുലർ ബസ്സുകളിൽ ഗൂഗിൾ പേ സംവിധാനം, വിദ്യാർഥികളുടെ കൺസഷൻ വിതരണം ഓൺലൈൻ വഴി നടത്തുന്നതിനുള്ള സൗകര്യം തുടങ്ങി നിരവധി പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ബജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ ടൂറിസം പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു;

ഊട്ടി, മൈസൂർ, ധനുഷ്കോടി, കൊടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർസംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേക്ക് സർവീസുകൾ ആരംഭിക്കുന്നതിനായി കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള ചർച്ചകൾ പ്രാരംഭഘട്ടത്തിലാണ്.

IRCTC-യുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നുവരുന്നു.

"കെ.എസ്.ആർ.ടി.സി. ബജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ്/ഹോം സ്റ്റേ/ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമ രൂപം നൽകിവരുന്നു.

"കെ.എസ്.ആർ.ടി.സി റിഫ്രെഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ/റെസ്റ്റോറന്റ് സൂപ്പർ മാർക്കറ്റ് ശൃംഖലകൾ വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസ്സുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിങ് സംവിധാനം 2024 മുതൽ ആരംഭിച്ചു. സമാന രീതിയിൽ ബി.ടി.സി.ക്കായി ഒരു ടൂറിസം വെബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. ബസ് തടഞ്ഞ് പ്രതിഷേധിച്ച സംഭവത്തിൽ നടത്തിയ അന്വേഷണം**

**216(1845)** <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം മേയറെ കെ.എസ്.ആർ.ടി.സി. ബസ് ഡ്രൈവർ അധിക്ഷേപിച്ചു എന്ന പരാതി ഉയർത്തി മേയറും കുടുംബവും കെ.എസ്.ആർ.ടി.സി. ബസ് തടഞ്ഞ് പ്രതിഷേധിച്ച സംഭവത്തിൽ കെ.എസ്.ആർ.ടി.സി. അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

പരാമർശിത വിഷയം കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

ഈ സംഭവത്തിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ FIR No. 0474/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്മേൽ അന്വേഷണം നടന്നുവരുന്നു. പോലീസ് വകുപ്പിന്റെ അന്വേഷണം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് കൈമാറുവാൻ നിലവിലെ സാഹചര്യത്തിൽ നിർവാഹമില്ല.

**കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ഥാപിച്ച സി.സി.ടി.വി. ക്യാമറകളുടെ വിശദാംശം**

217(1846) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്; സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്; ക്യാമറകൾ സ്ഥാപിച്ചത് ഏത് ഏജൻസിയാണ്; ക്യാമറകൾ സ്ഥാപിച്ചത് എന്നാണ്; ക്യാമറ സ്ഥാപിച്ച ഇനത്തിൽ ആകെ ചെലവഴിച്ച തുക എത്രയാണ്; ക്യാമറ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ഓരോ ഘട്ടത്തിലും ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കാമോ?

മോട്ടോർ വാഹന വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് ഗതാഗത സുരക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ 150 സൂപ്പർ ക്ലാസ് ബസ്സുകളിൽ ഡാഷ് ബോർഡ് ക്യാമറ സ്ഥാപിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചിരുന്നു.

ആകെ 104 കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ DVR (Digital Video Recording) സംവിധാനമുള്ള Camera System 42 കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഘടിപ്പിച്ചിട്ടുണ്ട്.

104 സി.സി.ടി.വി. ക്യാമറ ഘടിപ്പിച്ചത് മോട്ടോർ വാഹന വകുപ്പിന്റെ C1/57/2023/TC നമ്പരിലുള്ള ഉത്തരവ് പ്രകാരം 01-11-2023 മുതൽ Fitness Test-ന് ഹാജരാകുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പ്രവർത്തനക്ഷമമായ Surveillance Camera ഉണ്ടായിരിക്കണമെന്ന് നിർദേശമുണ്ടായിരുന്നതിനാൽ വർക്ക്ഷോപ്പ് തലത്തിൽ പ്രാദേശികമായി വാങ്ങി സ്ഥാപിച്ചതാണ്.

സി.സി.ടി.വി. ക്യാമറ ഘടിപ്പിച്ചത് M/s. MM Associates Karunagappally, Kollam എന്ന സ്ഥാപനമാണ്.

സി.സി.ടി.വി. ക്യാമറ ഘടിപ്പിച്ചത് 11/2023 കാലയളവിലാണ് 104 സി.സി.ടി.വി. ക്യാമറയ്ക്ക് ആകെ ചെലവായ തുക 13,00,000/- രൂപയാണ്.

DVR (Digital Video Recording) Camera System 42 ബസ്സുകളിൽ സ്ഥാപിച്ചത് വാഹന നിർമ്മാതാവായ M/s. Ashok Leyland Ltd. അംഗീകരിച്ച സ്ഥാപനമായ M/s. Global Tvs Body Builders Pvt. Ltd. എന്ന സ്ഥാപനമാണ്. ഒരു DVR Camera System-ത്തിന്റെ അന്തിമ വില 76,700/-

രൂപ വച്ച് 42 എണ്ണത്തിന് 32,21,400/- രൂപ ചെലവായിട്ടുണ്ട്. 19-03-2022-ൽ വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ക്യാമറകളിൽ നിലവിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നും ക്യാമറകളുടെ പരിപാലന ചുമതല ആർക്കാണെന്നും അറിയിക്കാമോ; ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

104 സി.സി.ടി.വി. ക്യാമറകളിൽ 98 എണ്ണവും, 42 DVR (Digital Video Recording) Camera-കളിൽ 37 എണ്ണവും പ്രവർത്തനക്ഷമമാണ്. ഓൺസൈറ്റ് വാറന്റിയിലുള്ള സി.സി.ടി.വി. ക്യാമറകൾ തകരാർ വരുമ്പോൾ അതത് യൂണിറ്റ് അധികാരികൾ അറിയിക്കുന്നതനുസരിച്ച് വിതരണ കമ്പനികളാണ് തകരാർ പരിഹരിക്കുന്നത്. 104 സി.സി.ടി.വി. ക്യാമറകൾ, മോട്ടോർ വാഹന വകുപ്പിന്റെ C1/57/2023/TC നമ്പരിലുള്ള ഉത്തരവ് പ്രകാരം 01-11-2023 മുതൽ Fitness Test-ന് ഹാജരാക്കുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പ്രവർത്തനക്ഷമമായ Surveillance Camera ഉണ്ടായിരിക്കണമെന്ന നിർദേശമനുസരിച്ച് വർക്ക്ഷോപ്പ്

തലത്തിൽ പ്രാദേശികമായി വാങ്ങി സ്ഥാപിച്ചിട്ടുള്ളതാണ്. 42 ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**ഗുരുവായൂരിൽനിന്നുമുള്ള അന്തർസംസ്ഥാന കെ.എസ്.ആർ.ടി.സി. സർവീസുകൾ**

218(1847) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. 2024-ൽ ആരംഭിച്ച അന്തർസംസ്ഥാന സർവീസുകളുടെ വിശദാംശം ലഭ്യമാക്കുമോ?

തമിഴ്നാട് സംസ്ഥാനവുമായി രൂപീകരിച്ചിട്ടുള്ള അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരമുള്ള വിവിധ റൂട്ടുകളിലായി 44 സർവീസുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. അനുമതി നൽകിയിട്ടുണ്ട്. അതിൽ 24 സർവീസുകൾ ആരംഭിക്കുകയും ആയതിൽ 8 എണ്ണം മതിയായ യാത്രക്കാരുടെ അഭാവത്താൽ നിന്നുപോവുകയുമാണുണ്ടായത്. അനുമതി നൽകിയ 44 സർവീസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഗുരുവായൂരിൽനിന്നും കോയമ്പത്തൂരിലേക്കുള്ള നാല് സർവീസുകളും ആരംഭിച്ചോയെന്ന് വ്യക്തമാക്കുമോ; അവയുടെ സമയക്രമം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഗുരുവായൂർ യൂണിറ്റിൽ 4 അന്തർ സംസ്ഥാന സർവീസുകൾ അനുവദിച്ചിട്ടുണ്ട്. അതിൽ ആദ്യഘട്ടമായി ഒരു കോയമ്പത്തൂർ സർവീസ് ആരംഭിച്ചിരുന്നെങ്കിലും യാത്രക്കാർ കുറവായതിനാൽ വരുമാന ലഭ്യത ഉറപ്പുവരുത്തി സർവീസ് തുടരുന്നതിന് കഴിഞ്ഞിട്ടില്ലാത്തതാണ്. പ്രതികൂല കാലാവസ്ഥയും വരുമാനക്കുറവും കാരണമാണ് ടി സർവീസുകൾ പുനരാരംഭിക്കുന്നതിന് കഴിയാതെ വന്നത്. പുനഃക്രമീകരിച്ച് സർവീസ് നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

(സി) ഇതരസംസ്ഥാനങ്ങളിൽനിന്നുമുള്ള ഗുരുവായൂർ തീർഥാടകരുടെ ബാഹുല്യം കണക്കിലെടുത്ത് ഗുരുവായൂരിൽനിന്നും മറ്റ് സംസ്ഥാനങ്ങളിലേക്ക് കൂടുതൽ സർവീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

അന്തർസംസ്ഥാന കരാർ പ്രകാരം ലഭ്യമായിട്ടുള്ള മുഴുവൻ സർവീസുകളും യാത്രക്കാരുടെ സൗകര്യവും കോർപ്പറേഷന്റെ വരുമാന ലഭ്യതയും ഉറപ്പുവരുത്തി പുനഃക്രമീകരിച്ച് നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലെ നിയമനം**

219(1848) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലേക്കുള്ള (കാറ്റഗറി നം.136/10 എം.) റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കാറ്റഗറി നം. 136/10 M എന്ന റാങ്ക് ലിസ്റ്റ് കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയുമായി ബന്ധപ്പെട്ട് നിലവിൽ വന്നിട്ടില്ല. എന്നാൽ 23-08-2012-ൽ കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലേക്ക് കാറ്റഗറി നം. 196/10 റാങ്ക് ലിസ്റ്റ് നിലവിൽ വന്നിരുന്നു. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ആകെ 6834 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനത്തിനായി എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ?

5586 ഒഴിവുകളാണ് കെ.എസ്.ആർ.ടി.സി. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നത്.

(സി) ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവുകളിൽ നിയമന ശിപാർശ നൽകേണ്ടെന്ന് വകുപ്പ് പി.എസ്.സി.-ക്ക് കത്ത് നൽകിയിരുന്നോ; എങ്കിൽ കാരണം വിശദമാക്കാമോ?

കാറ്റഗറി നം. 196/10 റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ റിപ്പോർട്ട് ചെയ്തിരുന്ന ഒഴിവുകളിൽ നിയമന ശിപാർശ നൽകേണ്ടെന്ന് കെ.എസ്.ആർ.ടി.സി., പി.എസ്.സി.-ക്ക് കത്ത് നൽകിയിട്ടില്ല.

എന്നാൽ നിലവിലെ ഡ്രൈവർ തസ്തികകളടക്കം എല്ലാ തസ്തികകളിലേക്കും ഉണ്ടായേക്കാവുന്ന ഒഴിവുകൾ പരിശോധിച്ച് സാധുത ഉണ്ടെന്ന് ബോധ്യപ്പെടുന്നമുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർഥികളെ എംപാനലായി പരിഗണിച്ച് നിയമനം നൽകിയിരുന്നോയെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

അഡ്വൈസ് ലഭിക്കാത്ത 1366 പേർക്ക് ബദൽ അടിസ്ഥാനത്തിൽ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമനം നൽകിയിട്ടുണ്ട്.

(ഇ) എംപാനലായി നിയമിച്ചിട്ടുണ്ടെങ്കിൽ അത്തരത്തിൽ ജോലി ചെയ്തുവരുന്ന ഉദ്യോഗാർഥികളെ സ്ഥിരപ്പെടുത്താൻ കെ.എസ്.ആർ.ടി.സി.-യുടെ ഭാഗത്തുനിന്നോ സർക്കാരിന്റെ ഭാഗത്തുനിന്നോ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

(എഫ്) പ്രസ്തുത ഡ്രൈവർ തസ്തികയിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളിൽ ഈ റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്തണമെന്നുള്ള കോടതി വിധി പാലിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

WP(C) 24539/2013 നമ്പർ റിട്ട് പെറ്റീഷനിൽ 21-01-2014-ൽ ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പ്രകാരം ഡ്രൈവർ തസ്തികയിലേക്കുള്ള എല്ലാ ഒഴിവുകളും കെ.എസ്.ആർ.ടി.സി. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 30-12-2016-ൽ 196/2010 റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളിലേക്കും ലഭിച്ച അഡ്വൈസ് പ്രകാരം നിയമനം നൽകിയിട്ടുള്ളതുമാണ്.

**കെ.എസ്.ആർ.ടി.സി. ബസ്സിലെ മെമ്മറി കാർഡ് കാണാതായ സംഭവം**

220(1849) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മേയറും കെ.എസ്.ആർ.ടി.സി. ബസ് ഡ്രൈവറുമായുള്ള തർക്കത്തെ തുടർന്ന് ബസ്സിലെ സി.സി.ടി.വി.-യുടെ മെമ്മറി കാർഡ് കാണാതായ സംഭവത്തിൽ കെ.എസ്.ആർ.ടി.സി. അന്വേഷണം നടത്തിയിട്ടുണ്ടോ; മെമ്മറി കാർഡ് കണ്ടെത്തുവാൻ

സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

പരാമർശ വിഷയത്തിലെ സംഭവത്തിനുശേഷം ബസ്സിലെ CCTV ദൃശ്യങ്ങളടങ്ങിയ മെമ്മറി കാർഡ് കാണാതായി എന്ന ആരോപണം പരിശോധിക്കുകയും വകുപ്പുതല നടപടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്.

മെമ്മറി കാർഡ് നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് 01-05-2024-ന് തമ്പാനൂർ പോലീസ് സ്റ്റേഷനിൽ FIR No. 416/2024 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്മേൽ അന്വേഷണം നടന്നുവരുന്നു. പോലീസ് വകുപ്പിന്റെയും ഫോറൻസിക് വകുപ്പിന്റെയും അന്വേഷണം പൂർത്തീകരിച്ച് ലഭിക്കുന്ന അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ബസ്സുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ ഉൾപ്പെടെയുള്ളവയുടെ പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥർ ആരാണ്; മെമ്മറി കാർഡ്

നഷ്ടപ്പെട്ടത് സംബന്ധിച്ച് ചുമതലപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ബസ്സിലെ ദൃശ്യങ്ങൾ വീണ്ടെടുക്കുവാൻ സാധ്യതയുണ്ടോ; വ്യക്തമാക്കുമോ?

ബസ്സുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ ഉൾപ്പെടെയുള്ളവയുടെ പരിപാലന ചുമതല അതത് യൂണിറ്റ്തല ഓഫീസർമാർക്കാണ്. ടി വിഷയവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല, പോലീസിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് സ്വീകരിക്കുന്നതാണ്.

ബസിൽ ഘടിപ്പിച്ചിട്ടുള്ള CCTV ക്യാമറയിലെ ദൃശ്യങ്ങൾ മെമ്മറി കാർഡിൽ മാത്രമാണ് ശേഖരിക്കുന്നത്. മെമ്മറി കാർഡ് ലഭിച്ചാൽ മാത്രമേ ദൃശ്യങ്ങൾ വീണ്ടെടുക്കുന്നതിനുള്ള സാധ്യതയെ പറ്റി പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

**കെ.എസ്.ആർ.ടി.സി.യുടെ വരുമാനം**

221(1850) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി.-യുടെ ആകെ വരുമാനം, ചെലവ് എന്നിവ എത്രയെന്ന് ഇനം തിരിച്ച് മാസാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ 2017-18 സാമ്പത്തിക വർഷം വരെയുള്ള വാർഷിക കണക്കുകൾ മാത്രമേ C&AG ഓഡിറ്റ് പൂർത്തീകരിച്ച് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളൂ. 2023-2024 സാമ്പത്തിക വർഷത്തെ Cash Flow Statement പ്രകാരമുള്ള വരുമാനം, ചെലവ് എന്നിവ അനുബന്ധം - I +ആയി ചേർക്കുന്നു. ഇതിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽനിന്നും കെ.എസ്.ആർ.ടി.സി. വാടകയ്ക്കെടുത്ത് സർവീസ് നടത്തുന്ന ബസ്സുകളുടെ വരുമാനവും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് കൊടുക്കുന്ന വാടകയിനത്തിലെ ചെലവും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ ആകെ വരുമാനം, ചെലവ് എന്നിവ എത്രയെന്ന് ഇനം തിരിച്ച് മാസാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽനിന്നും കെ.എസ്.ആർ.ടി.സി.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാടകയ്ക്കെടുത്ത് സർവീസ് നടത്തുന്ന ബസ്സുകളുടെ വരുമാനം കെ.എസ്.ആർ.ടി.സി.-യിലാണ് ഒടുക്കുന്നത്. 2023-2024 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസുകളുടെ വരുമാനം 223.59 കോടി രൂപയാണ്.

കഴിഞ്ഞ സാമ്പത്തിക വർഷം (2023-2024) അൺ ഓഡിറ്റഡ് കണക്ക് പ്രകാരം, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന് വാടകയിനത്തിൽ കണക്കാക്കിയ ആകെ വരുമാനം 88.90 കോടി രൂപയും ജീവനക്കാരുടെ വേതനം, ബസ്സുകളുടെ പരിപാലന ചെലവുകൾ, ഇൻഷ്വറൻസ്, ഡിപ്രീസിയേഷൻ, ചാർജിങ് സ്റ്റേഷൻ നിർമ്മാണ ചെലവ്, വായ്പ തിരിച്ചടവ് തുടങ്ങിയവ ഉൾപ്പെടുത്തി കണക്കാക്കിയ ആകെ ചെലവ് 86.09 കോടി രൂപയും ആണ്.

ഇവ മാസാടിസ്ഥാനത്തിൽ ഇനം തിരിച്ച കണക്ക് അനുബന്ധം - II +ആയി ചേർക്കുന്നു.

**ബ്രീത്ത് അനലൈസർ**

222(1851) <u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കെ.എസ്.ആർ.ടി.സി.-യുടെ ആവശ്യത്തിലേക്കായി ബ്രീത്ത് അനലൈസർ വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണമാണ് വാങ്ങിയിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ; ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്നും ഓരോന്നിനും എത്ര രൂപയെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

2023-2024 കാലഘട്ടത്തിൽ 20 എണ്ണം ആൽക്കഹോൾ ബ്രീത്ത് അനലൈസർ വിത്ത് പ്രിന്റർ, ക്യാമറ ആൻഡ് ജി.പി.എസ്. സംവിധാനമുള്ളത് വാങ്ങിയിട്ടുണ്ട്. ഒന്നിന്റെ അന്തിമ വില 38012.52/- രൂപ പ്രകാരം 20 എണ്ണം വാങ്ങിയതിന് 760250.40/- രൂപ ചെലവായിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. വാങ്ങിയ ബ്രീത്ത് അനലൈസർ കൃത്യമായി ഉപയോഗിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(സി) എത്ര ജീവനക്കാർ ജോലിക്കിടെ മദ്യപിച്ചിട്ടുള്ളതായി ബ്രീത്ത് അനലൈസർ വഴി കണ്ടെത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ?

21-7-2021 മുതൽ 14-6-2024 വരെ ആകെ 319 ജീവനക്കാർ മദ്യപിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ 304 ജീവനക്കാർ മദ്യപിച്ച നിലയിൽ കൃത്യനിർവഹണത്തിലേർപ്പെട്ടതായും 15 ജീവനക്കാരെ മദ്യപിച്ച നിലയിൽ ഡിപ്പോയിലെ ജീവനക്കാരുടെ വിശ്രമമുറിയിലും കണ്ടെത്തിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സുഗമമായ യാത്ര ഉറപ്പാക്കാൻ നടപടി**

223(1852) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യാത്രക്കാരുടെ ആവശ്യങ്ങൾ മുൻനിർത്തി രാത്രികാല സർവീസുകളിൽ പ്രത്യേക നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ?

ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സർവീസുകളിൽ വനിതാ യാത്രക്കാരുടെ സുരക്ഷയും സൗകര്യവും ഉറപ്പാക്കാൻ എന്തെല്ലാം നിർദേശങ്ങളാണ്

നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ബസ്സിൽ കയറുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്ന വയോജനങ്ങൾക്കും കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും സുഗമമായ യാത്ര ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

(ബി&സി) വഴിയിൽനിന്നും കൈകാണിക്കുന്ന യാത്രക്കാരൻ അന്നദാതാവാണ് എന്ന പരിഗണന നൽകണമെന്നും കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനിൽനിന്നും ബസ്സുകൾ എടുക്കുമ്പോഴും ബസ്സ് സ്റ്റേഷനിൽനിന്നും പുറത്തേക്ക് ഇറങ്ങുന്ന വേളകളിലും സ്റ്റോപ്പുകളിൽനിന്നും ബസ്സെടുക്കുമ്പോഴും ബസ്സിൽ കയറാൻ കൈകാണിക്കുന്ന എല്ലാ യാത്രക്കാരേയും നിർബന്ധമായും കയറ്റണമെന്നും കെ.എസ്.ആർ.ടി.സി./കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് - സൂപ്പർ ഫാസ്റ്റ് വരെയുള്ള എല്ലാ സർവീസുകളിലും സീറ്റ് ലഭ്യതയുണ്ടെങ്കിൽ യാത്രാമധ്യേ യാത്രക്കാർ കൈകാണിക്കുന്ന ഏത് സ്ഥലത്തും ഏത് സമയത്തും അപകടരഹിതമായും ട്രാഫിക് നിയമങ്ങൾ പാലിച്ചും ബസ്സ് നിർത്തി യാത്രക്കാരെ കയറ്റി കൊണ്ടുപോകണമെന്നും ഇതിനോടകം നിർദേശം നൽകിയിട്ടുണ്ട്. രാത്രി സമയങ്ങളിൽ യാത്ര ചെയ്യുന്ന

യാത്രക്കാരുടെ സുരക്ഷയും സൗകര്യവും മുൻനിർത്തി രാത്രി 10.00 മണി മുതൽ രാവിലെ 06.00 മണി വരെ സൂപ്പർഫാസ്റ്റ് വരെയുള്ള സർവീസുകൾ ടി ക്ലാസിന്റെ സ്റ്റോപ്പ് പരിഗണിക്കാതെ ദീർഘദൂര യാത്രക്കാരെ അവർ ആവശ്യപ്പെടുന്ന സ്ഥലത്തെ ബസ്സ് സ്റ്റോപ്പുകളിൽ നിർത്തി സുരക്ഷിതമായി ഇറക്കണമെന്ന് പൊതുനിർദേശവും നൽകിയിട്ടുണ്ട്. കൂടാതെ രാത്രി 08.00 മണി മുതൽ രാവിലെ 06.00 മണി വരെ സ്ത്രീകളുടെ സുരക്ഷയും സൗകര്യവും കണക്കിലെടുത്ത് മിന്നൽ ഒഴികെയുള്ള എല്ലാത്തരം ബസ്സുകളും സ്ത്രീകൾ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ/ബസ്സ് സ്റ്റോപ്പുകളിൽ സുരക്ഷിതമായി നിർത്തി ഇറക്കണമെന്നും ബസ്സിൽ കയറാനും ഇറങ്ങാനും ബുദ്ധിമുട്ടുന്നവർ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവരെ ബസ്സിൽ കയറാനും ഇറങ്ങാനും കണ്ടക്ടർമാർ സഹായിക്കണമെന്നും പ്രത്യേകം നിർദേശം നൽകിയിട്ടുള്ളതുമാണ്. 2018 മുതൽ കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കുന്ന പുതിയ ബസ്സുകൾ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ ബസ്സ് ബോഡി കോഡ് AIS 052-ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുള്ളവയാണ്. കെ.എസ്.ആർ.ടി.സി.-യുടെ 165 എ.സി. ലോ ഫ്ലോർ വോൾവോ ബസ്സുകൾ

പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാണ്. സർവീസിന് ഉപയോഗിക്കുന്ന സെമി ലോ - ഫ്ലോർ വിഭാഗത്തിൽപ്പെട്ട 288 നോൺ എ.സി. ബസ്സുകളുടെ ഫ്ലോർ ഹൈറ്റ് 650 മില്ലി മീറ്ററും സിറ്റി സർവീസുകൾക്കായി നിരത്തിലിറക്കിയ ഇലക്ട്രിക് ബസ്സുകൾ 890 മില്ലി മീറ്റർ ഫ്ലോർ ഹൈറ്റും ഉള്ളവയാണ്.

(ഡി) ഇക്കാര്യത്തിലുള്ള നിർദേശങ്ങളെല്ലാം നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കാനായി ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ?

ഇക്കാര്യത്തിലുള്ള നിർദേശങ്ങളെല്ലാം പൂർണ്ണമായും നടപ്പാക്കുന്നതിനായി 03-04-2024-ലെ ടി.ആർ.1/040730/2003 നമ്പർ ഉത്തരവായി പൊതുനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ ഇക്കാര്യങ്ങൾ പരിശോധന നടത്തി ഉറപ്പുവരുത്തുന്നതിന് KSRTC വിജിലൻസ് സ്ക്വാഡ് ഇൻസ്പെക്ടർമാരടക്കം എല്ലാ സൂപ്പർവൈസർമാർക്കും നിർദേശം നൽകിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും കടബാധ്യതയും**

224(1853) <u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിലെ സർക്കാർ അധികാരമേൽക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി പ്രതിദിന വരുമാനം എത്രയായിരുന്നു; പ്രസ്തുത സമയത്ത് കെ.എസ്.ആർ.ടി.സി.-ക്ക് കടബാധ്യതയുണ്ടായിരുന്നോ; എങ്കിൽ എത്രയായിരുന്ന എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ; പ്രസ്തുത സമയത്ത് കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിര ജീവനക്കാരുടെ എണ്ണം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

2015-16 കാലയളവിലെ ആന്വൽ അക്കൗണ്ട്സ് പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ശരാശരി പ്രതിദിന വരുമാനം 4.89 കോടി രൂപയും പ്രസ്തുത കാലയളവിലെ കെ.എസ്.ആർ.ടി.സി.യുടെ കടബാധ്യത സർക്കാർ വായ്പ ഉൾപ്പെടെ 4091.35 കോടി രൂപയുമാണ്. ആയതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു+. 05/2016-ൽ കെ.എസ്.ആർ.ടി.സി.-യിൽ 35,842 സ്ഥിരം ജീവനക്കാർ ഉണ്ടായിരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ ശരാശരി പ്രതിദിന വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ; നിലവിൽ കെ.എസ്.ആർ.ടി.സി.-ക്ക് കടബാധ്യതയുണ്ടോ; എങ്കിൽ എത്രയാണെന്നുള്ള വിശദവിവരം ലഭ്യമാക്കാമോ; നിലവിൽ കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിര ജീവനക്കാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

നിലവിൽ പ്രതിദിന ശരാശരി ടിക്കറ്റ്/ടിക്കറ്റിതര വരുമാനം 7.50 കോടി രൂപയാണ്. 30-04-2024-ലെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ ആകെ വായ്പ ബാധ്യത 15,281.92 കോടി രൂപയാണ്. വായ്പ ബാധ്യത സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ആറ് ബാങ്കുകളുൾപ്പെട്ട കൺസോർഷ്യം വായ്പയിൽ ഇനി ഒടുക്കേണ്ട തുക

- 2865.33 കോടി രൂപ.

2. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നുള്ള ഓവർഡ്രാഫ്റ്റ് വായ്പ

- 44.00 കോടി രൂപ.

3. സർക്കാർ വായ്പ - 12372.59 കോടി രൂപ.

ആകെ - 15281.92 കോടി രൂപ.

നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ 22,402 സ്ഥിരം ജീവനക്കാരുണ്ട്.

**കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കാൻ നടപ്പാക്കിവരുന്ന പദ്ധതികൾ**

225(1854) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാനം വർധിപ്പിക്കുന്നതിനും കെ.എസ്.ആർ.ടി.സി ലാഭത്തിലാക്കുന്നതിനുമായി വിവിധ മേഖലകളിൽ നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

ടിക്കറ്റ്/ടിക്കറ്റിതര വരുമാന വർധനയിലൂടെ കെ.എസ്.ആർ.ടി.സി.-യെ ലാഭവും നഷ്ടവുമില്ലാതെ സന്തുലിതാവസ്ഥയിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടിക്കറ്റ് വരുമാനം വർധിപ്പിക്കുന്നതിനായി വരുമാനം കുറവുള്ള റൂട്ടുകളും സർവീസുകളും പുനഃക്രമീകരിക്കുകയും ഡെഡ് കിലോമീറ്റർ പരമാവധി ഒഴിവാക്കിയും ജീവനക്കാരുടെ ഡ്യൂട്ടി പാറ്റേൺ

ക്രമീകരിച്ചും പരമാവധി വരുമാനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. സൂപ്പർഫാസ്റ്റ് പ്രീമിയം എ.സി. ബസ്സുകൾ

മികച്ച ഇന്ധനക്ഷമതയുള്ളതും ചെലവ് കുറഞ്ഞതും നാല് സിലിണ്ടർ എഞ്ചിനോടുകൂടിയതും താരതമ്യേന വിലകുറഞ്ഞതുമായ എ.സി. ബസ്സുകൾ ലഭ്യമാക്കി ആകർഷകമായ നിരക്കിൽ സ്റ്റോപ്പുകൾ കുറഞ്ഞതും എന്നാൽ ആധുനിക സൗകര്യങ്ങൾ നൽകിയും പ്രീമിയം സൂപ്പർ ഫാസ്റ്റ് എന്ന ക്ലാസ് സർവീസുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പൈലറ്റ് പദ്ധതി വിജയകരമായി നടന്നുവരുന്നു.

2. ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് പാസഞ്ചർ (LS SFP)

ദീർഘദൂര സർവീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കോൺവോയ് ആയി സർവീസ് നടത്തുന്നത് ഒഴിവാക്കുന്നതിനും യാത്രക്കാരുടെ സൗകര്യാർത്ഥവും നിലവിൽ തിരുവനന്തപുരത്തുനിന്നും തൃശ്ശൂരിലേക്കോ അതിനപ്പുറമോ സർവീസ് നടത്തുന്ന എല്ലാ സൂപ്പർ ഫാസ്റ്റ് ബസ്സുകളെയും സൂപ്പർഫാസ്റ്റ് ലിമിറ്റഡ് സ്റ്റോപ്പ് സർവീസുകളാക്കാൻ

തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്കായി പ്രത്യേക ഡെസ്റ്റിനേഷൻ ബോർഡുകളിൽ കളർ കോഡുകൾ പ്രദർശിപ്പിക്കുന്നതാണ്. ഇപ്രകാരം കൂടുതൽ യാത്രക്കാരെ ആകർഷിച്ച് വരുമാന വർധന ലക്ഷ്യമിടുന്നു.

3. മിനി ഫീഡർ ഓർഡിനറി സർവീസ്

യാത്രക്കാർ കുറവുള്ളതും എന്നാൽ സാമൂഹ്യ പ്രതിബദ്ധതയുള്ളതുമായ റൂട്ടുകളിലും ഗ്രാമീണ റൂട്ടുകളിലും താരതമ്യേന ചെലവ് കുറച്ച് നഷ്ടം ഒഴിവാക്കാനായി വലിയ ഡീസൽ ബസ്സുകൾ ഒഴിവാക്കി പകരം മിനി ബസ്സുകൾ (7 to 8 meter) ഓപ്പറേറ്റ് ചെയ്യുന്നതാണ്. പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതും ഇതിന്റെ പൈലറ്റ് പദ്ധതി വിജയകരമായി നടന്നുവരികയുമാണ്.

4. നോൺ എ.സി. ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ

വലിപ്പം കുറഞ്ഞ പുതിയ നാല് സിലിണ്ടർ 40 സീറ്റർ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ നിലവിൽ യാത്രക്കാർ കുറവുള്ളതും എന്നാൽ ഡിമാൻഡുള്ളതുമായ ഒറ്റപ്പെട്ട റൂട്ടുകളിലും ഹ്രസ്വദൂര റൂട്ടുകളിലും ഓടുന്ന വലിയ 6 സിലിണ്ടർ ഡീസൽ ബസ്സുകൾക്കുപകരം നൽകി ചെലവ് ചുരുക്കി നഷ്ടം

കുറയ്ക്കുന്നതിനാണ് പദ്ധതി. ഏതാണ്ട് കാലപ്പഴക്കം ചെന്ന 200 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ മാറ്റി ഇത്തരത്തിൽ ചെലവ് കുറച്ച് ഓപ്പറേറ്റ് ചെയ്യുന്നതിന് പദ്ധതി വിഭാവന ചെയ്യുന്നു. ഇതിന്റെ ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

5. <u>റൂട്ട് പുനഃക്രമീകരണം</u>

കോർപ്പറേഷനിൽ ഡീസലിന്റെയും സ്പെയർ പാർട്സിന്റെയും ചെലവുതുകപോലും ലഭ്യമാകാത്ത റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച് പുനഃക്രമീകരിച്ച് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ സ്റ്റേ സർവീസുകളാക്കി മാറ്റുകയോ യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് ചെലവ് ചുരുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്. എന്നാൽ ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുമ്പോൾ സ്റ്റുഡന്റ്സ് കൺസഷൻ, ഒറ്റപ്പെട്ട മറ്റ് യാത്രാ സൗകര്യമില്ലാത്ത റൂട്ടുകൾ, തീരദേശ മേഖലകൾ,

ആദിവാസി മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയുള്ള ട്രിപ്പുകൾ തുടരുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ദീർഘദൂര ബസ്സുകളിലെ ട്രിപ്പിലെ യാത്രക്കാരില്ലാത്ത ഭാഗം ഒഴിവാക്കാനായി അവയെ യാത്രക്കാർ ലഭ്യമാകുന്ന ഏറ്റവും സമീപമുള്ള പ്രധാന യൂണിറ്റ് വരെയോ/ സ്ഥലം വരെയോ ആയി ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യാനും ഒറ്റപ്പെട്ട ഭാഗങ്ങളിൽ യാത്രാവശ്യത്തിനായി ടി സ്ഥലങ്ങളിൽ മാത്രം ബദൽ ട്രിപ്പുകൾ പ്രാദേശികമായി ക്രമീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6. <u>ഇലക്ട്രിക് ബസ്സുകളുടെ പുനഃക്രമീകരണം</u>

പരിമിതമായ യാത്രക്കാരോടെ നഷ്ടത്തിൽ ഓടിയിരുന്ന ഇലക്ട്രിക് ബസ്സുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിന് കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും പൊതുവെ യാത്രക്കാർ കുറവുള്ള സിറ്റിയിലേക്ക് വരുന്ന വലിയ ഡീസൽ ബസ്സുകൾ മാറ്റി ഇലക്ട്രിക് ബസ്സുകൾ നൽകിയും ചെലവ് കുറച്ച് വരുമാനം കൂട്ടുന്നതിനും ജനോപകാരപ്രദമായ സർവീസാക്കി മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്. പൂർണ്ണമായും പരിസ്ഥിതി മലിനീകരണം ഒഴിവാക്കിയും

ചെലവ് കുറഞ്ഞ പൊതുഗതാഗത സംവിധാനം ഒരുക്കുന്നതിനും ഈ ബസ്സുകളിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞിട്ടുണ്ട്. പ്രധാന റൂട്ടുകളിലെ ട്രിപ്പുകൾ പുനഃക്രമീകരിച്ചതിലൂടെ പ്രതിദിന യാത്രക്കാരുടെ എണ്ണത്തിലും വരുമാനത്തിലും വർധനയുണ്ടാവുകയും ചെയ്തിട്ടുണ്ട്.

7. ഗ്രാമവണ്ടി

ഉൾപ്രദേശങ്ങളിലേക്ക് സർവീസുകൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ്സ് സർവീസ് ആരംഭിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് - കെ.എസ്.ആർ.ടി.സി.-യുടെ ഗ്രാമവണ്ടി സർവീസിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദേശിക്കുന്ന റൂട്ടുകളിൽ ഓടുന്ന ബസ്സുകൾക്ക് തനത് ഫണ്ട്/സംഭാവന ഉപയോഗിച്ച് ഡീസലിനുള്ള പണം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി 22-03-2022-ലെ സ.ഉ.(സാധാ)നം.704/2022/LSGD, പ്രകാരം പദ്ധതി നടത്തിപ്പിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പദ്ധതിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് കോർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. കൂടാതെ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും

അതത് പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പോൺസർ ചെയ്യാവുന്നതുമാണ്. 2024 മെയ് വരെ 23 ഗ്രാമവണ്ടി സർവീസുകൾ ആരംഭിച്ച് കെ.എസ്.ആർ.ടി.സി.-യുടെ ഡീസൽ ചെലവ് ഒഴിവാക്കാൻ കഴിഞ്ഞു.

8. സമുദ്ര

മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേക്കും തിരിച്ചും യാത്ര ചെയ്യുന്ന ദരിദ്രരായ വനിതാ തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലേയും രാത്രിയിലും പല സ്ഥലങ്ങളിൽനിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷാകൂലി ഭാരമാകുന്നു എന്നുമാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ അവ ലഭ്യമാകാത്ത സ്ഥിതിയുമുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ

വ്യവസ്ഥയിൽ നൽകി ഓപ്പറേറ്റ് ചെയ്യുന്നു. ഇത്തരത്തിൽ ചെലവ് കുറച്ച് യാത്രാ സൗകര്യം ലഭ്യമാക്കാൻ കഴിയുന്നുണ്ട്.

9. ക്യാഷ്‌ലെസ്സ് ട്രാൻസാക്ഷൻ

ക്യാഷ്‌ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഓൺലൈൻ റിസർവേഷൻ സംവിധാനം കൂടുതൽ കാര്യക്ഷമമായി ഏതാണ്ട് മുഴുവൻ സൂപ്പർ ക്ലാസ് ബസ്സുകളിലും ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ഡിജിറ്റൽ റിസർവേഷൻ ടിക്കറ്റുകൾ വഴിയുള്ള വരുമാനം ഉയർത്താൻ കഴിഞ്ഞിരുന്നു. തിരുവനന്തപുരം സിറ്റി സർവീസുകളിൽ സ്മാർട്ട് ട്രാവൽ കാർഡ് സംവിധാനം പരീക്ഷണാർഥം ഏർപ്പെടുത്തിയതുവഴി കൂടുതൽ യാത്രക്കാരേയും ഡിജിറ്റൽ ട്രാൻസാക്ഷൻ സംവിധാനത്തിലേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. ടി സംവിധാനം എല്ലാ സർവീസുകൾക്കുമായി വ്യാപിപ്പിക്കുന്നത് പരിഗണനയിലാണ്.

10. വിദ്യാർഥി കൺസഷൻ

യാത്രാ കൺസഷന് ഡിപ്പോകളിലുണ്ടാകുന്ന തിക്കും തിരക്കും ഒഴിവാക്കുന്നതിനും പരാതികൾ ഒഴിവാക്കുന്നതിനും സുതാര്യമായി

വിദ്യാർഥികളുടെയും രക്ഷാകർത്താക്കളുടെയും സൗകര്യാർഥം വിദ്യാർഥി കൺസഷൻ 2024 അധ്യയനവർഷം മുതൽ ഓൺലൈനാക്കിയിട്ടുണ്ട്.

11. മെക്കാനിക്കൽ വിഭാഗം

2024-2025 ബജറ്റിൽ പ്രഖ്യാപിച്ച 92 കോടി രൂപ ഫണ്ടുപയോഗിച്ച് കാലപ്പഴക്കം ചെന്ന ബസ്സുകൾക്കുപകരം 220 എണ്ണം Fully Built Non AC Diesel BS VI മാനദണ്ഡ പ്രകാരമുള്ള ബസ്സുകൾ വാങ്ങുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം ലഭ്യമാക്കുന്നതിന് Super Fast AC Premium ബസ്സുകളിൽ Push Back Seat, Air Condition സംവിധാനമുള്ള ബസ്സുകളും ഗ്രാമ പ്രദേശങ്ങളിലും ഉൾനാടൻ സ്ഥലങ്ങളിലും വീതി കുറഞ്ഞ റോഡുകളിലും സർവീസ് നടത്തുന്നതിന് 28-34 സീറ്റുള്ള ചെറിയ ബസ്സുകൾ നിരത്തിലിറക്കാനും നടപടി സ്വീകരിച്ചുവരുന്നു. സ്ക്രാപ് ചെയ്ത ബസ്സുകളും ടയർ, മറ്റ് സ്ക്രാപ് ഇനങ്ങൾ എന്നിവ സമയബന്ധിതമായി കേന്ദ്ര സർക്കാർ സ്ഥാപനമായ Metal Scrap Trading Corporation (MSTC) മുഖേന ഓൺലൈനായി ലേലം ചെയ്തുവിൽക്കുന്നു.

റീജിയണൽ സെൻട്രൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ സെന്ററുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഷിഫ്റ്റ് സമ്പ്രദായം ഫലപ്രദമായി നടപ്പാക്കി എഞ്ചിൻ ഗിയർ ബോക്സ് അടക്കമുള്ള യൂണിറ്റുകളുടെ പ്രൊഡക്ഷൻ വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം പാപ്പനംകോട് സെൻട്രൽ വർക്സിൽ എഞ്ചിൻ റീകണ്ടീഷനിങ് ഷോപ്പ് എയർ കണ്ടിഷൻ ചെയ്ത് ആധുനിക ഉപകരണങ്ങൾ ഉൾപ്പെടുത്തി സജ്ജീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എഞ്ചിൻ പ്രൊഡക്ഷൻ പ്രതിമാസം 18 എന്നത് ശരാശരി 36 ആയി ഉയർത്താൻ സാധിച്ചിട്ടുണ്ട്. ഇപ്രകാരം വർക്ക്ഷോപ്പ് നവീകരണ നടപടികൾ പുരോഗമിച്ചുവരുന്നു.

സെൻട്രൽ/റീജിയണൽ വർക്ക്ഷോപ്പുകളുടെ പ്രൊഡക്ഷൻ വർധിപ്പിച്ച് ഓഫ്റോഡ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. റിപ്പയർ ഷെഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഫ്ലോട്ട് യൂണിറ്റുകൾ ലഭ്യമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ 2024 ജനുവരി മാസത്തിൽ KSRTC-യുടെ ശരാശരി പ്രതിദിന ഓഫ് റോഡ് ബസ്സുകളുടെ എണ്ണം 900 മുതൽ 1000 വരെ

ആയിരുന്നു. എന്നാൽ ജില്ലാ വർക്ക്ഷോപ്പുകൾ നിർത്തലാക്കി ബസ്സുകളുടെ പരിപാലനം യൂണിറ്റുകളിലുള്ള ഗാരേജിലേക്ക് പുനഃസ്ഥാപിച്ചതുവഴി പ്രതിദിന ശരാശരി ഓഫ് റോഡ് ബസ്സുകളുടെ എണ്ണം 600 മുതൽ 700 ബസ്സുകൾ എന്ന നിലയിൽ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. പ്രതിദിന ശരാശരി ഓഫ് റോഡ് ബസ്സുകളുടെ എണ്ണം 500-ൽ താഴെ എത്തിക്കുന്നതിനാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

12. എസ്റ്റേറ്റ് വിഭാഗം

നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിൽ ഹരിപ്പാട് ബസ്സ് സ്റ്റേഷൻ വാണിജ്യ സമുച്ചയത്തിൽ കാനറാ ബാങ്കിന് സ്ഥലം അനുവദിച്ചുനൽകുകയും ആയതിൽനിന്നും പ്രതിമാസം ലൈസൻസ് ഫീ ലഭിച്ചുവരുന്നു. നിലമ്പൂർ യൂണിറ്റ് വാണിജ്യ സമുച്ചയം ഒറ്റ യൂണിറ്റായി പരിഗണിച്ച് ടെൻഡർ നടത്തി 30 വർഷത്തേക്ക് നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിങ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ, Public Information System,

ഷോപ്പ് ഓൺ വീൽസ്, ബസ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. ടിക്കറ്റിതര വരുമാനം വർധിപ്പിക്കാൻ കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പാക്കി. കൂടുതൽ ഡിപ്പോകളിലേക്ക് പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിനും ഡോർ ഡെലിവറി ആൻഡ് പിക്കപ്പ് തുടങ്ങാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇടനിലക്കാരില്ലാതെ കെ.എസ്.ആർ.ടി.സി. നേരിട്ട് Low Floor ഉൾപ്പെടെയുള്ള ബസ്സുകളിൽ പരസ്യം പതിച്ചുവരുന്നു. Kerala Irrigation Infrastructure Development Corporation-നുമായി ചേർന്ന് Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വില്പന ആരംഭിക്കുകയും എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ബസ്സുകളിലും വ്യാപിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് ഡിപ്പോകളിൽ നല്ല നിലവാരമുള്ള പാനീയങ്ങളും ഭക്ഷണ പദാർഥങ്ങളും മറ്റ് അത്യാവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി റെസ്റ്റോറന്റ് കം സൂപ്പർമാർക്കറ്റ്, സ്നാക്സ് ബോക്സ് എന്നിവ സ്ഥാപിക്കാനുള്ള നടപടികളും

ബസ്സിലെ സീറ്റ് കവറിലും ഹാൻഡ് റയിലിലും പരസ്യം പതിക്കുന്നതിന് ടെൻഡർ ക്ഷണിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചുവരുന്നു.

13. <u>ബജറ്റ് ടൂറിസം</u>

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പാക്കിവരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരികയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നത്.

പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി ബജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തിവരുന്നത്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കിവരുന്നത്. 2021 നവംബറിൽ

പ്രവർത്തനം ആരംഭിച്ച് 3 വർഷം പിന്നിടുമ്പോൾ 6.36 ലക്ഷത്തിലധികം വിനോദ സഞ്ചാരികളാണ് ബജറ്റ് ടൂറിസത്തിന്റെ വിനോദ സഞ്ചാരയാത്രാ സർവീസുകൾ ഉപയോഗപ്പെടുത്തിയത്.

14. <u>സാമ്പത്തികം</u>

കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻവേണ്ടി ഈ സർക്കാർ വായ്പ വിഹിതയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 1434.81 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 2065.57 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 496.90 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും വാഹന വ്യൂഹങ്ങളുടെ നവീകരണം, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്, അടിസ്ഥാനസൗകര്യ വികസനവും വർക്ക്ഷോപ്പുകളുടെ നവീകരണവും ജീവനക്കാർക്കും ഓഫീസർമാർക്കും പരിശീലനം തുടങ്ങി വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22

സാമ്പത്തിക വർഷത്തിൽ 87.21 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 85.14 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 68.29 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 4.91 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി വിഹിതമായി ലഭ്യമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ, ഇലക്ട്രിക് ഉൾപ്പെടെ വിവിധ ശ്രേണികളിൽപ്പെട്ട ബസ്സുകൾ നിരത്തിലിറക്കുക വഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ഇതിനുപുറമെ പ്രതിദിന വരുമാനത്തിൽനിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സർക്കാർ മുൻകൈയെടുത്ത് സഹകരണ വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നു. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽനിന്ന് ലഭ്യമാക്കിയ തുക പലിശയുൾപ്പെടെ സർക്കാർ തന്നെ മടക്കി നൽകുകയും ചെയ്യുന്നുണ്ട്.

ഇതോടൊപ്പം കിഫ്ബിയിൽനിന്നുള്ള ധനസഹായം, പദ്ധതി വിഹിതത്തിൽ ബസ്സുകൾ വാങ്ങുന്നതിനായി വകയിരുത്തിയ തുക, സ്മാർട്ട്

സിറ്റി പദ്ധതി എന്നിവ ഉപയോഗപ്പെടുത്തി ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവീസ് വിപുലീകരിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു.

15. <u>ടിക്കറ്റിതര വരുമാനം</u>

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗയോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്, പൊതുജനങ്ങൾക്ക് കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, ല്യൂബ്രിക്കേറ്റിങ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ

ദീർഘകാലാടിസ്ഥാനത്തിൽ വിവിധ സർക്കാർ-അർധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ/ലോജിസ്റ്റിക്സ് പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ മെച്ചപ്പെട്ട ഡ്രൈവിങ് പരിശീലനം ലഭ്യമാക്കുന്നതിനായി ആരംഭിച്ച ഡ്രൈവിങ് സ്കൂൾ പദ്ധതി എന്നിവയുൾപ്പെടെ നിരവധി നൂതന പദ്ധതികൾ കോർപ്പറേഷന്റെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻവേണ്ടി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥലങ്ങളിൽ പരസ്യങ്ങൾ ചെയ്യുന്നതിനും അതിലൂടെ വരുമാനം വർധിപ്പിക്കുന്നതിനുമായി പ്രത്യേകം പദ്ധതി തയ്യാറാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥലങ്ങളിൽ പരസ്യങ്ങൾ ചെയ്യുന്നതിനും അതിലൂടെ വരുമാനം വർധിപ്പിക്കുന്നതിനായി ബസ്സ് സ്റ്റേഷൻ ഹോർഡിങ്സ്, പബ്ലിക് അനൗൺസ്മെന്റ് സിസ്റ്റം,

പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ സ്ഥാപിച്ച് പരസ്യയിനത്തിൽ വരുമാനം വർധിപ്പിക്കാൻ പദ്ധതികൾ നടപ്പാക്കിവരുന്നു.

(സി) കെ.എസ്.ആർ.ടി.സി. ബസ്സുകളിലും കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും പരസ്യം ചെയ്യുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഇടനിലക്കാരില്ലാതെ മാർക്കറ്റിങ് എക്സിക്യൂട്ടീവുകൾ മുഖേന നേരിട്ട് Low Floor ഉൾപ്പെടെയുള്ള ബസ്സുകളിൽ പരസ്യം പതിച്ചുവരുന്നു. കൂടാതെ ബസ്സിലെ Back side of Headrest, Hand rail എന്നിവയ്ക്ക് ടെൻഡർ ക്ഷണിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥലങ്ങളിൽ പരസ്യങ്ങൾ ചെയ്യുന്നതിനും അതിലൂടെ വരുമാനം വർധിപ്പിക്കുന്നതിനുമായി ബസ്സ് സ്റ്റേഷൻ ഹോർഡിങ്സ്, പബ്ലിക് അനൗൺസ്മെന്റ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ സ്ഥാപിച്ച് പരസ്യയിനത്തിൽ വരുമാനം വർധിപ്പിക്കാൻ പദ്ധതികൾ നടപ്പാക്കിവരുന്നു.

**ഗ്രാമവണ്ടി പദ്ധതി**

226(1855) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച ഗ്രാമവണ്ടി പദ്ധതി ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ടെന്നും ഓരോ സ്ഥലങ്ങളിൽനിന്നും ലഭിച്ചിട്ടുള്ള ശരാശരി വരുമാനം എത്രയെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് ഗ്രാമവണ്ടി പദ്ധതി പ്രകാരം 23 സർവീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. ടി സർവീസുകൾക്ക് ലഭ്യമായ ടിക്കറ്റ് വരുമാന തുകയായ 3,75,80,343/- രൂപയും പഞ്ചായത്തുകളിൽനിന്നായി ഡീസൽ തുകയ്ക്കായി ലഭ്യമായ 3,03,23,545/- രൂപയുമുൾപ്പെടെ ആകെ 6,79,03,888/- രൂപ ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപമായി എത്ര തുക കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ 23 ഗ്രാമവണ്ടികൾ ഒരു ലക്ഷം രൂപ വീതം സെക്യൂരിറ്റി തുകയായി ഒടുക്കി സർവീസ് നടത്തിവരുന്നു. ആയത് 2022-2023 കാലയളവിൽ 20 ലക്ഷം രൂപയും 2024-ൽ 3 ലക്ഷം രൂപയുമുൾപ്പെടെ 23 ലക്ഷം രൂപ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സെക്യൂരിറ്റി തുകയായി നിക്ഷേപിച്ചിട്ടുണ്ട്.

(സി) എവിടെയെങ്കിലും പദ്ധതി മുടങ്ങിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കിളിമാനൂർ യൂണിറ്റിലെ ഗ്രാമവണ്ടി സർവീസിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും എഗ്രിമെന്റ് പ്രകാരമുള്ള ഡീസൽ തുക ലഭ്യമാക്കാത്തതിനാൽ 05-05-2024 മുതൽ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

(ഡി) പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ആലോചിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആലോചനയിലില്ല.

**ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണം**

227(1856) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണവുമായി ബന്ധപ്പെട്ട് പി.ഡബ്ല്യൂ.ഡി. സമർപ്പിച്ച പ്ലാനിൽ ആവശ്യമായ ഭേദഗതി വരുത്തി കെ.എസ്.ആർ.ടി.സി. അംഗീകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറിയിട്ടുണ്ട്.

(ബി) ഗുരുവായൂർ മണ്ഡലത്തിൽ പൊതുഗതാഗത സംവിധാനമില്ലാത്ത ഗ്രാമപ്രദേശങ്ങളിൽ ചെറിയ ബസ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗുരുവായൂർ ഡിപ്പോയിൽനിന്നും എളവള്ളി തദ്ദേശസ്വയംഭരണ സ്ഥാപനവുമായി സഹകരിച്ച് നിലവിൽ ഒരു ഗ്രാമവണ്ടി സർവീസ് നടത്തിവരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് ചെറിയ ബസ്സുകൾ ലഭ്യമാകുന്നമുറയ്ക്ക് ഗുരുവായൂർ മണ്ഡലത്തിലെ ഗ്രാമപ്രദേശങ്ങളിൽ ബസ്സുകൾ അനുവദിക്കണമെന്ന ആവശ്യം, സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്.

**വർക്കലയിൽ കെ.എസ്.ആർ.ടി.സി. സർവീസുകൾ പുനരാരംഭിക്കാനുള്ള നടപടി**

228(1857) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിൽനിന്നും ആരംഭിക്കുന്നതും വർക്കലയിൽ എത്തിച്ചേരുന്നതുമായ എത്ര കെ.എസ്.ആർ.ടി.സി. സർവീസുകൾ കോവിഡ്-19 കാലയളവിനുശേഷം നിർത്തലാക്കിയെന്ന് വിശദമാക്കാമോ?

കോവിഡ്-19 കാലയളവിനുശേഷം വർക്കലയിലേക്ക് നെടുങ്കണ്ടം, പിറവം എന്നീ യൂണിറ്റുകളിൽനിന്നും നടത്തിവന്നിരുന്ന ഓരോ സർവീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്. മറ്റ് സർവീസുകളൊന്നുംതന്നെ കോവിഡിനുശേഷം നിർത്തലാക്കിയിട്ടില്ല. റൂട്ട് റാഷണലൈസേഷന്റെ ഭാഗമായും ഡീസൽ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായും പിറവം യൂണിറ്റിൽനിന്നുള്ള വർക്കല സർവീസിന്റെ ട്രിപ്പ് 16-03-2024-ലും നെടുങ്കണ്ടം യൂണിറ്റിൽനിന്നുള്ള വർക്കല സർവീസിന്റെ ട്രിപ്പ് 29-06-2021 മുതലും കൊല്ലം വരെയായി പുനഃക്രമീകരിച്ചിട്ടുണ്ട്.

(ബി) വർക്കലയിൽ കോവിഡിനുശേഷം നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്.

**ചങ്ങനാശ്ശേരിയിൽനിന്ന് അമൃത ആശുപത്രിയിലേക്കുള്ള സർവീസുകൾ**

229(1858) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിൽനിന്ന് അമൃത ആശുപത്രിയിലേക്ക് ദിവസേനയുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. സർവീസുകൾ നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത സർവീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ചങ്ങനാശ്ശേരി ഡിപ്പോയിൽനിന്നും കോവിഡിനുമുമ്പ് 2019 മാർച്ച് മാസം വരെയാണ് അമൃത സർവീസുകൾ നടത്തിവന്നിരുന്നത്. പ്രതിദിനം 396 കിലോമീറ്റർ സർവീസ് നടത്തിവന്നിരുന്ന 05.30 മണി അമൃത സർവീസിന് പ്രതിദിന ശരാശരി ഇ.പി.ബി. 6,900/- രൂപയും, ഇ.പി.കെ.എം 33.32 രൂപയും മാത്രമാണ് ലഭിച്ചുവന്നിരുന്നത്. ചങ്ങനാശ്ശേരി ഡിപ്പോയിലെ 06.00 മണി അമൃത സർവീസിനും വരുമാന ലഭ്യത വളരെയധികം കുറവായിരുന്നു. 2019 മാർച്ച് മാസത്തിലെ കണക്കനുസരിച്ച് 5,500/- രൂപ ശരാശരി ഇ.പി.ബി.യും, ശരാശരി 29.15 രൂപ ഇ.പി.കെ.എം. മാത്രമാണ്

ലഭിച്ചിരുന്നത്. രണ്ട് അമൃത സർവീസുകൾക്കും പ്രവർത്തനചെലവുപോലും ലഭിക്കാത്തതിനാലാണ് പുനരാരംഭിക്കാത്തത്.

**ഇരിക്കൂർ മണ്ഡലത്തിൽ ബസ്സ് സർവീസുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി**

230(1859) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ഡിപ്പോകളിൽനിന്ന് ഇരിക്കൂർ മണ്ഡലത്തിലൂടെ സർവീസ് നടത്തിയിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ നിർത്തലാക്കിയതെന്ന് അറിയിക്കാമോ; അവ ഏതെല്ലാമാണ്; നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ?

കേരളത്തിലെ വിവിധ ഡിപ്പോകളിൽനിന്ന് ഇരിക്കൂർ മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. നടത്തിവന്നിരുന്ന പത്തനാപുരം - ചന്ദനക്കാംപ്പാറ, പുനലൂർ - കുടിയാൻമല, റാന്നി - കുടിയാൻമല, നെടുങ്കണ്ടം - പാലക്കയംത്തട്ട് എന്നീ സർവീസുകൾ യാത്രക്കാരുടെ കുറവുമൂലം ഉണ്ടാക്കിയിരുന്ന വലിയ സാമ്പത്തിക നഷ്ടം

കുറയ്ക്കുന്നതിന്റെയും ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായും ടേക്ക് ഓവർ സർവീസുകളോടൊപ്പം സ്വകാര്യ ബസ്സുകൾ സർവീസ് തുടർന്ന് വന്നിരുന്നതിനാലും യാത്രക്കാരില്ലാത്ത ഭാഗത്ത് റൂട്ട് പുനഃക്രമീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ റൂട്ടുകൾ ഭാഗികമായി പുനഃക്രമീകരിക്കുമ്പോൾ യാത്രാവശ്യം നിറവേറ്റുന്നതിന് മറ്റ് യാത്രാ സൗകര്യമില്ലാത്ത ഭാഗങ്ങളിൽ മാത്രമായി ട്രിപ്പുകൾ അധികമായി ക്രമീകരിച്ച് നൽകുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുമ്പോൾ ഒറ്റപ്പെട്ട മറ്റ് യാത്രാ സൗകര്യമില്ലാത്ത റൂട്ടുകൾ, ആദിവാസി മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയുള്ള ട്രിപ്പുകൾ തുടരുന്നതിനും നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടി റൂട്ടുകളിൽ ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. 12.10 കണ്ണൂർ - കാപ്പിമല സർവീസ് കോവിഡിനുശേഷം പുനരാരംഭിച്ചെങ്കിലും യാത്രക്കാർ സർവീസിന് ഉപയോഗിക്കാത്തതിനാൽ ശരാശരി 6736/- രൂപ ഇ.പി.ബി.-യും, 25 രൂപ ശരാശരി ഇ.പി.കെ.എം.-ഉം മാത്രമാണ് ലഭിച്ചിരുന്നത്. ഇത്തരത്തിൽ

ഡീസൽ ഉൾപ്പെടെ പ്രവർത്തന ചെലവിനുപോലും വരുമാനം ലഭ്യമാകാത്ത സാഹചര്യത്തിലാണ് പ്രസ്തുത സർവീസ് നിന്നുപോയത്.

(ബി) പ്രസ്തുത ബസ്സുകൾ നിർത്തലാക്കിയതുമൂലം യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രസ്തുത റൂട്ടുകൾ ദേശസാൽകൃത റൂട്ട് അല്ലാത്തതിനാലും സ്വകാര്യ ബസ്സുകൾ സർവീസ് നടത്തി വരുന്നതിനാലും ഒറ്റപ്പെട്ട റൂട്ടുകളിൽ ട്രിപ്പ് ക്രമീകരിച്ചതിനാലും യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നിർത്തലാക്കിയ സർവീസുകൾ പുനരാരംഭിക്കാൻ നടപടി**

231(1860) <u>ശ്രീ. ലിന്റോ ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനുമുമ്പ് സർവീസ് നടത്തിയിരുന്നതും എന്നാൽ കോവിഡ് കാലഘട്ടത്തിൽ നിർത്തൽ ചെയ്തതുമായ KSRTC സർവീസുകൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കോവിഡ് കാലത്ത് പൊതുഗതാഗത സംവിധാനങ്ങൾ പൂർണ്ണമായും റദ്ദ് ചെയ്തതിനെ തുടർന്ന് സംസ്ഥാനാടിസ്ഥാനത്തിൽ മുഴുവൻ സർവീസുകളും നിർത്തിവച്ചിരുന്നു. എന്നാൽ കോവിഡുകാല ഗതാഗത നിയന്ത്രണങ്ങൾ അവസാനിച്ചതിനെ തുടർന്ന്, നിർത്തലാക്കിയതിൽ ലാഭകരവും ജനോപകാരപ്രദവുമായ കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ പുനഃക്രമീകരിച്ച് ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്.

(ബി) കൊടിയത്തൂർ-കോഴിക്കോട് സർവീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൊടിയത്തൂർ-കോഴിക്കോട് റൂട്ടിൽ നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. സർവീസ് 10 വർഷത്തിനുമുമ്പ് നിന്നുപോവുകയാണുണ്ടായത്. പ്രസ്തുത സർവീസ് പുനരാരംഭിക്കണമെന്ന ആവശ്യം സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. എറണാകുളം ഡിപ്പോയുടെ നിർമ്മാണം**

232(1861) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വൈറ്റിലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന എറണാകുളം ഡിപ്പോയുടെ നിർമ്മാണ നടപടികളുടെ പുരോഗതി അറിയിക്കുമോ; ഏത് ഏജൻസിയെയാണ് നിർമ്മാണചുമതല ഏല്പിച്ചിരിക്കുന്നതെന്നും പൂർത്തീകരണ കാലാവധി എത്രയാണെന്നും വ്യക്തമാക്കുമോ?

വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റിയുടെ അധീനതയിലുള്ള വൈറ്റില ഹബ്ബിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഭൂമി അനുവദിച്ചുനൽകിയിട്ടില്ല.

(ബി) കാരിക്കാമുറിയിൽ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിർമ്മാണം ആരംഭിക്കുന്ന കൊച്ചി മൊബിലിറ്റി ഹബ്ബ് ഫേസ് 2-ൽ കെ.എസ്.ആർ.ടി.സി.-ക്ക് ഓഫീസുകൾ ഉണ്ടായിരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വൈറ്റില മൊബിലിറ്റി ഹബ്ബ് സൊസൈറ്റി നിലവിൽ പ്ലാനുകളൊന്നും തയ്യാറാക്കി നൽകുകയോ ഇതുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനം KSRTC-യെ അറിയിക്കുകയോ ചെയ്തിട്ടില്ല.

**മാവേലിക്കര ഡിപ്പോയിൽ കെട്ടിട നിർമ്മാണ പദ്ധതി**

233(1862) ശ്രീ. എം. എസ്. അരുൺ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ മാവേലിക്കര ഡിപ്പോയിൽ കെട്ടിട നിർമ്മാണത്തിന് എം.എൽ.എ.-യുടെ മണ്ഡലം ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി തുക അനുവദിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച തുക വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ;

(സി) ഭരണാനുമതി ലഭിച്ച പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(ബി&സി) മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ച തുക വിനിയോഗിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തി ആരംഭിച്ചുവെങ്കിലും മുനിസിപ്പാലിറ്റിയിൽനിന്നും അനധികൃത നിർമ്മാണത്തിന്റെ പേരിൽ സ്റ്റോപ്പ് മെമ്മോ നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നിർത്തിവയ്ക്കുകയുണ്ടായി. എന്നാൽ മുൻ നിർമ്മാണ പ്രവൃത്തിക്ക് നൽകിയ സ്റ്റോപ്പ് മെമ്മോ പിൻവലിച്ചാൽ മാത്രമേ പുതിയ നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ കഴിയുകയുള്ളൂ എന്നതിനാൽ സ്റ്റോപ്പ് മെമ്മോ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നുള്ള സർവീസുകൾ**

234(1863) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് ഫാസ്റ്റ് പാസഞ്ചർ ഒഴികെ എത്ര സർവീസുകളാണ് ദിവസവും നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നത്; പ്രസ്തുത സർവീസുകൾ നടത്തുന്നതിന് ആകെ എത്ര ബസ്സുകൾ ആവശ്യമാണ്; മുഴുവൻ സർവീസുകളും നടത്താനാവശ്യമായ ബസ്സുകൾ ഡിപ്പോയിൽ ലഭ്യമാണോ എന്നിവ അറിയിക്കാമോ?

ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് ഫാസ്റ്റ് പാസഞ്ചർ ഒഴികെ നിലവിൽ 35 സർവീസുകൾ (ഒരു ഗ്രാമവണ്ടി ഉൾപ്പെടെ) ഓപ്പറേറ്റ് ചെയ്യുന്നു. ഈ സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് 35 ബസ്സുകൾ ആവശ്യമാണ്. ചാത്തന്നൂർ ഡിപ്പോയിൽനിന്നും ഫാസ്റ്റ് പാസഞ്ചർ ഉൾപ്പെടെ ആകെ 45 സർവീസുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. ചാത്തന്നൂർ ഡിപ്പോയിൽ ആകെ 54 ബസ്സുകളാണ് അനുവദിച്ചിട്ടുള്ളത്. അതിൽ 14 ഫാസ്റ്റ് പാസഞ്ചർ ബസ്സുകളും 40 ഓർഡിനറി ബസ്സുകളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. മുഴുവൻ സർവീസുകളും നടത്താനാവശ്യമായ ബസ്സുകൾ ഡിപ്പോയിൽ ലഭ്യമാണ്.

(ബി) ചാത്തന്നൂർ ഡിപ്പോയിൽനിന്ന് നിലവിൽ നടത്തിവരുന്ന ഫാസ്റ്റ് പാസഞ്ചർ സർവീസുകൾ എത്രയെണ്ണം; ഏതെല്ലാം സ്ഥലങ്ങളെ ബന്ധിപ്പിച്ചാണ് പ്രസ്തുത സർവീസുകൾ നട<u>ത്തു</u>ന്നത്; അതിന് പര്യാപ്തമായ നിലയിൽ ബസ്സുകൾ ഡിപ്പോയിൽ അനുവദിച്ചിട്ടുണ്ടോ; എന്നിവ വ്യക്തമാക്കാമോ?

10 ഫാസ്റ്റ് പാസഞ്ചർ സർവീസുകൾ ലഭ്യമാണ്. തിരുവനന്തപുരം, ആറ്റിങ്ങൽ, കൊല്ലം, കരുനാഗപ്പള്ളി, കായംകുളം, ആലപ്പുഴ, കൊട്ടാരക്കര, അടൂർ, ചെങ്ങന്നൂർ, തിരുവല്ല, കോട്ടയം, പള്ളിക്കൽ, വെള്ളിമൺ, കുണ്ടറ, കൊട്ടിയം, പഴവൂർ, പത്തനംതിട്ട, കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, കുമിളി എന്നീ പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിച്ചാണ് പ്രസ്തുത സർവീസുകൾ നടത്തിവരുന്നത്. ചാത്തന്നൂർ ഡിപ്പോയിൽ നിലവിൽ 14 ഫാസ്റ്റ് പാസഞ്ചർ ബസ്സുകളാണ് ലഭ്യമായിട്ടുള്ളത്. ഫാസ്റ്റ് പാസഞ്ചർ സർവീസുകൾ നട<u>ത്തു</u>ന്നതിന് പര്യാപ്തമായ നിലയിൽ ബസ്സുകൾ ഡിപ്പോയിൽ അനുവദിച്ചിട്ടുണ്ട്.

(സി) ചാത്തന്നൂർ ഡിപ്പോയിൽ അനുവദിക്കപ്പെട്ടിട്ടുള്ള മുഴുവൻ സർവീസുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് എത്ര കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും സേവനമാണ് ദിവസവും ആവശ്യമുള്ളത്; നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള അംഗീകൃത കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും എണ്ണം എത്രയാണ്; വ്യക്തമാക്കാമോ?

മുഴുവൻ സർവീസുകളും നടത്താൻ ആവശ്യമായ കണ്ടക്ടർ - 91

മുഴുവൻ സർവീസുകളും നടത്താൻ ആവശ്യമായ ഡ്രൈവർ - 91

നിലവിൽ ലഭ്യമായ കണ്ടക്ടർ - (സ്ഥിരം) - 81

നിലവിൽ ലഭ്യമായ കണ്ടക്ടർ - (ബദലി) - 11

ആകെ ലഭ്യമായ കണ്ടക്ടർ - 92

നിലവിൽ ലഭ്യമായ ഡ്രൈവർ - സ്ഥിരം - 64

നിലവിൽ ലഭ്യമായ ഡ്രൈവർ - ബദലി - 20

ആകെ ലഭ്യമായ ഡ്രൈവർ - 84

**കോതമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽനിന്നുള്ള എക്സ്പ്രസ് സർവീസ് പുനരാരംഭിക്കാൻ നടപടി**

235(1864) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും വർഷങ്ങളായി രാവിലെ 6.30-ന് തിരുവനന്തപുരത്തേക്ക് സർവീസ് നടത്തിക്കൊണ്ടിരുന്ന എക്സ്പ്രസ് സർവീസ് നിർത്തലാക്കി പകരം സൂപ്പർഫാസ്റ്റ് സർവീസാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏങ്കിൽ ഇങ്ങനെ ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) നിർത്തലാക്കിയ എക്സ്പ്രസ് സർവീസ് പുനരാരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാക്കാത്ത വിധത്തിലുള്ള സർവീസുകൾ, ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ കൂടുതൽ യാത്രക്കാർക്ക് ഗുണകരമാകുന്ന രീതിയിലോ പുനഃക്രമീകരണം നടത്തിവരികയാണ്. ഇത്തരത്തിൽ പുനഃക്രമീകരണ നടപടികളുടെ ഭാഗമായി 39 സീറ്റുകളുള്ള സൂപ്പർ എക്സ്പ്രസ് ബസ്സിന് പകരമായി 53 സീറ്റുകളും 12 അധിക സ്റ്റാൻഡിങ് യാത്രക്കാർക്കും

പ്രയോജനകരമായ വിധത്തിൽ സൂപ്പർ ഫാസ്റ്റ് ബസ്സ് അനുവദിച്ചതിലൂടെ കൂടുതൽ യാത്രക്കാർക്ക് പ്രയോജനകരമാകുന്നതും സൂപ്പർ എക്സ്പ്രസ് ബസ്സ് നടത്തുന്ന അതേ സമയക്രമത്തിൽതന്നെ സൂപ്പർഫാസ്റ്റ് ബസ്സ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ചെലവ് വർധിക്കാതെ തന്നെ 2024 ഏപ്രിൽ മാസത്തെ കണക്കനുസരിച്ച് ശരാശരി പ്രതി കിലോമീറ്റർ വരുമാനമായ 44.07 രൂപയിൽനിന്നും 2024 ജൂൺ മാസത്തിൽ 50.54 രൂപയായി വർധിച്ചിട്ടുണ്ട്. ഇത്തരത്തിൽ താരതമ്യേന കൂടിയ വരുമാനം ലഭ്യമാകുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്.

**കായംകുളം കെ.എസ്.ആർ.ടി.സി ഡിപ്പോയ്ക്ക് അനുവദിച്ച പുതിയ സർവീസുകൾ**

236(1865) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് അനുവദിച്ച പുതിയ സർവീസുകൾ ഏതൊക്കെയെന്നും അവയുടെ സമയക്രമവും വിശദമാക്കാമോ?

കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് അനുവദിച്ച പുതിയ സർവീസുകൾ ചുവടെ ചേർക്കുന്നു.

1. 05.00 കായംകുളം - വള്ളിക്കാവ് - തിരുവനന്തപുരം (FP)
2. 04.45 കായംകുളം - അമൃത മെഡിക്കൽകോളേജ് (FP)
3. 05.30 കായംകുളം - അമൃത മെഡിക്കൽകോളേജ് (FP)
4. 05.50 കായംകുളം - ആസ്റ്റർ മെഡിസിറ്റി (FP)
5. 04.05 കായംകുളം - കോയമ്പത്തൂർ (FP)
6. 07.00 കായംകുളം - തെങ്കാശി (FP)
7. 07.10 കായംകുളം - പുതിയക്കാവ് - പതാരം - ഭരണിക്കാവ് (ORD)
8. 06.40 കായംകുളം - മുട്ടം (ഗ്രാമവണ്ടി)

**കായംകുളം ബസ്സ് ഡിപ്പോയുടെ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം**

237(1866) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോയുടെ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

കായംകുളം കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോയിലെ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് M/s. KRDCL മുഖാന്തരം ടോപോഗ്രാഫിക്കൽ സർവെ നടത്തുകയും പകർപ്പ് പി.ഡബ്ല്യു.ഡി.-യ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രവൃത്തി പി.ഡബ്ല്യു.ഡി. മുഖേന നിർവഹിക്കുന്നതിന്റെ ഭാഗമായി പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള വാല്യുവേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

## സ്വകാര്യ ബസ്സുകളും കെ.എസ്.ആർ.ടി.സി. ബസ്സുകളും സമയക്രമം പാലിക്കുന്നതിന് നടപടി

238(1867) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ-പത്തനംതിട്ട റൂട്ടിൽ സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് മുന്നിൽ സ്വകാര്യ ബസ്സുകൾ നടത്തുന്ന മത്സര ഓട്ടം കാരണം യാത്രക്കാർക്കും നാട്ടുകാർക്കുമുണ്ടാവുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം

കാണുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഈ റൂട്ടിലെ സ്വകാര്യ ബസ്സുകളും കെ.എസ്.ആർ.ടി.സി. ബസ്സുകളും സമയക്രമം പാലിക്കുന്നതിന് നിർദേശം നൽകുമോ?

നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത റൂട്ടിലെ സ്വകാര്യ ബസ്സുകൾ കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കുമുമ്പിൽ മത്സര ഓട്ടം നടത്തുന്നത് തടയുന്നതിനും സമയക്രമം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കർശന നിർദേശം നൽകിയിട്ടുണ്ട്.

**കെ.എസ്.ആർ. ടി.സി ബസ് സർവീസ് പുനരാരംഭിക്കാൻ നടപടി**

239(1868) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ പ്രദേശങ്ങളിലെ ജനങ്ങൾ ആശ്രയിച്ചിരുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ പലതും സർവീസ് നിർത്തിയതോടെ വിദ്യാർഥികൾ ഉൾപ്പെടെയുള്ളവർ അനുഭവിക്കുന്ന യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

വിദ്യാർഥികൾക്ക് ബുദ്ധിമുട്ട് വരുന്ന രീതിയിൽ സർവീസുകളോ ട്രിപ്പുകളോ നിർത്തിയതായും യാത്രാക്ലേശം ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡീസലിന്റെയും സ്പെയർ പാർട്സിന്റെയും ചെലവുകൾപോലും ലഭ്യമാകാത്ത റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച് പുനഃക്രമീകരിച്ച് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം കെ.എസ്.ആർ.ടി.സി.യുടെ തന്നെയോ മറ്റ് യാത്രാസൗകര്യങ്ങളുള്ളതോ ആയ സ്ഥലങ്ങളിൽ ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ സ്റ്റേ സർവീസുകളാക്കി മാറ്റുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്തുവരികയാണ്. ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുമ്പോൾ സ്റ്റുഡന്റ്സ് കൺസഷൻ, ഒറ്റപ്പെട്ട മറ്റ് യാത്രാ സൗകര്യം ഇല്ലാത്ത റൂട്ടുകൾ, ആദിവാസി മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയുള്ള ട്രിപ്പുകൾ തുടരുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഏതെങ്കിലും ദീർഘദൂര ട്രിപ്പുകൾ നിർത്തുമ്പോൾ ഒറ്റപ്പെട്ട ഭാഗങ്ങളിൽ

യാത്രാവശ്യത്തിനായി ടി സ്ഥലങ്ങളിൽ മാത്രം ബദൽ ട്രിപ്പുകൾ ക്രമീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ നഗരസഭയിലുൾപ്പെട്ട കരിയാട് പടന്നക്കരയിൽനിന്നും തലശ്ശേരി മണ്ഡലത്തിലെ ഒളവിലം-മാഹി പാലം വഴി തലശ്ശേരിയിലേക്ക് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കൂത്തുപറമ്പ് മണ്ഡലത്തിലെ പാനൂർ നഗരസഭയിലുൾപ്പെട്ട കരിയാട് പടന്നക്കരയിൽനിന്നും തലശ്ശേരി മണ്ഡലത്തിലെ ഒളവിലം-മാഹി പാലം വഴി തലശ്ശേരിയിലേക്ക് നടത്തിയിരുന്ന സർവീസിന് 2016 ഡിസംബർ മാസത്തിൽ ശരാശരി ഇ.പി.കെ.എം. 25.84 മാത്രമായിരുന്നതിനാൽ പുനഃക്രമീകരിച്ച് സർവീസ് നടത്തിയിരുന്നെങ്കിലും യാത്രക്കാരുടെ കുറവുമൂലം മെച്ചപ്പെട്ട വരുമാനം ലഭിച്ചിരുന്നില്ല. ടി സർവീസ് അവസാനമായി നടത്തിയിരുന്ന 2019 നവംബർ മാസം ശരാശരി ഇ.പി.ബി. 5071 രൂപ മാത്രമായിരുന്നു. ടി സാഹചര്യത്തിലാണ് പ്രസ്തുത സർവീസ് നിർത്തിയത്. കെ.എസ്.ആർ.ടി.സി. ബസ് സർവീസ് പുനരാരംഭിക്കുന്നതിനായി

സാധ്യതാപഠനം നടത്തിയെങ്കിലും കോർപ്പറേഷന് സാമ്പത്തികമായി ഗുണകരമാകാൻ സാധ്യതയില്ലെന്ന് കണ്ടെത്തിയതിനാൽ നിലവിലെ മോശം സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത ആവശ്യം പരിഗണിക്കാൻ കഴിയുകയില്ല.

(സി) നിരവധി ബസ് സർവ്വീസുകൾ വെട്ടിക്കുറച്ചതിനെത്തുടർന്ന് സർവീസ് നിർത്തിയതും തലശ്ശേരി-കോപ്പാലം-പാനൂർ-നിള്ളങ്ങൽ-ചെറുവാഞ്ചേരി റൂട്ടിൽ വർഷങ്ങളായി ഓടിയിരുന്നതുമായ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ദേശസാൽകൃതമല്ലാത്ത റൂട്ട് ആയതിനാൽ തന്നെ സ്വകാര്യ സർവീസുകൾ പ്രസ്തുത റൂട്ടിൽ നിലവിൽ സർവീസ് നടത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് പുനരാരംഭിക്കുന്നതിനായി സാധ്യതാപഠനം നടത്തിയെങ്കിലും കോർപ്പറേഷന് സാമ്പത്തികമായി ഗുണകരമാകാൻ സാധ്യതയില്ലെന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത ആവശ്യം പരിഗണിക്കാൻ കഴിയുകയില്ല.

**ബസ് സർവീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ**

240(1869) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട്-മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന കൂളിമാട്, എളമരം കടവ് എന്നീ പാലങ്ങളിലൂടെ കെ.എസ്.ആർ.ടി.സി ബസ് സർവീസ് ആരംഭിക്കണമെന്ന ആവശ്യത്തിൻമേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

കോഴിക്കോട്, മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന എളമരം കടവ് പാലം - കൂളിമാട് പാലം വഴി 10 ട്രിപ്പുകൾ കെ.എസ്.ആർ.ടി.സി. ആരംഭിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 06.00 കോഴിക്കോട് - പാലക്കാട്
2. 07.50 കോഴിക്കോട് - പാലക്കാട്
3. 17.25 കോഴിക്കോട് - അരീക്കോട്
4. 05.30 മലപ്പുറം - കോഴിക്കോട്
5. 18.25 കോഴിക്കോട് - മലപ്പുറം
6. 12.00 പാലക്കാട് - കോഴിക്കോട്

7. 13.10 പാലക്കാട് - കോഴിക്കോട്

8. 19.00 അരീക്കോട് - കോഴിക്കോട്

9. 10.30 കട്ടങ്ങൽ - എടവണ്ണപ്പാറ

10. 11.15 എടവണ്ണപ്പാറ – കുന്നമംഗലം

ഇതിൽ 07.25 കോഴിക്കോട് - അരീക്കോട് ട്രിപ്പും 19.00 അരീക്കോട് - കോഴിക്കോട് ട്രിപ്പും യാത്രക്കാരുടെ കുറവുമൂലം വരുമാന ലഭ്യതയില്ലാത്തതിനാൽ നിർത്തിവച്ചിട്ടുണ്ട്. 10.30 എടവണ്ണപ്പാറ, 11.15 കുന്നമംഗലം എന്നീ ട്രിപ്പുകൾ ഗ്രാമവണ്ടി പദ്ധതിയിലുൾപ്പെടുത്തി നടത്തിവരുന്നു.

**കുട്ടനാട്ടിലെ യാത്രാ ക്ലേശം പരിഹരിക്കാൻ നടപടി**

241(1870) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ രൂക്ഷമായ യാത്രാ ക്ലേശം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് മേഖലയിലെ എല്ലാ കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽനിന്നും നടത്തിവന്നിരുന്ന സർവീസുകളും ട്രിപ്പുകളും തുടരുന്നുണ്ട്. ചങ്ങനാശ്ശേരി – ആലപ്പുഴ റൂട്ടിൽ റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്ക് എല്ലാ സർവീസുകളുടെയും ട്രിപ്പുകളുടെയും സമയക്രമം കൃത്യമായി പാലിച്ച് ക്രമീകരിക്കാൻ കഴിയുന്നതിലൂടെ ടി മേഖലയിലെ യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കാൻ കഴിയുന്നതാണ്. പ്രസ്തുത വിഷയത്തിന്മേൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ സമർപ്പിച്ച ശിപാർശകൾ പ്രകാരം അധിക സർവീസ് നടത്തുന്നതും പരിഗണിക്കാവുന്നതാണ്. കൂടാതെ കുട്ടനാട് കേന്ദ്രീകരിച്ചുള്ള സംസ്ഥാന ജലഗതാഗത വകുപ്പിന്റെ നിലവിലുള്ള മുഴവൻ ബോട്ട് സർവീസുകളും മുടക്കം കൂടാതെ നടത്തിവരുന്നുണ്ട്. സ്കൂൾ കുട്ടികൾക്കും സാധാരണക്കാരായ പൊതുജനങ്ങൾക്കും സൗകര്യപ്രദമായ രീതിയിൽ ആലപ്പുഴ, നെടുമുടി, പുളിങ്കുന്ന്, എടത്വ, കാവാലം സ്റ്റേഷനുകളിലെ ബോട്ടുകളുപയോഗിച്ച് അത്യാവശ്യഘട്ടങ്ങളിൽ സർക്കുലർ സർവീസുകളുൾപ്പെടെ നടത്തിയുമാണ് വകുപ്പ് പരാതിരഹിതമായി

പൊതുജനങ്ങൾക്കുള്ള സേവനം ഉറപ്പുവരുത്തുന്നത്. നിർമ്മാണത്തിന്റെ അന്തിമഘട്ടത്തിലുള്ള കൂടുതൽ സർവീസ് ബോട്ടുകൾ ലഭ്യമാകുന്നമുറയ്ക്ക് നിലവിലുള്ള ഡീസൽ ബോട്ടുകൾക്ക് പകരം സോളാർ ഇലക്ട്രിക് ബോട്ടുകൾ ഉപയോഗിച്ച് സർവീസുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ബി) കോട്ടയം-കാവാലം സ്റ്റേ സർവീസുൾപ്പെടെ നിർത്തലാക്കിയ മുഴുവൻ സ്റ്റേ സർവീസുകളും പുനരാരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കോട്ടയം - കാവാലം റൂട്ടിലെ സ്റ്റേ സർവീസ് കെ.എസ്.ആർ.ടി.സി ബസ്സുകളായിരുന്നു സർവീസ് നടത്തിയിരുന്നത്. സ്വകാര്യ ബസ്സുകൾക്കൊന്നും സ്റ്റേ സർവീസ് അനുവദിച്ചുനൽകിയിരുന്നില്ല. സ്റ്റേ സർവീസായി പെർമിറ്റ് അനുവദിക്കാനുള്ള അപേക്ഷകളൊന്നുംതന്നെ ലഭ്യമായിരുന്നില്ല. കെ.എസ്.ആർ.ടി.സി ചങ്ങനാശ്ശേരി - കാവാലം റൂട്ടിൽ രാവിലെ 05.00 മണി മുതൽ രാത്രി 21.50 വരെ 68 ട്രിപ്പുകൾ പ്രതിദിനം സർവീസ് നടത്തിവരുന്നുണ്ട്. കോട്ടയം – കാവാലം, ആലപ്പുഴ – തട്ടാശ്ശേരി

എന്നീ സ്റ്റേ സർവീസുകളിലെ ജീവനക്കാർക്ക് വിശ്രമിക്കുന്നതിനുള്ള മതിയായ സൗകര്യം ടി പ്രദേശങ്ങളിൽ ലഭ്യമാകുന്നമുറയ്ക്ക് പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ അന്തർ സംസ്ഥാന സർവീസ്**

242(1871) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാണത്തൂർ-കല്ലപ്പള്ളി-സുള്ള്യ, പാണത്തൂർ-വാഗമണ്ഡലം-മടിക്കേരി-മൈസൂർ എന്നീ അന്തർസംസ്ഥാന റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസുകൾ സർവീസ് നടത്തുന്നുണ്ടോയെന്ന് അറിയിക്കാമോ?

പാണത്തൂർ-കല്ലപ്പള്ളി - സുള്ള്യ റൂട്ടിൽ നിലവിൽ കെ.എസ്.ആർ.ടി.സി. സർവീസ് നടത്തുന്നുണ്ട്.

(ബി) എങ്കിൽ വിശദാംശം നൽകാമോ?

കാഞ്ഞങ്ങാട് യൂണിറ്റിൽനിന്നും പ്രതിദിനം 22 ട്രിപ്പുകൾ നടത്തിവരുന്നു.

(സി) പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി. നടത്തിയിരുന്ന ഏതെങ്കിലും സർവീസ് നിർത്തലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

1. കാഞ്ഞങ്ങാട് - പാണത്തൂർ - വാഗമണ്ഡലം

2. കാസർഗോഡ് - പാണത്തൂർ - മടിക്കേരി - മൈസൂർ

എന്നീ സർവീസുകൾ മതിയായ യാത്രക്കാരുടെ അഭാവം കാരണം വരുമാന ലഭ്യതയില്ലാത്തതിനാൽ നിന്നുപോയിട്ടുള്ളതാണ്.

(ഡി) പ്രസ്തുത റൂട്ടിൽ നിർത്തലാക്കിയ സർവീസുകൾ പുനഃസ്ഥാപിക്കുന്നതിനും പുതിയ സർവീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

വരുമാനക്കുറവുമൂലം നിന്ന ുപോയ പ്രസ്തുത സർവീസുകൾ പുനരാരംഭിക്കുന്ന കാര്യം പുതിയ സാധ്യത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലെ കടമുറി ലേലം**

243(1872) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂർ റോഡിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലെ കടമുറികൾ പൂർണ്ണമായും ലേലം ചെയ്ത് നൽകിയിട്ടുണ്ടോ?

ഭാഗികമായി ലേലം ചെയ്ത് നൽകിയിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ അവ തുറന്ന് പ്രവർത്തിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിന് ബലക്ഷയമുണ്ടെന്ന ഐ.ഐ.ടി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ Repair & Rehabilitation ജോലികൾ കഴിഞ്ഞതിനുശേഷം മാത്രമേ തുറന്ന് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത ബസ് സ്റ്റാൻഡ് കെട്ടിടത്തിന്റെ ബലക്ഷയം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിന്റെ ബലക്ഷയം സംബന്ധിച്ച് പരിശോധന നടത്താൻ കെ.റ്റി.ഡി.എഫ്.സി.

മദ്രാസ് ഐ.ഐ.റ്റി.-യെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കെട്ടിടം പരിശോധിച്ച ഐ.ഐ.റ്റി. 32.70 കോടി (GST ഉൾപ്പെടെ) രൂപയുടെ റിപ്പയർ വർക്കിനുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇതിനിടയിൽ Lessee M/s. അലിഫ് ബിൽഡേഴ്സ് ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 32457/2023 ഹർജിയുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ മീറ്റിങ്ങുകളിൽ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

1. എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം lessee ആണ് റിപ്പയർ വർക്കുകൾ ചെയ്യേണ്ടത്. ഇക്കാര്യം Lessee (M/s. അലിഫ് ബിൽഡേഴ്സ്)-യെ അറിയിക്കേണ്ടതാണ്.

2. CTE-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിപ്പയർ വർക്കിനായി ഒരു സ്ട്രക്ച്ചറൽ എക്സ്പെർട്ടിനെ ഒരുമാസത്തിനകം Lessee ചുമതലപ്പെട ുത്തേണ്ടതും എന്തൊക്കെ റിപ്പയറാണ് ആവശ്യമെന്ന് സ്ട്രക്ച്ചറൽ എക്സ്പെർട്ട് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

3. പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിക്കുന്നതുപ്രകാരം റിപ്പയർ വർക്ക് ചെയ്യാവുന്നതാണ്. അതിനുശേഷം കെട്ടിടം Lessee-ക്ക് Occupy

ചെയ്യാവുന്നതാണ്.

ഈ തീരുമാനങ്ങൾ Lessee-യെ അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരികയാണ്.

**കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷൻ**

244(1873) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലാപുരത്ത് പഠിക്കുന്ന കാസർഗോഡ് ജില്ലയിൽനിന്നുള്ള വിദ്യാർഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ കൺസഷൻ യാത്ര അനുവദിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

മംഗലാപുരത്ത് പഠിക്കുന്ന കാസർഗോഡ് ജില്ലയിൽനിന്നുള്ള വിദ്യാർഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസഷന് അർഹതയില്ലെങ്കിലും പ്രത്യേക പരിഗണന നൽകി നിബന്ധനകൾക്ക് വിധേയമായി യാത്രാസൗജന്യം അനുവദിക്കുന്നുണ്ട്.

(ബി) എങ്കിൽ എന്നുമുതലാണ് കൺസഷൻ അനുവദിച്ചതെന്നും ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുണ്ടോയെന്നും വ്യക്തമാക്കാമോ;

ഉത്തരവുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) കൺസഷൻ അനുവദിച്ചിട്ടില്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ?

(ബി&സി) 26-04-2023-ലെ ടി.ആർ.2/000053/23 ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. 30-04-2022-ലെ ജി.ഒ.(പി) നം.17/2022/Trans, സർക്കാർ ഉത്തരവിലെ (Clause D) വ്യവസ്ഥകൾക്ക് വിധേയമായാണ് അനുവദിച്ചിട്ടുള്ളത്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു+.

**വൈപ്പിനിൽനിന്നുള്ള ബസ്സുകളുടെ നഗരപ്രവേശനം**

245(1874) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിൽനിന്നുള്ള സ്വകാര്യ ബസ്സുകളുടെ നഗര പ്രവേശനത്തിനായി 27-11-2023-ൽ ഗതാഗത വകുപ്പ് പുറപ്പെടുവിച്ച ജി.ഒ.(പി) നം. 27/2023 ഉത്തരവ് പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

നോർത്ത് പറവൂർ-വൈറ്റില ഹബ്ബ് റൂട്ടിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഇരുപത്(20) പെർമിറ്റുകൾ അനുവദിച്ചിട്ടുണ്ട്. പെർമിറ്റിനുവേണ്ടിയുള്ള മറ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പതിമൂന്ന്(13) അപേക്ഷകളിൽ, ബന്ധപ്പെട്ട ആർ.ടി.ഒ., റൂട്ട് അന്വേഷണ റിപ്പോർട്ട് ആർ.ടി.എ.-ൽ സമർപ്പിക്കുന്നതിനായി തയ്യാറാക്കിയിട്ടുമുണ്ട്.

(ബി) പ്രസ്തുത വിജ്ഞാപന പ്രകാരം പെർമിറ്റിനായി എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്; ഏതൊക്കെ റൂട്ടിലേക്കാണ് അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കാമോ?

27-11-2023-ലെ ജി.ഒ.(പി) നം.27/2023/ഗതാ വിജ്ഞാപന പ്രകാരം ചുവടെ ചേർത്തിരിക്കുന്ന റൂട്ടുകളിൽ പെർമിറ്റിനായി 33 അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

- നോർത്ത് പറവൂർ-വൈറ്റില ഹബ്ബ്
- അണിയിൽ ബീച്ച് എടവനക്കാട്-വൈറ്റില ഹബ്ബ്
- കുഞ്ഞിതൈ-വൈറ്റില ഹബ്ബ്
- ഞാറക്കൽ-വൈറ്റില ഹബ്ബ്
- അയ്യമ്പിള്ളി-കലൂർ
- കുടുങ്ങശ്ശേരി-കാക്കനാട്

(സി) ബസുകളുടെ നഗരപ്രവേശനത്തിനായി ആർ.ടി.എ. മീറ്റിങ് എന്നാണ് കൂടുന്നതെന്നും തുടർന്ന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്നും ബസുകളുടെ നഗരപ്രവേശനം എന്നത്തേക്ക് പ്രാവർത്തികമാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

ആർ.ടി.എ. മീറ്റിങ് നടത്തുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടില്ല. പെർമിറ്റ് അനുമതി, ആർ.ടി.എ. നൽകിയാൽ വാഹനത്തിന്റെ രേഖകൾ സമർപ്പിക്കുന്നമുറയ്ക്ക് ടൈമിങ് കോൺഫറൻസ് നടത്തി പെർമിറ്റ് അനുവദിക്കുന്നതാണ്. ആർ.ടി.എ. മീറ്റിങ് കൂടിയതിനുശേഷം പുതിയ പെർമിറ്റ് അനുവദിക്കുന്നതിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

**തീരപ്രദേശത്തെ യാത്രാദുരിതം പരിഹരിക്കുന്നതിന് നടപടി**

246(1875) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ തീരപ്രദേശത്ത് സ്ഥിതിചെയ്യുന്ന ഹയർ സെക്കൻഡറി സ്കൂളുകളിലേക്ക് എത്തിച്ചേരുന്നതിനും തിരികെ വീടുകളിലേക്ക് പോകുന്നതിനും വിദ്യാർഥികൾ അനുഭവിക്കുന്ന യാത്രാ

ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി കൊടുങ്ങല്ലൂർ യൂണിറ്റിന്റെ പരിധിയിൽപ്പെട്ട പ്രസ്തുത റൂട്ടിൽ കെ.എസ്.ആർ.ടി.സി ഒരു ബസ് സർവീസ് നടത്തിവരുന്നു. പ്രസ്തുത റൂട്ടിൽ ധാരാളം സ്വകാര്യ ബസുകളും സർവീസ് നടത്തുന്നുണ്ട്.

(ബി) ആറ് ഹയർ സെക്കൻഡറി വിദ്യാലയങ്ങളുള്ള പ്രസ്തുത പ്രദേശത്ത് രാവിലെയും വൈകിട്ടും കെ.എസ്.ആർ.ടി.സി. ബസ് സൗകര്യം ഏർപ്പെടുത്താൻ സാധിക്കുമോ; വ്യക്തമാക്കാമോ?

സാധ്യത റിപ്പോർട്ട് ശേഖരിച്ച് പരിശോധിക്കുന്നതാണ്.

**ജലഗതാഗത വകുപ്പിലെ സ്പെഷ്യൽ റൂൾസ് (സബോർഡിനേറ്റ്) രൂപീകരണം**

247(1876) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ സ്പെഷ്യൽ റൂൾ (സബോർഡിനേറ്റ്) രൂപീകരിക്കാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത സ്പെഷ്യൽ റൂൾ സംബന്ധിച്ച ഫയൽ നിലവിൽ എവിടെയാണെന്ന് വിശദമാക്കാമോ;

(സി) കെ.ഐ.വി. റൂളിന് പകരം ഐ.വി റൂൾ രൂപീകരിക്കുമ്പോൾ നിലവിലെ സ്പെഷ്യൽ റൂളിൽ ഏതെങ്കിലും മാറ്റം വരുമോയെന്ന് വിശദമാക്കാമോ;

(ഡി) സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോയെന്ന് വിശദമ◌ാക്കാമോ?

(എ-ഡി) സംസ്ഥാന ജലഗതാഗത വകുപ്പിൽ സ്പെഷ്യൽ റൂൾ (സബോർഡിനേറ്റ് സർവീസ്) രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ഇൻലാൻഡ് വെസ്സൽ റൂൾ 2010-ൽ നിഷ്കർഷിക്കുന്ന ബോട്ട് മാസ്റ്റേഴ്സ് ലൈസൻസ് കേരള മാരിടൈം ബോർഡ് അനുവദിക്കാത്തതിനാൽ ടി ലൈസൻസ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള തസ്തികകളിൽനിന്നും ആയത് ഒഴിവാക്കിയും ബോട്ട് മാസ്റ്റർ തസ്തികയിലെ നേരിട്ടുള്ള നിയമനത്തിനും സ്ഥാനക്കയറ്റത്തിനും ബോട്ട് മാസ്റ്റർ ലൈസൻസ് അല്ലെങ്കിൽ സെക്കൻഡ് ക്ലാസ് മാസ്റ്റർ

ലൈസൻസ് ഉൾപ്പെടുത്തിയും പരിഷ്കരിച്ച കരട് വിജ്ഞാപനം കേരള പബ്ലിക് സർവീസ് കമ്മിഷന്റെ ഉപദേശത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ടി ഉപദേശം ലഭ്യമായതിനുശേഷം കമ്മിഷൻ നിർദേശിക്കുന്ന ഭേദഗതികൾ ഉൾപ്പെടുത്തിയുള്ള വിജ്ഞാപനത്തിന്റെ കരട് ബന്ധപ്പെട്ട നിയമസഭാ സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിക്കുന്നതാണ്. നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലായിരിക്കും പ്രസ്തുത സ്പെഷ്യൽ റൂളിന് അന്തിമരൂപം നൽകുന്നത്.

സ്പെഷ്യൽ റൂൾ കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള കെ.എ.വി അധിഷ്ഠിത ലൈസൻസുകൾ എന്നത് ഐ.വി റൂൾ രൂപീകരിക്കുമ്പോൾ ഐ.വി റൂൾ അധിഷ്ഠിത ലൈസൻസുകൾ എന്ന് മാറ്റേണ്ടതുണ്ട്. സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ തടസ്സങ്ങളില്ല.

**അഴിക്കോട് മണ്ഡലത്തിലെ ബോട്ട് ജെട്ടികളിൽ തെങ്ങ് കുറ്റികൾ സ്ഥാപിക്കൽ നടപടി**

248(1877) <u>ശ്രീ. കെ. വി. സുമേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് മണ്ഡലത്തിലെ ബോട്ട് പാലം, പാറക്കൽ തുടങ്ങിയ ബോട്ട് ജെട്ടികളിൽ തെങ്ങ് കുറ്റികൾ ആവശ്യത്തിനില്ലാത്തതിനാൽ വേലിയേറ്റം, വേലിയിറക്കം സമയങ്ങളിൽ ജെട്ടിയുടെ മുകളിലേക്കും അടിയിലേക്കും ബോട്ട് കയറി അപകടം സംഭവിക്കാനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബോട്ട് ജെട്ടികളിൽ തെങ്ങ് കുറ്റികൾ അടിയന്തരമായി ഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഈട് നിൽക്കുന്നതിനായി ഇരുമ്പ് റെയിൽ കോൺക്രീറ്റ് ചെയ്ത കുറ്റികൾ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) തെങ്ങിൻ കുറ്റികൾക്ക് പകരം കൂടുതൽ ഈട് നിൽക്കുന്ന റീഇൻഫോഴ്സ്ഡ് കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാട്ടർ മെട്രോ മാതൃകയിൽ ബജറ്റബോട്ടുകളുടെ പ്രവർത്തനം**

249(1878) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയുടെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ആധുനിക സൗകര്യങ്ങളോടുകൂടിയ ബോട്ട് സർവീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ബജറ്റ് ടൂറിസത്തിന്റെ ഭാഗമായി സാധാരണക്കാർക്കുകൂടി പ്രാപ്യമാകുന്ന തരത്തിൽ ആലപ്പുഴ കേന്ദ്രീകരിച്ച് ആലപ്പുഴ-മുഹമ്മ-പാതിരാമണൽ വേഗ സർവീസ്, കുട്ടനാട് കേന്ദ്രീകരിച്ച് 'സീ' കുട്ടനാട് സർവീസ്, മുഹമ്മ-പാതിരാമണൽ വാട്ടർ ടാക്സി സർവീസ് എന്നിവ ജലഗതാഗത വകുപ്പ് വിജയകരമായി നടത്തിവരുന്നു. ഇത്തരത്തിൽ ടൂറിസം സർവീസുകൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലയുടെ ടൂറിസം സാധ്യതകൾക്ക് പ്രാധാന്യം നൽകി ജലഗതാഗത വകുപ്പ് ആധുനിക സൗകര്യങ്ങളോടുകൂടിയതും 20 പേർക്ക് യാത്രചെയ്യാവുന്നതുമായ സോളാർ ഇലക്ട്രിക് എ.സി ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെലവ് കുറഞ്ഞതും പരിസ്ഥിതിയോട് ഇണങ്ങിയതുമായ യാത്രാമാർഗമെന്ന നിലയിൽ ആലപ്പുഴ ജില്ലയിലെ ചെറിയ കനാലുകളിലൂടെ

സഞ്ചരിച്ച് ഗ്രാമീണ ഭംഗി ആസ്വദിക്കുന്നതിനും കുട്ടനാട്ടിലെ ദൈനംദിന ജീവിതശൈലികൾ നേരിട്ട് കാണുന്നതിനും പ്രസ്തുത ബോട്ടുകൾ സഞ്ചാരികൾക്ക് പ്രയോജനകരമാകുന്നതാണ്.

(ബി) വിനോദസഞ്ചാരത്തിന് ഉതകുന്ന രീതിയിൽ വാട്ടർ മെട്രോ മാതൃകയിൽ ബജറ്റുബോട്ടുകളുടെ പ്രവർത്തനം ആരംഭിക്കാൻ മുൻകൈയെടുക്കുമോ; വിശദമാക്കാമോ?

വിനോദ സഞ്ചാരത്തിന് ഉതകുന്ന രീതിയിൽ ചെലവുകുറഞ്ഞതും പരിസ്ഥിതിയോടിണങ്ങിയതുമായ യാത്രാമാർഗം പൊതുജനങ്ങൾക്ക് നൽകുന്ന രീതിയിലാണ് ജലഗതാഗത വകുപ്പ് ബോട്ടുകൾ നിർമ്മിച്ചുവരുന്നത്. നിലവിൽ ബജറ്റ് ടൂറിസത്തിന്റെ ഭാഗമായി സാധാരണക്കാർക്കുകൂടി പ്രാപ്യമാകുന്ന തരത്തിൽ ആലപ്പുഴ കേന്ദ്രീകരിച്ച് ആലപ്പുഴ-മുഹമ്മ-പാതിരാമണൽ വേഗ സർവീസ്, കുട്ടനാട് കേന്ദ്രീകരിച്ച് 'സീ' കുട്ടനാട് സർവീസ്, മുഹമ്മ-പാതിരാമണൽ വാട്ടർ ടാക്സി സർവീസ്, കൊല്ലം കേന്ദ്രീകരിച്ച് 'സീ' അഷ്ടമുടി സർവീസ്, പറശ്ശിനിക്കടവ് കേന്ദ്രീകരിച്ച് വാട്ടർ ടാക്സി സർവീസും ടൂറിസം ഫ്രണ്ട്‌ലി സർവീസും ജലഗതാഗത വകുപ്പ്

വിജയകരമായി നടത്തിവരുന്നു. കൂടാതെ ബജറ്റ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിലെ തന്നെ ആദ്യത്തെ സോളാർ ക്രൂയിസ് വെസ്സൽ നിർമ്മിച്ച് എറണാകുളം മേഖലയിൽ വിജയകരമായി സർവീസ് നടത്തിവരുന്നു. സോളാർ ബോട്ടുകളുടെ പ്രവർത്തനം വിജയകരമായതിനെ തുടർന്ന് 5 വർഷം കൊണ്ട് 50 ശതമാനം ബോട്ടുകൾ സോളാറിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഡീസൽ ബോട്ടുകൾ സർവീസിൽനിന്നും ഘട്ടംഘട്ടമായി ഒഴിവാക്കി സോളാർ ഇലക്ട്രിക് ബോട്ടുകൾ വിനോദ സഞ്ചാരമേഖലയിൽ നൽകുന്നതിനാൽ വളരെ കുറഞ്ഞ ചെലവിൽ സാധാരണക്കാരന് ബജറ്റ് ബോട്ടുകളുടെ സേവനം ലഭ്യമാകുന്നതാണ്. വാട്ടർ മെട്രോ നിർമ്മിക്കുന്ന ബോട്ടുകളുടെ അതേ സൗകര്യങ്ങൾ നൽകുന്ന തരത്തിലാണ് വളരെ ചെലവ് കുറച്ച് സോളാർ ഇലക്ട്രിക് ബോട്ടുകൾ നിർമ്മിക്കുന്നത്. ഇത്തരത്തിൽ വിവിധ പാസഞ്ചർ കപ്പാസിറ്റിയിലുള്ള 18 സോളാർ ഇലക്ട്രിക് ബോട്ടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

**എ.ഐ. ക്യാമറകളുടെ പ്രവർത്തനം**

250(1879) ശ്രീ. എം. വിൻസെന്റ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള എ.ഐ. ക്യാമറകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തുന്നുണ്ട്.

(ബി) എ.ഐ. ക്യാമറ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഗതാഗത നിയമലംഘനം നടത്തിയ വ്യക്തികൾക്ക് ആകെ 25 ലക്ഷം രൂപ പിഴയടയ്ക്കുന്നതിനുള്ള ചെലാൻ നോട്ടീസ് അയച്ചിട്ടുണ്ട്. ബാക്കി 37 ലക്ഷം ചെലാനുകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്തിട്ടുണ്ട്. ഒരു വർഷം 25 ലക്ഷം ചെലാനുകൾക്ക് ശേഷമുള്ള നോട്ടീസ് അയയ്ക്കാൻ എഗ്രിമെന്റിൽ വ്യവസ്ഥയില്ലാത്തതിനാൽ ആയത് സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടി പരിഗണനയിലാണ്. ഒരു വർഷകാലാവധിക്കുശേഷം 2024 ജൂൺ 1 മുതലുള്ള നിയമലംഘനങ്ങൾക്ക് 69959 നോട്ടീസ് അയച്ചിട്ടുണ്ട്.

(സി) നിരവധി എ.ഐ. ക്യാമറകളുടെ പ്രവർത്തനം നിലച്ചിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച 675 എ.ഐ സംവിധാനങ്ങളിൽ 15 എണ്ണം റോഡപകടങ്ങൾമൂലവും 13 എണ്ണം റോഡ് വികസന പ്രവർത്തനങ്ങൾമൂലവും പ്രവർത്തനരഹിതമാണ്. ബാക്കിയുള്ള ക്യാമറകളെല്ലാം പ്രവർത്തിക്കുന്നുണ്ട്.

**എ.ഐ ക്യാമറകൾ സ്ഥാപിച്ചതിനുശേഷം റിപ്പോർട്ട് ചെയ്ത റോഡ് നിയമ ലംഘനങ്ങൾ**

251(1880) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിരത്തുകളിൽ മോട്ടോർ വാഹന വകുപ്പ് എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം എത്ര നിയമലംഘനങ്ങളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വിശദമാക്കാമോ?

എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം 12-06-2024 വരെ 6641000 നിയമ ലംഘനങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) കണ്ടെത്തിയ നിയമലംഘനങ്ങൾക്കെല്ലാം പിഴ ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ഈ ഇനത്തിൽ എത്ര രൂപയാണ് പിഴയായി സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്; വിശദമാക്കാമോ?

(ബി&സി) എ.ഐ. ക്യാമറകൾ മുഖാന്തരം ചുമത്തിയ പിഴയിനത്തിൽ 7,67,01,500/- ലഭിച്ചിട്ടുണ്ട്. നോട്ടീസ് നൽകി ബാക്കി പിഴ തുക കൂടി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നോട്ടീസ് അയയ്ക്കുന്നതിനുള്ള നടപടി പൂർത്തിയാകുന്നമുറയ്ക്ക് പിഴ ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചതിനുശേഷം റോഡപകടങ്ങളിൽ കുറവ് സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

എ.ഐ ക്യാമറകൾ സ്ഥാപിച്ചതിനുശേഷം റോഡപകടങ്ങൾ കണ്ടെത്തുന്നത് വർധിച്ചിട്ടുണ്ട്. എന്നാൽ മരണനിരക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പരിശോധിച്ചതിൽനിന്നും എ.ഐ ക്യാമറകൾ സ്ഥാപിക്കുന്നതിനുമുമ്പുള്ള

കാലയളവായ ജൂൺ 2022 മുതൽ ഡിസംബർ 2022 വരെയുള്ള കാലയളവിലെ റോഡപകടങ്ങളിലൂടെയുള്ള മരണനിരക്ക് 2385 ആണ്. എ.ഐ ക്യാമറ സ്ഥാപിച്ചതിനുശേഷം 2023 ജൂൺ മുതൽ ഡിസംബർ വരെ റോഡപകടങ്ങളിലൂടെയുള്ള മരണനിരക്ക് 2082 ആയി കുറഞ്ഞിട്ടുണ്ട്.

**സംസ്ഥാനത്തുണ്ടായ റോഡപകടങ്ങൾ**

252(1881) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ റോഡപകടങ്ങളുടെ എണ്ണം, അപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം എന്നിവ ജില്ല, വർഷം തിരിച്ച് ലഭ്യമാക്കാമോ?

സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ സമർപ്പിച്ച 18-06-2024-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2021-2023 കാലയളവിൽ കേരള സംസ്ഥാനത്തുണ്ടായ റോഡപകടങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1-ലും അപകടങ്ങളിൽ മരണപ്പെട്ടവരുടെ വിവരം അനുബന്ധം 2 ലും ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സുരക്ഷയെ മുൻനിർത്തി വാഹന രജിസ്ട്രേഷൻ, ഡ്രൈവിങ് ലൈസൻസ്, വാഹന പരിശോധന എന്നിവയിൽ ഏർപ്പെടുത്തിയിട്ടുള്ള പുതിയ നിബന്ധനകൾ വിശദമാക്കാമോ?

ഡ്രൈവിങ് ടെസ്റ്റ് ഗുണനിലവാരമുള്ളതാക്കാൻ സർക്കുലർ 17/2024 പുറപ്പെടുവിച്ചിട്ടുണ്ട്. സുരക്ഷയെ മുൻനിർത്തി വാഹനം തീപിടിക്കുന്നതിനുമുമ്പായി സിഗ്നൽ അലാറം പ്രവർത്തിക്കുന്നതിന് ഓട്ടോമാറ്റിക്കായി വാഹനത്തിലെ തീപിടുത്തം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള സംവിധാനം കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ/സ്കൂൾ വാഹനങ്ങൾ എന്നിവയിൽ നിയമംമൂലം നിർബന്ധമാക്കിയിട്ടുണ്ട്. വാഹന പരിശോധനയിൽ ലെയിൻ ട്രാഫിക്, അനധികൃത ലൈറ്റുകൾ ഘടിപ്പിക്കുക, സ്പീഡ് ഗവർണർ, വെഹിക്കിൾ ലൊക്കേഷൻ, ട്രാക്കിങ് സംവിധാനം എന്നിവ അഴിച്ചുവച്ച് സർവീസ് നടത്തുന്ന വാഹനങ്ങൾ എന്നിവയ്ക്കെതിരെയും അനധികൃത വാഹന രൂപമാറ്റത്തിനെതിരെയും സ്പെഷ്യൽ ഡ്രൈവ് നടത്തി നിയമലംഘനങ്ങൾ തടയാൻ മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. നിയമലംഘനം

നടത്തി ആയത് സമൂഹ മാധ്യമങ്ങൾവഴി പ്രചരിപ്പിക്കുന്ന യൂട്യൂബർമാർക്കെതിരെയും ഹൈക്കോടതിയുടെ മാർഗ നിർദേശങ്ങൾക്കനുസരിച്ച് ഡ്രൈവിങ് ലൈസൻസ്, ആർ.സി എന്നിവ റദ്ദ് ചെയ്യുന്നതുൾപ്പെടെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**മോട്ടോർ വാഹന നിയമലംഘനം**

253(1882) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ അമിതവേഗത തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

വാഹനങ്ങളുടെ അമിത വേഗത തടയുന്നതിനായി സംസ്ഥാനത്തുടനീളം 185 സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ സ്ഥാപിക്കുകയും പ്രത്യേക വാഹന പരിശോധനകൾ/സ്പെഷ്യൽ ഡ്രൈവുകൾ എന്നിവ സംഘടിപ്പിക്കുകയും നിയമലംഘകർക്കെതിരെ ലൈസൻസ് റദ്ദ് ചെയ്യുന്നതടക്കമുള്ള കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) പല നിറത്തിലുള്ള ആഡംബര ലൈറ്റുകളും ഡ്രൈവർമാരുടെ കാഴ്ചയെ ബാധിക്കുന്ന തരത്തിലുള്ള ഹൈ ബീം ലൈറ്റുകളും ഉപയോഗിച്ച് സർവീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്?

പല നിറത്തിലുള്ള ആഡംബര ലൈറ്റുകളും ഡ്രൈവർമാരുടെ കാഴ്ചയെ ബാധിക്കുന്ന തരത്തിലുള്ള ഹൈ ബീം ലൈറ്റുകളും ഉപയോഗിച്ച് സർവീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന നിയമം അനുശാസിക്കുന്ന ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, കേരള ഹൈക്കോടതിയുടെ നിർദേശപ്രകാരം AIS-008-ൽ നിർദേശിച്ചിരിക്കുന്ന, സുരക്ഷാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള ഓരോ മൾട്ടി-കളർ ലെഡ്/ലേസർ/നിയോൺ ലൈറ്റുകൾ, ഫ്ലാഷ് ലൈറ്റുകൾ എന്നിവയ്ക്ക് അയ്യായിരം രൂപ (5000/-രൂപ) പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്.

(സി) ഇത്തരം ലൈറ്റുകൾ ഘടിപ്പിച്ച് ഓടുന്ന വാഹനങ്ങളുടെ നമ്പറുകൾ പൊതുജനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പിന് കൈമാറുന്നതിന് നിലവിൽ എന്തെല്ലാം സൗകര്യങ്ങളുുണ്ടെന്ന് വിശദമാക്കാമോ?

മോട്ടോർ വാഹനവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടെലിഫോൺ നമ്പർ മുഖാന്തരവും ഇ-മെയിൽ മുഖാന്തരവും അതത് ജില്ലകളിലെ ബന്ധപ്പെട്ട ഓഫീസുകളിലേക്കും (എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്) ട്രാൻസ്പോർട്ട് കമ്മിഷണറുടെ കംപ്ലൈന്റ് സെൽ മുഖാന്തരവും പൊതുജനങ്ങൾക്ക്, അനധികൃതമായി ലൈറ്റുകൾ ഘടിപ്പിച്ച് ഓടുന്നതുൾപ്പെടെ എല്ലാ വാഹന നിയമലംഘനങ്ങളും ചൂണ്ടിക്കാട്ടി വാഹനങ്ങളുടെ നമ്പറുകൾ കൈമാറുന്നതിന് സംവിധാനമുണ്ട്.

**എ.ഐ. ക്യാമറകളുടെ പ്രവർത്തനപുരോഗതി**

254(1883) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>
<u>ഡോ. എം. കെ. മുനീർ:</u>
<u>ശ്രീ. യു. എ. ലത്തീഫ്:</u>
<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.ഐ. ക്യാമറകൾ കണ്ടെത്തിയ ഗതാഗത നിയമലംഘനങ്ങൾക്ക് പിഴ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച

നടപടികൾ വ്യക്തമാക്കുമോ; പ്രസ്തുത പിഴയിനത്തിൽനിന്നുമുള്ള വരുമാനത്തിൽ ഇടിവുണ്ടാകുന്നത് തടയുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഗതാഗത നിയമലംഘനം നടത്തിയ 25 ലക്ഷം ചെലാൻ നോട്ടീസ് അയച്ചിട്ടുണ്ട്. ബാക്കി 37 ലക്ഷം ചെലാനുകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്തിട്ടുണ്ട്. 25 ലക്ഷം ചെലാനുകൾക്കുശേഷമുള്ള നോട്ടീസ് അയയ്ക്കാൻ എഗ്രിമെന്റിൽ വ്യവസ്ഥയില്ലാത്തതിനാൽ ആയത് സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടി പരിഗണനയിലാണ്. വ്യാജ എസ്.എം.എസ്./വാട്ട്സ്ആപ് സന്ദേശങ്ങൾ ലഭിക്കുന്നതുമൂലം പരിവാഹൻ സൈറ്റിൽനിന്നുള്ള അലർട്ട് ലഭിച്ചാലും പലപ്പോഴും നിയമ ലംഘനങ്ങൾ വ്യാജ സന്ദേശമാണെന്ന് കരുതി പിഴ അടയ്ക്കാൻ നിയമലംഘകർ കൂട്ടാക്കുന്നില്ല. ആയതിനാൽ ബാക്കിയുള്ള 35 ലക്ഷം ചെലാനുകൾക്ക് നോട്ടീസ് അയക്കേണ്ടതുണ്ട്. നോട്ടീസ് അയയ്ക്കുന്നമുറയ്ക്ക് പിഴ വരുമാനം വർധിക്കുന്നതാണ്.

(ബി) ഏത് കാലയളവ് വരെയുള്ള നിയമലംഘനങ്ങൾക്കുള്ള നോട്ടീസുകളാണ് ഇതുവരെ അയച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കെൽട്രോണും മോട്ടോർ വാഹന വകുപ്പും തമ്മിലുള്ള ധാരണാപത്രം പ്രകാരം ഒരു വർഷം 25 ലക്ഷം നോട്ടീസുകളാണ് അയയ്ക്കേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ 2023 ജൂൺ 5-ന് പദ്ധതി പ്രവർത്തനം ആരംഭിച്ചതിനുശേഷം 25 ലക്ഷം നോട്ടീസുകൾ അയച്ചിട്ടുണ്ട്. ബാക്കിയുള്ള നിയമലംഘനങ്ങൾക്ക് വാഹനയുടമകൾ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലേക്ക് എസ്.എം.എസ് മുഖേന അറിയിപ്പ് നൽകിയിട്ടുണ്ട്. 2024 ജൂൺ 10-നുശേഷമുള്ള നിയമലംഘനങ്ങൾക്ക് തപാൽ മുഖേന 69,959 നോട്ടീസുകൾ അയച്ചിട്ടുണ്ട്. നിലവിൽ 2024 ജൂൺ 10 വരെയുള്ള നിയമ ലംഘനങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) എ.ഐ. ക്യാമറകൾ, കൺട്രോൾ റൂമുകൾ എന്നിവയുടെ സ്ഥാപനം, തപാൽ, മെയിന്റനൻസ്, വൈദ്യുതി, ഇന്റർനെറ്റ് തുടങ്ങിയവയുമായി ബന്ധപ്പെട്ട ചെലവുകൾക്കായി കെൽട്രോണിന് തുക നൽകുവാനുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പദ്ധതിയുടെ സ്ഥാപന ചെലവുകളും നടത്തിപ്പ് ചെലവുകളുമടക്കം "ഗോ ലൈവ്" തീയതി മുതൽ 5 വർഷം കൊണ്ട് ഓരോ ത്രൈമാസവും 20 തവണകളിലായി 11,61,27,514/- രൂപ വീതമാണ് മോട്ടോർ വാഹന വകുപ്പ് കെൽട്രോണിന് തിരികെ നൽകേണ്ടത്. നിലവിൽ പദ്ധതി **"ഗോ ലൈവ്"** ആയി നാല് പാദങ്ങൾ പൂർത്തിയായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നൽകാനുള്ള 46,45,10,056/- രൂപയിൽ രണ്ട് പാദങ്ങളുടെ തുകയായി KRSA ഫണ്ടിൽനിന്ന് 21,00,76,334/- രൂപ മോട്ടോർ വാഹന വകുപ്പ് മുഖേന കെൽട്രോണിന് നൽകിയിട്ടുണ്ട്.

**ഡ്രൈവിങ് ടെസ്റ്റിനുള്ള ഗ്രൗണ്ടുകൾ**

255(1884) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ജനുവരി 1 മുതൽ മെയ് 31 വരെയുള്ള കാലയളവിൽ ഡ്രൈവിങ് ടെസ്റ്റ് പാസായ എത്ര പേർക്ക് ഡ്രൈവിങ് ലൈസൻസ് നൽകാൻ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

1. തിരുവനന്തപുരം -7159

2. കൊല്ലം -10717

3. പത്തനംതിട്ട -7703

4. ആലപ്പുഴ -4115

5. കോട്ടയം -7225

6. ഇടുക്കി -5528

7. എറണാകുളം -8153

8. തൃശ്ശൂർ -10237

9. പാലക്കാട് -11408

10. മലപ്പുറം -20679

11. കോഴിക്കോട്-6858

12. വയനാട്- പെൻഡിങ് ഇല്ല

13. കണ്ണൂർ - വിവരം ശേഖരിച്ചുവരുന്നു.

14. കാസർഗോഡ്-2528

(ബി) ലേണേഴ്സ് ലൈസൻസ് ലഭിച്ച എത്ര പേർക്ക് ഡ്രൈവിങ് ടെസ്റ്റിനുള്ള സ്ലോട്ട് അനുവദിക്കാൻ ബാക്കിയുണ്ടെന്ന് അറിയിക്കാമോ; അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

1. തിരുവനന്തപുരം -27000
2. കൊല്ലം -16539
3. പത്തനംതിട്ട -5761
4. ആലപ്പുഴ -8928
5. കോട്ടയം -12874
6. ഇടുക്കി -1867
7. എറണാകുളം -30897
8. തൃശ്ശൂർ -21099
9. പാലക്കാട് -18440
10. മലപ്പുറം -31018
11. കോഴിക്കോട് -16064
12. വയനാട്- വിവരം ശേഖരിച്ചുവരുന്നു.

13. കണ്ണൂർ- 19647

14. കാസർഗോഡ് -4816

(സി) സംസ്ഥാനത്ത് ആകെ എത്ര ഡ്രൈവിങ് ടെസ്റ്റ് ഗ്രൗണ്ടുകളുണ്ടെന്ന് അറിയിക്കാമോ; അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

1. തിരുവനന്തപുരം-10

2. കൊല്ലം -8

3. പത്തനംതിട്ട-6

4. ആലപ്പുഴ-14

5. കോട്ടയം-6

6. ഇടുക്കി-5

7. എറണാകുളം-9

8. തൃശ്ശൂർ-7

9. പാലക്കാട്-6

10. മലപ്പുറം-7

11. കോഴിക്കോട്-13

12. വയനാട്- 3

13. കണ്ണൂർ-3

14. കാസർഗോഡ്-3

(ഡി) അതിൽ സർക്കാരിന്റെ ഉടമസ്ഥതയിൽ എത്ര ഗ്രൗണ്ടുകളുണ്ടെന്ന് വിശദമാക്കുമോ?

1. തിരുവനന്തപുരം-2

2. കൊല്ലം -3

3. പത്തനംതിട്ട- ഇല്ല

4. ആലപ്പുഴ- ഇല്ല

5. കോട്ടയം-1

6. ഇടുക്കി-1

7. എറണാകുളം-2

8. തൃശ്ശൂർ-ഇല്ല

9. പാലക്കാട്-1

10. മലപ്പുറം-ഇല്ല

11. കോഴിക്കോട്-1

12. വയനാട്- ഇല്ല

13. കണ്ണൂർ-3

14. കാസർഗോഡ്-3

**ഡ്രൈവിങ് ടെസ്റ്റ് പരിഷ്കരണം**

256(1885) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിങ് ലൈസൻസ് നൽകുന്നതിനുവേണ്ടി കേന്ദ്ര ഗതാഗത മന്ത്രാലയം പുറത്തിറക്കിയ പുതിയ ചട്ടങ്ങൾ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഡ്രൈവിങ് ലൈസൻസ് നൽകുന്നതിനുവേണ്ടി കേന്ദ്ര ഗതാഗത മന്ത്രാലയം പുറത്തിറക്കിയ പുതിയ ചട്ടങ്ങൾ 01-07-2021 മുതൽ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും ബാധകമാണ്. കേന്ദ്ര മോട്ടോർ വാഹന ചട്ടം 126

പ്രകാരം അംഗീകാരം ലഭിച്ച അക്രെഡിറ്റഡ് ഡ്രൈവിങ് സെന്ററുകളിലൂടെ ലൈസൻസ് നൽകുന്ന സംവിധാനമാണ് ഇതിലൂടെ വിഭാവന ചെയ്തിട്ടുള്ളത്.

(ബി) നിലവിലുള്ള സംവിധാനങ്ങളെ തകർക്കുകയും ലൈസൻസ് നൽകുന്നത് സ്വകാര്യ കോർപ്പറേറ്റുകളെ ഏൽപ്പിക്കുകയും ചെയ്യുന്ന പുതിയ ചട്ടങ്ങൾ പുനഃപരിശോധിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) ലൈസൻസ് നൽകുന്നതിനുള്ള പരിശോധന സ്വകാര്യ സംരംഭകരെ ഏൽപ്പിക്കുന്നത് റോഡ് സുരക്ഷയെയും ലൈസൻസ് നൽകുന്ന പ്രക്രിയയുടെ സുതാര്യതയെയും എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഇല്ല.

(ഡി) ഇക്കാര്യത്തിലുള്ള കേന്ദ്രസർക്കാരിന്റെ നിബന്ധനകൾ ചെറുകിട ഡ്രൈവിങ് സ്കൂളുകൾക്ക് അപ്രായോഗികമായതിനാൽ അവരെ സംരക്ഷിക്കുന്നതിനും അവരുടെ ഉപജീവനമാർഗം

നിലനിർത്തുന്നതിനുംവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഡ്രൈവിങ് സ്കൂളുകളെ നിയന്ത്രിക്കുന്ന ചട്ടങ്ങൾ ഇപ്പോഴും പ്രാബല്യത്തിലുണ്ട്. ചെറുകിട ഡ്രൈവിങ് സ്കൂളുകൾ സംരക്ഷിക്കുന്നതിനും അവരുടെ ഉപജീവനമാർഗം നിലനിർത്തുന്നതിനും അനുകൂലമായ നിലപാടാണ് വകുപ്പ് സ്വീകരിച്ചുപോരുന്നത്. സംസ്ഥാനത്തെ ഡ്രൈവിങ് സ്കൂളുകളുടെ കൺസോർഷ്യം രൂപീകരിച്ച് അക്രെഡിറ്റഡ് ഡ്രൈവിങ് ടെസ്റ്റ് സെന്റർ തുടങ്ങുന്നതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**ആർ.സി., ഡ്രൈവിങ് ലൈസൻസ് എന്നിവയുടെ വിതരണം**

257(1886) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ആർ.സി., ഡ്രൈവിങ് ലൈസൻസ് കാർഡുകളുടെ വിതരണം കാര്യക്ഷമമായി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ആർ.സി., ഡ്രൈവിങ് ലൈസൻസ് കാർഡുകൾ കാലതാമസം വരാതെ പ്രിന്റിങ് നടത്താൻ ഐ.റ്റി.ഐ. ലിമിറ്റഡിന് നിർദേശം നൽകുകയും ടി സ്ഥാപനത്തിന് നൽകാനുണ്ടായിരുന്ന കുടിശ്ശിക തുക പൂർണ്ണമായും നൽകിയിട്ടുമുണ്ട്. കാർഡുകളുടെ വിതരണം കാര്യക്ഷമമായി നടന്നുവരുന്നു.

സംസ്ഥാനത്ത് നിലവിൽ പുതുതായി അപേക്ഷ നൽകിയ ഏകദേശം 360000-ത്തോളം ലൈസൻസുകളും 480000-ത്തോളം ആർ.സി.-കളും പ്രിന്റ് ചെയ്യേണ്ടതായിട്ടുണ്ട്. നിലവിൽ പൂർണ്ണതോതിൽ പ്രിന്റിങ് നടക്കുന്നതിനാൽ ചുരുങ്ങിയ സമയത്തിനുള്ളിൽ ഇവ പൂർണ്ണമായും പ്രിന്റ് ചെയ്യാൻ സാധിക്കുന്നതാണ്.

**വാഹനങ്ങളുടെ ഫാൻസി നമ്പർ ബുക്കിങ് തുക**

258(1887) <u>ശ്രീ. യു. എ. ലത്തീഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന ഉടമകൾ ഫാൻസി നമ്പറിനായി ലേലത്തിൽ പങ്കെടുക്കുമ്പോൾ അടയ്ക്കുന്ന തുക

ലേലത്തിൽ വിജയികളായില്ലെങ്കിൽ അവർക്ക് മടക്കിക്കിട്ടുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലേലത്തിൽ പങ്കെടുക്കുമ്പോൾ ബാങ്ക് അക്കൗണ്ട് നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വാഹനയുടമകൾ നൽകുന്നതിനാൽ ലേലത്തിൽ പരാജയപ്പെടുന്ന വാഹനയുടമകളുടെ ഫാൻസി നമ്പർ ബുക്കിങ് തുക കാലതാമസം കൂടാതെ മടക്കി നൽകാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ലേലത്തിൽ പരാജിതരാകുന്ന വാഹനയുടമകളുടെ ബുക്കിങ് തുക മടക്കി നൽകാൻ കാലതാമസം നേരിടുന്നപക്ഷം വാഹനയുടമകൾക്ക് പ്രസ്തുത തുകയ്ക്ക് നിയമാനുസൃതം പലിശ നൽകുന്ന കാര്യം പരിഗണിക്കുമോ?

പരിഗണനയിലില്ല.

(ഡി) ഫാൻസി നമ്പർ ബുക്കിങിനായി വാഹനയുടമകൾ അടയ്ക്കുന്ന തുക തിരികെ നൽകുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ബുക്കിങ് തുക കാലതാമസം

കൂടാതെ മടക്കി നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

പുതിയ വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നമ്പർ ബുക്ക് ചെയ്ത് ലേലത്തിൽ പങ്കെടുത്ത് പരാജയപ്പെടുന്നവർക്ക് ബുക്ക് ചെയ്ത തുക തിരികെ ലഭിക്കുന്നതിനായി അപേക്ഷകൻ ട്രഷറിയിലേക്ക് ഓൺലൈനായി ഇ-ട്രഷറി അപേക്ഷ സമർപ്പിച്ചശേഷം ആയതിന്റെ പകർപ്പ് സഹിതം ബന്ധപ്പെട്ട രജിസ്റ്ററിങ് അതോറിറ്റിക്ക് നേരിട്ടോ ഇ-മെയിൽ മുഖാന്തരമോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഈ അപേക്ഷ പരിഗണിച്ച് ക്രമപ്രകാരമാണെന്ന് കണ്ടാൽ നടപടികൾ പൂർത്തീകരിക്കുന്നതിന് 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ അനുവദിച്ച് നടപടിക്രമം പുറപ്പെടുവിച്ച് ട്രഷറിക്ക് നൽകുകയാണ് ചെയ്യുന്നത്. ട്രഷറി കാലതാമസം കൂടാതെതന്നെ അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിൽ തുക അനുവദിച്ചുനൽകും.

(ഇ) സംസ്ഥാനത്ത് 2021 ജനവരി 1 മുതൽ 2024 മെയ് 31 വരെ ഫാൻസി നമ്പർ ബുക്ക് ചെയ്തിട്ടുള്ള എത്ര വാഹനയുടമകൾക്ക് അത്

ലഭിക്കാതെ വന്നതിനെതുടർന്ന് ബുക്കിങ് തുക തിരികെ നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

അനുബന്ധം 1 ആയി ചേർക്കുന്നു+.

(എഫ്) ഇനി എത്രപേർക്ക് ബുക്കിങ് തുക തിരികെ നൽകാനുണ്ടെന്ന് ജില്ലതിരിച്ചുള്ള കണക്ക് സഹിതം വിശദമാക്കാമോ?

അനുബന്ധം 2 ആയി ചേർക്കുന്നു+.

**സംസ്ഥാനത്തെ ഡ്രൈവിങ് ലൈസൻസ് അപേക്ഷ**

259(1888) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രൈവിങ് ലൈസൻസിനായി അപേക്ഷ നൽകി ഡ്രൈവിങ് ടെസ്റ്റിന് കാത്തിരിക്കുന്ന എത്ര അപേക്ഷകരുണ്ടെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ; അപേക്ഷകൾ കാലതാമസമില്ലാതെ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) സംസ്ഥാനത്ത് ഡ്രൈവിങ് ലൈസൻസിനായി ഏറ്റവും കൂടുതൽ അപേക്ഷകരുള്ള മലപ്പുറം ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ആലോചനയിലില്ല. എന്നാൽ മോട്ടോർ വാഹന വകുപ്പിലെ ഓരോ ഓഫീസിന്റെ കീഴിലുമുള്ള തീർപ്പാക്കാനുള്ള അപേക്ഷകളുടെ ബാഹുല്യം പരിശോധിച്ച് അധികം അപേക്ഷകരുള്ള സ്ഥലങ്ങളിൽ താൽക്കാലിക ക്രമീകരണത്തിലൂടെ ഉദ്യോഗസ്ഥരെ വിന്യസിച്ച് അപേക്ഷ തീർപ്പാക്കാൻ 23-5-2004 ലെ സ.ഉ(സാധാ)നം.181/2024/ഗതാ പ്രകാരം സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

(സി) കേന്ദ്ര മോട്ടോർ വാഹന നിയമമനുസരിച്ച് ആരംഭിക്കാനുദ്ദേശിക്കുന്ന ഡ്രൈവിങ് അക്രെഡിറ്റേഷൻ സെന്ററുകൾ മറ്റേതെങ്കിലും സംസ്ഥാനങ്ങളിൽ നടപ്പാക്കുന്നതായി അറിയുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

പരിശോധിച്ചുവരുന്നു. വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഗതാഗത വകുപ്പ് പുറത്തിറക്കിയ 17/24 നമ്പർ സർക്കുലർ പ്രകാരം സ്വന്തമായി ഡ്രൈവിങ് പരിശീലിച്ചവരെ ഡ്രൈവിങ് ടെസ്റ്റിന് ഹാജരാകാൻ അനുവദിക്കുമെന്നുള്ള നിർദേശം പരിശീലനത്തിന്റെ ഗുണമേന്മ ഇല്ലാതാക്കുന്നതിനും അനധികൃത ഡ്രൈവിങ് പരിശീലനത്തിനും റോഡപകടങ്ങൾ വർധിപ്പിക്കുന്നതിനും ഇടയാക്കില്ലേ; വിശദമാക്കാമോ?

നിലവിലെ ഡ്രൈവിങ് ടെസ്റ്റ് പരിഷ്കരണവുമായി ബന്ധപ്പെട്ട് 17/2024 സർക്കുലറിലെ അഞ്ചാം ഖണ്ഡിക പ്രകാരം ഏതൊരാൾക്കും സ്വന്തമായി വാഹനം ഓടിച്ച് പഠിക്കാനും ഡ്രൈവിങ് ടെസ്റ്റിന് അപേക്ഷിക്കാനും സ്വന്തം വാഹനം ഉപയോഗിച്ച് ഡ്രൈവിങ് ടെസ്റ്റിന് ഹാജരാകാനുമുള്ള അവസരം ഉറപ്പുവരുത്തേണ്ടതാണെന്നും നിർദേശിച്ചിട്ടുള്ളതും എന്നാൽ ലേണേഴ്സ് ലൈസൻസ് കരസ്ഥമാക്കിയ വ്യക്തിക്ക് വാഹനം പരിശീലിക്കാവുന്നതും അതോടൊപ്പം വാഹനം ഓടിക്കുന്ന സമയം ലൈസൻസുള്ള വ്യക്തിയുടെ സാന്നിധ്യം കൂടെയുണ്ടാകണമെന്നും മോട്ടോർ വാഹന നിയമം നിഷ്കർഷിക്കുന്നുണ്ട്. ഇത് സ്വന്തമായി ഡ്രൈവിങ് പരിശീലനം നേടുന്ന

വിഷയത്തിലും ഡ്രൈവിങ് ടെസ്റ്റിന് സ്വന്തമായി ഹാജരാകുന്നതിനും ബാധകമാണ്.

**ഡ്രൈവിങ് ലൈസൻസ്, വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അച്ചടി**

260(1889) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹനവകുപ്പ് നൽകിവരുന്ന ഡ്രൈവിങ് ലൈസൻസ്, വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അച്ചടി മുടങ്ങിയതിന്റെ വിശദാംശങ്ങൾ ഓഫീസ് തിരിച്ച് ജില്ല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; നിലവിലുള്ള കമ്പനിയുമായി കരാർ കാലാവധി പൂർത്തിയാകുമ്പോൾ അച്ചടി ജോലികൾ ഗവൺമെന്റ് പ്രസ്സിന് നൽകുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ഡ്രൈവിങ് ലൈസൻസ് എന്നിവ PVC Pet G കാർഡിൽ പ്രിന്റ് ചെയ്യുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ ഐ.ടി.ഐ. ലിമിറ്റഡിന് നൽകാനുണ്ടായിരുന്ന തുക കുടിശ്ശികയായിരുന്നതിനാലാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ഡ്രൈവിങ്

ലൈസൻസ് എന്നിവയുടെ വിതരണം മുമ്പ് തടസ്സപ്പെട്ടത്. ഐ.ടി.ഐ. ലിമിറ്റഡിന് നൽകാനുണ്ടായിരുന്ന കുടിശ്ശിക തുക പൂർണ്ണമായും നൽകുകയും കാലതാമസം വരാതെ പ്രിന്റിങ് നടത്താൻ ഐ.ടി.ഐ. ലിമിറ്റഡിന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ പൂർണ്ണതോതിൽ പ്രിന്റിങ് നടന്നുവരികയാണ്. സംസ്ഥാനത്ത് നിലവിൽ ഏകദേശം 360000-ത്തോളം ഡ്രൈവിങ് ലൈസൻസുകളും 480000-ത്തോളം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ഇനിയും പ്രിന്റ് ചെയ്യേണ്ടതായിട്ടുണ്ട്. നിലവിൽ പൂർണ്ണതോതിൽ പ്രിന്റിങ് നടക്കുന്നതിനാൽ ഒരു മാസത്തിനുള്ളിൽ ഇവ പൂർണ്ണമായും പ്രിന്റ് ചെയ്യാൻ സാധിക്കുന്നതാണ്. പ്രിന്റിങ് ഏജൻസിയുമായുള്ള കരാർ കാലാവധി പൂർത്തിയാകുന്നമുറയ്ക്ക് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് നിലവിൽ സർക്കാർ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

(ബി) മോട്ടോർ വാഹനവകുപ്പിൽ വിവിധ സേവനങ്ങൾക്കായി ഫീസിന് പുറമെ സർവീസ് ചാർജ് ഇനത്തിൽ 31-12-2023 വരെ പിരിച്ചെടുത്ത തുകയുടെ ഓഫീസ് തിരിച്ചുള്ള വിശദാംശങ്ങൾ ജില്ല

അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ഏതെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിക്കുന്നതിനാണ് പ്രസ്തുത തുക പിരിച്ചെടുക്കുന്നത്; വിശദമാക്കാമോ?

സർവീസ് ചാർജ് ഈടാക്കുന്നത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു+. കമ്പ്യൂട്ടറൈസ്ഡ് സേവനങ്ങൾക്കും അനുബന്ധ ചെലവുകൾക്കുമായാണ് പ്രസ്തുത തുക ഈടാക്കുന്നതും ആയത് ചെലവഴിക്കുന്നതും.

(സി) മോട്ടോർ വാഹനവകുപ്പ് ഏതെല്ലാം സേവനങ്ങളാണ് പൂർണ്ണമായും ഓൺലൈനായി നൽകിവരുന്നത്; ഏതെല്ലാം സേവനങ്ങളാണ് ഓഫീസിൽനിന്നും നേരിട്ട് നൽകിവരുന്നത്; വിശദമാക്കാമോ?

പ്രസ്തുത വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു+.

(ഡി) മോട്ടോർ വാഹനവകുപ്പിൽ ഇ-ഓഫീസ് സംവിധാനത്തിലെ തീർപ്പാക്കാത്ത ഫയലുകൾ, അപേക്ഷകൾ എന്നിവയുടെ ഓഫീസ് തിരിച്ചുള്ള എണ്ണം, വിശദാംശങ്ങൾ ജില്ല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; അവ തീർപ്പുകൽപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലാ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു+. ഫയലുകൾ തീർപ്പ്ുകൽപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച്ുവരുന്നു.

**ഡ്രൈവിങ് ലൈസൻസ് അനുവദിച്ചത് നൽകുന്നതിനുള്ള കാലതാമസം**

261(1890) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.റ്റി. ഓഫീസുകളിൽ അനുവദിക്കപ്പെട്ട ഡ്രൈവിങ് ലൈസൻസ് ബന്ധപ്പെട്ടവർക്ക് കൈമാറുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാലതാമസം ഒഴിവാക്കാൻ നിലവിൽ ഓൺലൈൻ വഴി അംഗീകാരം നൽകുന്ന ഡ്രൈവിങ് ലൈസൻസുകൾ ബന്ധപ്പെട്ടവർക്ക് തപാൽ മുഖേനയാണ് അയച്ചുനൽകുന്നത്.

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസിയായ M/s.ITI Ltd-ന് നൽകാനുണ്ടായിരുന്ന കുടിശ്ശിക തുക ഒടുക്കിയതിനുശേഷം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ഡ്രൈവിങ് ലൈസൻസ് എന്നിവയുടെ പ്രിന്റിങ് പൂർണ്ണതോതിൽ നടന്നുവരികയുമാണ്.

(സി) കോഴിക്കോട് ആർ.റ്റി. ഓഫീസിൽ ഇത്തരത്തിൽ എത്ര ലൈസൻസുകൾ കെട്ടിക്കിടക്കുന്നുണ്ട്; ആയത് ബന്ധപ്പെട്ടവർക്ക് ഉടൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കോഴിക്കോട് ആർ.ടി. ഓഫീസിൽ 4711 ലൈസൻസുകൾ പല കാരണങ്ങൾകൊണ്ട് വിതരണം ചെയ്യാൻ ബാക്കിയുണ്ട്. ഇവ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഡ്രൈവിങ് ടെസ്റ്റുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടി**

262(1891) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രൈവിങ് ടെസ്റ്റുകൾ പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഡ്രൈവിങ് ടെസ്റ്റ് കാര്യക്ഷമമാക്കുന്നതിനായി 23-05-2024-ലെ സ.ഉ.(സാധാ) നം.181/2024/ഗതാ പ്രകാരം സർക്കാർ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് അനുബന്ധമായി ചേർക്കുന്നു+.

(ബി) നിത്യേനയുള്ള ടെസ്റ്റുകളുടെ എണ്ണം കുറയ്ക്കുന്നത് അപേക്ഷകരുടെ കാത്തിരിപ്പ് നീളുന്നതിന് ഇടയാക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

അപേക്ഷകരുടെ ബാഹുല്യം പരിശോധിച്ച് അധികം അപേക്ഷകരുള്ള ഓഫീസുകളിൽ മോട്ടോർ വാഹന വകുപ്പിൽനിന്നും താൽക്കാലികമായി ഉദ്യോഗസ്ഥരെ വിന്യസിച്ചുകൊണ്ട് ടെസ്റ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പുതിയ പരിഷ്കാരം സംസ്ഥാനത്തെ ഡ്രൈവിങ് സ്കൂളുകളുടെ നിലനിൽപ്പിനെ ദോഷകരമായി ബാധിക്കുമോ?

ഡ്രൈവിങ് സ്കൂളുകളുടെ നിലനിൽപ്പിനെ ദോഷകരമായി ബാധിക്കുന്ന പരിഷ്കാരങ്ങൾ യാതൊന്നും നടപ്പാക്കിയിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത മേഖലയുടെ സംരക്ഷണത്തിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഡ്രൈവിങ് സ്കൂളുകളുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പരിഷ്കരിച്ച ടെസ്റ്റ് മാർഗനിർദേശങ്ങളിൽ, ഡ്രൈവിങ് സ്കൂളുകളുടെ പ്രവർത്തനത്തിന് പരമാവധി സഹായകരമായ ഇളവുകൾ നൽകി നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**കെ.ടി.ഡി.എഫ്.സി. നിർമ്മിച്ചിട്ടുള്ള ട്രാൻസ് ടവേഴ്സ് കെട്ടിടം തിരികെ ലഭിക്കുന്നതിന് നടപടി**

263(1892) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 മാർച്ച് വരെയുള്ള കണക്ക് പ്രകാരം സംസ്ഥാന സർക്കാരിന് വാഹനങ്ങളുടെ നികുതി, പിഴയിനത്തിൽ ലഭിക്കേണ്ട കുടിശ്ശിക തുക എന്നിവ ഓഫീസ് അടിസ്ഥാനത്തിൽ എത്രയെന്ന് വ്യക്തമാക്കാമോ?

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം,

ദക്ഷിണ മേഖല, തിരുവനന്തപുരം

| ക്രമ നമ്പർ | ഓഫീസ് | വാഹന നികുതി | പിഴ |
|---|---|---|---|
| 1 | RTO, TVM | 829351956 | 78585499 |
| 2 | SRTO, PSLA | 228796977 | 85699440 |
| 3 | SRTO, NYA | 113101634 | 12423200 |
| 4 | SRTO, KZM | 62232620 | 15450900 |
| 5 | SRTO, KTDA | 26145775 | 6859600 |
| 6 | SRTO, NS | 18447297394 | 6989700 |
| 7 | RTO, ATTINGAL | 389863682 | 45598570 |
| 8 | SRTO, NEDUMANGAD | 258759664 | 18657304 |
| 9 | SRTO, VKLA | 11344767 | 9967700 |
| 10 | SRTO, KLM | 151504835 | 18487117 |
| 11 | SRTO, KRPLY | 56317297 | 1187500 |
| 12 | SRTO, KTRA | 41150290 | 12868201 |
| 13 | SRTO, PNLR | 117963112 | 13145650 |
| 14 | SRTO, KNR | 19071398 | 3995510 |
| 15 | SRTO, CHAD | 16702595 | 7326750 |
| 16 | SRTO, PTPM | 19703563 | 5333100 |
| 17 | SRTO, PTA | 59317829 | 35478055 |
| 18 | SRTO, ADR | 143940930 | 39015250 |
| 19 | SRTO, TVLA | 144122512 | 411520 |
| 20 | SRTO, RNY | 28076320 | 1263540 |
| 21 | SRTO, MLPY | 35898631 | 1385500 |
| 22 | SRTO, KONNI | 21463575 | 5502200 |
| 23 | SRTO, ALPA | 79134389 | 59350792 |

| | | | |
|---|---|---|---|
| 24 | SRTO, KYMKLM | 58020629 | 43515472 |
| 25 | SRTO, CHNR | 29268957 | 9465450 |
| 26 | SRTO, MVKRA | 40113614 | 2903481 |
| 27 | SRTO, CHRTLA | 120138539 | 12853650 |
| 28 | SRTO, KTND | 13526550 | 4239551 |
| **TOTAL** | | **21510028523** | **557960202** |

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം,

മധ്യമേഖല-2, എറണാകുളം

| ക്രമ നമ്പർ | ഓഫീസ് | വാഹന നികുതി | പിഴ |
|---|---|---|---|
| 1 | RTO, Ernakulam | 312993759 | 42680968 |
| 2 | SRTO, Aluva | 66920240 | 5267600 |
| 3 | SRTO Angamali | 129044657 | 5960861 |
| 4 | SRTO North Paravur | 123765131 | 6613003 |
| 5 | SRTO Mattancheri | 90702011 | 5402890 |
| 6 | SRTO Thripunithura | 67185180 | 50251813 |
| 7 | SRTO Kottayam | 196895283 | 12140245 |
| 8 | SRTO Kanjirappalli | 53344299 | 16234252 |
| 9 | SRTO Changanassery | 74523311 | 3570723 |
| 10 | SRTO Vaikom | 72984159 | 5109875 |
| 11 | SRTO Ezhavoor | 54273644 | 37134879 |
| 12 | SRTO Pala | 284318355 | 231587727 |
| 13 | SRTO Idukki | 20143166 | 36662 |
| 14 | SRTO Thodupuzha | 23581303 | 39797115 |

| | | | |
|---|---|---|---|
| 15 | SRTO Vandiperiyar | 9379816 | 31215634 |
| 16 | SRTO Devikulam | 12730411 | 5038653 |
| 17 | SRTO Udumbanchola | 24555991 | 613711 |
| 18 | SRTO Muvattupuzha | 84647107 | 3410760 |
| 19 | SRTO Kothamangalam | 23884105 | 610500 |
| 20 | SRTO Perumbavoor | 89401280 | 5434212 |
| **TOTAL** | | **1815273208** | **508112083** |

ഡെപ്യൂട്ടി ട്രാൻസ്‌പോർട്ട് കമ്മീഷണറുടെ കാര്യാലയം,

ഉത്തരമേഖല, കോഴിക്കോട്

| ക്രമ നമ്പർ | ഓഫീസിന്റെ പേര് | നികുതി കുടിശ്ശിക | പിഴ ഇനം കുടിശ്ശിക |
|---|---|---|---|
| 1 | RTO KOZHIKKODE | 265250430 | 63617012 |
| 2 | SRTO KODUVALLY | 59458926 | 18837500 |
| 3 | SRTO NANMANDA | 19752506 | 6146990 |
| 4 | SRTO RAMANATTUKARA | 15332001 | 10221334 |
| 5 | RTO VADAKARA | 93778634 | 22871001 |
| 6 | SRTO KOYILANDY | 72974131 | 5619200 |
| 7 | SRTO PERAMBRA | 21583858 | 4018851 |
| 8 | RTO KANNUR | 285715847 | 7165200 |
| 9 | SRTO THALIPPARAMBA | 100258801 | 7179470 |
| 10 | SRTO IRITTY | 8761048 | 5145200 |
| 11 | SRTO PAYYANNUR | 8948560 | 2587750 |

| | | | |
|---|---|---|---|
| 12 | SRTO THALASSERY | 256035987 | 5737450 |
| 13 | RTO KASARAGODE | 206381014 | 1552919 |
| 14 | SRTO KANHANGAD | 141542565 | 1382840 |
| 15 | SRTO VELLARIKKUND | 7150125 | 1034831 |
| 16 | RTO WAYANAD | 70665534 | 4970000 |
| 17 | SRTO S. BATHERY | 43190754 | 22841912 |
| 18 | SRTO MANANTHAVADY | 13878124 | 4218945 |
| **TOTAL** | | **1690658845** | **195148405** |

ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം,

മധ്യമേഖല-1, തൃശ്ശൂർ

| ക്രമ നമ്പർ | ഓഫീസിന്റെ പേര് | നികുതി കുടിശ്ശിക | പിഴ ഇനം കുടിശ്ശിക |
|---|---|---|---|
| 1 | THRISSUR | 489022569 | 9871650 |
| 2 | PALAKKAD | 112050300 | 17562000 |
| 3 | MALAPPURAM | 425890770 | 43839653 |
| 4 | IRINJALAKKUDA | 314785002 | 3828550 |
| 5 | GURUVAYUR | 165685790 | 12920000 |
| 6 | KODUNGALLUR | 123324881 | 1070250 |
| 7 | VADAKKANCHERY | 184252347 | 4119750 |
| 8 | THRIPRAYAR | 53753973 | 4774050 |
| 9 | CHALAKKUDY | 132756119 | 1281000 |
| 10 | OTTAPPALAM | 94700898 | 17562000 |

| | | | |
|---|---|---|---|
| 11 | MANNARKKAD | 85372691 | 11580510 |
| 12 | CHITTUR | 12201850 | 4016200 |
| 13 | PATTAMBI | 90162584 | 8050260 |
| 14 | ALATHUR | 36280262 | 5524650 |
| 15 | PERINTHALMANNA | 73560145 | 43818653 |
| 16 | PONNANI | 5561850 | 64629987 |
| 17 | THIROORANGADI | 27563487 | 5512697 |
| 18 | THIRUR | 393532681 | 2537150 |
| 19 | NILAMBUR | 4477387 | 4886560 |
| 20 | KONDOTTY | 9035647 | 10806210 |
| **TOTAL** | | **2833971233** | **274197330** |

(ബി) മോട്ടോർ വാഹന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ബി.ഒ.ടി. വ്യവസ്ഥ പ്രകാരം കെ.ടി.ഡി.എഫ്.സി. നിർമ്മിച്ചിട്ടുള്ള ട്രാൻസ് ടവേഴ്സ് കെട്ടിടം തിരികെ ലഭിക്കുന്നതിനും അവിടെ ഗതാഗത നിയമം ലംഘിക്കുന്നവർക്ക് ബോധവൽക്കരണ ക്ലാസ് നൽകുന്നതിനും കേന്ദ്രീകൃത കൺട്രോൾ റൂം, വെർച്വൽ കോടതി എന്നിവ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**മോട്ടോർ വാഹനവകുപ്പിലെ ഡിജിറ്റലൈസേഷൻ**

264(1893) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോട്ടോർ വാഹനവകുപ്പിലെ പഴയ ഫയലുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഡിജിറ്റൈസേഷൻ പൂർത്തിയാകാത്ത ഫയലുകളുടെ എണ്ണം, ഓഫീസ് തിരിച്ചുള്ള വിശദാംശങ്ങൾ എന്നിവ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ഡിജിറ്റൈസേഷൻ പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടി വിശദമാക്കാമോ?

(എ&ബി) മോട്ടോർ വാഹന വകുപ്പിൽ 2006 മുതലാണ് കമ്പ്യൂട്ടറൈസേഷൻ നിലവിൽവന്നത്. 2006 മുതലുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിങ് ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട രേഖകളും മറ്റ് രേഖകളും ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഡിജിറ്റൈസേഷൻ പൂർത്തിയാകാത്ത ഫയലുകളുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) മോട്ടോർവാഹന വകുപ്പിന്റെ ഭൂമിയിൽ കെ.ടി.ഡി.എഫ്.സി ലിമിറ്റഡ് 2006-ൽ നിർമ്മിച്ച വഴുതയ്ക്കാടുള്ള ട്രാൻസ് ടവേഴ്സ് കെട്ടിടം വകുപ്പിന് കൈമാറുന്നതിനായി ബി.ഒ.ടി വ്യവസ്ഥയിൽ കരാറിൽ ഏർപ്പെട്ടിരുന്നോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**വാഹനങ്ങളുടെ ആർ.സി. ബുക്ക് വിതരണം തടസ്സപെട്ടുവാനുണ്ടായ സാഹചര്യം**

265(1894) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ആർ.ടി.ഒ.-കളിലും പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളുടെയും നിലവിലുള്ളവയുടെ ഉടമസ്ഥാവകാശം മാറ്റുന്ന വാഹനങ്ങളുടെയും ആർ.സി. ബുക്കുകളുടെ വിതരണം തടസ്സപ്പെടാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ഡ്രൈവിങ് ലൈസൻസ് എന്നിവ PVC Pet G കാർഡിൽ പ്രിന്റ് ചെയ്യുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ

ഏജൻസിയായ ഐ.ടി.ഐ. ലിമിറ്റഡിന് നൽകാനുണ്ടായിരുന്ന തുക കുടിശ്ശികയായതിനാലാണ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ഡ്രൈവിങ് ലൈസൻസ് എന്നിവയുടെ വിതരണം നേരത്തെ തടസ്സപ്പെട്ടിരുന്നത്. ടി തുക അടച്ചുതീർത്തതിനുശേഷം പ്രിന്റിങ് പുനരാരംഭിച്ചു. നിലവിൽ കാർഡുകളുടെ വിതരണം തടസ്സമില്ലാതെ നടന്നുപോരുന്നുണ്ട്.

(ബി) ആർ.ടി.ഒ. സേവനം ആവശ്യമുള്ളവർ ഓൺലൈനായും നേരിട്ടും മുൻകൂർ ഫീസടച്ച് മാസങ്ങൾ കാത്തിരിക്കേണ്ട സാഹചര്യം ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; നിലവിൽ അച്ചടിച്ച് നൽകേണ്ട ആർ.സി. ബുക്കുകളുടെ എണ്ണം (പുതിയ വാഹനങ്ങൾ/ഓണർഷിപ് ചേഞ്ച് നടത്തിയവ) ജില്ല തിരിച്ച് നൽകാമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ഡ്രൈവിങ് ലൈസൻസ് എന്നിവ പിവിസി പെറ്റ് ജി കാർഡിൽ പ്രിന്റ് ചെയ്യുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസിയായ ഐ.ടി.ഐ. ലിമിറ്റഡിന് നൽകാനുണ്ടായിരുന്ന കുടിശ്ശിക തുക പൂർണ്ണമായും നൽകുകയും കാലതാമസം വരാതെ പ്രിന്റിങ് നടത്താൻ ഐ.ടി.ഐ. ലിമിറ്റഡിന് നിർദേശം

നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ഏകദേശം 480000-ത്തോളം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ പ്രിന്റിങ് നടത്തേണ്ടതായിട്ടുണ്ട്. പൂർണ്ണതോതിൽ പ്രിന്റിങ് നടക്കുന്നതിനാൽ ഒരു മാസത്തിനുള്ളിൽതന്നെ ഇവ പൂർണ്ണമായും പ്രിന്റ് ചെയ്യാൻ സാധിക്കുന്നതാണ്. സെൻട്രലൈസ്ഡ് പ്രിന്റിങ് ആയതിനാൽ ജില്ല തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാഹനങ്ങളുമായും വാഹനയുടമകളുമായും ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പ് ചുമത്തിയ പിഴ എത്രയാണ്; വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു+.

**പുറ്റുമാനൂർ ഓട്ടോമേറ്റഡ് ടെസ്റ്റിങ് സെന്റർ**

266(1895) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ പുറ്റുമാനൂരിൽ അത്യാധുനിക സംവിധാനങ്ങളോടെ ആരംഭിച്ച ഓട്ടോമേറ്റഡ് ടെസ്റ്റിങ് സെന്ററിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്തെല്ലാം സേവനങ്ങളാണ് നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വാഹനങ്ങൾ അത്യാധുനിക യന്ത്ര സഹായത്തോടെ ഓട്ടോമാറ്റിക് ടെസ്റ്റിങ് നടത്തി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുക എന്നുള്ളതാണ് പുറ്റമാന്തരിലെ ഓട്ടോമേറ്റഡ് ടെസ്റ്റിങ് സെന്ററിന്റെ ലക്ഷ്യം.

(ബി) പ്രസ്തുത സെന്ററിൽ നിലവിൽ വാഹനങ്ങളുടെ ടെസ്റ്റിങ് മാത്രമേ നടത്തുന്നുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അതെ.

(സി) ആധുനിക ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കി സെന്ററിന്റെ പ്രവർത്തനം പൂർണ്ണതോതിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര ഗതാഗത മന്ത്രാലയം പുറപ്പെടുവിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായി പുറ്റമാന്തരിലെ ഓട്ടോമേറ്റഡ് ടെസ്റ്റിങ് സെന്റർ ഉൾപ്പെടെ അപ്ഗ്രേഡ് ചെയ്യ ാനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

**സർക്കാർ വാഹനങ്ങളുടെ നിയമലംഘനങ്ങൾ**

267(1896) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർ അവരുടെ തസ്തിക വ്യക്തമാക്കുന്ന ബോർഡുകൾ വാഹനത്തിൽ പ്രദർശിപ്പിക്കുമ്പോൾ കേരള സർക്കാർ/ഗവൺമെന്റ് ഓഫ് കേരള എന്ന പദവും ചേർത്ത് ബോർഡുകൾ സ്ഥാപിക്കുന്നത് വിലക്കിയിട്ടും അത്തരം ബോർഡുകൾ വച്ച വാഹനങ്ങൾ നിരത്തുകളിൽ സഞ്ചരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം നിയമലംഘനങ്ങൾക്ക് പിഴയീടാക്കാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തിയാൽ വിവരം അറിയിക്കുന്നതിന് വാട്ട്സ്ആപ് നമ്പറുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

വ്യവസ്ഥയുണ്ട്, ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന അവസരങ്ങളിൽ മോട്ടോർ വാഹന വകുപ്പ് നിയമലംഘകർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തിയാൽ അറിയിക്കുന്നതിന് എല്ലാ ജില്ലയിലും എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.-മാർക്ക് അനുവദിച്ചിട്ടുള്ള മൊബൈൽ നമ്പറുകൾ ലഭ്യമാണ്. (9188961001 മുതൽ 9188961014 വരെയുള്ള 14 നമ്പറുകൾ) ടി മൊബൈൽ നമ്പറുകളുടെ വിവരം മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സർക്കാർ/പോലീസ്/മോട്ടോർ വാഹന വകുപ്പിന്റേത് അടക്കമുള്ള നിരവധി സർക്കാർ വാഹനങ്ങളിൽ ഗ്ലാസുകളിൽ നിയമാനുസൃതമല്ലാത്ത തരത്തിലുള്ള കൂളിംഗ് സ്റ്റിക്കറുകൾ, കർട്ടനുകൾ, അശാസ്ത്രീയമായ എൽ.ഇ.ഡി ലൈറ്റുകൾ, ഹോണുകൾ തുടങ്ങിയവ സ്ഥിരമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വാഹനങ്ങൾക്ക് പിഴ ഈടാക്കാറുണ്ടോ; ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തിയാൽ വിവരം അറിയിക്കുന്നതിന്

വാട്ട്സ്ആപ് നമ്പറുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

മോട്ടോർ വാഹന വകുപ്പിന്റെ വാഹനങ്ങളിൽ കൂളിംഗ് സ്റ്റിക്കറുകൾ, കർട്ടനുകൾ, അശാസ്ത്രീയമായ എൽ.ഇ.ഡി ലൈറ്റുകൾ, ഹോണുകൾ എന്നിവ ഉപയോഗിക്കുന്നില്ല. ഇത്തരം നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പിഴ ഈടാക്കാറുണ്ട്. ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തിയാൽ അറിയിക്കുന്നതിന് എല്ലാ ജില്ലയിലും എൻഫോഴ്സ്മെന്റ് ആർ.ടി.ഒ.-മാർക്ക് അനുവദിച്ചിട്ടുള്ള മൊബൈൽ നമ്പറുകൾ ലഭ്യമാണ് (9188961001 മുതൽ 9188961014 വരെയുള്ള 14 നമ്പരുകൾ) ടി മൊബൈൽ നമ്പറുകളുടെ വിവരം മോട്ടോർ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പോലീസ്/മോട്ടോർ വാഹന വകുപ്പ് അടക്കമുള്ള മുഴുവൻ സർക്കാർ വാഹനങ്ങൾക്കും ഫിറ്റ്നസ്, ഇൻഷ്വറൻസ്, പുക പരിശോധന സർട്ടിഫിക്കറ്റ് മുതലായ സ്വകാര്യ വാഹനങ്ങൾക്ക് ബാധകമായ മുഴുവൻ രേഖകളും ഉണ്ടെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

മോട്ടോർ വാഹന വകുപ്പിന്റെ മുഴുവൻ വാഹനങ്ങൾക്കും ഫിറ്റ്നസ്, ഇൻഷ്വറൻസ്, പുക പരിശോധന സർട്ടിഫിക്കറ്റ് എന്നിവ ഉറപ്പുവരുത്തിയിട്ടുണ്ട്.

**ഡ്രൈവിങ് ടെസ്റ്റ് പരിഷ്കരണം**

268(1897) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രൈവിങ് ടെസ്റ്റ് പരിഷ്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. ഡ്രൈവിങ് ടെസ്റ്റ് കാര്യക്ഷമമാക്കുന്നതിനായി 23-05-2024-ലെ സ.ഉ.(സാധ)നം.181/2024/ഗതാ പ്രകാരം സർക്കാർ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) പരിഷ്കരണത്തിന്റെ ഭാഗമായി ഒരു ദിവസം നടത്തുന്ന ഡ്രൈവിങ് ടെസ്റ്റുകളുടെ എണ്ണം മുമ്പുണ്ടായിരുന്നതിനേക്കാൾ കുറച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുറച്ചിട്ടുണ്ട്. ഒരു എം.വി.ഐ. ഉള്ള ഓഫീസിൽ 40 എണ്ണവും രണ്ട് എം.വി. ഐ. ഉള്ള ഓഫീസിൽ 80 (2x40=80) എണ്ണവും എന്ന രീതിയിൽ ടെസ്റ്റുകൾ നിജപ്പെടുത്തിയിട്ടുണ്ട്.

(സി) ഡ്രൈവിങ് ടെസ്റ്റുകളുടെ എണ്ണം കുറയ്ക്കുന്നതുമൂലം അപേക്ഷകർക്ക് ഡ്രൈവിങ് ടെസ്റ്റിനും ലൈസൻസ് ലഭിക്കുന്നതിനും കാലതാമസം നേരിടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡ്രൈവിങ് ടെസ്റ്റുകളുടെ കൂടുതൽ അപേക്ഷകൾ ലഭിച്ചിട്ടുള്ള ഓഫീസുകളിൽ ബാഹുല്യം കുറയ്ക്കുന്നതിന് മറ്റ് ഓഫീസുകളിൽനിന്നും ഉദ്യോഗസ്ഥരെ താൽക്കാലികമായി വിന്യസിച്ച് ടെസ്റ്റുകൾ നടത്തി കാലതാമസം ഒഴിവാക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

(ഡി) കാലാനുസൃതമായി ഡ്രൈവിങ് ടെസ്റ്റ് പരിഷ്കരിക്കുന്നതിനോടൊപ്പം കാലതാമസം കൂടാതെ ലൈസൻസ് നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

ലൈസൻസ്, ആർ.സി. എന്നിവ MoRTH അനുശാസിക്കുന്ന രീതിയിൽ പ്രിന്റ് ചെയ്യുന്നതിനായി കേന്ദ്ര സർക്കാരിന്റെ അക്രെഡിറ്റഡ് ഏജൻസിയായ

M/s ITI Ltd-നെ ഏൽപ്പിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിന് നൽകേണ്ട കുടിശ്ശികയിൽ താമസം നേരിട്ടതിനാൽ കാർഡുകളുടെ പ്രിന്റിങ് ഇടയ്ക്ക് തടസ്സപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ ടി കുടിശ്ശിക തുക പൂർണ്ണമായി സ്ഥാപനത്തിന് തീർത്തുനൽകുകയും പ്രിന്റിങ് പൂർണ്ണതോതിൽ നടന്നുവരികയും ചെയ്യുന്നു.

**ആർ.സി. ബുക്ക് വിതരണം**

269(1898) ശ്രീ. കുറുക്കോളി മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളിൽ ആർ.സി. ബുക്ക് നൽകാനുള്ളവയുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

18-06-2024 വരെ 433377 എണ്ണം.

(ബി) വാഹനങ്ങൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ഉടമയ്ക്ക് ആർ.സി. ബുക്ക് ലഭിക്കുന്നതിനുവേണ്ട സമയപരിധി എത്രയാണെന്ന് വിശദമാക്കാമോ?

സേവനാവകാശ നിയമ പ്രകാരം രജിസ്ട്രേഷൻ/ഉടമസ്ഥാവകാശം പുതുക്കൽ തീയതി മുതൽ 10 ദിവസം. അതേസമയം ഉദ്യോഗസ്ഥർ അംഗീകാരം നൽകുന്നമുറയ്ക്ക് അപേക്ഷകർക്ക് സാക്ഷ്യപത്രങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ പകർപ്പെടുത്ത് പ്രിന്റഡ് കാർഡ് ലഭിക്കുന്നതുവരെ ഉപയോഗിക്കാവുന്നതാണ്.

(സി) നിലവിൽ രജിസ്റ്റർ ചെയ്യപ്പെട്ട വാഹനങ്ങളിൽ ഏത് തീയതി വരെയുള്ളവയ്ക്ക് ആർ.സി. ബുക്ക് നൽകിയിട്ടുണ്ടെന്ന വിവരം ആർ.ടി.ഒ. തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) ആർ.സി. ബുക്ക് പ്രിന്റ് ചെയ്യുന്നതിന് കരാർ എടുത്തിട്ടുള്ള കമ്പനിക്ക് കുടിശ്ശിക തുക നൽകാനുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

നിലവിൽ കുടിശ്ശികയില്ല. ആർ.സി. ബുക്ക് പ്രിന്റിങ് സുഗമമായി നടക്കുന്നു.

**നിയമവിരുദ്ധമായി സ്വകാര്യ വാഹനങ്ങളിൽ നെയിം ബോർഡ് സ്ഥാപിച്ചവർക്കെതിരെ നടപടി**

270(1899) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വാഹനങ്ങളിൽ നെയിം ബോർഡ് സ്ഥാപിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമെന്ന് അറിയിക്കാമോ?

ഉണ്ട്. 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 92A പ്രകാരം ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളവർക്കുമാത്രം സ്വകാര്യവാഹനങ്ങളിൽ നെയിം ബോർഡ് സ്ഥാപിക്കുന്നതിന് അനുവാദമുണ്ട്. പ്രസ്തുത ചട്ടത്തിന്റെ വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്+.

(ബി) ഇല്ലെങ്കിൽ നിയമവിരുദ്ധമായി സ്വകാര്യ വാഹനങ്ങളിൽ നെയിം ബോർഡ് സ്ഥാപിച്ചവർക്കെതിരെ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സ്വകാര്യ വാഹനങ്ങളിൽ നെയിം ബോർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ചട്ടങ്ങൾ എന്തൊക്കെയാണ്; ലഭ്യമാക്കാമോ?

സ്വകാര്യ വാഹനങ്ങളിൽ നെയിം ബോർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ, ചട്ടം 92 എ-യിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത ചട്ടത്തിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്+.

**സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സ്കൂൾ വാഹനങ്ങൾ**

271(1900) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്കൂൾ വാഹനങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

32,891

(ബി) പൊതുവിദ്യാലയങ്ങളിലെയും സ്വകാര്യ വിദ്യാലയങ്ങളിലെയും രജിസ്റ്റർ ചെയ്ത സ്കൂൾ വാഹനങ്ങളുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതു വിദ്യാലയങ്ങൾ - 10,700

സ്വകാര്യ വിദ്യാലയങ്ങൾ - 22,191

(സി) സ്കൂൾ വാഹനങ്ങളെ രക്ഷിതാക്കൾക്ക് നിരീക്ഷിക്കാൻ സഹായകമാകുന്ന വിദ്യാവാഹൻ ആപ് പ്രവർത്തനസജ്ജമായോ എന്ന വിവരം ലഭ്യമാക്കാമോ?

പ്രവർത്തനസജ്ജമാണ്.

(ഡി) വിദ്യാവാഹൻ ആപ് മുഖേന നിലവിൽ നിരീക്ഷിക്കാൻ കഴിയുന്ന സ്കൂൾ വാഹനങ്ങളുടെ എണ്ണം എത്രയാണെന്ന വിവരം ലഭ്യമാക്കാമോ?

19157

(ഇ) രജിസ്റ്റർ ചെയ്തിട്ടുള്ള സ്കൂൾ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം പ്രവർത്തനക്ഷമമല്ലാത്തവയുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ?

3332

**വിദ്യാവാഹൻ ആപ്**

272(1901) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാവാഹൻ ആപ്ലിക്കേഷനെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

വിദ്യാർഥികളുടെ സുരക്ഷയും റോഡ് സുരക്ഷയും മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന മോട്ടോർ വാഹന വകുപ്പ് പുറത്തിറക്കിയിട്ടുള്ള മൊബൈൽ ആപ്ലിക്കേഷനാണ് വിദ്യാവാഹൻ ആപ്. ഈ സംവിധാനത്തിന്റെ പ്രധാന ലക്ഷ്യം മൊബൈൽ ആപ് വഴി രക്ഷിതാക്കൾക്ക് സ്കൂൾ ബസ്സുകളുടെ തത്സമയ ലൊക്കേഷൻ ലഭ്യമാക്കുക എന്നതാണ്. കേരളത്തിൽ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണിത്. ഈ സംവിധാനമുപയോഗിച്ച് സംസ്ഥാനത്തെ രക്ഷിതാക്കൾക്ക് അവരുടെ കുട്ടികളുടെ വാഹനങ്ങൾ എവിടെനിന്നും ട്രാക്ക് ചെയ്യാൻ കഴിയും. സ്കൂൾ ബസ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിച്ച് സ്കൂൾ അതോറിറ്റിക്ക് രക്ഷിതാക്കളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യാം. തുടർന്ന് രക്ഷിതാവിന് ഈ വിശദാംശങ്ങൾ മൊബൈൽ ആപ്പിൽ രജിസ്റ്റർ ചെയ്യാനും അനുവദിച്ചിട്ടുള്ള

സ്കൂൾ ബസുകളുടെ തത്സമയം ലൊക്കേഷനിലേക്കും മറ്റ് മൊബൈൽ ആപ് ഫീച്ചറുകളിലേക്ക് ആക്സസ് നേടാനും കഴിയും. സ്കൂൾ ബസുകളുടെ തൽസമയ ലൊക്കേഷന് പുറമേ വാഹനങ്ങളിൽനിന്ന് പാനിക് ബട്ടൺ അമർത്തുക, അമിത വേഗത തുടങ്ങിയ അലർട്ടുകളെക്കുറിച്ചുള്ള മറ്റ് വിവരങ്ങളും രക്ഷിതാക്കൾക്ക് ലഭിക്കുന്നതാണ്.

**ഡ്രൈവിങ് ടെസ്റ്റിന്റെ പുതിയ പരിഷ്കാരങ്ങളിലെ ഇളവുകൾ**

273(1902) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഡ്രൈവിങ് ടെസ്റ്റുകൾക്കായി ഏർപ്പെടുത്തിയ പുതിയ പരിഷ്കാരങ്ങളിൽ എന്തെങ്കിലും ഇളവുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ഡ്രൈവിങ് ടെസ്റ്റുകൾക്കായി ഏർപ്പെടുത്തിയ പുതിയ പരിഷ്കാരങ്ങളിൽ, ഡ്രൈവിങ് ടെസ്റ്റുകൾക്കായി കൂടുതൽ അപേക്ഷകളുടെ ബാഹുല്യമുള്ള ഓഫീസുകളിൽ ഉദ്യോഗസ്ഥരെ താൽക്കാലികമായി പുനർ വിന്യസിച്ച് അപേക്ഷകൾ തീർപ്പാക്കാൻ നിർദേശം നൽകാനും ഡ്രൈവിങ്

ടെസ്റ്റുകൾക്കായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ കാലാവധി 22 വർഷമായി നിജപ്പെടുത്താനും ആലോചിച്ചുവരുന്നു. മറ്റ് പ്രധാന വ്യവസ്ഥകളിൽ ഇളവ് നൽകുന്നത് നിലവിൽ പരിഗണനയിലില്ല.

**ഡ്രൈവിങ് ലൈസൻസ് വിതരണം**

274(1903) ശ്രീ. കുറുക്കോളി മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഡ്രൈവിങ് ടെസ്റ്റ് വിജയിച്ച എത്രപേർക്ക് ലൈസൻസ് കൈമാറാനുണ്ട്; ഡ്രൈവിങ് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ നൽകിയവരിൽ എത്രപേർക്ക് ലൈസൻസ് പുതുക്കി നൽകാനുണ്ട്; പ്രസ്തുത വിവരം ആർ.ടി. ഓഫീസ് തിരിച്ച് ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു+.

(ബി) ഡ്രൈവിങ് ടെസ്റ്റ് വിജയിച്ചവരിലും ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ നൽകിയവരിലും ഏത് തീയതി വരെയുള്ളവർക്ക് ലൈസൻസ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടുണ്ട്; ആയതിന്റെ ആർ.ടി.ഒ. തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

| | |
|---|---|
| ആർ.ടി.ഒ. തിരുവനന്തപുരം | 18/03/2024 |
| ആർ.ടി.ഒ. കൊല്ലം | 29/02/2024 |
| ആർ.ടി.ഒ. പത്തനംതിട്ട | 07/03/2024 |
| ആർ.ടി.ഒ. ആലപ്പുഴ | 10.03.2024 |
| ആർ.ടി.ഒ. ആറ്റിങ്ങൽ | 15/03/2024 |
| ആർ.ടി.ഒ. എൻ.എസ്. | 19/03/2024 |
| ആർ.ടി.ഒ. എറണാകുളം | 01/01/2024 |
| ആർ.ടി.ഒ. കോട്ടയം | 17/08/2023 |
| ആർ.ടി.ഒ. ഇടുക്കി | 02/01/2024 |
| ആർ.ടി.ഒ. മൂവാറ്റുപുഴ | 02/01/2024 |
| ആർ.ടി.ഒ. കോഴിക്കോട് | ടെസ്റ്റ് വിജയിച്ച് 5 പ്രവർത്തി ദിവസത്തിനുശേഷം. |
| ആർ.ടി.ഒ. വടകര | പെൻഡിങ് ഇല്ല. |
| ആർ.ടി.ഒ. കണ്ണൂർ | വിവരം ശേഖരിച്ചുവരുന്നു. |
| ആർ.ടി.ഒ. വയനാട് | 5 ദിവസത്തിനകം |
| ആർ.ടി.ഒ. കാസർഗോഡ് | പെൻഡിംങ് ഇല്ല. |
| ആർ.ടി.ഒ.. തൃശ്ശൂർ | വിവരം ശേഖരിച്ചുവരുന്നു. |
| ആർ.ടി.ഒ. പാലക്കാട് | 31-01-2024 |
| ആർ.ടി.ഒ. മലപ്പുറം | വിവരം ശേഖരിച്ചുവരുന്നു. |

(സി) ഡ്രൈവിങ് ടെസ്റ്റ് വിജയിച്ചാൽ പരമാവധി എത്ര ദിവസത്തിനകം ലൈസൻസ് ലഭ്യമാക്കണം എന്ന വിവരം അറിയിക്കാമോ;

(ഡി) ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ നൽകിയാൽ പരമാവധി എത്ര ദിവസത്തിനകം ലൈസൻസ് ലഭ്യമാക്കണമെന്ന വിവരം അറിയിക്കാമോ?

(സി&ഡി) ഡ്രൈവിങ് ടെസ്റ്റ് വിജയിച്ചാൽ അഞ്ച് ദിവസത്തിനുള്ളിലും ലൈസൻസ് പുതുക്കാനുള്ള അപേക്ഷകളിൽ 15 ദിവസത്തിനുള്ളിലും തീർപ്പാക്കണമെന്നാണ് സേവനാവകാശ നിയമത്തിൽ വിജ്ഞാപനം ചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ യഥാസമയം അംഗീകാരം നൽകുന്നമുറയ്ക്ക് ഡ്രൈവിങ് ലൈസൻസ്/പുതുക്കിയ ലൈസൻസ് എന്നിവ ഓൺലൈനായി അപേക്ഷകന് പകർപ്പെടുത്ത് പ്രിന്റഡ് കാർഡ് ലഭിക്കുന്നതുവരെ ഉപയോഗിക്കാവുന്നതാണ്.

**വാഹനങ്ങൾ നിയമ വിരുദ്ധമായി മാറ്റം വരുത്തി ഉപയോഗിക്കുന്നത് തടയാൻ നടപടി**

275(1904) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളിൽ നിയമ വിരുദ്ധമായി മാറ്റം വരുത്തി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മോട്ടോർ വാഹന നിയമത്തിന് വിരുദ്ധമായിട്ടുള്ള ഇത്തരം നീക്കങ്ങൾ തടയുന്നതിന് സംസ്ഥാന സർക്കാരിന് ഹൈക്കോടതി നിർദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. കേരള ഹൈക്കോടതിയുടെ WP(C) No. 1728/2021, SSCR No. 20 of 2021 നമ്പർ കേസുകളിലെ ഉത്തരവുകൾ പ്രകാരം മോട്ടോർ വാഹന നിയമത്തിന് വിരുദ്ധമായി വാഹനങ്ങളിൽ രൂപമാറ്റം വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ നിർദേശിച്ചിട്ടുണ്ട്. കോടതി നിർദേശപ്രകാരം നിയമലംഘകരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനും IDTR-ൽ പരിശീലനം നൽകാനും മോട്ടോർ വാഹന നിയമലംഘനങ്ങളുടെ വ്യാപ്തി പരിശോധിച്ച് നിയമ വിരുദ്ധമായി മാറ്റം വരുത്തിയ വാഹനങ്ങളുടെ RC റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) പൊതുസ്ഥലങ്ങളിലെ ഡ്രിഫ്റ്റിങ്ങിന്റെയും മറ്റ് റോഡ് ഉപഭോക്താക്കളുടെ സുരക്ഷയ്ക്ക് ഭീഷണിയാകുന്ന പ്രവർത്തനങ്ങളുടെയും

വീഡിയോകൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

**വാഹനങ്ങളിലെ പുക പരിശോധനയ്ക്കായി പുതിയ സോഫ്റ്റ്‌വെയർ**

276(1905) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വാഹനങ്ങളിലെ പുക പരിശോധനയ്ക്കായി പുതിയ സോഫ്റ്റ്‌വെയർ നടപ്പാക്കുന്ന അവസരത്തിൽ പുക പരിശോധന രീതിക്ക് മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര മോട്ടോർ വാഹന ചട്ടം 115 പ്രകാരം കേന്ദ്ര സർക്കാർ (MoRTH) പുറപ്പെടുവിക്കുന്ന നിർദേശങ്ങൾക്കനുസരിച്ചാണ് പുക പരിശോധനാ രീതികളിൽ മാറ്റം വരുത്തുന്നത്. 09-05-2024-ലെ No. RT 11036/94/2020-MVL കത്ത് പ്രകാരം NIC-യുടെ പുതുക്കിയ PUCC software with version 2.0 ഉപയോഗിക്കുന്നത് സംബന്ധിച്ച നിർദേശം നൽകിയിരുന്നു. (കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്+) ഇക്കാര്യം പരിശോധിച്ച് നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിക്കാൻ സർക്കാർ ഗതാഗത കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

**മഞ്ചേശ്വരം താലൂക്കിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം**

277(1906) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം താലൂക്കിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ പ്രസ്തുത കേന്ദ്രം ഈ വർഷം ആരംഭിക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

മഞ്ചേശ്വരം താലൂക്കിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം തുടങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

**ന്യൂനപക്ഷ ക്ഷേമ ബോർഡിന്റെ വിവിധ പദ്ധതികൾ**

278(1907) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ ക്ഷേമ ബോർഡിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുകയുടെ വിനിയോഗത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

ന്യൂനപക്ഷ ക്ഷേമ വകുപ്പിന് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുകയുടെയും വിനിയോഗത്തിന്റെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) സംസ്ഥാന ന്യൂനപക്ഷ ക്ഷേമ ബോർഡ് മുഖേന നൽകുന്ന വിവിധ സ്കോളർഷിപ്പുകൾ ഇതുവരെയും വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നൽകുന്ന സ്കോളർഷിപ്പുകൾ എല്ലാം വിതരണം ചെയ്തിട്ടുണ്ട്.

(സി) ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തിയ തുകയുടെ 2024 മാർച്ച് 31 വരെയുള്ള വിനിയോഗ ശതമാനം എത്രയാണ്; വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ന്യൂനപക്ഷ ക്ഷേമ വകുപ്പിന് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ തുകയുടെയും വിനിയോഗത്തിന്റെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവൃത്തികൾക്ക് പദ്ധതി ഇനത്തിൽ നീക്കിവച്ച തുക**

279(1908) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ ന്യൂനപക്ഷക്ഷേമ വകുപ്പിനുകീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതിയിനത്തിൽ നീക്കിവച്ചിട്ടുള്ള തുക എത്രയാണ്; എത്ര തുക അനുവദിച്ചുനൽകിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് നൽകാമോ?

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതിയിനത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നീക്കിവച്ചിട്ടുള്ള തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

## ജസ്റ്റിസ് ജെ.ബി.കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തുടർനടപടി

280(1909) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക പിന്നോക്കാവസ്ഥ പഠിച്ച് ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസം, സാമ്പത്തികം, ക്ഷേമം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 05-11-2020-ലെ സ.ഉ.(എം.എസ്) നം.214/2020/ആഭ്യന്തരം ഉത്തരവ് പ്രകാരം നിയമിച്ചതാണ് ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ. ജസ്റ്റിസ് ജെ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബി. കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. റിപ്പോർട്ടിലെ ശിപാർശകൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടതായതിനാൽ ഓരോ വകുപ്പുകളും നടപ്പാക്കേണ്ട കാര്യങ്ങൾ അതത് വകുപ്പുകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ആയതിനാൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങൾ ആരായുകയും ഓരോ വകുപ്പും കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനായും അവ ക്രോഡീകരിക്കുന്നതിനായും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ യോഗം വകുപ്പുമന്ത്രി വിളിച്ചുചേർക്കുകയും ചെയ്തിട്ടുണ്ട്. ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ ശിപാർശകൾ പരിശോധിച്ച് അഭിപ്രായങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായി 02-03-2024-ൽ സ.ഉ.(സാധാ)നം.993/2024/പൊ.ഭ.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് കമ്മീഷൻ ശിപാർശകളിൻമേൽ ബന്ധപ്പെട്ട വകുപ്പുകൾ

സ്വീകരിക്കേണ്ട നടപടികൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട്**

281(1910) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിന്മേൽ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

കേരളത്തിലെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസം, സാമ്പത്തികം, ക്ഷേമം എന്നീ മേഖലകളിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 05-11-2020-ലെ സ.ഉ.(എം.എസ്)നം.214/2020/ആഭ്യന്തരം ഉത്തരവ് പ്രകാരം നിയമിച്ചതാണ് ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ. ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. റിപ്പോർട്ടിലെ ശിപാർശകൾ വിവിധ

വകുപ്പുകളുടെ പരിധിയിൽ വരുന്നതാകയാൽ ഓരോ വകുപ്പുകളും നടപ്പാക്കേണ്ടുന്ന കാര്യങ്ങൾ അതത് വകുപ്പുകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ആയതിനാൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങൾ ആരായുകയും ഓരോ വകുപ്പും കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനായും അവ ക്രോഡീകരിക്കുന്നതിനായും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ യോഗം വകുപ്പുമന്ത്രി വിളിച്ചുചേർക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ ശിപാർശകൾ പരിശോധിച്ച് അഭിപ്രായങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും 02-03-2024-ലെ സ.ഉ.(സാധാ)നം.993/2024/പൊ.ഭ.വ. നമ്പരായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഓരോ ശിപാർശയിന്മേലും ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങളും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും കമ്മിറ്റി പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

**അന്താരാഷ്ട്ര കായിക ഉച്ചകോടി**

282(1911) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര കായിക ഉച്ചകോടി (ഐ.എസ്.എസ്.കെ.) പ്രകാരം എത്ര രൂപയുടെ നിക്ഷേപമാണ് കായിക വകുപ്പിന് ലഭ്യമായത്; പ്രസ്തുത ഉച്ചകോടി മുഖേന ഏതൊക്കെ നൂതന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ട്, കേരളത്തിലെ കായിക ലോകത്തിന് പുത്തനുണർവും ദിശാബോധവും നൽകിക്കൊണ്ട് 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചു.

ഇന്ത്യയിൽത്തന്നെ ആദ്യമായി ഒരു സംസ്ഥാനം സംഘടിപ്പിക്കുന്ന കായിക ഉച്ചകോടിയിൽ കായിക സാമ്പത്തിക വ്യവസ്ഥയിലൂന്നിയുള്ള നിരവധി സെഷനുകൾ സംഘടിപ്പിച്ചു. കേരളം വിഭാവന ചെയ്യുന്ന കായിക സമ്പദ്‌വ്യവസ്ഥയ്ക്ക് വലിയ ഊർജം പകരുന്നതിനായി 27 പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് സമ്മിറ്റിൽ ലഭ്യമായത്. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇ-സ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽനിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്. അടിസ്ഥാനസൗകര്യ വികസന മേഖലയിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനോടൊപ്പം തന്നെ നൂതനമായ ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കുന്നതിനും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ഫുട്ബോൾ പ്രതിഭകളെ കണ്ടെത്താനും പരിശീലനം നൽകാനും ഖേലോ ഇന്ത്യ ഫുട്ബോൾ മുഖേന 14 ജില്ലകളിൽ സെലക്ഷൻ നടത്താൻ തീരുമാനമായി. കൂടാതെ RBS-മായി ചേർന്ന് റയൽ മാഡ്രിഡ്

ഫൗണ്ടേഷനുമായി സഹകരിച്ച് കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 150 പരിശീലകർക്ക് പരിശീലനം നൽകാനായി 'Train the Trainers' പ്രോഗ്രാം തുടങ്ങാൻ തീരുമാനമായി. ഒപ്പം കുട്ടികളുടെ വേൾഡ് കപ്പ് കളിക്കാൻ സ്പോർട്സ് സ്കൂളിലെ കുട്ടികളെ കൊണ്ടുപോകാനുള്ള ചർച്ച പുരോഗമിക്കുകയാണ്. KCA, KFA എന്നിവർ മുന്നോട്ടുവച്ച പദ്ധതികൾ സംബന്ധിച്ച് പരിശോധനകൾ പുരോഗമിക്കുകയാണ്. GCDA-യുമായി ചേർന്ന് കൊച്ചിയിലെ അവരുടെ കീഴിലുള്ള സ്ഥലങ്ങളിൽ കായിക അടിസ്ഥാനസൗകര്യങ്ങൾ നടപ്പാക്കാനുള്ള ചർച്ചകൾ പുരോഗമിക്കുന്നു. NBF ഫിറ്റ്നസ് അക്കാദമി വഴി കേരളത്തിലെ പഞ്ചായത്തുകളിലും കോളേജുകളിലും ഫിറ്റ്നസ് സ്ക്വാഡുകൾ സ്ഥാപിക്കാനുള്ള ചർച്ചകൾ പുരോഗമിക്കുന്നു. ഒപ്പം 10 ഇടങ്ങളിൽ പൈലറ്റ് സ്റ്റഡി നടത്താൻ തീരുമാനിച്ചു.

ലെജൻസ് ഫൗണ്ടേഷനുമായി ചേർന്ന് കേരളത്തിൽ 3 ബാസ്കറ്റ്ബോൾ ഉന്നത പരിശീലന കേന്ദ്രങ്ങൾ തുടങ്ങാൻ ചർച്ചകൾ പുരോഗമിക്കുന്നു. സോഷ്യൽ ക്ലബ്ബുകളുമായി ചേർന്ന് 140 നിയോജകമണ്ഡലങ്ങളിൽ ഒരു

സ്കൂളിൽ വീതം ഹെൽത്തി കിഡ്സ് പദ്ധതി തുടങ്ങാൻ നടപടികൾ പുരോഗമിക്കുന്നു. Decathlon-മായി ചേർന്ന് സംസ്ഥാനത്തെ 70 സ്കൂളുകളിൽ കായികോപകരണങ്ങൾ വിതരണം ചെയ്യാൻ ധാരണയാവുന്നു.

ഇ-സ്പോർട്സ് മേഖലയിൽ അടിസ്ഥാനസൗകര്യ വികസനം, പരിശീലനം, മത്സരം എന്നിവയ്ക്കായി വിവിധ ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുകയും നടപ്പുസാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. കായിക താരങ്ങൾക്ക് കൂടുതൽ അവസരം നൽകുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനുമായി വിവിധ ലീഗുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള ഫുട്ബോൾ അസോസിയേഷൻ സമ്മിറ്റിൽ കേരള സൂപ്പർ ലീഗ് പ്രഖ്യാപിച്ചിട്ടുണ്ട്. കോളേജ് സ്പോർട്സ് വാണിജ്യവൽക്കരിക്കുക എന്ന ആശയത്തോടെ രൂപം കൊടുത്ത കോളേജ് സ്പോർട്സ് ലീഗ് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുമായി ലഭിച്ച പ്രൊപ്പോസലുകൾ നടപ്പാക്കുന്നതിന് വിവിധ ഏജൻസികളുമായി ചർച്ചകൾ നടത്തി വരുന്നു.

(ബി) കായിക ഉച്ചകോടിയുടെ ഭാഗമായി കായികരംഗത്ത് കേരളത്തെ സൂപ്പർ പവർ ആക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് തലത്തിലേക്ക് കായിക പ്രവർത്തനങ്ങളെ വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

കായിക ഉച്ചകോടിയുടെ മുന്നോടിയായി ജില്ലാ സമ്മിറ്റുകൾ, തദ്ദേശ തലത്തിൽ മൈക്രോ സമ്മിറ്റുകൾ എന്നിവ സംഘടിപ്പിച്ചിരുന്നു. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇ-സ്പോർട്സ് മേഖലകളിൽ സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകൾ തദ്ദേശീയ തലത്തിൽകൂടി നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഓരോ പ്രൊപ്പോസലുകളും വിഭാവന

ചെയ്യുന്ന രീതിയിൽ തദ്ദേശ തലത്തിലെ വിവിധ ഏജൻസികൾ മുഖാന്തരം പദ്ധതികൾ നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം പദ്ധതി**

283(1912) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് കളിസ്ഥലത്തിന്റെ ടെൻഡർ നടപടി പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കല്ല്യാശ്ശേരി മണ്ഡലത്തിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത്

കളിസ്ഥലത്തിന്റെ നിർമ്മാണത്തിനായി കല്ല്യാശ്ശേരി നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാകളക്ടർ 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 12-01-2024-ൽ കായിക വകുപ്പ് ഡയറക്ടർ എ 3-9069/23/കാ.യു.ക ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ട് വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടെ 100 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 93.88 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും 20-02-2024-ൽ ദർഘാസ് ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് 23-05-2024-ൽ വർക്ക് ഓർഡർ നൽകുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**കോളേജുകളിലെ കായിക രംഗത്തെ പുതുതലമുറ കോഴ്സുകൾ**

284(1913) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോളേജുകളിൽ കായിക രംഗത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പുതുതലമുറ കോഴ്സുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

കോളേജുകളിൽ കായിക രംഗത്ത് പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. കോഴ്സുകൾ സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പും യൂണിവേഴ്സിറ്റിയും തീരുമാനിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ആലപ്പുഴ മണ്ഡലത്തിലെ ഓപ്പൺ ജിമ്മിൽ ഉപകരണങ്ങൾ സ്ഥാപിക്കാൻ നടപടി**

285(1914) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ അനുവദിച്ച ഓപ്പൺ ജിമ്മിലേക്കുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ടെൻഡർ പ്രസിദ്ധീകരിച്ച തീയതി, ടെൻഡർ തുക, നാളിതുവരെയുള്ള പുരോഗതി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ആലപ്പുഴ മണ്ഡലത്തിലെ ഓപ്പൺ ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായുള്ള ടെൻഡർ നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ടൂറിസം വകുപ്പിനുകീഴിൽ കായിക വകുപ്പുമായി ചേർന്ന് ആലപ്പുഴ മണ്ഡലം ഉൾപ്പെടെ തിരഞ്ഞെടുത്ത 7 സ്ഥലങ്ങളിൽ ഓപ്പൺ ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി 1.48 കോടി രൂപയുടെ ഭരണാനുമതി 16-02-2022-ൽ നൽകിയിരുന്നു. 24-06-2023-ൽ 62.32 ലക്ഷം രൂപയ്ക്ക് ജിം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സാങ്കേതികാനുമതി നൽകുകയും 27-06-2023-ൽ ടെൻഡർ ക്ഷണിക്കുകയും ചെയ്തു. പ്രസ്തുത ടെൻഡറിൽ 9 ബിഡ്ഡുകൾ ലഭിച്ചിരുന്നു. ജിം ഉപകരണങ്ങളുടെ ഗുണനിലവാരം

പരിശോധിക്കുന്നതിനായി ഒരു സാങ്കേതിക കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. ടെൻഡറിൽ 9 കമ്പനികളുടെ ജിം ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സാമ്പിൾ സമർപ്പിക്കാൻ ആവശ്യപ്പെടുകയും ഇതിൻപ്രകാരം മൂന്ന് കമ്പനികൾ മാത്രമെ സാമ്പിളുകൾ പൂർണ്ണമായോ ഭാഗികമായോ നൽകിയിരുന്നുള്ളൂ. സാങ്കേതിക കമ്മിറ്റിയുടെ പരിശോധന പ്രകാരം ഒരു കമ്പനി മാത്രമെ യോഗ്യത നേടിയിരുന്നുള്ളൂ. ആയതിനാൽ 06-02-2024-ലെ സാങ്കേതിക കമ്മിറ്റിയുടെ നിർദേശ പ്രകാരം പ്രവൃത്തി റീ ടെൻഡർ ചെയ്യാൻ തീരുമാനിച്ചു.

24-04-2024-ൽ റീ-ടെൻഡർ ചെയ്യുകയും 4 ബിഡ്ഡുകൾ ലഭ്യമാകുകയും ചെയ്തു. ടെൻഡറിൽ പങ്കെടുത്ത കമ്പനികളോട് സാമ്പിൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ 14-05-2024-ൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റിയിൽ രണ്ട് കമ്പനികൾ മാത്രമാണ് സാമ്പിൾ സമർപ്പിച്ചത്. ആയതിനാൽ കമ്മിറ്റിയുടെ നിർദേശപ്രകാരം ജിം ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിൽ ടെസ്റ്റ് ചെയ്യുന്നതിനായി തീരുമാനിച്ചു.

ആയത് ടെസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. ടെസ്റ്റ് റിപ്പോർട്ട് ലഭ്യമായാലുടൻ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) എസ്.കെ.എഫ്.-ന് കീഴിലുള്ള പ്രവൃത്തികൾ, കായിക ഉപകരണങ്ങൾ സ്ഥാപിക്കൽ എന്നിവയുടെ ടെൻഡർ നടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല. കായിക ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാകുന്നതനുസരിച്ചാണ് ടെൻഡറിന് അംഗീകാരം നൽകുന്നത്. ഇതിനായി ഉപകരണങ്ങളുടെ സാമ്പിൾ സമർപ്പിക്കുന്നതിന് നിർദേശിക്കുകയും അത് വിലയിരുത്തിയശേഷം ഗുണനിലവാരമില്ലെങ്കിൽ വീണ്ടും റീ-ടെൻഡർ ക്ഷണിക്കുകയുമാണ് ചെയ്യാറുള്ളത്.

**ചുനക്കര ഗ്രൗണ്ട് നിർമ്മാണം**

286(1915) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബജറ്റിൽ അനുവദിച്ച ചുനക്കര ഗ്രൗണ്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) 2023-24-ലെ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജകമണ്ഡലത്തിലെ ചുനക്കര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ പ്രവൃത്തിക്കായി 12-12-2023-ലെ സ.ഉ(സാധാ)347/2023/കാ.യു.വ പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതിയും 19-02-2024-ൽ 93.89 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു. അതിൻ പ്രകാരം 20-02-2024, 09-03-2024, 29-04-2024 എന്നീ തീയതികളിലായി 3 തവണ ടെൻഡർ

ക്ഷണിക്കുകയും ചെയ്തു. ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. എൻ. വിജയൻ എന്ന കരാറുകാരന് പ്രസ്തുത പ്രവൃത്തിക്കായുള്ള വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഗ്രൗണ്ടിന്റെ പ്രവൃത്തി ജൂലൈ മാസത്തോടെ ആരംഭിക്കാൻ സാധിക്കുന്നതാണ്. മൾട്ടി പർപ്പസ് മഡ് കോർട്ട്, റീറ്റെയിനിംഗ് വാൾ, സ്റ്റെപ്പ് ഗ്യാലറി, ഡ്രെയിനേജ്, ഫെൻസിങ്, ഇലക്ട്രിഫിക്കേഷൻ വർക്സ് എന്നീ പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്.

**കുന്നുമ്മൽ വോളിബോൾ അക്കാദമി നിർമ്മാണം**

287(1916) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നുമ്മൽ വോളിബോൾ അക്കാദമി നിർമ്മാണ പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

കുന്നുമ്മൽ വോളിബോൾ അക്കാദമി നിർമ്മാണ പ്രവൃത്തിക്ക് 26-04-2023-ലെ സ.ഉ.(സാധാ.) നം. 118/2023/കാ.യു.വ പ്രകാരം 1 കോടി

5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 29-03-2023-ൽ സാങ്കേതികാനുമതി നൽകുകയും 13-04-2023-ൽ ടെൻഡർ ക്ഷണിക്കുകയും അതിൻ പ്രകാരം കുറഞ്ഞ നിരക്ക് 73.49 ലക്ഷം ക്വാട്ട് ചെയ്ത ശ്രീ. മനീഷ് കെ., കോഴിക്കോട് എന്ന കരാറുകാരന് 16-05-2023-ൽ വർക്ക് ഓർഡർ നൽകിയിരുന്നു. എന്നാൽ കരാറുകാരൻ എഗ്രിമെന്റിൽ ഏർപ്പെടാത്ത സാഹചര്യത്തിൽ ടിയാനെ പ്രസ്തുത പ്രവൃത്തിയിൽനിന്നും 16-09-2023-ൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുകയും 17-10-2023, 07-11-2023 എന്നീ തീയതികളിൽ റീടെൻഡറുകൾ ക്ഷണിക്കുകയും 18-12-2023-ൽ ശ്രീ. ചാർക്കല കുഞ്ഞൂത്തി കബീർ എന്ന കരാറുകാരന് 72.26 ലക്ഷം രൂപയ്ക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്തു. ടി കരാറുകാരനും എഗ്രിമെന്റിൽ ഏർപ്പെട്ടിരുന്നില്ല. ആയതിനാൽ 23-02-2024-ൽ പ്രവൃത്തിക്ക് റീടെൻഡർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. മുബീർ എം. എ., കാസർഗോഡ് എന്ന കരാറുകാരന് 84.85 ലക്ഷം രൂപയ്ക്ക് 10-06-2024-ൽ

വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പ്രസ്തുത കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ട് പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തി എന്നാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും എത്ര കാലയളവിൽ പൂർത്തിയാക്കാനാവുമെന്നും വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി ജൂലൈ മാസത്തോടുകൂടി ആരംഭിക്കാൻ സാധിക്കുന്നതാണ്. 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

(സി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കരാറുകാരന് സ്പോർട്സ് കേരള ഫൗണ്ടേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന നിർദേശം നൽകിയിട്ടുണ്ട്.

**എല്ലാവർക്കും വ്യായാമം പദ്ധതി**

288(1917) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എസ്.എസ്.കെ.-യുടെ തുടർച്ചയായി രൂപം നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ട്, കേരളത്തിലെ കായിക ലോകത്തിന് പുത്തനുണർവും ദിശാബോധവും നൽകിക്കൊണ്ട് 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചു. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇ-സ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽനിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്. അടിസ്ഥാന സൗകര്യ വികസന മേഖലയിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനോടൊപ്പംതന്നെ നൂതനമായ ഫിറ്റ്നസ്

സെന്ററുകൾ സ്ഥാപിക്കുന്നതിനും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്.

ഫുട്ബോൾ പ്രതിഭകളെ കണ്ടെത്താനും പരിശീലനം നൽകാനും ഖേലോ ഇന്ത്യ ഫുട്ബോൾ മുഖേന 14 ജില്ലകളിൽ സെലക്ഷൻ നടത്താനും പരിശീലനം ഉറപ്പുവരുത്താനും തീരുമാനമായി. കൂടാതെ RBS-മായി ചേർന്ന് റയൽ മാഡ്രിഡ് ഫൗണ്ടേഷനുമായി സഹകരിച്ച് 'Train the Trainers' പ്രോഗ്രാം, അതുപോലെ കേരളത്തിലെ സ്പോർട്സ് സ്കൂളിലെ കുട്ടികളെ Childrens World Cup-ൽ പങ്കെടുപ്പിക്കാനും ധാരണയായിട്ടുണ്ട്. KCA, Score line തുടങ്ങിയവ മുന്നോട്ടുവച്ച പദ്ധതികൾ സംബന്ധിച്ച പരിശോധനകൾ പുരോഗമിക്കുന്നുണ്ട്. GCDA-യുമായി ചേർന്ന് കൊച്ചിയിൽ അവരുടെ കീഴിലുള്ള സ്ഥലങ്ങൾ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിന് കരാറടിസ്ഥാനത്തിൽ നൽകാനുള്ള ചർച്ചകൾ പുരോഗമിക്കുന്നു. NBF ഫിറ്റ്നസ് അക്കാദമി വഴി കേരളത്തിലെ പഞ്ചായത്തുകളിൽ, കോളേജുകളിൽ മോഡേൺ ഫിറ്റ്നസ് ബോക്സുകൾ സ്ഥാപിക്കുന്നതിനുള്ള MoU ഒപ്പിടുന്നതിനുള്ള അവസാന ഘട്ടമാണ്. ഒപ്പം 10 ഇടങ്ങളിൽ പൈലറ്റ് സ്റ്റഡി നടത്താൻ തീരുമാനമായി.

ലെജൻസ് ഫൗണ്ടേഷൻ വഴി കേരളത്തിൽ 3 Centre of Excellence in Basketball തുടങ്ങാനുള്ള ചർച്ചകൾ പുരോഗമിക്കുന്നു. സോഷ്യൽ ക്ലബ്ബുമായി ചേർന്ന് 140 നിയോജകമണ്ഡലങ്ങളിൽ ഒരു സ്കൂൾ വീതം ഹെൽത്തി കിഡ്സ് തുടങ്ങാൻ തീരുമാനമായി. ഒരു യൂണിറ്റിന് ഏതാണ്ട് 7 ലക്ഷം രൂപയോളം ചെലവുവരുന്ന പദ്ധതിയാണിത്. Decathlon-മായി ചേർന്ന്, സംസ്ഥാനത്തെ 70 സ്കൂളുകളിൽ Games-ന് ആവശ്യമായ ഉപകരണങ്ങൾ നൽകാൻ ധാരണയായി.

ഇ-സ്പോർട്സ് മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, മത്സരം എന്നിവയ്ക്കായി വിവിധ ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുകയും നടപ്പുസാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. കായിക താരങ്ങൾക്ക് കൂടുതൽ അവസരം നൽകുന്നതിനും വാണിജ്യ വൽക്കരിക്കുന്നതിനുമായി വിവിധ ലീഗുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള ഫുട്ബോൾ അസോസിയേഷൻ സമ്മിറ്റിൽ കേരള സൂപ്പർ ലീഗ് പ്രഖ്യാപിച്ചിട്ടുണ്ട്. കോളേജ് സ്പോർട്സ് വാണിജ്യവൽക്കരിക്കുക എന്ന

ആശയത്തോടെ രൂപംകൊടുത്ത കോളേജ് സ്പോർട്സ് ലീഗ് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുമായി ലഭിച്ച പ്രൊപ്പോസലുകൾ നടപ്പാക്കുന്നതിന് വിവിധ ഏജൻസികളുമായി ചർച്ചകൾ നടത്തിവരുന്നു.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, അപ്പാർട്ടുമെന്റുകൾ എന്നിവ കേന്ദ്രീകരിച്ച് എല്ലാവർക്കും വ്യായാമം എന്ന പദ്ധതി നടപ്പാക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

കായിക ക്ഷമതാ മിഷന്റെ ഭാഗമായി ഇത് പരിഗണനയിലുണ്ട്.

**പുതിയ കായിക നയം**

289(1918) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u>
<u>ശ്രീ. കെ. പ്രേംകുമാർ:</u>
<u>ശ്രീ. കെ. വി. സുമേഷ്:</u>

ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പുതിയ കായിക നയത്തിന് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കായിക നയത്തിലൂടെ വിഭാവന ചെയ്യുന്നത് എന്തൊക്കെ കാര്യങ്ങളാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന കായിക ആവശ്യങ്ങളും പ്രതീക്ഷകളും നിറവേറ്റുന്നതിൽ പുതിയ കായിക നയം എത്രത്തോളം പ്രയോജനപ്പെടുമെന്ന് വിശദമാക്കുമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ കായിക മേഖലയെ സമഗ്രമായി പുനർനിർവചിക്കാനും കേരള സ്പോർട്സിന്റെ അതിവേഗ വളർച്ചയ്ക്കായി രൂപവൽക്കരിച്ച വിഷൻ 2033-ൽ നിർവചിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുള്ള ഒരു റോഡ് മാപ്പായി പ്രവർത്തിക്കാനും കഴിയുന്ന രീതിയിൽ ഒരു കായിക നയം 22-07-2023-ലെ സ.ഉ.(കൈ) നം. 6/2023/കാ.യു.വ. പ്രകാരം അംഗീകാരം നൽകി ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്. ഒളിമ്പിക് ഗെയിംസ് ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിൽ കായിക മികവ് കൈവരിക്കുക, അഴിമതി മുക്തവും സുശക്തവുമായ കായികമേഖല സൃഷ്ടിക്കുക, ശക്തമായ കായിക വിനോദ വ്യവസായം രൂപപ്പെടുത്തുക, ശക്തമായ കായിക സാക്ഷരതയും നിലവാരമുള്ള കായിക സംസ്കാരവും രൂപപ്പെടുത്തുക, പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശാസ്ത്രീയമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ നയത്തിന്റെ ലക്ഷ്യങ്ങളാണ്. മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതിയിൽ മികച്ച മാതൃകകൾ പഠിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള പ്രതിജ്ഞാബദ്ധതയാണ് നയം മുന്നോട്ടുവയ്ക്കുന്നത്. കായിക സംവിധാനങ്ങൾക്കുള്ളിലും, വിദ്യാഭ്യാസം, ആരോഗ്യം, പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, വിനോദ ദാതാക്കൾ, സ്വകാര്യ മേഖല തുടങ്ങിയ മറ്റ് മേഖലകളുമായും സഹകരണവും പങ്കാളിത്തവും ബന്ധങ്ങളും കെട്ടിപ്പടുക്കുന്നത് ഇതിലുൾപ്പെടുന്നു. വിഭവശേഷിയുടെ പങ്കുവയ്ക്കൽ, അടിസ്ഥാനസൗകര്യ വികസനം, സാമൂഹ്യ പങ്കാളിത്തം, പദ്ധതികളുടെ ഫലപ്രദമായ നിർവഹണം എന്നിവയ്ക്കുള്ള ക്രിയാത്മകവും

പുരോഗമനപരവുമായ സമീപനങ്ങൾക്കും നയം ഊന്നൽ നൽകുന്നു. എല്ലാവർക്കും സ്പോർട്സ് എന്നതിന് ഊന്നൽ നൽകിക്കൊണ്ട് സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ശാരീരികക്ഷമതയുടെയും വ്യായാമത്തിന്റെയും അവബോധം സൃഷ്ടിക്കുകയും ഓൺലൈനായുള്ള സ്പോർട്സ് ഗെയിമുകൾ പ്രോത്സാഹിപ്പിക്കുക, ക്രിയാത്മകമായ കായിക സമ്പദ്ഘടനയ്ക്കുള്ള അടിത്തറ പാകുക എന്നിവ പ്രധാന ലക്ഷ്യങ്ങളാണ്. കൂടാതെ സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം, സ്പോർട്സ് ഉപകരണങ്ങളുടെ നിർമ്മാണം, വിതരണം തുടങ്ങിയ കാര്യങ്ങളിൽ പങ്കാളിത്ത സ്വഭാവം കൊണ്ടുവരാനും, സ്പോർട്സ് അടിസ്ഥാന സൗകര്യ നിർമ്മാണം, സ്പോർട്സ് മേളകൾ, സ്പോർട്സ് അക്കാദമികളുടെ നിർമ്മാണം എന്നിവയിൽ സ്വകാര്യമേഖലയിൽനിന്നും നിക്ഷേപം ക്ഷണിക്കാനും കായിക നയംകൊണ്ട് ഉദ്ദേശിക്കുന്നു.

**കയ്പമംഗലം മണ്ഡലത്തിലെ മതിലകം പഞ്ചായത്തിൽ ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം പദ്ധതി**

290(1919) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ മതിലകം ഗ്രാമപഞ്ചായത്തിൽ സാംസ്കാരിക കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചിട്ടുള്ള നമ്മുടെ കളിസ്ഥലം പദ്ധതിയെ ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം എന്ന പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടെ പ്രസ്തുത കളി സ്ഥലത്ത് വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള നിർദേശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) കയ്പമംഗലം നിയോജകമണ്ഡലത്തിലെ മതിലകം ഗ്രാമപഞ്ചായത്തിൽ സാംസ്കാരിക കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചിട്ടുള്ള നമ്മുടെ കളിസ്ഥലം പദ്ധതിയെ ഒരു പഞ്ചായത്ത് ഒരു

കളിസ്ഥലം പദ്ധതിയിലുൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നിർദേശങ്ങളൊന്നും നിലവിൽ പരിഗണനയിലില്ല.

**ആലത്തൂർ മണ്ഡലത്തിലെ പെരുംകുളം അക്വാട്ടിക് അക്കാദമി**

291(1920) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ബജറ്റിലുൾപ്പെട്ട ആലത്തൂർ മണ്ഡലത്തിലെ പെരുംകുളം അക്വാട്ടിക് അക്കാദമിയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

(എ&ബി) 2020-21 ബജറ്റിലുൾപ്പെട്ട ആലത്തൂർ നിയോജകമണ്ഡലത്തിലെ പെരുംകുളം അക്വാട്ടിക് അക്കാദമിയുടെ നിർമ്മാണത്തിനായി 20-06-2022-ലെ സ.ഉ.(സാധാ) നം.157/2022/കാ.യു.വ. പ്രകാരം രണ്ട് കോടി രൂപയുടെ ഭരണാനുമതി

നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 1.88 കോടി രൂപയ്ക്ക് 14-03-2023-ൽ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്കായി 31-03-2023, 12-04-2023 എന്നീ തീയതികളിൽ ടെൻഡർ ക്ഷണിക്കുകയും പ്രസ്തുത ടെൻഡറിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ കരാറുകാരനുമായി 30-06-2023-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 10-07-2023-ൽ കരാറുകാരന് സൈറ്റ് കൈമാറി നൽകിയിരുന്നു. ടി പ്രവൃത്തിയുടെ ആരംഭത്തിനായി കരാറുകാരനും സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥരും സംയുക്തമായി 14-08-2023-ൽ പ്രസ്തുത സൈറ്റിൽ എത്തുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കരാർ പ്രകാരം കുളത്തിന്റെ വിസ്തൃതി കുറയ്ക്കുന്ന ഘടകം ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അന്നേ ദിവസം പ്രദേശവാസികളുമായുള്ള ചർച്ചയിൽ പ്രസ്തുത കുളത്തിന്റെ അളവിൽ കുറവ് വരുത്തരുതെന്ന് അവർ ആവശ്യപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് ബഹുമാനപ്പെട്ട എം.എൽ.എ. 08-09-2023-ൽ വിളിച്ചുചേർത്ത യോഗത്തിൽ കുളത്തിന്റെ വിസ്തൃതി കുറയ്ക്കുന്ന

തീരുമാനവുമായി മുന്നോട്ടുപോകാമെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ ഇതിനുശേഷം പാലക്കാട് ജില്ലയിലുണ്ടായ മഴയിൽ കുളം നിറഞ്ഞ് കവിയുകയും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയും ചെയ്തു. തുടർന്ന് 16-10-2023-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും കുളത്തിന്റെ, മഴയ്ക്കുശേഷമുള്ള ആഴം നിർണ്ണയിക്കാൻ നിർദേശം നൽകുകയും ചെയ്തു. 04-11-2023-ൽ ആഴം കണക്കാക്കുന്നതിനായി നടത്തിയ സർവെ പ്രകാരം കുളത്തിന്റെ സൈഡ് ഫില്ല് ചെയ്യുന്നതിനുള്ള അളവ് കൂടുകയും കുളത്തിലെ വെള്ളം ഒഴുക്കി കളയുന്നതിനുള്ള സ്ഥലം ലഭ്യമല്ലാതെ വരുകയും ചെയ്തു. 23-01-2024-ൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കുളത്തിന്റെ വിസ്തൃതിയിൽ വ്യത്യാസം വരുത്തരുതെന്ന് തീരുമാനിച്ചു. എന്നാൽ 2024 മാർച്ച് മാസം വരെയുള്ള മഴ കാരണം കുളത്തിലെ ജലത്തിന്റെ അളവ് ക്രമാതീതമായി വർധിച്ചിരുന്നതിനാൽ കരാറുകാരന് പ്രവൃത്തി ചെയ്യാൻ സാധിച്ചിരുന്നില്ല. പ്രസ്തുത കുളത്തിന്റെ പ്രവൃത്തി ചെയ്യാൻ ഏറ്റവും അനുയോജ്യമായത് മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളാണ്.

മഴക്കാലങ്ങളിൽ കുളത്തിന്റെ പരമാവധി ആഴം 3.5 മീറ്ററും എന്നാൽ വേനൽക്കാലത്ത് കുളത്തിന്റെ ആഴം 1 മീറ്ററിൽ താഴെയുമാണ്. പ്രസ്തുത വ്യത്യാസം കാരണം ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയിൽ വ്യത്യാസം വരികയും ചെയ്യും. സ്വാഭാവികമായി ഒരു കുളത്തിന്റെ വശങ്ങൾ സംരക്ഷിക്കുന്ന പ്രവൃത്തിക്ക് ഈ ഘടകങ്ങൾ വലിയരീതിയിൽ ബാധിക്കുന്നില്ലെങ്കിലും സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ടുള്ള ഒരു നീന്തൽ പരിശീലനത്തിനായുള്ള കുളം നിർമ്മിക്കുന്ന പ്രവൃത്തിയെ ഈ ഘടകങ്ങൾ സാരമായി ബാധിക്കുകയും ആയത് പ്രവൃത്തിയുടെ പുരോഗതിയെ ബാധിക്കുകയും ചെയ്തു. കൂടാതെ 2024 മാർച്ച് മാസം 10-ാം തീയതി കരാറുകാരന്റെ കാലാവധി അവസാനിക്കുകയും കരാറുകാരൻ ടി പ്രവൃത്തിയിൽനിന്നും തന്നെ വിടുതൽ ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ വീണ്ടും ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി കൂടിആലോചിച്ച് തുടർപ്രവർത്തനങ്ങൾ തീരുമാനിക്കുന്നതാണ്.

**കായിക രംഗത്ത് കൂടുതൽ സ്കൂളുകൾ ആരംഭിക്കാൻ നടപടി**

292(1921) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കായിക മികവ് നിലനിർത്തുന്നതിന് കായിക രംഗത്ത് കൂടുതൽ സ്കൂളുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കായിക യുവജന കാര്യാലയത്തിന്റെ കീഴിൽ നിലവിൽ 3 സ്പോർട്സ് സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ടി സ്കൂളുകളിൽ കായിക രംഗത്ത് മികവ് നിലനിർത്തുന്നതിനുതകുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങളും വിദഗ്ധ പരിശീലനവും നൽകിവരുന്നുണ്ട്. സ്പോർട്സ് കൗൺസിലിനുകീഴിൽ 26 ജില്ലാ അക്കാദമികളും 41 കോളേജുതല അക്കാദമികളും 15 സ്കൂൾതല അക്കാദമികളും പ്രവർത്തിക്കുന്നുണ്ട്. കായിക രംഗത്ത് മികവ് നിലനിർത്തുന്നതിന് കൂടുതൽ സ്കൂളുകൾ ആരംഭിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

(ബി) കുട്ടനാട്ടിൽ കനോയിങ്, കയാക്കിങ് എന്നിവയുടെ പരിശീലനത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട്ടിൽ കാനോയിങ് കയാക്കിങ് എന്നിവയുടെ പരിശീലനത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആലപ്പുഴയിൽ ഒരു റോവിങ് അക്കാദമി സ്ഥാപിക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 13-02-2017-ലെ സ.ഉ(സാധാ)നം. 33/2017/എസ്&വൈ.എ പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ലാൻഡ് അക്വിസിഷൻ ആവശ്യമായതിനാൽ 17-09-2017-ലെ ഉത്തരവ് നം. എപിആർ-3/143/2017/കിഫ്ബി പ്രകാരം 8 കോടി രൂപയ്ക്ക് കിഫ്ബിയിൽനിന്നും ലാൻഡ് അക്വിസിഷനുവേണ്ടിയുള്ള ഫിനാൻഷ്യൽ സാങ്ഷൻ ലഭിക്കുകയും ചെയ്തു. 14-10-2022-ലെ സ.ഉ.(സാധാ) 267/2022/എസ്&വൈഎ പ്രകാരം പദ്ധതി നടപ്പാക്കുന്നതിനുള്ള ചുമതല സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട്. നിലവിൽ

ലാൻഡ് അക്വിസിഷനുവേണ്ടിയുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.

**ചായ്യോത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ സ്പോർട്സ് അക്കാദമി**

293(1922) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചായ്യോത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കായിക, യുവജനകാര്യ വകുപ്പ് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളും സ്വീകരിച്ച തുടർനടപടികളും അറിയിക്കാമോ?

(എ&ബി) കാഞ്ഞങ്ങാട് മണ്ഡലത്തിലെ ചായ്യോത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് 16-02-2023-ന് എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ

പ്രസ്തുത സ്ഥലം സന്ദർശിക്കുകയും തുടർന്ന് നടന്ന മീറ്റിങ്ങിൽ സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് സ്പോർട്സ് ഹോസ്റ്റൽ**

294(1923) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കുള്ള ഭക്ഷണ അലവൻസ് മാസങ്ങളായി കുടിശ്ശികയായത് കാരണം അധ്യയനവർഷം തുടങ്ങാനിരിക്കെ സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിലുള്ള കാസർഗോഡ് സ്പോർട്സ് ഹോസ്റ്റൽ തുറക്കുന്നത് പ്രതിസന്ധിയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിശ്ശിക തീർപ്പാക്കാത്തപക്ഷം ഭക്ഷണ സാധനങ്ങൾ നൽകാൻ സാധിക്കില്ലെന്ന് കടയുടമകളും സഹകരണ സ്ഥാപനങ്ങളും ഹോസ്റ്റൽ അധികൃതരെ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് സ്പോർട്സ് ഹോസ്റ്റലിന് എത്ര മാസത്തെ കുടിശ്ശിക തുകയാണ് സ്പോർട്സ് കൗൺസിൽ നൽകാനുള്ളതെന്നും പ്രസ്തുത ഹോസ്റ്റലിന് ഒരു മാസം ഏകദേശം എത്ര ലക്ഷം രൂപ വരെയാണ് ചെലവ് വരുന്നതെന്നും വ്യക്തമാക്കാമോ?

(എ-സി) ഉണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം സ്പോർട്സ് കൗൺസിലിന് 2204-00-104-97-36-പ്ലാൻ ശീർഷകത്തിൽ അനുവദിച്ചുനൽകിയ തുക ചെലവഴിച്ചുതീർന്ന സാഹചര്യത്തിലാണ് 2023 നവംബർ മുതൽ 2024 മാർച്ച് വരെ കാസർഗോഡ് ജില്ലാ സ്പോർട്സ് അക്കാദമിക്ക് ഭക്ഷണ അലവൻസ് അനുവദിക്കുന്നതിൽ കുടിശ്ശിക വന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2023 നവംബർ - 2,57,402/-

2023 ഡിസംബർ - 2,00,130/-

2024 ജനുവരി - 2,75,526/-

2024 ഫെബ്രുവരി - 2,46,730/-

2024 മാർച്ച് - 1,96,764/-

ആകെ - 11,76,552/-

നടപ്പുസാമ്പത്തിക വർഷത്തിൽ സർക്കാരിൽനിന്നും ബന്ധപ്പെട്ട ശീർഷകത്തിൽ ആദ്യ ഗഡുവായി 8,27,63,000/- രൂപ അനുവദിച്ച് നൽകിയതിനെ തുടർന്ന് മുഴുവൻ കുടിശ്ശികയും തീർക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) അഞ്ചു മാസക്കാലയളവിൽ രണ്ട് സഹകരണ സ്ഥാപനങ്ങളിലും മറ്റ് കടകളിലുമായി പന്ത്രണ്ട് ലക്ഷം രൂപയോളം കുടിശ്ശികയായിട്ടുണ്ടെന്നുള്ളതും ഈ തുക ഒടുക്കാതെ ഇനി സാധനങ്ങൾ വാങ്ങാൻ കഴിയില്ലെന്നുമുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഇ) ഹോസ്റ്റൽ എന്ന് തുറക്കണമെന്നാണ് ജില്ലാ സ്പോർട്സ് കൗൺസിലിന് അധികൃതർ നിർദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഹോസ്റ്റൽ അന്തേവാസികൾക്ക് ഭക്ഷണം നൽകുന്ന

വിഷയത്തിലെ പ്രതിസന്ധി പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) എസ്.എസ്.എൽ.സി.-ക്ക് പഠിക്കുന്ന എത്ര കുട്ടികൾ പ്രസ്തുത ഹോസ്റ്റലിൽ താമസിക്കുന്നുണ്ടെന്നും ഹോസ്റ്റൽ തുറക്കാത്ത സാഹചര്യം വിദ്യാർഥികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കില്ലേയെന്നും വ്യക്തമാക്കാമോ?

(ഇ&എഫ്) 2024 ജൂൺ 3-ാം തീയതി എല്ലാ ജില്ലകളിലെയും ഹോസ്റ്റലുകൾ തുറക്കുന്നതിനായി സ്പോർട്സ് കൗൺസിലിൽനിന്നും നിർദേശം നൽകിയിട്ടുണ്ട്. ഹോസ്റ്റലുകൾ തുറക്കുന്നതിന്റെ ഭാഗമായി ചെലവുകൾ വഹിക്കുന്നതിന് ഒരു ലക്ഷം രൂപ അടിയന്തര ധനസഹായമായി അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലാ സ്പോർട്സ് അക്കാദമിയിൽ നിലവിൽ 9 കുട്ടികൾ എസ്.എസ്.എൽ.സി.-ക്ക് പഠിക്കുന്നുണ്ട്.

(ജി) വിദ്യാർഥികൾക്ക് പ്രതിമാസം വാഷിങ് അലവൻസ് ഇനത്തിൽ നൽകേണ്ട തുകയും പരിശീലകർ അടക്കമുള്ള താൽക്കാലിക ജീവനക്കാർക്ക്

നൽകേണ്ട ശമ്പളവുമടക്കം എത്ര രൂപയുടെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ?

ഹോസ്റ്റലിലെ കായിക താരങ്ങൾക്ക് വാഷിങ് അലവൻസ് അനുവദിക്കുന്ന പദ്ധതി നിലവിലില്ല. പരിശീലകർ അടക്കമുള്ള താൽക്കാലിക ജീവനക്കാർക്ക് 2024 ഏപ്രിൽ വരെയുള്ള ശമ്പള കുടിശ്ശിക അനുവദിച്ചിട്ടുണ്ട്.

**ആലപ്പുഴ കോസ്റ്റൽ റോവിങ് അക്കാദമി**

295(1924) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ 2023 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച കോസ്റ്റൽ റോവിങ് അക്കാദമി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കുട്ടനാട്ടിൽ കാനോയിങ്, കയാക്കിങ് എന്നിവയുടെ പരിശീലനത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആലപ്പുഴയിൽ ഒരു

റോവിങ് അക്കാദമി സ്ഥാപിക്കുന്നതിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 13-02-2017-ലെ സ.ഉ (സാധാ) 33/2017/എസ്.&വൈ.എ. പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. കിഫ്ബിയിൽനിന്നും 8 കോടി രൂപയുടെ ലാൻഡ് അക്വിസിഷനുവേണ്ടിയുള്ള ഫിനാൻഷ്യൽ സാങ്ഷൻ ലഭിക്കുകയും ചെയ്തു. 14-10-2022-ലെ സ.ഉ (സാധാ) നം.267/2022/എസ്.&വൈ.എ. പ്രകാരം പദ്ധതി നടപ്പാക്കുന്നതിന് സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി. ലാൻഡ് അക്വിസിഷനുവേണ്ടിയുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) മുൻവർഷങ്ങളിലെ ബജറ്റുകളിൽ പ്രഖ്യാപിച്ചിരുന്നതും ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തികൾ നടന്നുവരുന്നതുമായ ആലപ്പുഴ മണ്ഡലത്തിലെ പദ്ധതികളുടെ പാർട്ട് ബില്ലുകൾ മാറിനൽകുന്നതിന് കാലതാമസം നേരിടുന്നതിനാൽ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ, കണിച്ചുകുളങ്ങര ജി.എച്ച്.എസ്.എസ്. ഗ്രൗണ്ടിൽ മിനി സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി ചെയ്തതിന്റെ രണ്ടാം ഗഡു ബിൽ തുകയും പി.എം.സി.-യും ഉൾപ്പെടെ 1,19,65,112/- (ഒരു കോടി പത്തൊൻപത് ലക്ഷത്തി അറുപത്തയ്യായിരത്തി ഒരുനൂറ്റി പന്ത്രണ്ട് രൂപ മാത്രം) രൂപ 09-05-2024-ലെ സ.ഉ.(സാധാ) നം108/2024/എസ്.&വൈ.എ. പ്രകാരം അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത തുക അനുവദിക്കുന്നതിനായി ശീർഷകത്തിൽ അലോട്ട്മെന്റ് ലഭ്യമല്ലാത്തതിനാൽ അലോട്ട്മെന്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന ഏതൊക്കെ സംഘടനകൾക്കാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളതെന്ന് തുക, സംഘടനകളുടെ പേര് എന്നിവ സഹിതമുള്ള വിശദവിവരം ലഭ്യമാക്കാമോ?

| സംഘടനയുടെ പേര് | വർഷം | അനുവദിച്ച തുക |
|---|---|---|
| കേരള റേസ് ബോട്ട്സ് ആൻഡ് അമച്വർ റോവിങ് അസോസിയേഷൻ | | |
| " | 2019-20 | 30,00,000/- |

| | | |
|---|---|---|
| " | 2020-21 | 30,00,000/- |
| " | 2021-22 | ഇല്ല |
| " | 2022-23 | 20,30,000/- |
| " | 2023-24 | 20,30,000/- |

**കൂത്തുപറമ്പ് മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി**

296(1925) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ കുന്നോത്തുപറമ്പ് ഇൻഡോർ സ്റ്റേഡിയം, ചെറുവാഞ്ചേരി സ്റ്റേഡിയം എന്നിവയുടെ നിർമ്മാണ പുരോഗതിയും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയങ്ങൾ സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

(എ&ബി) കൂത്തുപറമ്പ് മണ്ഡലത്തിലെ കുന്നോത്തുപറമ്പ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 12-10-2022-ലെ സ.ഉ. (സാധാ) നം.258/2022/കാ.യു.വ. പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സി. എൽ. മുഹമ്മദ് ഹനീഫ്, കാസർഗോഡ് എന്ന കരാറുകാരനുമായി 20-01-2024-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. 5% പ്രവൃത്തി ഇതിനകം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

കൂത്തുപറമ്പ് മണ്ഡലത്തിലെ ചെറുവാഞ്ചേരി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 04-01-2023-ലെ സ.ഉ (സാധാ) നം. 13/2023/കാ.യു.വ പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 09-03-2024-ൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ആദ്യ ദർഘാസിൽ

കരാറുകാരെ ലഭിക്കാത്ത സാഹചര്യത്തിൽ ടി പദ്ധതി 27-04-2024-ൽ പുനർ ദർഘാസ് ക്ഷണിക്കുകയും രണ്ട് കരാറുകാരെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കരാറിൽ L1 കരാറുകാരൻ 3,92,77,722/- രൂപയും L2 കരാറുകാരൻ 4,63,22,059/- രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ L1 കരാറുകാരൻ PEB Structure-ലുള്ള പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ടി കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടില്ല. ആയതിനാൽ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കരാറുകാരന് നിർദേശം നൽകിയിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി സി.വി.എം. ഹൈസ്കൂളിലെ മിനി സ്റ്റേഡിയം**

297(1926) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 ബജറ്റിൽ ഉൾപ്പെട്ട ആലത്തൂർ മണ്ഡലത്തിലെ വണ്ടാഴി സി.വി.എം. ഹൈസ്കൂളിലെ മിനി സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലായതിന്റെ കാരണമെന്തെന്നും നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

(എ&ബി) 2021-22 ബജറ്റിൽ ഉൾപ്പെട്ടതും 23-03-2022-ലെ സ.ഉ.(സാധാ) നം.66/2022 പ്രകാരം 95,73,700/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നതുമായ ആലത്തൂർ നിയോജകമണ്ഡലത്തിലെ വണ്ടാഴി സി.വി.എം ഹൈസ്കൂളിലെ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി ദർഘാസ് ക്ഷണിച്ച് കരാറിൽ ഏർപ്പെട്ടിരുന്നു. തുടർന്ന് പ്രസ്തുത സ്ഥലത്തിന്റെ അതിർത്തി കല്ല് കെട്ടി തിരിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. ടി പ്രവൃത്തിയിൽ ഉൾപ്പെട്ട ടോയ്‌ലറ്റിന്റെയും ഡ്രെയിനേജിന്റെയും പ്രവൃത്തി ആരംഭിക്കുന്ന സമയത്ത് പ്രാദേശികമായ എതിർപ്പുകൾ കാരണം പ്രവൃത്തി നിർത്തിവച്ചിരുന്നു. അതിനുശേഷം പ്രവൃത്തി പുനരാരംഭിക്കാൻ കരാറുകാരന് നോട്ടീസ് നൽകിയെങ്കിലും കരാറുകാരൻ ഇതുവരേയും പ്രവൃത്തി പുനരാരംഭിച്ചിട്ടില്ല. അതിനാൽ പ്രസ്തുത

കരാറുകാരനെ ടി പ്രവൃത്തിയിൽനിന്നും ഒഴിവാക്കി ബാക്കി പ്രവൃത്തിക്ക് ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ പെരിങ്ങുന്നം ജി.എൽ.പി.എസ്. ഗ്രൗണ്ടിന്റെ നിർമ്മാണം**

298(1927) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിലുൾപ്പെടുത്തിയ ആലത്തൂർ മണ്ഡലത്തിലെ പെരിങ്ങുന്നം ജി.എൽ.പി.എസ്. ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കുഴൽമന്ദം ഗ്രാമപഞ്ചായത്ത് പെരിങ്ങുന്നം ജി.എൽ.പി.എസ്. ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായി ആലത്തൂർ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ജില്ലാ കളക്ടർ 40 ലക്ഷം രൂപയുടെ

ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 16-03-2024-ൽ കായിക വകുപ്പ് ഡയറക്ടർ, എ 3-554/23/കാ.യു.ക ഉത്തരവുപ്രകാരം എം.എൽ.എ. ഫണ്ട് വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടെ 80 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 75.11 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും 14-06-2024-ൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവർത്തനം മന്ദഗതിയിലാകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് കായിക യുവജനകാര്യ ഡയറക്ടർ 16-03-2024-ന് സമഗ്ര ഭരണാനുമതി നൽകിയിരുന്നുവെങ്കിലും തുടർന്ന് തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലാണ് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കാത്തത്. നിലവിൽ പെരുമാറ്റച്ചട്ടം മാറിയ സാഹചര്യത്തിൽ ടി പ്രവൃത്തി 14-06-2024-ൽ ടെൻഡർ ചെയ്തിട്ടുണ്ട്.

**കായംകുളം മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

299(1928) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിലുൾപ്പെട്ട കായംകുളം മണ്ഡലത്തിലെ പത്തിയൂർ പഞ്ചായത്ത് എച്ച്.എസ്. സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിലുൾപ്പെട്ട കായംകുളം മണ്ഡലത്തിലെ പത്തിയൂർ എച്ച്. എസ്. ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ 50 ശതമാനം തുകയായ 50 ലക്ഷം രൂപയ്ക്ക് എം.എൽ.എ. എ.ഡി.എസ്.-ൽനിന്നും 30-12-2023-ലെ ജി3/8800/2023 നമ്പർ ഉത്തരവുപ്രകാരം ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭ്യമായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം പ്ലാൻ വിഹിതത്തിൽനിന്നുള്ള 50 ലക്ഷം രൂപയും ചേർത്ത് സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ (എസ്.ഒ.പി.) പ്രകാരം 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി, കായിക വകുപ്പ്

ഡയറക്ടറുടെ 12-01-2024-ലെ നടപടിക്രമം നം.എ 3-8974/23/ ഡി.എസ്.വൈ.എ. പ്രകാരം നൽകിയിട്ടുണ്ട്. തുടർന്ന് 19-02-2024-ൽ സാങ്കേതികാനുമതി നൽകുകയും 21-02-2024, 09-03-2024, 29-04-2024, 31-05-2024 എന്നീ തീയതികളിലായി 4 തവണ ടെൻഡർ ക്ഷണിച്ചിരുന്നെങ്കിലും ആരുംതന്നെ ടെൻഡറിൽ പങ്കെടുത്തിരുന്നില്ല. ഇത് റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാട്ടാക്കട മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണം**

300(1929) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ സ്റ്റേഡിയം നിർമ്മാണത്തിന്റെ നടപടികൾ എന്തായെന്ന് വ്യക്തമാക്കാമോ; നടപടികൾ വേഗത്തിലാക്കി നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുമോ?

കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്ക് 19-12-2023-ലെ സ.ഉ. (സാധാ) നം.360/2023/കാ.യു.വ. പ്രകാരം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിൻപ്രകാരം 12-03-2024-ൽ സാങ്കേതികാനുമതി നൽകുകയും 16-03-2024, 30-04-2024 എന്നീ തീയതികളിലായി 2 തവണ ടെൻഡർ ക്ഷണിക്കുകയും 10-06-2024-ൽ ടെൻഡർ ലഭ്യമായിട്ടുമുണ്ട്. കരാറുകാരന് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മാറനല്ലൂർ പഞ്ചായത്തിലെ കുവളശ്ശേരി സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും വിശദാംശങ്ങളും ലഭ്യമാക്കാമോ?

മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ കുവളശ്ശേരി സ്റ്റേഡിയം നവീകരണത്തിനായി 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിലുൾപ്പെടുത്തി 1 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഗ്രൗണ്ട് നവീകരണ പ്രവൃത്തി, മഡ് കോർട്ടിന്റെ നിർമ്മാണം, റീട്ടെയിനിങ് വാളിന്റെ നിർമ്മാണം, ഡ്രെയിനേജ് & ഫെൻസിങ്, ടോയ്‌ലറ്റ് ബ്ലോക്ക് എന്നീ ഘടകങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. അതിന്

തിരുവനന്തപുരം ജില്ലാ കളക്ടറിൽനിന്നും ഭരണാനുമതിയും കായിക യുവജനകാര്യ ഡയറക്ടറിൽനിന്നും സമഗ്ര ഭരണാനുമതിയും ലഭ്യമാകുന്നമുറയ്ക്ക് ടെൻഡർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**അമ്പലപ്പുഴ മണ്ഡലത്തിലെ സ്റ്റേഡിയം നിർമ്മാണ പദ്ധതികൾ**

301(1930) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഇ.എം.എസ്. സ്റ്റേഡിയം (കിഫ്ബി), പഞ്ചായത്ത് കളിക്കളം പദ്ധതിയിലുൾപ്പെടുത്തിയ അമ്പലപ്പുഴ ഗവൺമെന്റ് എച്ച്.എസ്. സ്റ്റേഡിയം എന്നിവയുടെ നിർമ്മാണത്തിൽ വന്നിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ?

ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിനായി 14.14 കോടി രൂപയ്ക്ക് 15-05-2017-ലെ G.O(Rt)No.95/2017/S&YA പ്രകാരം ഭരണാനുമതി നൽകിയിരുന്നു. തുടർന്ന്

8.62 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്ന് ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ സിന്തറ്റിക് ട്രാക്ക് ഒഴികെ നാച്വറൽ ഫുഡ്ബോൾ ഗ്രൗണ്ട്, ലാൻഡ് ഡെവലപ്മെന്റ് പ്രവൃത്തികൾ, ചെയിൻലിങ്ക്, ഫെൻസിങ്, ഓപ്പൺ വെൽ, വാട്ടർ സപ്ലൈ & സാനിറ്ററി പ്രവൃത്തികൾ, സമ്പ് & പമ്പ് റൂം, ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങൾക്ക് M/s. കിറ്റ്കോ ടെൻഡർ ചെയ്യുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. ടി പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തിയായ സിന്തറ്റിക് ട്രാക്കിന് M/s. കിറ്റ്കോ ടെൻഡർ ക്ഷണിക്കുകയും ലഭിച്ച ടെൻഡറിന്റെ പകർപ്പ് ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് 20-01-2024, 06-03-2024 എന്നീ തീയതികളിൽ കൂടിയ ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റിയിൽ പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ ഡോക്യുമെന്റുകളുടെ ഒറിജിനൽ സൂക്ഷ്മ പരിശോധനയ്ക്കായി സമർപ്പിക്കാൻ കായിക വകുപ്പ് സെക്രട്ടറി നിർദേശം നൽകിയിരുന്നു. എന്നാൽ L1 (ഏറ്റവും കുറഞ്ഞ) നിരക്ക് സമർപ്പിച്ച ബിഡ്ഡറിന്റെ ഒറിജിനൽ ടെൻഡർ ഡോക്യുമെന്റ്സും ശേഷിക്കുന്ന ബിഡ്ഡറുകളുടെ ടെൻഡർ ഡോക്യുമെന്റുകളുടെ

പകർപ്പുമാണ് M/s. കിറ്റ്കോ സമർപ്പിച്ചത്. ലഭിച്ച പകർപ്പുകൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ സൂക്ഷ്മ പരിശോധന നടത്തുകയും സമർപ്പിച്ചിരുന്ന റിപ്പോർട്ടിന്മേൽ കായികയുവജനകാര്യ ഡയറക്ടറുടെ വ്യക്തമായ അഭിപ്രായം തേടിയിട്ടുള്ളതുമാണ്. കൂടാതെ 20-05-2024-ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വിളിച്ചുചേർത്ത മീറ്റിങ്ങിൽ പ്രസ്തുത പദ്ധതി റീ-ടെൻഡർ ചെയ്യാനും നിർദേശം നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത പദ്ധതിയുടെ 34 ശതമാനത്തോളം പ്രവൃത്തികളുടെ നിർമ്മാണമാണ് പൂർത്തിയായിട്ടുള്ളത്.

'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിലുൾപ്പെട്ട ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് മോഡൽ എച്ച്. എസ്. എസ്. ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ 50 ശതമാനം തുകയായ 50 ലക്ഷം രൂപയ്ക്ക് ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം പ്ലാൻ വിഹിതത്തിൽ നിന്നുള്ള 50 ലക്ഷം രൂപയും ചേർത്ത് സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ (എസ്.ഒ.പി.) പ്രകാരം 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതിയും കായികയുവജനകാര്യ വകുപ്പ് ഡയറക്ടർ നൽകിയിട്ടുണ്ട്. തുടർന്ന് 12-03-2024-ൽ

സാങ്കേതികാനുമതി നൽകുകയും 15-03-2024, 30-04-2024 എന്നീ തീയതികളിലായി 2 തവണ ടെൻഡർ ക്ഷണിച്ചുവെങ്കിലും ആരുംതന്നെ ടെൻഡറിൽ പങ്കെടുത്തിരുന്നില്ല. രണ്ടാമത് ക്ഷണിച്ച ദർഘാസ് കാലാവധി നീട്ടി നൽകിയിട്ടും ദർഘാസ് ലഭ്യമായില്ല. വീണ്ടും റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചുവരുന്നു.

(ബി) കിഫ്ബിയിലുൾപ്പെടുത്തിയ ആലപ്പുഴ മെഡിക്കൽ കോളേജ് ഗ്രൗണ്ട് പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് ഡി.പി.ആർ. തയ്യാറാക്കിയതെന്നും എത്ര കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളതെന്നും പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ടി.ഡി. മെഡിക്കൽ കോളേജ് ഗ്രൗണ്ടിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 10-01-2024-ലെ സർക്കാർ ഉത്തരവ്

(സാധാ)നം.8/2024/കാ.യു.വ. പ്രകാരം 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി സ്പോർട്സ് കേരള ഫൗണ്ടേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കിഫ്ബിയിൽനിന്ന് സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിലേക്കായി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പ്രവൃത്തിയുടെ ടോട്ടൽ സ്റ്റേഷൻ സർവെ, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നീ പ്രവൃത്തികൾ പൂർത്തിയാക്കുകയും നിലവിൽ പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിവരികയുമാണ്.

**മട്ടന്നൂർ മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നവീകരണം**

302(1931) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ മാന്നൂർ മിനി സ്റ്റേഡിയം, കീഴല്ലൂർ പഞ്ചായത്ത് ഗ്രൗണ്ട്, മാലൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം, പടിയൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം,

ചിറ്റാരിപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം എന്നിവയുടെ നവീകരണത്തിനുവേണ്ടി കായിക വകുപ്പ് അനുവദിച്ചിട്ടുള്ള പതിനഞ്ച് ലക്ഷം രൂപയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

വിവിധ വിദ്യാലയങ്ങളുടേയും പഞ്ചായത്തുകളുടേയും കളിസ്ഥല നവീകരണത്തിനായി മട്ടന്നൂർ മണ്ഡലത്തിലെ മാലൂർ മിനി സ്റ്റേഡിയം (15 ലക്ഷം രൂപ), കീഴല്ലൂർ പഞ്ചായത്ത് ഗ്രൗണ്ട് (15 ലക്ഷം രൂപ), മാലൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം (15 ലക്ഷം രൂപ), പടിയൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം (15 ലക്ഷം രൂപ), ചിറ്റാരിപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം (15 ലക്ഷം രൂപ) ഉൾപ്പെടെ 19 പ്രവൃത്തികൾക്ക് 18-01-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 7/2022/കാ.യു.വ. പ്രകാരം 2.65 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത കളിസ്ഥലങ്ങളിൽ 7 കളിസ്ഥലങ്ങളുടെ പ്രവൃത്തി മാത്രമാണ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പാക്കുന്നത്. അതിൽ മട്ടന്നൂർ മണ്ഡലത്തിൽ മാലൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളും ചിറ്റാരിപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി

സ്ഥലമാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

<u>മാലൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം</u>

പ്രസ്തുത പ്രവൃത്തിക്കായി 07-12-2023-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 14.08 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും 16-12-2023, 13-02-2024 എന്നീ തീയതികളിൽ ദർഘാസ് ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനായ ശ്രീ. മുഹമ്മദ് ഷമീർ, കണ്ണൂർ (11.92 ലക്ഷം) എന്ന കരാറുകാരന് 05-03-2024-ൽ വർക്ക് ഓർഡർ നൽകുകയും പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>ചിറ്റാരിപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം</u>

പ്രസ്തുത പ്രവൃത്തിക്കായി 11-01-2024-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 12.65 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിയിൽ ജിം ഉപകരണങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. 13-01-2024, 12-02-2024 എന്നീ തീയതികളിൽ ജിം ഉപകരണങ്ങൾ

സ്ഥാപിക്കുന്നതിനായി ദർഘാസ് ക്ഷണിക്കുകയും കരാർ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ സാങ്കേതിക വിലയിരുത്തൽ നടന്നുവരികയാണ്. ഉടൻ തന്നെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മട്ടന്നൂർ മണ്ഡലത്തിലെ എത്ര കളിസ്ഥലങ്ങൾക്ക് നിലവിൽ തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

മട്ടന്നൂർ മണ്ഡലത്തിൽ നിലവിൽ 4 കളിസ്ഥലങ്ങൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്. അതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1. മാലൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം (15 ലക്ഷം രൂപ)

2. ചിറ്റാരിപ്പറമ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം (15 ലക്ഷം രൂപ)

3. മട്ടന്നൂർ സിന്തറ്റിക്ക് ഫുട്ബോൾ സ്റ്റേഡിയം (കിഫ്ബി പദ്ധതി - പ്രവൃത്തി പൂർത്തീകരിച്ചു)

4. മട്ടന്നൂർ അക്വാട്ടിക് കോംപ്ലക്സ് (കിഫ്ബി പദ്ധതി) (15 കോടി രൂപ)

**മണലൂർ മണ്ഡലത്തിൽ കണ്ടാണശ്ശേരി പഞ്ചായത്തിലെ സ്റ്റേഡിയം നിർമ്മാണം**

303(1932) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ നമ്പഴിക്കാട് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് രണ്ട് കോടി രൂപ അനുവദിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം-II-ൽ ക്രമ നം. 361-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഹെഡ്ഡിലാണ് മണലൂർ മണ്ഡലത്തിലെ

കണ്ടാണശ്ശേരി പഞ്ചായത്തിലെ നമ്പഴിക്കാട് ഗ്രൗണ്ടിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 10 കോടി രൂപ അടങ്കൽ തുകയായും 20 ശതമാനം തുക തനത് വർഷത്തെ ബജറ്റ് വിഹിതമായും വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ഈ വകുപ്പിലേക്ക് മാറ്റി നൽകിക്കൊണ്ട് ഉത്തരവൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

**വാമനപുരം മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

304(1933) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് വാമനപുരം മണ്ഡലത്തിൽ 2022-23 വർഷം മുതൽ നടപ്പാക്കിവരുന്ന പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്നും ഓരോ പദ്ധതിയുടെ നിർമ്മാണ പുരോഗതിയും അറിയിക്കാമോ?

കായിക വകുപ്പ് വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**1. നെല്ലനാട് ഗ്രാമപഞ്ചായത്തിലെ ആലന്തറ നാച്വറൽ നീന്തൽക്കുളത്തിന്റെ പുനരുദ്ധാരണ പ്രവൃത്തി**

പ്രസ്തുത പ്രവൃത്തിക്കായി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതുപ്രകാരം 16-02-2024-ൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെൻഡർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ഷിബുകുമാർ എസ്. എസ്., തിരുവനന്തപുരം എന്ന കരാറുകാരനുമായി 16-03-2024-ന് 87,19,892/- രൂപയ്ക്ക് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുമുണ്ട്. പ്രവൃത്തിയുടെ 5% പൂർത്തിയായിട്ടുണ്ട്. 6 മാസമാണ് പൂർത്തീകരണ കാലാവധി.

**2. പാങ്ങോട് ഗ്രാമപഞ്ചായത്തിലെ ഭരതന്നൂർ സ്റ്റേഡിയത്തിന്റെ നവീകരണം**

പ്രസ്തുത പ്രവൃത്തിക്കായി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതുപ്രകാരം 13-02-2024-ൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെൻഡർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ഷിബുകുമാർ എസ്. എസ്, തിരുവനന്തപുരം എന്ന കരാറുകാരനുമായി 31-05-2024-ന് 87,18,651/- രൂപയ്ക്ക് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുമുണ്ട്.

പ്രവൃത്തിയുടെ 5 ശതമാനം പൂർത്തിയായിട്ടുണ്ട്. 6 മാസമാണ് പൂർത്തീകരണ കാലാവധി.

**3. കല്ലറ ഗ്രാമപഞ്ചായത്തിലെ താന്നിയം സ്റ്റേഡിയം നവീകരണ പ്രവൃത്തി (ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി)**

പ്രസ്തുത പ്രവൃത്തിക്കായി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതനുപ്രകാരം 09-02-2024-ൽ സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെൻഡർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. ജയകുമാർ എസ്, തിരുവനന്തപുരം എന്ന കരാറുകാരനുമായി 15-05-2024-ന് 68,05,897/- രൂപയ്ക്ക് എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. 6 മാസമാണ് പൂർത്തീകരണ കാലാവധി.

**4. 2024-25 ബജറ്റ് വർക്ക്-പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണം**

പ്രസ്തുത പ്രവൃത്തിക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എം.എൽ.എ-യുമായി ചർച്ച നടത്തുകയും ഘടകങ്ങൾ തീരുമാനിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

മേൽ പ്രവൃത്തികൾ കൂടാതെ വനം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് അരിപ്പയിലുള്ള ഫോറസ്റ്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഇലക്ട്രോ മെക്കാനിക്കൽ/ഫിൽട്രേഷൻ വർക്കുകളുൾപ്പെടെ 25 X 12.5 മീറ്റർ നീന്തൽക്കുളത്തിന്റെ നിർമ്മാണവും അരിപ്പയിലെ ഫോറസ്റ്റ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിന്റെ നിർമ്മാണവും മാപ്പിൾ വുഡ് ഫ്ലോറിങ് പ്രവൃത്തിയും നടപ്പാക്കിയിട്ടുണ്ട്. ടി പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ബി) ഈ സർക്കാർ ആവിഷ്കരിച്ച 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതി വരും വർഷങ്ങളിലും തുടരാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

"ഒരു പഞ്ചായത്ത് ഒരു കളിക്കളം" പദ്ധതി പ്രകാരം എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം നിർമ്മിക്കുക, അതിലൂടെ കായിക വികസനത്തിന് ഏറ്റവും അടിത്തട്ടിൽനിന്നുള്ള വികസനം സാധ്യമാക്കുക എന്ന ബൃഹത് ലക്ഷ്യമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രകാരം വിവിധ ഘട്ടങ്ങളിലായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കളിക്കളം ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ എല്ലാ

പഞ്ചായത്തുകളിലും തനത് കായിക വികസനങ്ങൾകൂടി പരിഗണിച്ചുകൊണ്ട് ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 124 പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ നടപ്പാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പൂളക്കടവിലെ കളിസ്ഥല നിർമ്മാണം**

305(1934) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പൂളക്കടവിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏത് ഏജൻസി/വകുപ്പ് ആണ് പദ്ധതിയുടെ തുടർനടപടികൾ സ്വീകരിക്കേണ്ടതെന്നും പദ്ധതി അടിയന്തരമായി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

(എ&ബി) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പൂളക്കടവിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി 14-02-2024-ലെ സ.ഉ.

(സാധാ)നം.40/2024/കാ.യു.വ നമ്പർ സർക്കാർ ഉത്തരവുപ്രകാരം "ഒരു പഞ്ചായത്ത് ഒരു കളിക്കളം" പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കായിക യുവജനകാര്യാലയത്തിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനാണ് പദ്ധതിയുടെ നിർവഹണ ഏജൻസി. സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ. ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകളിൽനിന്നുള്ള ഫണ്ടും സമാഹരിച്ചാണ് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലെ ഓരോ പ്രവൃത്തിക്കും ആവശ്യമായ തുക സമാഹരിക്കുന്നത്. നിലവിൽ ഈ പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽനിന്നോ ജില്ലാ കളക്ടറിൽനിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നോ അറിയിപ്പ് ലഭിക്കുന്നമുറയ്ക്ക് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

306(1935) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിപ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കുന്ന വടക്കാഞ്ചേരി ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ട് നിർമ്മാണം, മിണാലൂർ ഇ.എം.എസ്. ഇൻഡോർ സ്റ്റേഡിയം നിർമ്മാണം എന്നീ പദ്ധതികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിലുൾപ്പെട്ട വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഗ്രൗണ്ട് നിർമ്മാണത്തിനായി പദ്ധതിയുടെ നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും തുടർന്ന് എം.എൽ.എ. ഫണ്ടിൽനിന്നും 50 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് തൃശ്ശൂർ ജില്ലാകളക്ടറുടെ ഭരണാനുമതി ലഭ്യമാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കായികവകുപ്പിന്റെ പദ്ധതിവിഹിതമായി 50 ലക്ഷം രൂപകൂടി ഉൾപ്പെടുത്തി 100 ലക്ഷം രൂപയുടെ

സമഗ്ര ഭരണാനുമതിയും കായികയുവജനകാര്യ ഡയറക്ടർ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 23-02-2024-ൽ 93.88 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. ആദ്യ രണ്ട് ദർഘാസിലും കരാറുകാർ ആരുംതന്നെ പങ്കെടുത്തിരുന്നില്ല. തുടർന്ന് 27-04-2024-ൽ പുനർദർഘാസ് ക്ഷണിക്കുകയും ഒരു കരാറുകാരനിൽനിന്നും ദർഘാസ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി ദർഘാസ് പരിശോധിച്ച് പ്രസ്തുത പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ പദ്ധതിയുടെ നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചുവരുന്നു.

മിണാലൂർ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 26-05-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം.145/2023/കാ.യു.വ. പ്രകാരം 1.41 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ പദ്ധതിക്കായി 1.34 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിക്കുകയും

ചെയ്തിരുന്നു. ആദ്യ രണ്ട് ദർഘാസിലും കരാറുകാർ ആരുംതന്നെ പങ്കെടുക്കാതിരുന്നതിനാൽ 10-05-2024-ൽ പുനർദർഘാസ് ക്ഷണിക്കുകയും ഇതിൽ ഒരു കരാറുകാരനിൽനിന്നും ദർഘാസ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി ദർഘാസ് പരിശോധിച്ച് പ്രസ്തുത പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചുവരുന്നു.

**ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ വികസന പ്രവർത്തനങ്ങൾ**

307(1936) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന വികസന പദ്ധതി സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കായിക വകുപ്പിലെ കിഫ്ബി ധനസഹായത്തോടെ നടത്തുന്ന കായിക അടിസ്ഥാനസൗകര്യ വികസന പ്രവൃത്തിയായ ആറ്റിങ്ങൽ ശ്രീപാദം

സ്റ്റേഡിയത്തിന്റെ എസ്.പി.വി. കിറ്റ്കോയിൽനിന്നും മാറ്റി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ ടി പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി KIIFB-യിൽ സമർപ്പിച്ചെങ്കിലും ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ അത് revalidate ചെയ്യണമെന്നും അതിനുള്ള സർക്കാർ ഉത്തരവ് ലഭിച്ചതിനുശേഷമേ KIIFB-ക്ക് സാമ്പത്തികാനുമതി അനുവദിക്കാൻ സാധിക്കുകയുള്ളൂവെന്നും KIIFB അറിയിച്ചതിനെ തുടർന്ന് ടി പ്രവൃത്തിയുടെ ഭരണാനുമതി revalidate ചെയ്യുന്നതിനായി കായിക യുവജനകാര്യ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ പഞ്ചായത്ത് സ്റ്റേഡിയം**

308(1937) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയുടെ ഭാഗമായി ബാലുശ്ശേരി മണ്ഡലത്തിൽ അനുവദിച്ച കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് എന്താണ് തടസ്സമെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിലുൾപ്പെട്ട ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ 50 ശതമാനം തുകയായ 50 ലക്ഷം രൂപയ്ക്ക് എം.എൽ.എ എ.ഡി.എസ്.-ൽനിന്നും 30-12-2023-ലെ എൽ.എസ്.ജി.ഡി/ജെ.ഡി/കെ.കെ.ഡി/6809/2023-എഫ്2 നമ്പർ ഉത്തരവുപ്രകാരം ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭ്യമായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം പ്ലാൻ വിഹിതത്തിൽനിന്നുള്ള 50 ലക്ഷം രൂപയും ചേർത്ത് SOP (Standard Operating Procedure) പ്രകാരം 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി, കായിക വകുപ്പ് ഡയറക്ടറുടെ 11-01-2024-ലെ നടപടിക്രമം നം.എ 3-7941/23/ഡി.എസ്.വൈ.എ. പ്രകാരം നൽകിയിട്ടുണ്ട്. തുടർന്ന് 01-02-2024-ൽ സാങ്കേതികാനുമതി നൽകുകയും 06-02-2024, 09-03-2024,

29-04-2024 എന്നീ തീയതികളിലായി 3 തവണ ടെൻഡർ ക്ഷണിച്ചിരുന്നെങ്കിലും ആരുംതന്നെ ടെൻഡറിൽ പങ്കെടുത്തിരുന്നില്ല. റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കായംകുളം മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണം**

309(1938) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ അനുവദിച്ച ഭരണിക്കാവ് ഗവൺമെന്റ് യു.പി.എസ്. സ്റ്റേഡിയം, കണ്ടല്ലൂർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണം ഭരണാനുമതി ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഭരണിക്കാവ് ഗവൺമെന്റ് യു.പി.എസ്. സ്റ്റേഡിയത്തിന്റെ നിലവിലെ കരാർ പ്രകാരമുള്ള പ്രവൃത്തി 27-05-2023-ന് പൂർത്തിയായിട്ടുണ്ട്. അധിക പ്രവൃത്തിയായ പ്രീ എഞ്ചിനീയേർഡ് ബിൽഡിങിന്റെ സൈഡ് കവറിങ്, സ്പോർട്സ് ഫ്ളോറിങ്, എർത്ത്ഫില്ലിങ് & ഇന്റർലോക്ക്, ടോയ്‌ലറ്റ്, ചുറ്റുമതിൽ, ഡ്രെയിനേജ്, ഇലക്ട്രിഫിക്കേഷൻ എന്നിവയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കായംകുളം മണ്ഡലത്തിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തി 86 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ബാക്ക് ഫില്ലിങ്, പി.സി.സി. ലെയിങ്, ആർ.സി.സി. ഫ്ളോറിങ് എന്നിവയാണ് പ്രസ്തുത സ്റ്റേഡിയത്തിൽ ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ. പ്രസ്തുത പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരിക്കുന്ന M/s സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് വളരെ മന്ദഗതിയിലാണ് പ്രവൃത്തികൾ നടപ്പാക്കുന്നത്. ഇൻഡോർ കോർട്ടിനുവേണ്ട മണ്ണ് നിറയ്ക്കുന്നതിനുള്ള അധിക പ്രവൃത്തിക്ക് അംഗീകാരം 23-02-2024-ന് നൽകിയിട്ടും ഇതുവരെ നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. അതിനാൽ

എത്രയുംവേഗം പണി പൂർത്തീകരിക്കാൻവേണ്ടി സ്പോർട്സ് കേരള ഫൗണ്ടേഷനിൽനിന്നും 07-06-2024-ൽ പ്രസ്തുത കരാറുകാരന് രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ട്.

**പടലിക്കാട് ജി.എൽ.പി. സ്കൂൾ ഗ്രൗണ്ട് നവീകരണം**

310(1939) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്ന് ഒരു കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ പടലിക്കാട് ജി.എൽ.പി. സ്കൂൾ ഗ്രൗണ്ട് നവീകരണം എന്ന പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്പോർട്സ് കേരള ഫൗണ്ടേഷൻ വിശദമായ എസ്റ്റിമേറ്റ് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് പാലക്കാട് ജില്ലാ കളക്ടർ സ്പോർട്സ് കേരള ഫൗണ്ടേഷന് കത്ത് നൽകിയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) 2023-24 വർഷത്തെ എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ നിയോജകമണ്ഡലത്തിലെ മരുത റോഡ് ഗ്രാമപഞ്ചായത്തിലെ ജി.എൽ.പി.എസ്. പടലിക്കാട് സ്കൂൾ ഗ്രൗണ്ട് നവീകരണത്തിനായി ബഹുമാനപ്പെട്ട മലമ്പുഴ എം.എൽ.എ. ഒരു കോടി രൂപ അനുവദിച്ചതായും ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമർപ്പിക്കാനും പാലക്കാട് ജില്ലാ കളക്ടറുടെ 12-02-2024-ലെ എൽ.എസ്.ജി.ഡി/ജെ.ഡി/പി.കെ.ഡി/ 4225/2023-സി4 നമ്പർ കത്തുപ്രകാരം ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്തിൽനിന്നും ആസ്തി രജിസ്റ്ററിന്റെ പകർപ്പ്, തുടർപരിപാലന സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കി ഭരണാനുമതിക്കുവേണ്ടിയുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**വർക്കല മണ്ഡലത്തിലെ ഇടവ സ്റ്റേഡിയത്തിന്റെ നിർമ്മാണം**

311(1940) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ ഇടവ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കായിക വകുപ്പിനുകീഴിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി 20-11-2018-ൽ 34.26 കോടി രൂപയ്ക്ക് എസ്.പി.വി ആയ കിറ്റ്കോ ടെൻഡർ ചെയ്യുകയും M/s Crescent Constructions എന്ന സ്ഥാപനത്തിന് വർക്ക് നൽകുകയും ചെയ്തു. വിവിധ കാരണങ്ങളാൽ പ്രവൃത്തി നിർത്തിവയ്ക്കുകയും പിന്നീട് പുനരാരംഭിക്കുകയും ചെയ്തെങ്കിലും 7 കോടി രൂപയുടെ വർക്ക് മാത്രമാണ് ഇതുവരെ നടന്നിട്ടുള്ളത്. കായിക വകുപ്പിന്റെ എഞ്ചിനീയറിങ് വിഭാഗമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ നിലവിൽ ടി പദ്ധതിയുടെ ബാക്കി പ്രവൃത്തികളുടെ എസ്.പി.വി ആയി നിയമിച്ചിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകളൊന്നുംതന്നെ മുൻ എസ്.പി.വി.-യായ M/s കിറ്റ്കോയിൽനിന്നും ലഭിച്ചിരുന്നില്ല. തുടർന്ന് 24-04-2024-ന് കായിക യുവജനകാര്യ ഡയറക്ടറുടെ അധ്യക്ഷതയിലും

08-05-2024-ന് കായിക വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിലും ചേർന്ന യോഗങ്ങളുടെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന പ്രവൃത്തികളുടെ ഡ്രോയിങ്സ്, എസ്റ്റിമേറ്റ്, ബിഡ് ഡോക്യുമെന്റ്സ് എന്നിവ കൂടാതെ പൂർത്തിയായ വർക്കുകളുടെ മെഷർമെന്റ് ബുക്കും M/s കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷന് 18-05-2024-ന് കൈമാറി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികളുടെ ദർഘാസ് അംഗീകാരം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് ടി പ്രവൃത്തിയുടെ മുൻകരാറുകാരനെ ഒഴിവാക്കിക്കൊണ്ടുള്ള Foreclosure Agreement M/s കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷന് ലഭ്യമാക്കേണ്ടതുണ്ട്. 20-05-2024-ൽ കിഫ്ബി സി.ഇ.ഒ.-യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടി വിഷയം സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉന്നയിക്കുകയും M/s കിറ്റ്കോ പ്രസ്തുത ഡോക്യുമെന്റുകൾ തയ്യാറാക്കി ഒരാഴ്ചയ്ക്കകം ലഭ്യമാക്കണമെന്ന് നിർദേശിക്കുകയും ചെയ്തിരുന്നു. 25-05-2024-ൽ ബഹുമാനപ്പെട്ട വർക്കല എം.എൽ.എ.-യുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ടി വിഷയങ്ങൾ വീണ്ടും ചർച്ച ചെയ്യുകയും എല്ലാ

ഡോക്യുമെന്റുകളും സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറി നൽകുന്നതിന് M/s കിറ്റ്കോയ്ക്ക് നിർദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി ഡോക്യുമെന്റുകൾ ഇതുവരെ ലഭിച്ചിട്ടില്ല. M/s കിറ്റ്കോയിൽനിന്നും ടി ഡോക്യുമെന്റുകൾ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്വീകരിച്ചുവരികയാണ്. Foreclosure Agreement M/s കിറ്റ്കോയിൽനിന്നും ലഭ്യമായാലുടൻ ശേഷിക്കുന്ന പ്രവൃത്തികളുടെ ദർഘാസ് അംഗീകാരം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതും പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതുമാണ്.

**പുറമേരി ഗ്രാമപഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം**

312(1941) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറമേരി ഗ്രാമപഞ്ചായത്തിലെ ഇൻഡോർ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന്റെ ഭാഗമായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) 2024-25 ബജറ്റിലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം- II-ൽ ക്രമനം. 1104 ആയി കായിക വകുപ്പിന്റെ ശീർഷകത്തിൽ പുറമേരി ഇൻഡോർ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്ക് രണ്ട് കോടി രൂപ അടങ്കൽതുക കണക്കാക്കിയും 20 ശതമാനം തുക വിഹിതമായും ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട സോയിൽ ഇൻവെസ്റ്റിഗേഷന്റെയും ടോട്ടൽ സ്റ്റേഷൻ സർവെയുടെയും എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് ഉടൻതന്നെ ദർഘാസ് ക്ഷണിക്കുന്നതാണ്. സോയിൽ ഇൻവെസ്റ്റിഗേഷൻ

നടപടികൾ പൂർത്തീകരിച്ചാലുടൻ വിശദമായ മാസ്റ്റർപ്ലാനും പദ്ധതി രൂപരേഖയും തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

313(1942) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിക്കായി ജനപ്രതിനിധികളുടെ ശിപാർശപ്രകാരം തയ്യാറാക്കിയ കളിസ്ഥലങ്ങളുടെ പ്രാഥമിക ലിസ്റ്റിന് അംഗീകാരം നൽകിയും ഭേദഗതികൾ വരുത്തിയും 14-02-2024-ലെ സ.ഉ(സാധാ)നം.40/2024/കാ.യു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ പ്രവൃത്തിക്കും 1 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന പദ്ധതിയിൽ

50% തുക (പരമാവധി 50 ലക്ഷം രൂപ) കായിക വകുപ്പിന്റെ പദ്ധതി വിഹിതമായും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽനിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയുടെ എസ്.ഒ.പി. അംഗീകരിച്ച് 09-10-2023-ലെ സ.ഉ.(അച്ചടി) നം.104/2023/ധന പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധയിടങ്ങളിൽനിന്ന് ലഭിക്കുന്ന തുകകൾ നിക്ഷേപിക്കുന്നതിനുമാത്രമായി കായിക യുവജനകാര്യ ഡയറക്ടറുടെ പേരിൽ വെള്ളയമ്പലം സബ് ട്രഷറിയിൽ ഒരു പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകുകയും ഇതിൻപ്രകാരം വെള്ളയമ്പലം സബ് ട്രഷറിയിൽ സ്പെഷ്യൽ ട്രഷറി സേവിങ്സ് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 18-10-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 305/2023/കാ.യു.വ പ്രകാരം 120 കളിസ്ഥലങ്ങൾക്ക് 60 കോടി രൂപയുടെ സമഗ്ര ഭരണാനുമതി നൽകിയും

ഉത്തരവായിട്ടുണ്ട്. എം.എൽ.എ./എം.പി./തദ്ദേശസ്വയംഭരണ ഫണ്ട് എന്നിവ ലഭ്യമാക്കിയ 40 കളിക്കളങ്ങൾക്ക് കായികയുവജനകാര്യാലയം ഡയറക്ടറുടെ സമഗ്രഭരണാനുമതി ലഭ്യമാകുകയും ഇതിൻപ്രകാരം 36 പ്രവൃത്തികൾക്ക് നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നതിന് തിരഞ്ഞെടുത്ത പുതുക്കാട് മണ്ഡലത്തിലെ നന്തിക്കര ജി.വി.എച്ച്.എസ്. ഗ്രൗണ്ടിന്റെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

14-02-2024-ലെ സ.ഉ.(സാധാ)നം.40/2024/കാ.യു.വ പ്രകാരം അംഗീകരിച്ച 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയുടെ ഭേദഗതി ലിസ്റ്റിൽ ക്രമ നം. 52 ആയാണ് തൃശ്ശൂർ ജില്ലയിലെ പുതുക്കാട് മണ്ഡലത്തിലെ പ്രാപ്പൂക്കര ഗ്രാമപഞ്ചായത്തിലെ ജി.വി.എച്ച്.എസ്.എസ്. നന്തിക്കര ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായുള്ള എം.എൽ.എ. ഫണ്ട് അനുവദിച്ചുകൊണ്ട് എം.എൽ.എ.യുടെയോ ജില്ലാ കളക്ടറുടെയോ അറിയിപ്പ്

ലഭ്യമായാലുടൻ പ്രസ്തുത പദ്ധതിക്കായുള്ള ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

(സി) ആധുനിക കളിക്കളങ്ങൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ, ടർഫ് കോർട്ടുകൾ തുടങ്ങിയ സംവിധാനങ്ങൾ കൂടുതലായി ഒരുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കാമോ?

കായിക അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് കളിക്കളങ്ങളുടെ നിർമ്മാണം, നാച്വറൽ/സിന്തറ്റിക് ടർഫ്, ട്രാക്ക്, ഇൻഡോർ കോർട്ടുകൾ, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിംനേഷ്യം, ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി മുതലായ സംസ്ഥാന ബജറ്റിൽ ഉൾപ്പെട്ട പദ്ധതികളും കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുന്ന കായിക അടിസ്ഥാനസൗകര്യ വികസന പദ്ധതികളും കായികയുവജനകാര്യ വകുപ്പ് മുഖേന നടപ്പാക്കിവരുന്നുണ്ട്.

**റോളർ സ്കേറ്റിങ്ങിൽ ദേശീയ - അന്തർദേശീയ മത്സരങ്ങൾ നടത്തുന്നതിനും പരിശീലനത്തിനുമായി റിങ്ക്**

314(1943) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എതെങ്കിലും ജില്ലകളിൽ സാഹസിക കായിക ഇനമായ റോളർ സ്കേറ്റിങ്ങിൽ പരിശീലനത്തിനും ദേശീയ-അന്തർദേശീയ മത്സരങ്ങൾ നടത്തുന്നതിനുമായി റിങ്ക് (ബാങ്ക് ട്രാക്ക്, റോഡ് ട്രാക്ക്) ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

ഇല്ല. നിലവിൽ പരിഗണനയിലില്ല.

(ബി) സംസ്ഥാനത്തിന്റെ കായികവിഭവശേഷി അന്താരാഷ്ട്രതലത്തിൽ ഉയർത്താൻ ലക്ഷ്യമിട്ടിട്ടുള്ള ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള 2024 -ൽ റോളർ സ്കേറ്റിങ് ഇനത്തിൽ ദേശീയ - അന്തർദേശീയ മത്സരങ്ങൾ നടത്തുന്നതിനും പരിശീലനത്തിനുമായി റിങ്ക് ആരംഭിക്കുന്നതിന് ഏതെങ്കിലും ഇൻവെസ്റ്റേഴ്സിൽനിന്നും താൽപര്യപത്രം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(സി) സംസ്ഥാനത്തിന്റെ കായികവിഭവശേഷി അന്താരാഷ്ട്രതലത്തിൽ ഉയർത്താൻ കായിക താരങ്ങൾക്ക് പരിശീലനത്തിനായി സർക്കാർ ഉടമസ്ഥതയിലുള്ള ക്യാമ്പസുകൾ അവയുടെ പ്രവർത്തിസമയത്തിനും ശേഷവും ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**മണിയൂർ ഗ്രാമപഞ്ചായത്തിലെ കളിസ്ഥല നിർമ്മാണം**

315(1944) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂർ ഗ്രാമപഞ്ചായത്തിലെ കളിസ്ഥലത്തിന്റെ നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) എന്തൊക്കെ ഘടകങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

(എ-സി) മണിയൂർ ഗ്രാമപഞ്ചായത്തിലെ കളിസ്ഥല നിർമ്മാണം 14-02-2024-ലെ സ.ഉ.(സാധാ)നം.40/2024/കാ.യു.വ പ്രകാരം "ഒരു പഞ്ചായത്ത് ഒരു കളിക്കളം" പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ. ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകൾ സമാഹരിച്ചാണ് 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിലെ ഓരോ പ്രവൃത്തിക്കും ആവശ്യമായ തുക സമാഹരിക്കുന്നത്. നിലവിൽ ഈ പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട

എം.എൽ.എ.-യിൽനിന്നോ ജില്ലാ കളക്ടറിൽനിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നോ അറിയിപ്പ് ലഭിക്കുന്നമുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട മണിയൂർ ഗ്രാമപഞ്ചായത്തിലെ കളിസ്ഥല നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചതായി നിലവിൽ വിവരം ലഭിച്ചിട്ടില്ല. അതിനാൽ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

**വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കാളവയൽ ഗ്രൗണ്ടിന്റെ നിർമ്മാണം**

316(1945) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിൽ ഉൾപ്പെടുത്തിയ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കാളവയൽ ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് സമഗ്ര ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) 18-10-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 305/2023/കാ.യു.വ പ്രകാരം 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിൽ ഉൾപ്പെടുത്തി 60 കോടി രൂപയുടെ സമഗ്രഭരണാനുമതി നൽകിയ ലിസ്റ്റിലെ ക്രമ നം. 45 ആയി കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കാളവയൽ ഗ്രൗണ്ട് ഉൾപ്പെട്ടിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ കായിക യുവജനകാര്യാലയം ഡയറക്ടർ സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നതിൻപ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്

ഭരണാനുമതി നൽകുന്നതിനുള്ള നടപടി കായിക യുവജനകാര്യ ഡയറക്ടർ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിക്കായി കുന്നത്തുനാട് എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് സമഗ്ര ഭരണാനുമതിയും നൽകി, ദർഘാസ് ക്ഷണിച്ച് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് നിർമ്മാണം**

317(1946) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഗവൺമെന്റ് മാനവേദൻ സ്കൂളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് എന്ന പദ്ധതിയിൽ ഇനിയും നടപ്പാക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്താണെന്നും എവിടെയാണ് ഈ തടസ്സങ്ങൾ നിലനിൽക്കുന്നതെന്നും അറിയിക്കാമോ?

നിലമ്പൂർ ഗവൺമെന്റ് മാനവേദൻ സ്കൂളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് എന്ന പദ്ധതിയിൽ നിലവിൽ സ്വിമ്മിങ് പൂൾ, ചെയ്ഞ്ച് റൂം എന്നീ പ്രവൃത്തികളാണ് ആരംഭിക്കാനുള്ളത്. 15-05-2017-ലെ സർക്കാർ ഉത്തരവുപ്രകാരം 17.26 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി, കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട നിലമ്പൂർ മിനി സ്റ്റേഡിയം നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി M/s കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു. M/s കിറ്റ്കോ മുഖാന്തരം ആദ്യഘട്ടം എന്ന നിലയിൽ നാച്വറൽ ഫുട്ബോൾ ടർഫ്, ഇൻഡോർ ട്രെയിനിങ് സെന്റർ, പവലിയൻ ബിൽഡിങ് കം അമിനിറ്റി സെന്റർ എന്നീ ഘടകങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ എസ്.പി.വി. ആയ M/s കിറ്റ്കോ പരിശീലന നീന്തൽക്കുളവും അതിന്റെ അനുബന്ധഘടകങ്ങളും നിർമ്മിക്കാൻ ആരംഭിച്ചില്ല. 14-10-2022-ലെ സർക്കാർ ഉത്തരവ് (സാധാ)നം.267/2022/എസ്.&വൈ.എ. പ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷനെ പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതിനുള്ള എസ്.പി.വി. ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകളൊന്നുംതന്നെ മുൻ എസ്.പി.വി. ആയ M/s കിറ്റ്കോയിൽനിന്നും ലഭിച്ചിരുന്നില്ല. തുടർന്ന് 24-04-2024-ന് കായിക യുവജനകാര്യ ഡയറക്ടറുടെ അധ്യക്ഷതയിലും 08-05-2024-ന് ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിലും ചേർന്ന യോഗങ്ങളുടെ അടിസ്ഥാനത്തിൽ ഫോർ ക്ലോഷർ എഗ്രിമെന്റ്, പൂർത്തിയായ വർക്കുകളുടെ മെഷർമെന്റ് ബുക്കുകളുടെ പകർപ്പ്, ശേഷിക്കുന്ന പ്രവൃത്തികളുടെ ഡ്രോയിങ്സ് എന്നിവ M/s കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷന് 15-05-2024-ന് കൈമാറി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികളുമായി മുന്നോട്ട് പോകുന്നതിന്, പൂർത്തിയാക്കിയ പ്രവൃത്തികളുടെ ഫൈനൽ ബിൽ തുകയുടെ വിശദാംശങ്ങൾ M/s കിറ്റ്കോയിൽനിന്നും ലഭ്യമാക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച് 20-05-2024-ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധ്യക്ഷതയിൽ കൂടിയ മീറ്റിങ്ങിൽ ശേഷിക്കുന്ന ഡോക്യുമെന്റുകൾ എല്ലാംതന്നെ M/s കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറാൻ

നിർദേശിച്ചിട്ടുണ്ട്. നിലവിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ശേഷിക്കുന്ന പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ വിവിധ പ്രവൃത്തികൾക്ക് ചെലവഴിച്ചതിനുശേഷം നിലവിൽ എത്ര തുക നീക്കിയിരുപ്പുണ്ടെന്ന് അറിയിക്കാമോ; ഈ തുക കിഫ്ബിവഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സിനുവേണ്ടി ലഭിച്ച സാങ്കേതികാനുമതി തുക Rs.18,29,87,166/- ആണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സിന്തറ്റിക് ട്രാക്കിന്റെ പ്രവ്യത്തികൾ കിറ്റ്കോ പൂർത്തിയാക്കിയിട്ടുള്ളതും ഇതുവരെ ചെയ്തിട്ടുള്ള സിവിൽ വർക്കിന്റെയും സിന്തറ്റിക് ട്രാക്ക് വർക്കിന്റെയും ഫൈനൽ ബില്ലുകൾ KIIFB-PFMS-ൽ സമർപ്പിച്ചിട്ടുള്ളതുമാണ്. ഫൈനൽ ബിൽ തുകകൾ യഥാക്രമം Rs.9,13,85,475.79, Rs. 4,76,05,483.60 എന്നിങ്ങനെയാണ്.

(സി) പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസിയായിരുന്ന കിറ്റ്കോയെ മാറ്റി പുതിയ നിർവഹണ ഏജൻസിയെ നിയമിച്ചിട്ടുണ്ടോ;

എങ്കിൽ ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഫയലുകളും മറ്റ് വിവരങ്ങളും കിറ്റ്കോയിൽനിന്നും പുതിയ ഏജൻസിക്ക് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

14-10-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.267/2022/എസ്.&വൈ.എ. പ്രകാരം പുതിയ നിർവഹണ ഏജൻസിയായി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയമിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികളുടെ ഡ്രോയിങ്സും പൂർത്തിയാക്കിയ പ്രവൃത്തിയുടെ ഫോർ ക്ലോഷർ എഗ്രിമെന്റും മെഷർമെന്റ് ബുക്കുകളുടെ പകർപ്പും M/s കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷന് 15-05-2024-ന് കൈമാറി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് 20-05-2024-ൽ കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധ്യക്ഷതയിൽ കൂടിയ മീറ്റിങിൽ ശേഷിക്കുന്ന ഡോക്യുമെന്റുകൾ എല്ലാംതന്നെ M/s കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറാൻ നിർദേശിച്ചിട്ടുണ്ട്.

(ഡി) നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയിലുൾപ്പെട്ട മൾട്ടി പർപ്പസ് ഇൻഡോർ കോർട്ട്, പരിശീലന നീന്തൽക്കുളം എന്നീ പദ്ധതികൾ

എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ; ഇതിന്റെ ഫയൽ എവിടെയാണെന്നും ഫയൽ നമ്പർ എത്രയെന്നും അറിയിക്കാമോ?

നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയിലുൾപ്പെട്ട മൾട്ടി പർപ്പസ് കോർട്ടിന്റെ നിർമ്മാണം മുൻ എസ്.പി.വി. ആയ M/s കിറ്റ്കോ 2021-ൽ പൂർത്തീകരിച്ചതാണ്. പരിശീലന നീന്തൽക്കുളത്തിന്റെ ഡി.പി.ആർ. നിലവിലെ എസ്.പി.വി. ആയ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കിവരികയാണ്. നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് പദ്ധതി സംബന്ധിച്ച കായിക യുവജന കാര്യാലയത്തിലെ ഫയൽ നമ്പർ A1-6920/22/DSYA ആണ്.

**മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം**

318(1947) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയിലുൾപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്ക്

ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് എം.എൽ.എ. ആസ്തി വികസന ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടും കായിക വകുപ്പിന്റെ വിഹിതത്തിന് ഭരണാനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതിയുടെ ആദ്യഘട്ടത്തിലുൾപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണത്തിന് എം.എൽ.എ. ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 50 ലക്ഷം രൂപ അനുവദിച്ച് പാലക്കാട് ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ആനുപാതികമായ വിഹിതം കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ചുകൊണ്ട് 100 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതിയും കായിക യുവജനകാര്യ ഡയറക്ടർ നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന സിന്തറ്റിക്ക് ടർഫ് ഒഴിവാക്കി മഡ് ടർഫ് ഉൾപ്പെടുത്താനും കൂടാതെ സിന്തറ്റിക് ടർഫ് ഒഴിവാക്കുന്നതുകാരണം

ലഭ്യമാകുന്ന സേവിങ്സിൽ ഡ്രെയിൻ, സ്റ്റെപ്പ് ഗ്യാലറി എന്നീ ഘടകങ്ങൾകൂടി ഉൾപ്പെടുത്താനും എം.എൽ.എ.-യുടെ നിർദേശമുണ്ടായതിനാൽ എസ്റ്റിമേറ്റ് പുതുക്കി, ജില്ലാ കളക്ടറുടെ അംഗീകാരത്തിനായി നൽകിയിരിക്കുകയാണ്. പുതുക്കിയ ഭരണാനുമതി ലഭ്യമായാലുടൻ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതടക്കമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണം**

319(1948) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ?

16-03-2018-ലെ സ.ഉ (സാധാ) നം.38/2018/കാ.യു.വ പ്രകാരം കിഫ്ബി സഹായത്തോടെ കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ

നിർമ്മാണത്തിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി M/s കിറ്റ്കോയെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതിയിൽ പ്രധാനമായും നാച്വറൽ ഫുട്ബോൾ ടർഫ്, 8 ലെയ്ൻ 400 മീ സിന്തറ്റിക് ട്രാക്ക്, പവലിയൻ ബിൽഡിങ്, ചെയ്ഞ്ച് റൂം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ആരംഭത്തിൽ 15.83 കോടി രൂപയുടെ സാമ്പത്തികാനുമതിയും 15.74 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയതിന്റെ അടിസ്ഥാനത്തിൽ M/s കിറ്റ്കോ ടി പ്രവൃത്തിക്ക് ടെൻഡർ ക്ഷണിക്കുകയും ടെൻഡറിന്റെ പകർപ്പ് ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് 20-01-2024-ലും 06-03-2024-ലും പ്രസ്തുത പ്രവൃത്തിക്കായി ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റി കൂടുകയും ടി പ്രവൃത്തിയുടെ ഒറിജിനൽ ടെൻഡർ ഡോക്യുമെന്റ്സ് കമ്മിറ്റിയിൽ സമർപ്പിക്കാൻ M/s കിറ്റ്കോയ്ക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച റിപ്പോർട്ട് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റി കൂടുന്നതിനാവശ്യമായ രേഖകൾ

സമർപ്പിക്കാൻ 21-05-2024-ലെ കത്ത് പ്രകാരം കായിക യുവജനകാര്യ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ബി) സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നത് അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സാങ്കേതിക തടസ്സങ്ങൾ നീക്കി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ നിലവിലെ ടെൻഡർ റദ്ദ് ചെയ്ത് റീ-ടെൻഡർ ചെയ്യുന്നതിനുള്ള നടപടി എസ്.പി.വി. ആയ M/s കിറ്റ്കോ സ്വീകരിക്കുന്നപക്ഷം കാലതാമസമുണ്ടാകാതെ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കുന്നതാണ്.

**കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം**

320(1949) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബജറ്റിൽ 1.5 കോടി രൂപ വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) സ്റ്റേഡിയം നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) 2020-21 സംസ്ഥാന ബജറ്റിലുൾപ്പെട്ട മലമ്പുഴ നിയോജകമണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണത്തിനായി 23-02-2023-ലെ സ.ഉ(സാധാ)നം.62/2023/കാ.യു.വ പ്രകാരം 1.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 1,39,12,000/- രൂപയുടെ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ചിരുന്നു. എന്നാൽ ടി ദർഘാസിൽ ഒരാൾ മാത്രമേ പങ്കെടുത്തിരുന്നുള്ളൂ. അതിനാൽ ടി പ്രവൃത്തിക്ക് പുനർദർഘാസ് ക്ഷണിക്കുകയും അതിൻപ്രകാരം 4 ബിഡ്ഡുകൾ ലഭിക്കുകയും ചെയ്തു. അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. എം. ഷഫീഖ്, കോഴിക്കോട് എന്ന കരാറുകാരനുമായി 06-02-2024-ൽ കരാറിൽ

ഏർപ്പെടുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനകം 10 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**കരിമ്പ പഞ്ചായത്തിലെ ടർഫ് നിർമ്മാണം**

321(1950) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ കരിമ്പ പഞ്ചായത്തിലെ ടർഫ് നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ടർഫിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നേരിടുന്ന തടസ്സമെന്തെന്നും അത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

(എ&ബി) 2021-22 ബജറ്റിൽ പ്രഖ്യാപിച്ച 100 ലക്ഷം രൂപയുള്ള ഈ പദ്ധതിയുടെ നിർവഹണ ഏജൻസി തദ്ദേശസ്വയംഭരണ വകുപ്പായിരുന്നു. പിന്നീട് ഈ പദ്ധതി കായിക വകുപ്പിലേക്ക് മാറ്റി നൽകിക്കൊണ്ട് സർക്കാർ ഉത്തരവിറക്കി. 12-10-2022-ലെ ജി.ഒ.(ആർ.ടി)നം.259/2022/കാ.യു.വ.

ഉത്തരവുപ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കരിമ്പ പഞ്ചായത്ത് സ്റ്റേഡിയത്തിലെ സിന്തറ്റിക് ടർഫിന്റെയും അനുബന്ധ പ്രവൃത്തികളുടെയും നിർമ്മാണത്തിനായി 17-12-2022-ൽ M/s Guess 9 സ്പോർട്സ്, കോഴിക്കോട് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിൽ 3 മീറ്റർ ഉയരത്തിലുള്ള ഫെൻസിങ് ആണ് ഉൾപ്പെടുത്തിയിരുന്നത്. ടി പ്രവൃത്തി ഭരണാനുമതിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതിനാലാണ് ഫെൻസിങിന്റെ ഉയരം 3 മീറ്ററിൽ നിജപ്പെടുത്തിയത്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സൈറ്റ് സന്ദർശന വേളയിൽ ടി സ്റ്റേഡിയത്തിൽ 9 മീറ്റർ ഉയരത്തിൽ ഫെൻസിങ് ചെയ്യുന്നതിനും ഫ്ലഡ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പോളുകൾ സ്ഥാപിക്കാനും നിർദേശിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ഫെൻസിങും ഫ്ലഡ് ലൈറ്റ് പോളും സ്ഥാപിക്കുന്നതിനുള്ള 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എം.എൽ.എ. ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി 08-05-2024 & 07-06-2024 എന്നീ തീയതികളിലായി സ്പോർട്സ് കേരള ഫൗണ്ടേഷൻ പാലക്കാട് ജില്ലാ അസിസ്റ്റന്റ് എഞ്ചിനീയർ ബഹുമാനപ്പെട്ട

എം.എൽ.എ.-യുടെ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമായാലുടൻതന്നെ പദ്ധതി നടപ്പാക്കുന്നതാണ്.

**കണ്ണൂർ ജില്ലയിൽ വഖഫ് ബോർഡിനുകീഴിലുള്ള ഭൂമി**

322(1951) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ വഖഫ് ബോർഡിനുകീഴിലുള്ള ഭൂമിയുടെ മണ്ഡലം തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ഭൂമിയും അതിലെ ആദായങ്ങളും പരിപാലിക്കുന്നത് വഖഫ് ബോർഡ് നേരിട്ടാണോയെന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ അതിന് ചുമതലപ്പെടുത്തിയിട്ടുള്ള മഹല്ലുകൾ/ട്രസ്റ്റുകൾ എന്നിവയുടെ വിശദാംശം നൽകാമോ?

(എ&ബി) വഖഫ് ബോർഡിലെ ഓഫീസ് സോഫ്റ്റ്‌വെയറിൽ വഖഫ് വസ്തുക്കളുടെ വിവരങ്ങൾ ജില്ല/താലൂക്ക്/വില്ലേജ് തലത്തിലാണ് സൂക്ഷിച്ചുവരുന്നതെന്നതിനാൽ കണ്ണൂർ ജില്ലയിലെ താലൂക്ക്

അടിസ്ഥാനത്തിലുള്ള വഖഫ് ഭൂമിയുടെയും പ്രസ്തുത വഖഫ് വസ്തുക്കൾ പരിപാലിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള മഹല്ലുകൾ/ട്രസ്റ്റുകൾ എന്നിവയുടെയും പേരുവിവരങ്ങൾ ഉൾപ്പെടുന്ന വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

1995-ലെ വഖഫ് നിയമം 32-ാം വകുപ്പനുസരിച്ച് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വഖഫുകളുടെയും മേൽനോട്ടവും നിയന്ത്രണവുമാണ് വഖഫ് ബോർഡിനുള്ളത്. വഖഫ് വസ്തുക്കളും അതിൽനിന്നുള്ള വരുമാനവും മറ്റും അതത് കാലയളവിലെ വഖഫിന്റെ പരിപാലകരായ വഖഫ് സെക്രട്ടറി/മുതവല്ലി എന്നിവരാണ് നേരിട്ട് കൈകാര്യം ചെയ്തുവരുന്നത്.

**ഹജ്ജ് തീർഥാടകരുടെ എണ്ണം**

323(1952) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് ഹജ്ജ് കമ്മിറ്റി മുഖേന ഈ വർഷം ഹജ്ജിന് പോകുന്ന തീർഥാടകരുടെ താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഹജ്ജ് തീർഥാടകരുടെ താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമല്ല. ജില്ല തിരിച്ചുള്ള വിശദമായ കണക്ക് അനുബന്ധമായി ചേർക്കുന്നു+.

**കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രവൃത്തികൾ**

324(1953) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെ എത്ര ആർ.ഒ.ബി.-കളുടെയും ആർ.യു.ബി.- കളുടെയും നിർമ്മാണ ചുമതല കെ.ആർ.ഡി.സി.എൽ.-നെ ഏൽപ്പിച്ചിട്ടുണ്ട്; നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഇവയിൽ ഓരോന്നിന്റെയും നിർമ്മാണം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇവയിൽ നിർമ്മാണം ആരംഭിക്കാത്തവയുണ്ടോ; ആരംഭിച്ചശേഷം പൂർത്തീകരിക്കാത്തവയുണ്ടോ; എങ്കിൽ ഇവ ഓരോന്നിന്റെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

(എ-സി) കെ.ആർ.ഡി.സി.എൽ.-നെ ഏൽപ്പിച്ചിട്ടുള്ള ആർ.ഒ.ബി.-കളുടെയും ആർ.യു.ബി.-കളുടെയും നിലവിലെ നിർമ്മാണ സ്ഥിതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

**റെയിൽ മേൽപാലം നിർമ്മാണം**

325(1954) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ അറുപതോളം മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനായി കിഫ്ബി വഴി തുക വകയിരുത്തിയിട്ടും റെയിൽവേ അധികൃതരിൽനിന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുമതി ലഭ്യമാകാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാതെ വന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016-ൽ ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ചിട്ടുള്ളത് 18 ആർ.ഒ.ബി.-കളാണ്. ഇവയുടെ നിലവിലെ സ്ഥിതി താഴെ ചേർക്കുന്നു.

1) ഗതാഗതത്തിന് തുറന്നുകൊടുത്തത് - 1 എണ്ണം

2) നിർമ്മാണം പുരോഗമിക്കുന്നത് - 8 എണ്ണം

3) എഗ്രിമെന്റ് സ്റ്റേജ് - 1 എണ്ണം

4) ടെൻഡർ സ്റ്റേജ് - 2 എണ്ണം

5) ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നത് - 4 എണ്ണം

6) GAD-ക്ക് റെയിൽവേയിൽനിന്നും അംഗീകാരം ലഭിക്കാനുള്ളത് - 2 എണ്ണം

റെയിൽവേ മേൽപ്പാലങ്ങളുടെ ജി.എ.ഡി.-ക്ക് റെയിൽവേയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഈ അംഗീകാരം ലഭിക്കാൻ വന്ന കാലതാമസം മേൽ പ്രവൃത്തികളെ ബാധിച്ചിട്ടുണ്ട്. സിൽവർ ലൈൻ അലൈൻമെന്റ് വരുന്നതിന്റെ ഭാഗമായി ജി.എ.ഡി.-കളുടെ അംഗീകാരത്തിൽ വളരെയധികം കാലതാമസം നേരിട്ടു. പിന്നീട് സിൽവർ ലൈൻ പദ്ധതി കണക്കിലെടുക്കാതെ മുന്നോട്ടുപോകാൻ നിർദേശം ലഭിച്ചു. റെയിൽവേയുടെ എറണാകുളം ഷൊർണ്ണൂർ 30 ലൈനിന്റേയും ഷൊർണ്ണൂർ-മംഗലാപുരം 3rd & 4th ലൈനിന്റേയും ഷൊർണ്ണൂർ കോയമ്പത്തൂർ 3rd ലൈനിന്റേയും അലൈൻമെന്റ് റെയിൽവേ അന്തിമ തീരുമാനം ആക്കാത്തതിനാൽ ജി.എ.ഡി.-ക്ക് റെയിൽവേയിൽനിന്നുള്ള അംഗീകാരത്തിന് കാലതാമസം നേരിടുന്നുണ്ട്. കൂടാതെ നിലവിലെ റെയിൽവേ ലൈനുകളുടെ സ്പീഡ് 130 കി.മീ ആയി വർധിപ്പിക്കുന്നതിനായി നിലവിലെ ലൈനിൽ വരുത്തേണ്ട മാറ്റത്തിന്റെ കാര്യത്തിലും റെയിൽവേ അന്തിമ തീരുമാനമെടുത്തിട്ടില്ല. നിലവിൽ റെയിൽവേ ജി.എ.ഡി.-കൾ Research Designs and Standards Organisation (RDSO) അംഗീകൃത ഡ്രോയിങ്സ് പ്രകാരം മാത്രമേ തയ്യാറാക്കാൻ

അനുവാദമുള്ളൂ. എന്നാൽ ഇപ്പോൾ സ്പെഷ്യൽ വെഹിക്കിൾ ലോഡിങിനായുള്ള ഡിസൈൻ പ്രകാരം ജി.എ.ഡി. തയ്യാറാക്കാൻ റെയിൽവേ നിർദേശിച്ചിട്ടുണ്ട്. സ്പെഷ്യൽ വെഹിക്കിൾ ലോഡിങ് കണക്കിലെടുത്ത് RDSO അംഗീകൃത ഡ്രോയിങ്സ് ഒന്നും നിലവിലില്ല. ഇവ റെയിൽവേ തയ്യാറാക്കിയതിനുശേഷം മാത്രമേ ജി.എ.ഡി.-കൾ തയ്യാറാക്കി റെയിൽവേയുടെ അംഗീകാരത്തിന് നൽകാൻ സാധിക്കുകയുള്ളൂ. ഇവ പദ്ധതിയുടെ പുരോഗതിയെ കാര്യമായി ബാധിക്കുന്നുണ്ട്. റെയിൽവേയിലെ ഉന്നത ഉദ്യോഗസ്ഥരുടെ തലത്തിൽ പല യോഗങ്ങൾകൂടി ഈ വിഷയങ്ങൾക്ക് തീരുമാനമെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**വൈപ്പിൻ മണ്ഡലത്തിലെ മൃഗസംരക്ഷണ - ക്ഷീരവികസന പദ്ധതികൾ**

326(1955) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് വൈപ്പിൻ മണ്ഡലത്തിൽ നടപ്പാക്കുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ

എന്തൊക്കെയെന്ന് വിശദമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ് മുഖേന വൈപ്പിൻ നിയോജകമണ്ഡലത്തിൽ മൃഗചികിത്സാ സേവനം വീട്ടുപടിക്കൽ പദ്ധതിയുടെ ഭാഗമായുള്ള രാത്രികാല മൃഗചികിത്സാ സേവനം സ്കീം എന്ന പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ RKI (Rebuild Kerala Initiative) പദ്ധതിയുടെ ഭാഗമായി വൈപ്പിൻ ബ്ലോക്കിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി, ക്ഷീരസംഘങ്ങളിലൂടെ കാലിത്തീറ്റ ധനസഹായ പദ്ധതി, ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സേവനങ്ങളും എന്നീ പദ്ധതികൾ എറണാകുളം ജില്ലയ്ക്ക് അനുവദിക്കപ്പെടുന്ന ആകെ ഭൗതിക ലക്ഷ്യത്തിന് ആനുപാതികമായി വൈപ്പിൻ മണ്ഡലത്തിന്റെ ആകെ ആവശ്യകത പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ജീവനോപാധികൾ

327(1956) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിലെ കർഷകരുടെ ശാക്തീകരണത്തിനും വരുമാന വർധനയ്ക്കുംവേണ്ടി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ അനുബന്ധം 3 ആയി ചേർക്കുന്നു+. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ പ്രതിദിനം ഒരു ഷിഫ്റ്റിൽ 200 കാള/പോത്ത്, 200 പന്നികൾ എന്നിവയെ കശാപ്പ് ചെയ്ത് ഇറച്ചിയാക്കാൻ ശേഷിയുള്ള ഒരു ബൊവൈൻ പ്ലാന്റും ഒരു സ്വൈൻ പ്ലാന്റും പ്രതിദിനം 1500 കോഴികളെ 1 ഷിഫ്റ്റിൽ സംസ്കരിക്കാൻ കഴിയുന്ന ഒരു കോഴി സംസ്കരണ പ്ലാന്റും സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനുപരി ലഭ്യമാകുന്നത്ര ആടുകൾ, താറാവ്, മുയൽ എന്നിവയെയും ഇറച്ചിക്കായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്കരിക്കുന്നു. കർഷകർ വളർത്തുന്ന ആടുമാടുകൾ, കോഴി, താറാവ്, പന്നി എന്നിവയ്ക്കുള്ള മാർക്കറ്റ് അങ്ങനെ എം.പി.ഐ. തുറന്നുകൊടുക്കുന്നു. ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് അവർ വളർത്തുന്ന പക്ഷിമൃഗാദികളെ ന്യായമായ വിലയ്ക്ക് എം.പി.ഐ.-ക്ക് വിൽക്കാൻ കഴിയുന്നു.

മൃഗസംരക്ഷണ മേഖലയിലെ ശാക്തീകരണത്തിനും വരുമാന വർധനയ്ക്കുംവേണ്ടിയും കൂടുതൽ കർഷകരെ കോഴിവളർത്തൽ മേഖലയിലേക്ക് കൊണ്ടുവരുന്നതിനുമായി കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽനിന്നും ഉൽപാദിപ്പിക്കുന്ന ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിങ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ വിലയ്ക്കെടുത്ത് സ്വന്തം പ്രോസ്സസിങ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും അനുബന്ധ ഉൽപന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾവഴി

ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നുമുണ്ട്. അതിനുപുറമെ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ചെറുകിട കോഴി വളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽനിന്നും മിതമായ നിരക്കിൽ ലഭിക്കുന്നതും കേരള ചിക്കൻ പദ്ധതിക്കാവശ്യമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെയും കെപ്കോയിൽനിന്നും ലഭ്യമാക്കിവരുന്നു. കൂടാതെ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം, മാള ഫാമുകളിൽനിന്നും കർഷകർക്കാവശ്യമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴി കുഞ്ഞുങ്ങളെയും ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴി കുഞ്ഞുങ്ങളെയും ആവശ്യാനുസരണം മിതമായ നിരക്കിൽ നൽകിവരുന്നു. കോഴിക്കൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ നടപ്പാക്കിയ വിവിധ പദ്ധതികളായ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള കോഴിവളർത്തൽ, നഗരപ്രിയ, വില്ലേജ് പൗൾട്രി, കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ്, ബ്ലോക്ക് പഞ്ചായത്ത് തല 100 കോഴിയും-കൂട്ടും പദ്ധതി തുടങ്ങിയവ കെപ്കോ വിജയകരമായി പൂർത്തിയാക്കിക്കഴിഞ്ഞു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ പദ്ധതികൾ തുടർന്നും നടപ്പാക്കുന്നതാണ്.

കെ.വി.എ.എസ്.യു. നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധം 4 ആയി ചേർക്കുന്നു+.

(ബി) ഈ മേഖലയിലെ കർഷകർക്ക് ജീവനോപാധികൾ വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ജീവനോപാധികൾ വിതരണം ചെയ്യുന്ന പദ്ധതികൾ മൃഗസംരക്ഷണ വകുപ്പ് നേരിട്ട് നടപ്പാക്കുന്നില്ല. കർഷകർക്ക് ജീവനോപാധികൾ വിതരണം ചെയ്യുന്നതിന് കെപ്കോ സ്വീകരിച്ചിട്ടുള്ള നടപടികൾ ഉൾക്കൊള്ളുന്ന വിശദമായ കുറിപ്പ് അനുബന്ധം- 1, 2 ആയി ഉള്ളടക്കം ചെയ്യുന്നു +. ജീവനോപാധികൾ നേരിട്ട് വിതരണം ചെയ്യുന്നത് കേരളാ വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ മാനദണ്ഡങ്ങളിൽപ്പെട്ടതല്ല. എന്നിരുന്നാലും സർവകലാശാല ഫാമുകളിൽനിന്ന് ബുക്കിങ് വരുന്ന മുറയ്ക്ക് പശു, ആട്, കോഴി, മുയൽ, പന്നി, താറാവ് എന്നിവ തുക നിശ്ചയിച്ച് കർഷകർക്ക് വിതരണം ചെയ്യാറുണ്ട്. കൂടാതെ സർവകലാശാലയുടെ ഫീഡ് മില്ലുകളിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിന്ന് കർഷകർക്ക് കോഴിത്തീറ്റ, കാലിത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവ വാങ്ങുന്നതിനുള്ള സൗകര്യമുണ്ട്. കർഷകമിത്ര മരുന്ന് ഷോപ്പുകളിൽ നിന്ന് കുറഞ്ഞ നിരക്കിൽ മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. സർവകലാശാലയുടെ വിവിധ മൃഗാശുപത്രികളുടെ സേവനവും കർഷകർക്ക് ജീവനോപാധികളുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി സജ്ജമാക്കിയിട്ടുണ്ട്.

(സി) മൃഗസംരക്ഷണ മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംരംഭകത്വ വികസന സെൽ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഈ മേഖലയിലെ പുതുസംരംഭകരെ ആകർഷിക്കുന്നതിനും അവർക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ ഉറപ്പുവരുത്തുന്നതിനും പദ്ധതി നടത്തിപ്പിന് ആവശ്യമായിട്ടുള്ള സാമ്പത്തിക സഹായം ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കുന്നതിനും അതിനാവശ്യമായിട്ടുള്ള വിശദമായ പ്രോജക്റ്റ്

റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും അവശ്യം വേണ്ടുന്ന ലൈസൻസുകൾ, രജിസ്ട്രേഷനുകൾ തുടങ്ങിയവ വിവിധ സ്ഥാപനങ്ങളിൽനിന്നും നേടിയെടുക്കുന്നതിന് അവരെ സഹായിക്കുന്നതിനും സംരംഭകത്വ വികസന സെൽ ലക്ഷ്യമിടുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, വെറ്ററിനറി സർവകലാശാല മറ്റ് വിവിധ ഏജൻസികൾ എന്നിവരെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ലക്ഷ്യമിടുന്നത്. നടപ്പുസാമ്പത്തിക വർഷം ഈ പദ്ധതി നടത്തിപ്പിനായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭരണാനുമതി നൽകുന്നതിനായി മേല്പറഞ്ഞ വിവിധ ഏജൻസികളുമായി ചർച്ച നടന്നുവരികയാണ്. 2024-25 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിനായി സമഗ്ര ഫാം എയ്ഡ് പാക്കേജ് എന്ന പദ്ധതിക്ക് ബജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്. പദ്ധതിക്കുകീഴിൽ ആരോഗ്യ പരിരക്ഷ, തീറ്റപ്പുൽ കൃഷിക്ക് സഹായം, കാലിത്തീറ്റയ്ക്ക് ധനസഹായം, ഫാം ആധുനികവൽക്കരണം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള 45 ഇടത്തരം ഡയറി ഫാമുകൾക്ക് പദ്ധതിയുടെ

ആനുകൂല്യം ലഭ്യമാകും. മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലെ കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി വിവിധ ജനോപകാരപ്രദമായ പദ്ധതികൾ കെ.എൽ.ഡി.ബി. മുഖേന നടപ്പാക്കിവരുന്നു. ദേശീയ കന്നുകാലി മിഷൻ പദ്ധതിയുടെ ഭാഗമായി കോഴി വളർത്തൽ, ആട് വളർത്തൽ, പന്നി വളർത്തൽ, തീറ്റപ്പുൽകൃഷി എന്നീ മേഖലകളിൽ വിവിധ സംരംഭകത്വ വികസന പദ്ധതികൾ കെ.എൽ.ഡി.ബോർഡ് വഴി നടപ്പാക്കിവരുന്നു. ഈ പദ്ധതികളിൽ അംഗമാകുന്ന സംരംഭകർക്ക് പദ്ധതി പൂർത്തിയാകുന്നമുറയ്ക്ക് പദ്ധതി വിഹിതത്തിന്റെ (capital subsidy) 50 ശതമാനംവരെ സബ്സിഡി ലഭിക്കുന്നതാണ്. ദേശീയ കന്നുകാലി മിഷന്റെ ഭാഗമായി ആദ്യകാലങ്ങളിൽ സബ്സിഡി പരിധി കോഴി വളർത്തലിന് 25 ലക്ഷം രൂപ, ആട് വളർത്തലിന് 50 ലക്ഷം രൂപ, പന്നി വളർത്തലിന് 30 ലക്ഷം രൂപ, തീറ്റപ്പുൽ സംസ്കരണം 50 ലക്ഷം രൂപ എന്ന നിലയ്ക്കാണ് നൽകിവന്നിരുന്നത്. എന്നാൽ കൂടുതൽ സാധാരണ കർഷകരെ ഇതിന്റെ ഗുണഭോക്താക്കളാക്കുക എന്ന ലക്ഷ്യത്തോടെ 28-12-2022 മുതൽ ആടിനും

പന്നിക്കും താഴെപ്പറയുന്ന രീതിയിൽ സബ്സിഡിയുടെ പരിധി ലഘൂകരിച്ച് നിജപ്പെടുത്തിയിട്ടുണ്ട്.

**ആട് വളർത്തൽ സബ്സിഡി (maximum)**

100 പെണ്ണാട് 5 മുട്ടനാട് - 10 ലക്ഷം രൂപ

200 പെണ്ണാട് 10 മുട്ടനാട് - 20 ലക്ഷം രൂപ

300 പെണ്ണാട് 15 മുട്ടനാട് - 30 ലക്ഷം രൂപ

400 പെണ്ണാട് 20 മുട്ടനാട് - 40 ലക്ഷം രൂപ

500 പെണ്ണാട് 25 മുട്ടനാട് - 50 ലക്ഷം രൂപ

**പന്നി വളർത്തൽ**

50 പെൺ പന്നി 5 ആൺ പന്നി - 15 ലക്ഷം രൂപ

100 പെൺ പന്നി 10 ആൺ പന്നി - 30 ലക്ഷം രൂപ

പുതുസംരംഭകർക്ക് പദ്ധതി പൂർത്തിയാകുന്നമുറയ്ക്ക് പദ്ധതി വിഹിതത്തിന്റെ (capital subsidy) 50 ശതമാനംവരെ സബ്സിഡി

ലഭിക്കുന്നതാണ്. കെ.എൽ.ഡി. ബോർഡും മൃഗസംരക്ഷണവകുപ്പും ചേർന്ന് സംയുക്തമായാണ് പുതുസംരംഭകരെ തിരഞ്ഞെടുക്കുന്നത്. പ്രസ്തുത പദ്ധതിയിലൂടെ രോഗമുക്തമായതും മികച്ച ഉൽപാദന ശേഷിയുള്ളതുമായ കോഴി, ആട്, പന്നി എന്നിവയെ കൂടുതലായി ഉൽപാദിപ്പിക്കാൻ സാധിക്കുന്നതാണ്. മൃഗസംരക്ഷണ മേഖലയിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകളുമായി ചേർന്ന് സ്വയം തൊഴിൽ പദ്ധതി എന്ന നിലയിൽ എം.പി.ഐ.-യുടെ മീറ്റ് ഷോപ്പുകൾ സ്ഥാപിച്ച് നൽകിവരുന്നു. ഇറച്ചിവില്പനയ്ക്കായി ഫ്രാഞ്ചൈസി സമ്പ്രദായം ഏർപ്പെടുത്തുന്ന നടപടികൾ തുടങ്ങിയിട്ടുണ്ട്. കെപ്കോ നൽകിവരുന്ന സഹായങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-1, 2 ആയി ഉള്ളടക്കം ചെയ്യുന്നു+. കെ.വി.എ.എസ്.യു സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിവരുന്ന സഹായങ്ങൾ അനുബന്ധം 5 ആയി ഉള്ളടക്കം ചെയ്യുന്നു+.

(ഡി) കർഷകർക്ക് മൃഗസംരക്ഷണ മേഖലയെ പ്രധാന വരുമാനമാർഗമാക്കി വളർത്തിയെടുക്കുന്നതിന് എന്തെല്ലാം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സഹായങ്ങളാണ് നടപ്പാക്കിവരുന്നതെന്ന് വിശദമാക്കാമോ?

കർഷകർക്കായി നടപ്പാക്കുന്ന ഒരു നൂതന പദ്ധതിയാണ് സമഗ്ര ഫാം എയ്ഡ് പാക്കേജ് പദ്ധതി. 10 മുതൽ 20 പശുക്കളുള്ള ഇടത്തരം ഡയറി ഫാമുകൾക്കാണ് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമാകുക. 45 ലക്ഷം രൂപയാണ് നടപ്പുസാമ്പത്തിക വർഷം ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതിയിലൂടെ ഒരു ഫാമിന് ഒരു ലക്ഷം രൂപയോളം ധനസഹായം ലഭിക്കും. സമഗ്ര ഫാം എയ്ഡ് പാക്കേജ് പദ്ധതിക്കുകീഴിൽ ആരോഗ്യ പരിരക്ഷ, തീറ്റപ്പുൽ കൃഷിക്ക് സഹായം, കാലിത്തീറ്റയ്ക്ക് ധനസഹായം, ഫാം ആധുനികവൽക്കരണം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള 45 ഇടത്തരം ഡയറി ഫാമുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും. സമഗ്ര ഫാം എയ്ഡ് പാക്കേജ് പദ്ധതി നടപ്പാക്കുകവഴി തുടക്കമെന്ന നിലയിൽ സംസ്ഥാനത്തുള്ള 45 ഇടത്തരം ഡയറി ഫാമുകൾക്കാവശ്യമായിട്ടുള്ള സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാകും. സംരംഭകത്വ വികസന സെൽ എന്ന പദ്ധതി നടപ്പാകുന്നതോടെ കൂടുതൽ സംരംഭകർ

മൃഗസംരക്ഷണ മേഖലയിലേക്ക് കടന്നുവരാനും അവരെ ഈ മേഖലയിൽ നിലനിർത്തുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്തുനൽകാനും സാധിക്കും. കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി അവരുടെ ആട്ടുമാട്ടുകളെ വിൽക്കാനുള്ള വേദി എന്ന നിലയിൽ എം.പി.ഐ. പ്രവർത്തിക്കുന്നതുകൊണ്ട് അവർക്ക് ന്യായമായ വില ലഭ്യമാകുന്നു. മേൽ സംരംഭങ്ങൾവഴി കർഷകർക്ക് ഒരു വരുമാനമാർഗം സൃഷ്ടിച്ചുനൽകാൻ കെപ്കോയ്ക്ക് സാധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-1, 2 ആയി ഉള്ളടക്കം ചെയ്യുന്നു+. കർഷകർക്കുവേണ്ട സാങ്കേതിക പരിശീലനങ്ങൾ KVASU നൽകിവരുന്നുണ്ട്. കൂടാതെ സർവകലാശാലയുടെ വിവിധ സെന്ററുകൾ വഴി വിവിധ പ്ലാൻ, പ്ലാനിതര പദ്ധതികളിലൂടെ കർഷകർക്കാവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നു. കർഷകർക്ക് വരുമാനം വർധിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങൾ, കാലാവസ്ഥ വ്യതിയാനംമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനുള്ള പ്രത്യേക ഗവേഷണങ്ങൾ, അതോടൊപ്പം കോഴി, താറാവ് എന്നിവയിലെ പുതിയ ഇനങ്ങളെ ഉരുത്തിരിച്ചെടുക്കൽ, പശുവിന്റെ പാൽ ഉൽപാദന വർധനയ്ക്കുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങൾ, പാൽ, മാംസം, മുട്ട എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള മൂല്യവർധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഗവേഷണം അതിനോടനുബന്ധിച്ചുള്ള പരിശീലനം മുതലായവ നൽകിവരുന്നു. മാത്രമല്ല കർഷകർ ആവശ്യപ്പെടുന്നമുറയ്ക്ക് സാങ്കേതിക പിന്തുണയും സർവകലാശാല നൽകിവരുന്നു. കർഷകർക്ക് മൃഗസംരക്ഷണ മേഖലയെ പ്രധാന വരുമാനമാർഗമാക്കി വളർത്തിയെടുക്കുന്നതിന് കെ.എഫ്.എൽ. നൽകുന്ന സഹായങ്ങൾ അനുബന്ധം 6 ആയി ഉള്ളടക്കം ചെയ്യുന്നു+.

**കർഷക സൗഹൃദ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ**

328(1957) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. അക്രെഡിറ്റഡ് ഏജന്റ് ഫോർ ഹെൽത്ത് ആൻഡ് എക്സ്റ്റെൻഷൻ ഓഫ് ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ (എ-ഹെൽപ്പ്) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കേന്ദ്രസർക്കാർ വിഭാവന ചെയ്തിട്ടുള്ളൊരു പദ്ധതിയാണ്. കേന്ദ്രസർക്കാർ മാർഗനിർദേശങ്ങൾ അനുസരിച്ച് സംസ്ഥാനത്ത് മൃഗസംരക്ഷണ മേഖലയിൽ കർഷകരുടെ വീട്ടുപടിക്കൽ സേവനം നൽകുന്നതിന് വകുപ്പിനെയും കർഷകരെയും ബന്ധിപ്പിക്കുന്ന കണ്ണികളായി പ്രവർത്തിക്കുന്നതിനും കർഷകർക്ക് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനുമാണ് എ-ഹെൽപ്പുമാരുടെ സേവനം പ്രധാനമായും പ്രയോജനപ്പെടുത്തുന്നത്. സംസ്ഥാനത്തെ മൃഗസംരക്ഷണ മേഖലയെ ശക്തിപ്പെടുത്തുന്നതിന്, മൃഗാരോഗ്യവും, കന്നുകാലികളിൽനിന്നുള്ള ഉൽപാദനവും, വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അംഗീകൃത ഏജന്റായി

പ്രവർത്തിക്കുന്നതിനാണ് എ-ഹെൽപ്പ്മാരുടെ സേവനം പ്രയോജനപ്പെടുത്തുന്നത്.

(ബി) പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനായി വനിതകൾക്ക് പരിശീലനം നൽകി കർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ വിഭാവന ചെയ്തിട്ടുള്ള പദ്ധതി മാർഗരേഖയിൽ എ-ഹെൽപ്പുകളായി തിരഞ്ഞെടുക്കേണ്ടത് പ്രാഥമികമായി ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന്റെ സ്വയംസഹായ ഗ്രൂപ്പുകളുടെ ഒരു വനിത അംഗമായിരിക്കണമെന്നാണ്. എ-ഹെൽപ്പ് പദ്ധതിയിലേക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് കുടുംബശ്രീ വഴിയാണ്. കുടുംബശ്രീ വഴി തിരഞ്ഞെടുക്കുന്ന അംഗങ്ങൾക്ക് (പശുസഖികൾ) ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ വഴി പരിശീലനം നൽകുകയാണ് ചെയ്യുന്നത്. മേൽപ്രകാരം തിരഞ്ഞെടുക്കപ്പെട്ട് പരിശീലനത്തിന് നിയോഗിച്ചിട്ടുള്ള ആദ്യ ബാച്ച് (30 പേർ) പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) എങ്കിൽ എന്തെല്ലാം വിഷയങ്ങളിലാണ് പരിശീലനം നൽകുന്നത്; ക്ഷീര കർഷകർക്ക് എങ്ങനെയെല്ലാം ഇത് പ്രയോജനപ്പെടും; വിശദാംശം നൽകാമോ?

കോഴികൾക്കുള്ള വാക്സിനേഷൻ, എൻ.എ.ഡി.സി.പി. പ്രവർത്തനങ്ങൾ, ആടുകളുടെയും പന്നികളുടെയും ടാഗിങ്, ഡാറ്റ എൻട്രി, വിരമരുന്ന് നൽകുന്നത് സംബന്ധിച്ച്, റേഷൻ ബാലൻസിങ് ചെയ്ത് തീറ്റയിൽ പ്രാദേശികമായി ലഭ്യമായ ഘടകങ്ങളെ ഉൾപ്പെടുത്തി തീറ്റമിശ്രണം ചെയ്യുന്നതിന്, കന്നുകാലി കനേഷുമാരി സംബന്ധിച്ച്, കർഷകോപകാരപ്രദമായ വിജ്ഞാന വ്യാപന ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന്, 1962 കാൾ സെന്ററിന്റെ പ്രവർത്തനം, മൊബൈൽ വെറ്ററിനറി സർവീസ് എന്നിവയുടെ പ്രവർത്തനങ്ങൾ കർഷകരിൽ എത്തിക്കുന്നതിനും കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ, ബാങ്കുകളുമായുള്ള ഏകോപനം, കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള സഹായം, മൃഗങ്ങളുടെ വിവരശേഖരണം, പദ്ധതി നടത്തിപ്പ് സംബന്ധിച്ച് മൃഗാശുപത്രികളിലെ

വിവിധ പദ്ധതികളുടെ ഡാറ്റ എൻട്രി, ഇയർ ടാഗിങ്, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി സംബന്ധിച്ച അവബോധം സൃഷ്ടിക്കൽ, എത്ത്നോ വെറ്ററിനറി മരുന്നുകളുടെ ഉപയോഗം സംബന്ധിച്ച് കർഷകർക്ക് അവബോധം നൽകുക, ഡിസീസ് റിപ്പോർട്ടിങ്, വിവിധ ലൈസൻസുകൾ ലഭ്യമാകുന്നതിന് സഹായിക്കുക, തെരുവുനായ നിയന്ത്രണം, പേവിഷബാധ നിയന്ത്രണം മുതലായവ സംബന്ധിച്ചുള്ള അവബോധം പൊതുജനത്തിന് നൽകുക. മേൽപരാമർശിച്ച വിഷയങ്ങളിൽ എ-ഹെൽപ്പ്മാർക്ക് പരിശീലനം നൽകുന്നതുവഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനും കർഷക സൗഹൃദ അന്തരീക്ഷം സംജാതമാക്കുന്നതിനും ആയതുവഴി ക്ഷീരകർഷകർക്ക് മെച്ചപ്പെട്ടതും സമയബന്ധിതവുമായ സേവനങ്ങൾ ലഭിക്കുന്നതിനും സഹായകമാകും.

**പന്നി വളർത്തലിലേർപ്പെട്ട കർഷകർക്കുള്ള നഷ്ടപരിഹാരം**

329(1958) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ഉദയഗിരി പഞ്ചായത്തിലെ രോഗം ബാധിച്ച പന്നികളെ കൊന്നുകളയേണ്ടിവന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര ആക്ഷൻ പ്ലാൻ പ്രകാരം, സംസ്ഥാനത്ത് പന്നിപ്പനി സ്ഥിരീകരിച്ച 554 പന്നികളെ ദയാവധം ചെയ്തിട്ടുണ്ട്. കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന ആവശ്യത്തിലേക്കായി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നഷ്ടപരിഹാരം നൽകുന്നതിന് കേന്ദ്ര/സംസ്ഥാന സർക്കാർ വിഹിതം എത്രയാണ്; കേന്ദ്ര സർക്കാർ വിഹിതം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

നഷ്ടപരിഹാരം നൽകുന്നതിനായി 50:50 എന്ന നിരക്കിലാണ് കേന്ദ്ര സംസ്ഥാന വിഹിതം കണക്കാക്കിയിരിക്കുന്നത്. കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിങ് പ്രോഗ്രാം (എസ്.എൽ.ബി.പി.)**

330(1959) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിറ്റാണ്ടുകളായി നടപ്പാക്കിവരുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (എസ്.എൽ.ബി.പി.- സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിങ് പ്രോഗ്രാം) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് നിലവിൽ ക്ഷീരസംഘങ്ങൾവഴി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ/അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാർ പ്രതിമാസം നിശ്ചിത അളവിൽ കാലിത്തീറ്റ 50 ശതമാനം സബ്സിഡി നിരക്കിൽ വിതരണം നടത്തിവന്നിരുന്നത് നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായ ഗോവർദ്ധിനി പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം 42 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻവേണ്ടി മാത്രം 8 ജില്ലകളിലായി പ്രവർത്തിക്കുന്ന 38 കാഫ് ഫീഡ് സ്കീം സർക്കിൾ ഓഫീസുകളിലെ വെറ്ററിനറി സർജൻ തസ്തികയിലെ ജീവനക്കാരെ മൃഗാശുപത്രികളിലേക്ക് പുനർവിന്യസിക്കുമോ?

നിലവിൽ അപ്രകാരമൊരു നിർദേശമില്ല.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എസ്.എൽ.ബി.പി. പദ്ധതി നടപ്പിലാക്കുന്നതിലേക്ക് വാങ്ങിയ ബില്ലിങ് മെഷീനുകൾക്ക് ഉപയോഗമില്ലാത്ത സാഹചര്യം സൃഷ്ടിക്കപ്പെടില്ലേ; വിശദാംശങ്ങൾ അറിയിക്കുമോ?

എസ്.എൽ.ബി.പി. പദ്ധതി തുടർന്നുവരുന്നതിനാൽ അത്തരമൊരു സാഹചര്യം സൃഷ്ടിക്കപ്പെട്ടിട്ടില്ല.

(ഡി) കാലിത്തീറ്റയുടെയും വൈക്കോൽ ഉൾപ്പെടെയുള്ളവയുടെയും വില വർധനമൂലം കഷ്ടത അനുഭവിക്കുന്ന ക്ഷീര കർഷകർ പശുക്കിടാക്കളെ ഒഴിവാക്കുന്നതുമൂലം സമീപഭാവിയിൽ ക്ഷീരമേഖലയുടെ വലിയ തകർച്ചയ്ക്ക്

ഈ നീക്കം കാരണമാകില്ലേ; ഇത് സംഭവിക്കാതിരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിമൂലം കർഷകർക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല.

**കെ. എൽ. ഡി. സി. മുഖേന പയ്യന്നൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ**

331(1960) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ഡി.സി. മുഖേന പയ്യന്നൂർ മണ്ഡലത്തിലെ ഏതെങ്കിലും പദ്ധതി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; അറിയിക്കാമോ?

സമർപ്പിച്ചിട്ടില്ല.

(ബി) എങ്കിൽ പ്രസ്തുത പ്രോജക്ടിന് ഭരണാനുമതി നൽകുന്നകാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ബാധകമല്ല.

**മൃഗസംരക്ഷണ വകുപ്പിന്റെ പ്രവൃത്തികൾക്ക് നീക്കിവച്ചിട്ടുള്ള തുക**

332(1961) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതിയിനത്തിൽ നീക്കിവച്ചിട്ടുള്ള തുക എത്രയാണ്; എത്ര തുക അനുവദിച്ചുനൽകിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതിയിനത്തിൽ നീക്കിവച്ചിട്ടുള്ള തുക 17796 ലക്ഷം രൂപയും അനുവദിച്ച തുക 9978.03 ലക്ഷം രൂപയും ചെലവഴിച്ച തുക 9359.06 ലക്ഷം രൂപയുമാണ്. ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ മടിക്കൈ പ്രോജക്ട്**

333(1962) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ മടിക്കൈ പഞ്ചായത്ത് ആസ്ഥാനമായി മൃഗസംരക്ഷണ മേഖല/മടിക്കൈ പ്രോജക്ട് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതി ആരംഭിക്കാനായി ഭൂമി കൈമാറ്റ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) ഉണ്ട്. 100 ഏക്കർ സ്ഥലത്ത് വിഭാവന ചെയ്തിരിക്കുന്ന പദ്ധതിക്ക് ആദ്യഘട്ടമായി 50 സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ട്. ബാക്കി 49.5 ഏക്കർ കൂടി അനുവദിക്കണമെന്ന് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്ക് സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരങ്ങളും എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതിക്ക് സംസ്ഥാന ബജറ്റിൽ മൃഗസംരക്ഷണ വകുപ്പിനായി തുക വകയിരുത്തിയിട്ടില്ല.

**താറാവ് കർഷകർക്കായി പ്രത്യേക പാക്കേജ്**

334(1963) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പക്ഷിപ്പനിയെ തുടർന്ന് എത്ര താറാവുകളെയാണ് കൊന്നൊടുക്കിയതെന്ന് അറിയിക്കാമോ?

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് മണ്ഡലത്തിൽ 2024 ഏപ്രിൽ മാസത്തിൽ സ്ഥിരീകരിച്ച പക്ഷിപ്പനിയിൽ 11,939 താറാവുകളെ കൊന്നൊടുക്കിയിട്ടുണ്ട്.

(ബി) ഇതിന്റെ ഫലമായി താറാവ് കർഷകർക്ക് സംഭവിച്ചിട്ടുള്ള സാമ്പത്തിക നഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

താറാവിന്റെ വിലയിനത്തിൽ കർഷകർക്ക് 24,92,200/- രൂപ നഷ്ടം വന്നിട്ടുണ്ട്.

(സി) പ്രസ്തുത കർഷകർക്ക് വിതരണം ചെയ്ത നഷ്ടപരിഹാര തുകയുടെ വിശദാംശം ലഭ്യമാക്കാമോ; ഇനിയെത്ര തുക വിതരണം ചെയ്യാൻ ശേഷിക്കുന്നുവെന്ന് അറിയിക്കാമോ?

2024 ഏപ്രിൽ മാസത്തിൽ സ്ഥിരീകരിച്ച പക്ഷിപ്പനിയിൽ കർഷകർക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്തിട്ടില്ല.

(ഡി) നിരന്തരമായ പക്ഷിപ്പനി വ്യാപനത്തെ തുടർന്ന് കുട്ടനാട്/അപ്പർ കുട്ടനാട്ടിലെ താറാവ് കർഷകർ നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനും പ്രത്യേക പാക്കേജ് നടപ്പാക്കുന്ന വിഷയം പരിഗണിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ കേന്ദ്ര ആക്ഷൻ പ്ലാൻ പ്രകാരമാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

**കുട്ടനാട്ടിലെ താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

335(1964) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിലവിലെ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പക്ഷിപ്പനിമൂലം കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പക്ഷിപ്പനിമൂലം എല്ലാ വർഷവും താറാവുകൾ ചത്തൊടുങ്ങുന്നത് തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ-സി) പക്ഷിപ്പനിമൂലം നശിപ്പിക്കപ്പെട്ട മുട്ട, കൊന്നൊടുക്കിയ പക്ഷികൾ, ചത്തുപോയ പക്ഷികൾ എന്നിവയ്ക്കുള്ള നഷ്ടപരിഹാരം സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി പ്രോജക്ട് കോ-ഓർഡിനേറ്ററുടെ ഓഫീസ്

മുഖേന കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി പ്രോജക്ട് കോ-ഓർഡിനേറ്ററുടെ ഓഫീസിന്റെ ജില്ലാതല സബ്ഓഫീസുകളിലെ എപിഡെമിയോളജിസ്റ്റ് മുഖേന നടന്നുവരുന്ന സർവൈലൻസ് നടപടികൾ കൂടുതൽ തീവ്രമായി നടത്തുന്നുണ്ട്. കൂടുതൽ സാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിച്ച് അയച്ചുകൊടുക്കുന്നതുവഴി രോഗ സാധ്യത തുടക്കത്തിലേ മനസ്സിലാക്കി, രോഗ വ്യാപനം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് പക്ഷിപ്പനി രോഗബാധ അടിക്കടിയുണ്ടാകുന്ന സാഹചര്യത്തിൽ പക്ഷിപ്പനി രോഗബാധ വരാനുള്ള കാരണം, പുതിയ സ്ഥലങ്ങളിലേക്കുള്ള വ്യാപനം, ദേശാടനപ്പക്ഷികളുടെ വരവ്, രോഗനിരീക്ഷണം തുടങ്ങിയ കാര്യങ്ങൾ സമഗ്രമായി വിലയിരുത്തുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി സംഘം രോഗബാധ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങൾ സന്ദർശിച്ച് രണ്ടാഴ്ചക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനും പഠനത്തിന്റെ അടിസ്ഥാനത്തിൽ,

കൈക്കൊള്ളേണ്ട ജില്ലാതല-സംസ്ഥാനതല രോഗപ്രതിരോധ നടപടികൾ, ത്വരിതഗതിയിൽ കൈക്കൊള്ളേണ്ട നടപടികൾ, ദീർഘകാല പദ്ധതികൾ എന്നിവ തയ്യാറാക്കാനും തീരുമാനിച്ചിട്ടുണ്ട്.

**കാസർഗോഡ് - മൊബൈൽ വെറ്ററിനറി ക്ലിനിക്**

336(1965) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിച്ച മൊബൈൽ വെറ്ററിനറി ക്ലിനിക് ഏതൊക്കെ ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

കേരളത്തിലെ എല്ലാ ജില്ലകളിലും മൊബൈൽ വെറ്ററിനറി ക്ലിനിക് ആരംഭിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ചെറുവത്തൂർ കേന്ദ്രീകരിച്ച് ഒരു മൊബൈൽ വെറ്ററിനറി ക്ലിനിക് സ്ഥാപിക്കാൻ നടപടി ഉണ്ടാകുമോ?

ചെറുവത്തൂർ പഞ്ചായത്ത് ഉൾപ്പെടുന്ന നീലേശ്വരം ബ്ലോക്ക് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലേക്കും മൊബൈൽ വെറ്ററിനറി ക്ലിനിക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മൃഗചികിത്സാ സേവനങ്ങൾ ഡിജിറ്റലാക്കാൻ നടപടി

337(1966) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. എ. രാജ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗചികിത്സാ സേവനങ്ങൾക്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) മൃഗസംരക്ഷണ പ്രവർത്തനങ്ങളെല്ലാം ഡിജിറ്റലായി സംയോജിപ്പിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മൃഗചികിത്സാ സേവനങ്ങളും മറ്റ് അനുബന്ധ സേവനങ്ങളും കർഷകർക്കും പൊതുജനങ്ങൾക്കും ആയാസരഹിതമായി ലഭ്യമാകുന്ന തരത്തിൽ മൃഗസംരക്ഷണ വകുപ്പ് ഇ-സമൃദ്ധ പദ്ധതി നടപ്പാക്കിവരികയാണ്. കേരളത്തിലെ മൃഗസംരക്ഷണ, വെറ്ററിനറി പ്രവർത്തനങ്ങളുടെ

എല്ലാവശങ്ങളും ഡിജിറ്റലായി സംയോജിപ്പിക്കാനാണ് ഇ-സമൃദ്ധ പദ്ധതി ലക്ഷ്യമിടുന്നത്. മൊബൈൽ ആപ്ലിക്കേഷൻവഴി കർഷകർക്ക് ചികിത്സാ സേവനങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യാനും ആരോഗ്യ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാനും മൃഗപരിപാലനവുമായി ബന്ധപ്പെട്ടുള്ള മറ്റ് സേവനങ്ങളെല്ലാംതന്നെ ഒരു വിരൽ തുമ്പിൽ ലഭ്യമാക്കാനും ഉതകുന്ന ഒരു സമ്പൂർണ്ണ അനിമൽ ഹെൽത്ത് മാനേജ്മെന്റ് സംവിധാനമാണ് പദ്ധതിയുടെ ഭാഗമായി ഒരുക്കുന്നത്. പദ്ധതിയുടെ ഭാഗമായുള്ള സോഫ്റ്റ്‌വെയർ മൊഡ്യൂളുകളുടെ ആദ്യഘട്ടം നിലവിൽ പ്രവർത്തനസജ്ജമായിട്ടുണ്ട്. കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയിലും തൃക്കണ്ണാപുരം വെറ്ററിനറി ഡിസ്പെൻസറിയിലും ടി സംവിധാനം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. പത്തനംതിട്ട ജില്ലയിലും മറ്റ് ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളിലും ടി സംവിധാനം നടപ്പിൽവരുത്തുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചുവരുന്നു. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നിർവഹണ പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനായുള്ള സോഫ്റ്റ്‌വെയർ മൊഡ്യൂളുകളും അടിയന്തരഘട്ടങ്ങളിൽ കർഷകരുടെ

വീട്ടുപടിക്കൽ ചികിത്സാ സേവനം നൽകുന്ന മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനവും ഇ-സമൃദ്ധയുടെ ഭാഗമായുള്ള മൊബൈൽ ആപ്ലിക്കേഷൻവഴി ബുക്ക് ചെയ്യാൻ സാധിക്കുന്നതിനുള്ള സംവിധാനവും മൃഗസംരക്ഷണ വകുപ്പിന്റെ ലാബോറട്ടറികളുടെ പ്രവർത്തനങ്ങളെ ഡിജിറ്റലായി സംയോജിപ്പിക്കുന്നതിനുള്ള സംവിധാനവും ഒരുക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(സി) മൃഗപരിപാലനവുമായി ബന്ധപ്പെട്ട മറ്റെന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത പദ്ധതിവഴി ലഭ്യമാക്കുന്നത്; വിശദാംശം നൽകാമോ?

മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക് പോസ്റ്റുകളെ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇതുകൂടാതെ ക്ഷീര കർഷകർക്കായുള്ള ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പ് ആയാസരഹിതമായി കൈകാര്യം ചെയ്യുന്നതിനായുള്ള സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനും ഡെവലപ് ചെയ്തുകൊണ്ടിരിക്കുകയാണ്. കർഷകർക്ക് തങ്ങളുടെ പ്രദേശങ്ങളിലുള്ള

കാലാവസ്ഥാ വ്യതിയാനങ്ങളിൽ മുന്നറിയിപ്പ് നൽകുന്ന സംവിധാനവും മൃഗസംരക്ഷണ വകുപ്പ് ഒരുക്കിയിട്ടുണ്ട്.

**ആധുനിക സൗകര്യങ്ങളോടുകൂടിയ വെറ്ററിനറി ആംബുലൻസുകൾ**

338(1967) <u>ശ്രീ. ജോബ് മൈക്കിൾ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ബ്ലോക്കുകൾക്കാണ് ആധുനിക സൗകര്യങ്ങളോടുകൂടിയ വെറ്ററിനറി ആംബുലൻസുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

നെടുമങ്ങാട്, പാറശ്ശാല, ചടയമംഗലം, അഞ്ചൽ, പറക്കോട്, മല്ലപ്പള്ളി, കഞ്ഞിക്കുഴി, മുതുകുളം, കാഞ്ഞിരപ്പള്ളി, വൈക്കം, കട്ടപ്പന, ദേവികുളം, അഴുത, കോതമംഗലം, മുളന്തുരുത്തി, മതിലകം, പഴയന്നൂർ, പട്ടാമ്പി, അട്ടപ്പാടി, തിരൂർ, നിലമ്പൂർ, കൊടുവള്ളി, തൂണേരി, മാനന്തവാടി, സുൽത്താൻ ബത്തേരി, പയ്യന്നൂർ, ഇരിട്ടി, കാഞ്ഞങ്ങാട്, കാസർഗോഡ് എന്നീ ബ്ലോക്കുകളിൽ വെറ്ററിനറി ആംബുലൻസുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകൾക്കും പ്രസ്തുത ആംബുലൻസുകൾ അനുവദിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ആകെയുള്ള 152 ബ്ലോക്കുകളിൽ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 123 ബ്ലോക്കുകളിലേക്കും 3 കോർപ്പറേഷനിലും ഒരു മുനിസിപ്പാലിറ്റിക്കുംകൂടി ആകെ 127 വാഹനങ്ങൾ അനുവദിക്കുന്നതിനുവേണ്ടി Rebuild Kerala Initiative (RKI) പദ്ധതിയിലുൾപ്പെടുത്തി 4-7-2023-ലെ ജി.ഒ (ആർ.ടി) നം. 274/2023/P&EA പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 127 വാഹനങ്ങൾ (123 ബ്ലോക്കുകളിലേക്കും 3 കോർപറേഷനിലും ഒരു മുനിസിപ്പാലിറ്റിക്കുംകൂടി) വാങ്ങുന്നതിനുവേണ്ടിയുള്ള നടപടികളുടെ ഭാഗമായി, GEM പ്രകാരം വകുപ്പ് ബിഡിൽ ഏർപ്പെടുകയുണ്ടായി. എന്നാൽ ചില സാങ്കേതിക തകരാർ കാരണങ്ങളാലും പൊതുതിരഞ്ഞെടുപ്പിന്റെ പെരുമാറ്റചട്ടം നിലവിൽ വന്നതിനാലും ബിഡ് പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. നിലവിൽ ഇപ്പോൾ GEM പോർട്ടലിൽ

വാഹനങ്ങൾക്കുവേണ്ടി ബിഡ് ചെയ്തിരിക്കുകയാണ് (GEM/2024/B/5021749,GEM/2024/B/5018409).

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെയും അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാരുടെയും സ്ഥലമാറ്റങ്ങൾ

339(1968) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെയും അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാരുടെയും സ്ഥലംമാറ്റങ്ങൾ പൊതുഭരണ വകുപ്പിന്റെ 3/2017-ലെ ഉത്തരവ് പാലിച്ച് ഓൺലൈൻ മുഖേന നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികകളിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം പൊതുഭരണ വകുപ്പിന്റെ 25-02-2017-ലെ സ.ഉ.(പി) നം.3/2017/ഉ.ഭ.പ.വ. പ്രകാരം ഓൺലൈൻ മുഖേന നടപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിരുന്നെങ്കിലും ആയത് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ

ഗ്രേഡ്- I, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികകളിലെ ജീവനക്കാരുടെ 2023 വർഷത്തിലെ പൊതുസ്ഥലംമാറ്റം സ്പാർക്ക് മുഖേന ഓൺലൈനായി നടപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പ് ആരംഭിക്കുകയും ജീവനക്കാരിൽനിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത നടപടികൾക്കെതിരെ ടി തസ്തികകളിലെ ഒരു വിഭാഗം ജീവനക്കാർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA (E) 212/2024 എന്ന നമ്പർ കേസ് ഫയൽ ചെയ്യുകയും ടി കേസിന്മേലുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23-02-2024-ലെ ഇടക്കാല ഉത്തരവുപ്രകാരം പ്രസ്തുത നടപടികൾ വകുപ്പിന് താൽക്കാലികമായി നിർത്തിവയ്ക്കേണ്ടിവരികയും ചെയ്തു. ടി കേസിന്മേലുള്ള അന്തിമ ഉത്തരവ് ലഭ്യമായിട്ടില്ല. അത് ലഭ്യമായാൽ മാത്രമേ ടി തസ്തികകളിലെ ജീവനക്കാരുടെ തുടർന്നുള്ള പൊതുസ്ഥലംമാറ്റ നടപടികളും വകുപ്പിന് ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത സ്ഥലംമാറ്റങ്ങൾ 3/2017-ലെ ഉത്തരവ് പാലിച്ച് നടപ്പാക്കണമെന്ന കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ ഒ.എ.

1484/2021-ലെ വിധി നടപ്പാക്കുമെന്ന് 07-05-2022-ൽ ഉത്തരവിറക്കിയതല്ലാതെ മറ്റെന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖേന നടപ്പാക്കുന്നതിനായി, ടി വിഭാഗം ജീവനക്കാരുടെ സർവീസ് സംഘടനകളിലൊന്നായ കേരള ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടേഴ്സ് അസോസിയേഷൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 1484/2021 എന്ന നമ്പർ കേസ് ഫയൽ ചെയ്യുകയും ടി കേസിന്മേലുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 24-02-2022-ലെ അന്തിമ ഉത്തരവ് പ്രകാരം, സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗനിർദേശങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള പൊതുഭരണ വകുപ്പിന്റെ 25-02-2017-ലെ സ.ഉ.(പി)നം.3/2017/ഉ.ഭ.പ.വ. പ്രകാരം, വകുപ്പിലെ ജീവനക്കാരുടെ ഇലക്ട്രോണിക് ഡാറ്റാബേസ് സോഫ്റ്റ്‌വെയർ

രൂപവൽക്കരണം ത്വരിതപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ സംവിധാനത്തിലൂടെ മാത്രം, വരും വർഷങ്ങളിലേക്കുള്ള പൊതുസ്ഥലംമാറ്റം നടത്തുന്നതിന് നടപടികൾ കൈക്കൊള്ളാൻ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിക്കൊണ്ട് (07-05-2022-ലെ സ.ഉ. (സാധാ)നം.228/2022/എ.എച്ച്.ഡി.), പ്രസ്തുത കോടതി ഉത്തരവ് സർക്കാർ പാലിച്ചിട്ടുള്ളതുമാണ്. തുടർന്ന് പ്രസ്തുത സർക്കാർ ഉത്തരവിലെ നിർദേശപ്രകാരം വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികകളിലെ ജീവനക്കാരുടെ ഇലക്ട്രോണിക് ഡാറ്റാബേസ് സ്പാർക്ക് മുഖേന തയ്യാറാക്കി, 2023 വർഷത്തിലെ പൊതുസ്ഥലംമാറ്റം ഓൺലൈനായി നടപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പ് ആരംഭിക്കുകയും ജീവനക്കാരിൽനിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു (നോട്ടിഫിക്കേഷൻ നം.AHD/7551/2021-K4. തീയതി 31/01/2024). എന്നാൽ പ്രസ്തുത നടപടികൾക്കെതിരെ ടി തസ്തികകളിലെ ഒരു വിഭാഗം ജീവനക്കാർ വീണ്ടും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA (E)

212/2024 നമ്പർ കേസ് ഫയൽ ചെയ്യുകയും ടി കേസിന്മേലുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23-02-2024-ലെ ഇടക്കാല ഉത്തരവുപ്രകാരം പ്രസ്തുത നടപടികൾ വകുപ്പിന് താൽക്കാലികമായി നിർത്തിവയ്ക്കേണ്ടിവരികയും ചെയ്തു. ടി കേസിന്മേലുള്ള അന്തിമ ഉത്തരവ് ലഭ്യമായിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമേ ടി തസ്തികകളിലെ ജീവനക്കാരുടെ തുടർന്നുള്ള പൊതുസ്ഥലംമാറ്റ നടപടികളും വകുപ്പിന് ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(സി) വകുപ്പ് 19-04-2023-ൽ പുറത്തിറക്കിയ സർക്കുലറിൽ 15 കിലോമീറ്റർ ഏരിയൽ ഡിസ്റ്റൻസ് കണക്കാക്കി സ്ഥലംമാറ്റം നടത്താനുള്ള തീരുമാനം സർക്കാരിന്റെ ഏത് ഉത്തരവുപ്രകാരമാണ്; വിശദമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗനിർദേശങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള പൊതുഭരണ വകുപ്പിന്റെ 25-02-2017-ലെ സ.ഉ.(പി) നം.3/2017/ഉ.ഭ.പ.വ.-ലെ ഖണ്ഡിക 9 (l) ൽ " ഒരു ജില്ലയിലെ (റവന്യൂ ജില്ല) 15 കി.മീറ്റർ ചുറ്റളവിനുള്ളിലുള്ള സർവീസ് ഒരേ സ്റ്റേഷനിലെ സർവീസായി

കണക്കാക്കേണ്ടതാണ്" എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് 15 കി.മീറ്റർ ചുറ്റളവിനുള്ളിലുള്ള വകുപ്പിലെ സ്ഥാപനങ്ങളെ ഒറ്റ സ്റ്റേഷനായി പരിഗണിച്ചുകൊണ്ട് സ്പാർക്കിൽ മാപ്പ് ചെയ്ത് ലോക്ക് ചെയ്തിട്ടുള്ളത്. പ്രസ്തുത സ്റ്റേഷനുകളുടെ ലിസ്റ്റ് ഡയറക്ടറുടെ 19-04-2023-ലെ AHD/2935/2023 – IT4 നം. സർക്കുലർ പ്രകാരം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

(ഡി) പ്രസ്തുത സർക്കുലറിന്മേൽ കോടതി നിർദേശം പാലിച്ച് 15 കിലോമീറ്റർ എന്നത് റോഡ് മാർഗമുള്ള ദൂരമായി കണക്കാക്കി ഓൺലൈൻ മാർഗത്തിലൂടെ സ്ഥലംമാറ്റം നടത്താൻ നടപടി സ്വീകരിക്കുമോ?

പൊതുഭരണ വകുപ്പിന്റെ 25-02-2017-ലെ സ.ഉ.(പി)നം.3/2017/ഉ.ഭ.പ.വ.-ലെ ഖണ്ഡിക (13)-ൽ നിഷ്കർഷിച്ചിരിക്കും പ്രകാരം, പൊതുസ്ഥലംമാറ്റത്തിനുള്ള ഭേദഗതികൾ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികകളിലെ ജീവനക്കാരുടെ സർവീസ് സംഘടനകളുമായി 11-06-2024-ന് ഡയറക്ടർ ചർച്ച ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മേൽപരാമർശിച്ച കേസിന്മേൽ കോടതിയിൽനിന്നും അന്തിമ ഉത്തരവ്

ലഭ്യമായാൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

340(1969) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം മൃഗസംരക്ഷണ വകുപ്പ് വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ; അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിലവിലെ സർക്കാർ അധികാരമേറ്റശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ അനുബന്ധം I ആയി ചേർക്കുന്നു+.

(ബി) നിലവിലെ സർക്കാർ അധികാരമേറ്റശേഷം ക്ഷീരവികസന വകുപ്പ് വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ?

നിലവിലെ സർക്കാർ അധികാരമേറ്റശേഷം ക്ഷീരവികസന വകുപ്പ് വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു+.

**കെ.എൽ.ഡി.സി. വഴി നടപ്പാക്കുന്ന പദ്ധതികൾ**

341(1970) <u>ശ്രീമതി ദെലീമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിൽ കെ.എൽ.ഡി.സി. വഴി നടപ്പാക്കിയ പദ്ധതികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏതെല്ലാമെന്ന് വിശദമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരൂർ മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന പദ്ധതികളൊന്നും നടപ്പാക്കുന്നില്ല.

(ബി) കെ.എൽ.ഡി.സി. വഴി സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിൽ കെ.എൽ.ഡി.സി. വഴി പദ്ധതികളൊന്നും നടപ്പാക്കുന്നില്ല.

**താൽക്കാലിക ജീവനക്കാരുടെ ശമ്പള വിതരണം**

342(1971) <u>ശ്രീ. ചാണ്ടി ഉമ്മൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിലെ രാത്രികാല താൽക്കാലിക ജീവനക്കാരുടെ ശമ്പള വിതരണം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എന്നുവരെയുള്ള ശമ്പളം നൽകിയിട്ടുണ്ടെന്നും നിലവിൽ എത്ര കുടിശ്ശികയുണ്ടെന്നും വിശദമാക്കുമോ?

| ക്രമ | ജില്ല | മറുപടി |
|---|---|---|

| നം | | |
|---|---|---|
| 1 | തിരുവനന്തപുരം | 2024 ഏപ്രിൽ മാസം വരെ ശമ്പളം നൽകിയിട്ടുണ്ട്. മേയ് മാസത്തെ വേതനം നൽകാനുണ്ട്. |
| 2 | കൊല്ലം | 2024 മാർച്ച് മാസം വരെയുള്ള ശമ്പളം നൽകിയിട്ടുണ്ട്. നിലവിൽ 15,37,920/-രൂപ കുടിശ്ശികയുണ്ട്. |
| 3 | ആലപ്പുഴ | 2024 ഏപ്രിൽ മാസം വരെ ശമ്പളം നൽകിയിട്ടുണ്ട്. മേയ് മാസത്തെ വേതനം നൽകാനുണ്ട്. 3,97,980/-രൂപ കുടിശ്ശികയുണ്ട്. |
| 4 | കോട്ടയം | 2024 ഏപ്രിൽ മാസം വരെ ശമ്പളം നൽകിയിട്ടുണ്ട്. മേയ് മാസത്തെ വേതനം നൽകാനുണ്ട്. |
| 5 | പത്തനംതിട്ട | 2024 ഫെബ്രുവരി മാസം വരെയുള്ള ശമ്പളം മാറി നൽകിയിട്ടുണ്ട്. മാർച്ച് മാസത്തിലെ ശമ്പള കുടിശ്ശിക നൽകാനുണ്ട്. |
| 6 | ഇടുക്കി | രാത്രികാല താൽക്കാലിക ജീവനക്കാരുടെ ശമ്പള വിതരണം മുടങ്ങിയിട്ടില്ല. കുടിശ്ശികയില്ല. |
| 7 | എറണാകുളം | 31-03-2024 വരെ വെറ്ററിനറി ഡോക്ടറുടെ വേതനവും 30-04-2024 വരെ ഡ്രൈവർ കം അറ്റൻഡറുടെ വേതനവും നൽകിയിട്ടുണ്ട്. 31-05-2024 വരെ വേതനയിനത്തിൽ 9,81,813/-രൂപ കുടിശ്ശികയുണ്ട്. |
| 8 | തൃശ്ശൂർ | 2024 ഏപ്രിൽ മാസം വരെ ശമ്പളം നൽകിയിട്ടുണ്ട്. മേയ് മാസത്തെ വേതനം നൽകാനുണ്ട്. |
| 9 | പാലക്കാട് | രാത്രികാല താൽക്കാലിക ജീവനക്കാരുടെ ശമ്പള വിതരണം മുടങ്ങിയിട്ടില്ല. കുടിശ്ശികയില്ല. |
| 10 | വയനാട് | ഇല്ല. |
| 11 | മലപ്പുറം | 2024 ഏപ്രിൽ മാസം വരെ ശമ്പളം നൽകിയിട്ടുണ്ട്. മേയ് മാസത്തെ വേതനം നൽകാനുണ്ട്. |

| | | |
|---|---|---|
| 12 | കോഴിക്കോട് | ഉണ്ട്. 2024 ഏപ്രിൽ വരെയുള്ള ശമ്പളം നൽകിയിട്ടുണ്ട്. കൊടുവള്ളി ബ്ലോക്കിൽ ഫെബ്രുവരി 2024 വരെയുള്ള ശമ്പളം മാത്രമേ നൽകിയിട്ടുള്ളൂ. നിലവിൽ കുടിശ്ശിക 5,74,280/-രൂപയാണ്. |
| 13 | കണ്ണൂർ | 2024 ഏപ്രിൽ മാസം വരെ ശമ്പളം നൽകിയിട്ടുണ്ട്. |
| 14 | കാസർഗോഡ് | 2024 മേയ് മാസം വരെ കാസർഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം, മഞ്ചേശ്വരം എന്നീ 4 ബ്ലോക്കുകളിൽ ശമ്പളം നൽകിയിട്ടുണ്ട്. കാറഡുക്ക ബ്ലോക്കിൽ 2024 ഏപ്രിൽ മാസം വരെ ശമ്പളം നൽകിയും 16,841/-രൂപ കുടിശ്ശികയും നൽകാനുണ്ട്. പരപ്പ ബ്ലോക്കിൽ 2024 ഏപ്രിൽ, മേയ് മാസം വരെ ശമ്പളം നൽകിയും 58,143/-രൂപ കുടിശ്ശികയും നൽകാനുണ്ട്. |
| ആകെ കുടിശ്ശിക | | 35,66,977/- രൂപ |

(ബി) താൽക്കാലിക ജീവനക്കാരുടെ ശമ്പള വിതരണം തടസ്സപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കുമോ; 2023-24 സാമ്പത്തിക വർഷത്തിലും നടപ്പുസാമ്പത്തിക വർഷത്തിലും ഇവരുടെ ശമ്പള വിതരണത്തിനായി ആകെ എത്ര തുകയാണ് വകുപ്പ് ആവശ്യപ്പെട്ടതെന്നും എത്ര തുകയാണ് വകയിരുത്തിയതെന്നും അറിയിക്കുമോ?

ട്രഷറി നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാലാണ് താൽക്കാലിക ജീവനക്കാരുടെ ശമ്പള വിതരണം പൂർണ്ണമായി കൊടുത്തുതീർക്കാൻ

കഴിയാത്തത്. രാത്രികാല അടിയന്തര മൃഗചികിത്സാ പദ്ധതി, മൃഗസംരക്ഷണ വകുപ്പിന്റെ `വാസ സ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം' എന്ന പദ്ധതിയിലെ ഘടകമാണ്. 2403-00-101-71 (പ്ലാൻ) എന്ന ബജറ്റ് ശീർഷകത്തിലാണ് പ്രസ്തുത പദ്ധതിക്ക് തുക വകയിരുത്തിവരുന്നത്. 2023-24 സാമ്പത്തിക വർഷം രാത്രികാല അടിയന്തര മൃഗചികിത്സാ പദ്ധതിയിലെ കരാർ ജീവനക്കാരുടെ ശമ്പള വിതരണത്തിന് മൃഗസംരക്ഷണ വകുപ്പ് ആവശ്യപ്പെട്ടത് 15.61 കോടി രൂപയും ശമ്പള വിതരണത്തിന് ബജറ്റിൽ അനുവദിച്ചത് 15 കോടി രൂപയുമാണ്. 2024-25 സാമ്പത്തിക വർഷം രാത്രികാല അടിയന്തര മൃഗചികിത്സാ പദ്ധതിയിലെ കരാർ ജീവനക്കാരുടെ ശമ്പള വിതരണത്തിന് മൃഗസംരക്ഷണ വകുപ്പ് ആവശ്യപ്പെട്ടത് 16 കോടി രൂപയും ശമ്പള വിതരണത്തിന് ബജറ്റിൽ അനുവദിച്ചത് 13.0044 കോടി രൂപയുമാണ്.

(സി) താൽക്കാലിക ജീവനക്കാരുടെ ശമ്പള വിതരണത്തിനുള്ള അലോട്ട്മെന്റ് തുകയിൽനിന്നും എത്ര തുകയാണ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പുതന്നെ സറണ്ടർ ചെയ്ത് തിരികെ

നൽകേണ്ടിവന്നതെന്നും ഇതിനായുള്ള നിർദേശം നൽകിയത് ആരാണെന്നും വ്യക്തമാക്കാമോ; മൃഗസംരക്ഷണ വകുപ്പിലെ രാത്രികാല താൽക്കാലിക ജീവനക്കാരുടെ ശമ്പളവിതരണം അടിയന്തരമായി പൂർത്തിയാക്കുന്നതിനുവേണ്ട നിർദേശം നൽകുമോ?

2403-00-101-71-00-34-03-P-V എന്ന ശീർഷകത്തിൽനിന്നും കഴിഞ്ഞ സാമ്പത്തിക വർഷാവസാനം 1,01,57,33,616/- രൂപ എല്ലാ ജില്ലാ ഓഫീസിൽനിന്നുമായി സറണ്ടർ ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 04-03-2024-ലെ 13/2024/Fin circular പ്രകാരം ടി ഓഫീസിൽനിന്നും എല്ലാ ജില്ലാ ഓഫീസിലേക്കുമായി നിർദേശം നൽകിയതിൻപ്രകാരമാണ് സറണ്ടർ ചെയ്തത്. സാമ്പത്തിക വർഷാവസാനംതന്നെ ബാക്കി തുക BAMS സോഫ്റ്റ്‌വെയറിൽ സറണ്ടർ ചെയ്തില്ലെങ്കിൽ പിന്നീട് സറണ്ടർ ചെയ്യാൻ സാധിക്കില്ല. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ AHD/2729/2024/B5 ഓർഡർ പ്രകാരം രാത്രികാല സേവനങ്ങൾക്കായി കരാർ അടിസ്ഥാനത്തിലുള്ള ജീവനക്കാർക്ക് 6 മാസത്തേക്കുള്ള ശമ്പളത്തിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു.

## പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ

343(1972) <u>ശ്രീ. എച്ച്. സലാം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ല ഉൾപ്പെടെ വിവിധ ജില്ലകളിൽ കഴിഞ്ഞ വർഷങ്ങളിൽ പക്ഷിപ്പനിമൂലം ആയിരക്കണക്കിന് താറാവുകളെ കൊന്നൊടുക്കിയതുമൂലം നഷ്ടമുണ്ടായ താറാവ് കർഷകർക്കുള്ള നഷ്ടപരിഹാരത്തുക വിതരണം ചെയ്തതിന്റെ വിശദാംശം മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

കഴിഞ്ഞ വർഷങ്ങളിൽ പക്ഷിപ്പനിമൂലം താറാവുകളെ കൊന്നൊടുക്കിയതുമൂലം നഷ്ടമുണ്ടായ താറാവ് കർഷകർക്ക് വിതരണം ചെയ്ത നഷ്ടപരിഹാരത്തുകയുടെ മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഭാവിയിൽ ശാസ്ത്രീയമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതിനെ പ്രതിരോധിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ മൃഗസംരക്ഷണ ഓഫീസറുടെ നേതൃത്വത്തിൽ ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന സർവൈലൻസ് പ്രവർത്തനങ്ങൾക്കായി പക്ഷികളിൽനിന്ന് സാമ്പിളുകൾ ശേഖരിക്കുകയും പരിശോധനക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ലബോറട്ടറികളിലേക്ക് അയയ്ക്കുകയും ചെയ്യുന്നു. ഇതുവഴി രോഗസാധ്യത തുടക്കത്തിലേ കണ്ടുപിടിക്കുകയും രോഗവ്യാപനം തടയാൻ നടപടിയെടുക്കാനും സാധിക്കുന്നു. സംസ്ഥാനത്ത് പക്ഷിപ്പനി രോഗബാധ അടിക്കടിയുണ്ടാകുന്ന സാഹചര്യത്തിൽ പക്ഷിപ്പനി രോഗബാധ വരാനുള്ള കാരണം, പുതിയ സ്ഥലങ്ങളിലേക്കുള്ള വ്യാപനം, ദേശാടനപ്പക്ഷികളുടെ വരവ്, രോഗനിരീക്ഷണം തുടങ്ങിയ കാര്യങ്ങൾ സമഗ്രമായി വിലയിരുത്തുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി സംഘം സ്ഥലങ്ങൾ സന്ദർശിച്ച് രണ്ടാഴ്ചക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനും

പഠനത്തിന്റെ അടിസ്ഥാനത്തിൽ, കൈക്കൊള്ളേണ്ട ജില്ലാതല-സംസ്ഥാനതല രോഗപ്രതിരോധ നടപടികൾ, ത്വരിതഗതിയിൽ കൈക്കൊള്ളേണ്ട നടപടികൾ, ദീർഘകാല പദ്ധതികൾ എന്നിവ തയ്യാറാക്കാനും തീരുമാനിച്ചിട്ടുണ്ട്.

**കാർഷിക വിനോദങ്ങൾക്കുള്ള നിരോധനം നീക്കാൻ നിയമനിർമ്മാണം**

344(1973) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികോത്സവങ്ങൾ, വിനോദങ്ങൾ, ആചാരങ്ങൾ തുടങ്ങിയവയുടെ ഭാഗമായി കർഷകർ നടത്തുന്ന കന്നുപൂട്ട്, മരമടി തുടങ്ങിയ ഉത്സവങ്ങൾക്ക് നിലവിലുള്ള നിയമപരമായ നിരോധനം നീക്കുന്നതിന് നിയമനിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാർഷിക വിനോദങ്ങൾ നടത്തുന്നതിന് നിലവിലുള്ള നിയമപരമായ നിരോധനം ഒഴിവാക്കിക്കിട്ടുന്നതിന് സംസ്ഥാന സർക്കാർ

ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച സർക്കാർ നിലപാട് അറിയിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട് നടത്തിയിരുന്ന കാളപൂട്ട്/കന്ന്പൂട്ട്/മരമടി/ഉഴവ് മത്സരങ്ങൾ തുടർന്നും നടത്തുന്നതിന് കേന്ദ്ര നിയമമായ 1960 – ലെ The Prevention of Cruelty to Animals Act-ൽ ഭേദഗതികൾ വരുത്തിയ The Prevention of Cruelty to Animals (Kerala Amendment) Bill-2021 അംഗീകരിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. “The Prevention of Cruelty to Animals (Kerala Amendment) Bill 2021” ബില്ലിനുപകരം അത് ഓർഡിനൻസായി അംഗീകരിക്കാൻ മന്ത്രിസഭ തീരുമാനിക്കുകയും ചെയ്തു.

1960-ലെ The Prevention of Cruelty to Animals Act (Central Act 59 of 1960) ഒരു കേന്ദ്ര ആക്റ്റ് ആയതിനാൽ ഭേദഗതി വരുത്തുന്നതിന് മുൻപ് ഇന്ത്യൻ ഭരണഘടനയുടെ 213-ാം അനുഛേദം (1)- ഖണ്ഡിക പ്രകാരം ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ മുൻകൂറായുള്ള നിർദേശം വാങ്ങേണ്ടതുണ്ട്. അതിനാൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ നിർദേശങ്ങൾ

ലഭിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര വകുപ്പ് സെക്രട്ടറിക്ക് കത്തുകളും ഓർമ്മക്കുറിപ്പുകളും നൽകിയിട്ടുള്ളതാണ്. ടി വിഷയത്തിൽ നാളിതുവരെ കേന്ദ്രസർക്കാരിൽനിന്നും മറുപടി ലഭ്യമായിട്ടില്ല. മറുപടി ലഭ്യമാകുന്നമുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം**

345(1974) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ◌ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് കർഷകർക്ക് നൽകിവരുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

രാത്രികാലങ്ങളിലെ അടിയന്തര വെറ്ററിനറി സേവനം

മൃഗാശുപത്രികളുടെ പ്രവർത്തനസമയശേഷം, മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കാവശ്യമായ അടിയന്തര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിന് രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി നടപ്പാക്കുന്നു. രാത്രികാലങ്ങളിൽ അടിയന്തര വെറ്ററിനറി കെയർ സർവീസുകൾ നിലവിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും 3 കോർപ്പറേഷനുകൾ, 1 മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലുമായി 156 കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നുണ്ട്.

മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ

നിലവിൽ സംസ്ഥാനത്തെ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ അവശേഷിക്കുന്ന മറ്റ് ബ്ലോക്കുകളിൽകൂടി മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി RKI പദ്ധതി മുഖേന 04-07-2023-ലെ സ.ഉ (സാധാ) നമ്പർ 274/2023/P&EA (RKI) പ്രകാരം നൽകിയിട്ടുണ്ട്. അതിന്റെ

അടിസ്ഥാനത്തിൽ പ്രസ്തുത യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

ഗോവർദ്ധിനി പദ്ധതി

കന്നുകുട്ടികളുടെ ശാസ്ത്രീയപരിപാലനം ലക്ഷ്യമിട്ട് ഗോവർദ്ധിനി പദ്ധതി നടപ്പാക്കിവരുന്നു.

ഗോ സമൃദ്ധി

സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി- കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉൽപാദനത്തിലുള്ള കുറവുമൂലമുണ്ടാകുന്ന നഷ്ടത്തിൽ നിന്നുള്ള പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതി

സമഗ്ര ഫാം എയ്ഡ് പാക്കേജ് പദ്ധതി

ഈ പദ്ധതിക്കുകീഴിൽ ആരോഗ്യ പരിരക്ഷ, തീറ്റപ്പുൽ കൃഷിക്ക് സഹായം, കാലിത്തീറ്റയ്ക്ക് ധനസഹായം, ഫാം ആധുനികവൽക്കരണം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള 45 ഇടത്തരം ഡയറി ഫാമുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും. സംസ്ഥാനത്ത്

കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് കർഷകർക്ക് നൽകിവരുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

മിൽക്ക് ഷെഡ് വികസന പദ്ധതിയിലൂടെ ഒരു പശു, 2 പശു, 5 പശു, 10 പശു, 20 പശു യൂണിറ്റുകൾ, സ്മാർട്ട് ഡയറി ഫാം, ഹീഫർ പാർക്ക്, ക്ഷീരതീരം, ക്ഷീരലയം എന്നീ പദ്ധതി ഘടകങ്ങളിലൂടെ കർഷകർക്ക് കന്നുകാലികളെ വാങ്ങുന്നതിനും ക്ഷീര കർഷകരുടെ ഫാമുകൾക്ക് ആവശ്യാധിഷ്ഠിത ധനസഹായത്തിനും കറവയന്ത്രം വാങ്ങുന്നതിനും ധനസഹായം അനുവദിച്ചുനൽകുന്നുണ്ട്. കൂടാതെ, തിരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സാങ്കേതിക സഹായത്തോടെ “ക്ഷീരഗ്രാമം” പദ്ധതിയും നടപ്പാക്കുന്നുണ്ട്. പാൽ ഉൽപാദന ചെലവ് കുറയ്ക്കുന്നതിനും കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി തീറ്റപ്പുൽ കൃഷിക്കുള്ള ധനസഹായം, തരിശുഭൂമിയിൽ തീറ്റ പുൽകൃഷി, പച്ചപ്പുൽ, വൈക്കോൽ, സൈലേജ്, TMR എന്നിവ ക്ഷീരസംഘത്തിൽനിന്നും വാങ്ങുന്നവർക്ക് ധനസഹായം

അനുവദിക്കുന്നു. ക്ഷീരമേഖലയിൽ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും വെല്ലുവിളികളും തരണം ചെയ്യുന്നതിനായി വ്യക്തിഗത ഗുണഭോക്താക്കൾക്കും സംരംഭകർക്കും ക്ഷീരപരിശീലന കേന്ദ്രം മുഖേന പരിശീലനവും നൽകിവരുന്നുണ്ട്.

(ബി) ഡയറിഫാം, കാലിത്തൊഴുത്ത് നിർമ്മാണം തുടങ്ങി സർക്കാർ സബ്സിഡി നൽകുന്ന ഏതെല്ലാം ധനസഹായ പദ്ധതികൾ നിലവിലുണ്ടെന്നും അവ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

2024-25 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിനായി സമഗ്ര ഫാം എയ്ഡ് പാക്കേജ് പദ്ധതിക്ക് ബജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്. സമഗ്ര ഫാം എയ്ഡ് പാക്കേജ് പദ്ധതിക്കുകീഴിൽ ആരോഗ്യ പരിരക്ഷ, തീറ്റപ്പുൽ കൃഷിക്ക് സഹായം, കാലിത്തീറ്റയ്ക്ക് ധനസഹായം, ഫാം ആധുനികവൽക്കരണം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള 45 ഇടത്തരം ഡയറി ഫാമുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും. 10 മുതൽ 20 വരെ പശുക്കളുള്ള ഫാമുകൾക്കാണ്

പദ്ധതി. ഒരു ഫാമിന് ഒരു ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കും. നടപ്പുസാമ്പത്തിക വർഷം പദ്ധതിക്കായി 45 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഫാം ആരംഭിക്കുന്നവർക്കായി 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ്, 20 പശു യൂണിറ്റ്, യുവാക്കൾക്കായിട്ടുള്ള സ്മാർട്ട് ഡയറി ഫാം എന്നീ പദ്ധതികൾ ക്ഷീരവികസന വകുപ്പ് ധനസഹായത്തോടുകൂടി അനുവദിക്കുന്നു. പ്രസ്തുത പദ്ധതി ഘടകങ്ങൾക്ക് വ്യക്തിഗതമായും ഗ്രൂപ്പുകളായും (കുടുംബശ്രീ/ജെ.എൽ.ജി/എസ്.എച്ച്.ജി)അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സ്വീകരണം മുതൽ ധനസഹായത്തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ എത്തുന്നതുവരെയുള്ള നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെയാണ് വകുപ്പ് നടപ്പാക്കുന്നത്. 5 പശു യൂണിറ്റിന് 1.5 ലക്ഷം രൂപയും 10 പശു യൂണിറ്റിന് 3.8 ലക്ഷം രൂപയും 20 പശു യൂണിറ്റിന് 7.6 ലക്ഷം രൂപയും സ്മാർട്ട് ഡയറി ഫാമിന് 4.64 ലക്ഷം രൂപയുമാണ് ധനസഹായം അനുവദിക്കുന്നത്. കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതിക്കായി ചെലവഴിക്കുന്ന തുകയുടെ 50 ശതമാനം പരമാവധി 50,000/-

ത്രുപയാണ് ക്ഷീരവികസന വകുപ്പ് ധനസഹായം നൽകുന്നത്. ക്ഷീരവികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത പദ്ധതികൾക്കും അപേക്ഷ സ്വീകരിക്കുന്നത് മുതൽ ധനസഹായം അനുവദിക്കുന്നത് വരെയുള്ള നടപടികൾ ക്ഷീരശ്രീ പോർട്ടൽ മുഖേനയാണ് നടത്തുന്നത്. പുതിയ സംരംഭകർക്കും കാലിവളർത്തൽ മുഖ്യ വരുമാന മാർഗമായി സ്വീകരിച്ചിരിക്കുന്നവർക്കും ക്ഷീരസംഘത്തിലും ക്ഷീരകർഷക ക്ഷേമനിധിയിലും അംഗങ്ങളായവർക്കും പദ്ധതികൾക്ക് പരിഗണന നൽകിവരുന്നു.

(സി) പരിപാലന ചെലവ് കുറഞ്ഞതും ഉയർന്ന രോഗ പ്രതിരോധശേഷിയുള്ളതുമായ നാടൻ പശുക്കളെ ആവശ്യാനുസരണം കർഷകർക്ക് ലഭ്യമാക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

പരിപാലന ചെലവ് കുറഞ്ഞതും ഉയർന്ന രോഗ പ്രതിരോധശേഷിയുള്ളതുമായ നാടൻ പശുക്കളെ ആവശ്യാനുസരണം കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്നില്ല.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയുടെ സംസ്ഥാന നോഡൽ ഏജൻസി കെ.എൽ.ഡി ബോർഡാണ്.

**ക്ഷീരവികസന വകുപ്പിനുള്ള പദ്ധതി വിഹിതം**

346(1975) <u>ശ്രീ. അൻവർ സാദത്ത്:</u> താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ ക്ഷീരവികസന വകുപ്പിന് വിവിധ പ്രവൃത്തികൾക്കായി പദ്ധതിയിനത്തിൽ നീക്കിവച്ചിട്ടുള്ള തുക എത്രയാണെന്നും എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ ക്ഷീരവികസന വകുപ്പിന് വിവിധ പ്രവൃത്തികൾക്കായി ബജറ്റിൽ നീക്കിവച്ചിട്ടുള്ള തുകയും അനുവദിച്ച് നൽകിയിട്ടുള്ള തുകയും അതിൽ ചെലവഴിച്ച തുകയുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| Sl. No | SCHEME | BUDGET OUTLINE (Rs. in CRORE) | FUND ALLOCATION FROM FINANCE | EXPENDITURE (Rs. in CRORE) |
|---|---|---|---|---|

| | | | (Rs. in CRORE) | |
|---|---|---|---|---|
| 1 | DEPT FUND - REVENUE HEAD | 92.42 | 59.22 | 48.67 |
| 2 | DEPT FUND – CAPITAL HEAD | 34.96 | 17.11 | 10.89 |
| 3 | LAND ACQUISITION (CAPTAL –CHARGED) | 5.08 | 5.08 | 5.08 |
| 4 | RIDF ( MOORKANAD MILK POWDER PLANT) | 29.53 | 29.53 | 29.53 |
| | **GRAND TOTAL** | 161.99 | 110.94 | 94.17 |

**ഏറനാട് മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി**

347(1976) <u>ശ്രീ. പി. കെ. ബഷീർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിയത്; ജില്ല തിരിച്ച് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിയ പഞ്ചായത്തുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഏറനാട് മണ്ഡലത്തിലെ ഏതെങ്കിലും ഗ്രാമപഞ്ചായത്തിൽനിന്നും ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കുന്നതിനായി അപേക്ഷ ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടി അറിയിക്കുമോ?

ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കുന്നതിനായി ഏറനാട് മണ്ഡലത്തിലെ ഊർങ്ങാട്ടിരി പഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ ജില്ലാതല പരിശോധനകൾക്കുശേഷം സംസ്ഥാനതലത്തിൽ തുടർപരിശോധനകൾ നടന്നുവരുന്നു.

(സി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് നിലവിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ഏറനാട് മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ക്ഷീര സംഘങ്ങളെ ബാധിക്കുന്ന നിയമ ഭേദഗതികൾ**

348(1977) <u>ശ്രീ. ജി. സ്റ്റീഫൻ:</u> താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളം സംസ്ഥാന സഹകരണ സംഘം (ഭേദഗതി) ആക്റ്റ്, 2023 ക്ഷീര സംഘങ്ങൾക്ക് ബാധകമാണോയെന്ന് വിശദമാക്കാമോ; ആണെങ്കിൽ പ്രസ്തുത ആക്റ്റിലെ ക്ഷീരസംഘങ്ങളെ ബാധിക്കുന്ന ഭേദഗതികൾ വിശദമാക്കാമോ?

സർക്കാരിന്റെ 07-06-2024-ലെ 1829-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 07-06-2024-ലെ 142/Leg.H2/2022/Law നമ്പർ പ്രകാരമുള്ള 2024-ലെ 9-ാം നിയമമായി വിജ്ഞാപനം ചെയ്തിട്ടുള്ള കേരള സഹകരണ സംഘം (ഭേദഗതി) നിയമം (2023-ലെ ഭേദഗതി നിയമം), 1969 -ലെ കേരള സഹകരണ സംഘം നിയമം എന്നിവ പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും ബാധകമായിട്ടുള്ളതാണ്. പ്രസ്തുത ആക്റ്റിലെ ക്ഷീര സംഘങ്ങളെ ബാധിക്കുന്ന ഭേദഗതികൾ ചുവടെ ചേർക്കുന്നു.

1. വകുപ്പ് 2-ൽ വന്ന ഭേദഗതി i(ab),(ad), vii(od), viii(p)

2. വകുപ്പ് 3 –ൽ subsection 1, 2-ൽ വന്ന ഭേദഗതികൾ

3. വകുപ്പ് 7 Subsection 1(a) in Clause (d), Clause(f) ൽ പുതിയതായി കൂട്ടിച്ചേർത്ത ക്ലിപ്ത നിബന്ധനകൾ, Subsection (2), (3)-ൽ വന്ന ഭേദഗതികൾ

4. വകുപ്പ് 8A-ൽ വന്ന ഭേദഗതികൾ

5. വകുപ്പ് 14-ൽ വന്ന ഭേദഗതികൾ - 14 AA, 14 B-ൽ വന്ന കൂട്ടിചേർക്കൽ

6. വകുപ്പ് 15 പുതിയതായി കൂട്ടിച്ചേർത്ത Subsection (4)

7. വകുപ്പ് 19-ൽ പുതിയതായി കൂട്ടിച്ചേർത്ത Subsection (2)

8. വകുപ്പ് 19 B-ൽ വന്ന ഭേദഗതികൾ

9. വകുപ്പ് 20-ൽ വന്ന ഭേദഗതികൾ

10. വകുപ്പ് 26-ൽ വന്ന ഭേദഗതികൾ

11. വകുപ്പ് 28-ൽ വന്ന ഭേദഗതി കൂട്ടിച്ചേർക്കലുകൾ - വകുപ്പ് 28 AB-ൽ വന്ന ഭേദഗതികൾ

12. വകുപ്പ് 29-ൽ വന്ന ഭേദഗതികൾ

13. വകുപ്പ് 31, 32, 33-ൽ വന്ന ഭേദഗതികൾ

14. വകുപ്പ് 34 A എന്ന പുതിയ വകുപ്പ്

15. വകുപ്പ് 56, 56 A-ൽ വന്ന ഭേദഗതികൾ

16. പുതിയ വകുപ്പുകൾ 59 A, 59 B

17. വകുപ്പ് 68-ൽ വന്ന ഭേദഗതികൾ പുതിയ വകുപ്പ് 68 B

18. വകുപ്പ് 69, 70, 73, 74 C-ൽ വന്ന ഭേദഗതികൾ

19. വകുപ്പ് 80, 88B-ൽ വന്ന ഭേദഗതികൾ

20. വകുപ്പ് 94, 95, 106 A-ൽ വന്ന ഭേദഗതികൾ

**ക്ഷീരഗ്രാമം പദ്ധതി**

349(1978) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതി ഏത് വർഷം മുതലാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

2016 വർഷം മുതലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിവരുന്നത്.

(ബി) ക്ഷീരഗ്രാമം പദ്ധതിയിൽ പഞ്ചായത്തുകളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ?

ക്ഷീരസഹകരണ സംഘങ്ങളും ക്ഷീര കർഷകരും കൂടുതലായുള്ളതും ക്ഷീരോൽപാദനത്തിന് കൂടുതൽ സാധ്യതയുള്ളതും ക്ഷീരവികസനത്തിന് അനുയോജ്യമായതും കുറഞ്ഞത് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതുമായ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ തിരഞ്ഞെടുക്കുന്നത്.

(സി) 2024-25 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് പഞ്ചായത്തുകളുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

2024-25 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി 40 പഞ്ചായത്തുകളിൽ നടപ്പാക്കുന്നതിനായി സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു.

**കന്നുകാലികളിലെ ചർമ്മമുഴ നിയന്ത്രണം**

350(1979) <u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ സി. കെ. ഹരീന്ദ്രൻ:</u>
<u>ശ്രീ. പി. മമ്മിക്കുട്ടി:</u>
<u>ശ്രീ. ജി. സ്റ്റീഫൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളിലെ ചർമ്മമുഴ നിയന്ത്രിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; രോഗവ്യാപനം തടയുന്നതിനുള്ള വാക്സിനേഷൻ ക്യാമ്പയിന് തുടക്കംകുറിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ചർമ്മമുഴ രോഗം നിയന്ത്രണ വിധേയമാക്കുന്നതിനുവേണ്ടി സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി പ്രോജക്ട് കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ വാക്സിനേഷൻ ക്യാമ്പയിൻ നടത്തിവരുന്നുണ്ട്. 2023-ൽ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വാക്സിനേഷൻ ക്യാമ്പയിൻ നടത്തിയിട്ടുണ്ട്. ഈ വർഷം വാക്സിനേഷൻ ക്യാമ്പയിൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഏതെങ്കിലും

സ്ഥലത്ത് ചർമ്മമുഴ വ്യാപനം സ്ഥിരീകരിച്ചാൽ "കണ്ടെയിൻമെന്റ് വാക്സിനേഷൻ" നടത്തി രോഗവ്യാപനം തടയുകയും ചെയ്യുന്നുണ്ട്.

(ബി) ചർമ്മമുഴ രോഗം ബാധിച്ച് മരണപ്പെട്ട കന്നുകാലികളുടെ ഉടമകളായ ക്ഷീര കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നഷ്ടപരിഹാരം ലഭ്യമാകുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ?

ഉണ്ട്. ചർമ്മമുഴ ബാധിച്ച് മരണപ്പെട്ട കന്നുകാലികളുടെ ഉടമകളായ ക്ഷീരകർഷകർക്ക് മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്തനിവാരണ ധനസഹായം അനുവദിക്കുന്ന ശീർഷകത്തിൽനിന്നും (2403-00-101-97-00-34-03-PV) നഷ്ടപരിഹാരം അനുവദിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് 05-04-2023-ലെ സ.ഉ. (സാധാ) നം. 138/2023/എ.എച്ച്.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ദുരന്തനിവാരണ മാനദണ്ഡപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്.

**മട്ടന്നൂർ മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി**

351(1980) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ക്ഷീരഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി പരിഗണനയിലില്ല.

(ബി) 2023-24-ൽ മട്ടന്നൂർ മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

2023-24-ൽ മട്ടന്നൂർ മണ്ഡലത്തിലെ പഞ്ചായത്തുകളൊന്നും പഞ്ചായത്ത് വിഹിതം വകയിരുത്തി പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് വിഹിതം വകയിരുത്തി പ്രൊപ്പോസൽ ലഭ്യമാക്കുന്നമുറയ്ക്ക് പദ്ധതി നടപ്പാക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

## ക്ഷീരശ്രീ പോർട്ടൽ

352(1981) <u>ശ്രീ. പി. മമ്മിക്കുട്ടി:</u> താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരശ്രീ പോർട്ടലിന്റെ പ്രവർത്തനം വിശദമാക്കാമോ; ക്ഷീര കർഷകർക്ക് പ്രസ്തുത പോർട്ടൽവഴി എന്തെല്ലാം പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

സർക്കാർ സേവനങ്ങൾ വിരൽത്തുമ്പിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് ക്ഷീരവികസന വകുപ്പ് 'ക്ഷീരശ്രീ പോർട്ടൽ' എന്ന ഓൺലൈൻ സംവിധാനം നടപ്പാക്കിയത്. ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന വകുപ്പുകളായ ട്രഷറി, റവന്യൂ, പൊതുവിതരണം എന്നീ വകുപ്പുകളുമായി ഏകോപിപ്പിച്ചുകൊണ്ട് പരിപൂർണ്ണമായും ഓൺലൈൻ ആയാണ് പദ്ധതി നിർവഹിക്കുന്നത്. ക്ഷീരവികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത പദ്ധതികളിലും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് 'ക്ഷീരശ്രീ പോർട്ടൽ' മുഖേനയാണ്. പദ്ധതിക്കായുള്ള അപേക്ഷ സമർപ്പണം മുതൽ ബിൽ മാറി ധനസഹായ തുക

ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് വരെയുള്ള എല്ലാ നടപടികളും പ്രസ്തുത ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടപ്പാക്കുന്നത്. തന്മൂലം സുതാര്യതയോടും കാര്യക്ഷമതയോടും സമയബന്ധിതമായും പദ്ധതികൾ നടപ്പാക്കാൻ സാധിക്കുന്നു. ക്ഷീരകർഷകർക്ക് തങ്ങളുടെ മൊബൈൽ ഫോണിലൂടെയോ ലാപ്ടോപ്പിലൂടെയോ സമീപത്തുള്ള അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ അനായാസം ഓൺലൈൻ മുഖേന സേവനം ലഭ്യമാക്കുന്നതിനാൽ പലതവണ ഓഫീസിൽ ഹാജരാകേണ്ട സാഹചര്യമുണ്ടാകുന്നില്ല. ഓരോ പദ്ധതിക്കും സർക്കാർ അംഗീകരിച്ച് നൽകിയ മാർഗരേഖയ്ക്ക് വിധേയമായുള്ള ഗുണഭോക്താക്കളെ ഓൺലൈൻ മുഖേന കണ്ടെത്തുന്നതിനാൽ ബാഹ്യ ഇടപെടലുകളില്ലാതെ യഥാർഥ കർഷകർക്ക് പദ്ധതികളുടെ നേട്ടം ലഭ്യമാക്കാൻ സാധിക്കുന്നു. അനായാസവും സൗകര്യപ്രദവുമായ 'ക്ഷീരശ്രീ പോർട്ടൽ' സർക്കാർ സേവനങ്ങൾ വിരൽത്തുമ്പിൽ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് ക്ഷീരവികസന വകുപ്പ് നടപ്പാക്കിയത്. അപേക്ഷ സമർപ്പണം മുതൽ ധനസഹായ തുക ലഭിക്കുന്നത്

വരെയുള്ള നടപടികൾ അനായാസവും സൗകര്യപ്രദവുമായ രീതിയിലുമായതിനാൽ ക്ഷീരകർഷകരെ കൂടുതലായി ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന് പ്രസ്തുത പദ്ധതി സഹായകരമാണ്.

## കറവക്കാരുടെ ലഭ്യതക്കുറവ്

353(1982) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്ക് പശുക്കറവയ്ക്ക്ാവശ്യമായ ആളുകളെ കിട്ടാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ക്ഷീര കർഷകർക്ക് പശുക്കറവയ്ക്ക്ാവശ്യമായ ആളുകളെ കിട്ടാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് 2020-21 സാമ്പത്തിക വർഷം ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന താൽപര്യമുള്ള ക്ഷീരകർഷകർക്ക് പശുക്കറവയുടെ പരിശീലനം നൽകിയിരുന്നു.

(ബി) കർഷകർ ഉൽപാദിപ്പിക്കുന്ന പാൽ മുഴുവൻ ക്ഷീര സംഘങ്ങൾ നൽകുന്ന വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് കറവക്കാർക്ക് തന്നെ നൽകേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് കർഷകരുടേയും ക്ഷീര സംഘങ്ങളുടേയും നിലനിൽപ്പിന് ഭീഷണി ഉയർത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കർഷകർ ഉൽപാദിപ്പിക്കുന്ന പാൽ മുഴുവൻ ക്ഷീരസംഘങ്ങൾ നൽകുന്ന വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് കറവക്കാർക്ക് നൽകേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കർഷകർ ഉൽപാദിപ്പിക്കുന്ന പാൽ മുഴുവനും ക്ഷീരസംഘങ്ങൾ സംഭരിക്കുന്നതിനാലും അതിന് യഥാസമയം ഗുണമേന്മയുടെ അടിസ്ഥാനത്തിൽ വില നൽകുന്നതിനാലും ഈ സാഹചര്യം കർഷകരുടേയും ക്ഷീര സംഘങ്ങളുടേയും നിലനിൽപ്പിനെ ബാധിക്കുന്നില്ല.

**ക്ഷീരമേഖലയുടെ വികസനം**

354(1983) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:

ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയിലേക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നൂതന ആശയങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ?

ക്ഷീരമേഖലയിലേക്ക് കൂടുതൽ സംരംഭകരെ ആകർഷിക്കുന്നതിനായി ക്ഷീരയുവ, ക്ഷീരതീരം, കിടാരി പാർക്ക്, ക്ഷീരലയം എന്നീ നൂതന പദ്ധതികൾ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. പ്രസ്തുത മേഖലയിലേക്ക് യുവ സംരംഭകരെ ആകർഷിക്കുന്നതിനും വ്യത്യസ്തങ്ങളായ ഭൂപ്രകൃതിയിലുള്ളവരെ കൊണ്ടുവരുന്നതിനും ഉതകുന്നതായ പ്രത്യേകമായ പദ്ധതികളാണ് വകുപ്പ് രൂപപ്പെടുത്തിയിരിക്കുന്നത്. ഇവയെല്ലാം ക്ഷീരമേഖലയിലേക്ക് പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും ധനസഹായം അനുവദിക്കുന്നതിലൂടെ ഈ മേഖലയിലേക്ക് കൂടുതൽ ഗുണഭോക്താക്കളെ ചേർക്കുന്നതിനും കഴിയുന്നു.

(ബി) ക്ഷീരമേഖലയിലെ ശുചിത്വപാലനത്തിനും കൂലിചെലവ് കുറയ്ക്കുന്നതിനുംവേണ്ടി യന്ത്രവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഗുണനിലവാരമുള്ള പാലുൽപാദനം സാധ്യമാക്കുന്നതിന് കാലിത്തൊഴുത്ത് വൃത്തിയായി സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ക്ഷീരമേഖലയിലെ ശുചിത്വപാലനത്തിനും കൂലിച്ചെലവ് കുറയ്ക്കുന്നതിനും ഉപകരിക്കുന്ന പദ്ധതികൾ വകുപ്പ് നടപ്പാക്കിവരുന്നു. മിൽക്ക് ഷെഡ് പദ്ധതിയിലുൾപ്പെട്ട Mechanization and Modernisation of cattle shed, ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം പദ്ധതിയിലുൾപ്പെട്ട Assistance for improving farm level hygiene, തീറ്റപ്പുൽകൃഷി പദ്ധതിയിലുൾപ്പെട്ട Fodder–Assistance for automation of Fodder cultivation activities എന്നിവയെല്ലാം ക്ഷീര മേഖലയിലെ ശുചിത്വപാലനത്തിനും യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികളാണ്.

(സി) കന്നുകാലികളുടെ ഉൽപാദന ശേഷിയും രോഗപ്രതിരോധ ശേഷിയും മെച്ചപ്പെടുത്തുന്നതിന് കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ്

നൽകുന്നതെന്ന് വിശദമാക്കുമോ?

തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ Clean Milk Production Kit പദ്ധതി, Distribution of Cattle Feeding supplement/Mineral Mixture at Subsidised Rate പദ്ധതി, ക്ഷീരസംഘങ്ങളിലൂടെ Special care package to cows in late pregnancy to early lactation period എന്നീ പദ്ധതികളെല്ലാം കന്നുകാലികളുടെ ഉൽപാദനശേഷിയും രോഗപ്രതിരോധ ശേഷിയും മെച്ചപ്പെടുത്തുന്നതിന് ക്ഷീരവികസന വകുപ്പ് നടപ്പാക്കുന്നവയാണ്. കന്നുകാലികളുടെ രോഗപ്രതിരോധ ശേഷി വർധിപ്പിക്കുന്നതിനായി, കുളമ്പുരോഗം, ബ്രൂസല്ലോസിസ്, ചർമമുഴരോഗം, Classical Swine Fever (CSF), Peste des Petits Ruminants (PPR) തുടങ്ങിയ കന്നുകാലികൾ, പന്നി, ആട് എന്നിവയെ ബാധിക്കുന്ന പ്രധാനപ്പെട്ട രോഗങ്ങൾക്കെതിരെയുള്ള വാക്സിനേഷനുകൾ, ക്യാമ്പയിനുകളായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. ഇതുകൂടാതെ ആന്ത്രാക്സ്, Hemorrhagic septicemia (HS), Black Quarter (BQ) തുടങ്ങിയ വാക്സിനേഷനുകളും ആവശ്യാനുസരണം നടത്തുന്നു. ക്യാമ്പയിനുകൾ

പ്രഖ്യാപിക്കുന്നതിനോടൊപ്പം ക്ഷീര കർഷകർക്ക് അതത് രോഗങ്ങളെ പറ്റിയുള്ള കൃത്യമായ ബോധവൽക്കരണവും മൃഗസംരക്ഷണ വകുപ്പ് നടത്തിവരുന്നുണ്ട്.

(ഡി) കന്നുകാലികളിലെ വന്ധ്യത പരിഹരിക്കുന്നതിനും കൃത്രിമബീജ സങ്കലനം മെച്ചപ്പെടുത്തുന്നതിനുംവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കന്നുകാലികളിലെ വന്ധ്യത പരിഹരിക്കുന്നതിന് വന്ധ്യതാ നിവാരണ ക്യാമ്പുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മൃഗാശുപത്രികൾവഴി നടപ്പാക്കുന്നു. കൂടാതെ സംസ്ഥാനത്തെ കന്നുകാലികളുടെ പ്രത്യുൽപാദന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ആലുവ കേന്ദ്രീകരിച്ച് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഫെർട്ടിലിറ്റി മാനേജ്മെന്റ് എന്ന സ്ഥാപനം വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നു. പ്രത്യുൽപാദന തകരാറുള്ള കന്നുകാലികളുടെ രക്തസാമ്പിളുകൾ ഫീൽഡുതല ഉദ്യോഗസ്ഥർ ശേഖരിച്ച് അയയ്ക്കുകയും അവ പരിശോധിച്ച് കന്നുകാലികളിലെ ധാതുക്കളുടെ കുറവ്, ഹോർമോൺ

വ്യതിയാനങ്ങൾ എന്നിവ കണ്ടെത്തുകയും ചെയ്യുന്നു. പരിശോധനാഫലമനുസരിച്ച് ഉരുക്കൾക്കാവശ്യമായ ചികിത്സ നൽകുന്നതിനും വന്ധ്യത പരിഹരിക്കുന്നതിനും ഇതുവഴി സാധ്യമാകുന്നു. കൃത്രിമബീജ സങ്കലനം മെച്ചപ്പെടുത്തുന്നതിന് KLDB വിതരണം നടത്തുന്ന ഗുണമേന്മയുള്ള ശീതികരിച്ച ബീജമാണ് വകുപ്പിന്റെ സ്ഥാപനങ്ങൾവഴി കന്നുകാലികളിൽ ഉപയോഗിക്കുന്നത്. കൂടാതെ കൃത്രിമബീജസങ്കലനം ചെയ്യുന്ന ഉദ്യോഗസ്ഥർക്കാവശ്യമായ റിഫ്രഷർ ട്രെയിനിങ് KLDB വഴി നൽകുന്നുണ്ട്. കർഷകർക്കും ആവശ്യമായ ബോധവൽക്കരണം LMTC-കൾ മുഖേന നൽകുന്നു. SIAFM വഴിയും കന്നുകാലികളിലെ പ്രത്യുൽപാദനക്ഷമതയുമായി ബന്ധപ്പെട്ട സെമിനാറുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുന്നു.

**ക്ഷീര കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ**

355(1984) <u>ശ്രീ. ജി. സ്റ്റീഫൻ:</u> താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കാലാവസ്ഥ വ്യതിയാനംമൂലം പ്രതിസന്ധിയിലായ ക്ഷീരമേഖലയെ സംരക്ഷിക്കുന്നതിനും ക്ഷീരകർഷകരെ സഹായിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് കാലാവസ്ഥ വ്യതിയാനംമൂലം പ്രതിസന്ധിയിലായ ക്ഷീരമേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി വിവിധങ്ങളായ പദ്ധതികളാണ് ക്ഷീരവികസന വകുപ്പ് നടപ്പാക്കിവരുന്നത്. അടിയന്തര സാഹചര്യത്തിൽ ക്ഷീര കർഷകരെ സഹായിക്കുന്നതിനായി കണ്ടിജൻസി ഫണ്ട് പദ്ധതി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി, തരിശുഭൂമിയിൽ തീറ്റപ്പുൽ കൃഷി പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, കാറ്റിൽ ഫീഡിങ് പദ്ധതി, കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതി, ഡയറി ഫാമുകളുടെ ആധുനികവൽക്കരണവും യന്ത്രവൽക്കരണവും പദ്ധതി തുടങ്ങിയവ ഇതിലുൾപ്പെടുന്നു.

**ക്ഷീരഗ്രാമം പദ്ധതി**

356(1985) <u>ശ്രീ. എം. വിജിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ പഞ്ചായത്തുകളൊന്നും ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെങ്കിലും പഞ്ചായത്തിൽ പുതിയതായി ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ പുതിയതായി ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കുന്നതിന് പഞ്ചായത്ത് വിഹിതമായ 10 ലക്ഷം രൂപ വകയിരുത്തിക്കൊണ്ടുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത**

357(1986) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ആകെ ഉൽപ്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

2022-23 വർഷത്തെ Economic review-ൽ പ്രസിദ്ധീകരിച്ചുപ്രകാരം 25.79 ലക്ഷം മെട്രിക് ടൺ പാലാണ് സംസ്ഥാനത്ത് നിലവിൽ ഉൽപാദിപ്പിക്കുന്നത്.

(ബി) നിലവിലെ ആവശ്യകതയുടെ എത്ര ശതമാനം പാൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര ശതമാനം പാൽ ഇതരസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നുണ്ട്; ഏതൊക്കെ ഇതരസംസ്ഥാനങ്ങളിൽനിന്നും എത്ര ശതമാനം പാൽ വീതം കൊണ്ടുവരുന്നുണ്ട്; തരംതിരിച്ച് വ്യക്തമാക്കാമോ?

നിലവിൽ കണക്കുകളനുസരിച്ച് ആവശ്യകതയുടെ 78 മുതൽ 80 ശതമാനം വരെ പാൽ സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നുണ്ട്. ഇതര

സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽനിന്നും ക്ഷീരവികസന വകുപ്പിന്റെ മൂന്ന് സ്ഥിരം ചെക്ക്പോസ്റ്റുകൾവഴി പ്രതിദിനം ശരാശരി 5.5 ലക്ഷം ലിറ്റർ പാൽ കേരളത്തിലേക്ക് കൊണ്ടുവരുന്നുണ്ട്. ക്ഷീര സഹകരണ സ്ഥാപനമായ മിൽമ മാത്രം പ്രതിദിനം 4 ലക്ഷം ലിറ്റർ പാൽ ശരാശരി ഇതരസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്നുണ്ട്. സഹകരണ സ്ഥാപനമായ മിൽമ കൂടാതെ മറ്റ് സ്വകാര്യ ഡയറികളും ഇതര സംസ്ഥാനത്തുനിന്നും കേരളത്തിലേക്ക് ചെക്ക്പോസ്റ്റുകൾ വഴി കൊണ്ടുവരുന്ന പാലിന്റെ അളവ് മാത്രമേ കണക്കിൽ വരുന്നുള്ളൂ. 2023-24 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം, മിൽമയുടെ ശരാശരി പ്രതിദിന വിൽപന ആവശ്യകതയുടെ 75 ശതമാനത്തോളം പാൽ പ്രതിദിനം മിൽമ സംഭരിക്കുകയും തികയാതെ വരുന്ന ബാക്കി 25 ശതമാനത്തോളം പാൽ കർണാടക, മഹാരാഷ്ട്ര എന്നീ അയൽ സംസ്ഥാനങ്ങളിൽനിന്നും എത്തിക്കുകയുമാണ് ചെയ്യുന്നത്. ഇതിൽ 10 ശതമാനം

കർണാടകയിൽനിന്നും 15 ശതമാനം മഹാരാഷ്ട്രയിൽനിന്നുമാണ് കൊണ്ടുവരുന്നത്.

(സി) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ പാലിന്റെ ഉൽപ്ാദനം വർധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വീതം വർധിച്ചുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ പാലിന്റെ ഉൽപ്ാദനം വർധിച്ചിട്ടുണ്ട്. ഓരോ വർഷവും ഉണ്ടായ ഉൽപ്ാദന വർധനയുടെ ശതമാനം അനുബന്ധമായി ചേർക്കുന്നു+.

(ഡി) സംസ്ഥാനം പാലുൽപ്ാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശവും അത് എപ്പോൾ പൂർത്തീകരിച്ച് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പ്രതിവർഷം പാലിന്റെ ആവശ്യകത നിലവിൽ 33.1 ലക്ഷം മെട്രിക് ടൺ ലിറ്റർ ആണ്. എന്നാൽ പ്രതിവർഷം 25.79 ലക്ഷം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെട്രിക് ടൺ ലിറ്റർ പാൽ മാത്രമാണ് ഇപ്പോൾ സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നത്. പ്രതിവർഷം ഏകദേശം 8 ലക്ഷം മെട്രിക് ടൺ ലിറ്റർ പാലിന്റെ കുറവ് നിലവിലുണ്ട്. ഈ കുറവ് പരിഹരിക്കുന്നതിനും സംസ്ഥാനം പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- MSDP- ഉരുക്കളെ വാങ്ങുന്ന പദ്ധതി
- MSDP-കർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഉരുക്കളെ വാങ്ങുന്ന പദ്ധതി
- MSDP-ക്ഷീരഗ്രാമം പദ്ധതി
- MSDP-ക്ഷീരലയം പദ്ധതി
- MSDP- ക്ഷീരതീരം പദ്ധതി
- MSDP-പുതുതലമുറയിലുള്ള ഉരുക്കളെ വളർത്തിയെടുക്കുന്നതിനുള്ള Heifer Park പദ്ധതി.

മേല്പറഞ്ഞിരിക്കുന്ന പദ്ധതികളെല്ലാം വ്യക്തിഗത ഗുണഭോക്താക്കൾക്കും ഗ്രൂപ്പുകൾക്കും സാങ്കേതിക സാമ്പത്തിക ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതികളാണ്. ഉൽപാദന ചെലവ് കുറച്ച് ക്ഷീരവൃത്തി ലാഭത്തിലാക്കാൻ തീറ്റപ്പുൽകൃഷി വികസന പദ്ധതി, തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി പദ്ധതി, Cattle Feeding subsidy scheme, Distribution of Green Grass, Silage, TMR and other Dried Feed components at subsidised rates to Dairy Farmers through DCS എന്നീ പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പാക്കുന്നു. പ്രസ്തുത പദ്ധതികളുടെ കൃത്യമായ നടത്തിപ്പിലൂടെ ഈ പഞ്ചവൽസര പദ്ധതിയുടെ അവസാനത്തോടുകൂടി പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സംസ്ഥാനത്തെ പാൽ ഉൽപാദനം**

358(1987) <u>ശ്രീ. ലിന്റോ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുൽപാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തെ പാലുൽപാദനം സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നു. തീറ്റപ്പുൽകൃഷി വികസനം, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്യാറ്റിൽ ഫീഡിങ് സബ്‌സിഡി, ക്ഷീരഗ്രാമം പദ്ധതി, കിടാരി പാർക്ക് പദ്ധതി, ഗുണനിലവാരമുള്ള പാൽ ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതി, ഉരുക്കളുടെ ആരോഗ്യസംരക്ഷണത്തിനായുള്ള പദ്ധതി, കാലിത്തൊഴുത്ത് ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതി എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

<u>തീറ്റപ്പുൽകൃഷി വികസനം</u>

പാലുൽപാദന ചെലവ് കുറയ്ക്കുന്നതിനായി ധനസഹായത്തോടുകൂടിയ തീറ്റപ്പുൽകൃഷി, തരിശുഭൂമിയിൽ തീറ്റപ്പുൽകൃഷി, തീറ്റപ്പുൽകൃഷി വികസനത്തിൽ ആധുനികവൽക്കരണവും യന്ത്രവൽക്കരണവും ഉൾപ്പെടുന്നു.

<u>മിൽക്ക് ഷെഡ് വികസന പദ്ധതി</u>

പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഉരുക്കളെ വാങ്ങുന്ന പദ്ധതി, കിടാരി വാങ്ങൽ പദ്ധതി, തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളെ പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീരഗ്രാമം പദ്ധതി, കറവയന്ത്രം പദ്ധതി, കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതി, ഡയറി ഫാമുകളുടെ ആധുനികവൽക്കരണവും യന്ത്രവൽക്കരണവും, ഫാമുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ പദ്ധതി, പ്രത്യേക മേഖലകളുടെ വികസനത്തിനായി ക്ഷീരലയം, ക്ഷീരതീരം എന്നീ പദ്ധതികളും നടപ്പാക്കിവരുന്നു.

<u>കാലിത്തീറ്റ വിതരണ പദ്ധതി</u>

ഉൽപാദന ചെലവ് കുറയ്ക്കുന്നതിനായി ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ, സൈലേജ്, പച്ചപ്പുല്ല്, ടി.എം.ആർ, വൈക്കോൽ എന്നിവ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിവരുന്നു.

<u>ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം</u>

പ്രസ്തുത പദ്ധതിയിലൂടെ പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനും ഗുണമേന്മ വർധിപ്പിക്കുന്നതിനുമായുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. മേൽവിശദീകരിച്ച പദ്ധതികൾ കൂടാതെ ഉരുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ക്ഷീരമേഖലയ്ക്കായി നടപ്പാക്കുന്ന വിവിധ പദ്ധതികളും സംസ്ഥാനത്തെ പാലുൽപാദനം സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് സഹായിക്കുന്നു. വകുപ്പിന്റെ ഓരോ പദ്ധതിയും പ്രത്യക്ഷമായോ പരോക്ഷമായോ പാലുൽപാദനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് വിഭാവന ചെയ്തിരിക്കുന്നതെന്നതിനാൽ സംസ്ഥാനത്തെ പാലുൽപാദനം സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് ഇവ സഹായകരമാകുന്നതാണ്.

(ബി) പാലുൽപ◌ാദനവുമായി ബന്ധപ്പെട്ട് കഴിഞ്ഞ 8 വർഷങ്ങളിലുണ്ടായ മാറ്റം വിശദമാക്കുമോ?

കഴിഞ്ഞ എട്ട് വർഷങ്ങളിലായി പാലുൽപാദനം ഒരു പരിധിവരെ സ്ഥായിയായി നിലനിർത്തുന്നതിന് വകുപ്പിന് സാധിച്ചിട്ടുണ്ട്. മഹാപ്രളയവും

കോവിഡും പാലുൽപാദനം ഗണ്യമായി കുറച്ചെങ്കിലും വകുപ്പിന്റെ ചിട്ടയായ ആസൂത്രണവും മികവാർന്ന പദ്ധതി പ്രവർത്തനങ്ങളും കാരണം പാൽ ഉൽപാദനത്തിലുണ്ടായ കുറവ് നികത്തുന്നതിന് കഴിഞ്ഞു.

ഓരോ സാമ്പത്തിക വർഷവും ക്ഷീരമേഖലയ്ക്ക് അനുവദിച്ചുനൽകുന്ന ബജറ്റ് വിഹിതം വർധിപ്പിക്കുന്നതിനും അത് പൂർണ്ണമായും കർഷകരിലേക്ക് എത്തിക്കുന്നതിനും വകുപ്പ് ശ്രമിക്കുന്നു. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ ഉപഭോഗത്തിനായി അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന പാലിന്റെ അളവ് ഗണ്യമായി കുറയുകയും കേരളത്തിലെ ക്ഷീരകർഷകർ ഉൽപാദിപ്പിക്കുന്ന പാലിന് മികച്ച വില ലഭ്യമാക്കുന്നതിന് സാധിക്കുകയും ചെയ്തു. ഗുണനിലവാരമുള്ള പാലുൽപാദനം സാധ്യമാക്കാനും ഗുണമേന്മ നഷ്ടപ്പെടാതെ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനും മൂല്യവർധിത ഉൽപന്നങ്ങളുടെ പ്രസക്തി സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനും ആയതിന്റെ ഉപഭോഗം വർധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തെ മിൽമയുടെ മേഖലാ യൂണിയനുകൾ വഴിയുള്ള പ്രതിദിന ശരാശരി പാൽസംഭരണവുമായി താരതമ്യം ചെയ്യുമ്പോൾ

2023-24 സാമ്പത്തിക വർഷത്തെ സംഭരണത്തിൽ 19.6 ശതമാനത്തിന്റെ വർധനയുണ്ടായിട്ടുണ്ട്.

**ഇതര സംസ്ഥാനത്തുനിന്നും വരുന്ന പാലിന്റെ ഗുണമേന്മ**

359(1988) <u>ശ്രീ. മുഹമ്മദ് മുഹസിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരളത്തിന് പുറത്തുനിന്നുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല, കൊല്ലം ജില്ലയിൽ ആര്യങ്കാവ്, പാലക്കാട് ജില്ലയിൽ മീനാക്ഷിപുരം എന്നീ സ്ഥലങ്ങളിൽ ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ചെക്ക്പോസ്റ്റുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ലാബുകളിൽ അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കി കേരളത്തിലേക്ക് കടത്തിവിടുന്നു. ഇതിൽ

ഏതെങ്കിലും തരത്തിലുള്ള മായം കണ്ടെത്തിയാൽ ടി വിവരം FSSAI-യെ അറിയിക്കുകയും ചെയ്യുന്നു.

അയൽസംസ്ഥാനങ്ങളിൽനിന്ന് പാൽ എത്തിക്കുന്ന മിൽമയുടെ ഡയറികളിൽ കർശനമായ ഗുണനിലവാര പരിശോധനകൾ നടത്തിയശേഷമാണ് പാൽ സ്വീകരിക്കുന്നത്. ഇത്തരത്തിൽ ഗുണപരിശോധന മാനദണ്ഡങ്ങൾ പാലിച്ച്, ഗുണനിലവാരം ഉറപ്പുവരുത്തിയ പാൽ മാത്രമേ മിൽമ വിപണിയിൽ എത്തിക്കുന്നുള്ളൂ. പാലിന്റെ ഗുണനിലവാര പരിശോധനയ്ക്കുവേണ്ട എല്ലാ ആധുനിക സജ്ജീകരണങ്ങളും മിൽമയുടെ ലാബുകളിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ, മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഡയറികളും ഐ.എസ്.ഒ. സർട്ടിഫൈഡ് ആണ്. ജി.എം.പി കൃത്യമായി പാലിക്കുന്ന ഡയറികളെല്ലാം തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്.

(ബി) ഒരു ദിവസം എത്ര ലിറ്റർ പാൽ മറ്റ് സംസ്ഥാനത്തുനിന്നും കേരളത്തിൽ എത്തുന്നു; വിശദാംശം നൽകാമോ?

കേരളത്തിലെ സഹകരണ സ്ഥാപനമായ മിൽമ കൂടാതെ മറ്റ് സ്വകാര്യ ഡയറി പ്ലാന്റുകളിലേക്കും അന്യസംസ്ഥാനത്തുനിന്ന് പാൽ എത്തുന്നു. പാറശ്ശാല, ആര്യങ്കാവ്, മീനാക്ഷിപുരം എന്നീ ക്ഷീര വികസന വകുപ്പിന്റെ 3 സ്ഥിരം ചെക്ക്പോസ്റ്റുകൾ വഴി പ്രതിദിനം ശരാശരി 5.5 ലക്ഷം ലിറ്റർ പാൽ അയൽസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് വരുന്നുണ്ട്.

മിൽമയുടെ വില്പനയും സംഭരണവും തമ്മിൽ പ്രതിദിനം ശരാശരി 4 ലക്ഷം ലിറ്റർ പാലിന്റെ കുറവുണ്ട്. ഈ കുറവുവരുന്ന ശരാശരി 4 ലക്ഷം ലിറ്റർ പാൽ പ്രതിദിനം കർണാടക, മഹാരാഷ്ട്ര എന്നീ അയൽസംസ്ഥാനങ്ങളിൽ നിന്നാണ് എത്തിക്കുന്നത്.

(സി) സംസ്ഥാനത്തെ ക്ഷീരകർഷകരിൽനിന്നും ദിവസം എത്ര ലിറ്റർ പാൽ സംഭരിക്കുന്നു; വിശദാംശം ലഭ്യമാക്കുമോ?

2023-24 വർഷത്തെ കണക്കുകൾ പ്രകാരം ക്ഷീരവികസന വകുപ്പിനുകീഴിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന 3610 ക്ഷീരസംഘങ്ങളിലെ കർഷകരിൽനിന്നും 18.61 ലക്ഷം ലിറ്റർ പാൽ പ്രതിദിനം സംഭരിക്കുന്നു. രണ്ട് ലക്ഷം കർഷകർ രണ്ട് നേരമായി അളക്കുന്ന പാലിൽനിന്നും 6 ലക്ഷം ലിറ്റർ

പാൽ ക്ഷീരസംഘം പ്രാദേശിക വില്പന നടത്തുന്നു. ബാക്കിയുള്ള 12.61 ലക്ഷം ലിറ്റർ പാൽ സഹകരണ സ്ഥാപനമായ മിൽമ സംഭരിക്കുന്നു.

**സംസ്ഥാനത്തെ പാൽ ഉൽപ്പാദനം**

360(1989) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ പാലുൽപ്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് എത്ര ശതമാനത്തിന്റെ വർധനയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നിലവിൽ 2.34 ശതമാനം വർധനയാണ് പാലുൽപാദനത്തിലുണ്ടായിട്ടുള്ളത്. 2016-17 വർഷം 25.20 ലക്ഷം ലിറ്റർ പാലുൽപാദനത്തിൽനിന്നും 2022-23 വർഷം 25.79 ലക്ഷം ലിറ്റർ പാലുൽപാദനത്തിൽ എത്തുന്നതിന് സാധിച്ചിട്ടുണ്ട്. നിലവിൽ കണക്കുകൾ പ്രകാരം ആവശ്യകതയുടെ 80-85 ശതമാനം പാലുൽപാദിപ്പിക്കുന്നതായിട്ടാണ് കണക്കാക്കുന്നത്. അന്യസംസ്ഥാനങ്ങളിൽനിന്ന് ക്ഷീരവികസന വകുപ്പിന്റെ 3 സ്ഥിരം

ചെക്ക്പോസ്റ്റുകളിലൂടെ പ്രതിദിനം ശരാശരി 5.5 ലക്ഷം ലിറ്റർ പാൽ കേരളത്തിലേക്ക് കൊണ്ടുവരുന്നു.

(ബി) സംസ്ഥാനത്ത് പാലിന്റെ ലഭ്യതക്കുറവ് കണക്കിലെടുത്ത് എത്ര ലിറ്റർ പാൽ പ്രതിദിനം ഇതര സംസ്ഥാനങ്ങളിൽനിന്നും മിൽമ കൊണ്ടുവരുന്നുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് പാലിന്റെ ലഭ്യതക്കുറവ് കണക്കിലെടുത്ത് പ്രതിദിനം ശരാശരി 4 ലക്ഷം ലിറ്റർ പാൽ കർണ്ണാടക, മഹാരാഷ്ട്ര തുടങ്ങിയ അയൽസംസ്ഥാനങ്ങളിൽനിന്നും മിൽമ എത്തിക്കുന്നുണ്ട്.

**പാലിന്റെ ഗുണനിലവാരം**

361(1990) <u>ശ്രീ. എം. എം. മണി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും ഒരു ദിവസം ശരാശരി എത്ര ലിറ്റർ പാൽ കൊണ്ടുവരുന്നുവെന്നത് സംബന്ധിച്ച് വിശദാംശം നൽകാമോ?

കേരളത്തിലെ സഹകരണ സ്ഥാപനമായ മിൽമ കൂടാതെ മറ്റ് സ്വകാര്യ ഡയറി പ്ലാന്റുകളിലേക്കും അന്യസംസ്ഥാനത്തുനിന്ന് പാൽ എത്തുന്നു. പാറശ്ശാല, ആര്യങ്കാവ്, മീനാക്ഷിപുരം എന്നീ ക്ഷീര വികസന വകുപ്പിന്റെ 3 സ്ഥിരം ചെക്ക്പോസ്റ്റുകൾ വഴി പ്രതിദിനം ശരാശരി 5.5 ലക്ഷം ലിറ്റർ പാൽ അയൽസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് വരുന്നുണ്ട്.

മിൽമയുടെ വില്പനയും സംഭരണവും തമ്മിൽ പ്രതിദിനം ശരാശരി 4 ലക്ഷം ലിറ്റർ പാലിന്റെ കുറവുണ്ട്. മിൽമ ഈ കുറവുവരുന്ന ശരാശരി 4 ലക്ഷം ലിറ്റർ പാൽ പ്രതിദിനം കർണാടക, മഹാരാഷ്ട്ര എന്നീ അയൽസംസ്ഥാനങ്ങളിൽ നിന്നാണ് എത്തിക്കുന്നത്.

(ബി) ഇപ്രകാരം കൊണ്ടുവരുന്ന പാലിൽ വ്യാപകമായി മായം കലർത്താറുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ ഇത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

ക്ഷീരവികസന വകുപ്പിന്റെ പാറശ്ശാല, ആര്യങ്കാവ്, മീനാക്ഷിപുരം എന്നീ 3 സ്ഥിരം ചെക്ക്പോസ്റ്റുകളിലൂടെ ഇതരസംസ്ഥാനങ്ങളിൽനിന്നും വരുന്ന പാൽ ക്ഷീരവികസന വകുപ്പ് പരിശോധിക്കുകയും മായം കലർന്നിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ അതിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ക്ഷീരവികസന വകുപ്പിനില്ലാത്തതിനാൽ ആ വിവരം FSSAI-യെ അറിയിക്കുകയും ചെയ്യുന്നു.

പാലിന്റെ ഗുണനിലവാര പരിശോധനയ്ക്കുവേണ്ട എല്ലാ ആധുനിക സജ്ജീകരണങ്ങളും മിൽമയുടെ ലാബുകളിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ, മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഡയറികളും ഐ.എസ്.ഒ. സർട്ടിഫൈഡാണ്. ജി.എം.പി കൃത്യമായി പാലിക്കുന്ന ഡയറികളെല്ലാംതന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്.

ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെ മാർക്കറ്റുകളിൽ എത്തിച്ച് വില്പന നടത്തുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ശേഖരിക്കുന്ന പാൽ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിലെത്തിച്ച് പരിശോധന

നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. National Annual Surveillance Plan പ്രകാരവും KARSAP-ന്റെ ഭാഗമായും പാലിന്റെ സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി ലബോറട്ടറിയിലേക്ക് അയച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക്പോസ്റ്റുകൾവഴി കേരളത്തിലേക്കെത്തിക്കുന്ന പാൽ അതിർത്തിയിൽതന്നെ പരിശോധിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഭക്ഷ്യസുരക്ഷാ വകുപ്പിന് ഇല്ലെങ്കിൽകൂടിയും ഗുണനിലവാരം ഉറപ്പാക്കുന്നതിന് അപ്രതീക്ഷിത പരിശോധനകൾ നടത്തുകയും ഉത്സവ/ആഘോഷ അവസരങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികളുടെ സഹായത്തോടെയും (FSW - Food Safety on Wheels) പ്രത്യേക പരിശോധനകളും നടത്തിവരുന്നു. ഇത്തരത്തിൽ നടത്തുന്ന പ്രാഥമിക പരിശോധനകളിൽ പ്രശ്നങ്ങൾ കണ്ടെത്തുന്നപക്ഷം പ്രസ്തുത പാലിന്റെ കൂടുതൽ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലബോറട്ടറികളിലെത്തിച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ ഉത്സവ കാലങ്ങളിൽ

ക്ഷീരവികസന വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തിവരുന്നു. ഇത്തരത്തിൽ ശേഖരിക്കുന്ന പാൽ സാമ്പിളുകളുടെ പരിശോധനാ ഫലം Substandard ആയോ Unsafe ആയോ ലഭ്യമാകുന്ന പക്ഷം ഇവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പാലിന്റെ ഗുണനിലവാരം കുറഞ്ഞതിന്റെ പേരിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര കേസുകളിൽ നടപടി സ്വീകരിച്ചു; വിശദാംശം നൽകാമോ?

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വിവിധ ബ്രാൻഡുകളിലുള്ള പാലിന്റെ സ്റ്റാറ്റ്യൂട്ടറി സാമ്പിൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ ഗുണനിലവാര പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ 19 പ്രോസിക്യൂഷൻ കേസുകളും 18 അഡ്ജ്യൂഡിക്കേഷൻ കേസുകളും വിവിധ കോടതികളിലായി ഫയൽ ചെയ്തിട്ടുണ്ട്.

**മിൽമ പാലിന്റെ ഗുണനിലവാരം**

362(1991) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന മിൽമ പാലിന്റെ ഗുണനിലവാരം കുറഞ്ഞതുമൂലം മറ്റ് കമ്പനികളുടെ പാൽ വില്പന കൂടിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മിൽമ പാലിന്റെ ഗുണനിലവാരം കൂട്ടാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിൽ 15,89,711 ലിറ്റർ ആയിരുന്ന മിൽമയുടെ പ്രതിദിന പാൽ വില്പന 2023-24 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം 1626217 ലിറ്റർ ആയി ഉയർന്നിട്ടുണ്ട്.

(ബി) മിൽമ പാലിന്റെ ഗുണനിലവാരമളക്കാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ?

മൂന്നുതലങ്ങളിൽ (സംഘം, ബി.എം.സി, ഡയറി) ഗുണപരിശോധനാ മാനദണ്ഡങ്ങൾ പാലിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമേ മിൽമ പാൽ വിപണിയിൽ എത്തിക്കുന്നുള്ളൂ. കർഷകരിൽനിന്നും

ശേഖരിക്കുന്ന പാൽ സൊസൈറ്റികളിൽ ഗുണനിലവാര പരിശോധന നടത്തിയശേഷം വീണ്ടും ബി.എം.സി.-കളിൽ വിദഗ്ധ പരിശീലനം നേടിയ ഫീൽഡ് സ്റ്റാഫുകൾ പുന:പരിശോധനയ്ക്ക് വിധേയമാക്കുന്നു. ഇവ വീണ്ടും ഡയറികളിൽ കൃത്യമായി പാസ്ച്യുറൈസ് ചെയ്ത് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയശേഷമാണ് ഓരോ പാക്കറ്റും ഉപഭോക്താക്കളിലേക്ക് എത്തുന്നത്.

മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഡയറികളും ഐ.എസ്.ഒ. സർട്ടിഫൈഡാണ്. ജി.എം.പി കൃത്യമായി പാലിക്കുന്ന ഡയറികളെല്ലാംതന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്. പാലിന്റെ ഗുണനിലവാര പരിശോധനയ്ക്കുവേണ്ട എല്ലാ ആധുനിക സജ്ജീകരണങ്ങളും മിൽമയുടെ ലാബുകളിൽ ഒരുക്കിയിട്ടുണ്ട്.

**മിൽമയുടെ വരുമാന വർധനയ്ക്കായുള്ള പ്രവർത്തനങ്ങൾ**

363(1992) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ വരുമാന വർധനയ്ക്കും ആധുനികവൽക്കരണത്തിനുമായി സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തിനുള്ളിൽ ഉൽപാദിപ്പിക്കുന്ന അധികം പാൽ പൊടിയാക്കി മാറ്റുന്നതിനായി മലപ്പുറം ജില്ലയിലെ മൂർക്കനാട്, പ്രതിദിനം 10 മെട്രിക് ടൺ ഉൽപാദന ശേഷിയുള്ള ഒരു പാൽപ്പൊടി നിർമ്മാണശാല സ്ഥാപിക്കുന്നതിനായി 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലായി 15 കോടി രൂപ സർക്കാരിൽനിന്നും പദ്ധതി വിഹിതമായി മിൽമയ്ക്ക് ലഭിച്ചിട്ടുണ്ട്.

ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിപണി വിപുലീകരിക്കുന്നതിന് പ്രത്യേക ശ്രദ്ധ പുലർത്തി സപ്ലൈകോ, കൺസ്യൂമർ ഫെഡ്, കെ-സ്റ്റോർ, ശുചിത്വ മിഷൻ, ദേവസ്വം ബോർഡ്, ഇന്ത്യൻ റയിൽവേ തുടങ്ങിയവയുമായി ചേർന്ന് വിപണി വിപുലീകരണ ശ്രമങ്ങൾ നടന്നുവരുന്നു.

മറ്റ് ബ്രാൻഡുകളോട് മത്സരിച്ച് നിൽക്കുന്ന രീതിയിലുള്ളതും ഉപഭോക്താക്കളുടെ മാറുന്ന അഭിരുചിക്കനുസൃതമായതുമായ വിവിധതരം ഉൽപന്നങ്ങൾ മിൽമ വിപണിയിൽ അവതരിപ്പിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി മിൽമയുടെ പുതിയ പ്രീമിയം ചോക്ലേറ്റുകളായ മൂന്നുതരം ഡാർക്ക് ചോക്ലേറ്റുകൾ, ഡെലിസ മിൽക്ക് ചോക്ലേറ്റ്, മിൽമ ചോക്കോഫുൾ, ഒസ്മാനിയ ബട്ടർ ബിസ്കറ്റ് ബട്ടർഡ്രോപ്സ് എന്നിവയുടെ വിപണനോദ്ഘാടനം മലയാളത്തിന്റെ മഹോത്സവമായ കേരളീയം 2023-ന്റെ വേദിയിൽവച്ച് 02-11-2023-ന് നടന്നിരുന്നു. ഡാർക്ക് ചോക്ലേറ്റ് അവതരിപ്പിക്കുന്ന ഇന്ത്യയിലെ രണ്ടാമത്തെ സഹകരണ സ്ഥാപനമാണ് മിൽമ. മിൽമ ഉൽപന്നങ്ങൾ ഗൾഫിലെ ലുലു ഹൈപ്പർ മാർക്കറ്റുകൾവഴി വിൽക്കാൻ കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷനും ലുലു ഗ്രൂപ്പ് ഇന്റർനാഷണലുമായി ധാരണാപത്രം ഒപ്പിട്ടു. ആഗോള ബ്രാൻഡായി മിൽമ മാറുന്നതിന് ലുലു ഗ്രൂപ്പുമായുള്ള സഹകരണം വഴിവയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ ഗുണം ആത്യന്തികമായി കർഷകർക്കായിരിക്കും ലഭിക്കുന്നത്. ലുലു

ഗ്രൂപ്പുമായുള്ള സഹകരണത്തിലൂടെ വരുംവർഷങ്ങളിൽ വിറ്റുവരവിൽ മികച്ച പുരോഗതിയാണ് മിൽമ പ്രതീക്ഷിക്കുന്നത്.

കൂടാതെ മിൽമ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, എച്ച്.പി.സി.എൽ. എന്നിവയുമായി സഹകരിച്ച് അവരുടെ പെട്രോൾ പമ്പുകളിൽ മിൽമ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു.

(ബി) സംസ്ഥാനത്തെ ടൂറിസം വകുപ്പുമായി ചേർന്ന് എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും മിൽമ പാർലർ സ്ഥാപിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദമാക്കാമോ?

നിലവിൽ സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മിൽമ പാർലറുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ടൂറിസം വകുപ്പുമായി ചേർന്ന് മിൽമ പാർലർ സ്ഥാപിക്കുന്നതിനായി പ്രത്യേക പദ്ധതികളൊന്നുംതന്നെ നിലവിലില്ല.

## പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ നിയമനം

364(1993) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട് വെറ്ററിനറി സർവകലാശാലയുടെ കീഴിൽ എത്ര ഡയറി കോളേജുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

4 എണ്ണം.

1. വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജി, മണ്ണുത്തി
2. കോളേജ് ഓഫ് ഡയറി സയൻസ് ആൻഡ് ടെക്നോളജി, പൂക്കോട്
3. കോളേജ് ഓഫ് ഡയറി സയൻസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം
4. കോളേജ് ഓഫ് ഡയറി സയൻസ് ആൻഡ് ടെക്നോളജി, കോലാഹലമേട്

(ബി) ഓരോ കോളേജിലും എത്ര വിദ്യാർഥികൾക്ക് ഓരോ വർഷവും പ്രവേശനം നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജി, മണ്ണുത്തി

| വർഷം | പ്രവേശനം നൽകിയ വിദ്യാർഥികളുടെ എണ്ണം |
|---|---|
| 2020-2021 | 76 |
| 2021-2022 | 71 |
| 2022-2023 | 69 |
| 2023-2024 | 74 |

**കോളേജ് ഓഫ് ഡയറി സയൻസ് ആൻഡ് ടെക്നോളജി, പൂക്കോട്**

| വർഷം | പ്രവേശനം നൽകിയ വിദ്യാർഥികളുടെ എണ്ണം |
|---|---|
| 2020-2021 | 20 |
| 2021-2022 | 22 |
| 2022-2023 | 22 |
| 2023-2024 | 22 |

**കോളേജ് ഓഫ് ഡയറി സയൻസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം**

| വർഷം | പ്രവേശനം നൽകിയ വിദ്യാർഥികളുടെ എണ്ണം |
|---|---|
| 2020-21 | 21 |
| 2021-22 | 18 |
| 2022-23 | 17 |
| 2023-24 | 14 |

**കോളേജ് ഓഫ് ഡയറി സയൻസ് ആൻഡ് ടെക്നോളജി, കോലാഹലമേട്.**

| വർഷം | പ്രവേശനം നൽകിയ വിദ്യാർഥികളുടെ എണ്ണം |
|---|---|
| 2020-21 | 15 |
| 2021-22 | 11 |
| 2022-23 | 11 |
| 2023-24 | 12 |

(സി) പ്രസ്തുത കോളേജുകൾക്ക് സ്ഥിരം കെട്ടിടങ്ങളുണ്ടോയെന്നും എവിടെയാണ് കോളേജുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജി എന്ന സ്ഥാപനത്തിന് സ്ഥിരം കെട്ടിടങ്ങളുണ്ട്. അവ മണ്ണുത്തി വെറ്ററിനറി ക്യാമ്പസിനുള്ളിൽ സ്ഥിതി ചെയ്യുന്നു. കോളേജ് ഓഫ് ഡയറി സയൻസ് ആൻഡ് ടെക്നോളജി, പൂക്കോട് എന്ന സ്ഥാപനം താൽക്കാലികമായി വയനാട് ജില്ലയിലെ പൂക്കോടുള്ള ടി.വി.സി.സി. ബിൽഡിങ്ങിൽ പ്രവർത്തിക്കുന്നു. കോളേജ് ഓഫ് ഡയറി സയൻസ് ആൻഡ് ടെക്നോളജി, കോലാഹലമേട് എന്ന സ്ഥാപനം ഇടുക്കി ജില്ലയിലെ കോലാഹലമേടുള്ള സ്ഥിരം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. കോളേജ്

ഓഫ് ഡയറി സയൻസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം എന്ന സ്ഥാപനം തിരുവനന്തപുരത്തെ ബി.എസ്.എൻ.എൽ.-ന്റെ കെട്ടിടത്തിൽ വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്.

(ഡി) പ്രസ്തുത കോളേജുകളിൽ എല്ലാ വിഷയങ്ങളിലുമായി എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജി, മണ്ണുത്തിയിൽ 273 വിദ്യാർത്ഥികളും പൂക്കോടുള്ള കോളേജ് ഓഫ് ഡയറി സയൻസ് ആൻഡ് ടെക്നോളജിയിൽ 71 വിദ്യാർത്ഥികളും തിരുവനന്തപുരത്തുള്ള കോളേജ് ഓഫ് ഡയറി സയൻസ് ആൻഡ് ടെക്നോളജിയിൽ 63 വിദ്യാർത്ഥികളും കോലാഹലമേടിലെ കോളേജ് ഓഫ് ഡയറി സയൻസ് ആൻഡ് ടെക്നോളജിയിൽ 49 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്

(ഇ) പ്രസ്തുത യൂണിവേഴ്സിറ്റിയിൽ എത്ര അധ്യാപകരും അനധ്യാപകരും ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ?

നിലവിൽ സർവകലാശാലയിൽ 241 അധ്യാപകരും 308 അനധ്യാപകരും ജോലി ചെയ്യുന്നു.

(എഫ്) കൂടുതൽ അധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികകൾക്കാണ് പുതുതായി അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയുടെ കീഴിലെ ഡയറി സയൻസ് കോളേജുകൾക്ക് 27-05-2023-ലെ G.O.(Ms)No.13/2023/AHD സർക്കാർ ഉത്തരവുപ്രകാരം 69 അധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ജി) സമയബന്ധിതമായി പ്രമോഷൻ നൽകിയിട്ടുള്ളവരുടെ മുൻ തസ്തികകൂടി ഒഴിവായി കണക്കിലെടുത്ത് നികത്താൻ സർവകലാശാല തീരുമാനിച്ചിട്ടുണ്ടോ?

സർവകലാശാലയിലെ നിലവിലെ ഒഴിവുകളും 27-05-2023-ലെ G.O.(Ms)No.13/2023/എ.എച്ച്. പ്രകാരം അനുവദിച്ച് കിട്ടിയ തസ്തികകളിലും നിയമനം നടത്തുന്നത് സംബന്ധിച്ച് സർക്കാർ പരിശോധന നടത്തി

സ്റ്റാറ്റ്യൂട്ട് രൂപീകരിക്കാത്ത പഠന വകുപ്പുകളിലേക്കുള്ള നിയമനം സ്റ്റാറ്റ്യൂട്ട് നിലവിൽവന്നശേഷം നടത്തുന്നതിനും നിലവിൽ ഒഴിവുള്ള തസ്തികകളിൽ സർവകലാശാലയുടെ സാമ്പത്തികസ്ഥിതി പരിഗണിച്ച് അവശ്യം വേണ്ട ഏറ്റവും കുറഞ്ഞ എണ്ണം തസ്തികകളിലേക്ക് മാത്രം നിയമനം നടത്തുന്നതിനുമുള്ള നിർദേശപ്രകാരം സർവകലാശാല തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ആന്റി റാഗിങ് കമ്മിറ്റി റിപ്പോർട്ട്**

365(1994) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട് വെറ്ററിനറി സർവകലാശാലാ വിദ്യാർഥി റാഗിങ്ങിനെ തുടർന്ന് തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട സംഭവത്തിൽ ആന്റി റാഗിങ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൂക്കോട് വെറ്ററിനറി കോളേജിലെ വിദ്യാർഥി, സിദ്ധാർത്ഥൻ. ജെ. എസ്. റാഗിങ്ങിനെ തുടർന്ന് തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട സംഭവത്തിൽ കോളേജ് തലത്തിൽ ആന്റി റാഗിങ് സ്ക്വാഡ് അന്വേഷണം നടത്തി 01-03-2024-ൽ ഇടക്കാല റിപ്പോർട്ടും 22-03-2024-ൽ അന്തിമ റിപ്പോർട്ടും ആന്റി റാഗിങ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ആയത് യഥാക്രമം 01-03-2024, 22-05-2024 എന്നീ തീയതികളിൽ നടന്ന ആന്റി റാഗിങ് മീറ്റിങ്ങുകളിൽ അംഗീകരിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുള്ള വിദ്യാർഥികൾക്കെതിരെ യു.ജി.സി.-യുടെ ആന്റി റാഗിങ് റെഗുലേഷൻസ് 2009 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്.

**(ബി) റാഗിങ് നടത്തിയവർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ?**

ആന്റി റാഗിങ് സ്ക്വാഡിന്റെ കോളേജ് തലത്തിലുള്ള അന്വേഷണത്തിൽ സിദ്ധാർത്ഥൻ ജെ.എസ്.-നെ റാഗിങ്ങിന് വിധേയരാക്കിയവർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതേത്തുടർന്ന് ആന്റി റാഗിങ് സ്ക്വാഡ് സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള ആന്റി റാഗിങ് കമ്മിറ്റിയുടെ തീരുമാനപ്രകാരം 19 വിദ്യാർഥികളെ കോളേജിൽനിന്ന് പുറത്താക്കുകയും മൂന്ന് വർഷത്തേക്ക് മറ്റേതെങ്കിലും സ്ഥാപനത്തിൽ പ്രവേശനം നേടുന്നതിൽ നിന്ന് ഡീബാർ ചെയ്യുകയും രണ്ട് വിദ്യാർഥികളെ ഒരു വർഷത്തേക്ക് സസ്പെൻഡ് ചെയ്യുകയും 8 വിദ്യാർഥികളെ കോളേജിന്റെ മെൻസ് ഹോസ്റ്റലിൽനിന്ന് പുറത്താക്കുകയും രണ്ട് വിദ്യാർഥികളെ തൊട്ടടുത്തുവരുന്ന ഇന്റേണൽ പരീക്ഷയിൽനിന്ന് വിലക്കുകയും 16-02-2024 മുതൽ 18-02-2024 വരെ മെൻസ് ഹോസ്റ്റലിലുണ്ടായിരുന്ന എല്ലാ അന്തേവാസികളേയും 04-03-2024 മുതൽ 7 ദിവസത്തേക്ക് സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) വെറ്ററിനറി സർവകലാശാലയിൽ റാഗിങ് നടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

പൂക്കോട് വെറ്ററിനറി കോളേജിൽ റാഗിങ് ആവർത്തിക്കാതിരിക്കുന്നതിന് ചുവടെ പരാമർശിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കോളേജിനുകീഴിലുള്ള എല്ലാ ഹോസ്റ്റലുകളിലും സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

2. ക്യാമ്പസിലും മറ്റ് സുപ്രധാന ഏരിയകളിലും ഹോസ്റ്റലുകളിലും സി.സി.ടി.വി.-കൾ സ്ഥാപിച്ചിട്ടുണ്ട്.

3. എല്ലാ ഹോസ്റ്റലുകളിലും റസിഡന്റ് ട്യൂട്ടർമാരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. എല്ലാ ഹോസ്റ്റലുകളിലും നിലവിലുണ്ടായിരുന്ന അസിസ്റ്റന്റ് വാർഡൻമാരെ മാറ്റി നിയമിക്കുകയും അവർക്ക് വേണ്ടതായ സപ്പോർട്ടിങ് സ്റ്റാഫിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്

5. കോളേജിന്റെ ആന്റി റാഗിങ് സ്ക്വാഡിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കിയിട്ടുണ്ട്.

**വിദ്യാർഥിയെ പരസ്യ വിചാരണയ്ക്ക് വിധേയമാക്കി കൊലപ്പെടുത്തിയ സംഭവം**

366(1995) <u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. റോജി എം. ജോൺ:</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട് വെറ്ററിനറി സർവകലാശാലയിൽ രണ്ടാംവർഷ വിദ്യാർഥിയെ ആൾക്കൂട്ട വിചാരണയ്ക്ക് വിധേയനാക്കി കൊലപ്പെടുത്തിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്. പൂക്കോട് വെറ്ററിനറി കോളേജിലെ രണ്ടാം വർഷ വിദ്യാർഥി റാഗിങിന് ഇരയായതിനെ തുടർന്ന് തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട സംഭവത്തിന് അതീവ ഗൗരവം നൽകി അനന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സർവകലാശാലയിലെ ഒരു വിദ്യാർഥിയെ ദിവസങ്ങളോളം ക്രൂരമായ പരസ്യ വിചാരണയ്ക്ക് വിധേയമാക്കിയിട്ടും വെറ്ററിനറി സർവകലാശാല അധികൃതർ ഇടപെടാത്തതിന്റെ കാരണം വിശദമാക്കാമോ?

റാഗിങ് തടയുന്നതിനായി കോളേജ് എല്ലാവിധ നടപടികളും സ്വീകരിച്ചിരുന്നെങ്കിലും രണ്ടാം വർഷ വിദ്യാർഥിയായ സിദ്ധാർത്ഥൻ ജെ.എസ്. റാഗിങ്ങിന് ഇരയായതിനെ തുടർന്ന് തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ട സംഭവത്തിന് മുമ്പ് 16-02-2024 വൈകുന്നേരം മുതൽ 18-02-2024 ഉച്ചവരെയുള്ള കാലയളവിൽ അസ്വാഭാവികമായോ സംശയാസ്പദമായോ എന്തെങ്കിലും നടക്കുന്നതായി കോളേജ് അധികൃതരുടെ ശ്രദ്ധയിൽവന്നിരുന്നില്ല. 16-02-2024-നും 18-02-2024-നുമിടയിൽ ഹോസ്റ്റലിൽ നടന്ന അനിഷ്ട സംഭവങ്ങളെക്കുറിച്ച് ഹോസ്റ്റലിലെ അന്തേവാസികൾ, മെസ് തൊഴിലാളികൾ, സ്റ്റുവാർഡിന്റെ ചുമതലയുള്ള തൊഴിലാളി, ഹോസ്റ്റൽ സെക്രട്ടറി, ഹോസ്റ്റൽ കമ്മിറ്റി അംഗങ്ങൾ, മറ്റ് ജീവനക്കാർ എന്നിവരാരുംതന്നെ കോളേജ് അധികൃതരെ അറിയിച്ചിട്ടുണ്ടായിരുന്നില്ല. 18-02-2024-ൽ വിദ്യാർഥി മരണപ്പെടുന്നതിനുമുമ്പ് ഗൗരവതരമായ എന്തെങ്കിലും പെരുമാറ്റദൂഷ്യം അന്തേവാസികളായ വിദ്യാർഥികളെ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെടാതിരുന്നതിനാൽ ഹോസ്റ്റലിൽ സ്ഥിരം സുരക്ഷാ ജീവനക്കാരെ

വിന്യസിക്കുകയോ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല. ആന്റി റാഗിങ് സ്ക്വാഡിന്റെ അന്വേഷണ റിപ്പോർട്ടുകൾ പ്രകാരം 16-02-2024 വൈകുന്നേരം മുതൽ പുലർച്ചെ 1.00 മണി വരെയാണ് റാഗിങ് നടന്നിട്ടുള്ളത്. 2024 ഫെബ്രുവരി 16, 17 തീയതികളിൽ 'സ്പോർട്സ് ഡേ' നടത്താൻ നിശ്ചയിച്ചിരുന്നതിനാൽ ഈ ദിവസങ്ങളിൽ ക്ലാസുകൾ താൽക്കാലികമായി നിർത്തിവച്ചിരുന്നു. കൂടാതെ, ചില രാഷ്ട്രീയ സംഘടനകൾ 17-02-2024-ന് വയനാട് ജില്ലയിൽ ഹർത്താൽ പ്രഖ്യാപിച്ചിരുന്നതിനാൽ കോളേജിലെ ജീവനക്കാരുടെ സാന്നിധ്യം വളരെ കുറവായിരുന്നു. തൊട്ടടുത്ത ദിവസമായ 18-02-2024, ഞായറാഴ്ചയായിരുന്നു. 18-02-2024-ന് ഉച്ചയ്ക്കുശേഷമുള്ള സമയത്താണ് സിദ്ധാർത്ഥൻ ജെ. എസ്-നെ തൂങ്ങി മരിച്ച നിലയിൽ കണ്ടത്. മേൽ കാരണങ്ങളാൽ ഈ ദിവസങ്ങളിൽ കോളേജിലെ അധ്യാപകർക്കും ജീവനക്കാർക്കും വിദ്യാർഥികളുമായി സമ്പർക്കം പുലർത്താനുള്ള അവസരം കുറവായിരുന്നു. ഈ ദിവസങ്ങളിൽ നടന്ന സംഭവങ്ങൾ കോളേജ് അധികൃതരിൽനിന്ന് ബോധപൂർവ്വം മറച്ചുവയ്ക്കാൻ വിദ്യാർഥികൾ ശ്രമിച്ചതായി മനസ്സിലാക്കുന്നു. അതിനാൽ,

റാഗിങ് സംഭവങ്ങൾ മറച്ചുവച്ചതിന് ഹോസ്റ്റലിലെ എല്ലാ അന്തേവാസികളെയും യു.ജി.സി റഗുലേഷൻസ് 2009 പ്രകാരം അക്കാദമിക പ്രവർത്തനങ്ങളിൽനിന്നും ഒരാഴ്ചത്തേക്ക് സസ്പെൻഡ് ചെയ്തിരുന്നു.

(സി) പ്രസ്തുത സംഭവം കൈകാര്യം ചെയ്യുന്നതിൽ പൂക്കോട് വെറ്ററിനറി സർവകലാശാല അധികൃതർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൂക്കോട് വെറ്റിനറി കോളേജ് ഹോസ്റ്റലിൽ വിദ്യാർഥി മരണപ്പെട്ട സംഭവത്തിൽ സർവകലാശാല അധികൃതർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി സർവകലാശാല ചാൻസലർ കൂടിയായ ബഹുമാനപ്പെട്ട ഗവർണർ, എൻക്വയറി കമ്മീഷനായി ബഹുമാനപ്പെട്ട ജസ്റ്റിസ് എ. ഹരിപ്രസാദിനെ നിയമിച്ചിട്ടുണ്ട്. ചാൻസലറുടെ വിജ്ഞാപന പ്രകാരം കമ്മീഷൻ ആദ്യ സിറ്റിങ് മുതൽ മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് നിർദേശമുള്ളത്. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി വിസിറ്റിങ് ഫാക്കൽറ്റി കോംപ്ലക്സ് ഗസ്റ്റ് ഹൗസിൽ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നേരിട്ടും ഓൺലൈനായും കമ്മീഷൻ സിറ്റിങ്

നടത്തിവരുന്നുണ്ട്. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട്, കോളേജുതലത്തിൽ ആന്റി റാഗിങ് സ്ക്വാഡ് അന്വേഷണം നടത്തി 01-03-2024-ൽ ഇടക്കാല റിപ്പോർട്ടും 22-03-2024-ൽ അന്തിമ റിപ്പോർട്ടും ആന്റി റാഗിങ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും അത് യഥാക്രമം 01-03-2024, 22-05-2024 തീയതികളിൽ നടന്ന യോഗങ്ങളിൽ ആന്റി റാഗിങ് കമ്മിറ്റി അംഗീകരിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പൂക്കോട് വെറ്ററിനറി കോളേജിൽ റാഗിങ് ആവർത്തിക്കാതിരിക്കാൻ ചുവടെ പരാമർശിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കോളേജിനുകീഴിലുള്ള എല്ലാ ഹോസ്റ്റലുകളിലും സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

2. ക്യാമ്പസിലും മറ്റ് സുപ്രധാന ഏരിയകളിലും ഹോസ്റ്റലുകളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

3. എല്ലാ ഹോസ്റ്റലുകളിലും റസിഡന്റ് ട്യൂട്ടർമാരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. എല്ലാ ഹോസ്റ്റലുകളിലും നിലവിലുണ്ടായിരുന്ന അസിസ്റ്റന്റ് വാർഡൻമാരെ മാറ്റി നിയമിക്കുകയും അവർക്ക് വേണ്ടതായ സപ്പോർട്ടിങ് സ്റ്റാഫുകളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

5. കോളേജിന്റെ ആന്റി റാഗിങ് സ്ക്വാഡിന്റെ പ്രവർത്തനം കൂടുതൽ ഊർജിതമാക്കിയിട്ടുണ്ട്.

**റാഗിങ് തടയാൻ നടപടികൾ**

367(1996) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട് വെറ്ററിനറി കോളേജിൽ ക്രൂരമായ റാഗിങ്ങിന് വിധേയമായി വിദ്യാർഥി ജീവനൊടുക്കിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്; പൂക്കോട് വെറ്ററിനറി കോളേജിലെ രണ്ടാം വർഷ വിദ്യാർഥി റാഗിങ്ങിന് ഇരയായതിനെത്തുടർന്ന് തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട സംഭവത്തിന് അതീവ ഗൗരവം നൽകി അനന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള കോളേജുകളിൽ ഇടിമുറികൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിട്ടുണ്ടോ?

മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള കോളേജുകളിൽ അത്തരം പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള കോളേജുകളിൽ റാഗിങ് തടയാനും ഇടിമുറികൾ ഇല്ലാതാക്കാനും അതിക്രമങ്ങൾ തടയാനും കാര്യക്ഷമമായ ഇടപെടൽ നടത്തുമോ; വിശദമാക്കാമോ?

വെറ്ററിനറി സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ റാഗിങ് തടയാനും അതിക്രമങ്ങൾ തടയാനും കാര്യക്ഷമമായ ഇടപെടലുകൾ നടത്തിവരുന്നു. പൂക്കോട് വെറ്ററിനറി കോളേജിൽ റാഗിങ് ആവർത്തിക്കാതിരിക്കാൻ ചുവടെ പരാമർശിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കോളേജിനുകീഴിലുള്ള എല്ലാ ഹോസ്റ്റലുകളിലും സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

2. ക്യാമ്പസിലും മറ്റ് സുപ്രധാന ഏരിയകളിലും ഹോസ്റ്റലുകളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

3. എല്ലാ ഹോസ്റ്റലുകളിലും റസിഡന്റ് ട്യൂട്ടർമാരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. എല്ലാ ഹോസ്റ്റലുകളിലും നിലവിലുണ്ടായിരുന്ന അസിസ്റ്റന്റ് വാർഡൻമാരെ മാറ്റി നിയമിക്കുകയും അവർക്ക് വേണ്ടതായ സപ്പോർട്ടിങ് സ്റ്റാഫിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

5. കോളേജിന്റെ ആന്റി റാഗിങ് സ്ക്വാഡിന്റെ പ്രവർത്തനം കൂടുതൽ ഊർജിതമാക്കിയിട്ടുണ്ട്.

**വെറ്ററിനറി സർവകലാശാല ഹോസ്റ്റലുകളുടെ പ്രവർത്തനം**

368(1997) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ്ുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ?

വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ എണ്ണം 23 ആണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

I. <u>കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ്, പൂക്കോട്</u>

1. ലേഡീസ് ഹോസ്റ്റൽ (മെയിൻ)

2. മെൻസ് ഹോസ്റ്റൽ (മെയിൻ)

3. ഇന്റേൺഷിപ്പ് ട്രെയിനീസ് ഹോസ്റ്റൽ (ലേഡീസ്)

4. പി.ജി. ഹോസ്റ്റൽ (മെൻസ്)

5. കൽപ്പറ്റ ഹോസ്റ്റൽ (മെൻസ്)

6. തുഷാര ഹോസ്റ്റൽ (ലേഡീസ്)

II. കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ്, മണ്ണുത്തി

1. ബിരുദപഠനത്തിനുള്ള ആൺകുട്ടികളുടെ ഹോസ്റ്റൽ - 1

2. ബിരുദാനന്തര ബിരുദ പഠനത്തിനുള്ള ആൺകുട്ടികളുടെ ഹോസ്റ്റൽ - 1
3. ബിരുദപഠനത്തിനുള്ള പെൺകുട്ടികളുടെ ഹോസ്റ്റൽ - 4
4.ബിരുദാനന്തര ബിരുദ പഠനത്തിനുള്ള പെൺകുട്ടികളുടെ ഹോസ്റ്റൽ– 1

III. കോളേജ് ഓഫ് ഡയറി സയൻസസ് ആൻഡ് ടെക്നോളജി, കോലാഹലമേട്

ലേഡീസ് ഹോസ്റ്റൽ– 2

മെൻസ് ഹോസ്റ്റൽ – 1

IV. കോളേജ് ഓഫ് ഏവിയൻ സയൻസസ് ആൻഡ് മാനേജ്മെന്റ്- തിരുവാഴാംകുന്ന്

ലേഡീസ് ഹോസ്റ്റൽ– 1

മെൻസ് ഹോസ്റ്റൽ – 2

V. <u>കോളേജ് ഓഫ് ഡയറി സയൻസസ് ആൻഡ് ടെക്നോളജി പൂക്കോട്</u>

ലേഡീസ് ഹോസ്റ്റൽ- 1

മെൻസ് ഹോസ്റ്റൽ – 1

VI. <u>കോളേജ് ഓഫ് ഡയറി സയൻസസ് ആൻഡ് ടെക്നോളജി തിരുവനന്തപുരം (വാടക ബിൽഡിങ്)</u>

വിദ്യാർഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം ബി.എസ്.എൻ.എൽ ആർ.റ്റി.റ്റി.സി.-യുടെ ഹോസ്റ്റലിന്റെ കൂടെയാണ് ഏർപ്പാടാക്കിയിരിക്കുന്നത്.

VII. <u>വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജി മണ്ണുത്തി</u>

ലേഡീസ് ഹോസ്റ്റൽ - 1

മെൻസ് ഹോസ്റ്റൽ – 1

(ബി) പ്രസ്തുത ഹോസ്റ്റലുകളുടെ ഭരണനിർവഹണത്തിനും മറ്റ് പ്രവർത്തനങ്ങൾക്കും അനുവദിക്കപ്പെട്ട തസ്തികകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

1. <u>കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് പൂക്കോട്</u>

മേട്രൺ -1

(നിലവിൽ നിയമനം ദിവസ വേതനാടിസ്ഥാനത്തിൽ നടത്തിവരുന്നു)

2. <u>കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് മണ്ണുത്തി</u>

മേട്രൺ-1

(നിലവിൽ നിയമനം ദിവസ വേതനാടിസ്ഥാനത്തിൽ നടത്തിവരുന്നു)

3. <u>കോളേജ് ഓഫ് ഡയറി സയൻസസ് ആൻഡ് ടെക്നോളജി കോലാഹലമേട്</u>

ഹോസ്റ്റൽ മാനേജർ /മേട്രൺ – 1

4. <u>കോളേജ് ഓഫ് ഏവിയൻ സയൻസസ് ആൻഡ് മാനേജ്മെന്റ് - തിരുവാഴാംകുന്ന്</u>

ഹോസ്റ്റൽ അറ്റൻഡന്റ് - 1 (ലേഡീസ് ഹോസ്റ്റൽ ) (നിലവിൽ നിയമനം

ദിവസ വേതനാടിസ്ഥാനത്തിൽ നടത്തി വരുന്നു)

5. <u>കോളേജ് ഓഫ് ഡയറി സയൻസസ് ആൻഡ് ടെക്നോളജി പൂക്കോട്</u>

ഹോസ്റ്റൽ അറ്റൻഡന്റ് - 1

6. <u>കോളേജ് ഓഫ് ഡയറി സയൻസസ് ആൻഡ് ടെക്നോളജി തിരുവനന്തപുരം (വാടക ബിൽഡിങ്)</u>

തസ്തിക അനുവദിച്ചിട്ടില്ല

7. <u>വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജി മണ്ണുത്തി</u>

മേട്രൺ-1

ഹോസ്റ്റൽ അറ്റൻഡന്റ്-1 (നിലവിൽ നിയമനങ്ങൾ ദിവസ വേതനാടിസ്ഥാനത്തിൽ നടത്തിവരുന്നു)

(സി) പ്രസ്തുത ഹോസ്റ്റലുകളിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

1. കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് പൂക്കോട്

മേട്രൺ -1

2. കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് മണ്ണുത്തി

മേട്രൺ -1

3. കോളേജ് ഓഫ് ഡയറി സയൻസസ് ആൻഡ് ടെക്നോളജി കോലാഹലമേട്

ഹോസ്റ്റൽ മാനേജർ / മേട്രൺ – 1

4. കോളേജ് ഓഫ് ഏവിയൻ സയൻസസ് ആൻഡ് മാനേജ്മന്റ് തിരുവാഴാംകുന്ന്

ഹോസ്റ്റൽ അറ്റൻഡന്റ് - 1

5. കോളേജ് ഓഫ് ഡയറി സയൻസസ് ആൻഡ് ടെക്നോളജി പൂക്കോട്

ഹോസ്റ്റൽ അറ്റൻഡന്റ് - 1

6. വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയറി ആൻഡ് ഫുഡ് ടെക്നോളജി മണ്ണുത്തി

മേട്രൺ -1

ഹോസ്റ്റൽ അറ്റൻഡന്റ് - 1

(ഡി) ഹോസ്റ്റലുകളുടെ പ്രവർത്തനം, ഭക്ഷണം, റാഗിങ് എന്നിവ സംബന്ധിച്ച് വിദ്യാർഥികളിൽനിന്നും രക്ഷിതാക്കളിൽനിന്നും പൊതുജനങ്ങളിൽനിന്നും സർവകലാശാലക്കോ സർക്കാരിനോ ലഭിച്ചിട്ടുള്ള പരാതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

1. കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് പൂക്കോട്

പൂക്കോട് വെറ്ററിനറി കോളേജിനുകീഴിലുള്ള ഹോസ്റ്റലുകളുടെ പ്രവർത്തനം, റാഗിങ് എന്നിവ സംബന്ധിച്ച് സിദ്ധാർത്ഥൻ ജെ. എസ്.-ന്റെ മരണം സംഭവിച്ച 18-02-2024-നുശേഷം സിദ്ധാർത്ഥൻ ജെ. എസ്.-ന്റെ മാതാവായ ശ്രീമതി ഷീബ എം. ആർ. ദേശീയ മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതിയും റാഗിങുമായി ബന്ധപ്പെട്ട് യു.ജി.സി-യുടെ ആന്റി റാഗിങ് സെല്ലിൽനിന്നുമുള്ള പരാതിയും കോളേജിൽ ലഭിച്ചിരുന്നു. റാഗിങുമായി ബന്ധപ്പെട്ട് ആന്റി റാഗിങ് സെല്ലിൽനിന്നും ലഭിച്ച പരാതിയിന്മേൽ ആന്റി റാഗിങ് സ്ക്വാഡ് അന്വേഷണം നടത്തി 01-03-2024-ൽ ഇടക്കാല റിപ്പോർട്ടും 22-03-2024-ൽ അന്തിമ റിപ്പോർട്ടും ആന്റി റാഗിങ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും അത് യഥാക്രമം

01-03-2024, 22-05-2024 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ ആന്റി റാഗിങ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. ആന്റി റാഗിങ് കമ്മിറ്റിയുടെ തീരുമാനപ്രകാരം, കുറ്റക്കാരാണെന്ന് കണ്ടെത്തിയ വിദ്യാർഥികൾക്കെതിരെ യു.ജി.സി-യുടെ ആന്റി റാഗിങ് റഗുലേഷൻസ് 2009-ന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സിദ്ധാർത്ഥൻ ജെ. എസ്.-ന്റെ മാതാവ്, ശ്രീമതി ഷീബ എം. ആർ. മനുഷ്യാവകാശ കമ്മീഷൻ മുഖേന സമർപ്പിച്ച പരാതിയിന്മേൽ 07-03-2024-ന് സർവകലാശാല വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2. <u>കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് മണ്ണുത്തി</u>

ബിരുദ പഠനത്തിനായുള്ള വിദ്യാർഥികൾ താമസിക്കുന്ന ആൺകുട്ടികളുടെ ഹോസ്റ്റലിൽ റാഗിങ് സംബന്ധിച്ച് കഴിഞ്ഞ വർഷം ഒന്നാം വർഷ വിദ്യാർഥിയുടെ പരാതി ലഭിച്ചിട്ടുണ്ട്.

വെറ്ററിനറി കോളേജിന്റെ മറ്റ് സ്ഥാപനങ്ങളിൽ ഇതുസംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഇ) പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ?

<u>കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് പൂക്കോട്</u>

1. കോളേജിനുകീഴിലുള്ള എല്ലാ ഹോസ്റ്റലുകളിലും സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

2. ക്യാമ്പസിലും മറ്റ് സുപ്രധാന ഏരിയകളിലും ഹോസ്റ്റലുകളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

3. എല്ലാ ഹോസ്റ്റലുകളിലും റസിഡന്റ് ട്യൂട്ടർമാരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. എല്ലാ ഹോസ്റ്റലുകളിലും നിലവിലുണ്ടായിരുന്ന അസിസ്റ്റന്റ് വാർഡൻമാരെ മാറ്റി നിയമിക്കുകയും അവർക്ക് വേണ്ടതായ സപ്പോർട്ടിങ് സ്റ്റാഫിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

5. കോളേജിന്റെ റാഗിങ് സ്ക്വാഡിന്റെ പ്രവർത്തനം കൂടുതൽ ഊർജിതമാക്കിയിട്ടുണ്ട്.

<u>കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് മണ്ണുത്തി</u>

പ്രസ്തുത പരാതിയിന്മേൽ യു.ജി.സി. നിർദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും സീനിയർ വിദ്യാർഥികളായ ശ്രീ. ജ്യോതിസ് കിരൺ ബേബിയേയും ശ്രീ. ജിറ്റോ ജോർജ്ജിനെയും കോളേജിൽനിന്നും സസ്പെൻഡ് ചെയ്യുകയും ആൺകുട്ടികളുടെ ഹോസ്റ്റലിൽനിന്നും പുറത്താക്കുകയും ചെയ്തിട്ടുണ്ട്.

* * * * * * * * * * * * * * * * * * * *

**അനുബന്ധം -II**

<u>15-ാം കേരള നിയമസഭയുടെ 10-ാം സമ്മേളനത്തിലെ 02-02-2024-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1891, 1892, 1913, 1925, 1928 എന്നിവയ്ക്ക് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി നൽകിയ പുതുക്കിയ മറുപടികൾ</u>

**കെ.എസ്.ആർ.ടി.സി.യുടെ സിറ്റി സർക്കുലർ ബസ്സുകൾ**

(1891) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ സിറ്റി സർക്കുലർ ഇലക്ട്രിക് ബസ്സുകൾ നഷ്ടത്തിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നഷ്ടത്തിലാണെന്ന് പറയുന്നത് ഏതൊക്കെ രേഖകളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ നിലവിൽ 50 ഇലക്ട്രിക് ബസുകൾ കിഫ്ബി ലോൺ മുഖാന്തരവും 60 ഇലക്ട്രിക് ബസുകൾ സ്മാർട്ട് സിറ്റി പദ്ധതിയിൽ ലഭ്യമായതും ചേർത്ത് 110 ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്.

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ അൺ ഓഡിറ്റഡ് കണക്ക് പ്രകാരം പ്രസ്തുത ഇലക്ട്രിക് ബസ്സുകൾക്ക് ഒരു കിലോമീറ്റർ സർവ്വീസ് നടത്തുന്നതിന് ശരാശരി 26.83 രൂപ പ്രവർത്തന ചെലവ് വരുന്നതായി കണക്കാക്കിയിട്ടുണ്ട്.

നോൺ ഓപ്പറേറ്റിംഗ് കോസ്റ്റ്, ഡിപ്രീസിയേഷൻ, ചാർജിങ് സ്റ്റേഷൻ നിർമ്മാണം എന്നിവ കൂടി കണക്കാക്കിയുള്ള പ്രതി കിലോമീറ്റർ ചെലവ് 44.06 രൂപയാണ്. മൊറട്ടോറിയം കാലാവധിക്കുശേഷമുള്ള കിഫ്ബി വായ്പാ തിരിച്ചടവും കൂടി കണക്കാക്കിയാൽ പ്രതി കിലോമീറ്റർ ചെലവ് 47.27 രൂപയാണ്. രണ്ട് വർഷത്തെ വാറന്റി കാലാവധിക്കുശേഷം ഓരോ

കിലോമീറ്ററിനും നൽകേണ്ട AMC ചാർജ് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി സർവ്വീസുകൾക്ക് ശരാശരി ഓരോ കിലോമീറ്ററിലും 36.77 രൂപ വരുമാനമായി ലഭിക്കുന്നുണ്ട്. മേൽ വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ ഇലക്ട്രിക് ബസ്സുകൾ നഷ്ടമാണെന്ന് കാണുന്നു.

**(ബി) കെ.എസ്.ആർ.ടി.സി. സിറ്റി സർക്കുലർ ബസ്സുകൾ സർവീസ് ആരംഭിച്ചതിനുശേഷം നാളിതുവരെ ഓരോ മാസവും ഈ ഇനത്തിൽ ആകെ ലഭിച്ച കളക്ഷനും സർവീസിനായി ആകെ ചെലവഴിച്ച തുകയും ഡീസൽ ബസ്സുകളും ഇലക്ട്രിക് ബസുകളും ഇനം തിരിച്ച് വ്യക്തമാക്കുമോ?**

സിറ്റി സർവീസുകൾക്കായി ഉപയോഗിക്കുന്ന കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ഇലക്ട്രിക് ബസ്സുകളുടെ വരവിന്റെയും പ്രവർത്തന ചെലവുകളുടെയും താരതമ്യം ചെയ്ത് അവലോകന റിപ്പോർട്ട് അനുബന്ധം I ആയി ചേർക്കുന്നു.+

**(സി) കെ.എസ്.ആർ.ടി.സി.-യുടെ കഴിഞ്ഞ മൂന്ന് വർഷത്തെ വാർഷിക റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ; നടപ്പ് സാമ്പത്തിക വർഷം**

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിസംബർ 31 വരെയുള്ള കാലയളവിലെ വരവ് ചെലവ് കണക്കുകൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.യിൽ 2015-2016 സാമ്പത്തിക വർഷം വരെയുള്ള വാർഷിക കണക്കുകൾ മാത്രമേ C&AG ഓഡിറ്റ് പൂർത്തീകരിച്ച് ഗവൺമെന്റ് അംഗീകാരം ലഭിച്ചിട്ടുള്ളൂ. 2016-17 മുതൽ 2021-2022 സാമ്പത്തിക വർഷം വരെയുള്ള കണക്കുകൾക്ക് ഭരണ സമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. C&AG-യുടെ ഓഡിറ്റ് പൂർത്തീകരിച്ച് സമർപ്പിക്കുന്നതനുസരിച്ച് സർക്കാർ അംഗീകാരം നൽകുന്നതാണ്. 2022-2023 സാമ്പത്തിക വർഷം മുതലുള്ള കണക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. നടപ്പ് സാമ്പത്തിക വർഷം ഡിസംബർ 31 വരെയുള്ള കാലയളവിലെ വരവ് ചെലവ് കണക്കുകൾ അനുബന്ധം II ആയി ചേർക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സിറ്റി സർക്കുലർ ബസുകൾ

(1892) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ എത്ര സിറ്റി സർക്കുലർ ബസുകൾ സർവീസ് നടത്തുന്നുണ്ടെന്നും ഏതൊക്കെ റൂട്ടുകളിലാണ് സർവീസ് നടത്തുന്നതെന്നും ഓരോ ബസിന്റെയും 2023 ഡിസംബർ മാസത്തിലെ ശരാശരി പ്രതിദിന വരുമാനം എത്രയാണെന്നും വ്യക്തമാക്കുമോ?

തിരുവനന്തപുരം നഗരത്തിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ 110 എണ്ണം ഇലക്ട്രിക് ബസുകൾ സിറ്റി സർക്കുലർ, പോയിന്റ് ടു പോയിന്റ് ബസുകൾ ആയി സർവീസ് നടത്തിവരുന്നു. പ്രസ്തുത ഇലക്ട്രിക് ബസുകൾ ഏതൊക്കെ റൂട്ടുകളിൽ സർവീസ് നടത്തുന്നുവെന്ന വിവരം അനുബന്ധം I ആയി ചേർക്കുന്നു. + ഇങ്ങനെ സർവീസ് നടത്തുന്ന ഓരോ ഇലക്ട്രിക് ബസിന്റെയും 2023 ഡിസംബർ മാസത്തിലെ ശരാശരി പ്രതിദിന വരുമാനം അനുബന്ധം II ആയി ചേർക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ബസ്സുകൾക്ക് ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് ശരാശരി എത്ര തുക ചെലവ് വരുന്നുണ്ടെന്നും ശരാശരി എത്ര തുക ഓരോ കിലോമീറ്ററിലും വരുമാനമായി ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ നിലവിൽ 50 ഇലക്ട്രിക് ബസുകൾ കിഫ്ബി ലോൺ മുഖാന്തരവും 60 ഇലക്ട്രിക് ബസുകൾ സ്മാർട്ട് സിറ്റി പദ്ധതിയിൽ ലഭ്യമായതും ചേർത്ത് 110 ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്.

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ അൺ ഓഡിറ്റഡ് കണക്ക് പ്രകാരം പ്രസ്തുത ഇലക്ട്രിക് ബസ്സുകൾക്ക് ഒരു കിലോമീറ്റർ സർവ്വീസ് നടത്തുന്നതിന് ശരാശരി 26.83 രൂപ പ്രവർത്തന ചെലവ് വരുന്നതായി കണക്കാക്കിയിട്ടുണ്ട്.

നോൺ ഓപ്പറേറ്റിംഗ് കോസ്റ്റ്, ഡിപ്രീസിയേഷൻ, ചാർജിങ് സ്റ്റേഷൻ നിർമ്മാണം എന്നിവ കൂടി കണക്കാക്കിയുള്ള പ്രതി കിലോമീറ്റർ ചെലവ് 44.06 രൂപയാണ്. മൊറട്ടോറിയം കാലാവധിക്കുശേഷമുള്ള കിഫ്ബി വായ്പാ തിരിച്ചടവും കൂടി കണക്കാക്കിയാൽ പ്രതി കിലോമീറ്റർ ചെലവ് 47.27 രൂപയാണ്. രണ്ട് വർഷത്തെ വാറന്റി കാലാവധിക്കുശേഷം ഓരോ കിലോമീറ്ററിനും നൽകേണ്ട AMC ചാർജ് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി

സർവീസുകൾക്ക് ശരാശരി ഓരോ കിലോമീറ്ററിലും 36.77 രൂപ വരുമാനമായി ലഭിക്കുന്നുണ്ട്.

(സി) 2023 ഡിസംബർ മാസത്തിൽ സിറ്റി സർക്കുലർ ബസ്സുകൾ സർവീസ് നടത്തുന്നതിനായി ആകെ ചെലവായ തുക എത്രയാണെന്നും വരുമാനമായി ആകെ ലഭിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

2023 ഡിസംബർ മാസത്തിൽ അൺ ഓഡിറ്റഡ് കണക്കുപ്രകാരം KSRTC- SWIFT-ന്റെ ഇലക്ട്രിക് സിറ്റി സർക്കുലർ ബസ്സുകൾ സർവീസ് നടത്തുന്നതിനായി ആകെ പ്രവർത്തന ചെലവ് 150.23 ലക്ഷം രൂപയാണ്. വരുമാനമായി ലഭിച്ചത് 198.86 ലക്ഷം രൂപയാണ്. നോൺ ഓപ്പറേറ്റിംഗ് കോസ്റ്റ്, ഡിപ്രീസിയേഷൻ, ചാർജിങ് സ്റ്റേഷൻ നിർമ്മാണം എന്നിവ കണക്കാക്കിയുള്ള ചെലവ് 238.92 ലക്ഷം രൂപയാണ്. രണ്ട് വർഷത്തെ വാറന്റി കാലാവധിക്കുശേഷം ഓരോ കിലോമീറ്ററിനും നൽകേണ്ട AMC ചാർജ് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) സിറ്റി സർക്കുലർ സർവീസുകൾ നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ എന്ത് ബദൽ ക്രമീകരണമാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിൽ തിരുവനന്തപുരം നഗരത്തിൽ സർവീസ് നടത്തിവരുന്ന ഇലക്ട്രിക് ബസ്സുകൾ നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി. ഫിനാൻസ് വിഭാഗത്തിലെ കരാർ, താൽക്കാലിക ജീവനക്കാർ**

(1913) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഫിനാൻസ് വിഭാഗത്തിൽ കരാർ, താൽകാലിക, അപ്രന്റീസ്ഷിപ്പ് അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും അവരുടെ പേരും തസ്തികയും യോഗ്യതയും മാസ ശമ്പളവും നിയമിച്ച തീയതിയും ഇനം തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കെ.എസ്.ആർ.ടി.സി.യിൽ എത്ര രൂപയുടെ മരാമത്ത് പണികൾ ഇതുവരെ എച്ച്.എൽ.എൽ.-ന് കൺസൽട്ടൻസി/കരാർ അനുവദിച്ചു നൽകിയിട്ടുണ്ടെന്നും ആയതിൽ കൺസൽട്ടൻസി ഇനത്തിൽ എച്ച്.എൽ.എൽ.-ന് കഴിഞ്ഞ മൂന്ന് വർഷത്തിൽ എത്ര രൂപയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.യിൽ എച്ച്.എൽ.എൽ.-നുവേണ്ടി 4945.82 ലക്ഷം രൂപയുടെ മരാമത്ത് പണികൾക്ക് ദർഘാസ് അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ എച്ച്.എൽ.എൽ.-ന് ടെണ്ടർ/ക്വട്ടേഷൻ അനുവദിച്ചു നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ആനയറ ഓഫീസിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് നിർമ്മാണ പ്രവൃത്തി - 108.6 ല ക്ഷം രൂപ.
2. ആനയറ ഓഫീസിൽ യാർഡിന്റെയും ഓടയുടെയും നിർമ്മാണം - 178.29 ലക്ഷം രൂപ.
3. പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പിലെ ഒന്നാം ഘട്ട സിവിൽ - ഇലക്ട്രിക്കൽ പ്രവൃത്തികൾ - 4.54 ലക്ഷം രൂപ
4. മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പ് നവീകരണ പ്രവൃത്തി - 370.74 ലക്ഷം രൂപ

5. ചടയമംഗലം ജില്ലാ വർക്ക്ഷോപ്പിന്റെ പ്രീ ഫാബ് മോഡൽ നിർമ്മാണം- 171.60 ലക്ഷം രൂപ.

6. ആലുവ റീജിയണൽ വർക്ക്ഷോപ്പിലെ സിവിൽ - ഇലക്ട്രിക് പ്രവൃത്തികൾ 287.26 ലക്ഷം രൂപ.

7. എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പിലെ സിവിൽ - ഇലക്ട്രിക് പ്രവൃത്തികൾ - 447.21 ലക്ഷം രൂപ.

8. (1) എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പിലെ സിവിൽ - ഇലക്ട്രിക് പ്രവൃത്തികൾ (റീ കണ്ടീഷനിംഗ് യൂണിറ്റ് വർക്ക്) - 115.06 ലക്ഷം രൂപ

   (2) റീജിയണൽ വർക്ക്ഷോപ്പ് എടപ്പാൾ ഇലക്ട്രിക്കൽ ഓവർ ഹെഡ് ട്രാവലിംഗ് ക്രെയിനും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ - 98.47 ലക്ഷം രൂപ.

9. കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പ് നവീകരണ പ്രവൃത്തി - 246.24 ലക്ഷം രൂപ.

10. കോന്നി ബസ് സ്റ്റേഷനിലെ യാർഡ് നിർമ്മാണ പ്രവൃത്തി -124.45 ലക്ഷം രൂപ.

11. കോന്നി ബസ് സ്റ്റേഷനിലെ ബാലൻസ് നിർമ്മാണ പ്രവൃത്തിയും ഗ്യാരേജ് നിർമ്മാണവും - 48.46 ലക്ഷം രൂപ.

12. ചാലക്കുടി ജില്ലാ വർക്ക്ഷോപ്പ് നിർമ്മാണം -297.94 ലക്ഷം രൂപ

13. സുൽത്താൻ ബത്തേരി ജില്ലാ വർക്ക്ഷോപ്പ് നവീകരണം സിവിൽ - ഇലക്ട്രിക്കൽ പ്രവൃത്തി - 305.4 ലക്ഷം രൂപ.

14. കാഞ്ഞങ്ങാട് ജില്ലാ വർക്ക്ഷോപ്പ് നവീകരണം - 81.73 ലക്ഷം രൂപ.

15. പാവങ്ങാട് യാർഡ് നവീകരണം 154.44 ലക്ഷം രൂപ.

16. (1) പാപ്പനംകോട് ഡിപ്പോയിലെ ഇ.വി. ചാർജിംഗ് സ്റ്റേഷനിലെ സിവിൽ പ്രവൃത്തികൾ - 84.15 ലക്ഷം രൂപ.

16.(2) പാപ്പനംകോട് ഡിപ്പോയിലെ ഇ.വി ചാർജിംഗ് സ്റ്റേഷനിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ - 96.43 ലക്ഷം രൂപ.

17. (1) ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ബാലൻസ് സിവിൽ പ്രവൃത്തികൾ - 48.93 ലക്ഷം രൂപ.
(2) ഇലക്ട്രിക് പ്രവൃത്തികൾ - 44.89 ലക്ഷം രൂപ.
(3) അഗ്നി സുരക്ഷാ പ്രവൃത്തി - 16.44 ലക്ഷം രൂപ.
(4) സൈനേജ് പ്രവൃത്തി - 3.35 ലക്ഷം രൂപ.
(5) ലിഫ്റ്റ് (2 എണ്ണം) സ്ഥാപിക്കൽ - 26.49 ലക്ഷം രൂപ.

18. ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ ബെയ്സ്മെന്റ് ഫ്ലോറിലെ വാട്ടർ പ്രൂഫിംഗ് ചെയ്യുന്ന പ്രവൃത്തി ലിഫ്റ്റ് പിറ്റ് - 11.15 ലക്ഷം രൂപ.

19. ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ സംപ് വർക്ക് - 7.36 ലക്ഷം രൂപ.

20. പെയിന്റിംഗ് പ്രവൃത്തി - 15.29 ലക്ഷം രൂപ

21. മലപ്പുറം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലസിലെ രണ്ടാം ഘട്ട സിവിൽ പ്രവൃത്തികളും യാർഡ് നിർമ്മാണവും - 89.82 ലക്ഷം രൂപ.

22. പത്തനംതിട്ട ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ഫ്രന്റ് യാർഡ്, ഓട, പാർക്കിംഗ് ഏരിയ എന്നീ പ്രവൃത്തികൾ - 323.08 ലക്ഷം രൂപ.

23. (1) പത്തനംതിട്ട ബസ് ടെർമിനലിൽ ഹൈ മാസ്റ്റ് ലൈറ്റ് - 18.18 ലക്ഷം രൂപ.

2) പത്തനംതിട്ട ബസ് ടെർമിനലിന്റെ ബാലൻസ് പ്രവൃത്തി - ലിഫ്റ്റ് സ്ഥാപിക്കൽ - 14.51 ലക്ഷം രൂപ.

(3) പത്തനംതിട്ട ഫയർ ഫൈറ്റിംഗ് - 58.17 ലക്ഷം രൂപ.

24. പത്തനംതിട്ട ബസ് ടെർമിനലിന്റെ റൂഫ് സ്ലാബ്, ബീം എന്നിവയുടെ ബലപ്പെടുത്തലും എക്സ്പാൻഷൻ ജോയിന്റ് ട്രീറ്റ്മെന്റ്, വാട്ടർ പ്രൂഫിംഗ് എന്നീ പ്രവൃത്തികൾ -17.06 ലക്ഷം രൂപ.

25. (1) തൊടുപുഴ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ സിവിൽ പ്രവൃത്തികൾ - 239.84 ലക്ഷം രൂപ.

(2) തൊടുപുഴ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾ - 69.88 ലക്ഷം രൂപ.

(3)അഗ്നി സുരക്ഷ പ്രവൃത്തി - 63.70 ലക്ഷം രൂപ.

(4) ലിഫ്റ്റ് സ്ഥാപിക്കൽ - 20.35 ലക്ഷം രൂപ

(5) എക്സ്പാൻഷൻ ജോയിന്റ് ട്രീറ്റ്മെന്റ് പ്രവൃത്തി - 11.98 ലക്ഷം രൂപ.

(6) സൈനേജ് പ്രവൃത്തി - 9.83 ലക്ഷം രൂപ.

26. വാട്ടർ പ്രൂഫിംഗ് പ്രവൃത്തി (ടെറസ് ഏരിയ, തൊടുപുഴ) - 41.14 ലക്ഷം രൂപ

27. (1) മൂവാറ്റുപുഴ ബസ് ടെർമിനലിന്റെ ബാലൻസ് സിവിൽ പ്രവൃത്തി (ഒന്നാം ഘട്ടം) - 50.50 ലക്ഷം രൂപ.

(2) മൂവാറ്റുപുഴ ബസ് ടെർമിനലിന്റെ ബാലൻസ് ഇലക്ട്രിക്കൽ പ്രവൃത്തി (ഒന്നാം ഘട്ടം) - 107.94 ലക്ഷം രൂപ.

(3) അഗ്നി സുരക്ഷ പ്രവൃത്തി (മൂവാറ്റുപുഴ) - 44.05 ലക്ഷം രൂപ.

28. പേരൂർക്കട 8 ബേ ഇലക്ട്രിക് ഫ്ലീറ്റ് ചാർജിംഗ് സ്റ്റേഷൻ - സിവിൽ നിർമ്മാണ പ്രവൃത്തി - 97.40 ലക്ഷം രൂപ. 28(1) ഇലക്ട്രിക് വർക്ക് - 112.25 ലക്ഷം രൂപ.

29. കരുനാഗപ്പള്ളി ബസ് സ്റ്റേഷൻ പെയിന്റിംഗ് & ഫർണിച്ചറിംഗ് - 8.38 ലക്ഷം രൂപ.

30. ഇലക്ട്രിക് ഫ്ലീറ്റ് ചാർജിംഗ് ഇൻഫ്രാ സ്ട്രക്ചർ ഈഞ്ചയ്ക്കൽ - 83.88 ലക്ഷം രൂപ.

31. തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ 5 ബേ കോമേഴ്സ്യൽ ഇലക്ട്രിക്കൽ ഫ്ലീറ്റ് സിസ്റ്റം - 68.97 ലക്ഷം രൂപ.

എച്ച്.എൽ.എൽ.-ന് കൺസൾട്ടൻസി ഇനത്തിൽ കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ കൺസൾട്ടൻസി/കരാർ ഇനത്തിൽ 1,65,35,955/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ കൺസൾട്ടൻസി ഇനത്തിൽ 51,79,697/- രൂപ നൽകിയിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. സർക്കാരിന്റെ പ്ലാൻ ഫണ്ടുകൾ ഉപയോഗിച്ച് നടത്തിയ മരാമത്ത് പണികൾക്ക് പ്രസ്തുത പ്ലാൻ ഫണ്ട് തുക കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിൽ എത്തുന്നതിന് മുൻപ് കരാറുകാർക്ക് കെ.എസ്.ആർ.ടി.സി.യുടെ തനത് ഫണ്ടിൽനിന്നുള്ള തുക ഉപയോഗിച്ച് ബിൽ തുക നൽകിയിട്ടുണ്ടോയെന്നും ഏതൊക്കെ

പ്രവൃത്തികൾക്ക് എത്ര രൂപ വീതമാണ് ഇത്തരത്തിൽ നൽകിയതെന്നും വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.യിൽ സർക്കാരിന്റെ പ്ലാൻ ഫണ്ടുകൾ ഉപയോഗിച്ച് നടത്തിയ മരാമത്ത് പണികൾക്ക് പ്രസ്തുത പ്ലാൻ ഫണ്ട് തുക കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിൽ യഥാസമയം ലഭ്യമാകാത്തതിനാൽ പ്രവൃത്തിയുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് തനത് ഫണ്ടിൽ നിന്നും 1,36,63,104/- രൂപ കരാറുകാർക്ക് നൽകിയിട്ടുണ്ട്. തുക അനുവദിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മൂവാറ്റുപുഴ ബസ് ടെർമിനലും വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് മേരി മാതാ കൺസ്ട്രക്ഷൻസിന് 27,96,319/- രൂപ കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

തൊടുപുഴ, പത്തനംതിട്ട എന്നീ ഡിപ്പോകളിലെ ബസ് ടെർമിനലുകളുടെ നിർമ്മാണ പ്രവൃത്തികൾ, കോഴിക്കോട്, എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പുകളുടെ നവീകരണ പ്രവൃത്തികൾ എന്നീ ഇനങ്ങളിൽ

എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന് 31.50,896/- രൂപ കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

പാപ്പനംകോട് ഡിപ്പോയിലെ സിവിൽ & ഇലക്ട്രിക്കൽ ജോലികൾക്കായി എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന് 26,10,297/- രൂപ കോർപ്പറേഷന്റെ തനത് ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്.

നെടുമങ്ങാട് വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണ ചെലവിനത്തിൽ കരാറുകാരനായ ശ്രീ.പി.എസ്. പ്രക്ഷോഭിന് 6,16,087/- രൂപ കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

മൂന്നാർ യൂണിറ്റിൽ ഫെൻസിംഗ് വർക്ക് ചെയ്തയിനത്തിൽ ഇടുക്കി നിർമ്മിതി കേന്ദ്രയ്ക്ക് 4,30,026/- രൂപ കോർപ്പറേഷന്റെ തനത് ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്.

പാപ്പനംകോട് ഡിപ്പോയിൽ ചാർജ്ജിംഗ് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾക്കായി കരാറുകാരനായ ശ്രീ. സി. എ. ഷെഫീക്കിന് 40,59,479/- രൂപ കോർപ്പറേഷന്റെ തനത് ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(ഡി) മൈക്രോ. എഫ്.എക്സ് (MICROFX) എന്ന കമ്പനിയും കെ.എസ്.ആർ.ടി.സി.യുമായി ഇലക്ട്രോണിക് ടിക്കറ്റിങ് മെഷീനുകൾ വാങ്ങിയപ്പോൾ ഉണ്ടാക്കിയിട്ടുള്ള കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

(ഇ) കെ.എസ്.ആർ.ടി.സി.യുടെ 2000 ബസ്സുകൾ സർവീസ് നടത്താതെ ഇട്ടു നശിപ്പിക്കുകയും അതിൽ 1400 ബസുകൾ ഇപ്പോഴും ഡോക്കിൽ കിടക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് ഉത്തരവാദിയായവരിൽനിന്നും ഇതിന്റെ സാമ്പത്തിക നഷ്ടം ഈടാക്കുമോ എന്ന് വ്യക്തമാക്കാമോ?

കോവിഡ് സാഹചര്യത്തിൽ സർക്കാർ ബസ്സ് സർവ്വീസിന് ഇളവ് അനുവദിച്ചപ്പോൾ പരമാവധി 3800 ബസ്സുകൾ സർവ്വീസ് നടത്തുന്നതിനാണ് സാധിച്ചിട്ടുള്ളത്. ആയതിന് പരമാവധി ആവശ്യമായ 12 ശതമാനം സ്പെയർ ബസ്സുകൾ അടക്കം 4250 ബസ്സുകളാണ് സജ്ജമാക്കുന്നതിന് അന്ന് നടപടി സ്വീകരിച്ചിട്ടുള്ളത്. ബാക്കിയുള്ള ബസ്സുകളിൽ അറ്റകുറ്റപണികൾ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവശ്യമായിരുന്ന 1736 ബസ്സുകൾ സുരക്ഷിത കേന്ദ്രങ്ങളിൽ പാർക്ക് ചെയ്തിരുന്നു. ടി ബസ്സുകളിൽ വർദ്ധിച്ച അറ്റകുറ്റപണികൾ ഉള്ളതും, കാലപ്പഴക്കം ചെന്നതുമായ ബസ്സുകൾ വിദഗ്ധ സമിതി രൂപീകരിച്ച് പരിശോധിച്ച് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 920 ബസ്സുകൾ സ്ക്രാപ്പ്/ഷോപ്പ് ഓൺ വീൽ ആക്കി മാറ്റുന്നതിന് തീരുമാനിക്കുകയും ആയതിൽ നിന്നും 845 സ്ക്രാപ്പ് ബസ്സുകൾ M/s MSTC മുഖാന്തരം ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി സ്വീകരിച്ചതിൽ 733 എണ്ണം വിറ്റു പോയി. ബാക്കി ബസ്സുകളുടെ സ്ക്രാപ്പ് ലേല നടപടികൾ നടന്നു വരുന്നു. 703 എണ്ണം ബസ്സുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് 2022-23-ൽ തന്നെ സർവ്വീസിന് സജ്ജമാക്കിയിരുന്നു. നിലവിൽ 01.01.2024 തീയതിയിൽ ഫിറ്റ്നസ്, ആക്സിഡന്റ് റിപ്പയർ അടക്കമുള്ള അറ്റകുറ്റപ്പണികൾക്കായി ആകെ 744 ബസ്സുകളാണ് കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ ഡോക്കിലുള്ളത്. ആയതിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് നിരത്തിലിറക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ സിറ്റി സർക്കുലർ ബസ് സർവീസുകൾ**

(1925) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ സിറ്റി സർക്കുലർ ഇലക്ട്രിക് ബസുകളിൽനിന്നുള്ള ശരാശരി വരുമാനം എത്രയാണ്; സർവീസുകൾ നടത്തുന്നതിനായുള്ള ഒരു മാസത്തെ ശരാശരി ചെലവ് എത്രയാണ്; വിശദാംശം വ്യക്തമാക്കുമോ?

സിറ്റി സർവീസുകൾക്കായി ഉപയോഗിക്കുന്ന കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ഇലക്ട്രിക് ബസ്സുകളുടെ വരവിന്റെയും പ്രവർത്തന ചെലവുകളുടെയും താരതമ്യം ചെയ്ത അവലോകന റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+

ടി കണക്കുകൾ പ്രകാരം ഇലക്ട്രിക് ബസുകളിൽനിന്നുള്ള ഒരു മാസത്തെ ശരാശരി വരുമാനം 1.43 കോടി രൂപയാണ്. പ്രസ്തുത സർവീസുകൾ നടത്തുന്നതിനായുള്ള മാസത്തെ ശരാശരി പ്രവർത്തന ചെലവ് 1.06 കോടി രൂപയാണ്. കൂടാതെ, നോൺ ഓപ്പറേറ്റിംഗ് കോസ്റ്റ്, ഡിപ്രീസിയേഷൻ,

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചാർജിങ് സ്റ്റേഷൻ നിർമ്മാണം, മൊറട്ടോറിയം കാലാവധിക്ക് ശേഷമുള്ള കിഫ്ബി വായ്പ തിരിച്ചടവ് എന്നിവ കണക്കാക്കുമ്പോഴുള്ള ഒരു മാസത്തെ ശരാശരി ചെലവ് 70 ലക്ഷം രൂപയാണ്. രണ്ടു വർഷത്തെ വാറന്റി കാലാവധിക്കുശേഷം ഓരോ കിലോമീറ്ററിനും നൽകേണ്ട AMC ചാർജ് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ ചെലവുകൾ കൂടി ഉൾപ്പെടുത്തുമ്പോഴുള്ള ഒരു മാസത്തെ ആകെ ശരാശരി ചെലവ് 1.76 കോടി രൂപയാണ്.

(ബി) സിറ്റി സർക്കുലർ ഇലക്ട്രിക് ബസുകളിൽ ഒരു ബസ് ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് ചെലവ് വരുന്ന തുക എത്രയാണ്; പ്രസ്തുത ബസ്സ് ഒരു കിലോമീറ്റർ സർവീസ് നടത്തുമ്പോൾ ലഭിക്കുന്ന ശരാശരി വരുമാനം എത്രയാണ്; വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ നിലവിൽ 50 ഇലക്ട്രിക് ബസ്സുകൾ കിഫ്ബി ലോൺ മുഖാന്തരവും 60 ബസ്സുകൾ സ്മാർട്ട് സിറ്റി പദ്ധതിയിൽ ലഭ്യമായതും ചേർത്ത് 110 ഇലക്ട്രിക് ബസ്സുകളാണ് സർവീസ് നടത്തുന്നത്.

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ അൺ ഓഡിറ്റഡ് കണക്ക് പ്രകാരം പ്രസ്തുത ഇലക്ട്രിക് ബസ്സുകൾക്ക് ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് ശരാശരി 26.83 രൂപ പ്രവർത്തന ചെലവ് വരുന്നതായി കണക്കാക്കിയിട്ടുണ്ട്.

നോൺ ഓപ്പറേറ്റിംഗ് കോസ്റ്റ്, ഡിപ്രീസിയേഷൻ, ചാർജിങ് സ്റ്റേഷൻ നിർമ്മാണം എന്നിവ കൂടി കണക്കാക്കിയുള്ള പ്രതി കിലോമീറ്റർ ചെലവ് 44.06 രൂപയാണ്.

മൊറട്ടോറിയം കാലാവധിക്കുശേഷമുള്ള കിഫ്ബി വായ്പാ തിരിച്ചടവും കണക്കാക്കിയാൽ പ്രതി കിലോമീറ്റർ ചെലവ് 47.27 രൂപയാണ്. രണ്ടു വർഷത്തെ വാറന്റി കാലാവധിക്കുശേഷം ഓരോ കിലോമീറ്ററിനും നൽകേണ്ട AMC ചാർജ് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി സർവീസുകൾക്ക് ശരാശരി ഓരോ കിലോമീറ്ററിലും 36.77 രൂപ വരുമാനമായി ലഭിക്കുന്നുണ്ട്.

(സി) സിറ്റി സർക്കുലർ ഡീസൽ ബസുകളിൽ ഒരു ബസ് ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് ചെലവ് വരുന്ന തുക എത്രയാണ്; പ്രസ്തുത ബസ്സ് ഒരു കിലോമീറ്റർ സർവീസ് നടത്തുമ്പോൾ ലഭിക്കുന്ന ശരാശരി വരുമാനം എത്രയാണ്; വ്യക്തമാക്കുമോ?

സിറ്റി സർക്കുലർ ഡീസൽ ബസുകളിൽ ഒരു ബസ് ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് ശരാശരി ചെലവ് വരുന്ന തുക 73/- രൂപയും പ്രസ്തുത ബസ് ഒരു കിലോമീറ്റർ സർവീസ് നടത്തുമ്പോൾ ലഭിക്കുന്ന ശരാശരി വരുമാനം 42/- രൂപയുമാണ്.

(ഡി) സിറ്റി സർക്കുലറായി ഡീസൽ ബസ്സുകൾ സർവീസ് നടത്തിയപ്പോൾ ഒരു ദിവസത്തെ ശരാശരി യാത്രക്കാരുടെ എണ്ണം എത്രയായിരുന്നു; ഇലക്ട്രിക് ബസ്സുകൾ സർവ്വീസ് നടത്തിയപ്പോൾ ശരാശരി യാത്രക്കാരുടെ എണ്ണം എത്രയാണ്; വ്യക്തമാക്കുമോ?

സിറ്റി സർക്കുലറായി ഡീസൽ ബസ്സുകൾ സർവീസ് നടത്തിയപ്പോൾ ഒരു ദിവസത്തെ ശരാശരി യാത്രക്കാരുടെ എണ്ണം 19,598 ആയിരുന്നു.

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ആദ്യ ഇലക്ട്രിക് ബസ്സുകൾ 2022 ഓഗസ്റ്റ് മാസമാണ് സർവീസ് ആരംഭിച്ചത്. നിലവിൽ 110 ഇലക്ട്രിക് ബസ്സുകൾ തിരുവനന്തപുരത്ത് സിറ്റി സർവീസ് ആയി നടത്തിവരുന്നു. ഈ ബസ്സുകളുടെ ഡിസംബർ 2023-ലെ കണക്കുകൾ പരിശോധിക്കുമ്പോൾ ഒരു മാസം യാത്ര ചെയ്തവരുടെ എണ്ണം 17.98 ലക്ഷം ആണ്. ഇപ്രകാരം ഒരു

ബസ്സിൽ ഒരു ദിവസം ശരാശരി 525 പേർ യാത്ര ചെയ്യുന്നതായി കണക്കാക്കുന്നു. ഇപ്രകാരം നിലവിൽ 110 ഇലക്ട്രിക് ബസ്സുകൾ സിറ്റി സർവ്വീസ് നടത്തുമ്പോൾ ശരാശരി ഒരു ദിവസത്തെ യാത്രക്കാരുടെ എണ്ണം 58000 ആണ്.

(ഇ) സിറ്റി സർക്കുലർ ബസ്സുകൾ നഷ്ടത്തിലാണോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ടിക്കറ്റ് നിരക്ക് ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എത്ര രൂപയാണ് ഉയർത്തുവാൻ തീരുമാനിച്ചിട്ടുള്ളത്; ടിക്കറ്റ് നിരക്ക് ഉയർത്തി ജനങ്ങൾക്ക് അധികഭാരം നൽകുന്ന നടപടി ഒഴിവാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

2023 ഡിസംബർ മാസത്തിൽ അൺ ഓഡിറ്റഡ് കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ ഇലക്ട്രിക് സിറ്റി സർക്കുലർ ബസ്സുകൾ സർവീസ് നടത്തുന്നതിനായി ആകെ പ്രവർത്തന ചെലവ് 150.23 ലക്ഷം രൂപയാണ്. വരുമാനമായി ലഭിച്ചത് 198.86 ലക്ഷം രൂപയാണ്.

നോൺ ഓപ്പറേറ്റിംഗ് കോസ്റ്റ്, ഡിപ്രീസിയേഷൻ, ചാർജിങ് സ്റ്റേഷൻ നിർമ്മാണം എന്നിവ കൂടി കണക്കാക്കിയുള്ള ചെലവ് 238.92 ലക്ഷം രൂപയാണ്.

രണ്ട് വർഷത്തെ വാറന്റി കാലാവധിയ്ക്കുശേഷം ഓരോ കിലോമീറ്ററിനും നൽകേണ്ട AMC ചാർജ് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

യാത്രക്കാരെ അവരുടെ സ്വന്തം വാഹനങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നും നിരുത്സാഹപ്പെടുത്തി പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് ആകർഷിക്കുന്നതിനും അന്തരീക്ഷ മലിനീകരണവും ഗതാഗതക്കുരുക്കും റോഡ് അപകടങ്ങളും കുറയ്ക്കുന്നതിനായും യാത്ര സുഗമമാക്കുന്നതിനായും സർക്കാർതലത്തിലെടുത്ത തീരുമാനത്തിന്റെ വെളിച്ചത്തിൽ നിലവിൽ സിറ്റി സർക്കുലർ സർവീസുകൾക്ക് ടിക്കറ്റ് നിരക്കിൽ ആകർഷകമായ ഇളവുകൾ അനുവദിച്ചിരുന്നു.

സിറ്റി സർക്കുലർ സർവീസുകളിൽ ഇളവുകളുടെ ദുരുപയോഗം തടയുന്നതിനും മെച്ചപ്പെടുത്തുന്നതിനും ടിക്കറ്റ് നിരക്കിൽ അനുവദിച്ചിരുന്ന ഇളവുകൾ കുറയ്ക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ടിക്കറ്റ് നിരക്ക്

വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടില്ല. നിരക്കിളവ് ശാസ്ത്രീയമായി കുറയ്ക്കുന്ന നടപടികൾ നടന്നുവരികയാണ്. ആയത് നിശ്ചയിച്ച് ഉത്തരവായിട്ടില്ല.

**കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസുകൾ**

(1928) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ. ടി.സി.യിൽ നിലവിൽ എത്ര ഇലക്ട്രിക് ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്; പ്രസ്തുത ഇലക്ട്രിക് ബസുകൾ ലാഭകരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഇലക്ട്രിക് ബസുകളുടെ പ്രതിമാസ ലാഭം എത്രയാണെന്ന് വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ നിലവിൽ 110 ഇലക്ട്രിക് ബസ്സുകൾ സർവീസ് നടത്തുന്നു. ടി ബസുകളുടെ സർവ്വീസ് മുഖാന്തരം ഉണ്ടാകുന്ന പ്രതിമാസ ലാഭനഷ്ട കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസുകൾ ലാഭകരമല്ലെന്ന രീതിയിൽ ഗതാഗത വകുപ്പ് മന്ത്രി പ്രസ്താവന നടത്തിയിട്ടുണ്ടോ: എങ്കിൽ അതിനുള്ള സാഹചര്യം വ്യക്തമാക്കുമോ?

കെ.സ്.ആർ.ടി.സി. സ്വിഫ്റ്റിൽ നിലവിൽ 50 ഇലക്ട്രിക് ബസുകൾ കിഫ്ബി ലോൺ മുഖാന്തരവും 60 ബസ്സുകൾ സ്മാർട്ട് സിറ്റി പദ്ധതിയിൽ ലഭ്യമായതും ചേർത്ത് 110 ഇലക്ട്രിക് ബസ്സുകളാണ് സർവീസ് നടത്തുന്നത്.

കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ അൺ ഓഡിറ്റഡ് കണക്ക് പ്രകാരം പ്രസ്തുത ഇലക്ട്രിക് ബസ്സുകൾക്ക് ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് ശരാശരി 26.83 രൂപ പ്രവർത്തന ചെലവ് വരുന്നതായി കണക്കാക്കിയിട്ടുണ്ട്.

നോൺ ഓപ്പറേറ്റിംഗ് കോസ്റ്റ്, ഡിപ്രീസിയേഷൻ, ചാർജിങ് സ്റ്റേഷൻ നിർമ്മാണം എന്നിവ കൂടി കണക്കാക്കിയുള്ള പ്രതി കിലോമീറ്റർ ചിലവ് 44.06 രൂപയാണ്.

മൊറട്ടോറിയം കാലാവധിക്കുശേഷമുള്ള കിഫ്ബി വായ്പാ തിരിച്ചടവും കൂടി കണക്കാക്കിയാൽ പ്രതി കിലോമീറ്റർ ചിലവ് 47.27 രൂപയാണ്. രണ്ട് വർഷത്തെ വാറന്റി കാലാവധിക്കുശേഷം ഓരോ കിലോമീറ്ററിനും നൽകേണ്ട

AMC ചാർജ് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി സർവീസുകൾക്ക് ശരാശരി ഓരോ കിലോമീറ്ററിലും 36.77 രൂപ വരുമാനമായി ലഭിക്കുന്നുണ്ട്.

(സി) കൂടുതൽ ഇലക്ട്രിക് ബസുകൾ സർവ്വീസ് നടത്തുവാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

കൂടുതൽ ഇലക്ട്രിക് ബസുകൾ സർവീസ് നടത്തുന്നത് സംബന്ധിച്ച് വിശദമായ പരിശോധനയ്ക്കുശേഷം കെ.എസ്.ആർ.ടി.സി. ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.